ഓം നമോ ഭഗവതേ വാസുദേവായ.

# ശ്രീമദ്ഭാഗവതം.

(അന്വയക്രമഭാഷാവ്യാഖ്യാനസഹിതം).

# SRIMAD BHAGAVATHAM

(Malayalam)

**Dasama Skandam Part - II**



*M.N. Ramaswamy Iyer Memorial Edition*

**SRI RAM PUBLISHERS**

North Village

MELARKODE - 678 703



ഓം നമോ ഭഗവതേ വാസുദേവായ.

# ശ്രീമദ് ഭാഗവതം

## ദശമസ്കന്ധം—ഉത്തരാർദ്ധം.

(അന്വയക്രമഭാഷാവ്യാഖ്യാനസഹിതം.)

By

**വിദ്വാൻ സി. ജി നാരായണൻ എമ്പ്രാന്തിരി,**
മലയാളം പണ്ഡിററ്,
എം. എൻ. കെ. എം. സെക്കൻണ്ടറി സ്കൂൾ, ചിററലഞ്ചേരി.

*M.N. RAMASWAMY IYER MEMORIAL EDITION*

*Editor*
M.R. Narasimhan,
Sri Ram Publishers
North Village,
Melarkode - 678 703.

*Distributors*
**Guruvayoor Sankeerthana Trust**
Guruvayoor

© Sri M. R. Narasimhan

First Published 1961
Reprinted 1994

Price Rs. 75/-

*Printed at:-*
M/s. Rajan & Co. Printers
1, Goomes Street,
Madras - 600 001.

# വിഷയവിവരം.


| അദ്ധ്യായം | | ഭാഗം |
|---|---|---|
| 50. | ജരാസന്ധനുമായുള്ള യുദ്ധവും ദ്വാരകാപുരീനിർമ്മാണവും .... | 1 |
| 51. | യവനവധവും മുചുകുന്ദസ്തുതിയും .... | 16 |
| 52. | ജരാസന്ധനെ കബളിപ്പിച്ച് ഭഗവാൻ ദ്വാരകയിലേക്ക് ഓടിപ്പോകുന്നത്. | 33 |
| 53. | രുക്മിണീഹരണം .... | 45 |
| 54. | രുക്മിണീവിവാഹം .... | 60 |
| 55. | പ്രദ്യുമ്നോൽപത്തിയും ശംബരാസുരവധവും .... | 75 |
| 56. | ജാംബവതിയുടേയും സത്യഭാമയുടേയും പാണിഗ്രഹണം .... | 85 |
| 57. | ശതധന്വാവിന്റെ വധം .... | 97 |
| 58. | കാളിന്ദി മുതലായവരെ പാണിഗ്രഹണം ചെയ്യുന്നത് .... | 107 |
| 59. | പാരിജാതാപഹരണം .... | 123 |
| 60. | ഭഗവാനും രുക്മിണിയും തമ്മിലുണ്ടായ പ്രണയകലഹം .... | 137 |
| 61. | ഭഗവാന്റെ പുത്രപൌത്രാദിസന്താനങ്ങളുടെ വിവരണം .... | 158 |
| 62. | ബാണാസുരൻ അനിരുദ്ധനെ ബന്ധിക്കുന്നത് .... | 168 |
| 63. | ബാണയുദ്ധം .... | 177 |
| 64. | നൃഗന്റെ ശാപമോക്ഷം .... | 192 |
| 65. | ശ്രീബലഭദ്രരുടെ ഗോകുലാഗമനം .... | 203 |
| 66. | പൌണ്ഡ്രകവധവും സുദക്ഷിണവധവും .... | 212 |
| 67. | ദ്വിവിദവധം .... | 222 |
| 68. | സാംബവിവാഹവും ഹസ്തിനാപുരകർഷണവും .... | 229 |
| 69. | എല്ലാ പത്നീഗൃഹങ്ങളിലും ഏകകാലത്തിൽ ഗൃഹസ്ഥധർമ്മം അനുഷ്ഠിച്ചു കൊണ്ടിരിക്കുന്ന ഭഗവാനെ കണ്ടു നാരദമഹർഷി വിസ്മയിക്കുന്നത് .... | 242 |
| 70. | ഭഗവാന്റെ നിത്യകർമ്മങ്ങളുടെ സ്വഭാവനിരൂപണം .... | 255 |
| 71. | ഭഗവാന്റെ ഇന്ദ്രപ്രസ്ഥഗമനം .... | 269 |
| 72. | ജരാസന്ധവധം .... | 282 |
| 73. | ഭഗവൽപ്രത്യാഗമനം .... | 295 |
| 74. | രാജസൂയവും ശിശുപാലവധവും .... | 304 |

| അദ്ധ്യായം | | | ഭാഗം |
|---|---|---|---|
| 75. | ദുര്യോധനന്റെ മാനഭംഗം | .... | 317 |
| 76. | ശാല്വയുദ്ധം | .... | 328 |
| 77. | ശാല്വവധവും സൌഭഭഞ്ജനവും | .... | 336 |
| 78. | ദന്തവക്ത്രവധവും വിദൂരഥവധവും | .... | 347 |
| 79. | ശ്രീബലഭദ്രരുടെ തീർത്ഥാടനം | .... | 357 |
| 80. | ശ്രീദാമചരിതം | ... | 365 |
| 81. | പൃഥുകോപാഖ്യാനം | .... | 377 |
| 82. | സൂര്യോപരാഗം | ... | 388 |
| 83. | ദ്രൌപദിയും ഭഗവൽപത്നിമാരും തമ്മിൽ നടന്ന സംഭാഷണം | .... | 401 |
| 84. | വസുദേവരുടെ മഹായാഗം | .... | 414 |
| 85. | ഭഗവാൻ മാതാവിന്നു് മരിച്ചുപോയ പുത്രന്മാരെ കൊണ്ടുവന്നു കാട്ടി കൊടുക്കുന്നതു് | .... | 432 |
| 86. | സുഭദ്രാഹരണപ്രസ്താവം | .... | 448 |
| 87. | വേദസ്തുതി | .... | 467 |
| 88. | രുദ്രമോക്ഷണം | .... | 506 |
| 89. | ഭൃഗുപരീക്ഷയും സന്താനഗോപാലം കഥയും | .... | 518 |
| 90. | കൃഷ്ണലീലാനുവർണ്ണനവും യദുവംശവിസ്താരവും | ... | 537 |

ഓം.

ശ്രീഗുരുഭ്യോ നമഃ.

ഓം നമോ ഭഗവതേ വാസുദേവായ.

# ശ്രീമദ് ഭാഗവതം

## ദശമസ്കന്ധേ ഉത്തരാർദ്ധഃ

### പഞ്ചാശത്തമോഽദ്ധ്യായഃ—അമ്പതാമദ്ധ്യായം.

[തതഃ പഞ്ചാശത്തമേ തു ജരാസന്ധഭയാദിവ
കാരയിത്വാം ബുധൌ ദുർഗ്ഗം തന്നിനായ നിജം ജനം.]

(ജരാസന്ധനുമായുള്ള യുദ്ധവും, ദ്വാരകാപുരീനിർമ്മാണവും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

അസ്തിഃ പ്രാപ്തിശ്ച കംസസ്യ മഹിഷ്യൌ ഭരതർഷഭ
മൃതേ ഭർത്തരി ദുഃഖാർത്തേ ഈയതുഃ സ്മ പിതുർഗൃഹാൻ. 1

| | |
|---|---|
| ഭരതർഷഭ | ഭരതവംശോത്തമനായ പരീക്ഷിത്തേ ! |
| അസ്തിഃ | അസ്തിയെന്നും, |
| പ്രാപ്തിഃ ച | പ്രാപ്തിയെന്നും പേരായ |
| കംസസ്യ | കംസൻെറ |
| മഹിഷ്യൌ | രണ്ടു മഹിഷിമാർ |
| ഭർത്തരി മൃതേ | ഭർത്താവു് മരിച്ചശേഷം |
| ദുഃഖാർത്തേ | ദുഃഖാർത്തകളായിട്ട് |
| പിതുഃ | അവരുടെ അച്ഛനായ ജരാസന്ധൻെറ |
| ഗൃഹാൻ | ഗൃഹത്തിലേക്ക് |
| ഈയതുഃ സ്മ | പോയി. |

പിത്രേ മഗധരാജായ ജരാസന്ധായ ദുഃഖിതേ
വേദയാഞ്ചക്രതുഃ സർവ്വമാത്മവൈധവ്യകാരണം. 2

| | |
|---|---|
| ദുഃഖിതേ | ദുഃഖിതകളായ അവർ |
| പിത്രേ | അവരുടെ അച്ഛനും, |
| മഗധരാജായ | മഗധദേശത്തിലെ രാജാവുമായ |
| ജരാസന്ധായ | ജരാസന്ധനോട്ട് |
| ആത്മ-വൈധവ്യ-കാരണം | തങ്ങൾക്കുകപ്പെട്ട വൈധവ്യദുഃഖത്തിൻെറ കാരണം |
| സർവ്വം | മുഴുവനും |
| വേദയാഞ്ചക്രതുഃ | പറഞ്ഞറിയിച്ചു. |

സ തദപ്രിയമാകർണ്ണ്യ ശോകാമർഷയുതോ നൃപ
അയാദവീം മഹീം കർത്തും ചക്രേ പരമമുദ്യമം. 3

| | | | |
|---|---|---|---|
| നൃപ | രാജാവേ! | സഃ മഹീം | അവൻ ഭൂമിയെ |
| അപ്രിയം | സന്തോഷകരമല്ലാത്ത | അയാദവീം കർത്തും | യദുവംശരഹിതമാക്കുവാൻവേണ്ടി |
| തത് ആകർണ്യ | ആ വൃത്താന്തം കേട്ടിട്ട് | പരമം | അങ്ങേഅററത്തെ |
| ശോകാമർഷയുതഃ | സന്താപത്തോടും അമർഷത്തോടും കൂടിയവനായി ഭവിച്ചു। | ഉദ്യമം | പരിശ്രമം |
| | | ചക്രേ | ചെയ്തുതുടങ്ങി. |

അക്ഷൌഹിണീഭിർവ്വിംശത്യാ തിസൃഭിശ്ചാപി സംവൃതഃ
യദുരാജധാനീം മഥുരാം ന്യരുണത് സർവ്വതോദിശം. 4

| | | | |
|---|---|---|---|
| വിംശത്യാ തിസൃഭിഃ ച അപി അക്ഷൌഹിണീഭിഃ | ഇരുപത്തിമൂന്ന് അക്ഷൌഹിണീ സേനകളാൽ | യദുരാജധാനീം | യാദവന്മാരുടെ രാജധാനിയായ |
| | | മഥുരാം | മഥുരാനഗരത്തെ |
| | | സർവ്വതോദിശം | നാലുപുറത്തുനിന്നും |
| സംവൃതഃ | പരിവൃതനായ അവൻ | ന്യരുണത് | നിരോധിച്ചു. |

നിരീക്ഷ്യ തദ്ബലം കൃഷ്ണ ഉദ്വേലമിവ സാഗരം
സ്വപുരം തേന സംരുദ്ധം സ്വജനം ച ഭയാകുലം 5
ചിന്തയാമാസ ഭഗവാൻ ഹരിഃ കാരണമാനുഷഃ
തദ്ദേശകാലാനുഗുണം സ്വാവതാരപ്രയോജനം. 6

| | | | |
|---|---|---|---|
| കാരണമാനുഷഃ | ഭൂഭാരഹരണത്തെ നിമിത്തീകരിച്ചുകൊണ്ടു മാനുഷരൂപം ധരിച്ചിരിക്കുന്നവനും, | സംരുദ്ധം | നിരോധിക്കപ്പെട്ട |
| | | സ്വപുരം | സ്വനഗരത്തേയും, |
| | | ഭയാകുലം | ഭയത്താൽ സംഭ്രമമുഴുത്ത |
| ഭഗവാൻ | സർവ്വജ്ഞനും, | സ്വജനം ച | സ്വജനത്തേയും |
| ഹരിഃ | ദുഷ്ടസംഹർത്താവുമായ | നിരീക്ഷ്യ | കണ്ട്, |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | തദ്ദേശ- കാലാനുഗുണം | ആ ദേശകാലങ്ങൾക്കു യോജിച്ചതിനേയും, |
| ഉദ്വേലം | കരകവിഞ്ഞ | | |
| സാഗരം ഇവ | സമുദ്രംപോലെയുള്ള | സ്വാവതാര- പ്രയോജനം | തന്റെ അവതാരോദ്ദേശ്യത്തെയുംകുറിച്ച് |
| തദ്ബലം | അവന്റെ സൈന്യത്തേയും, | | |
| തേന | അവനാൽ | ചിന്തയാമാസ | ആലോചിച്ചുനോക്കി. |

ഹനിഷ്യാമി ബലം ഹ്യേതദ് ഭുവി ഭാരം സമാഹിതം
മാഗധേന സമാനീതം വശ്യാനാം സർവ്വഭൂഭുജാം. 7
അക്ഷൌഹിണീഭിഃ സംഖ്യാതം ഭടാശ്വരഥകുഞ്ജരൈഃ
മാഗധസ്തു ന ഹന്തവ്യോ ഭൂയഃ കർത്താ ബലോദ്യമം. 8

| | | | |
|---|---|---|---|
| വശ്യാനാം | "തനിക്കധീനപ്പെട്ടവരായ | ഭുവി | ഭൂമിയിൽ |
| | | ഭാരം | ഭാരമായിത്തീർന്നിരിക്കുന്നതും, |
| സർവ്വഭൂഭുജാം | സകലരാജാക്കന്മാരുടേയും ആയിട്ട് | സമാഹിതം | ഒത്തുചേർന്നിട്ടുള്ളതും, |
| | | മാഗധേന | ജരാസന്ധനാൽ |

| | |
|---|---|
| സമാനീതം | ഇങ്ങുകൊണ്ടുവരപ്പെട്ടതും, |
| പദാശ്വരഥ-കുഞ്ജരൈഃ | കാലാൾ, കുതിര, തേർ, ആന എന്നിവയാൽ നിറഞ്ഞതും, |
| അക്ഷൗഹിണീഭിഃ | അക്ഷൗഹിണികളാൽ |
| സംഖ്യാതം | കണക്കാക്കപ്പെട്ടിരിക്കുന്നതുമായ |
| ഏതത് ബലം ഹി | ഈ സൈന്യത്തെമാത്രം |
| ഹനിഷ്യാമി | നശിപ്പിച്ചുകളഞ്ഞേക്കാം. |
| മാഗധഃ | ജരാസന്ധൻ |
| ന ഹന്തവ്യഃ | കൊല്ലപ്പെടരുത്; |
| തു ഭൂയഃ | എന്തെന്നാൽ, വീണ്ടും |
| ബലോദ്യമം | സൈന്യത്തെ കൂട്ടിച്ചേർക്കുവാനുള്ള പരിശ്രമം |
| കർത്താ | അവൻ ചെയ്തുകൊള്ളും. |

ഏതദർത്ഥോഽവതാരോഽയം ഭൂഭാരഹരണായ മേ
സംരക്ഷണായ സാധൂനാം കൃതോഽന്യേഷാം വധായ ച. 9

| | |
|---|---|
| മേ ഏതഃ | "എന്നാൽ സ്വീകൃതമായ |
| അയം അവതാരഃ | ഈ അവതാരം |
| ഏതദർത്ഥഃ | ഇതു പ്രയോജനത്തോടു കൂടിയതാണ് — |
| ഭൂഭാരഹരണായ | അതു, ഭൂമിയുടെ ഭാരം തീർക്കുന്നതിനും, |
| സാധൂനാം | സജ്ജനങ്ങളുടെ |
| സംരക്ഷണായ | സംരക്ഷയ്ക്കും, |
| അന്യേഷാം | അസജ്ജനങ്ങളുടെ |
| വധായ ച | സംഹാരത്തിനും വേണ്ടിയാകുന്നു. |

അന്യോഽപി ധർമ്മരക്ഷായൈ ദേഹഃ സംഭ്രിയതേ മയാ
വിരാമായാപ്യധർമ്മസ്യ കാലേ പ്രഭവതഃ ക്വചിത്. 10

| | |
|---|---|
| ധർമ്മരക്ഷായൈ | "ധർമ്മരക്ഷയ്ക്കുവേണ്ടി |
| ക്വചിത് കാലേ | ചില കാലത്ത്, |
| പ്രഭവതഃ | പെരുകിവരുന്ന |
| അധർമ്മസ്യ | അധർമ്മത്തിന്റെ |
| വിരാമായ | മൂലച്ഛേദം ചെയ്യുവാൻ |
| അന്യഃ അപി ദേഹഃ | വേറെയും സ്വരൂപം |
| മയാ | എന്നാൽ |
| സംഭ്രിയതേ | ധരിക്കപ്പെട്ടുമാറുണ്ട്." |

ഏവം ധ്യായതി ഗോവിന്ദ ആകാശാത് സൂര്യവർച്ചസൗ
രഥാവുപസ്ഥിതൗ സദ്യഃ സസൂതൗ സപരിച്ഛദൗ. 11

| | |
|---|---|
| ഗോവിന്ദേ | ശ്രീകൃഷ്ണൻ |
| ഏവം | ഇപ്രകാരം |
| ധ്യായതി | നിരൂപിച്ചിരിക്കെ, |
| സദ്യഃ | തൽക്ഷണം |
| ആകാശാത് | ആകാശത്തിൽനിന്ന് |
| സൂര്യവർച്ചസൗ | സൂര്യബിംബംപോലെ തേജസ്സേറുന്നവയും, |
| സസൂതൗ | സാരഥികളോടും |
| സപരിച്ഛദൗ | മറ്റുവേണ്ട ഉപകരണങ്ങളോടും കൂടിയവയുംആയ |
| രഥൗ | രണ്ടു തേരുകൾ |
| ഉപസ്ഥിതൗ | അടുത്തേക്ക് ഇറങ്ങിവന്നു. |

ആയുധാനി ച ദിവ്യാനി പുരാണാനി യദൃച്ഛയാ
ദൃഷ്ട്വാ താനി ഹൃഷീകേശഃ സങ്കർഷണമഥാബ്രവീത്. 12

| | |
|---|---|
| ദിവ്യാനി | ദിവ്യങ്ങളും, |
| പുരാണാനി | സനാതനങ്ങളുമായ |
| ആയുധാനി ച | ആയുധങ്ങളും |
| യദൃച്ഛയാ | തൽക്ഷണംതന്നെ |
| (ഉപസ്ഥിതാനി) | എത്തിച്ചേർന്നു. |
| അഥ | അനന്തരം |
| ഹൃഷീകേശഃ | ഭഗവാൻ |
| താനി ദൃഷ്ട്വാ | അവയെ കണ്ട് |
| സങ്കർഷണം | ബലഭദ്രനോടായി |
| അബ്രവീത് | ഇങ്ങനെ പറഞ്ഞു. |

**ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—**

പശ്യാര്യ വ്യസനം പ്രാപ്തം യദൂനാം ത്വാവതാം പ്രഭോ
ഏഷ തേ രഥ ആയാതോ ദയിതാന്യായുധാനി ച.. 13

| | |
|---|---|
| പ്രഭോ ആര്യ | "പ്രഭോ! ജ്യേഷ്ഠ! |
| ത്വാവതാം | ഭവാൻ രക്ഷകനായുള്ള (ഭവാന്റെ രക്ഷയിലിരിക്കുന്ന) |
| യദൂനാം | യാദവന്മാർക്ക് |
| പ്രാപ്തം | എത്തിച്ചേർന്നതായ |
| വ്യസനം പശ്യ | ആപത്ത് നോക്കുക. |
| തേ രഥഃ | ഭവാന്റെ രഥം |
| ഏഷഃ ആയാതഃ | ഇതാ എത്തിയിരിക്കുന്നു. |
| ദയിതാനി ആയുധാനി ച | ഇഷ്ടപ്പെട്ട ആയുധങ്ങളും വന്നുകഴിഞ്ഞു |

യാനമാസ്ഥായ ജഹ്യേതദ്വ്യസനാത് സ്വാൻ സമുദ്ധര
ഏതദർത്ഥം ഹി നൌ ജന്മ സാധൂനാമീശ ശർമ്മകൃത്. 14

| | |
|---|---|
| യാനം | "വാഹനത്തിലേക്ക് |
| ആസ്ഥായ | കയറിയിരുന്ന് |
| ഏതത് | ഈ സൈന്യത്തെ |
| ജഹി | എതിർത്തു നശിപ്പിക്കുക. |
| സ്വാൻ | സ്വജനങ്ങളെ |
| വ്യസനാത് | ആപത്തിൽനിന്ന് |
| സമുദ്ധര | രക്ഷിക്കുക. |
| ഈശ | പ്രഭോ! |
| സാധൂനാം | സത്തുക്കൾക്ക് |
| ശർമ്മകൃത് | ക്ഷേമമുളവാക്കുന്ന |
| നൌ ജന്മ | നമ്മുടെ ഉത്ഭവം |
| ഏതദർത്ഥം ഹി | ഇതിനുവേണ്ടിയാണല്ലോ. |

ത്രയോവിംശത്യനീകാഖ്യം ഭൂമേർഭാരമപാകുരു
ഏവം സമ്മന്ത്ര്യ ദാശാർഹൌ ദംശിതൌ രഥിനൌ പുരാത്. 15
നിർജ്ജഗ്മതുഃ സ്വായുധാഢ്യൌ ബലേനാല്പീയസാഽഽവൃതൌ
ശംഖം ദധ്മൌ വിനിർഗ്ഗത്യ ഹരിർദാരുകസാരഥിഃ. 16

| | |
|---|---|
| ത്രയോവിംശ-ത്യനീകാഖ്യം | "ഇരുപത്തിമൂന്ന് അക്ഷൌഹിണീ സൈന്യമാവുന്ന |
| ഭൂമേഃ ഭാരം | ഭൂമിയുടെ ഭാരത്തെ |
| അപാകുരു | നീക്കിക്കളയുക." |
| ദാശാർഹൌ | രാമകൃഷ്ണന്മാർ |
| ഏവം | ഇപ്രകാരം |
| സമ്മന്ത്ര്യ | ആലോചിച്ചുറച്ച് |
| ദംശിതൌ | മാർച്ചട്ട കെട്ടി, |
| രഥിനൌ | രഥാരൂഢരായി, |
| സ്വായുധാഢ്യൌ | അവരവരുടെ ആയുധങ്ങളുമേന്തി, |
| അല്പീയസാ | അത്യല്പമായ |
| ബലേന | സേനയാൽ |
| ആവൃതൌ | പരിവൃതരായിട്ട് |
| പുരാത് | നഗരത്തിൽനിന്ന് |
| നിർജ്ജഗ്മതുഃ | പുറത്തിറങ്ങി. |
| ദാരുകസാരഥിഃ | ദാരുകനെന്ന സൂതനോടുകൂടിയ |
| ഹരിഃ | ശ്രീകൃഷ്ണഭഗവാൻ |
| വിനിർഗ്ഗത്യ | ഇങ്ങനെ യുദ്ധത്തിന്നായ് നഗരത്തിൽനിന്ന് പുറത്തിറങ്ങിയ ശേഷം |
| ശംഖം ദധ്മൌ | പാഞ്ചജന്യമെന്ന തന്റെ ശംഖ് വിളിച്ചു. |

തതോഽഭൂത് പരസൈന്യാനാം ഹൃദി വിത്രാസവേപഥുഃ
താവാഹ മാഗധോ വീക്ഷ്യ ഹേ കൃഷ്ണ പുരുഷാധമ. 17
ന ത്വയാ യോദ്ധുമിച്ഛാമി ബാലേനൈകേന ലജ്ജയാ
ഗുപ്തേന ഹി ത്വയാ മന്ദ ന യോത്സ്യേ യാഹി ബന്ധുഹൻ. 18

| | |
|---|---|
| തതഃ | അതുനിമിത്തം |
| പരസൈന്യാനാം | ശത്രുസേനകളുടെ |
| ഹൃദി | ഹൃദയത്തിൽ |
| വിത്രാസ– വേപഥുഃ | പേടികൊണ്ടുള്ള ഉലച്ചൽ |
| അഭൂത് | വന്നുചേൎന്നു. |
| തൌ വീക്ഷ്യ | ആ രാമകൃഷ്ണന്മാരെനോക്കി, |
| മാഗധഃ ആഹ | ജരാസന്ധൻ പറഞ്ഞു. |
| ഹേ കൃഷ്ണ | 'എടൊ കൃഷ്ണ ! |
| പുരുഷാധമ | നീചമനുഷ്യ ! |
| ബാലേന | ബാലകനും |
| ഏകേന | ഒററയ്ക്കുള്ളവനുമായ |
| ത്വയാ | നിന്നോടുകൂടി |
| ലജ്ജയാ | ലജ്ജയാൽ |
| യോദ്ധും | യുദ്ധം ചെയ്യുവാൻ |
| ന ഇച്ഛാമി | ഞാനാഗ്രഹിക്കുന്നില്ല. |
| മന്ദ | എടാ മൂഢാ ! |
| ബന്ധുഹൻ | അമ്മാവനെക്കൊന്നവനേ! |
| ഗുപ്തേന | ഇത്രനാളും പേടിച്ചൊളിഞ്ഞിരുന്ന |
| ത്വയാ | നിന്റെകൂടെ |
| ന യോത്സ്യേ | ഞാൻ യുദ്ധംചെയ്കയില്ല. |
| ഹി | അതുകൊണ്ടു് |
| യാഹി | മറയത്തു പോ. |

തവ രാമ യദി ശ്രദ്ധാ യുധ്യസ്വ ധൈൎയ്യമുദ്വഹ
ഹിത്വാ വാ മച്ഛരൈശ്ഛിന്നം ദേഹം സ്വൎയ്യാഹി മാം ജഹി. 19

| | |
|---|---|
| രാമ തവ | "എടോ രാമ! നിനക്കു് |
| ശ്രദ്ധാ യദി | താൽപൎയ്യമുണ്ടെങ്കിൽ |
| യുധ്യസ്വ | യുദ്ധം ചെയ്തുകൊൾക. |
| ധൈൎയ്യം | ധീരതയെ |
| ഉദ്വഹ | അവലംബിച്ചുകൊൾക. |
| മച്ഛരൈഃ | എന്റെ അമ്പുകളാൽ |
| ഛിന്നം | പിളൎക്കപ്പെട്ട |
| ദേഹം ഹിത്വാ | ശരീരത്തെ വെടിഞ്ഞു് |
| സ്വഃ | സ്വൎഗ്ഗത്തിലേക്കു് |
| യാഹി | പോകയോ, |
| മാം | എന്നെ |
| ജഹി വാ | കൊന്നുകളകയോ ചെയ്യുക" |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

ന വൈ ശൂരാ വികത്ഥന്തേ ദൎശയന്ത്യേവ പൌരുഷം
ന ഗൃഹ്ണീമോ വചോ രാജന്നാതുരസ്യ മുമൂൎഷതഃ. 20

| | |
|---|---|
| ശൂരാഃ | ശൂരന്മാർ |
| ന വൈ വികത്ഥന്തേ | തീരെ ആത്മപ്രശംസ ചെയ്യാറില്ല. |
| പൌരുഷം | പൌരുഷത്തെ |
| ദൎശയന്തി ഏവ | കാട്ടിക്കൊടുക്കുകയേയുള്ളു. |
| രാജൻ | രാജാവേ ! |
| ആതുരസ്യ | ദുഃഖാവിവശനും |
| മുമൂൎഷതഃ | മരിച്ചുപോകാൻ നിനയ്ക്കുന്നവനുമായ ഒരുത്തന്റെ |
| വചഃ | വാക്കിനെ |
| ന ഗൃഹ്ണീമഃ | ഞങ്ങൾ കാൎയ്യമായിട്ടെടുക്കുന്നില്ല. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ജരാസുതസ്താവഭിസൃത്യ മാധവൌ
മഹാബലൌഘേന ബലീയസാഽഽവൃണോത്
സസൈന്യയാനധ്വജവാജിസാരഥീ
സൂൎയ്യാനലൌ വായുരിവാഭ്രരേണുഭിഃ. 21

| | | | |
|---|---|---|---|
| ജരാസുതഃ | ജരാസന്ധൻ | മഹാ- ബലൌഘേന | വമ്പിച്ച സേനാവ്യൂഹത്താൽ |
| സസൈന്യ- യാനധ്വജ- വാജിസാരഥീ | സൈന്യവും, തേരും, കൊടിയും കുതിരയും, സാരഥിയും ഉള്ളവരായ | വായുഃ | കാററ് |
| തൌ മാധവൌ | ആ രാമകൃഷ്ണന്മാരെ | സൂര്യാനലൌ | സൂര്യനേയും, അഗ്നിയേയും |
| അഭിസൃത്യ | നേരിട്ടുകൊണ്ട് | അഭ്രരേണുഭിഃ | മഴക്കാറുകൊണ്ടും, മൺപൊടികൊണ്ടും മൂടുന്നത് |
| ബലീയസാ | അധികം ബലവത്തായ | ഇവ | ഏതുവിധമോ ആ വിധം |
| | | ആവൃണോത് | മൂടിക്കളഞ്ഞു. |

സുപർണ്ണതാലധ്വജചിഹ്നിതൌ രഥാ-
വലക്ഷയന്ത്യോ ഹരിരാമയോർമൃധേ
സ്ത്രിയഃ പുരാട്ടാലകഹർമ്മ്യഗോപുരം
സമാശ്രിതാഃ സംമുമുഹുഃ ശുചാർദ്ദിതാഃ. 22

| | | | |
|---|---|---|---|
| പുരാട്ടാലക- ഹർമ്മ്യ- ഗോപുരം | നഗരത്തിലെ കൊത്തളങ്ങളിലും, മാളികകളിലും, ഗോപുരങ്ങളിലും | ഹരിരാമയോഃ | ശ്രീകൃഷ്ണന്റേയും, ബലരാമന്റേയും |
| സമാശ്രിതാഃ | കയറിനിന്നിരുന്ന | രഥൌ | തേരുകളെ |
| സ്ത്രിയഃ മൃധേ | സ്ത്രീകൾ യുദ്ധഭൂമിയിൽ | അലക്ഷയന്ത്യഃ | കാണാതെ |
| സുപർണ്ണ- താലധ്വജ- ചിഹ്നിതൌ | ഗരുഡധ്വജത്താലും, താലധ്വജത്താലും അങ്കിതങ്ങളായ | ശുചാ | സങ്കടത്താൽ |
| | | അർദ്ദിതാഃ | പീഡിതകളായിട്ട് |
| | | സംമുമുഹുഃ | മൂർച്ഛിച്ചുവീണു. |

ഹരിഃ പരാനീകപയോമുചാം മുഹുഃ
ശിലീമുഖാത്യുല്ബണവർഷപീഡിതം
സ്വസൈന്യമാലോക്യ സുരാസുരാർച്ചിതം
വ്യസ്ഫൂർജ്ജയച്ഛാർങ്ഗശരാസനോത്തമം. 23

| | | | |
|---|---|---|---|
| ഹരിഃ | ശ്രീകൃഷ്ണൻ | സ്വസൈന്യം | തന്റെ സൈന്യത്തെ |
| മുഹുഃ | തുടരെത്തുടരെ | ആലോക്യ | കണ്ടിട്ട് |
| പരാനീക- പയോമുചാം | ശത്രുസൈന്യങ്ങളാവുന്ന കാർമേഘങ്ങളുടെ | സുരാസുരാർച്ചിതം | ദേവന്മാരാലും അസുരന്മാരാലും ആദരിക്കപ്പെട്ടിരിക്കുന്ന |
| ശിലീമുഖാ- ത്യുല്ബണ- വർഷപീഡിതം | ഉഗ്രമായ ശരമാരിയാൽ വലഞ്ഞുപോയ | ശാർങ്ഗശരാ- സനോത്തമം | ശാർങ്ഗമെന്ന പള്ളിവില്ലിനെ |
| | | വ്യസ്ഫൂർജ്ജയത് | ഞാണേററി. |

ഗൃഹ്ണൻ നിഷംഗാദഥ സന്ദധച്ഛരാൻ
വികൃഷ്യ മുഞ്ചൻ ശിതബാണപൂഗാൻ
നിഘ്നൻ രഥാൻ കുഞ്ജരവാജിപത്തീൻ
നിരന്തരം യദ്വദലാതചക്രം. 24

| | |
|---|---|
| അഥ | അനന്തരം |
| നിരന്തരം | ഇടതടവില്ലാതെ |
| ശരാൻ | അമ്പുകളെ |
| നിഷംഗാത് | ആവനാഴിയിൽ നിന്ന് |
| ഗൃഹ്ണൻ | ഓരോന്നായെടുത്ത്, |
| സന്ദധത് | വില്ലിൽ തൊടുത്ത്, |
| വികൃഷ്യ | ആഞ്ഞുവലിച്ച്, |
| ശിതബാണവൃഗാൻ | കൂർത്തമൂർത്തുള്ള ശരസമൂഹങ്ങളെ |
| മുഞ്ചൻ | പ്രയോഗിച്ച് |
| രഥാൻ | തേരുകളേയും, |
| കുഞ്ജരവാജിപത്തീൻ | ആനകളേയും, കുതിരകളേയും, കാലാളുകളേയും |
| നിഘ്നൻ | സംഹരിച്ചുകൊണ്ട് |
| അലാതചക്രം | വട്ടംചുഴററിയ തീക്കൊള്ളി |
| യഥാചരത് | ഏതുപോലെയോ, (അതുപോലെ ഭഗവാൻ നാലുപാടും ഏകകാലത്തിൽ ചുററുന്നതായി കാണപ്പെട്ടു.) |

നിർഭിന്നകുംഭാഃ കരിണോ നിപേതുരനേകശോഽശ്വാഃ ശരവൃക്ണകന്ധരാഃ
രഥാ ഹതാശ്വധ്വജസൂതനായകാഃ പദാതയശ്ഛിന്നഭുജോരുകന്ധരാഃ 25

| | |
|---|---|
| നിർഭിന്നകുംഭാഃ | പിളർന്ന മസ്തകങ്ങളോടുകൂടിയ |
| കരിണഃ | ആനകളും, |
| ശരവൃക്ണകന്ധരാഃ | ശരങ്ങളാൽ കഴുത്തററുപോയ |
| അശ്വാഃ | കുതിരകളും, |
| ഹതാശ്വധ്വജസൂതനായകാഃ | കുതിരയും, കൊടിയും, സാരഥിയും, രഥികനും നശിപ്പിക്കപ്പെട്ടിരിക്കുന്ന |
| രഥാഃ | തേരുകളും |
| ഛിന്നഭുജോരുകന്ധരാഃ | കൈയും, തുടയും, കഴുത്തും അറുക്കപ്പെട്ടിരിക്കുന്ന |
| പദാതയഃ | കാലാൾപ്പടകളും |
| അനേകശഃ | അസംഖ്യമായി |
| നിപേതുഃ | നിലംപതിച്ചു. |

സംഛിദ്യമാനദ്വിപദേഭവാജിനാമംഗപ്രസൂതാഃ ശതശോഽസൃഗാപഗാഃ
ഭുജാഹയഃ പൂരുഷശീർഷകച്ഛപാ ഹതദ്വിപദ്വീപഹയഗ്രഹാകുലാഃ 26
കരോരുമീനാ നരകേശശൈവലാ ധനുസ്തരംഗായുധഗുല്മസങ്കുലാഃ
അച്ഛുരികാവർത്തഭയാനകാ മഹാമണിപ്രവേകാഭരണാശ്മശർക്കരാഃ 27
പ്രവർത്തിതാ ഭീരുഭയാവഹാ മൃധേ മനസ്വിനാം ഹർഷകരീഃ പരസ്പരം

| | |
|---|---|
| സംഛിദ്യമാനദ്വിപദേഭവാജിനാം | അറുക്കപ്പെട്ടുകൊണ്ടിരിക്കുന്ന കാലാൾപ്പടകളുടേയും, ആനകളുടേയും, കുതിരകളുടേയും |
| അംഗപ്രസൂതാഃ | ശരീരങ്ങളിൽനിന്ന് ഉൽഭവിച്ചവയും, |
| ഭുജാഹയഃ | കൈത്തണ്ടുകളാവുന്ന പാമ്പുകളോടുകൂടിയവയും, |
| പൂരുഷശീർഷകച്ഛപാഃ | പടയാളികളുടെ തലമണ്ടകളാവുന്ന ആമകളോടുകൂടിയവയും, |
| ഹതദ്വിപദ്വീപഹയഗ്രഹാകുലാഃ | കൊല്ലപ്പെട്ട ആനകളാവുന്ന തുരുത്തുകളാലും കുതിരകളാവുന്ന മുതലകളാലും നിറഞ്ഞിരിക്കുന്നവയും, |
| കരോരുമീനാഃ | കൈപ്പടങ്ങളും തുടകളും ആവുന്ന മത്സ്യങ്ങളോടുകൂടിയവയും, |
| നരകേശശൈവലാഃ | മനുഷ്യരുടെ തലമുടികളാവുന്ന കരിഞ്ചണ്ടികളോടുകൂടിയവയും, |

| | |
|---|---|
| ധനുസ്തരംഗാ- യുധഗുല്മ- സംകുലാഃ | വില്ലുകളാവുന്ന തിരമാലകളാലും ആയുധങ്ങളാവുന്ന പൊന്തച്ചെടികളാലും നിറഞ്ഞിട്ടുള്ളവയും, |
| അച്ഛൂരികാ- വർത്തഭയാനകാഃ | പരിചകളാവുന്ന ചുഴികളാൽ ഭയം ജനിപ്പിക്കുന്നവയും |
| മഹാമണി- പ്രവേകാഭരണാ- ശ്മശർക്കരാഃ | മഹാരത്നങ്ങളിൽവെച്ചു മികച്ചവകൊണ്ടു ഉണ്ടാക്കപ്പെട്ട ആഭരണങ്ങളാവുന്ന കല്ലുകളോടും ചരലുകളോടും ചേർന്നവയും, |
| ഭീരുഭയാവഹാഃ | ഭീരുക്കൾക്കു ഭയം ജനിപ്പിക്കുന്നവയും, |
| മൃധേ | യുദ്ധത്തിൽ |
| മനസ്വിനാം | മനക്കരുത്തുള്ളവക്ക് |
| പരസ്പരം ഹർഷകരീഃ | അന്യോന്യം ആഹ്ലാദം ജനിപ്പിക്കുന്നവയും ആയ |
| ശതശഃ | അനേകം |
| അസൃഗാപഗാഃ | ചോരപ്പുഴകൾ |
| പ്രവർത്തിതാഃ | ഒഴുക്കപ്പെട്ടു. |

വിനിഘ്നതാരീൻ മുസലേന ദുർമ്മദാൻ സങ്കർഷണേനാപരിമേയതേജസാ 28
ബലം തദംഗാർണ്ണവദുർഗ്ഗഭൈരവം ദുരന്തപാരം മഗധേന്ദ്രപാലിതം
ക്ഷയം പ്രണീതം വസുദേവപുത്രയോർവ്വിക്രീഡിതം തജ്ജഗദീശയോഃ പരം.

| | |
|---|---|
| അംഗ | അല്ലയോ രാജാവേ! |
| അപരിമേയ- തേജസാ | അളവററ പരാക്രമത്തോടുകൂടിയവനായി, |
| ദുർമ്മദാൻ | ദുരഹങ്കാരികളായ |
| അരീൻ | ശത്രുക്കളെ |
| മുസലേന | മുസലായുധംകൊണ്ടു് |
| വിനിഘ്നതാ | തല്ലിത്തകക്കുന്ന |
| സങ്കർഷണേന | ശ്രീബലഭദ്രനാലും |
| തത് | ആ വിധം ശ്രീകൃഷ്ണനാൽ കൊല്ലപ്പെട്ടിട്ടുകൂടി അവശേഷിക്കപ്പെട്ടതും, |
| മഗധേന്ദ്രപാലിതം | ജരാസന്ധനാൽ കാത്തുരക്ഷിക്കപ്പെട്ടതും, |
| അർണ്ണവദുർഗ്ഗ- ഭൈരവം | സമുദ്രംപോലെ ദുർഗ്ഗമവും ഭയങ്കരവുമായിട്ടിരിക്കുന്നതും, |
| ദുരന്തപാരം ബലം | ആഴവും അവധിയും ഇല്ലാത്തതുമായ സൈന്യം |
| ക്ഷയം | നാശത്തിലേക്ക് |
| പ്രണീതം | എത്തിക്കപ്പെട്ടു. |
| തത് | ആ കൃത്യം |
| ജഗദീശയോഃ | ജഗദീശ്വരന്മാരായ |
| വസുദേവ- പുത്രയോഃ | വസുദേവനന്ദനന്മാക്ക് |
| പരം | വെറും |
| വിക്രീഡിതം | വിനോദംമാത്രമായിരുന്നു. |

സ്ഥിത്യുദ്ഭവാന്തം ഭുവനത്രയസ്യ യഃ സമീഹതേ ഽനന്തഗുണഃ സ്വലീലയാ
ന തസ്യ ചിത്രം പരപക്ഷനിഗ്രഹസ്തഥാപി മർത്ത്യാനുവിധസ്യ വർണ്ണ്യതേ.

| | |
|---|---|
| അനന്തഗുണഃ യഃ | അററമില്ലാത്ത ഗുണങ്ങളോടുകൂടിയ യാതൊരാൾ |
| ഭുവനത്രയസ്യ | മൂന്നുലോകത്തിന്റെയും |
| സ്ഥിത്യുദ്- ഭവാന്തം സ്വലീലയാ | സൃഷ്ടി സ്ഥിതി സംഹാരങ്ങളെ തന്റെ ലീലയാൽ |
| സമീഹതേ | നടത്തിക്കൊണ്ടിരിക്കുന്നുവോ, |
| തസ്യ | ആ സർവ്വേശ്വരന്റെ |
| പരപക്ഷനിഗ്രഹഃ | ശത്രുസൈന്യവിനാശനം |
| ന ചിത്രം | അത്ഭുതകരമായതല്ല. |
| തഥാ അപി മർത്ത്യാനുവിധസ്യ | എങ്കിലും മനുഷ്യരെ അനുകരിച്ചിരിക്കുന്ന അവിടുത്തെ പരാക്രമം |
| വർണ്ണ്യതേ | അത്ഭുതാവഹമായി വർണ്ണിക്കപ്പെടുകയാണ്. |

ജഗ്രാഹ വിരഥം രാമോ ജരാസന്ധം മഹാബലം
ഹതാനീകാവശിഷ്ടാസും സിംഹഃ സിംഹമിവൗജസാ. 31

| | |
|---|---|
| രാമഃ | ബലരാമൻ |
| ഹതാനീകാ-വശിഷ്ടാസും | കൊല്ലപ്പെട്ടുപോയ സേനകളോടും അവശേഷിക്കപ്പെട്ട ജീവനോടും കൂടിയവനായും, |
| വിരഥം | രഥഹീനനായും നില്ക്കുന്ന |
| മഹാബലം | അതിബലവാനായ |
| ജരാസന്ധം | ജരാസന്ധനെ |
| സിംഹഃ | ഒരു സിംഹം |
| സിംഹം | മറെറാരു സിംഹത്തെ |
| ഇവ | എന്നപോലെ |
| ഓജസാ | ബലത്തോടെ |
| ജഗ്രാഹ | കടന്നുപിടിച്ചു. |

ബധ്യമാനം ഹതാരാതിം പാശൈർവ്വാരുണമാനുഷൈഃ
വാരയാമാസ ഗോവിന്ദസ്തേന കാര്യചികീർഷയാ. 32

| | |
|---|---|
| ഹതാരാതിം | കൊല്ലപ്പെട്ട അനേകം ശത്രുക്കളോടുകൂടിയവനായ ആ ജരാസന്ധനെ |
| വാരുണ-മാനുഷൈഃ പാശൈഃ | വരുണപാശങ്ങളാലും, മനുഷ്യനിർമ്മിതങ്ങളായ വെറും കയറുകൾ കൊണ്ടും |
| ബധ്യമാനം | ബലരാമനാൽ ബന്ധിക്കപ്പെടുന്നതുകണ്ടു് |
| ഗോവിന്ദഃ | ശ്രീകൃഷ്ണൻ |
| തേന | അവനെക്കൊണ്ടു് |
| കാര്യചികീർഷയാ | ഇനിയും കാര്യം നിറവേററണമെന്ന ഉദ്ദേശത്താൽ |
| വാരയാമാസ | അതു തടഞ്ഞു. |

സ മുക്തോ ലോകനാഥാഭ്യാം വ്രീഡിതോ വീരസമ്മതഃ
തപസേ കൃതസങ്കല്പോ വാരിതഃ പഥി രാജഭിഃ. 33
വാക്യൈഃ പവിത്രാർത്ഥപദൈർന്നയനൈഃ പ്രാകൃതൈരപി
സ്വകർമ്മബന്ധപ്രാപ്തോഽയം യദുഭിസ്തേ പരാഭവഃ. 34

| | |
|---|---|
| വീരസമ്മതഃ | വീരന്മാരുടെ ഇടയിൽ ബഹുമതനായുള്ള |
| സഃ | ആ ജരാസന്ധൻ |
| ലോകനാഥാഭ്യാം | ലോകനാഥന്മാരായ രാമകൃഷ്ണന്മാരാൽ |
| മുക്തഃ | വിട്ടയക്കപ്പെട്ടവനും, |
| വ്രീഡിതഃ | (തന്നിമിത്തം) ലജ്ജിതനുമായി ഭവിച്ച് |
| തപസേ | തപസ്സുചെയ്യുവാൻ |
| കൃതസങ്കല്പഃ | നിശ്ചയിച്ച് പുറപ്പെട്ടുവെങ്കിലും, |
| പഥി | പോകുംവഴിക്ക് |
| രാജഭിഃ | ബന്ധുരാജാക്കന്മാരാൽ |
| പവിത്രാർത്ഥ-പദൈഃ | വിശുദ്ധാശയങ്ങളുള്ള (ധർമ്മോപദേശപരങ്ങളായ) വാക്കുകളടങ്ങിയ |
| നയനൈഃ | നീതിമൊഴികളാലും, |
| യദുഭിഃ | " യാദവരാൽ |
| തേ പരാഭവഃ | അങ്ങയ്ക്കുണ്ടായ തോല്വി |
| സ്വകർമ്മ-ബന്ധപ്രാപ്തഃ | സ്വകർമ്മവശാൽ വന്നകപ്പെട്ടതാണ " എന്നിങ്ങനെയുള്ള |
| പ്രാകൃതൈഃ | ലൌകികങ്ങളായ |
| വാക്യൈഃ അപി | വാക്യങ്ങളാലും സമാധാനിപ്പിച്ച് |
| വാരിതഃ | തടയപ്പെട്ടു. |

ഹതേഷു സർവ്വാനീകേഷു നൃപോ ബാർഹദ്രഥസ്തദാ
ഉപേക്ഷിതോ ഭഗവതാ മഗധാൻ ദുർമ്മനാ യയൗ. 35

| | | | |
|---|---|---|---|
| സർവ്വാനീകേഷു | സകലസേനകളും | ഉപേക്ഷിതഃ | വിട്ടയക്കപ്പെട്ടവനായി |
| ഹതേഷു | കൊല്ലപ്പെട്ടുകഴിഞ്ഞപ്പോഠം | ദുർമ്മനാഃ | മനോവേദനയോടുകൂടിയവനായി |
| ബാർഹദ്രഥഃ | ബൃഹദ്രഥപുത്രനായ | തദാ | തത്സമയം |
| നൃപഃ | രാജാവ് ജരാസന്ധൻ | മഗധാൻ | മഗധദേശത്തിലേക്ക് |
| ഭഗവതാ | ഭഗവാനാൽ | യയൗ | തിരിച്ചുപോയി. |

മുകുന്ദോഽപ്യക്ഷതബലോ നിസ്തീർണ്ണാരിബലാർണ്ണവഃ
വികീര്യ്യമാണഃ കുസുമൈസ്ത്രിദശൈരനുമോദിതഃ. 36
മാഥുരൈരുപസംഗമ്യ വിജ്വരൈർമ്മുദിതാത്മഭിഃ
ഉപഗീയമാനവിജയഃ സൂതമാഗധബന്ദിഭിഃ. 37

| | | | |
|---|---|---|---|
| അക്ഷതബലഃ | നാശംപററാത്ത സേനയോടുകൂടിയവനും, | ഉപഗീയമാന-വിജയഃ | പാടിപ്പുകഴ്ത്തപ്പെടുന്ന യുദ്ധവിജയത്തോടുകൂടിയവനും ആയ |
| നിസ്തീർണ്ണാരി-ബലാർണ്ണവഃ | ശത്രുസേനയാവുന്ന കടലിനെ അനായാസേന കടന്നുകഴിഞ്ഞവനും, | മുകുന്ദഃ അപി | ശ്രീകൃഷ്ണനാകട്ടെ |
| ത്രിദശൈഃ | ദേവകളാൽ | വിജ്വരൈഃ | സന്താപമകന്നവരും, |
| അനുമോദിതഃ | അനുമോദിക്കപ്പെട്ട് | മുദിതാത്മഭിഃ | മനസ്സിൽ സന്തോഷം ചേർന്നവരും ആയ |
| കുസുമൈഃ | പൂക്കളെക്കൊണ്ട് | മാഥുരൈഃ | മഥുരാവാസികളോട് |
| വികീര്യ്യമാണഃ | ആച്ഛാദനം ചെയ്യപ്പെട്ടുന്നവനും, | ഉപസംഗമ്യ | ഒത്തുചേർന്ന് |
| സൂതമാഗധ-ബന്ദിഭിഃ | സൂതന്മാർ, മാഗധന്മാർ, ബന്ദികഠം എന്നിവരാൽ | (പുരം യയൗ) | സ്വപുരത്തിലേക്കു പോയി. |

ശംഖദുന്ദുഭയോ നേദുർഭേരീതൂര്യ്യാണ്യനേകശഃ
വീണാവേണുമൃദംഗാനി പുരം പ്രവിശതി പ്രഭൌ. 38
സിക്തമാർഗ്ഗാം ഹൃഷ്ടജനാം പതാകാഭിരലംകൃതാം
നിർഘുഷ്ടാം ബ്രഹ്മഘോഷേണ കൌതുകാബദ്ധതോരണാം. 39

| | | | |
|---|---|---|---|
| സിക്തമാർഗ്ഗാം | സുഗന്ധജലം തളിച്ച വീഥികളോടുകൂടിയതും, | നിർഘുഷ്ടാം | നിനാദിതവും, |
| ഹൃഷ്ടജനാം | ആഹ്ലാദംകൊള്ളുന്ന ജനങ്ങളോടുകൂടിയതും, | കൌതുകാ-ബദ്ധതോരണാം | വിജയോത്സവം നിമിത്തം എങ്ങും കെട്ടപ്പെട്ടിരിക്കുന്ന തോരണങ്ങളോടുകൂടിയതും ആയ |
| പതാകാഭിഃ | പതാകകളാൽ | | |
| അലംകൃതാം | അലങ്കരിക്കപ്പെട്ടുള്ളതും, | പുരം | മഥുരാപുരിയിലേക്ക് |
| ബ്രഹ്മഘോഷേണ | വേദോച്ചാരണഘോഷത്താൽ | പ്രഭൌ പ്രവിശതി | ഭഗവാൻ പ്രവേശിക്കുന്ന അവസരത്തിൽ |

| | | | |
|---|---|---|---|
| അനേകശഃ | അസംഖ്യങ്ങളായ | വീണാവേണു- മൃദംഗാനി | വീണ, വേണു, മൃദംഗം എന്നിവയും |
| ശംഖതൂര്യഭയഃ | ശംഖുകളും, തൂര്യഭികളും, | | |
| ഭേരീതൂര്യാണി | ഭേരികളും, തൂര്യങ്ങളും, | നേദുഃ | മുഴങ്ങിക്കൊണ്ടിരുന്നു. |

നിചീയമാനോ നാരീഭിർമ്മാല്യദധ്യക്ഷതാങ്കുരൈഃ
നിരീക്ഷ്യമാണഃ സസ്നേഹം പ്രീത്യുത്കലിതലോചനൈഃ 40
ആയോധനഗതം വിത്തമനന്തം വീരഭൂഷണം
യദുരാജായ തത് സർവ്വമാഹൃതം പ്രാദിശത് പ്രഭുഃ. 41

| | | | |
|---|---|---|---|
| നാരീഭിഃ | സ്ത്രീജനങ്ങളാൽ | ആയോധനഗതം | യുദ്ധഭൂമിയിൽ വീണുകിടന്നിരുന്ന |
| മാല്യദധ്യ- ക്ഷതാങ്കുരൈഃ | പുഷ്പം, തൈർ, അക്ഷതം യവാങ്കുരം എന്നിവ കൊണ്ട് | അനന്തം | അളവററ |
| | | വിത്തം | ധനവും, |
| നിചീയമാനഃ | അഭിവർഷിക്കപ്പെടുന്നവനായും, | വീരഭൂഷണം | വീരഭടന്മാരുടെ മെയ്യണിക്കോപ്പുകളും |
| പ്രീത്യുത്- കലിത- ലോചനൈഃ | സന്തോഷത്താൽ വികസിതനേത്രരായ ജനങ്ങളാൽ | ആഹൃതം തത് | തന്നാൽ കൊണ്ടുവരപ്പെട്ടതു് |
| | | സർവ്വം | മുഴുവനും |
| സസ്നേഹം | സ്നേഹപൂർവ്വം | യദുരാജായ | യാദവനാഥനായ ഉഗ്രസേനന്നു് |
| നിരീക്ഷ്യമാണഃ പ്രഭുഃ | വീക്ഷിക്കപ്പെടുന്നവനുമായ ഭഗവാൻ | പ്രാദിശത് | കാഴ്ചവെച്ചു. |

ഏവം സപ്തദശകൃത്വസ്താവത്യക്ഷൌഹിണീബലഃ
യുയുധേ മാഗധോ രാജാ യദുഭിഃ കൃഷ്ണപാലിതൈഃ 42

| | | | |
|---|---|---|---|
| മാഗധഃ രാജാ | മഗധരാജാവായ ജരാസന്ധൻ | കൃഷ്ണപാലിതൈഃ | ശ്രീകൃഷ്ണനാൽ സുരക്ഷിതന്മാരായിരിക്കുന്ന |
| താവത്യ- ക്ഷൌഹിണീ- ബലഃ | മുന്നേപ്പോലെ അത്രയും അക്ഷൌഹിണി സേനകളോടുകൂടിയവനായിട്ടു വന്നു് | യദുഭിഃ | യാദവന്മാരോടു് |
| | | ഏവം | ഇപ്രകാരം |
| | | സപ്തദശകൃത്വഃ | പതിനേഴുവട്ടം |
| | | യുയുധേ | യുദ്ധം ചെയ്തു. |

അക്ഷിണ്വംസ്തദ്ബലം സർവ്വം വൃഷ്ണയഃ കൃഷ്ണതേജസാ
ഹതേഷു സ്വേഷ്വനീകേഷു ത്യക്തോƒയാദരിഭിർന്നൃപഃ. 43

| | | | |
|---|---|---|---|
| കൃഷ്ണതേജസാ | ശ്രീകൃഷ്ണഭഗവാൻെറ തേജോവൈഭവത്തോടു ചേർന്നവരായ | സർവ്വം | മുഴുവനും |
| | | അക്ഷിണ്വൻ | ക്ഷയിപ്പിച്ചു. |
| | | സ്വേഷു | തൻെറ |
| വൃഷ്ണയഃ | യാദവന്മാർ | അനീകേഷു | സൈന്യങ്ങളെല്ലാം |
| തദ്ബലം | അവൻെറ സൈന്യശക്തിയെ | ഹതേഷു | കൊല്ലപ്പെട്ടൊടുങ്ങിയപ്പോഴും |

| | | | |
|---|---|---|---|
| അരിഭിഃ | ശത്രുക്കളാൽ | നൃപഃ | രാജാവ് ജരാസന്ധൻ |
| ത്യക്തഃ | വിട്ടയക്കപ്പെട്ട | അയാത് | തിരിച്ചുപോയി. |

നോട്ട് :— ജരാസന്ധൻ ഒന്നുപോലെ പതിനേഴുവട്ടം രാമകൃഷ്ണന്മാരോടേററു തോററുമടങ്ങി അവന്റെ ഓരോ വരവിലും ഇരുപത്തിമൂന്ന് അക്ഷൌഹിണി സേനകളും ഉണ്ടായിരുന്നു. രാമകൃഷ്ണന്മാർ ജരാസന്ധന്റെ സേനകളെ പാടെ നശിപ്പിച്ചുകളകയും, അവനെമാത്രം ജീവനോടെ വിട്ടയക്കുകയുമാണു ചെയ്തിരുന്നത്. ഒരക്ഷൌഹിണിയുടെ കണക്കിങ്ങനെയാണ് = ആന—19170, തേർ—19170, കുതിര—57510, കാലാൾ—109350.)

അഷ്ടാദശമസംഗ്രാമ ആഗാമിനി തദന്തരാ
നാരദപ്രേഷിതോ വീരോ യവനഃ പ്രത്യദൃശ്യത. 44

| | | | |
|---|---|---|---|
| അഷ്ടാദശമ-സംഗ്രാമേ | പതിനെട്ടാമത്തെ യുദ്ധം | യവനഃ | കാലയവനൻ എന്ന |
| ആഗാമിനി | വന്നടുത്തപ്പോൾ | വീരഃ | ഒരു വീരൻ |
| തദന്തരാ | അതിന്നിടയ്ക്കായി | | |
| നാരദ-പ്രേഷിതഃ | നാരദമഹർഷിയാൽ പറഞ്ഞയക്കപ്പെട്ട | പ്രത്യദൃശ്യത | എത്തിയതായി പെട്ടെന്നു കാണപ്പെട്ടു. |

രുരോധ മഥുരാമേത്യ തിസൃഭിർമ്ലേച്ഛകോടിഭിഃ
നൃലോകേ ചാപ്രതിദ്വന്ദ്വോ വൃഷ്ണീൻ ശ്രുത്വാऽऽത്മസമ്മിതാൻ. 45

| | | | |
|---|---|---|---|
| നൃലോകേ | മർത്ത്യലോകത്തിൽ | ശ്രുത്വാ | കേട്ടറിഞ്ഞ് |
| അപ്രതിദ്വന്ദ്വഃ | എതിരാളിയില്ലാതെയിരുന്ന ആ യവനൻ | തിസൃഭിഃ മ്ലേച്ഛകോടിഭിഃ | മൂന്നു കോടി മ്ലേച്ഛസൈന്യങ്ങളോടുകൂടി |
| വൃഷ്ണീൻ ച | യാദവന്മാരെ മാത്രം | മഥുരാം | മഥുരയിലേക്ക് |
| ആത്മ-സമ്മിതാൻ | തനിക്കൊത്തവരായിട്ട് | ഏത്യ | വന്നു (ആ നഗരത്തെ) |
| | | രുരോധ | നിരോധിച്ചു. |

നോട്ട് :—യവനദേശ(പേർസ്യ)ത്തിലെ രാജാവായ ഈ കാലയവനൻ ശിവന്റെ വരത്താൽ യാദവന്മാർക്ക് അജയ്യനാണ്. വിഷ്ണുപുരാണത്തിൽ ഇങ്ങനെ പറയുന്നു— ഒരിക്കൽ യാദവന്മാർ ഗാർഗ്ഗ്യമഹർഷിയെ പരിഹസിക്കുന്നതിൽ പങ്കുചേർന്നു. തന്നിമിത്തം കുപിതനായ മഹർഷി യാദവന്മാരോടു പ്രതികാരം ചെയ്യുവാൻ കഴിവുള്ള ഒരു പുത്രൻ തനിക്കുണ്ടാകുവാനുള്ള വരം ശിവനെ തപസ്സുചെയ്തു വാങ്ങി. അതിൽപ്പിന്നെ നിസ്സന്താനനായ യവനരാജാവിന്റെ അപേക്ഷപ്രകാരം അയാളുടെ പത്നിയിൽ പുത്രോൽപാദനം ചെയ്തു. അങ്ങനെ ഗാർഗ്ഗ്യപുത്രനും യാദവഭീഷണനുമായ ഈ കാലയവനൻ തനിക്കൊത്ത ബലമുള്ളവർ ഭൂമിയിൽ ആരുണ്ടെന്നു നാരദനോടു ചോദിച്ചു മഹർഷി യാദവന്മാരുണ്ടെന്നു പറഞ്ഞു. അവൻ മഥുരയിലേക്കു പടയെടുത്തുവന്നതു് ഇതുകൊണ്ടാണ്.

തം ദൃഷ്ട്വാऽചിന്തയത് കൃഷ്ണഃ സങ്കർഷണസഹായവാൻ
അഹോ യദൂനാം വൃജിനം പ്രാപ്തം ഹ്യുഭയതോ മഹത്. 46

| | | | |
|---|---|---|---|
| തം | ആ കാലയവനനെ | യദൂനാം | യദുവംശക്കാൎക്ക് |
| ദൃഷ്ട്വാ | കണ്ടപ്പോൾ | ഉഭയതഃ | ഇരുഭാഗത്തുനിന്നും |
| സങ്കൎഷണ- | ബലരാമസഹിതനായ | | (മഗധരാജാവിൽനിന്നും, |
| സഹായവാൻ | | | യവനരാജാവിൽനിന്നും) |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | മഹത് | മഹത്തായ |
| അചിന്തയത് | ഇങ്ങനെ ചിന്തിച്ചു | വൃജിനം | ആപത്ത് |
| അഹോ | "അത്ഭുതംതന്നെ! | പ്രാപ്തം ഹി | എത്തിച്ചേൎന്നുവല്ലോ. |

യവനോഽയം നിരുന്ധേഽസ്മാനദ്യ താവന്മഹാബലഃ
മാഗധോഽപ്യദ്യ വാ ശ്വോ വാ പരശ്വോ വാഽഽഗമിഷ്യതി. 47

| | | | |
|---|---|---|---|
| മഹാബലഃ | "അതിബലവാനായ | അദ്യ വാ | ഇന്നോ, |
| അയം യവനഃ | ഈ യവനൻ | ശ്വഃ വാ | നാളെയോ, |
| അദ്യ താവത് | ഇന്നിതാ | പരശ്വഃ വാ | മററന്നാളോ |
| അസ്മാൻ | നമ്മെ | മാഗധഃ അപി | ജരാസന്ധനും |
| നിരുന്ധേ | നിരോധിച്ചിരിക്കുന്നു. | ആഗമിഷ്യതി | വന്നുചേരും. |

ആവയോൎയ്യുധ്യതോരസ്യ യദ്യാഗന്താ ജരാസുതഃ
ബന്ധൂൻ വധിഷ്യത്യഥവാ നേഷ്യതേ സ്വപുരം ബലീ. 48

| | | | |
|---|---|---|---|
| അസ്യ | "ഇവന്റെകൂടെ | യദി ആഗന്താ | എത്തിച്ചേൎന്നാൽ |
| ആവയോഃ | നാമിരുവരും | ബന്ധൂൻ | നമ്മുടെ ബന്ധുക്കളെ |
| യുധ്യതോഃ | യുദ്ധംചെയ്തുകൊണ്ടിരി | വധിഷ്യതി | അവൻ വധിക്കും; |
| | ക്കുമ്പോൾ | അഥവാ | അല്ലാത്തപക്ഷം |
| ബലീ | ബലവാനായ | സ്വപുരം | സ്വനഗരത്തിലേക്ക് |
| ജരാസുതഃ | ജരാസന്ധൻ | നേഷ്യതേ | കൊണ്ടുപോകും. |

തസ്മാദദ്യ വിധാസ്യാമോ ദുൎഗ്ഗം ദ്വിപദദുൎഗ്ഗമം
തത്ര ജ്ഞാതീൻ സമാധായ യവനം ഘാതയാമഹേ. 49

| | | | |
|---|---|---|---|
| തസ്മാത് | "അതുകൊണ്ട് | തത്ര | അവിടെ |
| ദ്വിപദദുൎഗ്ഗമം | മനുഷ്യൎക്കു ചെല്ലുവാനാവാ | ജ്ഞാതീൻ | സ്വജനങ്ങളെ |
| ദുൎഗ്ഗം | ത്ത ഒരു രക്ഷാസങ്കേതം | സമാധായ | പാൎപ്പിച്ചശേഷം |
| അദ്യ | ഇന്നുതന്നെ | യവനം | യവനനെ |
| വിധാസ്യാമഃ | നിൎമ്മിക്കണം. | ഘാതയാമഹേ | കൊല്ലിച്ചേക്കാം" |

ഇതി സമ്മന്ത്ര്യ ഭഗവാൻ ദുൎഗ്ഗം ദ്വാദശയോജനം
അന്തഃസമുദ്രേ നഗരം കൃത്സ്നാദ്ഭുതമചീകരത്. 50

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ദ്വാദശയോജനം | പന്ത്രണ്ടുയോജനയോളം |
| ഇതി | ഇപ്രകാരം | | വിസ്താരമുള്ള |
| സമ്മന്ത്ര്യ | ആലോചിച്ചുറച്ചശേഷം | കൃത്സ്നാദ്ഭുതം | സൎവ്വാശ്ചൎയ്യമയമായ |
| അന്തഃസമുദ്രേ | സമുദ്രമദ്ധ്യത്തിൽ ഒരു കോ | നഗരം | നഗരത്തേയും |
| ദുൎഗ്ഗം | ട്ടയേയും, (അതിന്നുള്ളിൽ) | അചീകരത് | നിൎമ്മിപ്പിച്ചു. |

ദൃശ്യതേ യത്ര ഹി ത്വാഷ്ട്രം വിജ്ഞാനം ശില്പനൈപുണം
രഥ്യാചത്വരവീഥീഭിര്യഥാവാസ്തു വിനിർമ്മിതം. 51

| | |
|---|---|
| യത്ര ഹി | യാതൊരു നഗരത്തിൽ |
| ത്വാഷ്ട്രം | വിശ്വകർമ്മാവിനെ സംബന്ധിച്ചുള്ള |
| വിജ്ഞാനം | ശില്പശാസ്ത്രവിജ്ഞാനവും |
| ശില്പനൈപുണം | ശില്പകലയുടെ പ്രയോഗകൌശലവും |
| ദൃശ്യതേ | കാണപ്പെടുന്നുവോ, അതു് |
| രഥ്യാചത്വര-വീഥീഭിഃ | രാജമാർഗ്ഗങ്ങൾ, അങ്കണങ്ങൾ, ഇടവഴികൾ എന്നിവയോടുകൂടി |
| യഥാവാസ്തു | ഗൃഹാദികളുടെ നിർമ്മാണസ്ഥാനത്തിനു് പിഴവുവരാതെ |
| വിനിർമ്മിതം | വിശേഷരീതിയിൽ നിർമ്മിക്കപ്പെട്ടതായിരുന്നു. |

സുരദ്രുമലതോദ്യാനവിചിത്രോപവനാന്വിതം
ഹേമശൃംഗൈർദ്ദിവിസ്പൃഗ്ഭിഃ സ്ഫാടികാട്ടാലഗോപുരൈഃ. 52
രാജതാരകുടൈഃ കോഷ്ഠൈർഹേമകുംഭൈരലംകൃതൈഃ
രത്നകൂടൈർഗൃഹൈർഹൈമൈർമ്മഹാമരകതസ്ഥലൈഃ. 53
വാസ്തോഷ്പതീനാം ച ഗൃഹൈർവ്വല്ലഭീഭിശ്ച നിർമ്മിതം
ചാതുർവ്വർണ്ണ്യജനാകീർണ്ണം യദുദേവഗൃഹോല്ലസത്. 54

| | |
|---|---|
| സുരദ്രുമ-ലതോദ്യാന-വിചിത്രോ-പവനാന്വിതം | ദിവ്യവൃക്ഷങ്ങളും, ദിവ്യലതകളും ഉള്ളതായ പൂന്തോട്ടങ്ങളോടും, ഭംഗിയേറിയ ഉമ്മറപ്പൂങ്കാവുകളോടും കൂടിയതായി— |
| ഹേമശൃംഗൈഃ | സുവർണ്ണസ്തൂപികകളോടുകൂടിയവയും, |
| ദിവിസ്പൃഗ്ഭിഃ | ആകാശംതൊട്ടുനില്ക്കുന്നവയും |
| സ്ഫാടികാട്ടാല-ഗോപുരൈഃ | സ്ഫടികമയമായ മേൽത്തട്ടുകളോടുകൂടിയവയുമായ ഗോപുരങ്ങളോടുകൂടിയതായി— |
| രാജതാരകുടൈഃ | വെള്ളികൊണ്ടും, പിച്ചളകൊണ്ടും ഉണ്ടാക്കിയവയും, |
| ഹേമകുംഭൈഃ | പൊൻതാഴികക്കുടങ്ങളാൽ |
| അലംകൃതൈഃ | അലങ്കരിക്കപ്പെട്ടവയും ആയ |
| കോഷ്ഠൈഃ | കൊട്ടിലുകളോടുകൂടിയതായി— |
| രത്നകൂടൈഃ | രത്നശിഖരങ്ങളുള്ളവയും, |
| ഹൈമൈഃ | പൊൻമയങ്ങളും, |
| മഹാമരകത-സ്ഥലൈഃ | മേത്തരം മരകതക്കല്ലുകൾ പതിച്ച നിലത്തോടുകൂടിയവയുമായ |
| ഗൃഹൈഃ | ഭവനങ്ങളോടുകൂടിയതായി— |
| വാസ്തോഷ്പതീനാം | ദേവന്മാരുടെ |
| ഗൃഹൈഃ | ആലയങ്ങളോടും |
| വലഭീഭിഃ ച | ചന്ദ്രശാലാദികളോടും കൂടിയതായി |
| നിർമ്മിതം | നിർമ്മിതമായുള്ള ആ നഗരം |
| ചാതുർവ്വർണ്ണ്യ-ജനാകീർണ്ണം | ബ്രാഹ്മണാദി നാലുവർണ്ണങ്ങളിലുമുള്ള ജനങ്ങൾ നിറഞ്ഞതും, |
| യദുദേവ-ഗൃഹോല്ലസത് | യാദവപ്രമുഖന്മാരായ ഉഗ്രസേനാദികളുടെ വാസഗൃഹങ്ങളാൽ ഉല്ലസിക്കുന്നതും ആയി ഭവിച്ചു. |

സുധർമ്മാം പാരിജാതം ച മഹേന്ദ്രഃ പ്രാഹിണോദ്ധരേഃ
യത്ര ചാവസ്ഥിതോ മർത്ത്യോ മർത്ത്യധർമ്മൈർന്ന യുജ്യതേ 55

| | | | |
|---|---|---|---|
| യത്ര | യാതൊരിടത്ത് | സുധർമ്മാം | ആ സുധർമ്മയേയും, |
| അവസ്ഥിതഃ | സ്ഥിതിചെയ്യുന്ന | പാരിജാതം ച | പാരിജാതത്തേയും |
| മർത്ത്യഃ ച | മനുഷ്യൻപോലും | മഹേന്ദ്രഃ | ദേവേന്ദ്രൻ |
| മർത്ത്യധർമ്മൈഃ | മനുഷ്യധർമ്മങ്ങളായ ക്ഷുൽപിപാസാദികളാൽ | ഹരേഃ | ശ്രീകൃഷ്ണന് |
| ന യുജ്യതേ | വിയോജിക്കപ്പെടുന്നുവോ | പ്രാഹിണോത് | കൈവിട്ടുകൊടുത്തു. * |

നോട്ട്:— പാരിജാതത്തെ നരകാസുരവധാനന്തരം ഇന്ദ്രനെ ജയിച്ച് ഭഗവാൻ ദേവലോകത്തുനിന്നു ബലാൽ കൊണ്ടുവരികയാണ് ചെയ്യുന്നത്. ഇതു മേലിൽ നടക്കാൻ പോകുന്ന കഥയാണെങ്കിലും ശുകപരീക്ഷിത്സംവാദത്തിന്നു മുമ്പു നടന്നതാകയാൽ 'പ്രാഹിണോത്' എന്ന ഭൂതകാലപ്രയോഗം ഇവിടെ അപ്രസക്തമാകുന്നില്ല.

ശ്യാമൈകകർണ്ണാൻ വരുണോ ഹയാൻ ശുക്ലാൻ മനോജവാൻ
അഷ്ടൗ നിധിപതിഃ കോശാൻ ലോകപാലോ നിജോദയാൻ. 56

| | | | |
|---|---|---|---|
| ശ്യാമൈക-കർണ്ണാൻ | കറുത്ത ഒററച്ചെവിയോടു കൂടിയവയും, | ലോകപാലഃ നിധിപതിഃ | മറെറാരു ലോകപാലകനായ കുബേരൻ |
| മനോജവാൻ | മനോവേഗമുള്ളവയുംആയ | അഷ്ടൗ കോശാൻ | എട്ടു നിധികളാവുന്ന |
| ശുക്ലാൻ ഹയാൻ | വെളുത്ത കുതിരകളെ | നിജോദയാൻ | സ്വവിഭൂതികളേയും |
| വരുണഃ | വരുണൻ | (പ്രാഹിണോത്) | അയച്ചുകൊടുത്തു. |
| (പ്രാഹിണോത്) | അയച്ചുകൊടുത്തു. | | |

യദ്യദ് ഭഗവതാ ദത്തമാധിപത്യം സ്വസിദ്ധയേ
സർവ്വം പ്രത്യർപ്പയാമാസുർഹരൗ ഭൂമിഗതേ നൃപ. 57

| | | | |
|---|---|---|---|
| നൃപ | രാജാവേ ! | ഭൂമിഗതേ | ഭൂലോകത്തിൽ എഴുന്നരുളിയിരിക്കുന്ന ഈ അവസരത്തിൽ |
| യത് യത് | ഏതേതു | സ്വസിദ്ധയേ | തങ്ങളുടെ ആധിപത്യം നിലനിന്നുകിട്ടുന്നതിന്നായി |
| ആധിപത്യം | ആധിപത്യമാണോ | പ്രത്യർപ്പയാമാസുഃ | മററു ദേവന്മാരും തിരികെ കൊടുത്തു. |
| ഭഗവതാ | ഭഗവാനാൽ | | |
| ദത്തം | കൊടുക്കപ്പെട്ടിരുന്നതു | | |
| സർവ്വം | അതെല്ലാം | | |
| ഹരൗ | ഭഗവാൻ | | |

തത്ര യോഗപ്രഭാവേണ നീത്വാ സർവ്വജനം ഹരിഃ
പ്രജാപാലേന രാമേണ കൃഷ്ണഃ സമനുമന്ത്രിതഃ
നിർജ്ജഗാമ പുരദ്വാരാത് പദ്മമാലീ നിരായുധഃ. 58

| | | | |
|---|---|---|---|
| ഹരിഃ | ക്ലേശാർത്തിഹാരനായ | യോഗ-പ്രഭാവേണ | യോഗമായാവൈഭവം കൊണ്ട് |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | | |

| | |
|---|---|
| സർവ്വജനം | സർവ്വജനത്തേയും |
| തത്ര | അവിടേക്ക് (സമുദ്രമദ്ധ്യത്തിൽ നിർമ്മിതമായ ആ ദ്വാരകാനഗരത്തിലേക്ക്) |
| നീത്വാ | എത്തിച്ചശേഷം |
| പ്രജാപാലേന | പ്രജാപരിപാലനത്തിൽ ഏർപ്പെട്ട |
| രാമേണ | ബലരാമനോടുകൂടി |
| സംമന്ത്രിതഃ | വേണ്ടുംവിധം കാര്യങ്ങളെ* ആലോചിച്ചുറച്ചവനായിട്ട്, |
| പത്മമാലീ | ഒരു താമരമാല ചാർത്തി, |
| നിരായുധഃ | ആയുധമൊന്നും ധരിക്കാതെ |
| പുരദ്വാരാത് | നഗരദ്വാരത്തിൽനിന്ന് |
| നിശ്ചക്രാമ | പുറത്തിറങ്ങി. |

(* ബലരാമൻ പ്രജകളെ രക്ഷിച്ചുകൊണ്ട് ദ്വാരകയിൽ വസിക്കണമെന്നും, യദുവംശ്യരാൽ അവദ്ധ്യനായ കാലയവനനെ മുചുകുന്ദനെക്കൊണ്ട് കൊല്ലിക്കുന്നതിന്ന് ഭഗവാൻ അവനേയും ആകർഷിച്ചുകൊണ്ട് ഒററയ്ക്ക് ഓടിപ്പോകേണമെന്നും മററുമുള്ള കാര്യങ്ങളെ.)

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ (ഉത്തരാർദ്ധേ)
ദുർഗ്ഗനിവേശനം നാമ പഞ്ചാശത്തമോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2071.

## ഏകപഞ്ചാശത്തമോഽദ്ധ്യായഃ—അമ്പത്തൊന്നാമദ്ധ്യായം.

[ഏകപഞ്ചാശത്തമേഽഹൻ മുചുകുന്ദദൃശാ ഹരിഃ
യവനം മുചുകുന്ദേന സ്തുതഃ സന്നനുകമ്പത ]

(യവനവധവും മുചുകുന്ദ സ്തുതിയും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

തം വിലോക്യ വിനിഷ്ക്രാന്തമുജ്ജിഹാനമിവോഡുപം
ദർശനീയതമം ശ്യാമം പീതകൌശേയവാസസം. 1
ശ്രീവത്സവക്ഷസം ഭ്രാജത്കൌസ്തുഭാമുക്തകന്ധരം
പൃഥുദീർഘചതുർബ്ബാഹും നവകഞ്ജാരുണേക്ഷണം 2
നിത്യപ്രമുദിതം ശ്രീമത്സുകപോലം ശുചിസ്മിതം
മുഖാരവിന്ദം ബിഭ്രാണം സ്ഫുരന്മകരകുണ്ഡലം. 3
വാസുദേവോ ഹ്യയമിതി പുമാൻ ശ്രീവത്സലാഞ്ഛനഃ
ചതുർഭുജോഽരവിന്ദാക്ഷോ വനമാല്യതിസുന്ദരഃ. 4
ലക്ഷണൈർന്നാരദപ്രോക്തൈർന്നാന്യോ ഭവിതുമർഹതി
നിരായുധശ്ചലൻ പദ്ഭ്യാം യോത്സ്യേഽനേന നിരായുധഃ. 5
ഇതി നിശ്ചിത്യ യവനഃ പ്രാദ്രവന്തം പരാങ്മുഖം
അന്വധാവജ്ജിഘൃക്ഷുസ്തം ദുരാപമപി യോഗിനാം. 6

| | |
|---|---|
| വിനിഷ്ക്രാന്തം | നഗരത്തിൽനിന്നു ബഹിർഗതനായി,— |
| ഉജ്ജിഹാനം | ഉദിച്ചുയരുന്ന |
| ഉഡുപം ഇവ | ചന്ദ്രനെപ്പോലെ |
| ദർശനീയതമം | അതിസുന്ദരനായി— |
| ശ്യാമം | ശ്യാമളവർണ്ണനായി — |
| പീതകൌശേയ- വാസസം | മഞ്ഞപ്പട്ടുടുത്തിട്ടുള്ള വനായി — |
| ശ്രീവത്സ- വക്ഷസം | ശ്രീവത്സമെന്ന മറു മാർവ്വിടത്തിലുള്ളവനായി — |
| ഭ്രാജത്- കൌസ്തുഭാ- മുക്തകന്ധരം | മിന്നിത്തിളങ്ങുന്ന കൌസ്തുഭരത്നത്താൽ അലംകൃതമായ കണ്ഠത്തോടുകൂടിയവനായി — |
| പൃഥുദീർഘ ചതുർബാഹും | തടിച്ചുനീണ്ട നാലു കൈകളോടുകൂടിയവനായി — |
| നവകഞ്ജാ- രുണേക്ഷണം | പുതുചെന്താമരപ്പൂപോലെ അരുണവർണ്ണം ചേർന്ന നയനങ്ങളോടുകൂടിയവനായി — |
| നിത്യപ്രമുദിതം | സർവ്വദാ വികാസം ചേർന്നതും, |
| ശ്രീമത് | ശ്രീമത്തും, |
| സുകപോലം | അഴകാർന്ന കവിൾത്തടത്തോടും, |
| ശുചിസ്മിതം | നിർമ്മലമായ മന്ദഹാസത്തോടും ചേർന്നിട്ടുള്ള |
| മുഖാരവിന്ദം | മുഖകമലത്തെ |
| ബിഭ്രാണം | പൂണ്ടിരിക്കുന്നവനായി— |
| സ്ഫുരന്മകര- കുണ്ഡലം | തിളങ്ങുന്ന മകരകുണ്ഡലത്തോടുകൂടിയിരിക്കുന്നവനുമായ |

| | |
|---|---|
| തം വിലോക്യ | ആ ശ്രീഭഗവാനെ കണ്ടു്, |
| ശ്രീവത്സ- ലാഞ്ഛനഃ | "ശ്രീവത്സമെന്ന അടയാളമുള്ളവനും, |
| ചതുർഭുജഃ | നാലുകൈയുള്ളവനും, |
| അരവിന്ദാക്ഷഃ | താമരക്കണ്ണനും, |
| വനമാലീ | വനമാലയിട്ടവനും, |
| അതിസുന്ദരഃ | വലിയ സുന്ദരനും ആയ |
| അയം പുമാൻ | ഈ മനുഷ്യൻ |
| ഹി | തന്നെയാണ് |
| നാരദോദിതഃ | നാരദനാൽ പറഞ്ഞുതരപ്പെട്ട |
| ഇതി | ഇത്തരം |
| ലക്ഷണൈഃ | ലക്ഷണങ്ങൾകൊണ്ടു് |
| വാസുദേവഃ | വസുദേവപുത്രനായ കൃഷ്ണൻ; |
| അന്യഃ | മററൊരാൾ |
| ഭവിതും | ആകുവാൻ |
| ന അർഹതി | ഇടയില്ല. |
| നിരായുധഃ | നിരായുധനായി |
| പദ്ഭ്യാം ചലതി | (ഇവൻ) നടന്നുപോകുകയാണല്ലോ; |
| നിരായുധഃ | നിരായുധനായിത്തന്നെ |
| അനേന | ഇവനോടുകൂടി |
| യോത്സ്യേ | യുദ്ധംചെയ്യേക്കാം" |
| ഇതി | എന്നിങ്ങനെ |
| നിശ്ചിത്യ | നിശ്ചയിച്ചു് |
| യവനഃ | യവനൻ |
| പരാങ്മുഖം | യുദ്ധവിമുഖനായി |
| പ്രാദ്രവന്തം | ഓടിപ്പോകുന്നവനും, |
| യോഗിനാം അപി | യോഗികൾക്കുകൂടി |
| ദുരാപം | കൈയിൽ കിട്ടാത്തവനുമായ |
| തം | ആ മായാമയനെ |
| ജിഘൃക്ഷുഃ | കടന്നുപിടിക്കുവാൻ |
| അന്വധാവത് | പിന്നാലെ ഓട്ടം തുടങ്ങി. |

ഹസ്തപ്രാപ്തമിവാത്മാനം ഹരിണാ സ പദേ പദേ
നീതോ ദർശയതാ ദൂരം യവനേശോऽദ്രികന്ദരം. 7

| | |
|---|---|
| പദേ പദേ | ഓരോ അടിവെപ്പിലും |
| ആത്മാനം | തന്നെ |
| ഹസ്തപ്രാപ്തം | കൈയിൽ കിട്ടിയതു |

| | |
|---|---|
| ഇവ | പോലെ |
| ദർശയതാ | തോന്നിച്ചുകൊണ്ടിരിക്കുന്ന |
| ഹരിണാ | ശ്രീഹരിയാൽ |

| | | | |
|---|---|---|---|
| സഃ യവനേശഃ | ആ യവനരാജാവ് | അദ്രികന്ദരം | ഒരു പർവ്വതഗുഹയിലേക്ക |
| ദൂരം | അകലെയുള്ള | നീതഃ | നയിക്കപ്പെട്ടു. |

പലായനം യദുകുലേ ജാതസ്യ തവ നോചിതം
ഇതി ക്ഷിപന്നനുഗതോ നൈനം പ്രാപാഹതാശുഭഃ. 8

| | | | |
|---|---|---|---|
| യദുകുലേ | "യദുരാജാവിന്റെ വംശത്തിൽ | ക്ഷിപൻ | ആക്ഷേപിച്ചുകൊണ്ട് |
| ജാതസ്യ | പിറന്ന | അനുഗതഃ | പിൻതുടൎന്നെത്തിയെങ്കിലും |
| തവ | നിനക്ക് | അഹതാശുഭഃ | ദുരിതം തീൎന്നിട്ടില്ലാത്ത അവൻ |
| പലായനം | ശത്രുവിനെ ഭയന്നുകൊണ്ടുള്ള ഓട്ടം | ഏനം | എത്രയും സമീപവൎത്തിയായ ഭഗവാനെ |
| ന ഉചിതം | ഉചിതമല്ല." | | |
| ഇതി | എന്നീവിധം | ന പ്രാപ | തൊടുവാൻ ശക്തനായില്ല. |

ഏവം ക്ഷിപ്തോഽപി ഭഗവാൻ പ്രാവിശദ് ഗിരികന്ദരം
സോഽപി പ്രവിഷ്ടസ്തത്രാന്യം ശയാനം ദദൃശേ നരം. 9

| | | | |
|---|---|---|---|
| ഏവം | മുൻചൊന്നവിധം | സഃ അപി | അവനും |
| ക്ഷിപ്തഃ അപി | അവനാൽ അധിക്ഷിപ്തനെങ്കിലുംകൂടി | തത്ര | അതിൽ |
| | | പ്രവിഷ്ടഃ | കടന്നിട്ട്, |
| ഭഗവാൻ | ഭഗവാൻ | ശയാനം | അവിടെ കിടന്നിരുന്ന |
| ഗിരികന്ദരം | പൎവ്വതഗുഹയിലേക്ക് | അന്യം നരം | മറെറാരു മനുഷ്യനെ |
| പ്രാവിശത് | പ്രവേശിച്ചു. | ദദൃശേ | കാണുകയുണ്ടായി. |

നന്വസൌ ദൂരമാനീയ ശേതേ മാമിഹ സാധുവത്
ഇതി മത്വാഽച്യുതം മൂഢസ്തം പദാ സമതാഡയത്. 10

| | | | |
|---|---|---|---|
| അസൌ മാം | "ഇവൻ എന്നെ | ഇതി | എന്നു് പറഞ്ഞു് |
| ദൂരം | അകലേക്ക് | തം | ആ കിടക്കുന്ന മനുഷ്യനെ |
| ആനീയ | കൊണ്ടുവന്നു് | അച്യുതം | ശ്രീകൃഷ്ണനെന്നു |
| ഇഹ | ഇവിടെ | മത്വാ | ധരിച്ച് |
| സാധുവത് | ഒരു മഹാശുദ്ധനെപ്പോലെ | മൂഢഃ | ആ മൂഢൻ |
| | | പദാ | കാലുകൊണ്ടു് |
| നനു ശേതേ | കിടക്കുന്നതുനോക്കുക !" | സമതാഡയത് | ആഞ്ഞടിച്ചു. |

സ ഉത്ഥായ ചിരം സുപ്തഃ ശനൈരുന്മീല്യ ലോചനേ
ദിശോ വിലോകയൻ പാൎശ്വേ തമദ്രാക്ഷീദവസ്ഥിതം. 11

| | | | |
|---|---|---|---|
| ചിരം | കുറെക്കാലമായി | ദിശഃ | എല്ലാ ദിക്കുകളിലേക്കും |
| സുപ്തഃ | ഉറങ്ങിക്കിടന്നിരുന്ന | വിലോകയൻ | നോക്കിയപ്പോഴും |
| സഃ ശനൈഃ | ആ മനുഷ്യൻ പതുക്കെ | പാൎശ്വേ | തന്റെ അരികത്തായി |
| ഉത്ഥായ | എഴുന്നേററു് | അവസ്ഥിതം | നിന്നിരുന്ന |
| ലോചനേ ഉന്മീല്യ | കണ്ണു രണ്ടും മിഴിച്ചു് | തം അദ്രാക്ഷീത് | ആ കാലയവനനെകണ്ടു. |

സ താവത്തസ്യ രുഷ്ടസ്യ ദൃഷ്ടിപാതേന ഭാരത
ദേഹജേനാഗ്നിനാ ദഗ്ദ്ധോ ഭസ്മസാദഭവത് ക്ഷണാത്. 12

| | | | |
|---|---|---|---|
| ഭാരത | അല്ലയോ പരീക്ഷിത്തേ! | ദേഹജേന | അദ്ദേഹത്തിൽനിന്നുണ്ടായ |
| സഃ താവത് | അവനാകട്ടെ | അഗ്നിനാ | അഗ്നിയാൽ |
| രുഷ്ടസ്യ | കുപിതനായ | ദഗ്ദ്ധഃ | വെന്തെരിഞ്ഞ് |
| തസ്യ | ആ മനുഷ്യന്റെ | ക്ഷണാത് ഭസ്മസാത് അഭവത് | ഉടനടി ചാമ്പലായി. |
| ദൃഷ്ടിപാതേന | നോട്ടംകൊണ്ട് | | |

രാജോവാച=പരീക്ഷിത്ത് രാജാവ് പറഞ്ഞു :—

കോ നാമ സ പുമാൻ ബ്രഹ്മൻ കസ്യ കിംവീര്യ ഏവ ച
കസ്മാദ്ഗുഹാം ഗതഃ ശിശ്യേ കിം തേജോ യവനാർദ്ദനഃ. 13

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ! | കിംവീര്യഃ | ആരുടെ പുത്രനാണ് ? |
| യവനാർദ്ദനഃ | യവനനെ സംഹരിച്ച | ഏവ ച | മാത്രമല്ല, |
| സഃ പുമാൻ | ആ മനുഷ്യൻ | കിം തേജഃ | ഏതുവിധം പ്രഭാവമാണ് അദ്ദേഹത്തിനുള്ളത് ? |
| കഃ | ആരായിരുന്നു ? | | |
| നാമ | പേരെന്ത് ? | കസ്മാത് | എന്തു കാരണത്താൽ |
| കസ്യ | ആരുടെ വംശത്തിൽ ജനിച്ചവനാണ് ? | ഗുഹാം ഗതഃ | ഗുഹയിലേക്ക് പോയിട്ട് |
| | | ശിശ്യേ | ഉറങ്ങിക്കിടന്നിരുന്നു ? |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

സ ഇക്ഷ്വാകുകുലേ ജാതോ മാന്ധാതൃതനയോ മഹാൻ
മുചുകുന്ദ ഇതി ഖ്യാതോ ബ്രഹ്മണ്യഃ സത്യസംഗരഃ. 14

| | | | |
|---|---|---|---|
| സഃ | ആയാൾ | മുചുകുന്ദഃ | മുചുകുന്ദൻ |
| ഇക്ഷ്വാകുകുലേ | ഇക്ഷ്വാകുമഹാരാജാവിന്റെ വംശത്തിൽ | ഇതി ഖ്യാതഃ | എന്നു പ്രസിദ്ധനും, |
| ജാതഃ | ജനിച്ചവനും, | ബ്രഹ്മണ്യഃ | ബ്രാഹ്മണഭക്തനും, |
| മാന്ധാതൃതനയഃ | മാന്ധാതാവിന്റെ പുത്രനും, | സത്യസംഗരഃ | ധർമ്മാനുസൃതമായി യുദ്ധം നടത്തുന്നവനും ആയ ഒരാളായിരുന്നു. |
| മഹാൻ | ഗുണമഹിമയുള്ളവനും, | | |

സ യാചിതഃ സുരഗണൈരിന്ദ്രാദ്യൈരാത്മരക്ഷണേ
അസുരേഭ്യഃ പരിത്രസ്തൈസ്തദ്രക്ഷാം സോഽകരോച്ചിരം. 15

| | | | |
|---|---|---|---|
| സഃ | ആ മുചുകുന്ദൻ | ആത്മരക്ഷണേ | ആത്മരക്ഷാർത്ഥം |
| അസുരേഭ്യഃ | അസുരന്മാരിൽനിന്ന് | യാചിതഃ | അഭ്യർത്ഥിതനായി. |
| പരിത്രസ്തൈഃ | ഭയത്രസ്തരായി ഭവിച്ച | സഃ ചിരം | അദ്ദേഹം കുറെക്കാലം |
| ഇന്ദ്രാദ്യൈഃ | ഇന്ദ്രാദികളായ | തദ്രക്ഷാം | അവരുടെ സംരക്ഷയെ |
| സുരഗണൈഃ | ദേവഗണങ്ങളാൽ | അകരോത് | ചെയ്തുകൊണ്ടിരുന്നു. |

ലബ്ധ്വാ ഗുഹം തേ സ്വഃപാലം മുചുകുന്ദമഥാബ്രുവൻ
രാജൻ വിരമതാം കൃച്ഛ്രാദ്ഭവാൻ നഃ പരിപാലനാത്. 16

| | | | |
|---|---|---|---|
| അഥ | പിന്നീട് | അബ്രുവൻ | പറഞ്ഞു. |
| തേ | അവർ (ദേവന്മാർ) | രാജൻ | " രാജാവേ! |
| ഗുഹം | സ്കന്ദനെ | നഃ | ഞങ്ങളുടെ |
| സ്വഃപാലം | ദേവലോകത്തിന്റെ സംരക്ഷിതാവായി | പരിപാലനാത് | പരിപാലനമാവുന്ന |
| | | കൃച്ഛ്രാത് | കഷ്ടപ്പാടിൽനിന്ന് |
| ലബ്ധ്വാ | ലഭിച്ചശേഷം | ഭവാൻ | താങ്കൾ |
| മുചുകുന്ദം | മുചുകുന്ദനോട് | വിരമതാം | വിരമിച്ചുകൊണ്ടാലും. |

നരലോകേ പരിത്യജ്യ രാജ്യം നിഹതകണ്ടകം
അസ്മാൻ പാലയതോ വീര കാമാസ്തേ സർവ്വ ഉജ്ഝിതാഃ. 17

| | | | |
|---|---|---|---|
| വീര | " അല്ലയോ വീര! | അസ്മാൻ | ഞങ്ങളെ |
| നിഹതകണ്ടകം | ശത്രുരഹിതമായ | പാലയതഃ | കാത്തുകൊണ്ടിരുന്ന |
| രാജ്യം | സ്വന്തം രാജ്യത്തെ | തേ | അങ്ങേയ്ക്കു് |
| നരലോകേ | ഭൂമിയിൽ | സർവ്വേ കാമാഃ | എല്ലാ ആഗ്രഹങ്ങളും |
| പരിത്യജ്യ | പരിത്യജിച്ച്, | ഉജ്ഝിതാഃ | നഷ്ടപ്പെട്ടുപോയി. |

സുതാ മഹിഷ്യോ ഭവതോ ജ്ഞാതയോഽമാത്യമന്ത്രിണഃ
പ്രജാശ്ച തുല്യകാലീയാ നാധുനാ സന്തി കാലിതാഃ. 18

| | | | |
|---|---|---|---|
| ഭവതഃ | " അങ്ങയുടെ | പ്രജാഃ ച | പ്രജകളും |
| സുതാഃ മഹിഷ്യഃ | മക്കളും, പത്നിമാരും, | കാലിതാഃ | കാലധർമ്മം പ്രാപിച്ചു കഴിഞ്ഞു; |
| ജ്ഞാതയഃ | ബന്ധുക്കളും, | | |
| അമാത്യമന്ത്രിണഃ | അമാത്യരും, മന്ത്രികളും | അധുനാ | ഇപ്പോൾ |
| തുല്യകാലീയാഃ | സമാനകാലികരായ | ന സന്തി | അവരാരും ഇല്ല. |

കാലോ ബലീയാൻ ബലിനാം ഭഗവാനീശ്വരോഽവ്യയഃ
പ്രജാഃ കാലയതേ ക്രീഡൻ പശുപാലോ യഥാ പശൂൻ. 19

| | | | |
|---|---|---|---|
| ബലിനാം | ബലവാന്മാരിൽവെച്ച് | പശുപാലഃ | ഇടയൻ |
| ബലീയാൻ | അതിബലവാനും, | പശൂൻ | പശുക്കളെ |
| ഈശ്വരഃ | സർവ്വനിയന്താവും, | യഥാ | എന്നപോലെ |
| അവ്യയഃ | വിനാശരഹിതനും, | ക്രീഡൻ | കളിച്ചുംകൊണ്ടുതന്നെ |
| കാലഃ | കാലസ്വരൂപനുമായ | പ്രജാഃ | പ്രജകളെ |
| ഭഗവാൻ | ഭഗവാൻ | കാലയതേ | തെളിച്ചുകൊണ്ടുപോകുന്നു. |

വരം വൃണീഷ്വ ഭദ്രം തേ ഋതേ കൈവല്യമദ്യ നഃ
ഏക ഏവേശ്വരസ്തസ്യ ഭഗവാൻ വിഷ്ണുരവ്യയഃ. 20

| | | | |
|---|---|---|---|
| തേ ഭദ്രം | "അങ്ങേക്കു നന്മവരട്ടെ. | തസ്യ | അതിന്ന് (മോക്ഷപ്രദാനത്തിന്ന്) |
| അദ്യ നഃ | ഇപ്പോൾ ഞങ്ങളോട് | ഈശ്വരഃ | കഴിവുള്ള ദേവൻ |
| കൈവല്യം | മോക്ഷത്തെ | ഭഗവാൻ | ഷഡ്ഗുണപൂർണ്ണനും, |
| ഋതേ | ഒഴിച്ച് | അവ്യയഃ | വിനാശരഹിതനും ആയ |
| വരം | മറെറാരു വരത്തേയും | വിഷ്ണുഃ | ശ്രീമഹാവിഷ്ണു |
| വൃണീഷ്വ | വരിച്ചുകൊൾക. | ഏകഃ ഏവ | ഒരാൾമാത്രമാണ്." |

ഏവമുക്തഃ സ വൈ ദേവാനഭിവന്ദ്യ മഹായശാഃ
അശയിഷ്ട ഗുഹാവിഷ്ടോ നിദ്രയാ ദേവദത്തയാ. 21

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | അഭിവന്ദ്യ | തൊഴുതു്, |
| ഉക്തഃ വൈ | (ദേവന്മാരാൽ) പറഞ്ഞു ധരിക്കപ്പെട്ട | ദേവദത്തയാ | ദേവന്മാരാൽ നല്കപ്പെട്ട |
| സഃ മഹായശാഃ | ആ മഹായശസ്വി | നിദ്രയാ | ഉറക്കത്തോടുകൂടി |
| ദേവാൻ | ദേവന്മാരെ | ഗുഹാവിഷ്ടഃ | ഗുഹയിലേക്കു പ്രവേശിച്ച് |
| | | അശയിഷ്ട | അവിടെ കിടന്നു. |

നോട്ട് :— ബഹുകാലം ഉറക്കമില്ലാതെ ദേവലോകസംരക്ഷണത്തിൽത്തന്നെ ജാഗരൂകനായി വർത്തിച്ചിരുന്ന മുചുകുന്ദമഹാരാജാവു് നിർബ്ബാധമായ ഉറക്കം ഒന്നുമാത്രമാണ് ദേവന്മാരോടു വരിച്ചതു്. ദേവന്മാർ നിദ്രാവരം നല്കിക്കൊണ്ടു് രാജാവിനോടു് താഴെ പറയുംപ്രകാരം പറഞ്ഞു.

സ്വാപം യാതം യസ്തു മധ്യേ ബോധയേത്ത്വാമചേതനഃ
സ ത്വയാ ദൃഷ്ടമാത്രസ്തു ഭസ്മീഭവതു തത്ക്ഷണാത്. 22

| | | | |
|---|---|---|---|
| അചേതനഃ | "ബുദ്ധിയില്ലാത്ത | ബോധയേത് | ഉണർത്തുകയാണെങ്കിൽ |
| യഃ തു | ഏതെങ്കിലും ഒരാൾ | സഃ ത്വയാ | അവൻ അങ്ങയാൽ |
| സ്വാപം യാതം | നിദ്രയെ പ്രാപിച്ച | ദൃഷ്ടമാത്രഃ തു | ഒന്നു നോക്കപ്പെട്ടതും |
| ത്വാം | അങ്ങയെ | തത്ക്ഷണാത് | ഉടനടി |
| മധ്യേ | ഇടയ്ക്കുവെച്ച് | ഭസ്മീഭവതു | ഭസ്മമായി ഭവിക്കും." |

യവനേ ഭസ്മസാന്നീതേ ഭഗവാൻ സാത്വതർഷഭഃ
ആത്മാനം ദർശയാമാസ മുചുകുന്ദായ ധീമതേ. 23

| | | | |
|---|---|---|---|
| യവനേ | കാലയവനൻ | ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| ഭസ്മസാത് നീതേ | ഈവിധം മുചുകുന്ദനാൽ ഭസ്മീകരിക്കപ്പെട്ടുകഴിഞ്ഞപ്പോൾ | ധീമതേ | വിവേകിയായ |
| | | മുചുകുന്ദായ | മുചുകുന്ദന്ന് |
| | | ആത്മാനം | തന്നെ |
| സാത്വതർഷഭഃ | ഭക്തപരിപാലകനായ | ദർശയാമാസ | കാട്ടിക്കൊടുത്തു. |

തമാലോക്യ ഘനശ്യാമം പീതകൗശേയവാസസം
ശ്രീവത്സവക്ഷസം ഭ്രാജത്കൗസ്തുഭേന വിരാജിതം. 24

ചതുർഭുജം രോചമാനം വൈജയന്ത്യാ ച മാലയാ
ചാരുപ്രസന്നവദനം സ്ഫുരന്മകരകുണ്ഡലം. 25

പ്രേക്ഷണീയം നൃലോകസ്യ സാനുരാഗസ്മിതേക്ഷണം
അപീച്യവയസം മത്തമൃഗേന്ദ്രോദാരവിക്രമം. 26

പര്യപൃച്ഛന്മഹാബുദ്ധിസ്തേജസാ തസ്യ ധർഷിതഃ
ശങ്കിതഃ ശനകൈ രാജാ ദുർദ്ധർഷമിവ തേജസാ. 27

| | |
|---|---|
| ഘനശ്യാമം | മേഘശ്യാമളനായി, |
| പീതകൗശേയവാസസം | പീതാംബരധാരിയായി, |
| ശ്രീവത്സവക്ഷസം | ശ്രീവത്സാങ്കിതവക്ഷസ്സായി, |
| ഭ്രാജത്കൗസ്തുഭേന | മിന്നിത്തിളങ്ങുന്ന കൗസ്തുഭമണിയാൽ |
| വിരാജിതം | ശോഭിതനായി, |
| ചതുർഭുജം | നാലു തൃക്കരങ്ങളോടുകൂടിയവനായി, |
| വൈജയന്ത്യാ | വൈജയന്തിയെന്ന |
| മാലയാ ച | പൂമാലകൊണ്ടും മററും |
| രോചമാനം | വിരാജിക്കുന്നവനായി, |
| ചാരുപ്രസന്നവദനം | സുന്ദരമായ സുപ്രസന്നമുഖത്തോടുകൂടിയവനായി, |
| സ്ഫുരന്മകരകുണ്ഡലം | ഉജ്ജ്വലിക്കുന്ന മകരകുണ്ഡലങ്ങളോടുകൂടിയവനായി, |
| നൃലോകസ്യ | മാനവസമൂഹത്തിന്ന് |
| പ്രേക്ഷണീയം | ദർശനയോഗ്യനായി, |

| | |
|---|---|
| സാനുരാഗസ്മിതേക്ഷണം | സസ്നേഹമായുള്ള പുഞ്ചിരിയും തൃക്കൺനോട്ടവും ചേർന്നവനായി, |
| അപീച്യവയസം | അത്യാകർഷകമായ പ്രായത്തോടുകൂടിയവനായി, |
| മത്തമൃഗേന്ദ്രോദാരവിക്രമം | മദിച്ച സിംഹത്തിന്റെ നടത്തംപോൽ മുതിർന്ന നടത്തത്തോടുകൂടിയവനായി, |
| തേജസാ | തേജസ്സുകൊണ്ട് |
| ദുർദ്ധർഷം ഇവ | നേരിടുവാൻ അശക്യനമായി സ്ഥിതിചെയ്യുന്ന |
| തം | ആ ശ്രീഭഗവാനെ |
| ആലോക്യ | ദർശിച്ച്, |
| തസ്യ | അവിടുത്തെ |
| തേജസാ | തേജസ്സിനാൽ |
| ധർഷിതഃ | അഭിഭൂതനും, |
| ശങ്കിതഃ | സംശയഗ്രസ്തനുമായി ഭവിച്ച |
| മഹാബുദ്ധിഃ | ബുദ്ധിശാലിയായ |
| രാജാ | മുചുകുന്ദരാജാവ് |
| ശനകൈഃ | സാവധാനത്തിൽ |
| പര്യപൃച്ഛത് | ചോദിച്ചു. |

മുചുകുന്ദ ഉവാച=മുചുകുന്ദൻ പറഞ്ഞു :—

കോ ഭവാനിഹ സംപ്രാപ്തോ വിപിനേ ഗിരിഗഹ്വരേ
പദ്ഭ്യാം പദ്മപലാശാഭ്യാം വിചരസ്യുരുകണ്ടകേ. 28

| | |
|---|---|
| ഭവാൻ കഃ | താങ്കളാര് ? |
| വിപിനേ | വൻകാട്ടിൽ– |
| ഗിരിഗഹ്വരേ | പർവ്വതഗുഹയിൽ– |
| ഉരുകണ്ടകേ | ധാരാളം മുള്ളുകളുള്ള |

| | |
|---|---|
| ഇഹ സംപ്രാപ്തഃ | ഇവിടെ എത്തിച്ചേർന്ന് |
| പദ്മപലാശാഭ്യാം | താമരദളം പോലെയുള്ള |
| പദ്ഭ്യാം | പാദങ്ങൾവെച്ച് |
| വിചരസി | സഞ്ചരിക്കുന്നുവല്ലോ. |

കിംസ്വിത്തേജസ്വിനാം തേജോ ഭഗവാൻ വാ വിഭാവസുഃ
സൂര്യഃ സോമോ മഹേന്ദ്രോ വാ ലോകപാലോഽപരോഽപി വാ. 29

| | |
|---|---|
| തേജസ്വിനാം | (താങ്കൾ) സർവ്വതേജോ രാശികളുടേയും |
| തേജഃ കിംസ്വിത് | മൂർത്തിമത്തായ തേജസ്സായിരിക്കുമോ ? |
| ഭഗവാൻ | സർവ്വതേജസ്സുകളുടേയും അധിഷ്ഠാനദേവനായ |
| വിഭാവസുഃ വാ | അഗ്നിയായിരിക്കുമോ ? |

| | |
|---|---|
| സൂര്യഃ സോമഃ | സൂര്യനോ, ചന്ദ്രനോ, |
| മഹേന്ദ്രഃ വാ | ദേവേന്ദ്രനോ ആണെന്നു വരുമോ ? |
| അപരഃ | വേറെ ഏതെങ്കിലും |
| ലോകപാലഃ അപി വാ | ലോകപാലനായിരിക്കുമോ ? |

മന്യേ ത്വാം ദേവദേവാനാം ത്രയാണാം പുരുഷർഷഭം
യദ്ബാധസേ ഗുഹാധ്വാന്തം പ്രദീപഃ പ്രഭയാ യഥാ. 30

| | |
|---|---|
| ദേവദേവാനാം | ദേവന്മാർക്കും ദേവന്മാരായ |
| ത്രയാണാം | ത്രിമൂർത്തികളുടെ ഇടയിൽ |
| പുരുഷർഷഭം | പുരുഷോത്തമനായ സാക്ഷാൽ ശ്രീമഹാവിഷ്ണുവാണെന്ന് |
| ത്വാം | താങ്കളെ |
| മന്യേ | ഞാൻ കരുതുന്നു. |
| യത് | എന്തെന്നാൽ |

| | |
|---|---|
| ഗുഹാധ്വാന്തം | ഗുഹാന്തർഭാഗത്തുള്ള അന്ധകാരത്തെ (ഹൃദ് ഗുഹാന്തർഭാഗത്തുള്ള ദുഃഖാന്ധകാരത്തെ) |
| പ്രഭയാ | സ്വതേജസ്സിനാൽ (ജ്ഞാനപ്രകാശത്താൽ) |
| പ്രദീപഃ യഥാ | ദീപം എന്നപോലെ |
| ബാധസേ | താങ്കൾ അകററുന്നുണ്ട്. |

ശുശ്രൂഷതാമവ്യളീകമസ്മാകം നരപുംഗവ
സ്വജന്മ കർമ്മ ഗോത്രം വാ കഥ്യതാം യദി രോചതേ. 31

| | |
|---|---|
| നരപുംഗവ | ഹേ പുരുഷോത്തമ ! |
| ശുശ്രൂഷതാം | കേട്ടുമനസ്സിലാക്കുവാൻ ആഗ്രഹിക്കുന്ന |
| അസ്മാകം | നമ്മോട്, |
| രോചതേ യദി | താങ്കൾക്ക് സമ്മതമാണെങ്കിൽ, |

| | |
|---|---|
| സ്വജന്മ | സ്വന്തം ജന്മവും, |
| കർമ്മ | കർമ്മവും, |
| ഗോത്രം വാ | ഗോത്രവും |
| അവ്യളീകം | കപടം കൂടാതെ |
| കഥ്യതാം | പറഞ്ഞുതരപ്പെട്ടാലും. |

വയം തു പുരുഷവ്യാഘ്ര ഐക്ഷ്വാകാഃ ക്ഷത്രബന്ധവഃ
മുചുകുന്ദ ഇതി പ്രോക്തോ യൌവനാശ്വാത്മജഃ പ്രഭോ. 32

| | |
|---|---|
| പുരുഷവ്യാഘ്ര | ഹേ പുരുഷശ്രേഷ്ഠ ! |
| വയം തു | ഞങ്ങളാകട്ടെ |
| ക്ഷത്രബന്ധവഃ | ക്ഷത്രിയരുടെ വർഗ്ഗത്തിലുള്ളവരും, |
| ഐക്ഷ്വാകാഃ | ഇക്ഷ്വാകുവംശ്യരും ആകുന്നു. |

| | |
|---|---|
| പ്രഭോ | ഹേ പ്രഭോ ! |
| യൌവനാശ്വാത്മജഃ | യുവനാശ്വപുത്രനായ മാന്ധാതാവിന്റെ പുത്രനായ ഞാൻ |
| മുചുകുന്ദഃ | മുചുകുന്ദൻ |
| ഇതി | എന്നപേരാൽ |
| പ്രോക്തഃ | പറയപ്പെട്ടവനുന്നു. |

ചിരപ്രജാഗരശ്രാന്തോ നിദ്രയാപഹതേന്ദ്രിയഃ
ശയേഽസ്മിൻ വിജനേ കാമം കേനാപ്യുത്ഥാപിതോഽധുനാ. 33

| | | | |
|---|---|---|---|
| ചിരപ്രജാഗര-ശ്രാന്തഃ | ബഹുകാലം ഉറക്കമില്ലാതെ കഴിക്കകയാൽ തളൎന്നുപോയവനും, | വിജനേ | ജനബാധയില്ലാത്ത |
| | | അസ്മിൻ | ഈ സ്ഥലത്തു് |
| | | കാമം | ഇഷ്ടംപോലെ |
| നിദ്രയാ | ഉറക്കത്താൽ | ശയേ | കിടന്നുറങ്ങുകയായിരുന്നു. |
| അപഹതേന്ദ്രിയഃ | ഇന്ദ്രിയങ്ങളുടെ പ്രവൎത്തനശക്തി നഷ്ടപ്പെട്ടുപോയവനും ആയ ഞാൻ | കേനാപി | ഏതോ ഒരുത്തനാൽ |
| | | അധുനാ | ഇപ്പോൾ |
| | | ഉത്ഥാപിതഃ | എഴുന്നേല്പിക്കപ്പെട്ടു. |

സോഽപി ഭസ്മീകൃതോ നൂനമാത്മീയേനൈവ പാപ്മനാ
അനന്തരം ഭവാൻ ശ്രീമാൻ ലക്ഷിതോഽമിത്രശാതനഃ. 34

| | | | |
|---|---|---|---|
| സഃ അപി | അവനാകട്ടെ (എന്നെ ഉറക്കത്തിൽനിന്നു് എഴുന്നേല്പിച്ചവനാകട്ടെ) | അനന്തരം | അതുകഴിഞ്ഞതശേഷം |
| ആത്മീയേന | തന്നെ സംബന്ധിച്ച | അമിത്രശാതനഃ | ശത്രുനാശകനും, |
| പാപ്മനാ ഏവ | പാപങ്ങളാൽതന്നെ | ശ്രീമാൻ | കാന്തിമാനുമായ |
| ഭസ്മീകൃതഃ നൂനം | ഭസ്മീകരിക്കപ്പെട്ടതായിരിക്കണം. | ഭവാൻ | താങ്കൾ |
| | | ലക്ഷിതഃ | മുന്നിൽ കാണപ്പെട്ടു. |

തേജസാ തേഽവിഷഹ്യേണ ഭൂരി ദ്രഷ്ടും ന ശക്നുമഃ
ഹതൌജസോ മഹാഭാഗ മാനനീയോഽസി ദേഹിനാം. 35

| | | | |
|---|---|---|---|
| മഹാഭാഗ | അല്ലയോ മഹാഭാഗ! | ദ്രഷ്ടും | അങ്ങയെ നോക്കിനില്പാൻ |
| അവിഷഹ്യേണ | അസഹ്യമായ | ന ശക്നുമഃ | ശക്തനാകുന്നില്ല. |
| തേ തേജസാ | അങ്ങയുടെ തേജസ്സാൽ | ദേഹിനാം | ശരീരികളുടെ ഇടയിൽ |
| ഹതൌജസഃ | ഹതപ്രഭാവനായ ഞാൻ | മാനനീയഃ അസി | ഭവാൻ ആദരണീയനാകുന്നു. |
| ഭൂരി | അധികംനേരം | | |

ഏവം സംഭാഷിതോ രാജ്ഞാ ഭഗവാൻ ഭൂതഭാവനഃ
പ്രത്യാഹ പ്രഹസൻ വാണ്യാ മേഘനാദഗഭീരയാ. 36

| | | | |
|---|---|---|---|
| ഏവം രാജ്ഞാ | ഈവിധം രാജാവിനാൽ | മേഘനാദ-ഗഭീരയാ | മേഘശബ്ദംപോലെ ഗാംഭീൎയ്യമുള്ള |
| സംഭാഷിതഃ | സംഭാഷണം ചെയ്യപ്പെട്ട | | |
| ഭൂതഭാവനഃ | സൎവ്വഭൂതപാലകനായ | വാണ്യാ | മൊഴിയാൽ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | തം | അദ്ദേഹത്തോടു് |
| പ്രഹസൻ | പുഞ്ചിരിതൂകിക്കൊണ്ടു് | പ്രത്യാഹ | മറുവടിപറഞ്ഞു. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

ജന്മകൎമ്മാഭിധാനാനി സന്തി മേഽങ്ഗ സഹസ്രശഃ
ന ശക്യന്തേഽനുസംഖ്യാതുമനന്തത്വാന്മയാപി ഹി. 37

| | |
|---|---|
| അംഗ | പ്രിയരാജാവേ! |
| മേ ജന്മകർമ്മാഭിധാനാനി | എന്റെ ജന്മങ്ങളും, കർമ്മങ്ങളും, നാമധേയങ്ങളും |
| സഹസ്രശഃ | അസംഖ്യങ്ങൾ |
| സന്തി | ആകുന്നു. |
| അനന്തത്വാത് | അവസ്ഥാവധിയില്ലാത്തതുകൊണ്ട് |
| മയാ അപി | എന്നാൽക്കൂടിയും |
| അനുസംഖ്യാതും | കണക്കാക്കുന്നതിന്ന് |
| ന ശക്യതേ ഹി | സാദ്ധ്യമല്ല; നിശ്ചയം. |

ക്വചിദ്രജാംസി വിമമേ പാർത്ഥിവാന്യുരുജന്മഭിഃ
ഗുണകർമ്മാഭിധാനാനി ന മേ ജന്മാനി കർഹിചിത്. 38

| | |
|---|---|
| ക്വചിത് | എന്നെങ്കിലും, ഒരാൾ |
| ഉരുജന്മഭിഃ | അനേകം ജന്മങ്ങൾകൊണ്ട് |
| പാർത്ഥിവാനി | ഭൂമിയിലുള്ള |
| രജാംസി | മൺതരികളെ |
| വിമമേ | എണ്ണിയെണ്ണിക്കണക്കാക്കിയെന്നുവന്നേക്കാം; |
| കർഹിചിത് | എന്നാൽ, ഒരിക്കലും |
| മേ ജന്മാനി | എന്റെ ജന്മങ്ങളും, |
| ഗുണകർമ്മാഭിധാനാനി | ഗുണങ്ങളും, കർമ്മങ്ങളും നാമധേയങ്ങളും |
| ന | കണക്കാക്കിയെന്ന് വരുന്നതല്ല. |

കാലത്രയോപപന്നാനി ജന്മകർമ്മാണി മേ നൃപ
അനുക്രമന്തോ നൈവാന്തം ഗച്ഛന്തി പരമർഷയഃ. 39

| | |
|---|---|
| നൃപ | രാജാവേ! |
| പരമർഷയഃ | ഋഷീശ്വരന്മാർക്കൂടി |
| കാലത്രയോപപന്നാനി | മൂന്നു കാലങ്ങളിലും ഉള്ളതായ |
| മേ ജന്മകർമ്മാണി | എന്റെ ജന്മകർമ്മങ്ങളെ |
| അനുക്രമന്തഃ | അനുക്രമം വർണ്ണിച്ചുകൊണ്ട് |
| അന്തം ന ഗച്ഛന്തി ഏവ | തീരെ അററം കാണാതെയിരിക്കുന്നു. |

തഥാപ്യദ്യതനാന്യംഗ ശൃണുഷ്വ ഗദതോ മമ
വിജ്ഞാപിതോ വിരിഞ്ചേന പുരാഹം ധർമ്മഗുപ്തയേ
ഭൂമേർഭാരായമാണാനാമസുരാണാം ക്ഷയായ ച. 40
അവതീർണ്ണോ യദുകുലേ ഗൃഹ ആനകദുന്ദുഭേഃ
വദന്തി വാസുദേവേതി വസുദേവസുതം ഹി മാം. 41

| | |
|---|---|
| അംഗ | പ്രിയ രാജാവേ! |
| തഥാ അപി | എങ്കിലുംകൂടി |
| അദ്യതനാനി | ഇപ്പോളുള്ളതായ |
| മമ | എന്റെ ജന്മകർമ്മാദികളെ |
| ഗദതഃ | അവയെ പറഞ്ഞുതരുന്ന എന്നിൽനിന്ന് |
| ശൃണുഷ്വ | കേട്ടുകൊണ്ടാലും. |
| ധർമ്മഗുപ്തയേ | ധർമ്മസംരക്ഷയ്ക്കായും, |
| ഭൂമേഃ ഭാരായമാണാനാം | ഭൂമിക്ക് ഭാരമായിത്തീർന്നിരിക്കുന്ന |
| അസുരാണാം | അസുരന്മാരുടെ |
| ക്ഷയായ ച | നാശത്തിന്നായും |
| വിരിഞ്ചേന | ബ്രഹ്മാവിനാൽ |
| പുരാ | മുമ്പൊരിക്കൽ |
| വിജ്ഞാപിതഃ | അഭ്യർത്ഥിക്കപ്പെട്ട |
| അഹം യദുകുലേ | ഞാൻ യദുവംശത്തിൽ |
| ആനകദുന്ദുഭേഃ | വസുദേവരുടെ |
| ഗൃഹേ | ഗൃഹത്തിൽ |
| അവതീർണ്ണഃ | അവതരിച്ചിരിക്കുന്നു. |
| ഹി | ആകയാൽ |
| വസുദേവസുതം | വസുദേവപുത്രനായ |
| മാം | എന്നെ |
| വാസുദേവഃ ഇതി | വാസുദേവനെന്ന് |
| വദന്തി | പറഞ്ഞുവരുന്നു. |

കാലനേമിർഹതഃ കംസഃ പ്രലംബാദ്യാശ്ച സദ്ദ്വിഷഃ
അയം ച യവനോ ദഗ്ദ്ധോ രാജംസ്തേ തിഗ്മചക്ഷുഷാ. 42

| | | | |
|---|---|---|---|
| കംസഃ | കംസനായി ജനിച്ച | രാജൻ | രാജാവേ! |
| കാലനേമിഃ | കാലനേമിയെന്ന അസുരൻ | തേ | അങ്ങയുടെ |
| ഹതഃ | വധിക്കപ്പെട്ടു. | തിഗ്മചക്ഷുഷാ | തീക്ഷ്ണമായ ദൃഷ്ടികൊണ്ട് |
| സദ്ദ്വിഷഃ | സജ്ജനദ്വേഷികളായ | അയം യവനഃ ച | ഈ കാലയവനനും |
| പ്രലംബാദ്യാഃ ച | പ്രലംബാദികളും വധിക്കപ്പെട്ടു. | ദഗ്ദ്ധഃ | ദഹിപ്പിക്കപ്പെട്ടു. |

സോഽഹം തവാനുഗ്രഹാർത്ഥം ഗുഹാമേതാമുപാഗതഃ
പ്രാർത്ഥിതഃ പ്രചുരം പൂർവ്വം ത്വയാഽഹം ഭക്തവത്സലഃ. 43

| | | | |
|---|---|---|---|
| സഃ അഹം | അങ്ങനെയുള്ള ഞാൻ | പൂർവ്വം ത്വയാ | മുമ്പ് അങ്ങയാൽ |
| തവ അനുഗ്രഹാർത്ഥം | അങ്ങേയ്ക്ക് അനുഗ്രഹം ചെയ്യുന്നതിന്നായി | ഭക്തവത്സലഃ | ഭക്തപ്രിയനായ |
| ഏതാം ഗുഹാം | ഈ ഗുഹയിലേക്ക് | അഹം | ഞാൻ |
| ഉപാഗതഃ | വന്നിരിക്കയാണ്. | പ്രചുരം | ഒട്ടേറെ |
| | | പ്രാർത്ഥിതഃ | പ്രാർത്ഥിക്കപ്പെട്ടവനാകുന്നു. |

വരാൻ വൃണീഷ്വ രാജർഷേ സർവ്വാൻ കാമാൻ ദദാമി തേ
മാം പ്രപന്നോ ജനഃ കശ്ചിന്ന ഭൂയോഽർഹതി ശോചിതും. 44

| | | | |
|---|---|---|---|
| രാജർഷേ | ഹേ രാജർഷേ! | ദദാമി | ഞാൻ തന്നുകൊള്ളാം. |
| വരാൻ | വേണ്ടും വരങ്ങളെ | മാം പ്രപന്നഃ | എന്നെ കണ്ടെത്തിയ |
| വൃണീഷ്വ | വരിച്ചുകൊൾക. | കശ്ചിത് ജനഃ | ഏതൊരാളും |
| സർവ്വാൻ കാമാൻ | എല്ലാ അഭീഷ്ടങ്ങളേയും | ഭൂയഃ ശോചിതും | പിന്നീട് ദുഃഖിക്കുവാൻ |
| തേ | അങ്ങേയ്ക്ക് | ന അർഹതി | ഇടയാകരുത്. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്യുക്തസ്തം പ്രണമ്യാഹ മുചുകുന്ദോ മുദാഽന്വിതഃ
ജ്ഞാത്വാ നാരായണം ദേവം ഗർഗ്ഗവാക്യമനുസ്മരൻ. 45

| | | | |
|---|---|---|---|
| ഇതി ഉക്തഃ | ഇപ്രകാരം ഭഗവാനാൽ പറഞ്ഞുധരിപ്പിക്കപ്പെട്ട | ദേവം | ദേവനായ |
| | | നാരായണം | ശ്രീനാരായണനെന്ന് |
| മുചുകുന്ദഃ | മുചുകുന്ദൻ | ജ്ഞാത്വാ | മനസ്സിലാക്കി, |
| ഗർഗ്ഗവാക്യം | ഗർഗ്ഗവചനത്തെ | മുദാ അന്വിതഃ | സന്തോഷസമന്വിതനായിട്ട് |
| അനുസ്മരൻ | ഓർത്തുകൊണ്ട്, | | |
| തം | തന്റെ മുമ്പിൽനില്ക്കുന്ന ആ തേജോരൂപിയെ | പ്രണമ്യ | നമസ്കരിച്ച് |
| | | ആഹ | ഈവിധം പറഞ്ഞു. |

മുചുകുന്ദ ഉവാച=മുചുകുന്ദൻ പറഞ്ഞു :—

വിമോഹിതോഽയം ജന ഈശ മായയാ
ത്വദീയയാ ത്വാം ന ഭജത്യനർത്ഥദൃക്

സുഖായ ദുഃഖപ്രഭവേഷു സജ്ജതേ
ഗൃഹേഷു യോഷിത് പുരുഷശ്ച വഞ്ചിതഃ. 46

| | |
|---|---|
| ഈശ | ജഗന്നിയന്താവേ! |
| യോഷിത് | സ്ത്രീയെന്നും |
| പുരുഷഃ ച | പുരുഷനെന്നും ഉള്ള |
| അയം ജനഃ | രണ്ടു വിഭാഗത്തിൽപ്പെട്ട ഈ മനുഷ്യജാതി |
| ത്വദീയയാ | നിന്തിരുവടിയെ സംബന്ധിച്ചതായ |
| മായയാ | മായയാൽ |
| വിമോഹിതഃ | മോഹിപ്പിക്കപ്പെട്ടു്, |
| അനർത്ഥദൃക് | അനർത്ഥത്തിൽ (സംസാരത്തിൽ) കണ്ണുവെച്ചുകൊണ്ടു്, |
| ത്വാം | നിന്തിരുവടിയെ |
| ന ഭജതി | ഭജിക്കാതെയിരിക്കുന്നു |
| വഞ്ചിതഃ | മാത്രമല്ല, അന്യോന്യം വഞ്ചിക്കപ്പെട്ടുകൊണ്ടു്, |
| സുഖായ | സുഖത്തിനുവേണ്ടി |
| ദുഃഖപ്രഭവേഷു | ദുഃഖങ്ങളുടെ ഉറവിടമായ |
| ഗൃഹേഷു | ഗൃഹത്തിൽ |
| സജ്ജതേ | പററിക്കൂടുകയും ചെയ്യുന്നു. |

ലബ്ധ്വാ ജനോ ദുർല്ലഭമത്ര മാനുഷം കഥഞ്ചിദവ്യംഗമയത്നതോഽനഘ
പാദാരവിന്ദം ന ഭജത്യസന്മതിർഗൃഹാന്ധകൂപേ പതിതോ യഥാ പശുഃ. 47

| | |
|---|---|
| അനഘ | ഹേ നിർമ്മല! |
| അയത്നതഃ | യത്നിക്കാതെതന്നെ |
| കഥഞ്ചിത് | ഏതോ തരത്തിൽ, |
| ദുർല്ലഭം, അവ്യംഗം | ദുർല്ലഭവും അംഗവൈകല്യം ഇല്ലാത്തതുമായ |
| മാനുഷം | മനുഷ്യദേഹത്തെ |
| അത്ര | ഈ കർമ്മഭൂമിയിൽ |
| ലബ്ധ്വാ | ലഭിച്ചിട്ടുപോലും |
| അസന്മതിഃ | കെട്ട ബുദ്ധി (വിഷയാസക്തബുദ്ധി)യോടെ കഴിഞ്ഞുകൂടുന്ന |
| ജനഃ | മനുഷ്യൻ |
| പാദാരവിന്ദം | അങ്ങയുടെ ചെന്താരടിയെ |
| ന ഭജതി | സേവിക്കുന്നില്ല. |
| പശുഃ യഥാ | പശു പുല്ലുതിന്നാൻകൊതിച്ചു് പാഴ്ക്കിണററിൽ വീഴാറുള്ളപോലെ |
| ഗൃഹാന്ധകൂപേ | ഗൃഹമാവുന്ന പാഴ്കിണററിൽ |
| പതിതഃ | വീണുകിടക്കുന്നു. |

മമൈഷ കാലോഽജിത നിഷ്ഫലോ ഗതോ രാജ്യശ്രിയോന്നദ്ധമദസ്യ ഭൂപതേഃ
മർത്ത്യാത്മബുദ്ധേഃ സുതദാരകോശഭൂഷ്വാസജ്ജമാനസ്യ ദുരന്തചിന്തയാ.

| | |
|---|---|
| അജിത | ഹേ അജിത! |
| രാജ്യശ്രിയാ | രാജകീയവൈഭവത്താൽ |
| ഉന്നദ്ധമദസ്യ | വളർന്നമദത്തോടുകൂടിയവനായ |
| ഭൂപതേഃ | രാജാവായിരുന്നുകൊണ്ടും |
| മർത്ത്യാത്മബുദ്ധേഃ | നശ്വരമായ ശരീരത്തെ ആത്മാവെന്നു ഭാവിച്ചുകൊണ്ടും, |
| ദുരന്തചിന്തയാ | അററം കാണാത്ത ചിന്താവ്യാകുലതയോടെ |
| സുതദാര–കോശഭൂഷു | മക്കൾ, ഭാര്യ, ധനം, ഭൂമി എന്നിവയിൽ |
| ആസജ്ജ–മാനസ്യ | ആസക്തനായിരുന്നുകൊണ്ടും വർത്തിച്ചിരുന്ന |
| മമ | എന്റെ |
| ഏഷഃ കാലഃ | ഈ കഴിഞ്ഞകാലമത്രയും |
| നിഷ്ഫലഃ ഗതഃ | പാഴായിപ്പോയി. |

കളേവരേഽസ്മിൻ ഘടകുഡ്യസന്നിഭേ നിരൂഢമാനോ നരദേവ ഇത്യഹം
വൃതോ രഥേഭാശ്വപദാത്യനീകപൈർഗ്ഗാം പര്യടംസ്ത്വാഽഗണയൻ സുദുർമ്മദഃ.

| | | | |
|---|---|---|---|
| ഘടകുഡ്യ- സന്നിഭേ | മൺകുടം പോലെയും മൺഭിത്തിപോലെയും ഉള്ളതായ | അഗണയൻ | പരിഗണിക്കാതെ, |
| അസ്മിൻ | ഈ | രഥേഭാശ്വ- പദാത്യ- നീകപൈഃ | തേർ, ആന, കുതിര, കാലാൾ എന്നീ ചതുരംഗപ്പടകളുടെ പടനായകന്മാരാൽ |
| കളേവരേ | ശരീരത്തിൽ | വൃതഃ | പരിവൃതനായി |
| നരദേവഃ | മഹാരാജാവു് | ഗാം | ഭൂമി മുഴുവൻ |
| ഇതി | എന്നുള്ള | പര്യടൻ | ചുററി ജൈത്രയാത്ര നടത്തിക്കൊണ്ടു് |
| നിരൂഢമാനഃ | അഭിമാനം വേരുറച്ചുപോയ | സുദുർമ്മദഃ | മുഴുത്ത ദുരഹങ്കാരത്തോടു കൂടിയവനായി (കാലംകഴിച്ചു.) |
| അഹം | ഞാൻ | | |
| ത്വാ | നിന്തിരുവടിയെ | | |

പ്രമത്തമുച്ചൈരിതികൃത്യചിന്തയാ പ്രവൃദ്ധലോഭം വിഷയേഷു ലാലസം
ത്വമപ്രമത്തഃ സഹസാഽഭിപദ്യസേ ക്ഷുല്ലേലിഹാനോഽഹിരിവാഖുമന്തകഃ. 50

| | | | |
|---|---|---|---|
| ഇതികൃത്യ- ചിന്തയാ | "ഇതു് ഇങ്ങനെയാണു് ചെയ്യേണ്ടതു്; അതു് അങ്ങനെയാണു് വേണ്ടതു്" എന്നീ രൂപത്തിലുള്ള മനോരഥങ്ങളുടെ പരമ്പരയാൽ | അന്തകഃ | കാലസ്വരൂപനായും, |
| ഉച്ചൈഃ | കണക്കിലേറെ | അപ്രമത്തഃ | അശ്രദ്ധനല്ലാത്തവനായും ഇരിക്കുന്ന |
| പ്രമത്തം | നിന്തിരുവടിയിൽ അശ്രദ്ധനായിരിക്കുന്നവനും, | ത്വം | നിന്തിരുവടി |
| പ്രവൃദ്ധലോഭം | വളൎന്ന ലോഭത്തോടുകൂടിയവനും, | സഹസാ | അവൻ ഓൎക്കാതിരിക്കെ പെട്ടെന്നു് |
| വിഷയേഷു | വിഷയസുഖങ്ങളിൽ | അഭിപദ്യസേ | കടന്നുപിടിക്കുന്നു. |
| ലാലസം | അത്യാസക്തിയുള്ളവനും ആയ മനുഷ്യനെ | ക്ഷുല്ലേലിഹാനഃ | വിശപ്പിനാൽ ചുണ്ടുനക്കിക്കൊണ്ടിരിക്കുന്ന |
| | | അഹിഃ | സർപ്പം |
| | | ആഖും | എലിയെ |
| | | യഥാ | പിടിച്ചുവിഴുങ്ങുന്നതെന്നു പോലെയോ, അതുപോലെയാണിതു്. |

പുരാ രഥൈർഹേമപരിഷ്കൃതൈശ്ചരൻ മതംഗജൈർവ്വാ നരദേവസംജ്ഞിതഃ
സ ഏവ കാലേന ദുരത്യയേന തേ കളേവരോ വിട്ക്കൃമിഭസ്മസംജ്ഞിതഃ. 51

| | | | |
|---|---|---|---|
| പുരാ | ഒരു കാലത്തു് | ചരൻ | സഞ്ചരിച്ചുകൊണ്ടു് |
| ഹേമ- പരിഷ്കൃതൈഃ | സ്വർണ്ണാലങ്കാരങ്ങളാൽ മോടികൂട്ടപ്പെട്ട | നരദേവ- സംജ്ഞിതഃ | രാജാവെന്ന പേരിൽ അറിയപ്പെട്ടിരുന്നതു യാതൊരു ദേഹമാണോ, |
| രഥൈഃ | തേരുകളിലോ, | | |
| മതംഗജൈഃ വാ | മത്തഗജങ്ങളിലോ കയറി | സഃ ഏവഃ | അതേ |

| | |
|---|---|
| കളേവരഃ | ദേഹംതന്നെ |
| ദുരത്യയേന | അതിക്രമിക്കുവാൻ കഴിയാത്ത |
| കാലേന | കാലശക്തിയായി വർത്തിക്കുന്ന |
| തേ | നിന്തിരുവടിയാൽ |
| വിട്കൃമി-ഭസ്മസംജ്ഞിതഃ | (പിൽക്കാലത്തു്) പുരീഷം, പുഴു, വെണ്ണീർ എന്നിവയിൽ ഏതെങ്കിലും ഒരു പേരുള്ളതാക്കി തീർക്കപ്പെടുന്നു. |

നിർജ്ജിത്യ ദിക്ചക്രമഭൂതവിഗ്രഹോ
വരാസനസ്ഥഃ സമരാജവന്ദിതഃ
ഗൃഹേഷു മൈഥുന്യസുഖേഷു യോഷിതാം
ക്രീഡാമൃഗഃ പൂരുഷ ഈശ നീയതേ. 52

| | |
|---|---|
| ഈശ | സർവ്വേശ്വര! |
| ദിക്ചക്രം | ദിങ്മണ്ഡലത്തെ |
| നിർജ്ജിത്യ | ജയിച്ചടക്കി, |
| അഭൂതവിഗ്രഹഃ | എതിരാളികൾതന്നെയില്ലാത്തവനായും, |
| വരാസനസ്ഥഃ | രാജസിംഹാസനാരൂഢനായും, |
| സമരാജവന്ദിതഃ | തന്റെ സമനിലയിലുള്ള രാജാക്കന്മാരാൽ അഭിവന്ദിതനായും ഭവിച്ച |
| പുരുഷഃ | പുരുഷൻകൂടിയും |
| മൈഥുന്യ-സുഖേഷു | പ്രാകൃതമായ സുരതസുഖത്തെമാത്രം കൈവരുത്തുന്ന |
| ഗൃഹേഷു | സ്വഗൃഹത്തിൽ |
| യോഷിതാം | പെണ്ണുങ്ങളുടെ |
| ക്രീഡാമൃഗഃ | കളിക്കുരങ്ങായിട്ടു് |
| നീയതേ | നിന്തിരുവടിയാൽ അങ്ങുമിങ്ങും ചാടിക്കപ്പെടുന്നു. |

കരോതി കർമ്മാണി തപസ്സുനിഷ്ഠിതോ നിവൃത്തഭോഗസ്തദപേക്ഷയാ ദദത്
പുനശ്ച ഭൂയേയമഹം സ്വരാഡിതി പ്രവൃദ്ധതർഷോ ന സുഖായ കല്പതേ. 53

| | |
|---|---|
| തപഃ-സുനിഷ്ഠിതഃ | ബ്രഹ്മചര്യാദി തപോവൃത്തികളിൽ അതിനിഷ്ഠയോടുകൂടിയവനായി, |
| നിവൃത്തഭോഗഃ | ഭോഗസുഖത്തിൽനിന്നു വിരമിച്ചുകൊണ്ടും, |
| തദപേക്ഷയാ | ആ ഭോഗസുഖാപേക്ഷയാൽതന്നെ |
| ദദത് | ത്യാഗംചെയ്തുകൊണ്ടും മനുഷ്യൻ |
| കർമ്മാണി | കർമ്മങ്ങളെ |
| കരോതി | അനുഷ്ഠിക്കുന്നു. |
| പുനഃ ച | എന്നാൽ, "ഇനിയും (മറുജന്മത്തിലും) |
| അഹം | ഞാൻ |
| സ്വരാട് | സാർവ്വഭൗമനായി |
| ഭൂയേയം | ഭവിച്ചാൽകൊള്ളാം" |
| ഇതി | എന്നിങ്ങിനെ |
| പ്രവൃദ്ധതർഷഃ | അത്യാശമൂത്തിരിക്കുന്ന അവൻ |
| സുഖായ | സുഖം അനുഭവിപ്പാൻ |
| ന കല്പതേ | ആളാകയില്ല. |

ഭവാപവർഗ്ഗോ ഭ്രമതോ യദാ ഭവേ-
ജ്ജനസ്യ തർഹ്യച്യുത സത്സമാഗമഃ
സത്സംഗമോ യർഹി തദൈവ സദ്ഗതൗ
പരാവരേശേ ത്വയി ജായതേ മതിഃ. 54

| | |
|---|---|
| അച്യുത | ഹേ അച്യുത |
| ഭ്രമതഃ | സംസാരചക്രത്തിൽ ചുഴന്നുകൊണ്ടിരിക്കുന്ന |
| ജനസ്യ | മനുഷ്യന്നു് |
| യദാ | എപ്പോൾ |
| ഭവാപവർഗ്ഗഃ | സംസാരനിവൃത്തി |
| ഭവേത് | ഉണ്ടാകുവാൻ കാലമടുക്കുന്നുവോ, |
| തർഹി | അപ്പോൾ |
| സത്സമാഗമഃ | സജ്ജനസംസർഗ്ഗം |
| (ഭവേത്) | ഉണ്ടാകുവാൻ ഇടവരുന്നു. |
| സത്സംഗമഃ | സജ്ജനസംസർഗ്ഗം |
| യർഹി തദാ ഏവ | ഉണ്ടാകുമ്പോൾ മാത്രമേ |
| സദ്ഗതൌ | സത്തുക്കളാൽ പ്രാപ്യനും |
| പരാവരേശേ | കാര്യകാരണങ്ങളുടെ നിയന്താവുമായ |
| ത്വയി | നിന്തിരുവടിയിൽ |
| മതിഃ ജായതേ | പ്രേമഭക്തിവിശിഷ്ടമായ ബുദ്ധി ഉണ്ടാകയുള്ളു. |

മന്യേ മമാനുഗ്രഹ ഈശ തേ കൃതോ
രാജ്യാനുബന്ധാപഗമോ യദൃച്ഛയാ
യഃ പ്രാർത്ഥ്യതേ സാധുഭിരേകചര്യയാ
വനം വിവിക്ഷദ്ഭിരഖണ്ഡഭൂമിപൈഃ. 55

| | |
|---|---|
| ഈശ | ഹേ സർവ്വേശ്വര! |
| യദൃച്ഛയാ | യാദൃച്ഛികമായി |
| രാജ്യാനുബന്ധാപഗമഃ | രാജ്യഭരണബന്ധത്തിൽനിന്നുണ്ടായ വേർപാടു് |
| മമ | എനിക്കു് |
| തേ | നിന്തിരുവടിയാൽ |
| കൃതഃ | ചെയ്യപ്പെട്ട |
| അനുഗ്രഹഃ | അനുഗ്രഹമാണെന്നു് |
| മന്യേ | ഞാൻ കരുതുന്നു. |
| യഃ | യാതൊരു ആ അനുഗ്രഹംതന്നെയാണ് |
| സാധുഭിഃ | യതികളാലും, |
| ഏകചര്യയാ | ഏകാന്തവൃത്തിയോടെ |
| വനം | തപോവനത്തിലേക്കു് |
| വിവിക്ഷദ്ഭിഃ | പ്രവേശിക്കുവാനിച്ഛിക്കുന്ന |
| അഖണ്ഡഭൂമിപൈഃ | ഏകച്ഛത്രാധിപതികളായ ഭൂപതികളാലും |
| പ്രാർത്ഥ്യതേ | പ്രാർത്ഥിക്കപ്പെടുന്നതു്. |

ന കാമയേഽന്യം തവ പാദസേവനാ-
ദകിഞ്ചനപ്രാർത്ഥ്യതമാദ്വരം വിഭോ
ആരാധ്യ കസ്ത്വാം ഹ്യപവർഗ്ഗദം ഹരേ
വൃണീത ആര്യോ വരമാത്മബന്ധനം. 56

| | |
|---|---|
| വിഭോ | ഹേ വിഭോ! |
| അകിഞ്ചനപ്രാർത്ഥ്യതമാത് | എല്ലാം ഉപേക്ഷിച്ചിരിക്കുന്ന വിരക്തന്മാരാൽ കൂടിയും ആഗ്രഹിക്കപ്പെടേണ്ടുന്ന |
| തവ | നിന്തിരുവടിയുടെ |
| പാദസേവനാത് | തൃപ്പാദസേവയെ ഒഴിച്ചു് |
| അന്യം വരം | മറ്റേതൊരു വരത്തേയും |
| ന കാമയേ | ഞാൻ ആഗ്രഹിക്കുന്നില്ല. |
| ഹരേ | ഹേ ഹരേ! |
| ആര്യഃ | വിവേകിയായ |
| കഃ ഹി | ഏതൊരുവനാണു് |
| അപവർഗ്ഗദം | മോക്ഷദാതാവായ |
| ത്വാം | നിന്തിരുവടിയെ |
| ആരാധ്യ | ആരാധിച്ചു് |
| ആത്മബന്ധനം | ആത്മാവിന്റെ ബന്ധത്തിന്നു് നിമിത്തമായ |
| വരം | വരത്തെ |
| വൃണീത | വരിക്കുന്നതു്? |

തസ്മാദ്വിസൃജ്യാശിഷ ഈശ സർവ്വതോ രജസ്തമഃസത്ത്വഗുണാനുബന്ധനാഃ
നിരഞ്ജനം നിർഗ്ഗുണമദ്വയം പരം ത്വാം ജ്ഞപ്തിമാത്രം പുരുഷം വ്രജാമ്യഹം.

| | |
|---|---|
| ഈശ | ഹേ ഈശ! |
| തസ്മാത് | ആകയാൽ |
| രജസ്തമഃ- സത്ത്വഗുണാ- നുബന്ധനാഃ | രജസ്സ്, തമസ്സ്, സത്ത്വം എന്നീ ഗുണത്രയത്തോടു സംബന്ധപ്പെട്ടിരിക്കുന്ന |
| ആശിഷഃ | ഫലങ്ങളെ (ഐശ്വര്യം, ശത്രുനാശം, ധർമ്മം മുതലായവയെ) |
| സർവ്വതഃ | മുഴുവനും |
| വിസൃജ്യ | ഉപേക്ഷിച്ച് |
| നിരഞ്ജനം | നിരുപാധികനായും, |
| നിർഗ്ഗുണം | നിർഗ്ഗുണനായും, |
| അദ്വയം | അദ്വിതീയനായും, |
| ജ്ഞപ്തിമാത്രം | വിജ്ഞാനസ്വരൂപനായും, |
| പരം പുരുഷം | പരമപുരുഷനായും ഇരിക്കുന്ന |
| ത്വാം | നിന്തിരുവടിയെ |
| ശരണം വ്രജാമി | ഞാൻ ശരണം പ്രാപിച്ചുകൊള്ളുന്നു. |

ചിരമിഹ വൃജിനാർത്തസ്തപ്യമാനോഽനുതാപൈ-
രവിതൃഷഷഡമിത്രോഽലബ്ധശാന്തിഃ കഥഞ്ചിത്
ശരണദ സമുപേതസ്ത്വത്പദാബ്ജം പരാത്മ-
ന്നഭയമൃതമശോകം പാഹി മാഽഽപന്നമീശ. 58

| | |
|---|---|
| ശരണദ | ഹേ ശരണപ്രദ! |
| പരാത്മൻ | പരമാത്മൻ! |
| ഇഹ | ഈ സംസാരത്തിൽ |
| അനുതാപൈഃ | താപത്രയങ്ങളാൽ |
| ചിരം | ബഹുകാലമായി |
| തപ്യമാനഃ | തപിക്കുന്നവനും, |
| വൃജിനാർത്തഃ | ദുഷ്കൃതത്താൽ കഷ്ടപ്പെടുന്നവനും, |
| അവിതൃഷ- ഷഡമിത്രഃ | ആഗ്രഹം ശമിച്ചിട്ടില്ലാത്ത ആറു ശത്രുക്കളോടു കൂടിയവനും, |
| അലബ്ധശാന്തിഃ | ശാന്തി ലഭിച്ചിട്ടില്ലാത്തവനുമായ ഞാൻ |
| കഥഞ്ചിത് | എങ്ങനെയോ, ഭാഗ്യത്താൽ |
| അഭയം | ഭയം തീണ്ടാത്തതും, |
| ഋതം | സത്യസ്വരൂപവും, |
| അശോകം | ശോകരഹിതവും ആയ |
| ത്വത്പദാബ്ജം | ഭവൽപാദാരവിന്ദത്തെ |
| സമുപേതഃ | പ്രാപിച്ചിരിക്കുന്നു. |
| ഈശ | ഹേ സർവ്വേശ്വര! |
| ആപന്നം | ആപത്തിലകപ്പെട്ടിരിക്കുന്ന |
| മാ പാഹി | എന്നെ കാത്തുകൊള്ളണേ! |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

സാർവ്വഭൗമ മഹാരാജ മതിസ്തേ വിമലോർജ്ജിതാ
വരൈഃ പ്രലോഭിതസ്യാപി ന കാമൈർവ്വിഹതാ യതഃ. 59

| | |
|---|---|
| സാർവ്വഭൗമ | സകലഭൂമണ്ഡലത്തിന്റേയും അധിപനായ |
| മഹാരാജ | മഹാരാജാവേ! |
| തേ മതിഃ | അങ്ങയുടെ ബുദ്ധി |
| വിമലാ | തെളിഞ്ഞതും, |
| ഊർജ്ജിതാ | കെല്പുള്ളതും ആകുന്നു. |
| യതഃ | എന്തെന്നാൽ |
| വരൈഃ | വരങ്ങളാൽ |
| പ്രലോഭിതസ്യ അപി | പ്രലോഭിക്കപ്പെട്ടിരിക്കുന്നവനെങ്കിലുംകൂടി അങ്ങയുടെ ബുദ്ധി |
| കാമൈഃ | മോക്ഷപര്യന്തമുള്ള വിവിധകാമങ്ങളാൽ |
| ന വിഹതാ | ആകൃഷ്ടമായില്ലല്ലോ. |

പ്രലോഭിതോ വരൈൎയ്യത്ത്വമപ്രമാദായ വിദ്ധി തത്
ന ധീൎമ്മയ്യേകഭക്താനാമാശീൎഭിൎഭിദ്യതേ ക്വചിത്. 60

| | | | |
|---|---|---|---|
| ത്വം | അങ്ങ് | | വേണ്ടിയാണെന്ന് |
| വരൈഃ | വരങ്ങളെക്കൊണ്ട് | വിദ്ധി | അറിഞ്ഞുകൊൾക. |
| പ്രലോഭിതഃ | എന്നാൽ പ്രലോഭിക്ക | മയി | എന്നിൽ |
| | പ്പെട്ടവനായി | ഏകഭക്താനാം | ഏകാന്തഭക്തിയുള്ളവരുടെ |
| യത് തത് | എന്നതു് | ധീഃ | ബുദ്ധി |
| അപ്രമാദായ | ഭക്തന്മാരുടെ ബുദ്ധിക്കു | ആശീൎഭിഃ | വരങ്ങളാൽ |
| | പിഴവു വരികയില്ലെന്നു | ക്വചിത് | ഒരിക്കലും |
| | കാട്ടിക്കൊടുക്കുവാൻ | ന ഭിദ്യതേ | ഭേദിക്കപ്പെടുന്നതല്ല. |

യുഞ്ജാനാനാമഭക്താനാം പ്രാണായാമാദിഭിൎമ്മനഃ
അക്ഷീണവാസനം രാജൻ ദൃശ്യതേ പുനരുത്ഥിതം. 61

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | മനഃ | മനസ്സ് |
| പ്രാണായാമാദിഭിഃ | പ്രാണായാമാദികളാൽ | അക്ഷീണ- | വിഷയവാസനയ്ക്കു ക്ഷ |
| യുഞ്ജാനാനാം | മനോനിരോധം വരുത്തു | വാസനം | യംവരാത്തതായിഭവിച്ച് |
| | വാൻ യത്നിക്കുന്നവരാ | പുനഃ | വീണ്ടും ചിലപ്പോൾ |
| | ണെങ്കിലുംകൂടി | ഉത്ഥിതം | വിഷയാഭിമുഖമായിട്ടു |
| അഭക്താനാം | എന്നിൽ ഭക്തിയില്ലാത്ത | | പൊങ്ങുന്നതായി |
| | വരുടെ | ദൃശ്യതേ | കാണപ്പെടാറുണ്ട്. |

വിചരസ്വ മഹീം കാമം മയ്യാവേശിതമാനസഃ
അസ്ത്വേവ നിത്യദാ തുഭ്യം ഭക്തിൎമ്മയ്യനപായിനീ. 62

| | | | |
|---|---|---|---|
| മയി | എന്നിൽ | തുഭ്യം | അങ്ങയ്ക്കു |
| ആവേശിത- | മനസ്സുറപ്പിച്ചുകൊണ്ട് | മയി | എന്നിലുള്ള |
| മാനസഃ | | ഭക്തിഃ | ഭക്തി |
| കാമം | ഇഷ്ടംപോലെ | നിത്യദാ | ഏതൊരുകാലത്തും |
| മഹീം | ഭൂമിമുഴുവനും | അനപായിനീ | അഴിവില്ലാത്തതായിട്ട് |
| വിചരസ്വ | സഞ്ചരിച്ചുകൊൾക. | അസ്തു ഏവ | ഭവിക്കുകതന്നെ ചെയ്യട്ടെ. |

ക്ഷാത്രധൎമ്മസ്ഥിതോ ജന്തൂൻ ന്യവധീൎമ്മൃഗയാദിഭിഃ
സമാഹിതസ്തത്തപസാ ജഹ്യഘം മദുപാശ്രിതഃ. 63

| | | | |
|---|---|---|---|
| ക്ഷാത്രധൎമ്മ- | ക്ഷത്രിയധൎമ്മത്തിൽ | | ച്ചുകൊണ്ടും, |
| സ്ഥിതഃ | സ്ഥിതനായിട്ട് | സമാഹിതഃ | ജിതേന്ദ്രിയനായിരുന്നു |
| മൃഗയാദിഭിഃ | നായാട്ടുകൊണ്ടും മററും | | കൊണ്ടും |
| ജന്തൂൻ | അനേകം പ്രാണികളെ | തത് അഘം | ആ പാപത്തെ |
| ന്യവധീഃ | അങ്ങ് കൊന്നിട്ടുണ്ട്. | തപസാ | തപസ്സിനാൽ |
| മദുപാശ്രിതഃ | എന്നെത്തന്നെ ആശ്രയി | ജഹി | നശിപ്പിച്ചുകൊള്ളണം. |

ജന്മന്യനന്തരേ രാജൻ സർവ്വഭൂതസുഹൃത്തമഃ
ഭൂത്വാ ദ്വിജവരസ്ത്വം വൈ മാമുപൈഷ്യസി കേവലം. 64

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ദ്വിജവരഃ | ഒരു ബ്രാഹ്മണശ്രേഷ്ഠനായി |
| അനന്തരേ | ഇനി അടുത്തതായ | | |
| ജന്മനി ത്വം | ജന്മത്തിൽ അങ്ങ് | ഭൂത്വാ | ഭവിച്ച് |
| സർവ്വഭൂത- സുഹൃത്തമഃ | എല്ലാ പ്രാണികളുടേയും സ്നേഹത്തിന്നു പാത്രീഭവിച്ച | കേവലം | കേവലാത്മാവായ |
| | | മാം വൈ | എന്നെത്തന്നെ |
| | | ഉപൈഷ്യസി | പ്രാപിക്കുന്നതാണ്. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
മുചുകുന്ദസ്തുതിർന്നാമ ഏകപഞ്ചാശത്തമോഽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2135.

## ദ്വിപഞ്ചാശത്തമോഽദ്ധ്യായഃ—അമ്പത്തിരണ്ടാമദ്ധ്യായം.

[ ദ്വിപഞ്ചാശത്തമേ ധാവൻ ഭയാദിവ ഗതഃ പുരീം
അന്വമോദത സന്ദേശം രുക്മിണ്യാ ദ്വിജവർണ്ണിതം ]

(ജരാസന്ധനെ കബളിപ്പിച്ച് ഭഗവാൻ ദ്വാരകയിലേക്ക് ഓടിപ്പോകുന്നതും, രുക്മിണീസന്ദേശശ്രവണവും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്ഥം സോഽനുഗ്രഹീതോഽങ്ഗ കൃഷ്ണേനേക്ഷ്വാകുനന്ദനഃ
തം പരിക്രമ്യ സന്നമ്യ നിശ്ചക്രാമ ഗുഹാമുഖാത്. 1

| | | | |
|---|---|---|---|
| അങ്ഗ | അല്ലയോ രാജാവേ! | തം | ആ ശ്രീഭഗവാനെ |
| സഃ ഇക്ഷ്വാകു- നന്ദനഃ | ഇക്ഷ്വാകുപുത്രനായ ആ മുചുകുന്ദൻ | പരിക്രമ്യ | പ്രദക്ഷിണംവെച്ച്, |
| ഇത്ഥം കൃഷ്ണേന | ഇപ്രകാരം ശ്രീകൃഷ്ണനാൽ | സന്നമ്യ | നമസ്കരിച്ച് |
| അനുഗ്രഹീതഃ | അനുഗ്രഹിക്കപ്പെട്ടവനായിട്ട്, | ഗുഹാമുഖാത് | ഗുഹാദ്വാരത്തിൽനിന്ന് |
| | | നിശ്ചക്രാമ | പുറത്തുപോയി. |

സ വീക്ഷ്യ ക്ഷുല്ലകാൻ മർത്ത്യാൻ പശൂൻ വീരുദ്വനസ്പതീൻ
മത്വാ കലിയുഗം പ്രാപ്തം ജഗാമ ദിശമുത്തരാം. 2

| | | | |
|---|---|---|---|
| സഃ | ആ മുചുകുന്ദൻ | വീക്ഷ്യ | കണ്ട് |
| ക്ഷുല്ലകാൻ | പൊക്കം കുറഞ്ഞിരിക്കുന്ന | കലിയുഗം | കലികാലം |
| മർത്ത്യാൻ | മനുഷ്യരേയും, | പ്രാപ്തം | എത്തിപ്പോയെന്ന് |
| പശൂൻ | മൃഗങ്ങളേയും, | മത്വാ | കരുതി, |
| വീരുദ്- വനസ്പതീൻ | ലതകളേയും, വൃക്ഷങ്ങളേയും | ഉത്തരാം ദിശം | വടക്ക ദിക്കിലേക്ക് |
| | | ജഗാമ | പോയി. |

തപഃശ്രദ്ധായുതോ ധീരോ നിഃസംഗോ മുക്തസംശയഃ
സമാധായ മനഃ കൃഷ്ണേ പ്രാവിശദ് ഗന്ധമാദനം. 3

| | | | |
|---|---|---|---|
| തപഃ- ശ്രദ്ധായുതഃ | തപസ്സിൽ ശ്രദ്ധയോടു കൂടിയവനായും, | മനഃ | മനസ്സിനെ |
| ധീരഃ | ജിതേന്ദ്രിയനായും, | കൃഷ്ണേ | ശ്രീകൃഷ്ണഭഗവാങ്കൽ |
| നിഃസംഗഃ | വിഷയങ്ങളിൽ ആസക്തിരഹിതനായും, | സമാധായ | ഉറപ്പിച്ചുകൊണ്ടു് |
| മുക്തസംശയഃ | സംശയം കൈവിട്ടവനായും ഭവിച്ച് | ഗന്ധമാദനം | ഗന്ധമാദനമെന്ന പർവ്വതത്തിലേക്ക് |
| | | പ്രാവിശത് | എത്തിച്ചേർന്നു. |

ബദര്യാശ്രമമാസാദ്യ നരനാരായണാലയം
സർവ്വദ്വന്ദ്വസഹഃ ശാന്തസ്തപസാഽഽരാധയദ്ധരിം. 4

| | | | |
|---|---|---|---|
| നരനാരായ- ണാലയം | (അവിടെ) നരനാരായണന്മാരുടെ വാസസ്ഥാനമായ | | സഹിച്ചുകൊണ്ടും, |
| ബദര്യാശ്രമം | ബദര്യാശ്രമത്തിലേക്ക് | ശാന്തഃ | ശാന്തനായും ഇരുന്നു്, |
| ആസാദ്യ | എത്തിയശേഷം | ഹരിം | ശ്രീഹരിയെ |
| സർവ്വ- ദ്വന്ദ്വസഹഃ | ശീതോഷ്ണാദികളായ ദ്വന്ദ്വാവസ്ഥകളെ മുഴുവൻ | തപസാ | തപസ്സുകൊണ്ടു് |
| | | ആരാധയത് | ആരാധിച്ചു |

ഭഗവാൻ പുനരാവ്രജ്യ പുരീം യവനവേഷ്ടിതാം
ഹത്വാ മ്ലേച്ഛബലം നിന്യേ തദീയം ദ്വാരകാം ധനം. 5

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | മ്ലേച്ഛബലം | ആ യവനസൈന്യത്തെ |
| യവന- വേഷ്ടിതാം | യവനസൈന്യത്താൽ നാലുപുറവും വളയപ്പെട്ടിരിക്കുന്ന | ഹത്വാ | കൊന്നൊടുക്കി, |
| | | തദീയം | അവരുടേതായ |
| | | ധനം | മുതലെല്ലാം |
| പുരീം | മധുരാപുരിയിലേക്ക് | ദ്വാരകാം | ദ്വാരകയിലേക്ക് |
| പുനഃ ആവ്രജ്യ | വീണ്ടും വന്നുചേർന്നു് | നിന്യേ | കൊണ്ടുപോയി. |

നീയമാനേ ധനേ ഗോഭിർന്നൃഭിശ്ചാച്യുതചോദിതൈഃ
ആജഗാമ ജരാസന്ധസ്ത്രയോവിംശത്യനീകപഃ. 6

| | | | |
|---|---|---|---|
| അച്യുത- ചോദിതൈഃ | ശ്രീകൃഷ്ണഭഗവാനാൽ നിയുക്തരായ | | കൊണ്ടിരിക്കേ, |
| നൃഭിഃ | ജനങ്ങളാലും, | ത്രയോവിംശ- ത്യനീകപഃ | ഇരുപത്തിമൂന്നക്ഷൌഹിണീസേനകളുടെ അധിപതിയായിട്ടുള്ള |
| ഗോഭിഃ ച | കാളകളാലും | | |
| ധനേ | ആ ധനം | ജരാസന്ധഃ | ജരാസന്ധൻ |
| നീയമാനേ | കൊണ്ടുപോകപ്പെട്ടു | ആജഗാമ | എത്തിച്ചേർന്നു. |

വിലോക്യ വേഗരഭസം രിപുസൈന്യസ്യ മാധവൗ
മനുഷ്യചേഷ്ടാമാപന്നൗ രാജൻ ദുദ്രുവതുർദ്രുതം. 7

| | |
|---|---|
| രാജൻ | രാജാവെ! |
| രിപുസൈന്യസ്യ | ശത്രുസേനയുടെ |
| വേഗരഭസം | വേഗാധിക്യത്തെ |
| വിലോക്യ | കണ്ടിട്ടു് |
| മാധവൌ | രാമകൃഷ്ണന്മാരിരുവരും |
| മനുഷ്യചേഷ്ടാം | മനുഷ്യസാധാരണമായ ചേഷ്ടയെ |
| ആപന്നൌ | കൈക്കൊണ്ടവരായി |
| ദ്രുതം | വേഗത്തിൽ |
| ദുദ്രുവതുഃ | ഓട്ടംതുടങ്ങി. |

നോട്ടു് :— ഈ അവസരത്തിൽ ജരാസന്ധൻെറ ബലത്തെ നശിപ്പിച്ചുകളയേണ്ടതില്ലെന്നു ഭഗവാനു തോന്നി. അതാണു് ഒഴിഞ്ഞുമാറിയതു്. അങ്ങനെയായാൽ ഇനി അടുത്തു് രുക്മിണിയുടെ വിവാഹാവസരത്തിൽ മററു രാജാക്കന്മാരുടെകൂടെ ഈ ജരാസന്ധനും സൈന്യസമേതം ഉത്സാഹിയായി തന്നോടു യുദ്ധത്തിനു വന്നുകൊള്ളും. അപ്പോൾ എല്ലാവരുടെ ബലവും ഏകസമയത്തിൽ നശിപ്പിച്ചുകളയാമെന്നും, സ്വപരാക്രമപ്രദർശനത്താൽ രുക്മിണിയെ സന്തോഷിപ്പിക്കാമെന്നും ഭഗവാൻ സങ്കല്പിച്ചതാണു്. ഭീരുത്വവും വീര്യക്ഷയവും സർവ്വേശ്വരങ്കൽ സംഭാവ്യമല്ലല്ലോ.

വിഹായ വിത്തം പ്രചുരമഭീതൌ ഭീരുഭീതവത്
പദ്ഭ്യാം പദ്മപലാശാഭ്യാം ചേലതുർബ്ബഹുയോജനം. 8

| | |
|---|---|
| അഭീതൌ | ഭീതിയില്ലാത്ത അവർ |
| പ്രചുരം വിത്തം | ധാരാളമുള്ള സമ്പത്തിനെ |
| വിഹായ | വഴിക്കുപേക്ഷിച്ചു് |
| ഭീരുഭീതവത് | ഭീരുക്കളെക്കാൾ പേടിയുള്ളവരെന്നപോലെ നടിച്ചുകൊണ്ടു് |
| പദ്ഭ്യാം | പാദങ്ങളാവുന്ന |
| പദ്മപലാശാഭ്യാം | ചെന്താരിതളുകൾ വെച്ചു് |
| ബഹുയോജനം | അനേകം യോജനയോളം സ്ഥലം |
| ചേലതുഃ | ഓടിനടന്നു. |

പലായമാനൌ തൌ ദൃഷ്ട്വാ മാഗധഃ പ്രഹസൻ ബലീ
അന്വധാവദ്രഥാനീകൈരീശയോരപ്രമാണവിത്. 9

| | |
|---|---|
| ബലീ | ബലവാനും, |
| ഈശയോഃ | സർവ്വേശ്വരന്മാരായ രാമകൃഷ്ണന്മാരുടെ |
| അപ്രമാണവിത് | പ്രഭാവം എത്രയെന്നറിവില്ലാത്തവനും ആയ |
| മാഗധഃ | ജരാസന്ധൻ |
| തൌ | അവരിരുവരും |
| പലായമാനൌ | ഓടിപ്പോകുന്നതായി |
| ദൃഷ്ട്വാ | കണ്ടിട്ടു് |
| പ്രഹസൻ | ഉറക്കെ ചിരിച്ചുകൊണ്ടു് |
| രഥാനീകൈഃ | തേർപ്പടകളോടുകൂടി |
| അന്വധാവത് | പിൻതുടർന്നോടി. |

പ്രദ്രുത്യ ദൂരം സംശ്രാന്തൌ തുംഗമാരുഹതാം ഗിരിം
പ്രവർഷണാഖ്യം ഭഗവാൻ നിത്യദാ യത്ര വർഷതി. 10

| | |
|---|---|
| ദൂരം | ഒട്ടകലത്തേക്കു് |
| പ്രദ്രുത്യ | ഓടിപ്പോയശേഷം |
| സംശ്രാന്തൌ | തളർന്നു വിവശരായ രാമകൃഷ്ണന്മാർ |
| യത്ര | യാതൊന്നിലാണോ |
| ഭഗവാൻ | പർജ്ജന്യൻ (ഇന്ദ്രൻ) |
| നിത്യദാ | എല്ലാകാലത്തും |
| വർഷതി | മഴ ചൊരിയുന്നതു്, |
| പ്രവർഷണാഖ്യം | ആ പ്രവർഷണമെന്നു പേരായ |
| തുംഗം ഗിരിം | ഉയർന്ന മലയിലേക്കു് |
| ആരുഹതാം | കയറിപ്പോയി. |

ഗിരൗ നിലീനാവാജ്ഞായ നാധിഗമ്യ പദം നൃപ
ദദാഹ ഗിരിമേധോഭിഃ സമന്താദഗ്നിമുത്സൃജൻ. 11

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ഏധോഭിഃ | വിറകുകൾകൊണ്ട് |
| ഗിരൗ | മലയിൽ (അവർ) | ഗിരിം സമന്താത് | മലയുടെ നാലുപുറവും |
| നിലീനൗ | ഒളിഞ്ഞിരിക്കുന്നുവെന്ന് | | |
| ആജ്ഞായ | വിചാരിച്ച്, | അഗ്നിം ഉത്സൃജൻ | തീ പിടിപ്പിച്ച് |
| പദം | ആ സ്ഥലത്തെ | | |
| നാധിഗമ്യ | (തിരഞ്ഞിട്ടും) മനസ്സിലാക്കുവാൻ സാധിക്കാതെ | ദദാഹ | ദഹിപ്പിച്ചു. |

തത ഉത്പത്യ തരസാ ദഹ്യമാനതടാദുഭൗ
ദശൈകയോജനോത്തുംഗാന്നിപേതതുരധോ ഭുവി. 12

| | | | |
|---|---|---|---|
| ദഹ്യമാനതടാത് | വെന്തെരിയുന്ന താഴ്വരയോടുകൂടിയതും, | തരസാ | വേഗത്തോടെ |
| | | ഉത്പത്യ | കുതിച്ചുചാടി, |
| ദശൈകയോജനോത്തുംഗാത് | പതിനൊന്നു യോജനയോളം ഉയരമുള്ളതുമായ | ഉഭൗ | ഇരുവരും |
| | | അധഃ ഭുവി | താഴെ ഭൂമിയിൽ |
| തതഃ | അതിൻമുകളിൽനിന്ന് | നിപേതതുഃ | വന്നുവീണു. |

അലക്ഷ്യമാണൗ രിപുണാ സാനുഗേന യദൂത്തമൗ
സ്വപുരം പുനരായാതൗ സമുദ്രപരിഖാം നൃപ. 13

| | | | |
|---|---|---|---|
| നൃപ | രാജാവേ! | യദൂത്തമൗ | രാമകൃഷ്ണന്മാർ |
| സാനുഗേന | സേനാപരിവാരങ്ങളോടുകൂടിയ | സമുദ്രപരിഖാം | ചുറ്റും വൻകടലാവുന്ന കിടങ്ങുള്ള |
| രിപുണാ | ശത്രുവിനാൽ | സ്വപുരം | സ്വന്തം ദ്വാരകാപുരിയിലേക്ക് |
| അലക്ഷ്യമാണൗ | കാണപ്പെടാത്തവരായിട്ട് | പുനഃ ആയാതൗ | വീണ്ടും തിരിച്ചുവന്നു. |

സോഽപി ദഗ്ധാവിതി മൃഷാ മന്വാനോ ബലകേശവൗ
ബലമാകൃഷ്യ സുമഹന്മഗധാൻ മാഗധോ യയൗ. 14

| | | | |
|---|---|---|---|
| മാഗധഃ | മഗധരാജാവായ | സുമഹത് | വമ്പിച്ചതായ |
| സഃ അപി | ആ ജരാസന്ധനും | ബലം | സ്വസൈന്യത്തെ |
| ബലകേശവൗ | രാമകൃഷ്ണന്മാർ | ആകൃഷ്യ | പിൻവലിച്ച് |
| ദഗ്ധൗ ഇതി | വെന്തുപോയെന്ന് | മഗധാൻ | മഗധദേശത്തിലേക്ക് |
| മൃഷാ മന്വാനഃ | തെറ്റിദ്ധരിച്ചുകൊണ്ട് | യയൗ | തിരിച്ചുപോയി. |

ആനർത്താധിപതിഃ ശ്രീമാൻ രൈവതോ രേവതീം സുതാം
ബ്രഹ്മണാ ചോദിതഃ പ്രാദാദ്ബലായേതി പുരോദിതം. 15

| | | | |
|---|---|---|---|
| ആനർത്താധിപതിഃ | ആനർത്തദേശത്തിലെ രാജാവും, | രൈവതഃ | രൈവതൻ (രേവതപുത്രനായ കകുദ്മി) |
| ശ്രീമാൻ | സൽഗുണസമ്പന്നനുമായ | ബ്രഹ്മണാ | ബ്രഹ്മാവിനാൽ |

| | | | |
|---|---|---|---|
| ചോദിതഃ | നിയുക്തനായിട്ട് | പ്രാദാത് | വിവാഹംചെയ്തുകൊടുത്തു |
| സുതാം | സ്വപുത്രിയായ | ഇതി | എന്നുള്ളത് |
| രേവതീം | രേവതിയെ | പുരാ | ഇതിന്നുമുമ്പ് |
| ബലായ | ബലഭദ്രക്ക് | ഉദിതം | പറയപ്പെട്ടതാണല്ലൊ. |

ഭഗവാനപി ഗോവിന്ദ ഉപയേമേ കുരൂദ്വഹ
വൈദർഭീം ഭീഷ്മകസുതാം ശ്രിയോ മാത്രാം സ്വയംവരേ. 16
പ്രമഥ്യ തരസാ രാജ്ഞഃ ശാല്വാദീംശ്ചൈദ്യപക്ഷഗാൻ
പശ്യതാം സർവ്വലോകാനാം താർക്ഷ്യപുത്രഃ സുധാമിവ. 17

| | | | |
|---|---|---|---|
| കുരൂദ്വഹ | ഹേ കുരുവംശോത്തമ! | ശ്രിയഃ | ലക്ഷ്മീഭഗവതിയുടെ |
| ഭഗവാൻ | സർവ്വൈശ്വര്യനിധിയായ | മാത്രാം | അംശാവതാരഭൂതയും |
| ഗോവിന്ദഃ അപി | ശ്രീകൃഷ്ണനാകട്ടെ | ഭീഷ്മകസുതാം | ഭീഷ്മകരാജാവിന്റെ പുത്രിയുമായ രുക്മിണിയെ |
| സർവ്വലോകാനാം | സർവ്വലോകരും | താർക്ഷ്യപുത്രഃ | ഗരുഡൻ |
| പശ്യതാം | നോക്കിനില്ക്കെ, | സുധാം | അമൃതിനെ |
| ചൈദ്യപക്ഷഗാൻ | ശിശുപാലന്റെ പാർശ്വക്കാരായ | ഇവ | കൊണ്ടുപോയപോലെ |
| ശാല്വാദീൻ | ശാല്വൻ തുടങ്ങിയ | സ്വയംവരേ | സ്വയംവരോത്സവത്തിൽവെച്ച് (പിടിച്ചു കൊണ്ടുപോയി) |
| രാജ്ഞഃ | രാജാക്കന്മാരെ | | |
| തരസാ പ്രമഥ്യ | ബലത്താൽ തോല്പിച്ച്. | | |
| വൈദർഭീം | വിദർഭദേശസംജാതയും | ഉപയേമേ | വിവാഹംചെയ്തു. |

രാജോവാച=പരീക്ഷിത്ത് രാജാവു പറഞ്ഞു :—

ഭഗവാൻ ഭീഷ്മകസുതാം രുക്മിണീം രുചിരാനനാം
രാക്ഷസേന വിധാനേന ഉപയേമ ഇതി ശ്രുതം. 18

| | | | |
|---|---|---|---|
| രുചിരാനനാം | സുന്ദരമുഖിയും, | രാക്ഷസേന | 'രാക്ഷസം' എന്ന * |
| ഭീഷ്മകസുതാം | ഭീഷ്മകരാജാവിന്റെ പുത്രിയും ആയ | വിധാനേന | വിവാഹവിധിപ്രകാരം |
| രുക്മിണീം | രുക്മിണീദേവിയെ | ഉപയേമേ | പാണിഗ്രഹണംചെയ്തു |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ഇതി ശ്രുതം | എന്നു കേട്ടിരിപ്പുണ്ട്. |

* എതിരാളികളെ യുദ്ധത്തിൽ തോല്പിച്ച് കന്യകയെ ബലാൽക്കാരേണ കൊണ്ടുപോകുക എന്നതാണ് രാക്ഷസമെന്ന വിവാഹവിധി. "രാക്ഷസോ യുദ്ധഹരണാത്." സ്മൃതിവിഹിതങ്ങളായ എട്ടുതരം വിവാഹഭേദങ്ങളിൽ ഒന്നാണിത്.

ഭഗവൻ ശ്രോതുമിച്ഛാമി കൃഷ്ണസ്യാമിതതേജസഃ
യഥാ മാഗധശാല്വാദീൻ ജിത്വാ കന്യാമുപാഹരത്. 19

| | | | |
|---|---|---|---|
| ഭഗവൻ | സർവ്വജ്ഞനായ ഋഷേ! | ജിത്വാ | ജയിച്ച് |
| യഥാ | യാതൊരുവിധമാണോ | കന്യാം | കന്യകയെ |
| മാഗധ-ശാല്വാദീൻ | ജരാസന്ധൻ, ശാല്വൻ മുതലായവരെ | ഉപാഹരത് | കൊണ്ടുപോയത്, |
| | | അമിതതേജസഃ | മഹാപ്രഭാവനായ |

| | | | |
|---|---|---|---|
| കൃഷ്ണസ്യ | ശ്രീകൃഷ്ണഭഗവാന്റെ (ആ വിധമുള്ള സൽകഥയെ) | ശ്രോതും | കേൾക്കുവാൻ |
| | | ഇച്ഛാമി | ഞാനാഗ്രഹിക്കുന്നു. |

ബ്രഹ്മൻ കൃഷ്ണകഥാഃ പുണ്യാ മാധ്വീർല്ലോകമലാപഹാഃ
കോ നു തൃപ്യേത ശൃണ്വാനഃ ശ്രുതജ്ഞോ നിത്യനൂതനാഃ. 20

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രഹ്മർഷേ! | നിത്യനൂതനാഃ | എന്നും പുതുമയുള്ളവയുമായ |
| പുണ്യാഃ | പുണ്യഫലപ്രദങ്ങളും, | കൃഷ്ണകഥാഃ | ശ്രീകൃഷ്ണകഥകളെ |
| മാധ്വീഃ | ശ്രുതിമധുരങ്ങളും, | ശൃണ്വാനാഃ | കേട്ടുകൊണ്ടിരിക്കുന്ന |
| ലോകമലാപഹാഃ | മനുഷ്യലോകത്തിന്റെ പാപത്തെ പരിഹരിക്കുന്നവയും, | ശ്രുതജ്ഞഃ | അറിവുള്ള |
| | | കഃ നു | ഏതൊരാളാം |
| | | തൃപ്യേത | തൃപ്തിപ്പെടും? |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

രാജാഽഽസീദ്ഭീഷ്മകോ നാമ വിദർഭാധിപതിർമ്മഹാൻ
തസ്യ പഞ്ചാഭവൻ പുത്രാഃ കന്യൈകാ ച വരാനനാ. 21

| | | | |
|---|---|---|---|
| വിദർഭാധിപതിഃ | വിദർഭദേശത്തിന്റെ അധിപനായും, | ആസീത് | ഉണ്ടായിരുന്നു. |
| മഹാൻ | സൽഗുണങ്ങളാൽ മഹത്വമുള്ളവനായും, | തസ്യ | അദ്ദേഹത്തിന്നു് |
| ഭീഷ്മകഃ നാമ | ഭീഷ്മകനെന്നുപേരായും | പഞ്ച പുത്രാഃ | അഞ്ചു പുത്രന്മാരും, |
| രാജാ | ഒരു രാജാവു് | വരാനനാ | സുന്ദരിയായ |
| | | ഏകാ കന്യാ ച | ഒരു പുത്രിയും |
| | | അഭവൻ | ഉണ്ടായി. |

രുക്മ്യഗ്രജോ രുക്മരഥോ രുക്മബാഹുരനന്തരഃ
രുക്മകേശോ രുക്മമാലീ രുക്മിണ്യേഷാം സ്വസാ സതീ. 22

| | | | |
|---|---|---|---|
| രുക്മീ | രുക്മിയെന്നവൻ | രുക്മമാലീ | അവന്റെ അനുജൻ രുക്മമാലി. |
| അഗ്രജഃ | ജ്യേഷ്ഠനാണ്. | സതീ | സൽഗുണവതിയായ |
| അനന്തരഃ | അവന്റെ അനുജൻ | രുക്മിണീ | രുക്മിണി |
| രുക്മരഥഃ | രുക്മരഥൻ. | ഏഷാം | ഇവരുടെയെല്ലാം |
| രുക്മബാഹുഃ | അവന്റെ അനുജൻ രുക്മബാഹു. | സ്വസാ | സോദരിയും. |
| രുക്മകേശഃ | അവന്റെ അനുജൻ രുക്മകേശൻ. | | |

സോപശ്രുത്യ മുകുന്ദസ്യ രൂപവീര്യഗുണശ്രിയഃ
ഗൃഹാഗതൈർഗ്ഗീയമാനാസ്തം മേനേ സദൃശം പതിം. 23

| | | | |
|---|---|---|---|
| സാ | അവൾ | രൂപവീര്യഗുണശ്രിയഃ | സൌന്ദര്യം, പ്രഭാവം, ഗാംഭീര്യാദിഗുണങ്ങൾ, സമ്പന്നത എന്നിങ്ങനെയുള്ളവയെ |
| ഗൃഹാഗതൈഃ | തന്റെ ഗൃഹത്തിൽ വന്നിരുന്ന പലരാലും | | |
| ഗീയമാനാഃ | പുകഴ്ത്തിപ്പറയപ്പെടുന്ന | | |
| മുകുന്ദസ്യ | ശ്രീകൃഷ്ണഭഗവാന്റെ | ഉപശ്രുത്യ | തുടരെക്കേട്ടു്, |

| | | | |
|---|---|---|---|
| തം | ഭഗവാനെത്തന്നെ | പതിം | ഭർത്താവായിട്ട് |
| സദൃശം | തനിക്കുചേർന്ന | മേനേ | ഉള്ളിൽ കരുതി. |

താം ബുദ്ധിലക്ഷണൌദാര്യരൂപശീലഗുണാശ്രയാം
കൃഷ്ണശ്ച സദൃശീം ഭാര്യാം സമുദ്വോഢും മനോ ദധേ. 24

| | | | |
|---|---|---|---|
| കൃഷ്ണഃ ച | ശ്രീകൃഷ്ണനും | (ഉപശ്രുത്യ) | കേട്ടറിഞ്ഞ് |
| താം | അവളെപ്പററി | സദൃശീം | തനിക്കനുരൂപയായ |
| ബുദ്ധിലക്ഷണൌദാര്യരൂപശീലഗുണാശ്രയാം | ബുദ്ധി, ലക്ഷണം, ഔദാര്യം, സൌന്ദര്യം, സൌശീല്യം, എന്നിവയ്ക്കു ആശ്രയഭൂതയായവളാണെന്ന് | ഭാര്യാം | പത്നിയായിട്ട് |
| | | (മത്വാ) | കരുതി, |
| | | സമുദ്വോഢും | അവളെ വിവാഹം ചെയ്യുവാൻ |
| | | മനഃ ദധേ | ഉദ്ദേശിച്ചിരുന്നു. |

ബന്ധൂനാമിച്ഛതാം ദാതും കൃഷ്ണായ ഭഗിനീം നൃപ
തതോ നിവാര്യ കൃഷ്ണദ്വിഡ് രുക്മീ ചൈദ്യമമന്യത. 25

| | | | |
|---|---|---|---|
| നൃപ | രാജാവേ! | രുക്മീ തതഃ | രുക്മി അതിനെ |
| ബന്ധൂനാം | അച്ഛനമ്മമാരും മററു വേണ്ടപ്പെട്ടവരുമൊക്കെ | നിവാര്യ | തടഞ്ഞ് |
| | | ഭഗിനീം | തന്റെ സഹോദരിയെ |
| കൃഷ്ണായ ദാതും | ശ്രീകൃഷ്ണന്ന് കൊടുക്കുവാൻ | (ദാതും) | കൊടുക്കുവാൻ |
| ഇച്ഛതാം | ആഗ്രഹം കൊണ്ടിരിക്കെ, | ചൈദ്യം | ശിശുപാലനെ |
| കൃഷ്ണദ്വിട് | കൃഷ്ണവിദ്വേഷിയായ | അമന്യത | കരുതിവെച്ചു. |

തദവേത്യാസിതാപാംഗീ വൈദർഭീ ദുർമ്മനാ ഭൃശം
വിചിന്ത്യാപ്തം ദ്വിജം കഞ്ചിത് കൃഷ്ണായ പ്രാഹിണോദ് ദ്രുതം. 26

| | | | |
|---|---|---|---|
| തത് അവേത്യ | അതറിഞ്ഞ് | ആപ്തം | അവിടെ എത്തിയ (വിശ്വസ്തനായ) |
| അസിതാപാംഗീ | നീലക്കൺകോണുള്ള | | |
| വൈദർഭീ | രുക്മിണി | കഞ്ചിത് ദ്വിജം | ഒരു ബ്രാഹ്മണനെ |
| ഭൃശം | അത്യന്തം | ദ്രുതം | അതിവേഗം |
| ദുർമ്മനാഃ | വ്യാകുലചിത്തയായിട്ട്, | കൃഷ്ണായ | ശ്രീകൃഷ്ണാന്തികത്തിലേക്ക് |
| വിചിന്ത്യ | നന്നായാലോചിച്ചശേഷം | പ്രാഹിണോത് | പറഞ്ഞയച്ചു. |

ദ്വാരകാം സ സമഭ്യേത്യ പ്രതീഹാരൈഃ പ്രവേശിതഃ
അപശ്യദാദ്യം പുരുഷമാസീനം കാഞ്ചനാസനേ. 27

| | | | |
|---|---|---|---|
| സഃ ദ്വാരകാം | അദ്ദേഹം ദ്വാരകയിലേക്ക് | കാഞ്ചനാസനേ | സ്വർണ്ണസിംഹാസനത്തിൽ |
| സമഭ്യേത്യ | എത്തിച്ചേർന്ന്, | | |
| പ്രതീഹാരൈഃ | ദ്വാരപാലന്മാരാൽ | ആസീനം | ഇരുന്നരുളുന്ന |
| പ്രവേശിതഃ | അകത്തേക്ക് പ്രവേശിപ്പിക്കപ്പെട്ടിട്ട് | ആദ്യം പുരുഷം | ആദിപുരുഷനെ |
| | | അപശ്യത് | കണ്ടു. |

ദൃഷ്ട്വാ ബ്രഹ്മണ്യദേവസ്തമവരുഹ്യ നിജാസനാത്
ഉപവേശ്യാർഹയാഞ്ചക്രേ യഥാऽऽത്മാനം ദിവൌകസഃ. 28

| | |
|---|---|
| ബ്രഹ്മണ്യദേവഃ | ശ്രീകൃഷ്ണൻ |
| തം | ആ ബ്രാഹ്മണനെ |
| ദൃഷ്ട്വാ | കണ്ടു് |
| നിജാസനാത് | തൻെറ സിംഹാസനത്തിൽനിന്നു് |
| അവരുഹ്യ | താഴെയിറങ്ങി, |
| ഉപവേശ്യ | ബ്രാഹ്മണനെ ഇരുത്തി, |
| ദിവൌകസഃ | ദേവന്മാർ |
| ആത്മാനം | തന്നെ |
| യഥാ | എതുവിധം ആരാധിക്കുന്നുവോ അതുപോലെ |
| അർഹയാഞ്ചക്രേ | അദ്ദേഹത്തെ ആരാധിച്ചു. |

തം ഭുക്തവന്തം വിശ്രാന്തമുപഗമ്യ സതാം ഗതിഃ
പാണിനാऽഭിമൃശൻ പാദാവവ്യഗ്രസ്തമപൃച്ഛത. 29

| | |
|---|---|
| വിശ്രാന്തം | യാത്രാക്ഷീണം തീർത്തവനായും, |
| ഭുക്തവന്തം | ഭക്ഷണം കഴിഞ്ഞവനായും ഇരിക്കുന്ന |
| തം | ആ ബ്രാഹ്മണനെ |
| സതാം | സദാചാരനിഷ്ഠയുള്ളവക്ക് |
| ഗതിഃ | പ്രാപ്യസ്ഥാനമായുള്ള ഭഗവാൻ |
| ഉപഗമ്യ | സമീപിച്ചു്, |
| പാണിനാ | തൻെറ കൈകളാൽ |
| പാദൌ | അദ്ദേഹത്തിൻെറ കാലുകളെ |
| അഭിമൃശൻ | തടവിക്കൊടുത്തുകൊണ്ടു് |
| അവ്യഗ്രഃ | വ്യഗ്രതകൂടാതെ |
| തം | അദ്ദേഹത്തോടു് |
| അപൃച്ഛത | ഇങ്ങനെ ചോദിച്ചു. |

കച്ചിദ്ദ്വിജവരശ്രേഷ്ഠ ധർമ്മസ്തേ വൃദ്ധസമ്മതഃ
വർത്തതേ നാതികൃച്ഛ്രേണ സംതുഷ്ടമനസഃ സദാ. 30

| | |
|---|---|
| ദ്വിജവരശ്രേഷ്ഠ | "ഹേ ബ്രാഹ്മണോത്തമ! |
| നാതികൃച്ഛ്രേണ | അനായാസേനയുള്ള ലാഭത്താൽ |
| സദാ | എപ്പോഴും |
| സന്തുഷ്ടമാനസഃ | മനസ്സന്തോഷത്തോടു കൂടിയിരിക്കുന്ന |
| തേ | അങ്ങയ്ക്കു് |
| വൃദ്ധസമ്മതഃ | പൂർവ്വികന്മാരാൽ ആദൃതമായ |
| ധർമ്മഃ | കുലധർമ്മം |
| കച്ചിത് വർത്തതേ | നിലനിന്നുപോരുന്നില്ലേ? |

സംതുഷ്ടോ യർഹി വർത്തേത ബ്രാഹ്മണോ യേന കേനചിത്
അഹീയമാനഃ സ്വാദ്ധർമ്മാത് സ ഹ്യസ്യാഖിലകാമധുക്. 31

| | |
|---|---|
| യേന കേനചിത് | "ഏതെങ്കിലും വിധത്തിൽ അനായാസലബ്ധമായുള്ള ജീവിതവൃത്തികൊണ്ടു് |
| സന്തുഷ്ടഃ | സന്തുഷ്ടനായും, |
| സ്വാത് | സ്വകീയമായ |
| ധർമ്മാത് | ധർമ്മത്തിൽനിന്നു് |
| അഹീയമാനഃ | ഭ്രംശിക്കാത്തവനായും |
| ബ്രാഹ്മണഃ | ബ്രാഹ്മണൻ |
| യർഹി വർത്തേത | വർത്തിക്കുകയാണെങ്കിൽ |
| സഃ ഹി | അതുതന്നെ |
| അസ്യ | ഈ ലോകത്തിന്നു് |
| അഖിലകാമധുക് | സകലാഭീഷ്ടങ്ങളേയും ഉൽപാദിപ്പിക്കുന്നതാകുന്നു. |

അസന്തുഷ്ടോഽസകൃല്ലോകാനാപ്നോത്യപി സുരേശ്വരഃ
അകിഞ്ചനോഽപി സന്തുഷ്ടഃ ശേതേ സർവ്വാംഗവിജ്വരഃ. 32

അസന്തുഷ്ടഃ — "സന്തോഷമില്ലാത്തവനായിരുന്നാൽ
സുരേശ്വരഃ അപി — ദേവരാജാവുപോലും
അസകൃത് — പലവട്ടം
ലോകാൻ — പല ലോകങ്ങളേയും
ആപ്നോതി — തേടിനടക്കുന്നതാണ്.
സന്തുഷ്ടഃ — സന്തോഷമുള്ളവനായിരുന്നാൽ
അകിഞ്ചനഃ അപി — മഹാദരിദ്രൻപോലും
സർവ്വാംഗവിജ്വരഃ — എല്ലാതരം സന്താപവും അകന്നവനായിട്ട്
ശേതേ — സുഖനിദ്രകൊള്ളുന്നു.

വിപ്രാൻ സ്വലാഭസന്തുഷ്ടാൻ സാധൂൻ ഭൂതസുഹൃത്തമാൻ
നിരഹങ്കാരിണഃ ശാന്താൻ നമസ്യേ ശിരസാഽസകൃത്. 33

സ്വലാഭസന്തുഷ്ടാൻ — "സ്വയം ലബ്ധമായ ധനത്താൽ സന്തോഷിച്ചിരിക്കുന്നവരും,
സാധൂൻ — സദാചാരനിഷ്ഠയുള്ളവരും,
ഭൂതസുഹൃത്തമാൻ — സർവ്വജീവജാലങ്ങളുടേയും ഉത്തമബന്ധുക്കളായിരിക്കുന്നവരും,
ശാന്താൻ — ശാന്തന്മാരും,
നിരഹങ്കാരിണഃ — അഹങ്കാരമില്ലാത്തവരുമായ
വിപ്രാൻ — ബ്രാഹ്മണരെ
അസകൃത് — പലവുരു
ശിരസാ — ശിരസ്സാൽ
നമസ്യേ — ഞാൻ നമസ്കരിച്ചുകൊള്ളും.

കച്ചിദ്വഃ കുശലം ബ്രഹ്മൻ രാജതോ യസ്യ ഹി പ്രജാഃ
സുഖം വസന്തി വിഷയേ പാല്യമാനാഃ സ മേ പ്രിയഃ. 34

ബ്രഹ്മൻ — "ഹേ ബ്രാഹ്മണ!
വഃ — നിങ്ങൾക്കെല്ലാം
രാജതഃ — രാജാവിങ്കൽനിന്ന്
കച്ചിത് കുശലം — ക്ഷേമംതന്നെയല്ലേ?
യസ്യ — ഏതുരാജാവിന്റെ
വിഷയേ — നാട്ടിലാണോ
പാല്യമാനാഃ — നന്നായി പാലിക്കപ്പെട്ടുകൊണ്ടിരിക്കുന്ന
പ്രജാഃ — പ്രജകൾ
സുഖം — സുഖമാകുംവണ്ണം
വസന്തി — വസിക്കുന്നത്,
സഃ ഹി — ആ രാജാവുതന്നെയാണ്
മേ — എനിക്ക്
പ്രിയഃ — ഇഷ്ടനായവൻ.

യതസ്ത്വമാഗതോ ദുർഗ്ഗം നിസ്തീർയ്യേഹ യദിച്ഛയാ
സർവ്വം നോ ബ്രൂഹ്യഗുഹ്യം ചേത് കിം കാർയ്യം കരവാമ തേ. 35

ത്വം — "താങ്കൾ
യതഃ — എങ്ങുനിന്ന്
യദിച്ഛയാ — എന്താഗ്രഹംകൊണ്ട്
ദുർഗ്ഗം — ദുർഗ്ഗമമായ സമുദ്രമാർഗ്ഗത്തെ
നിസ്തീർയ്യ — കടന്ന്
ഇഹ — ഇവിടേക്ക്
ആഗതഃ — വന്നതാണ്?
അഗുഹ്യം ചേത് — ഗോപ്യമല്ലെങ്കിൽ
സർവ്വം — അതുമുഴുവനും
നഃ — നമ്മോട്
ബ്രൂഹി — തുറന്നുപറയുക.
തേ — താങ്കൾക്കുവേണ്ടി
കിം കാർയ്യം — എന്തു കർത്തവ്യത്തെ
കരവാമ — നാം ചെയ്യേണ്ടതുണ്ട്?"

ഏവം സംപൃഷ്ടസംപ്രശ്നോ ബ്രാഹ്മണഃ പരമേഷ്ഠിനാ
ലീലാഗൃഹീതദേഹേന തസ്മൈ സർവ്വമവർണ്ണയത്. 36

| | | | |
|---|---|---|---|
| ലീലാഗൃഹീത- } | ലീലാർത്ഥം മർത്ത്യദേഹം | ബ്രാഹ്മണഃ | ബ്രാഹ്മണൻ |
| ദേഹേന } | ധരിച്ചിരിക്കുന്ന | തസ്മൈ | അവിടുത്തോട് |
| പരമേഷ്ഠിനാ | സർവ്വേശ്വരനാൽ | സർവ്വം | എല്ലാ സംഗതിയും |
| ഏവം | ഇപ്രകാരം | അവർണ്ണയത് | വിസ്തരിച്ചുപറഞ്ഞു. |
| സംപൃഷ്ട- } | ചോദിക്കപ്പെട്ട കുശല | | |
| സംപ്രശ്നഃ } | പ്രശ്നത്തോടുകൂടിയ | | |

"രുക്മിണ്യുവാച=രുക്മിണി പറഞ്ഞിരിക്കുന്നു.

(രുക്മിണിയെ അവളുടെ അച്ഛനമ്മമാരും മററും ശ്രീകൃഷ്ണനു വിവാഹം ചെയ്തുകൊടുക്കണമെന്ന് അതിയായി ആഗ്രഹിക്കുന്നുവെന്നും, പക്ഷേ സഹോദരനായ രുക്മി അവളെ ശിശുപാലനു കൊടുപ്പാൻ നിർബ്ബന്ധിച്ചിരിക്കുകയാണെന്നും മററുമുള്ള എല്ലാ വൃത്താന്തവും ബ്രാഹ്മണൻ ഭഗവാനോടു വിസ്തരിച്ചുപറഞ്ഞതിൽപ്പിന്നെ രുക്മിണിയുടെ അഭ്യർത്ഥനാരൂപത്തിലുള്ള സന്ദേശത്തെ പ്രത്യേകം പറഞ്ഞുധരിപ്പിക്കുന്നു.)

ശ്രുത്വാ ഗുണാൻ ഭുവനസുന്ദര ശൃണ്വതാം തേ
നിർവ്വിശ്യ കർണ്ണവിവരൈർഹരതോഽങ്ഗതാപം
രൂപം ദൃശാം ദൃശിമതാമഖിലാർത്ഥലാഭം
ത്വയ്യച്യുതാവിശതി ചിത്തമപത്രപം മേ. 37

| | | | |
|---|---|---|---|
| ഭുവനസുന്ദര | ലോകൈകസുന്ദര ! | ദൃശിമതാം | കണ്ണുള്ളവരുടെ |
| അച്യുത | ഹേ അച്യുത ! | ദൃശാം | കൺകൾക്ക് |
| ശൃണ്വതാം | കേൾക്കുന്നവരുടെ | അഖിലാർത്ഥലാഭം | സകല പുരുഷാർത്ഥങ്ങളുടേയും നേട്ടമുണ്ടാക്കി കൊടുക്കുന്നതായ |
| കർണ്ണവിവരൈഃ | ശ്രോത്രദ്വാരങ്ങളിലൂടെ | | |
| നിർവ്വിശ്യ | ഉള്ളിലേക്കു കടന്ന് | രൂപം ശ്രുത്വാ | രൂപത്തേയും കേട്ട് |
| അങ്ഗതാപം | സർവ്വാംഗസന്താപത്തെ | മേ ചിത്തം | എന്റെ മനസ്സ് |
| ഹരതഃ | പരിഹരിക്കുന്ന | അപത്രപം | ലജ്ജയകന്ന് |
| തേ | ഭവാന്റെ | ത്വയി | ഭവാനിൽ |
| ഗുണാൻ | ഗുണങ്ങളേയും, | ആവിശതി | ആസക്തമായിരിക്കുന്നു. |

കാ ത്വാ മുകുന്ദ മഹതീ കുലശീലരൂപ-
വിദ്യാവയോദ്രവിണധാമഭിരാത്മതുല്യം
ധീരാ പതിം കുലവതീ ന വൃണീത കന്യാ
കാലേ നൃസിംഹ നരലോകമനോഭിരാമം. 38

| | | | |
|---|---|---|---|
| മുകുന്ദ | "ഹേ മുക്തിദാതാവേ ! | കാ നാമ കന്യാ | ഏതൊരു കന്യകയാണ് |
| നൃസിംഹ | പുരുഷസിംഹമേ ! | കുലശീല- } | കുലം, ശീലം, സൌന്ദ |
| കുലവതീ | കുലീനയും, | രൂപവിദ്യാ- } | ര്യം, വിദ്യ, താരുണ്യം, |
| മഹതീ | മഹാഗുണശാലിനിയും, | വയോദ്രവിണ- } | സമ്പത്ത്, പ്രാഭവം എ |
| ധീരാ | മനസ്സുറപ്പുള്ളവളും ആയ | ധാമഭിഃ } | ന്നിവയാൽ |

| | | | |
|---|---|---|---|
| ആത്മതുല്യം | തനിക്കൊത്തവനും (അദ്വിതീയനും) | ത്വാ | അങ്ങയെ |
| നരലോകമനോഭിരാമം | മനുഷ്യസമുദായത്തിന്റെ മനസ്സിന്നു് ആഹ്ലാദമേകുന്നവനുമായ | കാലേ | തക്കകാലംവരുമ്പോൾ |
| | | പതിം | ഭർത്താവായിട്ട് |
| | | ന വൃണീത | വരിക്കാതിരിക്കുക ? |

തന്മേ ഭവാൻ ഖലു വൃതഃ പതിരംഗ ജായാ-
മാത്മാർപ്പിതശ്ച ഭവതോഽത്ര വിഭോ വിധേഹി
മാ വീരഭാഗമഭിമർശതു ചൈദ്യ ആരാദ്-
ഗോമായുവന്മൃഗപതേർബ്ബലിമംബുജാക്ഷ. 39

| | | | |
|---|---|---|---|
| തത് | "ആകയാൽ | വിധേഹി | കൈക്കൊണ്ടാലും. |
| അംഗ | ഹേ പ്രിയതമ ! | അംബുജാക്ഷ | അല്ലയോ ചെന്താമരക്കണ്ണ! |
| മേ | എന്നാൽ | മൃഗപതേഃ | സിംഹത്തിന്റെ |
| ഭവാൻ ഖലു | ഭവാൻതന്നെയാണ് | ബലിം | പങ്കിനെ |
| പതിഃ | ഭർത്താവായിട്ട് | ഗോമായുവത് | കുറുക്കൻ വന്നു തൊടുന്നപോലെ |
| വൃതഃ | വരിക്കപ്പെട്ടിരിക്കുന്നതു. | | |
| ആത്മാ | എന്റെ ഉടലും ഉയിരും | വീരഭാഗം | വീരപുരുഷനായ ഭവാന്റെ ഭാഗമായിരിക്കുന്ന എന്നെ |
| ഭവതഃ | ഭവാന്നുവേണ്ടി | | |
| അർപ്പിതഃ ച | അർപ്പിക്കപ്പെടുകയും ചെയ്തുകഴിഞ്ഞു. | ചൈദ്യഃ | ചേദിരാജാവു് |
| വിഭോ അത്ര | നാഥ ! ഇങ്ങു് വന്നു് | ആരാത് | അടുത്തുവന്നു് |
| ജായാം | എന്നെ ഭാര്യയാക്കി | മാ അഭിമർശതു | തൊട്ടുപോകരുതു്. |

പൂർത്തേഷ്ടദത്തനിയമവ്രതദേവവിപ്ര-
ഗുർവ്വർച്ചനാദിഭിരലം ഭഗവാൻ പരേശഃ
ആരാധിതോ യദി ഗദാഗ്രജ ഏത്യ പാണിം
ഗൃഹ്ണാതു മേ ന ദമഘോഷസുതാദയോഽന്യേ. 40

| | | | |
|---|---|---|---|
| പൂർത്തേഷ്ടദത്തനിയമവ്രതദേവവിപ്രഗുർവ്വർച്ചനാദിഭിഃ | "പൂർത്തം, ഇഷ്ടം, ദാനം, നിയമം, വ്രതം, ദേവാർച്ചന, ബ്രാഹ്മണസമാരാധന, ഗുരുശുശ്രൂഷ എന്നു തുടങ്ങിയ പുണ്യകർമ്മങ്ങളെക്കൊണ്ടു് * | യദി ആരാധിതഃ | എന്നാൽ ആരാധിക്കപ്പെട്ടിരിക്കുന്നുവെങ്കിൽ |
| | | ഗദാഗ്രജഃ ഏത്യ | ശ്രീകൃഷ്ണൻതന്നെ വന്നു, |
| | | മേ പാണിം | എന്റെ കൈ |
| | | ഗൃഹ്ണാതു | പിടിക്കട്ടെ ; |
| പരേശഃ | പരമേശ്വരനായ | ദമഘോഷസുതാദയഃ | ശിശുപാലാദികളായ |
| ഭഗവാൻ | ശ്രീഭഗവാൻ | അന്യേ | വേറെ വല്ലവരും |
| അലം | മതിയാംവണ്ണം | ന | അതു ചെയ്യാതിരിക്കട്ടെ. |

* പൂർത്തം=പരോപകാരാർത്ഥം കിണറും കുളവും കുഴിപ്പിക്കുക, ദേവാലയങ്ങൾ നിർമ്മിക്കുക ഇത്യാദി സ്മൃതിപ്രചോദിതമായ കർമ്മം. ഇഷ്ടം=അഗ്നിഹോത്രാദിവൈദികകർമ്മം. നിയമം=തീർത്ഥസ്നാനാദി.

ശ്വോഭാവിനി ത്വമജിതോദ്വഹനേ വിദർഭാൻ
ഗുപ്തഃ സമേത്യ പൃതനാപതിഭിഃ പരീതഃ
നിർമ്മഥ്യ ചൈദ്യമഗധേന്ദ്രബലം പ്രസഹ്യ
മാം രാക്ഷസേന വിധിനോദ്വഹ വീര്യശുല്കാം. 41

| | | | |
|---|---|---|---|
| അജിത | "ഹേ അജിത! | | സൈനികശക്തിയെ |
| ഉദ്വഹനേ | വിവാഹം | നിർമ്മഥ്യ | തിരെ തകർത്തുകളഞ്ഞ്, |
| ശ്വോഭാവിനി | അടുത്തനാൾ നടക്കുമ്പോൾ | വീര്യശുല്കാം | ഭവാന്റെ വീരതാപ്രദർശനമാവുന്ന ശുല്കത്തോടുകൂടിയവളായ |
| ത്വം ഗുപ്തഃ | ഭവാൻ ആരുമറിയാതെ | | |
| വിദർഭാൻ | വിദർഭരാജ്യത്തിലേക്ക് | | |
| സമേത്യ | വന്നിട്ട്, | മാം | എന്നെ |
| പൃതനാപതിഭിഃ | സേനാപതികളാൽ | രാക്ഷസേന | രാക്ഷസമെന്ന |
| പരീതഃ | പരിവൃതനായിനിന്ന്, | വിധിനാ | വിധിപ്രകാരം |
| ചൈദ്യ–മഗധേന്ദ്രബലം | ചേദിരാജാവിന്റെയും മഗധരാജാവിന്റെയും | പ്രസഹ്യ | ബലാൽക്കാരേണ |
| | | ഉദ്വഹ | വേട്ടുകൊണ്ടുപോകുക. |

അന്തഃപുരാന്തരചരീമനിഹത്യ ബന്ധൂം-
സ്ത്വാമുദ്വഹേ കഥമിതി പ്രവദാമ്യുപായം
പൂർവ്വേദ്യുരസ്തി മഹതീ കുലദേവിയാത്രാ
യസ്യാം ബഹിർന്നവവധൂർഗ്ഗിരിജാമുപേയാത്. 42

| | | | |
|---|---|---|---|
| അന്തഃപുരാ–ന്തരചരീം | 'അന്തഃപുരത്തിനകത്ത് ഒതുങ്ങിക്കഴിയുന്ന | പൂർവ്വേദ്യുഃ | വിവാഹത്തിന്റെ തലയ്യുനാൾ |
| ത്വാം | നിന്നെ | മഹതീ | കേമമായിട്ട് |
| ബന്ധൂൻ | ബന്ധുജനങ്ങളെ | കുലദേവിയാത്രാ | കുലദേവതാസന്നിധിയിലേക്ക് ഒരു യാത്ര |
| അനിഹത്യ | വധിക്കാതെ | അസ്തി | ഉണ്ട്. |
| കഥം | എങ്ങനെയാണ് | യസ്യാം | ആ യാത്രയിൽ |
| ഉദ്വഹേ | ഞാൻ വേൾക്കുക' | നവവധൂഃ | നവവധു |
| ഇതി | എന്നാണെങ്കിൽ | ബഹിഃ | പുരത്തിൽനിന്നു പുറത്ത് |
| ഉപായം | അതിനുള്ള യുക്തി | ഗിരിജാം | ശ്രീപാർവ്വതിയെ |
| പ്രവദാമി | പറഞ്ഞുതരാം. | ഉപേയാത് | തൊഴാൻ പോകണം. |

നോട്ട്:— 'വിവാഹദിവസത്തിന്റെ തലയ്യുനാൾ നവവധുവായ ഞാൻ ദേവീദർശനാർത്ഥം അന്തഃപുരത്തിൽനിന്ന് പുറത്തിറങ്ങുമല്ലോ. ആ തക്കം നോക്കി ദേവാലയപരിസരത്തിൽനിന്ന് എന്നെ കൊണ്ടുപോകുന്ന പക്ഷം എന്റെ ബന്ധുജനങ്ങളോട് ഏറ്റുമുട്ടേണ്ടതായി വരുന്നതല്ല' എന്നു സാരം.

എന്റെ ഈ വിനീതമായ അഭ്യർത്ഥനയെ ഭവാൻ ചെവിക്കൊള്ളുന്നില്ലെങ്കിൽ—

യസ്യാംഘ്രിപങ്കജരജഃസ്നപനം മഹാന്തോ
വാഞ്ഛന്ത്യുമാപതിരിവാത്മതമോഽപഹത്യൈ
യർഹ്യംബുജാക്ഷ ന ലഭേയ ഭവത്പ്രസാദം
ജഹ്യാമസൂൻ വ്രതകൃശാൻ ശതജന്മഭിഃ സ്യാത്. 43

| | |
|---|---|
| അംബുജാക്ഷ | 'ഹേ ചെന്താമരക്കണ്ണ! |
| യസ്യ | യാതൊരു ഭവാന്റെ |
| അങ്ഘ്രി-<br>പങ്കജരജഃ-<br>സ്നപനം | തൃപ്പാദകമലങ്ങളിലെ<br>പൊടിയിൽ കുളിക്കുക<br>എന്നതു് |
| ആത്മതമോ-<br>പഹത്യൈ | തങ്ങൾക്കുള്ള അജ്ഞാന<br>ത്തെ അകററുന്നതിനു് |
| ഉമാപതിഃ | പരമശിവൻ |
| ഇവ | പോലെയുള്ള |
| മഹാന്തഃ | മഹാന്മാർപോലും |
| വാഞ്ഛന്തി | ആഗ്രഹിച്ചുകൊണ്ടിരി<br>ക്കുന്നുവോ |
| ഭവത്പ്രസാദം | അങ്ങനെയുള്ള ഭവാന്റെ<br>പ്രസാദത്തെ |
| യർഹി<br>ന ലഭേയ | ലഭിക്കാതെ വരുന്ന<br>പക്ഷം |
| വ്രതകൃശാൻ | വ്രതങ്ങൾകൊണ്ടു്<br>കൃശമായിത്തീർന്ന |
| അസൂൻ | പ്രാണനെ |
| ജഹ്യാം | ഞാൻ വെടിഞ്ഞേക്കും. |
| ശതജന്മഭിഃ | അങ്ങനെ അനേക<br>ജന്മങ്ങളാൽ |
| സ്യാത് | ആ പ്രസാദം ഉണ്ടാകും." |

സാരം:— 'ഭവൽപ്രസാദമാണ് എന്റെ ജീവിതലക്ഷ്യം. ഈ ജന്മത്തിൽ അതു് കൈവന്നില്ലെങ്കിൽ ഞാൻ അതിന്നായി വ്രതമെടുത്തു മരിക്കും. പുനർജ്ജന്മങ്ങളിലും അതു തന്നെ തുടരും. അങ്ങനെ ബഹുജന്മങ്ങളാൽ ഭവൽപ്രസാദം നേടുകതന്നെ ചെയ്യും' എന്നു സാരം.

ബ്രാഹ്മണ ഉവാച=ബ്രാഹ്മണൻ പറഞ്ഞു :—

ഇത്യേതേ ഗുഹ്യസന്ദേശാ യദുദേവ മയാऽऽഹൃതാഃ
വിമൃശ്യ കർത്തും യച്ചാത്ര ക്രിയതാം തദനന്തരം. 44

| | |
|---|---|
| യദുദേവ | ഹേ യദൂത്തമ ! |
| ഇതി ഏതേ | ഈവിധത്തിലുള്ള |
| ഗുഹ്യസന്ദേശാഃ | ഗൂഢസന്ദേശങ്ങളാണ് |
| മയാ | എന്നാൽ |
| ആഹൃതാഃ | കൊണ്ടുവരപ്പെട്ടിരിക്കുന്നതു്. |
| അത്ര | ഇക്കാര്യത്തിൽ |
| യത് | യാതൊന്നാണോ |
| കർത്തും | ചെയ്യുവാൻ ഉചിതമായതു് |
| തത് വിമൃശ്യ | അതു് ആലോചിച്ചു് |
| അനന്തരം | അടുത്ത ക്ഷണത്തിൽ |
| ക്രിയതാം ച | ചെയ്യപ്പെടേണ്ടതുമാണ് |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ (ഉത്തരാർദ്ധേ)
രുക്മിണ്യുദ്വാഹേ ദ്വിപഞ്ചാശത്തമോऽധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2179.

## ത്രിപഞ്ചാശത്തമോऽദ്ധ്യായഃ—അമ്പത്തിമൂന്നാമദ്ധ്യായം.

[ത്രിപഞ്ചാശത്തമേ ഗത്വാ വിദർഭാനദ്ഭുതേഹിതഃ
രുക്മിണീമഹരത് കൃഷ്ണോ മിഷതാം ദ്വിഷതാം ബലാത്.]

(രുക്മിണീഹരണം)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

വൈദർഭ്യാഃ സ തു സന്ദേശം നിശമ്യ യദുനന്ദനഃ
പ്രഗൃഹ്യ പാണിനാ പാണിം പ്രഹസന്നിദമബ്രവീത് 1

| | | | |
|---|---|---|---|
| യദുനന്ദനഃ | യദുവംശജനായ | പാണിം | വിപ്രകരത്തെ |
| സഃ തു | ആ ഭഗവാനാകട്ടെ | പ്രഗൃഹ്യ | പിടിച്ച് |
| വൈദർഭ്യാഃ | വിദർഭരാജകുമാരിയുടെ | പ്രഹസൻ | പുഞ്ചിരിതൂകിക്കൊണ്ട് |
| സന്ദേശം നിശമ്യ | സന്ദേശത്തെ കേട്ട് | ഇദം | ഈവിധം |
| പാണിനാ | തൻകരത്താൽ | അബ്രവീത് | പറഞ്ഞു. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

തഥാഽഹമപി തച്ചിത്തോ നിദ്രാം ച ന ലഭേ നിശി
വേദാഹം രുക്മിണാ ദ്വേഷാന്മമോദ്വാഹോ നിവാരിതഃ. 2

| | | | |
|---|---|---|---|
| അഹം അപി | ഞാനും | നിദ്രാം ച | നിദ്രയെപ്പോലും |
| തഥാ | അതുപോലെയാണ്. | ന ലഭേ | ലഭിക്കാതെയിരിക്കുന്നു |
| | (രുക്മിണി എന്നെ ആഗ്രഹിക്കുന്നതെതുപോലെയോ, അതുപോലെയാണ്) | ദ്വേഷാത് | വിരോധം നിമിത്തം |
| | | രുക്മിണാ | രുക്മിയാൽ |
| | | മമ ഉദ്വാഹഃ | എന്റെ വിവാഹം |
| തച്ചിത്തഃ | അവളിൽ മനസ്സിണങ്ങിയ ഞാൻ | നിവാരിതഃ | മുടക്കപ്പെട്ടതാണെന്ന് |
| | | അഹം | ഞാൻ |
| നിശി | രാത്രിയിൽ | വേദ | അറിയുന്നുണ്ട്. |

താമാനയിഷ്യ ഉന്മഥ്യ രാജന്യാപസദാൻ മൃധേ
മത്പരാമനവദ്യാംഗീമേധസോഽഗ്നിശിഖാമിവ. 3

| | | | |
|---|---|---|---|
| രാജന്യാപസദാൻ | ക്ഷത്രിയരിൽ അധമന്മാരായ ശിശുപാലാദികളെ | താം | അവളെ |
| | | ഏധസഃ | ഉണക്കുവിറകിൽനിന്ന് |
| മൃധേ ഉന്മഥ്യ | യുദ്ധത്തിൽ തോല്പിച്ച് | അഗ്നിശിഖാം | അഗ്നിജ്വാലയെ |
| മത്പരാം | എന്നിൽ ആസക്തയും | ഇവ | എന്നപോലെ |
| അനവദ്യാംഗീ | സുന്ദരഗാത്രിയുമായ | ആനയിഷ്യേ | കൊണ്ടുപോരുന്നുണ്ട്. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഉദ്വാഹർക്ഷം ച വിജ്ഞായ രുക്മിണ്യാ മധുസൂദനഃ
രഥഃ സംയുജ്യതാമാശു ദാരുകേത്യാഹ സാരഥിം. 4

| | | | |
|---|---|---|---|
| മധുസൂദനഃ | ശ്രീകൃഷ്ണൻ | സാരഥിം | സാരഥിയെ |
| രുക്മിണ്യാഃ | രുക്മിണിയുടെ | ആഹ | വിളിച്ചുപറഞ്ഞു— |
| ഉദ്വാഹർക്ഷം ച | വിവാഹത്തിനു നിശ്ചയിച്ച നാളുംകൂടി | ദാരുക | 'ദാരുക! |
| | | ആശു രഥഃ | അതിവേഗം തേർ |
| വിജ്ഞായ | (ബ്രാഹ്മണനിൽനിന്ന്) അറിഞ്ഞശേഷം | സംയുജ്യതാം | പൂട്ടിക്കെട്ടുക' |
| | | ഇതി | എന്ന്. |

സ ചാശ്വൈഃ ശൈബ്യസുഗ്രീവമേഘപുഷ്പവലാഹകൈഃ
യുക്തം രഥമുപാനീയ തസ്ഥൌ പ്രാഞ്ജലിരഗ്രതഃ. 5

| | |
|---|---|
| സഃ ച | ആ സാരഥിയാകട്ടെ |
| ശൈബ്യ-സുഗ്രീവ-മേഘപുഷ്പ-വലാഹകൈഃ | ശൈബ്യം, സുഗ്രീവം, മേഘപുഷ്പം, വലാഹകം എന്നീ പേരുകളുള്ള |
| അശ്വൈഃ | കുതിരകളാൽ |

| | |
|---|---|
| യുക്തം രഥം | പൂട്ടപ്പെട്ട തേർ |
| ഉപാനീയ | കൊണ്ടുവന്നു് |
| പ്രാഞ്ജലിഃ | കൂപ്പുകൈയോടെ |
| അഗ്രതഃ | തിരുമുമ്പിൽ |
| തസ്ഥൌ | നിന്നു. |

ആരുഹ്യ സ്യന്ദനം ശൌരിർദ്വിജമാരോപ്യ തൂർണ്ണഗൈഃ
ആനർത്താദേകരാത്രേണ വിദർഭാനഗമദ്ധയൈഃ. 6

| | |
|---|---|
| ശൌരിഃ | ശ്രീകൃഷ്ണൻ |
| ദ്വിജം | ബ്രാഹ്മണനെ |
| സ്യന്ദനം | തേരിലേക്കു് |
| ആരോപ്യ | കയറിയതിൽപ്പിന്നെ |
| ആരുഹ്യ | താനും കയറിയിട്ടു് |

| | |
|---|---|
| തൂർണ്ണഗൈഃ | അതിശീഘ്രംപോകുന്ന |
| ഹയൈഃ | കുതിരകളാൽ |
| ഏകരാത്രേണ | ഒററ രാത്രികൊണ്ടു് |
| ആനർത്താത് | ആനർത്തദേശത്തിൽനിന്നു് |
| വിദർഭാൻ | വിദർഭദേശത്തിലേക്കു് |
| അഗമത് | പോയ്ച്ചേർന്നു. |

രാജാ സ കുണ്ഡിനപതിഃ പുത്രസ്നേഹവശം ഗതഃ.
ശിശുപാലായ സ്വാം കന്യാം ദാസ്യൻ കർമ്മാണ്യകാരയത്. 7

| | |
|---|---|
| കുണ്ഡിനപതിഃ | കുണ്ഡിനപുരാധിപനായ |
| സഃ രാജാ | ആ ഭീഷ്മകരാജാവു് |
| പുത്രസ്നേഹവശംഗതഃ | പുത്രനിലുള്ള സ്നേഹത്താൽ അവന്നു് വശംഗതനായി ഭവിച്ചു് |

| | |
|---|---|
| സ്വാം കന്യാം | സ്വപുത്രിയെ |
| ശിശുപാലായ | ശിശുപാലന്നു് |
| ദാസ്യൻ | കൊടുപ്പാൻ ഉദ്യുക്തനായി, |
| കർമ്മാണി | വേണ്ട ഒരുക്കങ്ങളെ |
| അകാരയത് | ചെയ്യിച്ചുകൊണ്ടിരുന്നു. |

പുരം സമ്മൃഷ്ടസംസിക്തമാർഗ്ഗരഥ്യാചതുഷ്പഥം
ചിത്രധ്വജപതാകാഭിസ്തോരണൈഃ സമലങ്കൃതം. 8
സ്രഗ്ഗന്ധമാല്യാഭരണൈർവിരജോഽംബരഭൂഷിതൈഃ
ജുഷ്ടം സ്ത്രീപുരുഷൈഃ ശ്രീമദ്ഗൃഹൈരഗരുധൂപിതൈഃ. 9

| | |
|---|---|
| പുരം | നഗരത്തെ |
| സമ്മൃഷ്ട-സംസിക്ത-മാർഗ്ഗരഥ്യാ-ചതുഷ്പഥം | അടിച്ചു വാരിത്തളിച്ചു വൃത്തിയാക്കപ്പെട്ട നടവഴികളും, തേർവീഥികളും നാൽക്കൂട്ടുപാതകളും എന്നിവയോടുകൂടിയതായും, |
| ചിത്രധ്വജ-പതാകാഭിഃ | നാനാനിറമുള്ള കൊടിക്കൂറകളാലും, |
| തോരണൈഃ | തോരണങ്ങളാലും |
| സമലങ്കൃതം | നന്നായലങ്കരിക്കപ്പെട്ടതായും, |

| | |
|---|---|
| സ്രഗ്ഗന്ധമാല്യാഭരണൈഃ | മാലകളും, ഗന്ധപുഷ്പങ്ങളും, ആഭരണങ്ങളും എന്നിവ ധരിച്ചവരും, |
| വിരജോംബരഭൂഷിതൈഃ | നിർമ്മലവസ്ത്രങ്ങളാൽ അലങ്കൃതന്മാരുമായ |
| സ്ത്രീപുരുഷൈഃ | സ്ത്രീപുരുഷന്മാരാൽ |
| ജുഷ്ടം | പരിസേവിതമായും, |
| അഗരുധൂപിതൈഃ | അകിൽപ്പുകയേല്പിക്കപ്പെട്ട |
| ശ്രീമദ്ഗൃഹൈഃ | ശോഭിതഭവനങ്ങളോടുകൂടിയതായും |
| (അകാരയത്) | ചെയ്യിച്ചു. |

പിതൄൻ ദേവാൻ സമഭ്യർച്ച്യ വിപ്രാംശ്ച വിധിവന്നൃപ
ഭോജയിത്വാ യഥാന്യായം വാചയാമാസ മംഗളം. 10

| | | | |
|---|---|---|---|
| നൃപ | രാജാവേ! | വിപ്രാൻ ച | ബ്രാഹ്മണരേയും |
| പിതൄൻ | പിതൃക്കളേയും | യഥാന്യായം | ന്യായാനുസാരം |
| ദേവാൻ | ദേവന്മാരേയും | ഭോജയിത്വാ | കാൽകഴകിച്ചൂട്ടി, |
| വിധിവത് | വിധിപ്രകാരം | മംഗളം വാചയാമാസ | (അവരെക്കൊണ്ടു കന്യകയെ ഉദ്ദേശിച്ച്) മംഗളസൂക്തം ചൊല്ലിച്ചു. |
| സമഭ്യർച്ച്യ | ആരാധിച്ച്, | | |

സുസ്നാതാം സുദതീം കന്യാം കൃതകൌതുകമംഗളാം
അഹതാംശുകയുഗ്മേന ഭൂഷിതാം ഭൂഷണോത്തമൈഃ. 11

| | | | |
|---|---|---|---|
| സുസ്നാതാം | മംഗളസ്നാനം ചെയ്തവളും, | അഹതാംശുകയുഗ്മേന | രണ്ടുകോടിപ്പുടവ കൊണ്ടും, |
| കൃതകൌതുകമംഗളാം | കൈയിൽ പ്രതിസരം കെട്ടി മംഗളാചരണം ചെയ്യപ്പെട്ടവളും, | ഭൂഷണോത്തമൈഃ | ഉത്തമഭൂഷണങ്ങൾ കൊണ്ടും |
| സുദതീം | സുന്ദരിയുമായ | ഭൂഷിതാം (അകാരയത്) | അലംകൃതയാക്കി. |
| കന്യാം | കന്യകയെ | | |

ചക്രുഃ സാമർഗ്യജുർമ്മന്ത്രൈർവ്വധ്വാ രക്ഷാം ദ്വിജോത്തമാഃ
പുരോഹിതോഽഥർവ്വവിദ്വൈ ജുഹാവ ഗ്രഹശാന്തയേ. 12

| | | | |
|---|---|---|---|
| ദ്വിജോത്തമാഃ | ബ്രാഹ്മണോത്തമന്മാർ | അഥർവ്വവിത് | അഥർവ്വവേദമന്ത്രജ്ഞനായ |
| സാമർഗ്യജുർമ്മന്ത്രൈഃ | സാമം, ഋക്ക്, യജുസ്സ് എന്നീ വേദമന്ത്രങ്ങളാൽ | പുരോഹിതഃ | രാജപുരോഹിതൻ |
| വധ്വാഃ | വധുവിന്ന് | വൈ | തന്നെ |
| രക്ഷാം ചക്രുഃ | രക്ഷാവിധിയെ ചെയ്തു. | ഗ്രഹശാന്തയേ | ഗ്രഹശാന്തിക്കുവേണ്ടി |
| | | ജുഹാവ | ഹോമംകഴിച്ചു. |

ഹിരണ്യരൂപ്യവാസാംസി തിലാംശ്ച ഗുഡമിശ്രിതാൻ
പ്രാദാദ്ധേനൂശ്ച വിപ്രേഭ്യോ രാജാ വിധിവിദാം വരഃ. 13

| | | | |
|---|---|---|---|
| വിധിവിദാം | വിധിജ്ഞന്മാരിൽവെച്ച് | ഗുഡമിശ്രിതാൻ | ശർക്കരയിൽ കലർത്തിയ |
| വരഃ | ശ്രേഷ്ഠനായ | തിലാൻ ച | എള്ളിനേയും, |
| രാജാ | ഭീഷ്മകരാജാവ് | ധേനൂഃ ച | പശുക്കളേയും |
| ഹിരണ്യരൂപ്യവാസാംസി | സ്വർണ്ണം, വെള്ളി, വസ്ത്രം എന്നിവയേയും, | വിപ്രേഭ്യഃ | മഹാബ്രാഹ്മണർക്ക് |
| | | പ്രാദാത് | ദാനംചെയ്തു. |

ഏവം ചേദിപതീ രാജാ ദമഘോഷഃ സുതായ വൈ
കാരയാമാസ മന്ത്രജ്ഞൈഃ സർവ്വമഭ്യുദയോചിതം. 14

| | | | |
|---|---|---|---|
| ഏവം | ഇതേതരത്തിൽ | രാജാ വൈ | രാജാവും |
| ചേദിപതിഃ | ചേദിരാജ്യാധിപനായ | സുതായ | സ്വപുത്രനായ ശിശുപാലനുവേണ്ടി |
| ദമഘോഷഃ | ദമഘോഷനെന്ന | | |

| | | | |
|---|---|---|---|
| അഭ്യുദയോചിതം | വിവാഹമംഗളത്തിന്ന് ഉചിതമായ കർമ്മം ഏതെല്ലാമോ, | മന്ത്രജ്ഞൈഃ | മന്ത്രപരിജ്ഞാനമുള്ള ബ്രാഹ്മണരെക്കൊണ്ട് |
| സർവ്വം | അതുമുഴുവനും | കാരയാമാസ | ചെയ്യിച്ചു. |

മദച്യുദ്ഭിർഗ്ഗജാനീകൈഃ സ്യന്ദനൈർഹേമമാലിഭിഃ
പത്ത്യശ്വസങ്കുലൈഃ സൈന്യൈഃ പരീതഃ കുണ്ഡിനം യയൌ. 15

| | | | |
|---|---|---|---|
| മദച്യുദ്ഭിഃ | മദനീരൊഴുക്കുന്ന | പത്ത്യശ്വ-സങ്കുലൈഃ | കാലാളുകളാലും, കുതിരകളാലും നിറഞ്ഞ |
| ഗജാനീകൈഃ | ആനപ്പടകളാലും, | സൈന്യൈഃ | സേനകളാൽ |
| ഹേമമാലിഭിഃ | പൊൻമാലകൾചാർത്തിയ | പരീതഃ | പരിവൃതനായിട്ട് |
| | | കുണ്ഡിനം | കുണ്ഡിനപുരത്തിലേക്ക് |
| സ്യന്ദനൈഃ | തേരുകളാലും, | യയൌ | യാത്രയായി. |

തം വൈ വിദർഭാധിപതിഃ സമഭ്യേത്യാഭിപൂജ്യ ച
നിവേശയാമാസ മുദാ കല്പിതാന്യനിവേശനേ. 16

| | | | |
|---|---|---|---|
| വിദർഭാധിപതിഃ | വിദർഭരാജാവായ ഭീഷ്മകൻ | | ചെയ്തശേഷം |
| തം | ആ ചേദിരാജാവിനെ | കല്പിതാന്യ-നിവേശനേ | വരനുവേണ്ടി നിശ്ചയിക്കപ്പെട്ട മറെറാരു പ്രത്യേക മാളികയിൽ |
| മുദാ വൈ | സന്തോഷത്തോടെതന്നെ | | |
| സമഭ്യേത്യ | എതിരേററുചെന്ന് | | |
| അഭിപൂജ്യ ച | ആദരസൽക്കാരങ്ങൾ | നിവേശയാമാസ | താമസിപ്പിച്ചു |

തത്ര ശാല്വോ ജരാസന്ധോ ദന്തവക്ത്രോ വിദൂരഥഃ
ആജഗ്മുശ്ചൈദ്യപക്ഷീയാഃ പൌണ്ഡ്രകാദ്യാഃ സഹസ്രശഃ 17
കൃഷ്ണരാമദ്വിഷോ യത്താഃ കന്യാം ചൈദ്യായ സാധിതും
യദ്യാഗത്യ ഹരേത് കൃഷ്ണോ രാമാദ്യൈര്യദുഭിർവൃതഃ. 18
യോത്സ്യാമഃ സംഹതാസ്തേന ഇതി നിശ്ചിതമാനസാഃ
ആജഗ്മുർഭൂഭുജഃ സർവ്വേ സമഗ്രബലവാഹനാഃ. 19

| | | | |
|---|---|---|---|
| കൃഷ്ണരാമദ്വിഷഃ | കൃഷ്ണരാമന്മാരുടെ വിരോധികളും, | സഹസ്രശഃ | അസംഖ്യംപേർ |
| | | ചൈദ്യായ | ശിശുപാലന്ന് |
| ചൈദ്യപക്ഷീയാഃ | ശിശുപാലന്റെ പാർശ്വത്തിൽ ചേർന്നവരും, | കന്യാം | കന്യകയെ |
| | | സാധിതും | നേടിക്കൊടുക്കുന്നതിന്നായി |
| യത്താഃ | യുദ്ധത്തിൽ പ്രയത്നിക്കുന്നവരുമായ | തത്ര | അവിടെ |
| | | ആജഗ്മുഃ | എത്തിച്ചേർന്നിരുന്നു. |
| ശാല്വഃ | ശാല്വൻ, | രാമാദ്യൈഃ | " ബലരാമാദികളായ |
| ജരാസന്ധഃ | ജരാസന്ധൻ, | യദുഭിഃ | യാദവന്മാരാൽ |
| ദന്തവക്ത്രഃ | ദന്തവക്ത്രൻ, | വൃതഃ | പരിവൃതനായ |
| വിദൂരഥഃ | വിദൂരഥൻ, | കൃഷ്ണഃ ആഗത്യ | കൃഷ്ണൻ വന്ന് |
| പൌണ്ഡ്റ-കാദ്യാഃ | പൌണ്ഡ്റകൻ മുതലായ | ഹരേത് യദി | കന്യകയെ അപഹരിച്ചു കൊണ്ടുപോകയാണെങ്കിൽ |

| | |
|---|---|
| സംഹതാഃ | ഞങ്ങളെല്ലാവരും ഒത്തുചേർന്ന് |
| തേന | അവനോട് |
| യോത്സ്യാമഃ | യുദ്ധംചെയ്യും" |
| ഇതി | എന്നീവിധം |
| നിശ്ചിതമാനസാഃ | ഉറച്ചമനസ്സോടുകൂടിയവരും, |
| സമഗ്രബല-വാഹനാഃ | സമ്പൂർണ്ണസേനകളോടും വാഹനങ്ങളോടും കൂടിയവരുമായിട്ട് |
| സർവ്വേ ഭൂഭുജഃ | എല്ലാ രാജാക്കന്മാരും |
| ആജഗ്മുഃ | എത്തിച്ചേർന്നു. |

ശ്രുത്വൈതദ്ഭഗവാൻ രാമോ വിപക്ഷീയനൃപോദ്യമം
കൃഷ്ണം ചൈകം ഗതം ഹർത്തും കന്യാം കലഹശങ്കിതഃ. 20
ബലേന മഹതാ സാർദ്ധം ഭ്രാതൃസ്നേഹപരിപ്ലുതഃ
ത്വരിതഃ കുണ്ഡിനം പ്രാഗാദ്ഗജാശ്വരഥപത്തിഭിഃ. 21

| | |
|---|---|
| ഭഗവാൻ | ഭഗവാനായ |
| രാമഃ | ശ്രീബലരാമൻ |
| ഏതത് | ഈവിധം |
| വിപക്ഷീയ-നൃപോദ്യമം | ശത്രുപക്ഷത്തിലുള്ള രാജാക്കന്മാരുടെ ഒരുക്കത്തേയും, |
| ഏകം | ഏകാകിയായി |
| കൃഷ്ണം | ശ്രീകൃഷ്ണൻ |
| കന്യാം | കന്യകയെ |
| ഹർത്തും | കൊണ്ടുപോരുവാൻ |
| ഗതം ച | പോയതിനേയും |
| ശ്രുത്വാ | കേട്ടിട്ട്, |
| കലഹശങ്കിതഃ | യുദ്ധമുണ്ടാകുമെന്ന ശങ്കയോടുകൂടിയവനായും |
| ഭ്രാതൃസ്നേഹ-പരിപ്ലുതഃ | സഹോദരസ്നേഹത്താൽ അഭിവ്യാപ്തനായും ഭവിച്ച്, |
| ഗജാശ്വരഥ-പത്തിഭിഃ | ആനതേർകുതിരകാലാളുകളോടുകൂടിയ |
| മഹതാ | വമ്പിച്ച |
| ബലേന സാർദ്ധം | സേനയോടുകൂടെ |
| കുണ്ഡിനം | കുണ്ഡിനപുരത്തിലേക്ക് |
| ത്വരിതഃ | ബദ്ധപ്പെട്ട് |
| പ്രാഗാത് | പോയി. |

ഭീഷ്മകന്യാ വരാരോഹാ കാംക്ഷന്ത്യാഗമനം ഹരേഃ
പ്രത്യാപത്തിമപശ്യന്തീ ദ്വിജസ്യാചിന്തയത്തദാ. 22

| | |
|---|---|
| വരാരോഹാ | അതിസുന്ദരിയായ |
| ഭീഷ്മകന്യാ | ഭീഷ്മരാജകുമാരി |
| ഹരേഃ | ഭഗവാന്റെ |
| ആഗമനം | ആഗമനത്തെ |
| കാംക്ഷന്തീ | പ്രതീക്ഷിച്ചും |
| ദ്വിജസ്യ | ബ്രാഹ്മണന്റെ |
| പ്രത്യാപത്തിം | തിരിച്ചുവരവ് |
| അപശ്യന്തീ | കാണാതെയുമിരുന്നുകൊണ്ട് |
| തദാ | അപ്പോൾ |
| അചിന്തയത് | വിചാരംതുടങ്ങി. |

അഹോ ത്രിയാമാന്തരിത ഉദ്വാഹോ മേഽല്പരാധസഃ
നാഗച്ഛത്യരവിന്ദാക്ഷോ നാഹം വേദ്മ്യത്ര കാരണം
സോഽപി നാവർത്തതേഽദ്യാപി മത്സന്ദേശഹരോ ദ്വിജഃ. 23

| | |
|---|---|
| അഹോ | "കഷ്ടം! |
| അല്പരാധസഃ | മന്ദഭാഗ്യയായ |
| മമ ഉദ്വാഹഃ | എന്റെ വിവാഹം |
| ത്രിയാമാന്തരിതഃ | ഈ ഒരു രാത്രിയുടെ ഇട കഴിഞ്ഞാൽ നടക്കുകയായി. |
| അരവിന്ദാക്ഷഃ | ചെന്താമരക്കണ്ണൻ |

| | | | |
|---|---|---|---|
| ന ആഗച്ഛതി | വരുന്നില്ലല്ലോ. | മത്സന്ദേശഹരഃ | എന്റെ സന്ദേശത്തെ കൊണ്ടുപോയ |
| അഹം | ഞാൻ | സഃ ദ്വിജഃ അപി | ആ ബ്രാഹ്മണൻകൂടിയും |
| അത്ര | ഇതിന്നുള്ള | അദ്യ അപി | ഇതുവരേക്കും |
| കാരണം | കാരണവും | ന ആവർത്തതേ | എത്തിയിട്ടില്ല. |
| ന വേദ്മി | അറിഞ്ഞില്ല. | | |

അപി മയ്യനവദ്യാത്മാ ദൃഷ്ട്വാ കിഞ്ചിത് ജുഗുപ്സിതം
മത്പാണിഗ്രഹണേ നൂനം നായാതി ഹി കൃതോദ്യമഃ. 24

| | | | |
|---|---|---|---|
| അപി | "ഒരുപക്ഷേ, | മത്പാണി-ഗ്രഹണേ | എന്നെ പാണിഗ്രഹണം ചെയ്യുന്നതിന്നായി |
| അനവദ്യാത്മാ | നിർദ്ദോഷരൂപനായ ശ്രീകൃഷ്ണൻ | കൃതോദ്യമഃ | ഒരുങ്ങിപ്പുറപ്പെട്ടിട്ടുകൂടി |
| മയി കിഞ്ചിത് | എന്നിൽ എന്തെങ്കിലും ഒരു | നൂനം ന ആയാതി | വരാതിരിക്കുകയായിരിക്കണം; |
| ജുഗുപ്സിതം | ചിത്തത്തം | ഹി | ശരിയാണിത്. |
| ദൃഷ്ട്വാ | കണ്ടെത്തിയിട്ട് | | |

ദുർഭഗായാ ന മേ ധാതാ നാനുകൂലോ മഹേശ്വരഃ
ദേവീ വാ വിമുഖാ ഗൌരീ രുദ്രാണീ ഗിരിജാ സതീ. 25

| | | | |
|---|---|---|---|
| ദുർഭഗായാഃ | "ഭാഗ്യക്കേടുള്ള | ഗിരിജാ | മലമകളും |
| മേ ധാതാ | എനിക്ക് വിധി | രുദ്രാണീ | മഹേശ്വരപത്നിയും |
| ന അനുകൂലഃ | അനുകൂലമല്ല. | സതീ | സാദ്ധ്വിയുമായ |
| മഹേശ്വരഃ | ശ്രീമഹാദേവനും | ഗൌരീ ദേവീ വാ | പാർവ്വതീദേവിപോലും |
| ന | അനുകൂലമല്ല. | വിമുഖാ | പ്രതികൂലഭാവത്തോടെ ഇരിക്കുന്നു." |

ഏവം ചിന്തയതീ ബാലാ ഗോവിന്ദഹൃതമാനസാ
ന്യമീലയത കാലജ്ഞാ നേത്രേ ചാശ്രുകലാകുലേ 26

| | | | |
|---|---|---|---|
| ഗോവിന്ദ-ഹൃതമാനസാ | ശ്രീകൃഷ്ണനാൽ ആകൃഷ്ടചിത്തയായ | കാലജ്ഞാ ച | ശ്രീകൃഷ്ണന്റെ വരവിന്നു സമയം ഇനിയുമുണ്ടെന്ന ബോധത്താൽ അല്പം ആശ്വസിച്ചുകൊണ്ടും |
| സാ ബാലാ | ആ കന്യക | അശ്രുകലാ-കുലേ നേത്രേ | കണ്ണുനീർക്കണങ്ങളാൽ കലങ്ങിയ കണ്ണുകളെ |
| ഏവം | ഇപ്രകാരം | ന്യമീലയത | അടച്ചു. |
| ചിന്തയതീ | ചിന്തിച്ചുകൊണ്ടും, | | |

ഏവം വധ്വാഃ പ്രതീക്ഷന്ത്യാ ഗോവിന്ദാഗമനം നൃപ
വാമ ഊരുർഭുജോ നേത്രമസ്ഫുരൻ പ്രിയഭാഷിണഃ. 27

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ഗോവിന്ദാ-ഗമനം | ശ്രീകൃഷ്ണഭഗവാന്റെ ആഗമനത്തെ |
| ഏവം | ഇപ്രകാരം | | |

| | | | |
|---|---|---|---|
| പ്രതീക്ഷന്ത്യാഃ | ഉററുനോക്കിക്കൊണ്ടിരിക്കുന്ന | വാമഃ ഊരുഃ | ഇടത്തെ തുടയും, |
| വധ്വാഃ | വധുവിന്റെ | ഭുജഃ | കൈത്തണ്ടയും, |
| പ്രിയഭാഷിണഃ | സന്തോഷസൂചകമായിട്ട് | നേത്രം | കണ്ണും |
| | | അസ്ഫുരൻ | തുടിച്ചു. |

അഥ കൃഷ്ണവിനിർദ്ദിഷ്ടഃ സ ഏവ ദ്വിജസത്തമഃ
അന്തഃപുരചരീം ദേവീം രാജപുത്രീം ദദർശ ഹ. 28

| | | | |
|---|---|---|---|
| അഥ | ഉടൻതന്നെ | അന്തഃപുരചരീം | അന്തഃപുരത്തിനകത്തുള്ളവളും, |
| കൃഷ്ണ-വിനിർദ്ദിഷ്ടഃ | ശ്രീകൃഷ്ണനാൽ പറഞ്ഞയക്കപ്പെട്ട | ദേവീം | (കൃഷ്ണചിന്തയാൽ) പ്രകാശിക്കുന്നവളുമായ |
| സഃ ഏവ | അതേ | രാജപുത്രീം | രാജപുത്രിയെ |
| ദ്വിജസത്തമഃ | ബ്രാഹ്മണശ്രേഷ്ഠൻ | ദദർശ ഹ | വന്നുകണ്ടു ; ആശ്ചര്യം! |

സാ തം പ്രഹൃഷ്ടവദനമവ്യഗ്രാത്മഗതിം സതീ
ആലക്ഷ്യ ലക്ഷണാഭിജ്ഞാ സമപൃച്ഛച്ഛുചിസ്മിതാ. 29

| | | | |
|---|---|---|---|
| സതീ | ഉത്തമയും, | അവ്യഗ്രാത്മ-ഗതിം | അസ്വസ്ഥമല്ലാത്ത ദേഹചേഷ്ടയോടുകൂടിയവനുമായ |
| ലക്ഷണാഭിജ്ഞാ | മുഖലക്ഷണംകൊണ്ട് കാര്യം മനസ്സിലാക്കുന്നവളും ആയ | തം ആലക്ഷ്യ | അദ്ദേഹത്തെ കണ്ട് |
| സാ | ആ രുക്മിണി | ശുചിസ്മിതാ | നിർമ്മലമന്ദഹാസത്തോടുകൂടിയവളായിട്ട് |
| പ്രഹൃഷ്ടവദനം | പ്രസന്നമായ മുഖത്തോടുകൂടിയവനും, | സമപൃച്ഛത് | വൃത്താന്തമന്വേഷിച്ചു. |

തസ്യാ ആവേദയത് പ്രാപ്തം ശശംസ യദുനന്ദനം
ഉക്തം ച സത്യവചനമാത്മോപനയനം പ്രതി. 30

| | | | |
|---|---|---|---|
| തസ്യൈ | അവളോട് | ആത്മോപ-നയനം പ്രതി | തന്നെ (രുക്മിണിയെ) കൊണ്ടുപോകുന്നതിനെക്കുറിച്ച് |
| യദുനന്ദനം പ്രാപ്തം | ശ്രീകൃഷ്ണൻ എത്തിച്ചേർന്നതായിട്ട് | ഉക്തം | ശ്രീകൃഷ്ണനാൽ പറയപ്പെട്ട |
| ആവേദയത് | (ബ്രാഹ്മണൻ) അറിയിച്ചു. | സത്യവചനം ച | സത്യവാക്കിനേയും |
| | | ശശംസ | വിസ്തരിച്ചുപറഞ്ഞു. |

തമാഗതം സമാജ്ഞായ വൈദർഭീ ഹൃഷ്ടമാനസാ
ന പശ്യന്തീ ബ്രാഹ്മണായ പ്രിയമന്യന്നനാമ സാ. 31

| | | | |
|---|---|---|---|
| തം ആഗതം സമാജ്ഞായ | ശ്രീകൃഷ്ണൻ വന്നിരിക്കുന്നു എന്നറിഞ്ഞ് | ബ്രാഹ്മണായ | ബ്രാഹ്മണന്ന് |
| ഹൃഷ്ടമാനസാ | സന്തുഷ്ടചിത്തയായി ഭവിച്ച | അന്യത് | മററു യാതൊന്നും |
| സാ വൈദർഭീ | ആ രുക്മിണി | പ്രിയം | പ്രിയമായതായി |
| | | ന പശ്യന്തീ | കാണാതെ |
| | | നനാമ | ഒന്നു നമസ്കരിച്ചു. |

നോട്ട്:— മഹോപകാരം ചെയ്ത ബ്രാഹ്മണന്ന് എന്തുതന്നെ കൊടുത്താലും അതൊരു പ്രതിഫലമാകയില്ല. അതിനാൽ രുക്മിണീദേവി അദ്ദേഹത്തിന്ന് ദ്രവ്യരൂപത്തിലുള്ള പാരിതോഷികമൊന്നും നൽകാതെ കേവലം ഒന്നു നമസ്കരിച്ചു. ലക്ഷ്മീഭഗവതിയെ നമിക്കുന്നവക്ക് സർവ്വസമ്പത്തും ലഭിക്കുമെന്നിരിക്കെ, ലക്ഷ്മീഭഗവതിയാൽ നമിക്കപ്പെടുന്നവരുടെ കഥ ചോദിപ്പാനില്ലല്ലോ. ബ്രാഹ്മണന്ന് ഇതിലും കവിഞ്ഞ് എന്തുവേണം?

പ്രാപ്തൗ ശ്രുത്വാ സ്വദുഹിതുരുദ്വാഹപ്രേക്ഷണോത്സുകൗ
അഭ്യയാത്തൂര്യഘോഷേണ രാമകൃഷ്ണൗ സമർഹണൈഃ 32

| | | | |
|---|---|---|---|
| സ്വദുഹിതുഃ | സ്വപുത്രിയുടെ | ശ്രുത്വാ | കേട്ട് |
| ഉദ്വാഹം- | വിവാഹാഘോഷം കാ | തൂര്യഘോഷേണ | വാദ്യഘോഷത്തോടെ |
| പ്രേക്ഷണോം- | ണ്മാനുള്ള ഉത്സാഹ | സമർഹണൈഃ | പൂജാസാധനങ്ങ |
| ത്സുകൗ | ത്തോടുകൂടിയവരായിട്ട് | | ളോടുംകൂടി |
| രാമകൃഷ്ണൗ | രാമകൃഷ്ണന്മാർ വന്നിരി | ഭീഷ്മകഃ | ഭീഷ്മകരാജാവ് |
| പ്രാപ്തൗ | ക്കുന്നുവെന്ന് | അഭ്യയാത് | എതിരേററുചെന്നു. |

മധുപർക്കമുപാനീയ വാസാംസി വിരജാംസി സഃ
ഉപായനാന്യഭീഷ്ടാനി വിധിവത്സമപൂജയത്. 33

| | | | |
|---|---|---|---|
| മധുപർക്കം | മധുപർക്കത്തെയും, | ഉപായനാനി | തിരുമുല്ക്കാഴ്ചകളെയും |
| വിരജാംസി | നിർമ്മലങ്ങളായ | ഉപാനീയ | കൊണ്ടുവന്നുവെച്ച് |
| വാസാംസി ച | വസ്ത്രങ്ങളെയും, | വിധിവത് | വിധിപ്രകാരം |
| അഭീഷ്ടാനി | അഭീഷ്ടങ്ങളായ | സമപൂജയത് | ഉപചരിച്ചു |

തയോർന്നിവേശനം ശ്രീമദുപകല്പ്യ മഹാമതിഃ
സസൈന്യയോഃ സാനുഗയോരാതിഥ്യം വിദധേ യഥാ 34

| | | | |
|---|---|---|---|
| മഹാമതിഃ | മഹാമനസ്സനായ ഭീഷ്മകൻ | നിവേശനം | വിശ്രമഗൃഹത്തെ |
| സസൈന്യയോഃ | സേനകളോടും, | ഉപകല്പ്യ | ഏല്പ്പെടുത്തികൊടുത്ത് |
| സാനുഗയോഃ | അനുചരന്മാരോടുംകൂടിയ | യഥാ | വേണ്ടുംപ്രകാരം |
| തയോഃ | അവരിരുവക്കും | ആതിഥ്യം | അതിഥിസൽക്കാരത്തെ |
| ശ്രീമത് | സുഖോപകരണങ്ങളുടെ സമൃദ്ധിയുള്ള | വിദധേ | ചെയ്തു. |

ഏവം രാജ്ഞാം സമേതാനാം യഥാവീര്യം യഥാവയഃ
യഥാബലം യഥാവിത്തം സർവ്വൈഃ കാമൈഃ സമർഹയത്. 35

| | | | |
|---|---|---|---|
| ഏവം | ഈവിധം, | യഥാവിത്തം | ധനത്തിന്നനുസരിച്ചും |
| സമേതാനാം | വന്നുചേർന്ന | സർവ്വൈഃ | എല്ലാതരത്തിലുമുള്ള |
| രാജ്ഞാം | മററുരാജാക്കന്മാരേയും | കാമൈഃ | ആഗ്രഹങ്ങളെക്കൊണ്ട് |
| യഥാവീര്യം | വീരതയ്ക്കനുസരിച്ചും, | | (ആഗ്രഹങ്ങളെ നിറവേ |
| യഥാവയഃ | പ്രായത്തിന്നനുസരിച്ചും, | | ററിക്കൊടുത്തുകൊണ്ട്) |
| യഥാബലം | സൈന്യശക്തിക്കനുസരിച്ചും | സമർഹയത് | സൽക്കരിച്ചു. |

കൃഷ്ണമാഗതമാകർണ്യ വിദർഭപുരവാസിനഃ
ആഗത്യ നേത്രാഞ്ജലിഭിഃ പപുസ്തന്മുഖപങ്കജം. 36

| | | | |
|---|---|---|---|
| വിദർഭപുര- വാസിനഃ | വിദർഭപുരത്തിലെ നിവാസികൾ | നേത്രാഞ്ജലിഭിഃ | കണ്ണുകളാവുന്ന കൈക്കുമ്പിളുകളാൽ |
| കൃഷ്ണം ആഗതം | ശ്രീകൃഷ്ണൻ വന്നതായി | തന്മുഖപങ്കജം | അവിടുത്തെ തിരുമുഖ ചെന്താരിൽ തുളുമ്പുന്ന ലാവണ്യാമൃതത്തെ |
| ആകർണ്യ | കേട്ട്, | | |
| ആഗത്യ | ഓടിവന്ന് | പപുഃ | പാനംചെയ്തുതുടങ്ങി. |

അസ്യൈവ ഭാര്യാ ഭവിതും രുക്മിണ്യർഹതി നാപരാ
അസാവപ്യനവദ്യാത്മാ ഭൈഷ്മ്യാഃ സമുചിതഃ പതിഃ. 37

| | | | |
|---|---|---|---|
| അസ്യ | "ഈ ശ്രീകൃഷ്ണന്റെ | ന | അർഹിക്കുന്നില്ല. |
| സ്വതല്പസ്ഥം | തന്റെ ശയ്യയിൽ സ്ഥിതിചെയ്തുകൊണ്ട് | സഖീജനൈഃ | തോഴിമാരോടുകൂടെ |
| | | ഭൈഷ്മീ | രുക്മിണീദേവി |
| സുഖം | സുഖമാകുംവണ്ണം | വ്യജനേന | വിശറിയാൽ വീശിക്കൊടുത്തു |
| ആസീനം | ഇരുന്നരുളുന്ന | | |
| ജഗദ്ഗുരും | ജഗൽപിതാവായ | പര്യചരത് | പരിചരിക്കുകയായിരുന്നു. |

യസ്ത്വേതല്ലീലയാ വിശ്വം സൃജത്യത്ത്യവതീശ്വരഃ
സ ഹി ജാതഃ സ്വസേതൂനാം ഗോപീഥായ യദുഷ്വജഃ. 2

| | | | |
|---|---|---|---|
| യഃ | യാതൊരു | അജഃ | ജന്മരഹിതനായ |
| ഈശ്വരഃ തു | ഈശ്വരനാണോ | സഃ ഹി | ആ ഈശ്വരൻ തന്നെ |
| ലീലയാ | ലീല ഹേതുവായി | സ്വസേതൂനാം | തന്നാൽ സ്ഥാപിതങ്ങളായ ധർമ്മമര്യാദകളുടെ |
| ഏതത് വിശ്വം | ഈ പ്രപഞ്ചത്തെ | | |
| സൃജതി | സൃഷ്ടിക്കുകയും, | ഗോപീഥായ | പാലനത്തിനുവേണ്ടി |
| അത്തി | സംഹരിക്കുകയും, | യദുഷു | യാദവന്മാരുടെ ഇടയിൽ |
| അവതി | രക്ഷിക്കുകയും ചെയ്യുന്നത്, | ജാതഃ | അവതരിച്ചിരിക്കുന്നു. |

തസ്മിന്നന്തർഗൃഹേ ഭ്രാജന്മുക്താദാമവിലംബിനാ
വിരാജിതേ വിതാനേന ദീപൈർമ്മണിമയൈരപി. 3

മല്ലികാദാമഭിഃ പുഷ്പൈർദ്വിരേഫകുലനാദിതൈഃ
ജാലരന്ധ്രപ്രവിഷ്ടൈശ്ച ഗോഭിശ്ചന്ദ്രമസോഽമലൈഃ. 4

പാരിജാതവനാമോദവായുനോദ്യാനശാലിനാ
ധൂപൈരഗുരുജൈ രാജൻ ജാലരന്ധ്രവിനിർഗ്ഗതൈഃ. 5

പയഃഫേനനിഭേ ശുഭ്രേ പര്യങ്കേ കശിപൂത്തമേ
ഉപതസ്ഥേ സുഖാസീനം ജഗതാമീശ്വരം പതിം. 6

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | വിതാനേന | മേലാപ്പിനാലും, |
| ഭ്രാജന്മുക്താദാമവിലംബിനാ | തിളക്കമുള്ള മുത്തുമാലകൾ തൂങ്ങിനില്ക്കുന്ന | മണിമയൈഃ | രത്നമയങ്ങളായ |
| | | ദീപൈഃ അപി | ദീപങ്ങളാലും, |

| | |
|---|---|
| ദ്വിരേഫകല-<br>നാദിതൈഃ | വണ്ടിൻകൂട്ടത്താൽ മുര<br>ണ്ടുകൊണ്ടുള്ള |
| മല്ലികാദാമഭിഃ | മല്ലികപ്പൂമാലകളാലും, |
| പുഷ്പൈഃ | മററു പുഷ്പങ്ങളാലും, |
| ജാലരന്ധ്ര-<br>പ്രവിഷ്ടൈഃ | ജനാലുകളുടെ അഴിപ്പഴുതു<br>കൾവഴി ഉള്ളിലേക്കു<br>കടന്ന |
| ചന്ദ്രമസഃ | ചന്ദ്രന്റെ |
| അമലൈഃ | തെളിഞ്ഞ |
| ഗോഭിഃ | കിരണങ്ങളാലും, |
| ഉദ്യാന-<br>ശാലിനാ | ഉദ്യാനത്തിൽ<br>ഉല്ലസിക്കുന്നതും |
| പാരിജാത-<br>വനാമോദ-<br>വായുനാ | പാരിജാതപ്പൂങ്കാവിലെ<br>നറുമണം പുണർന്നു<br>മായ കാററിനാലും, |
| ജാലരന്ധ്ര-<br>വിനിർഗ്ഗതൈഃ | ജനാലുകളുടെ അഴിപ്പഴുതു<br>കൾവഴി പുറത്തേക്കു<br>കടന്നതും |
| അഗരുജൈഃ | അകിലിൽനിന്നു<br>ണ്ടായതുമായ |
| ധൂപൈഃ ച | ധൂപങ്ങളാലും |
| വിരാജിതേ | പ്രശോഭിതമായിരിക്കുന്ന |
| തസ്മിൻ | ആ ചൊൽക്കൊണ്ട |
| അന്തർഗൃഹേ | ഗൃഹാന്തർഭാഗത്തിൽ |
| പര്യങ്കേ | കട്ടിലിന്മേൽ |
| പയഃഫേനനിഭേ | പാൽനുരപോലെ<br>പതുത്തതും |
| ശുഭ്രേ | വെൺമയുള്ളതുമായ |
| കശിപൂത്തമേ | ഉത്തമശയ്യയിൽ |
| സുഖാസീനം | സൌഖ്യമായിരുന്നരുളുന്ന |
| ജഗതാം | സർവ്വലോകങ്ങളുടേയും |
| ഈശ്വരം | നാഥനായ |
| പതിം | തന്റെ നാഥനെ |
| ഉപതസ്ഥേ | (രുക്മിണി) ഉപചരിച്ചു. |

വാലവ്യജനമാദായ രത്നദണ്ഡം സഖീകരാത്
തേന വീജയതീ ദേവീ ഉപാസാഞ്ചക്ര ഈശ്വരം. 7

| | |
|---|---|
| ദേവീ | രുക്മിണീദേവി |
| രത്നദണ്ഡം | തണ്ടിന്മേൽ രത്നം പതി<br>ച്ചതായ |
| വാലവ്യജനം | വെഞ്ചാമരത്തെ |
| സഖീകരാത് | തോഴിയുടെ കൈയിൽ<br>നിന്നു് |
| ആദായ | വാങ്ങി, |
| തേന | അതിനാൽ |
| വീജയതീ | വീശിക്കൊടുത്തുകൊണ്ടു് |
| ഈശ്വരം | നാഥനെ |
| ഉപാസാഞ്ചക്രേ | ഉപചരിച്ചു. |

സോപാച്യുതം ക്വണയതീ മണിനൂപുരാഭ്യാം
രേജേऽങ്ഗുലീയവലയവ്യജനാഗ്രഹസ്താ
വസ്ത്രാന്തഗൂഢകുചകുങ്കുമശോണഹാര-
ഭാസാ നിതംബധൃതയാ ച പരാർദ്ധ്യകാഞ്ച്യാ. 8

| | |
|---|---|
| അങ്ഗുലീയ-<br>വലയവ്യജനാ-<br>ഗ്രഹസ്താ | മോതിരങ്ങളും, വളക<br>ളും, താലവൃന്തവും കര<br>ത്തിലുള്ളവളും |
| ക്വണയതീ | വീശുന്നേരത്തു വളക്കി<br>ലുക്കം ഉണ്ടാക്കിക്കൊ<br>ണ്ടിരിക്കുന്നവളുമായ |
| സാ | അവൾ |
| മണിനൂപുരാഭ്യാം | രത്നനൂപുരങ്ങൾ<br>കൊണ്ടും; |
| വസ്ത്രാന്തഗൂഢ-<br>കുചകുങ്കുമ-<br>ശോണഹാര-<br>ഭാസാ | വസ്ത്രാഞ്ചലംകൊണ്ടു മ<br>റയ്ക്കപ്പെട്ടിരിക്കുന്ന കൊ<br>ങ്കത്തടത്തിലെ കുങ്കുമ<br>ത്താൽ ചുകന്ന മുത്തുമാല<br>യുടെ ശോഭകൊണ്ടും, |
| നിതംബധൃതയാ | അരയിൽ അണിഞ്ഞ |
| പരാർദ്ധ്യ-<br>കാഞ്ച്യാ ച | അമൂല്യമായ ഒഡ്യാണം<br>കൊണ്ടും |
| ഉപ അച്യുതം | ഭഗവാന്റെ സമീപത്തിൽ |
| രേജേ | വിരാജിച്ചു. |

താം രൂപിണീം ശ്രിയമനന്യഗതിം നിരീക്ഷ്യ
യാ ലീലയാ ധൃതതനോരനുരൂപരൂപാ
പ്രീതഃ സ്മയന്നളകകുണ്ഡലനിഷ്കകണ്ഠ-
വക്ത്രോല്ലസത്സ്മിതസുധാം ഹരിരാബഭാഷേ. 9

യാ — യാതൊരുവരം
ലീലയാ — ലീല ഹേതുവായിട്ട്
ധൃതതനോഃ — മാനുഷദേഹം ധരിച്ചിരിക്കുന്ന തനിക്ക്
അനുരൂപരൂപാ — അനുരൂപമായ രൂപത്തോടുകൂടിയിരിക്കുന്നുവോ,
താം — അങ്ങനെയായവളും
രൂപിണീം — മാനുഷദേഹം ധരിച്ച
ശ്രിയം — ലക്ഷ്മീഭഗവതിയും
അനന്യഗതിം — തന്നെയല്ലാതെ മററൊരാളെ ആശ്രയിക്കാത്തവളും
അളകകുണ്ഡല-നിഷ്കകണ്ഠ-വക്ത്രോല്ലസത്-സ്മിതസുധാം — കുറുനിരകളാലും, കുണ്ഡലങ്ങളാലും, പതക്കം കെട്ടിയ കണ്ഠത്താലും ശോഭിതമായ മുഖമണ്ഡലത്തിൽ പരിലസിക്കുന്ന മന്ദസ്മിതാമൃതത്തോടു കൂടിയിരിക്കുന്നവളുമായ രുക്മിണിയെ
നിരീക്ഷ്യ — കണ്ട്
പ്രീതഃ ഹരിഃ — സന്തുഷ്ടനായ ശ്രീഹരി
സ്മയൻ — പുഞ്ചിരിതൂകിക്കൊണ്ട്
ആബഭാഷേ — പറഞ്ഞു.

ശ്രീഭഗവാനുവാച=ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

രാജപുത്രീപ്സിതാ ഭൂപൈർല്ലോകപാലവിഭൂതിഭിഃ
മഹാനുഭാവൈഃ ശ്രീമദ്ഭി രൂപൗദാര്യബലോർജ്ജിതൈഃ. 10

രാജപുത്രി — അല്ലയോ രാജപുത്രി
ലോകപാല-വിഭൂതിഭിഃ — ഇന്ദ്രാദിദിക്പാലന്മാക്കൊത്ത ഐശ്വര്യം വാച്ചവരും
മഹാനുഭാവൈഃ — വലിയ പ്രഭാവശാലികളും
ശ്രീമദ്ഭിഃ — ധനാഢ്യന്മാരും
രൂപൗദാര്യ-ബലോർജ്ജിതൈഃ — സൌന്ദര്യം, ദാതൃത്വം, സൈന്യശക്തി എന്നിവയാൽ മികച്ചവരും ആയ
ഭൂപൈഃ — രാജാക്കന്മാരാൽ
ഈപ്സിതാ — ഭവതി ആഗ്രഹിക്കപ്പെട്ടവളായിരുന്നു.

താൻ പ്രാപ്താനർത്ഥിനോ ഹിത്വാ ചൈദ്യാദീൻ സ്മരദുർമ്മദാൻ
ദത്താ ഭ്രാത്രാ സ്വപിത്രാ ച കസ്മാന്നോ വവൃഷേഽസമാൻ. 11

രാജഭ്യോ ബിഭ്യതഃ സുഭ്രു സമുദ്രം ശരണം ഗതാൻ
ബലവദ്ഭിഃ കൃതദ്വേഷാൻ പ്രായസ്ത്യക്തനൃപാസനാൻ. 12

സുഭ്രു — സുന്ദരി!
സ്വപിത്രാ — സ്വന്തം അച്ഛനാലും,
ഭ്രാത്രാ ച — ജ്യേഷ്ഠനാലും
ദത്താ — (അന്യന്ന്) വാഗ്ദാനം ചെയ്യപ്പെട്ടിരുന്ന ഭവതി
അർത്ഥിനഃ — ഭവതിയുടെ യാചകന്മാരായി
പ്രാപ്താൻ — വന്നുചേർന്നവരും
സ്മരദുർമ്മദാൻ — കാമോന്മാദം കയറിയവരുമായ

താൻ
ചൈദ്യാദീൻ } ആ ശിശുപാലാദികളെ
ഹിത്വാ തള്ളിക്കളഞ്ഞു്,
അസമാൻ ചേർച്ചയില്ലാത്തവനും,
രാജഭ്യഃ രാജാക്കന്മാരിൽനിന്നു്
ബിഭ്യതഃ ഭയന്നുകൊണ്ട്
സമുദ്രം സമുദ്രമദ്ധ്യത്തെ
ശരണം ഗതാൻ ശരണം പ്രാപിച്ചിരിക്കുന്നവനും

ബലവദ്ഭിഃ ബലവാന്മാരോടായി
കൃതദ്വേഷാൻ വിരോധം സമ്പാദിച്ചവനും
പ്രായഃ ഏറിയ പക്ഷം
ത്യക്ത-
നൃപാസനാൻ } രാജസിംഹാസനാധികാരത്തെ കളഞ്ഞിരിക്കുന്നവനുമായ
നഃ എന്നെ
കസ്മാത് എന്തുകൊണ്ടാണ്
വവൃഷേ ഭർത്താവായി വരിച്ചത് ?

അസ്പഷ്ടവർത്മനാം പുംസാമലോകപഥമീയുഷാം
ആസ്ഥിതാഃ പദവീം സുഭ്രൂഃ പ്രായഃ സീദന്തി യോഷിതഃ. 13

സുഭ്രൂഃ ഹേ സുന്ദരി!
അസ്പഷ്ട-
വർത്മനാം } വ്യക്തമല്ലാത്ത നടവടിയോടുകൂടിയവരും
അലോകപഥം ലോകമര്യാദ വിട്ട മാർഗ്ഗത്തെ
ഈയുഷാം അനുസരിക്കുന്നവരുമായ

പുംസാം പുരുഷന്മാരുടെ
പദവീം മാർഗ്ഗത്തെ
ആസ്ഥിതാഃ അനുവർത്തിച്ചുപോരുന്ന
യോഷിതഃ സ്ത്രീകൾ
പ്രായഃ അധികപക്ഷവും
സീദന്തി കഷ്ടപ്പെടാറുണ്ട്.

നിഷ്കിഞ്ചനാ വയം ശശ്വന്നിഷ്കിഞ്ചനജനപ്രിയാഃ
തസ്മാത് പ്രായേണ ന ഹ്യാഢ്യാ മാം ഭജന്തി സുമധ്യമേ. 14

സുമധ്യമേ ഹേ സുന്ദരി!
വയം ശശ്വത് ഞാൻ എന്നും
നിഷ്കിഞ്ചനാഃ നിർദ്ധനനാണ്;
നിഷ്കിഞ്ചന-
ജനപ്രിയാഃ } നിർദ്ധനന്മാരുടെ സ്നേഹിതനുമാണ്.

തസ്മാത് അതുകാരണം
ആഢ്യാഃ ധനികന്മാർ
പ്രായേണ ഹി മിക്കവാറുംതന്നെ
മാം എന്നെ
ന ഭജന്തി സേവിക്കമാറില്ല.

യയോരാത്മസമം വിത്തം ജന്മൈശ്വര്യാകൃതിർഭവഃ
തയോർവിവാഹോ മൈത്രീ ച നോത്തമാധമയോഃ ക്വചിത്. 15

യയോഃ യാതൊരുവർക്കാണോ
വിത്തം ധനവും,
ജന്മൈ-
ശ്വര്യാകൃതിഃ } ജാതി—പ്രഭുത്വം—ആകൃതി എന്നിവയും,
ഭവഃ ജാതകാനുഭവവും
ആത്മസമം തങ്ങൾക്കന്യോന്യം ചേർച്ചയുള്ളതായിരിക്കുന്നത്,

തയോഃ അവർ തമ്മിലുള്ള
വിവാഹഃ വിവാഹവും
മൈത്രീ ച സ്നേഹബന്ധവും നന്നു്;
ഉത്തമാധമയോഃ ഉത്തമാധമന്മാർ തമ്മിലുള്ളത്
ക്വചിത് ന ഒരിക്കലും നന്നല്ല.

വൈദർഭ്യേതദവിജ്ഞായ ത്വയാഽദീർഘസമീക്ഷയാ
വൃതാ വയം ഗുണൈർഹീനാ ഭിക്ഷുഭിഃ ശ്ലാഘിതാ മുധാ. 16

| | | | |
|---|---|---|---|
| വൈദർഭി | അല്ലയോ വൈദർഭി! | ഗുണൈഃ ഹീനാഃ | ഗുണവിഹീനനും |
| ഏതത് | ഈ സംഗതി | ഭിക്ഷുഭിഃ | ഭിക്ഷാടനക്കാരാൽ |
| അവിജ്ഞായ | മനസ്സിലാക്കാതെ, | മുധാ | ആവശ്യമില്ലാതെ |
| അദീർഘ-സമീക്ഷയാ | ദീർഘവിചാരമില്ലാത്ത | ശ്ലാഘിതാഃ | പുകഴ്ത്തിപ്പറയപ്പെട്ടവനുമായ |
| ത്വയാ | ഭവതിയാൽ | വയം വൃതാഃ | ഞാൻ വരിക്കപ്പെട്ടു! |

അഥാത്മനോഽനുരൂപം വൈ ഭജസ്വ ക്ഷത്രിയർഷഭം
യേന ത്വമാശിഷഃ സത്യാ ഇഹാമുത്ര ച ലപ്സ്യസേ. 17

| | | | |
|---|---|---|---|
| യേന | യാതൊരാളെക്കൊണ്ട് | | (ആ തരത്തിലുള്ളവനും) |
| ഇഹ | ഈ ലോകത്തിലും, | ആത്മനഃ | തനിക്ക് |
| അമുത്ര ച | പരലോകത്തിലും | അനുരൂപം | അനുരൂപനുമായ |
| സത്യാഃ | ശരിയായുള്ള | ക്ഷത്രിയർഷഭം | ഒരു ക്ഷത്രിയോത്തമനെ |
| ആശിഷഃ | ആഗ്രഹങ്ങളെ | അഥ വൈ | ഇനിയെങ്കിലും |
| ത്വം ലപ്സ്യസേ | ഭവതി നേടിയേക്കുമോ, | ഭജസ്വ | വരിക്ക! |

ചൈദ്യശാല്വജരാസന്ധദന്തവക്ത്രാദയോ നൃപാഃ
മമ ദ്വിഷന്തി വാമോരു രുക്മീ ചാപി തവാഗ്രജഃ. 18

| | | | |
|---|---|---|---|
| വാമോരു | സുന്ദരി! | മമ ദ്വിഷന്തി | എന്നെ ദ്വേഷിച്ചുവരുന്നു; |
| ചൈദ്യശാല്വ-ജരാസന്ധ-ദന്തവക്ത്രാദയഃ | ശിശുപാലൻ, ശാല്വൻ, ജരാസന്ധൻ, ദന്തവക്ത്രൻ എന്നു തുടങ്ങിയ | തവ | ഭവതിയുടെ |
| നൃപാഃ | രാജാക്കന്മാർ | അഗ്രജഃ | ജ്യേഷ്ഠനായ |
| | | രുക്മീ ച അപി | രുക്മിയും അങ്ങനെയാണ്. |

തേഷാം വീര്യമദാന്ധാനാം ദൃപ്താനാം സ്മയനുത്തയേ
ആനീതാഽസി മയാ ഭദ്രേ തേജോഽപഹരതാഽസതാം. 19

| | | | |
|---|---|---|---|
| ഭദ്രേ | അല്ലയോ സുമുഖി! | അസതാം | ദുർജ്ജനങ്ങളുടെ |
| വീര്യ-മദാന്ധാനാം | വീര്യമദംകൊണ്ട് കണ്ണുകാണാത്തവരും | തേജഃ | വൈഭവത്തെ |
| ദൃപ്താനാം | അഹങ്കാരികളുമായ | അപഹരതാ | പിടിച്ചടക്കുന്ന |
| തേഷാം | അവരുടെ | മയാ | എന്നാൽ |
| സ്മയനുത്തയേ | ഗർവ്വൊതുക്കുവാനായി | ആനീതാ അസി | ഭവതി ഇങ്ങോട്ട് കൊണ്ടുവരപ്പെട്ടു. |

ഉദാസീനാ വയം നൂനം ന സ്ത്ര്യപത്യാർത്ഥകാമുകാഃ
ആത്മലബ്ധ്യാഽഽസ്മഹേ പൂർണ്ണാ ഗേഹയോർജ്യോതിരക്രിയാഃ. 20

| | | | |
|---|---|---|---|
| ജ്യോതിരക്രിയാഃ | ഒരു പ്രകാശമെന്നപോലെ നിർവ്വികാരവാന്മാരായിരിക്കുന്ന | വയം | ഞാൻ |
| | | ഗേഹയോഃ | ദേഹത്തിലും ഗേഹത്തിലും |
| | | ഉദാസീനാഃ | ആസക്തിയില്ലാത്തവനാണ്. |

| | | | |
|---|---|---|---|
| ആത്മലബ്ധ്യാ | ആത്മാനന്ദലാഭത്താൽ | സ്ത്രീപുത്രാർത്ഥ-കാമുകാഃ | ഭാര്യ, മക്കൾ, ധനം എന്നിവയിൽ ആശകൊണ്ടിരിക്കുന്നവൻ |
| പൂർണ്ണാഃ | പൂർണ്ണനായിട്ട് | | |
| ആസ്മഹേ | ഞാൻ വർത്തിക്കുന്നു. | നൂനം ന | അല്ലതന്നെ. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏതാവദുക്ത്വാ ഭഗവാനാത്മാനം വല്ലഭാമിവ
മന്യമാനാമവിശ്ലേഷാത് തദ്ദർപ്പഘ്ന ഉപാരമത്. 21

| | | | |
|---|---|---|---|
| അവിശ്ലേഷാത് | എപ്പോഴും വിട്ടുപിരിയാതെ ഇരിക്കുന്നതുകൊണ്ട് | തദ്ദർപ്പഘ്നഃ | അവളുടെ അന്തരത്തിലുള്ള അഹങ്കാരത്തെ നശിപ്പിക്കുവാനുദ്യമിച്ച |
| ആത്മാനം ഇവ | തന്നെ മാത്രം | | |
| വല്ലഭാം | ഭഗവാന്റെ ഇഷ്ടപത്നിയായിട്ട് | ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| | | ഏതാവത് | ഇത്രത്തോളം |
| മന്യമാനാം | കരുതിക്കൊണ്ടിരിക്കുന്ന രുക്മിണിയോട് | ഉക്ത്വാ | പറഞ്ഞ് |
| | | ഉപാരമത് | അവസാനിപ്പിച്ചു. |

ഇതി ത്രിലോകേശപതേസ്തദാऽത്മനഃ പ്രിയസ്യ ദേവ്യശ്രുതപൂർവ്വമപ്രിയം
ആശ്രുത്യ ഭീതാ ഹൃദി ജാതവേപഥുശ്ചിന്താം ദുരന്താം രുദതീ ജഗാമ ഹ. 22

| | | | |
|---|---|---|---|
| ത്രിലോകേശ-പതേഃ | ത്രിലോകനാഥന്മാർക്കു കൂടി നാഥനായിരിക്കുന്ന | ഹൃദി | മനസ്സിൽ |
| | | ജാതവേപഥുഃ | വിറകൊണ്ടവളുമായ |
| ആത്മനഃ | തന്റെ | ദേവീ | രുക്മിണീദേവി |
| പ്രിയസ്യ | പ്രിയനാഥന്റെ | രുദതീ | കരഞ്ഞുകൊണ്ട് |
| ഇതി | ഇപ്രകാരം | ദുരന്താം | അപാരമായ |
| അശ്രുതപൂർവ്വം | മുമ്പു കേട്ടിട്ടില്ലാത്ത | ചിന്താം | ചിന്തയിലേക്ക് |
| അപ്രിയം | അപ്രിയവാക്കിനെ | തദാ | അന്നേരം |
| ആശ്രുത്യ | കേട്ട് | ജഗാമ | ആണ്ടുപോയി ; |
| ഭീതാ | ഭയംകൊണ്ടവളും | ഹ | അത്ഭുതം ! |

പദാ സുജാതേന നഖാരുണശ്രിയാ ഭുവം ലിഖന്ത്യശ്രുഭിരഞ്ജനാസിതൈഃ
ആസിഞ്ചതീ കുങ്കുമരൂഷിതൗ സ്തനൗ തസ്ഥാവധോമുഖ്യതിദുഃഖരുദ്ധവാക്.

| | | | |
|---|---|---|---|
| നഖാരുണശ്രിയാ | നഖങ്ങളാൽ അരുണകാന്തി കലർന്ന | കുങ്കുമരൂഷിതൗ | കുങ്കുമാലങ്കൃതങ്ങളായ |
| സുജാതേന | അതികോമളമായ | സ്തനൗ | കൊങ്കകളെ |
| പദാ | കാലുകൊണ്ട് (ഇടത്തെ കാലിന്റെ പെരുവിരൽ കൊണ്ട്) | ആസിഞ്ചതീ | കുളിപ്പിച്ചുകൊണ്ടും, |
| | | അതിദുഃഖ-രുദ്ധവാക് | ദുഃഖാധിക്യത്താൽ തടയപ്പെട്ട വാക്കോടുകൂടിയവളായി ഭവിച്ചുകൊണ്ടും, |
| ഭുവം ലിഖന്തീ | നിലത്തു വരച്ചുകൊണ്ടും, | | |
| അഞ്ജനാസിതൈഃ | കൺമഷിയാൽ കറുത്ത | അധോമുഖീ | മുഖം താഴ്ത്തിക്കൊണ്ടും |
| അശ്രുഭിഃ | കണ്ണീരുകൊണ്ട് | തസ്ഥൗ | അനങ്ങാതെ നിന്നു. |

തസ്യാഃ സുദുഃഖഭയശോകവിനഷ്ടബുദ്ധേ-
ഹസ്താച്ഛ്ലഥദ്വലയതോ വ്യജനം പപാത
ദേഹശ്ച വിക്ലബധിയഃ സഹസൈവ മുഹ്യൻ
രംഭേവ വായുവിഹതാ പ്രവികീര്യ്യ കേശാൻ. 24

| | | | |
|---|---|---|---|
| സുദുഃഖഭയ-ശോകവിനഷ്ട-ബുദ്ധേഃ | കവിഞ്ഞ സങ്കടത്താലും, പേടിയാലും, ഭാവിയെക്കുറിച്ചുള്ള ആശങ്കകൊണ്ടുണ്ടായ അന്തൎത്താപത്താലും തകൎന്നുപോയ ബുദ്ധിയോടുകൂടിയ വളും | ഹസ്താത് | കൈയിൽനിന്നു് |
| വിക്ലബധിയഃ | തളൎന്നുപോയ ചിത്തത്തോടുകൂടിയവളുമായിരിക്കുന്ന | വ്യജനം | വിശറി |
| തസ്യാഃ | ആ രുക്മിണിയുടെ | പപാത | നിലത്തുവീണു. |
| ശ്ലഥദ്വലയതഃ | ഊരിവീഴുന്ന വളകളോടുകൂടിയ | ദേഹഃ ച | ശരീരവും |
| | | സഹസാ ഏവ | ഉടനെത്തന്നെ |
| | | മുഹ്യൻ | മോഹാലസ്യപ്പെട്ടു് |
| | | കേശാൻ | തലമുടിയെ |
| | | പ്രവികീര്യ്യ | ചിന്നിച്ചിതറിച്ചുകൊണ്ടു്, |
| | | വായുവിഹതാ | കൊടുങ്കാററിനാൽ അടിച്ചുവീഴ്ത്തപ്പെട്ട |
| | | രംഭാ ഇവ | വാഴപോലെ (വീണു.) |

തദ്ദൃഷ്ട്വാ ഭഗവാൻ കൃഷ്ണഃ പ്രിയായാഃ പ്രേമബന്ധനം
ഹാസ്യപ്രൌഢിമജാനന്ത്യാഃ കരുണഃ സോഽന്വകംപത. 25

| | | | |
|---|---|---|---|
| കരുണഃ | ദയാലുവായ | പ്രിയായാഃ | പ്രിയപത്നിയുടെ |
| സഃ ഭഗവാൻ | ആ ഭഗവാൻ | തത് | അത്തരത്തിലുള്ള |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | പ്രേമബന്ധനം | സ്നേഹബന്ധത്തെ |
| ഹാസ്യ-പ്രൌഢിം | തമാശവാക്കിന്റെ ഉൾക്കാമ്പു് | ദൃഷ്ട്വാ | കണ്ടു് |
| അജാനന്ത്യാഃ | അറിഞ്ഞുകൂടാത്ത | അന്വകംപത | അനുകമ്പയാൎന്നു. |

പര്യ്യങ്കാദവരുഹ്യാശു താമുത്ഥാപ്യ ചതുൎഭുജഃ
കേശാൻ സമുഹ്യ തദ്വക്ത്രം പ്രാമൃജത് പത്മപാണിനാ. 26

| | | | |
|---|---|---|---|
| ചതുൎഭുജഃ | നാലു തൃക്കരങ്ങളോടുകൂടിയ ഭഗവാൻ | ഉത്ഥാപ്യ | എഴുന്നേല്പിച്ചു്, |
| ആശു | അതിവേഗം | കേശാൻ | തലമുടിയെ |
| പര്യ്യങ്കാത് | കട്ടിലിൽനിന്നു് | സമുഹ്യ | കെട്ടിക്കൊടുത്തു് |
| അവരുഹ്യ | താഴത്തിറങ്ങി, | തദ്വക്ത്രം | അവളുടെ മുഖത്തെ |
| താം | അവളെ | പത്മപാണിനാ പ്രാമൃജത് | തന്റെ ചെന്താമരക്കൈകൊണ്ടു തുടച്ചു. |

പ്രമൃജ്യാശ്രുകലേ നേത്രേ സ്തനൌ ചോപഹതൌ ശുചാ
ആശ്ലിഷ്യ ബാഹുനാ രാജന്നനന്യവിഷയാം സതീം. 27
സാന്ത്വയാമാസ സാന്ത്വജ്ഞഃ കൃപയാ കൃപണാം പ്രഭുഃ
ഹാസ്യപ്രൌഢിഭ്രമച്ചിത്താമതദൎഹാം സതാം ഗതിഃ. 28

| | |
|---|---|
| രാജൻ | രാജാവേ! |
| സാന്ത്വജ്ഞഃ | സാന്ത്വനോപായമറിയുന്നവനും |
| സതാം | ഭക്തന്മാർക്ക് |
| ഗതിഃ | ശരണപ്പെടേണ്ടവനുമായ |
| പ്രഭുഃ | ശ്രീകൃഷ്ണഭഗവാൻ |
| അശ്രുകലേ | കണ്ണീർകണങ്ങളുള്ള |
| നേത്രേ | കണ്ണുകളേയും, |
| ശുചാ | ശോകാശ്രുവാൽ |
| ഉപഹതൌ | നനയ്ക്കപ്പെട്ട |
| സ്തനൌ ച | സ്തനങ്ങളേയും |
| പ്രമൃജ്യ | തുടച്ചുകൊടുത്തു്, |
| ബാഹുനാ | തൃക്കരത്താൽ |
| ആശ്ലിഷ്യ | ആലിംഗനം ചെയ്തു്, |
| അനന്യ-വിഷയാം | അന്യാശ്രയമില്ലാത്തവളും |
| കൃപണാം | ദയനീയയും |
| അതദർഹാം | വ്യസനിപ്പിച്ചുകൂടാത്തവളും |
| ഹാസ്യ-പ്രൌഢി-ഭ്രമച്ചിത്താം | പരിഹാസവാക്കിന്റെ കരുത്തുകൊണ്ടു് കറങ്ങുന്ന ചിത്തത്തോടുകൂടിയവളുമായ |
| സതീം | ആ പതിവ്രതയെ |
| സാന്ത്വയാമാസ | സമാധാനിപ്പിച്ചു. |

ശ്രീഭഗവാനുവാച=ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

മാ മാ വൈദർഭ്യസൂയേഥാ ജാനേ ത്വാം മത്പരായണം
ത്വദ്വചഃ ശ്രോതുകാമേന ക്ഷ്വേല്യാऽऽചരിതമംഗനേ 29

| | |
|---|---|
| വൈദർഭി മാ | രുക്മിണി! എന്നോടു് |
| മാ അസൂയേഥാഃ | പരിഭവിക്കരുതു്. |
| മത്പരായണാം | ഞാൻ മാത്രം ഏകാശ്രയമായിരിക്കുന്ന |
| ത്വാം ജാനേ | ഭവതിയെ ഞാൻ മനസ്സിലാക്കിയിരിക്കുന്നു. |
| അംഗനേ | ഹേ സുന്ദരി! |
| ത്വദ്വചഃ | ഭവതിയുടെ വാക്കിനെ |
| ശ്രോതുകാമേന | കേൾപ്പാനാഗ്രഹിക്കുന്ന എന്നാൽ |
| ക്ഷ്വേല്യാ | തമാശയോടെ |
| ആചരിതം | പറയപ്പെട്ടതാണ്. |

മുഖം ച പ്രേമസംരംഭസ്ഫുരിതാധരമീക്ഷിതും
കടാക്ഷേപാരുണാപാംഗം സുന്ദരഭ്രുകുടീതടം. 30

| | |
|---|---|
| പ്രേമസംരംഭ-സ്ഫുരിതാധരം | പ്രണയകോപത്താൽ വിറക്കുന്ന അധരത്തോടുകൂടിയതും |
| കടാക്ഷേപാ-രുണാപാംഗം | ചെറിച്ചുള്ള നോട്ടങ്ങളാൽ ചുകപ്പേന്തിയ കടക്കണ്ണുകളോടുകൂടിയതും, |
| സുന്ദര-ഭ്രുകുടീതടം | അഴകാന്ന പുരികക്കൊടിയോടുചേർന്നതുമായ |
| മുഖം | ഭവതിയുടെ മുഖത്തെ |
| ഈക്ഷിതും ച | കാണുവാനുംവേണ്ടി (ഈവിധം പറയപ്പെട്ടതാകുന്നു.) |

അയം ഹി പരമോ ലാഭോ ഗൃഹേഷു ഗൃഹമേധിനാം
യന്നർമ്മൈരീയതേ യാമഃ പ്രിയയാ ഭീരു ഭാമിനി. 31

| | |
|---|---|
| ഹേ ഭീരു | ഹേ ഭയശീലേ! |
| ഭാമിനി | കോപനേ! |
| പ്രിയയാ | പ്രിയപത്നിയോടൊന്നിച്ചു് |
| നർമ്മൈഃ | ഹാസ്യവചനങ്ങളോടെ |
| യാമഃ നീയതേ | സമയം നീക്കപ്പെടുക |
| യത് | എന്നതു് യാതൊന്നോ, |
| അയം ഹി | ഇതൊന്നുമാത്രമാണ് |
| ഗൃഹേഷു | ഗൃഹങ്ങളിൽ |
| ഗൃഹമേധിനാം | ഗൃഹസ്ഥാശ്രമികൾക്കുള്ള |
| പരമഃ ലാഭഃ | വലിയ നേട്ടം. |

**ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—**

സൈവം ഭഗവതാ രാജൻ വൈദർഭീ പരിസാന്ത്വിതാ
ജ്ഞാത്വാ തത്പരിഹാസോക്തിം പ്രിയത്യാഗഭയം ജഹൌ. 32

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | തത്പരിഹാസോക്തിം | അവിടുത്തെ പരിഹാസവചനത്തെ |
| സാ വൈദർഭീ | ആ രുക്മിണി | ജ്ഞാത്വാ | ശരിയ്ക്കു മനസ്സിലാക്കി, |
| ഭഗവതാ | ഭഗവാനാൽ | പ്രിയത്യാഗഭയം | ഭർത്താവ് തന്നെ ഉപേക്ഷിച്ചേക്കുമോ എന്നുള്ള ഭയത്തെ |
| ഏവം | ഇപ്രകാരം | | |
| പരിസാന്ത്വിതാ | സമാധാനിക്കപ്പെട്ടവളായിട്ട് | ജഹൌ | വിട്ടുകളഞ്ഞു. |

ബഭാഷ ഋഷഭം പുംസാം വീക്ഷന്തീ ഭഗവന്മുഖം
സവ്രീഡഹാസരുചിരസ്നിഗ്ദ്ധാപാങ്ഗേന ഭാരത. 33

| | | | |
|---|---|---|---|
| ഭാരത | ഹേ പരീക്ഷിത്തേ ! | ഭഗവന്മുഖം | ഭഗവാന്റെ മുഖത്തേക്ക് |
| സവ്രീഡഹാസരുചിരസ്നിഗ്ദ്ധാപാങ്ഗേന | സലജ്ജമായ മന്ദസ്മിതംകൊണ്ടു് മനോഹരമായ സസ്നേഹകടാക്ഷത്താൽ | വീക്ഷന്തീ | നോക്കിക്കൊണ്ടു് |
| | | പുംസാം ഋഷഭം | ആ പുരുഷോത്തമനോട് |
| | | ബഭാഷേ | ഈവിധം പറഞ്ഞു. |

നോട്ട് :— ഭഗവാൻ തന്റെ എത്രയും നികൃഷ്ടതകളെ രുക്മിണിക്ക് ചൂണ്ടിക്കാണിച്ചുകൊടുത്തുവല്ലോ. അവയ്ക്കു മുഴുവനും ഉൽകൃഷ്ടമായ അർത്ഥകല്പന ചെയ്തുകൊണ്ട് രുക്മിണി സമാധാനം പറയുന്നു. അതിൽ ആദ്യം 'കസ്മാന്നോ വവൃഷേഽസമാൻ' എന്ന ഭാഗംകൊണ്ടു് രുക്മിണിക്ക് താൻ 'അസമാന'നാണെന്ന് (ചേർച്ചയില്ലാത്തവനാണെന്ന്) ഭഗവാൻ പറഞ്ഞതിനെ പരാമർശിക്കുകയാണ് —

**രുക്മിണ്യുവാച=രുക്മിണീദേവി പറഞ്ഞു :—**

നന്വേവമേതദരവിന്ദവിലോചനാഹ
യദ്വൈ ഭവാൻ ഭഗവതോഽസദൃശീ വിഭൂമ്നഃ
ക്വ സ്വേ മഹിമ്ന്യഭിരതോ ഭഗവാംസ്ത്ര്യധീശഃ
ക്വാഹം ഗുണപ്രകൃതിരജ്ഞഗൃഹീതപാദാ. 34

| | | | |
|---|---|---|---|
| അരവിന്ദവിലോചന | അല്ലയോ ചെന്താമരക്കണ്ണ ! | ഏതത് | ഈ വാക്ക് |
| വിഭൂമ്നഃ | അനന്തഗുണപൂർണ്ണനായി | നനു | തീർച്ചയായും |
| ഭഗവതഃ | ഭഗവാനായിരിക്കുന്ന നിന്തിരുവടിക്ക് | ഏവം വൈ | പരമാർത്ഥമത്രേ ! |
| | | സ്വേ | ആത്മസ്വരൂപമായ |
| | | മഹിമ്നി | മഹിമയിൽ (ആത്മാനന്ദത്തിൽ) |
| അസദൃശീ | ഞാൻ ചേർച്ചയില്ലാത്തവളാണെന്നിങ്ങനെ. | അഭിരതഃ | തികച്ചും രമിച്ചിരിക്കുന്നവനും, |
| യത് | യാതൊന്ന് | ത്ര്യധീശഃ | ത്രിമൂർത്തികൾക്ക് അധീശനും ആയ |
| ഭവാൻ ആഹ | ഭവാൻ അരുളിയോ, | | |

| | | | |
|---|---|---|---|
| ഭഗവാൻ ക്വ | ഭഗവാൻ എവിടെ? | ഗുണപ്രകൃതിഃ | ത്രിഗുണാത്മകമായ സ്വഭാവം ചേർന്നവളുമായിരിക്കുന്ന |
| അജ്ഞഗൃഹീതപാദാ | മൂഢജനങ്ങളാൽ ആശ്രയിക്കപ്പെട്ടവളും | അഹം ക്വ | ഞാൻ എവിടെ? |

നോട്ട്:— ഭഗവാൻ ആത്മാനന്ദരതനും ത്രിമൂർത്തികൾക്കുംകൂടി ആരാധ്യനുമാണ്. ഗുണപ്രകൃതിയായ രുക്മിണിയാകട്ടെ അജ്ഞന്മാരാൽ ആശ്രയിക്കപ്പെടുന്നവളും. ഈ നിലയ്ക്കു് തമ്മിൽ സമത്വമില്ലല്ലോ.

ഇനി, 'രാജഭ്യോ ബിഭ്യതഃ സുഭ്രു —' എന്നു തുടങ്ങുന്ന ശ്ലോകംകൊണ്ടു് ഭഗവാൻ വെളിവാക്കിയ നാലു സ്വദോഷങ്ങളെ—രാജഭീതി, സമുദ്രാന്തർവ്വാസം, ബലവദ്വിരോധം, രാജത്വഹീനത—എന്നിവയെ പരാമർശിക്കുന്നു—

സത്യം ഭയാദിവ ഗുണേഭ്യ ഉരുക്രമാന്തഃ
ശേതേ സമുദ്ര ഉപലംഭനമാത്ര ആത്മാ
നിത്യം കദിന്ദ്രിയഗണൈഃ കൃതവിഗ്രഹസ്ത്വം
ത്വത്സേവകൈർന്നൃപപദം വിധുതം തമോന്ധം. 35

| | | | |
|---|---|---|---|
| ഉരുക്രമ | ഹേ ത്രിവിക്രമമൂർത്തേ! | ആത്മാ | താങ്കൾ |
| ഗുണേഭ്യഃ | ഗുണകാര്യങ്ങളായ ശബ്ദാദിവിഷയങ്ങളിൽ നിന്നുള്ള | ശേതേ | ഉറങ്ങാതെയിരിക്കുന്നു. |
| | | സത്യം | ഇതും സത്യമാണ്. |
| ഭയാത് ഇവ | ഭീതികൊണ്ടോ എന്നു തോന്നുംവിധം | കദിന്ദ്രിയഗണൈഃ | ഒതുക്കമില്ലാത്ത ഇന്ദ്രിയഗണങ്ങളോടുകൂടി |
| സമുദ്രേ | സമുദ്രത്തിലെ (സമുദ്രം പോലെ അഗാധമായ) | ത്വം നിത്യം | ഭവാൻ എന്നും |
| | | കൃതവിഗ്രഹഃ | കലഹിക്കുന്നവനാകുന്നു. |
| അന്തഃ | അന്തർഭാഗത്തിൽ (സ്വഭക്തജനങ്ങളുടെ അന്തഃകരണത്തിൽ) | ത്വത്സേവകൈഃ | ഭവാന്റെ ഭക്തന്മാരാൽപ്പോലും |
| | | നൃപപദം | രാജപദവിയാവുന്ന |
| | | അന്ധം തമഃ | ഘോരാന്ധകാരം |
| ഉപലംഭനമാത്രഃ | ചൈതന്യമയനായ | വിധുതം | ത്യജിക്കപ്പെട്ടിരിക്കുന്നു. |

നോട്ട്:— വിഷയങ്ങളാവുന്ന രാജവർഗ്ഗം സ്വഭക്തന്മാരെ ബാധിച്ചേക്കുമോ എന്ന ഭയം ഭഗവാനുള്ളതുപോലെ തോന്നും. ആകയാൽ രാജഭയമുള്ളവനാണെന്നു പറഞ്ഞതു യുക്തം തന്നെ. ഭക്തന്മാരുടെ അന്തഃകരണമാവുന്ന സമുദ്രത്തിൽ അനുഭൂതിമാത്രനായി ഭഗവാൻ നിവസിക്കുന്നു. അതിനാൽ സമുദ്രാന്തഃസ്ഥിതി എന്ന അവസ്ഥയും അവിടുത്തേക്കുണ്ടു്. പ്രബലമായ ഇന്ദ്രിയസംഘാതത്തെ നിരോധിക്കുന്ന ആളാകയാൽ ബലവദ്വിരോധവും സ്ഥാപിച്ചിരിക്കുന്നു. പിന്നെ രാജത്വമല്ലേ? അതു കൊള്ളരുതാത്തതാണെന്നു കരുതി അവിടുത്തെ സേവകന്മാർപോലും തള്ളിക്കളഞ്ഞതാണ്.

'അസ്പഷ്ടവർത്മനാം പുംസാമലോകപഥമീയുഷാം' എന്ന ഭാഗംകൊണ്ടു സൂചിപ്പിച്ച അസ്പഷ്ടാചാരത്വം, അലൌകികാചാരത്വം എന്നീ രണ്ടു ദോഷങ്ങളെ പരാമർശിച്ചു രുക്മിണി സമാധാനം പറയുന്നു—

ത്വത്പാദപത്മമകരന്ദജുഷാം മുനീനാം
 വർത്മാസ്ഫുടം നൃപശുഭിർന്നനു ദുർവ്വിഭാവ്യം
യസ്മാദലൌകികമിവേഹിതമീശ്വരസ്യ
 ഭൂമംസ്തവേഹിതമഥോ അനു യേ ഭവന്തം. 36

| | |
|---|---|
| ത്വത്പാദ- പത്മ- മകരന്ദജുഷാം | ഭവാന്റെ പാദാരവിന്ദങ്ങളിലെഴുന്ന പരമാനന്ദമധുവിനെ സേവിച്ചുവരുന്ന |
| മുനീനാം | മുനിമാരുടെ |
| വർത്മ | മാർഗ്ഗം (ആചാരം) കൂടി |
| അസ്ഫുടം | അസ്പഷ്ടവും, |
| നൃപശുഭിഃ | മനുഷ്യാകൃതിയിലുള്ള മൃഗങ്ങളാൽ (ശൂന്യബുദ്ധികളായ മനുഷ്യരാൽ) |
| ദുർവ്വിഭാവ്യം | ദുർജ്ഞേയവുമാകുന്നു. |
| നനു | ശരിയല്ലേ? |
| ഭൂമൻ | ഹേ മഹാത്മൻ! |
| യേ | യാതൊരുവർ |
| ഭവന്തം | നിന്തിരുവടിയെ |
| അനു (വർത്തന്തേ) | അനുസരിക്കുന്നുവോ, |
| (തേഷാം) | അവരുടെ |
| ഈഹിതം | ആചരണംപോലും |
| അലൌകികം ഇവ | ലോകമര്യാദയെ കവിഞ്ഞു നില്ക്കുന്നതുപോലെ കാണപ്പെടുന്നതു് |
| യസ്മാത് | യാതൊന്നുകൊണ്ടാണോ |
| അഥോ | അതിനാൽ |
| ഈശ്വരസ്യ | അവരുടെ നിയന്താവായ |
| തവ | നിന്തിരുവടിയുടെ |
| ഈഹിതം | ആചരണം ലോകമര്യാദയെ കവിഞ്ഞിട്ടുള്ളതാണെന്നു പറയേണമോ? |

‘നിഷ്കിഞ്ചനാ വയം ശശ്വത്’—എന്നു തുടങ്ങുന്ന ശ്ലോകംകൊണ്ടു് പ്രസ്താവിച്ച നിഷ്കിഞ്ചനത്വം (ദരിദ്രത), നിഷ്കിഞ്ചനജനപ്രിയത്വം (ദരിദ്രന്മാരോടുള്ള പ്രേമം), ആഢ്യാഭജനീയത്വം (ധനികന്മാരുടെ സേവയില്ലായ്മ) എന്നീ മൂന്നു സംഗതികളെ അടുത്ത ശ്ലോകത്തിൽ പരാമർശിക്കുന്നു—

നിഷ്കിഞ്ചനോ നനു ഭവാൻ ന യതോഽസ്തി കിഞ്ചി-
 ദ്യസ്മൈ ബലിം ബലിഭുജോഽപി ഹരന്ത്യജാദ്യാഃ
ന ത്വാ വിദന്ത്യസുതൃപോഽന്തകമാഢ്യതാന്ധാഃ
 പ്രേഷ്ഠോ ഭവാൻ ബലിഭുജാമപി തേഽപി തുഭ്യം. 37

| | |
|---|---|
| നനു | പ്രഭോ! |
| യതഃ | ‘യാതൊരാളെക്കാൾ മീതെയായി |
| കിഞ്ചിത് | യാതൊന്നും |
| ന അസ്തി | ഇല്ല’ (ഈ അർത്ഥത്തിൽ) |
| ഭവാൻ | നിന്തിരുവടി |
| നിഷ്കിഞ്ചനഃ | നിഷ്കിഞ്ചനനാകുന്നു. |
| ബലിഭുജഃ | സകലജനങ്ങളാലും ചെയ്യപ്പെടുന്ന പൂജയെ അനുഭവിക്കുന്നവരായ |
| അജാദ്യാഃ | ബ്രഹ്മാദിദേവകൾപോലും |
| യസ്മൈ | യാതൊരാൾക്കുവേണ്ടി |
| ബലിം | പൂജയെ |
| ഹരന്തി | സമർപ്പിക്കുന്നുവോ, (അങ്ങനെയുള്ള ഒരാൾ ‘ഒന്നുമില്ലാത്തവൻ’ എന്നർത്ഥത്തിൽ നിഷ്കിഞ്ചനനാകുന്നതെങ്ങനെ?) |
| ബലിഭുജാം | ലോകാരാധ്യന്മാരായ ബ്രഹ്മാദിദേവന്മാർക്ക് |

| | | | |
|---|---|---|---|
| ഭവാൻ അപി | നിന്തിരുവടിയും | അസുതൃപഃ | ഇന്ദ്രിയങ്ങളെമാത്രം |
| പ്രേഷ്ഠഃ | പ്രിയപ്പെട്ടവനാണ്; | | പ്രസാദിപ്പിക്കുന്നവരും |
| തുഭ്യം | നിന്തിരുവടിക്ക് | | ആയ ആളുകൾ |
| തേ അപി | അവരും | അന്തകം | കാലസ്വരൂപനായ (ആ |
| (പ്രേഷ്ഠാഃ) | പ്രിയപ്പെട്ടവരാണ്. | | യുസ്സൊടുക്കുന്നവനായ) |
| ആഢ്യതാന്ധാഃ | ആഢ്യത്വംകൊണ്ടു | ത്വാ | നിന്തിരുവടിയെ |
| | കാഴ്ച കെട്ടവരും | ന വിദന്തി | മനസ്സിലാക്കുന്നില്ല. |

നോട്ട്:—ഭഗവാനെ സംബന്ധിച്ച 'നിഷ്കിഞ്ചനജനപ്രിയത'ക്കു നിഷ്കിഞ്ചനന്മാരുടെ പ്രിയനായിരിക്കുക എന്നോ, നിഷ്കിഞ്ചനന്മാർ തനിക്കു പ്രിയന്മാരായിരിക്കുക എന്നോ രണ്ടു വിധത്തിൽ അർത്ഥം യോജിപ്പിക്കാം. രണ്ടും ശരിതന്നെ. ബ്രഹ്മാദിദേവകളെ അവർ 'ബലിഭുക്ക'കളാകയാൽ) കാക്കകളെപ്പോലെ പരാന്നം കൊണ്ടുപജീവിക്കുന്നവരാകയാൽ) നിഷ്കിഞ്ചനന്മാരെന്നു കരുതണം. ഭഗവാൻ അവർക്ക് പ്രിയനും, അവർ ഭഗവാനു പ്രിയന്മാരുമാകുന്നു. ആകയാൽ നിഷ്കിഞ്ചനജനപ്രിയത്വം സർവ്വഥാ അനുയോജ്യമാണ്.

'യയോരാത്മസമം വിത്തം'—എന്നു തുടങ്ങുന്ന ശ്ലോകംകൊണ്ട് രുക്മിണിയും ഭഗവാനും തമ്മിലുള്ള വിവാഹബന്ധത്തിലെ 'അനൌചിത്യം' വെളിപ്പെടുത്തുകയുണ്ടായി. അതിനുള്ള സമാധാനമാണ് ഇനി പറയുവാൻ പോകുന്നത്—

ത്വം വൈ സമസ്തപുരുഷാർത്ഥമയഃ ഫലാത്മാ
യദ്വാഞ്ഛയാ സുമതയോ വിസൃജന്തി കൃത്സ്നം
തേഷാം വിഭോ സമുചിതോ ഭവതഃ സമാജഃ
പുംസഃ സ്ത്രിയാശ്ച രതയോഃ സുഖദുഃഖിനോർന്ന. 38

| | | | |
|---|---|---|---|
| ത്വം | നിന്തിരുവടി | വിസൃജന്തി | പരിത്യജിച്ചിരിക്കുന്നു. |
| സമസ്ത— | സകല പുരുഷാർത്ഥങ്ങളു | വിഭോ | ഹേ വിഭോ! |
| പുരുഷാർത്ഥമയഃ | ടെ സ്വരൂപമായും, | തേഷാം | ആ വിവേകികൾക്കും |
| ഫലാത്മാ | അവയുടെ ഫലമായ പ | ഭവതഃ | നിന്തിരുവടിക്കും തമ്മിലുള്ള |
| | രമാനന്ദത്തിന്റെ സ്വ | സമാജഃ | സേവ്യസേവകഭാവത്തോടു |
| | രൂപമായും വർത്തിക്കുന്ന | | കൂടിയ ബന്ധം |
| | വനാണ്. | സമുചിതഃ | യോജിച്ചതുതന്നെ. |
| വൈ | ആകയാൽ | രതയോഃ | അന്യോന്യം അനുരക്തരായി |
| യദ്വാഞ്ഛയാ | യാതൊരു നിന്തിരുവടി | സുഖദുഃഖിനോഃ | സുഖവും ദുഃഖവും |
| | യെ പ്രാപിക്കുവാനുള്ള | | അനുഭവിക്കുന്ന |
| | ആഗ്രഹംകൊണ്ട് | പുംസഃ സ്ത്രിയാഃ | പുരുഷനും സ്ത്രീയും തമ്മി |
| സുമതയഃ | വിവേകികൾ | ച | ലുള്ള ബന്ധം |
| കൃത്സ്നം | എല്ലാ ലോകവ്യവഹാര | ന | (ഭവൽഭക്തന്മാർക്ക്) |
| | ത്തെയും | | യോജിച്ചതല്ല. |

'ഭിക്ഷുഭിഃ ശ്ലാഘിതാ മുധാ' എന്ന ഭാഗംകൊണ്ട് പ്രസ്താവിച്ച ഭിക്ഷുകൃതമായ വൃഥാ ശ്ലാഘിതയെ പരാമർശിച്ചുകൊണ്ട് രുക്മിണി സമാധാനം പറയുന്നു—

ത്വം ന്യസ്തദണ്ഡമുനിഭിർഗ്ഗദിതാനുഭാവ
ആത്മാഽഽത്മദശ്ച ജഗതാമിതി മേ വൃതോഽസി
ഹിത്വാ ഭവദ്ഭ്രുവ ഉദീരിതകാലവേഗ-
ധ്വസ്താശിഷോഽബ്ജഭവനാകപതീൻ കുതോഽന്യേ. 39

| | | | |
|---|---|---|---|
| ത്വം | നിന്തിരുവടി | ഭവദ്ഭ്രുവഃ | നിന്തിരുവടിയുടെ ഭ്രൂക്ഷേപത്തിൽനിന്ന് |
| ന്യസ്തദണ്ഡ-മുനിഭിഃ | പരപീഡനം ത്യജിച്ചിരിക്കുന്ന (യോഗദണ്ഡം വെച്ച് ബ്രഹ്മധ്യാനനിരതരായി വർത്തിക്കുന്ന) മുനികളാൽ | ഉദീരിത-കാലവേഗ-ധ്വസ്താശിഷഃ | ഉറവെടുത്ത കാലപ്രവാഹത്തിന്റെ ഉഴുക്കിനാൽ തകർക്കപ്പെട്ട ഭോഗലാലസയോടുകൂടിയ |
| ഗദിതാനുഭാവഃ | ശ്ലാഘിക്കപ്പെട്ട മഹിമയോടുകൂടിയവനും, | അബ്ജഭവ-നാകപതീൻ | ബ്രഹ്മാവിനേയും, ഇന്ദ്രാദികളായ സ്വർല്ലോകനാഥന്മാരേയുംകൂടി |
| ജഗതാം | ലോകങ്ങളുടെ | ഹിത്വാ | ഉപേക്ഷിച്ച് |
| ആത്മാ | ആത്മാവും, | മേ | എന്നാൽ |
| ആത്മദഃ ച | ഭക്തന്മാർക്ക് ആത്മദാനം ചെയ്യുന്നവനും ആകുന്നു | വൃതഃ അസി | വരിക്കപ്പെട്ടു. |
| | | അന്യേ | മറ്റുള്ളവർ |
| ഇതി | എന്നതറിഞ്ഞ്, | കുതഃ | പിന്നെയുണ്ടോ? |

നോട്ട്:— സന്യസ്തകർമ്മാക്കളായ മുനിമാർ ഭഗവന്മഹിമയെ ശ്ലാഘിക്കുന്നു. അതിനാൽ ഭിക്ഷുക്കളുടെ വൃഥാശ്ലാഘ ഭഗവാനിൽ ഉള്ളതാണ് എന്നു സാരം.

'വൈദർഭ്യേതദവിജ്ഞായ ത്വയാഽദീർഘസമീക്ഷയാ വൃതാ വയം' എന്ന വാക്കിനും ഇവിടെ സമാധാനമായി. അറിവോടും ദീർഘവിചാരത്തോടുംകൂടി ശ്രീമഹാലക്ഷ്മി ബ്രഹ്മാദികളെ നിരസിച്ച് ആദിയിൽത്തന്നെ ശ്രീനാരായണനെ വരിച്ചുകഴിഞ്ഞിരിക്കുന്നു. ആ ലക്ഷ്മിതന്നെയായ രുക്മിണി ഇപ്പോഴും ശിശുപാലാദികളെ പരിഗണിക്കുമോ? അജ്ഞത്വവും ദീർഘവിചാരമില്ലായ്മയും താൻ കാണിച്ചിട്ടില്ലെന്നു സാരം.

എന്നാൽ അജ്ഞത്വം ഭഗവാങ്കലാണ് അല്പം കാണുന്നതെന്ന് രുക്മിണി പ്രത്യാരോപണം ചെയ്യുന്നു.

ജാഡ്യം വചസ്തവ ഗദാഗ്രജ യസ്തു ഭൂപാൻ
വിദ്രാവ്യ ശാർങ്ഗനിനദേന ജഹർത്ഥ മാം ത്വം
സിംഹോ യഥാ സ്വബലിമീശ പശൂൻ സ്വഭാഗം
തേഭ്യോ ഭയാദ്യദുദധിം ശരണം പ്രപന്നഃ. 40

| | | | |
|---|---|---|---|
| ഗദാഗ്രജ ഈശ | ഗദന്റെ ജ്യേഷ്ഠസഹോദരനായ ഹേ ഈശ! | യഥാ (ഹരതി) | കൊണ്ടുപോകുന്നപോലെ |
| സിംഹഃ | സിംഹം | യഃ ത്വം തു | യാതൊരു നിന്തിരുവടിയാകട്ടെ |
| പശൂൻ | മൃഗങ്ങളെ | ശാർങ്ഗ-നിനദേന | ശാർങ്ഗചാപത്തിന്റെ ഞാണൊലിയാൽ |
| വിദ്രാവ്യ | ആട്ടിയകററി | ഭൂപാൻ | രാജാക്കന്മാരെ |
| സ്വബലിം | തന്റെ ഭക്ഷ്യത്തെ | | |

| | | | |
|---|---|---|---|
| (വിദാര്യ) | ഉരത്തി, | ഭയാത് | ഭീതിനിമിത്തം |
| സ്വഭാഗം | തന്റെ ഭാഗമായ | ഉദധിം | സമുദ്രത്തെ |
| മാം | എന്നെ | ശരണം പ്രപന്നാഃ | ശരണം പ്രാപിച്ചവനാണ് താനെന്നുള്ള |
| ജഹർത്ഥ | ബലാൽകൊണ്ടുപോന്നുവോ, | വചഃ യത് | വാക്ക് യാതൊന്നോ, |
| തവ | അങ്ങനെയുള്ള നിന്തിരുവടിയുടെ | (തത്) ബാഢ്യം | അത് ഭോഷന്മാർക്കു ചേർന്നതായി. |
| ഭേദ്യഃ | "ക്ഷുദ്ര രാജാക്കന്മാരിൽ നിന്നുള്ള | | |

‘അസ്പഷ്ടവർത്മനാം പുംസാം’—എന്നു തുടങ്ങുന്ന ശ്ലോകത്തിലെ ‘പ്രായഃ സീദന്തി യോഷിതഃ’ എന്ന ഭാഗംകൊണ്ട് ‘തന്നെ പിൻതുടരുന്ന സ്ത്രീജനങ്ങൾ ക്ലേശിക്കു’മെന്നു ഭഗവാൻ സൂചിപ്പിച്ചു. അതിനുള്ള മറുവടിയാണ് ഇനി പറയുന്നത്—

യദ്വാഞ്ഛയാ നൃപശിഖാമണയോഽങ്ഗവൈന്യ-
ജായന്തനാഹുഷഗയാദയ ഐകപത്യം
രാജ്യം വിസൃജ്യ വിവിശുർവനമംബുജാക്ഷ
സീദന്തി തേഽനുപദവീം ത ഇഹാസ്ഥിതാഃ കിം. 41

| | | | |
|---|---|---|---|
| അംബുജാക്ഷ | ഹേ ചെന്താമരാക്ഷ! | യദ്വാഞ്ഛയാ | യാതൊരു നിന്തിരുവടിയെ പ്രാപിക്കുവാനുള്ള ഇച്ഛകൊണ്ട് |
| അങ്ഗവൈന്യജായന്തനാഹുഷഗയാദയഃ | വേനന്റെ പിതാവായ അങ്ഗൻ, വേനപുത്രനായ പൃഥു, ഭരതൻ, യയാതി, ഗയൻ എന്നു തുടങ്ങിയ | വനം | തപോവനത്തിലേക്ക് |
| | | വിവിശുഃ | പ്രവേശിച്ചു. |
| | | തേ | നിന്തിരുവടിയുടെ |
| നൃപശിഖാമണയഃ | രാജചൂഡാമണികൾ | അനുപദവീം | അനുസൃതമാർഗ്ഗത്തെ |
| | | ആസ്ഥിതാഃ | അവലംബിച്ചവരായ |
| ഐകപത്യം | ഏകാധിപത്യമുള്ള | തേ | അവർ |
| രാജ്യം | രാജപദവിയെ | ഇഹ | ലോകത്തിൽ |
| വിസൃജ്യ | ഉപേക്ഷിച്ച് | കിം സീദന്തി | ക്ലേശിപ്പുണ്ടോ? |

‘അഥാത്മനോഽനുരൂപം വൈ’ എന്നു തുടങ്ങുന്ന ശ്ലോകംകൊണ്ട് മറെറതെങ്കിലും അനുരൂപഭർത്താവിനെ സ്വീകരിച്ചുകൊള്ളുവാനായി ഭഗവാൻ രുക്മിണിയോടു പറഞ്ഞു. അതിനുള്ള സമാധാനമാണ് ഇനിയുള്ള രണ്ടു ശ്ലോകങ്ങൾകൊണ്ടു പറയുന്നത്—

കാഽന്യം ശ്രയേത തവ പാദസരോജഗന്ധ-
മാഘ്രായ സന്മുഖരിതം ജനതാപവർഗ്ഗം
ലക്ഷ്മ്യാലയം ത്വവിഗണയ്യ ഗുണാലയസ്യ
മർത്ത്യാ സദോരുഭയമർത്ഥവിവിക്തദൃഷ്ടിഃ. 42

| | | | |
|---|---|---|---|
| ജനതാപവർഗ്ഗം | മനുഷ്യസഞ്ചയത്തിന് മോക്ഷസ്വരൂപമായും | സന്മുഖരിതം | സത്തുക്കളാൽ ഉൽഘോഷിക്കപ്പെട്ടതായും ഇരിക്കുന്ന |
| ലക്ഷ്മ്യാലയം | മഹാലക്ഷ്മിക്ക് ആശ്രയഭൂതമായും | ഗുണാലയസ്യ | സദ്ഗുണാകരനായ |
| | | തവ | നിന്തിരുവടിയുടെ |

| | | | |
|---|---|---|---|
| പാദസരോജ-ഗന്ധം | തൃപ്പാദകമലങ്ങളുടെ നറുമണത്തെ | മർത്ത്യം | മനുഷ്യസ്വഭാവമുള്ളവളുമായ |
| ആഘ്രായ തു | മുകൎന്നശേഷം, | കാ | ഏതൊരു സ്ത്രീയാണ് |
| അവിഗണയ്യ | അതിനെയനാദരിച്ച് | സദോദ്ഭയം | എപ്പോഴും മുഴുത്ത പേടിയോടുകൂടിയിരിക്കുന്ന |
| അൎത്ഥാവിവിക്തദൃഷ്ടിഃ | ഹിതാഹിതങ്ങളായ കാൎയ്യങ്ങളെ വകതിരിച്ചു കണ്ടറിയുന്നവളും | അന്യം | മറെറാരു പുരുഷനെ |
| | | ശ്രയേത | തേടിപ്പോകുക ? |

നോട്ട്:—'വയം ഗുണൈൎഹീനാഃ' എന്ന ഭാഗംകൊണ്ട് താനൊരു നിൎഗ്ഗുണനാണെന്ന് ഭഗവാൻ പറഞ്ഞിരുന്നു. ഈ ശ്ലോകത്തിൽ 'ഗുണാലയസ്യ' എന്ന വിശേഷണപദംകൊണ്ട് രുക്മിണി അതിനെ നിഷേധിച്ചിരിക്കുന്നു.

തം ത്വാനുരൂപമഭജം ജഗതാമധീശ-
മാത്മാനമത്ര ച പരത്ര ച കാമപൂരം
സ്യാന്മേ തവാങ്ഘ്രിരരണം സൃതിഭിൎഭ്രമന്ത്യാ
യോ വൈ ഭജന്തമുപയാത്യനൃതാപവൎഗ്ഗഃ. 43

| | | | |
|---|---|---|---|
| ജഗതാം | ലോകങ്ങളുടെ | അനൃതാപവൎഗ്ഗഃ | മിത്ഥ്യയായ സംസാരത്തിന്റെ നിവൃത്തിക്ക് അവലംബമായ |
| അധീശം | അധിപതിയും | | |
| ആത്മാനം | സൎവ്വാത്മാവും | യഃ വൈ | യാതൊരുവനാണോ |
| അത്ര ച | ഇഹലോകത്തിലേയും, | ഭജന്തം | തന്നെ ഭജിക്കുന്നവനെ |
| പരത്ര ച | പരലോകത്തിലേയും | ഉപയാതി | സ്വന്തമാക്കിത്തീൎക്കുന്നത്, |
| കാമപൂരം | ആഗ്രഹങ്ങളെ നിറവേററിത്തരുന്നവനും | തവ | ആ നിന്തിരുവടിയുടെ |
| അനുരൂപം | തുല്യയോഗ്യതയുള്ളവനും ആയ | അങ്ഘ്രിഃ | തൃച്ചേവടി |
| തം ത്വാ | ആ നിന്തിരുവടിയെ | സൃതിഭിഃ | അനേകജന്മങ്ങളാൽ |
| അഭജം | ഞാൻ ഭജിച്ചു. (ഭൎത്തൃത്വേന വരിച്ചു.) | ഭ്രമന്ത്യാഃ | ചുറ്റിത്തിരിയുന്ന |
| | | മേ | എനിക്ക് |
| | | അരണം | രക്ഷാസ്ഥാനമായി |
| | | സ്യാത് | ഭവിക്കട്ടെ. |

"രാജപുത്രീപ്സിതാ ഭൂപൈൎല്ലോകപാലവിഭൂതിഭിഃ" ഇത്യാദി വാക്യങ്ങൾകൊണ്ട് ഭഗവാൻ രാജാക്കന്മാരുടെ യോഗ്യതകളെ സ്ലാഘിച്ചുപറഞ്ഞു. ഇതിനെപ്പററി ചൊടിച്ചുകൊണ്ടുള്ള രുക്മിണിയുടെ പ്രത്യുത്തരമാണ് ചുവടെയുള്ള രണ്ടു ശ്ലോകങ്ങൾ—

തസ്യാഃ സ്യുരച്യുത നൃപാ ഭവതോപദിഷ്ടാഃ
സ്ത്രീണാം ഗൃഹേഷു ഖരഗോശ്വബിഡാലഭൃത്യാഃ
യത്കൎണ്ണമൂലമരികൎഷണ നോപയായാദ്
യുഷ്മത്കഥാ മൃഡവിരിഞ്ചസഭാസു ഗീതാ. 44

| | | | |
|---|---|---|---|
| അച്യുത | ഹേ നിൎവ്വികാരാത്മൻ ! | ഭവതാ | ഭവാനാൽ |
| അരികൎഷണ | ശത്രുനാശന ! | ഉപദിഷ്ടാഃ | പറഞ്ഞുതരപ്പെട്ട |

| | |
|---|---|
| നൃപാഃ | രാജാക്കന്മാർ |
| സ്ത്രീണാം | സ്ത്രീകളുടെ (സ്ത്രീകളുടെ ആധിപത്യമുള്ള) |
| ഗൃഹേഷു | ഗൃഹങ്ങളിൽ |
| ഖരഗോശ്വ-ബിഡാലഭൃത്യാഃ | കഴുതകളായും, കാളകളായും, നായ്ക്കളായും, പൂച്ചകളായും, അടിമകളായും കഴിയുന്നവരാണ്. |

| | |
|---|---|
| മൃഡവിരിഞ്ച-സഭാസു | ശിവന്റെയും, ബ്രഹ്മാവിന്റെയും ദിവ്യസഭകളിൽ |
| ഗീതാ | ഗാനം ചെയ്യപ്പെടുന്ന |
| യുഷ്മത് കഥാ | ഭവാന്റെ പുണ്യകഥ |
| യത് കർണ്ണമൂലം | ഏതൊരുവളുടെ കാതിനുള്ളിലേക്ക് |
| ന ഉപയായാത് | കടന്നുചെല്ലുന്നില്ലയോ, |
| തസ്യാഃ | അങ്ങനെയുള്ളവൾക്ക് |
| നൃഃ | അവർ ഇരുന്നുകൊള്ളട്ടെ. |

നോട്ട്:—"ഭവാൻ പ്രശംസിച്ചുപറഞ്ഞ ശിശുപാലാദി രാജാക്കന്മാരുടെ സ്ഥിതി ഇതാണ്—അവർ സ്ത്രീഗൃഹങ്ങളിൽ കഴുതകളെപ്പോലെ ഭാണ്ഡം ചുമക്കുന്നു; കാളകളെപ്പോലെ എത്തും വലിക്കുന്നു; നായ്ക്കളെപ്പോലെ എറിഞ്ഞാട്ടിയാലും പോകാതെ വീടു കാക്കുന്നു; പൂച്ചകളെപ്പോലെ എച്ചിലുതിന്ന് ആശിച്ചു കഴിയുന്നു; അടിമകളെപ്പോലെ എല്ലാ വിടുപണിയും എടുക്കുന്നു. ആ കാമകിങ്കരന്മാർ എനിക്കുള്ളവരല്ല. ഭഗവൽകഥാമൃതത്തിന്റെ ഒരു കണികയെങ്കിലും കർണ്ണത്തിലേശാത്ത ഏതെങ്കിലും ഒരു നിർഭാഗ്യവതിയുണ്ടെങ്കിൽ അവൾക്കുള്ളവരാണ് അവർ." എന്ന് ആശയം.

ത്വക്ശ്മശ്രുരോമനഖകേശപിനദ്ധമന്ത-
ർമ്മാംസാസ്ഥിരക്തകൃമിവിട്കഫപിത്തവാതം
ജീവച്ഛവം ഭജതി കാന്തമതിർവ്വിമൂഢാ
യാ തേ പദാബ്ജമകരന്ദമജിഘ്രതീ സ്ത്രീ. 45

| | |
|---|---|
| യാ | യാതൊരു |
| സ്ത്രീ | സ്ത്രീ |
| വിമൂഢാ | ഏറ്റവും വിവേകമില്ലാത്തവളായിട്ട് |
| തേ | ഭവാന്റെ |
| പദാബ്ജ-മകരന്ദം | തൃപ്പാദകമലങ്ങളിലെഴുന്ന ആനന്ദമധുവിനെ |
| അജിഘ്രതി | മുകർന്നിടാതെയിരിക്കുന്നുവോ, അവൾ |
| കാന്തമതിഃ | 'സുന്ദരപുരുഷനാണെ'ന്നു കരുതിക്കൊണ്ട് |

| | |
|---|---|
| ത്വക്ശ്മശ്രു-രോമനഖ-കേശപിനദ്ധം | തൊലി, താടി, രോമം, നഖം, തലമുടി എന്നിവയാൽ (പുറത്ത്) മൂടപ്പെട്ടിരിക്കുന്നതും, |
| അന്തഃ | അകത്ത് |
| മാംസാസ്ഥി-രക്തകൃമിവിട്-കഫപിത്ത-വാതം | മാംസം, അസ്ഥി, രക്തം, കൃമി, മലം, കഫം, പിത്തം, വാതം എന്നിവയുള്ളതും ആയ |
| ജീവച്ഛവം | ജീവനുള്ള ശവത്തെ |
| ഭജതി | സ്വീകരിക്കുന്നു. |

'ഉദാസീനാ വയം നൂനം നസ്ത്ര്യപത്യാർത്ഥകാമുകാഃ' എന്ന ശ്ലോകംകൊണ്ട് താൻ ഉദാസീനനാണെന്നും, സ്ത്രീകാമുകനല്ലെന്നും ഭഗവാൻ പറഞ്ഞതിന്ന് രുക്മിണി മറുവടി നൽകുന്നു.

അസ്ത്വംബുജാക്ഷ മമ തേ ചരണാനുരാഗ
ആത്മൻ രതസ്യ മയി ചാനതിരിക്തദൃഷ്ടേഃ
യർഹ്യസ്യ വൃദ്ധയ ഉപാത്തരജോഽതിമാത്രോ
മാമീക്ഷസേ തദു ഹ നഃ പരമാനുകമ്പാ. 46

| | | | |
|---|---|---|---|
| അംബുജാക്ഷ | ചെന്താമരക്കണ്ണ! | വൃദ്ധയേ | വളൎച്ചയ്ക്കുവേണ്ടി |
| മയി ച | എന്നിൽപ്പോലും | ഉപാത്തരജോ-തിമാത്രഃ | രാജസഗുണത്തിന്റെ ആധിക്യത്തെ സ്വീകരിച്ചുകൊണ്ട് |
| അനതിരിക്ത-ദൃഷ്ടേഃ | കവിഞ്ഞ താല്പൎയ്യദൃഷ്ടിയില്ലാത്തവനും | മാം | എന്നെ (മൂലപ്രകൃതിയായ എന്നെ) |
| ആത്മൻ | ആത്മാനന്ദത്തിൽ | ഈക്ഷസേ ഹ | നീന്തിരുവടി കടാക്ഷിക്കുന്നുവല്ലോ; |
| രതസ്യ | രമിച്ചുകൊണ്ടുള്ളവനും ആയ | തത് ഉ നഃ | അതുതന്നെ, എനിക്ക് |
| തേ | ഭവാന്റെ | പരമാ | ഏററവും വലിയ |
| ചരണാനുരാഗഃ | തൃപ്പാദപ്രേമം | അനുകമ്പാ | അനുഗ്രഹമാണ്. |
| മമ അസ്തു | എനിക്കുണ്ടാകട്ടെ. | | |
| യൎഹി | എപ്പോഴെങ്കിലും | | |
| അസ്യ | ഈ ലോകത്തിന്റെ | | |

നോട്ട്:— ഭഗവാൻ ഉദാസീനനാണ്—ആരിലും പ്രത്യേക താൽപൎയ്യമില്ലാത്തവനാണ്. കാമുകത്വം അവിടുത്തേക്കില്ല. ശരിതന്നെ; എന്നാൽ ഭഗവച്ചരണാനുരാഗം മാത്രമേ രുക്മിണി ആവശ്യപ്പെടുന്നുള്ളു.

ഈവിധം ഭഗവാന്റെ ഓരോ നൎമ്മവാക്കിനും തക്കതായ സമാധാനം കൊടുത്ത ശേഷം രുക്മിണി അകംതെളിഞ്ഞു പറയുന്നു—

നൈവാളീകമഹം മന്യേ വചസ്തേ മധുസൂദന
അംബായാ ഇവ ഹി പ്രായഃ കന്യായാഃ സ്യാദ്രതിഃ ക്വചിത്. 47

| | | | |
|---|---|---|---|
| മധുസൂദന | മധുവിദ്വേഷിയായ ഭഗവാനേ! | | പുത്രിയായ) അംബയ്ക്കു് |
| തേ വചഃ | ഭവാന്റെ വചനം | ഇവ | ഉണ്ടായിരുന്നപോലെ |
| അളീകം | അസത്യമെന്നു് | പ്രായഃ | മിക്കവാറും |
| അഹം | ഞാൻ | കന്യായാഃ | ഏതു കന്യകയ്ക്കും |
| ന മന്യേ ഏവ | കരുതുന്നതേ ഇല്ല. | ക്വചിത് | ഏതെങ്കിലും ഒരാളിൽ |
| അംബായാഃ | (കാശിരാജാവിന്റെ | രതിഃ | അനുരാഗം |
| | | സ്യാത് ഹി | ഉണ്ടാകാമല്ലോ. |

നോട്ട്:— കന്യകയായിരുന്നകാലത്തു അംബയ്ക്കു് ശാല്വനിൽ അനുരാഗം ഉണ്ടായതും മററുമായ കഥ മഹാഭാരതപ്രസിദ്ധമാണ്. ആ അംബയെപ്പോലെ രുക്മിണിയും കന്യകയായിരുന്നകാലത്തു് ആത്മാനുരൂപനായ ഭഗവാനിൽ അനുരക്തയായി. 'ആത്മാനുരൂപനെ വരിച്ചുകൊള്ളുക' എന്നു് ഭഗവാൻ പറഞ്ഞുവല്ലോ. എന്നാൽ അതു കഴിഞ്ഞിരിക്കുന്നുവെന്നു് വ്യംഗ്യഭംഗിയിൽ രുക്മിണി സൂചിപ്പിച്ചു.

വ്യൂഢായാശ്ചാപി പുംശ്ചല്യാ മനോഽഭ്യേതി നവം നവം
ബുധോഽസതീം ന ബിഭൃയാത് താം ബിഭ്രദുഭയച്യുതഃ. 48

| | | | |
|---|---|---|---|
| അപി ച | മാത്രമല്ല, | മനഃ | മനസ്സ് |
| വ്യൂഢായാഃ | വിവാഹിതയായാലും | നവം നവം | പുതിയ പുതിയ ആളെ |
| പുംശ്ചല്യാഃ | ഒരു കുലടയുടെ | അഭ്യേതി | തേടിപ്പോകാറുണ്ടു്. |

| | | | |
|---|---|---|---|
| ബുധഃ | വിവേകമുള്ളവൻ | ബിഭൃത് | കൈയേല്ക്കുന്നവൻ |
| അസതീം | കുലടയായ സ്ത്രീയെ | ഉഭയച്യുതഃ | രണ്ടുംകെട്ടവനായി |
| ന ബിഭൃയാത് | കൈക്കൊള്ളരുത്. | | (ഇഹവും പരവും ഇല്ലാ |
| താം | അവളെ | | ത്തവനായി) തീരുന്നു. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

സാധ്വ്യേതച്ഛ്രോതുകാമൈസ്ത്വം രാജപുത്രി പ്രലംഭിതാ
മയോദിതം യദന്വാത്ഥ സർവ്വം തത് സത്യമേവ ഹി. 49

| | | | |
|---|---|---|---|
| സാധ്വി | ഹേ പതിവ്രതേ! | മയാ | എന്നാൽ |
| രാജപുത്രി | ഹേ രാജനന്ദിനി! | ഉദിതം | പറയപ്പെട്ട |
| ഏതത് | ഇതെല്ലാം | യത് | ഏതെതു വാക്കിനെ |
| ശ്രോതുകാമൈഃ | കേൾപ്പാൻ ആഗ്രഹം | അന്വാത്ഥ | മറ്റൊരുതരത്തിൽ വ്യാ |
| | കൊണ്ടിരിക്കുന്ന എന്നാൽ | | ഖ്യാനിച്ചുപറഞ്ഞുവോ, |
| ത്വം | ഭവതി | തത് സർവ്വം | അതൊക്കെയും |
| പ്രലംഭിതാ | ഈവിധം ഉപഹസിക്ക | സത്യം ഏവ | സത്യംതന്നെ; |
| | പ്പെട്ടവളായതാണ്. | ഹി | നിശ്ചയമാണ്. |

യാൻ യാൻ കാമയസേ കാമാൻ മയ്യകാമായ ഭാമിനി
സന്തി ഹ്യേകാന്തഭക്തായാസ്തവ കല്യാണി നിത്യദാ. 50

| | | | |
|---|---|---|---|
| ഭാമിനി | ഹേ പ്രണയ കുപിതേ! | (തേ) | അവയെല്ലാം |
| കല്യാണി | ഹേ മംഗളഗാത്രി! | മയി | എന്നിൽ |
| അകാമായ | കാമനയെ ത്യജിക്കുവാ | ഏകാന്ത- | കേവലഭക്തിയുള്ള |
| | നായി | ഭക്തായാഃ | |
| യാൻ യാൻ | ഏതെല്ലാം | തവ | ഭവതിക്ക് |
| കാമാൻ | കാമിതങ്ങളെ | നിത്യദാ | എപ്പോഴും |
| കാമയസേ | ഭവതി കാമിക്കുന്നുവോ, | സന്തി ഹി | ഉള്ളതാണല്ലോ. |

ഉപലബ്ധം പതിപ്രേമ പാതിവ്രത്യം ച തേഽനഘേ
യദ്വാക്യൈശ്ചാല്യമാനായാ ന ധീർമ്മയ്യപകർഷിതാ. 51

| | | | |
|---|---|---|---|
| അനഘേ | ഹേ നിർദ്ദോഷവതി! | വാക്യൈഃ | ഇത്തരം വാക്യങ്ങളാ |
| തേ | ഭവതിയുടെ | | കൊണ്ട് |
| പതിപ്രേമ | ഭർത്തൃപ്രേമവും, | ചാല്യമാനായാഃ | മനസ്സിളക്കപ്പെടുന്നവ |
| പാതിവ്രത്യം ച | പാതിവ്രത്യവും | | ളായിട്ടുകൂടിയും ഭവതിയുടെ |
| ഉപലബ്ധം | എനിക്കു ബോദ്ധ്യപ്പെട്ടു | മയി ധീഃ | എന്നിലുറച്ച ചിത്തം |
| യത് | എന്തെന്നാൽ | ന അപകർഷിതാ | അന്യാകൃഷ്ടമായില്ല. |

യേ മാം ഭജന്തി ദാമ്പത്യേ തപസാ വ്രതചര്യയാ
കാമാത്മാനോഽപവർഗ്ഗേശം മോഹിതാ മമ മായയാ. 52

| | | | |
|---|---|---|---|
| കാമാത്മാനഃ | മനസ്സിൽ ഭോഗേച്ഛയുള്ള | അപവർഗ്ഗേശം | മുക്തിനാഥനായ |
| യേ | യാതൊരുവർ | മാം | എന്നെ |

| | | | |
|---|---|---|---|
| ദാമ്പത്യേ | ദാമ്പത്യസുഖത്തിന്നായി | ഭജന്തി | സേവിച്ചപോരുന്നുവോ, |
| തപസാ | തപസ്സുകൊണ്ടും, | (തേ) | അവർ |
| വ്രതചര്യയാ | വ്രതാചരണംകൊണ്ടും | മമ മായയാ | എന്റെ മായയാൽ |
| | | മോഹിതാഃ | വ്യാമോഹിതരാകുന്നു. |

മാം പ്രാപ്യ മാനിന്യപവർഗ്ഗസമ്പദം
വാഞ്ഛന്തി യേ സമ്പദ ഏവ തത്പതിം
തേ മന്ദഭാഗ്യാ നിരയേഽപി യേ നൃണാം
മാത്രാത്മകത്വാന്നിരയഃ സുസംഗമഃ. 53

| | | | |
|---|---|---|---|
| മാനിനി | ഹേ പ്രണയകുപിതേ! | നിരയേ അപി | നരകത്തിലുംകൂടി (നരകതുല്യമായ ശബ്ദാദികളെടേയും മററും നികൃഷ്ടജന്മത്തിലുംകൂടി) |
| അപവർഗ്ഗ-സമ്പദം | മുക്തിയെന്നറിയം സമ്പത്തുകൾക്കും ആശ്രയഭൂതനായി, | (സുലഭഃ) | ധാരാളമാണ്. |
| തത്പതിം | അവയുടെയും നാഥനായിരിക്കുന്ന | നൃണാം | മനുഷ്യർക്ക് — മുക്തി സാധിക്കാമെന്നിരുന്നിട്ടും വിഷയഭോഗങ്ങൾക്കുപകരണമായ സമ്പത്തുകളെ കാംക്ഷിക്കുന്ന മനുഷ്യർക്ക് |
| മാം പ്രാപ്യ | എന്നെ പ്രാപിച്ച് | | |
| യേ | യാവചിലരാണോ | | |
| സമ്പദഃ ഏവ | വിഷയഭോഗങ്ങളുടെ ഉപകരണമായ ആ സമ്പത്തുക്കളെ മാത്രം | മാത്രാത്മ-കത്വാത് | അവരുടെ വിഷയാത്മകതയാൽ |
| വാഞ്ഛന്തി | കാംക്ഷിക്കുന്നു, | | |
| തേ | അവർ | നിരയഃ | നരകമാണ് (ശബ്ദാദികളെടേയും മററുമായ നികൃഷ്ടജന്മമാണ്) |
| മന്ദഭാഗ്യാഃ | ഭാഗ്യഹീനരാകുന്നു. | | |
| യേ | യാതൊരു ആ വിഷയഭോഗങ്ങൾ | സുസംഗമഃ | ഏററവും ചേർച്ചയുള്ളത്. |

ദിഷ്ട്യാ ഗൃഹേശ്വര്യസകൃന്മയി ത്വയാ
കൃതാഽനുവൃത്തിർഭവമോചനീ ഖലൈഃ
സുദുഷ്കരാസൌ സുതരാം ദുരാശിഷോ
ഹ്യസുംഭരായാ നികൃതിഞ്ജുഷഃ സ്ത്രിയാഃ. 54

| | | | |
|---|---|---|---|
| ഗൃഹേശ്വരി | ഹേ ഗൃഹനായികേ! | അസൌ | ഈ സേവനകർമ്മം |
| ത്വയാ | ഭവതിയാൽ | ഖലൈഃ | ദുർജ്ജനങ്ങളാൽ |
| അസകൃത് | നിരന്തരം | സുദുഷ്കരാ | അനുഷ്ഠിക്കപ്പെടുന്നതിന്ന് എളുതല്ല. |
| മയി | എങ്കിൽ | | |
| അനുവൃത്തിഃ | സേവനം | നികൃതിഞ്ജുഷഃ | വഞ്ചനതൽപരയും |
| കൃതാ | അനുഷ്ഠിക്കപ്പെട്ടു എന്നത് | അസുംഭരായാഃ | ഇന്ദ്രിയങ്ങളെ സംതൃപ്തിപ്പെടുത്തുന്നവളും |
| ദിഷ്ട്യാ | വളരെ നന്നായി. | ദുരാശിഷഃ | ദുരാഗ്രഹംചേർന്നവളുമായ |
| ഹി | എന്തെന്നാൽ | | |
| ഭവമോചനീ | സംസാരദുഃഖത്തെ അകററുന്ന | സ്ത്രിയാഃ | ഒരു സ്ത്രീക്കാകട്ടെ |
| | | സുതരാം | ഒട്ടുമേ എളുതല്ല. |

ന ത്വാദൃശീം പ്രണയിനീം ഗൃഹിണീം ഗൃഹേഷു
പശ്യാമി മാനിനി യയാ സ്വവിവാഹകാലേ
പ്രാപ്താൻ നൃപാനവഗണയ്യ രഹോഹരോ മേ
പ്രസ്ഥാപിതോ ദ്വിജ ഉപശ്രുതസത്കഥസ്യ 55

| | | | |
|---|---|---|---|
| മാനിനി | അല്ലയോ മാനിനി! | രഹോഹരഃ | രഹസ്യസന്ദേശം എത്തിക്കുന്ന |
| യയാ | യാതൊരുവളാൽ | ദ്വിജഃ | ഒരു ബ്രാഹ്മണൻ |
| സ്വവിവാഹകാലേ | തന്റെ വിവാഹോത്സവത്തിൽ | പ്രസ്ഥാപിതഃ | അയക്കപ്പെട്ടുവോ, |
| പ്രാപ്താൻ | എത്തിച്ചേർന്ന | ത്വാദൃശീം | ആ ഭവതിയെപ്പോലുള്ള |
| നൃപാൻ | രാജാക്കന്മാരെ | പ്രണയിനീം | പ്രേമവതിയായ |
| അവഗണയ്യ | തീരെ പരിഗണിക്കാതെ, | ഗൃഹിണീം | പത്നിയെ |
| ഉപശ്രുതസത്കഥസ്യ | കേട്ടറിയപ്പെട്ട യഥാർത്ഥ കഥയോടുകൂടിയ | ഗൃഹേഷു | എന്റെ അന്തഃപുരങ്ങളിൽ |
| മേ | എന്റെ അടുത്തേക്ക് | ന പശ്യാമി | വേറെ കാണുന്നില്ല. |

ഭ്രാതുർവിരൂപകരണം യുധി നിർജ്ജിതസ്യ
പ്രോദ്വാഹപർവ്വണി ച തദ്വധമക്ഷഗോഷ്ഠ്യാം
ദുഃഖം സമുത്ഥമസഹോऽസ്മദയോഗഭീത്യാ
നൈവാബ്രവീഃ കിമപി തേന വയം ജിതാസ്തേ. 56

| | | | |
|---|---|---|---|
| യുധി | യുദ്ധത്തിൽ | അസ്മദയോഗഭീത്യാ | ഞങ്ങളെ പിരിയേണ്ടതായി വന്നേക്കുമോ എന്ന ഭയം കാരണം |
| നിർജ്ജിതസ്യ | തോല്പിക്കപ്പെട്ട | അസഹഃ | ഭവതി പൊറുത്തു. |
| ഭ്രാതുഃ | സഹോദരന്ന് | കിമപി | വല്ലതും ഒരു വാക്ക് |
| വിരൂപകരണം | വൈരൂപ്യം വരുത്തിയതും, | ന അബ്രവീഃ ഏവ | പറയുകതന്നെയുണ്ടായിട്ടില്ല. |
| പ്രോദ്വാഹപർവ്വണി | (അനിരുദ്ധന്റെ) വിവാഹമഹോത്സവത്തിൽ | തേന | ആ കാരണംകൊണ്ട് |
| അക്ഷഗോഷ്ഠ്യാം | ചൂതാട്ടത്തിൽവെച്ച് | തേ | ഭവതിയാൽ |
| തദ്വധം | അവനെ കൊന്നതും, | വയം | ഞങ്ങളെല്ലാംതന്നെ |
| സമുത്ഥം | തന്നിമിത്തമുണ്ടായ | ജിതാഃ | ജയിക്കപ്പെട്ടിരിക്കുന്നു. |
| ദുഃഖം ച | വ്യസനവും | | |

നോട്ട് :— രുക്മിവധം അടുത്ത അദ്ധ്യായത്തിൽ പറയുവാൻ പോകുന്ന കഥയാണ്. എങ്കിലും ഇവിടെ പ്രസ്താവിച്ചു കാണുന്നതുകൊണ്ട് ഇതിന്നു മുൻപു നടന്ന സംഭവമായി വിചാരിച്ചുകൊള്ളണം.

ദൂതസ്ത്വയാऽऽത്മലഭനേ സുവിവിക്തമന്ത്രഃ
പ്രസ്ഥാപിതോ മയി ചിരായതി ശൂന്യമേതത്
മത്വാऽജിഹാസ ഇദമംഗമനന്യയോഗ്യം
തിഷ്ഠേത തത്ത്വയി വയം പ്രതിനന്ദയാമഃ. 57

| | |
|---|---|
| ആത്മലാഭേന | എന്നെ ലഭിക്കുന്നതിന്നു് |
| സുവിവിക്ത- മന്ത്രഃ | നല്ല വകതിരിവോടെ പറഞ്ഞൊതുക്കപ്പെട്ട ഗൂഢസന്ദേശത്തോടുകൂടിയ |
| ദൂതഃ | സന്ദേശവാഹകൻ |
| ത്വയാ | ഭവതിയാൽ |
| പ്രസ്ഥാപിതഃ | അയക്കപ്പെട്ടുവല്ലോ. |
| മയി ചിരായതി | ഞാൻ വരുന്നതിന്നു് അല്പം വൈകിച്ചപ്പോൾ |
| ഏതത് | ഈ വിശ്വത്തെ |
| ശൂന്യം മത്വാ | ശൂന്യമെന്നു കരുതി, |
| അനന്യയോഗ്യം | മറ്റൊരുത്തനു് യോഗ്യമല്ലാത്ത |
| ഇമം അംഗം | ഈ ശരീരത്തെ |
| അജിഹാസുഃ | ഭവതി ത്യജിക്കുവാനാഗ്രഹിച്ചു. |
| തത് | ആ ആത്മാധികപ്രേമം |
| ത്വയി | ഭവതിയിൽത്തന്നെ |
| തിഷ്ഠതു | ഒതുങ്ങിനില്ക്കുന്നതാണു്. |
| വയം പ്രതി- നന്ദയാമഃ | നാം അതിന്നുപകരം വാക്കാൽ അഭിനന്ദിക്ക മാത്രം ചെയ്യുന്നു. |

നോട്ടു് :— "യസ്യാംബുജാക്ഷ ന ലഭേയ ഭവത്പ്രസാദം ജഹ്യാമസൂൻ" എന്നുള്ള രുക്മിണിയുടെ സന്ദേശവചനത്തിലെ മർമ്മഭാഗത്തെ അനുസ്മരിച്ചുകൊണ്ടു് ഭഗവാൻ പറയുകയാണു്. 'ആ പ്രേമാർപ്പണത്തിന്നു് പകരം എന്തുചെയ്താലും മതിയാകയില്ല. അതുകൊണ്ടു് വാക്കാൽ അഭിനന്ദിക്കുവാനേ വഴികാണുന്നുള്ളു'. എന്നു സാരം.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം സൌരതസംലാപൈർഭഗവാഞ്ജഗദീശ്വരഃ
സ്വരതോ രമയാ രേമേ നരലോകം വിഡംബയൻ. 58

| | |
|---|---|
| സ്വരതഃ | തന്നിൽ രമിക്കുന്നവനും |
| ഭഗവാൻ | ഐശ്വര്യാദിഗുണപൂർണ്ണനും |
| ജഗദീശ്വരഃ | സർവ്വലോകേശ്വരനുമായ ശ്രീകൃഷ്ണൻ |
| നരലോകം | മർത്ത്യലോകത്തെ |
| വിഡംബയൻ | അനുകരിച്ചുകൊണ്ടു് |
| ഏവം | ഇപ്രകാരം |
| സൌരത- സംലാപൈഃ | രതിക്രീഡയ്ക്കുചേർന്ന നർമ്മസല്ലാപങ്ങളോടെ |
| രമയാ | സാക്ഷാൽ ലക്ഷ്മിയായ രുക്മിണിയോടുകൂടി |
| രേമേ | രമിച്ചു. |

തഥാന്യാസാമപി വിഭുർഗൃഹേഷു ഗൃഹവാനിവ
ആസ്ഥിതോ ഗൃഹമേധീയാൻ ധർമ്മാംല്ലോകഗുരുർഹരിഃ. 59

| | |
|---|---|
| തഥാ | അതുവിധം |
| അന്യാസാം അപി | മററു പത്നിമാരുടേയും |
| ഗൃഹേഷു | ഗൃഹങ്ങളിൽ |
| വിഭുഃ | ബഹുരൂപനും |
| ലോകഗുരുഃ | ജഗദ്ഗുരുവുമായ |
| ഹരിഃ | ആ ശ്രീഹരി |
| ഗൃഹവാൻ ഇവ | ഗൃഹസ്ഥനെന്നപോലെ |
| ഗൃഹമേധീയാൻ | ഗൃഹസ്ഥോചിതങ്ങളായ |
| ധർമ്മാൻ | ധർമ്മങ്ങളെ |
| ആസ്ഥിതഃ | അനുഷ്ഠിച്ചിരുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
കൃഷ്ണരുക്മിണീസംവാദോ നാമ ഷഷ്ടിതമോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2585.

## ഏകഷഷ്ടിതമോഽദ്ധ്യായഃ—അറുപത്തൊന്നാമദ്ധ്യായം.

[ഏകഷഷ്ടിതമേ ശൌരേഃ പുത്രപൌത്രാദിസന്തതിഃ
അനിരുദ്ധവിവാഹേ ച രുക്മിണോ രാമതോ വധഃ.]

(ഭഗവാന്റെ പുത്രപൌത്രാദിസന്താനങ്ങളുടെ വിവരണം; അനിരുദ്ധന്റെ വിവാഹം; രുക്മിയുടെ വധം)

**ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—**

ഏകൈകശസ്താഃ കൃഷ്ണസ്യ പുത്രാൻ ദശ ദശാബലാഃ
അജീജനന്നനവമാൻ പിതുഃ സർവ്വാത്മസമ്പദാ. 1

| | | | |
|---|---|---|---|
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ | പിതുഃ | പിതാവിനെക്കാളും |
| താഃ അബലാഃ | ആ പത്നിമാർ | അനവമാൻ | താഴ്ചയില്ലാത്തവരായ |
| ഏകൈകശഃ | ഓരോരുത്തരും, | ദശ ദശ | പത്തുപത്ത് |
| സർവ്വാത്മസമ്പദാ | തങ്ങളിലുള്ള സകല ഗുണസമ്പത്തുകൊണ്ടും | പുത്രാൻ | പുത്രന്മാരെ |
| | | അജീജനൻ | പ്രസവിച്ചു. |

ഗൃഹാദനപഗം വീക്ഷ്യ രാജപുത്ര്യോഽച്യുതം സ്ഥിതം
പ്രേഷ്ഠം ന്യമംസത സ്വം സ്വം ന തത്തത്ത്വവിദഃ സ്ത്രിയഃ. 2

| | | | |
|---|---|---|---|
| അച്യുതം | ശ്രീകൃഷ്ണനെ | സ്വം സ്വം | അവരവരെ |
| ഗൃഹാത് | താന്താങ്ങൾക്കുള്ള ഗൃഹത്തിൽനിന്ന് | പ്രേഷ്ഠം | കൂടുതൽ പ്രിയപ്പെട്ടതായി |
| അനപഗം | വിട്ടുപോകാത്തവനായും | ന്യമംസത | വിചാരിച്ചു. |
| സ്ഥിതം | അവിടെത്തന്നെ ഉറച്ചു കൂടിയിരിക്കുന്നവനായും | സ്ത്രിയഃ | ആ സ്ത്രീകൾ |
| വീക്ഷ്യ | കണ്ടിട്ട് | തത്തത്ത്വവിദഃ | അവിടത്തെ യാഥാർത്ഥ്യത്തെ മനസ്സിലാക്കിയവർ |
| രാജപുത്ര്യഃ | രാജപുത്രിമാർ | ന | ആയിരുന്നില്ല. |

ചാർവ്വബ്ജകോശവദനായതബാഹുനേത്ര-
സപ്രേമഹാസരസവീക്ഷിതവല്ഗുജല്പൈഃ
സമ്മോഹിതാ ഭഗവതോ ന മനോ വിജേതും
സ്വൈർവ്വിഭ്രമൈഃ സമശകൻ വനിതാ വിഭൂമ്നഃ. 3

| | | | |
|---|---|---|---|
| ഭഗവതഃ | ശ്രീകൃഷ്ണഭഗവാന്റെ | വിമോഹിതാഃ | മയക്കപ്പെട്ടിരുന്ന |
| ചാർവ്വബ്ജ- | ചെന്താമരപ്പൂപോലുള്ള | വനിതാഃ | ആ സ്ത്രീകൾ |
| കോശ- | സുന്ദരമുഖത്താലും, നീ | സ്വൈഃ | തങ്ങൾക്കുള്ള |
| വദനായത- | ണ്ട കൈകളാലും, നീണ്ട | വിഭ്രമൈഃ | ശൃംഗാരചേഷ്ടകളാൽ |
| ബാഹുനേത്ര- | നയനങ്ങളാലും, പ്രേമ | വിഭൂമ്നഃ | എങ്ങും നിറഞ്ഞ ആത്മാനന്ദപൂർണ്ണനായ അവിടത്തെ |
| സപ്രേമഹാസ- | വും ഹാസ്യരസവും ചേ | | |
| രസവീക്ഷിത- | ർന്ന കടാക്ഷങ്ങളാലും, മ | മനഃ | മനസ്സിനെ |
| വല്ഗുജല്പൈഃ | നോഹരങ്ങളായ നൽ | വിജേതും | കീഴടക്കുവാൻ |
| | വാക്കുകളാലും | ന സമശകൻ | കഴിവുള്ളവരായില്ല. |

സ്മായാവലോകലവദർശിതഭാവഹാരി-
ഭ്രൂമണ്ഡലപ്രഹിതസൌരതമന്ത്രശൌണ്ഡൈഃ
പത്ന്യസ്തു ഷോഡശസഹസ്രമനംഗബാണൈ-
ര്യസ്യേന്ദ്രിയം വിമഥിതും കരണൈർന്ന ശേകുഃ. 4

സ്മായാവലോക- ലവദർശിത- ഭാവഹാരി- ഭ്രൂമണ്ഡല- പ്രഹിത- സൌരതമന്ത്ര- ശൌണ്ഡൈഃ — മന്ദസ്മിതംചേർന്ന കടാക്ഷവീക്ഷണംകൊണ്ടു സൂചിപ്പിക്കപ്പെട്ട അന്തർഗ്ഗതത്താൽ ചിത്താകർഷകമായിരിക്കുന്ന ഭ്രൂവലയംകൊണ്ടു തൊടുത്തയക്കപ്പെട്ട ...യം, രതിരസം വളർത്തുന്ന രഹസ്യവാക്യങ്ങളിൽ പ്രാവീണ്യമുള്ളവയായ

കരണൈഃ പലതരം കാമകലാവിരുതുകളായുള്ള
അനംഗ- ബാണൈഃ — കാമബാണങ്ങൾ കൊണ്ടു
യസ്യ യാതൊരു ശ്രീകൃഷ്ണഭഗവാന്റെ
ഇന്ദ്രിയം മാനസത്തെ
വിമഥിതും ഇളക്കിമറിക്കുവാൻ
ഷോഡശസഹസ്രം പതിനാറായിരം
പത്ന്യഃ തു പത്നിമാരും
ന ശേകുഃ കഴിവുള്ളവരായില്ല.

ഇത്ഥം രമാപതിമവാപ്യ പതിം സ്ത്രിയസ്താ
ബ്രഹ്മാദയോഽപി ന വിദുഃ പദവീം യദീയാം
ഭേജുർമ്മുദാഽവിരതമേധിതയാഽനുരാഗ-
ഹാസാവലോകനവസംഗമലാലസാദ്യം. 5

ബ്രഹ്മാദയഃ അപി ബ്രഹ്മാദികൾപോലും
യദീയാം പദവീം യാതൊരുവനെ സംബന്ധിച്ച മാർഗ്ഗത്തെ
ന വിദുഃ അറിഞ്ഞുകൂടാതിരിക്കുന്നുവോ,
(തം) അങ്ങിനെയുള്ള
രമാപതിം ലക്ഷ്മീകാന്തനെ
പതിം അവാപ്യ ഭർത്താവായിട്ടു ലഭിച്ചു
താഃ സ്ത്രിയഃ ആ സ്ത്രീകൾ
അവിരതം ഇടതടവില്ലാതെ

ഏധിതയാ വളർത്തപ്പെട്ട
മുദാ സന്തോഷത്തോടെ
അനുരാഗ- ഹാസാവലോക- നവസംഗമ- ലാലസാദ്യം — പ്രേമം കലർന്നുള്ള മന്ദഹാസം, വീക്ഷണം, എപ്പോഴും പുതുമതോന്നുന്ന സംഗമത്തിലുള്ള ഔത്സുക്യം എന്നു തുടങ്ങിയുള്ളതിനെ
ഇത്ഥം ഇപ്രകാരം
ഭേജുഃ അനുഭവിച്ചുവന്നു.

പ്രത്യുദ്ഗമാസനവരാർഹണപാദശൌച-
താംബൂലവിശ്രമണവീജനഗന്ധമാല്യൈഃ
കേശപ്രസാരശയനസ്നപനോപഹാര്യൈ-
ർദ്ദാസീശതാ അപി വിഭോർവ്വിദധുഃ സ്മ ദാസ്യം. 6

ദാസീശതാഃ അപി പരിചാരികമാർ അസംഖ്യമുള്ളവരാണെങ്കിലുംകൂടി ആ സ്ത്രീകൾ

പ്രത്യുദ്ഗമാസനവരാർഹണ- പാദശൌചതാംബൂല- വിശ്രമണവീജനഗന്ധമാല്യൈഃ — എതിരേററു കൊണ്ടുവരിക, ഇരിപ്പിടം നല്കുക, അർഘ്യാദി കൊടുക്കുക, കാൽ കഴുകിക്കുക, താംബൂലദാനം ചെയ്യുക, കാൽ തടവിക്കൊടുത്തു ക്ഷീണം മാററുക, വീശുക, സുഗന്ധദ്രവ്യങ്ങൾ പൂശിക്കുക, പൂമാല ചൂടിക്കുക എന്നിവയാലും,

| | | | |
|---|---|---|---|
| കേശപ്രസാര-ശയനസ്നാപനോപഹാരൈഃ | തിരുമുടി കെട്ടിക്കൊടുക്കുക, മെത്ത വിരിക്കുക, നീരാട്ടു കഴിപ്പിക്കുക, ഭക്ഷണം വിളമ്പി- | | കൊടുക്കുക എന്നിവയാലും, |
| | | വിഭോഃ ദാസ്യം | സർവ്വേശ്വരനായ ഭഗവാന്റെ പരിചര്യയെ |
| | | വിദധുഃ സ്മ | സ്വയം ചെയ്തുവന്നു. |

നോട്ട് — ഈ ശ്ലോകവും ഇതിനു മുമ്പുള്ള ശ്ലോകവും 59-ാം അദ്ധ്യായത്തിന്റെ ഒടുവിൽ ഉള്ളതുതന്നെ. ഇത്തരം ആവർത്തനം ഒരു പുരാണശൈലിയാണ്.

ഇനി പ്രകൃതത്തിലേക്കുതന്നെ പ്രവേശിക്കുന്നു.

താസാം യാ ദശപുത്രാണാം കൃഷ്ണസ്ത്രീണാം പുരോദിതാഃ
അഷ്ടൗ മഹിഷ്യസ്തത്പുത്രാൻ പ്രദ്യുമ്നാദീൻ ഗൃണാമി തേ. 7

| | | | |
|---|---|---|---|
| ദശപുത്രാണാം | പത്തുപത്തു പുത്രന്മാരുള്ള | പുരോദിതാഃ | മുമ്പു പറയപ്പെട്ടിരുന്നുവോ, |
| താസാം കൃഷ്ണസ്ത്രീണാം | ആ കൃഷ്ണപത്നിമാരുടെ ഇടയിൽ | തത്പുത്രാൻ | അവരുടെ മാത്രം പുത്രന്മാരായ |
| യാഃ അഷ്ടൗ | യാവചില എട്ടു് | പ്രദ്യുമ്നാദീൻ | പ്രദ്യുമ്നാദികളെ |
| മഹിഷ്യഃ | പ്രധാനപത്നിമാർ | തേ ഗൃണാമി | അങ്ങയ്ക്കു് പറഞ്ഞുതരാം. |

ചാരുദേഷ്ണഃ സുദേഷ്ണശ്ച ചാരുദേഹശ്ച വീര്യവാൻ
സുചാരുശ്ചാരുഗുപ്തശ്ച ഭദ്രചാരുസ്തഥാപരഃ. 8

ചാരുചന്ദ്രോ വിചാരുശ്ച ചാരുശ്ച ദശമോ ഹരേഃ
പ്രദ്യുമ്നപ്രമുഖാ ജാതാ രുക്മിണ്യാം നാവമാഃ പിതുഃ. 9

| | | | |
|---|---|---|---|
| ഹരേഃ | ശ്രീകൃഷ്ണന്നു് | ചാരുഗുപ്തഃ ച | ചാരുഗുപ്തനും, |
| രുക്മിണ്യാം | രുക്മിണീദേവിയിൽ | തഥാ | അപ്രകാരം |
| പ്രദ്യുമ്നപ്രമുഖാഃ | പ്രദ്യുമ്നൻ മുതലായ (പത്തു പുത്രന്മാർ) | അപരഃ | വേറിട്ടൊരു |
| | | ഭദ്രചാരുഃ | ഭദ്രചാരുവും, |
| ജാതാഃ | ജനിച്ചു — | ചാരുചന്ദ്രഃ | ചാരുചന്ദ്രനും, |
| ചാരുദേഷ്ണഃ ച | ചാരുദേഷ്ണനും, | വിചാരുഃ ച | വിചാരുവും, |
| | | ചാരുഃ | ചാരു എന്ന |
| സുദേഷ്ണഃ ച | സുദേഷ്ണനും, | ദശമഃ ച | പത്താമനും — |
| വീര്യവാൻ | വീര്യശാലിയായ | പിതുഃ | (ഇവർ) അച്ഛനേക്കാൾ |
| ചാരുദേഹഃ ച | ചാരുദേഹനും, | നാവമാഃ | ഒന്നുകൊണ്ടും കുറയാത്ത |
| സുചാരുഃ | സുചാരുവും, | | വരുമാണ്. |

ഭാനുഃ സുഭാനുഃ സ്വർഭാനുഃ പ്രഭാനുർഭാനുമാംസ്തഥാ
ചന്ദ്രഭാനുർബൃഹദ്ഭാനുരതിഭാനുസ്തഥാഷ്ടമഃ. 10

ശ്രീഭാനുഃ പ്രതിഭാനുശ്ച സത്യഭാമാത്മജാ ദശ
സാംബഃ സുമിത്രഃ പുരുജിച്ഛതജിച്ച സഹസ്രജിത് 11

വിജയശ്ചിത്രകേതുശ്ച വസുമാൻ ദ്രവിഡഃ ക്രതുഃ
ജാംബവത്യാഃ സുതാ ഹ്യേതേ സാംബാദ്യാഃ പിതൃസമ്മതാഃ. 12

| | |
|---|---|
| തഥാ | അതുപോലെ |
| ഭാനുഃ സുഭാനുഃ | ഭാനു, സുഭാനു, |
| സ്വർഭാനുഃ | സ്വർഭാനു, |
| പ്രഭാനുഃ | പ്രഭാനു, |
| ഭാനുമാൻ | ഭാനുമാൻ, |
| ചന്ദ്രഭാനുഃ | ചന്ദ്രഭാനു, |
| ബൃഹദ്ഭാനുഃ | ബൃഹദ്ഭാനു, |
| തഥാ അഷ്ടമഃ | അതുപോൽ എട്ടാമൻ |
| അതിഭാനുഃ | അതിഭാനു, |
| ശ്രീഭാനുഃ | ശ്രീഭാനു, |
| പ്രതിഭാനുഃ ച | പ്രതിഭാനു എന്നിങ്ങനെ |
| ദശ | പത്തുപേർ |
| സത്യഭാമാത്മജാഃ | സത്യഭാമയുടെ പുത്രന്മാരാകുന്നു. |
| സാംബഃ | സാംബൻ, |
| സുമിത്രഃ | സുമിത്രൻ, |
| പുരുജിത് | പുരുജിത്ത്, |
| ശതജിത് ച | ശതജിത്ത്, |
| സഹസ്രജിത് | സഹസ്രജിത്ത്, |
| വിജയഃ | വിജയൻ, |
| ചിത്രകേതുഃ ച | ചിത്രകേതു, |
| വസുമാൻ | വസുമാൻ, |
| ദ്രവിഡഃ | ദ്രവിഡൻ, |
| ക്രതുഃ | ക്രതു എന്നിവർ |
| ജാംബവത്യാഃ | ജാംബവതിയുടെ |
| സുതാഃ | പുത്രന്മാരാകുന്നു. |
| സാംബാദ്യാഃ | സാംബൻ തുടങ്ങിയ |
| ഏതേ ഹി | ഇവരെല്ലാംതന്നെ |
| പിതൃസമ്മതാഃ | പിതൃസമ്മതന്മാരുമായിരുന്നു. |

വീരശ്ചന്ദ്രോഽശ്വസേനശ്ച ചിത്രഗുർവ്വേഗവാൻ വൃഷഃ
ആമഃ ശങ്കുർവ്വസുഃ ശ്രീമാൻ കുന്തിർന്നാഗ്നജിതേഃ സുതാഃ 13

| | |
|---|---|
| വീരഃ ചന്ദ്രഃ | വീരൻ, ചന്ദ്രൻ, |
| അശ്വസേനഃ | അശ്വസേനൻ, |
| ചിത്രഗുഃ | ചിത്രഗു, |
| വേഗവാൻ | വേഗവാൻ, |
| വൃഷഃ ആമഃ | വൃഷൻ, ആമൻ, |
| ശങ്കുഃ വസുഃ | ശങ്കു, വസു, |
| ശ്രീമാൻ കുന്തിഃ | ശ്രീമാനായ കുന്തി എന്നിവർ |
| നാഗ്നജിതേഃ | സത്യയുടെ |
| സുതാഃ ച | പുത്രന്മാരുമാകുന്നു. |

ശ്രുതഃ കവിർവൃഷോ വീരഃ സുബാഹുർഭദ്ര ഏകലഃ
ശാന്തിർദ്ദർശഃ പൂർണ്ണമാസഃ കാളിന്ദ്യാഃ സോമകോഽവരഃ. 14

| | |
|---|---|
| ശ്രുതഃ കവിഃ | ശ്രുതൻ, കവി, |
| വൃഷഃ വീരഃ | വൃഷൻ, വീരൻ, |
| സുബാഹുഃ | സുബാഹു, |
| ഏകലഃ ഭദ്രഃ | ഒററയ്ക്കു ശത്രുക്കളെ വെല്ലുന്ന ഭദ്രൻ, |
| ശാന്തിഃ ദർശഃ | ശാന്തി, ദർശൻ, |
| പൂർണ്ണമാസഃ | പൂർണ്ണമാസൻ, |
| അവരഃ | അനുജനായ |
| സോമകഃ | സോമകൻ എന്നിവർ |
| കാളിന്ദ്യാഃ | കാളിന്ദിക്കുണ്ടായവരാണ്. |

പ്രഘോഷോ ഗാത്രവാൻ സിംഹോ ബലഃ പ്രബല ഊർദ്ധ്വഗഃ
മാദ്ര്യാഃ പുത്രാ മഹാശക്തിഃ സഹ ഓജോഽപരാജിതഃ. 15

| | |
|---|---|
| പ്രഘോഷഃ | പ്രഘോഷൻ, |
| ഗാത്രവാൻ | ഗാത്രവാൻ, |
| സിംഹഃ ബലഃ | സിംഹൻ, ബലൻ, |
| പ്രബലഃ | പ്രബലൻ, |
| ഊർദ്ധ്വഗഃ | ഊർദ്ധ്വഗൻ, |
| മഹാശക്തിഃ | മഹാശക്തി, |
| സഹഃ ഓജഃ | സഹൻ, ഓജൻ, |
| അപരാജിതഃ | അപരാജിതൻ എന്നിവർ |
| മാദ്ര്യാഃ | ലക്ഷ്മണയുടെ |
| പുത്രാഃ | പുത്രന്മാരാകുന്നു. |

വൃകാ ഹർഷോഽനിലോ ഗൃധ്രോ വർദ്ധനോഽന്നാദ ഏവ ച
മഹാശഃ പാവനോ വഹ്നിർമ്മിത്രവിന്ദാത്മജാഃ ക്ഷുധിഃ. 16

| | | | |
|---|---|---|---|
| വൃകഃ ഹർഷഃ | വൃകൻ, ഹർഷൻ, | മഹാശഃ | മഹാശൻ, |
| അനിലഃ ഗൃധ്രഃ | അനിലൻ, ഗൃധ്രൻ, | പാവനഃ വഹ്നിഃ | പാവനൻ, വഹ്നി, |
| വർദ്ധനഃ | വർദ്ധനൻ, | ക്ഷുധിഃ ഏവ ച | ക്ഷുധി എന്നിവർ |
| അന്നാദഃ | അന്നാദൻ, | മിത്രവിന്ദാത്മജാഃ | മിത്രവിന്ദാപുത്രന്മാർ. |

സംഗ്രാമജിദ്ബൃഹത്സേനഃ ശൂരഃ പ്രഹരണോഽരിജിത്
ജയഃ സുഭദ്രോ ഭദ്രായാ വാമ ആയുശ്ച സത്യകഃ.
ദീപ്തിമാംസ്താമ്രതപ്താദ്യാ രോഹിണ്യാസ്തനയാ ഹരേഃ 17

| | | | |
|---|---|---|---|
| സംഗ്രാമജിത് | സംഗ്രാമജിത്ത്, | ഭദ്രായാഃ ച | ഭദ്രയുടേയും പുത്രന്മാരാകുന്നു. |
| ബൃഹത്സേനഃ | ബൃഹത്സേനൻ, | | |
| ശൂരഃ | ശൂരൻ, | ദീപ്തിമാൻ | ദീപ്തിമാൻ, |
| പ്രഹരണഃ | പ്രഹരണൻ, | താമ്രതപ്താദ്യാഃ | താമ്രൻ, തപ്തൻ മുതലായവർ |
| അരിജിത് | അരിജിത്ത്, | | |
| ജയഃ സുഭദ്രഃ | ജയൻ, സുഭദ്രൻ, | ഹരേഃ | ശ്രീകൃഷ്ണനിൽനിന്ന് |
| വാമഃ ആയുഃ | വാമൻ, ആയുസ്സ്, | രോഹിണ്യാഃ | രോഹിണിക്കുണ്ടായ * |
| സത്യകഃ | സത്യകൻ എന്നിവർ | തനയാഃ | പുത്രന്മാരാണ്. |

* അഷ്ടമഹിഷികളെ കഴിച്ച് വേറെ പത്നിമാർ പതിനാറായിരമുള്ളതിൽ ഒന്നാമത്തെ പത്നിയാണ് ഈ രോഹിണി.

പ്രദ്യുമ്നാച്ചാനിരുദ്ധോഽഭൂദ്രുക്മവത്യാം മഹാബലഃ
പുത്ര്യാം തു രുക്മിണോ രാജൻ നാമ്നാ ഭോജകടേ പുരേ. 18

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | പുത്ര്യാം തു | പുത്രിതന്നെയായ |
| നാമ്നാ ഭോജകടേ | } ഭോജകടം എന്ന് പേരുള്ളതായ | രുക്മവത്യാം | രുക്മവതിയിൽ |
| പുരേ | നഗരത്തിൽവെച്ച് | മഹാബലഃ | അതിബലവാനായ |
| പ്രദ്യുമ്നാത് ച | പ്രദ്യുമ്നനിൽനിന്നും | അനിരുദ്ധഃ | അനിരുദ്ധൻ |
| രുക്മിണഃ | രുക്മിയുടെ | അഭൂത് | ഉണ്ടായി. |

ഏതേഷാം പുത്രപൌത്രാശ്ച ബഭ്രുവുഃ കോടിശോ നൃപ
മാതരഃ കൃഷ്ണജാതാനാം സഹസ്രാണി ച ഷോഡശ. 19

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ബഭ്രുവുഃ | ഉണ്ടായിരുന്നു. |
| ഏതേഷാം | ഇവരുടെ | കൃഷ്ണജാതാനാം | കൃഷ്ണപുത്രന്മാരുടെ |
| പുത്രപൌത്രാഃ ച | പുത്രന്മാരും പൌത്രന്മാരുമായുള്ളവരും | മാതരഃ | അമ്മമാർ |
| കോടിശഃ | ഒരുപാട് | ഷോഡശ സഹസ്രാണി ച | } പതിനാറായിരവും ഉണ്ടായിരുന്നു. |

രാജോവാച=രാജാവു പറഞ്ഞു :—

കഥം രുക്മ്യരിപുത്രായ പ്രാദാദ്ദുഹിതരം യുധി
കൃഷ്ണേന പരിഭൂതസ്തം ഹന്തും രന്ധ്രം പ്രതീക്ഷതേ
ഏതദാഖ്യാഹി മേ വിദ്വൻ ദ്വിഷോർവൈവാഹികം മിഥഃ. 20

| | | | |
|---|---|---|---|
| കഥം രുക്മീ | എങ്ങനെയാണ് രുക്മി | രന്ധ്രം | പഴുതുനോക്കിയിരിക്ക |
| അരിപുത്രായ | ശത്രുവിന്റെ മകന്ന് | പ്രതീക്ഷതേ | യായിരുന്നുവല്ലോ ! |
| ദുഹിതരം | തന്റെ മകളെ | വിദ്വൻ | ഹേ ജ്ഞാനിൻ ! |
| പ്രാദാത് | കൊടുത്തതു് ? | ദ്വിഷോഃ മിഥഃ | വിരോധികളാക്കു തമ്മിൽ |
| യുധി | യുദ്ധത്തിൽവെച്ച് | വൈവാഹികം | വിവാഹബന്ധത്തിന്നുള്ള ഹേതു |
| കൃഷ്ണേന | ശ്രീകൃഷ്ണനാൽ അവമാ | | |
| പരിഭൂതഃ | നിക്കപ്പെട്ടിരുന്ന അവൻ | ഏതത് | എന്തെന്നുള്ളതു് |
| തം | അവിടത്തെ | മേ | എനിക്ക് |
| ഹന്തും | കൊല്ലുന്നതിന്ന് | ആഖ്യാഹി | പറഞ്ഞുതന്നാലും. |

അനാഗതമതീതം ച വർത്തമാനമതീന്ദ്രിയം
വിപ്രകൃഷ്ടം വ്യവഹിതം സമ്യക് പശ്യന്തി യോഗിനഃ. 21

| | | | |
|---|---|---|---|
| അനാഗതം | വരാൻപോകുന്നതും, | വിപ്രകൃഷ്ടം | അകന്നിരിക്കുന്നതും, |
| അതീതം | വന്നുപോയതും, | വ്യവഹിതം ച | മറഞ്ഞിരിക്കുന്നതുമെല്ലാം |
| വർത്തമാനം | ഇപ്പോൾ നടക്കുന്നതും, | യോഗിനഃ | യോഗികൾ |
| | | സമ്യക് | നല്ലപോലെ |
| അതീന്ദ്രിയം | ഇന്ദ്രിയഗോചരമല്ലാത്തതും, | പശ്യന്തി | കാണുന്നുവല്ലോ. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

വൃതഃ സ്വയംവരേ സാക്ഷാദനംഗോഽംഗയുതസ്തയാ
രാജ്ഞഃ സമേതാൻ നിർജ്ജിത്യ ജഹാരൈകരഥോ യുധി. 22

| | | | |
|---|---|---|---|
| തയാ | ആ രുക്മവതിയാൽ | ഏകരഥഃ | ഒററത്തേരോടുകൂടിനിന്ന്, |
| സ്വയംവരേ | സ്വയംവരത്തിൽവെച്ച് | സമേതാൻ | സംഘംചേർന്നുവന്ന |
| വൃതഃ | വരിക്കപ്പെട്ട | രാജ്ഞഃ | രാജാക്കന്മാരെ |
| അംഗയുതഃ | ഉടലെടുത്ത | നിർജ്ജിത്യ | നിശ്ശേഷം ജയിച്ച് |
| അനംഗഃ | കാമദേവൻ (പ്രദ്യുമ്നൻ) | ജഹാര | അവളെ കൈക്കലാക്കി. |
| യുധി | യുദ്ധത്തിൽ | | |

യദ്യപ്യനുസ്മരൻ വൈരം രുക്മീ കൃഷ്ണാവമാനിതഃ
വ്യതരദ്ഭാഗിനേയായ സുതാം കുർവ്വൻ സ്വസുഃ പ്രിയം. 23

| | | | |
|---|---|---|---|
| കൃഷ്ണാവമാനിതഃ | ശ്രീകൃഷ്ണനാൽ മാനഭംഗപ്പെടുത്തപ്പെട്ടിരുന്ന | സ്വസുഃ | സഹോദരിക്ക് |
| | | പ്രിയം | ഇഷ്ടമായ കാര്യം |
| രുക്മീ | രുക്മി | കുർവ്വൻ | ചെയ്തുകൊണ്ട് |
| വൈരം | വിദ്വേഷത്തെ കരുതി | ഭാഗിനേയായ | മരുമകന്ന് |
| അനുസ്മരൻ | കൊണ്ടിരിക്കുന്നവനാ | സുതാം | മകളെ |
| യദ്യപി | യിരുന്നുവെങ്കിലും, | വ്യതരത് | കൊടുത്തു. |

രുക്മിണ്യാസ്തനയാം രാജൻ കൃതവർമ്മസുതോ ബലീ
ഉപയേമേ വിശാലാക്ഷീം കന്യാം ചാരുമതീം കില. 24

| | |
|---|---|
| രാജൻ | രാജാവേ! |
| വിശാലാക്ഷീം | നീണ്ടകണ്ണുകളോടുകൂടിയ (സുന്ദരിയായ) |
| ചാരുമതീം | ചാരുമതിയെന്ന |
| രുക്മിണ്യാഃ | രുക്മിണിയുടെ |
| തനയാം കന്യാം | പുത്രിയായ കന്യകയെ |
| കൃതവർമ്മസുതഃ | കൃതവർമ്മാവിന്റെ പുത്രനായ |
| ബലീ | ബലി എന്നവൻ |
| ഉപയേമേ കില | വിവാഹം ചെയ്തുപോലും. |

ദൌഹിത്രായാനിരുദ്ധായ പൌത്രീം രുക്മ്യാദദാദ്ധരേഃ
രോചനാം ബദ്ധവൈരോऽപി സ്വസുഃ പ്രിയചികീർഷയാ
ജാനന്നധർമ്മം തദ്യൌനം സ്നേഹപാശാനുബന്ധനഃ. 25

| | |
|---|---|
| ഹരേഃ | ശ്രീകൃഷ്ണനോട് |
| | ബദ്ധവൈരമുള്ളവ(ൻ) ആയിരിക്കിലുംകൂടി |
| രുക്മീ | രുക്മി |
| സ്നേഹപാശാനുബന്ധനഃ | സ്നേഹപാശത്താൽ അനുബന്ധിക്കപ്പെട്ടവനായി ഭവിച്ച് |
| സ്വസുഃ | സഹോദരിക്ക് |
| പ്രിയചികീർഷയാ | ഇഷ്ടമായതിനെ ചെയ്വാനുള്ള താല്പര്യത്താൽ |
| ദൌഹിത്രായ | മകളുടെ മകനായ |
| അനിരുദ്ധായ | അനിരുദ്ധന് |
| പൌത്രീം | മകന്റെ മകളായ |
| രോചനാം | രോചനയെ, |
| തത് യൌനം | ആ വിവാഹബന്ധം |
| അധർമ്മം | ശ്രേയസ്കരമല്ലെന്ന് |
| ജാനൻ | അറിഞ്ഞുകൊണ്ടുതന്നെ |
| അദദാത് | വിവാഹംചെയ്തുകൊടുത്തു. |

തസ്മിന്നഭ്യുദയേ രാജൻ രുക്മിണീ രാമകേശവൌ
പുരം ഭോജകടം ജഗ്മുഃ സാംബപ്രദ്യുമ്നകാദയഃ 26

| | |
|---|---|
| രാജൻ | രാജാവേ! |
| തസ്മിൻ അഭ്യുദയേ | ആ വിവാഹോത്സവത്തിനുവേണ്ടി |
| രുക്മിണീ | രുക്മിണിയും, |
| രാമകേശവൌ | രാമകൃഷ്ണന്മാരും, |
| സാംബപ്രദ്യുമ്നകാദയഃ | സാംബൻ, പ്രദ്യുമ്നൻ മുതലായവരും, |
| ഭോജകടം | ഭോജകടമെന്ന |
| പുരം ജഗ്മുഃ | നഗരത്തിലേക്കുപോയി. |

തസ്മിൻ നിവൃത്ത ഉദ്വാഹേ കാലിംഗപ്രമുഖാ നൃപാഃ
ദൃപ്താസ്തേ രുക്മിണം പ്രോചുർബ്ബലമക്ഷൈർവ്വിനിർജ്ജയ. 27

| | |
|---|---|
| തസ്മിൻ ഉദ്വാഹേ | ആ വിവാഹക്രിയ |
| നിവൃത്തേ | കഴിഞ്ഞതിൽപ്പിന്നെ |
| കാലിംഗപ്രമുഖാഃ | കലിംഗൻ മുതലായ |
| ദൃപ്താഃ | ഗർവ്വിഷ്ഠന്മാരായുള്ള |
| തേ നൃപാഃ | ആ രാജാക്കന്മാർ |
| രുക്മിണം | രുക്മിയോട് |
| പ്രോചുഃ | പറഞ്ഞു— |
| ബലം | "ബലരാമനെ |
| അക്ഷൈഃ | ചുകിടകളെക്കൊണ്ട് |
| വിനിർജ്ജയ | തോല്പിച്ചുവിടുക. |

അനക്ഷജ്ഞോ ഹ്യയം രാജന്നപി തദ്വ്യസനം മഹത്
ഇത്യുക്തോ ബലമാഹൂയ തേനാക്ഷൈ രുക്മ്യദീവ്യത 28

ഹി രാജൻ — എന്തെന്നാൽ, രാജാവേ!
അയം — ഈ ബലരാമൻ
അനക്ഷജ്ഞഃ — പകിടകളിയറിയാത്തവനാകുന്നു.
അപി — എങ്കിലും
തദ്വ്യസനം — അതിലുള്ള കമ്പം
മഹത് — അധികമാണ് "

ഇതി — ഈവിധം
ഉക്തഃ — പറഞ്ഞു ധരിപ്പിക്കപ്പെട്ട
രുക്മീ — രുക്മി
ബലം ആഹൂയ — ബലരാമനെ വിളിച്ച്
തേന — അവിടത്തോടുകൂടെ
അക്ഷൈഃ — പകിടകൾകൊണ്ട്
അദീവ്യത — കളിതുടങ്ങി.

ശതം സഹസ്രമയുതം രാമസ്തത്രാദദേ പണം
തം തു രുക്മ്യജയത്തത്ര കാലിംഗഃ പ്രാഹസദ്ബലം
ദന്താൻ സന്ദർശയന്നുച്ചൈന്നാമൃഷ്യത്തദ്ധലായുധഃ. 29

തത്ര — ആ കളിയിൽ ആദ്യം
ശതം സഹസ്രം — നൂറ്, ആയിരം,
അയുതം — പതിനായിരം (എന്നതോതിൽ സ്വർണ്ണനാണയങ്ങളെ)
രാമഃ — ബലരാമൻ
പണം ആദദേ — പന്തയം എടുത്തുവെച്ചു.
തം തു — അതിനെയെല്ലാം
രുക്മീ — രുക്മി
അജയത് — ജയിച്ചടക്കി.

തത്ര — അപ്പോൾ
കാലിംഗഃ — കലിംഗരാജാവ്
ദന്താൻ — പല്ലുകളെ മുഴുവനും
സന്ദർശയൻ — പുറത്തുകാട്ടിക്കൊണ്ട്
ബലം — ബലരാമനെ
ഉച്ചൈഃ — ഉച്ചത്തിൽ
പ്രാഹസത് — പരിഹസിച്ചു
തത് — ആ ഹാസ്യച്ചിരിയെ
ഹലായുധഃ — ബലരാമൻ
ന അമൃഷ്യത് — പൊറുത്തിരുന്നില്ല.

തതോ ലക്ഷം രുക്മ്യഗൃഹ്ണാദ്ഗ്ലഹം തത്രാജയദ്ബലഃ
ജിതവാനഹമിത്യാഹ രുക്മീ കൈതവമാശ്രിതഃ. 30

തതഃ രുക്മീ — പിന്നെ, രുക്മി
ലക്ഷം — ഒരു ലക്ഷം (സ്വർണ്ണനാണയത്തെ)
ഗ്ലഹം — പന്തയമായിട്ട്
അഗൃഹ്ണാത് — എടുത്തുവെച്ചു
തത്ര — അതിൽ
ബലഃ — ബലരാമൻ

അജയത് — ജയിച്ചു.
കൈതവം — കള്ളത്തരം
ആശ്രിതഃ — കൈക്കൊണ്ട
രുക്മീ — രുക്മിയാകട്ടെ
ജിതവാൻ — 'ജയിച്ചിരിക്കുന്നവൻ
അഹം — ഞാനാണ്'
ഇതി ആഹ — എന്നു പറഞ്ഞു.

മന്യുനാ ക്ഷുഭിതഃ ശ്രീമാൻ സമുദ്ര ഇവ പർവ്വണി
ജാത്യാഽരുണാക്ഷോഽതിരുഷാ ന്യർബ്ബുദം ഗ്ലഹമാദദേ. 31

മന്യുനാ — കോപാവേശത്താൽ
പർവ്വണി — വാവുകാലത്തിൽ
സമുദ്രഃ ഇവ — സമുദ്രമെന്നപോലെ
ക്ഷുഭിതഃ — ക്ഷോഭിച്ചവനും,

ജാത്യാ — പ്രകൃത്യാതന്നെ
അരുണാക്ഷഃ — ചുവന്ന കണ്ണുള്ളവരും,
ശ്രീമാൻ — മഹാസമ്പന്നനുമായ
ബലരാമൻ

| | | | |
|---|---|---|---|
| അതിരുഷാ | കടന്ന അമർഷത്തോടെ | ഗ്ലഹം | പന്തയമായിട്ട് |
| ന്യർബ്ബുദം | പത്തുകോടി സംഖ്യയെ | ആദദേ | എടുത്തുവെച്ചു. |

തം ചാപി ജിതവാൻ രാമോ ധർമ്മേണ ഛലമാശ്രിതഃ
രുക്മീ ജിതം മയാഽത്രേമേ വദന്തു പ്രാശ്നികാ ഇതി. 32

| | | | |
|---|---|---|---|
| തം ച അപി | അതിനേയും | ആശ്രിതഃ | അവലംബിച്ചുകൊണ്ട് |
| ധർമ്മേണ | നേർമാർഗ്ഗത്തോടെ | മയാ ജിതം | "എന്നാൽ ജയിക്കപ്പെട്ടതാണ്; |
| രാമഃ | ബലരാമൻ | | |
| ജിതവാൻ | ജയിച്ചു | അത്ര | ഈ വിഷയത്തിൽ |
| രുക്മീ | എങ്കിലും, രുക്മി | ഇമേ പ്രാശ്നികാഃ | ഈ മദ്ധ്യസ്ഥന്മാർ |
| ഛലം | കപടത്തെ | വദന്തു ഇതി | പറയട്ടെ" എന്നായി. |

തദാഽബ്രവീന്നഭോവാണീ ബലേനൈവ ജിതോ ഗ്ലഹഃ
ധർമ്മതോ വചനേനൈവ രുക്മീ വദതി വൈ മൃഷാ 33

| | | | |
|---|---|---|---|
| തദാ | അനന്തരത്തു | ഗ്ലഹഃ ജിതഃ | പന്തയം ജയിക്കപ്പെട്ടത്; |
| നഭോവാണീ അബ്രവീത് | ഒരാകാശവാണി ഉണ്ടായി | വചനേന ഏവ | വെറും വാക്കുകൊണ്ടു മാത്രം |
| ബലേന ഏവ | "ബലഭദ്രനാൽ തന്നെയാണ് | രുക്മീ (യത്) | രുക്മി (യാതൊന്നു) |
| | | വദതി (തത്) | പറയുന്നുവോ, (അത്) |
| ധർമ്മതഃ | നേർമാർഗ്ഗത്തിലൂടെ | മൃഷാ വൈ | കളവുതന്നെ." |

താമനാദൃത്യ വൈദർഭോ ദുഷ്ടരാജന്യചോദിതഃ
സങ്കർഷണം പരിഹസൻ ബഭാഷേ കാലചോദിതഃ. 34

| | | | |
|---|---|---|---|
| ദുഷ്ടരാജന്യചോദിതഃ | ദുഷ്ടന്മാരായ കലിംഗാദി രാജാക്കന്മാരാൽ പ്രചോദിതനായ | താം | ആ ആകാശവാണിയെ |
| | | അനാദൃത്യ | ആദരിക്കാതെ |
| വൈദർഭഃ | രുക്മി | സങ്കർഷണം | ബലരാമനെ |
| കാലചോദിതഃ | വിനാശകാലത്താൽ പ്രേരിതനായിട്ട് | പരിഹസൻ | പരിഹസിച്ചുകൊണ്ട് |
| | | ബഭാഷേ | പറഞ്ഞു. |

നൈവാക്ഷകോവിദാ യൂയം ഗോപാലാ വനഗോചരാഃ
അക്ഷൈർദ്ദീവ്യന്തി രാജാനോ ബാണൈശ്ച ന ഭവാദൃശാഃ. 35

| | | | |
|---|---|---|---|
| യൂയം അക്ഷകോവിദാഃ | "നിങ്ങൾ പകിടകളിയിൽ വിദഗ്ദ്ധന്മാർ | അക്ഷൈഃ | പകിടകൾകൊണ്ടും, |
| ന ഏവ | അല്ലതന്നെ; | ബാണൈഃ ച | ശരങ്ങൾകൊണ്ടും |
| ഗോപാലാഃ | കന്നുമേയ്പുകാരും | രാജാനഃ | രാജാക്കന്മാർ |
| വനഗോചരാഃ | കാട്ടുപ്രദേശങ്ങളിൽ കാണപ്പെടുന്നവരുമായ ജാതിക്കാരാണ് | ദീവ്യന്തി | കളിക്കാറുണ്ട്; |
| | | ഭവാദൃശാഃ | നിങ്ങളെപ്പോലെയുള്ളവർ |
| | | ന | പതിവില്ല." |

രുക്മിണൈവമധിക്ഷിപ്തോ രാജഭിശ്ചോപഹാസിതഃ
ക്രുദ്ധഃ പരിഘമുദ്യമ്യ ജഘ്നേ തം നൃമ്ണസംസദി. 36

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ക്രുദ്ധഃ | കുപിതനായിട്ടു്, |
| രുക്മിണാ | രുക്മിയാൽ | പരിഘം | ഇരിമ്പുലക്കയെ |
| അധിക്ഷിപ്തഃ | അധിക്ഷേപിക്കപ്പെട്ടവനും | ഉദ്യമ്യ | ഓങ്ങിക്കൊണ്ടു് |
| രാജഭിഃ ച | രാജാക്കന്മാരാൽക്കൂടി | നൃമ്ണസംസദി | ആ കല്യാണസദസ്സിൽ വെച്ചുതന്നെ |
| ഉപഹാസിതഃ | പരിഹസിക്കപ്പെട്ടവനുമായ ബലദേവൻ | തം ജഘ്നേ | അവനെ അടിച്ചുകൊന്നു. |

കലിംഗരാജം തരസാ ഗൃഹീത്വാ ദശമേ പദേ
ദന്താനപാതയത് ക്രുദ്ധോ യോƨഹസദ്വിവൃതൈർദ്വിജൈഃ. 37

| | | | |
|---|---|---|---|
| യഃ | യാതൊരുവനായിരുന്നുവോ | ദശമേ | പത്താമത്തെ |
| വിവൃതൈഃ | പുറത്തുകാണിച്ച | പദേ | അടിവെപ്പിൽത്തന്നെ |
| ദ്വിജൈഃ | പല്ലുകൾകൊണ്ടു് | ഗൃഹീത്വാ | എത്തിപ്പിടിച്ചു്, |
| അഹസത് | പരിഹസിച്ചിരുന്നതു്, | ക്രുദ്ധഃ | ക്രുദ്ധനായിട്ടു് |
| കലിംഗരാജം | ആ കലിംഗരാജാവിനെ | ദന്താൻ | പല്ലുകളെ |
| തരസാ | അതിവേഗത്താൽ | അപാതയത് | തല്ലിക്കൊഴിച്ചു. |

അന്യേ നിർഭിന്നബാഹൂരുശിരസോ രുധിരോക്ഷിതാഃ
രാജാനോ ദുദ്രുവുർഭീതാ ബലേന പരിഘാർദ്ദിതാഃ. 38

| | | | |
|---|---|---|---|
| അന്യേ രാജാനഃ | മററു രാജാക്കന്മാരും | രുധിരോക്ഷിതാഃ | രക്തത്താൽ നനഞ്ഞുള്ള വരുമായി |
| ബലേന | ബലരാമനാൽ | | |
| പരിഘാർദ്ദിതാഃ | ഇരിമ്പുലക്കകൊണ്ടു് അടിക്കപ്പെട്ടവരായി, | ഭീതാഃ | ഭീതന്മാരുമായിട്ടു് |
| നിർഭിന്നബാഹൂരുശിരസഃ | കൈകളും, തുടകളും തല മണ്ടയും തകൎന്നവരായി, | ദുദ്രുവുഃ | ഓടിപ്പോയി. |

നിഹതേ രുക്മിണി ശ്യാലേ നാബ്രവീത് സാധ്വസാധു വാ
രുക്മിണീബലയോ രാജൻ സ്നേഹഭംഗഭയാദ്ധരിഃ 39

| | | | |
|---|---|---|---|
| ശ്യാലേ | സ്വപത്നീസോദരനായ | സ്നേഹഭംഗഭയാത് | സ്നേഹഭംഗത്തെക്കുറിച്ചുള്ള ആശങ്കയാൽ, |
| രുക്മിണി | രുക്മി | | |
| നിഹതേ | കൊല്ലപ്പെട്ടപ്പോൾ, | രാജൻ | രാജാവേ! |
| ഹരിഃ | ശ്രീകൃഷ്ണൻ | സാധു | നന്നായെന്നോ, |
| രുക്മിണീബലയോഃ | രുക്മിണിയുടേയും ബലരാമൻേറയും | അസാധു വാ | നന്നായില്ലെന്നോ |
| | | ന അബ്രവീത് | (രണ്ടും) പറഞ്ഞില്ല. |

തതോƨനിരുദ്ധം സഹ സൂൎയ്യയാ വരം
രഥം സമാരോപ്യ യയുഃ കുശസ്ഥലീം
രാമാദയോ ഭോജകടാദ്ദശാൎഹാഃ
സിദ്ധാഖിലാർത്ഥാ മധുസൂദനാശ്രയാഃ. 40

| | |
|---|---|
| തതഃ | അനന്തരം |
| സിദ്ധാഖിലാർത്ഥാഃ | കാര്യംമുഴുവനും സാധിച്ചുകഴിഞ്ഞവരും, |
| മധുസൂദനാശ്രയാഃ | ശ്രീകൃഷ്ണസഹായത്തോടുകൂടിയവരുമായ |
| രാമാദയഃ | ബലരാമാദികളായ |
| ദശാർഹാഃ | യാദവന്മാർ |
| സൂര്യയാ സഹ | നവോഢയായ പത്നിയോടുകൂടിയ |
| അനിരുദ്ധം | അനിരുദ്ധനെ |
| വരം | ഉത്തമമായ |
| രഥം സമാരോപ്യ | തേരിൽ കയററി, |
| ഭോജകടാത് | ഭോജകടത്തിൽനിന്നു് |
| കുശസ്ഥലീം | ദ്വാരകയിലേക്കു് |
| യയുഃ | പോയി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
രുക്മിവധോ നാമ ഏകഷഷ്ടിതമോऽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2625.

## ദ്വിഷഷ്ടിതമോऽദ്ധ്യായഃ=അറുപത്തിരണ്ടാമദ്ധ്യായം.

[ ദ്വിയുക്ഷഷ്ടിതമേ പ്രോക്തമനിരുദ്ധസ്യ രോധനം
കന്യയാ രമമാണസ്യ ബാണേന ബഹുബാഹുനാ. ]

(ബാണാസുരൻ അനിരുദ്ധനെ ബന്ധിക്കുന്നതു്.)

രാജോവാച=പരീക്ഷിത്തുരാജാവു് ചോദിച്ചു.

ബാണസ്യ തനയാമുഷാമുപയേമേ യദൂത്തമഃ
തത്ര യുദ്ധമഭൂദ്ഘോരം ഹരിശങ്കരയോർമ്മഹത്
ഏതത്സർവ്വം മഹായോഗിൻ സമാഖ്യാതും ത്വമർഹസി. 1

| | |
|---|---|
| യദൂത്തമഃ | യദുകുലോത്തമനായ അനിരുദ്ധൻ |
| ബാണസ്യ | ബാണാസുരന്റെ |
| തനയാം ഉഷാം | പുത്രിയായ ഉഷയെ |
| ഉപയേമേ | വിവാഹം ചെയ്തുവല്ലോ; |
| തത്ര | ആ സന്ദർഭത്തിൽ |
| ഹരിശങ്കരയോഃ | ശ്രീകൃഷ്ണനും ശിവനും തമ്മിൽ |
| മഹത് ഘോരം | മഹത്തും ഘോരവുമായ |
| യുദ്ധം അഭൂത് | യുദ്ധമുണ്ടായി. |
| മഹായോഗിൻ | ഹേ യോഗിവര്യ! |
| ഏതത് സർവ്വം | ഇതെല്ലാം |
| സമാഖ്യാതും | വിസ്തരിച്ചരുളിച്ചെയ്യുന്നതിന്നു് |
| ത്വം | ഭവാൻ |
| അർഹസി | അർഹിക്കുന്നു. |

ശ്രീശുക ഉവാച=ശ്രീശുകൻപറഞ്ഞു :—

ബാണഃ പുത്രശതജ്യേഷ്ഠോ ബലേരാസീന്മഹാത്മനഃ
യേന വാമനരൂപായ ഹരയേऽദായി മേദിനീ. 2

| | |
|---|---|
| യേന | യാതൊരുവനാൽ |
| വാമനരൂപായ | വാമനരൂപം ധരിച്ച |
| ഹരയേ | ശ്രീമഹാവിഷ്ണുവിന്ന് |
| മേദിനീ | ഭൂമിമുഴുവൻ |
| അദായി | ദാനംചെയ്യപ്പെട്ടിരുന്നുവോ, |
| മഹാത്മനഃ | ആ മഹാമനസ്കനായ |
| ബലേഃ | ബലിചക്രവർത്തിയുടെ |
| പുത്രശതജ്യേഷ്ഠഃ | നൂറുപുത്രന്മാരിൽ ജ്യേഷ്ഠപുത്രൻ |
| ബാണഃ ആസീത് | ബാണനായിരുന്നു. |

തസ്യൗരസഃ സുതോ ബാണഃ ശിവഭക്തിരതഃ സദാ
മാന്യോ വദാന്യോ ധീമാംശ്ച സത്യസന്ധോ ദൃഢവ്രതഃ. 3

| | |
|---|---|
| തസ്യ | ആ ബലിചക്രവർത്തിക്ക് |
| ഔരസഃ | ധർമ്മപത്നിയിൽത്തന്നെയുണ്ടായ |
| സുതഃ | പുത്രനായ |
| ബാണഃ | ബാണൻ |
| മാന്യഃ | ലോകത്തിൽ ബഹുമാന്യനും, |
| വദാന്യഃ | ദാനശീലനും, |
| ധീമാൻ | ബുദ്ധിമാനും, |
| സത്യസന്ധഃ | സത്യസന്ധനും, |
| ദൃഢവ്രതഃ | വ്രതനിഷ്ഠയുള്ളവനും, |
| സദാ | എപ്പോഴും |
| ശിവഭക്തിരതഃ ച | ശിവഭക്തിയിൽ തൽപരനായിരിക്കുന്നവനും ആയിരുന്നു. |

ശോണിതാഖ്യേ പുരേ രമ്യേ സ രാജ്യമകരോത് പുരാ
തസ്യ ശംഭോഃ പ്രസാദേന കിങ്കരാ ഇവ തേഽമരാഃ. 4

| | |
|---|---|
| സഃ പുരാ | അവൻ പണ്ട് |
| ശോണിതാഖ്യേ | ശോണിതമെന്നു പേരായ |
| രമ്യേ പുരേ | മനോഹരനഗരത്തിൽ |
| രാജ്യം | രാജവാഴ്ചയെ |
| അകരോത് | നടത്തിക്കൊണ്ടിരുന്നു. |
| ശംഭോഃ | പരമശിവന്റെ |
| പ്രസാദേന | അനുഗ്രഹത്താൽ |
| തേ അമരാഃ | ആ ദേവന്മാർപോലും |
| തസ്യ കിങ്കരാഃ ഇവ | അവന്റെ ഭൃത്യരെന്നപോലെ വർത്തിച്ചു. |

സഹസ്രബാഹുർവാദ്യേന താണ്ഡവേഽതോഷയന്മൃഡം
ഭഗവാൻ സർവ്വഭൂതേശഃ ശരണ്യോ ഭക്തവത്സലഃ
വരേണ ഛന്ദയാമാസ സ തം വവ്രേ പുരാധിപം. 5

| | |
|---|---|
| സഹസ്രബാഹുഃ | ആയിരം കരങ്ങളുള്ള ബാണൻ |
| മൃഡം | പരമശിവനെ |
| താണ്ഡവേ | താണ്ഡവനൃത്തത്തിൽ |
| വാദ്യേന | വാദ്യപ്രയോഗത്താൽ |
| അതോഷയത് | സന്തോഷിപ്പിച്ചു. |
| ഭക്തവത്സലഃ | ഭക്തവാത്സല്യമുള്ളവനും |
| ശരണ്യഃ | ശരണാഗതരക്ഷകനും |
| സർവ്വഭൂതേശഃ | സർവ്വഭൂതനാഥനും |
| ഭഗവാൻ | ഐശ്വര്യാദിഗുണനിധിയുമായ സദാശിവൻ |
| വരേണ ഛന്ദയാമാസ | വരംചോദിച്ചുകൊൾകെന്നു പറഞ്ഞു. |
| സഃ | അവൻ |
| തം | ഭഗവാനെത്തന്നെ |
| പുരാധിപം വവ്രേ | സ്വനഗരത്തിന്റെ പാലകനായി വരിച്ചു. |

സ ഏകദാഽഽഹ ഗിരിശം പാർശ്വസ്ഥം വീര്യദുർമ്മദഃ
കിരീടേനാർക്കവർണ്ണേന സംസ്പൃശംസ്തത്പദാംബുജം. 6

| | |
|---|---|
| വീര്യദുർമ്മദഃ | വീര്യംകൊണ്ടു ദുരഹംകാരിയായിത്തീർന്ന |
| സഃ | ആ ബാണാസുരൻ |
| ഏകദാ | ഒരിക്കൽ |
| പാർശ്വസ്ഥം | പുരംകാത്തുകൊണ്ടു സമീപത്തിൽ വസിക്കുന്ന |
| ഗിരിശം | ശിവനോട് |
| അർക്കവർണ്ണേന | സൂര്യപ്രകാശമുള്ള |
| കിരീടേന | കിരീടത്താൽ |
| തത്പാദാംബുജം | അവിടുത്തെ തൃപ്പാദകമലത്തെ |
| സംസ്പൃശൻ | സ്പർശിച്ചുകൊണ്ട് |
| ആഹ | പറഞ്ഞു. |

നമസ്യേ ത്വാം മഹാദേവ ലോകാനാം ഗുരുമീശ്വരം
പുംസാമപൂർണ്ണകാമാനാം കാമപൂരാമരാങ്ഘ്രിപം. 7

| | |
|---|---|
| മഹാദേവ | "ഹേ മഹാദേവ! |
| ലോകാനാം | സമസ്തലോകങ്ങളുടെ |
| ഗുരും | പിതാവും |
| ഈശ്വരം | നിയന്താവും |
| അപൂർണ്ണകാമാനാം | ആഗ്രഹം നിറവേറാത്തവരായ |
| പുംസാം | ജനങ്ങൾക്ക് |
| കാമപൂരാമരാങ്ഘ്രിപം | ആഗ്രഹം നിറവേററിക്കൊടുക്കുന്ന കല്പപാദപവും ആയിരിക്കുന്ന |
| ത്വാം | നിന്തിരുവടിയെ |
| നമസ്യേ | ഞാൻ നമസ്കരിക്കുന്നു. |

ദോഃസഹസ്രം ത്വയാ ദത്തം പരം ഭാരായ മേഽഭവത്
ത്രിലോക്യാം പ്രതിയോദ്ധാരം ന ലഭേ ത്വദൃതേ സമം. 8

| | |
|---|---|
| ത്വയാ | "നിന്തിരുവടിയാൽ |
| മേ ദത്തം | എനിക്ക് നല്കപ്പെട്ട |
| ദോഃസഹസ്രം | ആയിരം കൈകൾ |
| പരം ഭാരായ | കേവലം ഭാരത്തിന് |
| അഭവത് | ഉതകുമാറായി. |
| ത്വത് ഋതേ | ഭവാനെയല്ലാതെ |
| ത്രിലോക്യാം | മൂന്നുലോകത്തിലും |
| സമം | എനിക്കു തുല്യനായ |
| പ്രതിയോദ്ധാരം | എതിരാളിയെ |
| ന ലഭേ | ലഭിക്കുന്നില്ല. |

കണ്ഡൂത്യാ നിഭൃതൈർദ്ദോർഭിര്യുയുത്സുർദ്ദിഗ്ഗജാനഹം
ആദ്യായാം ചൂർണ്ണയന്നദ്രീൻ ഭീതാസ്തേഽപി പ്രദുദ്രുവുഃ. 9

| | |
|---|---|
| ആദ്യ | "ഹേ ആദിപുരുഷ! |
| അഹം | ഞാൻ |
| യുയുത്സുഃ | യുദ്ധംകൊതിച്ച് |
| കണ്ഡൂത്യാ നിഭൃതൈഃ | പോർത്തരിച്ചു മുഴുത്തിരിക്കുന്ന |
| ദോർഭിഃ | കൈകളാൽ |
| അദ്രീൻ | മലകളെ |
| ചൂർണ്ണയൻ | അരിച്ചുപൊടിച്ചുകൊണ്ട് |
| ദിഗ്ഗജാൻ | ദിഗ്ഗജങ്ങളുടെ നേർക്ക് |
| അയാം | പാഞ്ഞുചെന്നു. |
| തേ അപി | അവരുംകൂടി |
| ഭീതാഃ | പേടിച്ചുവിരണ്ട് |
| പ്രദുദ്രുവുഃ | ഓടിപ്പോയി." |

തച്ഛ്രുത്വാ ഭഗവാൻ ക്രുദ്ധഃ കേതുസ്തേ ഭജ്യതേ യദാ
ത്വദ്ദർപ്പഘ്നം ഭവേന്മൂഢ സംയുഗം മത്സമേന തേ. 10

| | |
|---|---|
| തത് ശ്രുത്വാ | അതുകേട്ട് |
| ഭഗവാൻ | സർവ്വജ്ഞനായ രുദ്രൻ |
| ക്രുദ്ധഃ | ക്രോധിച്ചുകൊണ്ട് |
| (ഉവാച) | പറഞ്ഞു— |

| | | | |
|---|---|---|---|
| മൂഢ | "മൂഢ! | | ഒരാളോടുകൂടി |
| യദാ തേ | എന്നു് നിന്റെ | തദ്ദർപ്പഘ്നം | നിന്റെ വമ്പിനെ തകർത്തുകളയുന്ന |
| കേതുഃ | കൊടിമരം | സംയുഗം തേ | യുദ്ധം നിനക്കു് |
| ഭജ്യതേ | പൊട്ടിവീഴുന്നുവോ, അന്നു് | ഭവേത് | സംഭവിക്കുന്നതാണു്." |
| മത്സമേന | എന്നെപ്പോലുള്ള | | |

ഇത്യുക്തഃ കുമതിർഹൃഷ്ടഃ സ്വഗൃഹം പ്രാവിശന്നൃപ
പ്രതീക്ഷൻ ഗിരിശാദേശം സ്വവീര്യനശനം കുധീഃ. 11

| | | | |
|---|---|---|---|
| നൃപ | രാജാവേ! | കുധീഃ | ദുർബ്ബുദ്ധിയായ അവൻ |
| ഇതി ഉക്തഃ | ഇപ്രകാരം പറയപ്പെട്ട | സ്വവീര്യനശനം | സ്വവീര്യത്തിന്റെ നാശം കുറിക്കുന്ന |
| കുമതിഃ | ദുർബ്ബുദ്ധിയായ ബാണൻ | ഗിരിശാദേശം | ശിവന്റെ പ്രവചനത്തെ |
| ഹൃഷ്ടഃ | സന്തുഷ്ടനായിട്ടു | പ്രതീക്ഷൻ | പ്രതീക്ഷിച്ചുകൊണ്ടു് ഇരിപ്പായി. |
| സ്വഗൃഹം | സ്വഗൃഹത്തിലേക്കു് | | |
| പ്രാവിശത് | പ്രവേശിച്ചു. | | |

തസ്യോഷാ നാമ ദുഹിതാ സ്വപ്നേ പ്രാദ്യുമ്നിനാ രതിം
കന്യാഽലഭത കാന്തേന പ്രാഗദൃഷ്ടശ്രുതേന സാ. 12

| | | | |
|---|---|---|---|
| തസ്യ | അവന്നു് | | കേൾക്കപ്പെടുകയോ ചെയ്തിട്ടില്ലാത്ത, |
| ഉഷാ നാമ | ഉഷയെന്നുപേരായ * | കാന്തേന | മനോഹരഗാത്രനായ |
| ദുഹിതാ | ഒരു മകളുണ്ടായിരുന്നു. | പ്രാദ്യുമ്നിനാ | അനിരുദ്ധനോടുകൂടി |
| കന്യാ | വിവാഹം കഴിഞ്ഞിട്ടില്ലാത്ത | സ്വപ്നേ | സ്വപ്നത്തിൽ |
| സാ പ്രാക് | അവൾ ഇതിന്നുമുമ്പു് | രതിം അലഭത | രതിസുഖം അനുഭവിച്ചു. |
| അദൃഷ്ടശ്രുതേന | കാണപ്പെടുകയോ, | | |

സാ തത്ര തമപശ്യന്തീ ക്വാസി കാന്തേതി വാദിനീ
സഖീനാം മധ്യ ഉത്തസ്ഥൗ വിഹ്വലാ വ്രീഡിതാ ഭൃശം. 13

| | | | |
|---|---|---|---|
| സാ | അവൾ | ഇതി | എന്നിപ്രകാരം |
| തത്ര | പിന്നീടവിടെ | വാദിനീ | പറഞ്ഞുകൊണ്ടു് |
| തം | ആ അനിരുദ്ധനെ | സഖീനാം | സഖിമാരുടെ |
| അപശ്യന്തീ | കാണാതെ | മധ്യേ | ഇടയിൽ |
| വിഹ്വലാ | പരവശയായിട്ടു് | ഉത്തസ്ഥൗ | എഴുന്നേററിരുന്നു. |
| കാന്ത | 'കാന്ത! | (സാ) ഭൃശം | അവൾ ഏററവും |
| ക്വ അസി | ഭവാൻ എവിടെയാകുന്നു?" | വ്രീഡിതാ | ലജ്ജിതയായി. |

ബാണസ്യ മന്ത്രീ കുംഭാണ്ഡശ്ചിത്രലേഖാ ച തത്സുതാ
സഖ്യപൃച്ഛത് സഖീമൂഷാം കൗതൂഹലസമന്വിതാ 14

* 'ഉഷാ' എന്ന വാക്കു് ദീർഘാദിയായോ, 'ഉഷ' എന്നിങ്ങനെ ഹ്രസ്വാദിയായോ രണ്ടുപ്രകാരത്തിലും ആകാം.

| | |
|---|---|
| കുംഭാണ്ഡഃ | കുംഭാണ്ഡൻ |
| ബാണസ്യ | ബാണാസുരൻെറ |
| മന്ത്രീ | മന്ത്രിയായിരുന്നു. |
| ചിത്രലേഖാ | ചിത്രലേഖയെന്നവരം |
| തത്സുതാ ച | അവൻെറ പുത്രിയുമാണ്. |

| | |
|---|---|
| സഖീ | ഉഷയുടെ സഖിയായ |
| (സാ) | അവരം |
| കൌതൂഹല–<br>സമന്വിതാ | കൌതുഹലം പൂണ്ടുകൊണ്ട് |
| സഖീം | സഖിയായ |
| ഊഷാം അപൃച്ഛത് ഉഷയോട് ചോദിച്ചു. | |

കം ത്വം മൃഗയസേ സുഭ്രൂഃ കീദൃശസ്തേ മനോരഥഃ
ഹസ്തഗ്രാഹം ന തേഽദ്യാപി രാജപുത്ര്യുപലക്ഷയേ. 15

| | |
|---|---|
| " സുഭ്രൂഃ ത്വം | സുന്ദരി! നീ |
| കം മൃഗയസേ | ആരെ തിരയുന്നു ? |
| തേ മനോരഥഃ | നിൻെറ വിചാരം |
| കീദൃശഃ | എന്തൊന്നാണ് ? |
| രാജപുത്രി | ഹേ രാജകുമാരി! |

| | |
|---|---|
| അദ്യ അപി | ഇന്നുവരേക്കും |
| തേ | നിൻെറ |
| ഹസ്തഗ്രാഹം | കരംപിടിച്ച ആളെ (ഭർത്താവിനെ) |
| ന ഉപലക്ഷയേ | ഞാൻ കാണുന്നില്ല." |

നോട്ട് :— പാണിഗ്രഹണം കഴിയാതെ കന്യകയായിരിക്കുന്ന നീ 'കാന്ത! ഭവാൻ എവിടെയാണ്!' എന്നു ചൊല്ലി വിലപിക്കുന്നതിൻെറ സാരം എനിക്കു പറഞ്ഞുതരണമെന്നു ചിത്രലേഖ ആവശ്യപ്പെട്ടുന്നു.

ഊഷോവാച=ഉഷ പറഞ്ഞു :—

ദൃഷ്ടഃ കശ്ചിന്നരഃ സ്വപ്നേ ശ്യാമഃ കമലലോചനഃ
പീതവാസാ ബൃഹദ്ബാഹുർയോഷിതാം ഹൃദയംഗമഃ. 16

| | |
|---|---|
| ശ്യാമഃ | ശ്യാമളവർണ്ണനും |
| കമലലോചനഃ | താമരദളംപോലെ നീണ്ടിടംപെട്ട നേത്രങ്ങളുള്ളവനും |
| പീതവാസാഃ | മഞ്ഞപ്പട്ടു ധരിച്ചവനും |
| ബൃഹദ്ബാഹുഃ | മഹാബാഹുവും |

| | |
|---|---|
| യോഷിതാം | നാരിമാരുടെ |
| ഹൃദയംഗമഃ | മനസ്സിന്നിണങ്ങുന്നവനുമായ |
| കശ്ചിത് നരഃ | ഒരു പുരുഷൻ |
| സ്വപ്നേ | സ്വപ്നത്തിൽ |
| ദൃഷ്ടഃ | (എന്നാൽ) കാണപ്പെട്ടു. |

തമഹം മൃഗയേ കാന്തം പായയിത്വാഽധരം മധു
ക്വാപി യാതഃ സ്പൃഹയതീം ക്ഷിപ്ത്വാ മാം വൃജിനാർണ്ണവേ. 17

| | |
|---|---|
| അധരം | ചുണ്ടിലൂറുന്ന |
| മധു | നറുതേൻ |
| പായയിത്വാ | നുകരുവാൻ തന്നു, |
| സ്പൃഹയതീം | കൊതിച്ചിരിക്കുന്ന |
| മാം | എന്നെ |
| വൃജിനാർണ്ണവേ | ദുഃഖസമുദ്രത്തിൽ |

| | |
|---|---|
| ക്ഷിപ്ത്വാ | ആഴ്ത്തിവിട്ട് |
| ക്വാപി | എങ്ങോട്ടോ |
| യാതഃ | അദ്ദേഹം കടന്നുപോയി. |
| കാന്തം | കമനീയാംഗനായ |
| തം | ആ പുരുഷനെ |
| അഹം മൃഗയേ | ഞാൻ തിരയുകയാണ്. |

ചിത്രലേഖോവാച=ചിത്രലേഖ പറഞ്ഞു :—

വ്യസനം തേഽപകർഷാമി ത്രിലോക്യാം യദി ഭാവ്യതേ
തമാനേഷ്യേ നരം യസ്തേ മനോഹർത്താ തമാദിശ. 18

| | | | |
|---|---|---|---|
| തേ വ്യസനം | നിന്റെ ക്ലേശത്തെ | ആനേഷ്യേ | കൊണ്ടുവന്നുകൊള്ളാം. |
| അപകർഷാമി | ഞാൻ നീക്കിത്തരാം. | യഃ തേ | യാതൊരുവനാണോ നിന്റെ |
| ത്രിലോക്യാം | മൂന്നുലോകത്തിലെങ്ങാനും | മനോഹർത്താ | മനംകവന്നിട്ടുള്ളത്, |
| യദി ഭാവ്യതേ | ഉണ്ടെന്നുവരികിൽ | തം | അവനെ (അവനാരെന്ന്) |
| തം നരം | ആ പുരുഷനെ | ആദിശ | പറഞ്ഞുതരിക. |

ഇത്യുക്ത്വാ ദേവഗന്ധർവ്വസിദ്ധചാരണപന്നഗാൻ
ദൈത്യവിദ്യാധരാൻ യക്ഷാൻ മനുജാംശ്ച യഥാഽലിഖത്. 19

| | | | |
|---|---|---|---|
| ഇതി ഉക്ത്വാ | എന്നു പറഞ്ഞ് | ദൈത്യ- വിദ്യാധരാൻ | അസുരന്മാരേയും, വിദ്യാധരന്മാരേയും, |
| ദേവഗന്ധർവ്വ- സിദ്ധചാരണ- പന്നഗാൻ | ദേവന്മാർ, ഗന്ധർവ്വന്മാർ, സിദ്ധന്മാർ, ചാരണന്മാർ പന്നഗന്മാർ എന്നിവരേയും | യക്ഷാൻ | യക്ഷന്മാരേയും |
| | | മനുജാൻ ച | മനുഷ്യന്മാരേയും |
| | | യഥാ | ശരിയായവിധം |
| | | അലിഖത് | ചിത്രത്തിലെഴുതി. |

മനുജേഷു ച സാ വൃഷ്ണീൻ ശൂരമാനകദുന്ദുഭിം
വ്യലിഖദ്രാമകൃഷ്ണൗ ച പ്രദ്യുമ്നം വീക്ഷ്യ ലജ്ജിതാ. 20

| | | | |
|---|---|---|---|
| സാ | അവൾ | രാമകൃഷ്ണൗ ച | രാമകൃഷ്ണന്മാരേയും |
| മനുജേഷു ച | മനുഷ്യരുടെ കൂട്ടത്തിൽ | വ്യലിഖത് | ചിത്രത്തിലെഴുതി. |
| വൃഷ്ണീൻ | വൃഷ്ണിവംശത്തിലുള്ളവരായ | പ്രദ്യുമ്നം | പ്രദ്യുമ്നനെ |
| ശൂരം | ശൂരസേനനേയും, | വീക്ഷ്യ | വരച്ചുകണ്ടപ്പോൾ |
| ആനകദുന്ദുഭിം | വസുദേവനേയും | ലജ്ജിതാ | (ഉഷ) ലജ്ജിച്ചു. |

അനിരുദ്ധം വിലിഖിതം വീക്ഷ്യോഷാഽവാങ്മുഖീ ഹ്രിയാ
സോഽസാവസാവിതി പ്രാഹ സ്മയമാനാ മഹീപതേ. 21

| | | | |
|---|---|---|---|
| മഹീപതേ | രാജാവേ! | അവാങ്മുഖീ | തലതാഴ്ത്തിക്കൊണ്ട്, |
| അനിരുദ്ധം | അനിരുദ്ധനെ | സഃ അസൌ | 'അദ്ദേഹം ഈ ആളാണ്; |
| വിലിഖിതം | ചിത്രത്തിൽ എഴുതപ്പെട്ടതായി | അസൌ | ഈ ആൾതന്നെ' |
| | | ഇതി | എന്നിവിധം |
| വീക്ഷ്യ | കണ്ടപ്പോൾ | സ്മയമാനാ | പുഞ്ചിരിതൂകി, |
| ഉഷാ ഹ്രിയാ | ഉഷ ലജ്ജയാൽ | പ്രാഹ | പറഞ്ഞു. |

ചിത്രലേഖാ തമാജ്ഞായ പൗത്രം കൃഷ്ണസ്യ യോഗിനീ
യയൗ വിഹായസാ രാജൻ ദ്വാരകാം കൃഷ്ണപാലിതാം. 22

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ചിത്രലേഖാ | ചിത്രലേഖ |
| യോഗിനീ | യോഗവിദ്യാപരിജ്ഞാനമുള്ള | തം | അദ്ദേഹത്തെ |

| | |
|---|---|
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ |
| പൌത്രം | പൌത്രനാണെന്ന് |
| ആജ്ഞായ | അറിഞ്ഞു*, |
| കൃഷ്ണപാലിതാം | ശ്രീകൃഷ്ണനാൽ പാലിക്കപ്പെട്ടിരിക്കുന്ന |
| ദ്വാരകാം | ദ്വാരകാപുരിയിലേക്ക് |
| വിഹായസാ | ആകാശമാർഗ്ഗത്തിലൂടെ |
| യയൌ | പോയി. |

തത്ര സുപ്തം സുപര്യങ്കേ പ്രാദ്യുമ്നിം യോഗമാസ്ഥിതാ
ഗൃഹീത്വാ ശോണിതപുരം സഖ്യൈ പ്രിയമദർശയത്. 23

| | |
|---|---|
| യോഗം | യോഗവിദ്യയെ |
| ആസ്ഥിതാ | അവലംബിച്ച അവൾ |
| തത്ര | അവിടെ |
| സുപര്യങ്കേ | നല്ലൊരു കട്ടിലിന്മേൽ |
| സുപ്തം | കിടന്നുറങ്ങിയിരുന്ന |
| പ്രാദ്യുമ്നിം | പ്രദ്യുമ്നപുത്രനെ |
| ശോണിതപുരം | ശോണിതപുരത്തിലേക്ക് |
| ഗൃഹീത്വാ | എടുത്തുകൊണ്ടുവന്ന് |
| സഖ്യൈ | സഖിയായ ഉഷയ്ക്ക് |
| പ്രിയം | പ്രിയതമനെ |
| അദർശയത് | കാണിച്ചുകൊടുത്തു. |

സാ ച തം സുന്ദരവരം വിലോക്യ മുദിതാനനാ
ദുഷ്പ്രേക്ഷ്യേ സ്വഗൃഹേ പുംഭീ രേമേ പ്രാദ്യുമ്നിനാ സമം 24

| | |
|---|---|
| സാ ച | അവളാകട്ടെ |
| സുന്ദരവരം | സുന്ദരശ്രേഷ്ഠനായ |
| തം | ആ അനിരുദ്ധനെ |
| വിലോക്യ | കണ്ടിട്ട് |
| മുദിതാനനാ | സന്തോഷമാർന്ന മുഖത്തോടുകൂടിയവളായിഭവിച്ച്, |
| പുംഭിഃ | പുരുഷന്മാരാൽ |
| ദുഷ്പ്രേക്ഷ്യേ | കാണപ്പെടാവുന്നതല്ലാത്ത |
| സ്വഗൃഹേ | തന്റെ പ്രത്യേകഗൃഹത്തിൽവെച്ച് |
| പ്രാദ്യുമ്നിനാ | അനിരുദ്ധനോട് |
| സമം രേമേ | കൂടെ രമിച്ചു. |

പരാർദ്ധ്യവാസഃസ്രഗ്ഗന്ധധൂപദീപാസനാദിഭിഃ
പാനഭോജനഭക്ഷ്യൈശ്ച വാക്യൈഃ ശുശ്രൂഷയാർച്ചിതഃ 25
ഗൂഢഃ കന്യാപുരേ ശശ്വത് പ്രവൃദ്ധസ്നേഹയാ തയാ
നാഹർഗ്ഗണാൻ സ ബുബുധേ ഉഷയാപഹൃതേന്ദ്രിയഃ 26

| | |
|---|---|
| സഃ | ആ അനിരുദ്ധൻ |
| കന്യാപുരേ | കന്യകയുടെ അന്തഃപുരത്തിൽ |
| ഗൂഢഃ | ഒളിഞ്ഞിരുന്നുകൊണ്ട് |
| ശശ്വത് | നിത്യേന |
| പ്രവൃദ്ധസ്നേഹയാ | സ്നേഹം വളർന്നുവന്ന |
| തയാ ഉഷയാ | ആ ഉഷയോടുകൂടി |
| പരാർദ്ധ്യവാസഃ-സ്രഗ്ഗന്ധധൂപ-ദീപാസനാദിഭിഃ | വിലകൂടിയ വസ്ത്രങ്ങൾ, പൂമാലകൾ, സുഗന്ധലേപനങ്ങൾ, ധൂപദീപങ്ങൾ, ആസനോപകരണങ്ങൾ എന്നു തുടങ്ങിയുള്ളവയാലും, |
| പാനഭോജന-ഭക്ഷ്യൈഃ | പാനം, ഭോജനം, ഭക്ഷ്യം എന്നിവയാലും, |
| വാക്യൈഃ | നല്ലമൊഴികളാലും, |
| ശുശ്രൂഷയാ ച | പരിചര്യയാലും |
| അർച്ചിതഃ | ആരാധിതനായിരുന്ന് |
| അപഹൃതേന്ദ്രിയഃ | അവളാൽ കവർന്നെടുക്കപ്പെട്ട മാനസത്തോടുകൂടിയവനായിട്ട് |
| അഹർഗ്ഗണാൻ | നാളുകൾകൂടിവന്നതിനെ |
| ന ബുബുധേ | അറിഞ്ഞില്ല. |

താം തഥാ യദുവീരേണ ഭുജ്യമാനാം ഹതവ്രതാം
ഹേതുഭിർല്ലക്ഷയാഞ്ചക്രുരാപ്രീതാം ദുരവച്ഛദൈഃ. 27

| | | | |
|---|---|---|---|
| യദുവീരേണ | അനിരുദ്ധനാൽ | ദുരവച്ഛദൈഃ | മറച്ചുവെക്കുവാൻ കഴിയാത്ത |
| തഥാ | ആ വിധം രഹസ്യമായി | ഹേതുഭിഃ | ലക്ഷണങ്ങൾകൊണ്ട് |
| ഭുജ്യമാനാം | അനുഭവിക്കപ്പെട്ടുവരുന്നവളും | ഹതവ്രതാം | കന്യകാവ്രതം കെടുത്തപ്പെട്ടിരിക്കുന്നവളായിട്ട് |
| ആപ്രീതാം | അതിസന്തോഷം കലർന്നവളും ആയിരിക്കുന്ന | (ഭടാഃ) ലക്ഷയാഞ്ചക്രുഃ | അന്തഃപുരം കാക്കുന്ന ഭടന്മാർ കണ്ടെത്തി. |
| താം | ആ ഉഷയെ | | |

ഭടാ ആവേദയാഞ്ചക്രൂ രാജംസ്തേ ദുഹിതുർവ്വയം
വിചേഷ്ടിതം ലക്ഷയാമഃ കന്യായാഃ കുലദൂഷണം. 28

| | | | |
|---|---|---|---|
| ഭടാഃ | ആ ഭടന്മാർ | കന്യായാഃ | കന്യകയുടെ |
| ആവേദയാഞ്ചക്രുഃ | (രാജാവായ ബാണനോട്) വൃത്താന്തമറിയിച്ചു— | കുലദൂഷണം | കുലം കെടുത്തിക്കളയും പ്രകാരമുള്ള |
| രാജൻ | 'മഹാരാജാവേ! | വിചേഷ്ടിതം | പ്രവൃത്തിയെ |
| തേ | അവിടുത്തെ | വയം | ഞങ്ങൾ |
| ദുഹിതുഃ | മകളായ | ലക്ഷയാമഃ | കണ്ടുവരുന്നുണ്ട് |

അനപായിഭിരസ്മാഭിർഗ്ഗുപ്തായാശ്ച ഗൃഹേ പ്രഭോ
കന്യായാ ദൂഷണം പുംഭിർദ്ദുഷ്പ്രേക്ഷ്യായാ ന വിദ്മഹേ. 29

| | | | |
|---|---|---|---|
| പ്രഭോ | "സ്വാമിൻ! | പുംഭിഃ | പുരുഷന്മാരാൽ |
| അനപായിഭിഃ | സ്ഥലംവിട്ടുപോകാത്ത | ദുഷ്പ്രേക്ഷ്യായാഃ | ദുർദ്ദർശയായിരുന്നിട്ടും |
| അസ്മാഭിഃ | ഞങ്ങളാൽ | കന്യായാഃ | കന്യകയ്ക്കു |
| ഗൃഹേ | കന്യാഗൃഹത്തിൽ | ദൂഷണം | ദോഷം അകപ്പെട്ടതു് എങ്ങനെയാണെന്നു് |
| ഗുപ്തായാഃ ച | കാത്തുരക്ഷിക്കപ്പെട്ടവളായിരുന്നിട്ടും, | ന വിദ്മഹേ | ഞങ്ങൾക്കറിഞ്ഞുകൂടാ" |

തതഃ പ്രവ്യഥിതോ ബാണോ ദുഹിതുഃ ശ്രുതദൂഷണഃ
ത്വരിതഃ കന്യകാഗാരം പ്രാപ്തോഽദ്രാക്ഷീദ്യദൂദ്വഹം. 30

| | | | |
|---|---|---|---|
| ദുഹിതുഃ | പുത്രിയുടെ | ത്വരിതഃ | ബദ്ധപ്പാടോടുകൂടി |
| ശ്രുതദൂഷണഃ | ദോഷത്തെ ശ്രവിച്ച | കന്യകാഗാരം | കന്യാഗൃഹത്തിലേക്ക് |
| ബാണഃ | ബാണാസുരൻ | പ്രാപ്തഃ | ചെന്നപ്പോൾ |
| പ്രവ്യഥിതഃ | വലിയ മനോവേദനയോടുകൂടിയവനായിട്ട് | യദൂദ്വഹം | അനിരുദ്ധനെ |
| തതഃ | അവിടെനിന്നു് | അദ്രാക്ഷീത് | കണ്ടു. |

കാമാത്മജം തം ഭുവനൈകസുന്ദരം ശ്യാമം പിശംഗാംബരമംബുജേക്ഷണം
ബൃഹദ്ഭുജം കുണ്ഡലകുന്തളത്വിഷാ സ്മിതാവലോകേന ച മണ്ഡിതാനനം.

ദീവ്യന്തമക്ഷൈഃ പ്രിയയാഭിരൂമ്ണയാ തദംഗസംഗസ്തനകുങ്കുമസ്രജം
ബാഹ്വോർദ്ദധാനം മധുമല്ലികാശ്രിതാം തസ്യാഗ്ര ആസീനമവേക്ഷ്യ വിസ്മിതഃ

| | |
|---|---|
| കാമാത്മജം | സാക്ഷാൽ കാമദേവന്റെ അവതാരമായ പ്രദ്യുമ്നന്റെ ദേഹത്തിൽനിന്നു് പിറന്നവനും, |
| ഭുവനൈക-സുന്ദരം | ലോകത്തിൽ മികച്ച സൌന്ദര്യമുള്ളവനും, |
| ശ്യാമം | ശ്യാമളവർണ്ണനും, |
| പിശംഗാംബരം | മഞ്ഞപ്പട്ടു ധരിച്ചവനും, |
| അംബുജേക്ഷണം | ചെന്താമരക്കണ്ണനും, |
| ബൃഹത്ഭുജം | ദീർഘബാഹുവും, |
| കുണ്ഡല-കുന്തളത്വിഷാ | കർണ്ണഭൂഷണങ്ങളുടേയും, കുറുനിരകളുടേയും കാന്തികൊണ്ടും |
| സ്മിതാവ-ലോകേന ച | പുഞ്ചിരിയോടുചേർന്ന നോട്ടംകൊണ്ടും |
| മണ്ഡിതാനനം | അലങ്കൃതമായ തിരുമുഖത്തോടുകൂടിയവനും, |
| അഭിരൂമ്ണയാ | സർവ്വാംഗമംഗലയായ |
| പ്രിയയാ | പ്രിയപത്നിയോടുകൂടി |
| അക്ഷൈഃ ദീവ്യന്തം | പകിട കളിച്ചുകൊണ്ടിരിക്കുന്നവനും, |
| മധുമല്ലികാ-ശ്രിതാം | വസന്തകാലത്തിലെ മല്ലികപ്പൂക്കളാൽ ഗ്രഥിതമായതും |
| തദംഗസംഗ-സ്തനകുങ്കുമ-സ്രജം | അവളുടെ ദേഹസ്പർശത്താൽ സ്തനകുങ്കുമം പററിയിരിക്കുന്നതുമായ പുഷ്പമാല്യത്തെ |
| ബാഹ്വോഃ | ഇരുകൈകൾക്കുമിടയിൽ (മാറിടത്തിൽ) |
| ദധാനം | ധരിച്ചുകൊണ്ടിരിക്കുന്നവനും, |
| തസ്യാഃ അഗ്രേ | അവളുടെ മുൻവശത്തു് |
| ആസീനം | ഇരിപ്പുറപ്പിച്ചവനുമായ |
| തം അവേക്ഷ്യ | ആ അനിരുദ്ധനെ കണ്ടു് |
| വിസ്മിതഃ | ബാണൻ അത്ഭുതപ്പെട്ടു. |

സ തം പ്രവിഷ്ടം വൃതമാതതായിഭി-
ർഭടൈരനീകൈരവലോക്യ മാധവഃ
ഉദ്യമ്യ മൌർവ്വം പരിഘം വ്യവസ്ഥിതോ
യഥാऽന്തകോ ദണ്ഡധരോ ജിഘാംസയാ. 33

| | |
|---|---|
| സഃ മാധവഃ | ആ അനിരുദ്ധൻ |
| ആതതായിഭിഃ | ആയുധധാരികളായ |
| അനേകൈഃ | വളരെ |
| ഭടൈഃ | ഭടന്മാരാൽ |
| വൃതം | പരിവൃതനായി, |
| പ്രവിഷ്ടം | അകത്തേക്കു കടന്നുവന്ന |
| തം | ആ ബാണാസുരനെ |
| അവലോക്യ | കണ്ടു്, |
| മൌർവ്വം | കട്ടലോഹംകൊണ്ടുള്ള |
| പരിഘം | തഴുതുതണ്ടിനെ |
| ഉദ്യമ്യ | ഓങ്ങിപ്പിടിച്ചുകൊണ്ടു് |
| ദണ്ഡധരഃ | കാലദണ്ഡം ധരിച്ച |
| അന്തകഃ യഥാ | അന്തകൻകണക്കെ |
| ജിഘാംസയാ | അടിച്ചുകൊല്ലുവാനുള്ള ഉദ്ദേശത്തോടെ |
| വ്യവസ്ഥിതഃ | നിലകൊണ്ടു. |

ജിഘൃക്ഷയാ താൻ പരിതഃ പ്രസർപ്പതഃ
ശുനോ യഥാ സൂകരയൂഥപോऽഹനത്
തേ ഹന്യമാനാ ഭവനാദ്വിനിർഗ്ഗതാ
നിർഭിന്നമൂർദ്ധോരുഭുജാഃ പ്രദുദ്രുവുഃ. 34

| | |
|---|---|
| ജിഘൃക്ഷയാ | തന്നെ കടന്നുപിടിക്കാൻ ഉദ്ദേശിച്ചുകൊണ്ട് |
| പരിതഃ | നാലുപുറത്തുനിന്നും |
| പ്രസപ്പതഃ | ഓടിയണയുന്ന |
| താൻ | ആ ഭടന്മാരെ |
| സൂകരയൂഥപഃ | കൂട്ടത്തലവനായ ഒററപ്പന്നി |
| ശുനഃ | നായ്ക്കളെ |
| യഥാ | ഏതുവിധമോ, ആവിധം |
| അഹനത് | (അനിരുദ്ധൻ) കൊന്നുതുടങ്ങി. |
| ഹന്യമാനാഃ | കൊല്ലപ്പെട്ടുതുടങ്ങിയ |
| തേ | അവർ |
| നിർഭിന്ന-മൂർദ്ധോരുഭുജാഃ | തകൎന്ന തലയും, തുടകളും, കൈകളും ചേൎന്നവരായിട്ട് |
| ഭവനാത് | കന്യാഗൃഹത്തിൽനിന്ന് |
| വിനിൎഗ്ഗതാഃ | പുറത്തുവന്ന് |
| പ്രദുദ്രുവുഃ | കതിച്ചോടിപ്പോയി. |

തം നാഗപാശൈൎബ്ബലിനന്ദനോ ബലീ
ഘ്നന്തം സ്വസൈന്യം കുപിതോ ബബന്ധ ഹ
ഊഷാ ഭൃശം ശോകവിഷാദവിഹ്വലാ
ബദ്ധം നിശമ്യാശ്രുകലാക്ഷ്യരൌദിഷീത്. 35

| | |
|---|---|
| ബലീ | മഹാബലവാനായ |
| ബലിനന്ദനഃ | മഹാബലിപുത്രൻ |
| കുപിതഃ | കുപിതനായിട്ട്, |
| സ്വസൈന്യം | തന്റെ സൈന്യത്തെ |
| ഘ്നന്തം | കൊന്നൊടുക്കുന്ന |
| തം | ആ അനിരുദ്ധനെ |
| നാഗപാശൈഃ | നാഗപാശങ്ങളാൽ |
| ബബന്ധ | ബന്ധിച്ചു |
| ഹ | ആശ്ചൎയ്യം ! |
| ബദ്ധം | ബന്ധിക്കപ്പെട്ടവനായെന്ന് |
| നിശമ്യ | കേട്ട്, |
| ശോകവിഷാദ-വിഹ്വലാ | സങ്കടത്താലും, തന്നിമിത്തമായ തളൎച്ചയാലും പരവശയായി, |
| അശ്രുകലാക്ഷീ | കണ്ണുനീർ തങ്ങുന്ന കണ്ണുകളോടുകൂടിയവളായി |
| ഊഷാ ഭൃശം | ഉഷ ഏററവും |
| അരൌദിഷീത് | കരഞ്ഞു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാൎദ്ധേ അനിരുദ്ധബന്ധോ നാമ ദ്വിഷഷ്ടിതമോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2660.

## ത്രിഷഷ്ടിതമോഽദ്ധ്യായഃ=അറുപത്തിമൂന്നാം അദ്ധ്യായം.

[ ത്രിയുക്ഷഷ്ടിതമേ ഛാഥ ബാണയാദവസംഗരേ
സ്തുതിൎജ്ജ്വരേണ രുദ്രേണ ബാണബാഹുച്ഛിദോ ഹരേഃ. ]

(ബാണയുദ്ധം, ശിവജ്വരകൃതവും ശിവകൃതവുമായ ശ്രീകൃഷ്ണസ്തുതികൾ )

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

അപശ്യതാം ചാനിരുദ്ധം തദ്ബന്ധൂനാം ച ഭാരത
ചത്വാരോ വാൎഷികാ മാസാ വ്യതീയുരനുശോചതാം. 1

| | |
|---|---|
| ഭാരത | ഹേ പരീക്ഷിത്തേ! |
| അനിരുദ്ധം | അനിരുദ്ധനെ |
| അപശ്യതാം | കാണാതെയായവരും, |
| ച | തന്നിമിത്തം |
| അനുശോചതാം | ദുഃഖിക്കുന്നവരുമായ |
| തദ്ബന്ധൂനാം ച | അനിരുദ്ധന്റെ ബന്ധുജനങ്ങൾക്കാകട്ടെ |
| വാർഷികാഃ | വർഷകാലത്തുള്ള |
| ചത്വാരഃ മാസാഃ | നാലു മാസങ്ങൾ |
| വ്യതീയുഃ | കഴിഞ്ഞുപോയി. |

നാരദാത്തദുപാകർണ്യ വാർത്താം ബദ്ധസ്യ കർമ്മ ച
പ്രയയുഃ ശോണിതപുരം വൃഷ്ണയഃ കൃഷ്ണദൈവതാഃ. 2

| | |
|---|---|
| ബദ്ധസ്യ | ബാണനാൽ തടവിലാക്കപ്പെട്ട അനിരുദ്ധന്റെ |
| വാർത്താം | വൃത്താന്തത്തെയും, |
| തത് കർമ്മ ച | ആ പ്രവൃത്തിയെയും |
| നാരദാത് | ശ്രീനാരദനിൽനിന്ന് |
| ഉപാകർണ്യ | കേട്ടറിഞ്ഞ് |
| കൃഷ്ണദൈവതാഃ | ശ്രീകൃഷ്ണസഹായരായ |
| വൃഷ്ണയഃ | വൃഷ്ണികൾ |
| ശോണിതപുരം | ശോണിതപുരത്തിലേക്ക് |
| പ്രയയുഃ | പ്രയാണംചെയ്തു. |

പ്രദ്യുമ്നോ യുയുധാനശ്ച ഗദഃ സാംബോഽഥ സാരണഃ
നന്ദോപനന്ദഭദ്രാദ്യാ രാമകൃഷ്ണാനുവർത്തിനഃ. 3
അക്ഷൌഹിണീഭിർദ്വാദശഭിഃ സമേതാഃ സർവ്വതോദിശം
രുരുധുർബ്ബാണനഗരം സമന്താത് സാത്വതർഷഭാഃ. 4
ഭജ്യമാനപുരോദ്യാനപ്രാകാരാട്ടാലഗോപുരം
പ്രേക്ഷമാണോ രുഷാഽഽവിഷ്ടസ്തുല്യസൈന്യോഽഭിനിര്യയൌ. 5

| | |
|---|---|
| രാമകൃഷ്ണാനുവർത്തിനഃ | ബലരാമനേയും കൃഷ്ണനേയും അനുസരിക്കുന്നവരായ |
| പ്രദ്യുമ്നഃ | പ്രദ്യുമ്നൻ, |
| യുയുധാനഃ | യുയുധാനൻ, |
| ഗദഃ സാംബഃ | ഗദൻ, സാംബൻ, |
| സാരണഃ | സാരണൻ, |
| നന്ദോപനന്ദഭദ്രാദ്യാഃ | നന്ദൻ, ഉപനന്ദൻ, ഭദ്രൻ എന്നു തുടങ്ങിയുള്ള |
| സാത്വതർഷഭാഃ | യാദവപുംഗവന്മാർ |
| ദ്വാദശഭിഃ | പന്ത്രണ്ട് |
| അക്ഷൌഹിണീഭിഃ | അക്ഷൌഹിണീസേനകളോട് |
| സമേതാഃ | ചേർന്നുകൊണ്ട് |
| അഥ | ഉടൻതന്നെ |
| ബാണനഗരം | ബാണാസുരന്റെ നഗരത്തെ |
| സമന്താത് രുരുധുഃ | ചുറ്റും വളഞ്ഞു. |
| സർവ്വതോദിശം | എല്ലാ ഇടത്തുനിന്നും |
| ഭജ്യമാന-പുരോദ്യാന-പ്രാകാരാട്ടാലഗോപുരം | തകർത്തുകളയപ്പെടുന്ന തന്റെ നഗരോദ്യാനത്തെയും, കോട്ടമതിലിനേയും, കൊത്തളങ്ങളേയും, ഗോപുരങ്ങളേയും |
| പ്രേക്ഷമാണഃ | കണ്ടുകൊണ്ട് |
| രുഷാ | കോപത്താൽ |
| ആവിഷ്ടഃ | ബാധിതനായ ബാണൻ |
| തുല്യസൈന്യഃ | ഒപ്പത്തിനൊപ്പം സൈന്യത്തോടുകൂടിയവനായിട്ട് |
| അഭിനിര്യയൌ | നേരിട്ടിറങ്ങി. |

ബാണാർത്ഥേ ഭഗവാൻ രുദ്രഃ സസുതൈഃ പ്രമഥൈർവ്വൃതഃ
ആരുഹ്യ നന്ദിവൃഷഭം യുയുധേ രാമകൃഷ്ണയോഃ. 6

| | |
|---|---|
| ബാണാൎത്ഥേ | ബാണാസുരനുവേണ്ടി |
| ഭഗവാൻ | സൎവ്വജ്ഞതാദിനിധിയായ |
| രുദ്രഃ | ശ്രീമഹാരുദ്രൻ |
| സസുതൈഃ | സ്വപുത്രനായ സ്കന്ദനോടുകൂടിയ |
| പ്രമഥൈഃ | പ്രമഥഗണങ്ങളാൽ |
| വൃതഃ | പരിവൃതനായിട്ട് |
| നന്ദിവൃഷഭം ആരുഹ്യ | നന്ദിയെന്ന വൃഷഭത്തിന്മേൽ കയറിയിരുന്ന് |
| രാമകൃഷ്ണയോഃ | രാമകൃഷ്ണന്മാരോട് |
| യുയുധേ | യുദ്ധംചെയ്തു. |

ആസീത് സുതുമുലം യുദ്ധമത്ഭുതം രോമഹർഷണം
കൃഷ്ണശങ്കരയോ രാജൻ പ്രദ്യുമ്നഗുഹയോരപി. 7

| | |
|---|---|
| രാജൻ | രാജാവേ! |
| അത്ഭുതം | ആശ്ചര്യകരവും |
| രോമഹർഷണം | കോരിത്തരിപ്പുണ്ടാക്കുന്നതുമായ |
| സുതുമുലം | തിങ്ങിവിങ്ങുന്ന |
| യുദ്ധം | പോരാട്ടം |
| കൃഷ്ണ-ശങ്കരയോഃ | ശ്രീകൃഷ്ണനും ശ്രീശങ്കരനും തമ്മിൽ |
| ആസീത് | സംഭവിച്ചു. |
| പ്രദ്യുമ്ന-ഗുഹയോഃ അപി | പ്രദ്യുമ്നനും സ്കന്ദനും തമ്മിലുള്ളതും അതുപോലെയായിരുന്നു. |

കുംഭാണ്ഡകൂപകർണ്ണാഭ്യാം ബലേന സഹ സംയുഗഃ
സാംബസ്യ ബാണപുത്രേണ ബാണേന സഹ സാത്യകേഃ 8

| | |
|---|---|
| ബലേന | ബലരാമനാൽ |
| കുംഭാണ്ഡ-കൂപകർണ്ണാഭ്യാം സഹ | കുംഭാണ്ഡനോടുകൂടെയും, കൂപകർണ്ണനോടുകൂടെയും |
| സംയുഗഃ | യുദ്ധം നടത്തപ്പെട്ടു |
| സാംബസ്യ | സാംബന്ന് |
| ബാണപുത്രേണ | ബാണാസുരന്റെ മകനോടുകൂടെയും, |
| സാത്യകേഃ | സാത്യകിക്ക് |
| ബാണേന സഹ | ബാണാസുരനോടുകൂടെയും യുദ്ധം നടന്നു. |

ബ്രഹ്മാദയഃ സുരാധീശാ മുനയഃ സിദ്ധചാരണാഃ
ഗന്ധർവ്വാപ്സരസോ യക്ഷാ വിമാനൈർദ്രഷ്ടുമാഗമൻ. 9

| | |
|---|---|
| ബ്രഹ്മാദയഃ | ബ്രഹ്മാദികളായ |
| സുരാധീശാഃ | ദേവശ്രേഷ്ഠന്മാരും, |
| മുനയഃ | ദേവർഷിമാരും, |
| സിദ്ധചാരണാഃ | സിദ്ധചാരണന്മാരും, |
| ഗന്ധർവ്വാപ്സരസഃ | ഗന്ധർവ്വന്മാരും അപ്സരസ്ത്രീകളും |
| യക്ഷാഃ | യക്ഷന്മാരും |
| ദ്രഷ്ടും | (യുദ്ധം) കാണുവാൻ |
| വിമാനൈഃ | വിമാനങ്ങളിലൂടെ |
| ആഗമൻ | എത്തിച്ചേർന്നു. |

ശങ്കരാനുചരാൻ ശൌരിർഭൂതപ്രമഥഗുഹ്യകാൻ
ഡാകിനീർയ്യാതുധാനാംശ്ച വേതാളാൻ സവിനായകാൻ. 10
പ്രേതമാതൃപിശാചാംശ്ച കൂഷ്മാണ്ഡാൻ ബ്രഹ്മരാക്ഷസാൻ
ദ്രാവയാമാസ തീക്ഷ്ണാഗ്രൈഃ ശരൈഃ ശാർങ്ഗധനുശ്ച്യുതൈഃ. 11

| | |
|---|---|
| ശൌരിഃ | ശ്രീകൃഷ്ണൻ |
| ശാർങ്ഗധനുഃ ച്യുതൈഃ | ശാർങ്ഗചാപത്തിൽ നിന്ന് ഉതിർന്നവയും |
| തീക്ഷ്ണാഗ്രൈഃ | മൂർച്ചയുള്ള മുനയോടുകൂടിയവയുമായ |
| ശരൈഃ | അമ്പുകൾകൊണ്ട് |
| ശങ്കരാനുചരാൻ | പരമശിവന്റെ കിങ്കരന്മാരായ |
| ഭൂതപ്രമഥഗുഹ്യകാൻ | ഭൂതങ്ങളേയും, പ്രമഥഗണങ്ങളേയും ഗുഹ്യകന്മാരേയും, |
| ഡാകിനീഃ | ഡാകിനികളേയും, |
| യാതുധാനാൻ | യാതുധാനന്മാരേയും, |
| സവിനായകാൻ | വിനായകന്മാരോടുചേർന്ന |
| വേതാളാൻ ച | വേതാളങ്ങളേയും, |
| പ്രേതമാതൃപിശാചാൻ | പ്രേതങ്ങൾ, മാതൃക്കൾ, പിശാചുക്കൾ എന്നിവരേയും, |
| ബ്രഹ്മരാക്ഷസാൻ | ബ്രഹ്മരക്ഷസ്സുകളേയും |
| കൂശ്മാണ്ഡാൻ ച | കൂശ്മാണ്ഡന്മാരേയും |
| ദ്രാവയാമാസ | തുരത്തിവിട്ടു. |

പൃഥഗ്വിധാനി പ്രായുങ്ക്ത പിനാക്യസ്ത്രാണി ശാർങ്ഗിണേ
പ്രത്യസ്ത്രൈഃ ശമയാമാസ ശാർങ്ഗപാണിരവിസ്മിതഃ. 12

| | |
|---|---|
| പിനാകീ | പിനാകചാപം ധരിച്ച പരമശിവൻ |
| ശാർങ്ഗിണേ | ശാർങ്ഗചാപമെടുത്ത ശ്രീകൃഷ്ണനുനേരെ |
| പൃഥഗ്വിധാനി | നാനാപ്രകാരങ്ങളായ |
| അസ്ത്രാണി | അസ്ത്രങ്ങളെ |
| പ്രായുങ്ക്ത | തൊടുത്തുവിട്ടു |
| ശാർങ്ഗപാണിഃ | ശ്രീകൃഷ്ണൻ |
| അവിസ്മിതഃ | കൂസലില്ലാതെനിന്ന് |
| പ്രത്യസ്ത്രൈഃ | പ്രത്യസ്ത്രങ്ങളാൽ |
| ശമയാമാസ | ചെറുത്തു |

ബ്രഹ്മാസ്ത്രസ്യ ച ബ്രഹ്മാസ്ത്രം വായവ്യസ്യ ച പാർവ്വതം
ആഗ്നേയസ്യ ച പാർജ്ജന്യം നൈജം പാശുപതസ്യ ച 13

| | |
|---|---|
| ബ്രഹ്മാസ്ത്രസ്യ | ബ്രഹ്മാസ്ത്രത്തിന് |
| ബ്രഹ്മാസ്ത്രം ച | ബ്രഹ്മാസ്ത്രത്തെയും, |
| വായവ്യസ്യ | വായവ്യാസ്ത്രത്തിന് |
| പാർവ്വതം ച | പർവ്വതാസ്ത്രത്തെയും, |
| ആഗ്നേയസ്യ | ആഗ്നേയാസ്ത്രത്തിന് |
| പാർജ്ജന്യം ച | പർജ്ജന്യാസ്ത്രത്തെയും, |
| പാശുപതസ്യ | പാശുപതത്തിന് |
| നൈജം ച | സ്വകീയമായ നാരായണാസ്ത്രത്തെയും |
| (പ്രായുങ്ക്ത | പ്രയോഗിച്ചു. |

മോഹയിത്വാ തു ഗിരിശം ജൃംഭണാസ്ത്രേണ ജൃംഭിതം
ബാണസ്യ പൃതനാം ശൌരിർജ്ജഘാനാസിഗദേഷുഭിഃ. 14

| | |
|---|---|
| ശൌരിഃ | ശ്രീകൃഷ്ണൻ |
| ജൃംഭണാസ്ത്രേണ | ജൃംഭണാസ്ത്രംകൊണ്ട് |
| ഗിരിശം | കൈലാസശായിയെ |
| ജൃംഭിതം | അടിച്ചുകൂടി കോട്ടുവാവരുംവിധം |
| മോഹയിത്വാ തു | മയക്കിവിട്ടശേഷം, |
| ബാണസ്യ | ബാണാസുരന്റെ |
| പൃതനാം | സൈന്യത്തെ |
| അസിഗദേഷുഭിഃ | വാൾ, ഗദ, ശരം എന്നിവകൊണ്ട് |
| ജഘാന | കൊന്നൊടുക്കി. |

സ്കന്ദഃ പ്രദ്യുമ്നബാണൌഘൈരർദ്ദ്യമാനഃ സമന്തതഃ
അസൃഗ്വിമുഞ്ചൻ ഗാത്രേഭ്യഃ ശിഖിനാഽപാക്രമദ്രണാത്. 15

| | | | |
|---|---|---|---|
| സ്കന്ദഃ | ശ്രീസുബ്രഹ്മണ്യൻ | ഗാത്രേഭ്യഃ | സൎവ്വാംഗങ്ങളിൽനിന്നും |
| പ്രദ്യുമ്ന-ബാണൌഘൈഃ | പ്രദ്യുമ്നന്റെ ശരനിരകളാൽ | അസൃക് | രക്തം |
| | | വിമുഞ്ചൻ | ഒഴുക്കിക്കൊണ്ടു്, |
| സമന്തതഃ | എമ്പാടും | ശിഖിനാ | മയിലിന്മേലേറി |
| അൎദ്ദ്യമാനഃ | മുറിയേല്പ്പിക്കപ്പെട്ടവനായി ഭവിച്ചു്, | രണാത് | യുദ്ധസ്ഥലത്തുനിന്നു് |
| | | അപാക്രമത് | ഓടിക്കളഞ്ഞു. |

കുംഭാണ്ഡഃ കൂപകൎണ്ണശ്ച പേതതുൎമ്മുസലാൎദ്ദിതൌ
ദുദ്രുവുസ്തദനീകാനി ഹതനാഥാനി സൎവ്വതഃ 16

| | | | |
|---|---|---|---|
| മുസലാൎദ്ദിതൌ | ബലഭദ്രന്റെ മുസലായുധത്താൽ അടിയേല്പ്പിക്കപ്പെട്ടു് | ഹതനാഥാനി | കൊല്ലപ്പെട്ട നായകന്മാരോടുകൂടിയതായി ഭവിച്ച |
| കുംഭാണ്ഡഃ | കുംഭാണ്ഡനും, | തദനീകാനി | അവരുടെ സേനകൾ |
| കൂപകൎണ്ണഃ ച | കൂപകൎണ്ണനും | സൎവ്വതഃ | നാനാദിക്കിലേക്കും |
| പേതതുഃ | നിലത്തുവീണു | ദുദ്രുവുഃ | ഓടിപ്പോയി. |

വിശീൎയ്യമാണം സ്വബലം ദൃഷ്ട്വാ ബാണോഽത്യമൎഷണഃ
കൃഷ്ണമഭ്യദ്രവത് സംഖ്യേ രഥീ ഹിത്വൈവ സാത്യകിം. 17

| | | | |
|---|---|---|---|
| സ്വബലം | തന്റെ സൈന്യത്തെ | ബാണഃ | ബാണാസുരൻ |
| വിശീൎയ്യമാണം | ചിന്നിച്ചിതറിപ്പോകുന്നതായി | സാത്യകിം | സാത്യകിയെ |
| | | ഹിത്വാ ഏവ | വിട്ടുകളഞ്ഞിട്ടു്, |
| ദൃഷ്ട്വാ | കണ്ടിട്ടു് | സംഖ്യേ | യുദ്ധത്തിൽ |
| അത്യമൎഷണഃ | ഏറ്റവും പക കൊണ്ടു് | കൃഷ്ണം | ശ്രീകൃഷ്ണനെ |
| രഥീ | തേരിൽ ഇരിക്കുന്ന | അഭ്യദ്രവത് | എതിരിട്ടുവന്നു. |

ധനൂംഷ്യാകൃഷ്യ യുഗപദ്ബാണഃ പഞ്ചശതാനി വൈ
ഏകൈകസ്മിഞ്ഛരൌ ദ്വൌ ദ്വൌ സന്ദധേ രണദുൎമ്മദഃ. 18

| | | | |
|---|---|---|---|
| രണദുൎമ്മദഃ | പോൎമദംകൊണ്ടു | ആകൃഷ്യ | ഞാണേററി, |
| ബാണഃ | ബാണാസുരൻ | ഏകൈകസ്മിൻ | ഓരോന്നിലും |
| പഞ്ചശതാനി | അഞ്ഞൂറു് | ദ്വൌ ദ്വൌ | ഈരണ്ടു് |
| ധനൂംഷി വൈ | വില്ലുകളേയും | ശരൌ | ശരങ്ങളെ |
| യുഗപത് | ഏകകാലത്തിൽ | സന്ദധേ | തൊടുത്തു. |

താനി ചിച്ഛേദ ഭഗവാൻ ധനൂംഷി യുഗപദ്ധരിഃ
സാരഥിം രഥമശ്വാംശ്ച ഹത്വാ ശങ്ഖമപൂരയത്. 19

| | | | |
|---|---|---|---|
| ഭഗവാൻ ഹരിഃ | ഭഗവാനായ ശ്രീകൃഷ്ണൻ | രഥം | രഥത്തേയും, |
| താനി ധനൂംഷി | ആ വില്ലുകളെ | അശ്വാൻ ച | കുതിരകളേയും |
| യുഗപത് | ഏകകാലത്തിൽ | ഹത്വാ | ഹനിച്ചു് |
| ചിച്ഛേദ | മുറിച്ചു. | ശങ്ഖം അപൂരയത് | ശംഖനാദത്തെ മുഴക്കി. |
| സാരഥിം | സാരഥിയേയും, | | |

തന്മാതാ കോടരാ നാമ നഗ്നാ മുക്തശിരോരുഹാ
പുരോഽവതസ്ഥേ കൃഷ്ണസ്യ പുത്രപ്രാണരിരക്ഷയാ 20

| | | | |
|---|---|---|---|
| കോടരാ നാമ | കോടര എന്നു പേരായ | മുക്തശിരോരുഹാ | മുടിവിതറിയിട്ടുകൊണ്ടും |
| തന്മാതാ | ആ ബാണന്റെ മാതാവ് | നഗ്നാ | ഉടുതുണിയില്ലാതേയും |
| പുത്രപ്രാണ-രിരക്ഷയാ | പുത്രന്റെ പ്രാണരക്ഷയ്ക്കുള്ള ആഗ്രഹംകൊണ്ട് | കൃഷ്ണസ്യ പുരഃ അവതസ്ഥേ | ശ്രീകൃഷ്ണന്റെ മുൻവശത്ത് വന്നുനിന്നു. |

നോട്ട്:— ബാണന്റെ മാതാവെന്ന നിലക്ക് ഇവിടെ പ്രസ്താവിക്കപ്പെട്ട 'കോടര' ബാണനാൽ ഉപാസിക്കപ്പെട്ടവരായ ശൈവശക്തിയായ മഹാകാളിയുടെ മൂർത്തിഭേദമാകുന്ന കോടരാദേവിയാണെന്ന് ഹരിവംശത്തിലും, അസുരകുലദേവതയാണെന്ന് വിഷ്ണുപുരാണത്തിലും പറയുന്നു.

തതസ്തിര്യങ്മുഖോ നഗ്നാമനിരീക്ഷൻ ഗദാഗ്രജഃ
ബാണശ്ച താവത് വിരഥഃ ഛിന്നധന്വാവിശത് പുരം. 21

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | വിരഥഃ | തേർ ഒഴിഞ്ഞ തേരോടും, |
| ഗദാഗ്രജഃ | ശ്രീകൃഷ്ണൻ | ഛിന്നധന്വാ | മുറിഞ്ഞ വില്ലോടും നിന്നിരുന്ന |
| നഗ്നാം | നഗ്നയായ അവളെ | | |
| അനിരീക്ഷൻ | കാണാതെ കഴിക്കുവാൻ | ബാണഃ ച | ബാണനാകട്ടെ |
| തിര്യങ്മുഖഃ | മുഖം തിരിച്ചുനിന്നു. | പുരം | തന്റെ കോട്ടയിലേക്ക |
| താവത് | ആ തവ്വിൽ | അവിശത് | കടന്നുകൂടി. |

വിദ്രാവിതേ ഭൂതഗണേ ജ്വരസ്തു ത്രിശിരാസ്ത്രിപാത്
അഭ്യധാവത ദാശാർഹം ദഹന്നിവ ദിശോ ദശ 22

| | | | |
|---|---|---|---|
| ഭൂതഗണേ | (ശിവന്റെ) ഭൂതഗണം | | ദഹിക്കുമാറ് എരിയുന്നതും, |
| വിദ്രാവിതേ | (ശ്രീകൃഷ്ണനാൽ) ആട്ടിയകററപ്പെട്ടപ്പോൾ | ത്രിശിരാഃ | മൂന്നു തലയുള്ളതും, |
| | | ത്രിപാത് | മൂന്നു കാലുള്ളതുമായ |
| ദശ | പത്തു | ജ്വരഃ തു | ശൈവജ്വരമാകട്ടെ |
| ദിശഃ | ദിക്കുകളേയും | ദാശാർഹം | ശ്രീകൃഷ്ണനെ |
| ദഹൻ ഇവ | ദഹിപ്പിക്കുന്നുവോ എന്നു | അഭ്യധാവത | എതിരിട്ടു |

അഥ നാരായണോ ദേവസ്തം ദൃഷ്ട്വാ വ്യസൃജജ്ജ്വരം
മാഹേശ്വരോ വൈഷ്ണവശ്ച യുയുധാതേ ജ്വരാവുഭൌ 23

| | | | |
|---|---|---|---|
| അഥ | അന്നേരത്ത് | വ്യസൃജത് | സൃഷ്ടിച്ചുവിട്ടു. |
| ദേവഃ | സ്വയം പ്രകാശനായ | മാഹേശ്വരഃ | ശൈവവും, |
| നാരായണഃ | ശ്രീനാരായണൻ | വൈഷ്ണവഃ ച | വൈഷ്ണവവും ആയ |
| തം ദൃഷ്ട്വാ | അതിനെ കണ്ട് | ഉഭൌ ജ്വരൌ | രണ്ടു ജ്വരങ്ങളും |
| ജ്വരം | സ്വകീയമായ ജ്വരത്തെ | യുയുധാതേ | അന്യോന്യം കലഹിച്ചു. |

മാഹേശ്വരഃ സമാക്രന്ദൻ വൈഷ്ണവേന ബലാർദ്ദിതഃ
അലബ്ധ്വാഽഭയമന്യത്ര ഭീതോ മാഹേശ്വരോ ജ്വരഃ
ശരണാർത്ഥീ ഹൃഷീകേശം തുഷ്ടാവ പ്രയതാഞ്ജലിഃ 24

| | | | |
|---|---|---|---|
| വൈഷ്ണവേന | വിഷ്ണുജ്വരത്താൽ | അന്യത്ര | മറെറാരിടത്തും |
| ബലാർദ്ദിതഃ | ശക്തിപൂർവ്വം തിരിച്ചടിക്കപ്പെട്ട | അഭയം അലബ്ധ്വാ | ശരണം ലഭിക്കാതെ |
| | | ഭീതഃ | ഭയംകൊണ്ടും, |
| മാഹേശ്വരഃ | ശൈവജ്വരം | ശരണാർത്ഥീ | അഭയാർത്ഥിയായും |
| സമാക്രന്ദൻ | നിലവിളിച്ചുകൂട്ടി. | പ്രയതാഞ്ജലിഃ | കൂപ്പുകൈയോടെ നിന്ന് |
| മാഹേശ്വരഃ | ശിവന്റേതായ | ഹൃഷീകേശം | ശ്രീകൃഷ്ണഭഗവാനെ |
| ജ്വരഃ | ആ മാഹേശ്വരജ്വരം | തുഷ്ടാവ | സ്തുതിച്ചു. |

ജ്വര ഉവാച=ജ്വരം പറഞ്ഞു :—

നമാമി ത്വാഽനന്തശക്തിം പരേശം
സർവ്വാത്മാനം കേവലം ജ്ഞപ്തിമാത്രം
വിശ്വോത്പത്തിസ്ഥാനസംരോധഹേതും
യത്തത് ബ്രഹ്മ ബ്രഹ്മലിംഗം പ്രശാന്തം 25

| | | | |
|---|---|---|---|
| അനന്തശക്തിം | അളവില്ലാത്ത ശക്തിയോടുകൂടിയവനായും, | വിശ്വോത്പത്തിസ്ഥാനസംരോധഹേതും | പ്രപഞ്ചത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരങ്ങൾക്ക് കാരണഭൂതനായും, |
| പരേശം | ഈശന്മാർക്കുപോലും ഈശ്വരനായും, | യത് ബ്രഹ്മ | യാതൊരു സർവ്വവ്യാപ്തമായ ബ്രഹ്മമുണ്ടോ |
| സർവ്വാത്മാനം | എല്ലാററിനേയും പ്രവർത്തിപ്പിക്കുന്ന ആത്മസ്വരൂപനായും, | തത് | അതായും, |
| | | ബ്രഹ്മലിംഗം | വേദവചനങ്ങളാൽ വിജ്ഞേയനായും, |
| കേവലം | നിത്യവിശുദ്ധനായും, | പ്രശാന്തം | നിർവ്വികാരനായും സ്ഥിതിചെയ്യുന്ന |
| | | ത്വാ | നിന്തിരുവടിയെ |
| ജ്ഞപ്തിമാത്രം | ചൈതന്യമയനായും, | നമാമി | ഞാൻ നമസ്കരിക്കുന്നു |

കാലോ ദൈവം കർമ്മ ജീവഃ സ്വഭാവോ
ദ്രവ്യം ക്ഷേത്രം പ്രാണ ആത്മാ വികാരഃ
തത്സംഘാതോ ബീജരോഹപ്രവാഹ-
സ്ത്വന്മായൈഷാ തന്നിഷേധം പ്രപദ്യേ. 26

| | | | |
|---|---|---|---|
| കാലഃ | സത്വാദിഗുണങ്ങളെ കർമ്മോന്മുഖമാക്കി പ്രവർത്തിപ്പിക്കുന്ന കാലശക്തി, | ദൈവം | കർമ്മത്തിന്റെ ഫലാഭിവ്യക്തിയായ പ്രാരബ്ധം, |
| | | സ്വഭാവഃ | അതിന്റേതായ സംസ്കാരം, |
| കർമ്മ | സംസൃതിക്ക് നിമിത്തമായിത്തീരുന്ന ആ കർമ്മം | ജീവഃ | ആ സംസ്കാരം ചേർന്നിരിക്കുന്ന ജീവൻ, |

| | |
|---|---|
| ദ്രവ്യം | ഭൂതങ്ങളുടെ സൂക്ഷ്മഭാവങ്ങളും, |
| ക്ഷേത്രം | ശരീരം, |
| പ്രാണഃ | സൂത്രാത്മകമായ പ്രാണചൈതന്യം, |
| ആത്മാ | അഹങ്കാരം, |
| വികാരഃ | പതിനൊന്ന് ഇന്ദ്രിയങ്ങളും പഞ്ചഭൂതങ്ങളും അടങ്ങിയ പതിനാറുവിധം വികാരം, |
| തത്സംഘാതഃ | ഇവയുടെ മുഴുവനും സമഷ്ടിരൂപമായ സൂക്ഷ്മദേഹം, |
| ബീജരോഹപ്രവാഹഃ | ഈ സൂക്ഷ്മദേഹത്തിന്റെ 'ബീജാങ്കുരന്യായേന' യുള്ള നിരന്തരഗതി * |
| ഏതാഃ | എന്നിതെല്ലാം |
| ത്വന്മായാ | നിന്തിരുവടിയുടെ മായയാകുന്നു — ബഹിരംഗശക്തിയുടെ വിലാസമാകുന്നു. |
| തന്നിഷേധം | ആ മായയുടെ നിഷേധം യാതൊരാളിൽ സ്ഥിതിചെയ്യുന്നുവോ, ആ നിന്തിരുവടിയെ |
| പ്രപദ്യേ | ഞാൻ ശരണം പ്രാപിക്കുന്നു. |

* ബീജത്തിൽനിന്ന് (വിത്തിൽനിന്ന്) അങ്കുരവും (വൃക്ഷത്തിന്റെ മുളയും), അങ്കുരത്തിൽനിന്ന് ബീജവും ഉണ്ടാവുന്നു. ഈ ബീജം വീണ്ടും അങ്കുരത്തിന് കാരണമായിത്തീർന്ന് സന്തതപ്രവാഹം ആരംഭിച്ചുകൊണ്ടിരിക്കുന്നു. മുജ്ജന്മത്തിലെ കർമ്മത്താൽ ദേഹവും ദേഹത്താൽ കർമ്മവും ഉണ്ടായിക്കൊണ്ട് ദേഹകർമ്മങ്ങളുടെ അന്യോന്യമുള്ള ജന്യജനകഭാവത്തോടുകൂടിയ അനുസ്യൂതപ്രവാഹമാണ് ഈ നിരന്തരഗതി.

നാനാഭാവൈർല്ലീലയൈവോപപന്നൈ-
ർദ്ദേവാൻ സാധൂംല്ലോകസേതൂൻ ബിഭർഷി
ഹംസ്യുന്മാർഗ്ഗാൻ ഹിംസയാ വർത്തമാനാൻ
ജന്മൈതത്തേ ഭാരഹാരായ ഭൂമേഃ. 27

| | |
|---|---|
| ലീലയാ ഏവ | കേവലം ലീലയ്ക്കുവേണ്ടി |
| ഉപപന്നൈഃ | സ്വീകരിക്കപ്പെട്ട |
| നാനാഭാവൈഃ | അനേകം അവതാരങ്ങളെക്കൊണ്ട് |
| ദേവാൻ | ദേവന്മാരേയും, |
| ലോകസേതൂൻ | ലോകത്തിലെ വർണ്ണാശ്രമാദി ധാർമ്മികമര്യാദകളേയും, |
| സാധൂൻ, | ധാർമ്മികന്മാരേയും |
| ബിഭർഷി | ഭവാൻ പരിപാലിക്കുന്നു. |
| ഹിംസയാ | ധാർമ്മികഹിംസയോടെ |
| വർത്തമാനാൻ | ജീവിച്ചുവരുന്ന |
| ഉന്മാർഗ്ഗാൻ | വഴിപിഴച്ച ജനങ്ങളെ |
| ഹംസി | നശിപ്പിക്കുന്നു. |
| തേ | നിന്തിരുവടിയുടെ |
| ഏതത് ജന്മ | ഈ അവതാരവും |
| ഭൂമേഃ | ഭൂമിയുടെ |
| ഭാരഹാരായ | ഭാരം നീക്കുന്നതിന്നാണ് |

തപ്തോഽഹം തേ തേജസാ ദുഃസഹേന
ശാന്തോഗ്രേണാത്യുല്ബണേന ജ്വരേണ
താവത്താപോ ദേഹിനാം തേഽങ്ഘ്രിമൂലം
നോ സേവേരൻ യാവദാശാനുബദ്ധാഃ. 28

| | |
|---|---|
| ശാന്തോഗ്രേണ | ശീതളതയാൽ ശാന്തവും, ദാഹകതയാൽ ഉഗ്രവും, |
| അത്യുല്ബണേന | ഭയങ്കരവും, |
| ദുഃസഹേന | ദുഃസഹവുമായ |

| | | | |
|---|---|---|---|
| തേ | നിന്തിരുവടിയുടെ | അങ്ഘ്രിമൂലം | പാദാന്തികത്തെ |
| തേജസാ | തേജസ്സാവുന്ന | യാവത് | എത്രകാലംവരെ |
| ജ്വരേണ | ജ്വരത്താൽ | നോ സേവേരൻ | സേവിക്കാതിരിക്കുന്നുവോ, |
| അഹം തപ്തഃ | ഞാൻ തപിപ്പിച്ചിരിക്കുന്നു | താവത് | അതുവരേക്കുംമാത്രം |
| ആശാനുബദ്ധാഃ | കാമവാസനയാൽ അനുബദ്ധരായി | ദേഹിനാം | ശരീരികൾക്ക് |
| തേ | നിന്തിരുവടിയുടെ | താപഃ | താപമുണ്ടാകും. |

[illegible]:—ഞാൻ ഇപ്പോൾ ഭവൽപാദാന്തികത്തെ ശരണം പ്രാപിച്ചുവല്ലോ. അതിനാൽ എന്റെ താപത്തെ പരിഹരിക്കേണ്ടതാകുന്നു — എന്നു സാരം.

ശ്രീഭഗവാനുവാച = ശ്രീഭഗവാൻ പറഞ്ഞു :—

ത്രിശിരസ്തേ പ്രസന്നോഽസ്മി വ്യേതു തേ മജ്ജ്വരാദ് ഭയം
യോ നൌ സ്മരതി സംവാദം തസ്യ ത്വന്ന ഭവേദ് ഭയം. 29

| | | | |
|---|---|---|---|
| ത്രിശിരഃ | ഹേ ത്രിശിരസ്സേ! | യഃ | ഏതൊരാൾ |
| തേ | നിന്നെക്കുറിച്ച് | നൌ | നാം തമ്മിലുണ്ടായ |
| പ്രസന്നഃ അസ്മി | ഞാൻ പ്രസാദിച്ചിരിക്കുന്നു. | സംവാദം | ഈ സംഭാഷണത്തെ |
| മജ്ജ്വരാത് | എന്റെ ജ്വരത്തിൽനിന്നു | സ്മരതി | സ്മരിക്കുന്നുവോ, |
| തേ ഭയം | നിനക്കുണ്ടായ ഭയം | തസ്യ | അവന്ന് |
| വ്യേതു | നീങ്ങിപ്പോകട്ടെ. | ത്വത് ഭയം | നിന്നിൽനിന്നുള്ള ഭയം |
| | | ന ഭവേത് | സംഭവിക്കരുത്. |

ഇത്യുക്തോഽച്യുതമാനമ്യ ഗതോ മാഹേശ്വരോ ജ്വരഃ
ബാണസ്തു രഥമാരൂഢഃ പ്രാഗാദ്യോത്സ്യൻ ജനാർദ്ദനം 30

| | | | |
|---|---|---|---|
| ഇതി | ഈവിധം | ഗതഃ | തിരിച്ചുപോയി. |
| ഉക്തഃ | (ഭഗവാനാൽ) വചിക്കപ്പെട്ട | ബാണഃ തു | ബാണാസുരനാകട്ടെ |
| മാഹേശ്വരഃ | ശിവസംബന്ധിയായ | യോത്സ്യൻ | യുദ്ധത്തിനുദ്യമിച്ച് |
| ജ്വരഃ | ജ്വരദേവത | രഥം ആരൂഢഃ | തേരിലേറിക്കൊണ്ട് |
| അച്യുതം | ഭഗവാനെ | ജനാർദ്ദനം | ശ്രീകൃഷ്ണനെ |
| ആനമ്യ | നമസ്കരിച്ചശേഷം | പ്രാഗാത് | എതിരിട്ടുചെന്നു. |

തതോ ബാഹുസഹസ്രേണ നാനായുധധരോഽസുരഃ
മുമോച പരമക്രുദ്ധോ ബാണാംശ്ചക്രായുധേ നൃപ. 31

| | | | |
|---|---|---|---|
| നൃപ തതഃ | രാജാവേ! പിന്നീട്, | പരമക്രുദ്ധഃ | അതികുപിതനായിട്ട് |
| ബാഹുസഹസ്രേണ | ആയിരം കൈകൊണ്ടും | ചക്രായുധേ | ചക്രായുധം ധരിച്ച ശ്രീകൃഷ്ണനിൽ |
| നാനായുധധരഃ | അനേകായുധങ്ങൾ ധരിച്ച | ബാണാൻ | ശരങ്ങളെ |
| അസുരഃ | ബാണാസുരൻ | മുമോച | ചൊരിഞ്ഞു. |

തസ്യാസ്യതോഽസ്ത്രാണ്യസകൃച്ചക്രേണ ക്ഷുരനേമിനാ
ചിച്ഛേദ ഭഗവാൻ ബാഹൂൻ ശാഖാ ഇവ വനസ്പതേഃ. 32

| | | | |
|---|---|---|---|
| ഭിന്ദതഃ | മേൽക്കുമേൽ | ശാഖാഃ ഇവ | കൊമ്പുകളെക്കണക്കേ, |
| അസ്ത്രാണി | അസ്ത്രങ്ങളെ | ക്ഷുരനേമിനാ | കൂർത്ത മുനയുള്ള |
| അസ്യതഃ | പ്രയോഗിക്കുന്ന | ചക്രേണ | ചക്രംകൊണ്ടു് |
| തസ്യ | ആ ബാണാസുരന്റെ | ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| ബാഹൂൻ | ബാഹുക്കളെ | ചിച്ഛേദ | അറുത്തുതുടങ്ങി. |
| വനസ്പതേഃ | വൃക്ഷത്തിന്റെ | | |

ബാഹുഷു ഛിദ്യമാനേഷു ബാണസ്യ ഭഗവാൻ ഭവഃ
ഭക്താനുകംപ്യുപവ്രജ്യ ചക്രായുധമഭാഷത. 33

| | | | |
|---|---|---|---|
| ബാണസ്യ | ബാണാസുരന്റെ | ഭഗവാൻ | ഭഗവാൻ |
| ബാഹുഷു | ബാഹുക്കൾ | ഭവഃ | ശ്രീരുദ്രൻ |
| ഛിദ്യമാനേഷു | ഈവിധം അറുക്കപ്പെട്ടു തുടങ്ങിയപ്പോൾ, | ഉപവ്രജ്യ | അടുത്തുവന്നു് |
| | | ചക്രായുധം | ശ്രീകൃഷ്ണനെ |
| ഭക്താനുകംപീ | ഭക്തവത്സലനായ | അഭാഷത | സ്തുതിച്ചുപറഞ്ഞു. |

ശ്രീരുദ്ര ഉവാച=ശ്രീരുദ്രൻ പറഞ്ഞു :—

ത്വം ഹി ബ്രഹ്മ പരം ജ്യോതിർഗ്ഗൂഢം ബ്രഹ്മണി വാങ്മയേ
യം പശ്യന്ത്യമലാത്മാന ആകാശമിവ കേവലം. 34

| | | | |
|---|---|---|---|
| വാങ്മയേ | ശബ്ദസ്വരൂപമായ | ആകാശം ഇവ | ആകാശമെന്നപോലെ സർവ്വവ്യാപ്തനായും, |
| ബ്രഹ്മണി | ബ്രഹ്മത്തിൽ (വേദത്തിൽ) | | |
| ഗൂഢം | മറഞ്ഞിരിക്കുന്നതെന്നു് പ്രതിപാദിക്കപ്പെട്ടിരിക്കുന്നതും, | കേവലം | അസംഗ(ശുദ്ധ)നായും ഇരിക്കുന്ന |
| ബ്രഹ്മ | ബഹുരൂപമായി എങ്ങും നിറഞ്ഞിരിക്കുന്നതുമായ | യം | യാതൊരു ഭവാനെ |
| പരം ജ്യോതിഃ | പരമജ്യോതിസ്സ് | അമലാത്മാനഃ | ശുദ്ധാന്തഃകരണമുള്ളവർ |
| ത്വം ഹി | ഭവാൻതന്നെയാണ്. | പശ്യന്തി | മാത്രമെ അറിയുന്നുള്ളു. |

നോട്ട് :— 'ശുദ്ധാന്തഃകരണമില്ലാത്ത ഈ ബാണാസുരൻ അങ്ങയെ മനസ്സിലാക്കാതെ യുദ്ധോദ്യതനായതിൽ ആശ്ചര്യമെന്തുള്ളു ?' എന്നു് സാരം.

ഭഗവാന്റെ ഈ നിർഗ്ഗുണസ്വരൂപംപോലെ സഗുണമായ വിരാട്സ്വരൂപവും ശുദ്ധാന്തഃകരണമില്ലാത്തവർക്ക് ദുർജ്ഞേയമാണെന്നു് സൂചിപ്പിച്ചുകൊണ്ടു് ശിവൻ വീണ്ടും സ്തുതിക്കുന്നു :—

നാഭിർന്നഭോഽഗ്നിർമ്മുഖമംബു രേതോ ദ്യൗഃ ശീർഷമാശാ ശ്രുതിരംഘ്രിരുർവ്വീ
ചന്ദ്രോ മനോ യസ്യ ദൃഗർക്ക ആത്മാ അഹം സമുദ്രോ ജഠരം ഭുജേന്ദ്രഃ
രോമാണി യസ്യൗഷധയോഽംബുവാഹാഃ
കേശാ വിരിഞ്ചോ ധിഷണാ വിസർഗ്ഗഃ
പ്രജാപതിർഹൃദയം യസ്യ ധർമ്മഃ
സ വൈ ഭവാൻ പുരുഷോ ലോകകല്പഃ 36

| | | | |
|---|---|---|---|
| യസ്യ | യാതൊരുവന്നു് | രോമാണി | രോമങ്ങളും, |
| നഭഃ നാഭിഃ | ആകാശം നാഭിയും, | അംബുവാഹാഃ | മേഘങ്ങൾ |
| അഗ്നിഃ മുഖം | അഗ്നി മുഖവും, | കേശാഃ | തലമുടിയും, |
| അംബു രേതഃ | ജലം രേതസ്സും, | വിരിഞ്ചഃ | ബ്രഹ്മദേവൻ |
| ദ്യൗഃ ശീർഷം | സ്വർഗ്ഗം ശിരസ്സും, | ധിഷണാ | ബുദ്ധിയും, |
| ആശാഃ ശ്രുതിഃ | ദിക്കുകൾ കാതും, | പ്രജാപതിഃ | പ്രജാപതിയായ ബ്രഹ്മാവുതന്നെ |
| ഉർവ്വീ അംഘ്രിഃ | ഭൂമി പാദവും, | | |
| ചന്ദ്രഃ മനഃ | ചന്ദ്രൻ മനസ്സും, | വിസർഗ്ഗഃ | ഗുഹ്യാവയവവും, |
| അർക്കഃ ദൃക് | സൂര്യൻ നേത്രവും, | യസ്യ | യാതൊരുവന്നു് |
| അഹം | ഞാൻ (രുദ്രൻ) | ധർമ്മഃ | ധർമ്മം |
| ആത്മാ | അഹങ്കാരവും, | ഹൃദയം | ഹൃദയവും ആകുന്നുവോ, |
| സമുദ്രഃ ജഠരം | സമുദ്രം ഉദരവും, | സഃ | അങ്ങനെയുള്ള |
| ഇന്ദ്രഃ ഭുജാ | ഇന്ദ്രൻ ബാഹുവും ആകുന്നുവോ; | ഭവാൻ വൈ | ഭവാൻതന്നെയാണു് |
| യസ്യ | യാതൊരുവന്നു് | ലോകകല്പഃ | ലോകരാൽ രൂപമുള്ളവനെന്ന നിലയിൽ കരുതപ്പെട്ടുവരുന്ന |
| ഓഷധയഃ | വൃക്ഷലതാദികൾ | പുരുഷഃ | സാക്ഷാൽ വിരാട്പുരുഷൻ. |

തവാവതാരോഽയമകുണ്ഠധാമൻ ധർമ്മസ്യ ഗുപ്ത്യൈ ജഗതോ ഭവായ
വയം ച സർവ്വേ ഭവതാഽനുഭാവിതാ വിഭാവയാമോ ഭുവനാനി സപ്ത. 37

| | | | |
|---|---|---|---|
| അകുണ്ഠധാമൻ | മങ്ങിടാത്ത തേജഃസ്വരൂപമേ! | ഭവായ | യോഗക്ഷേമത്തിന്നും ഉതകുന്നു. |
| തവ | ഭവാന്റെ | വയം | ഞങ്ങൾ |
| അയം അവതാരഃ | ഈ അവതാരം (പ്രാപഞ്ചികമായ പ്രത്യക്ഷീഭാവം) | സർവ്വേ ച | എല്ലാവരും തന്നെ |
| | | ഭവതാ | ഭവാനാൽ |
| | | അനുഭാവിതാഃ | പ്രഭാവിതരായിട്ടു് |
| ധർമ്മസ്യ | ധർമ്മത്തിന്റെ | സപ്ത | ഏഴു് |
| ഗുപ്ത്യൈ | പരിരക്ഷയ്ക്കും, | ഭുവനാനി | ലോകങ്ങളേയും |
| ജഗതഃ | ലോകത്തിന്റെ | വിഭാവയാമഃ | കാത്തുരക്ഷിച്ചുവരുന്നു. |

നോട്ട്:—'രുദ്രാദിദേവന്മാരായ ഞങ്ങളുടെ പ്രഭാവം ഭവാനിൽനിന്നുണ്ടായതാണു്. ആ പ്രഭാവത്തെ അവലംബിച്ചുകൊണ്ടാണു് ഞങ്ങൾ വിശ്വപാലനം ചെയ്യുന്നതും.' എന്നു് സാരം.

ത്വമേക ആദ്യഃ പുരുഷോഽദ്വിതീയസ്തുര്യഃ സ്വദൃഗ്ഘേതുരഹേതുരീശഃ
പ്രതീയസേഽഥാപി യഥാവികാരം സ്വമായയാ സർവ്വഗുണപ്രസിദ്ധ്യൈ. 38

| | | | |
|---|---|---|---|
| ത്വം ഏകഃ | ഭവാൻ ഏകനാകുന്നു; (സജാതീയഭേദം ഇല്ലാത്തവനാകുന്നു; എന്തെന്നാൽ) | പുരുഷഃ | കാരണപുരുഷനും, |
| | | തുര്യഃ | ജാഗ്രത്സ്വപ്നസുഷുപ്തികളില്ലാത്ത നിത്യശുദ്ധനും, |
| ആദ്യഃ | ആദിഭൂതനായ | സ്വദൃക് | സ്വപ്രകാശനുമാണല്ലോ. |

| | |
|---|---|
| (ത്വം) അപ്രതീതഃ | ഭവാൻ അപ്രതീയനാകുന്നു; (വൈജാത്യരഹിതനാകുന്നു; എന്തെന്നാൽ,) |
| ഹേതുഃ | എല്ലാററിനും കാരണഭൂതനും, |
| അഹേതുഃ | സ്വയം കാരണരഹിതനുമായ |
| ഈശഃ | സ്വതന്ത്രനാണല്ലോ. |
| അഥ അപി | എന്നിരിക്കിലും |
| സർവ്വഗുണ- പ്രസിദ്ധ്യൈ | രാജസാദിസർവ്വഗുണങ്ങളുടേയും വിഭിന്നമായ പ്രകാശനത്തിന്നായി |
| സ്വമായയാ | തന്റെ മായകൊണ്ട് |
| യഥാവികാരം | ദേവന്മാർ, മനുഷ്യർ, പക്ഷിമൃഗാദികൾ എന്നിങ്ങനെയുള്ള രൂപമാററത്തോടുകൂടി |
| പ്രതീയസേ | ഭവാൻ കാണപ്പെടുന്നു. |

യഥൈവ സൂര്യഃ പിഹിതഃ ഛായയാ സ്വയാ
ഛായാം ച രൂപാണി ച സഞ്ചകാസ്തി
ഏവം ഗുണേനാപിഹിതോ ഗുണാംസ്ത്വ-
മാത്മപ്രദീപോ ഗുണിനശ്ച ഭൂമൻ. 39

| | |
|---|---|
| ഭൂമൻ | ഹേ വിശ്വവ്യാപിൻ! |
| യഥാ ഏവ | ഏതുവിധമാണോ |
| സൂര്യഃ | ആദിത്യൻ |
| സ്വയാ | താൻ കാരണമായ |
| ഛായയാ | മേഘച്ഛായയാൽ |
| പിഹിതഃ | (ലോകദൃഷ്ടിയിൽ) മറയ്ക്കപ്പെട്ടിരുന്നിട്ടും |
| ഛായാം ച | ആ മേഘച്ഛായയേയും, |
| രൂപാണി ച | അതുകൊണ്ടു മറഞ്ഞിരിക്കുന്ന വിവിധപദാർത്ഥങ്ങളേയും |
| സഞ്ചകാസ്തി | പ്രകാശിപ്പിക്കുന്നത് |
| ഏവം | ആവിധം |
| ആത്മപ്രദീപഃ | സ്വപ്രകാശനായ |
| ത്വം | ഭവാൻ |
| ഗുണേന | താൻകാരണമായുള്ള അഹങ്കാരലക്ഷണമായ ഗുണത്താൽ |
| പിഹിതഃ | (ലോകദൃഷ്ടിയിൽ) മറയ്ക്കപ്പെട്ടിരുന്നിട്ടും |
| ഗുണാൻ | ആ ഗുണങ്ങളേയും |
| ഗുണിനഃ ച | ആ ഗുണങ്ങളോട് യോജിച്ചിരിക്കുന്ന ജീവന്മാരേയും |
| (സഞ്ചകാസ്തി) | പ്രകാശിപ്പിക്കുന്നു. |

യന്മായാമോഹിതധിയഃ പുത്രദാരഗൃഹാദിഷു
ഉന്മജ്ജന്തി നിമജ്ജന്തി പ്രസക്താ വൃജിനാർണ്ണവേ. 40

| | |
|---|---|
| യന്മായാ- മോഹിതധിയഃ | അങ്ങനെയെല്ലാമിരിക്കുന്ന യാതൊരു ഭവാന്റെ മായയാൽ ബുദ്ധിമോഹം കലർന്നിട്ടുള്ളവർ |
| പുത്രദാര- ഗൃഹാദിഷു | മക്കളിലും, ഭാര്യമാരിലും ഗൃഹാദിവസ്തുക്കളിലും |
| പ്രസക്താഃ | ആസക്തരായിരുന്നു് |
| വൃജിനാർണ്ണവേ | ദുഃഖസാഗരത്തിൽ |
| ഉന്മജ്ജന്തി | മുങ്ങിപ്പൊങ്ങുന്നു; |
| നിമജ്ജന്തി | വീണ്ടും മുങ്ങുന്നു. |

ദേവദത്തമിമം ലബ്ധ്വാ നൃലോകമജിതേന്ദ്രിയഃ
യോ നാദ്രിയേത ത്വത്പാദൗ സ ശോച്യോ ഹ്യാത്മവഞ്ചകഃ 41

| | |
|---|---|
| ദേവദത്തം | കർമ്മസാക്ഷിയായ ഈശ്വരനാൽ കൊടുക്കപ്പെട്ട |
| ഇമം നൃലോകം | ഈ മനുഷ്യദേഹത്തെ |
| ലബ്ധ്വാ | ലഭിച്ചിട്ടുകൂടിയും |
| യഃ അജിതേന്ദ്രിയഃ | യാതൊരുവൻ ഇന്ദ്രിയങ്ങളെ കീഴടക്കാതെയിരുന്ന് |
| ത്വത്പാദൌ | ഭവൽപാദങ്ങളെ |
| ന ആദ്രിയേത | ആദരിക്കുന്നില്ലയോ, |
| സഃ ഹി | അവൻ, തീർച്ചയായും, |
| ആത്മവഞ്ചകഃ | ആത്മാവിനെക്കൂടി വഞ്ചിക്കുന്നവനും |
| ശോച്യഃ | ശോചനീയനും ആകുന്നു. |

യസ്ത്വാം വിസൃജതേ മർത്ത്യ ആത്മാനം പ്രിയമീശ്വരം
വിപര്യ്യയേന്ദ്രിയാർത്ഥാർത്ഥം വിഷമത്ത്യമൃതം ത്യജൻ. 42

| | |
|---|---|
| യഃ | യാതൊരു |
| മർത്ത്യഃ | മർത്ത്യൻ |
| ആത്മാനം | ആത്മാവായും, |
| പ്രിയം | പ്രിയനായും, |
| ഈശ്വരം | ഈശ്വരനായും ഇരിക്കുന്ന |
| ത്വാം | ഭവാനെ |
| വിപര്യ്യയേന്ദ്രിയാർത്ഥാർത്ഥം | നേരെമറിച്ചുള്ള ഇന്ദ്രിയാർത്ഥങ്ങൾക്ക് (പുത്രദാരഗൃഹാദികൾക്ക്) വേണ്ടി |
| വിസൃജതേ | തള്ളിക്കളയുന്നുവോ, |
| (സഃ) അമൃതം ത്യജൻ | അവൻ അമൃതിനെ വേണ്ടെന്നുവെച്ച് |
| വിഷം അത്തി | വിഷം സേവിക്കുകയാണ്. |

അഹം ബ്രഹ്മാഥ വിബുധാ മുനയശ്ചാമലാശയാഃ
സർവ്വാത്മനാ പ്രപന്നാസ്ത്വാമാത്മാനം പ്രേഷ്ഠമീശ്വരം. 43

| | |
|---|---|
| അഹം ബ്രഹ്മാ | ഞാനും ബ്രഹ്മാവും, |
| അഥ വിബുധാഃ | പുറമെ ദേവന്മാരും, |
| മുനയഃ ച | ഋഷികളും ആയ |
| അമലാശയാഃ | നിർമ്മലഹൃദയന്മാരും |
| ആത്മാനം | ആത്മാവായും, |
| പ്രേഷ്ഠം | അതിപ്രിയനായും, |
| ഈശ്വരം | ഈശ്വരനായും ഇരിക്കുന്ന |
| ത്വാം | അങ്ങയെ |
| സർവ്വാത്മനാ | സർവ്വഭാവേനയും |
| പ്രപന്നാഃ | ആശ്രയിച്ചിരിക്കുന്നു. |

തം ത്വാ ജഗത്സ്ഥിത്യുദയാന്തഹേതും സമം പ്രശാന്തം സുഹൃദാത്മദൈവം
അനന്യമേകം ജഗദാത്മകേതം ഭവാപവർഗ്ഗായ ഭജാമ ദേവം.

| | |
|---|---|
| ജഗത്സ്ഥിത്യുദയാന്തഹേതും | ലോകത്തിന്റെ രക്ഷയ്ക്കും സൃഷ്ടിക്കും സംഹാരത്തിനും ഹേതുഭൂതനായി, |
| സമം | എല്ലായിടത്തും ഒരുപോലെ വർത്തിക്കുന്നവനായി, |
| പ്രശാന്തം | കാമക്രോധാദി വികാരങ്ങളില്ലാത്തവനായി, |
| സുഹൃദാത്മദൈവം | പ്രിയനും — ആത്മാവും — ഈശ്വരനുമായി, |
| അനന്യം | അദ്വിതീയനായി, |
| ഏകം | ഏകനായി, |
| ജഗദാത്മകേതം | ജഗത്തിനും ജീവരാശിക്കും ആധാരഭൂതനായി, |
| ദേവം | സ്വയം പ്രകാശാത്മാവായി സ്ഥിതിചെയ്യുന്ന |
| തം ത്വാ | ആ നിന്തിരുവടിയെ |
| ഭവാപവർഗ്ഗായ | സംസാരമോചനത്തിനുവേണ്ടി |
| ഭജാമ | ഞങ്ങൾ ഭജിച്ചുകൊള്ളട്ടെ! |

അയം മമേഷ്ടോ ദയിതോഽനുവർത്തീ മയാഽഭയം ദത്തമമുഷ്യ ദേവ
സംപാദ്യതാം തദ് ഭവതഃ പ്രസാദോ യഥാ ഹി തേ ദൈത്യപതൌ പ്രസാദഃ.

| | |
|---|---|
| അയം | ഇവൻ (ഈ ബാണൻ) |
| മമ ഇഷ്ടഃ | എനിക്കു വേണ്ടപ്പെട്ടവനും, |
| ദയിതഃ | എന്റെ ദയയ്ക്കു പാത്രീഭവിച്ചവനും |
| അനുവർത്തീ | സേവകനുമാകുന്നു. |
| ദേവ മയാ | ഹേ ദേവ! എന്നാൽ |
| അമുഷ്യ | ഇവന്ന് |
| അഭയം | ശരണം |

| | |
|---|---|
| ദത്തം | നല്കപ്പെട്ടിരിക്കുന്നു. |
| തത് തേ | ആകയാൽ, ഭവാന്റെ (ദയയ്ക്കു പാത്രമായ) |
| ദൈത്യപതൌ | പ്രഹ്ലാദനിൽ |
| ഭവതഃ പ്രസാദഃ | ഭവാന്റെ അനുഗ്രഹം |
| യഥാ ഹി | ഉണ്ടായതേതുപോലെയോ, അതുപോലെത്തന്നെ |
| സംപാദ്യതാം | ഇവനിലും അനുഗ്രഹം ചെയ്യപ്പെടേണ്ടതാകുന്നു. |

ശ്രീഭഗവാനുവാച=ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

യദാത്ഥ ഭഗവംസ്ത്വം നഃ കരവാമ പ്രിയം തവ
ഭവതാ യദ്വ്യവസിതം തന്മേ സാധ്വനുമോദിതം. 46

| | |
|---|---|
| ഭഗവൻ | ഐശ്വര്യാദിഗുണപൂർണ്ണനായ ഹേ മഹാദേവ! |
| ത്വം നഃ | ഭവാൻ എന്നോട് |
| യത് ആത്ഥ | യാതൊന്നാണോ പറയുന്നത്, |
| തവ | ഭവാന് |
| പ്രിയം | പ്രിയമായ ആ കാര്യം |

| | |
|---|---|
| കരവാമ | ഞാൻ ചെയ്തുകൊള്ളാം. |
| ഭവതാ | ഭവാനാൽ |
| യത് | യാതൊന്ന് |
| വ്യവസിതം | നിശ്ചയിക്കപ്പെട്ടിരുന്നുവോ, |
| തത് മേ | അതുമാത്രം, എന്നാൽ |
| സാധു | വേണ്ടുംവിധം |
| അനുമോദിതം | അംഗീകരിക്കപ്പെട്ടു. |

നോട്ട് :— 'ബാണന്റെ ബാഹുദർപ്പം നശിപ്പിക്കുവാൻ ഭവാൻ ഉദ്ദേശിച്ചിരുന്നുവല്ലോ. ആ കൃത്യം ഞാൻ ശരിക്ക് നിറവേററിയതാണ്' എന്ന് സാരം.

അവധ്യോഽയം മമാപ്യേഷ വൈരോചനിസുതോഽസുരഃ
പ്രഹ്ലാദായ വരോ ദത്തോ ന വധ്യോ മേ തവാന്വയഃ. 47

| | |
|---|---|
| അയം മമ അപി | ഇവൻ എനിക്കും |
| അവധ്യഃ | കൊല്ലുവാൻ പാടില്ലാത്തവനാകുന്നു. |
| അസുരഃ | അസുരനെന്നിരിക്കിലും |
| ഏഷഃ | ഇവൻ |
| വൈരോചനിസുതഃ | ബലിചക്രവർത്തിയുടെ പുത്രനാണല്ലോ. |

| | |
|---|---|
| തവ | 'നിന്റെ |
| അന്വയഃ | വംശം (വംശജർ) |
| മേ | എന്നാൽ |
| ന വധ്യഃ | വധിക്കപ്പെടുകയില്ലെ'ന്ന് |
| പ്രഹ്ലാദായ | പ്രഹ്ലാദന്ന് |
| വരഃ | വരം |
| ദത്തഃ | കൊടുക്കപ്പെട്ടിട്ടുണ്ട്. |

ദർപ്പോപശമനായാസ്യ പ്രവൃക്ണാ ബാഹവോ മയാ
സൂദിതം ച ബലം ഭൂരി യച്ച ഭാരായിതം ഭുവഃ. 48

| | |
|---|---|
| അസ്യ | ഇവന്റെ |
| ദർപ്പോപശമനായ | ഗർവ്വം ഒതുക്കുന്നതിന്നു വേണ്ടിമാത്രം |
| മയാ | എന്നാൽ |
| ബാഹവഃ | കരങ്ങൾ |
| പ്രവൃക്ണാഃ | ഛേദിക്കപ്പെട്ടു. |

| | |
|---|---|
| ഭുവഃ | ഭൂമിക്ക് |
| ഭാരായിതം | ഭാരമായിത്തീർന്ന |
| യത് ഭൂരി | യാതൊരു വമ്പിച്ച |
| ബലം | സൈന്യശക്തിയുണ്ടോ, |
| (തത്) ച | അതും |
| സൂദിതം | നശിപ്പിക്കപ്പെട്ടു. |

ചത്വാരോऽസ്യ ഭുജാഃ ശിഷ്ടാ ഭവിഷ്യന്ത്യജരാമരാഃ
പാർഷദമുഖ്യോ ഭവതോ ന കുതശ്ചിദ്ഭയോऽസുരഃ. 49

| | |
|---|---|
| അസ്യ ശിഷ്ടാഃ | ഇവന്റെ അവശേഷിച്ചുള്ള |
| ചത്വാരഃ ഭുജാഃ | നാലു കൈകൾ |
| അജരാമരാഃ | ജരയും നാശവും ഏൽക്കാത്തവയായി |
| ഭവിഷ്യന്തി | ഭവിച്ചുകൊള്ളും. |
| അസുരഃ | ഈ അസുരൻ |
| ഭവതഃ | അങ്ങയുടെ |
| പാർഷദമുഖ്യഃ | പാർഷദപ്രധാനിയായും, |
| ന കുതശ്ചിദ്ഭയഃ | നിർഭയനായും സംഭവിക്കുന്നതാണ്. |

ഇതി ലബ്ധ്വാऽഭയം കൃഷ്ണം പ്രണമ്യ ശിരസാऽസുരഃ
പ്രാദ്യുമ്നിം രഥമാരോപ്യ സവധ്വാ സമുപാനയത്. 50

| | |
|---|---|
| ഇതി അഭയം | ഇപ്രകാരം അഭയം |
| ലബ്ധ്വാ | ലഭിച്ചശേഷം |
| അസുരഃ | ബാണാസുരൻ |
| കൃഷ്ണം | ശ്രീകൃഷ്ണനെ |
| ശിരസാ | ശിരസ്സാൽ |
| പ്രണമ്യ | താണുവണങ്ങി, |
| സവധ്വാ | വധുവായ ഉഷയോടുകൂടി |
| പ്രാദ്യുമ്നിം | അനിരുദ്ധനെ |
| രഥം ആരോപ്യ | തേരിൽ കയററി |
| സമുപാനയത് | ആദരവോടെ കൂട്ടിക്കൊണ്ടുവന്നു. |

അക്ഷൌഹിണ്യാ പരിവൃതം സുവാസഃ സമലംകൃതം
സപത്നീകം പുരസ്കൃത്യ യയൌ രുദ്രാനുമോദിതഃ. 51

| | |
|---|---|
| രുദ്രാനുമോദിതഃ | ശ്രീരുദ്രനാൽ അനുമോദിതനായ ശ്രീകൃഷ്ണൻ |
| അക്ഷൌഹിണ്യാ | ചതുരംഗസേനയാൽ |
| പരിവൃതം | പരിവൃതനായും |
| സുവാസഃ സമലംകൃതം | വിശിഷ്ടവസ്ത്രങ്ങളാൽ അലംകൃതനായും |
| സപത്നീകം | പത്നീസമേതനായും ഉള്ള അനിരുദ്ധനെ |
| പുരസ്കൃത്യ | മുന്നിൽ യാത്രയാക്കിക്കൊണ്ട് |
| യയൌ | ദ്വാരകയിലേക്കു പോയി. |

സ്വരാജധാനീം സമലംകൃതാം ധ്വജൈഃ
സതോരണൈരുക്ഷിതമാർഗ്ഗചത്വരാം
വിവേശ ശംഖാനകദുന്ദുഭിസ്വനൈ-
രഭ്യുദ്യതഃ പൌരസുഹൃദ്ദ്വിജാതിഭിഃ. 52

| | |
|---|---|
| സതോരണൈഃ | തോരണങ്ങളുള്ള |
| ധ്വജൈഃ | കൊടികളാൽ |
| സമലംകൃതാം | നന്നായി അലങ്കരിക്കപ്പെട്ടതും, |
| ഉക്ഷിതമാർഗ്ഗചത്വരാം | വെള്ളം നനച്ചു വൃത്തിയാക്കിയ വീഥികളോടും അങ്കണങ്ങളോടും കൂടിയിരിക്കുന്നതുമായ |
| സ്വരാജധാനീം | തന്റെ രാജധാനിയിലേക്ക് |
| ശംഖാനകദുന്ദുഭിസ്വനൈഃ | ശംഖനാദത്തോടും, ആനകദുന്ദുഭിവാദ്യങ്ങളോടുംകൂടി |
| പൌരസുഹൃദ്ദ്വിജാതിഭിഃ | പൌരന്മാർ, ബന്ധുക്കൾ, ബ്രാഹ്മണർ എന്നിവരാൽ |
| അഭ്യുദ്യതഃ | എതിരേല്ക്കപ്പെട്ടവനായിട്ട് |
| വിവേശ | പ്രവേശിച്ചു. |

യ ഏവം കൃഷ്ണവിജയം ശങ്കരേണ ച സംയുഗം
സംസ്മരേത് പ്രാതരുത്ഥായ ന തസ്യ സ്യാത് പരാജയഃ. 53

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരമുള്ള | പ്രാതഃ | രാവിലെ |
| കൃഷ്ണവിജയം | ശ്രീകൃഷ്ണന്റെ വിജയത്തെയും, | ഉത്ഥായ | എഴുന്നേററു് |
| ശങ്കരേണ | ശ്രീശങ്കരനോടുകൂടിയുള്ള | സംസ്മരേത് | സ്മരിക്കുന്നുവോ, |
| സംയുഗം ച | യുദ്ധത്തെയും | തസ്യ | അവന്നു് (ജീവിതത്തിൽ) |
| യഃ | യാതൊരു മനുഷ്യൻ | പരാജയഃ | പരാജയം |
| | | ന സ്യാത് | ഉണ്ടാകയില്ല. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
അനിരുദ്ധാനയനം നാമ ത്രിഷഷ്ടിതമോഽദ്ധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2713.

## ചതുഃഷഷ്ടിതമോഽദ്ധ്യായഃ—അറുപത്തിനാലാമദ്ധ്യായം.

[ചതുഃഷഷ്ടിതമേ കൃഷ്ണോ നൃഗം പാപാദമോചയത്
ബ്രഹ്മസ്വാഹാരിദോഷോക്ത്യാ രാജ്ഞോ ദൃഷ്ടാനശിക്ഷയത്.]

(നൃഗന്റെ ശാപമോക്ഷം; ബ്രഹ്മസ്വാപഹാരത്തിന്റെ ദോഷങ്ങളെക്കുറിച്ച് ഭഗവാൻ യാദവന്മാരെ ഉപദേശിക്കുന്നതു്.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏകദോപവനം രാജൻ ജഗ്മുർയ്യദുകുമാരകാഃ
വിഹർത്തും സാംബപ്രദ്യുമ്നചാരുഭാനുഗദാദയഃ. 1

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | വിഹർത്തും | കളിക്കുവാനായിട്ടു് |
| സാംബപ്രദ്യുമ്ന-ചാരുഭാനു-ഗദാദയഃ | സാംബൻ, പ്രദ്യുമ്നൻ, ചാരുഭാനു, ഗദൻ എന്നു തുടങ്ങിയുള്ള | ഏകദാ | ഒരിക്കൽ |
| | | ഉപവനം | ആരാമത്തിലേക്കു് |
| യദുകുമാരകാഃ | യാദവകുമാരന്മാർ | ജഗ്മുഃ | പോയിരുന്നു. |

ക്രീഡിത്വാ സുചിരം തത്ര വിചിന്വന്തഃ പിപാസിതാഃ
ജലം നിരുദകേ കൂപേ ദദൃശുഃ സത്വമത്ഭുതം. 2

| | | | |
|---|---|---|---|
| തത്ര | അവിടെ | | (നടന്നപ്പോൾ) |
| സുചിരം | ഏറിയനേരം | നിരുദകേ | വെള്ളമില്ലാത്ത |
| ക്രീഡിത്വാ | കളിച്ചുശേഷം | കൂപേ | ഒരു കിണററിൽ |
| പിപാസിതാഃ | ദാഹമുഴുത്തവരായിട്ടു് | അത്ഭുതം | അത്ഭുതകരമായ |
| ജലം | വെള്ളത്തെ | സത്വം | ഒരു ജന്തുവിനെ |
| വിചിന്വന്തഃ | അന്വേഷിച്ചുകൊണ്ടു് | ദദൃശുഃ | അവർ കണ്ടു. |

കൃകലാസം ഗിരിനിഭം വീക്ഷ്യ വിസ്മിതമാനസാഃ
തസ്യ ചോദ്ധരണേ യത്നം ചക്രുസ്തേ കൃപയാന്വിതാഃ. 3

| | | | |
|---|---|---|---|
| ഗിരിനിഭം | മലപോലെയിരിക്കുന്ന | തേ | ആ കുമാരന്മാർ |
| കൃകലാസം | ഒരു ഓന്തിനെ | കൃപയാ | കരുണയോട് |
| വീക്ഷ്യ | കണ്ടിട്ട് | അന്വിതാഃ | കൂടിയവരായിട്ട് |
| വിസ്മിതമാനസാഃ | അത്ഭുതാധീനമായ ഹൃദയത്തോടുകൂടിയവരായി ഭവിച്ചു | തസ്യ ച ഉദ്ധരണേ | അതിനെ ഉടൻ മേല്പോട്ടു കയറ്റുവാൻവേണ്ടി |
| | | യത്നം ചക്രുഃ | പ്രയത്നിച്ചു. |

ചർമ്മജൈസ്താന്തവൈഃ പാശൈർബ്ബദ്ധ്വാ പതിതമർഭകാഃ.
നാശക്നുവൻ സമുദ്ധർത്തും കൃഷ്ണായാചഖ്യുരുത്സുകാഃ. 4

| | | | |
|---|---|---|---|
| അർഭകാഃ | കുമാരന്മാർ | സമുദ്ധർത്തും | മേല്പോട്ടുപൊക്കുവാൻ |
| പതിതം | വീണുകിടക്കുന്ന അതിനെ | ന അശക്നുവൻ | ശക്തരായില്ല. |
| ചർമ്മജൈഃ | തോലുകൊണ്ടുള്ളവയും, | ഉത്സുകാഃ | ഉത്സാഹമേറിയവരായ അവർ |
| താന്തവൈഃ | നൂലുകൊണ്ടുള്ളവയുമായ | | |
| പാശൈഃ | കയറുകൾകൊണ്ട് | കൃഷ്ണായ | ശ്രീകൃഷ്ണഭഗവാനോട് |
| ബദ്ധ്വാ | വരിഞ്ഞുകെട്ടിയിട്ട് | ആചഖ്യുഃ | സംഗതിയറിയിച്ചു. |

തത്രാഗത്യാരവിന്ദാക്ഷോ ഭഗവാൻ വിശ്വഭാവനഃ
വീക്ഷ്യോജ്ജഹാര വാമേന തം കരേണ സ ലീലയാ. 5

| | | | |
|---|---|---|---|
| അരവിന്ദാക്ഷഃ | താമരക്കണ്ണനും | തം വീക്ഷ്യ | അതിനെ കണ്ട് |
| വിശ്വഭാവനഃ | വിശ്വങ്ങളെ സൃഷ്ടിച്ചു രക്ഷിച്ചുപോരുന്നവനും ആയ | വാമേന | ഇടത്തെ |
| | | കരേണ | തൃക്കരത്താൽ |
| സഃ ഭഗവാൻ | ആ ശ്രീഭഗവാൻ | ലീലയാ | അനായാസേന |
| തത്ര ആഗത്യ | അവിടെ വന്ന്, | ഉജ്ജഹാര | മേല്പോട്ടെടുത്തു. |

സ ഉത്തമശ്ലോകകരാഭിമൃഷ്ടോ വിഹായ സദ്യഃ കൃകലാസരൂപം
സന്തപ്തചാമീകരചാരുവർണ്ണഃ സ്വർഗ്ഗ്യദ്ഭുതാലങ്കരണാംബരസ്രക്. 6

| | | | |
|---|---|---|---|
| സഃ | ആ ജന്തു | സന്തപ്തചാമീകരചാരുവർണ്ണഃ | ഉരുക്കിയ തങ്കംപോലെ മോഹനമായ വർണ്ണത്തോടുകൂടിയവനായും, |
| ഉത്തമശ്ലോകകരാഭിമൃഷ്ടഃ | പാവനകീർത്തിമാനായ ഭഗവാന്റെ കരത്താൽ സ്പർശിക്കപ്പെട്ടു, | അദ്ഭുതാലങ്കരണാംബരസ്രക് | വിശേഷപ്പെട്ട ഭൂഷണങ്ങളും വസ്ത്രമാല്യങ്ങളും അണിഞ്ഞുള്ളവനായും ഇരിക്കുന്ന |
| സദ്യഃ | ഉടനെത്തന്നെ | | |
| കൃകലാസരൂപം | ഓന്തിന്റെ രൂപത്തെ | | |
| വിഹായ | വെടിഞ്ഞ് | സ്വർഗ്ഗീ | ദിവ്യപുരുഷനായി ഭവിച്ചു. |

പപ്രച്ഛ വിദ്വാനപി തന്നിദാനം ജനേഷു വിഖ്യാപയിതും മുകുന്ദഃ
കസ്ത്വം മഹാഭാഗ വരേണ്യരൂപോ ദേവോത്തമം ത്വാം ഗണയാമി നൂനം. 7

| | |
|---|---|
| തന്നിദാനം | അതിന്റെ (ആ ദിവ്യൻ ഓന്തായി കിടന്നിരുന്നതിന്റെ) കാരണത്തെ |
| വിദ്വാൻ അപി | അറിവുള്ള ആളെന്നിരിക്കിലുംകൂടി |
| മുകുന്ദഃ | ആ മുക്തിദാതാവായ ഭഗവാൻ |
| ജനേഷു | ജനങ്ങളുടെ ഇടയിൽ |
| വിഖ്യാപയിതും | വെളിവാക്കുവാനായി |
| പപ്രച്ഛ | ഇങ്ങനെ ചോദിച്ചു— |
| വരേണ്യരൂപഃ | 'അഭീഷ്ടരൂപം ധരിച്ച |
| ത്വം കഃ | താങ്കളാര് ? |
| മഹാഭാഗ | ഹേ ഭാഗ്യശാലിൻ ! |
| നൂനം ത്വാം | തീർച്ചയായും, അങ്ങയെ |
| ദേവോത്തമം | ഒരു ദേവശ്രേഷ്ഠനായിട്ട് |
| ഗണയാമി | ഞാൻ കണക്കാക്കുന്നു. |

ദശാമിമാം വാ കതമേന കർമ്മണാ സംപ്രാപിതോഽസ്യതദർഹഃ സുഭദ്ര
ആത്മാനമാഖ്യാഹി വിവിത്സതാം നോ യന്മന്യസേ നഃ ക്ഷമമത്ര വക്തും. 8

| | |
|---|---|
| സുഭദ്ര | 'അല്ലയോ സുമംഗള ! |
| കതമേന | ഏതുതരത്തിലുള്ള |
| കർമ്മണാ വാ | കർമ്മഫലത്താലാണ് |
| ഇമാം ദശാം | ഈ ദുരവസ്ഥയെ |
| അതദർഹഃ | അതിനെ അർഹിക്കാത്ത താങ്കൾ |
| സംപ്രാപിതഃ അസി | അനുഭവിക്കപ്പെട്ടവനായി ഭവിച്ചത് ? |
| ആത്മാനം | താങ്കളെക്കുറിച്ച് |
| വിവിത്സതാം | അറിയുവാനാഗ്രഹിക്കുന്ന |
| നഃ അത്ര | ഞങ്ങളുടെ മുമ്പാകെ |
| വക്തും | പറയുവാൻ |
| ക്ഷമം | യുക്തമെന്ന് |
| യത് മന്യസേ | കരുതുന്നുവെങ്കിൽ, |
| നഃ | ഞങ്ങളോട് |
| ആഖ്യാഹി | പറഞ്ഞാൽകൊള്ളാം." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇതി സ്മ രാജാ സംപൃഷ്ടഃ കൃഷ്ണേനാനന്തമൂർത്തിനാ
മാധവം പ്രണിപത്യാഹ കിരീടേനാർക്കവർച്ചസാ. 9

| | |
|---|---|
| അനന്തമൂർത്തിനാ | അനന്തസ്വരൂപനായ |
| കൃഷ്ണേന | ശ്രീകൃഷ്ണഭഗവാനാൽ |
| ഇതി | ഇപ്രകാരം |
| സംപൃഷ്ടഃ | ചോദിക്കപ്പെട്ട |
| രാജാ | രാജാവ് (പൂർവ്വജന്മത്തിൽ രാജാവായിരുന്ന ആ ദിവ്യപുരുഷൻ) |
| അർക്കവർച്ചസാ | സൂര്യനൊപ്പോലെ തിളക്കമുള്ള |
| കിരീടേന | കിരീടംകൊണ്ട് |
| മാധവം | ശ്രീകൃഷ്ണനെ |
| പ്രണിപത്യ | നമസ്കരിച്ച് |
| ആഹ സ്മ | പറഞ്ഞു. |

നൃഗ ഉവാച=നൃഗചക്രവർത്തി പറഞ്ഞു :—

നൃഗോ നാമ നരേന്ദ്രോഽഹമിക്ഷ്വാകുതനയഃ പ്രഭോ
ദാനിഷ്വാഖ്യായമാനേഷു യദി തേ കർണ്ണമസ്പൃശം. 10

| | |
|---|---|
| പ്രഭോ അഹം | ഹേ പ്രഭോ ! ഞാൻ |
| നൃഗഃ നാമ | നൃഗനെന്നു പേരായ |
| നരേന്ദ്രഃ | രാജാവായിരുന്നു. |
| ഇക്ഷ്വാകുതനയഃ | ഇക്ഷ്വാകുമഹാരാജാവിന്റെ പുത്രനാണ്. |
| ദാനിഷു | ദാനശീലന്മാർ |
| ആഖ്യായമാനേഷു | ആഖ്യാനം ചെയ്യപ്പെടുമ്പോൾ |
| തേ കർണ്ണം | ഭവാന്റെ കാതിനെ |
| യദി | ഞാനും |
| അസ്പൃശം | തൊട്ടിട്ടുണ്ടാകണം. * |

* 'ലോകത്തിലുണ്ടായ വദാന്യന്മാരുടെ സൽക്കഥകളെ വിസ്തരിച്ചു പറയുന്ന അവസരങ്ങളിൽ ഭവാൻ എന്റെ പേരും അക്കൂട്ടത്തിൽ കേട്ടുകഴിഞ്ഞതാവാം' എന്നു സാരം.

കിം നു തേഽവിദിതം നാഥ സൎവ്വഭൂതാത്മസാക്ഷിണഃ
കാലേനാവ്യാഹതദൃശോ വക്ഷ്യേഽഥാപി തവാജ്ഞയാ. 11

| | | | |
|---|---|---|---|
| നാഥ | ഹേ സൎവ്വേശ്വര! | തേ | നിന്തിരുവടിക്ക് |
| സൎവ്വഭൂതാത്മ- സാക്ഷിണഃ | സൎവ്വശരീരികളുടേയും ആത്മസാക്ഷിയായും, | അവിദിതം | അജ്ഞാതമായിട്ട് |
| | | കിം നു | വല്ലതുമുണ്ടോ? |
| കാലേന | കാലത്താൽ | അഥ അപി | എന്നിരിക്കിലും |
| അവ്യാഹത- ദൃശഃ | കെടുക്കപ്പെടാത്ത ജ്ഞാനദൃഷ്ടിയോടുകൂടിയവനായും വൎത്തിക്കുന്ന | തവ | നിന്തിരുവടിയുടെ |
| | | ആജ്ഞയാ | ആദേശംകൊണ്ട് |
| | | വക്ഷ്യേ | പറഞ്ഞേക്കാം. |

യാവത്യഃ സികതാ ഭൂമേൎയ്യാവത്യോ ദിവി താരകാഃ
യാവത്യോ വൎഷധാരാശ്ച താവതീരദദം സ്മ ഗാഃ 12

| | | | |
|---|---|---|---|
| ഭൂമേഃ യാവത്യഃ | ഭൂമിക്ക് എത്രത്തോളം | യാവത്യഃ | എത്രത്തോളം |
| സികതാഃ | മണൽത്തരികളുണ്ടോ, | വൎഷധാരാഃ ച | വൎഷധാരകളുണ്ടോ |
| ദിവി | ആകാശത്തിൽ | താവതീഃ | അത്രത്തോളം |
| യാവത്യഃ | എത്രത്തോളം | ഗാഃ | പശുക്കളെ |
| താരകാഃ | നക്ഷത്രങ്ങളുണ്ടോ, | അദദം സ്മ | ഞാൻ ദാനം ചെയ്തു. |

നോട്ട് :—'അസംഖ്യം പശുക്കളെ ദാനം ചെയ്തു' എന്നു മാത്രമാണ് ഇവിടെ വിവക്ഷിതാൎത്ഥം. യഥാശ്രുതമായ അൎത്ഥം എടുക്കേണ്ടതില്ല.

പയസ്വിനീസ്തരുണീഃ ശീലരൂപഗുണോപപന്നാഃ കപിലാ ഹേമശൃംഗീഃ
ന്യായാൎജ്ജിതാ രൂപ്യഖുരാഃ സവത്സാ ദുകൂലമാലാഭരണാ ദദാവഹം. 13

| | | | |
|---|---|---|---|
| പയസ്വിനീഃ | നല്ല പാലുള്ളവയും, | രൂപ്യഖുരാഃ | വെള്ളികൊണ്ടു കുളമ്പു കെട്ടിച്ചവയും, |
| തരുണീഃ | കടിഞ്ഞൂൽപ്പേറായവയും, | | |
| ശീലരൂപ- ഗുണോപപന്നാഃ | മൃദുസ്വഭാവം, അഴക്, ആരോഗ്യാദി ഗുണങ്ങൾ എന്നിവ ചേൎന്നിട്ടുള്ളവയും, | ദുകൂലമാലാ- ഭരണാഃ | പട്ടുവസ്ത്രങ്ങൾ, മാലകൾ എന്നിവയാൽ അലങ്കരിക്കപ്പെട്ടവയും, |
| കപിലാഃ | ചെമ്പിച്ചനിറമുള്ളവയും, | ന്യായാൎജ്ജിതാഃ | ന്യായമാൎഗ്ഗത്തിലൂടെ സമ്പാദിക്കപ്പെട്ടവയും ആയ |
| ഹേമശൃംഗീഃ | പൊന്നുകൊണ്ടു കൊമ്പു കെട്ടിച്ചവയും, | സവത്സാഃ | കുട്ടിയുള്ള പശുക്കളെ |
| | | അഹം ദദൌ | ഞാൻ ദാനംചെയ്തു. |

സ്വലംകൃതേഭ്യോ ഗുണശീലവദ്ഭ്യഃ സീദത്കുടുംബേഭ്യ ഋതവ്രതേഭ്യഃ
തപഃശ്രുതബ്രഹ്മവദാന്യസദ്ഭ്യഃ പ്രാദാം യുവഭ്യോ ദ്വിജപുംഗവേഭ്യഃ 14

ഗോഭൂഹിരണ്യായതനാശ്വഹസ്തിനഃ
കന്യാഃ സദാസീസ്തിലരൂപ്യശയ്യാഃ
വാസാംസി രത്നാനി പരിച്ഛദാൻ രഥാ-
നിഷ്ടം ച യജ്ഞൈശ്ചരിതം ച പൂൎത്തം. 15

| | |
|---|---|
| സ്വലംകൃതേഭ്യഃ | നല്ലപോലെ അലങ്കരിക്കപ്പെട്ടവരും, |
| ഗുണശീലവദ്ഭ്യഃ | സന്തോഷാദി ഗുണങ്ങളുള്ള സ്വഭാവംചേർന്നവരും, |
| സീദത്കുടുംബേഭ്യഃ | ക്ലേശിക്കുന്ന കുടുംബത്തോടുകൂടിയവരും, |
| ഋതവ്രതേഭ്യഃ | ശരിയായ ധാർമ്മികനിഷ്ഠയുള്ളവരും, |
| തപഃശ്രുതബ്രഹ്മവദാന്യസദ്ഭ്യഃ | തപസ്സിനാൽ വിശ്രുതന്മാരായവരും, വേദാധ്യാപനത്തിൽ ഉദാരബുദ്ധിയുള്ളവരും, സമചിത്തന്മാരും, |
| യുവഭ്യഃ | യുവത്വമുള്ളവരും ആയ |
| ദ്വിജപുംഗവേഭ്യഃ | ബ്രാഹ്മണശ്രേഷ്ഠന്മാർക്ക് |
| ഗോഭൂഹിരണ്യായതനാശ്വഹസ്തിനഃ | പശുക്കളേയും, ഭൂമിയേയും, സ്വർണ്ണത്തേയും, ഭവനങ്ങളേയും, കുതിരകളേയും, ആനകളേയും, |
| സദാസീഃ | ദാസികളോടുകൂടി |
| കന്യാഃ | കന്യകമാരേയും, |
| തിലരൂപ്യശയ്യാഃ | എള്ള്, വെള്ളി, കിടക്ക എന്നിവയേയും, |
| വാസാംസി | വസ്ത്രങ്ങളേയും, |
| രത്നാനി | രത്നങ്ങളേയും, |
| പരിച്ഛദാൻ | ഗൃഹോപകരണങ്ങളേയും, |
| രഥാൻ | തേരുകളേയും |
| പ്രാദാം | ഞാൻ ദാനംചെയ്തു. |
| യജ്ഞൈഃ ച ഇഷ്ടം | അഗ്നിഷ്ടോമാദി യാഗങ്ങളും ചെയ്യപ്പെട്ടു. |
| പൂർത്തം ച | കുളം, കിണർ, തണ്ണീർപന്തൽ, വഴിയമ്പലം എന്നു തുടങ്ങിയുള്ളതും |
| ചരിതം | നിർമ്മിക്കപ്പെട്ടു. |

കസ്യചിദ് ദ്വിജമുഖ്യസ്യ ഭ്രഷ്ടാ ഗൗർമ്മമ ഗോധനേ
സംപൃക്താऽവിദുഷാ സാ ച മയാ ദത്താ ദ്വിജാതയേ. 16

| | |
|---|---|
| കസ്യചിത് | ഏതോ ഒരു |
| ദ്വിജമുഖ്യസ്യ | മഹാബ്രാഹ്മണന്റെ |
| ഗൗഃ | പശു |
| ഭ്രഷ്ടാ | തൊഴുത്തിൽനിന്നു വിട്ടുപോയിട്ട് |
| മമ ഗോധനേ | എന്റെ പശുക്കൂട്ടത്തിൽ |
| സംപൃക്താ | വന്നുചേർന്നിരുന്നു. |
| സാ ച | ആ പശുവും |
| അവിദുഷാ | വാസ്തവം അറിയാത്ത |
| മയാ | എന്നാൽ |
| ദ്വിജാതയേ | മറ്റൊരു ബ്രാഹ്മണന്ന് |
| ദത്താ | ദാനംചെയ്യപ്പെട്ടുപോയി. |

താം നീയമാനാം തത്സ്വാമീ ദൃഷ്ട്വോവാച മമേതി തം
മമേതി പ്രതിഗ്രാഹ്യാഹ നൃഗോ മേ ദത്തവാനിതി. 17

| | |
|---|---|
| നീയമാനാം താം | (ദാനംവാങ്ങിയ ബ്രാഹ്മണനാൽ) കൊണ്ടുപോകപ്പെടുന്ന അതിനെ |
| ദൃഷ്ട്വാ | കണ്ടിട്ട് |
| തത് സ്വാമീ | അതിന്റെ ഉടമസ്ഥൻ |
| മമ ഇതി | 'എന്റേതാണെ'ന്ന് |
| തം ഉവാച | ആയാളോട് പറഞ്ഞു. |
| പ്രതിഗ്രാഹീ | ദാനം വാങ്ങിയ ബ്രാഹ്മണനാകട്ടെ |
| മമ ഇതി | 'എന്റേതാണെ'ന്നും, |
| മേ | 'എനിക്ക് |
| നൃഗഃ | നൃഗമഹാരാജാവ് |
| ദത്തവാൻ | തന്നിട്ടുള്ളതാണ്'' |
| ഇതി ആഹ | എന്നും പറഞ്ഞു. |

വിപ്രൗ വിവദമാനൗ മാമൂചതുഃ സ്വാർത്ഥസാധകൗ
ഭവാൻ ദാതാऽപഹർത്തേതി തച്ഛ്രുത്വാ മേऽഭവദ് ഭ്രമഃ 18

| | | | |
|---|---|---|---|
| വിവദമാനൗ | വാദത്തിലേപ്പെട്ട, | ദാതാ | ദാതാവും, |
| വിപ്രൗ | ബ്രാഹ്മണന്മാർ ഇരുവരും | അപഹർത്താ | അപഹർത്താവും |
| സ്വാർത്ഥ- | തങ്ങളുടെ കാര്യം സാ | ഇതി | ആകുന്നു'വെന്ന് * |
| സാധകൌ | ധിക്കുന്നതിന്ന് ഉത്സാ | ഊചതുഃ | പറഞ്ഞു. |
| | ഹിച്ചുകൊണ്ട് | തത് ശ്രുത്വാ | അതുകേട്ടപ്പോൾ |
| മാം | എന്നോട് | മേ ഭ്രമഃ | എനിക്ക് അമ്പരപ്പ് |
| ഭവാൻ | 'അങ്ങ് | അഭവത് | ഉണ്ടായി. |

* ഒരാൾ എന്നെ ദാതാവെന്നും, മററെ ആൾ അപഹർത്താവെന്നും പറഞ്ഞു.

അനുനീതാവുഭൌ വിപ്രൗ ധർമ്മകൃച്ഛ്രഗതേന വൈ
ഗവാം ലക്ഷം പ്രകൃഷ്ടാനാം ദാസ്യാമ്യേഷാ പ്രദീയതാം. 19

| | | | |
|---|---|---|---|
| ധർമ്മകൃച്ഛ്ര- | ധർമ്മസങ്കടത്തിൽ അക | പ്രകൃഷ്ടാനാം | "ഏററവും നല്ലതരത്തിലുള്ള |
| ഗതേന | പ്പെട്ടുപോയ എന്നാൽ | ഗവാം ലക്ഷം | ഒരുലക്ഷം പശുക്കളെ |
| വിപ്രൗ | ബ്രാഹ്മണന്മാർ | ദാസ്യാമി | ഞാൻ തന്നുകൊള്ളാം ; |
| ഉഭൌ വൈ | ഇരുവരും പ്രത്യേകം | ഏഷാ | ഇതൊന്നുമാത്രം |
| അനുനീതൌ | പറഞ്ഞു സമാധാനിപ്പി | പ്രദീയതാം | പകരമായിട്ടു |
| | ക്കപ്പെടുകയുണ്ടായി— | | നല്കപ്പെട്ടേക്കണം. |

ഭവന്താവനുഗൃഹ്ണീതാം കിങ്കരസ്യാവിജാനതഃ
സമുദ്ധരതം മാം കൃച്ഛ്രാത് പതന്തം നിരയേഽശുചൌ. 20

| | | | |
|---|---|---|---|
| ഭവന്തൌ | "ഭവാന്മാരിരുവരും | നിരയേ | നരകത്തിൽ |
| അവിജാനതഃ | അറിയാതെ പിഴചെയ്ത | പതന്തം | വീഴുന്ന |
| കിങ്കരസ്യ | അടിയന്റെ മേൽ | മാം | എന്നെ |
| അനുഗൃഹ്ണീതാം | അനുഗ്രഹിക്കണേ! | കൃച്ഛ്രാത് | സങ്കടത്തിൽനിന്ന് |
| അശുചൌ | അശുചിയായ | സമുദ്ധരതം | കരകയററണേ!" |

നാഹം പ്രതീച്ഛേ വൈ രാജന്നിത്യുക്ത്വാ സ്വാമ്യപാക്രമത്
നാന്യദ് ഗവാമപ്യയുതമിച്ഛാമീത്യപരോ യയൌ. 21

| | | | |
|---|---|---|---|
| രാജൻ അഹം | "രാജാവേ! ഞാൻ | ഗവാം അയുതം | ഒരു പതിനായിരം പശു |
| ന പ്രതീച്ഛേ | പകരത്തിന്നുപകരം | അപി | ക്കളെക്കൂടി (അധികം |
| വൈ | ആഗ്രഹിക്കുന്നതേ ഇല്ല" | | തരുന്നതായാലും) |
| ഇതി ഉക്ത്വാ | എന്നു പറഞ്ഞ് | ന ഇച്ഛാമി | ഞാൻ ആശിക്കുന്നില്ല." |
| സ്വാമീ | പശുവിന്റെ ഉടമസ്ഥ | ഇതി | എന്നു പറഞ്ഞ് |
| | നായ ബ്രാഹ്മണൻ | | |
| അപാക്രമത് | തിരിച്ചുനടന്നു | അപരഃ | മററെ ആളും |
| അന്യത് | "പറഞ്ഞതിന്നും പുറമെ | യയൌ | പോയ്ക്കളഞ്ഞു. |

നോട്ട് :— ബ്രാഹ്മണൻ ഗോവിക്രയം ചെയ്യുന്നതും, ക്ഷത്രിയൻ പ്രതിഗ്രഹം വാങ്ങുന്നതും ശാസ്ത്രനിഷിദ്ധമാകുന്നു. അതിനാൽ ഈ ബ്രാഹ്മണക്ക് പശുവിനെ വിലയ്ക്കാകട്ടെ, വെറുതെയാകട്ടെ രാജാവിന്നു കൊടുക്കുവാൻ സാദ്ധ്യമല്ലാതെയായി. അതിനാൽ കാര്യം ഭംഗിയിൽ കലാശിച്ചില്ല എന്നു മാത്രം.

ഏതസ്മിന്നന്തരേ യാമ്യൈർദ്ദൂതൈർന്നീതോ യമക്ഷയം
യമേന പൃഷ്ടസ്തത്രാഹം ദേവദേവ ജഗത്പതേ. 22

| | | | |
|---|---|---|---|
| ദേവദേവ | ഹേ ദേവേശ്വര! | യമക്ഷയം | യമപുരത്തിലേക്ക് |
| ജഗത്പതേ | ഹേ ജഗദീശ്വര! | നീതഃ | കൊണ്ടുപോകപ്പെട്ട |
| ഏതസ്മിൻ അന്തരേ | പിന്നീട് ആയുഷ്കാലം അവസാനിച്ചതായ അവസരത്തിൽ | അഹം | ഞാൻ |
| | | തത്ര | അവിടെവെച്ച് |
| | | യമേന | യമധർമ്മരാജാവിനാൽ |
| യാമ്യൈഃ ദൂതൈഃ | യമകിങ്കരന്മാരാൽ | പൃഷ്ടഃ | ഈവിധം ചോദിക്കപ്പെട്ടു. |

പൂർവ്വം ത്വമശുഭം ഭുങ്ക്ഷേ ഉതാഹോ നൃപതേ ശുഭം
നാന്തം ദാനസ്യ ധർമ്മസ്യ പശ്യേ ലോകസ്യ ഭാസ്വതഃ 23

| | | | |
|---|---|---|---|
| നൃപതേ | 'രാജാവേ! | ദാനസ്യ | ദാനത്തിന്റേയും, |
| ത്വം | താങ്കൾ | ധർമ്മസ്യ | തജ്ജന്യമായ ധർമ്മത്തിന്റെയും ഫലമായ |
| പൂർവ്വം | ആദ്യം | | |
| അശുഭം | പാപഫലത്തെയോ | ഭാസ്വതഃ | തേജോമയമായ |
| ഭുങ്ക്ഷേ | അനുഭവിക്കുന്നത്? | ലോകസ്യ | പുണ്യലോകത്തിന്റെ |
| ഉതാഹോ | അതല്ല, | അന്തം | അറുതിയെ |
| ശുഭം | പുണ്യഫലത്തെയോ? | ന പശ്യേ | ഞാൻ കാണുന്നില്ല.' |

നോട്ട്:—"ദാനധർമ്മാനുഷ്ഠാനംകൊണ്ട് താങ്കൾക്ക് അവധിയില്ലാത്ത പുണ്യലോകാനുഭവം സിദ്ധിച്ചിരിക്കുന്നു. പക്ഷേ, അറിഞ്ഞിടാതെയാണെങ്കിലും, ബ്രഹ്മസ്വമായ പശുവിനെ സ്വായത്തമാക്കിയതുകൊണ്ടുള്ള പാപാനുഭവവും ചെറുതായുണ്ട്. ഇതു രണ്ടും വെവ്വേറെത്തന്നെ അനുഭവിക്കണം. ആദ്യം ഏതാണ് വേണ്ടത്?" അതാണു യമധർമ്മൻ ചോദിച്ചതിന്റെ സാരം.

പൂർവ്വം ദേവാശുഭം ഭുഞ്ജ ഇതി പ്രാഹ പതേതി സഃ
താവദദ്രാക്ഷമാത്മാനം കൃകലാസം പതൻ പ്രഭോ. 24

| | | | |
|---|---|---|---|
| ദേവ | "യമധർമ്മരാജാവേ! | സഃ പ്രാഹ | യമൻ പറഞ്ഞു. |
| പൂർവ്വം | ആദ്യമായിട്ട് | പ്രഭോ | ഹേ സർവ്വശക്ത! |
| അശുഭം | പാപഫലത്തെ | പതൻ | താഴെ വീഴുന്ന ഞാൻ |
| ഭുഞ്ജേ | അനുഭവിച്ചുകൊള്ളാം' | താവത് | അപ്പോൾത്തന്നെ |
| ഇതി | എന്നു പറഞ്ഞതും, | ആത്മാനം | എന്നെ |
| പത | 'വീണുകൊൾക' | കൃകലാസം | ഒരു ഓന്തായിട്ട് |
| ഇതി | എന്ന് | അദ്രാക്ഷം | കണ്ടു. |

ബ്രഹ്മണ്യസ്യ വദാന്യസ്യ തവ ദാസസ്യ കേശവ
സ്മൃതിർന്നാദ്യാപി വിധ്വസ്താ ഭവത്സന്ദർശനാർത്ഥിനഃ 25

| | | | |
|---|---|---|---|
| കേശവ | ബ്രഹ്മരുദ്രന്മാർക്കുംകൂടി രക്ഷിതാവായ ഹേ ദേവൻ! | ബ്രഹ്മണ്യസ്യ | ബ്രാഹ്മണഭക്തനും, |
| | | വദാന്യസ്യ | ദാനവീരനും, |

| | |
|---|---|
| തവ | നിന്തിരുവടിയുടെ |
| ദാസസ്യ | ദാസനും, |
| മത്‌- സന്ദർശനാ- ർത്ഥിനഃ | നിന്തിരുവടിയുടെ സന്ദർശനമാവുന്ന പരമപ്രയോജനത്തോടുംകൂടിയവനും ആയ എന്റെ |
| സ്മൃതിഃ | ധാരണാശക്തി |
| അദ്യ അപി | ഇതുവരെക്കും |
| ന വിധ്വസ്താ | നഷ്ടമായിത്തീൎന്നിട്ടില്ല. |

സ ത്വം കഥം മമ വിഭോഽക്ഷിപഥഃ പരാത്മാ
യോഗേശ്വരൈഃ ശ്രുതിദൃശാഽമലഹൃദ്വിഭാവ്യഃ
സാക്ഷാദധോക്ഷജ ഉരുവ്യസനാന്ധബുദ്ധേഃ
സ്യാന്മേഽനുദൃശ്യ ഇഹ യസ്യ ഭവാപവൎഗ്ഗഃ. 26

| | |
|---|---|
| വിഭോ | ഹേ വിഭോ! |
| യോഗേശ്വരൈഃ | മഹായോഗികളാൽ |
| ശ്രുതിദൃശാ | വേദാന്തശാസ്ത്രജ്ഞാനംകൊണ്ട് |
| അമല- ഹൃദ്വിഭാവ്യഃ | നിൎമ്മലമായ ഹൃദയത്തിൽ വിഭാവനം ചെയ്യപ്പെടേണ്ടവനും, |
| അധോക്ഷജഃ | ഇന്ദ്രിയജ്ഞാനത്തിന്ന് വിഷയമാകാത്തവനും, |
| പരാത്മാ | പരമാത്മാവുമായ |
| സഃ ത്വം | ആ നിന്തിരുവടി |
| മമ അക്ഷിപഥഃ | എന്റെ കണ്ണുകൾക്കു വിഷയീഭവിച്ചുകൊണ്ട് |
| സാക്ഷാത് കഥം | പ്രത്യക്ഷമായതെങ്ങനെ? |
| ഇഹ | ഈ ലോകത്തിൽ |
| യസ്യ | യാതൊരുവന്ന് |
| ഭവാപവൎഗ്ഗഃ | സംസാരനിവൃത്തി |
| സ്യാത് | ഉണ്ടായേക്കുമോ, |
| (തസ്യ) | അവന്നു മാത്രമേ |
| അനുദൃശ്യഃ | ഭവാൻ ദൃശ്യനാകയുള്ളു. |
| ഉരുവ്യസനാ- ന്ധബുദ്ധേഃ | വ്യസനഭാരത്താൽ ഇരുളടഞ്ഞ ബുദ്ധിയോടുകൂടിയിരിക്കുന്ന |
| മേ (കഥം) | എനിക്കെങ്ങനെയാണ്! |

ദേവദേവ ജഗന്നാഥ ഗോവിന്ദ പുരുഷോത്തമ
നാരായണ ഹൃഷീകേശ പുണ്യശ്ലോകാച്യുതാവ്യയ. 27
അനുജാനീഹി മാം കൃഷ്ണ യാന്തം ദേവഗതിം പ്രഭോ
യത്ര ക്വാപി സതശ്ചേതോ ഭൂയാന്മേ ത്വത്പദാസ്പദം. 28

| | |
|---|---|
| ദേവദേവ | ദേവാരാധ്യനായ ദേവ! |
| ജഗന്നാഥ | ലോകനായക! |
| ഗോവിന്ദ | ഗോലോകപതേ! |
| പുരുഷോത്തമ | പുരുഷോത്തമ! |
| നാരായണ | ശ്രീമന്നാരായണ! |
| ഹൃഷീകേശ | ഹൃഷീകേശ! |
| പുണ്യശ്ലോക | പാവനകീൎത്തേ! |
| അച്യുത | നിൎവ്വികാരാത്മൻ! |
| അവ്യയ | നാശരഹിത! |
| പ്രഭോ | സൎവ്വശക്ത! |
| കൃഷ്ണ | ശ്രീകൃഷ്ണമൂൎത്തേ! |
| ദേവഗതിം | സ്വൎല്ലോകത്തിലേക്ക് |
| യാന്തം മാം | യാത്രയാകുന്ന എന്നെ |
| അനുജാനീഹി | കല്പിച്ചയച്ചാലും! |
| യത്ര ക്വാപി സതഃ | ഏതുദിക്കിൽ ചെന്നിരുന്നാലും ശരി, |
| മേ ചേതഃ | എന്റെ മനസ്സ് |
| ത്വത്പദാസ്പദം | ഭവൽപാദാരവിന്ദം മാത്രം ശരണമായിട്ടുള്ളതായി |
| ഭൂയാത് | ഭവിക്കട്ടെ! |

നമസ്തേ സൎവ്വഭാവായ ബ്രഹ്മണേഽനന്തശക്തയേ
കൃഷ്ണായ വാസുദേവായ യോഗാനാം പതയേ നമഃ. 29

| | | | |
|---|---|---|---|
| സർവ്വഭാവായ | എല്ലാററിന്റേം ഉററിടമായി, | കൃഷ്ണായ | സദാനന്ദസ്വരൂപമായി, |
| ബ്രഹ്മണേ | എങ്ങും നിറഞ്ഞ നിർവ്വികാരവസ്തുവായി, | യോഗാനാം | ലൌകികവും വൈദികവുമായ സമസ്തകർമ്മങ്ങളുടേയും |
| അനന്തശക്തയേ | അററംകാണാത്ത മായാശക്തിയുള്ളതായി, | പതയേ | ഫലദാതാവുമായി വർത്തിക്കുന്ന |
| വാസുദേവായ | സർവ്വഭൂതാശ്രയമായി, | തേ | നിന്തിരുവടിക്ക് |
| | | നമഃ നമഃ | നമസ്കാരം; നമസ്കാരം. |

ഇത്യുക്ത്വാ തം പരിക്രമ്യ പാദൌ സ്പൃഷ്ട്വാ സ്വമൌലിനാ
അനുജ്ഞാതോ വിമാനാഗ്ര്യമാരുഹത് പശ്യതാം നൃണാം 30

| | | | |
|---|---|---|---|
| ഇതി ഉക്ത്വാ | ഇപ്രകാരം പറഞ്ഞ്, | അനുജ്ഞാതഃ | വിടവാങ്ങിക്കൊണ്ട് |
| തം | ഭഗവാനെ | നൃണാം | ജനങ്ങളെല്ലാം |
| പരിക്രമ്യ | പ്രദക്ഷിണംവെച്ച്, | പശ്യതാം | നോക്കിനില്ക്കത്തന്നെ |
| സ്വമൌലിനാ | തന്റെ ശിരസ്സുകൊണ്ട് | വിമാനാഗ്ര്യം | ശ്രേഷ്ഠമായ വിമാനത്തിലേക്ക് |
| പാദൌ | തൃപ്പാദങ്ങളെ | ആരുഹത് | കയറി. |
| സ്പൃഷ്ട്വാ | സ്പർശിച്ച്, | | |

കൃഷ്ണഃ പരിജനം പ്രാഹ ഭഗവാൻ ദേവകീസുതഃ
ബ്രഹ്മണ്യദേവോ ധർമ്മാത്മാ രാജന്യാനനുശിക്ഷയൻ. 31

| | | | |
|---|---|---|---|
| ബ്രഹ്മണ്യദേവഃ | ബ്രാഹ്മണപ്രിയനും, | രാജന്യാൻ | ക്ഷത്രിയന്മാരെ |
| ധർമ്മാത്മാ | ധർമ്മാത്മഭൂതനും, | അനുശിക്ഷയൻ | പരോക്ഷമായി ഉപദേശിച്ചുകൊണ്ട്, |
| ദേവകീസുതഃ | ദേവകീപുത്രനും, | | |
| ഭഗവാൻ | സർവ്വജ്ഞാനനിധിയുമായ | പരിജനം | അടുത്തുനില്ക്കുന്നവരോട് |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | പ്രാഹ | പറഞ്ഞു. |

ദുർജ്ജരം ബത ബ്രഹ്മസ്വം ഭുക്തമഗ്നേർമ്മനാഗപി
തേജീയസോऽപി കിമുത രാജ്ഞാമീശ്വരമാനിനാം. 32

| | | | |
|---|---|---|---|
| ബത | "അത്ഭുതംതന്നെ! | ദുർജ്ജരം | ദഹിക്കാൻ പ്രയാസം. |
| മനാക് അപി | അല്പമായാൽക്കൂടിയും | ഈശ്വര- മാനിനാം | ആധിപത്യത്തെ സ്വയം നടിച്ചുകൊണ്ടിരിക്കുന്ന |
| ഭുക്തം | അനുഭവിക്കപ്പെട്ട | | |
| ബ്രഹ്മസ്വം | ബ്രഹ്മസ്വം | | |
| അഗ്നേഃ | അഗ്നിയേക്കാൾ | രാജ്ഞാം | രാജാക്കന്മാർക്ക് |
| തേജീയസഃ അപി | അധികം തേജസ്സുള്ള വസ്തുവിനുപോലും | കിമുത | പിന്നെ പറയേണമോ? |

നാഹം ഹാലാഹലം മന്യേ വിഷം യസ്യ പ്രതിക്രിയാ
ബ്രഹ്മസ്വം ഹി വിഷം പ്രോക്തം നാസ്യ പ്രതിവിധിർഭുവി. 33

| | | | |
|---|---|---|---|
| അഹം | "ഞാൻ | വിഷം | വിഷമായിട്ട് |
| ഹാലാഹലം | കാളകൂടത്തെ | ന മന്യേ | കരുതുന്നില്ല. |

| | | | |
|---|---|---|---|
| യസ്യ | യാതൊരു ആവസ്ഥയ്ക്കിന്നു് | വിഷം | വിഷമായിട്ട് |
| പ്രതിക്രിയാ | നിവാരണമാർഗ്ഗമുണ്ടു്. | പ്രോക്തം | കരുതപ്പെടുന്നതു്. |
| ബ്രഹ്മസ്വം ഹി | ബ്രാഹ്മണന്റെ മുതൽ മാത്രമാണു് | അസ്യ ഭുവി | ഇതിന്നു് ഭൂമിയിൽ |
| | | പ്രതിവിധിഃ ന | പ്രതിവിധിയില്ല. |

ഹിനസ്തി വിഷമത്താരം വഹ്നിരദ്ഭിഃ പ്രശാമ്യതി.
കുലം സമൂലം ദഹതി ബ്രഹ്മസ്വാരണിപാവകഃ. 34

| | | | |
|---|---|---|---|
| വിഷം | " വിഷമെന്ന വസ്തു | ബ്രഹ്മസ്വാ-രണിപാവകഃ | ബ്രഹ്മസ്വമാവുന്ന അരണിയിൽനിന്നുണ്ടായ തീയ്യ് |
| അത്താരം | അതു ഭക്ഷിച്ചവനെമാത്രം | കുലം | വംശത്തെ മുഴുവനും |
| ഹിനസ്തി | നശിപ്പിക്കുന്നു. | സമൂലം | വേരോടുകൂടി |
| വഹ്നിഃ അദ്ഭിഃ | തീ വെള്ളംകൊണ്ടു് | ദഹതി | ചുട്ടുചാമ്പലാക്കുന്നു. |
| പ്രശാമ്യതി | കെട്ടുപോകുന്നു. | | |

ബ്രഹ്മസ്വം ദുരനുജ്ഞാതം ഭുക്തം ഹന്തി ത്രിപൂരുഷം
പ്രസഹ്യ തു ബലാദ്ഭുക്തം ദശ പൂർവ്വാൻ ദശാപരാൻ. 35

| | | | |
|---|---|---|---|
| ദുരനുജ്ഞാതം | " ശരിയ്ക്കു് അനുവദിക്കപ്പെടാതെ | ബലാത് | കൈയ്യൂക്കുകൊണ്ടു് |
| | | പ്രസഹ്യ | തട്ടിപ്പറിച്ചു് |
| ഭുക്തം | അനുഭവിക്കപ്പെട്ട | ഭുക്തം തു | അനുഭവിക്കപ്പെട്ടതാകട്ടെ |
| ബ്രഹ്മസ്വം | ബ്രാഹ്മണന്റെ സ്വത്തു് | ദശ പൂർവ്വാൻ | പത്തു മുൻതലമുറയിലുള്ളവരേയും, |
| ത്രിപൂരുഷം | മൂന്നു തലമുറയെ | ദശ അപരാൻ | പത്തു പിൻതലമുറയിലുള്ളവരേയും കെടുത്തുന്നു. |
| ഹന്തി | കെടുത്തുന്നു. | | |

രാജാനോ രാജലക്ഷ്മ്യാഽന്ധാ നാത്മപാതം വിചക്ഷതേ
നിരയം യേഽഭിമന്യന്തേ ബ്രഹ്മസ്വം സാധു ബാലിശാഃ 36

| | | | |
|---|---|---|---|
| രാജലക്ഷ്മ്യാ | " രാജൈശ്വര്യത്താൽ | ബ്രഹ്മസ്വം | ബ്രഹ്മസ്വത്തെ |
| അന്ധാഃ | കണ്ണടഞ്ഞവരും, | സാധു | നല്ലതെന്നുകരുതി |
| ബാലിശാഃ | മൂഢബുദ്ധികളുമായ | അഭിമന്യന്തേ | ആഗ്രഹിക്കുന്നുവോ, അവർ |
| യേ രാജാനഃ | യാതൊരു രാജാക്കന്മാർ | ആത്മപാതം | സ്വന്തം അധഃപതനത്തെ |
| നിരയം | നരകഹേതുകമായ | ന വിചക്ഷതേ | മനസ്സിലാക്കുന്നില്ല. |

ഗൃഹ്ണന്തി യാവതഃ പാംസൂൻ ക്രന്ദതാമശ്രുബിന്ദവഃ
വിപ്രാണാം ഹൃതവൃത്തീനാം വദാന്യാനാം കുടുംബിനാം. 37
രാജാനോ രാജകല്യാശ്ച താവതോഽബ്ദാന്നിരങ്കുശാഃ
കുംഭീപാകേഷു പച്യന്തേ ബ്രഹ്മദായാപഹാരിണഃ. 38

| | | | |
|---|---|---|---|
| ഹൃതവൃത്തീനാം | " അപഹൃതമായ ജീവനോപായത്തോടുകൂടിയവരും, | കുടുംബിനാം | കുടുംബികളും ആയ |
| | | വിപ്രാണാം | ബ്രാഹ്മണർ |
| | | ക്രന്ദതാം | കരഞ്ഞുകൊണ്ടിരിക്കെ, |
| വദാന്യാനാം | ഉദാരചിത്തന്മാരും, | | (അവരുടെ) |

| | |
|---|---|
| അശ്രുബിന്ദവഃ | കണ്ണുനീർത്തുള്ളികൾ |
| യാവതഃ | എത്രത്തോളം |
| പാംസൂൻ | മൺതരികളെ |
| ഗൃഹ്ണന്തി | സ്പർശിക്കുന്നുവോ, |
| താവതഃ | അത്രയും |
| അബ്ദാൻ | വത്സരങ്ങളോളംതന്നെ |
| നിരങ്കുശാഃ | ശാസ്ത്രനിയന്ത്രണം ഇല്ലാത്തവരായി, |
| ബ്രഹ്മദായാപഹാരിണഃ | ബ്രഹ്മസ്വം കൈയടക്കി വെച്ചുകൊണ്ടിരിക്കുന്ന |
| രാജാനഃ | രാജാക്കന്മാരും, |
| രാജകുല്യാഃ ച | രാജവംശത്തിൽപെട്ടവരും |
| കുംഭീപാകേഷു | കുംഭീപാകനരകങ്ങളിൽ വെച്ച് |
| പച്യന്തേ | നീററപ്പെടുന്നു. |

സ്വദത്താം പരദത്താം വാ ബ്രഹ്മവൃത്തിം ഹരേച്ച യഃ
ഷഷ്ടിവർഷസഹസ്രാണി വിഷ്ഠായാം ജായതേ ക്രിമിഃ. 39

| | |
|---|---|
| യഃ | "യാതൊരുവൻ |
| സ്വദത്താം | തന്നാൽ കൊടുക്കപ്പെട്ടതോ, |
| പരദത്താം വാ | അന്യനാൽ കൊടുക്കപ്പെട്ടതോ ആയ |
| ബ്രഹ്മവൃത്തിം | ബ്രാഹ്മണൻെറ ജീവനോപായദ്രവ്യത്തെ |
| ഹരേത് | കൈവശപ്പെടുത്തുന്നുവോ, |
| (സഃ) ച | അവനാകട്ടെ |
| ഷഷ്ടിവർഷസഹസ്രാണി | അറുപതിനായിരം സംവത്സരംകാലം |
| വിഷ്ഠായാം | അമേധ്യത്തിൽ |
| ക്രിമിഃ | പുഴുവായിട്ട് |
| ജായതേ | പിറവിയെടുക്കുന്നു. |

ന മേ ബ്രഹ്മധനം ഭൂയാത് യദ്ഗൃദ്ധ്വാല്പായുഷോ നരാഃ
പരാജിതാശ്ച്യുതാ രാജ്യാത് ഭവന്ത്യുദ്വേജിനോഽഹയഃ. 40

| | |
|---|---|
| മേ | "എനിക്ക് |
| ബ്രഹ്മധനം | ബ്രാഹ്മണൻെറ മുതൽ |
| ന ഭൂയാത് | വേണ്ട. |
| യത് | എന്തെന്നാൽ, |
| ഗൃദ്ധ്വാ | അതിനെ അഭിലഷിച്ചിട്ടു പോലും |
| നരാഃ | മനുഷ്യർ |
| പരാജിതാഃ | ശത്രുക്കളാൽ തോല്പിക്കപ്പെട്ടവരായും |
| രാജ്യാത് | രാജ്യത്തിൽനിന്ന് |
| ച്യുതാഃ | ഭ്രംശിക്കപ്പെട്ടവരായും |
| അല്പായുഷഃ | അല്പായുസ്സുകളായുംതീന്ന് |
| ഉദ്വേജിനഃ | (പുനർജ്ജന്മത്തിൽ) അന്യനെ പേടിപ്പെടുത്തുന്ന |
| അഹയഃ | സർപ്പങ്ങളായിട്ട് |
| ഭവന്തി | ഭവിക്കുന്നതാണ്. |

വിപ്രം കൃതാഗസമപി നൈവ ദ്രുഹ്യത മാമകാഃ
ഘ്നന്തം ബഹു ശപന്തം വാ നമസ്കുരുത നിത്യശഃ. 41

| | |
|---|---|
| മാമകാഃ | "എനിക്കു വേണ്ടപ്പെട്ടവരായ യാദവന്മാരെ! |
| കൃതാഗസം അപി | അപരാധം പ്രവർത്തിച്ചവനൊന്നിരിക്കിലും,— |
| ബഹു ഘ്നന്തം | ഒരുപാട് ഉപദ്രവിക്കുന്നവനെന്നിരിക്കിലും, |
| ശപന്തം വാ | പഴിക്കുന്നവനെന്നിരിക്കിലുംകൂടെ |
| വിപ്രം | ഒരു ബ്രാഹ്മണനെ |
| ന ദ്രുഹ്യത ഏവ | നിങ്ങൾ ദ്രോഹിക്കുകയേ ചെയ്യരുത്. |
| നിത്യശഃ | പ്രതിദിനം |
| നമസ്കുരുത | നമസ്കരിക്കുവിൻ! |

യഥാഹം പ്രണമേ വിപ്രാനനുകാലം സമാഹിതഃ
തഥാ നമത യൂയം ച യോഽന്യഥാ മേ സ ദണ്ഡഭാക്. 42

| | | | |
|---|---|---|---|
| അനുകാലം | "അതാതുനേരത്ത് | യൂയം ച നമത | നിങ്ങളും വന്ദിക്കണം. |
| യഥാ അഹം | ഏതുപ്രകാരം ഞാൻ | യഃ | യാതൊരാൾ |
| സമാഹിതഃ | ശ്രദ്ധയോടുകൂടെ | അന്യഥാ | മറിച്ചുചെയ്യുന്നുവോ |
| വിപ്രാൻ | ബ്രാഹ്മണരെ | സഃ മേ | അവൻ എന്റെ |
| പ്രണമേ | വന്ദിക്കുന്നുവോ, | ദണ്ഡഭാക് | ശിക്ഷയ്ക്കു പാത്രീഭവിക്കു |
| തഥാ | അതുപോലെ | | ന്നതാണ്. |

ബ്രാഹ്മണാർത്ഥോ ഹ്യപഹൃതോ ഹർത്താരം പാതയത്യധഃ
അജാനന്തമപി ഹ്യേനം നൃഗം ബ്രാഹ്മണഗൌരിവ. 43

| | | | |
|---|---|---|---|
| അപഹൃതഃ | "അപഹരിക്കപ്പെട്ട | അജാനന്തം } | അറിയാതെയാണെങ്കി |
| ബ്രാഹ്മണാർത്ഥഃ | ബ്രാഹ്മണസമ്പത്ത് | അപി } | ലുംകൂടി (അതുചെയ്ത) |
| ഹർത്താരം | അപഹർത്താവിനെ | ഏനം നൃഗം | ഈ നൃഗരാജാവിനെ |
| അധഃ ഹി | അധോലോകത്തിലേക്ക് | ബ്രാഹ്മണഗൌഃ | ബ്രാഹ്മണന്റെ പശു |
| | (നരകത്തിലേക്കു) തന്നെ | ഇവ ഹി | നരകത്തിൽ പതിപ്പിച്ച |
| പാതയതി | പതിപ്പിക്കുന്നു. | | പോലെ സംഭവിക്കുന്നു." |

ഏവം വിശ്രാവ്യ ഭഗവാൻ മുകുന്ദോ ദ്വാരകൌകസഃ
പാവനഃ സർവ്വലോകാനാം വിവേശ നിജമന്ദിരം. 44

| | | | |
|---|---|---|---|
| സർവ്വലോകാനാം | സർവ്വലോകർക്കും | ദ്വാരകൌകസഃ | ദ്വാരകാവാസികളെ |
| പാവനഃ | വിശുദ്ധിദനും, | ഏവം വിശ്രാവ്യ | ഇപ്രകാരം ധരിപ്പിച്ച് |
| മുകുന്ദഃ | മുക്തിദാതാവുമായ | നിജമന്ദിരം | തന്റെ മന്ദിരത്തിലേക്ക് |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | വിവേശ | എഴുന്നള്ളി. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
നൃഗോപാഖ്യാനം നാമ ചതുഃഷഷ്ടിതമോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2757.

## പഞ്ചഷഷ്ടിതമോഽദ്ധ്യായഃ=അറുപത്തഞ്ചാമദ്ധ്യായം.

[പഞ്ചഷഷ്ടിതമേ രാമശ്ചക്രേ ഗോകുലമാഗതഃ
രമമാണസ്സ ഗോപീഭിഃ കാളിന്ദ്യാഃ കർഷണം മദാത്.]

(ശ്രീബലഭദ്രരുടെ ഗോകുലാഗമനം; ഗോപികമാരെ രമിപ്പിക്കുന്നതും, കാളിന്ദീകർഷണവും)

ശ്രീശുക ഉവാച—ശ്രീശുകൻ പറഞ്ഞു :—

ബലഭദ്രഃ കുരുശ്രേഷ്ഠ ഭഗവാൻ രഥമാസ്ഥിതഃ
സുഹൃദ്ദിദൃക്ഷുരുത്കണ്ഠഃ പ്രയയൌ നന്ദഗോകുലം. 1

| | |
|---|---|
| കുരുശ്രേഷ്ഠ | ഹേ പരീക്ഷിത്തേ! |
| ഭഗവാൻ | ഭഗവാനായ |
| ബലഭദ്രഃ | ശ്രീബലഭദ്രൻ |
| സുഹൃദ്ദിദൃക്ഷുഃ | ബന്ധുജനങ്ങളെ കാണ്മാനാഗ്രഹിച്ചുകൊണ്ട് |
| ഉത്കണ്ഠഃ | സ്നേഹവായ്പോടെ |
| രഥം | തേരിൽ |
| ആസ്ഥിതഃ | കയറി, |
| നന്ദഗോകുലം | നന്ദഗോകുലത്തിലേക്ക് |
| പ്രയയൌ | യാത്രചെയ്തു. |

പരിഷ്വക്തശ്ചിരോത്കണ്ഠൈർഗ്ഗോപൈർഗ്ഗോപീഭിരേവ ച
രാമോഽഭിവാദ്യ പിതരാവാശീർഭിരഭിനന്ദിതഃ. 2

| | |
|---|---|
| ചിരോത്-കണ്ഠൈഃ | ഏറിയകാലമായി കാണ്മാൻ കൊതിച്ചിരിക്കുന്ന |
| ഗോപൈഃ | ഗോപന്മാരാലും, |
| ഗോപീഭിഃ ഏവ ച | (വൃദ്ധകളായ) ഗോപസ്ത്രീജനങ്ങളാലും |
| പരിഷ്വക്തഃ | ഗാഢാലിംഗനം ചെയ്യപ്പെട്ട |
| രാമഃ | ശ്രീബലരാമൻ |
| പിതരൌ | അച്ഛനമ്മമാരെ (നന്ദനേയും യശോദയേയും) |
| അഭിവാദ്യ | അഭിവാദ്യം ചെയ്ത് |
| ആശീർഭിഃ | ആശീർവ്വചനങ്ങളാൽ |
| അഭിനന്ദിതഃ | അഭിനന്ദിതനായി. |

ചിരം നഃ പാഹി ദാശാർഹ സാനുജോ ജഗദീശ്വരഃ
ഇത്യാരോപ്യാങ്കമാലിംഗ്യ നേത്രൈഃ സിഷിചതുർജ്ജലൈഃ. 3

| | |
|---|---|
| ദാശാർഹ | ഹേ യദുരാമ! |
| സാനുജഃ | അനുജനായ കൃഷ്ണനോടൊന്നിച്ച് വസിക്കുന്ന ഭവാൻ |
| ജഗദീശ്വരഃ | ലോകനാഥനായിരുന്ന് |
| നഃ ചിരം | ഞങ്ങളെ നീണ്ടാൾ |
| പാഹി | പരിപാലിക്കുക' |
| ഇതി | എന്നുപറഞ്ഞുകൊണ്ട് |
| അങ്കം ആരോപ്യ | മടിയിൽ കയററിയിരുത്തി, |
| ആലിംഗ്യ | ആലിംഗനംചെയ്ത് |
| നേത്രൈഃ | കണ്ണിൽനിന്നുവന്ന |
| ജലൈഃ | ആനന്ദബാഷ്പങ്ങളാൽ |
| സിഷിചതുഃ | അഭിഷേകം ചെയ്തു. |

ഗോപവൃദ്ധാംശ്ച വിധിവദ്യവിഷ്ഠൈരഭിവന്ദിതഃ
യഥാവയോ യഥാസഖ്യം യഥാസംബന്ധമാത്മനഃ. 4
സമുപേത്യാഥ ഗോപാലാൻ ഹാസ്യഹസ്തഗ്രഹാദിഭിഃ
വിശ്രാന്തം സുഖമാസീനം പപ്രച്ഛുഃ പര്യുപാഗതാഃ 5
പൃഷ്ടാശ്ചാനാമയം സ്വേഷു പ്രേമഗദ്ഗദയാ ഗിരാ
കൃഷ്ണേ കമലപത്രാക്ഷേ സംന്യസ്താഖിലരാധസഃ. 6

| | |
|---|---|
| ഗോപവൃദ്ധാൻ | പ്രായംകൂടിയ ഗോപന്മാരെ |
| വിധിവത് | മുറപ്രകാരം |
| (അഭിവാദ്യ) ച | അഭിവാദ്യംചെയ്തശേഷം |
| യവിഷ്ഠൈഃ | പ്രായംകുറഞ്ഞവരാൽ |
| അഭിവന്ദിതഃ | താനും വന്ദിതനായി. |
| അഥ | അതിൽപ്പിന്നെ |
| ആത്മനഃ | തന്റെ |
| യഥാവയഃ | പ്രായത്തിന്നനുസരിച്ചും, |
| യഥാസഖ്യം | സ്നേഹത്തിന്നനുസരിച്ചും, |
| യഥാസംബന്ധം | ചാർച്ചയ്ക്കനുസരിച്ചും |
| ഹാസ്യഹസ്ത-ഗ്രഹാദിഭിഃ | തമാശപറകോട്ടും കരഗ്രഹണത്തോടും മററുമായി |
| ഗോപാലാൻ | ഗോപാലന്മാരെ |

| | |
|---|---|
| സമർപ്പ്യ | ചെന്നുകണ്ട് |
| (ഉപവിവേശ) | വിശ്രമിച്ചു. |
| വിശ്രാന്തം | യാത്രാക്ഷീണം തീർത്തുകൊണ്ട് |
| സുഖം | സുഖമാകുംവണ്ണം |
| ആസീനം | ആസനസ്ഥനായ ബലരാമനെ |
| പര്യുപാഗതാഃ | ചുറ്റും വളഞ്ഞുകൊണ്ടു വന്നുനില്ക്കുന്നവരും, |
| കമലപത്രാക്ഷേ | താമരക്കണ്ണനായ |
| കൃഷ്ണേ | കൃഷ്ണനുവേണ്ടി |
| സന്ന്യസ്താഖിലരാധസഃ | പരിത്യജിക്കപ്പെട്ട സമസ്തവിഷയങ്ങളോടുകൂടിയവരും, |
| സ്വേഷു | ബന്ധുക്കളായ യാദവന്മാരെ അധികരിച്ച് |
| അനാമയം പൃഷ്ടാഃ ച | കുശലാന്വേഷണം ചെയ്തുകഴിഞ്ഞവരും ആയ ഗോപന്മാർ |
| പ്രേമഗദ്ഗദയാ | സ്നേഹപാരവശ്യത്താൽ ഇടറുന്ന |
| ഗിരാ | വാക്കുകൊണ്ട് |
| പപ്രച്ഛുഃ | ഇങ്ങനെ ചോദിച്ചു. |

കച്ചിന്നോ ബാന്ധവാ രാമ സർവ്വേ കുശലമാസതേ
കച്ചിത് സ്മരഥ നോ രാമ യൂയം ദാരസുതാന്വിതാഃ. 7

| | |
|---|---|
| രാമ നഃ | "രാമ! ഞങ്ങളുടെ |
| ബാന്ധവാഃ | ബന്ധുക്കൾ |
| സർവ്വേ | എല്ലാവരും |
| കുശലം | ക്ഷേമത്തോടെ |
| ആസതേ കച്ചിത് | ഇരിക്കുന്നില്ലേ? |
| രാമ | രാമ! |
| ദാരസുതാന്വിതാഃ | ഭാര്യമാരോടും മക്കളോടുംകൂടി കഴിയുന്ന |
| യൂയം നഃ | നിങ്ങൾ ഞങ്ങളെ |
| സ്മരഥ കച്ചിത് | ഓർക്കാറില്ലേ? |

ദിഷ്ട്യാ കംസോ ഹതഃ പാപോ ദിഷ്ട്യാ മുക്താഃ സുഹൃജ്ജനാഃ
നിഹത്യ നിർജ്ജിത്യ രിപൂൻ ദിഷ്ട്യാ ദുർഗ്ഗം സമാശ്രിതാഃ. 8

| | |
|---|---|
| പാപഃ കംസഃ | "ദുഷ്ടനായ കംസൻ |
| ഹതഃ | കൊല്ലപ്പെട്ടുവെന്നത് |
| ദിഷ്ട്യാ | സന്തോഷകരംതന്നെ. |
| സുഹൃജ്ജനാഃ | ഞങ്ങളുടെ ബന്ധുക്കൾ |
| മുക്താഃ | തടവിൽനിന്നു വിമുക്തരായി എന്നതും |
| ദിഷ്ട്യാ | സന്തോഷകരമാണ്. |
| രിപൂൻ നിഹത്യ | ശത്രുക്കളെ കൊന്നിട്ടും, |
| നിർജ്ജിത്യ | കീഴടക്കിട്ടും |
| ദുർഗ്ഗം | ദുർഗ്ഗമസ്ഥലമായ ദ്വാരകാപുരത്തിലേക്ക് |
| സമാശ്രിതാഃ | നിങ്ങൾ എത്തിച്ചേർന്നുവെന്നതും |
| ദിഷ്ട്യാ | സന്തോഷകരം" |

ഗോപ്യോ ഹസന്ത്യഃ പപ്രച്ഛൂ രാമസന്ദർശനാദൃതാഃ
കച്ചിദാസ്തേ സുഖം കൃഷ്ണഃ പുരസ്ത്രീജനവല്ലഭഃ.
കച്ചിത് സ്മരതി വാ ബന്ധൂൻ പിതരം മാതരം ച സഃ 9

| | |
|---|---|
| രാമസന്ദർശനാദൃതാഃ | ബലരാമന്റെ സന്ദർശനത്താൽ ആദരവുണ്ടായ |
| ഗോപ്യഃ | ഗോപികമാർ |
| ഹസന്ത്യഃ | ചിരിച്ചുകൊണ്ട് |
| പപ്രച്ഛുഃ | ചോദിച്ചു—" |
| പുരസ്ത്രീജനവല്ലഭഃ | 'പുരസ്ത്രീജനങ്ങളുടെ ഇഷ്ടനായിരിക്കുന്ന |
| കൃഷ്ണഃ | കൃഷ്ണൻ |
| സുഖം | സൌഖ്യമായിട്ട് |
| ആസ്തേ കച്ചിത് | ഇരിക്കുന്നുവോ? |

സഃ — അദ്ദേഹം
ബന്ധൂൻ — ബന്ധുക്കളേയും
പിതരം — അച്ഛനേയും,
മാതരം ച — അമ്മയേയും
സ്മരതി വാ / കച്ചിത് — വല്ലപ്പോഴും ഓൎമ്മിക്കാറുണ്ടോ ?

അപ്യസൌ മാതരം ദ്രഷ്ടും സകൃദപ്യാഗമിഷ്യതി
അപി വാ സ്മരതേഽസ്മാകമനുസേവാം മഹാഭുജഃ. 10

മഹാഭുജഃ — 'മഹാബാഹുവായ
അസൌ — അദ്ദേഹം
സകൃത് അപി — ഒരു പ്രാവശ്യമെങ്കിലും
മാതരം — തന്റെ അമ്മയെ
ദ്രഷ്ടും — കാണ്മാൻവേണ്ടി
അപി / ആഗമിഷ്യതി — ഇങ്ങോട്ട് ആഗമിക്കുമോ ?
അസ്മാകം — ഞങ്ങളുടെ
അനുസേവാം — പരിചയ്യയെക്കുറിച്ച്
അപി വാ / സ്മരതേ — എപ്പോഴെങ്കിലും ഓൎക്കാറുണ്ടോ ?

മാതരം പിതരം ഭ്രാതൄൻ പതീൻ പുത്രാൻ സ്വസൄരപി
യദൎത്ഥേ ജഹിമ ദാശാൎഹ ദുസ്ത്യജാൻ സ്വജനാൻ പ്രഭോ. 11
താ നഃ സദ്യഃ പരിത്യജ്യ ഗതഃ സംഛിന്നസൌഹൃദഃ
കഥം നു താദൃശം സ്ത്രീഭിൎന്ന ശ്രദ്ധീയേത ഭാഷിതം. 12

പ്രഭോ — 'ഹേ പ്രഭോ !
ദാശാൎഹ — ഹേ യാദവോത്തമ !
യദൎത്ഥേ — യാതൊരാളുടെ പ്രീതിക്കുവേണ്ടി
മാതരം — അമ്മയേയും,
പിതരം — അച്ഛനേയും,
ഭ്രാതൄൻ — സോദരന്മാരേയും,
സ്വസൄഃ — സോദരിമാരേയും,
പതീൻ — ഭൎത്താക്കന്മാരേയും,
പുത്രാൻ അപി — മക്കളെയും,
ദുസ്ത്യജാൻ — ഉപേക്ഷിച്ചുകൂടാത്ത
സ്വജനാൻ — മററു സ്വജനങ്ങളേയും
ജഹിമ — ഞങ്ങൾ ത്യജിച്ചു.
താഃ നഃ — അങ്ങനെയുള്ള ഞങ്ങളെ
സദ്യഃ — ഉടനടി
സംഛിന്ന- / സൌഹൃദഃ — അറുക്കപ്പെട്ട സ്നേഹബന്ധത്തോടുകൂടിയവനായിട്ട്
പരിത്യജ്യ ഗതഃ — വിട്ടേച്ചുപോയി !
താദൃശം ഭാഷിതം — അത്തരത്തിലുള്ള വചനം
സ്ത്രീഭിഃ — സ്ത്രീകളായ (പ്രകൃത്യാ മൂഢസ്വഭാവമുള്ള) ഞങ്ങളാൽ
കഥം നു — എങ്ങനെയാണ്
ന ശ്രദ്ധീയേത — വിശ്വസിക്കപ്പെടാതിരിക്കുക ?

നോട്ട് :— 'ന പാരയേഽഹം നിരവദ്യസംയുജാം' (അ. 32 ശ്ലോ. 22) ഇത്യാദി പേശലവചനങ്ങൾ കേട്ട് സ്ത്രീസ്വഭാവത്താൽ ഞങ്ങൾ കൃഷ്ണനെ വിശ്വസിച്ചു ; അതു തെററായി.—എന്നു സൂചന.

കഥം നു ഗൃഹ്ണന്ത്യനവസ്ഥിതാത്മനോ
വചഃ കൃതഘ്നസ്യ ബുധാഃ പുരസ്ത്രിയഃ
ഗൃഹ്ണന്തി വൈ ചിത്രകഥസ്യ സുന്ദര-
സ്മിതാവലോകോച്ഛ്വസിതസ്മരാതുരാഃ. 13

ബുധാഃ — നിപുണകളായ
പുരസ്ത്രിയഃ — പുരസ്ത്രീകൾ
അനവസ്ഥിതാ- / ത്മനഃ — വ്യവസ്ഥയില്ലാത്ത ഹൃദയത്തോടുകൂടിയ

| | | | |
|---|---|---|---|
| കൃതഘ്നസ്യ | ആ കൃതഘ്നന്റെ | സുന്ദരസ്മിതാവലോകോച്ഛ്വസിതസ്മരാതുരാഃ | മോഹനമായ മന്ദഹാസത്താലും, കടാക്ഷവീക്ഷണങ്ങളാലും ഉദ്ദീപിതമായ കാമത്താൽ പരവശകളായിത്തീർന്നിട്ട് |
| വചഃ | വാക്കിനെ | ഗൃഹ്ണന്തി വൈ | അവർ വിശ്വസിക്കുക തന്നെ ചെയ്യുന്നുണ്ടാകും! |
| കഥം നു | എങ്ങനെ | | |
| ഗൃഹ്ണന്തി | വിശ്വസിക്കുന്നു ? | | |
| ചിത്രകഥസ്യ | പലതരം കഥകൾ കെട്ടിച്ചമച്ചു പറയുവാൻ മിടുക്കുള്ള അദ്ദേഹത്തിന്റെ | | |

കിം നസ്തത്കഥയാ ഗോപ്യഃ കഥാഃ കഥയതാപരാഃ
യാത്യസ്മാഭിർവിനാ കാലോ യദി തസ്യ തഥൈവ നഃ. 14

| | | | |
|---|---|---|---|
| ഗോപ്യഃ | " ഗോപികമാരേ ! | തസ്യ | അദ്ദേഹത്തിന്ന് |
| തത്കഥയാ | അദ്ദേഹത്തിന്റെ വർത്തമാനംകൊണ്ട് | അസ്മാഭിഃ വിനാ | നമ്മളില്ലാതെ |
| നഃ കിം | നമുക്കെന്തുകാര്യം ? | കാലഃ യാതി യദി | കാലം നീങ്ങിപ്പോകുമെങ്കിൽ |
| അപരാഃ കഥാഃ | മററു വല്ല വാർത്തകളും | നഃ | നമുക്കും |
| കഥയത | പറഞ്ഞുകൊള്ളുവിൻ ! | തഥാ ഏവ | അങ്ങനെതന്നെ." |

നോട്ട് :— കൃഷ്ണപ്രേയസികളായ ഗോപികമാർ ബലരാമന്റെ അടുത്തുവന്ന് ബലരാമനോടായും, തമ്മിൽത്തമ്മിലായും പറഞ്ഞ വാക്യങ്ങളാണ് ഇവ. നിഷ്കാമപ്രേമത്തിന്റെ പരമകാഷ്ഠയിലെത്തിയ ഒരു ഗോപിക പ്രേമനൈരാശ്യം മൂത്തവളെന്നപോലെ പറയുന്ന വാക്കാണ് ഒടുവിൽ ഈ പദ്യത്തിൽ പ്രകാശിപ്പിച്ചത്. 'നമ്മളില്ലാതെ കൃഷ്ണന്റെ കാലം സുഖത്തോടെ നീങ്ങുന്നുണ്ടെങ്കിൽ. കൃഷ്ണനില്ലാതെ നമ്മുടെ കാലവും, ദുഃഖത്തോടെയാണെങ്കിലും, നീങ്ങുകതന്നെ വേണം. കൃഷ്ണന്റെ ഹിതം തന്നെ നമ്മുടേയും ഹിതം ' എന്നു സാരം.

ഇതി പ്രഹസിതം ശൌരേർജ്ജല്പിതം ചാരു വീക്ഷിതം
ഗതിം പ്രേമപരിഷ്വംഗം സ്മരന്ത്യോ രുരുദുഃ സ്ത്രിയഃ. 15

| | | | |
|---|---|---|---|
| ഇതി | ഈവിധം പലതും പറഞ്ഞുകൊണ്ട്, | വീക്ഷിതം | നോട്ടത്തേയും, |
| ശൌരേഃ | ശ്രീകൃഷ്ണന്റെ | ഗതിം | നടത്തത്തേയും, |
| പ്രഹസിതം | പുഞ്ചിരിയേയും, | പ്രേമപരിഷ്വംഗം | പ്രേമം ചേർന്നുള്ള ഗാഢാലിംഗനത്തേയും |
| ജല്പിതം | ചാടുവാക്യത്തേയും, | സ്മരന്ത്യഃ | ഓർത്തുകൊണ്ട് |
| ചാരു | മനോഹരമായ | സ്ത്രിയഃ രുരുദുഃ | ഗോപസ്ത്രീകൾ കരഞ്ഞു. |

സങ്കർഷണസ്താഃ കൃഷ്ണസ്യ സന്ദേശൈർഹൃദയംഗമൈഃ
സാന്ത്വയാമാസ ഭഗവാൻ നാനാനുനയകോവിദഃ. 16

| | | | |
|---|---|---|---|
| സങ്കർഷണഃ | ശ്രീബലഭദ്രൻ | സാന്ത്വയാമാസ | സമാധാനിപ്പിച്ചു. |
| ഹൃദയംഗമൈഃ | ഹൃദയാകർഷങ്ങളായ | ഭഗവാൻ | സർവ്വവിജ്ഞാനനിധിയായ അവിടുന്ന് |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ | നാനാനുനയകോവിദഃ | പലതരത്തിലുള്ള അനുനയവിദ്യകളിലും നിപുണനാണല്ലോ. |
| സന്ദേശൈഃ | സന്ദേശവാക്കുകൾകൊണ്ട് | | |
| താഃ | ആ ഗോപികമാരെ | | |

ദ്വൌ മാസൌ തത്ര ചാവാത്സീന്മധും മാധവമേവ ച
രാമഃ ക്ഷപാസു ഭഗവാൻ ഗോപീനാം രതിമാവഹൻ. 17

| | | | |
|---|---|---|---|
| ഭഗവാൻ | ഭഗവാനായ | മധും ഏവ | ചൈത്രം, വൈശാഖം |
| രാമഃ | ശ്രീബലരാമൻ | മാധവം ച | എന്നീ രണ്ടു വസന്ത |
| ക്ഷപാസു | രാത്രികാലങ്ങളിൽ | ദ്വൌ മാസൌ | കാലമാസങ്ങളോളം മുഴു |
| ഗോപീനാം | ഗോപികമാൎക്ക് | | വനും |
| രതിം | രതിസുഖത്തെ | തത്ര ച | അവിടെത്തന്നെ |
| ആവഹൻ | ഉളവാക്കിക്കൊണ്ട്, | അവാത്സീത് | താമസിച്ചു. |

നോട്ട്:—'ബലരാമൻ മുമ്പുതന്നെ തൻെറ പ്രേയസികളായിരുന്ന പ്രത്യേകം ഗോപികമാരോടുകൂടി രാത്രികാലങ്ങളിൽ വിഹരിച്ചുകൊണ്ട് ഗോകുലത്തിൽ താമസിച്ചു' എന്നു മാത്രമാണ് ഇവിടെയുള്ള ആശയം. അല്ലാതെ, 'കൃഷ്ണപ്രേയസികളായ ഗോപികമാരോടുകൂടി' എന്നുള്ള അനുചിതാൎത്ഥം തോന്നിപ്പോകരുത്.

'കദാചിദഥ ഗോവിന്ദോ രാമശ്ചാദ്ഭുതവിക്രമഃ
വിജഹ്രതുർവ്വനേ രാത്ര്യാം മദ്ധ്യഗൌ വ്രജയോഷിതാം' (അ. 34. ശ്ലോ 21)

എന്ന പദ്യംകൊണ്ട് ഗോപികളിൽ ചിലർ രാമപ്രേയസികളായിരുന്നുവെന്ന് ശ്രീശുകൻ ഉപദേശിച്ചുകഴിഞ്ഞതാണ്.

പൂർണ്ണചന്ദ്രകലാമൃഷ്ടേ കൌമുദീഗന്ധവായുനാ
യമുനോപവനേ രേമേ സേവിതേ സ്ത്രീഗണൈർവൃതഃ. 18

| | | | |
|---|---|---|---|
| പൂർണ്ണചന്ദ്ര- | പൂർണ്ണചന്ദ്രൻെറ കിരണ | യമുനോ- | യമുനാതീരത്തിലുള്ള |
| കലാമൃഷ്ടേ | ങ്ങളാൽ തഴുകപ്പെട്ടതും, | പവനേ | ഉപവനത്തിൽ |
| കൌമുദീ- | ആമ്പൽപ്പൂമണമേന്തിയ | സ്ത്രീഗണൈഃ | സ്ത്രീജനങ്ങളാൽ |
| ഗന്ധവായുനാ | മന്ദമാരുതനാൽ | | |
| സേവിതേ | സേവിതമായിരിക്കു | വൃതഃ | പരിവൃതനായിട്ട് |
| | ന്നതും ആയ | രേമേ | രമിച്ചു. |

വരുണപ്രേഷിതാ ദേവീ വാരുണീ വൃക്ഷകോടരാത്
പതന്തീ തദ്വനം സർവ്വം സ്വഗന്ധേനാദ്ധ്യവാസയത്. 19

| | | | |
|---|---|---|---|
| വരുണ- | വരുണഭഗവാനാൽ | | പൊത്തിൽനിന്ന് |
| പ്രേഷിതാ | പറഞ്ഞയക്കപ്പെട്ട | പതന്തീ | താഴോട്ടൊഴുകിക്കൊണ്ട് |
| ദേവീ | മദ്യത്തിൻെറ അധിഷ്ഠാന | തദ് വനം | ആ വനത്തെ |
| | ദേവിയായ | സർവ്വം | മുഴുവനും |
| വാരുണീ | വാരുണിയെന്ന ദിവ്യമദിര | സ്വഗന്ധേന | തൻെറ നറുമണത്താൽ |
| വൃക്ഷകോടരാത് | ഒരു മരത്തിൻെറ | അദ്ധ്യവാസയത് | വാസനിപ്പിച്ചു. |

തം ഗന്ധം മധുധാരായാ വായുനോപഹൃതം ബലഃ
ആഘ്രായോപഗതസ്തത്ര ലലനാഭിഃ സമം പപൌ. 20

| | | | |
|---|---|---|---|
| വായുനാ | കാററിനാൽ | തത്ര | അതിങ്കലേക്കു് |
| ഉപഹൃതം | അടിച്ചുകൊണ്ടുവരപ്പെട്ട | ഉപഗതഃ | എത്തിയ |
| മധുധാരായാഃ | മധുധാരയുടെ | ബലഃ | ബലരാമൻ |
| തം | ആ | ലലനാഭിഃ സമം | സുന്ദരിമാരായ ഗോപകാമിനിമാരോടുകൂടി |
| ഗന്ധം | പരിമളത്തെ | പപൌ | (അതിനെ) പാനംചെയ്തു. |
| ആഘ്രായ | മണത്തു് | | |

ഉപഗീയമാനചരിതോ വനിതാഭിർഹലായുധഃ
വനേഷു വ്യചരത് ക്ഷീബോ മദവിഹ്വലലോചനഃ. 21
സ്രഗ്വ്യേകകുണ്ഡലോ മത്തോ വൈജയന്ത്യാ ച മാലയാ
ബിഭ്രത് സ്മിതമുഖാംഭോജം സ്വേദപ്രാലേയഭൂഷിതം. 22

| | | | |
|---|---|---|---|
| ഉപഗീയമാന-ചരിതഃ | (ആകാശചാരികളാൽ) പാടിപ്പുകഴ്ത്തപ്പെടുന്ന സ്വചരിതത്തോടുകൂടിയവനും, | സ്വേദപ്രാലേയ-ഭൂഷിതം | വിയർപ്പുതുള്ളികളാവുന്ന ഹിമകണങ്ങളാൽ അലങ്കൃതമായുള്ള |
| ക്ഷീബഃ | മദ്യലഹരിപിടിച്ചവനും, | സ്മിത-മുഖാംഭോജം | പുഞ്ചിരിതഞ്ചുന്ന മുഖകമലത്തെ |
| മദവിഹ്വല-ലോചനഃ | മദ്യലഹരിനിമിത്തം ചുഴലുന്ന കണ്ണുകളോടുകൂടിയവനും, | ബിഭ്രത് | പൂണ്ടിരിക്കുന്നവനും ആയ |
| സ്രഗ്വീ | പൂമാലയണിഞ്ഞവനും, | ഹലായുധഃ | ശ്രീബലഭദ്രൻ |
| ഏകകുണ്ഡലഃ | ഒററക്കുണ്ഡലം ചാർത്തിയവനും, | മത്തഃ | മദിച്ചുകൊണ്ടു് |
| വൈജയന്ത്യാ മാലയാ ച | അടിയോളം ഇഴഞ്ഞുകിടക്കുന്ന നവരത്നഗ്രഥിതമായ വിശിഷ്ടമാല്യത്തോടുകൂടിയവനും, | വനിതാഭിഃ | സ്ത്രീകളോടുകൂടി |
| | | വനേഷു | വനങ്ങളിൽ |
| | | വ്യചരത് | ചുററിനടന്നു. |

സ ആജുഹാവ യമുനാം ജലക്രീഡാർത്ഥമീശ്വരഃ
നിജം വാക്യമനാദൃത്യ മത്ത ഇത്യാപഗാം ബലഃ.
അനാഗതാം ഹലാഗ്രേണ കുപിതോ വിചകർഷ ഹ. 23

| | | | |
|---|---|---|---|
| ഈശ്വരഃ | ലോകരക്ഷിതാവായ | നിജം വാക്യം | തന്റെ വചനത്തെ |
| സഃ ബലഃ | ആ ബലദേവൻ | അനാദൃത്യ | നിരസിച്ചു് |
| ജലക്രീഡാർത്ഥം | ജലക്രീഡയ്ക്കുവേണ്ടി | അനാഗതാം | വരാതെയിരുന്ന |
| യമുനാം | യമുനാനദിയെ | ആപഗാം | ആ നദിയെ |
| ആജുഹാവ | അടുക്കലേക്കു വിളിച്ചു. | കുപിതഃ | ക്രുദ്ധനായിട്ടു് |
| മത്തഃ ഇതി | 'മദ്യപിച്ചു ലഹരിപിടിച്ചവനാണെ'ന്നു കരുതി, | ഹലാഗ്രേണ | കലപ്പത്തലപ്പുകൊണ്ടു് |
| | | വിചകർഷ ഹ | കത്തിവലിച്ചു; ആഹാ! |

നോട്ട് :— കളിന്ദിയുടെ നദീരൂപമായ മൂർത്തിഭേദമാണ് ഈ യമുന. ദേവതാസ്വരൂപിണിയായ കാളിന്ദിയെയാണ് ശ്രീകൃഷ്ണൻ പാണിഗ്രഹണം ചെയ്തതു്.

'പാപേ ത്വം മാമവജ്ഞായ യന്നായാസി മയാഽഽഹൂതാ
നേഷ്യേ ത്വാം ലാംഗലാഗ്രേണ ശതധാ കാമചാരിണീം. 24

| | | | |
|---|---|---|---|
| പാപേ | "എടീ ദുഷ്ടേ! | കാമചാരിണീം | തന്നിഷ്ടംപോലെ നടക്കുന്ന |
| മയാ | എന്നാൽ | ത്വാം | നിന്നെ |
| ആഹൂതാ ത്വം | വിളിക്കപ്പെട്ട നീ | ലാംഗലാഗ്രേണ | കലപ്പയുടെ തലപ്പുകൊണ്ട് |
| മാം | എന്നെ | ശതധാ | നൂറുവഴിക്കായി |
| അവജ്ഞായ | അനാദരിച്ച് | നേഷ്യേ | തിരിച്ചുവിടുന്നുണ്ട്" |
| യത് | എന്തുകൊണ്ട് | | |
| ന ആയാസി | അരികിൽ വരുന്നില്ലയോ, അതിനാൽ | | |

ഏവം നിർഭർത്സിതാ ഭീതാ യമുനാ യദുനന്ദനം
ഉവാച ചകിതാ വാചം പതിതാ പാദയോർനൃപ. 25

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ചകിതാ | കിടുകിടവിറച്ചുകൊണ്ട് |
| ഏവം | ഇപ്രകാരം | പാദയോഃ | തൃപ്പാദങ്ങളിൽ |
| നിർഭർത്സിതാ | അധിക്ഷേപിക്കപ്പെട്ട് | പതിതാ | വന്നുവീണ് |
| ഭീതാ | ഭയപ്പെട്ടുപോയ | യദുനന്ദനം | ബലരാമനോട് |
| യമുനാ | യമുനാനദി | വാചം | ഈവിധം വാക്ക് |
| | | ഉവാച | ഉണർത്തിച്ചു. |

രാമ രാമ മഹാബാഹോ ന ജാനേ തവ വിക്രമം
യസ്യൈകാംശേന വിധൃതാ ജഗതീ ജഗതഃ പതേ. 26

| | | | |
|---|---|---|---|
| രാമ രാമ | "ഹേ രാമ! ഹേ രാമ! | വിധൃതാ | ധരിക്കപ്പെടുന്നത്, |
| മഹാബാഹോ | ഹേ മഹാഭുജ! | തവ | ആ അനന്തമൂർത്തിയായ നിന്തിരുവടിയുടെ |
| ജഗതഃ പതേ | ലോകനായക! | വിക്രമം | പ്രഭാവത്തെ |
| യസ്യ | യാതൊരാളുടെ | ന ജാനേ | ഞാൻ അറിയാതിരിക്കയായിരുന്നു. |
| ഏകാംശേന | ഒരംശത്താലാണോ | | |
| ജഗതീ | ഈ ലോകം | | |

പരം ഭാവം ഭഗവതോ ഭഗവൻ മാമജാനതീം
മോക്തുമർഹസി വിശ്വാത്മൻ പ്രപന്നാം ഭക്തവത്സല. 27

| | | | |
|---|---|---|---|
| ഭഗവൻ | "ഭഗവാനേ! | പരം ഭാവം | സങ്കർഷണാത്മകമായ വിശിഷ്ടഭാവത്തെ |
| വിശ്വാത്മൻ | വിശ്വമൂർത്തേ! | അജാനതീം | അറിഞ്ഞിടാത്തവളും, |
| ഭക്തവത്സല | ഭക്തകാരുണിക! | പ്രപന്നാം | ശരണംപ്രാപിച്ചവളും ആയ |
| ഭഗവതഃ | ഐശ്വര്യാദിഷഡ്ഗുണോപേതനായ നിന്തിരുവടിയുടെ | മാം | എന്നെ |
| | | മോക്തും അർഹസി | വിട്ടയക്കുവാൻ തിരുവുള്ളമുണ്ടാകണേ!" |

തതോ വ്യമുഞ്ചദ്യമുനാം യാചിതോ ഭഗവാൻ ബലഃ
വിജഗാഹ ' ജലം സ്ത്രീഭിഃ കരേണുഭിരിവേഭരാട്' 28

| | | | |
|---|---|---|---|
| യാചിതഃ | ഈവിധം അപേക്ഷിക്കപ്പെട്ട | തതഃ | അനന്തരം |
| ഭഗവാൻ | ഭഗവാനായ | കരേണുഭിഃ | പിടിയാനകളോടൊപ്പം |
| ബലഃ | ബലദേവൻ | ഇഭരാട് ഇവ | ഗജരാജനെന്നപോലെ |
| യമുനാം | യമുനയെ | സ്ത്രീഭിഃ | സ്ത്രീകളോടുകൂടെ |
| വ്യമുഞ്ചത് | വിട്ടയച്ചു. | ജലം | ജലത്തിലേക്ക് |
| | | വിജഗാഹ | ഇറങ്ങി. |

കാമം വിഹൃത്യ സലിലാദുത്തീർണ്ണായാസിതാംബരേ
ഭൂഷണാനി മഹാർഹാണി ദദൗ കാന്തിഃ ശുഭാം സ്രജം. 29

| | | | |
|---|---|---|---|
| കാമം | ഇഷ്ടംപോലെ | അസിതാംബരേ | രണ്ടു നീലപ്പട്ടാടകളും, |
| വിഹൃത്യ | ക്രീഡിച്ചശേഷം | മഹാർഹാണി | അനർഘങ്ങളായ |
| സലിലാത് | ജലത്തിൽനിന്ന് | ഭൂഷണാനി | ഭൂഷണങ്ങളും, |
| ഉത്തീർണ്ണായ | കരയേറിവന്ന ബലഭദ്രക്ക് | ശുഭാം | ശോഭനമായുള്ള |
| കാന്തിഃ | കാന്തിസ്വരൂപിണിയായ ശ്രീമഹാലക്ഷ്മി | സ്രജം ദദൗ | പൂമാലയും നല്കി. |

വസിത്വാ വാസസീ നീലേ മാലാമാമുച്യ കാഞ്ചനീം
രേജേ സ്വലങ്കൃതോ ലിപ്തോ മാഹേന്ദ്ര ഇവ വാരണഃ. 30

| | | | |
|---|---|---|---|
| നീലേ | നീലവർണ്ണമുള്ള | സ്വലംകൃതഃ | ഭംഗിയിൽ അലംകൃതനായും, |
| വാസസീ | വസ്ത്രങ്ങളെ | ലിപ്തഃ | കളഭം ചാർത്തിയവനുമായ ബലദേവൻ |
| വസിത്വാ | ധരിച്ച്, | | |
| കാഞ്ചനീം | പൊൻമയമായ | മാഹേന്ദ്രഃ | ദേവേന്ദ്രന്റേതായ |
| മാലാം | മാലയെ | വാരണഃ ഇവ | വെള്ളാനയെപ്പോലെ |
| ആമുച്യ | കഴുത്തിലണിഞ്ഞ്, | രേജേ | വിളങ്ങി |

അദ്യാപി ദൃശ്യതേ രാജൻ യമുനാഽഽകൃഷ്ടവർത്മനാ
ബലസ്യാനന്തവീര്യസ്യ വീര്യം സൂചയതീവ ഹി. 31

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | അനന്തവീര്യസ്യ | അനന്തപരാക്രമനായ |
| ആകൃഷ്ട-വർത്മനാ | കലപ്പകൊണ്ട് ഊന്നി വലിക്കപ്പെട്ട മാർഗ്ഗത്തിലൂടെ ഒഴുകിപ്പോകുന്ന | ബലസ്യ | ബലദേവന്റെ |
| | | വീര്യം | വീരകൃത്യത്തെ |
| | | സൂചയതി ഇവ | വെളിവാക്കുകയാണോ എന്നു തോന്നുംവിധം |
| യമുനാ | യമുനാനദി | | |
| അദ്യ അപി | ഇപ്പോഴുംകൂടി | ദൃശ്യതേ ഹി | കാണപ്പെടുന്നുപോൽ. |

ഏവം സർവ്വാ നിശാ യാതാ ഏകേവ രമതോ വ്രജേ
രാമസ്യാക്ഷിപ്തചിത്തസ്യ മാധുര്യൈർവ്രജയോഷിതാം. 32

| | | | |
|---|---|---|---|
| വ്രജയോഷിതാം | ഗോകുലനാരിമാരുടെ | ആക്ഷിപ്ത-ചിത്തസ്യ | ആകൃഷ്ടമായ ചിത്തത്തോടുകൂടിയവനായി രമിച്ച. |
| മാധുര്യൈഃ | മധുരഭാവങ്ങളാൽ | | |

| | | | |
|---|---|---|---|
| രാമസ്യ | ശ്രീബലരാമൻ | സർവ്വാഃ നിശാഃ | എല്ലാ രാത്രികളും |
| വ്രജേ | ഗോകുലത്തിൽ | ഏകാ ഇവ | ഒററരാത്രിപോലെ |
| ഏവം | ഇപ്രകാരം | യാതാഃ | കഴിഞ്ഞുപോയി. |
| രമതഃ | രമിച്ചുകൊണ്ടിരിക്കെ, | | |

ഇതി ശ്രീമത് ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ ബലദേവവിജയേ യമുനാകർഷണം നാമ പഞ്ചഷഷ്ടിതമോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2789.

## ഷട്ഷഷ്ടിതമോഽദ്ധ്യായഃ=അറുപത്താറാമദ്ധ്യായം.

[ഷട്യുക്ഷഷ്ടിതമേ കാശീം ഗത്വാഽഹൻ പൌണ്ഡ്രകം ഹരിഃ
തന്മിത്രം ച തതോ വൃത്തം സുദക്ഷിണവധാദികം.]

(പൌണ്ഡ്റകവധവും, സുദക്ഷിണവധവും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

നന്ദവ്രജം ഗതേ രാമേ കരൂഷാധിപതിർന്നൃപ
വാസുദേവോഽഹമിത്യജ്ഞോ ദൂതം കൃഷ്ണായ പ്രാഹിണോത്. 1

| | | | |
|---|---|---|---|
| നൃപ | രാജാവേ! | വാസുദേവഃ | ‘വാസുദേവൻ |
| രാമേ | ശ്രീബലരാമൻ | അഹം ഇതി | ഞാനാകുന്നു’ എന്നറിയിച്ചുകൊണ്ടു് |
| നന്ദവ്രജം | നന്ദഗോകുലത്തിലേക്കു് | കൃഷ്ണായ | ശ്രീകൃഷ്ണന്നു് |
| ഗതേ | പോയസന്ദർഭത്തിൽ, | ദൂതം | ഒരു ദൂതനെ |
| അജ്ഞഃ | അതിമൂഢനായ | പ്രാഹിണോത് | അയയ്ക്കുകയുണ്ടായി. |
| കരൂഷാധിപതിഃ | കരൂഷദേശാധിപൻ (പൌണ്ഡ്റകൻ | | |

ത്വം വാസുദേവോ ഭഗവാനവതീർണ്ണോ ജഗത്പതിഃ
ഇതി പ്രസ്തോഭിതോ ബാലൈർമ്മേന ആത്മാനമച്യുതം. 2

| | | | |
|---|---|---|---|
| ജഗത്പതിഃ | ‘ലോകരക്ഷിതാവും | ബാലൈഃ | ചില മൂഢജനങ്ങളാൽ |
| ഭഗവാൻ | ഭഗവാനുമായ | പ്രസ്തോഭിതഃ | ഊററം കയററപ്പെട്ട അവൻ |
| വാസുദേവഃ | ശ്രീവാസുദേവനായിട്ടു് | ആത്മാനം | തന്നെ |
| അവതീർണ്ണഃ | അവതരിച്ച ആളും | അച്യുതം | വിഷ്ണുഭഗവാനെന്നു് |
| ത്വം | താങ്കൾതന്നെ ’ | മേനേ | കരുതിപ്പോന്നു. |
| ഇതി | ഇത്തരം സ്തുതിവാക്കുകൊണ്ടു് | | |

ദൂതം ച പ്രാഹിണോന്മന്ദഃ കൃഷ്ണായാവ്യക്തവർത്മനേ
ദ്വാരകായാം യഥാ ബാലോ നൃപോ ബാലകൃതോഽബുധഃ. 3

| | | | |
|---|---|---|---|
| അബുധഃ | ബുദ്ധിയുറയ്ക്കാത്ത | മന്ദഃ | ആ മന്ദബുദ്ധി, |
| ബാലഃ | ഒരു കുട്ടി | ദ്വാരകായാം | ദ്വാരാവതിയിൽ |
| ബാലകൃതഃ നൃപഃ യഥാ | അതേതരത്തിലുള്ള മററു കുട്ടികളാൽ കളിയിൽ രാജാവാക്കപ്പെട്ട് താൻ രാജാവെന്നു നടിക്കുന്നപോലെ, മൂഢന്മാരുടെ വാക്കാൽ താൻ വാസുദേവനാണെന്ന് ഭാവിച്ച | അവ്യക്തവർത്മനേ | അസ്പഷ്ടചര്യനായിരിക്കുന്ന |
| | | കൃഷ്ണായ | ശ്രീകൃഷ്ണന്ന് |
| | | ദൂതം ച | ഒരു ദൂതനേയും |
| | | പ്രാഹിണോത് | പറഞ്ഞയച്ചു. |

ദൂതസ്തു ദ്വാരകാമേത്യ സഭായാമാസ്ഥിതം പ്രഭും
കൃഷ്ണം കമലപത്രാക്ഷം രാജസന്ദേശമബ്രവീത്. 4

| | | | |
|---|---|---|---|
| ദൂതഃ തു | ദൂതനാകട്ടെ | പ്രഭും | സർവ്വശക്തനും, |
| ദ്വാരകാം | ദ്വാരകയിലേക്ക് | കമലപത്രാക്ഷം | ചെന്താമരക്കണ്ണനുമായ |
| ഏത്യ | ചെന്നിട്ട് | കൃഷ്ണം | ശ്രീകൃഷ്ണഭഗവാനോട് |
| സഭായാം | രാജസഭയിൽ | രാജസന്ദേശം | പൌണ്ഡ്റകരാജാവിന്റെ സന്ദേശത്തെ |
| ആസ്ഥിതം | ഇരുന്നരുളുന്ന | അബ്രവീത് | പറഞ്ഞറിയിച്ചു |

വാസുദേവോഽവതീർണ്ണോഽഹമേക ഏവ ന ചാപരഃ
ഭൂതാനാമനുകമ്പാർത്ഥം ത്വം തു മിഥ്യാഭിധാം ത്യജ. 5

| | | | |
|---|---|---|---|
| ഭൂതാനാം | "സർവ്വപ്രാണികളുടേയും | അപരഃ ച | മറെറാരുവനും |
| അനുകമ്പാർത്ഥം | അനുഗ്രഹത്തിന്നായി | ന | അങ്ങനെയില്ല. |
| വാസുദേവഃ | ശ്രീവാസുദേവനായിട്ട് | ത്വം തു | നീ ഉടനെ |
| അവതീർണ്ണഃ | അവതരിച്ചിരിക്കുന്നത് | മിഥ്യാഭിധാം | കള്ളപ്പേരിനെ |
| അഹം ഏകഃ | ഞാൻ ഒരുവൻ | ത്യജ | കളഞ്ഞുകൊള്ളണം. |
| ഏവ | മാത്രമാണ് | | |

യാനി ത്വമസ്മച്ചിഹ്നാനി മൌഢ്യാത് ബിഭർഷി സാത്വത
ത്യക്ത്വൈഹി മാം ത്വം ശരണം നോ ചേത് ദേഹി മമാഹവം. 6

| | | | |
|---|---|---|---|
| സാത്വത | "എടോ യാദവ! | ത്യക്ത്വാ | അതെല്ലാം കളഞ്ഞ് |
| യാനി | ഏതെല്ലാം | മാം ത്വം | എന്നെ നീ |
| അസ്മച്ചിഹ്നാനി | നമുക്കുചേർന്ന ചിഹ്നങ്ങളെ | ശരണം ഏഹി | ശരണം പ്രാപിക്കുക. |
| മൌഢ്യാത് | ഭോഷത്തംകൊണ്ട് | നോ ചേത് | അല്ലാത്തപക്ഷം |
| ത്വം ബിഭർഷി | നീ ചുമന്നുനടക്കുന്നുവോ, | മമ ആഹവം ദേഹി | എന്നോടു യുദ്ധം ചെയ്തുകൊള്ളുക." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

കത്ഥനം തദുപാകർണ്ണ്യ പൌണ്ഡ്രകസ്യാല്പമേധസഃ
ഉഗ്രസേനാദയഃ സഭ്യാ ഉച്ചകൈർജ്ജഹസുസ്തദാ. 7

| | | | |
|---|---|---|---|
| അല്പമേധസഃ | അല്പപ്രജ്ഞനായ | തത് കത്ഥനം | ആ ഊററം പറയൽ |
| പൌണ്ഡ്റകസ്യ | പൌണ്ഡ്റകന്റെ | ഉപാകർണ്ണ്യ | കേട്ടിട്ട് |

| | | | |
|---|---|---|---|
| തദാ | അപ്പോൾ | ഉഗ്രസേനാദയഃ | ഉഗ്രസേനാദികൾ |
| സഭ്യാഃ | രാജസദസ്സിലുള്ളവരായ | ഉച്ചൈഃ ജഹസുഃ | ഉറക്കെ ചിരിച്ചു. |

ഉവാച ദൂതം ഭഗവാൻ പരിഹാസകഥാമനു
ഉത്സ്രക്ഷ്യേ മൂഢ ചിഹ്നാനി യൈസ്ത്വമേവം വികത്ഥസേ. 8

| | | | |
|---|---|---|---|
| പരിഹാസ- കഥാം അനു | പരിഹാസപ്രസ്താവം അതു കഴിഞ്ഞതിനുശേഷം | ത്വം ഏവം | നീ ഇപ്രകാരം |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | വികത്ഥസേ | ഉള്ളപറയുന്നുവോ, (അവരിലേക്കം നിന്നി ലേഖമായി) |
| ദൂതം | ദൂതനോട് | | |
| ഉവാച | പറഞ്ഞു — | ചിഹ്നാനി | ചക്രഗദാദികളായ എന്റെ ചിഹ്നങ്ങളെ |
| മൂഢ | "എടോ വിഡ്ഢി! | | |
| യൈഃ | യാവചിലതോടുകൂടി | ഉത്സ്രക്ഷ്യേ | ഞാൻ കൈവിട്ടുകൊള്ളാം. |

മുഖം തദപിധായാജ്ഞ കങ്കഗൃധ്രവടൈർവൃതഃ
ശയിഷ്യസേ ഹതസ്തത്ര ഭവിതാ ശരണം ശുനാം. 9

| | | | |
|---|---|---|---|
| അജ്ഞ | "അറിവുകെട്ടവനേ! | വൃതഃ | ചൂഴപ്പെട്ടുകൊണ്ട് |
| തത് മുഖം | യാതൊരു വായകൊണ്ട് ഈ വിധം പുലമ്പിയോ ആ വായയെ | ഹതഃ | എന്നാൽ വധിക്കപ്പെട്ട |
| | | ശയിഷ്യസേ | നീ ശയിക്കുന്നതാണ്; |
| | | തത്ര | അപ്പോൾ, അവിടെ |
| അപിധായ | മൂടിയിട്ട് | ശുനാം | ശ്വാക്കൾക്ക് |
| കങ്കഗൃധ്രവടൈഃ | പരുന്തുകളും, കഴുകളും മററുമായ പക്ഷികളാൽ | ശരണം | ശരണമായിട്ട് |
| | | ഭവിതാ | നീ ഭവിച്ചുകൊള്ളും." |

ഇതി ദൂതസ്തദാക്ഷേപം സ്വാമിനേ സർവ്വമാഹരത്
കൃഷ്ണോഽപി രഥമാസ്ഥായ കാശീമുപജഗാമ ഹ. 10

| | | | |
|---|---|---|---|
| ദൂതഃ | പൌണ്ഡ്റകന്റെ ദൂതൻ | ആഹരത് | കൊണ്ടുകൊടുത്തു. |
| ഇതി | ഈ വിധത്തിലുള്ള | കൃഷ്ണഃ അപി | ശ്രീകൃഷ്ണനും |
| തദാക്ഷേപം | അവിടുത്തെ ആക്ഷേപവാക്യത്തെ | രഥം ആസ്ഥായ | തേരിൽ കയറി, |
| | | കാശീം | കാശീനഗരത്തിലേക്ക് |
| സർവ്വം | മുഴുവനും | ഉപജഗാമ | പോയി. |
| സ്വാമിനേ | തന്റെ പ്രഭുവിന് | ഹ | അത്ഭുതം നോക്കുക! |

നോട്ട് :— പൌണ്ഡ്റകന്റെ രാജ്യമായ കരൂഷം കാശിക്ക് അടുത്തുള്ളതാണ്. കാശിരാജാവ് പൌണ്ഡ്റകന്റെ ബന്ധുവുമാണ്. അതിനാൽ കാശിയിലേക്കുള്ള ഭഗവാന്റെ പ്രയാണം പൌണ്ഡ്റകനും, അവന്റെ ബന്ധുവിനും ഒന്നിച്ച് മോക്ഷം കൊടുപ്പാനുള്ളതാകുന്നു.

പൌണ്ഡ്രകോഽപി തദുദ്യോഗമുപലഭ്യ മഹാരഥഃ
അക്ഷൌഹിണീഭ്യാം സംയുക്തോ നിശ്ചക്രാമ പുരാദ് ദ്രുതം. 11

| | | | |
|---|---|---|---|
| മഹാരഥഃ | മഹാരഥനായ | അക്ഷൌഹിണീഭ്യാം സംയുക്തഃ | രണ്ട് അക്ഷൌഹിണി സേനകളോടുകൂടിയവനായിട്ട് |
| പൌണ്ഡ്രകഃ അപി | പൌണ്ഡ്രകനാകട്ടെ | ദ്രുതം | അതിവേഗം |
| തദുദ്യോഗം | ഭഗവാന്റെ ഉദ്യമത്തെ | പുരാത് | പുരത്തിൽനിന്നു |
| ഉപലഭ്യ | അറിഞ്ഞ് | നിശ്ചക്രാമ | പുറത്തിറങ്ങി. |

തസ്യ കാശിപതിർമ്മിത്രം പാർഷ്ണിഗ്രാഹോഽന്വയാന്നൃപ
അക്ഷൌഹിണീഭിസ്തിസൃഭിരപശ്യത് പൌണ്ഡ്രകം ഹരിഃ. 12
ശംഖാര്യസിഗദാശാർങ്ഗശ്രീവത്സാദ്യുപലക്ഷിതം
ബിഭ്രാണം കൌസ്തുഭമണിം വനമാലാവിഭൂഷിതം 13
കൌശേയവാസസീ പീതേ വസാനം ഗരുഡധ്വജം
അമൂല്യമൌല്യാഭരണം സ്ഫുരന്മകരകുണ്ഡലം 14

| | | | |
|---|---|---|---|
| നൃപ തസ്യ | രാജാവേ! അവന്റെ | പീതേ | മഞ്ഞനിറമുള്ള |
| മിത്രം | ബന്ധുവായ | കൌശേയവാസസീ | രണ്ടു പട്ടുവസ്ത്രങ്ങളെ |
| കാശിപതിഃ | കാശിരാജാവു് | വസാനം | ധരിച്ചിരിക്കുന്നവനും, |
| പാർഷ്ണിഗ്രാഹഃ | യുദ്ധത്തിൽ പിന്തുണക്കാരനായിട്ട് | ഗരുഡധ്വജം | ഗരുഡക്കൊടിയോടുകൂടിയവനും, |
| തിസൃഭിഃ അക്ഷൌഹിണീഭിഃ | മൂന്നു് അക്ഷൌഹിണീസേനകളോടുകൂടി | അമൂല്യമൌല്യാഭരണം | അനർഘകിരീടവും ഭൂഷണങ്ങളുമുള്ളവനും, |
| അന്വയാത് | അവനെ അനുഗമിച്ചു | സ്ഫുരന്മകരകുണ്ഡലം | ശോഭയുള്ള മകരകുണ്ഡലം അണിഞ്ഞിരിക്കുന്നവനുമായ |
| ശംഖാര്യസിഗദാശാർങ്ഗശ്രീവത്സാദ്യുപലക്ഷിതം | ശംഖ്, ചക്രം, വാൾ, ഗദ, ശാർങ്ഗചാപം, ശ്രീവത്സം എന്നു തുടങ്ങിയ കൃത്രിമസാമഗ്രികളോടുകൂടിയവനും, | പൌണ്ഡ്രകം | പൌണ്ഡ്രകവാസുദേവനെ |
| കൌസ്തുഭമണിം | കൌസ്തുഭരത്നത്തെ | ഹരിഃ | ശ്രീകൃഷ്ണൻ |
| ബിഭ്രാണം | പൂണ്ടിരിക്കുന്നവനും, | അപശ്യത് | കണ്ടു. |
| വനമാലാവിഭൂഷിതം | വനമാലയാൽ അലങ്കരിക്കപ്പെട്ടവനും, | | |

ദൃഷ്ട്വാ തമാത്മനസ്തുല്യവേഷം കൃത്രിമമാസ്ഥിതം
യഥാ നടം രംഗഗതം വിജഹാസ ഭൃശം ഹരിഃ. 15

| | | | |
|---|---|---|---|
| കൃത്രിമം | കൃത്രിമമായി | നടം യഥാ | നടനെപ്പോലെ ഇരിക്കുന്നവനുമായ |
| ആത്മനഃ | തനിക്ക് | | |
| തുല്യവേഷം | തുല്യമായ വേഷത്തെ | തം ദൃഷ്ട്വാ | അവനെ കണ്ടിട്ട് |
| ആസ്ഥിതം | ധരിച്ചുകൊണ്ടുള്ളവനും, | ഹരിഃ ഭൃശം | ശ്രീകൃഷ്ണൻ വല്ലാതെ |
| രംഗഗതം | അരങ്ങത്തേക്കുവന്ന | വിജഹാസ | പൊട്ടിച്ചിരിച്ചു. |

ശൂലൈർഗ്ഗദാഭിഃ പരിഘൈഃ ശക്ത്യൃഷ്ടിപ്രാസതോമരൈഃ
അസിഭിഃ പട്ടിശൈർബ്ബാണൈഃ പ്രാഹരന്നരയോ ഹരിം. 16

| | |
|---|---|
| അരയഃ | ശത്രുക്കൾ |
| ശൂലൈഃ | ശൂലങ്ങൾകൊണ്ടും, |
| ഗദാഭിഃ | ഗദകൾകൊണ്ടും, |
| പരിഘൈഃ | ഇരുമ്പുലക്കകൾകൊണ്ടും, |
| ശക്ത്യൃഷ്ടി- പ്രാസതോമരൈഃ | വേൽ, ഈട്ടിവാൾ, കുന്തം, തോമരം എന്നിവകൊണ്ടും, |
| അസിഭിഃ | വാളുകൾകൊണ്ടും, |
| പട്ടിശൈഃ | പട്ടിശങ്ങൾകൊണ്ടും, |
| ബാണൈഃ | ശരങ്ങൾകൊണ്ടും |
| ഹരിം | ശ്രീഹരിയെ |
| പ്രാഹരൻ | പ്രഹരിച്ചു. |

കൃഷ്ണസ്തു തത് പൌണ്ഡ്രകകാശിരാജയോർബ്ബലം ഗജസ്യന്ദനവാജിപത്തിമത്
ഗദാസിചക്രേഷുഭിരാർദ്ദയദ്ഭൃശം യഥാ യുഗാന്തേ ഹുതഭുക് പൃഥക് പ്രജാഃ.

| | |
|---|---|
| കൃഷ്ണഃ തു | ശ്രീകൃഷ്ണനാകട്ടെ |
| ഗജസ്യന്ദന- വാജിപത്തിമത് | ആന തേർ കുതിര കാലാളുകളോടുകൂടിയതായ |
| പൌണ്ഡ്രക- കാശിരാജയോഃ | പൌണ്ഡ്രകന്റേയും, കാശിരാജാവിന്റേയും, |
| തത് ബലം | ആ സൈന്യത്തെ |
| യുഗാന്തേ | പ്രളയകാലത്തിൽ |
| ഹുതഭുക് | അഗ്നിഭഗവാൻ |
| പൃഥക് | നാനാവിഭാഗങ്ങളിൽപ്പെട്ട |
| പ്രജാഃ | ജീവികളെ |
| യഥാ | എതുവിധമോ, ആ വിധം |
| ഗദാസി- ചക്രേഷുഭിഃ | ഗദ, വാൾ, ചക്രം, ശരം എന്നീ ആയുധങ്ങളാൽ |
| ഭൃശം | ശക്തിയായി |
| ആർദ്ദയത് | തകർത്തുതുടങ്ങി. |

ആയോധനം തദ്രഥവാജികുഞ്ജര-
ദ്വിപത്ഖരോഷ്ട്രൈരരിണാഽവഖണ്ഡിതൈഃ
ബഭൌ ചിതം മോദവഹം മനസ്വിനാ-
മാക്രീഡനം ഭൂതപതേരിവോല്ബണം. 18

| | |
|---|---|
| അരിണാ | ചക്രായുധത്താൽ |
| അവഖണ്ഡിതൈഃ | അറുക്കപ്പെട്ട |
| രഥവാജി- കുഞ്ജരദ്വിപത്- ഖരോഷ്ട്രൈഃ | തേരുകൾ, കുതിരകൾ, ആനകൾ, കാലാളുകൾ, കഴുതകൾ, ഒട്ടകങ്ങൾ എന്നിവയാൽ |
| ചിതം | വ്യാപ്തമായ |
| തത് ആയോധനം | ആ പോർക്കളം |
| കല്പാന്തേ | പ്രളയകാലത്തിൽ |
| ഭൂതപതേഃ | സംഹാരരുദ്രന്റെ |
| ഉല്ബണം | ഭയാനകമായ |
| ആക്രീഡനം ഇവ | നൃത്തരംഗംപോലെയും, |
| മനസ്വിനാം | ഉൾക്കരുത്തുള്ളവൎക്ക് |
| മോദവഹം | ആഹ്ലാദകരമായും |
| ബഭൌ | പരിലസിച്ചു. |

അഥാഹ പൌണ്ഡ്രകം ശൌരിർഭോ ഭോഃ പൌണ്ഡ്രക യദ്ഭവാൻ
ദൂതവാക്യേന മാമാഹ താന്യസ്ത്രാണ്യുത്സൃജാമി തേ 19

| | |
|---|---|
| അഥ | അനന്തരം |
| ശൌരിഃ | ശ്രീകൃഷ്ണൻ |
| പൌണ്ഡ്രകം | പൌണ്ഡ്രകനോട് |
| ആഹ | പറഞ്ഞു — |
| ഭോഃ ഭോഃ പൌണ്ഡ്രക | "ഹേ! ഹേ! പൌണ്ഡ്രക! |
| ദൂതവാക്യേന | ദൂതൻ മുഖാന്തരം |
| മാം യത് | എന്നോട് യാതൊന്ന് |
| ഭവാൻ ആഹ | നീ പറഞ്ഞുവോ, |
| താനി അസ്ത്രാണി | അതേ അസ്ത്രങ്ങളെ |
| തേ | നിനക്കായിക്കൊണ്ട് |
| ഉത്സൃജാമി | ഇതാ വിട്ടുതരുന്നു. |

ത്യാജയിഷ്യേഽഭിധാനം മേ യത്ത്വയാഽജ്ഞ മൃഷാ ധൃതം
വ്രജാമി ശരണം തേഽദ്യ യദി നേച്ഛാമി സംയുഗം. 20

| | | | |
|---|---|---|---|
| അജ്ഞ | "എടോ മൂഢാത്മാവേ! | സംയുഗം | യുദ്ധത്തെ |
| ത്വയാ മൃഷാ | നിന്നാൽ കൃത്രിമമായി | യദി ന | ഞാൻ അഭിലഷിക്കുന്നി |
| ധൃതം | സ്വീകരിക്കപ്പെട്ടതായ | ഇച്ഛാമി | ല്ലെങ്കിൽ |
| മേ യത് | എന്റെ യാതൊരു | അദ്യ | ഇപ്പോൾതന്നെ |
| അഭിധാനം | നാമധേയമുണ്ടോ, | തേ ശരണം | നിന്നെ ശരണം പ്രാപി |
| ത്യാജയിഷ്യേ | അതിനേയും കളഞ്ഞേക്കാം | വ്രജാമി | ക്കുമായിരുന്നു!" |

ഇതി ക്ഷിപ്ത്വാ ശിതൈർബാണൈർവിരഥീകൃത്യ പൌണ്ഡ്രകം
ശിരോഽവൃശ്ചദ്രഥാംഗേന വജ്രേണേന്ദ്രോ യഥാ ഗിരേഃ. 21

| | | | |
|---|---|---|---|
| ഇതി | ഈവിധം വാക്കാൽ | വജ്രേണ | വജ്രായുധത്താൽ |
| പൌണ്ഡ്രകം | പൌണ്ഡ്രകനെ | ഗിരേഃ | പർവ്വതത്തിന്റെ ശിഖര |
| ക്ഷിപ്ത്വാ | അധിക്ഷേപിച്ച്, | | ത്തെ ഖണ്ഡിക്കുന്നുവോ, |
| ശിതൈഃ | മൂർച്ചയുള്ള | | അതുപോലെ |
| ബാണൈഃ | ശരങ്ങളാൽ | രഥാംഗേന | ചക്രായുധത്താൽ |
| വിരഥീകൃത്യ | അവന്റെ തേരഴിച്ച്, | ശിരഃ | അവന്റെ ശിരസ്സിനെ |
| യഥാ ഇന്ദ്രഃ | ഏതുപ്രകാരം ഇന്ദ്രൻ | അവൃശ്ചത് | ഖണ്ഡിച്ചു. |

തഥാ കാശിപതേഃ കായാച്ഛിര ഉത്കൃത്യ പത്രിഭിഃ
ന്യപാതയത് കാശിപുര്യാം പദ്മകോശമിവാനിലഃ 22

| | | | |
|---|---|---|---|
| തഥാ | അപ്രകാരംതന്നെ | ഉത്കൃത്യ | വേർപെടുത്തി, |
| കാശിപതേഃ | കാശിരാജാവിന്റെ | അനിലഃ | വായു |
| ശിരഃ | ശിരസ്സിനേയും | പദ്മകോശം | താമരമൊട്ടിനെ |
| പത്രിഭിഃ | ശരങ്ങളാൽ | ഇവ | എന്നപോലെ |
| കായാത് | ഉടലിൽനിന്ന് | കാശിപുര്യാം | കാശിനഗരത്തിൽ |
| | | ന്യപാതയത് | വീഴ്ത്തി |

ഏവം മത്സരിണം ഹത്വാ പൌണ്ഡ്രകം സസഖം ഹരിഃ
ദ്വാരകാമാവിശത് സിദ്ധൈർഗീയമാനകഥാമൃതഃ. 23

| | | | |
|---|---|---|---|
| മത്സരിണം | തന്നോടു മത്സരിക്കുന്ന | സിദ്ധൈഃ | സിദ്ധദേവന്മാരാൽ |
| പൌണ്ഡ്രകം | പൌണ്ഡ്രകനെ | ഗീയമാന- | പാടിപ്പുകഴ്ത്തപ്പെടുന്ന |
| സമിത്രം | ചങ്ങാതിയായ കാശി രാജാവോടുകൂടി | കഥാമൃതഃ | കഥാമൃതത്തോടുകൂടിയവനായിട്ട് |
| ഏവം ഹത്വാ | ഇങ്ങനെ കൊന്നശേഷം | ദ്വാരകാം | ദ്വാരകയിലേക്ക് |
| ഹരിഃ | ശ്രീകൃഷ്ണൻ | ആവിശത് | തിരിച്ചുചെന്നു. |

സ നിത്യം ഭഗവദ്ധ്യാനപ്രധ്വസ്താഖിലബന്ധനഃ
ബിഭ്രാണശ്ച ഹരേ രാജൻ സ്വരൂപം തന്മയോഽഭവത്. 24

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ഭഗവദ്ധ്യാന- | ഭഗവാനെ ധ്യാനിക്ക |
| സഃ | ആ പൌണ്ഡ്രകൻ | പ്രധ്വസ്താ- | യാൽ അററുപോയ സ |
| | | ഖിലബന്ധനഃ | മസ്തകർമ്മബന്ധങ്ങളോടു |
| നിത്യം | എല്ലാനേരത്തും | | കൂടിയവനായും, |

| | | | |
|---|---|---|---|
| ഹരേഃ | ശ്രീഹരിയുടെ | | (ഭവിക്കയാൽ) |
| സ്വരൂപം | സ്വരൂപത്തെ | തന്മയഃ അഭവത് | തൽസായൂജ്യം ലഭിച്ചവനായി ഭവിച്ചു |
| ബിഭ്രാണഃ ച | ധരിച്ചിരിക്കുന്നവനായും | | |

ശിരഃ പതിതമാലോക്യ രാജദ്വാരേ സകുണ്ഡലം
കിമിദം കസ്യ വാ വക്ത്രമിതി സംശിശ്യിരേ ജനാഃ 25

| | | | |
|---|---|---|---|
| രാജദ്വാരേ | കോട്ടവാതില്ക്കൽ | ഇദം കിം | "ഇതെന്ത്? |
| സകുണ്ഡലം | കുണ്ഡലമണിഞ്ഞ | കസ്യ | ആരുടെ |
| ശിരഃ | ഒരു ശിരസ്സ് | വക്ത്രം വാ | മുഖമായിരിക്കാം?" |
| പതിതം ആലോക്യ | വീണതിനെ കണ്ടിട്ട്, | ഇതി | എന്നിപ്രകാരം |
| ജനാഃ | ജനങ്ങൾ | സംശിശ്യിരേ | സംശയം പ്രകടിപ്പിച്ചു. |

രാജ്ഞഃ കാശിപതേർജ്ഞാത്വാ മഹിഷ്യഃ പുത്രബാന്ധവാഃ
പൌരാശ്ച ഹാ ഹതാ രാജൻ നാഥ നാഥേതി പ്രാരുദൻ 26

| | | | |
|---|---|---|---|
| കാശിപതേഃ | കാശിപുരിയുടെ അധിപനായ | പൌരാഃ ച | പുരവാസികളും മററും |
| രാജ്ഞഃ | രാജാവിൻേറതാണെന്ന് | ഹാ രാജൻ | "അയ്യോ! രാജാവേ!" എന്നും, |
| ജ്ഞാത്വാ | അറിഞ്ഞിട്ട്, | നാഥ നാഥ | "നാഥ! നാഥ!" എന്നും, |
| മഹിഷ്യഃ | രാജ്ഞിമാരും, | ഹതാഃ | "ഞങ്ങൾ നശിച്ചല്ലോ!" |
| പുത്രബാന്ധവാഃ | രാജപുത്രന്മാരും, ബന്ധുക്കളും, | ഇതി | എന്നും പറഞ്ഞുകൊണ്ട് |
| | | പ്രാരുദൻ | വാവിട്ടു കരഞ്ഞു. |

സുദക്ഷിണസ്തസ്യ സുതഃ കൃത്വാ സംസ്ഥാവിധിം പിതുഃ
നിഹത്യ പിതൃഹന്താരം യാസ്യാമ്യപചിതിം പിതുഃ 27
ഇത്യാത്മനാഭിസന്ധായ സോപാധ്യായോ മഹേശ്വരം
സുദക്ഷിണോഽർച്ചയാമാസ പരമേണ സമാധിനാ 28

| | | | |
|---|---|---|---|
| തസ്യ | ആ കാശിരാജാവിൻേറ | യാസ്യാമി | നിറവേററിയേക്കാം" |
| സുതഃ | പുത്രനായിരുന്ന | ഇതി | എന്നിങ്ങനെ |
| സുദക്ഷിണഃ | സുദക്ഷിണനെന്നവൻ. | സുദക്ഷിണഃ | ആ സുദക്ഷിണൻ |
| പിതുഃ | അച്ഛൻേറ | ആത്മനാ | ഉള്ളുകൊണ്ട് |
| സംസ്ഥാവിധിം | ശേഷക്രിയയെ | അഭിസന്ധായ | ചിന്തിച്ചുറച്ച്, |
| കൃത്വാ | ചെയ്തശേഷം | സോപാധ്യായഃ | പുരോഹിതസഹായനായി |
| പിതൃഹന്താരം | "അച്ഛനെ കൊലചെയ്ത ആളെ | പരമേണ | ഏകാഗ്രമായ |
| നിഹത്യ | കൊന്നിട്ട് | സമാധിനാ | ധ്യാനത്തോടെ |
| പിതുഃ | അച്ഛനോടുള്ള | മഹേശ്വരം | പരമശിവനെ |
| അപചിതിം | തൻേറ കടപ്പാടിനെ | അർച്ചയാമാസ | ആരാധിച്ചു. |

പ്രീതോഽവിമുക്തേ ഭഗവാംസ്തസ്മൈ വരമദാദ്ഭവഃ
പിതൃഹന്തൃവധോപായം സ വവ്രേ വരമീപ്സിതം 29

| | | | |
|---|---|---|---|
| അവിമുക്തേ * | ശ്രീകാശിയിൽ വാഴുന്ന | സഃ | അവൻ |
| ഭഗവാൻ | ഭഗവാൻ | പിതൃഹന്തൃവധോപായം ഈപ്സിതം | അച്ഛനെ കൊന്നവനെ കൊല്ലുവാനുള്ള ഉപായമാവുന്ന താൻ ആഗ്രഹിക്കപ്പെട്ട |
| ഭവഃ | പരമശിവൻ | | |
| പ്രീതഃ | സന്തുഷ്ടനായിട്ട് | | |
| തസ്മൈ | അവന്ന് | | |
| വരം അദാത് | വരം കൊടുത്തു. | വരം വവ്രേ | വരത്തെ വരിച്ചു. |

നോട്ട്: — സുദക്ഷിണൻ പിതൃഹന്തൃവധം വരിക്കാതെ അതിനുള്ള ഉപായം മാത്രം വരിച്ചത് കുംഭകർണ്ണനെപ്പോലെ ബുദ്ധിഭ്രംശം വന്നതുകൊണ്ടാണെന്ന് കരുതണം.

* ശിവന്ന് ബ്രഹ്മഹത്യാദോഷം നീങ്ങിപ്പോയതു കാശിയിൽ ചെന്നപ്പോഴാണ്. ആകയാൽ ആ പാവനക്ഷേത്രത്തെ ശിവൻ വിട്ടുപിരിയാറില്ല. അങ്ങനെ ശിവൻ വിട്ടുപിരിയാത്ത ആ ക്ഷേത്രത്തിന്ന് 'അവിമുക്തം' എന്ന അന്വർത്ഥനാമം സിദ്ധിച്ചു.

ദക്ഷിണാഗ്നിം പരിചര ബ്രാഹ്മണൈഃ സമമൃത്വിജം
അഭിചാരവിധാനേന സ ചാഗ്നിഃ പ്രമഥൈർവൃതഃ. 30
സാധയിഷ്യതി സങ്കല്പമബ്രഹ്മണ്യേ പ്രയോജിതഃ
ഇത്യാദിഷ്ടസ്തഥാ ചക്രേ കൃഷ്ണായാഭിചരൻ വ്രതീ. 31

| | | | |
|---|---|---|---|
| ബ്രാഹ്മണൈഃ | "ബ്രാഹ്മണന്മാരോടു | പ്രയോജിതഃ | പ്രയോഗിക്കപ്പെട്ടാൽ |
| സമം | കൂടി | പ്രമഥൈഃ | പ്രമഥഗണങ്ങളാൽ |
| അഭിചാരവിധാനേന | ശത്രുമാരണത്തിന്നു പറയപ്പെട്ട വിധിയനുസരിച്ച് | വൃതഃ | ചൂഴപ്പെട്ടുകൊണ്ട് |
| | | സങ്കല്പം | ആഗ്രഹത്തെ |
| ഋത്വിജം | ഋത്വക്കപോലെ യജമാനന്റെ ഉദ്ദേശത്തെ നിറവേററിത്തരുന്ന | സാധയിഷ്യതി | സാധിപ്പിച്ചുതരുന്നതാണ്" |
| | | ഇതി ആദിഷ്ടഃ | ഇവ്വിധം ഉപദേശിക്കപ്പെട്ട അവൻ |
| ദക്ഷിണാഗ്നിം | ദക്ഷിണാഗ്നിയെ | കൃഷ്ണായ | ശ്രീകൃഷ്ണനെ ഉദ്ദേശിച്ച് |
| പരിചര | ആരാധിച്ചുകൊൾക. | അഭിചരൻ | അഭിചാരം ചെയ്യുവാൻ വേണ്ടി |
| സഃ അഗ്നിഃ ച | ആ അഗ്നിയാകട്ടെ | | |
| അബ്രഹ്മണ്യേ | ബ്രാഹ്മണഭക്തിയില്ലാത്തവനിൽ | വ്രതീ | വ്രതമെടുത്തുകൊണ്ട് |
| | | തഥാ ചക്രേ | ആവിധം അനുഷ്ഠിച്ചു. |

തതോഽഗ്നിരുത്ഥിതഃ കുണ്ഡാന്മൂർത്തിമാനതിഭീഷണഃ
തപ്തതാമ്രശിഖാശ്മശ്രുരംഗാരോദ്ഗാരിലോചനഃ 32
ദംഷ്ട്രോഗ്രഭ്രുകുടീദണ്ഡകഠോരാസ്യഃ സ്വജിഹ്വയാ
ആലിഹൻ സൃക്കിണീ നഗ്നോ വിധുന്വംസ്ത്രിശിഖം ജ്വലത്. 33

| | | | |
|---|---|---|---|
| തതഃ | അനന്തരം | | നിറമുള്ള മുടിയും താടിയും ചേർന്നിട്ടുള്ളതും, |
| കുണ്ഡാത് | ഹോമകുണ്ഡത്തിൽനിന്ന് | | |
| അതിഭീഷണഃ | അതിഭയങ്കരവും | | |
| തപ്തതാമ്രശിഖാശ്മശ്രുഃ | പഴുപ്പിച്ച ചെമ്പുലോഹംപോലെ ചെമ്പൻ | അംഗാരോദ്ഗാരിലോചനഃ | തീക്കനലുകളെ ചിതറുന്ന നേത്രങ്ങളുള്ളതും, |

| | | | |
|---|---|---|---|
| ദംഷ്ട്രോഗ്ര- ഭ്രുകടീദണ്ഡ- കഠോരാസ്യഃ | ദംഷ്ട്രകളാലും, ഉഗ്രമായ ദണ്ഡംപോലുള്ള പുരികക്കൊടികളാലും ക്രൂരമായ മുഖമുള്ളതും, | ജ്വലൻ | ജ്വലിച്ചുകൊണ്ടിരിക്കുന്നതും, |
| | | ത്രിശിഖം | ത്രിശൂലത്തെ |
| | | വിധുന്വൻ | കരത്തിൽ ചുഴററിപ്പിടിച്ചിരിക്കുന്നതുമായ |
| സ്വജിഹ്വയാ | തൻേറ നാവുകൊണ്ടു് | | |
| സൃക്കിണീ | കടവായകളെ | മൂർത്തിമാൻ | ഉടലെടുത്ത |
| ആലിഹൻ | നക്കിത്തുടക്കുന്നതും, | അഗ്നിഃ | അഗ്നിഭൂതം |
| നഗ്നഃ | ഉടുതുണിയില്ലാത്തതും, | ഉത്ഥിതഃ | പൊട്ടിപ്പുറപ്പെട്ടു. |

പദ്ഭ്യാം താലപ്രമാണാഭ്യാം കമ്പയന്നവനീതലം
സോഽഭ്യധാവദ്വൃതോ ഭൂതൈർദ്വാരകാം പ്രദഹൻ ദിശഃ. 34

| | | | |
|---|---|---|---|
| സഃ | ആ അഗ്നിഭൂതം | ഭൂതൈഃ | ശൈവഭൂതങ്ങളാൽ |
| താല- പ്രമാണാഭ്യാം | കരിമ്പനപോലെ നീണ്ടതായ | വൃതഃ | ചുഴപ്പെട്ടുകൊണ്ടും, |
| | | ദിശഃ | ദിക്കുകളെ |
| പദ്ഭ്യാം | കാലുകളാൽ | പ്രദഹൻ | എരിയിച്ചുകൊണ്ടും |
| അവനീതലം | ഭൂതലത്തെ | ദ്വാരകാം | ദ്വാരകയിലേക്കു് |
| കമ്പയൻ | കലുക്കിക്കൊണ്ടും, | അഭ്യധാവത് | കുതിച്ചോടി. |

തമാഭിചാരദഹനമായാന്തം ദ്വാരകൌകസഃ
വിലോക്യ തത്രസുഃ സർവ്വേ വനദാഹേ മൃഗാ യഥാ. 35

| | | | |
|---|---|---|---|
| ആയാന്തം | വന്നടുക്കുന്ന | ദ്വാരകൌകസഃ | ദ്വാരകാവാസികൾ |
| തം | ആ | സർവ്വേ | എല്ലാവരും |
| ആഭിചാര- ദഹനം | മാരണദേവതയായ അഗ്നിയെ | വനദാഹേ | വനം ദഹിക്കുമ്പോൾ |
| | | മൃഗാഃ യഥാ | മൃഗങ്ങളെന്നപോലെ |
| വിലോക്യ | കണ്ടിട്ടു് | തത്രസുഃ | നടുങ്ങി. |

അക്ഷൈഃ സഭായാം ക്രീഡന്തം ഭഗവന്തം ഭയാതുരാഃ
ത്രാഹി ത്രാഹി ത്രിലോകേശ വഹ്നേഃ പ്രദഹതഃ പുരം 36

| | | | |
|---|---|---|---|
| ഭയാതുരാഃ | ഭയവിവശരായ ജനങ്ങൾ | ത്രിലോകേശ | "ത്രൈലോക്യനാഥ! |
| സഭായാം | സദസ്സിലിരുന്നു് | പുരം | ദ്വാരകാപുരത്തെ |
| അക്ഷൈഃ | പകടകളംകൊണ്ടു് | പ്രദഹതഃ | ചുട്ടെരിക്കാൻ തുടങ്ങുന്ന |
| ക്രീഡന്തം | കളിച്ചുകൊണ്ടിരിക്കുന്ന | വഹ്നേഃ | അഗ്നിയിൽനിന്നു് |
| ഭഗവന്തം | ഭഗവാനോടു് | ത്രാഹി | രക്ഷിക്കണേ! |
| (അവദൻ) | പറഞ്ഞു— | ത്രാഹി | രക്ഷിക്കണേ!" |

ശ്രുത്വാ തജ്ജനവൈക്ലബ്യം ദൃഷ്ട്വാ സ്വാനാം ച സാധ്വസം
ശരണ്യഃ സമ്പ്രഹസ്യാഹ മാ ഭൈഷ്ടേത്യവിതാസ്മ്യഹം. 37

| | | | |
|---|---|---|---|
| ശരണ്യഃ | അഭയപ്രദനായ ഭഗവാൻ | ശ്രുത്വാ | കേട്ടും, |
| തത് | അത്തരത്തിലുള്ള | സ്വാനാം | സ്വജനങ്ങളുടെ |
| ജനവൈക്ലബ്യം | ജനങ്ങളുടെ പാരവശ്യം | സാധ്വസം | ഭീതിയെ |

| | | | |
|---|---|---|---|
| ദൃഷ്ട്വാ ച | കണ്ടും | മാ ഭൈഷ്ട | "നിങ്ങൾ പേടിക്കണ്ട; |
| സംപ്രഹസ്യ | പുഞ്ചിരിപൂണ്ടു് | അഹം | ഞാൻ |
| ഇതി ആഹ | ഇങ്ങനെ പറഞ്ഞു— | അവിതാസ്മി | രക്ഷിച്ചുകൊള്ളാം." |

സർവ്വസ്യാന്തർബ്ബഹിസ്സാക്ഷീ കൃത്യാം മാഹേശ്വരീം വിഭുഃ
വിജ്ഞായ തദ്വിഘാതാർത്ഥം പാർശ്വസ്ഥം ചക്രമാദിശത്. 38

| | | | |
|---|---|---|---|
| സർവ്വസ്യ | ചരാചരാത്മകമായ ജഗത്തിന്റെ | കൃത്യാം | തീബ്ഭൂതത്തെ |
| | | വിജ്ഞായ | ശരിയ്ക്കറിഞ്ഞു്, |
| അന്തഃ ബഹിഃ | അകത്തും പുറത്തും | തദ്വിഘാതാർത്ഥം | അതിനെ തടയുവാൻ |
| സാക്ഷീ | സാക്ഷീഭൂതനായിനില്ക്കുന്ന | പാർശ്വസ്ഥം | സമീപത്തുള്ള |
| വിഭുഃ | ആ സർവ്വവ്യാപകൻ | ചക്രം | സുദർശനത്തോടു് |
| മാഹേശ്വരീം | ശിവസംബന്ധിയായ | ആദിശത് | ആജ്ഞാപിച്ചു. |

തത് സൂര്യ്യകോടിപ്രതിമം സുദർശനം ജാജ്വല്യമാനം പ്രളയാനലപ്രഭം
സ്വതേജസാ ഖം കകുഭോഽഥ രോദസീ ചക്രം മുകുന്ദാസ്ത്രമഥാഗ്നിമാർദ്ദയത്. 39

| | | | |
|---|---|---|---|
| സൂര്യ്യകോടി- പ്രതിമം | കോടിസൂര്യ്യന്മാർക്കൊത്ത തേജസ്സുള്ളതും, | സ്വതേജസാ | തന്റെ തേജസ്സാൽ പ്രകാശിപ്പിക്കുന്നതും, |
| പ്രളയാനല- പ്രഭം | പ്രളയാഗ്നിയെപ്പോലുള്ള പ്രഭയുള്ളതും, | മുകുന്ദാസ്ത്രം | മുക്തിദാതാവായ ഭഗവാന്റെ വരായുധവുമായ |
| ജാജ്വല്യമാനം | ഉജ്ജ്വലിക്കുന്നതും, | സുദർശനം | സുദർശനമെന്ന |
| ഖം അഥ | ആകാശത്തേയും — | തത് ചക്രം | ആ ചക്രം |
| കകുഭഃ | അഷ്ടദിക്കുകളേയും — | അഥ അഗ്നിം | ഉടൻ അഗ്നിഭൂതത്തെ |
| രോദസീ | അന്തരീക്ഷത്തേയും | ആർദ്ദയത് | എതിരിത്തൊതുക്കി. |

കൃത്യാനലഃ പ്രതിഹതഃ സ രഥാംഗപാണേ-
രസ്ത്രൗജസാ സ നൃപ ഭഗ്നമുഖോ നിവൃത്തഃ
വാരാണസീം പരിസമേത്യ സുദക്ഷിണം തം
സർത്ത്വിഗ്ജനം സമദഹത് സ്വകൃതോഽഭിചാരഃ. 40

| | | | |
|---|---|---|---|
| നൃപ | രാജാവേ! | വാരാണസീം | കാശിനഗരത്തെ |
| സഃ കൃത്യാനലഃ | ആ മാരണദേവതയായിത്തീർന്ന അഗ്നി | പരിസമേത്യ | ചുഴന്നു വന്നു് |
| രഥാംഗപാണേഃ | ചക്രായുധനായ ഭഗവാന്റെ | സർത്ത്വിഗ്ജനം | ഋത്വിക്കുകളോടും മററുള്ള ജനങ്ങളോടും കൂടിയിരിക്കുന്ന |
| അസ്ത്രൗജസാ | ചക്രാസ്ത്രതേജസ്സിനാൽ | തം സുദക്ഷിണം | ആ സുദക്ഷിണനെത്തന്നെ |
| പ്രതിഹതഃ | തിരിച്ചടിക്കപ്പെട്ടതായി, | സമദഹത് | ദഹിപ്പിച്ചു. |
| ഭഗ്നമുഖഃ | മുഖമൊടിഞ്ഞുകൊണ്ടു് | അഭിചാരഃ | അഭിചാരം |
| നിവൃത്തഃ | പിൻവാങ്ങി. | സ്വകൃതഃ | തനിക്കായിട്ടു്, തന്നാൽ ഉണ്ടാക്കപ്പെട്ട! |
| സഃ | അതു് (പിൻതിരിഞ്ഞു്) | | |

ചക്രം ച വിഷ്ണോസ്തദനുപ്രവിഷ്ടം വാരാണസീം സാട്ടസഭാലയാപണാം
സഗോപുരാട്ടാലകകോഷ്ഠസങ്കുലാം സകോശഹസ്ത്യശ്വരഥാന്നശാലാം. 41

തതഃ — ആ കൃത്യാനലനെ പിൻതുടൎന്നുകൊണ്ടു
പ്രവിഷ്ടം — പ്രവേശിച്ച
വിഷ്ണോഃ — വിഷ്ണുവിന്റെ
ചക്രം ച — ചക്രമാകട്ടെ
സാട്ടസഭാലയാപണാം — മഞ്ചങ്ങൾ, സഭാമന്ദിരങ്ങൾ, ഗൃഹങ്ങൾ, അങ്ങാടികൾ എന്നിവയോടുകൂടിയതും,
സഗോപുരാട്ടാലകകോഷ്ഠസങ്കുലാം — ഗോപുരങ്ങളും, കൊത്തളങ്ങളുമുള്ള കോട്ടകളാൽ ഇടതിങ്ങിയതും,
സകോശഹസ്ത്യശ്വരഥാന്നശാലാം — ഭണ്ഡാരപ്പുരകൾ, ആനപ്പന്തികൾ, കുതിരലായങ്ങൾ, രഥശാലകൾ, അന്നാഗാരങ്ങൾ എന്നിവയുള്ളതും ആയ
വാരാണസീം — കാശിനഗരത്തെയും
(സമദഹത്) — ദഹിപ്പിച്ചു.

ദഗ്ദ്ധ്വാ വാരാണസീം സൎവ്വാം വിഷ്ണോശ്ചക്രം സുദൎശനം
ഭൂയഃ പാൎശ്വമുപാതിഷ്ഠത് കൃഷ്ണസ്യാക്ലിഷ്ടകൎമ്മണഃ. 42

വിഷ്ണോഃ — ശ്രീമഹാവിഷ്ണുവിന്റെ
ചക്രം — ചക്രായുധമായ
സുദൎശനം — സുദൎശനം
വാരാണസീം — കാശീനഗരത്തെ
സൎവ്വാം — മുഴുവനും
ദഗ്ദ്ധ്വാ — ദഹിപ്പിച്ചശേഷം
ഭൂയഃ — വീണ്ടും,
അക്ലിഷ്ടകൎമ്മണഃ — ക്ലേശരഹിതമായ പ്രവൃത്തിയോടുകൂടിയ
കൃഷ്ണസ്യ — ശ്രീകൃഷ്ണന്റെ
പാൎശ്വം — സമീപത്തേക്കു
ഉപാതിഷ്ഠത് — എത്തിച്ചേൎന്നു.

യ ഏതച്ഛ്രാവയേന്മൎത്ത്യ ഉത്തമശ്ലോകവിക്രമം
സമാഹിതോ വാ ശൃണുയാത് സൎവ്വപാപൈഃ പ്രമുച്യതേ. 43

യഃ മൎത്ത്യഃ — യാതൊരു മനുഷ്യനാകട്ടെ,
ഉത്തമശ്ലോകവിക്രമം — ഉത്തമകീൎത്തിമാനായ ഭഗവാന്റെ പരാക്രമത്തെ വിവരിക്കുന്ന
ഏതത് — ഈ ചരിതത്തെ
ശ്രാവയേത് — ചൊല്ലിക്കേൾപ്പിക്കയോ,
സമാഹിതഃ — ശ്രദ്ധാസഹിതനായി
ശൃണുയാത് വാ — കേൾക്കുകയോ ചെയ്യുന്നു, അവൻ
സൎവ്വപാപൈഃ — എല്ലാ പാപങ്ങളാലും
പ്രമുച്യതേ — വിമോചിക്കപ്പെടുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാൎദ്ധേ
പൌണ്ഡ്രകാദിവധോ നാമ ഷട്ഷഷ്ടിതമോഽദ്ധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2832.

## സപ്തഷഷ്ടിതമോഽദ്ധ്യായഃ = അറുപത്തേഴാമദ്ധ്യായം.

[സപ്തഷഷ്ടിതമേ രാമോ ഗിരൌ രൈവതകേ മദാത്
സ്വൈരം യുവതിഭിഃ ക്രീഡന്നവധീദ്ദ്വിവിദം ബലം.]
[ ദ്വിവിദവധം ]

രാജോവാച = പരീക്ഷിത്തുരാജാവു പറഞ്ഞു :—

ഭൂയോഽഹം ശ്രോതുമിച്ഛാമി രാമസ്യാദ്ഭുതകൎമ്മണഃ
അനന്തസ്യാപ്രമേയസ്യ യദന്യത് കൃതവാൻ പ്രഭുഃ. 1

| | | | |
|---|---|---|---|
| അദ്ഭുതകർമ്മണഃ | അദ്ഭുതം ജനിപ്പിക്കുന്ന | അഹം ഇച്ഛാമി | ഞാൻ ആഗ്രഹിക്കുന്നു. |
| | പ്രവൃത്തിയോടുകൂടിയവനും, | പ്രഭുഃ | സർവ്വശക്തിമാനായ |
| അനന്തസ്യ | വിനാശരഹിതനും, | | അവിടുന്നു |
| അപ്രമേയസ്യ | പ്രത്യക്ഷാദി പ്രമാണങ്ങ | അന്യത് | വേറെയും |
| | ളാൽ അഗമ്യനമായ | യത് | ഏതെല്ലാം |
| രാമസ്യ | ശ്രീബലരാമന്റെ | കൃതവാൻ | ചെയ്തുവോ, |
| | ചരിതം | (തത് ബ്രൂഹി) | അതൊക്കെയും പറഞ്ഞു |
| ഭൂയഃ ശ്രോതും | ഇനിയും കേൾപ്പാനായി | | തരിക. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

നരകസ്യ സഖാ കശ്ചിദ്ദ്വിവിദോ നാമ വാനരഃ
സുഗ്രീവസചിവഃ സോഽഥ ഭ്രാതാ മൈന്ദസ്യ വീര്യവാൻ 2

| | | | |
|---|---|---|---|
| നരകസ്യ | നരകാസുരന്റെ | സഃ | അവൻ |
| സഖാ | ചങ്ങാതിയായി | മൈന്ദസ്യ | മൈന്ദന്റെ |
| ദ്വിവിദഃ നാമ | ദ്വിവിദൻ എന്നുപേരായ | ഭ്രാതാ | സഹോദരനാണ്. |
| കശ്ചിത് } | ഒരു വാനരൻ | അഥ | മാത്രമല്ല, |
| വാനരഃ } | ഉണ്ടായിരുന്നു. | സുഗ്രീവ- } | സുഗ്രീവന്റെ |
| വീര്യവാൻ | വീര്യശാലിയായ | സചിവഃ } | മന്ത്രിയുമായിരുന്നു. |

സഖ്യുഃ സോഽപചിതിം കുർവ്വൻ വാനരോ രാഷ്ട്രവിപ്ലവം
പുരഗ്രാമാകരാൻ ഘോഷാനദഹദ്വഹ്നിമുത്സൃജൻ 3

| | | | |
|---|---|---|---|
| സഃ | ആ | രാഷ്ട്രവിപ്ലവം | രാജ്യത്തിന്നു |
| വാനരഃ | വാനരൻ | | നാശമുണ്ടാകുമാറ് |
| സഖ്യുഃ | തന്റെ സഖാവായ | പുരഗ്രാമാകരാൻ | നഗരങ്ങളേയും, ഗ്രാമങ്ങ |
| | നരകാസുരനോടുള്ള | | ളേയും, വിളനിലങ്ങളേയും |
| അപചിതിം | കടമതീർക്കുക എന്ന | ഘോഷാൻ | ഇടയക്കുടിലുകളേയും |
| | കൃത്യത്തെ | വഹ്നിം ഉത്സൃജൻ | തീവെച്ചുകൊണ്ട് |
| കുർവ്വൻ | നിർവ്വഹിച്ചുകൊണ്ട് | അദഹത് | ചുട്ടുകളഞ്ഞു. |

നോട്ട് :—സാക്ഷാൽ ശ്രീരാമഭൃത്യനായിരുന്ന ദ്വിവിദൻ നരകാസുരസമ്പർക്കത്താൽ തമോബാധിതനായി അധഃപതിച്ചു; എന്തു ദുഷ്ടചേഷ്ടിതവും കാട്ടുവാൻ കൂസലില്ലാത്തവനുമായി. സഹവാസദോഷത്തിന്റെ ഫലമാണിത്.

രാമാവതാരകാലത്ത് ദ്വിവിദന്നു ബലശാലിയായ ലക്ഷ്മണനോടുകൂടി ഒരു ബാഹുയുദ്ധം നടത്തുവാൻ കൌതുകം ജനിച്ചുവെന്നും, അതു സാധിക്കുവാൻ ഭഗവാൻ തന്നെ അവനെ ഈവിധം ആന്തരമായി പ്രേരിപ്പിച്ചതാണെന്നും ഭാഗവതാഭിജ്ഞന്മാർ വ്യാഖ്യാനിക്കാറുണ്ട്. ബലരാമൻ ആദിശേഷനായ ലക്ഷ്മണന്റെ മൂർത്തിഭേദമാണല്ലോ.

ക്വചിത് സ ശൈലാനുത്പാട്യ തൈർദ്ദേശാൻ സമചൂർണ്ണയത്
ആനർത്താൻ സുതരാമേവ യത്രാസ്തേ മിത്രഹാ ഹരിഃ. 4

| | | | |
|---|---|---|---|
| ക്വചിത് സഃ | ഒരിക്കൽ അവൻ | ഉത്പാട്യ | അടർത്തിയെടുത്ത് |
| ശൈലാൻ | മലകളെ | ദേശാൻ | പലനാടുകളേയും |

| | | | |
|---|---|---|---|
| തൈഃ | അവരാൽ | മിത്രഹാ | തന്റെ ചങ്ങാതിയെ വധിച്ച |
| സമചൂർണ്ണയത് | എറിഞ്ഞുതകർത്തു. | ഹരിഃ | ശ്രീകൃഷ്ണൻ |
| ആനർത്താൻ | ആനർത്തദേശത്തെ | യത്ര | അടുക്കലാണല്ലൊ |
| സുതരാം ഏവ | വിശേഷിച്ചും— | ആസ്തേ | വസിക്കുന്നതു്. |

നോട്ട്:— 'ആനർത്തം' ആര്യാവർത്തഭൂമി (ഉത്തരേന്ത്യ)യുടെ പശ്ചിമസീമയിലുള്ള സമുദ്രതീരപ്രദേശമാണു്. ഇന്നത്തെ 'കാത്തിയവാർ' തന്നെ. ഇതിന്നു് അഭിമുഖമായി സമുദ്രമദ്ധ്യത്തിലാണു് ശ്രീമദ്ദ്വാരക. ദ്വിവിദൻ ആനർത്തത്തെ അധികം ദ്രോഹിച്ചതു് ശ്രീകൃഷ്ണനഗരത്തിന്റെ സമീപദേശമായതുകൊണ്ടാകുന്നു.

ക്വചിത് സമുദ്രമദ്ധ്യസ്ഥോ ദോർഭ്യാമുത്ക്ഷിപ്യ തജ്ജലം
ദേശാൻ നാഗായുതപ്രാണോ വേലാകൂലാനമജ്ജയത്. 5

| | | | |
|---|---|---|---|
| ക്വചിത് | മറ്റൊരിക്കൽ, | തജ്ജലം | അതിലെ വെള്ളത്തെ |
| നാഗായുതപ്രാണഃ | പതിനായിരം ആനയുടെ ഊക്കുള്ള ആ കുരങ്ങൻ | ഉത്ക്ഷിപ്യ | മേലോട്ടേന്തിച്ചു് |
| സമുദ്രമദ്ധ്യസ്ഥഃ | കടലിന്റെ നടുവിൽ ചെന്നുനിന്നു് | വേലാകൂലാൻ | കടലോരത്തുള്ള |
| | | ദേശാൻ | നാടുകളെ |
| ദോർഭ്യാം | രണ്ടു കൈകൊണ്ടും | ന്യമജ്ജയത്. | വെള്ളത്തിലാഴ്ത്തി |

ആശ്രമാനൃഷിമുഖ്യാനാം കൃത്വാ ഭഗ്നവനസ്പതീൻ
അദൂഷയച്ഛകൃന്മൂത്രൈരഗ്നീൻ വൈതാനികാൻ ഖലഃ. 6

| | | | |
|---|---|---|---|
| ഖലഃ | ആ ദുഷ്ടൻ | വൈതാനികാൻ | യജ്ഞസംബന്ധികളായ |
| ഋഷിമുഖ്യാനാം | മാമുനിമാരുടെ | | |
| ആശ്രമാൻ | ആശ്രമങ്ങളെ | അഗ്നീൻ | ത്രേതാഗ്നികളെ |
| ഭഗ്നവനസ്പതീൻ കൃത്വാ | തല്ലിത്തകർത്തുകളഞ്ഞ വൃക്ഷങ്ങളോടുകൂടിയവയാക്കിത്തീർത്തു്; | ശകൃന്മൂത്രൈഃ | മലമൂത്രങ്ങളാൽ |
| | | അദൂഷയത് | അശുദ്ധമാക്കി. |

പുരുഷാൻ യോഷിതോ ദൃപ്തഃ ക്ഷ്മാഭൃദ്ദ്രോണീഗുഹാസു സഃ
നിക്ഷിപ്യ ചാപ്യധാച്ഛൈലൈഃ പേശസ്കാരീവ കീടകം. 7

| | | | |
|---|---|---|---|
| പേശസ്കാരീ | വേട്ടാളൻ | ക്ഷ്മാഭൃദ്ദ്രോണീഗുഹാസു | മലയിടുക്കുകളിലും ഗുഹകളിലും |
| കീടകം ഇവ | പുഴുവിനെ കൂട്ടിലിട്ടടക്കുംപോലെ | നിക്ഷിപ്യ | പിടിച്ചുകൊണ്ടിട്ടു് |
| സഃ ദൃപ്തഃ | ആ മദോന്മത്തൻ | ശൈലൈഃ | പാറക്കല്ലുകളാൽ |
| പുരുഷാൻ | പുരുഷന്മാരേയും | അപ്യധാത് | അടച്ചുമൂടി. |
| യോഷിതഃ ച | സ്ത്രീകളേയും | | |

ഏവം ദേശാൻ വിപ്രകുർവ്വൻ ദൂഷയംശ്ച കുലസ്ത്രിയഃ
ശ്രുത്വാ സുലളിതം ഗീതം ഗിരിം രൈവതകം യയൗ. 8

| | | | |
|---|---|---|---|
| ഏവം | ഈ വിധം | കുലസ്ത്രിയഃ | കുലസ്ത്രീകളെ |
| ദേശാൻ | നാടുകളെ | ദൂഷയൻ ച | ദൂഷിപ്പിച്ചുകൊണ്ടും നടക്കുന്ന അവൻ |
| വിപ്രകുർവ്വൻ | ദ്രോഹിച്ചുകൊണ്ടും, | | |

| | |
|---|---|
| സുലളിതം | അതിമധുരമായ |
| ഗീതം ശ്രുത്വാ | പാട്ടുകേട്ടിട്ട് |
| രൈവതകം | രൈവതകമെന്ന |
| ഗിരിം യയൌ | പർവ്വതത്തിലേക്ക ചെന്നു. |

തത്രാപശ്യദ്യദുപതിം രാമം പുഷ്കരമാലിനം
സുദർശനീയസർവ്വാംഗം ലലനായൂഥമദ്ധ്യഗം. 9

ഗായന്തം വാരുണീം പീത്വാ മദവിഹ്വലലോചനം
വിഭ്രാജമാനം വപുഷാ പ്രഭിന്നമിവ വാരണം. 10

| | |
|---|---|
| തത്ര | അവിടെ |
| പുഷ്കരമാലിനം | താമരപ്പൂമാലയണിഞ്ഞുള്ളവനായും, |
| സുദർശനീയ- സർവ്വാംഗം | നേത്രാകർഷകമായ സർവ്വാവയവങ്ങളോടു കൂടിയവനായും, |
| ലലനായൂഥ- മദ്ധ്യഗം | സുന്ദരീസമൂഹത്തിന്റെ മദ്ധ്യസ്ഥിതനായും, |
| വാരുണീം | മദിരയെ |
| പീത്വാ | സേവിച്ച് |
| ഗായന്തം | ഗാനാലാപം ചെയ്യുന്നവനായും, |
| മദവിഹ്വല- ലോചനം | ആനന്ദോന്മാദത്താൽ ചുഴലുന്ന കണ്ണിണയോടു കൂടിയവനായും, |
| പ്രഭിന്നം | മദംപൊട്ടിയ |
| വാരണം ഇവ | ആനയെപ്പോലെ |
| വപുഷാ | ശരീരകാന്തിയാൽ |
| വിഭ്രാജമാനം | പരിശോഭിക്കുന്നവനായും ഇരിക്കുന്ന |
| യദുപതിം | യദുവംശനാഥനായ |
| രാമം | ശ്രീബലരാമനെ |
| അപശ്യത് | അവൻ കണ്ടു. |

ദുഷ്ടഃ ശാഖാമൃഗഃ ശാഖാമാരൂഢഃ കമ്പയൻ ദ്രുമാൻ
ചക്രേ കിലകിലാശബ്ദമാത്മാനം സമ്പ്രദർശയൻ. 11

| | |
|---|---|
| ദുഷ്ടഃ | ദുഷ്ടനായ |
| ശാഖാമൃഗഃ | ആ മരംചാടിക്കുരങ്ങ് |
| ശാഖാം | മരക്കൊമ്പിലേക്ക് |
| ആരൂഢഃ | കയറിയിരുന്ന്, |
| ദ്രുമാൻ | മരങ്ങളെ |
| കമ്പയൻ | പിടിച്ചുലക്കിക്കൊണ്ടും, |
| ആത്മാനം | തൻസ്വരൂപത്തെ |
| സമ്പ്രദർശയൻ | കാട്ടിക്കൊടുത്തുകൊണ്ടും |
| കിലകിലാ- ശബ്ദം ചക്രേ | 'കിലകില' എന്നുള്ള സ്വാഭാവികമായ ശബ്ദം ഉണ്ടാക്കി. |

തസ്യ ധാർഷ്ട്യം കപേർവീക്ഷ്യ തരുണ്യോ ജാതിചാപലാഃ
ഹാസ്യപ്രിയാ വിജഹസുർബ്ബലദേവപരിഗ്രഹാഃ. 12

| | |
|---|---|
| തസ്യ കപേഃ | ആ വാനരന്റെ |
| ധാർഷ്ട്യം വീക്ഷ്യ | പോക്കിരിത്തംകണ്ട് |
| ജാതിചാപലാഃ | പ്രകൃത്യാ ലോലചിത്തകളും, |
| ഹാസ്യപ്രിയാഃ | വിനോദത്തിൽ പ്രിയമുള്ളവരും, |
| ബലദേവ- പരിഗ്രഹാഃ | ബലരാമന്റെ അവലംബമുള്ളവരും ആയ |
| തരുണ്യഃ | യുവതികൾ |
| വിജഹസുഃ | പൊട്ടിച്ചിരിച്ചു. |

താ ഹേലയാമാസ കപിർഭ്രൂക്ഷേപൈഃ സമ്മുഖാദിഭിഃ
ദർശയൻ സ്വഗുദം താസാം രാമസ്യ ച നിരീക്ഷതഃ. 13

| | |
|---|---|
| കപിഃ | ആ വാനരൻ |
| രാമസ്യ | ശ്രീബലരാമൻ |
| നിരീക്ഷതഃ ച | കാൺകെത്തന്നെ |
| താസാം | യുവതികൾക്ക് |
| സ്വഗുദം | തൻെറ പൃഷ്ഠത്തെ |
| ദർശയൻ | കാട്ടിക്കൊടുത്തു്, |
| ഭ്രൂക്ഷേപൈഃ | പുരികമിളക്കലുകൾ കൊണ്ടും, |
| സമ്മുഖാദിഭിഃ | നേരിട്ടു പറഞ്ഞുചെല്ലുക, 'ചിറികോട്ടുക' എന്നിവകൊണ്ടും |
| താഃ | അവരെ |
| ഹേലയാമാസ | അവമാനിച്ചു. |

തം ഗ്രാവ്ണാ പ്രാഹരത് ക്രുദ്ധോ ബലഃ പ്രഹരതാം വരഃ
സ വഞ്ചയിത്വാ ഗ്രാവാണം മദിരാകലശം കപിഃ
ഗൃഹീത്വാ ഹേലയാമാസ ധൂർത്തസ്തം കോപയൻ ഹസൻ. 14

| | |
|---|---|
| പ്രഹരതാം | ആയുധപ്രയോഗമറിയുന്നവരുടെ ഇടയിൽ |
| വരഃ | ശ്രേഷ്ഠത്വമുള്ള |
| ബലഃ | ബലരാമൻ |
| ക്രുദ്ധഃ | കുപിതനായിട്ടു് |
| തം | ആ വാനരനെ |
| ഗ്രാവ്ണാ | കല്ലുകൊണ്ടു് |
| പ്രാഹരത് | എറിഞ്ഞു. |
| ധൂർത്തഃ | ധൂർത്തനായ |
| സഃ കപിഃ | ആ വാനരൻ |
| ഗ്രാവാണം | കല്ലിനെ |
| വഞ്ചയിത്വാ | മെയ്യിൽ തട്ടാതെ കഴിച്ചു്, |
| മദിരാകലശം | മദ്യപാത്രത്തെ |
| ഗൃഹീത്വാ | കൈക്കലാക്കി, |
| ഹസൻ | അപഹസിച്ചുകൊണ്ടും, |
| കോപയൻ | ചൊടിപ്പിച്ചുകൊണ്ടും |
| തം | ആ ബലരാമനെ |
| ഹേലയാമാസ | അവമാനിച്ചു. |

നിർഭിദ്യ കലശം ദുഷ്ടോ വാസാംസ്യാസ്ഫാലയത് ബലം
കദർത്ഥീകൃത്യ ബലവാൻ വിപ്രചക്രേ മദോദ്ധതഃ. 15

| | |
|---|---|
| ദുഷ്ടഃ | ദുഷ്ടനും, |
| ബലവാൻ | ബലവാനും, |
| മദോദ്ധതഃ | മദോന്മത്തനുമായ ആ വാനരൻ |
| കലശം | മദ്യഭാജനത്തെ |
| നിർഭിദ്യ | കുത്തിപ്പൊട്ടിച്ചു്, |
| വാസാംസി | സ്ത്രീകളുടെ ഉടുപുടവകളെ |
| ആസ്ഫാലയത് | വലിച്ചുകീറി. |
| ബലം | ബലരാമനെ |
| കദർത്ഥീകൃത്യ | ഈവിധം തുച്ഛീകരിച്ചു് |
| വിപ്രചക്രേ | ഏറിന്നു് പകരംവീട്ടി. |

തം തസ്യാവിനയം ദൃഷ്ട്വാ ദേശാംശ്ച തദുപദ്രുതാൻ
ക്രുദ്ധോ മുസലമാദത്ത ഹലം ചാരിജിഘാംസയാ. 16

| | |
|---|---|
| തസ്യ | അവൻെറ |
| തം | അത്തരത്തിലുള്ള |
| അവിനയം | തെമ്മാടിത്തത്തെ |
| ദൃഷ്ട്വാ | കണ്ടിട്ടും, |
| തദുപദ്രുതാൻ | അവനാൽ ഉപദ്രവിക്കപ്പെട്ടിട്ടുള്ള |
| ദേശാൻ | നാട്ടുകളെപ്പററി |
| (ശ്രുത്വാ) ച | കേട്ടിട്ടും |
| ക്രുദ്ധഃ | കോപം വളൎന്ന രാമൻ |
| അരിജിഘാംസയാ | ശത്രുവായ അവനെ കൊല്ലണമെന്ന ഉദ്ദേശത്തോടെ |
| മുസലം | ഇരുമ്പുലക്കയെയും |
| ഹലം ച | കലപ്പയെയും |
| ആദത്ത | കരത്തിലെടുത്തു. |

ദ്വിവിദോഽപി മഹാവീര്യഃ ശാലമുദ്യമ്യ പാണിനാ
അഭ്യേത്യ തരസാ തേന ബലം മൂർദ്ധന്യതാഡയത്. 17

| | | | |
|---|---|---|---|
| മഹാവീര്യഃ | അതിപരാക്രമിയായ | തരസാ | അതിവേഗം |
| ദ്വിവിദഃ അപി | ദ്വിവിദനും | അഭ്യേത്യ | നേരിട്ടോടിവന്ന് |
| പാണിനാ | കരത്താൽ | തേന | അതുകൊണ്ട് |
| ശാലം | ഒരു മരത്തെ | ബലം | ബലദേവനെ |
| ഉദ്യമ്യ | പുഴക്കിപ്പിടിച്ചുകൊണ്ട് | മൂർദ്ധ്നി അതാഡയത് | തലയ്ക്കടിച്ചു. |

തം തു സങ്കർഷണോ മൂർദ്ധ്നി പതന്തമചലോ യഥാ
പ്രതിജഗ്രാഹ ബലവാൻ സുനന്ദേനാഹനച്ച തം. 18

| | | | |
|---|---|---|---|
| ബലവാൻ | ബലശാലിയായ | തം | ആ വൃക്ഷത്തെ |
| സങ്കർഷണഃ തു | ബലദേവനാകട്ടെ | പ്രതിജഗ്രാഹ | കടന്നുപിടിച്ചു. |
| അചലഃ യഥാ | ഒരു മാമലപോലെ അനങ്ങാതെ നിന്നുകൊണ്ട് | സുനന്ദേന | സുനന്ദമെന്ന തന്റെ മുസലംകൊണ്ട് |
| മൂർദ്ധ്നി | തലയിൽ | തം | അവനെ |
| പതന്തം | വന്നുവീഴുന്ന | അഹനത് ച | അടിക്കയും ചെയ്തു |

മുസലാഹതമസ്തിഷ്കോ വിരേജേ രക്തധാരയാ
ഗിരിര്യഥാ ഗൈരികയാ പ്രഹാരം നാനുചിന്തയൻ. 19
പുനരന്യം സമുത്ക്ഷിപ്യ കൃത്വാ നിഷ്പത്രമോജസാ
തേനാഹനത് സുസംക്രുദ്ധസ്തം ബലഃ ശതധാഽച്ഛിനത്. 20

| | | | |
|---|---|---|---|
| മുസലാഹത- മസ്തിഷ്കഃ | മുസലത്താൽ അടിയേല്ക്കപ്പെട്ട് തലച്ചോറ തകൎന്ന അവൻ | പുനഃ | വീണ്ടും |
| | | അന്യം | മറെറാരു വൃക്ഷത്തെ |
| | | സമുത്ക്ഷിപ്യ | കടപുഴക്കിയെടുത്ത് |
| ഗൈരികയാ | കാവിവെള്ളത്താൽ | നിഷ്പത്രം കൃത്വാ | ഇലയുരിച്ചുപിടിച്ച് |
| ഗിരിഃ യഥാ | മാമലയെന്നപോലെ | തേന | അതുകൊണ്ട് |
| രക്തധാരയാ | രക്തപ്രവാഹത്താൽ | ഓജസാ | ഊക്കോടെ |
| വിരേജേ | പരിശോഭിച്ചു. | അഹനത് | അടിച്ചു |
| പ്രഹാരം | പ്രഹരത്തെ | ബലഃ തം | ബലരാമൻ അതിനെ |
| നാനുചിന്തയൻ | വകവെക്കാതെ | ശതധാ | നുറുനുറുങ്ങാക്കി |
| സുസംക്രുദ്ധഃ | ഏററവും ക്രുദ്ധനായി, | അച്ഛിനത് | ഒടിച്ചു. |

തതോഽന്യേന രുഷാ ജഘ്നേ തം ചാപി ശതധാഽച്ഛിനത് 21

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | തം ച അപി | അതിനേയും |
| അന്യേന | മറെറാരു മരംകൊണ്ട് | ശതധാ | നുറുനുറുങ്ങാക്കി |
| രുഷാ ജഘ്നേ | കോപത്തോടെ അടിച്ചു. | അച്ഛിനത് | ഒടിച്ചു. |

ഏവം യുദ്ധ്യൻ ഭഗവതാ ഭഗ്നേ ഭഗ്നേ പുനഃ പുനഃ
ആകൃഷ്യ സർവ്വതോ വൃക്ഷാൻ നിർവൃക്ഷമകരോദ്വനം 22

| | | | |
|---|---|---|---|
| ഏവം | ഈവിധത്തിൽ | യുദ്ധ്യൻ | യുദ്ധംചെയ്തുകൊണ്ട് |
| ഭഗവതാ | ഭഗവാനായ ബലരാമനോടുകൂടി | ഭഗ്നേ ഭഗ്നേ | ഓരോ വൃക്ഷവും പൊട്ടിത്തകരുമ്പോൾ |

| | | | |
|---|---|---|---|
| പുനഃ പുനഃ | വീണ്ടും വീണ്ടും | ആകൃഷ്യ | വലിച്ചെടുത്തിട്ട് |
| സർവ്വതഃ | എല്ലായിടത്തും | വനം | ആ വനത്തെത്തന്നെ |
| വൃക്ഷാൻ | വൃക്ഷങ്ങളെ | നിർവൃക്ഷം } | വൃക്ഷശൂന്യമാക്കി |
| | | അകരോത് } | തീർത്തു. |

തതോഽമുഞ്ചച്ഛിലാവർഷം ബലസ്യോപര്യമർഷിതഃ
തത് സർവ്വം ചൂർണ്ണയാമാസ ലീലയാ മുസലായുധഃ. 23

| | | | |
|---|---|---|---|
| തതഃ | അനന്തരം | അമുഞ്ചത് | ചൊരിഞ്ഞുതുടങ്ങി. |
| അമർഷിതഃ | അമർഷം കലർന്നുകൊണ്ട് | മുസലായുധഃ | മുസലമേന്തിനില്ക്കുന്ന ശ്രീബലദേവൻ |
| ബലസ്യ | ബലദേവന്റെ | തത് സർവ്വം | അതുമുഴുവനും |
| ഉപരി | ദേഹത്തിന്മേൽ | ലീലയാ | അനായാസേന |
| ശിലാവർഷം | ശിലാവർഷത്തെ | ചൂർണ്ണയാമാസ | തല്ലിപ്പൊടിച്ചു. |

സ ബാഹൂ താലസങ്കാശൗ മുഷ്ടീകൃത്യ കപീശ്വരഃ
ആസാദ്യ രോഹിണീപുത്രം താഭ്യാം വക്ഷസ്യരൂരുജത്. 24

| | | | |
|---|---|---|---|
| സഃ | ആ | രോഹിണീപുത്രം | ബലരാമനെ |
| കപീശ്വരഃ | വാനരത്തലവൻ | ആസാദ്യ | സമീപിച്ചുചെന്ന് |
| താലസങ്കാശൗ | കരിമ്പനയ്ക്കൊത്ത | താഭ്യാം | ആ മുഷ്ടികളാൽ |
| ബാഹൂ | ഇരുകൈകളേയും | വക്ഷസി | മാറിടത്തിൽ |
| മുഷ്ടീകൃത്യ | മടക്കിപ്പിടിച്ച്, | അരൂരുജത് | ആഞ്ഞിടിച്ചു. |

യാദവേന്ദ്രോഽപി തം ദോർഭ്യാം ത്യക്ത്വാ മുസലലാംഗലേ
ജത്രാവഭ്യർദ്ദയത് ക്രുദ്ധഃ സോഽപതദ്രുധിരം വമൻ. 25

| | | | |
|---|---|---|---|
| യാദവേന്ദ്രഃ } | യദുവംശോത്തമനായ | ജത്രൗ | പൂണെല്ലിൽ |
| അപി } | ശ്രീബലരാമനാകട്ടെ | തം | അവനെ, |
| മുസലം } | തന്റെ ആയുധങ്ങളായ | ക്രുദ്ധഃ | ക്രുദ്ധനായി |
| ലാംഗലേ } | മുസലവും കലപ്പയും | അഭ്യർദ്ദയത് | താഡിച്ചു. |
| ത്യക്ത്വാ | ഉപേക്ഷിച്ച് | സഃ | അവൻ |
| ദോർഭ്യാം | കരങ്ങൾകൊണ്ടുതന്നെ | രുധിരം വമൻ | ചോര ഛർദ്ദിച്ചുകൊണ്ട് |
| | | അപതത് | നിലത്തുവീണു. |

ചകമ്പേ തേന പതതാ സടങ്കഃ സവനസ്പതിഃ
പർവ്വതഃ കുരുശാർദ്ദൂല വായുനാ നൗരിവാംഭസി. 26

| | | | |
|---|---|---|---|
| കുരുശാർദ്ദൂല | കുരുശ്രേഷ്ഠനായ പരീക്ഷിത്തേ! | വായുനാ | കാററുകൊണ്ട് |
| സടങ്കഃ | നീരുറവുകളോടുകൂടിയതും, | അംഭസി | വെള്ളത്തിൽ |
| സവനസ്പതിഃ | മഹാവൃക്ഷങ്ങളോടുകൂടിയതും ആയ | നൗഃ ഇവ | തോണിയെന്നപോലെ, |
| പർവ്വതഃ | രൈവതകപർവ്വതം | പതതാ | നിലത്തുവീഴുന്ന |
| | | തേന | അവൻ നിമിത്തം |
| | | ചകമ്പേ | കലുങ്ങിപ്പോയി. |

ജയശബ്ദോ നമശ്ശബ്ദഃ സാധു സാധ്വിതി ചാംബരേ
സുരസിദ്ധമുനീന്ദ്രാണാമാസീത് കുസുമവർഷിണാം. 27

| | | | |
|---|---|---|---|
| കുസുമവർഷിണാം | പൂമഴ ചൊരിയുന്ന | നമഃശബ്ദഃ | 'നമോ നമഃ' എന്ന സ്തുതിശബ്ദവും, |
| സുരസിദ്ധമുനീന്ദ്രാണാം | ദേവന്മാരുടേയും, സിദ്ധന്മാരുടേയും, മുനിപുംഗവന്മാരുടേയും | സാധു സാധു ഇതി ച | 'നന്നുനന്നെ'ന്ന അഭിനന്ദനവാക്യങ്ങളും |
| ജയശബ്ദഃ | ജയധ്വനിയും, | അംബരേ | ആകാശത്തിൽ |
| | | ആസീത് | ഉളവായി |

ഏവം നിഹത്യ ദ്വിവിദം ജഗദ്വ്യതികരാവഹം
സംസ്തൂയമാനോ ഭഗവാഞ്ജനൈഃ സ്വപുരമാവിശത്. 28

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ഭഗവാൻ | ശ്രീബലരാമൻ |
| ജഗദ്വ്യതികരാവഹം | ലോകത്തിന്ന് വിനാശകാരിയായ | ജനൈഃ | ജനങ്ങളാൽ |
| ദ്വിവിദം | ദ്വിവിദനെ | സംസ്തൂയമാനഃ | സ്തുതിക്കപ്പെട്ടുകൊണ്ട് |
| നിഹത്യ | വധിച്ച് | സ്വപുരം | തന്റെ ദ്വാരകാപുരത്തിലേക്ക് |
| | | ആവിശത് | എത്തിച്ചേന്നു. |

ഇതി ശ്രീമത് ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ദ്വിവിദവധോ നാമ സപ്തഷഷ്ടിതമോഽദ്ധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2860.

## അഷ്ടഷഷ്ടിതമോഽദ്ധ്യായഃ=അറുപത്തെട്ടാമദ്ധ്യായം.

[അഷ്ടഷഷ്ടിതമേ സാംബേ നിരുദ്ധേ കൌരവൈര്യുധി
തദ്വിമോക്ഷായ രാമേണ ഗജാഹ്വയവികർഷണം.]
(സാംബവിവാഹവും ഹസ്തിനാപുരകർഷണവും)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

ദുര്യോധനസുതാം രാജൻ ലക്ഷ്മണാം സമിതിഞ്ജയഃ
സ്വയംവരസ്ഥാമഹരത് സാംബോ ജാംബവതീസുതഃ. 1

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | സ്വയംവരസ്ഥാം | സ്വയംവരമണ്ഡപത്തിൽ ഉണ്ടായിരുന്ന |
| സമിതിഞ്ജയഃ | യുദ്ധവീരനും | ദുര്യോധനസുതാം | ദുര്യോധനപുത്രിയായ |
| ജാംബവതീസുതഃ | ജാംബവതിയുടെ പുത്രനുമായ | ലക്ഷ്മണാം | ലക്ഷ്മണയെന്നവളെ |
| സാംബഃ | സാംബൻ | അഹരത് | അപഹരിച്ചു. |

കൌരവാഃ കുപിതാ ഊചുർദുർവ്വിനീതോഽയമർഭകഃ
കദർത്ഥീകൃത്യ നഃ കന്യാമകാമാമഹരദ് ബലാത്. 2

| | | | |
|---|---|---|---|
| കൌരവാഃ | കൌരവന്മാർ | കദർത്ഥീകൃത്യ | നിസ്സാരമാക്കിത്തള്ളി, |
| കുപിതാഃ | കുപിതരായിഭവിച്ചു് | അകാമാം | തന്നെ കാംക്ഷിക്കാത്ത |
| ഊചുഃ | അന്യോന്യം പറഞ്ഞു — | കന്യാം | കന്യകയെ |
| അയം അർഭകഃ | " ഈ കുമാരൻ | ബലാത് | ബലാൽക്കാരേണ |
| ദുർവ്വിനീതഃ | അടക്കമില്ലാത്തവനാണ്. | അഹരത് | അപഹരിച്ചുവല്ലോ. |
| നഃ | നമ്മെയൊക്കെയും | | |

ബധ്നീതേമം ദുർവ്വിനീതം കിം കരിഷ്യന്തി വൃഷ്ണയഃ
യേഽസ്മത് പ്രസാദോപചിതാം ദത്താം നോ ഭുഞ്ജതേ മഹീം 3

| | | | |
|---|---|---|---|
| ദുർവ്വിനീതം | അടക്കമില്ലാത്ത | അസ്മത്- പ്രസാദോ- പചിതാം | നമ്മുടെ പ്രസാദംകൊണ്ടു് സമൃദ്ധിയാർന്നതും, |
| ഇമം | ഇവനെ | | |
| ബധ്നീത | പിടിച്ചുകെട്ടുവിൻ ! | | |
| വൃഷ്ണയഃ | യാദവന്മാർ | നഃ | നമ്മളാൽ |
| കിം കരിഷ്യന്തി | എന്തുചെയ്യാൻ പോകുന്നു ? | ദത്താം | നല്കപ്പെട്ടതുമായ |
| | | മഹീം | രാജ്യത്തെ |
| യേ | യാതൊരു അവർ | ഭുഞ്ജതേ | അനുഭവിച്ചിരിക്കുന്നവരാണ് |

നിഗൃഹീതം സുതം ശ്രുത്വാ യദ്യേഷ്യന്തീഹ വൃഷ്ണയഃ
ഭഗ്നദർപ്പാഃ ശമം യാന്തി പ്രാണാ ഇവ സുസംയതാഃ 4

| | | | |
|---|---|---|---|
| യദി | " പക്ഷേ, | ഏഷ്യന്തി | വരികയാണെങ്കിൽ |
| സുതം | ഈ യദുപുത്രനെ | ഭഗ്നദർപ്പാഃ | ഗർവ്വംതകർന്നവരായി, |
| നിഗൃഹീതം | ബന്ധിക്കപ്പെട്ടതായി | സുസംയതാഃ | അടക്കപ്പെട്ട |
| ശ്രുത്വാ | കേട്ടിട്ടു് | പ്രാണാഃ ഇവ | ഇന്ദ്രിയങ്ങൾപോലെ |
| വൃഷ്ണയഃ | യാദവന്മാർ | ശമം യാന്തി | ഒതുങ്ങിക്കൊള്ളും." |
| ഇഹ | ഇങ്ങോട്ടു് | | |

ഇതി കർണ്ണഃ ശലോ ഭൂരിര്യജ്ഞകേതുഃ സുയോധനഃ
സാംബമാരേഭിരേ ബദ്ധും കുരുവൃദ്ധാനുമോദിതാഃ 5

| | | | |
|---|---|---|---|
| ഇതി | ഇങ്ങനെ പറഞ്ഞു് | കുരുവൃദ്ധാ- നുമോദിതാഃ | ഭീഷ്മപിതാമഹനാൽ അനുവദിക്കപ്പെട്ടവരായിട്ടു് |
| കർണ്ണഃ ശലഃ | കർണ്ണൻ, ശലൻ, | | |
| ഭൂരിഃ | ഭൂരിശ്രവാവു്, | സാംബം | സാംബനെ |
| യജ്ഞകേതുഃ | യജ്ഞകേതു, | ബദ്ധും | ബന്ധിക്കുവാൻ |
| സുയോധനഃ | ദുര്യോധനൻ എന്നിവർ | ആരേഭിരേ | ഉദ്യമിച്ചു. |

ദൃഷ്ട്വാഽനുധാവതഃ സാംബോ ധാർത്തരാഷ്ട്രാൻ മഹാരഥഃ
പ്രഗൃഹ്യ രുചിരം ചാപം തസ്ഥൌ സിംഹ ഇവൈകലഃ 6

| | | | |
|---|---|---|---|
| മഹാരഥഃ | മഹാരഥികനായ | രുചിരം ചാപം | നല്ലൊരു വില്ലിനെ |
| സാംബഃ | സാംബൻ | പ്രഗൃഹ്യ | കൈയിലെടുത്തു്, |
| അനുധാവതഃ | പിന്തുടർന്നോടിവരുന്ന | സിംഹഃ ഇവ | സിംഹമെന്നപോലെ |
| ധാർത്തരാഷ്ട്രാൻ | ദുര്യോധനാദികളെ | ഏകലഃ | ഏകനായിട്ടു് |
| ദൃഷ്ട്വാ | കണ്ടു് | തസ്ഥൌ | നിലകൊണ്ടു. |

തം തേ ജിഘൃക്ഷവഃ ക്രുദ്ധാസ്തിഷ്ഠ തിഷ്ഠേതി ഭാഷിണഃ
ആസാദ്യ ധന്വിനോ ബാണൈഃ കർണ്ണാഗ്രണ്യഃ സമാകിരൻ. 7

| | |
|---|---|
| ക്രുദ്ധാഃ | ക്രോധംപൂണ്ടവരും, |
| ധന്വിനഃ | വില്ലേന്തിയവരും, |
| കർണ്ണാഗ്രണ്യഃ | കർണ്ണന്റെ നേതൃത്വത്തിലുള്ളവരുമായ |
| തേ തം | അവർ ആ സാംബനെ |
| ജിഘൃക്ഷവഃ | പിടിച്ചെടുക്കാൻ ആഗ്രഹിച്ചുകൊണ്ട് |
| തിഷ്ഠ തിഷ്ഠ | "നില്ലെടാ നില്ല്" |
| ഇതി ഭാഷിണഃ | എന്നു ചൊല്ലിക്കൊണ്ടു് |
| ആസാദ്യ | അടുത്തെത്തി, |
| ബാണൈഃ | അമ്പുകളാൽ |
| സമാകിരൻ | മൂടിക്കളഞ്ഞു. |

സോഽപവിദ്ധഃ കുരുശ്രേഷ്ഠ കുരുഭിര്യദുനന്ദനഃ
നാമൃഷ്യത്തദചിന്ത്യാർഭഃ സിംഹഃ ക്ഷുദ്രമൃഗൈരിവ 8

| | |
|---|---|
| കുരുശ്രേഷ്ഠ | ഹേ കുരുവംശോത്തമനായ രാജാവേ! |
| അചിന്ത്യാർഭഃ | ശ്രീകൃഷ്ണപുത്രനായ |
| സഃ യദുനന്ദനഃ | ആ യാദവകുമാരൻ |
| കുരുഭിഃ | കൌരവന്മാരാൽ |
| അപവിദ്ധഃ | അപമര്യാദയായി ഈ വിധം എയ്യപ്പെട്ടവനായിഭവിച്ച്, |
| ക്ഷുദ്രമൃഗൈഃ | നിസ്സാരമൃഗങ്ങളാൽ താഡിതനായ |
| സിംഹഃ ഇവ | സിംഹമെന്നപോലെ |
| തത് | അതിനെ |
| ന അമൃഷ്യത് | പൊറുത്തില്ല. |

വിസ്ഫൂർജ്ജ്യ രുചിരം ചാപം സർവ്വാൻ വിവ്യാധ സായകൈഃ
കർണ്ണാദീൻ ഷഡ്രഥാൻ വീരസ്താവദ്ഭിര്യുഗപത് പൃഥക്. 9

| | |
|---|---|
| രുചിരം | അഴകാർന്ന |
| ചാപം | വില്ലിനെ |
| വിസ്ഫൂർജ്ജ്യ | ഞാണൊലിയിളകിച്ച്, |
| വീരഃ | ആ വീരൻ |
| കർണ്ണാദീൻ | കർണ്ണൻ മുതലായുള്ള |
| ഷട് സർവ്വാൻ | ആറുപേരെ മുഴുവനേയും |
| രഥാൻ | രഥങ്ങളേയും |
| താവദ്ഭിഃ | അത്രയും |
| സായകൈഃ | അമ്പുകൾകൊണ്ട് |
| യുഗപത് | ഒരേസമയത്ത് |
| പൃഥക് | വെവ്വേറെ |
| വിവ്യാധ | എയ്തു. |

ചതുർഭിശ്ചതുരോ വാഹാനേകൈകേന ച സാരഥീൻ
രഥിനശ്ച മഹേഷ്വാസാംസ്തസ്യ തത്തേഽഭ്യപൂജയൻ. 10

| | |
|---|---|
| ചതുർഭിഃ | നന്നാലമ്പുകൾകൊണ്ട് |
| ചതുരഃ | നന്നാല് |
| വാഹാൻ ച | തേർക്കുതിരകളേയും, |
| ഏകൈകേന | ഓരോന്നുകൊണ്ട് |
| സാരഥീൻ | ഓരോരോ സാരഥികളേയും, |
| മഹേഷ്വാസാൻ | വില്ലാളിവീരന്മാരായ |
| രഥിനഃ ച | ഓരോരോ രഥികന്മാരേയും (എയ്തു) |
| തേ തസ്യ | അവർ ആ സാംബന്റെ |
| തത് | ആ പ്രവൃത്തിയെ |
| അഭ്യപൂജയൻ | ബഹുമാനിച്ചു. |

തം തു തേ വിരഥം ചക്രുശ്ചത്വാരശ്ചതുരോ ഹയാൻ
ഏകസ്തു സാരഥിം ജഘ്നേ ചിച്ഛേദാന്യഃ ശരാസനം. 11

| | |
|---|---|
| തേ തു | അവരാകട്ടെ |
| തം | ആ കുമാരനെ |
| വിരഥം ചക്രുഃ | രഥവിഹീനനാക്കി. |
| ചത്വാരഃ | നാലുപേരചേർന്ന് |

| | | | |
|---|---|---|---|
| ചതുരഃ ഹയാൻ | നാലു കുതിരകളേയും; | അന്യേ | മറ്റെ ആറു |
| ഏകഃ തു | ഒരാൾ | ശരാസനം | വില്ലിനേയും |
| സാരഥിം ജഘ്നേ | സാരഥിയേയും കൊന്നു | ചിച്ഛിദുഃ | മുറിച്ചു. |

തം ബദ്ധ്വാ വിരഥീകൃത്യ കൃച്ഛ്രേണ കുരവോ യുധി
കുമാരം സ്വസ്യ കന്യാം ച സ്വപുരം ജയിനോഽവിശൻ 12

| | | | |
|---|---|---|---|
| കൃച്ഛ്രേണ | ഇങ്ങിനെ പ്രയാസപ്പെട്ട് | (തം) | അവനേയും, |
| യുധി | യുദ്ധത്തിൽ | സ്വസ്യ | തങ്ങളുടെ |
| തം കുമാരം | ആ കുമാരനെ | കന്യാം ച | കന്യകയേയും |
| വിരഥീകൃത്യ | രഥഹീനനാക്കിത്തീർത്ത് | (ആദായ) | കൂട്ടിക്കൊണ്ട് |
| ബദ്ധ്വാ | ബന്ധിച്ചശേഷം, | സ്വപുരം | സ്വനഗരത്തിലേക്ക് |
| ജയിനഃ | വിജയികളായ | അവിശൻ | വന്നുചേർന്നു. |
| കുരവഃ | കൗരവന്മാർ | | |

തച്ഛ്രുത്വാ നാരദോക്തേന രാജൻ സഞ്ജാതമന്യവഃ
കുരൂൻ പ്രത്യുദ്യമം ചക്രുരുഗ്രസേനപ്രചോദിതാഃ. 13

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ഉഗ്രസേന- പ്രചോദിതാഃ | ഉഗ്രസേനരാജാവിനാൽ പ്രേരിക്കപ്പെട്ടവരുമായ |
| നാരദോക്തേന | നാരദവചനത്താൽ | (യാദവാഃ) | യാദവന്മാർ |
| തത് ശ്രുത്വാ | അതു കേട്ടറിഞ്ഞു | കുരൂൻ പ്രതി | കൗരവന്മാരുടെനേർക്ക് |
| സഞ്ജാതമന്യവഃ | കോപം കയറിയവരും | ഉദ്യമം ചക്രുഃ | പടയൊരുക്കം ചെയ്തു. |

സാന്ത്വയിത്വാ തു താൻ രാമഃ സന്നദ്ധാൻ വൃഷ്ണിപുംഗവാൻ
നൈച്ഛത് കുരൂണാം വൃഷ്ണീനാം കലിം കലിമലാപഹഃ. 14
ജഗാമ ഹാസ്തിനപുരം രഥേനാദിത്യവർച്ചസാ
ബ്രാഹ്മണൈഃ കുലവൃദ്ധൈശ്ച വൃതശ്ചന്ദ്ര ഇവ ഗ്രഹൈഃ. 15

| | | | |
|---|---|---|---|
| രാമഃ തു | ശ്രീബലരാമനാകട്ടെ | | ഏറ്റവും വൃദ്ധജനങ്ങളാലും |
| സന്നദ്ധാൻ | പടച്ചട്ട കെട്ടിയൊരുങ്ങിയ | വൃതഃ | പരിവൃതനായിട്ട് |
| താൻ വൃഷ്ണി- പുംഗവാൻ | ആ യാദവവീരന്മാരെ | ഹാസ്തിനപുരം | ഹസ്തിനാപുരത്തേക്ക് |
| | | ജഗാമ | പോയി. |
| സാന്ത്വയിത്വാ | സമാധാനിപ്പിച്ച്, | കലിമലാപഹഃ | കലഹപ്രവണമായ |
| ആദിത്യവർച്ചസാ | സൂര്യനെപ്പോലെ | | കലികാലത്തിന്റെ |
| | കാന്തിയുള്ള | | മലിനതയെ ദൂരീ |
| രഥേന | തേരിലേറി, | | കരിക്കുന്ന അദ്ദേഹം |
| ഗ്രഹൈഃ | ഗ്രഹങ്ങളാൽ പരിവൃതനായ | കുരൂണാം | കൗരവന്മാർക്കും |
| ചന്ദ്രഃ ഇവ | ചന്ദ്രനെന്നപോലെ | വൃഷ്ണീനാം | യാദവന്മാർക്കും തമ്മിൽ |
| ബ്രാഹ്മണൈഃ | ബ്രാഹ്മണരാലും, | കലിം | കലഹമുണ്ടാകുന്നതിനെ |
| കുലവൃദ്ധൈഃ ച | യാദവവംശത്തിലുള്ള | ന ഐച്ഛത് | ഇഷ്ടപ്പെട്ടിരുന്നില്ല. |

ഗത്വാ ഗജാഹ്വയം രാമോ ബാഹ്യോപവനമാസ്ഥിതഃ
ഉദ്ധവം പ്രേഷയാമാസ ധൃതരാഷ്ട്രം ബുഭുത്സയാ. 16

| | | | |
|---|---|---|---|
| രാമഃ | ബലരാമൻ | ബുഭുത്സയാ | കൌരവരുടെ അഭിപ്രായഗതിയെ ആരാഞ്ഞറിയുവാനുള്ള താല്പര്യത്തോടെ |
| ഗജാഹ്വയം | ഹസ്തിനപുരത്തിലേക്ക് | ഉദ്ധവം | ഉദ്ധവനെ |
| ഗത്വാ | എത്തിച്ചേർന്ന് | ധൃതരാഷ്ട്രം | ധൃതരാഷ്ട്രരുടെ അടുക്കലേക്ക് |
| ബാഹ്യോപവനം ആശ്രിതഃ | രാജധാനിയുടെ പുറത്തുള്ള ഉദ്യാനത്തിൽ തങ്ങിനിന്നുകൊണ്ട് | പ്രേഷയാമാസ | പറഞ്ഞയച്ചു. |

സോഽഭിവന്ദ്യാംബികാപുത്രം ഭീഷ്മം ദ്രോണം ച ബാഹ്ലികം
ദുര്യോധനം ച വിധിവദ്രാമമാഗതമബ്രവീത്. 17

| | | | |
|---|---|---|---|
| സഃ | അദ്ദേഹം | ദുര്യോധനം ച | ദുര്യോധനനേയും |
| അംബികാപുത്രം | ധൃതരാഷ്ട്രരേയും, | വിധിവത് | മുറപ്രകാരം |
| ഭീഷ്മം | ഭീഷ്മരേയും | അഭിവന്ദ്യ | വണങ്ങി, |
| ദ്രോണം | ദ്രോണരേയും | രാമം ആഗതം അബ്രവീത് | ബലരാമൻ വന്നിരിക്കുന്നതിനെ അറിയിച്ചു. |
| ബാഹ്ലികം ച | ബാഹ്ലികനേയും, | | |

തേഽതിപ്രീതാസ്തമാകർണ്ണ്യ പ്രാപ്തം രാമം സുഹൃത്തമം
തമർച്ചയിത്വാഭിയയുഃ സർവ്വേ മംഗലപാണയഃ. 18

| | | | |
|---|---|---|---|
| തേ സർവ്വേ | അവരെല്ലാവരും | അതിപ്രീതാഃ | ഏററവും സന്തുഷ്ടരായി |
| സുഹൃത്തമം | തങ്ങളുടെ ഏററവും വലിയ സുഹൃത്തായ | തം | ആ ഉദ്ധവനെ |
| തം രാമം | ആ ബലരാമനെ | അർച്ചയിത്വാ | സൽക്കരിച്ചശേഷം, |
| പ്രാപ്തം | വന്നിരിക്കുന്നവനായി | മംഗലപാണയഃ | മംഗലദ്രവ്യങ്ങൾ കൈയിലെടുത്തുകൊണ്ട് |
| ആകർണ്ണ്യ | കേട്ടിട്ട്, | അഭിയയുഃ | അങ്ങോട്ട് ചെന്നു. |

തം സംഗമ്യ യഥാന്യായം ഗാമർഘ്യം ച ന്യവേദയൻ
തേഷാം യേ തത്പ്രഭാവജ്ഞാഃ പ്രണേമുഃ ശിരസാ ബലം. 19

| | | | |
|---|---|---|---|
| തം | അദ്ദേഹത്തെ | യേ | യാതൊരുവർ |
| സംഗമ്യ | ചെന്നുകണ്ട്, | തത്പ്രഭാവജ്ഞാഃ | ആ ബലദേവന്റെ മഹിമയെ അറിയുന്നവരായിട്ടുണ്ടോ, അവർ |
| യഥാന്യായം | ആതിത്ഥ്യമുറപ്രകാരം | ബലം | ബലദേവനെ |
| ഗാം | പശുവേയും, | ശിരസാ | ശിരസ്സുകൊണ്ട് |
| അർഘ്യം ച | അർഘ്യത്തേയും | പ്രണേമുഃ | വണങ്ങി. |
| ന്യവേദയത് | നല്കി. | | |
| തേഷാം | അവരുടെ ഇടയിൽ | | |

ബന്ധൂൻ കുശലിനഃ ശ്രുത്വാ പൃഷ്ട്വാ ശിവമനാമയം
പരസ്പരമഥോ രാമോ ബഭാഷേഽവിക്ലബം വചഃ. 20

| | | | |
|---|---|---|---|
| പരസ്പരം | തമ്മിൽത്തമ്മിൽ | അനാമയം | ആരോഗ്യത്തേയും |
| ശിവം | ക്ഷേമത്തേയും, | പൃഷ്ട്വാ | ചോദിച്ച്, |

| | | | |
|---|---|---|---|
| ബന്ധൂൻ | ബന്ധുക്കളെ | അവിക്ലബം | അധൈര്യം ചേരാത്ത |
| കുശലിനഃ | ക്ഷേമമുള്ളവരെന്നു | വചഃ | വചനത്തെ |
| ശ്രുത്വാ അഥോ | കേട്ടറിഞ്ഞശേഷം | ബഭാഷേ | അരുളിച്ചെയ്തു. |
| രാമഃ | ശ്രീബലരാമൻ | | |

ഉഗ്രസേനഃ ക്ഷിതീശേശോ യദ്വ ആജ്ഞാപയത് പ്രഭുഃ
തദവ്യഗ്രധിയഃ ശ്രുത്വാ കുരുധ്വം മാവിളംബിതം. 21

| | | | |
|---|---|---|---|
| ക്ഷിതീശേശഃ | "രാജാധിരാജനും | തത് | ആയതു |
| പ്രഭുഃ | പ്രഭുവും ആയ | അവ്യഗ്രധിയഃ | ബുദ്ധിയിളക്കമില്ലാത്തവരായിട്ടുതന്നെ |
| ഉഗ്രസേനഃ | ഉഗ്രസേനൻ | ശ്രുത്വാ | കേട്ടു |
| യത് വഃ | യാതൊന്നു നിങ്ങളോടു | മാവിളംബിതം | അമാന്തിക്കാതെ |
| ആജ്ഞാപയത് | കല്പിച്ചിരിക്കുന്നുവോ, | കുരുധ്വം | പ്രവർത്തിച്ചുകൊൾവിൻ! |

യദ്യൂയം ബഹവസ്ത്വേകം ജിത്വാऽധർമ്മേണ ധാർമ്മികം
അബധ്നീതാഥ തന്മൃഷ്യേ ബന്ധൂനാമൈക്യകാമ്യയാ. 22

| | | | |
|---|---|---|---|
| യത് | "ഉഗ്രസേനവാക്യമെന്തെന്നാൽ, | അധർമ്മേണ ജിത്വാ | അധർമ്മത്താൽ ജയിച്ചു |
| യൂയം | നിങ്ങൾ | അബധ്നീത | ബന്ധിച്ചുവല്ലോ. |
| ബഹവഃ തു | വളരെപ്പേർ ചേർന്നു | അഥ തത് | പക്ഷേ, അതിനെ |
| ഏകം | ഏകനായി, | ബന്ധൂനാം | ബന്ധുക്കൾക്കുതമ്മിൽ |
| ധാർമ്മികം | ധർമ്മയുദ്ധത്തിൽ ഉറച്ചുനിന്ന ഒരുവനെ | ഐക്യകാമ്യയാ | ഐക്യം വേണമെന്ന അഭിലാഷത്താൽ |
| | | മൃഷ്യേ | ഞാൻ പൊറുത്തിരിക്കുന്നു." |

("കലഹം കൂടാതെ കഴിക്കണമെന്നു എന്നെപ്പോലെ നിങ്ങളും ആഗ്രഹിക്കുന്നപക്ഷം സാംബനെ ബന്ധനവിമുക്തനാക്കി അയച്ചുകൊള്ളണ"മെന്ന അവശിഷ്ടാശയം ഗമ്യം.)

വീര്യശൗര്യബലോന്നദ്ധമാത്മശക്തിസമം വചഃ
കുരവോ ബലദേവസ്യ നിശമ്യോചുഃ പ്രകോപിതാഃ. 23

| | | | |
|---|---|---|---|
| വീര്യശൗര്യബലോന്നദ്ധം | വീര്യം, ശൗര്യം, ബലം എന്നിവയാൽ ക്രൂസലററതും, | ബലദേവസ്യ | ബലദേവന്റെ |
| ആത്മശക്തിസമം | സ്വശക്തിക്കു അനുയോജ്യമായിരിക്കുന്നതും ആയ | വചഃ നിശമ്യ | വാക്കിനെ കേട്ടു, |
| | | പ്രകോപിതാഃ | അതിനാൽ ഏററവും കോപിതരായി ഭവിച്ച |
| | | കുരവഃ ഊചുഃ | കൗരവന്മാർ പറഞ്ഞു. |

അഹോ മഹച്ചിത്രമിദം കാലഗത്യാ ദുരത്യയാ
ആരുരുക്ഷത്യുപാനദ്വൈ ശിരോ മുകുടസേവിതം. 24

| | | | |
|---|---|---|---|
| അഹോ ഇദം | "അമ്പോ! ഇതു | ഉപാനത് വൈ | വെറുമൊരു ചെരുപ്പു |
| മഹത് | വലിയ | മുകുടസേവിതം | മുടിചൂടിയ |
| ചിത്രം | ആശ്ചര്യമായിരിക്കുന്നു! | ശിരഃ | തലയിലേക്കു |
| കാലഗത്യാ | കാലത്തിന്റെ പോക്കു | ആരുരുക്ഷതി | കയറിക്കൂടുവാൻ വെമ്പുന്നുവല്ലോ! |
| ദുരത്യയാ | അലംഘ്യംതന്നെ. | | |

ഏതേ യൌനേന സംബദ്ധാഃ സഹശയ്യാസനാശനാഃ
വൃഷ്ണയസ്തുല്യതാം നീതാ അസ്മദ്ദത്തനൃപാസനാഃ. 25

ഏതേ വൃഷ്ണയഃ "ഈ യാദവന്മാർ
യൌനേന വിവാഹബന്ധത്താൽ
സംബദ്ധാഃ നമ്മോടു ചാർച്ചപ്പെട്ടവരായും,
സഹശയ്യാസനാശനാഃ നമ്മോടൊപ്പം കിടപ്പും ഇരിപ്പും ഊണും ഉള്ളവരായും,
അസ്മദ്ദത്തനൃപാസനാഃ നമ്മളാൽ നല്കപ്പെട്ട രാജസിംഹാസനത്തോടു കൂടിയവരായും
തുല്യതാം നമ്മുടെ സമതയിലേക്ക്
നീതാഃ നമ്മളാൽ കൊണ്ടുവരപ്പെട്ടവരാണ്.

നോട്ട്:— 'പാണ്ഡുരാജാവ് വസുദേവസോദരിയായ കുന്തിയെ വിവാഹംചെയ്ത് കുരുവംശത്തിനും യദുവംശത്തിനും തമ്മിൽ ചാർച്ചയുണ്ടാക്കിവെച്ചു. തന്നിമിത്തം ഈ ഹീനക്ഷത്രിയന്മാരായ യാദവന്മാർക്ക് നാം തുല്യയോഗ്യതയും അനുവദിച്ചു. ഇന്ന് നമ്മുടെ കരുണയാൽ അവർ രാജത്വം അനുഭവിക്കുന്നു. വാസ്തവമിതായിരിക്കെ, അവരിപ്പോൾ നമ്മുടെ തലയിൽകേറാൻ ഭാവിക്കുന്നത് ബഹുവിചിത്രംതന്നെ.' എന്ന് ആശയം.

ചാമരവ്യജനേ ശംഖമാതപത്രം ച പാണ്ഡുരം
കിരീടമാസനം ശയ്യാം ഭുഞ്ജന്ത്യസ്മദുപേക്ഷയാ. 26

അസ്മദുപേക്ഷയാ "നമ്മുടെ ഉപേക്ഷയാൽ
ചാമരവ്യജനേ വെഞ്ചാമരങ്ങളും,
ശംഖം ശംഖും,
പാണ്ഡുരം ആതപത്രം വെൺകൊററക്കുടയും,
കിരീടം കിരീടവും,
ആസനം സിംഹാസനവും,
ശയ്യാം ച പട്ടുമെത്തയും (മററുമായ രാജചിഹ്നങ്ങളെ)
ഭുഞ്ജന്തി അവർ ഉപയോഗിക്കുന്നു.

അലം യദൂനാം നരദേവലാഞ്ഛനൈ-
ർദ്ദാതുഃ പ്രതീപൈഃ ഫണിനാമിവാമൃതം
യേഽസ്മത്പ്രസാദോപചിതാ ഹി യാദവാ
ആജ്ഞാപയന്ത്യദ്യ ഗതത്രപാ ബത 27

ദാതുഃ കൊടുത്തവന്റെനേക്ക്
പ്രതീപൈഃ തിരിഞ്ഞടിക്കുന്ന
യദൂനാം യാദവന്മാർക്കുള്ള
നരദേവലാഞ്ഛനൈഃ രാജകീയചിഹ്നങ്ങളെക്കൊണ്ട്
അലം മതിയായി!
ഹി എന്തെന്നാൽ,
ഫണിനാം പാമ്പുകൾക്ക് കൊടുത്ത
അമൃതം ഇവ അമൃത് കൊടുത്തവന്ന് ഹാനികരമാകുന്നപോലെ
അസ്മത്പ്രസാദോപചിതാഃ നമ്മുടെ കാരുണ്യംകൊണ്ട് അഭിവൃദ്ധിപ്പെട്ടവരായി ഭവിച്ച
യേ യാതൊരു
യാദവാഃ ഈ യാദവന്മാർ
ഗതത്രപാഃ സങ്കോചംകൂടാതെ
അദ്യ ഇന്ന് (നമ്മോട് തന്നെ)
ആജ്ഞാപയന്തി കല്പന നടത്തുന്നു;
ബത അയ്യോ! കഷ്ടം!

കഥമിന്ദ്രോഽപി കുരുഭിർഭീഷ്മദ്രോണാർജ്ജുനാദിഭിഃ
അദത്തമവരുന്ധീത സിംഹഗ്രസ്തമിവോരണഃ. 28

| | | | |
|---|---|---|---|
| ഇന്ദ്രഃ അപി | " ഇന്ദ്രനാൽക്കൂടിയും | അരണഃ | ഒരു ആട് |
| ഭീഷ്മദ്രോണാർജ്ജുനാദിഭിഃ | ഭീഷ്മർ, ദ്രോണർ, അർജ്ജുനൻ എന്നു തുടങ്ങിയുള്ള | സിംഹഗ്രസ്തം | സിംഹത്താൽ ഗ്രസിക്കപ്പെട്ട വസ്തുവിനെ |
| കുരുഭിഃ | കുരുവംശ്യരാൽ | ഇവ | എന്നപോലെ |
| അദത്തം | അനുവദിച്ചുകൊടുക്കപ്പെടാത്തതിനെ | കഥം | എങ്ങനെയാണ് |
| | | അവരുന്ധീത | ഉപയോഗിക്കുക ? " |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ജന്മബന്ധുശ്രീയോന്നദ്ധമദാസ്തേ ഭരതർഷഭ
ആശ്രാവ്യ രാമം ദുർവ്വാച്യമസഭ്യാഃ പുരമാവിശൻ. 29

| | | | |
|---|---|---|---|
| ഭരതർഷഭ | ഭരതവംശോത്തമനായ രാജാവേ ! | തേ | ആ കൌരവന്മാർ |
| ജന്മബന്ധുശ്രീയോന്നദ്ധമദാഃ | ജനനത്തിന്റെയും, ബന്ധുക്കളുടേയും മഹിമയാൽ മുഴുത്ത മദത്തോടുകൂടിയവരും, | രാമം | ബലരാമനെ |
| | | ദുർവ്വാച്യം | ദുർവ്വചനം |
| | | ആശ്രാവ്യ | കേൾപ്പിച്ച് |
| | | പുരം | രാജധാനിയിലേക്ക് |
| അസഭ്യാഃ | അസഭ്യന്മാരുമായ | ആവിശൻ | കടന്നുപോയി. |

ദൃഷ്ട്വാ കുരൂണാം ദൌശ്ശീല്യം ശ്രുത്വാഽവാച്യാനി ചാച്യുതഃ
അവോചത് കോപസംരബ്ധോ ദുഷ്പ്രേക്ഷ്യഃ പ്രഹസൻ മുഹുഃ. 30

| | | | |
|---|---|---|---|
| കുരൂണാം | കൌരവന്മാരുടെ | അച്യുതഃ | ശ്രീബലദേവൻ |
| ദൌശ്ശീല്യം | ദുഃസ്വഭാവത്തെ | ദുഷ്പ്രേക്ഷ്യഃ | നോക്കുവാൻ വയ്യാത്തവിധത്തിൽ ഭയങ്കരനായിത്തീർന്ന് |
| ദൃഷ്ട്വാ | കണ്ടും, | | |
| അവാച്യാനി | ദുർവ്വചനങ്ങളെ | | |
| ശ്രുത്വാ ച | കേട്ടും | മുഹുഃ | വീണ്ടും വീണ്ടും |
| കോപസംരബ്ധഃ | കോപാവിഷ്ടനായി ഭവിച്ച | പ്രഹസൻ | പൊട്ടിച്ചിരിച്ചുകൊണ്ട് |
| | | അവോചത് | പറഞ്ഞു. |

നൂനം നാനാമദോന്നദ്ധാഃ ശാന്തിം നേച്ഛന്ത്യസാധവഃ
തേഷാം ഹി പ്രശമോ ദണ്ഡഃ പശൂനാം ലഗുഡോ യഥാ. 31

| | | | |
|---|---|---|---|
| നാനാമദോന്നദ്ധാഃ | "പലതരം മദങ്ങൾകൊണ്ട് ഗർവ്വിതരായ | | നേർവഴിക്കു കൊണ്ടുപോകുവാൻ) |
| അസാധവഃ | അസജ്ജനങ്ങൾ | ലഗുഡഃ യഥാ | വടി മാത്രം പ്രയോജനപ്പെടുന്നതുപോലെ |
| ശാന്തിം | സമാധാനത്തെ | തേഷാം | അത്തരക്കാർക്ക് |
| ന ഇച്ഛന്തി | കാംക്ഷിക്കുമാറില്ല ; | ദണ്ഡഃ ഹി | ദണ്ഡോപായം ഒന്നു മാത്രമാണ് |
| നൂനം | അതു തീർച്ചതന്നെ. | | |
| പശൂനാം | പശുക്കൾക്ക് (അവരെ | പ്രശമഃ | ഒതുക്കംവരുത്തുന്നത്. |

അഹോ യദൂൻ സുസംരബ്ധാൻ കൃഷ്ണം ച കുപിതം ശനൈഃ
സാന്ത്വയിത്വാഽഹമേതേഷാം ശമമിച്ഛന്നിഹാഗതഃ. 32

| | | | |
|---|---|---|---|
| അഹോ | "കഷ്ടമായി! | സാന്ത്വയിത്വാ | പറഞ്ഞൊതുക്കി, |
| സുസംരബ്ധാൻ | കടുത്തകോപത്തോടെ പോരിന്നൊരുങ്ങിയ | ഏതേഷാം | ഇവരുടെ |
| യദൂൻ | യാദവന്മാരേയും, | ശമം | സമാധാനത്തെയും |
| കുപിതം | കോപംപൂണ്ട | ഇച്ഛൻ | ആഗ്രഹിച്ചുകൊണ്ട് |
| കൃഷ്ണം ച | കൃഷ്ണനേയും | അഹം ഇഹ | ഞാൻ ഇങ്ങോട്ട് |
| ശനൈഃ | പതുക്കെ | ആഗതഃ | വന്നുവല്ലോ! |

ത ഇമേ മന്ദമതയഃ കലഹാഭിരതാഃ ഖലാഃ
തം മാമവജ്ഞായ മുഹുർദുർഭാഷാൻ മാനിനോഽബ്രുവൻ. 33

| | | | |
|---|---|---|---|
| മന്ദമതയഃ | "ബുദ്ധികുറഞ്ഞവരും, | തം മാം | ആ വിധത്തിലുള്ള എന്നെ |
| മാനിനഃ | ദുരഭിമാനംചേർന്നവരും, | അവജ്ഞായ | അപമാനിച്ച് |
| ഖലാഃ | ദുഷ്ടന്മാരും, | മുഹുഃ | ഒരുപാട് |
| കലഹാഭിരതാഃ | കലഹപ്രിയന്മാരുമായ | ദുർഭാഷാൻ | ചീത്തവാക്കുകളെ |
| തേ ഇമേ | ആ ഇവർ | അബ്രുവൻ | പറഞ്ഞു! |

നോഗ്രസേനഃ കില വിഭുർഭോജവൃഷ്ണ്യന്ധകേശ്വരഃ
ശക്രാദയോ ലോകപാലാ യസ്യാദേശാനുവർത്തിനഃ. 34

| | | | |
|---|---|---|---|
| ഭോജവൃഷ്ണ്യ-ന്ധകേശ്വരഃ | "ഭോജന്മാർക്കും, വൃഷ്ണികൾക്കും, അന്ധകന്മാർക്കും രാജാവായുള്ള | ശക്രാദയഃ | ഇന്ദ്രാദികളായ |
| | | ലോകപാലാഃ | ദിക്പാലന്മാർപോലും |
| ഉഗ്രസേനഃ | ഉഗ്രസേനൻ | യസ്യ | യാതൊരു അദ്ദേഹത്തിന്റെ |
| വിഭുഃ | ആജ്ഞാധികാരമുള്ളവൻ | ആദേശാ-നുവർത്തിനഃ | കല്പനകേട്ടു നടക്കുന്നവരാണ്. |
| ന കില | അല്ലത്രേ! | | |

കൌരവന്മാർ ശ്രീകൃഷ്ണനെക്കൂടി ആക്ഷേപിച്ചതിൽ അരിശംകൊണ്ട് ബലരാമൻ പറയുന്ന വാക്കുകളാണ് താഴെയുള്ള മൂന്നു ശ്ലോകങ്ങളും—

സുധർമ്മാഽഽക്രമ്യതേ യേന പാരിജാതോഽമരാങ്ഘ്രിപഃ
ആനീയ ഭുജ്യതേ സോഽസൌ ന കിലാധ്യാസനാർഹണഃ. 35

| | | | |
|---|---|---|---|
| യേന | "യാതൊരാളാൽ | ഭുജ്യതേ | അനുഭവിക്കപ്പെടുകയും ചെയ്യുന്നുവോ, |
| സുധർമ്മാ | സുധർമ്മയെന്ന ദേവസഭ | സഃ അസൌ | ആ ആളും |
| ആക്രമ്യതേ | കീഴടക്കപ്പെടുകയും, | അധ്യാസനാ-ർഹണഃ | വെറും രാജസിംഹാസനത്തിന്നു യോഗ്യതയുള്ളവൻ |
| പാരിജാതഃ | പാരിജാതമെന്ന | | |
| അമരാങ്ഘ്രിപഃ | ദേവവൃക്ഷം | | |
| ആനീയ | കൊണ്ടുവന്ന് | ന കില | അല്ലത്രേ! |

യസ്യ പാദയുഗം സാക്ഷാത് ശ്രീരുപാസ്തേഽഖിലേശ്വരീ
സ നാർഹതി കില ശ്രീശോ നരദേവപരിച്ഛദാൻ 36

| | |
|---|---|
| അഖിലേശ്വരീ | "സർവ്വസമ്പത്തിൻെറയും അധീശ്വരിയായ |
| ശ്രീഃ | മഹാലക്ഷ്മി |
| സാക്ഷാത് | പ്രത്യക്ഷമായ്ത്തന്നെ |
| യസ്യ | യാതൊരാളുടെ |
| പാദയുഗം | കാലിണയെ |
| ഉപാസ്തേ | പരിചരിക്കുന്നുവോ, |
| സഃ ശ്രീശഃ | ആ ലക്ഷ്മീവല്ലഭൻ |
| നരദേവ- പരിച്ഛദാൻ | രാജോചിതങ്ങളായ ചാമരാദിചിഹ്നങ്ങളെ |
| ന അർഹതി കില | അർഹിക്കുന്നില്ലയെന്നോ ? |

യസ്യാംഘ്രിപങ്കജരജോഽഖിലലോകപാലൈ-
ർമ്മൌല്യുത്തമൈർദ്ധൃതമുപാസിതതീർത്ഥതീർത്ഥം
ബ്രഹ്മാ ഭവോഽഹമപി യസ്യ കലാഃ കലായാഃ
ശ്രീശ്ചോദ്വഹേമ ചിരമസ്യ നൃപാസനം ക്വ. 37

| | |
|---|---|
| ഉപാസിത- തീർത്ഥതീർത്ഥം | "സജ്ജനസേവിതങ്ങളായ ഗംഗാദിതീർത്ഥങ്ങൾക്കുകൂടിയും ശുദ്ധീകരണമായിട്ടുള്ള |
| യസ്യ | യാതൊരുവൻെറ |
| അംഘ്രി- പങ്കജരജഃ | ചേവടിച്ചെന്താരിലെഴുന്ന പൂമ്പൊടി |
| അഖില- ലോകപാലൈഃ | ലോകപാലന്മാരായ എല്ലാവരാലും |
| മൌല്യുത്തമൈഃ | കിരീടംചാർത്തിയ ശിരസ്സുകൾകൊണ്ട് |
| ധൃതം | ധരിക്കപ്പെട്ടിരിക്കുന്നുവോ, |
| യസ്യ | യാതൊരുവൻെറ |
| കലായാഃ | ഒരംശത്തിൻെറ |
| കലാഃ | അംശങ്ങളായുള്ള |
| ബ്രഹ്മാ ഭവഃ | ബ്രഹ്മാവും, ശിവനും |
| ശ്രീഃ ച | മഹാലക്ഷ്മിയും |
| അഹം അപി | ഞാനും |
| ചിരം | അനാദികാലമായി (യാതൊരുവൻെറ പാദാബ്ജധൂളിയെ) |
| ഉദ്വഹേമ | വഹിച്ചുകൊണ്ടിരിക്കുന്നുവോ, |
| അസ്യ | അങ്ങനെയുള്ള ഈ ശ്രീകൃഷ്ണപരമാത്മാവിന്ന് |
| നൃപാസനം | രാജസിംഹാസനം |
| ക്വ | എവിടെയെന്നോ ? |

ഭുഞ്ജതേ കുരുഭിർദ്ദത്തം ഭൂഖണ്ഡം വൃഷ്ണയഃ കില
ഉപാനഹഃ കില വയം സ്വയം തു കുരവഃ ശിരഃ. 38

| | |
|---|---|
| വൃഷ്ണയഃ | "യദുവംശക്കാർ |
| കുരുഭിഃ | കുരുവംശക്കാരാൽ |
| ദത്തം | കൊടുക്കപ്പെട്ടതായ |
| ഭൂഖണ്ഡം | ഭൂഭാഗത്തെമാത്രം |
| ഭുഞ്ജതേ കില | അനുഭവിച്ചുകഴിയുകയാണ്പോലും ! |
| വയം | ഞങ്ങൾ |
| ഉപാനഹഃ | ചെരുപ്പുകളാണത്രേ ! |
| കുരവഃ തു | കുരുവംശക്കാരായ അവരാകട്ടെ. |
| സ്വയം | തന്നെത്താൻ |
| ശിരഃ കില | തലയുമാണത്രേ !! |

അഹോ ഐശ്വര്യമത്താനാം മത്താനാമിവ മാനിനാം
അസംബദ്ധാ ഗിരോ രുക്ഷാഃ കഃ സഹേതാനുശാസിതാ. 39

| | |
|---|---|
| അഹോ | "എന്തൊരത്ഭുതം ! |
| ഐശ്വര്യ- മത്താനാം | സമ്പന്നതകൊണ്ട് മദം മുഴുത്തവരും, |
| മത്താനാം ഇവ | ഉന്മത്തന്മാരെപ്പോലെയുള്ളവരും, |

| | | | |
|---|---|---|---|
| മാനിനാം | താന്താങ്ങളെമാത്രം ബഹുമാനിക്കുന്നവരുമായ ഇവരുടെ | രൂക്ഷാഃ ഗിരഃ | പരുഷവചനങ്ങളെ |
| അസംബദ്ധാഃ | ചേൎച്ചയില്ലാത്ത | അനുശാസിതാ | ശിക്ഷ നല്കുവാൻ കെല്പുള്ള |
| | | കഃ സഹേത | ഏതൊരാളാം പൊറുക്കും? |

അദ്യ നിഷ്കൗരവീം പൃഥ്വീം കരിഷ്യാമീത്യമൎഷിതഃ
ഗൃഹീത്വാ ഹലമുത്തസ്ഥൗ ദഹന്നിവ ജഗത്ത്രയം 40

| | | | |
|---|---|---|---|
| അദ്യ | "ഇപ്പോഴുംതന്നെ | ഹലം | കലപ്പയെ |
| പൃഥ്വീം | ഭൂമണ്ഡലത്തെ | ഗൃഹീത്വാ | എടുത്തു |
| നിഷ്കൗരവീം | കൌരവശൂന്യമാക്കി | ജഗത്ത്രയം | മൂപ്പാരിനേയും |
| കരിഷ്യാമി | തീൎക്കുന്നുണ്ടു" | ദഹൻ ഇവ | ചുട്ടെരിക്കുന്നുവോ എന്നു തോന്നുംവിധം |
| ഇതി | എന്നരുളിച്ചെയ്തു, | ഉത്തസ്ഥൗ | എഴുന്നേററു. |
| അമൎഷിതഃ | അമൎഷത്തോടു കൂടിയവനായി | | |

ലാംഗലാഗ്രേണ നഗരമുദ്വിദാൎയ്യ ഗജാഹ്വയം
വിചകൎഷ സ ഗംഗായാം പ്രഹരിഷ്യന്നമൎഷിതഃ. 41

| | | | |
|---|---|---|---|
| അമൎഷിതഃ | കോപം കലൎന്ന | ഉദ്വിദാൎയ്യ | കുത്തിയടൎത്തി |
| സഃ | ആ ബലരാമൻ | ഗംഗായാം | ഗംഗാനദിയിൽ |
| ഗജാഹ്വയം | ഹാസ്തിനമെന്ന | പ്രഹരിഷ്യൻ | തള്ളുവാനുദ്യമിച്ചു കൊണ്ടു |
| നഗരം | നഗരത്തെ | വിചകൎഷ | ആഞ്ഞുവലിച്ചു. |
| ലാംഗലാഗ്രേണ | കലപ്പയുടെ നാമ്പുകൊണ്ടു | | |

ജലയാനമിവാഘൂൎണ്ണം ഗംഗായാം നഗരം പതത്
ആകൃഷ്യമാണമാലോക്യ കൗരവാ ജാതസംഭ്രമാഃ. 42
തമേവ ശരണം ജഗ്മുഃ സകുടുംബാ ജിജീവിഷവഃ
സലക്ഷ്മണം പുരസ്കൃത്യ സാംബം പ്രാഞ്ജലയഃ പ്രഭും. 43

| | | | |
|---|---|---|---|
| ആകൃഷ്യമാണം | ബലരാമനാൽ ആഞ്ഞു വലിക്കപ്പെടുന്നതും, | സകുടുംബാഃ | കുടുംബങ്ങളോടു കൂടിയവരും ആയ |
| ജലയാനം ഇവ | ഒരു കപ്പലെന്നപോലെ | കൗരവാഃ | കൌരവന്മാർ |
| ആഘൂൎണ്ണം | ഉലഞ്ഞാടുന്നതും, | സലക്ഷ്മണം | ലക്ഷ്മണയോടുകൂടിയ |
| ഗംഗായാം | ഗംഗാനദിയിൽ | സാംബം | സാംബനെ |
| പതത് | വീഴാൻ തുടങ്ങുന്നതുമായ | പുരസ്കൃത്യ | മുൻനിൎത്തിക്കൊണ്ടു, |
| നഗരം | നഗരത്തെ | പ്രാഞ്ജലയഃ | കൂപ്പുകൈയോടു കൂടിയവരായിട്ടു |
| ആലോക്യ | കണ്ടു, | പ്രഭും | സൎവ്വശക്തനായ |
| ജാതസംഭ്രമാഃ | പരിഭ്രമം കയറിയവരും, | തം ഏവ | ആ ബലദേവനെത്തന്നെ |
| ജിജീവിഷവഃ | ജീവിക്കുവാൻ ആശകൊണ്ടവരും, | ശരണം ജഗ്മുഃ | ശരണം പ്രാപിച്ചു. |

രാമ രാമാഖിലാധാര പ്രഭാവം ന വിദാമ തേ
മൂഢാനാം നഃ കുബുദ്ധീനാം ക്ഷന്തുമർഹസ്യതിക്രമം. 44

| | | | |
|---|---|---|---|
| രാമ രാമ | " രാമ! രാമ! | ന വിദാമ | ഞങ്ങൾ അറിയുന്നില്ല. |
| അഖിലാധാര | എല്ലാററിനും ആശ്രയഭൂതനായി നിലകൊള്ളുന്ന ഹേ പ്രഭോ! | കുബുദ്ധീനാം | ബുദ്ധിദോഷമുള്ളവരും, |
| | | മൂഢാനാം | മൂഢന്മാരുമായ |
| | | നഃ | ഞങ്ങളുടെ |
| തേ | നിന്തിരുവടിയുടെ | അതിക്രമം | അപരാധത്തെ |
| പ്രഭാവം | മാഹാത്മ്യത്തെ | ക്ഷന്തും അർഹസി | പൊറുത്തരുളണേ! |

സ്ഥിത്യുത്പത്ത്യപ്യയാനാം ത്വമേകോ ഹേതുർന്നിരാശ്രയഃ
ലോകാൻ ക്രീഡനകാനീശ ക്രീഡതസ്തേ വദന്തി ഹി. 45

| | | | |
|---|---|---|---|
| ഈശ | " ഹേ ലോകരക്ഷക! | ഹേതുഃ | കാരണമായുള്ളത്. |
| നിരാശ്രയഃ | അന്യാപേക്ഷയില്ലാത്ത | ലോകാൻ | ലോകങ്ങളെ |
| ത്വം | നിന്തിരുവടി | ക്രീഡതഃ | വിഹരിച്ചുകൊണ്ടിരിക്കുന്ന |
| ഏകഃ | ഒരാൾ മാത്രമാണ് | തേ | നിന്തിരുവടിയുടെ |
| സ്ഥിത്യുത്പത്ത്യപ്യയാനാം | ലോകത്തിന്റെ നിലനില്പിനും, ഉത്ഭവത്തിനും, സംഹാരത്തിനും | ക്രീഡനകാൻ | കളിക്കോപ്പുകളായിട്ട് |
| | | വദന്തി ഹി | അഭിജ്ഞന്മാർ പറയുന്നുണ്ടല്ലോ. |

ത്വമേവ മൂർദ്ധ്നീദമനന്ത ലീലയാ ഭൂമണ്ഡലം ബിഭർഷി സഹസ്രമൂർദ്ധൻ
അന്തേ ച യഃ സ്വാത്മനി രുദ്ധവിശ്വഃ ശേഷേഽദ്വിതീയഃ പരിശിഷ്യമാണഃ.

| | | | |
|---|---|---|---|
| സഹസ്രമൂർദ്ധൻ | " ആയിരം ശിരസ്സുള്ള | യഃ | യാതൊരു ആ നിന്തിരുവടിതന്നെ |
| അനന്ത | ഹേ അനന്തമൂർത്തേ! | | |
| ത്വം ഏവ | നിന്തിരുവടിതന്നെ | സ്വാത്മനി | തന്റെ അന്തർഭാഗത്തിൽ |
| ഇദം ഭൂമണ്ഡലം | ഈ ഭൂമണ്ഡലത്തെ | രുദ്ധവിശ്വഃ | വിശ്വത്തെ ലയിപ്പിച്ചുകൊണ്ട് |
| ലീലയാ | അനായാസേന | | |
| മൂർദ്ധ്നി | ശിരസ്സിൽ | പരിശിഷ്യമാണഃ | അവശേഷിക്കപ്പെടുന്നവനായി, |
| ബിഭർഷി | വഹിക്കുന്നു ; | അദ്വിതീയഃ | താൻ മാത്രമായിട്ട് |
| അന്തേ | ഒടുവിൽ, | ശേഷേ ച | ശയിക്കുകയും ചെയ്യുന്നു. |

കോപസ്തേഽഖിലശിക്ഷാർത്ഥം ന ദ്വേഷാന്ന ച മത്സരാത്
ബിഭ്രതോ ഭഗവൻ സത്ത്വം സ്ഥിതിപാലനതത്പരഃ. 47

| | | | |
|---|---|---|---|
| ഭഗവൻ | " ഭഗവാനേ! | | വേണ്ടിയാണ് ; |
| സത്ത്വം | സാത്വികഗുണത്തെ | ദ്വേഷാത് ന | ദ്വേഷം നിമിത്തമല്ല ; |
| ബിഭ്രതഃ | വഹിച്ചുകൊണ്ടിരിക്കുന്ന | മത്സരാത് ച ന | മത്സരം നിമിത്തവുമല്ല ; |
| തേ | നിന്തിരുവടിയുടെ | സ്ഥിതിപാലനതത്പരഃ | നിന്തിരുവടി ലോകത്തിലെ സന്മാർഗ്ഗസ്ഥിതിയെ പാലിക്കുന്നതിൽ തൽപരനാകുന്നു. |
| കോപഃ | കോപമാകട്ടെ | | |
| അഖിലശിക്ഷാർത്ഥം | എല്ലാവർക്കും സന്മാർഗ്ഗശിക്ഷണം നല്കുന്നതിനു | | |

നമസ്തേ സർവ്വഭൂതാത്മൻ സർവ്വശക്തിധരാവ്യയ
വിശ്വകർമ്മൻ നമസ്തേഽസ്തു ത്വാം വയം ശരണം ഗതാഃ 48

| | | | |
|---|---|---|---|
| സർവ്വഭൂതാത്മൻ | "സമസ്തപ്രാണികളുടേയും ആത്മാവായി നില്ക്കുന്ന വിഭോ! | അവ്യയ | ഹേ നിർവ്വികാരാത്മൻ! |
| സർവ്വശക്തിധര | സമസ്തശക്തികളേയും ധരിക്കുന്ന ശ്രീബലദേവ! | വിശ്വകർമ്മൻ | ഹേ വിശ്വകർത്താവേ! |
| തേ | നിന്തിരുവടിക്ക് | തേ | നിന്തിരുവടിക്ക് |
| നമഃ | നമസ്കാരം | നമഃ അസ്തു | നമസ്കാരം |
| | | വയം | ഞങ്ങൾ |
| | | ത്വാം ശരണം ഗതാഃ | നിന്തിരുവടിയെ ശരണം പ്രാപിച്ചിരിക്കുന്നു." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം പ്രപന്നൈഃ സംവിഗ്നൈർവേപമാനായനൈർബ്ബലഃ
പ്രസാദിതഃ സുപ്രസന്നോ മാ ഭൈഷ്ടേത്യഭയം ദദൌ 49

| | | | |
|---|---|---|---|
| വേപമാനായനൈഃ | ഉലഞ്ഞാടുന്ന രാജധാനിയോടുകൂടിയവരും, | ബലഃ | ബലദേവൻ |
| സംവിഗ്നൈഃ | ഭയന്നവരും, | സുപ്രസന്നഃ | പ്രസന്നനായിട്ട്, |
| പ്രപന്നൈഃ | ശരണം പ്രാപിച്ചവരുമായ കൌരവന്മാരാൽ | മാ ഭൈഷ്ട | 'പേടിക്കേണ്ട' |
| ഏവം | ഇപ്രകാരം | ഇതി | എന്നു പറഞ്ഞ് |
| പ്രസാദിതഃ | പ്രസാദിപ്പിക്കപ്പെട്ട | അഭയം | അഭയത്തെ |
| | | ദദൌ | പ്രദാനം ചെയ്തു. |

ദുര്യോധനഃ പാരിബർഹം കുഞ്ജരാൻ ഷഷ്ടിഹായനാൻ
ദദൌ ച ദ്വാദശശതാന്യയുതാനി തുരംഗമാൻ. 50

രഥാനാം ഷട്സഹസ്രാണി രൌക്മാണാം സൂര്യവർച്ചസാം
ദാസീനാം നിഷ്കകണ്ഠീനാം സഹസ്രം ദുഹിതൃവത്സലഃ. 51

| | | | |
|---|---|---|---|
| ദുഹിതൃവത്സലഃ | പുത്രിയിൽ വാത്സല്യമുള്ള | സൂര്യവർച്ചസാം | സൂര്യനെപ്പോലെ ശോഭിക്കുന്നവയും ആയ |
| ദുര്യോധനഃ | ദുര്യോധനൻ | രഥാനാം ഷട്സഹസ്രാണി | ആറായിരം തേരുകളേയും, |
| ഷഷ്ടിഹായനാൻ | അറുപതുവയസ്സുചെന്ന | നിഷ്കകണ്ഠീനാം | പൊൻപതക്കം കെട്ടിയ |
| ദ്വാദശശതാനി | ആയിരത്തിരുനൂറ് | ദാസീനാം സഹസ്രം | ആയിരം ദാസിമാരേയും, |
| കുഞ്ജരാൻ | ആനകളേയും, | പാരിബർഹം | സ്ത്രീധനമായിട്ട് |
| അയുതാനി | പതിനായിരം | ദദൌ ച | കൊടുത്തു. |
| തുരംഗമാൻ | കുതിരകളേയും, | | |
| രൌക്മാണാം | പൊന്നണിഞ്ഞവയും, | | |

പ്രതിഗൃഹ്യ തു തത് സർവ്വം ഭഗവാൻ സാത്വതർഷഭഃ
സസുതഃ സസ്നുഷഃ പ്രാഗാത് സുഹൃദ്ഭിരഭിനന്ദിതഃ. 52

| | | | |
|---|---|---|---|
| തത് സർവ്വം | അതിനെ മുഴുവനും | സസ്നുഷഃ | പുത്രഭാര്യയോടുംകൂടി |
| പ്രതിഗൃഹ്യ തു | സ്വീകരിച്ച്, | സുഹൃദ്ഭിഃ | ബന്ധുക്കളാൽ |
| സാത്വതർഷഭഃ | യദുപുംഗവനായ | അഭിനന്ദിതഃ | അഭിനന്ദിക്കപ്പെട്ടവനായിട്ട് |
| ഭഗവാൻ | ഭഗവാൻ ബലരാമൻ | | |
| സസുതഃ | പുത്രനോടും, | പ്രാഗാത് | യാത്ര പുറപ്പെട്ടു. |

തതഃ പ്രവിഷ്ടഃ സ്വപുരം ഹലായുധഃ സമേത്യ ബന്ധൂനനുരക്തചേതസഃ
ശശംസ സർവ്വം യദുപുംഗവാനാം മധ്യേ സഭായാം കുരുഷു സ്വചേഷ്ടിതം.

| | | | |
|---|---|---|---|
| തതഃ | അനന്തരം | സമേത്യ | സമ്മേളിച്ചശേഷം |
| ഹലായുധഃ | ശ്രീബലരാമൻ | സഭായാം | രാജസഭയിൽ |
| സ്വപുരം | തന്റെ ദ്വാരകാപുരിയിലേക്ക് | യദുപുംഗവാനാം | യാദവവീരന്മാരുടെ |
| | | മധ്യേ | മധ്യത്തിൽവെച്ച് |
| പ്രവിഷ്ടഃ | എത്തിച്ചേർന്ന് | കുരുഷു | കൌരവന്മാരിൽ ഉണ്ടായ |
| അനുരക്തചേതസഃ | സ്നേഹം തഴച്ച ഹൃദയത്തോടുകൂടിയ | സ്വചേഷ്ടിതം | തന്റെ പ്രവൃത്തിയെ |
| | | സർവ്വം | മുഴുവനും |
| ബന്ധൂൻ | സ്വജനങ്ങളോട് | ശശംസ | വിസ്തരിച്ചുപറഞ്ഞു. |

അദ്യാപി ച പുരം ഹ്യേതത് സൂചയദ്രാമവിക്രമം
സമുന്നതം ദക്ഷിണതോ ഗംഗായാമനു ദൃശ്യതേ. 54

| | | | |
|---|---|---|---|
| അദ്യ അപി ച | ഇന്നുകൂടിയും | ഗംഗായാം | ഗംഗാതീരത്തിൽ |
| ഏതത് പുരം | ഈ ഹസ്തിനാപുരം | ദക്ഷിണതഃ | തെക്കുവശത്ത് |
| രാമവിക്രമം | ശ്രീബലരാമന്റെ പരാക്രമത്തെ | സമുന്നതം | ഉയർന്നിരിക്കുന്നതായി |
| | | അനു | നിരന്തരം |
| സൂചയത് ഹി | സൂചിപ്പിച്ചുകൊണ്ടുതന്നെ | ദൃശ്യതേ | കാണപ്പെട്ടുവരുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ ഹസ്തിനാപുരകർഷണസങ്കർഷണവിജയോനാമാഷ്ടഷഷ്ടിതമോऽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2914.

## ഏകോനസപ്തതിതമോऽദ്ധ്യായഃ=അറുപത്തൊമ്പതാമദ്ധ്യായം.

[ ഏകോനസപ്തതിതമേ ഗാർഹസ്ഥ്യം പ്രതിമന്ദിരം
കൃഷ്ണസ്യ നാരദോ ദൃഷ്ട്വാ വിസ്മിതോऽഗാത്തതഃ സ്തുവൻ ]

(എല്ലാ പത്നീഗൃഹങ്ങളിലും ഏകകാലത്തിൽ ഗൃഹസ്ഥധർമ്മം അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന ഭഗവാനെ കണ്ടു് നാരദമഹർഷി വിസ്മയിക്കുന്നതും, സ്തുതിക്കുന്നതും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

നരകം നിഹതം ശ്രുത്വാ തഥോദ്വാഹം ച യോഷിതാം
കൃഷ്ണേനൈകേന ബഹ്വീനാം തദ്ദിദൃക്ഷുഃ സ്മ നാരദഃ. 1

| | |
|---|---|
| കൃഷ്ണേന | ശ്രീകൃഷ്ണനാൽ |
| നിഹതം | വധിക്കപ്പെട്ട |
| നരകം | നരകാസുരനെക്കുറിച്ചും, |
| തഥാ | അപ്രകാരം |
| ഏകേന | ഒരേ ആളോടുകൂടി |
| ബഹ്വീനാം | അനേകം |
| യോഷിതാം | സ്ത്രീകളുടെ |
| ഉദ്വാഹം ച | വിവാഹത്തെക്കുറിച്ചും |
| ശ്രുത്വാ | കേട്ട് |
| നാരദഃ | ശ്രീനാരദമഹർഷി |
| തത് | അതിനെ (ഏകമൂർത്തിയായി അവതരിച്ച ഭഗവാൻ ബഹുപത്നികളോടുകൂടെ ഗൃഹസ്ഥധർമ്മം അനുഷ്ഠിക്കുന്നവിധത്തെ) |
| ദിദൃക്ഷുഃ സ്മ | നേരിൽ കാണ്മാൻ ആഗ്രഹിക്കുന്നവനായിഭവിച്ചു. |

ചിത്രം ബതൈതദേകേന വപുഷാ യുഗപത് പൃഥക്
ഗൃഹേഷു ദ്വ്യഷ്ടസാഹസ്രം സ്ത്രിയ ഏക ഉദാവഹത്. 2
ഇത്യുത്സുകോ ദ്വാരവതീം ദേവർഷിർദ്രഷ്ടുമാഗമത്

| | |
|---|---|
| ബത | "ആശ്ചര്യം! |
| ഏകഃ | ഒരേ ആളായ കൃഷ്ണൻ |
| ഏകേന | ഒരേയൊരു |
| വപുഷാ | ശരീരത്തോടെ |
| യുഗപത് | ഒരേസമയത്ത് |
| പൃഥക് | വെറെ വെറെ |
| ഗൃഹേഷു | ഗൃഹങ്ങളിൽവെച്ച് |
| ദ്വ്യഷ്ടസാഹസ്രം | പതിനാറായിരം |
| സ്ത്രിയഃ | സ്ത്രീകളെ |
| ഉദാവഹത് | വിവാഹംചെയ്തു; |
| ഏതത് ചിത്രം | ഇതു അത്ഭുതമാണല്ലോ!" |
| ഇതി | എന്നിപ്രകാരം ഓർത്ത് |
| ഉത്സുകഃ | ഉത്സാഹം മുഴുത്ത |
| ദേവർഷിഃ | ആ ദിവ്യമുനി |
| ദ്രഷ്ടും | കാണ്മാനായിട്ട് |
| ദ്വാരവതീം | ദ്വാരകയിലേക്ക് |
| ആഗമത് | വന്നു. |

ദ്വാരകാപുരിയെ താഴെയുള്ള ശ്ലോകങ്ങൾകൊണ്ടു വർണ്ണിക്കുന്നു :—

പുഷ്പിതോപവനാരാമദ്വിജാളികുലനാദിതാം. 3
ഉത്ഫുല്ലേന്ദീവരാംഭോജകല്ഹാരകുമുദോത്പലൈഃ
ഛുരിതേഷു സരസ്സൂച്ചൈഃ കൂജിതാം ഹംസസാരസൈഃ. 4
പ്രാസാദലക്ഷൈർനവഭിർജ്ജുഷ്ടാം സ്ഫാടികരാജതൈഃ
മഹാമരകതപ്രഖ്യൈഃ സ്വർണ്ണരത്നപരിച്ഛദൈഃ. 5
വിഭക്തരഥ്യാപഥചത്വരാപണൈഃ ശാലാസഭാഭീ രുചിരാം സുരാലയൈഃ
സംസിക്തമാർഗ്ഗാങ്കണവീഥിദേഹളീം പതത്പതാകാധ്വജവാരിതാതപാം.

| | |
|---|---|
| പുഷ്പിതോപവനാരാമദ്വിജാളികുലനാദിതാം | പൂത്തുനില്ക്കുന്ന പൂങ്കാവുകളിലും, തോട്ടങ്ങളിലും പലതരം പറവകളും വണ്ടുകളും ശബ്ദിച്ചുകൊണ്ടിരിക്കുന്നതായി — |
| ഉത്ഫുല്ലേന്ദീവരാംഭോജകല്ഹാരകുമുദോത്പലൈഃ | വിരിഞ്ഞുനില്ക്കുന്ന ചെങ്കഴനീർ, ചെന്താമര, സൌഗന്ധികം, ആമ്പൽ, ഉൽപലം എന്നീ പുഷ്പങ്ങൾകൊണ്ട് |
| ഛുരിതേഷു | നിറഞ്ഞിട്ടുള്ള |
| സരഃസു | തടാകങ്ങളിൽ |
| ഹംസസാരസൈഃ | അരയന്നങ്ങളാലും, വണ്ടാരംകോഴികളാലും |
| ഉച്ചൈഃ | ഉറക്കെ |
| കൂജിതാം | കൂജനംചെയ്യപ്പെട്ടിരിക്കുന്നതായി— |

| | |
|---|---|
| സ്ഫാടിക-രാജതൈഃ | സ്ഫടികക്കല്ലും വെള്ളിയും കൊണ്ട് പണിതീർത്തവയും, |
| മഹാമരകതപ്രഖ്യൈഃ | മേത്തരം മരകതരത്നങ്ങളാൽ ഒളിവീശുന്നവയും, |
| സ്വർണ്ണരത്നപരിച്ഛദൈഃ | സ്വർണ്ണമയങ്ങളും രത്നമയങ്ങളുമായ ഗൃഹോപകരണങ്ങളോടുകൂടിയവയുമായ |
| നവഭിഃ | ഒമ്പതു |
| പ്രാസാദലക്ഷൈഃ | ലക്ഷം പ്രധാനഹർമ്മ്യങ്ങളോട് |
| ജുഷ്ടാം | കൂടിയതായി— |
| വിഭക്തരഥ്യാപഥചത്വരാപണൈഃ | വേർതിരിക്കപ്പെട്ടിരിക്കുന്ന തേർവീഥികൾ, നടവഴികൾ, അങ്കണങ്ങൾ, അങ്ങാടികൾ എന്നിവയാലും, |
| ശാലാസഭാഭിഃ | കൊട്ടിലുകൾ, സഭാഗൃഹങ്ങൾ എന്നിവയാലും, |
| സുരാലയൈഃ | ദേവാലയങ്ങളാലും |
| രുചിരാം | ശോഭിക്കുന്നതായി— |
| സംസിക്തമാർഗ്ഗാങ്ഗണവീഥിദേഹളീം | വെള്ളം തളിക്കപ്പെട്ട നടവഴികൾ, അങ്കണങ്ങൾ, തെരുവുകൾ, ഉമ്മറത്തറകൾ എന്നിവയോടുകൂടിയതായ്— |
| പതത്പതാകാധ്വജവാരിതാതപാം | പാറിപ്പറക്കുന്ന കൊടിക്കൂറകളോടുചേർന്ന ധ്വജങ്ങളാൽ നിവാരണം ചെയ്യപ്പെട്ട സൂര്യാതപത്തോടുകൂടിയതായി സ്ഥിതിചെയ്യുന്ന |
| (ദ്വാരവതീം | ദ്വാരകയിലേക്ക് |
| ആഗമത്) | നാരദൻ വന്നു. |

തസ്യാമന്തഃപുരം ശ്രീമദർച്ചിതം സർവ്വധിഷ്ണ്യപൈഃ
ഹരേഃ സ്വകൗശലം യത്ര ത്വഷ്ട്രാ കാർത്സ്ന്യേന ദർശിതം. 7
തത്ര ഷോഡശഭിഃ സദ്മസഹസ്രൈഃ സമലംകൃതം
വിവേശൈകതമം ശൗരേഃ പത്നീനാം ഭവനം മഹത്. 8

| | |
|---|---|
| യത്ര | യാതൊരിടത്താണോ |
| ത്വഷ്ട്രാ | വിശ്വകർമ്മാവിനാൽ |
| സ്വകൗശലം | തന്റെ ശില്പചാതുര്യം |
| കാർത്സ്ന്യേന | തികച്ചും |
| ദർശിതം | പ്രദർശിപ്പിക്കപ്പെട്ടിരിക്കുന്നത്, |
| തസ്യാം | ആ ദ്വാരകാപുരിയിൽ |
| ശ്രീമത് | സർവ്വസമൃദ്ധമായതും, |
| സർവ്വധിഷ്ണ്യപൈഃ | സർവ്വലോകാധിപതികളാലും |
| അർച്ചിതം | ആരാധിതമായതും, |
| ഷോഡശഭിഃ സദ്മസഹസ്രൈഃ | പതിനാറായിരം ശ്രേഷ്ഠഹർമ്മ്യങ്ങളാൽ |
| സമലംകൃതം | അലംകൃതമായതുമായ |
| ഹരേഃ | ശ്രീകൃഷ്ണഭഗവാന്റെ |
| അന്തഃപുരം | അന്തഃപുരം സ്ഥിതിചെയ്തിരുന്നു. |
| തത്ര | അതിൽ |
| ശൗരേഃ | ശ്രീകൃഷ്ണഭഗവാന്റെ |
| പത്നീനാം | പത്നിമാരുടേതായ |
| ഏകതമം മഹത് | ഒരു വലിയ |
| ഭവനം | മാളികയിലേക്ക് |
| വിവേശ | കയറിച്ചെന്നു. |

പ്രസ്തുത ഭവനത്തെ താഴെയുള്ള നാലുശ്ലോകംകൊണ്ട് വർണ്ണിക്കുന്നു :—

വിഷ്ടബ്ധം വിദ്രുമസ്തംഭൈർവൈഡൂര്യഫലകോത്തമൈഃ
ഇന്ദ്രനീലമയൈഃ കുഡ്യൈർജ്ജഗത്യാ ചാഹതത്വിഷാ. 9

| | |
|---|---|
| വിദ്രുമസ്തംഭൈഃ | പവിഴംകൊണ്ടുള്ള വൻതൂണുകളാലും, |
| വൈഡൂര്യഫലകോത്തമൈഃ | വൈഡൂര്യംകൊണ്ടുള്ള തട്ടുപലകകളാലും |

| | |
|---|---|
| വിഷ്ടബ്ധം | താങ്ങപ്പെട്ടിരിക്കുന്ന ആ മാളിക |
| ഇന്ദ്രനീലമയൈഃ | ഇന്ദ്രനീലക്കല്ലുകൊണ്ട് പടുത്തുകെട്ടിയ |
| കുഡ്യൈഃ | ഭിത്തികളെക്കൊണ്ടും, |
| അഹതത്വിഷാ | നശിക്കാത്ത കാന്തിയുള്ള |
| ജഗത്യാ ച | തറനിലംകൊണ്ടും (ശോഭിതമായിരുന്നു.) |

വിതാനൈർന്നിർമ്മിതൈസ്ത്വഷ്ട്രാ മുക്താദാമവിലംബിഭിഃ
ദാന്തൈരാസനപര്യങ്കൈർമ്മണ്യുത്തമപരിഷ്കൃതൈഃ. 10

| | |
|---|---|
| ത്വഷ്ട്രാ | വിശ്വകർമ്മാവിനാൽ |
| നിർമ്മിതൈഃ | നിർമ്മിക്കപ്പെട്ടവയും, |
| മുക്താദാമവിലംബിഭിഃ | മുത്തുമാലകൾ തൂങ്ങിക്കിടക്കുന്നവയുമായ |
| വിതാനൈഃ | മേൽക്കെട്ടികളാലും, |
| മണ്യുത്തമപരിഷ്കൃതൈഃ | ഉത്തമരത്നങ്ങൾകൊണ്ട് മോടിപിടിപ്പിക്കപ്പെട്ടവയും, |
| ദാന്തൈഃ | ആനക്കൊമ്പുകൊണ്ട് ഉണ്ടാക്കപ്പെട്ടവയുമായ |
| ആസനപര്യങ്കൈഃ | ഭദ്രപീഠങ്ങൾ, പള്ളിക്കട്ടിലുകൾ എന്നിവയാലും (പരിശോഭിതമായിരുന്നു.) |

ദാസീഭിർന്നിഷ്കകണ്ഠീഭിഃ സുവാസോഭിരലംകൃതം
പുംഭിഃ സകഞ്ചുകോഷ്ണീഷസുവസ്ത്രമണികുണ്ഡലൈഃ. 11

| | |
|---|---|
| നിഷ്കകണ്ഠീഭിഃ | കഴുത്തിൽ പൊൻപതക്കം കെട്ടിയവരും, |
| സുവാസോഭിഃ | നല്ലവസ്ത്രം ധരിച്ചവരുമായ |
| ദാസീഭിഃ | പരിചാരികമാരാലും, |
| സകഞ്ചുകോഷ്ണീഷസുവസ്ത്രമണികുണ്ഡലൈഃ | കുപ്പായവും, തൊപ്പിയും, നല്ല വസ്ത്രവും, കല്ലുവെച്ച കടുക്കനും ധരിച്ചിട്ടുള്ള |
| പുംഭിഃ | പരിചാരകന്മാരാലും |
| അലംകൃതം | പരിശോഭിതമായിരുന്നു. |

രത്നപ്രദീപനികരദ്യുതിഭിർന്നിരസ്ത-
ധ്വാന്തം വിചിത്രവലഭീഷു ശിഖണ്ഡിനോഽങ്ഗ
നൃത്യന്തി യത്ര വിഹിതാഗരുധൂപമക്ഷൈ-
ർന്നിര്യ്യാന്തമീക്ഷ്യ ഘനബുദ്ധയ ഉന്നദന്തഃ. 12

| | |
|---|---|
| അംഗ | പ്രിയപ്പെട്ട രാജാവേ! |
| രത്നപ്രദീപനികരദ്യുതിഭിഃ | മണിവിളക്കുകളുടെ സമൂഹത്തിൽ നിന്നെഴുന്ന പ്രകാശങ്ങളാൽ |
| നിരസ്തധ്വാന്തം | അകററപ്പെട്ട അന്ധകാരത്തോടുകൂടിയതും ആയിരുന്നു. |
| യത്ര | യാതൊരു ആ മാളികയിലെ |
| വിചിത്രവലഭീഷു | നിറപ്പകിട്ടുള്ള കമാനങ്ങളുടെ മുകളിൽ ഇരിക്കുന്ന |
| ശിഖണ്ഡിനഃ | മയിലുകൾ |
| അക്ഷൈഃ | ജനാലുകൾവഴി |
| നിര്യാന്തം | പുറത്തേക്കു പോകുന്ന, |
| വിഹിതാഗരുധൂപം | അകത്തുള്ള അകിൽമണം ചേർന്ന പുകയെ |
| ഈക്ഷ്യ | കണ്ട് |
| ഘനബുദ്ധയഃ | മേഘമാണെന്നു തോന്നൽ ഉണ്ടായവരായി, |
| ഉന്നദന്തഃ | ഉച്ചത്തിൽ കൂവിക്കൊണ്ട് |
| നൃത്യന്തി | നൃത്തം വെച്ചിരുന്നു. |

തസ്മിൻ സമാനഗുണരൂപവയസ്സുവേഷ-
ദാസീസഹസ്രയുതയാനുസവം ഗൃഹിണ്യാ
വിപ്രോ ദദൎശ ചമരവ്യജനേന രുക്മ-
ദണ്ഡേന സാത്വതപതിം പരിവീജയന്ത്യാ. 13

| | |
|---|---|
| തസ്മിൻ | അതിൽ |
| അനുസവം | സൎവ്വകാലവും |
| സമാനഗുണ-രൂപവയഃ-സുവേഷ-ദാസീസഹസ്ര-യുതയാ- | തനിക്കുചേൎന്ന ഗുണങ്ങളോടും, സൌന്ദൎയ്യത്തോടും, പ്രായത്തോടും ശോഭനമായ അലങ്കാരത്തോടുംകൂടിയ അസംഖ്യം ദാസിമാരോടൊന്നിച്ച് |
| രുക്മദണ്ഡേന | സ്വൎണ്ണപ്പിടിയുള്ള |
| ചമരവ്യജനേന | വെഞ്ചാമരംകൊണ്ട് |
| പരിവീജയന്ത്യാ | വീശിക്കൊണ്ടിരിക്കുന്ന |
| ഗൃഹിണ്യാ | പത്നി (രുക്മിണി)യോടുകൂടി സ്ഥിതിചെയ്യുന്ന |
| സാത്വതപതിം | ശ്രീകൃഷ്ണഭഗവാനെ |
| വിപ്രഃ | ബ്രഹ്മജ്ഞനായ നാരദൻ |
| ദദൎശ | ദൎശിച്ചു. |

തം സന്നിരീക്ഷ്യ ഭഗവാൻ സഹസോത്ഥിതഃ ശ്രീ-
പൎയ്യങ്കതഃ സകലധൎമ്മഭൃതാം വരിഷ്ഠഃ
ആനമ്യ പാദയുഗളം ശിരസാ കിരീട-
ജുഷ്ടേന സാഞ്ജലിരവീവിശദാസനേ സ്വേ. 14

| | |
|---|---|
| തം | അദ്ദേഹത്തെ |
| സന്നിരീക്ഷ്യ | കണ്ടിട്ട്, |
| സകലധൎമ്മഭൃതാം | എല്ലാ ധൎമ്മിഷ്ഠന്മാരിലും വെച്ച് |
| വരിഷ്ഠഃ | അഗ്രഗണ്യനായ |
| ഭഗവാൻ | ഭഗവാൻ ശ്രീകൃഷ്ണൻ |
| ശ്രീപൎയ്യങ്കതഃ | ലക്ഷ്മീഭഗവതി (രുക്മിണി) യുടെ തല്പത്തിൽനിന്ന് |
| സഹസാ | അതിവേഗത്തിൽ |
| ഉത്ഥിതഃ | എഴുന്നേററ്, |
| കിരീടജുഷ്ടേന | കിരീടാലങ്കൃതമായ |
| ശിരസാ | ശിരസ്സുകൊണ്ട് |
| പാദയുഗളം | അദ്ദേഹത്തിൻെറ കാലിണയെ |
| ആനമ്യ | തൊട്ടുനമസ്കരിച്ച്, |
| സാഞ്ജലിഃ | കൂപ്പുകൈയോടുകൂടി നിന്നുകൊണ്ട് |
| സ്വേ ആസനേ | തൻെറ ഇരിപ്പിടത്തിൽ |
| അവീവിശത് | ഇരുത്തി |

തസ്യാവനിജ്യ ചരണൌ തദപഃ സ്വമൂൎദ്ധ്നാ
ബിഭ്രജ്ജഗദ്ഗുരുതരോऽപി സതാം പതിൎഹി
ബ്രഹ്മണ്യദേവ ഇതി യദ്ഗുണനാമ യുക്തം
തസ്യൈവ യച്ചരണശൌചമശേഷതീൎത്ഥം. 15

| | |
|---|---|
| യച്ചരണ-ശൌചം | യാതൊരുവൻെറ തൃപ്പാദങ്ങളെ കഴുകിയ ജലമാകുന്ന ഗംഗതന്നെ |
| അശേഷതീൎത്ഥം | സകല ചരാചരങ്ങളേയും ശുദ്ധീകരിക്കുന്നുവോ, |
| (സഃ) | ആ ഭഗവാൻ |
| ജഗദ്ഗുരുതരഃ | ജഗത്തിൻെറ പരമഗുരുവാകുന്നു; |
| അപി | എങ്കിലും, അവിടുന്ന് |
| സതാം | ധൎമ്മിഷ്ഠന്മാരായുള്ളവൎക്ക് |
| പതിഃ | മാതൃക കാട്ടിക്കൊടുത്ത് അവരെ പരിപാലിക്കുന്ന ആളാണല്ലോ. |

| | |
|---|---|
| ഹി | ഈ നിലയ്ക്കുമാത്രം |
| തസ്യ | ആ നാരദമുനിയുടെ |
| ചരണൌ | കാലുരണ്ടും |
| അവനിജ്യ | കഴുകിച്ചു് |
| തത്പയഃ | ആ പാദതീർത്ഥജലത്തെ |
| സ്വമൂർദ്ധ്നാ | തന്റെ ശിരസ്സുകൊണ്ടു് |
| അബിഭ്രത് | ഭഗവാൻ ഏററതാണ് |
| ബ്രഹ്മണ്യദേവഃ | ബ്രഹ്മണ്യദേവൻ (ബ്രാഹ്മണരെ ദേവതയായി ആരാധിക്കുന്നവൻ) |
| ഇതി യത് | എന്നുള്ള യാതൊരു |
| ഗുണനാമ | ഗുണകൃതമായ (അന്വർത്ഥമായ) തിരുനാമം |
| തസ്യ ഏവ | അവിടുത്തേക്കുമാത്രം |
| യുക്തം | യോജിച്ചതാകുന്നു. |

സംപൂജ്യ ദേവഋഷിവര്യമൃഷിഃ പുരാണോ

നാരായണോ നരസഖോ വിധിനോദിതേന

വാണ്യാഽഭിഭാഷ്യ മിതയാമൃതമിഷ്ടയാ തം

പ്രാഹ പ്രഭോ ഭഗവതേ കരവാമ ഹേ കിം. 16

| | |
|---|---|
| പുരാണഃ | ആദ്യനായ |
| ഋഷിഃ | മന്ത്രപ്രവർത്തകനും, |
| നരസഖഃ | നരന്റെ—ജീവാത്മാവിന്റെ, അഥവാ, അർജ്ജുനന്റെ സഹചരനും ആയ |
| നാരായണഃ | സാക്ഷാൽ ശ്രീനാരായണൻ |
| ഉദിതേന | ശാസ്ത്രോക്തമായ |
| വിധിനാ | വിധിപ്രകാരം |
| ദേവഋഷിവര്യം | ദേവർഷിപ്രവരനായ ശ്രീനാരദനെ |
| സംപൂജ്യ | വഴിപോലെ പൂജിച്ചശേഷം |
| അമൃതമിഷ്ടയാ | അമൃതിനെ ചൊരിഞ്ഞിടുന്നതും |
| മിതയാ | പരിമിതമായുള്ളതും ആയ |
| വാണ്യാ | മൊഴിയാൽ |
| തം | അദ്ദേഹത്തെ |
| അഭിഭാഷ്യ | സംബോധനചെയ്തു്, |
| ഹേ പ്രഭോ | "അല്ലയോ മഹാത്മാവേ! |
| ഭഗവതേ | എല്ലാം തികഞ്ഞ നിന്തിരുവടിക്കുവേണ്ടി |
| കിം | എന്തൊരു കൃത്യം |
| കരവാമ | നാം ചെയ്യേണ്ടതുണ്ടു്?" |
| പ്രാഹ | എന്നിപ്രകാരം ചോദിച്ചു |

ശ്രീനാരദ ഉവാച=ശ്രീനാരദൻ പറഞ്ഞു :—

നൈവാദ്ഭുതം ത്വയി വിഭോഽഖിലലോകനാഥേ

മൈത്രീ ജനേഷു സകലേഷു ദമഃ ഖലാനാം

നിഃശ്രേയസായ ഹി ജഗത്സ്ഥിതിരക്ഷണാഭ്യാം

സ്വൈരാവതാര ഉരുഗായ വിദാമ സുഷ്ഠു. 17

| | |
|---|---|
| വിഭോ | സർവ്വേശ്വര! |
| സകലേഷു | എല്ലാ |
| ജനേഷു | സാധുജനങ്ങളിലുമുള്ള |
| മൈത്രീ | സ്നേഹഭാവവും, |
| ഖലാനാം | ദുഷ്ടജനങ്ങളുടെ |
| ദമഃ | പ്രശമനവും |
| അഖിലലോകനാഥേ | സകല ലോകങ്ങൾക്കും നായകനായ |
| ത്വയി | നിന്തിരുവടിയിൽ കാണുന്നതു് |
| അദ്ഭുതം ന ഏവ | അദ്ഭുതകരമേ ആകുന്നില്ല. |
| ഹി | എന്തെന്നാൽ, |
| ഉരുഗായ | ബഹുജനങ്ങളാൽ ബഹുവിധം വാഴ്ത്തപ്പെടുന്ന ഹേ പ്രഭോ! |

ജഗത്സ്ഥിതി- രക്ഷണാഭ്യാം — ലോകത്തിന്റെ നില നില്പ്, സംരക്ഷണം എന്നിവയോടുകൂടിയ
നിഃശ്രേയസായ — യോഗക്ഷേമത്തിന്നു വേണ്ടിയാണ്

സ്വൈരാവതാരഃ — നിന്തിരുവടിയുടെ സ്വേച്ഛാസ്വീകൃതമായ അവതാരമെന്ന്
സുഷ്ഠു — നല്ലപോലെ
വിദാമ — ഞങ്ങളറിയുന്നുണ്ട്

ദൃഷ്ടം തവാങ്ഘ്രിയുഗളം ജനതാപവർഗ്ഗ്യം
ബ്രഹ്മാദിഭിർഹൃദി വിചിന്ത്യമഗാധബോധൈഃ
സംസാരകൂപപതിതോത്തരണാവലംബം
ധ്യായംശ്ചരാമ്യനുഗൃഹാണ യഥാ സ്മൃതിഃ സ്യാത്. 18

ജനതാപവർഗ്ഗ്യം — ഭക്തജനങ്ങൾക്ക് മോക്ഷസ്വരൂപമായതും,
അഗാധ- ബോധൈഃ — അഗാധമായ ആത്മജ്ഞാനമുള്ളവരായിരിക്കുന്ന
ബ്രഹ്മാദിഭിഃ — ബ്രഹ്മാദിയോഗീശ്വരന്മാരാൽ
ഹൃദി — ഹൃൽക്കമലത്തിൽ
വിചിന്ത്യം — ധ്യേയമായതും,
സംസാരകൂപ- പതിതോ- ത്തരണാ- വലംബം — സംസാരമാകുന്ന പാഴ്ക്കിണററിൽ വീണുകിടക്കുന്ന ജനങ്ങളെ കരയേററുവാൻ ആശ്രയഭൂതമായതും ആയ

തവ — നിന്തിരുവടിയുടെ
അംഘ്രിയുഗളം — തൃപ്പാദയുഗ്മം
ദൃഷ്ടം — എന്നാൽ ദർശിക്കപ്പെട്ടു.
ധ്യായൻ — അതിനെയും ധ്യാനിച്ചുകൊണ്ട്
ചരാമി — ഞാൻ സഞ്ചരിച്ചുകൊള്ളുന്നു.
യഥാ — യാതൊരുവിധത്തിലായാൽ
സ്മൃതിഃ — മേൽപാദസ്മരണ
സ്യാത് — നിലനിന്നുവരുമോ,
(തഥാ മാം) — ആവിധം എന്നെ
അനുഗൃഹാണ — അനുഗ്രഹിച്ചാലും.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

തതോഽന്യദാവിശദ്ഗേഹം കൃഷ്ണപത്ന്യാഃ സ നാരദഃ
യോഗേശ്വരേശ്വരസ്യാംഗ യോഗമായാവിവിത്സയാ. 19

അംഗ — ഹേ രാജാവേ !
തതഃ — ഇത്രമാത്രം പറഞ്ഞ് യാത്ര ചൊല്ലി പിരിഞ്ഞശേഷം
സഃ നാരദഃ — ആ ശ്രീനാരദൻ
യോഗേശ്വരേ- ശ്വരസ്യ — യോഗേശ്വരന്മാർക്കും ഈശ്വരനായ അവിടുത്തെ

യോഗമായാ- വിവിത്സയാ — യോഗമായാവൈഭവത്തെ അറിവാനുള്ള ആഗ്രഹംകൊണ്ട്
കൃഷ്ണപത്ന്യാഃ — ശ്രീകൃഷ്ണപത്നിയുടെ
അന്യത് ഗേഹം — മറെറാരു ഗൃഹത്തിലേക്കു
ആവിശത് — പ്രവേശിച്ചു.

ദീവ്യന്തമക്ഷൈസ്തത്രാപി പ്രിയയാ ചോദ്ധവേന ച
പൂജിതഃ പരയാ ഭക്ത്യാ പ്രത്യുത്ഥാനാസനാദിഭിഃ. 20

തത്ര അപി — അവിടേയും
പ്രിയയാ ച — പത്നിയോടും,
ഉദ്ധവേന ച — ഉദ്ധവരോടുംകൂടി

അക്ഷൈഃ ദീവ്യന്തം — ചൂതുകളിയിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്ന ശ്രീകൃഷ്ണനെ
(അചഷ്ട) — കണ്ടു.

| | |
|---|---|
| പരയാ | ഉത്തമമായ |
| ഭക്ത്യാ | ഭക്തിയോടെ |
| പ്രത്യുത്ഥാനാസനാദിഭിഃ | എഴുന്നേററു ചെന്നു സ്വീകരിക്കലും, ഇരിപ്പിടം നല്കലും മററുമായുള്ള സല്ക്കാരങ്ങൾകൊണ്ടു് |
| പൂജിതഃ | (ഭഗവാനാൽ ശ്രീനാരദൻ) ഉപചരിക്കപ്പെട്ടു. |

പൃഷ്ടശ്ചാവിദുഷേവാസൌ കദാഽഽയാതോ ഭവാനിതി
ക്രിയതേ കിം നു പൂൎണ്ണാനാമപൂൎണ്ണൈരസ്മദാദിഭിഃ. 21
അഥാപി ബ്രൂഹി നോ ബ്രഹ്മൻ ജന്മൈതച്ഛോഭനം കുരു
സ തു വിസ്മിത ഉത്ഥായ തൂഷ്ണീമന്യദഗാദ്ഗൃഹം. 22

| | |
|---|---|
| ഭവാൻ | “ തിരുവടി |
| കദാ | എപ്പോഴാണു് |
| ആയാതഃ | വന്നെത്തിയതു് ? ” |
| ഇതി | എന്നിങ്ങനെ |
| അവിദുഷാ ഇവ | യാതൊന്നും അറിയാത്തവനെന്ന മട്ടിലുള്ള ഭഗവാനാൽ |
| അസൌ | ആ ശ്രീനാരദൻ |
| പൃഷ്ടഃ ച | കുശലപ്രശ്നം ചെയ്യപ്പെടുകയുമുണ്ടായി. |
| അപൂൎണ്ണൈഃ | “ അപൂൎണ്ണന്മാരായ |
| അസ്മദാദിഭിഃ | എന്നെപ്പോലെയുള്ളവരാൽ |
| പൂൎണ്ണാനാം | പൂൎണ്ണന്മാരായുള്ള |
| യുഷ്മാകം | ഭവാന്മാൎക്കു് |
| കിം നു | എന്തുതന്നെ |
| ക്രിയതേ | ചെയ്യപ്പെടാവുന്നതുണ്ടു് ? |
| ബ്രഹ്മൻ | ഹേ ബ്രഹ്മൎഷേ ! |
| അഥ അപി | എന്നിരിക്കിലും |
| നഃ | ഞങ്ങളോടു് |
| ബ്രൂഹി | വല്ലതുമൊന്നു കല്പിച്ചാലും ! |
| ഏതത് | എന്റെ ഈ ജന്മത്തെ |
| ശോഭനം കുരു | സഫലമാക്കിയാലും ! ” |
| സഃ തു | ആ നാരദമുനിയാകട്ടെ (ഇതുകേട്ടു്) |
| വിസ്മിതഃ | അത്ഭുതപ്പെട്ടുകൊണ്ടു് |
| തൂഷ്ണീം | ഒന്നും പറയാതെ |
| ഉത്ഥായ | എഴുന്നേററു് |
| അന്യത് ഗൃഹം | മറെറാരു ഗൃഹത്തിലേക്കു് |
| അഗാത് | പോയി. |

തത്രാപ്യചഷ്ട ഗോവിന്ദം ലാളയന്തം സുതാഞ്ഛിശൂൻ
തതോഽന്യസ്മിൻ ഗൃഹേഽപശ്യന്മജ്ജനായ കൃതോദ്യമം 23

| | |
|---|---|
| തത്ര അപി | അവിടേയും |
| ഗോവിന്ദം | ശ്രീകൃഷ്ണനെ |
| ശിശൂൻ | കൊച്ചുപൈതങ്ങളായ |
| സുതാൻ | മക്കളേയും |
| ലാളയന്തം | ലാളിച്ചുകൊണ്ടിരിക്കുന്നതായിട്ടു് |
| അചഷ്ട | നാരദൻ കാണുകയുണ്ടായി. |
| തതഃ | അനന്തരം |
| അന്യസ്മിൻ | വേറൊരു |
| ഗൃഹേ | ഗൃഹത്തിൽ (ചെന്നപ്പോൾ) |
| മജ്ജനായ | കുളിക്കുന്നതിന്നു് |
| കൃതോദ്യമം | ഉത്സാഹിച്ചുകൊണ്ടിരിക്കുന്നതു് |
| അപശ്യത് | കണ്ടു. |

ജുഹ്വന്തം ച വിതാനാഗ്നീൻ യജന്തം പഞ്ചഭിൎമ്മഖൈഃ
ഭോജയന്തം ദ്വിജാൻ ക്വാപി ഭുഞ്ജാനമവശേഷിതം. 24

| | |
|---|---|
| ക്വാപി | മറെറാരിടത്തു് |
| വിതാനാഗ്നീൻ ജുഹ്വന്തം | യാഗാഗ്നികളിൽ ഹോമം ചെയ്തുകൊണ്ടിരിക്കുന്നതായും, |
| (ക്വാപി) | മറെറാരിടത്തു് |
| പഞ്ചഭിഃ മഖൈഃ യജന്തം | ഗൃഹസ്ഥോചിതങ്ങളായ പഞ്ചമഹായജ്ഞങ്ങളെ ചെയ്തുകൊണ്ടിരിക്കുന്നതായും, |

(ക്വാപി) മറ്റൊരിടത്തു്
ദ്വിജാൻ ഭോജയന്തം } ബ്രാഹ്മണഭോജനം നടത്തിക്കൊണ്ടിരിക്കുന്നതായും,
(ക്വാപി) മറ്റൊരിടത്തു്
അവശേഷിതം ബ്രാഹ്മണഭോജനാവശിഷ്ടത്തെ
ഭുഞ്ജാനം ച ഭുജിച്ചുകൊണ്ടിരിക്കുന്നതായും (കണ്ടു.)

ക്വാപി സന്ധ്യാമുപാസീനം ജപന്തം ബ്രഹ്മ വാഗ്യതം
ഏകത്ര ചാസിചർമ്മഭ്യാം ചരന്തമസിവർത്മസു. 25

ക്വാപി വേറൊരിടത്തു്
സന്ധ്യാം ഉപാസീനം } സന്ധ്യാവന്ദനം ചെയ്തുകൊണ്ടിരിക്കുന്നതായും,
(ക്വാപി) പിന്നെ വേറൊരിടത്തു്
ബ്രഹ്മ ഗായത്രീമന്ത്രത്തെ
ജപന്തം ജപിച്ചുകൊണ്ടു്
വാഗ്യതം മൌനിയായിരിക്കുന്നതായും (കണ്ടു)
ഏകത്ര ഒരു ദിക്കിൽ
അസിചർമ്മഭ്യാം വാളും പരിചയുമായി
അസിവർത്മസു വാൾപ്പയറ്റിൻ മുറകളിൽ
ചരന്തം ച ചുവടുവെച്ചുനടക്കുന്നതായും (കണ്ടു.)

അശ്വൈർഗ്ഗജൈ രഥൈഃ ക്വാപി വിചരന്തം ഗദാഗ്രജം
ക്വചിച്ഛയാനം പര്യങ്കേ സ്തൂയമാനം ച വന്ദിഭിഃ. 26

ഗദാഗ്രജം ശ്രീകൃഷ്ണനെ
ക്വാപി ചിലേടങ്ങളിൽ
അശ്വൈഃ കുതിരകളുടെ പുറത്തും,
ഗജൈഃ ആനകളുടെ പുറത്തും,
രഥൈഃ തേരുകളിന്മേലും
വിചരന്തം കയറി സഞ്ചരിക്കുന്നതായിട്ടു (കണ്ടു.)
ക്വചിത് മറ്റൊരു സ്ഥലത്തു്
പര്യങ്കേ കട്ടിലിന്മേൽ
ശയാനം ശയിക്കുന്നതായും,
വന്ദിഭിഃ സ്തുതിപാഠകന്മാരാൽ
സ്തൂയമാനം ച വാഴ്ത്തപ്പെടുന്നതായും (കണ്ടു)

മന്ത്രയന്തം ച കസ്മിംശ്ചിന്മന്ത്രിഭിശ്ചോദ്ധവാദിഭിഃ
ജലക്രീഡാരതം ക്വാപി വാരമുഖ്യാബലാവൃതം. 27

കസ്മിംശ്ചിത് മറ്റൊരു ദിക്കിൽ
ഉദ്ധവാദിഭിഃ ഉദ്ധവർ മുതലായ
മന്ത്രിഭിഃ ച മന്ത്രിമാരോടുകൂടി
മന്ത്രയന്തം ച കാര്യാലോചന ചെയ്യുന്നതായും,
ക്വാപി എന്നാൽ, വേറൊരിടത്തു്
വാരമുഖ്യാബലാവൃതം } വേശ്യാസ്ത്രീഗണങ്ങളാൽ പരിവൃതനായി
ജലക്രീഡാരതം ജലക്രീഡകളിൽ ഏർപ്പെട്ടുകൊണ്ടിരിക്കുന്നതായും (കണ്ടു.)

കുത്രചിദ്ദ്വിജമുഖ്യേഭ്യോ ദദതം ഗാഃ സ്വലംകൃതാഃ
ഇതിഹാസപുരാണാനി ശൃണ്വന്തം മംഗലാനി ച. 28

കുത്രചിത് വേറെയൊരിടത്തു്
ദ്വിജമുഖ്യേഭ്യഃ മഹാബ്രാഹ്മണർക്കായി
സ്വലംകൃതാഃ നന്നായലങ്കരിക്കപ്പെട്ട
ഗാഃ പശുക്കളെ
ദദതം ദാനം ചെയ്യുന്നതായും,
(കുത്രചിത്) വേറിട്ടൊരിടത്തു്
മംഗലാനി ശുഭാവഹങ്ങളായ
ഇതിഹാസപുരാണാനി } ഇതിഹാസങ്ങളേയും, പുരാണങ്ങളേയും
ശൃണ്വന്തം ച കേട്ടുകൊണ്ടിരിക്കുന്നതായും (കണ്ടു.)

ഹസന്തം ഹാസ്യകഥയാ കദാചിത് പ്രിയയാ ഗൃഹേ
ക്വാപി ധൎമ്മം സേവമാനമൎത്ഥകാമൌ ച കുത്രചിത്. 29

കദാചിത് — മറെറാരു ദിക്കിൽ ചെന്നപ്പോൾ
ഗൃഹേ — ആ ഗൃഹത്തിൽ
പ്രിയയാ — പത്നിയോടുകൂടി
ഹാസ്യകഥയാ — സരസസല്ലാപത്തോടെ
ഹസന്തം — ചിരിച്ചുകൊണ്ടിരിക്കുന്നതായും,

ക്വാപി — വേറൊരു ഗൃഹത്തിൽ
ധൎമ്മം — ധൎമ്മത്തെ അനുഷ്ഠിക്കുന്നതായും
കുത്രചിത് — മറെറാന്നിൽ
അൎത്ഥകാമൌ — അൎത്ഥകാമങ്ങളെ
സേവമാനം ച — അനുഭവിക്കുന്നതായും (കണ്ടു.)

ധ്യായന്തമേകമാസീനം പുരുഷം പ്രകൃതേഃ പരം
ശുശ്രൂഷന്തം ഗുരൂൻ ക്വാപി കാമൈൎഭോഗൈഃ സപൎയ്യയാ. 30

ക്വാപി — ഒരിടത്ത്
പ്രകൃതേഃ — പ്രകൃതിയിൽനിന്ന്
പരം — അതീതനായ
പുരുഷം — ചിത്പുരുഷനെ
ധ്യായന്തം — ധ്യാനിച്ചുകൊണ്ട്
ഏകം — ഏകനായി
ആസീനം — ഇരിപ്പുറപ്പിച്ചിരിക്കുന്നതു് (കണ്ടു.)

(ക്വാപി) — മറെറാരിടത്ത്
സപൎയ്യയാ — പൂജാസാമഗ്രികൊണ്ടും,
കാമൈഃ — അഭീഷ്ടസാധനങ്ങളെക്കൊണ്ടുള്ള
ഭോഗൈഃ — ഉപഭോഗങ്ങൾകൊണ്ടും
ഗുരൂൻ — വാസുദേവാദി ഗുരുജനങ്ങളെ
ശുശ്രൂഷന്തം — പരിചരിക്കുന്നതായിട്ട് (കണ്ടു.)

കുൎവ്വന്തം വിഗ്രഹം കൈശ്ചിത് സന്ധിം ചാന്യത്ര കേശവം
കുത്രാപി സഹ രാമേണ ചിന്തയന്തം സതാം ശിവം. 31

(ഏകത്ര) — ഒരിടത്ത്
കൈശ്ചിത് — ചിലരോടുകൂടി
വിഗ്രഹം — യുദ്ധത്തേയും,
അന്യത്ര — മറെറാരിടത്ത്, വേറെ ചിലരോടുകൂടി
സന്ധിം ച — സന്ധിയേയും
കുൎവ്വന്തം — ചെയ്യുവാനൊരുമിക്കുന്ന

കേശവം — ശ്രീകൃഷ്ണനെ (കണ്ടു.)
കുത്രാപി — വേറിട്ടൊരിടത്ത്
രാമേണ സഹ — ബലരാമനോടുകൂടി
സതാം — സജ്ജനങ്ങളുടെ
ശിവം — യോഗക്ഷേമത്തെ
ചിന്തയന്തം — ചിന്തിക്കുന്നതായും (കണ്ടു.)

പുത്രാണാം ദുഹിതൄണാം ച കാലേ വിധ്യുപയാപനം
ദാരൈൎവ്വരൈസ്തത്സദൃശൈഃ കല്പയന്തം വിഭൂതിഭിഃ. 32

കാലേ — തക്കകാലത്തിൽ
പുത്രാണാം — പുത്രന്മാൎക്ക്
തത്സദൃശൈഃ — അവൎക്കുചേൎന്നിട്ടുള്ള
ദാരൈഃ — പത്നിമാരോടും,
ദുഹിതൄണാം — പുത്രിമാൎക്ക്
(തത്സദൃശൈഃ) — അവൎക്കു ചേൎന്ന

വരൈഃ ച — ഭൎത്താക്കന്മാരോടുംകൂടി
വിധ്യുപയാപനം — വിധിപ്രകാരമുള്ള വിവാഹത്തെ
വിഭൂതിഭിഃ — ആഡംബരത്തോടെ
കല്പയന്തം — നടത്തിച്ചുകൊണ്ടിരിക്കുന്ന ശ്രീകൃഷ്ണനെ (മററു ചില ഗൃഹങ്ങളിൽ കണ്ടു.)

പ്രസ്ഥാപനോപാനയനൈരപത്യാനാം മഹോത്സവാൻ
വീക്ഷ്യ യോഗേശ്വരേശസ്യ യേഷാം ലോകാ വിസിസ്മിരേ. 33

| | |
|---|---|
| യോഗേശ്വ-രേശസ്യ | യോഗേശ്വരന്മാർക്കു പോലും ഈശ്വരനായ ശ്രീകൃഷ്ണന്റെ |
| യേഷാം | യാതൊരു |
| അപത്യാനാം | ഈ മക്കളുടെ (വിവാഹ സംബന്ധമായി) |
| പ്രസ്ഥാപനോ-പാനയനൈഃ | പുറപ്പെടുവിച്ചയയ്ക്കലും, കൂട്ടിക്കൊണ്ടുവരലും നിമിത്തമായുള്ള |
| മഹോത്സവാൻ | ആഘോഷങ്ങളെ |
| വീക്ഷ്യ | കണ്ടു് |
| ലോകാഃ | മാലോകർ |
| വിസിസ്മിരേ | വിസ്മയിച്ചിരുന്നു. |

യജന്തം സകലാൻ ദേവാൻ ക്വാപി ക്രതുഭിരൂർജ്ജിതൈഃ
പൂർത്തയന്തം ക്വചിദ് ധർമ്മം കൂപാരാമമഠാദിഭിഃ. 34

| | |
|---|---|
| ക്വാപി | ഒരുദിക്കിൽ |
| ഊർജ്ജിതൈഃ | വമ്പിച്ച |
| ക്രതുഭിഃ | യജ്ഞങ്ങളാൽ |
| സകലാൻ | എല്ലാ |
| ദേവാൻ | ദേവകളേയും |
| യജന്തം | ആരാധിക്കുന്നവനായും, |
| ക്വചിത് | അന്യദിക്കിൽ |
| കൂപാരാമ-മഠാദിഭിഃ | കിണർ കുഴിപ്പിക്കുക, തോട്ടം വെച്ചുണ്ടാക്കുക, മഠങ്ങൾ നിർമ്മിക്കുക എന്നു തുടങ്ങിയ പ്രവൃത്തികളാൽ |
| ധർമ്മം | ധർമ്മത്തെ |
| പൂർത്തയന്തം | പൂർത്തീകരിക്കുന്നവനായും ഇരിക്കുന്ന (ശ്രീകൃഷ്ണനെ കണ്ടു.) |

ചരന്തം മൃഗയാം ക്വാപി ഹയമാരുഹ്യ സൈന്ധവം
ഘ്നന്തം തതഃ പശൂൻ മേധ്യാൻ പരീതം യദുപുംഗവൈഃ 35

| | |
|---|---|
| ക്വാപി | വേറെയൊരിടത്തു് |
| സൈന്ധവം | സിന്ധുദേശത്തിലുണ്ടായ |
| ഹയം ആരുഹ്യ | കുതിരമേൽ കയറി |
| യദുപുംഗവൈഃ | യാദവവീരന്മാരാൽ |
| പരീതം | പരിവൃതനായി |
| മൃഗയാം | നായാട്ടു് |
| ചരന്തം | നടത്തുന്ന (കൃഷ്ണനെ കണ്ടു.) |
| തതഃ | അതിൽപ്പിന്നെ, മറ്റൊരു ദിക്കിൽ |
| മേധ്യാൻ | ശുദ്ധിയുള്ള |
| പശൂൻ | മൃഗങ്ങളെ |
| ഘ്നന്തം | കൊല്ലുന്നതായും (കണ്ടു) |

അവ്യക്തലിംഗം പ്രകൃതിഷ്വന്തഃപുരഗൃഹാദിഷു
ക്വചിച്ചരന്തം യോഗേശം തത്തദ്ഭാവബുഭുത്സയാ. 36

| | |
|---|---|
| പ്രകൃതിഷു | പ്രജകളുടെ ഇടയിലും, |
| അന്തഃപുര-ഗൃഹാദിഷു | അന്തഃപുരങ്ങളിലും, ഗൃഹങ്ങളിലും മറ്റും |
| തത്തദ്ഭാവ-ബുഭുത്സയാ | അതാതു ജനങ്ങളുടെ അഭിപ്രായങ്ങളെ അറിയുവാനായി |
| അവ്യക്തലിംഗം | തിരിച്ചറിയാത്തവിധം വേഷം മാറിക്കൊണ്ടു് |
| ക്വചിത് | ചിലേടത്തു് |
| ചരന്തം | സഞ്ചരിച്ചുകൊണ്ടിരിക്കുന്ന |
| യോഗേശം | യോഗനാഥനായ ഭഗവാനെ (ശ്രീനാരദൻ കാണുകയുണ്ടായി.) |

അഥോവാച ഹൃഷീകേശം നാരദഃ പ്രഹസന്നിവ
യോഗമായോദയം വീക്ഷ്യ മാനുഷീമീയുഷോ ഗതിം. 37

| | |
|---|---|
| മാനുഷീം | മാനുഷികമായ |
| ഗതിം | രീതിയെ |
| ഈയുഷഃ | സ്വീകരിച്ചിട്ടുള്ള ശ്രീകൃഷ്ണഭഗവാന്റെ |

| | |
|---|---|
| യോഗമായോദയം | യോഗമായയ്ക്കുള്ള വൈഭവത്തെ |
| വീക്ഷ്യ അഥ | കണ്ടുകഴിഞ്ഞശേഷം |
| നാരദഃ | ശ്രീനാരദൻ |

| | |
|---|---|
| പ്രഹസൻ ഇവ | ഏതാണ്ടൊന്നു പുഞ്ചിരി തൂകിക്കൊണ്ടു് |
| ഹൃഷീകേശം | ഭഗവാനോടു് |
| ഉവാച | പറഞ്ഞു. |

വിദാമ യോഗമായാസ്തേ ദുർദ്ദൃശാ അപി മായിനാം
യോഗേശ്വരാത്മൻ നിർഭാതാ ഭവത്പാദനിഷേവയാ. 38

| | |
|---|---|
| യോഗേശ്വര | "ഹേ യോഗേശ്വര! |
| മായിനാം അപി | മായാവൈഭവമുള്ള ബ്രഹ്മാദികൾക്കുംകൂടി |
| ദുർദ്ദൃശാഃ | ദുർജ്ഞേയങ്ങളായും, |
| ഭവത്പാദനിഷേവയാ | ത്വൽപാദസേവനം ഒന്നുകൊണ്ടുമാത്രം |

| | |
|---|---|
| ആത്മൻ | ഉള്ളിൽ |
| നിർഭാതാഃ | സ്ഫുരിക്കുന്നവയുമായ |
| തേ | നിന്തിരുവടിയുടെ |
| യോഗമായാഃ | യോഗമായകളെ |
| വിദാമ | ഞാൻ അറിയുന്നുണ്ടു്. |

അനുജാനീഹി മാം ദേവ ലോകാംസ്തേ യശസാऽऽപ്ലുതാൻ
പര്യടാമി തവോദ്ഗായൻ ലീലാം ഭുവനപാവനീം. 39

| | |
|---|---|
| ദേവ | "ഹേ സ്വപ്രകാശാത്മൻ! |
| ലോകപാവനീം | സകലലോകങ്ങളേയും പരിശുദ്ധമാക്കുന്ന |
| തവ | നിന്തിരുവടിയുടെ |
| ലീലാം | ലീലയെ |
| ഉദ്ഗായൻ | ഉച്ചത്തിൽ പാടിപ്പുകഴ്ത്തിക്കൊണ്ടു് |
| തേ | നിന്തിരുവടിയുടെ |

| | |
|---|---|
| യശസാ | കീർത്തിയാൽ |
| ആപ്ലുതാൻ | വ്യാപിക്കപ്പെട്ടിരിക്കുന്ന |
| ലോകാൻ | എല്ലാ ലോകങ്ങളേയും |
| പര്യടാമി | ഞാൻ ചുററിനടന്നു കൊള്ളുന്നു. |
| മാം | (അതിന്നു്) എന്നെ |
| അനുജാനീഹി | അനുവദിച്ചു് അനുഗ്രഹിച്ചാലും!" |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

ബ്രഹ്മൻ ധർമ്മസ്യ വക്താऽഹം കർത്താ തദനുമോദിതാ
തച്ഛിക്ഷയംല്ലോകമിമമാസ്ഥിതഃ പുത്ര മാ ഖിദഃ. 40

| | |
|---|---|
| ബ്രഹ്മൻ | ബ്രഹ്മർഷേ! |
| അഹം | ഞാൻ |
| ധർമ്മസ്യ | ധർമ്മത്തിൻെറ |
| വക്താ | ഉപദേഷ്ടാവും, |
| കർത്താ | കർത്താവും, |
| തദനുമോദിതാ | അതിനെ അഭിനന്ദിക്കുന്നവനുമാകുന്നു. |
| തത് ലോകം | ആകയാൽ, ലോകത്തെ |

| | |
|---|---|
| ശിക്ഷയൻ | ധർമ്മതത്ത്വം ഗ്രഹിപ്പിക്കുവാനായി |
| ഇമം | അങ്ങയെ ആദരിക്കുക മുതലായ ഇത്തരം ശിഷ്ടാചാരത്തെ |
| ആസ്ഥിതഃ | ചെയ്യുന്നതാണ്. |
| പുത്ര | പുത്രനായ നാരദ! |
| മാ ഖിദഃ | വ്യാമോഹിക്കേണ്ട. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്യാചരന്തം സദ്ധർമ്മാൻ പാവനാൻ ഗൃഹമേധിനാം
തമേവ സർവ്വഗേഹേഷു സന്തമേകം ദദർശ ഹ. 41

| | |
|---|---|
| ഇതി | ഇപ്രകാരം |
| ഗൃഹമേധിനാം | ഗൃഹസ്ഥാശ്രമികൾക്കുള്ള |
| പാവനാൻ | പരിശുദ്ധങ്ങളായ |
| സദ്ധർമ്മാൻ | സനാതനധർമ്മങ്ങളെ |
| ആചരന്തം | അനുഷ്ഠിച്ചുകൊണ്ടിരിക്കുന്ന |
| തം ഏകം ഏവ | ആ ഒരേയൊരു ശ്രീകൃഷ്ണനെത്തന്നെ |
| സർവ്വഗേഹേഷു | എല്ലാ ഗൃഹങ്ങളിലും |
| സന്തം | നിവസിക്കുന്നതായിട്ട് |
| ദദർശ | നാരദൻ ദർശിച്ചു. |
| ഹ | അത്ഭുതം നോക്കുക! |

കൃഷ്ണസ്യാനന്തവീര്യസ്യ യോഗമായാമഹോദയം
മുഹുർദൃഷ്ട്വാ ഋഷിരഭൂദ്വിസ്മിതോ ജാതകൗതുകഃ. 42

| | |
|---|---|
| ജാതകൗതുകഃ | കൗതുകം ജനിച്ചിരുന്ന |
| ഋഷിഃ | നാരദമുനി |
| അനന്തവീര്യസ്യ | അപരിമിതമായ ശക്തിയോടുകൂടിയ |
| കൃഷ്ണസ്യ | ശ്രീകൃഷ്ണഭഗവാന്റെ |
| യോഗമായാ- മഹോദയം | യോഗമായയ്ക്കുള്ള മഹാവൈഭവത്തെ |
| മുഹുഃ | വീണ്ടും വീണ്ടും |
| ദൃഷ്ട്വാ | കണ്ട് |
| വിസ്മിതഃ | വിസ്മയിച്ചവനായി |
| അഭൂത് | ഭവിച്ചു. |

ഇത്യർത്ഥകാമധർമ്മേഷു കൃഷ്ണേന ശ്രദ്ധിതാത്മനാ
സമ്യക് സഭാജിതഃ പ്രീതസ്തമേവാനുസ്മരൻ യയൗ. 43

| | |
|---|---|
| ഇതി | ഈവിധം |
| അർത്ഥകാമ- ധർമ്മേഷു | അർത്ഥത്തിലും, കാമത്തിലും ധർമ്മത്തിലും |
| ശ്രദ്ധിതാത്മനാ | ശ്രദ്ധവെച്ചിരിക്കുന്ന ചിത്തവൃത്തിയോടുകൂടിയ |
| കൃഷ്ണേന | ശ്രീകൃഷ്ണഭഗവാനാൽ |
| സമ്യക് | വേണ്ടുംവിധം |
| സഭാജിതഃ | സൽകൃതനായി, |
| പ്രീതഃ | സന്തുഷ്ടനമായി ഭവിച്ച ശ്രീനാരദൻ |
| തം ഏവ | ഭഗവാനെത്തന്നെ |
| അനുസ്മരൻ | ധ്യാനിച്ചുകൊണ്ട് |
| യയൗ | മടങ്ങിപ്പോയി. |

ഏവം മനുഷ്യപദവീമനുവർത്തമാനോ
നാരായണോഽഖിലഭവായ ഗൃഹീതശക്തിഃ
രേമേഽങ്ഗ ഷോഡശസഹസ്രവരാംഗനാനാം
സവ്രീഡസൗഹൃദനിരീക്ഷണഹാസജുഷ്ടഃ. 44

| | |
|---|---|
| അങ്ഗ | പ്രിയപ്പെട്ട രാജാവേ! |
| ഏവം | മുൻചൊന്നവിധം |
| മനുഷ്യ- പദവീം | മനുഷ്യരുടെ ജീവിതരീതിയെ |
| അനുവർത്തമാനഃ | അനുവർത്തിച്ചുകൊണ്ടും, |
| അഖിലഭവായ | എല്ലാവരുടേയും നന്മക്കായി |
| ഗൃഹീതശക്തിഃ | ബഹുവിധശക്തികളെ സ്വീകരിച്ചുകൊണ്ടും, |
| ഷോഡശസഹസ്ര- വരാംഗനാനാം | പതിനാറായിരം ഉത്തമ നാരിമാരുടെ |
| സവ്രീഡ- സൗഹൃദ- നിരീക്ഷണ- ഹാസജുഷ്ടഃ | ലജ്ജയോടും സൗഹാർദ്ദത്തോടും കൂടിയ കടാക്ഷവീക്ഷണങ്ങളാലും, മന്ദസ്മിതങ്ങളാലും സേവിതനായിക്കൊണ്ടും |
| നാരായണഃ | ശ്രീനാരായണൻ |
| രേമേ | രമിച്ചു |

യാനീഹ വിശ്വവിലയോദ്ഭവവൃത്തിഹേതുഃ
കർമ്മാണ്യനന്യവിഷയാണി ഹരിശ്ചകാര
യസ്ത്വങ്ഗ ഗായതി ശൃണോത്യനുമോദതേ വാ
ഭക്തിർഭവേദ്ഭഗവതി ഹ്യപവർഗ്ഗമാർഗ്ഗേ. 45

| | | | |
|---|---|---|---|
| അംഗ | പ്രിയപ്പെട്ട രാജാവേ! | ചകാര | ചെയ്തിരുന്നുവോ, |
| ഇഹ | ഈ കൃഷ്ണാവതാരത്തിൽ | (താനി) | അവയെ |
| വിശ്വസ്ഥിതിലയോദ്ഭവവൃത്തിഹേതുഃ | ലോകത്തിന്റെ സംഹാരത്തിന്നും, ഉൽഭവത്തിന്നും, രക്ഷണത്തിന്നും കാരണഭൂതനായ | യഃ | യാതൊരുവൻ |
| ഹരിഃ | ശ്രീഹരി | ഗായതി | പുകഴ്ത്തുകയും, |
| അനന്യവിഷയാണി | അന്യർക്ക് ചെയ്യുവാൻ സാധിക്കാത്ത | ശൃണോതി | കേൾക്കുകയും, |
| യാനി | ഏതെല്ലാം | അനുമോദതേ വാ | അഭിനന്ദിക്കുകയും ചെയ്യുന്നുവോ, (അവന്ന്) |
| കർമ്മാണി | പ്രവൃത്തികളെ | അപവർഗ്ഗമാർഗ്ഗേ | മോക്ഷത്തിലേക്കുള്ള ഏകമാർഗ്ഗമായ |
| | | ഭഗവതി ഹി | ശ്രീഭഗവാങ്കൽത്തന്നെ |
| | | ഭക്തിഃ ഭവേത് | ഭക്തി ജനിക്കുന്നതാണ്. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
കൃഷ്ണഗാർഹസ്ഥ്യദർശനം നാമ ഏകോനസപ്തതിതമോഽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 2959.

## സപ്തതിതമോഽദ്ധ്യായഃ=എഴുപതാമദ്ധ്യായം.

[ തത്രാദൗ സപ്തതിതമേ കൃഷ്ണസ്യാഹ്നികകർമ്മാണി
ദൂതനാരദയോഃ കാര്യേ മന്ത്രിമന്ത്രവിചാരണം ]

(ഭഗവാന്റെ നിത്യകർമ്മങ്ങളുടെ സപ്രഭാവനിരൂപണം; രാജദൂതന്റെ വാക്യവും
ശ്രീനാരദന്റെ വാക്യവും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

അഥോഷസ്യുപവൃത്തായാം കുക്കുടാൻ കൂജതോഽശപൻ
ഗൃഹീതകണ്ഠ്യഃ പതിഭിർമ്മാധവ്യോ വിരഹാതുരാഃ. 1

| | | | |
|---|---|---|---|
| പതിഭിഃ | ഭർത്താക്കന്മാരാൽ (ഭഗവാന്റെ മൂർത്തിഭേദങ്ങളാൽ) | ഉഷസി | പ്രഭാതസമയം |
| ഗൃഹീതകണ്ഠ്യഃ | കണ്ഠാലിംഗനം ചെയ്യപ്പെട്ടു ശയിച്ചിരുന്ന | ഉപവൃത്തായാം | അടുത്തപ്പോൾ |
| മാധവ്യഃ | യദുകുലസ്ത്രീകൾ (ഭഗവൽപത്നിമാർ) | വിരഹാതുരാഃ | വിയോഗദുഃഖിതകളായിട്ട് |
| അഥ | രാത്രി കഴിഞ്ഞശേഷം | കൂജതഃ | കൂവുന്ന |
| | | കുക്കുടാൻ | പൂങ്കോഴികളെ |
| | | അശപൻ | പഴിച്ചു. |

വയാംസ്യരുരുവൻ കൃഷ്ണം ബോധയന്തീവ വന്ദിനഃ
ഗായത്സ്വലിഷ്വനിദ്രാണി മന്ദാരവനവായുഭിഃ 2

| | | | |
|---|---|---|---|
| മന്ദാരവനവായുഭിഃ | മന്ദാരപ്പൂങ്കാവുകളിലെ കാറ്റുകളാൽ ഉണർന്ന് | അലിഷു | വണ്ടുകൾ |
| | | ഗായത്സു | ശ്രുതിപിടിച്ചുതുടങ്ങിയപ്പോൾ |

| | | | |
|---|---|---|---|
| അനിദ്രാണി | ഉറക്കംവിട്ട | കൃഷ്ണം | ശ്രീകൃഷ്ണഭഗവാനെ |
| വയാംസി | പറവകൾ | ബോധയന്തി | ഝുകിലുണർത്തികൊണ്ട് |
| ബന്ദിനഃ ഇവ | സ്തുതിഗായകന്മാരെന്ന പോലെ | അക്രൂജവൻ | കളകൂജനം ചെയ്തു. |

മുഹൂർത്തം തം തു വൈദർഭീ നാമൃഷ്യദതിശോഭനം
പരിരംഭണവിശ്ലേഷാത് പ്രിയബാഹ്വന്തരം ഗതാ. 3

| | | | |
|---|---|---|---|
| പ്രിയബാഹ്വന്തരം ഗതാ | ഭർത്താവിന്റെ വക്ഷഃസ്ഥലത്തെ പറ്റിയിരുന്ന | അതിശോഭനം തു | അതിശോഭനമെങ്കിലും കൂടി |
| വൈദർഭീ | രുക്മിണീദേവി | പരിരംഭണ-വിശ്ലേഷാത് | ആശ്ലേഷത്തിന്റെ വിശ്ലേഷംനിമിത്തം |
| തം മുഹൂർത്തം | ആ മുഹൂർത്തത്തെ | ന അമൃഷ്യത് | പൊറുത്തില്ല. |

ബ്രാഹ്മേ മുഹൂർത്ത ഉത്ഥായ വാര്യുപസ്പൃശ്യ മാധവഃ
ദധ്യൗ പ്രസന്നകരണ ആത്മാനം തമസഃ പരം. 4

| | | | |
|---|---|---|---|
| മാധവഃ | ശ്രീകൃഷ്ണൻ | പ്രസന്ന-കരണഃ | തെളിവുററ അന്തഃകരണത്തോടുകൂടിയവനായിരുന്നു |
| ബ്രാഹ്മേ മുഹൂർത്തേ | ബ്രാഹ്മമുഹൂർത്തത്തിൽ (പുലരുന്നതിന്നു അരയാമം മുമ്പ്) | തമസഃ | മായ (പ്രകൃതി)യിൽനിന്ന് |
| ഉത്ഥായ | ഉണർന്നെണീററ് | പരം | അതീതമായി വർത്തിക്കുന്ന |
| വാരി ഉപസ്പൃശ്യ | വെള്ളമെടുത്തു കൈകാൽ മുഖം കഴുകി ആചമനം ചെയ്തു, | ആത്മാനം | ആത്മസ്വരൂപത്തെ |
| | | ദധ്യൗ | ധ്യാനം ചെയ്തു. |

ഏകം സ്വയംജ്യോതിരനന്യമവ്യയം
സ്വസംസ്ഥയാ നിത്യനിരസ്തകല്മഷം
ബ്രഹ്മാഖ്യമസ്യോദ്ഭവനാശഹേതുഭിഃ
സ്വശക്തിഭിർല്ലക്ഷിതഭാവനിർവൃതിം. 5

| | | | |
|---|---|---|---|
| ഏകം | അഖണ്ഡമായുള്ളതായി, | സ്വശക്തിഭിഃ | രാജസം, താമസം, സാത്വികം എന്നീ സ്വശക്തികൾകൊണ്ട് |
| സ്വയംജ്യോതിഃ | സ്വയംപ്രകാശകമായി, | | |
| അനന്യം | മററുപാധികളില്ലാത്തതായി, | | |
| അവ്യയം | അഴിവില്ലാത്തതായി, | ലക്ഷിതഭാവ-നിർവൃതിം | അനുമാനത്താൽ അറിയപ്പെട്ട സത്തയോടുകൂടിയതായി, ആനന്ദാത്മകമായി, |
| സ്വസംസ്ഥയാ | തന്റെ സംസ്ഥിതി (പ്രകാശോദയം) കൊണ്ട് | | |
| നിത്യനിരസ്ത-കല്മഷം | സദാകാലവും അവിദ്യയെ തടഞ്ഞുനിൽക്കുന്നതായി, | ബ്രഹ്മാഖ്യം | ബ്രഹ്മമെന്ന പേരിനാൽ അറിയപ്പെടുന്നതുമായി സ്ഥിതിചെയ്യുന്ന |
| അസ്യ | ഈ പ്രപഞ്ചത്തിന്റെ | | |
| ഉദ്ഭവ-നാശഹേതുഭിഃ | ഉൽപത്തിക്കും, ലയത്തിന്നും, (പാലനത്തിന്നും) കാരണങ്ങളായ | (ആത്മാനം ദധ്യൗ) | ആത്മസ്വരൂപത്തെ ധ്യാനിച്ചു. |

അഥാപ്ലുതോംഭസ്യമലേ യഥാവിധി
ക്രിയാകലാപം പരിധായ വാസസീ
ചകാര സന്ധ്യോപഗമാദി സത്തമോ
ഹുതാനലോ ബ്രഹ്മ ജജാപ വാഗ്യതഃ. 6

| | |
|---|---|
| അഥ | അനന്തരം |
| സത്തമഃ | ആ സൽപുരുഷോത്തമൻ |
| അമലേ | ശുദ്ധമായ |
| അംഭസി | ജലത്തിൽ |
| ആപ്ലുതഃ | സ്നാതനായിട്ട് |
| വാസസീ | വസ്ത്രങ്ങളെ |
| പരിധായ | മാറിധരിച്ചശേഷം |
| സന്ധ്യോപഗമാദി | സന്ധ്യാവന്ദനം മുതലായുള്ള |
| ക്രിയാകലാപം | ക്രിയാസമൂഹത്തെ |
| യഥാവിധി | വിധിയനുസരിച്ച് |
| ചകാര | ചെയ്തു. |
| ഹുതാനലഃ | അഗ്നിഹോത്രം ചെയ്തവനായിട്ട് |
| വാഗ്യതഃ | മൌനിയായിരുന്ന് |
| ബ്രഹ്മ | ഗായത്രിമന്ത്രത്തെ |
| ജജാപ | ജപിച്ചു. |

ഉപസ്ഥായാർക്കമുദ്യന്തം തർപ്പയിത്വാത്മനഃ കലാഃ
ദേവാനൃഷീൻ പിതൄൻ വൃദ്ധാൻ വിപ്രാനഭ്യർച്ച്യ ചാത്മവാൻ. 7
ധേനൂനാം രുക്മശൃംഗീണാം സാധ്വീനാം മൌക്തികസ്രജാം
പയസ്വിനീനാം ഗൃഷ്ടീനാം സവത്സാനാം സുവാസസാം. 8
ദദൌ രൂപ്യഖുരാഗ്രാണാം ക്ഷൌമാജിനതിലൈഃ സഹ
അലംകൃതേഭ്യോ വിപ്രേഭ്യോ ബദ്വം ബദ്വം ദിനേ ദിനേ. 9

| | |
|---|---|
| ആത്മവാൻ | ഭഗവാൻ മനോനിഗ്രഹത്തോടുകൂടിയവനായിട്ട് |
| ഉദ്യന്തം | ഉദിച്ചുയരുന്ന |
| അർക്കം | ആദിത്യനെ |
| ഉപസ്ഥായ | ഉപസ്ഥാനം ചെയ്കയും, |
| ആത്മനഃ കലാഃ | തന്റെതന്നെ അംശഭൂതരായ |
| ദേവാൻ | ദേവന്മാരെയും, |
| ഋഷീൻ | ഋഷികളേയും, |
| പിതൄൻ | പിതൃക്കളേയും |
| തർപ്പയിത്വാ | തർപ്പണം ചെയ്കയും, |
| വൃദ്ധാൻ | പ്രായം ചെന്നവരേയും, |
| വിപ്രാൻ | ബ്രാഹ്മണരേയും |
| അഭ്യർച്ച്യ ച | അർച്ചന ചെയ്കയും ചെയ്തശേഷം |
| അലംകൃതേഭ്യഃ | വസ്ത്രാദികളാൽ അലങ്കരിക്കപ്പെട്ട |
| വിപ്രേഭ്യഃ | ബ്രാഹ്മണർക്കായി |
| രുക്മശൃംഗീണാം | പൊന്നണിഞ്ഞ കൊമ്പുകളോടുകൂടിയവയും, |
| മൌക്തികസ്രജാം | മുത്തുമാലയിട്ടവയും, |
| സുവാസസാം | നല്ല വസ്ത്രങ്ങളാൽ അലങ്കരിക്കപ്പെട്ടവയും, |
| രൂപ്യഖുരാഗ്രാണാം | വെള്ളികൊണ്ടു കുളമ്പു കെട്ടിയവയും, |
| സാധ്വീനാം | സൽസ്വഭാവമുള്ളവയും |
| പയസ്വിനീനാം | ധാരാളം പാൽക്കറവുള്ളവയും, |
| ഗൃഷ്ടീനാം | കടിഞ്ഞൂൽ പെററവയും, |
| സവത്സാനാം | കുട്ടിയുള്ളവയും ആയ |
| ധേനൂനാം ബദ്വം ബദ്വം | പതിമൂവ്വായിരത്തി എണ്പത്തിനാലു പശുക്കളെ |
| ക്ഷൌമാജിനതിലൈഃ സഹ | പട്ട്, കൃഷ്ണാജിനം, എള്ള് എന്നിവയോടുകൂടി |
| ദിനേ ദിനേ | ഓരോ ദിവസവും |
| ദദൌ | കൊടുത്തുവന്നിരുന്നു. |

ഗോവിപ്രദേവതാവൃദ്ധഗുരൂൻ ഭൂതാനി സർവ്വശഃ
നമസ്കൃത്യാത്മസംഭൂതീർമ്മംഗലാനി സമസ്പൃശത്. 10

| | | | |
|---|---|---|---|
| ആത്മസംഭൂതീഃ | തന്റെ രൂപഭേദങ്ങളായ | സർവ്വശഃ | എല്ലാടവുമുള്ള |
| ഗോവിപ്ര- | ഗോക്കളേയും, ബ്രാഹ്മ | ഭൂതാനി | ജീവജാലങ്ങളേയും |
| ദേവതാവൃദ്ധ- | ണരേയും, ദേവന്മാരേ | നമസ്കൃത്യ | നമസ്കരിച്ച്, |
| ഗുരൂൻ | യും, വൃദ്ധന്മാരേയും, | മംഗലാനി | മംഗലദ്രവ്യങ്ങളെ |
| | ഗുരുജനങ്ങളേയും | സമസ്പൃശത് | സ്പർശിച്ചു. |

ആത്മാനം ഭൂഷയാമാസ നരലോകവിഭൂഷണം
വാസോഭിർഭൂഷണൈഃ സ്വീയൈർദ്ദിവ്യസ്രഗനുലേപനൈഃ. 11

| | | | |
|---|---|---|---|
| നരലോക- | മനുഷ്യലോകത്തിന്ന് | വാസോഭിഃ | വസ്ത്രങ്ങൾകൊണ്ടും, |
| വിഭൂഷണം | അലങ്കാരമായിരിക്കുന്ന | ഭൂഷണൈഃ | ഭൂഷണങ്ങൾകൊണ്ടും, |
| ആത്മാനം | തന്നെ | ദിവ്യസ്രഗ- | ദിവ്യമാല്യങ്ങൾ കുറിക്കൂ |
| സ്വീയൈഃ | തന്റെ പ്രത്യേകങ്ങളായ | നുലേപനൈഃ | ട്ടുകൾ എന്നിവകൊണ്ടും |
| | | ഭൂഷയാമാസ | അലങ്കരിച്ചു |

അവേക്ഷ്യാജ്യം തഥാഽഽദർശം ഗോവൃഷദ്വിജദേവതാഃ
കാമാംശ്ച സർവ്വവർണ്ണാനാം പൌരാന്തഃപുരചാരിണാം
പ്രദാപ്യ പ്രകൃതീഃ കാമൈഃ പ്രതോഷ്യ പ്രത്യനന്ദത. 12

| | | | |
|---|---|---|---|
| ആജ്യം | നെയ്യിനേയും, | | ചാരകന്മാരായും ഉള്ള |
| ആദർശം | കണ്ണാടിയേയും, | സർവ്വവർണ്ണാനാം | സർവ്വജാതിജനങ്ങളുടെ |
| തഥാ | അപ്രകാരം | കാമാൻ ച | അഭിലാഷങ്ങളേയും |
| ഗോവൃഷദ്വിജ- | പശുവിനേയും, കാള | പ്രദാപ്യ | നിറവേററിച്ചുകൊടുത്ത്, |
| ദേവതാഃ | യേയും, ബ്രാഹ്മണനേ | പ്രകൃതീഃ | എല്ലാ പ്രജകളേയും |
| | യും, ദേവപ്രതിമകളേയും | കാമൈഃ | അഭീഷ്ടദാനങ്ങളാൽ |
| അവേക്ഷ്യ | (മംഗളാർത്ഥം) ദർശിച്ചു, | പ്രതോഷ്യ | സന്തോഷിപ്പിച്ച് |
| പൌരാന്തഃപുര- | പുരവാസികളായും അ | പ്രത്യനന്ദത | സ്വയം സന്തുഷ്ട |
| ചാരിണാം | ന്തഃപുരത്തിലെ പരി | | നായിരുന്നു. |

സംവിഭജ്യാഗ്രതോ വിപ്രാൻ സ്രക്താംബൂലാനുലേപനൈഃ
സുഹൃദഃ പ്രകൃതീർദ്ദാരാനുപായുങ്ക്ത തതഃ സ്വയം. 13

| | | | |
|---|---|---|---|
| തതഃ അഗ്രതഃ | പിന്നീട്, ആദ്യമായി | സ്രക്താംബൂലാ- | പുഷ്പമാലകൾ, താംബൂ |
| വിപ്രാൻ | ബ്രാഹ്മണരേയും, | നുലേപനൈഃ | ലം, കുറിക്കൂട്ട്, എന്നി |
| സുഹൃദഃ | സ്നേഹിതരേയും, | | വയാൽ |
| പ്രകൃതീഃ | സചിവാദികളേയും, | സംവിഭജ്യ | സമ്മാനിച്ചശേഷം |
| ദാരാൻ | പത്നിമാരേയും, | സ്വയം | താനും (അവയെ) |
| | | ഉപായുങ്ക്ത | ഉപയോഗിച്ചു. |

താവത് സൂത ഉപാനീയ സ്യന്ദനം പരമാദ്ഭുതം
സുഗ്രീവാദ്യൈർഹയൈര്യുക്തം പ്രണമ്യാവസ്ഥിതോഽഗ്രതഃ. 14

| | | | |
|---|---|---|---|
| താവത് | അപ്പോഴേക്കും | പരമാത്ഭുതം | അത്യത്ഭുതകരവുമായ |
| സൂതഃ | സാരഥി | സ്യന്ദനം | രഥത്തെ |
| സുഗ്രീവാദ്യൈഃ | സുഗ്രീവാദികളായ | ഉപാദായ | കൊണ്ടുവന്നു |
| ഹയൈഃ | കുതിരകളെക്കൊണ്ടു് | പ്രണമ്യ | കുമ്പിട്ടുവണങ്ങി |
| യുക്തം | പൂട്ടിക്കെട്ടിയതും | അഗ്രതഃ | തിരുമുമ്പിൽ |
| | | അവസ്ഥിതഃ | വന്നുനിന്നു. |

ഗൃഹീത്വാ പാണിനാ പാണീ സാരഥേസ്തമഥാരുഹത്
സാത്യകൃദ്ധവസംയുക്തഃ പൂർവ്വാദ്രിമിവ ഭാസ്കരഃ. 15

| | | | |
|---|---|---|---|
| അഥ | അനന്തരം | സാത്യകൃദ്ധവ- സംയുക്തഃ | സാത്യകിയോടും ഉദ്ധവനോടും കൂടിയ ഭഗവാൻ |
| സാരഥേഃ | സാരഥിയുടെ | ഭാസ്കരഃ | ആദിത്യൻ |
| പാണീ | കൂപ്പിയ കൈകളെ | പൂർവ്വാദ്രിം | ഉദയപർവ്വതത്തിലേക്ക് |
| പാണിനാ | തന്റെ വലംകരത്താൽ | ഇവ | എന്നപോലെ |
| ഗൃഹീത്വാ | പിടിച്ചു്, | തം ആരുഹത് | ആ തേരിലേക്കു് കയറി. |

ഈക്ഷിതോഽന്തഃപുരസ്ത്രീണാം സവ്രീഡപ്രേമവീക്ഷിതൈഃ
കൃച്ഛ്രാദ്വിസൃഷ്ടോ നിരഗാജ്ജാതഹാസോ ഹരൻ മനഃ. 16

| | | | |
|---|---|---|---|
| അന്തഃപുര- സ്ത്രീണാം | അന്തഃപുരത്തിലെ സ്ത്രീജനങ്ങളുടെ | വിസൃഷ്ടഃ | (അവരാൽ) വിട്ടയക്കപ്പെട്ടവനായും വേച്ചു്, |
| സവ്രീഡപ്രേമ- വീക്ഷിതൈഃ | സലജ്ജവും സപ്രേമവുമായ ദൃഷ്ടികളാൽ | ജാതഹാസഃ | പുഞ്ചിരിപൂണ്ടു് |
| ഈക്ഷിതഃ | വീക്ഷിക്കപ്പെട്ടവനായും, | മനഃ | അവരുടെ ഹൃദയത്തെ |
| കൃച്ഛ്രാത് | സങ്കടത്തോടെ | ഹരൻ | കവർന്നുകൊണ്ടു് |
| | | നിരഗാത് | പുറത്തേക്കെഴുന്നള്ളി. |

സുധർമ്മാഖ്യാം സഭാം സർവ്വൈർവൃഷ്ണിഭിഃ പരിവാരിതഃ
പ്രാവിശദ്യന്നിവിഷ്ടാനാം ന സന്ത്യംഗ ഷഡൂർമ്മയഃ. 17

| | | | |
|---|---|---|---|
| അംഗ | രാജാവേ! | ന സന്തി | സംഭവിക്കമാറില്ലയോ, അങ്ങനെയുള്ള |
| യന്നിവിഷ്ടാനാം | യാതൊന്നിൽ ചെന്നിരിക്കുന്നവർക്കു് | സുധർമ്മാഖ്യാം | സുധർമ്മയെന്നുപേരായ |
| ഷഡൂർമ്മയഃ | പൈദാഹങ്ങളും, ശോകമോഹങ്ങളും, ജരാമരണങ്ങളും ആകുന്ന ആറുവിധം ഊർമ്മികളും | സഭാം | ദിവ്യസഭയിലേക്കു് |
| | | സർവ്വൈഃ വൃഷ്ണിഭിഃ | എല്ലാ യാദവന്മാരാലും |
| | | പരിവാരിതഃ പ്രാവിശത് | അകമ്പടി സേവിക്കപ്പെട്ടുകൊണ്ടു് പ്രവേശിച്ചു. |

തത്രോപവിഷ്ടഃ പരമാസനേ വിഭു-
ർബ്ബഭൗ സ്വഭാസാ കകുഭോഽവഭാസയൻ
വൃതോ നൃസിംഹൈര്യദുഭിര്യദൂത്തമോ
യഥോഡുരാജോ ദിവി താരകാഗണൈഃ. 18

| | | | |
|---|---|---|---|
| തത്ര | അവിടെ | ഉപവിഷ്ടഃ | ഉപവിഷ്ടനായും, |
| പരമാസനേ | ഉത്തമസിംഹാസനത്തിൽ | നൃസിംഹൈഃ | പുരുഷകേസരികളായ |

| | |
|---|---|
| യദുഭിഃ | യാദവന്മാരാൽ |
| വൃതഃ | പരിവൃതനായും ഇരിക്കുന്ന |
| യദൂത്തമഃ | യാദവോത്തമനായ |
| വിഭുഃ | ഭഗവാൻ |
| സ്വഭാസാ | തന്റെ ദീപ്തിയാൽ |
| കകുഭഃ | ദിക്കുകളെ |
| അവഭാസയൻ | പ്രശോഭിച്ചുകൊണ്ട്, |
| ദിവി | ആകാശത്തിൽ |
| താരകാഗണൈഃ | നക്ഷത്രസമൂഹങ്ങളാൽ ചൂഴപ്പെട്ട |
| ഉഡുരാജഃ യഥാ | നക്ഷത്രനാഥനായ ചന്ദ്രനെന്നപോലെ |
| ബഭൗ | ശോഭിച്ചു. |

തത്രോപമന്ത്രിണോ രാജൻ നാനാഹാസ്യരസൈർവിഭും
ഉപതസ്ഥുർന്നടാചാര്യാ നർത്തക്യസ്താണ്ഡവൈഃ പൃഥക്. 19
മൃദംഗവീണാമുരജവേണുതാളദരസ്വനൈഃ
നനൃതുർജ്ജഗുസ്തുഷ്ടുവുശ്ച സൂതമാഗധവന്ദിനഃ. 20

| | |
|---|---|
| രാജൻ | രാജാവേ! |
| തത്ര | അവിടെ |
| ഉപമന്ത്രിണഃ | വിദൂഷകന്മാർ |
| നാനാഹാസ്യരസൈഃ | അനേകവിധമായ ഫലിതരസങ്ങളെക്കൊണ്ടും, |
| നടാചാര്യാഃ | നട്ടുവന്മാർ |
| താണ്ഡവൈഃ | താണ്ഡവാഭിനയങ്ങളെക്കൊണ്ടും |
| വിഭും | ശ്രീകൃഷ്ണനെ |
| പൃഥക് | വെവ്വേറെ |
| ഉപതസ്ഥുഃ | സേവിച്ചു. |
| നർത്തക്യഃ | നർത്തകിമാർ |
| മൃദംഗവീണാമുരജവേണുതാളദരസ്വനൈഃ | മൃദംഗം, വീണ, മുരജം, പുല്ലാങ്കുഴൽ, ഇലത്താളം, ശംഖ് എന്നിവയുടെ നാദഘോഷങ്ങളോടെ |
| നനൃതുഃ | നർത്തനം ചെയ്യുകയും, |
| ജഗുഃ ച | പാട്ടുപാടുകയും ചെയ്തു. |
| സൂതമാഗധവന്ദിനഃ | സൂതന്മാരും, മാഗധന്മാരും, വന്ദികളും ആയ സ്തുതിഗായകന്മാർ |
| തുഷ്ടുവുഃ | സ്തോത്രം ചെയ്തു. |

തത്രാഹുർബ്രാഹ്മണാഃ കേചിദാസീനാ ബ്രഹ്മ വാദിനഃ
പൂർവ്വേഷാം പുണ്യയശസാം രാജ്ഞാം ചാകഥയൻ കഥാഃ. 21

| | |
|---|---|
| തത്ര | അവിടെ |
| ആസീനാഃ | ആസനസ്ഥരായിരുന്ന |
| കേചിത് | ചില |
| ബ്രാഹ്മണാഃ | ബ്രാഹ്മണന്മാർ |
| ബ്രഹ്മ ആഹുഃ | വേദസൂക്തങ്ങളെ ചൊല്ലി. |
| വാദിനഃ | വാക്ചാതുര്യമുള്ളവർ |
| പുണ്യയശസാം | സൽകീർത്തിയെഴുന്ന |
| പൂർവ്വേഷാം | പൂർവ്വികന്മാരായ |
| രാജ്ഞാം | രാജാക്കന്മാരുടെ |
| കഥാഃ ച | കഥകളേയും |
| അകഥയൻ | വർണ്ണിച്ചുപറഞ്ഞു. |

തത്രൈകഃ പുരുഷോ രാജന്നാഗതോഽപൂർവ്വദർശനഃ
വിജ്ഞാപിതോ ഭഗവതേ പ്രതീഹാരൈഃ പ്രവേശിതഃ. 22

| | |
|---|---|
| രാജൻ | രാജാവേ! |
| അപൂർവ്വദർശനഃ | മുമ്പു കണ്ടിട്ടില്ലാത്ത |
| ഏകഃ പുരുഷഃ | ഏതോ ഒരാൾ |
| തത്ര | അപ്പോൾ, അവിടെ |
| ആഗതഃ | വന്നുചേർന്നു. |
| പ്രതീഹാരൈഃ | ദ്വാരപാലകന്മാരാൽ |
| ഭഗവതേ | ഭഗവാനായ്ക്കൊണ്ട് |
| വിജ്ഞാപിതഃ | ഉണർത്തിക്കപ്പെട്ട് (അവിടത്തെ കല്പനപ്രകാരം) |
| പ്രവേശിതഃ | സഭയിൽ പ്രവേശിപ്പിക്കപ്പെട്ടു. |

സ നമസ്കൃത്യ കൃഷ്ണായ പരേശായ കൃതാഞ്ജലിഃ
രാജ്ഞാമാവേദയദ്ദുഃഖം ജരാസന്ധനിരോധജം. 23

| | | | |
|---|---|---|---|
| സഃ | അവൻ | രാജ്ഞാം | രാജാക്കന്മാരുടെ |
| നമസ്കൃത്യ | നമസ്കരിച്ച് | ദുഃഖം | വ്യസനഭാരത്തെ |
| കൃതാഞ്ജലിഃ | കൂപ്പുകൈയോടെനിന്ന് | പരേശായ | സർവ്വാധീശ്വരനായ |
| ജരാസന്ധ- നിരോധജം | ജരാസന്ധൻ തടങ്ങലിൽ വെച്ചതിനാലുണ്ടായ | കൃഷ്ണായ | ശ്രീകൃഷ്ണനോടായിക്കൊണ്ട് |
| | | ആവേദയത് | അറിയിച്ചു. |

യേ ച ദിഗ്വിജയേ തസ്യ സന്നതിം ന യയുർന്നൃപാഃ
പ്രസഹ്യ രുദ്ധാസ്തേനാസന്നയുതേ ദ്വേ ഗിരിവ്രജേ. 24

| | | | |
|---|---|---|---|
| തസ്യ | ആ ജരാസന്ധന്റെ | തേന | അവനാൽ |
| ദിഗ്വിജയേ | ദിഗ്വിജയകാലത്ത് | പ്രസഹ്യ | ബലം പ്രയോഗിച്ച് |
| യേ | യാതൊരുവർ | ഗിരിവ്രജേ | ഗിരിവ്രജം എന്ന കോട്ടയിൽ |
| സന്നതിം ന യയുഃ | തല കുനിച്ചിട്ടുണ്ടായിരുന്നില്ലയോ, അങ്ങനെയുള്ള | രുദ്ധാഃ | നിരോധിക്കപ്പെട്ടവരായി |
| ദ്വേ അയുതേ | ഇരുപതിനായിരം | | |
| നൃപാഃ | രാജാക്കന്മാർ | ആസൻ | ഭവിച്ചിരുന്നു. |

രാജാന ഊചുഃ=രാജാക്കന്മാർ (ദൂതൻ മുഖേന) പറഞ്ഞു:—

കൃഷ്ണ കൃഷ്ണാപ്രമേയാത്മൻ പ്രപന്നഭയഭഞ്ജന
വയം ത്വാം ശരണം യാമോ ഭവഭീതാഃ പൃഥഗ്ധിയഃ. 25

| | | | |
|---|---|---|---|
| കൃഷ്ണ കൃഷ്ണ | ഹേ കൃഷ്ണ! ഹേ കൃഷ്ണ! | ഭവഭീതാഃ | സംസാരത്തെ ഭയന്നിരിക്കുന്നവരും, |
| അപ്രമേയാത്മൻ | ഊഹിപ്പതിനുപോലും ആകാത്ത സ്വരൂപത്തോടു കൂടിയ ഭഗവാനേ! | പൃഥഗ്ധിയഃ | ഭേദബുദ്ധിയുള്ളവരുമായ |
| പ്രപന്നഭയ- ഭഞ്ജന | ശരണാഗതന്മാരുടെ ഭയത്തെ സംഹരിക്കുന്ന ഹേ ശ്രീഹരേ! | വയം | ഞങ്ങൾ |
| | | ത്വാം | നിന്തിരുവടിയെ |
| | | ശരണം യാമഃ | ശരണം പ്രാപിക്കുന്നു. |

ലോകോ വികർമ്മനിരതഃ കുശലേ പ്രമത്തഃ
കർമ്മണ്യയം ത്വദുദിതേ ഭവദർച്ചനേ സ്വേ
യസ്താവദസ്യ ബലവാനിഹ ജീവിതാശാം
സദ്യശ്ഛിനത്ത്യനിമിഷായ നമോƽസ്തു തസ്മൈ. 26

| | | | |
|---|---|---|---|
| ഇഹ | ഈ പ്രപഞ്ചത്തിൽ | ഭവദർച്ചനേ | നിന്തിരുവടിയുടെ ആരാധനയാവുന്ന |
| അയം ലോകഃ | ഇക്കാണുന്ന ജനം | സ്വേ | സ്വകീയവും, |
| വികർമ്മനിരതഃ | നിഷിദ്ധവും കാമ്യവുമായ കർമ്മത്തിൽ ആസക്തമായിരുന്ന്, | കുശലേ | സമർത്ഥവുമായ |
| | | കർമ്മണി | കർമ്മത്തിൽ |
| ത്വദുദിതേ | നിന്തിരുവടിയാൽ ഉപദേശിക്കപ്പെട്ട | പ്രമത്തഃ | അശ്രദ്ധമായിട്ട് |
| | | താവത് | ഇരിക്കുന്നേടത്തോളംവരെ |

| | | | |
|---|---|---|---|
| ബലവാൻ | ബലവാനായ | അനിമിഷായ | എന്നെന്നും കണ്ണടക്കാതെ എല്ലാം വീക്ഷിച്ചു പോരുന്ന |
| യഃ | യാതൊരാളും | തസ്മൈ | ആ കാലാത്മാവായ നിന്തിരുവടിക്ക് |
| സദ്യഃ | ഉടനടി, | നമഃ അസ്തു | ഇതാ നമസ്കാരം. |
| അസ്യ | ഈ ലോകത്തിന്റെ | | |
| ജീവിതാശാം | ജീവിതാശയെപ്പോലും | | |
| ഛിനത്തി | അറുത്തെറിയുന്നുവോ, | | |

ലോകേ ഭവാഞ്ജഗദിനഃ കലയാവതീർണ്ണഃ
സദ്രക്ഷണായ ഖലനിഗ്രഹണായ ചാന്യഃ
കശ്ചിത് ത്വദീയമതിയാതി നിദേശമീശ
കിം വാ ജനഃ സ്വകൃതമൃച്ഛതി തന്ന വിദ്മഃ. 27

| | | | |
|---|---|---|---|
| ഈശ | രക്ഷിതാവേ! | ത്വദീയം | നിന്തിരുവടിയുടേതായ |
| സദ്രക്ഷണായ | സജ്ജനപാലനത്തിനും, | നിദേശം | ശാസനയെ |
| ഖലനിഗ്രഹണായ ച | ദുർജ്ജനസംഹാരത്തിനുംവേണ്ടി | അതിയാതി കിം | വകവെക്കാതെ നടക്കുന്നുവെന്നോ? |
| കലയാ | തന്റെ ഒരംശമായ ശ്രീബലഭദ്രനോടുകൂടെ | ജനഃ | ഞങ്ങളെപ്പോലുള്ള ആളുകൾ |
| ജഗദിനഃ | ജഗന്നിയന്താവായ | സ്വകൃതം | തങ്ങൾചെയ്ത കർമ്മത്തിന്റെ ഫലത്തെ |
| ഭവാൻ | നിന്തിരുവടി | ഋച്ഛതി വാ | ഒരുപക്ഷേ അനുഭവിക്കുകയാണെന്നു വരുമോ? |
| ലോകേ | ഈ ലോകത്തിൽ | തത് ന വിദ്മഃ | അതറിഞ്ഞുകൂടാ. |
| അവതീർണ്ണഃ | അവതരിച്ചിരിക്കുന്നു. | | |
| കശ്ചിത് അന്യഃ | (എന്നിരിക്കെ) ഒരന്യൻ | | |

നോട്ട്:— 'ഒരന്യൻ' എന്ന വാക്ക് ജരാസന്ധനെ ഉദ്ദേശിച്ചു പറഞ്ഞതാകുന്നു. 'അവൻ ഭവാനെ ധിക്കരിച്ച് സാധുക്കളും ഭക്തന്മാരുമായ ഈ ഞങ്ങളെ ദ്രോഹിക്കുന്നതു ഭവാന്റെ ഉപേക്ഷകൊണ്ടോ, അഥവാ, ഞങ്ങളുടെതന്നെ കർമ്മദോഷം കൊണ്ടോ? അറിഞ്ഞുകൂടാ' എന്നു സാരം.

സ്വപ്നായിതം നൃപസുഖം പരതന്ത്രമീശ
ശശ്വദ്ഭയേന മൃതകേന ധുരം വഹാമഃ
ഹിത്വാ തദാത്മനി സുഖം ത്വദനീഹലഭ്യം
ക്ലിശ്യാമഹേഽതികൃപണാസ്തവ മായയേഹ 28

| | | | |
|---|---|---|---|
| ഈശ | രക്ഷിതാവേ! | ത്വത് | നിന്തിരുവടിയുടെ ആഗ്രഹംകൊണ്ട് |
| തവ | നിന്തിരുവടിയുടെ | അനീഹലഭ്യം | നിഷ്കാമന്മാരായിരിക്കുന്നവരാൽ ലഭിക്കപ്പെടാവുന്ന |
| മായയാ | മായയാൽ | ആത്മനി | ആത്മനിഷ്ഠമായ |
| അതികൃപണാഃ | അത്യന്തം വിഷയാസക്തന്മാരായിത്തീർന്നിരിക്കുന്ന ഞങ്ങൾ | | |

| | |
|---|---|
| തത് സുഖം | ആ അലൌകികസുഖത്തെ |
| ഹിത്വാ | ഉപേക്ഷിച്ച്, |
| സ്വപ്നായിതം | സ്വപ്നതുല്യവും |
| പരതന്ത്രം | അന്യൎക്കധീനവുമായ |
| നൃപസുഖം | രാജസുഖത്തെ (മോഹിച്ച്) |
| ശശ്വദ്ഭയേന | അതിന്നുവേണ്ടി എപ്പോഴും പേടിപൂണ്ടിരിക്കുന്ന |
| മൃതകേ | ഈ ഉലഞ്ഞ ദേഹത്താൽ |
| ധുരം | ചിന്താഭാരത്തെ |
| വഹാമഃ | വഹിച്ചുകൊണ്ടിരിക്കുന്നു. |
| ഇഹ | തന്നിമിത്തം ഈ സംസാരത്തിൽ |
| ക്ലിശ്യാമഹേ | ഞങ്ങൾ ക്ലേശം അനുഭവിക്കയും ചെയ്തുകൊണ്ടിരിക്കുന്നു. |

തന്നോ ഭവാൻ പ്രണതശോകഹരാങ്ഘ്രിയുഗ്മോ
ബദ്ധാൻ വിയുങ്ക്ഷ്വ മഗധാഹ്വയകൎമ്മപാശാത്
യോ ഭൂഭുജോഽയുതമതംഗജവീൎയ്യമേകോ
ബിഭ്രദ്രുരോധ ഭവനേ മൃഗരാഡിവാവീഃ. 29

| | |
|---|---|
| ഭവാൻ | നിന്തിരുവടി |
| പ്രണതശോകഹരാങ്ഘ്രിയുഗ്മഃ | വണങ്ങുന്നവരുടെ സങ്കടത്തെ തീൎക്കുന്ന തൃച്ചേവടികളോടുകൂടിയവനാണല്ലോ. |
| തത് | ആകയാൽ |
| ബദ്ധാൻ | ബന്ധിക്കപ്പെട്ടിരിക്കുന്ന |
| നഃ | ഞങ്ങളെ |
| മഗധാഹ്വയകൎമ്മപാശാത് | ജരാസന്ധനെന്നു പേരുള്ള കൎമ്മപാശത്തിൽനിന്നു |
| വിയുങ്ക്ഷ്വ | അഴിച്ചുവിട്ടാലും. |
| അയുതമതംഗജവീൎയ്യം | പതിനായിരം മത്തഗജങ്ങളുള്ള വിക്രമത്തെ |
| ബിഭ്രത് | ധരിച്ചുകൊണ്ടിരിക്കുന്ന |
| യഃ | യാതൊരു ആ ജരാസന്ധൻ |
| ഏകഃ | ഒററയ്ക്കുനിന്നുതന്നെ |
| ഭൂഭുജഃ | രാജാക്കന്മാരായ ഞങ്ങളെ മുഴുവൻ |
| മൃഗരാട് | ഒരു സിംഹം |
| ആവീഃ | പെൺചെമ്മരിയാടുകളെ |
| ഇവ | എന്നപോലെ |
| ഭവനേ | സ്വഗൃഹത്തിൽ |
| രുരോധ | തടവിലാക്കിയിരിക്കുന്നു. |

യോ വൈ ത്വയാ ദ്വിനവകൃത്വ ഉദാത്തചക്ര
ഭഗ്നോ മൃധേ ഖലു ഭവന്തമനന്തവീൎയ്യം
ജിത്വാ നൃലോകനിരതം സകൃദൂഢദൎപ്പോ
യുഷ്മത്പ്രജാ രുജതി നോഽജിത തദ്വിധേഹി. 30

| | |
|---|---|
| ഉദാത്തചക്ര | തൃക്കരത്തിൽ സുദൎശനചക്രമേന്തിയ ഹേ വിഭോ! |
| ദ്വിനവകൃത്വഃ | പതിനെട്ടുപ്രാവശ്യം |
| ത്വയാ | നിന്തിരുവടിയോടുകൂടി |
| മൃധേ | യുദ്ധം നടന്നതിൽ |
| ഭഗ്നഃ | (പതിനേഴു പ്രാവശ്യവും) അവൻ തോററുപോയി; |
| ഖലു | എങ്കിലും, |
| സകൃത് | അവസാനം ഒരിക്കൽ, |
| അനന്തവീൎയ്യം | അളവററ ശക്തിയുള്ളവനെന്നിരിക്കിലും |
| നൃലോകനിരതം | മനുഷ്യസ്വഭാവത്തെ അനുസരിച്ചിരിക്കുന്ന |
| ഭവന്തം | നിന്തിരുവടിയെ |
| ജിത്വാ | ജയിച്ച് |
| ഊഢദൎപ്പഃ | ഊററം കയറിയിരിക്കുന്ന |

| | | | |
|---|---|---|---|
| യഃ വൈ | യാതൊരു ആ ജരാസന്ധനാകട്ടെ | രുജതി | ശല്യപ്പെടുത്തുന്നു. |
| യുഷ്മത് പ്രജാഃ | നിന്തിരുവടിയുടെ പ്രജകളായ | അജിത | ആരാലും ജയിക്കപ്പെടാത്ത ഹേ സർവ്വശക്ത! |
| | | തത് | അതിനാൽ |
| നഃ | ഞങ്ങളെ | വിധേഹി | വേണ്ടതു ചെയ്തുകൊണ്ടാലും! |

ദൂത ഉവാച=ദൂതൻ പറഞ്ഞു —

ഇതി മാഗധസംരുദ്ധാ ഭവദ്ദർശനകാംക്ഷിണഃ
പ്രപന്നാഃ പാദമൂലം തേ ദീനാനാം ശം വിധീയതാം. 31

| | | | |
|---|---|---|---|
| മാഗധ-സംരുദ്ധാഃ | ജരാസന്ധനാൽ തടവിൽ പാർപ്പിക്കപ്പെട്ടിരിക്കുന്നവരും, | തേ | നിന്തിരുവടിയുടെ |
| | | പാദമൂലം | തൃക്കാല്ക്കൽ |
| ഭവദ്ദർശന-കാംക്ഷിണഃ | നിന്തിരുവടിയെ കാണ്മാൻ ആഗ്രഹിക്കുന്നവരും ആയ രാജാക്കന്മാർ | പ്രപന്നാഃ | ശരണം പ്രാപിച്ചിരിക്കുന്നു. |
| | | ദീനാനാം | ആ വിവശന്മാർക്ക് |
| | | ശം | സൌഖ്യം |
| ഇതി | ഈവിധത്തിൽ | വിധീയതാം | ജനിപ്പിക്കപ്പെട്ടാലും! |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു —

രാജദൂതേ ബ്രുവത്യേവം ദേവർഷിഃ പരമദ്യുതിഃ
ബിഭ്രത് പിംഗജടാഭാരം പ്രാദുരാസീദ്യഥാ രവിഃ. 32

| | | | |
|---|---|---|---|
| രാജദൂതേ | രാജാക്കന്മാരുടെ സന്ദേശവാഹകനായി വന്ന ആൾ | പിംഗജടാഭാരം | പീതവർണ്ണമായ ജടാഭാരത്തെ |
| | | ബിഭ്രത് | വഹിച്ചുകൊണ്ടുള്ള |
| ഏവം | ഇപ്രകാരം | ദേവർഷിഃ | ദേവർഷിയായ നാരദൻ |
| ബ്രുവതി | പറഞ്ഞുകൊണ്ടിരിക്കെ, | രവിഃ യഥാ | സൂര്യനെന്നപോലെ |
| പരമദ്യുതിഃ | മഹാതേജസ്വിയായി, | പ്രാദുരാസീത് | അവിടെ പ്രത്യക്ഷപ്പെട്ടു. |

തം ദൃഷ്ട്വാ ഭഗവാൻ കൃഷ്ണഃ സർവ്വലോകേശ്വരേശ്വരഃ
വവന്ദ ഉത്ഥിതഃ ശീർഷ്ണാ സസഭ്യഃ സാനുഗോ മുദാ. 33

| | | | |
|---|---|---|---|
| തം ദൃഷ്ട്വാ | അദ്ദേഹത്തെ കണ്ടു് | സസഭ്യഃ | സഭാവാസികളോടുകൂടിയും |
| സർവ്വലോകേ-ശ്വരേശ്വരഃ | എല്ലാ ലോകേശ്വരന്മാരുടെയും ഈശ്വരനായി, | സാനുഗഃ | അനുചരന്മാരോടുകൂടിയും, |
| ഭഗവാൻ | ഐശ്വര്യാദി ഷഡ്ഗുണസമ്പൂർണ്ണനായി പരിലസിക്കുന്ന | ഉത്ഥിതഃ | എഴുന്നേററുനിന്നു് |
| | | മുദാ | സന്തോഷത്തോടെ |
| | | ശീർഷ്ണാ | ശിരസ്സുകൊണ്ടു് |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | വവന്ദേ | കുമ്പിട്ടുവണങ്ങി. |

സഭാജയിത്വാ വിധിവത് കൃതാസനപരിഗ്രഹം
ബഭാഷേ സൂനൃതൈർവ്വാക്യൈഃ ശ്രദ്ധയാ തർപ്പയൻ മുനിം. 34

| | | | |
|---|---|---|---|
| കൃതാസന-പരിഗ്രഹം | ഇരിപ്പിടത്തെ സ്വീകരിച്ചു് ഇരുന്നരുളിയ | മുനിം | നാരദമുനിയെ |
| | | ശ്രദ്ധയാ | ശ്രദ്ധയോടെ |

| | | | |
|---|---|---|---|
| വിധിവത് | വിധിപ്രകാരം | വാക്യൈഃ | മൊഴികളാൽ |
| സഭാജയിത്വാ | ആരാധിച്ചതിൽപ്പിന്നെ | തർപ്പയൻ | സന്തോഷം വളർത്തിക്കൊണ്ട് |
| സൂനൃതൈഃ | പ്രിയകരങ്ങളായ | ബഭാഷേ | ഭഗവാൻ പറഞ്ഞു. |

അപി സ്വിദദ്യ ലോകാനാം ത്രയാണാമകുതോഭയം
നനു ഭൂയാൻ ഭഗവതോ ലോകാൻ പര്യടതോ ഗുണഃ. 35

| | | | |
|---|---|---|---|
| അദ്യ | "ഇപ്പോൾ | ലോകാൻ | എല്ലാലോകങ്ങളേയും |
| ത്രയാണാം | മൂന്നുലോകത്തിലും ഉള്ള | പര്യടതഃ | ചുററിസ്സഞ്ചരിക്കുന്ന |
| ലോകാനാം | എല്ലാ ജനങ്ങൾക്കും | ഭഗവതഃ | സർവ്വജ്ഞനായ ഭവാനിൽ |
| അപി സ്വിത് | ഒരിടത്തുനിന്നും യാതൊ | | (നിന്നു ഞങ്ങൾക്കുള്ള) |
| അകുതോഭയം | ഭയവും ഇല്ലാത്ത നില | ഭൂയാൻ | ഏററവും വലിയ |
| | തന്നെയല്ലേ ? | ഗുണഃ നനു | ഗുണം ഇതാണല്ലോ. |

നോട്ട്:—സർവ്വലോകസഞ്ചാരിയായ ശ്രീനാരദനിൽനിന്ന് സർവ്വലോകവൃത്താന്തവും ഗ്രഹിക്കാമെന്നതാണ് ഏററവും വലിയ ഗുണം.

ന ഹി തേഽവിദിതം കിഞ്ചില്ലോകേഷ്വീശ്വരകർത്തൃഷു
അഥ പൃച്ഛാമഹേ യുഷ്മാൻ പാണ്ഡവാനാം ചികീർഷിതം. 36

| | | | |
|---|---|---|---|
| ഈശ്വരകർത്തൃഷു | "ഈശ്വരൻ സൃഷ്ടിച്ച | ന ഹി | ഇല്ലല്ലോ. |
| ലോകേഷു | ലോകങ്ങളിൽ | അഥ യുഷ്മാൻ | ആകയാൽ, ഭവാനോട് |
| തേ | ഭവാന്ന് | പാണ്ഡവാനാം | പാണ്ഡവന്മാരുടെ |
| അവിദിതം | അറിയാത്തതായിട്ട് | ചികീർഷിതം | ചെയ്തിയെപ്പററി |
| കിഞ്ചിത് | യാതൊന്നുംതന്നെ | പൃച്ഛാമഹേ | ചോദിച്ചുകൊള്ളുന്നു." |

ശ്രീനാരദ ഉവാച=ശ്രീനാരദൻ പറഞ്ഞു:—

ദൃഷ്ടാ മയാ തേ ബഹുശോ ദുരത്യയാ
മായാ വിഭോ വിശ്വസൃജശ്ച മായിനഃ
ഭൂതേഷു ഭൂമംശ്ചരതഃ സ്വശക്തിഭി-
ർവ്വഹ്നേരിവ ച്ഛന്നരുചോ ന മേഽദ്ഭുതം. 37

| | | | |
|---|---|---|---|
| വിഭോ | ഹേ വിഭോ ! | സ്വശക്തിഭിഃ | സ്വകീയശക്തികളാൽ |
| ഭൂമൻ | ഹേ വിശ്വവ്യാപിൻ ! | | (സത്വാദിഗുണത്രയത്താൽ) |
| ഭൂതേഷു | സകലപദാർത്ഥങ്ങളിലും | ച്ഛന്നരുചഃ | മറഞ്ഞിരിക്കുന്ന പ്രകാശ |
| ചരതഃ | അന്തര്യാമിയായി സഞ്ച | | ത്തോടുകൂടിയവനായും |
| | രിക്കുന്നവനായും, | | ഇരിക്കുന്ന |
| വിശ്വസൃജഃ ച | ബ്രഹ്മാവിന്നുകൂടി | തേ | നിന്തിരുവടിയുടെ |
| മായിനഃ | മോഹം ജനിപ്പിക്കുന്ന | ദുരത്യയാഃ | അനല്ലംഘനീയങ്ങളായ |
| | വനായും, | മായാഃ | മായാവൈഭവങ്ങൾ |
| വഹ്നേഃ ഇവ | (വെണ്ണീറുകൊണ്ടു മറഞ്ഞ) | മയാ | എന്നാൽ |
| | അഗ്നിയെന്നവിധം | ബഹുശഃ | പലപ്രാവശ്യം |

ദൃഷ്ടഃ — കാണപ്പെട്ടിട്ടുള്ളതാണ്.
മേ — എനിക്ക് (അതുകൊണ്ട് നിന്തിരുവടിയുടെ ഇത്തരം ചോദ്യം)
അദ്ഭുതം ന — ആശ്ചര്യകരമായിട്ട് തോന്നുന്നില്ല.

തവേഹിതം കോऽൎഹതി സാധു വേദിതും
സ്വമായയേദം സൃജതോ നിയച്ഛതഃ
യദ്വിദ്യമാനാത്മതയാऽവഭാസതേ
തസ്മൈ നമസ്തേ സ്വവിലക്ഷണാത്മനേ. 38

യത് — യാതൊന്ന് (ഇല്ലാത്തതെങ്കിലും)
സ്വമായയാ — തന്റെ മായാ വൈഭവത്താൽ
വിദ്യമാനാത്മതയാ — ഉള്ളതാണെന്ന് തോന്നിക്കുന്ന നിലയോടെ
അവഭാസതേ — പ്രത്യക്ഷപ്പെട്ടിരിക്കുന്നുവോ,
(തത്) ഇദം — അങ്ങനെയുള്ള ഈ ലോകത്തെ
സൃജതഃ — സൃഷ്ടിക്കുകയും,
നിയച്ഛതഃ — സംഹരിക്കുകയും ചെയ്തുകൊണ്ടിരിക്കുന്ന
തവ — നിന്തിരുവടിയുടെ
ഈഹിതം — പ്രവൎത്തനോദ്ദേശ്യത്തെ
സാധു — വേണ്ടതുപോലെ
വേദിതും — മനസ്സിലാക്കുവാൻ
കഃ അൎഹതി — ആൎക്ക് കഴിവുണ്ട്?
സ്വവിലക്ഷണാത്മനേ — എല്ലാംകൊണ്ടും അചിന്തനീയമായ സ്വരൂപത്തോടെ വിലകൊള്ളുന്ന
തസ്മൈ തേ — ആ നിന്തിരുവടിക്ക്
നമഃ — നമസ്കാരം.

ജീവസ്യ യഃ സംസരതോ വിമോക്ഷണം
ന ജാനതോऽനൎത്ഥവഹാച്ഛരീരതഃ
ലീലാവതാരൈഃ സ്വയശഃപ്രദീപകം
പ്രാജ്വാലയത്ത്വാ തമഹം പ്രപദ്യേ. 39

അനൎത്ഥവഹാത് — അനൎത്ഥങ്ങളെ ചുമന്നുകൊണ്ടുള്ളതായ
ശരീരതഃ — ദേഹസംബന്ധത്തിൽനിന്ന്
വിമോക്ഷണം — വിട്ടുമാറുവാനുള്ള മാൎഗ്ഗത്തെ
ന ജാനതഃ — അറിഞ്ഞുകൂടാതെ,
സംസരതഃ — ജനനമരണങ്ങളനുഭവിച്ചു വിഷമിക്കുന്ന
ജീവസ്യ — ജീവാത്മാവിനുവേണ്ടി
യഃ — യാതൊരുവൻ
ലീലാവതാരൈഃ — ലീലാവതാരങ്ങളെക്കൊണ്ട്
സ്വയശഃപ്രദീപകം — സ്വകീൎത്തിയാവുന്ന ദീപത്തെ
പ്രാജ്വാലയത് — തെളിയിച്ചുവെച്ചിരിക്കുന്നുവോ,
തം ത്വാ — ആ നിന്തിരുവടിയെ
അഹം പ്രപദ്യേ — ഞാൻ ശരണം പ്രാപിക്കുന്നു.

അഥാപ്യാശ്രാവയേ ബ്രഹ്മ നരലോകവിഡംബനം
രാജ്ഞഃ പൈതൃഷ്വസേയസ്യ ഭക്തസ്യ ച ചികീൎഷിതം. 40

അഥ അപി — എങ്കിലും
നരലോകവിഡംബനം — മനുഷ്യലോകരീതിയെ അനുകരിച്ചിരിക്കുന്ന
ബ്രഹ്മ — സാക്ഷാൽ പരബ്രഹ്മമായ നിന്തിരുവടിയോട്
ഭക്തസ്യ ച — ഭക്തനും,

| | |
|---|---|
| പൈതൃഷ്വസേയസ്യ | പിതൃസഹോദരിയുടെ പുത്രനായ |
| രാജ്ഞഃ | യുധിഷ്ഠിരരാജാവിന്റെ |
| ചികീർഷിതം | ചികീർഷിതത്തെ (യുധിഷ്ഠിരൻ ചെയ്യുവാൻ ആഗ്രഹിച്ചിരിക്കുന്ന കാര്യത്തെ) |
| ആശ്രാവയേ | ഞാൻ പറഞ്ഞു കേൾപ്പിക്കാം. |

യക്ഷ്യതി ത്വാം മഖേന്ദ്രേണ രാജസൂയേന പാണ്ഡവഃ
പാരമേഷ്ഠ്യകാമോ നൃപതിസ്തദ് ഭവാനനുമോദതാം. 41

| | |
|---|---|
| പാരമേഷ്ഠ്യകാമഃ | (ഭവാനെ ആരാധിക്കുവാനായി) മഹാസമ്പന്നതയെ ആഗ്രഹിച്ചുകൊണ്ടിരിക്കുന്ന |
| നൃപതിഃ | മഹാരാജാവ് |
| പാണ്ഡവഃ | യുധിഷ്ഠിരൻ |
| രാജസൂയേന | രാജസൂയമെന്ന |
| മഖേന്ദ്രേണ | മഹായജ്ഞംകൊണ്ട് |
| ത്വാം യക്ഷ്യതി | നിന്തിരുവടിയെ ആരാധിക്കുവാൻ പോകുന്നു; |
| തത് | അതിനെ |
| ഭവാൻ | നിന്തിരുവടി |
| അനുമോദതാം | അനുമോദിച്ചാലും. |

തസ്മിൻ ദേവ ക്രതുവരേ ഭവന്തം വൈ സുരാദയഃ
ദിദൃക്ഷവഃ സമേഷ്യന്തി രാജാനശ്ച യശസ്വിനഃ. 42

| | |
|---|---|
| ദേവ | അല്ലയോ ദേവ! |
| തസ്മിൻ ക്രതുവരേ | ആ മഹായാഗത്തിൽ |
| ഭവന്തം വൈ | ഭവാനെമാത്രം |
| ദിദൃക്ഷവഃ | കാണ്മാനാഗ്രഹിക്കുന്ന |
| സുരാദയഃ | ദേവാദികളും, |
| യശസ്വിനഃ | കീർത്തിശാലികളായ |
| രാജാനഃ ച | രാജാക്കന്മാരും |
| സമേഷ്യന്തി | വന്നുചേരുന്നതാണ്. |

ശ്രവണാത് കീർത്തനാദ്ധ്യാനാത് പൂയന്തേഽന്തേവസായിനഃ
തവ ബ്രഹ്മമയസ്യേശ കിമുതേക്ഷാഭിമർശിനഃ. 43

| | |
|---|---|
| ഈശ | ഹേ സർവ്വേശ! |
| ബ്രഹ്മമയസ്യ | ബ്രഹ്മസ്വരൂപനായ |
| തവ | നിന്തിരുവടിയുടെ |
| ശ്രവണാത് | ശ്രവണംകൊണ്ടും, |
| കീർത്തനാത് | കീർത്തനംകൊണ്ടും, |
| ധ്യാനാത് | ധ്യാനംകൊണ്ടും |
| അന്തേവസായിനഃ | അന്ത്യജന്മാർകൂടി |
| പൂയന്തേ | വിശുദ്ധരായിത്തീരുന്നു. |
| ഈക്ഷാഭിമർശിനഃ | കണ്ണുകൊണ്ടുതന്നെ വിഷയീകരിക്കുന്നവർ |
| കിമുത | വിശുദ്ധരാകുമോ എന്ന് പിന്നെ ചോദിക്കേണ്ടതുണ്ടോ? |

യസ്യാമലം ദിവി യശഃ പ്രഥിതം രസായാം
ഭൂമൗ ച തേ ഭുവനമംഗള ദിഗ്വിതാനം
മന്ദാകിനീതി ദിവി ഭോഗവതീതി ചാധോ
ഗംഗേതി ചേഹ ചരണാംബു പുനാതി വിശ്വം. 44

| | |
|---|---|
| ഭുവനമംഗള | ഹേ ലോകകല്യാണമൂർത്തേ! |
| യസ്യ തേ | യാതൊരു നിന്തിരുവടിയുടെ |
| അമലം യശഃ | നിർമ്മലമായ കീർത്തി |
| ദിഗ്വിതാനം | ദിക്കുകൾക്കെല്ലാം മേൽക്കെട്ടി ചാർത്തിക്കൊണ്ടും, |
| ദിവി | സ്വർഗ്ഗത്തിലും, |
| രസായാം | പാതാളത്തിലും, |
| ഭൂമൗ ച | ഭൂമിയിലും |
| പ്രഥിതം | വിശ്രുതമായിരുന്നുകൊണ്ടും |
| വിശ്വം | ലോകത്തെ |
| പുനാതി | വിശുദ്ധമാക്കുന്നു; |

| | |
|---|---|
| (ഭവ തഃ) | യാതൊരു നിന്തിരുവടിയുടെ |
| ചരണാംബു | പാദോദകമാകട്ടെ |
| ദിവി | സ്വൎഗ്ഗത്തിൽ |
| മന്ദാകിനീ ഇതി | മന്ദാകിനിയെന്നും, |
| അധഃ | പാതാളത്തിൽ |
| ഭോഗവതീ ഇതി ച | ഭോഗവതിയെന്നും, |
| ഇഹ | ഈ ഭൂമിയിൽ |
| ഗംഗാ ഇതി ച | ഗംഗയെന്നും ഉള്ള നാമത്തോടെ ഒഴുകിക്കൊണ്ട് |
| (വിശ്വം പുനാതി) | ലോകത്തെ വിശുദ്ധമാക്കുന്നു. (അങ്ങനെയുള്ള നിന്തിരുവടിയെ പ്രത്യക്ഷമായി കാണുന്നവർ വിശുദ്ധിയേല്ക്കുമോ എന്ന് സംശയിക്കേണ്ടതുണ്ടോ ?) |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു: —

തത്ര തേഷ്വാത്മപക്ഷേഷ്വഗൃഹ്ണത്സു വിജിഗീഷയാ
വാചഃപേശൈഃ സ്മയൻ ഭൃത്യമുദ്ധവം പ്രാഹ കേശവഃ. 45

| | |
|---|---|
| തത്ര | അപ്പോൾ, അവിടെ |
| തേഷു | ശ്രീനാരദന്റെ വാക്കിനെ കേട്ടുകൊണ്ടിരുന്നവരായ ആ |
| ആത്മപക്ഷേഷു | സ്വപക്ഷക്കാരേവരും |
| വിജിഗീഷയാ | ജരാസന്ധനോടു യുദ്ധം ചെയ്തു ജയിക്കുവാനുള്ള ഉത്സാഹത്താൽ |
| അഗൃഹ്ണത്സു | നാരദസന്ദേശം അനുസരിച്ച് ഇന്ദ്രപ്രസ്ഥത്തിലേക്ക് പോകുന്ന കാൎയ്യത്തെ കണക്കിലെടുക്കാതെ വന്നപ്പോൾ |
| കേശവഃ | ശ്രീകൃഷ്ണൻ |
| സ്മയൻ | പുഞ്ചിരിപൂണ്ടുകൊണ്ട് |
| വാചഃപേശൈഃ | പേശലവാക്കുകളാൽ |
| ഭൃത്യം | സ്വഭൃത്യനായ |
| ഉദ്ധവം പ്രാഹ | ഉദ്ധവരോട് പറഞ്ഞു. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

ത്വം ഹി നഃ പരമം ചക്ഷുഃ സുഹൃന്മന്ത്രാൎത്ഥതത്വവിത്
തഥാത്ര ബ്രൂഹ്യനുഷ്ഠേയം ശ്രദ്ദധ്മഃ കരവാമ തത്. 46

| | |
|---|---|
| ത്വം ഹി | താങ്കളാണല്ലോ |
| നഃ | നമ്മുടെ |
| പരമം ചക്ഷുഃ | ഉത്തമമായ നേത്രം. |
| തഥാ | അതുപോലെ, |
| മന്ത്രാൎത്ഥതത്വവിത് | ആലോചിച്ച് നിശ്ചയിക്കേണ്ടുന്ന കാൎയ്യങ്ങളുടെ യാഥാൎത്ഥ്യത്തെ അറിയുന്നൊരാളും, |
| സുഹൃത് | സ്നേഹിതനും താങ്കൾ തന്നെയാണ്. |
| അത്ര | ഇവിടെ |
| അനുഷ്ഠേയം | ചെയ്യേണ്ടതെന്തെന്ന് |
| ബ്രൂഹി | വ്യക്തമാക്കിത്തരിക. |
| തത് | അതിനെ |
| ശ്രദ്ദധ്മഃ | ശ്രദ്ധിച്ചുകൊള്ളാം ; |
| കരവാമ | ചെയ്തുകൊള്ളാം. |

ഇത്യുപാമന്ത്രിതോ ഭൎത്രാ സൎവ്വജ്ഞേനാപി മുഗ്ദ്ധവത്
നിദേശം ശിരസാഽഽധായ ഉദ്ധവഃ പ്രത്യഭാഷത. 47

| | |
|---|---|
| സൎവ്വജ്ഞേന അപി | എല്ലാമറിയുന്നവനെന്നിരിക്കിലും |
| ഭൎത്രാ | തന്റെ സ്വാമിയായ ശ്രീകൃഷ്ണഭഗവാനാൽ |

| | | | |
|---|---|---|---|
| ഇതി | ഈവിധം | ഉദ്ധവഃ | ഉദ്ധവർ |
| മുഗ്ദ്ധവത് | അറിയാത്തവനെന്ന പോലെ | നിദേശം | ആജ്ഞയെ |
| ഉപാമന്ത്രിതഃ | അഭിപ്രായം ചോദിക്കപ്പെട്ട | ശിരസാ | ശിരസ്സാൽ |
| | | ആധായ | ഏററുകൊണ്ടു് |
| | | പ്രത്യഭാഷത | മറുപടിപറഞ്ഞു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ഭഗവദ്യാനേ സപ്തതിതമോഽദ്ധ്യായഃ

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3006.

## ഏകസപ്തതിതമോഽദ്ധ്യായഃ=എഴുപത്തൊന്നാമദ്ധ്യായം.

[അഥൈകസപ്തതിതമേ ഹ്യുദ്ധവസ്യ തു മന്ത്രതഃ
ഇന്ദ്രപ്രസ്ഥം ഗതേ കൃഷ്ണേ പാർത്ഥാനാം പരമോത്സവഃ.]

(ഉദ്ധവമന്ത്രവും, ഭഗവാന്റെ ഇന്ദ്രപ്രസ്ഥഗമനവും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

ഇത്യുദീരിതമാകർണ്ണ്യ ദേവർഷേരുദ്ധവോഽബ്രവീത്
സഭ്യാനാം മതമാജ്ഞായ കൃഷ്ണസ്യ ച മഹാമതിഃ. 1

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരമുള്ള | മതം | അഭിപ്രായത്തെ |
| ദേവർഷേഃ | ശ്രീനാരദന്റെ | ആജ്ഞായ | ശരിക്കറിഞ്ഞു് |
| ഉദീരിതം ആകർണ്ണ്യ | വചനത്തെ കേട്ട്, | മഹാമതിഃ | ബുദ്ധിശാലിയായ |
| സഭ്യാനാം | സഭാവാസികളുടേയും | ഉദ്ധവഃ | ഉദ്ധവർ |
| കൃഷ്ണസ്യ ച | ശ്രീകൃഷ്ണന്റേയും | അബ്രവീത് | പറഞ്ഞു. |

ഉദ്ധവ ഉവാച=ഉദ്ധവർ പറഞ്ഞു:—

യദുക്തമൃഷിണാ ദേവ സാചിവ്യം യക്ഷ്യതസ്ത്വയാ
കാര്യം പൈതൃഷ്വസേയസ്യ രക്ഷാ ച ശരണൈഷിണാം. 2

| | | | |
|---|---|---|---|
| ദേവ | പ്രഭോ! | ഋഷിണാ | നാരദമഹർഷിയാൽ |
| യക്ഷ്യതഃ | യാഗം ചെയ്യുവാനുദ്യമിക്കുന്ന | ഉക്തം | പറയപ്പെട്ടുവോ, അതു് |
| പൈതൃഷ്വസേയസ്യ | പിതൃസഹോദരീപുത്രനായ യുധിഷ്ഠിരന്നു് | ത്വയാ | നിന്തിരുവടിയാൽ |
| സാചിവ്യം | സഹായകൃത്യം ചെയ്യേണ്ടതാണെന്നിങ്ങനെ | കാര്യം | ചെയ്യപ്പെടേണ്ടതുതന്നെ. |
| യത് | യാതൊന്നു് | ശരണൈഷിണാം | അഭയാർത്ഥികളായ രാജാക്കന്മാരുടെ |
| | | രക്ഷാ ച | സംരക്ഷണവും |
| | | (കാര്യാ) | ചെയ്യപ്പെടേണ്ടതാണ്. |

യഷ്ടവ്യം രാജസൂയേന ദിക്ചക്രജയിനാ വിഭോ
അതോ ജരാസുതജയ ഉഭയാർത്ഥോ മതോ മമ. 3

| | | | |
|---|---|---|---|
| വിഭോ | ഹേ വിഭോ! | അതഃ | ആകയാൽ |
| ദിക്ചക്ര—ജയിനാ | ദിങ്മണ്ഡലം മുഴുവനും ജയിച്ചടക്കിയ ഒരുവനാൽമാത്രമേ | ജരാസുത—ജയഃ | ജരാസന്ധനെ ജയിക്കുക എന്നതു് |
| | | ഉഭയാർത്ഥഃ | രണ്ടിലേക്കും പ്രയോജനമായിട്ടുള്ളതാകുമെന്നാണു് |
| രാജസൂയേന യഷ്ടവ്യം | രാജസൂയമെന്ന യാഗം ചെയ്യപ്പെടാവൂ | മമ മതഃ | എന്റെ അഭിപ്രായം. |

നോട്ട്:— ഭഗവൽപാദാശ്രിതരായ രാജാക്കന്മാരെ പാലിക്കുന്നതിനു മാത്രമല്ല, യുധിഷ്ഠിരന്റെ രാജസൂയത്തിനുവേണ്ടിയുള്ള ദിഗ്വിജയം പൂർത്തിയാക്കുന്നതിനും ജരാസന്ധനെ ജയിക്കേണ്ടതുണ്ടു്. അതിനാൽ ആദ്യം രാജസൂയത്തിനുള്ള ക്ഷണം സ്വീകരിച്ചു ഭഗവാൻ ഇന്ദ്രപ്രസ്ഥത്തിലേക്കു പോവുകയും, പാണ്ഡവന്മാരെക്കൊണ്ടു ദിഗ്വിജയം നടത്തിക്കുകയും ചെയ്താൽ അതോടൊപ്പം ജരാസന്ധന്റെ കഥയും അവസാനിക്കുന്നതാണു്. അപ്പോഴും നിലവിലുള്ള രണ്ടു കാര്യവും—രാജരക്ഷണവും, രാജസൂയവും—ഏകകാലത്തു സാധിച്ചുകഴിഞ്ഞു.

അസ്മാകം ച മഹാനർത്ഥോ ഹ്യേതേനൈവ ഭവിഷ്യതി
യശശ്ച തവ ഗോവിന്ദ രാജ്ഞോ ബദ്ധാൻ വിമുഞ്ചതഃ.

| | | | |
|---|---|---|---|
| ഗോവിന്ദ | അല്ലയോ ശ്രീഗോവിന്ദ! | ബദ്ധാൻ | ജരാസന്ധനാൽ ബന്ധിക്കപ്പെട്ട |
| അസ്മാകം ച | നമുക്കും | രാജ്ഞഃ | രാജാക്കന്മാരെ |
| മഹാൻ അർത്ഥഃ | വലുതായ പ്രയോജനം | വിമുഞ്ചതഃ | വിട്ടയയ്ക്കുന്ന |
| ഏതേന ഏവ | ഇതുകൊണ്ടുതന്നെ | തവ | നിന്തിരുവടിക്കു് |
| ഭവിഷ്യതി ഹി | സംഭവിച്ചുകൊള്ളും. | യശഃ ച | കീർത്തിയും വർദ്ധിക്കും. |

സ വൈ ദുർവ്വിഷഹോ രാജാ നാഗായുതസമോ ബലേ
ബലിനാമപി ചാന്യേഷാം ഭീമം സമബലം വിനാ. 5

| | | | |
|---|---|---|---|
| സഃ വൈ | ആ കേൾവികേട്ട | സമബലം | ഒത്ത ബലമുള്ള |
| രാജാ | ജരാസന്ധരാജാവു് | ഭീമം വിനാ | ഭീമസേനനല്ലാതെ |
| ബലേ | ശരീരശക്തിയിൽ | അന്യേഷാം | വേറിട്ടുള്ള |
| നാഗായുതസമഃ | പതിനായിരം ആനകൾക്കു് തുല്യനാകുന്നു. | ബലിനാം | ഏതു ബലവാന്മാർക്കും |
| അപി ച | എന്നുമാത്രമല്ല, | ദുർവ്വിഷഹഃ | പോരിൽ പൊർക്ക[illegible]നാകയുമില്ല. |

ദ്വൈരഥേ സ തു ജേതവ്യോ മാ ശതാക്ഷൗഹിണീയുതഃ
ബ്രഹ്മണ്യോƒഭ്യർത്ഥിതോ വിപ്രൈർന്ന പ്രത്യാഖ്യാതി കർഹിചിത്. 6

| | | | |
|---|---|---|---|
| സഃ തു | അവനാകട്ടെ | ശതാ—ക്ഷൗഹിണീയുതഃ | ഒരുനൂറു് അക്ഷൗഹിണി സൈന്യമുള്ള അവൻ |
| ദ്വൈരഥേ | ദ്വന്ദ്വയുദ്ധത്തിൽ | | |
| ജേതവ്യഃ | ജയിക്കപ്പെടേണ്ടവനാണു്. | | |

| | | | |
|---|---|---|---|
| മാ (ജേതവ്യഃ) | മറെറാരുതരത്തിൽ ജയി | വിപ്രൈഃ | ബ്രാഹ്മണരാൽ |
| | ക്കപ്പെടുവാൻ ആകയില്ല. | അഭ്യർത്ഥിതഃ | അപേക്ഷിക്കപ്പെട്ടാൽ |
| ബ്രഹ്മണ്യഃ | അവൻ ബ്രാഹ്മണഭക്തി | കർഹിചിത് | ഒരിക്കലും |
| | യുള്ളവനാകുന്നു ; | ന പ്രത്യാഖ്യാതി | മറുത്തുപറകയില്ല. |

ബ്രഹ്മവേഷധരോ ഗത്വാ തം ഭിക്ഷേത വൃകോദരഃ
ഹനിഷ്യതി ന സന്ദേഹോ ദ്വൈരഥേ തവ സന്നിധൌ 7

| | | | |
|---|---|---|---|
| വൃകോദരഃ | ഭീമസേനൻ | തവ | നിന്തിരുവടിയുടെ |
| ബ്രഹ്മവേഷധരഃ | ബ്രഹ്മണവേഷത്തെ | സന്നിധൌ | സന്നിധിയിൽവെച്ച് |
| | പൂണ്ടുകൊണ്ട് | ദ്വൈരഥേ | ദ്വന്ദ്വയുദ്ധത്തിൽ |
| തം ഗത്വാ | അവനെ സമീപിച്ച് | ഹനിഷ്യതി | (അവനെ ഭീമസേനൻ) |
| ഭിക്ഷേത | ദ്വന്ദ്വയുദ്ധത്തെ യാചി | | കൊന്നുകൊള്ളും. |
| | ക്കണം | ന സന്ദേഹഃ | സംശയിക്കാനില്ല. |

നിമിത്തം പരമീശസ്യ വിശ്വസർഗ്ഗനിരോധയോഃ
ഹിരണ്യഗർഭഃ ശർവ്വശ്ച കാലസ്യാരൂപിണസ്തവ. 8

| | | | |
|---|---|---|---|
| കാലസ്യ | കാലാത്മാവായും, | | ത്തപ്പെടുന്ന) |
| ഈശസ്യ | സർവ്വേശ്വരനായും, | വിശ്വസർഗ്ഗ– } | പ്രപഞ്ചത്തിന്റെ സൃഷ്ടി |
| അരൂപിണഃ | സ്വരൂപരഹിതനായും | നിരോധയോഃ } | സംഹാരങ്ങളിൽ |
| | ഇരിക്കുന്ന | ഹിരണ്യഗർഭഃ | ബ്രഹ്മാവും, |
| തവ | നിന്തിരുവടിയുടെ | ശർവ്വഃ ച | ശ്രീരുദ്രനും |
| | (നിന്തിരുവടിയാൽ നട | പരം നിമിത്തം | വെറും നിമിത്തമാണല്ലോ. |

നോട്ട് :— പ്രപഞ്ചം സൃഷ്ടിക്കുന്നതും സംഹരിക്കുന്നതും കാലാത്മാവായ ഭഗവാൻ തന്നെയാണല്ലോ. ബ്രഹ്മരുദ്രന്മാർ അവയുടെ നിമിത്തങ്ങൾ മാത്രമാണ്. അതുപോലെ തന്നെ ജരാസന്ധവധത്തിലും വാസ്തവികകർത്തൃത്വം ഭഗവാനിൽ സ്ഥിതിചെയ്യുന്നു. ഭീമനോ, കേവലം നിമിത്തം.

ഗായന്തി തേ വിശദകർമ്മ ഗൃഹേഷു ദേവ്യോ
രാജ്ഞാം സ്വശത്രുവധമാത്മവിമോക്ഷണം ച
ഗോപ്യശ്ച കുഞ്ജരപതേർജ്ജനകാത്മജായാഃ
പിത്രോശ്ച ലബ്ധശരണാ മുനയോ വയം ച. 9

| | | | |
|---|---|---|---|
| രാജ്ഞാം | ജരാസന്ധനാൽ ബന്ധി | | ജരാസന്ധന്റെ നിഗ്രഹവും, |
| | ക്കപ്പെട്ടിരിക്കുന്ന രാജാ | ആത്മ– } | ആത്മപ്രിയന്മാരായ |
| | ക്കന്മാരുടെ | വിമോക്ഷണം } | ഭർത്താക്കന്മാരുടെ വിമോ |
| ദേവ്യഃ | പത്നിമാർ | ച } | ചനവും ആകുന്ന |
| ഗൃഹേഷു | സ്വഗൃഹങ്ങളിൽ ഇരുന്നു | തേ | നിന്തിരുവടിയുടെ |
| | കൊണ്ട് | വിശദകർമ്മ | യശോധവളിതമായ |
| സ്വശത്രുവധം | തങ്ങളുടെ ശത്രുവായ | | പ്രവൃത്തിയെ |

| | |
|---|---|
| ഗായന്തി | പാടിപ്പുകഴ്ത്തിക്കൊണ്ടിരിക്കുന്നു |
| ഗോപ്യഃ ച | ഗോപികമാരും (ശംഖചൂഡവധത്തെ പാടിപ്പുകഴ്ത്തുന്നുണ്ടല്ലോ.) |
| മുനയഃ | മാമുനിമാരും, |
| ലബ്ധശരണാഃ | ശരണം ലഭിച്ചവരായ |
| വയം ച | ഞങ്ങളും |
| കുഞ്ജരപതേഃ (വിമോക്ഷണം) | മുതലയെ കൊന്നു് ഗജേന്ദ്രനെ മോചിപ്പിച്ചതും, |
| ജനകാത്മജായാഃ (വിമോക്ഷണം) | രാവണനെ കൊന്നു് ജാനകിയെ മോചിപ്പിച്ചതും, |
| പിത്രോഃ (വിമോക്ഷണം) | കംസനെ കൊന്നു് അച്ഛനമ്മമാരെ മോചിപ്പിച്ചതും പാടിപ്പുകഴ്ത്തുന്നു. |

നോട്ട് :— ഭഗവാൻ സ്വഭക്തദ്വേഷികളെ സംഹരിച്ച് സ്വഭക്തന്മാരെ രക്ഷിച്ച കഥകൾ നിരവധിയുണ്ട്. സിദ്ധമുനിമാർ തൊട്ട് ഗ്രാമീണകളായ ഗോപയുവതികൾവരെയുള്ളവർ അവയെ ഗാനം ചെയ്യുന്നു അതുപോലെ ജരാസന്ധനാൽ തടവിലാക്കപ്പെട്ട രാജാക്കന്മാരുടെ പത്നിമാർ ജരാസന്ധവധവും ആത്മവിമോചനവും ഭഗവാൻ നിർവ്വഹിക്കുമെന്നുള്ള ദൃഢവിശ്വാസത്തോടെ തൽകഥയെ ഗാനംചെയ്തുകൊണ്ടിരിക്കുന്നു.

ജരാസന്ധവധഃ കൃഷ്ണ ഭൂര്യ്യർത്ഥായോപകല്പതേ
പ്രായഃ പാകവിപാകേന തവ ചാഭിമതഃ ക്രതുഃ 10

| | |
|---|---|
| കൃഷ്ണ | ഹേ ശ്രീകൃഷ്ണ! |
| ജരാസന്ധവധഃ | ജരാസന്ധവധം |
| ഭൂര്യ്യർത്ഥായ | ബഹുപ്രയോജനത്തിന്നും |
| ഉപകല്പതേ | ഉതകുന്നതുണ്ട്. * |
| പാകവിപാകേന | പുണ്യപാപാത്മകമായ കർമ്മത്തിന്റെ ഫലംകൊണ്ട് (രാജാക്കന്മാരുടെ പുണ്യകർമ്മഫലംകൊണ്ടും, ജരാസന്ധന്റെ പാപകർമ്മഫലംകൊണ്ടും) |
| പ്രായഃ | ആകപ്പാടെ |
| തവ ച | നിന്തിരുവടിക്കും |
| ക്രതുഃ | രാജസൂയയാഗമാണ് |
| അഭിമതഃ | സമ്മതമായിരിക്കുന്നത്. |

* ‘ന മേ ഭക്തഃ പ്രണശ്യതി’ എന്നുള്ള പ്രതിജ്ഞാവചനം പാലിക്കുക, ശരണാഗതന്മാരെ രക്ഷിക്കുക, രാജസൂയയാഗം നിറവേററിക്കൊടുക്കുക, സൽകീർത്തിയാർജ്ജിക്കുക, പൂർവ്വവിരോധത്തിന്നു പ്രതികാരം ചെയ്യുക, ഭൂഭാരം ഇല്ലാതാക്കുക എന്നിങ്ങനെയുള്ള പലതിന്നും ജരാസന്ധവധം പ്രയോജനപ്പെടുമെന്ന് ആശയം.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്യുദ്ധവവചോ രാജൻ സർവ്വതോ ഭദ്രമച്യുതം
ദേവർഷിർയ്യദുവൃദ്ധാശ്ച കൃഷ്ണശ്ച പ്രത്യപൂജയൻ. 11

| | |
|---|---|
| രാജൻ | രാജാവേ! |
| സർവ്വതഃ | സർവ്വപ്രകാരേണ |
| ഭദ്രം | ശുഭാവഹവും |
| അച്യുതം | വീഴ്ചയില്ലാത്തതും ആയ |
| ഇതി | ഈ വിധത്തിലുള്ള |
| ഉദ്ധവവചഃ | ഉദ്ധവവാക്യത്തെ |
| ദേവർഷിഃ | ശ്രീനാരദനും, |
| യദുവൃദ്ധാഃ ച | യാദവവൃദ്ധന്മാരും, |
| കൃഷ്ണഃ ച | ശ്രീകൃഷ്ണനും |
| പ്രത്യപൂജയൻ | പ്രത്യേകം ആദരിച്ചു. |

അഥാദിശത് പ്രയാണായ ഭഗവാൻ ദേവകീസുതഃ
ഭൃത്യാൻ ദാരുകജൈത്രാദീനനുജ്ഞാപ്യ ഗുരൂൻ വിഭുഃ. 12

| | | | |
|---|---|---|---|
| അഥ | അനന്തരം. | അനുജ്ഞാപ്യ | അനുവാദംവാങ്ങി- |
| വിഭുഃ | സർവ്വശക്തനും | ദാരുക- | ദാരുകൻ, ജൈത്രൻ |
| ദേവകീസുതഃ | ദേവകീപുത്രനുമായ | ജൈത്രാദീൻ | മുതലായ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ഭൃത്യാൻ | സ്വഭൃത്യന്മാരോട് |
| ഗുരൂൻ | കാരണവന്മാരോട് | പ്രയാണായ | പുറപ്പെടുവാനായി |
| | | ആദിശത് | കല്പിച്ചു |

നിർഗ്ഗമയ്യാവരോധാൻ സ്വാൻ സസുതാൻ സപരിച്ഛദാൻ
സങ്കർഷണമനുജ്ഞാപ്യ യദുരാജം ച ശത്രുഹൻ
സൂതോപനീതം സ്വരഥമാരുഹദ് ഗരുഡധ്വജം. 13

| | | | |
|---|---|---|---|
| ശത്രുഹൻ | ശത്രുക്കളെ വെല്ലുന്ന ഹേ മഹാരാജരേ ! | സ്വാൻ | തന്റെ |
| സങ്കർഷണം | ബലരാമനോടും, | അവരോധാൻ | അന്തഃപുരസ്ത്രീകളെ |
| യദുരാജം ച | ഉഗ്രസേനനോടും | നിർഗ്ഗമയ്യ | പുറപ്പെടുവിച്ച്, |
| അനുജ്ഞാപ്യ | യാത്രാനുവാദം വാങ്ങിയശേഷം | സൂതോപനീതം | സാരഥിയാൽ കൊണ്ടു വരപ്പെട്ട |
| സസുതാൻ | മക്കളോടും | ഗരുഡധ്വജം | ഗരുഡക്കൊടിയുള്ള |
| സപരിച്ഛദാന | യാത്രയ്ക്കാവശ്യമായ ഉപകരണങ്ങളോടും കൂടിയ | സ്വരഥം | തന്റെ രഥത്തിലേക്ക് |
| | | ആരുഹത് | ഭഗവാൻ കയറി. |

തതോ രഥദ്വിപഭടസാദിനായകൈഃ കരാളയാ പരിവൃത ആത്മസേനയാ
മൃദംഗഭേര്യാനകശംഖഗോമുഖൈഃ പ്രഘോഷഘോഷിത് കകുഭോ നിരാക്രമത്.

| | | | |
|---|---|---|---|
| രഥദ്വിപ- ഭടസാദി- നായകൈഃ | തേരുകളും, ആനകളും, കാലാൾപ്പടകളും, കുതിരപ്പടകളും, ആയുധങ്ങളും എന്നിവയാൽ | മൃദംഗഭേര്യാ- നകശംഖ- ഗോമുഖൈഃ | മൃദംഗം, ഭേരി, ആനകം, ശംഖ്, ഗോമുഖം എന്നീ വിധം വാദ്യങ്ങളാൽ ഉണ്ടാക്കപ്പെട്ട |
| കരാളയാ | അതിഭയങ്കരമായ | പ്രഘോഷ- ഘോഷിത- കകുഭഃ | വൻഘോഷങ്ങളാൽ ഘോഷിതമായ ദിക്കുകളോടുകൂടിയ |
| ആത്മസേനയാ | സ്വസൈന്യത്താൽ | തതഃ | അവിടെനിന്ന് |
| പരിവൃതഃ | പരിവൃതനായിരിക്കുന്ന ഭഗവാൻ | നിരാക്രമത് | യാത്രപുറപ്പെട്ടു. |

നൃവാജികാഞ്ചനശിബികാഭിരച്യുതം സഹാത്മജാഃ പതിമനു സുവ്രതാ യയുഃ
വരാംബരാഭരണവിലേപനസ്രജഃ സുസംവൃതാ നൃഭിരസിചർമ്മപാണിഭിഃ.

| | | | |
|---|---|---|---|
| വരാംബരാ- ഭരണ- വിലേപന- സ്രജഃ | വിശേഷപ്പെട്ട വസ്ത്രങ്ങളും, ആഭരണങ്ങളും, കുറിക്കൂട്ടുകളും, പുഷ്പമാലകളും എന്നിവയോടുകൂടിയവരും | അസിചർമ്മ- പാണിഭിഃ | വാളും പരിചയും കൈയിലെടുത്ത |
| | | നൃഭിഃ | രക്ഷിജനങ്ങളാൽ |
| | | സുസംവൃതാഃ | വേണ്ടപോലെ നാലുപുറവും കാത്തുരക്ഷിക്കപ്പെട്ടവരുമായ |

| | |
|---|---|
| സുവ്രതാഃ | ആ പതിവ്രതകൾ |
| സഹാത്മജാഃ | പുത്രരോടുകൂടിയവരായിട്ട് |
| പതിം | ഭർത്താവായ |
| അച്യുതം | ശ്രീകൃഷ്ണനെ |
| അനു | പിന്തുടൎന്ന് |
| നരവാജി– കാഞ്ചന– ശിബികാഭിഃ | ആളുകഴുത്തിലും, കുതിരപ്പുറത്തും, തങ്കപ്പല്ലക്കുകളിലും മററും കയറികൊണ്ട് |
| യയുഃ | യാത്രപുറപ്പെട്ടു. |

നരോഷ്ട്രഗോമഹിഷഖരാശ്വതര്യനഃകരേണുഭിഃ പരിജനവാരയോഷിതഃ
സ്വലംകൃതാഃ കടകടികംബളാംബരാദ്യുപസ്കരാ യയുരധിയുജ്യ സർവ്വതഃ. 16

| | |
|---|---|
| കടകടി– കംബളാം– ബരാദ്യു– പസ്കരാഃ | പുല്ലുപായതമ്പുകൾ കെട്ടുവാനുള്ള സാമഗ്രികളോടും, കമ്പിളികൾ, വസ്ത്രങ്ങൾ എന്നു തുടങ്ങിയ സാമാനങ്ങളോടും കൂടിയവരായി, |
| സ്വലംകൃതാഃ | നന്നായലങ്കരിക്കപ്പെട്ട |
| പരിജന– വാരയോഷിതഃ | പരിജനസ്ത്രീകളും, വേശ്യാസ്ത്രീകളും |
| സർവ്വതഃ | എമ്പാടും |
| അധിയുജ്യ | സാധനങ്ങളെ വാഹനങ്ങളിൽ കയററിവെച്ച് |
| നരോഷ്ട്ര– ഗോമഹിഷ– ഖരാശ്വതര്യ– നഃ കരേണുഭിഃ | ആളുകൾ, ഒട്ടകങ്ങൾ, കാളകൾ, പോത്തുകൾ, കഴുതകൾ, കോവർകഴുതകൾ, വണ്ടികൾ, പിടിയാനകൾ എന്നിവയിൽ കയറി |
| യയുഃ | യാത്രപുറപ്പെട്ടു. |

ബലം ബൃഹദ്ധ്വജപടഛത്രചാമരൈർവ്വരായുധാഭരണകിരീടവർമ്മഭിഃ
ദിവാംശുഭിസ്തുമുലരവം ബഭൌ രവേര്യഥാർണ്ണവഃ ക്ഷുഭിതതിമിംഗലോർമ്മിഭിഃ.

| | |
|---|---|
| തുമുലരവം | കോലാഹലഘോഷം മുഴക്കുന്ന |
| ബലം | സൈന്യം |
| ബൃഹദ്ധ്വജ– പടഛത്ര– ചാമരൈഃ | വലിയ കൊടിക്കൂറകൾ, കുടകൾ, ചാമരങ്ങൾ എന്നിവയാലും, |
| വരായുധാ– ഭരണകിരീട– വർമ്മഭിഃ | മേത്തരം ആയുധങ്ങൾ, മെയ്യണികൾ, കിരീടങ്ങൾ മാർച്ചട്ടകൾ എന്നിവയാലും, |
| ദിവാ | പകൽസമയത്ത് |
| രവേഃ | ആദിത്യന്റെ |
| അംശുഭിഃ | രശ്മികളാലും |
| യഥാ | ഏതുപ്രകാരം |
| അർണ്ണവഃ | സമുദ്രം |
| ക്ഷുഭിത– തിമിംഗലോ– ർമ്മിഭിഃ | ഇളകിമറിഞ്ഞ ജലജീവികളാലും, തിരമാലകളാലും, ശോഭിക്കുന്നുവോ, അതുപോലെ |
| ബഭൌ | ശോഭിച്ചു. |

അഥോ മുനിര്യദുപതിനാ സഭാജിതഃ പ്രണമ്യ തം ഹൃദി വിദധദ്വിഹായസാ
നിശമ്യ തദ്വ്യവസിതമാഹൃതാർഹണോ മുകുന്ദസന്ദർശനനിർവൃതേന്ദ്രിയഃ

| | |
|---|---|
| അഥോ | അനന്തരം |
| യദുപതിനാ | ശ്രീകൃഷ്ണനാൽ |
| സഭാജിതഃ | സൽകൃതനായും, |
| ആഹൃതാർഹണഃ | സമർപ്പിതമായ പൂജാസാധനത്തോടുകൂടിയവനായും |
| മുകുന്ദ– സന്ദർശന– നിർവൃതേന്ദ്രിയഃ | ശ്രീകൃഷ്ണസന്ദർശനത്താൽ നിർവൃതി ലഭിച്ച ഇന്ദ്രിയങ്ങളോടുകൂടിയവനായും ഇരിക്കുന്ന |
| മുനിഃ | ശ്രീനാരദമുനി |

| | | | |
|---|---|---|---|
| തദ്വ്യവസിതം | ഭഗവാന്റെ ഉദ്യമത്തെ | ഹൃദി | മനസ്സിൽ |
| നിശമ്യ | കണ്ടു്, | വിദധത് | ധ്യാനിച്ചുകൊണ്ടു് |
| തം | ഭഗവാനെ | വിഹായസാ | ആകാശമാർഗ്ഗേണ |
| പ്രണമ്യ | നമസ്കരിച്ചു്, | (യയൌ) | യാത്രയായി! |

രാജദൂതമുവാചേദം ഭഗവാൻ പ്രീണയൻ ഗിരാ
മാ ഭൈഷ്ട ദൂത ഭദ്രം വോ ഘാതയിഷ്യാമി മാഗധം. 19

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ദൂത | "അല്ലയോ ദൂത |
| ഗിരാ | നല്ലവാക്കാൽ | മാ ഭൈഷ്ട | ഭയപ്പെടരുതു് |
| പ്രീണയൻ | സന്തോഷിപ്പിച്ചുകൊണ്ടു് | വഃ ഭദ്രം | നിങ്ങൾക്കു് നന്മ വരും. |
| രാജദൂതം | രാജദൂതനോടു് | മാഗധം | ജരാസന്ധനെ |
| ഇദം ഉവാച | ഇതു് പറഞ്ഞു— | ഘാതയിഷ്യാമി | വധിപ്പിച്ചുകൊള്ളാം. |

ഇത്യുക്തഃ പ്രസ്ഥിതോ ദൂതോ യഥാവദവദന്നൃപാൻ
തേഽപി സന്ദർശനം ശൌരേഃ പ്രത്യൈക്ഷൻ യന്മുമുക്ഷവഃ. 20

| | | | |
|---|---|---|---|
| ഇതി | ഈവിധത്തിൽ | അവദത് | പറഞ്ഞുധരിപ്പിച്ചു. |
| ഉക്തഃ | പറഞ്ഞു സമാധാനിപ്പിക്കപ്പെട്ട | തേ അപി | അവരും |
| | | യന്മുമുക്ഷവഃ | യാതൊരു ജരാസന്ധനിൽനിന്നുള്ള മോചനത്തെ കാംക്ഷിച്ചുകൊണ്ടു് |
| ദൂതഃ | രാജദൂതൻ | | |
| പ്രസ്ഥിതഃ | പോയിട്ടു്, | | |
| യഥാവത് | ഉണ്ടായതെല്ലാം വേണ്ടുംപ്രകാരം | ശൌരേഃ | ശ്രീകൃഷ്ണന്റെ |
| | | സന്ദർശനം | സന്ദർശനത്തെ |
| നൃപാൻ | രാജാക്കന്മാരെ | പ്രത്യൈക്ഷൻ | പ്രതീക്ഷിച്ചിരിപ്പായി. |

ആനർത്തസൌവീരമരൂംസ്തീർത്ത്വാ വിനശനം ഹരിഃ
ഗിരീൻ നദീരതീയായ പുരഗ്രാമവ്രജാകരാൻ. 21

| | | | |
|---|---|---|---|
| ഹരിഃ | ശ്രീകൃഷ്ണൻ | ഗിരീൻ | മലകളേയും, |
| ആനർത്ത- സൌവീര- മരൂൻ | ആനർത്തദേശം, സൌവീരദേശം, മരുപ്രദേശം എന്നിവയേയും, | നദീഃ | പുഴകളേയും, |
| | | പുരഗ്രാമ- വ്രജാകരാൻ | നഗരങ്ങൾ, ഗ്രാമങ്ങൾ, ഇടയത്താവളങ്ങൾ, വിളനിലങ്ങൾ എന്നിവയേയും |
| വിനശനം | കുരുക്ഷേത്രത്തേയും | അതീയായ | പിന്നിട്ടു. |
| തീർത്ത്വാ | കടന്നു്, | | |

തതോ ദൃഷദ്വതീം തീർത്ത്വാ മുകുന്ദോഽഥ സരസ്വതീം
പാഞ്ചാലാനഥ മത്സ്യാംശ്ച ശക്രപ്രസ്ഥമഥാഗമത്. 22

| | | | |
|---|---|---|---|
| മുകുന്ദഃ | ഭഗവാൻ | സരസ്വതീം | സരസ്വതീനദിയേയും, |
| തതഃ | അതിൽപ്പിന്നെ | അഥ | പിന്നീടു് |
| ദൃഷദ്വതീം | ദൃഷദ്വതീനദിയേയും, | പാഞ്ചാലാൻ | പാഞ്ചാലദേശത്തേയും, |
| അഥ | അനന്തരം | മത്സ്യാൻ ച | മത്സ്യദേശത്തേയും, |

| | | | |
|---|---|---|---|
| തീർത്ത്വാ | കടന്നുചെന്ന് | ശക്രപ്രസ്ഥം | ഇന്ദ്രപ്രസ്ഥത്തിലേക്ക് |
| അഥ | ഒടുവിൽ | അഗമത് | പോയിച്ചേർന്നു. |

തമുപാഗതമാകർണ്യ പ്രീതോ ദുർദ്ദർശനം നൃണാം
അജാതശത്രുർന്നിരഗാത് സോപാധ്യായഃ സുഹൃദ്വൃതഃ. 23

| | | | |
|---|---|---|---|
| നൃണാം | മനുഷ്യർക്ക് | അജാതശത്രുഃ | യുധിഷ്ഠിരൻ |
| ദുർദ്ദർശനം | ദുർല്ലഭദർശനനായ | സോപാധ്യായഃ | ആചാര്യന്മാരോടുകൂടി, |
| തം ഉപാഗതം ആകർണ്യ | ആ ശ്രീഭഗവാൻ നഗരോപാന്തത്തിൽ എത്തിയിരിക്കുന്നതായി കേട്ടിട്ട് | സുഹൃദ്വൃതഃ | ബന്ധുമിത്രാദികളാൽ പരിവൃതനായി |
| | | നിരഗാത് | എതിരേല്ക്കുവാൻ പുറത്തേക്കിറങ്ങി. |
| പ്രീതഃ | സന്തോഷിച്ച | | |

ഗീതവാദിത്രഘോഷേണ ബ്രഹ്മഘോഷേണ ഭൂയസാ
അഭ്യയാത് സ ഹൃഷീകേശം പ്രാണാഃ പ്രാണമിവാദൃതഃ. 24

| | | | |
|---|---|---|---|
| ഗീതവാദിത്ര-ഘോഷേണ | സംഗീതഘോഷത്തോടും വാദ്യഘോഷത്തോടും, | ആദൃതഃ | ആദരസമന്വിതനായിട്ട് |
| ഭൂയസാ | മഹത്തായ | പ്രാണാഃ | ഇന്ദ്രിയങ്ങൾ |
| ബ്രഹ്മ-ഘോഷേണ | വേദഘോഷത്തോടും കൂടി | പ്രാണം ഇവ | പ്രാണനെ എന്നപോലെ |
| | | ഹൃഷീകേശം | ഇന്ദ്രിയങ്ങളുടെ നിയന്താവായ ശ്രീകൃഷ്ണഭഗവാനെ |
| സഃ | അദ്ദേഹം | അഭ്യയാത് | എതിരേററു. |

ദൃഷ്ട്വാ വിക്ലിന്നഹൃദയഃ കൃഷ്ണം സ്നേഹേന പാണ്ഡവഃ
ചിരാദ്ദൃഷ്ടം പ്രിയതമം സസ്വജേऽഥ പുനഃ പുനഃ. 25

| | | | |
|---|---|---|---|
| സ്നേഹേന | സ്നേഹത്താൽ | പ്രിയതമം | തനിക്കേററവും ഇഷ്ടപ്പെട്ട ആളായ |
| വിക്ലിന്നഹൃദയഃ | ഉള്ളലിഞ്ഞ | കൃഷ്ണം ദൃഷ്ട്വാ | ശ്രീകൃഷ്ണനെ കണ്ട് |
| പാണ്ഡവഃ | യുധിഷ്ഠിരൻ | അഥ | ഉടനെ |
| ചിരാത് | ദീർഘകാലത്തിനുശേഷം | പുനഃ പുനഃ | വീണ്ടും വീണ്ടും |
| ദൃഷ്ടം | കാണപ്പെട്ടിരിക്കുന്ന— | സസ്വജേ | ആലിംഗനം ചെയ്തു. |

ദോർഭ്യാം പരിഷ്വജ്യ രമാമലാലയം മുകുന്ദഗാത്രം നൃപതിർഹതാശുഭഃ
ലേഭേ പരാം നിർവൃതിമശ്രുലോചനോ ഹൃഷ്യത്തനുർവ്വിസ്മൃതലോകവിഭ്രമഃ. 26

| | | | |
|---|---|---|---|
| രമാമലാ-ലയം | ശ്രീമഹാലക്ഷ്മിയുടെ വിശുദ്ധവാസസ്ഥലമായ | അശ്രുലോചനഃ | സന്തോഷാശ്രുക്കളെ തൂകുന്ന കണ്ണിണയോടുകൂടിയവനായും, |
| മുകുന്ദഗാത്രം | ശ്രീമുകുന്ദൻെറ തിരുമെയ്യിനെ | ഹൃഷ്യത്തനുഃ | പുളകിതഗാത്രനായും, |
| ദോർഭ്യാം | ഇരുകരങ്ങൾകൊണ്ടും | വിസ്മൃതലോക-വിഭ്രമഃ | വിസ്മരിക്കപ്പെട്ട ലൌകികവ്യാപാരങ്ങളോടുകൂടിയവനായും ഭവിച്ച് |
| പരിഷ്വജ്യ | അണച്ചാശ്ലേഷിച്ച് | | |
| ഹതാശുഭഃ | അററുപോയ സകലപാപത്തോടുംകൂടിയവനായ | പരാം | അത്യധികമായ |
| നൃപതിഃ | യുധിഷ്ഠിരരാജാവ് | നിർവൃതിം ലേഭേ | ആനന്ദത്തെ പ്രാപിച്ചു. |

തം മാതുലേയം പരിരഭ്യ നിർവൃതോ ഭീമഃ സ്മയൻ പ്രേമജവാകുലേന്ദ്രിയഃ
യമൌ കിരീടീ ച സുഹൃത്തമം മുദാ പ്രവൃദ്ധബാഷ്പാഃ പരിരേഭിരേഽച്യുതം.

| | | | |
|---|---|---|---|
| മാതുലേയം | മാതുലപുത്രനായ | | നായും ഭവിച്ച |
| തം | ആ കൃഷ്ണനെ | യമൌ | നകുലസഹദേവന്മാരും, |
| പരിരഭ്യ | ഗാഢാശ്ലേഷംചെയ്തു് | കിരീടീ ച | അർജ്ജുനനും |
| നിർവൃതഃ | ആനന്ദതുന്ദിലനായി ഭവിച്ച | മുദാ | സന്തോഷത്താൽ |
| | | പ്രവൃദ്ധബാഷ്പാഃ | പെരുകിയ ആനന്ദാശ്രുവോടുകൂടിയവരായിട്ടു് |
| ഭീമഃ | ഭീമസേനൻ | | |
| സ്മയൻ | പുഞ്ചിരിതൂകിയും, | സുഹൃത്തമം | തങ്ങൾക്കുള്ള ഏററവും വലിയ ബന്ധുവായ |
| പ്രേമജവാകുലേന്ദ്രിയഃ | പ്രേമപ്രകർഷത്താൽ വിവശതയാർന്ന സമസ്തേന്ദ്രിയങ്ങളോടുകൂടിയവ | അച്യുതം | ശ്രീകൃഷ്ണനെ |
| | | പരിരേഭിരേ | ആശ്ലേഷിച്ചു. |

അർജ്ജുനേന പരിഷ്വക്തോ യമാഭ്യാമഭിവാദിതഃ
ബ്രാഹ്മണേഭ്യോ നമസ്കൃത്യ വൃദ്ധേഭ്യശ്ച യഥാർഹതഃ. 28
മാനിതോ മാനയാമാസ കുരുസൃഞ്ജയകൈകയാൻ
സൂതമാഗധഗന്ധർവ്വാ വന്ദിനശ്ചോപമന്ത്രിണഃ. 29
മൃദംഗശംഖപടഹവീണാപണവഗോമുഖൈഃ
ബ്രാഹ്മണാശ്ചാരവിന്ദാക്ഷം തുഷ്ടുവുർന്നനൃതുർജ്ജഗുഃ. 30

| | | | |
|---|---|---|---|
| അർജ്ജുനേന | അർജ്ജുനനാൽ | മൃദംഗശംഖപടഹവീണാപണവഗോമുഖൈഃ | മൃദംഗം, ശംഖു്, പടഹം, വീണ, പണവം, ഗോമുഖം എന്നിങ്ങിനെയുള്ള വാദ്യവിശേഷങ്ങളോടുകൂടി |
| പരിഷ്വക്തഃ | ആലിംഗിതനായും | | |
| യമാഭ്യാം | നകുലസഹദേവന്മാരാൽ | | |
| അഭിവാദിതഃ | അഭിവാദ്യം ചെയ്യപ്പെട്ടവനായും ഭവിച്ച ഭഗവാൻ | | |
| ബ്രാഹ്മണേഭ്യഃ | ബ്രാഹ്മണന്മാർക്കും, | സൂതമാഗധഗന്ധർവ്വാഃ | സൂതന്മാർ, മാഗധന്മാർ, ഗന്ധർവ്വന്മാർ, |
| വൃദ്ധേഭ്യഃ ച | വയോധികന്മാർക്കും | | |
| യഥാർഹതഃ | യോഗ്യതാനുസാരം | വന്ദിനഃ | വന്ദികൾ, |
| നമസ്കൃത്യ | നമസ്കരിച്ചു് | ഉപമന്ത്രിണഃ ച | ഉപമന്ത്രികൾ എന്നു തുടങ്ങിയ പലതരം സ്തുതിഗായകന്മാരും, |
| മാനിതഃ | അവരാൽ സമ്മാനിതനായിട്ടു് | | |
| കുരുസൃഞ്ജയകൈകയാൻ | കൌരവന്മാർ, സൃഞ്ജയന്മാർ, കേകയന്മാർ എന്നിവരെയെല്ലാം | ബ്രാഹ്മണാഃ ച | ബ്രാഹ്മണരും, |
| | | അരവിന്ദാക്ഷം | ശ്രീകൃഷ്ണനെ |
| | | തുഷ്ടുവുഃ നനൃതുഃ | വാഴ്ത്തി; നൃത്തംചെയ്തു; |
| മാനയാമാസ | ബഹുമാനിച്ചു. | ജഗുഃ | പാട്ടുപാടി. |

ഏവം സുഹൃദ്ഭിഃ പര്യസ്തഃ പുണ്യശ്ലോകശിഖാമണിഃ
സംസ്തൂയമാനോ ഭഗവാൻ വിവേശാലംകൃതം പുരം. 31

| | |
|---|---|
| പുണ്യശ്ലോക- ശിഖാമണിഃ | ഉത്തമകീർത്തിമാന്മാർക്ക് ചൂഡാരത്നമായി വിളങ്ങുന്ന |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| ഏവം | ഇപ്രകാരം |
| സുഹൃദ്ഭിഃ | ബന്ധുജനങ്ങളാൽ |
| പര്യസ്തഃ | ചൂഴപ്പെട്ടുകൊണ്ടും, |
| സംസ്തൂയമാനഃ | വാഴ്ത്തിസ്തുതിക്കപ്പെട്ടുകൊണ്ടും |
| അലംകൃതം | അലംകൃതമായ |
| പുരം | നഗരത്തിലേക്ക് |
| വിവേശ | പ്രവേശിച്ചു. |

സംസിക്തവർത്മ കരിണാം മദഗന്ധതോയൈ-
ശ്ചിത്രധ്വജൈഃ കനകതോരണപൂർണ്ണകുംഭൈഃ
മൃഷ്ടാത്മഭിർന്നവദുകൂലവിഭൂഷണസ്ര-
ഗ്ഗന്ധൈർന്നൃഭിര്യുവതിഭിശ്ച വിരാജമാനം. 32

ഉദ്ദീപ്തദീപബലിഭിഃ പ്രതിസദ്മ ജാല-
നിര്യാതധൂപരുചിരം വിലസത്പതാകം
മൂർദ്ധന്യഹേമകലശൈ രജതോരുശൃംഗൈ-
ർജ്ജുഷ്ടം ദദർശ ഭവനൈഃ കുരുരാജധാമ. 33

| | |
|---|---|
| കരിണാം | ആനകളുടെ |
| മദഗന്ധ- തോയൈഃ | മദഗന്ധമുള്ള വെള്ളം കൊണ്ട് |
| സംസിക്തവർത്മ | നല്ലപോലെ തളിക്കപ്പെട്ടിരിക്കുന്ന വീഥികളോടുകൂടിയതായി— |
| ചിത്രധ്വജൈഃ | നാനാവർണ്ണങ്ങളുള്ള കൊടികളാലും, |
| കനകതോരണ- പൂർണ്ണകുംഭൈഃ | പൊന്നിൻതോരണങ്ങളാലും, പൂർണ്ണകുംഭങ്ങളാലും |
| വിരാജമാനം | പ്രശോഭിക്കുന്നതായി— |
| മൃഷ്ടാത്മഭിഃ | ദേഹശുദ്ധിവരുത്തിയവരും, |
| നവദുകൂല- വിഭൂഷണ- സ്രഗ്ഗന്ധൈഃ | പുതുവെൺപട്ടുകളും, ഭൂഷണങ്ങളും, പൂമാലകളും, കുറിക്കൂട്ടുകളും എന്നിവ ധരിച്ചവരുമായ |
| നൃഭിഃ | പുരുഷന്മാരാലും, |
| യുവതിഭിഃ ച | യുവതികളാലും |
| (വിരാജമാനം) | പ്രശോഭിക്കുന്നതായി— |
| പ്രതിസദ്മ | ഓരോ ഗൃഹത്തിലും |
| ഉദ്ദീപ്തദീപ- ബലിഭിഃ | പ്രകാശിക്കുന്ന ദീപങ്ങളാലും, പുഷ്പവിതാനങ്ങളാലും |
| ജുഷ്ടം | നിറഞ്ഞിട്ടുള്ളതായി— |
| ജാലനിര്യാത- ധൂപരുചിരം | ജനല്കൾവഴിയായി പുറത്തുപോയ സുഗന്ധപ്പുകയാൽ ശോഭിതമായി— |
| വിലസത്- പതാകം | പരിലസിക്കുന്ന കൊടിക്കൂറകളോടുകൂടിയതായി— |
| മൂർദ്ധന്യഹേമ- കലശൈഃ | നിറുകയിൽ വെച്ചിരിക്കുന്ന പൊൻതാഴികക്കുടങ്ങളുള്ളവയും |
| രജതോരു- ശൃംഗൈഃ | വെള്ളികൊണ്ടുള്ള വലിയ ശിഖരങ്ങളുള്ളവയും ആയ |
| ഭവനൈഃ | ഭവനങ്ങളാൽ |
| (ജുഷ്ടം) | നിറഞ്ഞിരിക്കുന്നതുമായ |
| കുരുരാജധാമ ദദർശ | യുധിഷ്ഠിരന്റെ രാജഭവനത്തെ (ഭഗവാൻ അകലെനിന്ന്) കണ്ടു. |

പ്രാപ്തം നിശമ്യ നരലോചനപാനപാത്ര-
മൗത്സുക്യവിശ്ലഥിതകേശദുകൂലബന്ധാഃ

സദ്യോ വിസൃജ്യ ഗൃഹകർമ്മ പതീംശ്ച തല്പേ
ദ്രഷ്ടും യയുര്യുവതയഃ സ്മ നരേന്ദ്രമാർഗ്ഗേ. 34

നരലോചന-പാനപാത്രം — മനുഷ്യരുടെ നേത്രങ്ങൾക്ക പാനപാത്രമായിരിക്കുന്ന (ആദരപൂർവ്വമായ നിരീക്ഷണത്തിന്നു വിഷയമായിരിക്കുന്ന) ശ്രീകൃഷ്ണൻ
പ്രാപ്തം — വന്നിരിക്കുന്നതായി
നിശമ്യ — കേട്ടിട്ട്,
ഔത്സുക്യ-വിശ്ലഥിത-കേശദുകൂല-ബന്ധാഃ — കാണ്മാനുള്ള തിടുക്കംകൊണ്ട് അഴിഞ്ഞുലഞ്ഞ വാർമുടിക്കെട്ടോടും ഉടുപുടവയുടെ മടിക്കുത്തോടും കൂടിയവരായിഭവിച്ച
യുവതയഃ — യുവതികൾ
സദ്യഃ — ഉടനെതന്നെ
ഗൃഹകർമ്മ — ഗൃഹകൃത്യങ്ങളേയും,
തല്പേ — ശയ്യയിൽ (കിടന്നുറങ്ങുന്ന)
പതീൻ ച — ഭർത്താക്കന്മാരേയും
വിസൃജ്യ — പരിത്യജിച്ച്,
നരേന്ദ്രമാർഗ്ഗേ — രാജവീഥിയിൽവെച്ച്
ദ്രഷ്ടും — കാണുന്നതിന്നായിട്ട്
യയുഃ സ്മ — പോയി.

തസ്മിൻ സുസങ്കുല ഇഭാശ്വരഥദ്വിപദ്ഭിഃ
കൃഷ്ണം സഭാര്യ്യമുപലഭ്യ ഗൃഹാധിരൂഢാഃ
നാര്യ്യോ വികീര്യ്യ കുസുമൈർമ്മനസോപഗുഹ്യ
സുസ്വാഗതം വിദധുരുത്സ്മയവീക്ഷിതേന. 35

ഗൃഹാധിരൂഢാഃ — മാളികകളിന്മേൽ കയറിക്കൂടിയ
നാര്യ്യഃ — നാരിമാർ
ഇഭാശ്വരഥ-ദ്വിപദ്ഭിഃ — ആനകൾ, കുതിരകൾ, തേരുകൾ, കാലാളുകൾ എന്നിവകൊണ്ട്
സുസങ്കുലേ — മുറ്റം നിറഞ്ഞതായ
തസ്മിൻ — ആ രാജവീഥിയിൽ
സഭാര്യ്യം — പത്നിമാരോടുകൂടിയ
കൃഷ്ണം ഉപലഭ്യ — ശ്രീകൃഷ്ണനെ കണ്ട്,
കുസുമൈഃ — പൂക്കളാൽ
വികീര്യ്യ — അഭിവർഷിച്ച്,
മനസാ — അകംകൊണ്ട്
ഉപഗുഹ്യ — ആലിംഗനം ചെയ്ത്
ഉത്സ്മയ-വീക്ഷിതേന — മന്ദസ്മിതം ചേർന്നുള്ള വീക്ഷണത്താൽ
സുസ്വാഗതം വിദധുഃ — ഭംഗിയോടെ സ്വാഗതം പറഞ്ഞു.

ഊചുഃ സ്ത്രിയഃ പഥി നിരീക്ഷ്യ മുകുന്ദപത്നീ-
സ്താരാ യഥോഡുപസഹാഃ കിമകാര്യ്യമൂഭിഃ
യച്ചക്ഷുഷാം പുരുഷമൌലിരുദാരഹാസ-
ലീലാവലോകകലയോത്സവമാതനോതി. 36

ഉഡുപസഹാഃ — ചന്ദ്രനോടുചേർന്ന
താരാഃ യഥാ — നക്ഷത്രങ്ങളെന്നപോലെ സ്ഥിതിചെയ്യുന്ന
മുകുന്ദപത്നീഃ — ശ്രീകൃഷ്ണപത്നിമാരെ
പഥി നിരീക്ഷ്യ — മാർഗ്ഗത്തിൽ കണ്ട്
സ്ത്രിയഃ ഊചുഃ — ആ സ്ത്രീകൾ പറഞ്ഞു—
പുരുഷമൌലിഃ — "പുരുഷോത്തമനായ ഇദ്ദേഹം
ഉദാരഹാസ-ലീലാവലോക-കലയാ — തന്റെ ഉദാരമായ മന്ദസ്മിതത്തോടുകൂടിയ ലീലാവലോകനത്തിന്റെ ലേശമാത്രത്താൽ
യച്ചക്ഷുഷാം — യാതൊരുവരുടെ കണ്ണുകൾക്കാണോ
ഉത്സവം — അത്യാനന്ദത്തെ
ആതനോതി — അരുളുന്നത്,

| | | | |
|---|---|---|---|
| അമൂഭിഃ | അങ്ങനെയുള്ള ഈ സ്ത്രീകളാൽ | കിം | എന്തു സുകൃതം |
| | | അകാരി | ചെയ്യപ്പെട്ടുവോ ?" |

തത്ര തത്രോപസംഗമ്യ പൌരാ മംഗലപാണയഃ
ചക്രുഃ സപര്യാം കൃഷ്ണായ ശ്രേണീമുഖ്യാ ഹതൈനസഃ. 37

| | | | |
|---|---|---|---|
| ഹതൈനസഃ | പാപം നശിച്ച | തത്ര തത്ര | അതാതിടങ്ങളിൽ |
| പൌരാഃ | പുരവാസികളും, | ഉപസംഗമ്യ | വന്നുചേർന്ന് |
| ശ്രേണീമുഖ്യാഃ | ചേരിത്തലവന്മാരും | കൃഷ്ണായ | ശ്രീകൃഷ്ണഭഗവാന്ന് |
| മംഗലപാണയഃ | മംഗലദ്രവ്യങ്ങളെ കൈയിലെടുത്തുകൊണ്ട് | സപര്യാം | ആദരസൽക്കാരത്തെ |
| | | ചക്രുഃ | ചെയ്തു. |

അന്തഃപുരജനൈഃ പ്രീത്യാ മുകുന്ദഃ ഫുല്ലലോചനൈഃ
സസംഭ്രമൈരഭ്യുപേതഃ പ്രാവിശദ്രാജമന്ദിരം. 38

| | | | |
|---|---|---|---|
| സസംഭ്രമൈഃ | സംഭ്രമത്തോടുകൂടിയവരും | അഭ്യുപേതഃ | എതിരേററു സൽക്കരിക്കപ്പെട്ടുകൊണ്ട് |
| പ്രീത്യാ | സന്തോഷംകൊണ്ട് | | |
| ഫുല്ല-ലോചനൈഃ | വികാസമാർന്ന നേത്രങ്ങളോടുകൂടിയവരുമായ | മുകുന്ദഃ | ശ്രീകൃഷ്ണൻ |
| അന്തഃപുര-ജനൈഃ | അന്തഃപുരത്തിലെ ജനങ്ങളാൽ | രാജമന്ദിരം | രാജധാനിയിലേക്ക് |
| | | പ്രാവിശത് | പ്രവേശിച്ചു. |

പൃഥാ വിലോക്യ ഭ്രാത്രേയം കൃഷ്ണം ത്രിഭുവനേശ്വരം
പ്രീതാത്മോത്ഥായ പര്യങ്കാത് സസ്നുഷാ പരിഷസ്വജേ. 39

| | | | |
|---|---|---|---|
| പൃഥാ | കുന്തീദേവി | പ്രീതാത്മാ | സന്തുഷ്ടചിത്തയായിട്ട് |
| ത്രിഭുവനേശ്വരം | ത്രിലോകനാഥനും | പര്യങ്കാത് | കട്ടിലിൽനിന്ന് |
| ഭ്രാത്രേയം | തന്റെ സഹോദരപുത്രനും ആയ | ഉത്ഥായ | എഴുന്നേററ് |
| കൃഷ്ണം | ശ്രീകൃഷ്ണനെ | സസ്നുഷാ | പുത്രഭാര്യയായ ദ്രൌപദിയോടുകൂടിച്ചെന്ന് |
| വിലോക്യ | കണ്ട് | പരിഷസ്വജേ | ആശ്ലേഷിച്ചു. |

ഗോവിന്ദം ഗൃഹമാനീയ ദേവദേവേശമാദൃതഃ
പൂജായാം നാവിദത് കൃത്യം പ്രമോദോപഹതോ നൃപഃ. 40

| | | | |
|---|---|---|---|
| പ്രമോദോപഹതഃ | സന്തോഷാതിരേകത്താൽ മതിമറന്ന | ഗോവിന്ദം | ശ്രീകൃഷ്ണനെ |
| നൃപഃ | രാജാവ് (യുധിഷ്ഠിരൻ) | ഗൃഹം | സ്വഗൃഹത്തിലേക്ക് |
| ആദൃതഃ | ആദരാന്വിതനായി, | ആനീയ | ആനയിച്ചശേഷം |
| ദേവദേവേശം | ദേവേശ്വരന്മാർക്കും ഈശ്വരനായ | പൂജായാം | പൂജിക്കുന്നതിൽ |
| | | കൃത്യം | വേണ്ടുംക്രമത്തെ |
| | | ന അവിദത് | അറിയാതെയായി. |

പിതൃഷ്വസുർഗുരുസ്ത്രീണാം കൃഷ്ണശ്ചക്രേഽഭിവാദനം
സ്വയം ച കൃഷ്ണയാ രാജൻ ഭഗിന്യാ ചാഭിവന്ദിതഃ. 41

| | |
|---|---|
| രാജൻ | രാജാവേ! |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ |
| പിതൃഷ്വസുഃ | അച്ഛൻപെങ്ങൾക്കും, |
| ഗുരുസ്ത്രീണാം | ഗുരുപത്നിമാൎക്കും |
| അഭിവാദനം ചക്രേ | അഭിവാദ്യംചെയ്തു. |
| കൃഷ്ണയാ | ദ്രൗപദിയാലും, |
| ഭഗിന്യാ ച | സഹോദരിയായ സുഭദ്രയാലും |
| സ്വയം ച | താനും |
| അഭിവന്ദിതഃ | അഭിവന്ദിതനായി ഭവിച്ചു. |

ശ്വശ്ര്വാ സംചോദിതാ കൃഷ്ണാ കൃഷ്ണപത്നീശ്ച സൎവ്വശഃ
ആനൎച്ച രുക്മിണീം സത്യാം ഭദ്രാം ജാംബവതീം തഥാ. 42
കാളിന്ദീം മിത്രവിന്ദാം ച ശൈബ്യാം നാഗ്നജിതീം സതീം
അന്യാശ്ചാഭ്യാഗതാ യാസ്തു വാസഃസ്രങ്മണ്ഡനാദിഭിഃ. 43

| | |
|---|---|
| ശ്വശ്ര്വാ | ഭൎത്തൃമാതാവായ കുന്തീദേവിയാൽ |
| സംചോദിതാ | വേണ്ടുംവിധം നിയോഗിക്കപ്പെട്ട |
| കൃഷ്ണാ | ദ്രൗപദി |
| രുക്മിണീം | രുക്മിണിയേയും, |
| സത്യാം | സത്യഭാമയേയും, |
| ഭദ്രാം | ഭദ്രാദേവിയേയും, |
| ജാംബവതീം | ജാംബവതിയേയും, |
| തഥാ | അതുപ്രകാരം |
| കാളിന്ദീം | കാളിന്ദിയേയും, |
| മിത്രവിന്ദാം | മിത്രവിന്ദയെന്ന |
| ശൈബ്യാം ച | ശൈബ്യയേയും, |
| സതീം | ഉത്തമയായ |
| നാഗ്നജിതീം | നാഗ്നജിതിയേയും, |
| തഥാ | അതുപ്രകാരം |
| സൎവ്വശഃ | മററുള്ള എല്ലാ |
| കൃഷ്ണപത്നീഃ | കൃഷ്ണപത്നികളേയും |
| വാസഃസ്രങ്-മണ്ഡനാദിഭിഃ | വസ്ത്രമാല്യങ്ങൾകൊണ്ടും, കുങ്കുമാദ്യലങ്കാരങ്ങൾകൊണ്ടും |
| ആനൎച്ച | പൂജിച്ചു. |
| അന്യാഃ ച | വേറേയും |
| യാഃ തു | ഏതെല്ലാം സ്ത്രീജനങ്ങൾ |
| അഭ്യാഗതാഃ | വന്നുചേൎന്നിരുന്നുവോ, അവരേയും പൂജിച്ചു. |

സുഖം നിവാസയാമാസ ധൎമ്മരാജോ ജനാൎദ്ദനം
സസൈന്യം സാനുഗാമാത്യം സഭാൎയ്യം ച നവം നവം. 44

| | |
|---|---|
| ധൎമ്മരാജഃ | ധൎമ്മപുത്രർ |
| സസൈന്യം | സൈന്യങ്ങളോടും, |
| സാനുഗാമാത്യം | അനുചരന്മാരോടും, മന്ത്രിമാരോടും, |
| സഭാൎയ്യം ച | പത്നിമാരോടുംകൂടിയ |
| ജനാൎദ്ദനം | ശ്രീകൃഷ്ണനെ |
| നവം നവം | ഓരോ നാളും പുതുമ തോന്നുംവിധം |
| സുഖം | സൗഖ്യമായി |
| നിവേശയാമാസ | താമസിപ്പിച്ചു. |

തൎപ്പയിത്വാ ഖാണ്ഡവേന വഹ്നിം ഫാല്ഗുനസംയുതഃ
മോചയിത്വാ മയം യേന രാജ്ഞേ ദിവ്യാ സഭാ കൃതാ. 45

| | |
|---|---|
| ഫാല്ഗുന-സംയുതഃ | അൎജ്ജുനനോട് ഒന്നിച്ചു ചേൎന്നുകൊണ്ട് |
| ഖാണ്ഡവേന | ഖാണ്ഡവമെന്ന ഇന്ദ്രന്റെ ഉപവനത്താൽ |
| വഹ്നിം | അഗ്നിഭഗവാനെ |
| തൎപ്പയിത്വാ | തൃപ്തിപ്പെടുത്തിയശേഷം, |
| മയം | മയനെന്ന അസുരശില്പിയെ |
| മോചയിത്വാ | മോചിപ്പിച്ച് |

| | | | |
|---|---|---|---|
| യേന | യാതൊരു ഈ ശ്രീകൃഷ്ണ ഭഗവാനാൽ | ദിവ്യാ | ദിവ്യമായ |
| | | സഭാ | സഭാമന്ദിരം (മുമ്പ്) |
| രാജ്ഞേ | യുധിഷ്ഠിരരാജാവിനുവേണ്ടി | കൃതാ | നിൎമ്മിക്കപ്പെട്ടിരുന്നു. |

(ആ വിധം മഹോപകാരിയായ ഭഗവാനെ യുധിഷ്ഠിരൻ സൌഖ്യമായി താമസിപ്പിച്ചുവെന്നു താൽപൎയ്യം.)

ഉവാസ കതിചിന്മാസാൻ രാജ്ഞഃ പ്രിയചികീൎഷയാ
വിഹരൻ രഥമാരുഹ്യ ഫാല്ഗുനേന ഭടൈൎവ്വൃതഃ. 46

| | | | |
|---|---|---|---|
| ഫാല്ഗുനേന | അൎജ്ജുനനോടുകൂടി | മാസാൻ | മാസങ്ങളോളം |
| രഥം ആരുഹ്യ | തേരിൽ കയറി, | രാജ്ഞഃ | ധൎമ്മപുത്രൎക്ക് |
| ഭടൈഃ | ഭടന്മാരാൽ | പ്രിയചികീൎഷയാ | പ്രിയത്തെ ചെയ്യുവാനുള്ള താൽപൎയ്യത്തോടെ |
| വൃതഃ | പരിവൃതനായിട്ട് | ഉവാസ | (ഇന്ദ്രപ്രസ്ഥത്തിൽ) വസിച്ചു. |
| വിഹരൻ | വിഹരിച്ചുകൊണ്ട് | | |
| കതിചിത് | ഏതാനും | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാൎദ്ധേ
കൃഷ്ണസ്യേന്ദ്രപ്രസ്ഥഗമനം നാമ ഏകസപ്തതിതമോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3052.

## ദ്വിസപ്തതിതമോഽദ്ധ്യായഃ—എഴുപത്തിരണ്ടാമദ്ധ്യായം.

[തതോ ദ്വിസപ്തതിതമേ രാജ്ഞോ കാൎയ്യേ നിവേദിതേ
ദുൎജ്ജയം മാഗധം ബുദ്ധ്വാ ഭീമനാഘാതയദ്ധരിഃ]

(ഭഗവാൻ ഭീമനെക്കൊണ്ടു ജരാസന്ധനെ വധിപ്പിക്കുന്നത്.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

ഏകദാ തു സഭാമദ്ധ്യേ ആസ്ഥിതോ മുനിഭിൎവ്വൃതഃ
ബ്രാഹ്മണൈഃ ക്ഷത്രിയൈൎവ്വൈശ്യൈൎഭ്രാതൃഭിശ്ച യുധിഷ്ഠിരഃ. 1
ആചാൎയ്യൈഃ കുലവൃദ്ധൈശ്ച ജ്ഞാതിസംബന്ധിബാന്ധവൈഃ
ശൃണ്വതാമേവ ചൈതേഷാമാഭാഷ്യേദമുവാച ഹ. 2

| | | | |
|---|---|---|---|
| ഏകദാ തു | അങ്ങിനെ ഒരുദിവസം | ക്ഷത്രിയൈഃ | ക്ഷത്രിയന്മാരാലും, |
| സഭാമദ്ധ്യേ | സഭാമദ്ധ്യത്തിൽ | വൈശ്യൈഃ | വൈശ്യന്മാരാലും, |
| ആസ്ഥിതഃ | രാജസിംഹാസനത്തിൽ ഉപവിഷ്ടനായി, | ഭ്രാതൃഭിഃ ച | സഹോദരന്മാരാലും, |
| | | ആചാൎയ്യൈഃ | ആചാൎയ്യന്മാരാലും, |
| മുനിഭിഃ | മഹൎഷിമാരാലും, | കുലവൃദ്ധൈഃ ച | സ്വവംശത്തിലുള്ള വയോധികന്മാരാലും, |
| ബ്രാഹ്മണൈഃ | ബ്രാഹ്മണരാലും, | | |

| | | | |
|---|---|---|---|
| ജ്ഞാതി- സംബന്ധി- ബാന്ധവൈഃ | ജ്ഞാതികരം, സംബന്ധുകരം, ബന്ധുക്കരം എന്നിവരാലും | ശൃണ്വതാം ഏവ | കേട്ടുകൊണ്ടിരിക്കെ തന്നെ |
| വൃതഃ | ആവൃതനായിരിക്കുന്ന | ആഭാഷ്യ | ഭഗവാനെ സംബോധനചെയ്തു് |
| യുധിഷ്ഠിരഃ | ധർമ്മപുത്രർ | ഇദം | ഇപ്രകാരം |
| ഏതേഷാം ച | ഇവരെല്ലാവരും | ഉവാച ഹ | പറഞ്ഞു. |

യുധിഷ്ഠിര ഉവാച=ധർമ്മപുത്രർ പറഞ്ഞു :—

ക്രതുരാജേന ഗോവിന്ദ രാജസൂയേന പാവനീഃ
യക്ഷ്യേ വിഭൂതീർഭവതസ്തത്സംപാദയ നഃ പ്രഭോ. 3

| | | | |
|---|---|---|---|
| ഗോവിന്ദ | അല്ലയോ ശ്രീഗോവിന്ദ ! | | അംശങ്ങളായ ദേവന്മാരെ) |
| ക്രതുരാജേന | യാഗങ്ങളിൽവെച്ചു് ശ്രേഷ്ഠമായ | യക്ഷ്യേ | ആരാധിക്കുവാൻ അഭിലഷിക്കുന്നു. |
| രാജസൂയേന | രാജസൂയംകൊണ്ടു് | പ്രഭോ | ഹേ സർവ്വശക്ത ! |
| പാവനീഃ | പാപഹരങ്ങളായ | നഃ | ഞങ്ങളുടെ |
| ഭവതഃ | ഭവാന്റെ | തത് | ആ അഭീഷ്ടത്തെ |
| വിഭൂതീഃ | വിഭൂതികളെ (ഭവാന്റെ | സംപാദയ | നിറവേററിത്തന്നാലും. |

ത്വത്പാദുകേ അവിരതം പരി യേ ചരന്തി
ധ്യായന്ത്യഭദ്രനശനേ ശുചയോ ഗൃണന്തി
വിന്ദന്തി തേ കമലനാഭ ഭവാപവർഗ്ഗ-
മാശാസതേ യദി ത ആശിഷ ഈശ നാന്യേ. 4

| | | | |
|---|---|---|---|
| കമലനാഭ | ഹേ പത്മനാഭ ! | ഭവാപവർഗ്ഗം | സംസാരത്തിന്റെ പരിസമാപ്തിയായ്വരുന്ന മോക്ഷത്തെ |
| യേ | യാതൊരു ജനങ്ങളാണോ | | |
| അഭദ്രനശനേ | അശുഭത്തെ നശിപ്പിക്കുന്ന | | |
| ത്വത്പാദുകേ | ഭവാന്റെ പാദുകകളെ | വിന്ദന്തി | പ്രാപിക്കുന്നു ; |
| അവിരതം | നിരന്തരം | തേ | അവർ |
| പരി ചരന്തി | പരിചരിക്കുകയും, | ആശിഷഃ | ലോകവിഷയങ്ങളെ |
| ധ്യായന്തി | ധ്യാനിക്കുകയും, | യദി ആശാസതേ | ആഗ്രഹിക്കുകയാണെങ്കിൽ (അതും സാധിക്കുന്നു.) |
| ഗൃണന്തി | കീർത്തിക്കുകയും ചെയ്യുന്നതു്, | | |
| തേ | ആ ജനങ്ങൾമാത്രം | ഈശ | ഹേ സർവ്വേശ്വര ! |
| ശുചയഃ | ശുദ്ധാന്തഃകരണന്മാരായി | അന്യേ ന | മററുള്ളവർ ഒന്നുമില്ല. |

തദ്ദേവദേവ ഭവതശ്ചരണാരവിന്ദ-
സേവാനുഭാവമിഹ പശ്യതു ലോക ഏഷഃ
യേ ത്വാം ഭജന്തി ന ഭജന്ത്യുത വോഭയേഷാം
നിഷ്ഠാം പ്രദർശയ വിഭോ കുരുസൃഞ്ജയാനാം. 5

| | | | |
|---|---|---|---|
| ദേവദേവ | ഹേ സർവ്വദേവേശ്വര ! | ഏഷഃ ലോകഃ | ഈ പ്രാണിസമൂഹം |
| തത് | ആകയാൽ | | |
| ഇഹ | പ്രപഞ്ചത്തിലുള്ള | ഭവതഃ | നിന്തിരുവടിയുടെ |

ചരണാരവിന്ദ-സേവാനുഭാവം — തൃപ്പാദാരവിന്ദത്തെ ഭജിക്കുന്നതിന്റെ മഹിമയെ
പശ്യതു — കണ്ടുകൊള്ളട്ടെ.
വിഭോ — ഹേ സർവ്വശക്ത!
കുരു-സൃഞ്ജയാനാം — കുരുക്കളുടെയും സൃഞ്ജയന്മാരുടെയും നടുവിൽ
യേ — യാവചിലർ
ത്വാം — നിന്തിരുവടിയെ
ഭജന്തി — ഭജിക്കുന്നുവോ,
ഉത വാ — അല്ലെങ്കിൽ
ന ഭജന്തി — ഭജിക്കാതിരിക്കുന്നുവോ,
ഉഭയേഷാം — ആ രണ്ടുതരക്കാർക്കുമുള്ള
നിഷ്ഠാം — അവസ്ഥാഭേദത്തെ
പ്രദർശ്യ — തെളിയിച്ചുതന്നാലും.

ന ബ്രഹ്മണഃ സ്വപരഭേദമതിസ്തവ സ്യാത്
സർവ്വാത്മനഃ സമദൃശഃ സ്വസുഖാനുഭൂതേഃ
സംസേവതാം സുരതരോരിവ തേ പ്രസാദഃ
സേവാനുരൂപമുദയോ ന വിപര്യയോഽത്ര. 6

ബ്രഹ്മണഃ — നിരുപാധികനായി,
സർവ്വാത്മനഃ — സർവ്വാന്തര്യാമിയായി,
സമദൃശഃ — സമദർശിയായി,
സ്വസുഖാ-നുഭൂതേഃ — ആത്മാനന്ദത്തിന്റെ അനുഭൂതിസ്വരൂപനായിരിക്കുന്ന
തവ — നിന്തിരുവടിക്ക്
സ്വപര-ഭേദമതിഃ — താനെന്നും, അന്യനെന്നുമുള്ള ഭേദബുദ്ധി
ന സ്യാത് — ഉണ്ടാകയില്ല (എങ്കിലും)
സംസേവതാം — വേണ്ടവിധം സേവിക്കുന്നവൎക്കു മാത്രമേ
തേ — നിന്തിരുവടിയുടെ
പ്രസാദഃ — അനുഗ്രഹം ഉണ്ടാകയുള്ളൂ.
സുരതരോഃ — കല്പദ്രുമത്തിന്റെ
ഇവ — അനുഗ്രഹംപോലെയാണത്
അത്ര — ഇതിൽ
വിപര്യയഃ ന — വൈപരീത്യദോഷമുണ്ടാകുന്നില്ല.
സേവാനുരൂപം — സേവിക്കുന്നതിന്നനുസരിച്ചുവിധം മാത്രമാണ്
ഉദയഃ — ഫലം ഉണ്ടാകുന്നത്.

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു:—

സമ്യഗ്വ്യവസിതം രാജൻ ഭവതാ ശത്രുകർശന
കല്യാണീ യേന തേ കീർത്തിർല്ലോകാനനു ഭവിഷ്യതി. 7

ശത്രുകർശന — ശത്രുനാശം ചെയ്യുവാൻ ശക്തനായ
രാജൻ — രാജാവേ!
ഭവതാ — അങ്ങയാൽ
സമ്യക് — നല്ലതരത്തിലാണ്
വ്യവസിതം — തീരുമാനിക്കപ്പെട്ടിട്ടുള്ളത്.
യേന — എന്തെന്നാൽ, യാതൊരു ഈ രാജസൂയയജ്ഞംകൊണ്ട്
കല്യാണീ — മംഗളകരമായ
തേ കീർത്തിഃ — അങ്ങയുടെ യശസ്സ്
ലോകാൻ അനു — എല്ലാ ലോകങ്ങളെയും വ്യാപിച്ച്
ഭവിഷ്യതി — ഭവിച്ചുകൊള്ളും.

ഋഷീണാം പിതൃദേവാനാം സുഹൃദാമപി നഃ പ്രഭോ
സർവ്വേഷാമപി ഭൂതാനാമീപ്സിതഃ ക്രതുരാഡയം. 8

| | |
|---|---|
| പ്രഭോ | മഹാരാജാവേ! |
| ഋഷീണാം | ഋഷിമാക്കും, |
| പിതൃദേവാനാം | പിതൃക്കാംക്കും, |
| | ദേവകാംക്കും, |
| അപി സവ്വേഷാം | മാത്രമല്ല, എല്ലാ |
| ഭൂതാനാം | പ്രാണികാംക്കും |
| നഃ | നമ്മുടെ |
| സുഹൃദാം അപി | സ്നേഹിതജനങ്ങാംക്കും |
| അയം ക്രതുരാട് | ഈ വിശിഷ്ടയജ്ഞം |
| ഈപ്സിതഃ | ഇഷ്ടപ്പെട്ടതാകുന്നു. |

വിജിത്യ നൃപതീൻ സവ്വാൻ കൃത്വാ ച ജഗതീം വശേ
സംഭൃത്യ സവ്വസംഭാരാനാഹരസ്വ മഹാക്രതും. 9

| | |
|---|---|
| സവ്വാൻ | എല്ലാ |
| നൃപതീൻ | രാജാക്കന്മാരേയും |
| വിജിത്യ | ജയിച്ച്, |
| ജഗതീം | ഭൂമിയെ |
| വശേ കൃത്വാ | കീഴടക്കി, |
| സവ്വസംഭാരാൻ | എല്ലാ സാമഗ്രികളേയും |
| സംഭൃത്യ ച | സംഭരിച്ചശേഷം |
| മഹാക്രതും | മഹായാഗത്തെ |
| ആഹരസ്വ | അനുഷ്ഠിച്ചുകൊാംക. |

ഏതേ തേ ഭ്രാതരോ രാജൻ ലോകപാലാംശസംഭവാഃ
ജിതോഽസ്മ്യാത്മവതാ തേഽഹം ദുർജ്ജയോ യോഽകൃതാത്മഭിഃ. 10

| | |
|---|---|
| രാജൻ തേ | രാജാവേ! അങ്ങയുടെ |
| ഏതേ ഭ്രാതരഃ | ഈ സഹോദരന്മാർ |
| ലോകപാലാം-ശസംഭവാഃ | ഇന്ദ്രാദി ലോകപാലന്മാരുടെ അംശത്താലുണ്ടായവരാണ്. |
| യഃ | യാതൊരുവൻ |
| അകൃതാത്മഭിഃ | അജിതേന്ദ്രിയന്മാരാൽ |
| ദുർജ്ജയഃ | അജയ്യനാകുന്നുവോ, |
| അഹം | ആ ഞാൻ |
| ആത്മവതാ | ജിതേന്ദ്രിയനായിരിക്കുന്ന |
| തേ | അങ്ങയാൽ |
| ജിതഃ അസ്മി | ജയിക്കപ്പെട്ടിരിക്കുന്നു. |

ന കശ്ചിന്മത്പരം ലോകേ തേജസാ യശസാ ശ്രിയാ
വിഭൂതിഭിർവ്വാഭിഭവേദ്ദേവോഽപി കിമു പാർത്ഥിവഃ. 11

| | |
|---|---|
| മത്പരം | എന്നെ ഉപാസിക്കുന്നവനെ |
| ലോകേ | ലോകത്തിൽ |
| കശ്ചിത് | ഏതെങ്കിലുമൊരു |
| ദേവഃ അപി | ദിവ്യൻപോലും |
| തേജസാ | പ്രഭാവംകൊണ്ടാകട്ടേ, |
| യശസാ | കീർത്തികൊണ്ടാകട്ടെ, |
| ശ്രിയാ | ശോഭകൊണ്ടാകട്ടേ, |
| വിഭൂതിഭിഃ വാ | സമൃദ്ധികാംകൊണ്ടാകട്ടെ |
| ന അഭിഭവേത് | തോല്പിക്കുവാൻ ശക്തനാകയില്ല. |
| പാർത്ഥിവഃ | ഭൂമിയിലുണ്ടായവൻ |
| കിമു | പിന്നെയുണ്ടോ? |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

നിശമ്യ ഭഗവദ്ഗീതം പ്രീതഃ ഫുല്ലമുഖാംബുജഃ
ഭ്രാതൄൻ ദിഗ്വിജയേഽയുങ്ക്ത വിഷ്ണുതേജോപബൃംഹിതാൻ. 12

| | |
|---|---|
| ഭഗവദ്ഗീതം | ശ്രീകൃഷ്ണഭഗവാനാൽ അരുളിച്ചെയ്യപ്പെട്ട വാക്കിനെ |
| നിശമ്യ | കേട്ട്, |
| പ്രീതഃ | സന്തുഷ്ടനും |
| ഫുല്ല-മുഖാംബുജഃ | വികസിതമായ മുഖകമലത്തോടുകൂടിയവനുമായി |
| | ഭവിച്ച ധർമ്മപുത്രർ |
| വിഷ്ണുതേജോ-പബൃംഹിതാൻ | വൈഷ്ണവതേജസ്സിനാൽ കരുത്തുകൂടിയ |
| ഭ്രാതൄൻ | സഹോദരന്മാരെ |
| ദിഗ്വിജയേ | ദിഗ്വിജയത്തിന്നായി |
| അയുങ്ക്ത | നിയോഗിച്ചു. |

സഹദേവം ദക്ഷിണസ്യാമാദിശത് സഹ സൃഞ്ജയൈഃ
ദിശി പ്രതീച്യാം നകുലമുദീച്യാം സവ്യസാചിനം
പ്രാച്യാം വൃകോദരം മത്സ്യൈഃ കേകയൈഃ സഹ മദ്രകൈഃ. 13

| | | | |
|---|---|---|---|
| സൃഞ്ജയൈഃ സഹ | സൃഞ്ജയന്മാരോടുകൂടി | കേകയൈഃ സഹ | കേകയരാജ്യക്കാരോടൊന്നിച്ച് |
| സഹദേവം | സഹദേവനെ | സവ്യസാചിനം | അർജ്ജുനനെ |
| ദക്ഷിണസ്യാം | തെക്കൻദിക്കിലേക്കും, | ഉദീച്യാം | വടക്കേദിക്കിലേക്കും, |
| മത്സ്യൈഃ | മത്സ്യരാജ്യക്കാരോടുകൂടി | മദ്രകൈഃ | മദ്രരാജ്യക്കാരോടൊപ്പം |
| നകുലം | നകുലനെ | വൃകോദരം | ഭീമസേനനെ |
| പ്രതീച്യാം | പടിഞ്ഞാറെ | പ്രാച്യാം | കിഴക്കേദിക്കിലേക്കും |
| ദിശി | ദിക്കിലേക്കും, | അദിശത് | കല്പിച്ചയച്ചു. |

തേ വിജിത്യ നൃപാൻ വീരാ ആജഹ്രുർദ്ദിഗ്ഭ്യ ഓജസാ
അജാതശത്രവേ ഭൂരി ദ്രവിണം നൃപ യക്ഷ്യതേ 14

| | | | |
|---|---|---|---|
| നൃപ | ഹേ പരീക്ഷിത്ത് രാജാവേ! | യക്ഷ്യതേ | യാഗദീക്ഷയ്ക്കാരംഭിക്കുന്ന |
| തേ വീരാഃ | ആ വീരന്മാർ | അജാതശത്രവേ | ധർമ്മപുത്രർക്ക് |
| ഓജസാ | ബലവീൎയ്യംകൊണ്ട് | ദിഗ്ഭ്യഃ | എല്ലാദിക്കിൽനിന്നും |
| നൃപാൻ | രാജാക്കന്മാരെ | ഭൂരി ദ്രവിണം | വളരെ ധനം |
| വിജിത്യ | വിജയിച്ച്, | ആജഹ്രുഃ | കൊണ്ടുവന്നുനല്കി. |

ശ്രുത്വാജിതം ജരാസന്ധം നൃപതേർദ്ധ്യായതോ ഹരിഃ
ആഹോപായം തമേവാദ്യ ഉദ്ധവോ യമുവാച ഹ. 15

| | | | |
|---|---|---|---|
| ജരാസന്ധം അജിതം ശ്രുത്വാ | ജരാസന്ധനെമാത്രം ജയിച്ചിട്ടില്ലെന്നുകേട്ട്, | ഉദ്ധവഃ | ഉദ്ധവർ |
| ധ്യായതഃ | അതിനുവേണ്ടതെന്തെന്നു ആലോചിച്ചുകൊണ്ടിരിക്കുന്ന | ഉവാച ഹ | ചൊല്ലിക്കൊടുത്തിരുന്നുവോ, |
| | | തം ഏവ | അതിനെത്തന്നെ |
| | | ആദ്യഃ | ആദിപുരുഷനായ |
| നൃപതേഃ | യുധിഷ്ഠിരന്നായി | ഹരിഃ | ശ്രീഹരി |
| (യം) ഉപായം | യാതൊരു ഉപായത്തെ | ആഹ | ഉപദേശിച്ചു. |

ഭീമസേനോഽർജ്ജുനഃ കൃഷ്ണോ ബ്രഹ്മലിംഗധരാസ്ത്രയഃ
ജഗ്മുർഗ്ഗിരിവ്രജം താത ബൃഹദ്രഥസുതോ യതഃ. 16

| | | | |
|---|---|---|---|
| താത | വത്സ! | യതഃ | യാതൊരു ദിക്കിലാണോ |
| ഭീമസേനഃ | ഭീമസേനൻ, | ബൃഹദ്രഥസുതഃ | ജരാസന്ധൻ വസിക്കുന്നത് |
| അർജ്ജുനഃ | അർജ്ജുനൻ, | | |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | ഗിരിവ്രജം | ആ ഗിരിവ്രജമെന്ന സ്ഥലത്തേക്ക് |
| ത്രയഃ | എന്നീ മൂന്നുപേർ | | |
| ബ്രഹ്മലിംഗധരാഃ | ബ്രാഹ്മണവേഷത്തെ ധരിച്ചുകൊണ്ട് | ജഗ്മുഃ | പോയി. |

തേ ഗത്വാऽऽതിഥ്യവേലായാം ഗൃഹേഷു ഗൃഹമേധിനം
ബ്രഹ്മണ്യം സമയാചേരൻ രാജന്യാ ബ്രഹ്മലിംഗിനഃ. 17

| | | | |
|---|---|---|---|
| ബ്രഹ്മലിംഗിനഃ | ബ്രാഹ്മണവേഷധാരികളായ | ഗൃഹമേധിനം | ഗൃഹസ്ഥോചിതധർമ്മങ്ങളെ ചെയ്തുകൊണ്ടു് അവിടെ ഉണ്ടായിരുന്ന |
| തേ രാജന്യാഃ | ആ ക്ഷത്രിയന്മാർ | ബ്രഹ്മണ്യം | ബ്രാഹ്മണഭക്തനായ ജരാസന്ധനോടു് |
| ആതിഥ്യവേലായാം | അതിഥിസൽക്കാരസമയത്തു് | സമയാചേരൻ | വേണ്ടുംവിധം യാചിച്ചു. |
| ഗൃഹേഷു | ഗൃഹത്തിൽ | | |
| ഗത്വാ | ചെന്നു് | | |

രാജൻ വിദ്ധ്യതിഥീൻ പ്രാപ്താനർത്ഥിനോ ദൂരമാഗതാൻ
തന്നഃ പ്രയച്ഛ ഭദ്രം തേ യദ്വയം കാമയാമഹേ. 18

| | | | |
|---|---|---|---|
| രാജൻ | "മഹാരാജാവേ ! | വിദ്ധി | അറിഞ്ഞുകൊണ്ടാലും |
| ദൂരം | ദൂരദിക്കിലേക്കു് | വയം യത് | ഞങ്ങൾ യാതൊന്നു് |
| ആഗതാൻ | വന്നിരിക്കുന്ന | കാമയാമഹേ | ആഗ്രഹിക്കുന്നുവോ, |
| അർത്ഥിനഃ | യാചകന്മാരായ ഞങ്ങളെ | തത് നഃ | അതിനെ ഞങ്ങൾക്കു് |
| പ്രാപ്താൻ | എത്തിച്ചേർന്ന | പ്രയച്ഛ | തന്നരുളിയാലും. |
| അതിഥീൻ | അതിഥികളായിട്ടു് | തേ ഭദ്രം | അങ്ങേയ്ക്കു് നന്മവരട്ടെ ! |

കിം ദുർമ്മർഷം തിതിക്ഷൂണാം കിമകാര്യമസാധുഭിഃ
കിം ന ദേയം വദാന്യാനാം കഃ പരഃ സമദർശിനാം. 19

| | | | |
|---|---|---|---|
| തിതിക്ഷൂണാം | "സഹനശീലമുള്ളവർക്കു് | വദാന്യാനാം | ദാനശീലന്മാർക്കു് |
| ദുർമ്മർഷം | സഹിപ്പാനാവാത്തതു് | ന ദേയം | ദാനം ചെയ്യാൻ സാദ്ധ്യമല്ലാത്തതു് |
| കിം | എന്തുണ്ടു് ? | കിം | എന്തൊന്നാണു് ? |
| അസാധുഭിഃ | അസത്തുക്കളാൽ | സമദർശിനാം | സമഭാവനയുള്ളവർക്കു് |
| അകാര്യം | പ്രവർത്തിക്കപ്പെടുവാനരുതാത്തതും | പരഃ | അന്യനായിട്ടു് |
| കിം | എന്തുണ്ടു് ? | കഃ | ആരുണ്ടു് ? |

യോऽനിത്യേന ശരീരേണ സതാം ഗേയം യശോ ധ്രുവം
നാചിനോതി സ്വയം കല്പഃ സ വാച്യഃ ശോച്യ ഏവ സഃ. 20

| | | | |
|---|---|---|---|
| യഃ | "യാതൊരുവൻ | ഗേയം | ഗാനയോഗ്യവുമായ |
| സ്വയം കല്പഃ | സ്വയം കഴിവുള്ളവനായിട്ടുകൂടി | യശഃ | കീർത്തിയെ |
| അനിത്യേന | ശാശ്വതമല്ലാത്ത | ന ആചിനോതി | സമ്പാദിക്കുന്നില്ലയോ, |
| ശരീരേണ | ശരീരംകൊണ്ടു് | സഃ വാച്യഃ | അവൻ നിന്ദ്യനാകുന്നു ; |
| ധ്രുവം | ശാശ്വതവും, | സഃ ഏവ | അവൻ തന്നെയാണു് |
| സതാം | സജ്ജനങ്ങൾക്കു് | ശോച്യഃ | ശോചനീയനായുള്ളതും. |

ഹരിശ്ചന്ദ്രോ രന്തിദേവ ഉഞ്ഛവൃത്തിഃ ശിബിർബ്ബലിഃ
വ്യാധഃ കപോതോ ബഹവോ ഹ്യധ്രുവേണ ധ്രുവം ഗതാഃ. 21

| | | | |
|---|---|---|---|
| ഹരിശ്ചന്ദ്രഃ | “ഹരിശ്ചന്ദ്രൻ, | വ്യാധഃ | ഒരു വേടൻ |
| രന്തിദേവഃ | രന്തിദേവൻ, | ബഹവഃ | ഇങ്ങനെ പലരും |
| ഉഞ്ഛവൃത്തിഃ | മുദ്ഗലൻ, | അധ്രുവേണ | ശാശ്വതമല്ലാത്ത ശരീരംകൊണ്ട് |
| ശിബിഃ | ശിബിചക്രവർത്തി, | | |
| ബലിഃ | മഹാബലി, | ധ്രുവം | ശാശ്വതമായ ലോകത്തെ |
| കപോതഃ | ഒരു മാടപ്രാവ്, | ഗതാഃ ഹി | പ്രാപിച്ചവരാണല്ലോ.” |

നോട്ട്:— അതിഥികൾക്കുവേണ്ടി ആത്മത്യാഗം ചെയ്ത് ശാശ്വതലോകം സമ്പാദിച്ചവരാണ് ഇവരൊക്കെയും. വിശ്വാമിത്രന്നു താൻ കൊടുക്കാമെന്നേററ ധനം കൊടുത്തുതീർക്കുവാനായി ഹരിശ്ചന്ദ്രൻ പത്നിയേയും പുത്രനേയും വിററ് ചണ്ഡാലദാസ്യം വഹിച്ചു. രന്തിദേവനും കുടുംബവും നാല്പത്തെട്ടുനാൾ അന്നപാനങ്ങളില്ലാതെ കഴിഞ്ഞശേഷം ഏതോ പ്രകാരത്തിൽ കിട്ടിയ സ്വല്പമായ ആഹാരം മുഴുവനും അതിഥികൾക്കു കൊടുത്തു. ആറുമാസത്തോളം കുടുംബസഹിതം പട്ടിണികിടന്ന മുദ്ഗലമുനി താൻ പെറുക്കിയെടുത്തു സമ്പാദിച്ചുവെച്ച ധാന്യം യാചിച്ചുവന്നവർക്ക് കൊടുത്തു സംതൃപ്തനായി. സ്വശരീരത്തിലുള്ള മാംസമൊക്കെയും പരുന്തിന്നുകൊടുത്ത് അതിന്റെ ഇരയായ ഒരു പ്രാവിനെ ശിബിചക്രവർത്തി രക്ഷിച്ചു. വാമനന്ന് മൂന്നടിനിലം നൽകാമെന്നേററ മഹാബലി മൂന്നുലോകം പരിത്യജിച്ചിട്ടും വാഗ്ദാനം നിറവേററി. താനിരിക്കുന്ന മരത്തിന്റെ ചുവട്ടിൽ വിശന്നുതളർന്ന് വന്നുനിന്ന ഒരു വേടന്ന് ആഹാരമായിട്ട് പിടയോടുകൂടി തീയ്യിൽ ചാടിയ കപോതത്തിന്റെയും, ആ കപോതദമ്പതികളുടെ ഉദാരമായ ആത്മത്യാഗത്തിന്റെ മഹിമയോർത്ത് വിരക്തനായി ഭവിച്ചശേഷം വനാഗ്നിക്കിരയായിത്തീർന്ന് സ്വർഗ്ഗതി നേടിയ വ്യാധന്റെയും കഥകൾ മഹാഭാരതപ്രസിദ്ധമാകുന്നു. ഹരിശ്ചന്ദ്രാദിമഹാപുരുഷന്മാർ മാത്രമല്ല. സംസ്കാരശൂന്യനായ വ്യാധനും, വിശേഷബുദ്ധിയില്ലാത്ത കപോതം കൂടിയും സ്വീകരിച്ച ധർമ്മമാർഗ്ഗത്തെ ബ്രാഹ്മണഭക്തനും ഉദാരനും മഹാരാജാവുമായ ജരാസന്ധൻ ത്യജിക്കരുതെന്നും, അതിഥികളും ബ്രാഹ്മണരുമായ തങ്ങളുടെ അഭീഷ്ടം നിറവേററിത്തരണമെന്നും പരോക്ഷമായി ഇവിടെ സൂചിപ്പിച്ചു.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

സ്വരൈരാകൃതിഭിസ്താംസ്തു പ്രകോഷ്ഠൈർജ്ജ്യാഹതൈരപി
രാജന്യബന്ധൂൻ വിജ്ഞായ ദൃഷ്ടപൂർവ്വാനചിന്തയത്. 22

| | | | |
|---|---|---|---|
| ദൃഷ്ടപൂർവ്വാൻ | തന്നാൽ മുമ്പു കാണപ്പെട്ടിട്ടുള്ള | പ്രകോഷ്ഠൈഃ അപി | മണിക്കണ്ടങ്ങൾ കൊണ്ടും |
| താൻ തു | അവരെയാകട്ടെ | രാജന്യബന്ധൂൻ | ക്ഷത്രിയവർഗ്ഗത്തിൽപ്പെട്ടവരാണെന്ന് |
| സ്വരൈഃ | സ്വരങ്ങളാലും, | | |
| ആകൃതിഭിഃ | ആകൃതികളാലും, | വിജ്ഞായ | തിരിച്ചറിഞ്ഞശേഷം |
| ജ്യാഹതൈഃ | ഞാണിന്റെ അടിയേററു തഴമ്പുവീണ | അചിന്തയത് | (ജരാസന്ധൻ) ചിന്തിച്ചു. |

രാജന്യബന്ധവോ ഹ്യേതേ ബ്രഹ്മലിംഗാനി ബിഭ്രതി
ദദാമി ഭിക്ഷിതം തേഭ്യ ആത്മാനമപി ദുസ്ത്യജം. 23

| | | | |
|---|---|---|---|
| ഏതേ | ' ഇവര | ഭിക്ഷിതം | അവരാൽ |
| രാജന്യ- | ക്ഷത്രിയവൎഗ്ഗത്തിൽ | | യാചിക്കപ്പെട്ടതു് |
| ബന്ധവഃ | പെട്ടവരെന്നിരിക്കിലും | ദുസ്ത്യജം | ത്യജിക്കരുതാത്ത |
| ബ്രഹ്മലിംഗാനി | ബ്രാഹ്മണചിഹ്നങ്ങളെ | ആത്മാനം | ആത്മാവിനെയാണെ |
| ബിഭ്രതി ഹി | ധരിക്കുന്നുണ്ടല്ലോ. | അപി | ങ്കിലുംകൂടി |
| തേഭ്യഃ | (അതിനാൽ,) അവൎക്കു് | ദദാമി | ഞാൻ ദാനം ചെയ്യുന്നുണ്ടു് |

ബലേൎ ശ്രൂയതേ കീൎത്തിൎവ്വിതതാ ദിക്ഷ്വകല്മഷാ
ഐശ്വൎയ്യാദ്ഭ്രംശിതസ്യാപി വിപ്രവ്യാജേന വിഷ്ണുനാ. 24
ശ്രിയം ജിഹീൎഷതേന്ദ്രസ്യ വിഷ്ണവേ ദ്വിജരൂപിണേ
ജാനന്നപി മഹീം പ്രാദാദ്വാൎയ്യമാണോഽപി ദൈത്യരാട്. 25

| | | | |
|---|---|---|---|
| ഇന്ദ്രസ്യ | " ഇന്ദ്രനുവേണ്ടി | വിതതാ | വ്യാപിച്ചുള്ളമായ |
| ശ്രിയം | ഐശ്വൎയ്യത്തെ | കീൎത്തിഃ | കീൎത്തി |
| ജിഹീൎഷതാ | കൈവശപ്പെടുത്തുവാൻ | ശ്രൂയതേ നു | ഇന്നും കേൾക്കപ്പെടുന്നു |
| | ആഗ്രഹിച്ചുകൊണ്ടിരുന്ന | | ണ്ടല്ലോ. |
| വിഷ്ണുനാ | വിഷ്ണുവിനാൽ | വാൎയ്യമാണഃ | ശുക്രമഹൎഷിയാൽ തടുക്ക |
| വിപ്രവ്യാജേന | ബ്രാഹ്മണനെന്ന വ്യാജം | അപി | പ്പെട്ടിരുന്നിട്ടുകൂടിയും,— |
| | കൊണ്ടു് | ജാനൻ അപി | വാസ്തവം അറിഞ്ഞിരു |
| ഐശ്വൎയ്യാത് | ഐശ്വൎയ്യത്തിൽനിന്നു് | | ന്നിട്ടുകൂടിയും |
| ഭ്രംശിതസ്യ | ഭ്രംശിപ്പിക്കപ്പെട്ടവനാ | ദൈത്യരാട് | ആ അസുരചക്രവൎത്തി |
| അപി | യെന്നുവരികിലും | ദ്വിജരൂപിണേ | ബ്രാഹ്മണവേഷംപൂണ്ട |
| ബലേഃ | മഹാബലിയുടെ | വിഷ്ണവേ | മഹാവിഷ്ണുവിന്നു് |
| അകല്മഷാ | പരിശുദ്ധവും | മഹീം | ഭൂമിയെ |
| ദിക്ഷു | ദിക്കുകളിൽ | പ്രാദാത് | ദാനംചെയ്തു. |

ജീവതാ ബ്രാഹ്മണാൎത്ഥായ കോ ന്വൎത്ഥഃ ക്ഷത്രബന്ധുനാ
ദേഹേന പതമാനേന നേഹതാ വിപുലം യശഃ 26

| | | | |
|---|---|---|---|
| പതമാനേന | " നശിച്ചുപോകുന്ന | യശഃ | കീൎത്തിയെ |
| ദേഹേന | ദേഹംകൊണ്ടു് | നേഹതാ | നേടാതിരിക്കുന്ന |
| ബ്രാഹ്മണാൎത്ഥായ | ബ്രാഹ്മണരുടെ ആവ | ക്ഷത്രബന്ധുനാ | ക്ഷത്രിയനാൽ |
| | ശ്യത്തിന്നുവേണ്ടി | ജീവതാ | ജീവിച്ചിരുന്നിട്ടു് |
| വിപുലം | വിസ്തൃതമായ | കഃ അൎത്ഥഃ നു | എന്തു പ്രയോജനം ? " |

ഇത്യുദാരമതിഃ പ്രാഹ കൃഷ്ണാൎജ്ജുനവൃകോദരാൻ
ഹേ വിപ്രാ വ്രിയതാം കാമോ ദദാമ്യാത്മശിരോഽപി വഃ. 27

| | | | |
|---|---|---|---|
| ഇതി | ഈവിധം | കൃഷ്ണാൎജ്ജുന- | ശ്രീകൃഷ്ണനോടും, അൎജ്ജു |
| ഉദാരമതിഃ | ഉദാരബുദ്ധിയോടുകൂടി | വൃകോദരാൻ | നനോടും, ഭീമസേന |
| | യവനായ ജരാസന്ധൻ | | നോടും |

| | |
|---|---|
| പ്രാഹ | പറഞ്ഞു— |
| ഹേ വിപ്രാഃ | "അല്ലയോ ബ്രാഹ്മണരേ! |
| കാമഃ | ആഗ്രഹമുള്ള കാര്യം |
| വ്രിയതാം | ആവശ്യപ്പെടാവുന്നതാണ്. |
| ആത്മശിരഃ അപി | സ്വന്തം ശിരസ്സുകൂടിയും (വേണമെങ്കിൽ) |
| വഃ | നിങ്ങൾക്ക് |
| ദദാമി | ഞാൻ തന്നുകൊള്ളാം." |

ശ്രീഭഗവാനുവാച=ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

യുദ്ധം നോ ദേഹി രാജേന്ദ്ര ദ്വന്ദ്വശോ യദി മന്യസേ
യുദ്ധാർത്ഥിനോ വയം പ്രാപ്താ രാജന്യാ നാന്നകാങ്ക്ഷിണഃ. 28

| | |
|---|---|
| രാജേന്ദ്ര | മഹാരാജാവേ! |
| മന്യസേ യദി | (ഇഷ്ടമുള്ളതു തരുവാൻ) അങ്ങു വിചാരിക്കുന്നുവെങ്കിൽ |
| നഃ | ഞങ്ങൾക്ക് |
| ദ്വന്ദ്വശഃ | ദ്വന്ദ്വമുറയ്ക്കുള്ളതായ |
| യുദ്ധം ദേഹി | യുദ്ധം തരിക. |
| വയം | ഞങ്ങൾ |
| യുദ്ധാർത്ഥിനഃ | യുദ്ധം ആഗ്രഹിച്ചുകൊണ്ട് |
| പ്രാപ്താഃ | ഇവിടെ വന്നെത്തിയ |
| രാജന്യാഃ | ക്ഷത്രിയന്മാരാണ്. |
| അന്നകാംക്ഷിണഃ | ഭക്ഷണം ആശിച്ചുവന്ന (ബ്രാഹ്മണന്മാർ |
| ന | അല്ല. |

അസൌ വൃകോദരഃ പാർത്ഥസ്തസ്യ ഭ്രാതാർജ്ജുനോ ഹ്യയം
അനയോർമ്മാതുലേയം മാം കൃഷ്ണം ജാനീഹി തേ രിപും. 29

| | |
|---|---|
| അസൌ | ഇദ്ദേഹം |
| പാർത്ഥഃ | കുന്തിയുടെ പുത്രനായ |
| വൃകോദരഃ | ഭീമസേനനാകുന്നു. |
| അയം ഹി | ഇദ്ദേഹമാകട്ടെ |
| തസ്യ | ആ ഭീമസേനന്റെ |
| ഭ്രാതാ | അനുജനായ |
| അർജ്ജുനഃ | അർജ്ജുനനുമാണ്. |
| അനയോഃ | ഇവർ രണ്ടുപേരുടേയും |
| മാതുലേയം | അമ്മാമന്റെ മകനും, |
| തേ രിപും | അങ്ങയുടെ ശത്രുവുമായ |
| കൃഷ്ണം | കൃഷ്ണനെന്ന് |
| മാം ജാനീഹി | എന്നേയും അറിഞ്ഞുകൊൾക. |

ഏവമാവേദിതോ രാജാ ജഹാസോച്ചൈഃ സ്മ മാഗധഃ
ആഹ ചാമർഷിതോ മന്ദാ യുദ്ധം തർഹി ദദാമി വഃ. 30

| | |
|---|---|
| ഏവം | ഇപ്രകാരം |
| ആവേദിതഃ | അറിയിക്കപ്പെട്ട |
| മാഗധഃ രാജാ | ജരാസന്ധൻ |
| ഉച്ചൈഃ | ഉറക്കെ |
| ജഹാസ | ചിരിച്ചു. |
| അമർഷിതഃ | അമർഷത്തോടുകൂടിയവനായി ഭവിച്ച് |
| ആഹ സ്മ ച | പറകയും ചെയ്തു— |
| മന്ദാഃ | "മൂഢന്മാരേ! |
| തർഹി | അങ്ങനെയാണെങ്കിൽ |
| വഃ യുദ്ധം | നിങ്ങൾക്ക് യുദ്ധത്തെ |
| ദദാമി | തരുന്നുണ്ട്. |

ന ത്വയാ ഭീരുണാ യോത്സ്യേ യുധി വിക്ലബചേതസാ
മഥുരാം സ്വപുരീം ത്യക്ത്വാ സമുദ്രം ശരണം ഗതഃ. 31

| | |
|---|---|
| ഭീരുണാ | "പേടിച്ചോടുന്നവനും |
| യുധി | യുദ്ധത്തിൽ |
| വിക്ലബചേതസാ | മനസ്സുലയുന്നവനുമായ |
| ത്വയാ | നിന്നോടുകൂടി |
| ന യോത്സ്യേ | ഞാൻ യുദ്ധംചെയ്യുകയില്ല. |
| സ്വപുരീം | സ്വനഗരമായ |

| | | | |
|---|---|---|---|
| മഥുരാം | മഥുരയെ | സമുദ്രം | (നീ) സമുദ്രമദ്ധ്യത്തെ |
| ത്യക്ത്വാ | ഉപേക്ഷിച്ച് | ശരണം ഗതഃ | ശരണം പ്രാപിച്ചവനാണ്. |

അയം തു വയസാऽതുല്യോ നാതിസത്ത്വോ ന മേ സമഃ
അർജ്ജുനോ ന ഭവേത് യോദ്ധാ ഭീമസ്തുല്യബലോ മമ. 32

| | | | |
|---|---|---|---|
| അയം | "ഈ | മേ ന സമഃ | ഒന്നുകൊണ്ടും എനിക്ക് തുല്യനാകുന്നില്ല |
| അർജ്ജുനഃ തു | അർജ്ജുനനാകട്ടെ | യോദ്ധാ | (അതിനാൽ) യോദ്ധാവായി |
| വയസാ | വയസ്സുകൊണ്ട് | ന ഭവേത് | ഭവിക്കരുത്. |
| അതുല്യഃ | സമത്വമുള്ളവനല്ല; | ഭീമഃ | ഭീമസേനൻ |
| അതിസത്ത്വഃ | അധികം കരുത്തുള്ളവനും | മമ | എനിക്ക് |
| ന | അല്ല. | തുല്യബലഃ | ഒത്തബലമുള്ളവനാണ്" |

ഇത്യുക്ത്വാ ഭീമസേനായ പ്രദായ മഹതീം ഗദാം
ദ്വിതീയാം സ്വയമാദായ നിർജ്ജഗാമ പുരാദ്ബഹിഃ. 33

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | സ്വയം | താനും |
| ഉക്ത്വാ | പറഞ്ഞശേഷം | ദ്വിതീയാം | രണ്ടാമത്തൊന്നിനെ |
| മഹതീം | കനത്തതായ | ആദായ | കൈയിലെടുത്ത് |
| ഗദാം | ഒരു ഗദയെ | പുരാത് | രാജധാനിയിൽനിന്ന് |
| ഭീമസേനായ | ഭീമസേനന്ന് | ബഹിഃ | പുറത്തേക്ക് |
| പ്രദായ | എടുത്തുകൊടുത്ത്, | നിർജ്ജഗാമ | ഇറങ്ങിവന്നു. |

തതഃ സമേ ഖലേ വീരൌ സംയുക്താവിതരേതരൌ
ജഘ്നതുർവ്വജ്രകല്പാഭ്യാം ഗദാഭ്യാം രണദുർമ്മദൌ. 34

| | | | |
|---|---|---|---|
| തതഃ | അനന്തരം | സംയുക്തൌ | ചേർന്നുനിന്നുകൊണ്ട് |
| സമേ | നിരപ്പുള്ള | വജ്രകല്പാഭ്യാം | വജ്രതുല്യങ്ങളായ |
| ഖലേ | മൈതാനത്തിൽ | ഗദാഭ്യാം | ഗദകളെക്കൊണ്ട് |
| രണദുർമ്മദൌ | പോർക്കലി കയറിയ | ഇതരേതരൌ | തമ്മിൽത്തമ്മിൽ |
| വീരൌ | ആ വീരന്മാരിരുവരും | ജഘ്നതുഃ | പ്രഹരംതുടങ്ങി. |

മണ്ഡലാനി വിചിത്രാണി സവ്യം ദക്ഷിണമേവ ച
ചരതോഃ ശുശുഭേ യുദ്ധം നടയോരിവ രംഗിണോഃ. 35

| | | | |
|---|---|---|---|
| സവ്യം | ഇടവും | യുദ്ധം | പോരാട്ടം |
| ദക്ഷിണം | വലവും | രംഗിണോഃ | അരങ്ങേറിയ |
| ഏവ ച | ഒരുപോലെത്തന്നെ | നടയോഃ | രണ്ടു നടന്മാരുടെ |
| വിചിത്രാണി | പലതരത്തിലുള്ള | ഇവ | മാതിരിയ്ക്ക് |
| മണ്ഡലാനി } | വട്ടം ചവിട്ടിത്തിരിഞ്ഞു | ശുശുഭേ | ശംഗിയിൽ നടന്നു. |
| ചരതോഃ } | കൊണ്ടുള്ള അവരുടെ | | |

തതശ്ചടചടാശബ്ദോ വജ്രനിഷ്പേഷസന്നിഭഃ
ഗദയോഃ ക്ഷിപ്തയോ രാജൻ ദന്തയോരിവ ദന്തിനോഃ. 36

രാജൻ — രാജാവേ!
തതഃ — അനന്തരത്തു്
ക്ഷിപ്തയോഃ — തട്ടിമുട്ടുന്ന
ഗദയോഃ — ഗദകളുടെ
ചടചടാശബ്ദഃ — 'ചടചട' എന്ന ശബ്ദം
ദന്തിനോഃ — (അന്യോന്യം പിണങ്ങിയ) രണ്ടു് കൊമ്പനാനകളുടെ
ദന്തയോഃ — കൊമ്പുകളുടെ (ശബ്ദം)
ഇവ — എന്നപോലെയായിരുന്നു
വജ്രനിഷ്പേഷ- സന്നിഭഃ — ഇടിവീഴ്ചയുടെ ശബ്ദം പോലെയും ആയിരുന്നു.

തേ വൈ ഗദേ ഭുജജവേന നിപാത്യമാനേ
അന്യോന്യതോംƽസകടിപാദകരോരുജത്രൂൻ
ചൂർണ്ണീബഭൂവതുരുപേത്യ യഥാർക്കശാഖേ
സംയുധ്യതോർദ്വിരദയോരിവ ദീപ്തമന്യ്വോഃ 37

ദീപ്തമന്യ്വോഃ — മുഴുത്ത കോപത്തോടു കൂടിയവരായി
സംയുധ്യതോഃ — അന്യോന്യം കലഹിക്കുന്ന
ദ്വിരദയോഃ — രണ്ടു് ആനകളുടെ (കൈയിലുള്ള)
അർക്കശാഖേ — എരുക്കിൻ കൊമ്പുകൾ
യഥാ — ഏതുവിധം നുറുങ്ങിപ്പോകുന്നുവോ,
ഇവ — അതുപോലെ
അന്യോന്യതഃ — തമ്മിൽത്തമ്മിൽ
ഭുജജവേന — കൈവേഗത്തോടെ
നിപാത്യമാനേ — വീഴ്ത്തപ്പെടുന്ന
തേ ഗദേ വൈ — ആ രണ്ടു ഗദകളും
അംസകടി- പാദകരോ- രുജത്രൂൻ — തോൾ, അരക്കെട്ടു്, കാൽ, കൈ, തുട, പൂണെല്ലു് എന്നീ അവയവങ്ങളിലേക്കു്
ഉപേത്യ — ഏററിട്ടു്
ചൂർണ്ണീബഭൂവതുഃ — നുറുങ്ങിപ്പോയി.

ഇത്ഥം തയോഃ പ്രഹതയോർഗ്ഗദയോർന്നൃവീരൗ
ക്രുദ്ധൗ സ്വമുഷ്ടിഭിരയഃസ്പരശൈരപിംഷ്ടാം
ശബ്ദസ്തയോഃ പ്രഹരതോരിഭയോരിവാസീ-
ന്നിർഘാതവജ്രപരുഷസ്തലതാഡനോത്ഥഃ. 38

ഇത്ഥം — ഈ വിധത്തിൽ
തയോഃ ഗദയോഃ — ആ ഗദകൾ രണ്ടും
പ്രഹതയോഃ — പൊടിഞ്ഞുപോയപ്പോൾ
ക്രുദ്ധൗ — ക്രുദ്ധന്മാരായ
നൃവീരൗ — ആ വീരപുരുഷന്മാർ
അയഃസ്പരശൈഃ — ഉരുക്കുപോലുള്ള
സ്വമുഷ്ടിഭിഃ — സ്വമുഷ്ടികൾകൊണ്ടു്
അപിംഷ്ടാം — ഇടിതുടങ്ങി.
ഇഭയോഃ ഇവ — രണ്ടാനകളെപ്പോലെ
പ്രഹരതോഃ — അന്യോന്യം പൊരുതുന്ന
തയോഃ — അവരുടെ
തല- താഡനോത്ഥഃ — കൈത്തലംകൊണ്ടുള്ള അടിയിൽനിന്നുയർന്ന
ശബ്ദഃ — ഒച്ച
നിർഘാത- വജ്രപരുഷഃ — മുഴക്കമുള്ള ഇടിനാദം പോലെ കഠോരമായുള്ളതായി
ആസീത് — ഭവിച്ചു.

തയോരേവം പ്രഹരതോഃ സമശിക്ഷാബലൗജസോഃ
നിർവ്വിശേഷമഭൂത് യുദ്ധമക്ഷീണജവയോർന്നൃപ. 39

നൃപ — രാജാവേ!
സമശിക്ഷാ- ബലൗജസോഃ — അഭ്യാസം, ദേഹശക്തി, പരാക്രമം എന്നിവയിൽ സമത്വമുള്ളവരും,
അക്ഷീണ- ജവയോഃ — ഊക്കൊതുങ്ങിയിട്ടില്ലാത്തവരും,
ഏവം — ഇപ്രകാരം,
പ്രഹരതോഃ — പ്രഹരിക്കുന്നവരുമായ

| | | | |
|---|---|---|---|
| തയോഃ | ആ ഭീമജരാസന്ധന്മാരുടെ | നിർവ്വിശേഷം അഭൂത് | അന്യോന്യം വ്യത്യാസമില്ലാത്തതായി ഭവിച്ചു. |
| യുദ്ധം | പോരാട്ടം | | |

ഏവം തയോർമ്മഹാരാജ യുദ്ധ്യതോഃ സപ്തവിംശതിഃ
ദിനാനി നിരഗംസ്തത്ര സുഹൃദ്വന്നിശി തിഷ്ഠതോഃ. 40

| | | | |
|---|---|---|---|
| മഹാരാജ | മഹാരാജാവേ ! | തിഷ്ഠതോഃ | സ്ഥിതിചെയ്യുന്നവരും ആയ |
| ഏവം | ഇപ്രകാരം | തയോഃ | അവക്ക് |
| യുദ്ധ്യതോഃ | യുദ്ധം ചെയ്യുന്നവരും, | സപ്തവിംശതിഃ | ഇരുപത്തേഴ |
| നിശി | രാത്രിനേരത്ത് | ദിനാനി | ദിവസങ്ങൾ |
| സുഹൃദ്വത് | സ്നേഹിതന്മാരെപ്പോലെ | നിരഗൻ | കഴിഞ്ഞുപോയി. |
| തത്ര | അവിടെ | | |

ഏകദാ മാതുലേയം വൈ പ്രാഹ രാജൻ വൃകോദരഃ
ന ശക്തോഽഹം ജരാസന്ധം നിർജ്ജേതും യുധി മാധവ. 41

| | | | |
|---|---|---|---|
| രാജൻ | രാജാവേ ! | മാധവ | " അല്ലയോ ശ്രീമാധവ ! |
| ഏകദാ വൈ | ഒരിക്കൽ | യുധി | യുദ്ധത്തിൽ |
| വൃകോദരഃ | ഭീമസേനൻ | ജരാസന്ധം | ജരാസന്ധനെ |
| മാതുലേയം | സ്വമാതുലപുത്രനായ ശ്രീകൃഷ്ണനോട് | നിർജ്ജേതും | വിജയിക്കുവാൻ |
| | | അഹം | ഞാൻ |
| പ്രാഹ | പറഞ്ഞു. | ന ശക്തഃ | ശക്തനാകുന്നില്ല. |

നോട്ട് :— ഈ രണ്ടു പദ്യങ്ങൾ (40-ം, 41-ം) പ്രക്ഷിപ്തങ്ങളായി തോന്നുന്നുവെന്നു തോഷണി.

ശത്രോർജ്ജന്മമൃതീ വിദ്വാൻ ജീവിതം ച ജരാകൃതം
പാർത്ഥമാപ്യായയൻ സ്വേന തേജസാചിന്തയദ്ധരിഃ. 42

| | | | |
|---|---|---|---|
| ശത്രോഃ | എതിരാളിയുടെ | സ്വേന | തന്റേതായ |
| ജന്മമൃതീ | (രണ്ടു പിളർപ്പായുള്ള) ജനനമരണങ്ങളെക്കുറിച്ചും, | തേജസാ | തേജസ്സിനാൽ |
| | | പാർത്ഥം | ഭീമസേനനെ |
| ജരാകൃതം | ജരയെന്ന രാക്ഷസിയാൽ സന്ധിപ്പിച്ചുണ്ടാക്കപ്പെട്ട | ആപ്യായയൻ | അധികം ശക്തനാക്കിക്കൊണ്ടു് |
| ജീവിതം ച | ജീവിതത്തെക്കുറിച്ചും | അചിന്തയത് | ചിന്തിച്ചു. (ജരാസന്ധനെ കൊല്ലുവാനുള്ള ഉപായം എങ്ങനെയാണു് ഭീമനെ അറിയിക്കേണ്ടതെന്നു് ആലോചിച്ചുനോക്കി.) |
| വിദ്വാൻ | അറിവുള്ള | | |
| ഹരിഃ | ശ്രീകൃഷ്ണഭഗവാൻ | | |

സഞ്ചിന്ത്യാരിവധോപായം ഭീമസ്യാമോഘദർശനഃ
ദർശയാമാസ വിടപം പാടയന്നിവ സംജ്ഞയാ. 43

| | | | |
|---|---|---|---|
| അമോഘദർശനഃ | നിഷ്ഫലമാകാത്ത ദർശനത്തോടുകൂടിയ ഭഗവാൻ | | കൊമ്പിനെ |
| സഞ്ചിന്ത്യ | ആലോചിച്ചറിഞ്ഞു്, | പാടയൻ ഇവ | രണ്ടായി പിളർന്നിടുകയാണെന്നുള്ള വ്യാജേന |
| വിടപം | ഒരു ചെടിയുടെ ചില്ല | സംജ്ഞയാ | സങ്കേതംകൊണ്ടു് |

| | | | |
|---|---|---|---|
| അരിവധോപായം | ശത്രുവിനെ കൊല്ലുവാനുള്ള ഉപായത്തെ | ഭീമന്നു | ഭീമസേനന്ന് |
| | | ദർശയാമാസ | കാട്ടിക്കൊടുത്തു. |

തദ്വിജ്ഞായ മഹാസത്വോ ഭീമഃ പ്രഹരതാം വരഃ
ഗൃഹീത്വാ പാദയോഃ ശത്രും പാതയാമാസ ഭൂതലേ. 44

| | | | |
|---|---|---|---|
| മഹാസത്വഃ | അതിബലവാനും | വിജ്ഞായ | മനസ്സിലാക്കി, |
| പ്രഹരതാം | പോരാളികളുടെ ഇടയിൽ | ശത്രും | ശത്രുവിനെ |
| വരഃ | ശ്രേഷ്ഠനുമായ | പാദയോഃ | കാലുകളിൽ |
| ഭീമഃ | ഭീമസേനൻ | ഗൃഹീത്വാ | പിടിച്ച് |
| തത് | ആ സൂചനയെ | ഭൂതലേ | നിലത്ത് |
| | | പാതയാമാസ | മറിച്ചിട്ടു. |

ഏകം പാദം പദാഽഽക്രമ്യ ദോർഭ്യാമന്യം പ്രഗൃഹ്യ സഃ
ഗുദതഃ പാടയാമാസ ശാഖാമിവ മഹാഗജഃ. 45

| | | | |
|---|---|---|---|
| സഃ | ആ ഭീമൻ | പ്രഗൃഹ്യ | അമർത്തിപ്പിടിച്ച്, |
| പദാ | തന്റെ കാലുകൊണ്ട് | മഹാഗജഃ | ഒരു വലിയ ആന |
| ഏകം പാദം | ജരാസന്ധന്റെ ഒരു കാലിനെ | ശാഖാം ഇവ | മരക്കൊമ്പിനെയെന്നവിധം |
| ആക്രമ്യ | അമർത്തിച്ചവിട്ടി, | | |
| അന്യം | മറെറ കാലിനെ | ഗുദതഃ | ഗുദപ്രദേശംമുതല്ക്ക് |
| ദോർഭ്യാം | രണ്ടു കൈകൊണ്ടും | പാടയാമാസ | രണ്ടായി പിളർന്നു. |

ഏകപാദോരുവൃഷണകടിപൃഷ്ഠസ്തനാംസകേ
ഏകബാഹ്വക്ഷിഭ്രൂകർണ്ണേ ശകലേ ദദൃശുഃ പ്രജാഃ 46

| | | | |
|---|---|---|---|
| ഏകപാദോരുവൃഷണകടിപൃഷ്ഠസ്തനാംസകേ | ഓരോ കാലും, തുടയും, വൃഷണവും, ഇടുപ്പും, പുറവും, മുലയും, തോളും ചേർന്നിട്ടുള്ളവയും | ഏകബാഹ്വക്ഷിഭ്രൂകർണ്ണേ | ഓരോ കൈയും, കണ്ണും, പുരികവും, കാതും ചേർന്നിട്ടുള്ളവയും ആയ |
| | | ശകലേ | രണ്ടു പൊളിയുടലുകളെ |
| | | പ്രജാഃ ദദൃശുഃ | ജനങ്ങൾ കണ്ടു. |

ഹാഹാകാരോ മഹാനാസീന്നിഹതേ മഗധേശ്വരേ
പൂജയാമാസതുർഭീമം പരിരഭ്യ ജയാച്യുതൌ. 47

| | | | |
|---|---|---|---|
| മഗധേശ്വരേ | മഗധരാജാവായ ജരാസന്ധൻ | ആസീത് | ഉണ്ടായി. |
| നിഹതേ | ഈവിധം കൊല്ലപ്പെട്ടപ്പോൾ | ജയാച്യുതൌ | അർജ്ജുനനും ശ്രീകൃഷ്ണനും |
| മഹാൻ | വലിയ | ഭീമം | ഭീമസേനനെ |
| ഹാഹാകാരഃ | മുറവിളിഘോഷം | പരിരഭ്യ | കെട്ടിപ്പിടിച്ച് |
| | | പൂജയാമാസതുഃ | അഭിനന്ദിച്ചു. |

സഹദേവം തത്തനയം ഭഗവാൻ ഭൂതഭാവനഃ
അഭ്യഷിഞ്ചദമേയാത്മാ മഗധാനാം പതിം പ്രഭുഃ
മോചയാമാസ രാജന്യാൻ സംരുദ്ധാ മാഗധേന യേ. 48

| | | | |
|---|---|---|---|
| ഭൂതഭാവനഃ | സമസ്തജീവജാലത്തേയും സൃഷ്ടിച്ചു രക്ഷിക്കുന്നവനും, | സഹദേവം | സഹദേവനെ |
| അമേയാത്മാ | അനുമേയമല്ലാത്ത സ്വരൂപത്തോടുകൂടിയവനും, | മഗധാനാം | മഗധരാജ്യത്തിന്റെ |
| പ്രഭുഃ | സർവ്വശക്തനും, | പതിം | രാജാവാക്കി |
| ഭഗവാൻ | സർവ്വജ്ഞനും ആയ ശ്രീകൃഷ്ണൻ | അഭ്യഷിഞ്ചത് | അഭിഷേകംചെയ്തു. |
| തത്തനയം | അവന്റെ (ജരാസന്ധന്റെ) പുത്രനായ | യേ | യാവചിലരാണോ |
| | | മാഗധേന | ജരാസന്ധനാൽ |
| | | സംരുദ്ധാഃ | തടവിലാക്കപ്പെട്ടിരുന്നതു് |
| | | രാജന്യാൻ | ആ ക്ഷത്രിയന്മാരെ |
| | | മോചയാമാസ | വിട്ടയച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ജരാസന്ധവധോ നാമ ദ്വിസപ്തതിതമോഽദ്ധ്യായഃ

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3100.

## ത്രിസപ്തതിതമോഽദ്ധ്യായഃ=എഴുപത്തിമൂന്നാമദ്ധ്യായം.

[തതസ്ത്രിസപ്തതിതമേ മോചയിത്വാ നൃപാൻ ഹരിഃ
രാജാർഹഭോഗൈഃ സ്വാൻ ദേശാൻ പ്രസ്ഥാപ്യ പുനരാഗമത്.]

(രാജാക്കന്മാരുടെ മോചനവും ഭഗവൽപ്രത്യാഗമനവും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

അയുതേ ദ്വേ ശതാന്യഷ്ടൗ ലീലയാ യുധി നിർജ്ജിതാഃ
തേ നിർഗ്ഗതാ ഗിരിദ്രോണ്യാം മലിനാ മലവാസസഃ. 1

| | | | |
|---|---|---|---|
| യുധി | യുദ്ധത്തിൽ | ദ്വേ അയുതേ അഷ്ടൗ ശതാനി | ഇരുപതിനായിരത്തെണ്ണൂറു് പേരോളമുള്ള |
| ലീലയാ | അനായാസേന | തേ | ആ രാജാക്കന്മാർ |
| നിർജ്ജിതാഃ | ജരാസന്ധനാൽ ജയിക്കപ്പെട്ടു്, | മലിനാഃ | മുഷിഞ്ഞ ദേഹത്തോടും |
| ഗിരിദ്രോണ്യാം | ഗിരിദ്രോണിയിൽ അടയ്ക്കപ്പെട്ടിരുന്ന | മലവാസസഃ | അഴുക്കുപിടിച്ച വസ്ത്രങ്ങളോടും കൂടിയവരായിട്ടു് |
| | | നിർഗ്ഗതാഃ | പുറത്തുവന്നു. |

ക്ഷുത്ക്ഷാമാഃ ശുഷ്കവദനാഃ സംരോധപരികർശിതാഃ
ദദൃശുസ്തേ ഘനശ്യാമം പീതകൗശേയവാസസം.
ശ്രീവത്സാങ്കം ചതുർബ്ബാഹും പത്മഗർഭാരുണേക്ഷണം
ചാരുപ്രസന്നവദനം സ്ഫുരന്മകരകുണ്ഡലം
പത്മഹസ്തം ഗദാശംഖരഥാംഗൈരുപലക്ഷിതം
കിരീടഹാരകടകകടിസൂത്രാംഗദാഞ്ചിതം.
ഭ്രാജദ്വരമണിഗ്രീവം നിവീതം വനമാലയാ
പിബന്ത ഇവ ചക്ഷുർഭ്യാം ലിഹന്ത ഇവ ജിഹ്വയാ.

ജിഘ്രന്ത ഇവ നാസാഭ്യാം രംഭന്ത ഇവ ബാഹുഭിഃ
പ്രണേമുർഹതപാപ്മാനോ മൂർദ്ധഭിഃ പാദയോർഹരേഃ. 6

| | |
|---|---|
| ക്ഷുത്ക്ഷാമാഃ | വിശപ്പുകൊണ്ടു ക്ഷീണിച്ചവരും, |
| ശുഷ്കവദനാഃ | വരണ്ട മുഖത്തോടുകൂടിയവരും, |
| സംരോധ— പരികർശിതാഃ | കാരാഗൃഹവാസംകൊണ്ടു ദേഹം മെലിഞ്ഞവരുമായ |
| തേ | അവർ |
| ഘനശ്യാമം | മേഘശ്യാമളനായി— |
| പീതകൗശേയ- വാസസം | മഞ്ഞപ്പട്ടുവസ്ത്രം ധരിച്ചിട്ടുള്ളവനായി— |
| ശ്രീവത്സാങ്കം | ശ്രീവത്സമെന്ന ചിഹ്നത്തോടുകൂടിയവനായി— |
| ചതുർബാഹും | നാലുതൃക്കരങ്ങളുള്ളവനായി— |
| പദ്മപത്രാ- യതേക്ഷണം | താമരദളംപോലെ നീണ്ടിടംപെട്ട നേത്രങ്ങളോടുകൂടിയവനായി— |
| ചാരുപ്രസന്ന- വദനം | സുന്ദരമായ പ്രസന്നമുഖത്തോടുകൂടിയവനായി— |
| സ്ഫുരന്മകര— കുണ്ഡലം | മിന്നിത്തിളങ്ങുന്ന മകരകുണ്ഡലങ്ങളോടുകൂടിയവനായി— |
| പദ്മഹസ്തം | ചെന്താമരത്താരിനെ കരത്തിൽ ധരിച്ചിരിക്കുന്നവനായി— |
| ഗദാശംഖ— രഥാംഗൈഃ | ഗദ, ശംഖു്, ചക്രം എന്നിവയോടു് |
| ഉപലക്ഷിതം | ചേർന്നിട്ടുള്ളവനായി— |

| | |
|---|---|
| കിരീട— ഹാരകടക— കടിസൂത്രാ— ംഗദാചിതം | കിരീടം, ഹാരം, കടകം, ഉദരബന്ധം, തോൾവള എന്നിവയാൽ അലങ്കൃതനായി— |
| ഭ്രാജദ്വര— മണിഗ്രീവം | കഴുത്തിൽ തിളങ്ങുന്ന കൗസ്തുഭരത്നത്തോടുകൂടിയവനായി— |
| വനമാലയാ നിവീതം | വനമാലയണിഞ്ഞിരിക്കുന്നവനുമായ ശ്രീഹരിയെ |
| ദൃഷ്ട്വാ | കണ്ടു. |
| ചക്ഷുർഭ്യാം | നേത്രങ്ങൾകൊണ്ടു് |
| പിബന്തഃ ഇവ | (ഭഗവാനെ) പാനം ചെയ്യുന്നവരോ എന്നു തോന്നുമാറും, |
| ജിഹ്വയാ | നാവുകൊണ്ടു് |
| ലിഹന്തഃ ഇവ | നക്കിത്തുടക്കുന്നവരോ എന്നു തോന്നുമാറും, |
| നാസാഭ്യാം | നാസികാദ്വാരങ്ങളാൽ |
| ജിഘ്രന്തഃ ഇവ | മണത്തുനോക്കുന്നവരോ എന്നു തോന്നുമാറും, |
| ബാഹുഭിഃ | കൈകളാൽ |
| രംഭന്തഃ ഇവ | ആശ്ലേഷിക്കുന്നവരോ എന്നു തോന്നുമാറും ആയി ഭവിച്ചു് |
| ഹതപാപ്മാനഃ | പാപം നശിച്ച അവർ |
| ഹരേഃ | ശ്രീഹരിയുടെ |
| പാദയോഃ | തൃപ്പാദങ്ങളിൽ |
| മൂർദ്ധഭിഃ | ശിരസ്സുകൾകൊണ്ടു് |
| പ്രണേമുഃ | പ്രണമിച്ചു. |

കൃഷ്ണസന്ദർശനാഹ്ലാദധ്വസ്തസംരോധനക്ലമാഃ
പ്രശശംസുർഹൃഷീകേശം ഗീർഭിഃ പ്രാഞ്ജലയോ നൃപാഃ 7

| | |
|---|---|
| കൃഷ്ണസന്ദർശനാ- ഹ്ലാദധ്വസ്ത- സംരോധന— ക്ലമാഃ | ശ്രീകൃഷ്ണഭഗവാനെ സന്ദർശിച്ചതുനിമിത്തമുണ്ടായ സന്തോഷത്താൽ കാരാഗൃഹവാസത്തിന്റെ സങ്കടം അകന്നുപോയവരായ |
| നൃപാഃ | രാജാക്കന്മാർ |
| പ്രാഞ്ജലയഃ | കൂപ്പുകൈയോടെനിന്നു് |
| ഗീർഭിഃ | സ്തുതിവചനങ്ങളാൽ |
| ഹൃഷീകേശം | ശ്രീകൃഷ്ണനെ |
| പ്രശശംസുഃ | വാഴ്ത്തി. |

രാജാന ഊചുഃ=രാജാക്കന്മാർ പറഞ്ഞു :—

നമസ്തേ ദേവദേവേശ പ്രപന്നാർത്തിഹരാവ്യയ
പ്രപന്നാൻ പാഹി നഃ കൃഷ്ണ നിർവ്വിണ്ണാൻ ഘോരസംസൃതേഃ. 8

| | | | |
|---|---|---|---|
| ദേവദേവേശ | ദേവാധിദേവന്മാർക്കും ഈശനായ ഹേ പ്രഭോ ! | നമഃ | നമസ്കാരം. |
| പ്രപന്നാർത്തിഹര | ശരണാഗതന്മാരുടെ സന്താപത്തെ അകററുന്ന കാരുണ്യമൂർത്തേ ! | നിർവ്വിണ്ണാൻ | ലോകവിരക്തന്മാരും |
| അവ്യയ | നിർവ്വികാരാത്മൻ ! | പ്രപന്നാൻ | ശരണാഗതന്മാരുമായ |
| കൃഷ്ണ തേ | ശ്രീകൃഷ്ണ ! ഭവാന്ന് | നഃ | ഞങ്ങളെ |
| | | ഘോരസംസൃതേഃ | ഭയങ്കരമായ സംസാരദുഃഖത്തിൽനിന്ന് |
| | | പാഹി | കാത്തുരക്ഷിക്കേണമേ ! |

നൈനം നാഥാനസൂയാമോ മാഗധം മധുസൂദന
അനുഗ്രഹോ യദ്ഭവതോ രാജ്ഞാം രാജ്യച്യുതിർവ്വിഭോ. 9

| | | | |
|---|---|---|---|
| നാഥ | രക്ഷിതാവേ ! | രാജ്ഞാം | രാജാക്കന്മാരായ ഞങ്ങൾക്ക് (ഈ ജരാസന്ധൻനിമിത്തം ഉണ്ടായ) |
| മധുസൂദന | മധുശത്രോ ! | രാജ്യച്യുതിഃ | രാജ്യഭ്രംശം |
| മാഗധം | മഗധരാജാവായ | ഭവതഃ | നിന്തിരുവടിയുടെ |
| ഏനം അന | ഇവനെ ഉദ്ദേശിച്ച് | അനുഗ്രഹഃ | അനുഗ്രഹമായിട്ടാണ് പരിണമിച്ചത് |
| ന അസൂയാമഃ | ഞങ്ങൾ കുററപ്പെടുത്തുന്നില്ല. | | |
| യത് | എന്തെന്നാൽ, | | |
| വിഭോ | ഹേ വിഭോ ! | | |

രാജ്യൈശ്വര്യമദോന്നദ്ധോ ന ശ്രേയോ വിന്ദതേ നൃപഃ
ത്വന്മായാമോഹിതോഽനിത്യാ മന്യതേ സമ്പദോഽചലാഃ. 10

| | | | |
|---|---|---|---|
| രാജ്യൈശ്വര്യ-മദോന്നദ്ധഃ | രാജകീയപ്രഭുത്വംകൊണ്ടുള്ള മദത്താൽ ഞെളിഞ്ഞ | ത്വന്മായാ-മോഹിതഃ | നിന്തിരുവടിയുടെ മായയാൽ മോഹിതനായിട്ട് |
| നൃപഃ | ഒരു രാജാവ് | അനിത്യാഃ | അനിത്യങ്ങളായ |
| ശ്രേയഃ | ശ്രേയസ്സിനെ | സമ്പദഃ | സമ്പത്തുകളെ |
| ന വിന്ദതേ | അനുഭവിക്കുന്നില്ല. | അചലാഃ | ഇളക്കമില്ലാത്തവയെന്ന് |
| | | മന്യതേ | അവൻ കരുതുന്നു. |

മൃഗതൃഷ്ണാം യഥാ ബാലാ മന്യന്ത ഉദകാശയം
ഏവം വൈകാരികീം മായാമയുക്താ വസ്തു ചക്ഷതേ. 11

| | | | |
|---|---|---|---|
| ബാലാഃ | ബുദ്ധിശൂന്യന്മാർ | | വിവേകശൂന്യന്മാർ |
| യഥാ | ഏതുവിധം | വൈകാരികീം | വികാരങ്ങളായിട്ട് (ശബ്ദാദിവിഷയങ്ങളായിട്ട്) പരിണമിച്ചിരിക്കുന്ന |
| മൃഗതൃഷ്ണാം | മരുമരീചികയെ | മായാം | മായയെ |
| ഉദകാശയം | ജലാശയമായിട്ട് | വസ്തു | യഥാർത്ഥവസ്തുവായിട്ട് |
| മന്യന്തേ | കരുതുന്നുവോ, | ചക്ഷതേ | കരുതുന്നു. |
| ഏവം | അതേവിധം, | | |
| അയുക്താഃ | ഭവൽസംബന്ധമില്ലാത്ത | | |

വയം പുരാ ശ്രീമദനഷ്ടദൃഷ്ടയോ
ജിഗീഷയാഽസ്യാ ഇതരേതരസ്പൃധഃ
ഘ്നന്തഃ പ്രജാഃ സ്വാ അതിനിർഘൃണാഃ പ്രഭോ
മൃത്യും പുരസ്ത്വാഽവിഗണയ്യ ദുർമ്മദാഃ. 12

ത ഏവ കൃഷ്ണാദ്യ ഗഭീരരംഹസാ ദുരന്തവീര്യേണ വിചാലിതാഃ ശ്രിയഃ
കാലേന തന്വാ ഭവതോഽനുകമ്പയാ വിനഷ്ടദർപ്പാശ്ചരണൗ സ്മരാമ തേ. 13

| | |
|---|---|
| പ്രഭോ കൃഷ്ണ | ഹേ പ്രഭോ! ശ്രീകൃഷ്ണ! |
| അസ്യാഃ ജിഗീഷയാ | ഈ ഭൂമിയെ ജയിച്ചടക്കുവാനുള്ള മോഹംകൊണ്ട് |
| ഇതരേതര- സ്പൃധഃ | അന്യോന്യം സ്പർദ്ധിച്ചുകൊണ്ടിരുന്നവരും, |
| ശ്രീമദനഷ്ട- ദൃഷ്ടയഃ | ഐശ്വര്യമദത്താൽ നഷ്ടമായ (വിവേക) ദൃഷ്ടിയോടുകൂടിയവരായി |
| പുരഃ | മുൻവശത്തുനില്ക്കുന്ന |
| മൃത്യും | മൃത്യുരൂപനായ |
| ത്വാ | നിന്തിരുവടിയെ |
| അവിഗണയ്യ | വകവെക്കാതെ |
| ദുർമ്മദാഃ | ദുരഹങ്കാരികളായിരുന്നവരും ആയ |
| വയം | യാതൊരു ഞങ്ങൾ |
| പുരാ | പൂർവ്വകാലത്തിൽ (രാജ്യഭരണം നടത്തിക്കൊണ്ടിരുന്ന കാലത്തിൽ |
| സ്വാഃ പ്രജാഃ | സ്വന്തം പ്രജകളെ |
| ഘ്നന്തഃ | (യുദ്ധത്തിന്നയച്ച്) കൊന്നുകൊണ്ട് |
| അതിനിർഘൃണാഃ | അത്യന്തം നിർദ്ദയന്മാരായി വർത്തിച്ചിരുന്നുവോ, |
| തേ ഏവ | അതേ ഞങ്ങൾതന്നെ |
| അദ്യ | ഇന്ന് |
| ഗഭീരരംഹസാ | അഗാധവേഗത്തോടുകൂടിയതും, |
| ദുരന്തവീര്യേണ | അറ്റമില്ലാത്ത പരാക്രമത്തോടുകൂടിയതും, |
| ഭവതഃ | നിന്തിരുവടിയുടെ |
| തന്വാ | രൂപഭേദവുമായുള്ള |
| കാലേന | കാലത്താൽ |
| ശ്രിയഃ | ഐശ്വര്യത്തിൽനിന്ന് |
| വിചാലിതാഃ | തള്ളിയകറ്റപ്പെട്ട്, |
| വിനഷ്ടദർപ്പാഃ | ഊറ്റം നശിച്ചവരായി ഭവിച്ച് |
| അനുകമ്പയാ | ഭവൽകാരുണ്യത്താൽ |
| തേ | ഭവാന്റെ |
| ചരണൗ | തൃപ്പാദങ്ങളെ |
| സ്മരാമ | ധ്യാനിച്ചുകൊള്ളട്ടെ! |

അഥോ ന രാജ്യം മൃഗതൃഷ്ണിരൂപിതം
ദേഹേന ശശ്വത് പതതാ രുജാം ഭുവാ
ഉപാസിതവ്യം സ്പൃഹയാമഹേ വിഭോ
ക്രിയാഫലം പ്രേത്യ ച കർണ്ണരോചനം. 14

| | |
|---|---|
| വിഭോ | ഹേ വിഭോ! |
| അഥോ | ആകയാൽ |
| ശശ്വത് | സർവ്വദാ |
| പതതാ | ക്ഷയിച്ചുകൊണ്ടുവരുന്നതും |
| രുജാം | നാനാവ്യാധികളുടെ |
| ഭുവാ | വിളനിലമായിരിക്കുന്നതും ആയ |
| ദേഹേന | ശരീരത്താൽ |
| ഉപാസിതവ്യം | അനുഭവിക്കപ്പെടേണ്ടതും, |
| മൃഗതൃഷ്ണിരൂപിതം | മൃഗതൃഷ്ണയോടു സാദൃശ്യംവഹിക്കുന്നതുമായ |
| രാജ്യം | രാജ്യത്തെ |
| ന സ്പൃഹയാമഹേ | ഞങ്ങൾ ആശിക്കുന്നില്ല. |

കണ്ണരോചനം കേൾക്കുവാൻമാത്രം
രസമുള്ളതും
പ്രേത്യ മരിച്ചുപോയിട്ട്

(ഉപാസിതവ്യം) അനുഭവിക്കപ്പെടേണ്ടതു
മായ
ക്രിയാഫലം ച ക്രിയാഫലത്തേയും
ആശിക്കുന്നില്ല.

തം നഃ സമാദിശോപായം യേന തേ ചരണാബ്ജയോഃ
സ്മൃതിര്യഥാ ന വിരമേദപി സംസരതാമിഹ. 15

ഇഹ ഈ ലോകത്തിൽ
സംസരതാം } ജനനമരണങ്ങളാൽ
അപി } വട്ടം ചുഴന്നുകൊണ്ടിരി
ക്കുന്നവരെങ്കിലും
നഃ ഞങ്ങൾക്ക്
തേ നിന്തിരുവടിയുടെ
ചരണാബ്ജയോഃ പാദാരവിന്ദങ്ങളിലെ

സ്മൃതിഃ സ്മരണം
യേന ഏതുതരത്തിലുള്ള
(ഉപായേന) ഉപായംകൊണ്ടാണോ
ന വിരമേത് വിട്ടുപോകാതെയിരിക്കുക,
തം ഉപായം ആ ഉപായത്തെ
യഥാ വേണ്ടവിധം
സമാദിശ ഉപദേശിച്ചുതന്നാലും.

കൃഷ്ണായ വാസുദേവായ ഹരയേ പരമാത്മനേ
പ്രണതക്ലേശനാശായ ഗോവിന്ദായ നമോ നമഃ. 16

പരമാത്മനേ പരമാത്മാവും,
പ്രണതക്ലേശ- } വണങ്ങുന്നവരുടെ
നാശായ } പ്രാപഞ്ചികക്ലേശം
പരിഹരിക്കുന്നവനും,
ഹരയേ ഭക്തജനങ്ങളുടെ പാപം

സംഹരിക്കുന്നവനും,
ഗോവിന്ദായ ഗോകുലനാഥനും,
വാസുദേവായ വസുദേവപുത്രനുമായ
കൃഷ്ണായ ശ്രീകൃഷ്ണന്ന്
നമഃ നമഃ നമസ്കാരം; നമസ്കാരം.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

സംസ്തൂയമാനോ ഭഗവാൻ രാജഭിർമ്മുക്തബന്ധനൈഃ
താനാഹ കരുണസ്താത ശരണ്യഃ ശ്ലക്ഷ്ണയാ ഗിരാ. 17

താത വത്സ പരീക്ഷിത്തേ!
മുക്തബന്ധനൈഃ ബന്ധനവിമുക്തരായ
രാജഭിഃ രാജാക്കന്മാരാൽ
സംസ്തൂയമാനഃ നന്നായിവാഴ്ത്തിസ്തുതിക്ക
പ്പെട്ടവനും,
ശരണ്യഃ ശരണാഗതന്മാരെ

രക്ഷിക്കുന്നവനും,
കരുണഃ കാരുണികനുമായ
ഭഗവാൻ ശ്രീകൃഷ്ണഭഗവാൻ
ശ്ലക്ഷ്ണയാ മാർദ്ദവമുള്ള
ഗിരാ വാക്കുകൊണ്ട്
താൻ ആഹ അവരോടു പറഞ്ഞു.

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

അദ്യപ്രഭൃതി വോ ഭൂപാ മയ്യാത്മന്യഖിലേശ്വരേ
സുദൃഢാ ജായതേ ഭക്തിർബ്ബാഢമാശംസിതം തഥാ. 18

ഭൂപാഃ രാജാക്കന്മാരേ!
ആത്മനി ആത്മസ്വരൂപനും
അഖിലേശ്വരേ സർവ്വേശ്വരനുമായ

മയി വഃ എന്നിൽ, നിങ്ങൾക്ക്
ആശംസിതം നിങ്ങളാൽ പ്രാർത്ഥിക്ക
പ്പെട്ടതു്

| | |
|---|---|
| കഥാ | ഏതുവിധമോ, അതേവിധം |
| സുദൃഢാ | ഏററവും ഉറച്ച |
| ഭക്തിഃ | ഭക്തി |
| അദ്യപ്രഭൃതി | ഇന്നുമുതല്ക്ക് |
| ബാഢം | തീച്ചയായും |
| ജായതേ | ഉണ്ടാവുന്നതാണ്. |

ദിഷ്ട്യാ വ്യവസിതം ഭൂപാ ഭവന്ത ഋതഭാഷിണഃ
ശ്രിയൈശ്വര്യമദോന്നാഹം പശ്യ ഉന്മാദകം നൃണാം. 19

| | |
|---|---|
| ഭൂപാഃ | രാജാക്കന്മാരേ! |
| വ്യവസിതം | (എന്നെ ഭജിക്കണം എന്നിങ്ങനെ) നിങ്ങളാൽ നിശ്ചയിക്കപ്പെട്ടതു് |
| ദിഷ്ട്യാ | സന്തോഷകരംതന്നെ. |
| ഭവന്തഃ | നിങ്ങൾ |
| ഋതഭാഷിണഃ | വാസ്തവം പറയുന്നവരാണ് |
| ശ്രിയാ | സമ്പത്തുനിമിത്തമുള്ള |
| ഐശ്വര്യ- മദോന്നാഹം | പ്രഭുത്വാഭിമാനത്തിന്റെ ആധിക്യം |
| നൃണാം | മനുഷ്യക്ക് |
| ഉന്മാദകം | ഭ്രാന്തുപിടിപ്പിക്കുന്നതാണെന്ന് |
| പശ്യേ | ഞാൻ കാണുന്നു. |

ഹൈഹയോ നഹുഷോ വേനോ രാവണോ നരകോഽപരേ
ശ്രീമദാദ്ഭ്രംശിതാഃ സ്ഥാനാദ്ദേവദൈത്യനരേശ്വരാഃ. 20

| | |
|---|---|
| ഹൈഹയഃ | കാർത്തവീര്യനും, |
| നഹുഷഃ | നഹുഷനും, |
| വേനഃ | വേനനും, |
| രാവണഃ | രാവണനും, |
| നരകഃ | നരകനും, |
| അപരേ | ഇതുപോലെ വേറെ ചില |
| ദേവദൈത്യ- നരേശ്വരാഃ | ദേവരാജാക്കന്മാരും, അസുരരാജാക്കന്മാരും, മനുഷ്യരാജാക്കന്മാരും |
| ശ്രീമദാത് | സമ്പത്തിനാലുള്ള മദംകൊണ്ട് |
| സ്ഥാനാത് | പദവിയിൽനിന്ന് |
| ഭ്രംശിതാഃ | ഭ്രഷ്ടരാക്കപ്പെട്ടവരാകുന്നു. |

ഭവന്ത ഏതദ്വിജ്ഞായ ദേഹാദ്യുത്പാദ്യമന്തവത്
മാം യജന്തോഽധ്വരൈര്യുക്താഃ പ്രജാ ധർമ്മേണ രക്ഷഥ. 21

| | |
|---|---|
| ഭവന്തഃ | ഭവാന്മാരേ! (നിങ്ങൾ) |
| ഉത്പാദ്യം | ഉൽപത്തിക്കു വിധേയമായ |
| ഏതത് ദേഹാദി | ഈ ശരീരം മുതലായ തൊക്കെയും |
| അന്തവത് | നാശമുള്ളതാണെന്ന് |
| വിജ്ഞായ | അറിഞ്ഞു്, |
| യുക്താഃ | ശ്രദ്ധയോടുകൂടിയവരായിട്ട്, |
| അധ്വരൈഃ | യാഗങ്ങളാൽ |
| മാം | എന്നെ |
| യജന്തഃ | ആരാധിച്ചുകൊണ്ട് |
| പ്രജാഃ | പ്രജകളെ |
| ധർമ്മേണ | നീതിയോടെ |
| രക്ഷഥ | രക്ഷിച്ചുകൊൾവിൻ. |

സന്തന്വന്തഃ പ്രജാതന്തൂൻ സുഖം ദുഃഖം ഭവാഭവൗ
പ്രാപ്തം പ്രാപ്തം ച സേവന്തോ മച്ചിത്താ വിചരിഷ്യഥ. 22

| | |
|---|---|
| പ്രജാതന്തൂൻ | പുത്രപൌത്രാദിസന്താനപരമ്പരകളെ |
| സന്തന്വന്തഃ | വളർത്തിക്കൊണ്ടും, |
| സുഖം ദുഃഖം | സുഖത്തേയോ, ദുഃഖത്തേയോ, |
| ഭവാഭവൗ ച | വിഭവത്തേയോ, വിഭവമില്ലായ്മയേയോ, |
| പ്രാപ്തം പ്രാപ്തം | വന്നതിനെ വന്നതിനെ |
| സേവന്തഃ | അനുഭവിച്ചുകൊണ്ടും, |
| മച്ചിത്താഃ | എന്നിൽ മനസ്സുറപ്പിച്ചുകൊണ്ടും |
| വിചരിഷ്യഥ | കാലക്ഷേപംചെയ്തുകൊൾവിൻ. |

ഉദാസീനാശ്ച ദേഹാദാവാത്മാരാമാ ധൃതവ്രതാഃ
മയ്യാവേശ്യ മനഃ സമ്യങ്മാമന്തേ ബ്രഹ്മ യാസ്യഥ. 23

| | |
|---|---|
| ദേഹാദൌ | ദേഹാദിയിൽ (ദേഹം, ധനം, പത്നി, പുത്രൻ എന്നു തുടങ്ങിയവയിൽ) |
| ഉദാസീനാഃ | അതിതാൽപര്യമില്ലാത്തവരായും, |
| ആത്മാരാമാഃ | ആത്മാവിങ്കൽത്തന്നെ രമിക്കുന്നവരായും, |
| ധൃതവ്രതാഃ ച | സദാചാരനിയമങ്ങളെ കൈക്കൊണ്ടവരായും ഭവിച്ച് |
| മയി മനഃ | എന്നിൽ മനസ്സിനെ |
| സമ്യക് | വേണ്ടവിധം |
| ആവേശ്യ | ഉറപ്പിച്ച്, |
| അന്തേ | ഒടുവിൽ |
| ബ്രഹ്മ | പരബ്രഹ്മാത്മകനായ |
| മാം യാസ്യഥ | എന്നെ പ്രാപിച്ചുകൊള്ളുവിൻ. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്യാദിശ്യ നൃപാൻ കൃഷ്ണോ ഭഗവാൻ ഭുവനേശ്വരഃ
തേഷാം ന്യയുങ്ക്ത പുരുഷാൻ സ്ത്രിയോ മജ്ജനകർമ്മണി. 24

| | |
|---|---|
| ഭുവനേശ്വരഃ | സർവ്വലോകനാഥനും |
| ഭഗവാൻ | സർവ്വൈശ്വര്യസമ്പൂർണ്ണനുമായ |
| കൃഷ്ണഃ ഇതി | ശ്രീകൃഷ്ണൻ ഇപ്രകാരം |
| നൃപാൻ | രാജാക്കന്മാരെ |
| ആദിശ്യ | ഉപദേശിച്ച് |
| തേഷാം മജ്ജനകർമ്മണി | അവരെ കുളിപ്പിക്കുന്നതിനുവേണ്ടി |
| പുരുഷാൻ | എത്രയോ പുരുഷന്മാരേയും, |
| സ്ത്രിയഃ | സ്ത്രീകളേയും |
| ന്യയുങ്ക്ത | നിയോഗിച്ചു. |

സപര്യാം കാരയാമാസ സഹദേവേന ഭാരത
നരദേവോചിതൈർവ്വസ്ത്രൈർഭൂഷണൈഃ സ്രഗ്വിലേപനൈഃ. 25
ഭോജയിത്വാ വരാന്നേന സുസ്നാതാൻ സമലംകൃതാൻ
ഭോഗൈശ്ച വിവിധൈർയ്യുക്താംസ്താംബൂലാദ്യൈർന്നൃപോചിതൈഃ 26

| | |
|---|---|
| ഭാരത | ഭരതവംശജനായ പരീക്ഷിത്ത്‌രാജാവേ! |
| സുസ്നാതാൻ | നന്നായി സ്നാനംചെയ്തവരും, |
| സമലംകൃതാൻ | ഭംഗിയിൽ അലങ്കരിക്കപ്പെട്ടവരും, |
| വരാന്നേന | നല്ല ഭക്ഷണപദാർത്ഥംകൊണ്ട് |
| ഭോജയിത്വാ | ഭുജിപ്പിച്ച്, |
| താംബൂലാദ്യൈഃ | താംബൂലവും മററുമായ |
| വിവിധൈഃ | നാനാപ്രകാരത്തിലുള്ള |
| നൃപോചിതൈഃ | രാജോചിതങ്ങളായ |
| ഭോഗൈഃ ച | ഉപഭോഗങ്ങളോട് |
| യുക്താൻ | കൂടിയവരും ആയിരിക്കുന്ന ആ രാജാക്കന്മാരെ |
| നരദേവോചിതൈഃ | മഹാരാജാക്കന്മാർക്കു ചേർന്നതായ |
| വസ്ത്രൈഃ | ആടകൾകൊണ്ടും, |
| ഭൂഷണൈഃ | ആഭരണങ്ങൾകൊണ്ടും, |
| സ്രഗ്വിലേപനൈഃ | പുഷ്പമാലകൾ, കുറിക്കൂട്ടുകൾ എന്നിവകൊണ്ടും, |
| സഹദേവേന | ജരാസന്ധൻെറ (പുത്രനായ) സഹദേവനെക്കൊണ്ട് |
| സപര്യാം | ഉപചാരം |
| കാരയാമാസ | ചെയ്യിച്ചു. |

തേ പൂജിതാ മുകുന്ദേന രാജാനോ മൃഷ്ടകുണ്ഡലാഃ
വിരേജുർമ്മോചിതാഃ ക്ലേശാത് പ്രാവൃഡന്തേ യഥാ ഗ്രഹാഃ. 27

| | |
|---|---|
| മുകുന്ദേന | ശ്രീകൃഷ്ണനാൽ |
| ക്ലേശാത് | ബന്ധക്ലേശത്തിൽനിന്നു് |
| മോചിതാഃ | മോചിപ്പിക്കപ്പെട്ടവരും |
| പൂജിതാഃ | സൽക്കരിക്കപ്പെട്ടവരുമായ |
| തേ രാജാനഃ | ആ രാജാക്കന്മാർ |
| മൃഷ്ടകുണ്ഡലാഃ | തിളക്കംവന്ന കുണ്ഡലങ്ങളോടുകൂടിയവരായിട്ടു് |
| പ്രാവൃഡന്തേ | വർഷകാലാവസാനത്തിൽ |
| ഗ്രഹാഃ യഥാ | ഗ്രഹങ്ങളെന്നപോലെ |
| വിരേജുഃ | പരിശോഭിച്ചു. |

രഥാൻ സദശ്വാനാരോപ്യ മണികാഞ്ചനഭൂഷിതാൻ
പ്രീണയ്യ സൂനൃതൈർവ്വാക്യൈഃ സ്വദേശാൻ പ്രത്യയാപയത്. 28

| | |
|---|---|
| സദശ്വാൻ | നല്ല കുതിരകളെ പൂട്ടിക്കെട്ടിയവയും, |
| മണികാഞ്ചനഭൂഷിതാൻ | രത്നങ്ങളെക്കൊണ്ടും, സ്വർണ്ണംകൊണ്ടും അലങ്കരിക്കപ്പെട്ടവയുമായ |
| രഥാൻ ആരോപ്യ | തേരുകളിൽ കയററി, |
| സൂനൃതൈഃ | പ്രിയകരങ്ങളായ |
| വാക്യൈഃ | വാക്യങ്ങളെക്കൊണ്ടു് |
| പ്രീണയ്യ | സന്തോഷിപ്പിച്ചു്, |
| സ്വദേശാൻ | സ്വദേശങ്ങളിലേക്കു് |
| പ്രത്യയാപയത് | അവരെ തിരിച്ചയച്ചു. |

ത ഏവം മോചിതാഃ കൃച്ഛ്രാത് കൃഷ്ണേന സുമഹാത്മനാ
യയുസ്തമേവ ധ്യായന്തഃ കൃതാനി ച ജഗത്പതേഃ. 29

| | |
|---|---|
| ഏവം | ഇപ്രകാരം |
| സുമഹാത്മനാ | ഉദാരചരിതനായ |
| കൃഷ്ണേന | ശ്രീകൃഷ്ണഭഗവാനാൽ |
| കൃച്ഛ്രാത് | കഷ്ടപ്പാടിൽനിന്നു് |
| മോചിതാഃ | വിമുക്തരാക്കപ്പെട്ട |
| തേ | ആ രാജാക്കന്മാർ |
| തം ഏവ | ആ ശ്രീകൃഷ്ണഭഗവാനെയും, |
| ജഗത്പതേഃ | ലോകപാലകനായ |
| തസ്യ | അവിടുത്തെ |
| കൃതാനി ച | പ്രവൃത്തികളേയും |
| ധ്യായന്തഃ | ധ്യാനിച്ചുകൊണ്ടു് |
| യയുഃ | യാത്രയായി. |

ജഗദുഃ പ്രകൃതിഭ്യസ്തേ മഹാപുരുഷചേഷ്ടിതം
യഥാന്വശാസദ്ഭഗവാംസ്തഥാ ചക്രുരതന്ദ്രിതാഃ. 30

| | |
|---|---|
| തേ | അവർ |
| പ്രകൃതിഭ്യഃ | തങ്ങളുടെ മന്ത്രിമാരോടും, പൌരജനങ്ങളോടും |
| മഹാപുരുഷചേഷ്ടിതം | ശ്രീകൃഷ്ണഭഗവാന്റെ പ്രവൃത്തിയെ |
| ജഗദുഃ | പറഞ്ഞുകേൾപ്പിച്ചു. |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| യഥാ | യാതൊരുപ്രകാരത്തിൽ |
| അന്വശാസത് | അനുശാസിച്ചിരുന്നുവോ, |
| തഥാ | അതുപ്രകാരം |
| അതന്ദ്രിതാഃ | ജാഗ്രതയോടുകൂടിയവരായി |
| ചക്രുഃ | പ്രവർത്തിച്ചു. |

ജരാസന്ധം ഘാതയിത്വാ ഭീമസേനേന കേശവഃ
പാർത്ഥാഭ്യാം സംയുതഃ പ്രായാത് സഹദേവേന പൂജിതഃ. 31

| | |
|---|---|
| ഭീമസേനേന | ഭീമസേനനെക്കൊണ്ടു് |
| ജരാസന്ധം | ജരാസന്ധനെ |
| ഘാതയിത്വാ | കൊല്ലിച്ചതിൽപ്പിന്നെ |
| സഹദേവേന | ജരാസന്ധപുത്രനായ സഹദേവനാൽ |
| പൂജിതഃ | ആരാധിതനായ |
| കേശവഃ | ശ്രീകൃഷ്ണഭഗവാൻ |
| പാർത്ഥാഭ്യാം | ഭീമാർജ്ജുനന്മാരോടു് |
| സംയുതഃ | ഒന്നിച്ചുചേർന്നുകൊണ്ടു് |
| പ്രായാത് | യാത്രപുറപ്പെട്ടു. |

ഗത്വാ തേ ഖാണ്ഡവപ്രസ്ഥം ശംഖാൻ ദധ്മുർജ്ജിതാരയഃ
ഹർഷയന്തഃ സ്വസുഹൃദോ ദുർഹൃദാം ചാസുഖാവഹാഃ. 32

| | |
|---|---|
| ജിതാരയഃ | ശത്രുവിനെ ജയിച്ചു കഴിഞ്ഞവരും, |
| സ്വസുഹൃദഃ | സ്വന്തം സുഹൃത്തുക്കളെ |
| ഹർഷയന്തഃ | സന്തോഷിപ്പിച്ചുകൊണ്ടും, |
| ദുർഹൃദാം ച | ശത്രുക്കൾക്കു മാത്രം |
| അസുഖാവഹാഃ | അസുഖത്തെ ജനിപ്പിച്ചുകൊണ്ടും ഇരിക്കുന്നവരായ |
| തേ | അവർ |
| ഖാണ്ഡവപ്രസ്ഥം | ഇന്ദ്രപ്രസ്ഥത്തിലേക്ക് |
| ഗത്വാ | എത്തിച്ചേർന്ന് |
| ശംഖാൻ | ശംഖുകളെ |
| ദധ്മുഃ | മുഴക്കി |

തച്ഛ്രുത്വാ പ്രീതമനസ ഇന്ദ്രപ്രസ്ഥനിവാസിനഃ
മേനിരേ മാഗധം ശാന്തം രാജാ ചാപ്തമനോരഥഃ. 33

| | |
|---|---|
| തത് ശ്രുത്വാ | അതു കേട്ട് |
| ഇന്ദ്രപ്രസ്ഥ- നിവാസിനഃ | ഇന്ദ്രപ്രസ്ഥത്തിലെ നിവാസികളായ ജനങ്ങൾ |
| പ്രീതമനസഃ | സന്തുഷ്ടചിത്തരായി ഭവിച്ചു. |
| മാഗധം ശാന്തം മേനിരേ | ജരാസന്ധൻ മൃതനായെന്ന് അവർ കരുതി. |
| രാജാ ച | യുധിഷ്ഠിരരാജാവും |
| ആപ്ത- മനോരഥഃ | മനോരഥം നിറവേറിയ ആളായി ഭവിച്ചു. |

അഭിവന്ദ്യാഥ രാജാനം ഭീമാർജ്ജുനജനാർദ്ദനാഃ
സർവ്വമാശ്രാവയാഞ്ചക്രുരാത്മനാ യദനുഷ്ഠിതം. 34

| | |
|---|---|
| അഥ | ഉടൻതന്നെ. |
| ഭീമാർജ്ജുന- ജനാർദ്ദനാഃ | ഭീമനും, അർജ്ജുനനും, ശ്രീകൃഷ്ണനും, |
| രാജാനം | യുധിഷ്ഠിരരാജാവിനെ |
| അഭിവന്ദ്യ | അഭിവാദ്യം ചെയ്ത് |
| ആത്മനാ | തങ്ങളാൽ |
| യത് | യാതൊന്ന് |
| അനുഷ്ഠിതം | ചെയ്യപ്പെട്ടുവോ, |
| സർവ്വം | അതുമുഴുവനും |
| ആശ്രാവയാ- ഞ്ചക്രുഃ | പറഞ്ഞുകേൾപ്പിച്ചു. |

നിശമ്യ ധർമ്മരാജസ്തത് കേശവേനാനുകമ്പിതം
ആനന്ദാശ്രുകലാ മുഞ്ചൻ പ്രേമ്ണാ നോവാച കിഞ്ചന. 35

| | |
|---|---|
| ധർമ്മരാജഃ | യുധിഷ്ഠിരൻ |
| കേശവേന | ശ്രീകൃഷ്ണഭഗവാനാൽ |
| അനുകമ്പിതം | കാരുണ്യംകൊണ്ടു സാധിപ്പിക്കപ്പെട്ട |
| തത് | അക്കാര്യത്തെ |
| നിശമ്യ | കേട്ട് |
| ആനന്ദാ- ശ്രുകലാഃ | സന്തോഷാശ്രുബിന്ദുക്കളെ |
| മുഞ്ചൻ | ചൊരിഞ്ഞുകൊണ്ട് |
| പ്രേമ്ണാ | പ്രേമത്താൽ |
| കിഞ്ചന | ഒന്നുംതന്നെ |
| ന ഉവാച | പറകയുണ്ടായില്ല. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
കൃഷ്ണാദ്യാഗമനേ ത്രിസപ്തതിതമോഽധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3135.

## ചതുഃസപ്തതിതമോഽദ്ധ്യായഃ—എഴുപത്തിനാലാമദ്ധ്യായം.

[ചതുസ്സപ്തതിതമേ രാജസൂയക്രിയാ ദിജൈഃ
അഗ്രപൂജാപ്രസംഗേന ചൈദ്യഘാതാദി വർണ്ണ്യതേ]
(രാജസൂയവും ശിശുപാലവധവും)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം യുധിഷ്ഠിരോ രാജാ ജരാസന്ധവധം വിഭോഃ
കൃഷ്ണസ്യ ചാനുഭാവം തം ശ്രുത്വാ പ്രീതസ്തമബ്രവീത്. 1

| | | | |
|---|---|---|---|
| ഏവം | ഈവിധം, | തം | അത്തരത്തിലുള്ള |
| രാജാ | രാജാവായ | അനുഭാവം ച | പ്രഭാവത്തേയും |
| യുധിഷ്ഠിരഃ | യുധിഷ്ഠിരൻ | ശ്രുത്വാ | കേട്ട് |
| ജരാസന്ധവധം | ജരാസന്ധന്റെ വധത്തേയും, | പ്രീതഃ | സന്തുഷ്ടനായിഭവിച്ച്, |
| വിഭോഃ | സർവ്വശക്തനായ | തം | അവിടുത്തോടായി |
| കൃഷ്ണസ്യ | ശ്രീകൃഷ്ണന്റെ | അബ്രവീത് | ഇങ്ങനെ പറഞ്ഞു. |

യുധിഷ്ഠിര ഉവാച=യുധിഷ്ഠിരൻ പറഞ്ഞു :—

യേ സ്യുസ്ത്രൈലോക്യഗുരവഃ സർവ്വേ ലോകമഹേശ്വരാഃ
വഹന്തി ദുർല്ലഭം ലബ്ധ്വാ ശിരസൈവാനുശാസനം. 2

| | | | |
|---|---|---|---|
| ത്രൈലോക്യ- ഗുരവഃ | മൂന്നു ലോകത്തിനും ആചാര്യന്മാരായിട്ടുള്ളവരും, | ദുർല്ലഭം | (മന്ദഭാഗ്യന്മാർക്ക്) ദുർല്ലഭമായ |
| സർവ്വലോക- മഹേശ്വരാഃ | സർവ്വലോകങ്ങളുടേയും അധിപതികളായിട്ടുള്ളവരും | അനുശാസനം | ഭവാന്റെ ആജ്ഞയെ |
| | | ലബ്ധ്വാ | വാങ്ങി, |
| | | ശിരസാ ഏവ | ശിരസ്സുകൊണ്ടുതന്നെ |
| (യേ സ്യുഃ) | യാവചിലരാണോ, അവർ | വഹന്തി | വഹിക്കുന്നു. |

സ ഭവാനരവിന്ദാക്ഷോ ദീനാനാമീശമാനിനാം
ധത്തേഽനുശാസനം ഭൂമംസ്തദത്യന്തവിഡംബനം. 3

| | | | |
|---|---|---|---|
| സഃ | അങ്ങനെയുള്ള | അനുശാസനം | ആജ്ഞയെ |
| അരവിന്ദാക്ഷഃ | ചെന്താമരക്കണ്ണനായിരിക്കുന്ന—സാക്ഷാൽ ശ്രീനാരായണനായിരിക്കുന്ന | ധത്തേ | വഹിക്കുന്നുവല്ലോ ; |
| ഭവാൻ | നിന്തിരുവടി | ഭൂമൻ | ഹേ സർവ്വവ്യാപിൻ ! |
| ദീനാനാം | പരാധീനന്മാരും, | തത് | ആയതു് |
| ഈശമാനിനാം | പ്രഭുത്വം നടിക്കുന്നവരുമായ ഞങ്ങളുടെ | അത്യന്ത- വിഡംബനം | ഏററവും പരിഹാസത്തിന്നു് ആസ്പദമായതാകുന്നു. |

ന ഹ്യേകസ്യാദ്വിതീയസ്യ ബ്രഹ്മണഃ പരമാത്മനഃ
കർമ്മഭിർവ്വർദ്ധതേ തേജോ ഹ്രസതേ ച യഥാ രവേഃ. 4

| | | | |
|---|---|---|---|
| ഹി | എന്നിരിക്കിലും, | | ഇരിക്കുന്ന നിന്തിരുവടിയുടെ |
| ഏകസ്യ | ഏകവും | തേജഃ | തേജസ്സ് |
| അദ്വിതീയസ്യ | അദ്വിതീയവുമായ | രവേഃ യഥാ | സൂൎയ്യന്റേതുപോലെ |
| ബ്രഹ്മണഃ | പരബ്രഹ്മമായും, | കൎമ്മഭിഃ | കൎമ്മങ്ങളെക്കൊണ്ടു് |
| പരമാത്മനഃ | സൎവ്വജീവന്മാൎക്കും ആധാരഭൂതമായ പരമാത്മാവും | ന വൎദ്ധതേ | വളരുന്നതല്ല ; |
| | | (ന) ഹ്രസതേ ച | ചുരുങ്ങുന്നതുമല്ല. |

നോട്ട് :— ലോകാചാൎയ്യന്മാരും, ലോകപാലന്മാരും യാതൊരു ഭഗവാന്റെ ആജ്ഞയെ ശിരസാ വഹിക്കുന്നുവോ, ആ ഭഗവാൻതന്നെയാണ് ധൎമ്മപുത്രരുടെ ആജ്ഞാനുവൎത്തിയായിട്ടിരിക്കുന്നത്. ഭഗവാന്റെ തേജസ്സിന്നു് ഇതൊരപകൎഷമല്ലേ എന്നു ശങ്കിക്കേണ്ടതില്ല. എന്തെന്നാൽ ഭഗവത്തേജസ്സ് ശാശ്വതപരിപൂൎണ്ണമായതത്രേ. കൎമ്മങ്ങളുടെ ഉൽകൎഷാപകൎഷത്വം അതിനെ ബാധിക്കുന്നില്ല. സൂൎയ്യന്റെ ഉദയാസ്തമനങ്ങളാൽ സൂൎയ്യതേജസ്സിന്നു് മാററമൊന്നും സംഭവിക്കുന്നില്ലല്ലോ.

ന വൈ തേഽജിത ഭക്താനാം മമാഹമിതി മാധവ
ത്വം തവേതി ച നാനാധീഃ പശൂനാമിവ വൈകൃതാ. 5

| | | | |
|---|---|---|---|
| അജിത | ഹേ അജിത ! | ത്വം തവ ഇതി ച | നീയെന്നും നിന്റേതെന്നും മററും ഉള്ളതായ |
| മാധവ | ഹേ മാധവ ! | വൈകൃതാ | വികാരജമായ ദേഹാദിയെ വിഷയീകരിച്ച |
| പശൂനാം ഇവ | പശുക്കൾക്കു് (മൃഗതുല്യരായ മനുഷ്യൎക്കു്) ഉണ്ടാകുന്നപോലെ | നാനാധീഃ | ഭേദബുദ്ധി |
| | | തേ | ഭവാന്റെ |
| അഹം മമ ഇതി | ഞാനെന്നും എന്റേതെന്നും | ഭക്താനാം | ഭക്തന്മാൎക്കുപോലും |
| | | ന വൈ | തീരെയില്ലല്ലോ. |

നോട്ട് :— ഭഗവൽഭക്തന്മാരിൽപ്പോലും കാണാത്ത ഭേദബുദ്ധി ഭഗവാനിൽ കാണുന്നതെങ്ങനെ ? ആകയാൽ കൎമ്മങ്ങളെ സംബന്ധിച്ചുള്ള ഉൽകൎഷാപകൎഷത്വചിന്തതന്നെ സമദൎശിയായ ഭഗവാന്നു് ഉണ്ടാകയില്ലെന്നു് ആശയം.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്യുക്ത്വാ യജ്ഞിയേ കാലേ വവ്രേ യുക്താൻ സ ഋത്വിജഃ
കൃഷ്ണാനുമോദിതഃ പാൎത്ഥോ ബ്രാഹ്മണാൻ ബ്രഹ്മവാദിനഃ. 6

| | | | |
|---|---|---|---|
| സഃ പാൎത്ഥഃ | ആ യുധിഷ്ഠിരൻ | കാലേ | (വസന്ത) കാലത്തിൽ |
| ഇതി ഉക്ത്വാ | ഈവിധം പറഞ്ഞു്, | ബ്രഹ്മവാദിനഃ | വേദജ്ഞന്മാരും, |
| കൃഷ്ണാനുമോദിതഃ | ശ്രീകൃഷ്ണനാൽ സന്തോഷപൂൎവ്വം അനുവദിക്കപ്പെട്ടവനായിട്ടു് | യുക്താൻ | യോഗ്യതയുള്ളവരുമായ |
| | | ബ്രാഹ്മണാൻ | ബ്രാഹ്മണന്മാരെ |
| യജ്ഞിയേ | യാഗം ചെയ്യുന്നതിന്നു് ഉചിതമായ | ഋത്വിജഃ | ഋത്വിക്കുകളായിട്ടു് |
| | | വവ്രേ | വരിച്ചു. |

ദ്വൈപായനോ ഭരദ്വാജഃ സുമന്തുൎഗ്ഗൌതമോഽസിതഃ
വസിഷ്ഠശ്ച്യവനഃ കണ്വോ മൈത്രേയഃ കവഷസ്ത്രിതഃ. 7

വിശ്വാമിത്രോ വാമദേവഃ സുമതിർജ്ജൈമിനിഃ ക്രതുഃ
പൈലഃ പരാശരോ ഗർഗ്ഗോ വൈശംപായന ഏവ ച. 8
അഥർവ്വാ കശ്യപോ ധൌമ്യോ രാമോ ഭാർഗ്ഗവ ആസുരിഃ
വീതിഹോത്രോ മധുച്ഛന്ദാ വീരസേനോഽകൃതവ്രണഃ. 9

| | |
|---|---|
| ദ്വൈപായനഃ | വേദവ്യാസൻ, |
| ഭരദ്വാജഃ | ഭരദ്വാജൻ, |
| സുമന്തുഃ | സുമന്തു, |
| ഗൌതമഃ | ഗൌതമൻ, |
| അസിതഃ | അസിതൻ, |
| വസിഷ്ഠഃ | വസിഷ്ഠൻ, |
| ച്യവനഃ കണ്വഃ | ച്യവനൻ, കണ്വൻ, |
| മൈത്രേയഃ | മൈത്രേയൻ, |
| കവഷഃ ത്രിതഃ | കവഷൻ, ത്രിതൻ, |
| വിശ്വാമിത്രഃ | വിശ്വാമിത്രൻ, |
| വാമദേവഃ | വാമദേവൻ, |
| സുമതിഃ | സുമതി, |
| ജൈമിനിഃ | ജൈമിനി, |
| ക്രതുഃ പൈലഃ | ക്രതു, പൈലൻ, |
| പരാശരഃ ഗർഗ്ഗഃ | പരാശരൻ, ഗർഗ്ഗൻ, |
| വൈശമ്പായനഃ | വൈശമ്പായനൻ, |
| അഥർവ്വാ | അഥർവ്വാവ്, |
| കശ്യപഃ | കശ്യപൻ, |
| ധൌമ്യഃ | ധൌമ്യൻ, |
| ഭാർഗ്ഗവഃ രാമഃ | പരശുരാമൻ, |
| ആസുരിഃ | ആസുരി, |
| വീതിഹോത്രഃ | വീതിഹോത്രൻ, |
| മധുച്ഛന്ദാഃ | മധുച്ഛന്ദസ്സ്, |
| വീരസേനഃ | വീരസേനൻ, |
| അകൃതവ്രണഃ | അകൃതവ്രണൻ |
| ഏവ ച | എന്നിങ്ങനെയുള്ളവരെല്ലാം (ഋത്വിക്കുകളായിട്ട് വരിക്കപ്പെട്ടു.) |

ഉപഹൂതാസ്തഥാ ചാന്യേ ദ്രോണഭീഷ്മകൃപാദയഃ
ധൃതരാഷ്ട്രഃ സഹസുതോ വിദുരശ്ച മഹാമതിഃ. 10
ബ്രാഹ്മണാഃ ക്ഷത്രിയാ വൈശ്യാഃ ശൂദ്രാ യജ്ഞദിദൃക്ഷവഃ
തത്രേയുഃ സർവ്വരാജാനോ രാജ്ഞാം പ്രകൃതയോ നൃപ. 11

| | |
|---|---|
| നൃപ | അല്ലയോ രാജാവേ! |
| ദ്രോണഭീഷ്മ-കൃപാദയഃ | ദ്രോണാചാര്യൻ, ഭീഷ്മപിതാമഹൻ, കൃപാചാര്യൻ എന്നിങ്ങനെയുള്ളവരും, |
| സഹസുതഃ | മക്കളോടൊന്നിച്ചുള്ള |
| ധൃതരാഷ്ട്രഃ | ധൃതരാഷ്ട്രരാജാവും, |
| മഹാമതിഃ | ബുദ്ധിശാലിയായ |
| വിദുരഃ ച | വിദുരരും, |
| ബ്രാഹ്മണാഃ | ബ്രാഹ്മണന്മാരും, |
| ക്ഷത്രിയാഃ | ക്ഷത്രിയന്മാരും, |
| വൈശ്യാഃ | വൈശ്യന്മാരും, |
| ശൂദ്രാഃ | ശൂദ്രന്മാരും, |
| സർവ്വരാജാനഃ | സർവ്വരാജാക്കന്മാരും |
| രാജ്ഞാം | ആ രാജാക്കന്മാരുടെ |
| പ്രകൃതയഃ | മന്ത്രിമാർ തുടങ്ങിയവരും, |
| തഥാ | അതേവിധം |
| അന്യേ ച | മററു ജനങ്ങളും |
| ഉപഹൂതാഃ | ക്ഷണിക്കപ്പെട്ടവരായിട്ട് |
| യജ്ഞദിദൃക്ഷവഃ | യാഗം കാണുവാനുള്ള അഭിലാഷത്തോടെ |
| തത്ര ഐയുഃ | അവിടെ എത്തിച്ചേർന്നു. |

തതസ്തേ ദേവയജനം ബ്രാഹ്മണാഃ സ്വർണ്ണലാംഗലൈഃ
കൃഷ്ട്വാ തത്ര യഥാമ്നായം ദീക്ഷയാഞ്ചക്രിരേ നൃപം.
ഹൈമാഃ കിലോപകരണാ വരുണസ്യ യഥാ പുരാ. 12

| | | | |
|---|---|---|---|
| തതഃ | അനന്തരം | ദീക്ഷയാ- ഞ്ചക്രിരേ | യാഗദീക്ഷ ചെയ്യിച്ചു. |
| തേ ബ്രഹ്മണാഃ | ആ ബ്രാഹ്മണന്മാർ | പുരാ | പണ്ട് |
| സ്വർണ്ണ- ലാംഗലൈഃ | പൊന്നിൻ കലപ്പകൾ കൊണ്ട് | വരുണസ്യ | വരുണന്റെ രാജസൂയത്തിൽ |
| ദേവയജനം | യാഗഭൂമിയെ | യഥാ | ഏതുപ്രകാരമാണോ, അതുപോലെ, എല്ലാം |
| കൃഷ്ട്വാ | ഉഴുതുവെടുപ്പാക്കി, | | |
| തത്ര | അവിടെ | ഹൈമാഃ | സ്വർണ്ണമയങ്ങളായ |
| യഥാമ്നായം | ശാസ്ത്രവിധിപ്രകാരം | ഉപകരണാഃ | ഉപകരണങ്ങൾ |
| നൃപം | രാജാവിനെ | (ആസൻ) കില | ആയിരുന്നുപോലും. |

ഇന്ദ്രാദയോ ലോകപാലാ വിരിഞ്ചഭവസംയുതാഃ
സഗണാഃ സിദ്ധഗന്ധർവ്വാ വിദ്യാധരമഹോരഗാഃ. 13
മുനയോ യക്ഷരക്ഷാംസി ഖഗകിന്നരചാരണാഃ
രാജാനശ്ച സമാഹൂതാ രാജപത്ന്യശ്ച സർവ്വശഃ. 14
രാജസൂയം സമീയുഃ സ്മ രാജ്ഞഃ പാണ്ഡുസുതസ്യ വൈ
മേനിരേ കൃഷ്ണഭക്തസ്യ സൂപപന്നമവിസ്മിതാഃ. 15

| | | | |
|---|---|---|---|
| വിരിഞ്ചഭവ- സംയുതാഃ | ബ്രഹ്മാവിനോടും പരമശിവനോടും കൂടിയവരായി, | സമാഹൂതാഃ | വേണ്ടവിധം ക്ഷണിച്ചുവരുത്തപ്പെട്ട |
| സഗണാഃ | അവരവർക്കുള്ള സംഘത്തോടും കൂടിയവരായി സ്ഥിതിചെയ്യുന്ന | സർവ്വശഃ വൈ | എല്ലാമുള്ള |
| | | രാജാനഃ ച | രാജാക്കന്മാരും, |
| | | രാജപത്ന്യഃ ച | രാജ്ഞിമാരും |
| ഇന്ദ്രാദയഃ | ഇന്ദ്രാദികളായ | പാണ്ഡുസുതസ്യ | പാണ്ഡുപുത്രനായ |
| ലോകപാലാഃ | ലോകപാലകന്മാരും, | രാജ്ഞഃ | യുധിഷ്ഠിരരാജാവിന്റെ |
| സിദ്ധഗന്ധർവ്വാഃ | സിദ്ധന്മാരും, ഗന്ധർവ്വന്മാരും, | രാജസൂയം | രാജസൂയയാഗത്തിലേക്ക് |
| | | സമീയുഃ സ്മ | എത്തിച്ചേർന്നു. |
| വിദ്യാധര- മഹോരഗാഃ | വിദ്യാധരന്മാരും, നാഗരാജാക്കന്മാരും, | അവിസ്മിതാഃ | അവരെല്ലാം ആശ്ചര്യം കലരാത്തവരായിട്ട് |
| മുനയഃ | (സനകാദി) മുനിമാരും. | കൃഷ്ണഭക്തസ്യ | ശ്രീകൃഷ്ണഭക്തനായ യുധിഷ്ഠിരന്റെ രാജസൂയം |
| യക്ഷരക്ഷാംസി | യക്ഷന്മാരും, രക്ഷസ്സുകളും, | സൂപപന്നം | നല്ലപോലെ നിറവേറിയ കർമ്മമായിട്ട് |
| ഖഗകിന്നര- ചാരണാഃ | (ഗരുഡാദി) ദിവ്യപക്ഷികളും, കിംപുരുഷന്മാരും, ചാരണന്മാരും. | മേനിരേ | കരുതി. |

അയാജയൻ മഹാരാജം യാജകാ ദേവവർച്ചസഃ
രാജസൂയേന വിധിവത് പ്രാചേതസമിവാമരാഃ. 16

| | | | |
|---|---|---|---|
| ദേവവർച്ചസഃ | ദേവകൾക്കുതുല്യം തേജസ്സുള്ളവരായ | അമരാഃ | ദേവന്മാർ |
| യാജകാഃ | ഋത്വിക്കുകൾ | പ്രാചേതസം ഇവ | വരുണനെ യജിപ്പിച്ചിരുന്നതുപോലെ |
| വിധിവത് | വിധിപ്രകാരം | മഹാരാജം | മഹാരാജാവിനെ |
| രാജസൂയേന | രാജസൂയത്താൽ, | അയാജയൻ | യജിപ്പിച്ചു. |

സുത്യേഽഹന്യവനീപാലോ യാജകാൻ സദസസ്പതീൻ
അപൂജയന്മഹാഭാഗാൻ യഥാവത് സുസമാഹിതഃ. 17

| | |
|---|---|
| സുത്യേ അഹനി | ‘സോമപാന’ത്തിൻ നാളം |
| അവനീപാലഃ | മഹാരാജാവ് യുധിഷ്ഠിരൻ |
| സുസമാഹിതഃ | ശ്രദ്ധായുക്തനായിട്ട് |
| യാജകാൻ | ഋത്വിക്കുകളേയും, |
| മഹാഭാഗാൻ | പൂജാർഹന്മാരായ |
| സദസസ്പതീൻ | സഭാപ്രധാനികളേയും |
| യഥാവത് | വേണ്ടവണ്ണം |
| അപൂജയത് | പൂജിക്കുവാനൊരുങ്ങി |

സദസ്യാഗ്ര്യാർഹണാർഹം വൈ വിമൃശന്തഃ സഭാസദഃ
നാധ്യഗച്ഛന്നനൈകാന്ത്യാത് സഹദേവസ്തദാബ്രവീത്. 18

| | |
|---|---|
| സഭാസദഃ | സദസ്സിലുള്ളവർ |
| സദസ്യാ-ഗ്ര്യാർഹണാർഹം | സദസ്യരുടെ ഇടയിൽ അഗ്രപൂജയ്ക്ക് അർഹനായ പുരുഷനാരെന്നതിനെക്കുറിച്ച് |
| വിമൃശന്തഃ വൈ | ചിന്തിച്ചുനോക്കിയിട്ടും |
| അനൈകാന്ത്യാത് | അർഹതയുള്ളവരുടെ ബഹുത്വം നിമിത്തം |
| ന അധ്യഗച്ഛൻ | ഒരു തീരുമാനത്തിലെത്തിയില്ല |
| തദാ | അപ്പോൾ |
| സഹദേവഃ | സഹദേവൻ |
| അബ്രവീത് | പറഞ്ഞു. |

അർഹതി ഹ്യച്യുതഃ ശ്രൈഷ്ഠ്യം ഭഗവാൻ സാത്വതാം പതിഃ
ഏഷ വൈ ദേവതാഃ സർവ്വാ ദേശകാലധനാദയഃ. 19

| | |
|---|---|
| ഭഗവാൻ | “സർവ്വജ്ഞാനനിധിയും, (ഐശ്വര്യാദിഷഡ്ഗുണസമ്പൂർണ്ണനും) |
| സാത്വതാം | ഭക്തജനങ്ങളുടെ |
| പതിഃ | പരിപാലകനുമായ |
| അച്യുതഃ ഹി | ശ്രീകൃഷ്ണൻതന്നെയാണ് |
| ശ്രൈഷ്ഠ്യം | അഗ്രപൂജയെ |
| അർഹതി | അർഹിക്കുന്നത്. |
| സർവ്വാഃ ദേവതാഃ | എല്ലാ ദേവന്മാരും, |
| ദേശകാല-ധനാദയഃ | ദേശം, കാലം, ധനം മുതലായുള്ളതും |
| ഏഷഃ വൈ | ഈ ശ്രീകൃഷ്ണൻതന്നെയാകുന്നു. |

യദാത്മകമിദം വിശ്വം ക്രതവശ്ച യദാത്മകാഃ
അഗ്നിരാഹുതയോ മന്ത്രാഃ സാംഖ്യം യോഗശ്ച യത്പരഃ. 20

| | |
|---|---|
| ഇദം വിശ്വം | “ഈ ലോകം |
| യദാത്മകം | യാതൊരു ആ ശ്രീകൃഷ്ണന്റെ സ്വരൂപമാകുന്നു. |
| ക്രതവഃ | യജ്ഞങ്ങളും |
| അഗ്നിഃ | അഗ്നിയും, |
| ആഹുതയഃ | ആഹുതികളും, |
| മന്ത്രാഃ ച | മന്ത്രങ്ങളും, |
| യദാത്മകാഃ | യാതൊരു ആ ശ്രീകൃഷ്ണന്റെ സ്വരൂപങ്ങളാകുന്നു. |
| സാംഖ്യം | ജ്ഞാനകാണ്ഡവും |
| യോഗഃ ച | കർമ്മകാണ്ഡവും, |
| യത്പരഃ | യാതൊരു ആ ശ്രീകൃഷ്ണനെ ഉദ്ദേശിച്ചുള്ളതാണ്. |

ഏക ഏവാദ്വിതീയോഽസാവൈതദാത്മ്യമിദം ജഗത്
ആത്മനാഽഽത്മാശ്രയഃ സഭ്യാഃ സൃജത്യവതി ഹന്ത്യജഃ. 21

| | |
|---|---|
| സഭ്യാഃ | “സഭാവാസികളേ! |
| അസൌ | ഈ ഭഗവാൻ |
| അദ്വിതീയഃ | അദ്വിതീയനായും, |
| ഏകഃ ഏവ | ഏകനായും വർത്തിക്കുന്നു. |

| | |
|---|---|
| ഇദം ജഗത് | (എന്നാൽ) ഈ ബ്രഹ്മപ്രപഞ്ചംതന്നെ |
| ഏതദാത്മ്യം | ഈ ഭഗവാന്റെ സ്വരൂപമാണ്. |
| അജഃ | ജന്മരഹിതനായ ഈ ഭഗവാൻ |
| ആത്മാശ്രയഃ | താൻതന്നെ തനിക്ക് ആശ്രയമായുള്ളവനായിട്ട് |
| ആത്മനാ | തന്നെക്കൊണ്ട് |
| സൃജതി | (ലോകത്തെ) സൃഷ്ടിക്കുന്നു; |
| അവതി | രക്ഷിക്കുന്നു; |
| ഹന്തി | സംഹരിക്കുന്നു. |

വിവിധാനീഹ കർമ്മാണി ജനയൻ യദവേക്ഷയാ
ഈഹതേ യദയം സർവ്വഃ ശ്രേയോ ധർമ്മാദിലക്ഷണം. 22

| | |
|---|---|
| യദവേക്ഷയാ | "യാതൊരു ഈ ഭഗവാന്റെ പ്രേരണയാൽ |
| അയം സർവ്വഃ | ഈ എല്ലാ ജനങ്ങളും |
| ഇഹ | ലോകത്തിൽ |
| വിവിധാനി | നാനാതരത്തിലുള്ള |
| കർമ്മാണി | കർമ്മങ്ങളെ |
| ജനയൻ | ഉളവാക്കിക്കൊണ്ട്, |
| യത് | യാതൊരു ഈ ഭഗവാനിൽനിന്നുതന്നെ |
| ധർമ്മാദിലക്ഷണം | ധർമ്മം മുതലായ സ്വരൂപത്തോടെ ഇരിക്കുന്ന |
| ശ്രേയഃ | ശ്രേയസ്സിനെ |
| ഈഹതേ | സാധിച്ചുകൊള്ളുന്നു. |

തസ്മാത് കൃഷ്ണായ മഹതേ ദീയതാം പരമാർഹണം
ഏവം ചേത് സർവ്വഭൂതാനാമാത്മനശ്ചാർഹണം ഭവേത്. 23

| | |
|---|---|
| തസ്മാത് | "ആകയാൽ |
| മഹതേ | മഹത്വമേറിയ |
| കൃഷ്ണായ | ശ്രീകൃഷ്ണനുതന്നെ |
| പരമാർഹണം | അഗ്രിമപൂജ |
| ദീയതാം | നല്കപ്പെടേണ്ടതാകുന്നു. |
| ഏവം ചേത് | അങ്ങനെ ചെയ്താൽ |
| സർവ്വഭൂതാനാം | സമസ്തപ്രാണികൾക്കും, |
| ആത്മനഃ ച | തനിക്കുതന്നെയും |
| അർഹണം | പൂജയായിട്ട് |
| ഭവേത് | അതു ഭവിച്ചേക്കും. |

നോട്ട് :— സർവ്വാത്മാവായ ശ്രീകൃഷ്ണഭഗവാനു അഗ്രപൂജ നൽകിയാൽ അതു സർവ്വർക്കും നൽകിയതായ ഫലമുളവാക്കുന്നതാണ്. അതിനാൽ അഗ്രപൂജയ്ക്കു ആരെ വരിക്കണമെന്നു സംശയിക്കേണ്ടതില്ലെന്നു സാരം.

സർവ്വഭൂതാത്മഭൂതായ കൃഷ്ണായാനന്യദർശിനേ
ദേയം ശാന്തായ പൂർണ്ണായ ദത്തസ്യാനന്ത്യമിച്ഛതാ. 24

| | |
|---|---|
| ദത്തസ്യ | "ദാനത്തിനു |
| ആനന്ത്യം | അതിരററ ഫലം |
| ഇച്ഛതാ | സിദ്ധിക്കുവാൻ ആഗ്രഹിക്കുന്ന ഒരുവനാൽ |
| സർവ്വഭൂതാത്മഭൂതായ | സർവ്വപ്രാണിജാലങ്ങളുടേയും അന്തരാത്മാവായി സ്ഥിതിചെയ്യുന്നവനും, |
| പൂർണ്ണായ | എങ്ങും നിറഞ്ഞവനും, |
| അനന്യദർശിനേ | ഭേദദൃഷ്ടിയില്ലാത്തവനും, |
| ശാന്തായ | രാഗദ്വേഷാദിരഹിതനും ആയ |
| കൃഷ്ണായ | ശ്രീകൃഷ്ണഭഗവാനു |
| ദേയം | നൽകപ്പെടേണ്ടതാകുന്നു." |

ഇത്യുക്ത്വാ സഹദേവോഽഭൂത് തൂഷ്ണീം കൃഷ്ണാനുഭാവവിത്
തച്ഛ്രുത്വാ തുഷ്ടുവുഃ സർവ്വേ സാധു സാധ്വിതി സത്തമാഃ. 25

| | |
|---|---|
| കൃഷ്ണാനുഭാവവിത് | ശ്രീകൃഷ്ണന്റെ മാഹാത്മ്യത്തെ മനസ്സിലാക്കിയിരിക്കുന്ന |
| സഹദേവഃ | സഹദേവൻ |
| ഇതി ഉക്ത്വാ | ഇത്രയും പറഞ്ഞു് |
| തൂഷ്ണീം അഭൂത് | വിരമിച്ചു. |
| സർവ്വേ സത്തമാഃ | എല്ലാ സജ്ജനങ്ങളും |
| തത് ശ്രുത്വാ | അതുകേട്ടു് |
| സാധു സാധു | 'ശരിതന്നെ, ശരിതന്നെ' |
| ഇതി | എന്നുപറഞ്ഞു് |
| തുഷ്ടുവുഃ | സ്തുതിച്ചു. |

ശ്രുത്വാ ദ്വിജേരിതം രാജാ ജ്ഞാത്വാ ഹാർദ്ദം സഭാസദാം
സമർഹയദ്ധൃഷീകേശം പ്രീതഃ പ്രണയവിഹ്വലഃ. 26

| | |
|---|---|
| ദ്വിജേരിതം | ബ്രാഹ്മണരുടെ വാക്കിനെ |
| ശ്രുത്വാ | കേട്ടു്, |
| സഭാസദാം | സഭാവാസികളുടെ |
| ഹാർദ്ദം | അഭിമതത്തേയും |
| ജ്ഞാത്വാ | അറിഞ്ഞതശേഷം |
| പ്രീതഃ | സന്തുഷ്ടനും |
| പ്രണയവിഹ്വലഃ | സ്നേഹപരിവശനുമായി ഭവിച്ച |
| രാജാ | ധർമ്മപുത്രരാജാവു് |
| ഹൃഷീകേശം | ശ്രീകൃഷ്ണനെ |
| സമർഹയത് | വഴിപോലെ ആരാധിച്ചു. |

തത്പാദാവവനിജ്യാപഃ ശിരസാ ലോകപാവനീഃ
സഭാര്യഃ സാനുജാമാത്യഃ സകുടുംബോഽവഹന്മുദാ. 27

| | |
|---|---|
| തത്പാദൌ | അവിടുത്തെ തൃപ്പാദങ്ങളെ |
| അവനിജ്യ | കഴുകിച്ചു്, |
| ലോകപാവനീഃ | ലോകത്തെ പരിശുദ്ധമാക്കിത്തീർക്കുന്ന |
| അപഃ | ആ ജലത്തെ |
| സഭാര്യഃ | പത്നിയോടും,— |
| സാനുജാമാത്യഃ | അനുജന്മാരോടും, മന്ത്രിമാരോടും,— |
| സകുടുംബഃ | കുടുംബത്തിലെ മററു ജനങ്ങളോടും കൂടി |
| മുദാ | സന്തോഷത്തോടെ |
| ശിരസാ | ശിരസ്സുകൊണ്ടു് |
| അവഹത് | ഏററു. |

വാസോഭിഃ പീതകൌശേയൈർഭൂഷണൈശ്ച മഹാധനൈഃ
അർഹയിത്വാശ്രുപൂർണ്ണാക്ഷോ നാശകത് സമവേക്ഷിതും. 28

| | |
|---|---|
| പീതകൌശേയൈഃ | മഞ്ഞപ്പട്ടുതുണികൊണ്ടു നിർമ്മിതങ്ങളായ |
| വാസോഭിഃ | വസ്ത്രങ്ങൾകൊണ്ടും, |
| മഹാധനൈഃ | വളരെ വിലകൂടിയ |
| ഭൂഷണൈഃ ച | ഭൂഷണങ്ങൾകൊണ്ടും |
| അർഹയിത്വാ | ആരാധിച്ചു് |
| അശ്രുപൂർണ്ണാക്ഷഃ | സന്തോഷാശ്രുക്കൾ നിറഞ്ഞുള്ള കണ്ണിണയോടുകൂടിയ യുധിഷ്ഠിരൻ |
| സമവേക്ഷിതും | നല്ലപോലെ നോക്കുവാൻതന്നെ |
| ന അശകത് | ശക്തനായില്ല. |

ഇത്ഥം സഭാജിതം വീക്ഷ്യ സർവ്വേ പ്രാഞ്ജലയോ ജനാഃ
നമോ ജയേതി നേമുസ്തം നിപേതുഃ പുഷ്പവൃഷ്ടയഃ. 29

| | |
|---|---|
| ഇത്ഥം | ഇപ്രകാരം |
| സഭാജിതം | ആരാധിതനായ |
| തം വീക്ഷ്യ | ഭഗവാനെ കണ്ടു് |
| സർവ്വേ ജനാഃ | എല്ലാ ജനങ്ങളും |
| പ്രാഞ്ജലയഃ | കൂപ്പുകൈയോടെനിന്നു് |
| നമഃ | 'നമസ്കാരം, |
| ജയ | ഭഗവാൻ ജയിക്കട്ടെ' |
| ഇതി | എന്നുച്ചരിച്ചുകൊണ്ടു് |
| നേമുഃ | നമസ്കരിച്ചു. |
| പുഷ്പവൃഷ്ടയഃ | പൂമാരികൾ |
| നിപേതുഃ | പൊഴിഞ്ഞു. |

ഇത്ഥം നിശമ്യ ദമഘോഷസുതഃ സ്വപീഠാ-
ദുത്ഥായ കൃഷ്ണഗുണവർണ്ണനജാതമന്യുഃ
ഉത്ക്ഷിപ്യ ബാഹുമിദമാഹ സദസ്യമർഷീ
സംശ്രാവയൻ ഭഗവതേ പരുഷാണ്യഭീതഃ. 30

| | | | |
|---|---|---|---|
| ഇത്ഥം | ഇപ്രകാരമുള്ളതു് | ഉത്ഥായ | എഴുന്നേററു്, |
| നിശമ്യ | കണ്ടും, കേട്ടും | സദസി | സഭയിൽ |
| കൃഷ്ണഗുണ-വർണ്ണന-ജാതമന്യുഃ | ശ്രീകൃഷ്ണൻെറ ഗുണവർണ്ണനങ്ങൾ കേട്ടതുകൊണ്ടു സംജാതമായ കോപത്തോടുകൂടിയ | ബാഹും ഉത്ക്ഷിപ്യ | കൈയ്യുയർത്തിപ്പിടിച്ചു്, |
| | | അഭീതഃ | നിർഭയനായിനിന്നു് |
| | | ഭഗവതേ | ഭഗവാന്നു് |
| ദമഘോഷസുതഃ | ശിശുപാലൻ | പരുഷാണി | ശകാരങ്ങളെ |
| അമർഷീ | പൊറുപ്പുററവനായിട്ടു് | സംശ്രാവയൻ | ഒരുപാടു കേൾപ്പിച്ചുകൊണ്ടു് |
| സ്വപീഠാത് | തൻെറ ഇരിപ്പിടത്തിൽനിന്നു് | ഇദം ആഹ | ഇങ്ങനെ പറഞ്ഞു. |

ഈശോ ദുരത്യയഃ കാല ഇതി സത്യവതീ ശ്രുതിഃ
വൃദ്ധാനാമപി യദ്ബുദ്ധിർബ്ബാലവാക്യൈർവ്വിഭിദ്യതേ. 31

| | | | |
|---|---|---|---|
| കാലഃ | "കാലം | യത് | എന്തെന്നാൽ |
| ഈശഃ | എന്തിനും കഴിവുള്ളതാണു്; | വൃദ്ധാനാം | പ്രായംചെന്നവരുടെ |
| | | ബുദ്ധിഃ അപി | ബുദ്ധികൂടിയും |
| ദുരത്യയഃ | അലംഘ്യമായതാണു് | ബാലവാക്യൈഃ | ചെറിയവരുടെ വാക്കുകളാൽ |
| ഇതി ശ്രുതിഃ | എന്നുള്ള ശ്രുതിവചനം | | |
| സത്യവതീ | യഥാർത്ഥമായതത്രേ. | വിഭിദ്യതേ | വ്യത്യാസപ്പെട്ടുപോകുന്നു. |

യൂയം പാത്രവിദാം ശ്രേഷ്ഠാ മാ മന്ധ്വം ബാലഭാഷിതം
സദസസ്പതയഃ സർവ്വേ കൃഷ്ണോ യത് സമ്മതോഽർഹണേ. 32

| | | | |
|---|---|---|---|
| സദസസ്പതയഃ | "സഭാനേതാക്കന്മാരേ! | സമ്മതഃ | പററിയ ആളു |
| യൂയം സർവ്വേ | നിങ്ങളെല്ലാവരും | കൃഷ്ണഃ | കൃഷ്ണനാണു്,' |
| പാത്രവിദാം | ആരേരിക്കപ്പെടേണ്ടുന്നവരെ അറിഞ്ഞിരിക്കുന്നവരിൽ | യത് | എന്നുള്ള |
| | | ബാലഭാഷിതം | ഒരു ബാലൻെറ (സഹദേവൻെറ) വാക്കിനെ |
| ശ്രേഷ്ഠാഃ | മികച്ചവരാകുന്നു. | | |
| അർഹണേ | 'അഗ്രപൂജക്കു് | മാ മന്ധ്വം | കണക്കിലെടുക്കരുതു്. |

തപോവിദ്യാ വ്രതധരാൻ ജ്ഞാനവിധ്വസ്തകല്മഷാൻ
പരമർഷീൻ ബ്രഹ്മനിഷ്ഠാൻ ലോകപാലൈശ്ച പൂജിതാൻ. 33

സദസ്പതീനതിക്രമ്യ ഗോപാലഃ കലപാംസനഃ
യഥാ കാകഃ പുരോഡാശം സപര്യ്യാം കഥമർഹതി. 34

| | |
|---|---|
| തപോവിദ്യാ-വ്രതധരാൻ | "തപസ്സ്, വിജ്ഞാനം, വ്രതങ്ങൾ എന്നിവയൊക്കെയുള്ളവരും, |
| ജ്ഞാന-വിധ്വസ്ത-കല്മഷാൻ | ജ്ഞാനത്താൽ വേരറുക്കപ്പെട്ട പാപത്തോടുകൂടിയവരും, |
| പരമർഷീൻ | വിശിഷ്ടഋഷികളും, |
| ബ്രഹ്മനിഷ്ഠാൻ | ബ്രഹ്മജ്ഞാനികളും, |
| ലോകപാലൈഃ | ഇന്ദ്രാദിലോകപാലന്മാരാൽ |
| പൂജിതാൻ ച | പൂജിതന്മാരും ആയ |
| സദസ്പതീൻ | സഭാനേതാക്കന്മാരെ |
| അതിക്രമ്യ | തള്ളിക്കളഞ്ഞു് |
| കുലപാംസനഃ | വംശത്തിന്നു കളങ്കമായ |
| ഗോപാലഃ | ഈ പശുപാലൻ |
| പുരോഡാശം | യാഗാഗ്നിയിൽ ഹോമിക്കേണ്ടുന്ന പുരോഡാശത്തെ |
| കാകഃ യഥാ | കാക്കയെന്നപോലെ |
| സപര്യാം | അഗ്രപൂജയെ |
| കഥം അർഹതി | അർഹിക്കുന്നതെങ്ങനെ? |

വർണ്ണാശ്രമകുലാപേതഃ സർവ്വധർമ്മബഹിഷ്കൃതഃ
സ്വൈരവർത്തീ ഗുണൈർഹീനഃ സപര്യാം കഥമർഹതി. 35

| | |
|---|---|
| വർണ്ണാശ്രമ-കുലാപേതഃ | "വർണ്ണമോ, ആശ്രമമോ, കുലമോ ഇല്ലാത്തവനും, |
| സർവ്വധർമ്മ-ബഹിഷ്കൃതഃ | സകലധർമ്മങ്ങളിൽനിന്നും പുറംതള്ളപ്പെട്ടിരിക്കുന്നവനും, |
| സ്വൈരവൃത്തിഃ | തന്നിഷ്ടംപോലെ നടക്കുന്നവനും |
| ഗുണൈഃ | സൽഗുണങ്ങളാൽ |
| ഹീനഃ | വിഹീനനും ആയവൻ |
| സപര്യാം | അഗ്രപൂജയെ |
| കഥം അർഹതി | അർഹിക്കുന്നതെങ്ങനെ? |

യയാതിനൈഷാം ഹി കുലം ശപ്തം സത്ഭിർബ്ബഹിഷ്കൃതം
വൃഥാപാനരതം ശശ്വത് സപര്യാം കഥമർഹതി. 36

| | |
|---|---|
| യയാതിനാ | "യയാതിരാജാവിനാൽ |
| ഏഷാം കുലം | ഇവരുടെ വംശം |
| ശപ്തം | ശപിക്കപ്പെട്ടതാകുന്നു |
| ഹി | തന്നിമിത്തം |
| സത്ഭിഃ | സജ്ജനങ്ങളാൽ |
| ബഹിഷ്കൃതം | ബഹിഷ്കരിക്കപ്പെട്ടതുമാകുന്നു. |
| ശശ്വത് | എല്ലാനേരത്തും |
| വൃഥാപാനരതം | അനാവശ്യമായി (യാഗാദികളിലല്ലാതെ) മദ്യപാനത്തിൽ തൽപരമായതാണു്. |
| സപര്യാം | അഗ്രപൂജയെ |
| കഥം അർഹതി | അർഹിപ്പതെങ്ങനെ? |

ബ്രഹ്മർഷിസേവിതാൻ ദേശാൻ ഹിത്വൈതേഽബ്രഹ്മവർച്ചസം
സമുദ്രം ദുർഗ്ഗമാശ്രിത്യ ബാധന്തേ ദസ്യവഃ പ്രജാഃ. 37

| | |
|---|---|
| ബ്രഹ്മർഷി-സേവിതാൻ | ബ്രഹ്മർഷിമാരാൽ സേവിതമായ (ബ്രഹ്മർഷിമാർ നിവസിക്കുന്ന) |
| ദേശാൻ | ദേശങ്ങളെ (മഥുരാദി പ്രദേശങ്ങളെ) |
| ഹിത്വാ | ഉപേക്ഷിച്ചു് |
| അബ്രഹ്മവർച്ചസം | ബ്രഹ്മതേജസ്സിനെ കെടുത്തുന്നതും, |
| ദുർഗ്ഗം | ദുർഗ്ഗമവുമായ |
| സമുദ്രം | സമുദ്രത്തെ |
| ആശ്രിത്യ | ആശ്രയിച്ചു് |
| ഏതേ ദസ്യവഃ | ഈ കള്ളന്മാർ |
| പ്രജാഃ | ജനങ്ങളെ |
| ബാധന്തേ | ദ്രോഹിച്ചുകൊണ്ടിരിക്കുന്നു". |

ഏവമാദീന്യഭദ്രാണി ബഭാഷേ നഷ്ടമംഗലഃ
നോവാച കിഞ്ചിദ് ഭഗവാൻ യഥാ സിംഹഃ ശിവാരുതം. 38

| | | | |
|---|---|---|---|
| നഷ്ടമംഗലഃ | നന്മകെട്ടിരിക്കുന്ന ആ ശിശുപാലൻ | ശിവാരുതം (ശ്രുത്വാ) | ഓളിക്കുറുക്കന്റെ നിലവിളി കേട്ടിട്ട് |
| ഏവമാദീനി | ഈവിധം തുടങ്ങിയ | സിംഹഃ | സിംഹം |
| അഭദ്രാണി | ശകാരവാക്കുകളെ | യഥാ | മിണ്ടാതിരിക്കുന്നപോലെ |
| ബഭാഷേ | പറഞ്ഞുതുടങ്ങി. | കിഞ്ചിത് | യാതൊന്നും |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാനാകട്ടെ | ന ഉവാച | മറുപടി പറഞ്ഞില്ല. |

ഭഗവന്നിന്ദനം ശ്രുത്വാ ദുഃസഹം തത് സഭാസദഃ
കർണ്ണൗ പിധായ നിര്‍ജ്ജഗ്മുഃ ശപന്തശ്ചേദിപം രുഷാ. 39

| | | | |
|---|---|---|---|
| തത് ദുസ്സഹം | ആ സഹിച്ചുകൂടാത്ത | ചേദിപം | ശിശുപാലനെ |
| ഭഗവന്നിന്ദനം | ഭഗവന്നിന്ദയെ | ശപന്തഃ | ശപിച്ചുകൊണ്ട് |
| ശ്രുത്വാ | കേട്ട് | കർണ്ണൗ | കാതുകളെ |
| സഭാസദഃ | സഭാവാസികൾ | പിധായ | പൊത്തി, |
| രുഷാ | കോപത്തോടെ | നിര്‍ജ്ജഗ്മുഃ | സ്ഥലം വിട്ടുപോയി. |

നിന്ദാം ഭഗവതഃ ശൃണ്വംസ്തത്പരസ്യ ജനസ്യ വാ
തതോ നാപൈതി യഃ സോഽപി യാത്യധഃ സുകൃതാച്ച്യുതഃ. 40

| | | | |
|---|---|---|---|
| ഭഗവതഃ | ഭഗവാനെ സംബന്ധിച്ചോ, | യഃ | യാതൊരാൾ |
| | | തതഃ | അവിടംവിട്ട് |
| തത്പരസ്യ | ഭഗവൽഭക്തിയുള്ള | ന അപൈതി | പോകുന്നില്ലയോ, |
| ജനസ്യ വാ | ജനത്തെ സംബന്ധിച്ചോ ഉള്ളതായ | സഃ അപി | ആയാൾകൂടിയും |
| | | സുകൃതാത് | സുകൃതത്തിൽനിന്ന് |
| നിന്ദാം | നിന്ദാവചനത്തെ | ച്യുതഃ | ഭ്രഷ്ടനായിട്ട് |
| ശൃണ്വൻ | കേട്ടുകൊണ്ട് | അധഃ യാതി | അധഃപതിക്കുന്നു. |

തതഃ പാണ്ഡുസുതാഃ ക്രുദ്ധാ മത്സ്യകൈകയസൃഞ്ജയാഃ
ഉദായുധാഃ സമുത്തസ്ഥുഃ ശിശുപാലജിഘാംസവഃ. 41

| | | | |
|---|---|---|---|
| തതഃ | അപ്പോൾ | | ലുള്ളവരും |
| ഉദായുധാഃ | ആയുധമേന്തിയ | ക്രുദ്ധാഃ | കോപം കലർന്നവരായിട്ട് |
| പാണ്ഡുസുതാഃ | പാണ്ഡുപുത്രന്മാരും, | ശിശുപാലജിഘാംസവഃ | ശിശുപാലനെ കൊല്ലുന്നതിനൊരുങ്ങിക്കൊണ്ട് |
| മത്സ്യകൈകയസൃഞ്ജയാഃ | മത്സ്യം, കേകയം, സൃഞ്ജയം എന്നീ ദേശങ്ങളി | സമുത്തസ്ഥുഃ | എഴുന്നേററു. |

തതശ്ചൈദ്യസ്ത്വസംഭ്രാന്തോ ജഗൃഹേ ഖഡ്ഗചർമ്മണീ
ഭർത്സയൻ കൃഷ്ണപക്ഷീയാൻ രാജ്ഞഃ സദസി ഭാരത. 42

| | | | |
|---|---|---|---|
| ഭാരത | അല്ലയോ പരീക്ഷിത്തേ! | കൃഷ്ണപക്ഷീയാൻ | ശ്രീകൃഷ്ണന്റെ പക്ഷക്കാരായ |
| തതഃ | അന്നേരത്തു് | രാജ്ഞഃ | രാജാക്കന്മാരെ |
| ചൈദ്യഃ തു | ശിശുപാലനാകട്ടെ | ഭൎത്സയൻ | നിന്ദിച്ചുപറഞ്ഞുകൊണ്ടു് |
| അസംഭ്രാന്തഃ | പരിഭ്രമം കൂടാത്തവനായിട്ടുതന്നെ | ഖഡ്ഗചൎമ്മണീ | വാളും പരിചയും |
| സദസി | സഭയിൽ | ജഗൃഹേ | കൈയിലെടുത്തു. |

താവദുത്ഥായ ഭഗവാൻ സ്വാൻ നിവാൎയ്യ സ്വയം രുഷാ
ശിരഃ ക്ഷുരാന്തചക്രേണ ജഹാരാപതതോ രിപോഃ. 43

| | | | |
|---|---|---|---|
| താവത് | അപ്പോഴേക്കും | ക്ഷുരാന്ത- ചക്രേണ | കത്തിപോലെ മൂൎച്ചയേറിയമുനമ്പുള്ള സുദൎശനചക്രത്താൽ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | സ്വയം | തന്നത്താൻ |
| ഉത്ഥായ | എഴുന്നേററു് | ആപതതഃ | വന്നടുക്കുന്ന |
| സ്വാൻ | തന്റെ ആളുകളെ | രിപോഃ | ശത്രുവിന്റെ |
| നിവാൎയ്യ | തടഞ്ഞുനിൎത്തി, | ശിരഃ ജഹാര | ശിരസ്സിനെ ഛേദിച്ചു. |
| രുഷാ | കോപത്തോടെ | | |

ശബ്ദഃ കോലാഹലോഽപ്യാസീത് ശിശുപാലേ ഹതേ മഹാൻ
തസ്യാനുയായിനോ ഭൂപാ ദുദ്രുവുൎജ്ജീവിതൈഷിണഃ. 44

| | | | |
|---|---|---|---|
| ശിശുപാലേ | ശിശുപാലൻ | തസ്യ | അവന്റെ |
| ഹതേ | വധിക്കപ്പെട്ടപ്പോൾ | അനുയായിനഃ | അനുയായികളായ |
| മഹാൻ | വലിയ | ഭൂപാഃ | രാജാക്കന്മാർ |
| കോലാഹലഃ | ബഹളമയമായ | ജീവിതൈഷിണഃ | ജീവനെക്കാംക്ഷിച്ചുകൊണ്ടു് |
| ശബ്ദഃ അപി | ശബ്ദവും | ദുദ്രുവുഃ | ഓടിപ്പൊയ്ക്കളഞ്ഞു. |
| ആസീത് | ഉണ്ടായി. | | |

ചൈദ്യദേഹോത്ഥിതം ജ്യോതിൎവ്വാസുദേവമുപാവിശത്
പശ്യതാം സൎവ്വഭൂതാനാമുല്ക്കേവ ഭുവി ഖാച്ച്യുതാ. 45

| | | | |
|---|---|---|---|
| ചൈദ്യ- ദേഹോത്ഥിതം | ശിശുപാലന്റെ ശരീരത്തിൽനിന്നുണ്ടായ | ച്യുതാ | വീണതായ |
| ജ്യോതിഃ | ജീവതേജസ്സ് | ഉല്ക്കാ | കൊള്ളിമീൻ |
| സൎവ്വഭൂതാനാം | സൎവ്വപ്രാണികളും | ഭുവി ഇവ | ഭൂമിയിലെന്നപോലെ |
| പശ്യതാം | നോക്കിനില്ക്കെ, | വാസുദേവം | ശ്രീകൃഷ്ണനിലേക്ക് |
| ഖാത് | ആകാശത്തിൽനിന്നു് | ഉപാവിശത് | ചെന്നുചേൎന്നു. |

ജന്മത്രയാനുഗുണിതവൈരസംരബ്ധയാ ധിയാ
ധ്യായംസ്തന്മയതാം യാതോ ഭാവോ ഹി ഭവകാരണം. 46

| | | | |
|---|---|---|---|
| ജന്മത്രയാ- നുഗുണിത- വൈര- സംരബ്ധയാ | (ഹിരണ്യകശിപുവായും, രാവണനായും, ശിശുപാലനായും ഉള്ള) മൂന്നു ജന്മങ്ങളിലും തുടൎന്നുവന്ന | | വിദ്വേഷത്താൽ ആവിഷ്ടമായ |
| | | ധിയാ | ബുദ്ധികൊണ്ടു് |
| | | ധ്യായൻ | ഭഗവാനെത്തന്നെ ധ്യാനിച്ചുകൊണ്ടിരുന്ന ഇവൻ |

| | | | |
|---|---|---|---|
| തന്മയതാം | ഭഗവൽ സാരൂപ്യത്തെ | ഭാവകാരണം ഹി ധ്യേയവസ്തുവിന്റെ ആകൃതിക്കനുസരിച്ചു ഉൽപത്തിക്ക് നിമിത്തമായിത്തീരുന്നതാണല്ലോ. | |
| യാതഃ | പ്രാപിച്ചു. (വീണ്ടും വിഷ്ണുപാർഷദനായി ഭവിച്ചു) | | |
| ഭാവഃ | അനുധ്യാനം | | |

ഋത്വിഗ്ഭ്യഃ സസദസ്യേഭ്യോ ദക്ഷിണാം വിപുലാമദാത്
സർവ്വാൻ സംപൂജ്യ വിധിവച്ചക്രേഽവഭൃഥമേകരാട്. 47

| | | | |
|---|---|---|---|
| ഏകരാട് | ഏകച്ഛത്രാധിപതിയായ യുധിഷ്ഠിരൻ | സർവ്വാൻ | എല്ലാവരേയും |
| സസദസ്യേഭ്യഃ | സദസ്യരോടുകൂടിയ | സംപൂജ്യ | നല്ലപോലെ ആരാധിച്ചശേഷം |
| ഋത്വിഗ്ഭ്യഃ | യാജകന്മാർക്ക് | വിധിവത് | വിധിപ്രകാരം |
| വിപുലാം | വലിയതോതിലുള്ള | അവഭൃഥം | അവഭൃഥമെന്ന യജ്ഞദീക്ഷാന്തസ്നാനത്തെയും |
| ദക്ഷിണാം | ദക്ഷിണയെ | ചക്രേ | ചെയ്തു. |
| അദാത് | കൊടുത്തു. | | |

സാധയിത്വാ ക്രതും രാജ്ഞഃ കൃഷ്ണോ യോഗേശ്വരേശ്വരഃ
ഉവാസ കതിചിന്മാസാൻ സുഹൃദ്ഭിരഭിയാചിതഃ. 48

| | | | |
|---|---|---|---|
| രാജ്ഞഃ | യുധിഷ്ഠിരമഹാരാജാവിന്നു് | സുഹൃദ്ഭിഃ | ബന്ധുജനങ്ങളാൽ |
| ക്രതും | രാജസൂയയാഗത്തെ | അഭിയാചിതഃ | പ്രാർത്ഥിതനായിട്ടു് |
| സാധയിത്വാ | നിറവേററിക്കൊടുത്തു് | കതിചിത് | ഏതാനും, |
| യോഗേശ്വരേശ്വരഃ | ബ്രഹ്മാദിയോഗേശ്വരന്മാർക്കും ഈശ്വരനായ | മാസാൻ | മാസങ്ങളോളം |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | ഉവാസ | അവിടെ താമസിച്ചു. |

തതോഽനുജ്ഞാപ്യ രാജാനമനിച്ഛന്തമപീശ്വരഃ
യയൗ സഭാര്യഃ സാമാത്യഃ സ്വപുരം ദേവകീസുതഃ. 49

| | | | |
|---|---|---|---|
| തതഃ | അനന്തരം | ഈശ്വരഃ | സർവ്വേശ്വരനായ |
| അനിച്ഛന്തം അപി | തന്റെ വേർപാടിനെ ഇഷ്ടപ്പെടാതിരിക്കുന്നവനാണെങ്കിലുംകൂടി | ദേവകീസുതഃ | ശ്രീകൃഷ്ണൻ |
| | | സഭാര്യഃ | ഭാര്യമാരോടും, |
| | | സാമാത്യഃ | മന്ത്രിമാരോടുംകൂടി |
| രാജാനം | യുധിഷ്ഠിരരാജാവിനോട് | സ്വപുരം | തന്റെ ദ്വാരകാപുരിയിലേക്ക് |
| അനുജ്ഞാപ്യ | യാത്രപറഞ്ഞു്, | യയൗ | യാത്രയായി. |

വർണ്ണിതം തദുപാഖ്യാനം മയാ തേ ബഹുവിസ്തരം
വൈകുണ്ഠവാസിനോർജ്ജന്മ വിപ്രശാപാത് പുനഃ പുനഃ. 50

| | | | |
|---|---|---|---|
| വൈകുണ്ഠവാസിനോഃ | വിഷ്ണുലോകവാസികളായ ജയവിജയന്മാർക്ക് | പുനഃ പുനഃ | വീണ്ടും വീണ്ടും |
| | | ജന്മ | ജന്മമുണ്ടായതും, |
| വിപ്രശാപാത് | സനകാദിമുനിമാരുടെ ശാപംനിമിത്തം | തദുപാഖ്യാനം | അതുസംബന്ധമായുള്ള കഥയും |

| | | | |
|---|---|---|---|
| മയാ | എന്നാൽ | ബഹുവിസ്തരം | ഏറ്റവും വിസ്തരിച്ച് |
| തേ | അങ്ങയോട് | വൎണ്ണിതം | വൎണ്ണിക്കപ്പെട്ടിരിക്കുന്നു. |

രാജസൂയാവഭൃഥ്യേന സ്നാതോ രാജാ യുധിഷ്ഠിരഃ
ബ്രഹ്മക്ഷത്രസഭാമദ്ധ്യേ ശുശുഭേ സുരരാഡിവ. 51

| | | | |
|---|---|---|---|
| രാജസൂയാ—വഭൃഥ്യേന | രാജസൂയം സംബന്ധിച്ച അവഭൃഥത്താൽ | ബ്രഹ്മക്ഷത്ര—സഭാമദ്ധ്യേ | ബ്രാഹ്മണരുടേയും ക്ഷത്രിയരുടേയും സഭയ്ക്കു നടുവിൽ |
| സ്നാതഃ | സ്നാനംകഴിച്ച | സുരരാട് ഇവ | ദേവരാജാവെന്നപോലെ |
| രാജാ | മഹാരാജാവ് | ശുശുഭേ | ശോഭിച്ചു. |
| യുധിഷ്ഠിരഃ | യുധിഷ്ഠിരൻ | | |

രാജ്ഞാ സഭാജിതാഃ സൎവ്വേ സുരമാനവഖേചരാഃ
കൃഷ്ണം ക്രതും ച ശംസന്തഃ സ്വധാമാനി യയുൎമ്മുദാ. 52

| | | | |
|---|---|---|---|
| രാജ്ഞാ | രാജാവിനാൽ | ക്രതും ച | യാഗത്തെയും |
| സഭാജിതാഃ | സംപൂജിതരായി ഭവിച്ച | ശംസന്തഃ | പ്രശംസിച്ചുകൊണ്ട് |
| സുരമാനവ—ഖേചരാഃ | ദേവന്മാരും, മനുജന്മാരും, മററുള്ള ദിവ്യജനങ്ങളും | മുദാ | സന്തോഷത്തോടെ |
| സൎവ്വേ | മുഴുവൻ | സ്വധാമാനി | അവരവരുടെ സ്ഥലങ്ങളിലേക്ക് |
| കൃഷ്ണം | ശ്രീകൃഷ്ണനേയും, | യയുഃ | പോയി. |

ദുൎയ്യോധനമൃതേ പാപം കലിം കുരുകുലാമയം
യോ ന സേഹേ ശ്രിയം സ്ഫീതാം ദൃഷ്ട്വാ പാണ്ഡുസുതസ്യ താം. 53

| | | | |
|---|---|---|---|
| പാണ്ഡുസുതസ്യ | യുധിഷ്ഠിരന്റെ | കുരുകുലാമയം | കുരുവംശത്തിലെ വ്യാധിയും, |
| താം സ്ഫീതാം | ആ സമൃദ്ധമായ | കലിം | കലിയുടെ അംശവും, |
| ശ്രിയം ദൃഷ്ട്വാ | സമ്പത്തിനെ കണ്ടു് | പാപം | അധൎമ്മിഷ്ഠനുമായ |
| യഃ | യാതൊരുവൻ | ദുൎയ്യോധനം ഋതേ | ദുൎയ്യോധനനൊഴിച്ച് |
| ന സേഹേ | പൊറുപ്പററിരുന്നുവോ, | (സൎവ്വേ യയുഃ) | മറെറല്ലാവരും പോയി. |
| (തം) | അങ്ങനെയുള്ള ഒരുവനും, | | |

യ ഇദം കീൎത്തയേദ്വിഷ്ണോഃ കൎമ്മ ചൈദ്യവധാദികം
രാജമോക്ഷം വിതാനം ച സൎവ്വപാപൈഃ പ്രമുച്യതേ. 54

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | രാജമോക്ഷം | രാജാക്കന്മാരുടെ മോചനത്തേയും, |
| ചൈദ്യ—വധാദികം | ശിശുപാലവധം തുടങ്ങിയുള്ളതായ | വിതാനം ച | യാഗമഹോത്സവത്തേയും |
| വിഷ്ണോഃ | ശ്രീകൃഷ്ണഭഗവാന്റെ | കീൎത്തയേത് | കീൎത്തിക്കുമോ, ആയാൾ |
| ഇദം കൎമ്മ | ഈ പ്രവൃത്തിയേയും, | സൎവ്വപാപൈഃ | സൎവ്വപാപങ്ങളാലും |
| | | വിമുച്യതേ | വിമോചിക്കപ്പെടുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാൎദ്ധേ
ശിശുപാലവധോ നാമ ചതുഃസപ്തതിതമോഽദ്ധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3189.

## പഞ്ചസപ്തതിതമോऽദ്ധ്യായഃ=എഴുപത്തഞ്ചാമദ്ധ്യായം.

[പഞ്ചയുക്സപ്തതിതമേ യജ്ഞാവഭൃഥസംഭ്രമഃ
സുയോധനസ്യ ചാക്ഷാന്ത്യാ മാനഭംഗോ ദൃശിഭ്രമാത് ]
(യുധിഷ്ഠിരന്റെ അവഭൃഥസ്നാനോത്സവവും, ദുര്യ്യോധനന്റെ മാനഭംഗവും )

രാജോവാച=പരീക്ഷിത്ത് രാജാവു് പറഞ്ഞു :—

അജാതശത്രോസ്തം ദൃഷ്ട്വാ രാജസൂയമഹോദയം
സർവ്വേ മുമുദിരേ ബ്രഹ്മൻ നൃദേവാ യേ സമാഗതാഃ 1
ദുര്യ്യോധനം വർജ്ജയിത്വാ രാജാനഃ സർഷയഃ സുരാഃ
ഇതി ശ്രുതം നോ ഭഗവംസ്തത്ര കാരണമുച്യതാം. 2

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ! | സുരാഃ | ദേവന്മാരും, |
| അജാതശത്രോഃ | ശത്രുക്കളില്ലാത്ത യുധിഷ്ഠിരമഹാരാജാവിന്റെ | യേ | യാതൊരുവർ വേറെയും |
| തം രാജസൂയമഹോദയം | ആ രാജസൂയമഹോത്സവത്തെ | സമാഗതാഃ | വന്നുചേന്നിരുന്നുവോ, |
| ദൃഷ്ട്വാ | കണ്ടിട്ടു്, | സർവ്വേ | അവരെല്ലാവരും |
| ദുര്യോധനം | ദുര്യ്യോധനനെ | മുമുദിരേ | സന്തോഷിച്ചു |
| വർജ്ജയിത്വാ | വിട്ടു മററുള്ള | ഇതി | എന്നുള്ളതു് |
| രാജാനഃ | രാജാക്കന്മാരും, | നഃ ശ്രുതം | നമുക്കു കേട്ടറിവുണ്ടു്. |
| നൃദേവാഃ | മാനവപ്രഭുക്കളും, | ഭഗവൻ | സർവ്വജ്ഞനായ ഋഷേ! |
| സർഷയഃ | ഋഷിമാരോടൊന്നിച്ചുള്ള | തത്ര | അതിനുള്ള |
| | | കാരണം | ഹേതുവെന്തെന്നു് |
| | | ഉച്യതാം | പറഞ്ഞറിയിക്കപ്പെട്ടാലും, |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

പിതാമഹസ്യ തേ യജ്ഞേ രാജസൂയേ മഹാത്മനഃ
ബാന്ധവാഃ പരിചര്യ്യായാം തസ്യാസൻ പ്രേമബന്ധനാഃ. 3

| | | | |
|---|---|---|---|
| മഹാത്മനഃ | മഹാമനസ്സനും, | യജ്ഞേ | യാഗത്തിൽ |
| തേ | അങ്ങയുടെ | പ്രേമബന്ധനാഃ | സ്നേഹബന്ധംചേർന്നുള്ള |
| പിതാമഹസ്യ | മുത്തച്ഛനുമായ | ബാന്ധവാഃ | ബന്ധുജനങ്ങൾ |
| തസ്യ | അദ്ദേഹത്തിന്റെ | പരിചര്യ്യായാം | പരികർമ്മവിഷയത്തിൽ |
| രാജസൂയേ | രാജസൂയമെന്ന | ആസൻ | (താഴെ പറയുംവിധം) ആയിരുന്നു. |

ഭീമോ മഹാനസാധ്യക്ഷോ ധനാധ്യക്ഷഃ സുയോധനഃ
സഹദേവസ്തു പൂജായാം നകുലോ ദ്രവ്യസാധനേ. 4

| | | | |
|---|---|---|---|
| ഭീമഃ | ഭീമസേനൻ | സുയോധനഃ | ദുര്യ്യോധനൻ |
| മഹാനസാധ്യക്ഷഃ | ഊട്ടുപുരയിലെ മേൽനോട്ടക്കാരനായിരുന്നു. | ധനാധ്യക്ഷഃ | കോശാധ്യക്ഷൻ (ഖജാൻജി) ആയിരുന്നു. |

| | | | |
|---|---|---|---|
| സഹദേവഃ | സഹദേവൻ | ദ്രവ്യസാധനേ | വേണ്ടവസ്തുക്കളെ ശേഖരിച്ചുണ്ടാക്കുന്നതിലും അധികാരപ്പെട്ടവർ ആയിരുന്നു. |
| പൂജായാം തു | വന്നവരെ സൽക്കരിക്കുന്നതിലും, | | |
| നകുലഃ | നകുലൻ | | |

ഗുരുശുശ്രൂഷണേ ജിഷ്ണുഃ കൃഷ്ണഃ പാദാവനേജനേ
പരിവേഷണേ ദ്രുപദജാ കർണ്ണോ ദാനേ മഹാമനാഃ. 5

| | | | |
|---|---|---|---|
| ഗുരുശുശ്രൂഷണേ | ആചാര്യന്മാർ, കാരണവന്മാർ എന്നിവരെ ശുശ്രൂഷിക്കുന്നതിൽ | പരിവേഷണേ | വിളമ്പിക്കൊടുക്കുന്നതിൽ |
| ജിഷ്ണുഃ | അർജ്ജുനനും, | ദ്രുപദജാ | ദ്രൗപദിയും, |
| പാദാവനേജനേ | അതിഥികളെ കാൽകഴുകിക്കുന്ന കാര്യത്തിൽ | ദാനേ | ദാനവിഷയത്തിൽ |
| കൃഷ്ണഃ | ശ്രീകൃഷ്ണനും, | മഹാമനാഃ | മഹാമനസ്സനായ |
| | | കർണ്ണഃ | കർണ്ണനും അധികാരപ്പെട്ടവരായിരുന്നു. |

യുയുധാനോ വികർണ്ണശ്ച ഹാർദ്ദിക്യോ വിദുരാദയഃ
ബാഹ്ലീകപുത്രാ ഭൂര്യാദ്യാ യേ ച സന്തർദ്ദനാദയഃ. 6

| | | | |
|---|---|---|---|
| യുയുധാനഃ | സാത്യകിയും | ബാഹ്ലീകപുത്രാഃ | ബാഹ്ലീകപുത്രന്മാരും, |
| വികർണ്ണഃ ച | വികർണ്ണനും, | സന്തർദ്ദനാദയഃ | സന്തർദ്ദനൻ മുതലായി |
| ഹാർദ്ദിക്യഃ | കൃതവർമ്മാവും, | യേ ച | യാവചിലർ വേറെയുണ്ടോ, അവരും ഓരോരോ പ്രവൃത്തികളിൽ അധികാരപ്പെട്ടവരായിരുന്നു. |
| വിദുരാദയഃ | വിദുരൻ തുടങ്ങിയവരും, | | |
| ഭൂര്യാദ്യാഃ | ഭൂരിശ്രവസ്സു മുതലായ | | |

നിരൂപിതാ മഹായജ്ഞേ നാനാകർമ്മസു തേ തദാ
പ്രവർത്തന്തേ സ്മ രാജേന്ദ്ര രാജ്ഞഃ പ്രിയചികീർഷവഃ. 7

| | | | |
|---|---|---|---|
| രാജേന്ദ്ര | മഹാരാജാവേ! | തേ | അവർ |
| തദാ | അന്നു് | രാജ്ഞഃ | യുധിഷ്ഠിരരാജാവിന്നു് |
| മഹായജ്ഞേ | മഹായാഗത്തിലെ | പ്രിയചികീർഷവഃ | പ്രിയംചെയ്യുവാൻ ആഗ്രഹിച്ചുകൊണ്ടു് |
| നാനാകർമ്മസു | പലതരം കൃത്യങ്ങളിൽ | പ്രവർത്തന്തേ സ്മ | പ്രവർത്തിച്ചുവന്നിരുന്നു. |
| നിരൂപിതാഃ | അധികാരപ്പെടുത്തപ്പെട്ടിരുന്ന | | |

ഋത്വിക്സദസ്യബഹുവിത്സു സുഹൃത്തമേഷു
സ്വിഷ്ടേഷു സൂനൃതസമർഹണദക്ഷിണാഭിഃ
ചൈദ്യേ ച സാത്വതപതേശ്ചരണം പ്രവിഷ്ടേ
ചക്രുസ്തതസ്ത്വവഭൃഥസ്നപനം ദ്യുനദ്യാം. 8

| | | | |
|---|---|---|---|
| ഋത്വിക്- സദസ്യ- ബഹുവിത്സു | ഋത്വിക്കുകൾ, സദസ്യന്മാർ, മഹാജ്ഞാനികൾ എന്നിവരും, | സൂനൃത- സമർഹണ- ദക്ഷിണാഭിഃ | പ്രിയവാക്കുകൾകൊണ്ടും, സൽക്കാരസാധനങ്ങൾകൊണ്ടും, ദക്ഷിണകൾകൊണ്ടും |
| സുഹൃത്തമേഷു | ബന്ധുമിത്രാദികളും | | |

| | |
|---|---|
| സ്വിഷ്ടേഷു | വേണ്ടവിധം പൂജിതരാവുകയും, |
| ചൈദ്യേ ച | ശിശുപാലനാകട്ടെ |
| സാത്വതപതേഃ | ശ്രീകൃഷ്ണഭഗവാന്റെ |
| ചരണം | തൃപ്പാദത്തെ |

| | |
|---|---|
| പ്രവിഷ്ടേ | പ്രാപിക്കുകയും ചെയ്തു |
| തതഃ തു | കഴിഞ്ഞശേഷം |
| ദ്യുനദ്യാം | ഗംഗാനദിയിൽ |
| അവഭൃഥസ്നപനം | അവഭൃഥമെന്ന യജ്ഞദീക്ഷാന്തസ്നാനകർമ്മത്തെ |
| ചക്രുഃ | നിർവ്വഹിച്ചു. |

മൃദംഗശംഖപണവധുന്ധുര്യ്യാനകഗോമുഖാഃ
വാദിത്രാണി വിചിത്രാണി നേദുരാവഭൃഥോത്സവേ. 9

| | |
|---|---|
| ആവഭൃഥോത്സവേ | അവഭൃഥസ്നാനമഹോത്സവത്തിൽ |
| മൃദംഗശംഖ-പണവ-ധുന്ധുര്യ്യാനക-ഗോമുഖാഃ | മൃദംഗം, ശംഖ്, പണവം, ധുന്ധുരി, ആനകം, ഗോമുഖം എന്നിങ്ങനെയുള്ള |

| | |
|---|---|
| വിചിത്രാണി | പലതരത്തിലുള്ള |
| വാദിത്രാണി | വാദ്യങ്ങൾ |
| നേദുഃ | മുഴങ്ങി. |

നർത്തക്യോ നനൃതുർഹൃഷ്ടാ ഗായകാ യൂഥശോ ജഗുഃ
വീണാവേണുതലോന്നാദസ്തേഷാം സ ദിവമസ്പൃശത്. 10

| | |
|---|---|
| നർത്തക്യഃ | നർത്തകിമാർ |
| ഹൃഷ്ടാഃ | സന്തുഷ്ടകളായിട്ട് |
| നനൃതുഃ | നൃത്തംചെയ്തു. |
| ഗായകാഃ | പാട്ടുകാർ |
| യൂഥശഃ | കൂട്ടംകൂട്ടമായി |
| ജഗുഃ | പാട്ടുപാടി. |

| | |
|---|---|
| തേഷാം സഃ | അവരുടെ ആ |
| വീണാവേണു-തലോന്നാദഃ | വീണകളുടേയും, ഓടക്കുഴലുകളുടേയും, താളങ്ങളുടേയും ഉയൎന്ന ശബ്ദം |
| ദിവം | ആകാശത്തെ |
| അസ്പൃശത് | സ്പർശിച്ചു. |

ചിത്രധ്വജപതാകാഗ്രൈരിഭേന്ദ്രസ്യന്ദനാർവ്വഭിഃ
സ്വലംകൃതൈർഭടൈർഭൂപാ നിൎയ്യയൂ രുക്മമാലിനഃ 11

| | |
|---|---|
| രുക്മമാലിനഃ | പൊൻമാലകളണിഞ്ഞ |
| ഭൂപാഃ | രാജാക്കന്മാർ |
| ചിത്രധ്വജ-പതാകാഗ്രൈഃ | നാനാവൎണ്ണങ്ങളായ കൊടിക്കൂറകൾ മുൻവശത്തുള്ള |

| | |
|---|---|
| ഇഭേന്ദ്ര-സ്യന്ദനാർവ്വഭിഃ | കൊമ്പനാനകൾ, തേരുകൾ, കുതിരകൾ എന്നിവയോടും, |
| സ്വലംകൃതൈഃ | നന്നായലങ്കരിക്കപ്പെട്ട |
| ഭടൈഃ | ഭടന്മാരോടുംകൂടി |
| നിൎയ്യയുഃ | യാത്രചെയ്തു. |

യദുസൃഞ്ജയകാംബോജകുരുകേകയകോസലാഃ
കമ്പയന്തോ ഭുവം സൈന്യൈൎയ്യജമാനപുരഃസരാഃ 12

| | |
|---|---|
| യജമാന-പുരഃസരാഃ | യജമാനനായ യുധിഷ്ഠിരൻ അഗ്രേസരനായിട്ടുള്ളവരായ (യുധിഷ്ഠിരനെ അനുഗമിക്കുന്നവരായ) |

| | |
|---|---|
| യദുസൃഞ്ജയ-കാംബോജ-കുരുകേകയ-കോസലാഃ | യദുക്കൾ, സൃഞ്ജയന്മാർ, കാംബോജന്മാർ, കുരുദേശക്കാർ, കേകയന്മാർ, കോസലന്മാർ എന്നിവർ |

| | | | |
|---|---|---|---|
| സൈന്യൈഃ | സേനകളാൽ | കമ്പയന്തഃ | വിറപ്പിച്ചുംകൊണ്ടു് |
| ഭുവം | ഭൂമിയെ | (നിര്യയുഃ) | യാത്രചെയ്തു. |

സദസ്യർത്ത്വിഗ്ദ്വിജശ്രേഷ്ഠാ ബ്രഹ്മഘോഷേണ ഭൂയസാ
ദേവർഷിപിതൃഗന്ധർവ്വാസ്തുഷ്ടുവുഃ പുഷ്പവർഷിണഃ. 13

| | | | |
|---|---|---|---|
| സദസ്യർത്ത്വിഗ്- ദ്വിജശ്രേഷ്ഠാഃ | സദസ്യന്മാരും, ഋത്വിക്കുകളുമായ ബ്രാഹ്മണപ്രമുഖന്മാർ | (നിര്യയുഃ) | യാത്രചെയ്തു. |
| ഭൂയസാ | ഏററവും വലിയ | ദേവർഷിപിതൃ- ഗന്ധർവ്വാഃ | ദേവന്മാരും, ഋഷികളും, പിതൃക്കളും, ഗന്ധർവ്വന്മാരും |
| ബ്രഹ്മ- ഘോഷേണ | വേദോച്ചാരണഘോഷത്തോടുകൂടിയും | പുഷ്പവർഷിണഃ | പുഷ്പവൃഷ്ടിചെയ്തുകൊണ്ടു് |
| | | തുഷ്ടുവുഃ | സ്തുതിച്ചു. |

സ്വലംകൃതാ നരാ നാര്യോ ഗന്ധസ്രഗ്ഭൂഷണാംബരൈഃ
വിലിംപന്ത്യോഽഭിഷിഞ്ചന്ത്യോ വിജഹ്രുർവ്വിവിധൈ രസൈഃ. 14

| | | | |
|---|---|---|---|
| ഗന്ധസ്രഗ്- ഭൂഷണാം- ബരൈഃ | സുഗന്ധദ്രവ്യങ്ങളും, പൂമാലകളും, ഭൂഷണങ്ങളും, വസ്ത്രങ്ങളും എന്നിവകൊണ്ടു് | വിവിധൈഃ | പലതരത്തിലുള്ള |
| | | രസൈഃ | ദ്രവവസ്തുക്കളെക്കൊണ്ടു് |
| | | വിലിംപന്ത്യഃ | അന്യോന്യം ദേഹത്തിൽ തേച്ചുകൊണ്ടും |
| സ്വലംകൃതാഃ | നന്നായലംകരിക്കപ്പെട്ട | അഭിഷിഞ്ചന്ത്യഃ | കോരിത്തളിച്ചുകൊണ്ടും |
| നരാഃ നാര്യഃ | പുരുഷന്മാരും, സ്ത്രീകളും | വിജഹ്രുഃ | കളിച്ചു. |

തൈലഗോരസഗന്ധോദഹരിദ്രാസാന്ദ്രകുങ്കുമൈഃ
പുംഭിർല്ലിപ്താഃ പ്രലിംപന്ത്യോ വിജഹ്രുർവ്വാരയോഷിതഃ 15

| | | | |
|---|---|---|---|
| പുംഭിഃ | പുരുഷന്മാരാൽ | ലിപ്താഃ | ദേഹത്തിൽ പൂശിക്കപ്പെട്ടവരായ |
| തൈല- ഗോരസ- ഗന്ധോദ- ഹരിദ്രാസാന്ദ്ര- കുങ്കുമൈഃ | എണ്ണ, പാലും തൈരും വെണ്ണയും, പനിനീർ, മഞ്ഞളും, മിനുത്ത കുങ്കുമം എന്നിവകൊണ്ടു് | വാരയോഷിതഃ | വേശ്യാസ്ത്രീകളും |
| | | വിലിംപന്ത്യഃ | പകരം അവരേയും പൂശിവിട്ടുകൊണ്ടു് |
| | | വിജഹ്രുഃ | കളിച്ചു. |

ഗുപ്താ നൃഭിർന്നിരഗമന്നുപലബ്ധുമേത-
ദ്ദേവ്യോ യഥാ ദിവി വിമാനവരൈർന്നൃദേവ്യഃ
താ മാതുലേയസഖിഭിഃ പരിഷിച്യമാനാഃ
സവ്രീഡഹാസവികസദ്വദനാ വിരേജുഃ. 16

| | | | |
|---|---|---|---|
| ഏതത് | ഈ അവഭൃഥസ്നാനമഹോത്സവത്തെ | യഥാ | ഏതുപ്രകാരം പുറപ്പെട്ടുവന്നിരുന്നുവോ, അതുപോലെ |
| ഉപലബ്ധും | കണ്ടനുഭവിക്കുവാൻ | നൃഭിഃ | കാലാൾപ്പടകളാൽ |
| ദിവി | ആകാശത്തിൽ | ഗുപ്താ | സുരക്ഷിതകളായ |
| ദേവ്യഃ | ദേവസ്ത്രീകൾ | നൃദേവ്യഃ | രാജ്ഞിമാർ (ദ്രൗപദി മുതലായവർ) |
| വിമാനവരൈഃ | ഉത്തമവിമാനങ്ങളിലേറി | | |

| | |
|---|---|
| നിരഗമൻ | പുറപ്പെട്ടുവന്നു. |
| താഃ | അവർ |
| മാതുലേയസഖിഭിഃ | പാണ്ഡവരുടെ മാതുലപുത്രന്മാരായ ശ്രീകൃഷ്ണാദികളാലും, അവരുടെ ചങ്ങാതിമാരാലും |
| പരിഷിച്യമാനാഃ | പരിഷേചനം (വെള്ളം തേകൽ) ചെയ്യപ്പെട്ടവരായിട്ട് |
| സവ്രീഡഹാസവികസദ്വദനാഃ | സലജ്ജമായ മന്ദഹാസത്താൽ വികാസമാർന്ന മുഖത്തോടുകൂടിയവരായി |
| വിരേജുഃ | ശോഭിച്ചു. |

താ ദേവരാനുത സഖീൻ സിഷിചുർദൃതീഭിഃ
ക്ലിന്നാംബരാ വിവൃതഗാത്രകുചോരുമദ്ധ്യാഃ
ഔത്സുക്യമുക്തകബരാച്ച്യവമാനമാല്യാഃ
ക്ഷോഭം ദധുർമലധിയാം രുചിരൈർവിഹാരൈഃ. 17

| | |
|---|---|
| ക്ലിന്നാംബരാഃ | നനഞ്ഞ വസ്ത്രങ്ങളോടുകൂടിയവരായി, |
| വിവൃതഗാത്രകുചോരുമദ്ധ്യാഃ | വ്യക്തമായ ശരീരത്തോടും, സ്തനങ്ങളോടും തുടകളോടും മദ്ധ്യപ്രദേശത്തോടും കൂടിയവരായി, |
| ഔത്സുക്യമുക്തകബരാത് | ഉത്സാഹംനിമിത്തം കെട്ടഴിഞ്ഞ വാർമുടിയിൽനിന്ന് |
| ച്യവമാനമാല്യാഃ | കൊഴിഞ്ഞുവീഴുന്ന പൂമാലകളോടുകൂടിയവരുമായിരിക്കുന്ന |
| താഃ | അവർ |
| ദൃതിഭിഃ | പീച്ചാങ്കുഴലുകളെക്കൊണ്ട് |
| ദേവരാൻ | ഭർത്തൃസോദരന്മാരേയും |
| ഉത | മാത്രമല്ല; |
| സഖീൻ | ചങ്ങാതിമാരേയും |
| സിഷിചുഃ | വെള്ളം പീച്ചി നനച്ചു |
| രുചിരൈഃ | മനോഹരങ്ങളായ |
| വിഹാരൈഃ | ഇത്തരം ക്രീഡകൾകൊണ്ട് |
| മലധിയാം | മലിനചിത്തന്മാർക്ക് |
| ക്ഷോഭം | ഉള്ളലച്ചിൽ |
| ദധുഃ | ഉണ്ടാക്കി. |

സ സമ്രാഡ്രഥമാരൂഢഃ സദശ്വം രുക്മമാലിനം
വ്യരോചത സ്വപത്നീഭിഃ ക്രിയാഭിഃ ക്രതുരാഡിവ. 18

| | |
|---|---|
| സദശ്വം | നല്ല കുതിരകളുള്ളതും, |
| രുക്മമാലിനം | പൊൻമാലകൾ ചാർത്തിയതും ആയ |
| രഥം ആരൂഢഃ | രഥത്തിൽ കയറിയ |
| സഃ സമ്രാട് | ആ യുധിഷ്ഠിരചക്രവർത്തി |
| ക്രിയാഭിഃ | 'പ്രയാജാദി' അംഗക്രിയകളോടുകൂടെ |
| ക്രതുരാട് ഇവ | (ഉടലെടുത്ത) രാജസൂയമോ എന്നുതോന്നുമാറ് |
| സ്വപത്നീഭിഃ | തന്റെ പത്നികളോടുകൂടി |
| വ്യരോചത | ശോഭിച്ചു |

പത്നീസംയാജാവഭൃഥ്യൈശ്ചരിത്വാ തേ തമൃത്വിജഃ
ആചാന്തം സ്നാപയാഞ്ചക്രുർഗ്ഗംഗായാം സഹ കൃഷ്ണയാ. 19

| | |
|---|---|
| പത്നീസംയാജാവഭൃഥ്യൈഃ ചരിത്വാ | 'പത്നീസംയാജ'വും, അവഭൃഥസ്നാനം സംബന്ധിച്ചുള്ള കർമ്മങ്ങളും ചെയ്തുതീർത്തതിൽപ്പിന്നെ |
| തേ ഋത്വിജഃ | ആ ഋത്വിക്കുകൾ |
| ആചാന്തം | ആചമനം ചെയ്ത |
| തം | അദ്ദേഹത്തെ |
| കൃഷ്ണയാ സഹ | ദ്രൗപദിയോടുകൂടെ |
| ഗംഗായാം | ഗംഗാനദിയിൽ |
| സ്നാപയാഞ്ചക്രുഃ | സ്നാനം ചെയ്യിച്ചു. |

ദേവദുന്ദുഭയോ നേദുർന്നരദുന്ദുഭിഭിഃ സമം
മുമുചുഃ പുഷ്പവർഷാണി ദേവർഷിപിതൃമാനവാഃ. 20

| | | | |
|---|---|---|---|
| നരദുന്ദുഭിഭിഃ സമം | മനുഷ്യരുടെ പെരുമ്പറ വാദ്യത്തോടൊപ്പം | ദേവർഷിപിതൃമാനവാഃ | ദേവകളും, ഋഷിമാരും, പിതൃക്കളും, മനുഷ്യരും |
| ദേവദുന്ദുഭയഃ നേദുഃ | ദേവന്മാരുടെ പെരുമ്പറകളും മുഴങ്ങി. | പുഷ്പവർഷാണി | പുഷ്പവൃഷ്ടികൾ |
| | | മുമുചുഃ | ചൊരിഞ്ഞു. |

സസ്നുസ്തത്ര തതഃ സർവ്വേ വർണ്ണാശ്രമയുതാ നരാഃ
മഹാപാതക്യപി യതഃ സദ്യോ മുച്യേത കില്ബിഷാത്. 21

| | | | |
|---|---|---|---|
| തതഃ | അനന്തരം | മഹാപാതകീ അപി | ബ്രഹ്മഹത്യാദി മഹാപാതകം ചെയ്തവൻ പോലും |
| വർണ്ണാശ്രമയുതാഃ | നാലുവർണ്ണങ്ങളോടും നാലാശ്രമങ്ങളോടുംകൂടിയ | | |
| സർവ്വേ നരാഃ | എല്ലാ ജനങ്ങളും | കില്ബിഷാത് | ആ പാതകത്തിൽനിന്ന് |
| തത്ര സസ്നുഃ | അവിടെ കുളിച്ചു. | സദ്യഃ | ഉടനടി |
| യതഃ | ഇതുകൊണ്ട് | മുച്യേത | മോചിക്കപ്പെടുന്നതാണ്. |

അഥ രാജാഹതേ ക്ഷൌമേ പരിധായ സ്വലംകൃതഃ
ഋത്വിക്സദസ്യവിപ്രാദീനാനർച്ചാഭരണാംബരൈഃ. 22

| | | | |
|---|---|---|---|
| അഥ അഹതേ | പിന്നീട് കോടിയായ | ആഭരണാംബരൈഃ | ആഭരണങ്ങൾ വസ്ത്രങ്ങൾ എന്നിവകൊണ്ട് |
| ക്ഷൌമേ | രണ്ടു വെൺപട്ടുകളെ | | |
| പരിധായ | ധരിച്ച് | ഋത്വിക്സദസ്യവിപ്രാദീൻ | ഋത്വിക്കുകൾ, സദസ്യന്മാർ, ബ്രാഹ്മണന്മാർ മുതലായവരെ |
| സ്വലംകൃതഃ | നല്ലപോലെ അലങ്കരിക്കപ്പെട്ട | | |
| രാജാ | യുധിഷ്ഠിരരാജാവ് | ആനർച്ച | സമാരാധനചെയ്തു. |

ബന്ധുജ്ഞാതിനൃപാൻ മിത്രസുഹൃദോഽന്യാംശ്ച സർവ്വശഃ
അഭീക്ഷ്ണം പൂജയാമാസ നാരായണപരോ നൃപഃ. 23

| | | | |
|---|---|---|---|
| നാരായണപരഃ | ഭഗവൽപരായണനായ | | ഹിതൈഷികളുമായ ജനങ്ങളേയും, |
| നൃപഃ | രാജാവ് | | |
| ബന്ധുജ്ഞാതിനൃപാൻ | ബന്ധുക്കളേയും ജ്ഞാതികളേയുമുള്ള രാജാക്കന്മാരേയും, | അന്യാൻ ച | മററുള്ളവരേയും |
| | | സർവ്വശഃ | മുഴുവൻ |
| | | അഭീക്ഷ്ണം | വീണ്ടും വീണ്ടും |
| മിത്രസുഹൃദഃ | സ്നേഹിതന്മാരും | പൂജയാമാസ | ആദരിച്ചാരാധിച്ചു. |

സർവ്വേ ജനാഃ സുരരുചോ മണികുണ്ഡലസ്ര-
ഗുഷ്ണീഷകഞ്ചുകദുകൂലമഹാർഘ്യഹാരാഃ
നാര്യശ്ച കുണ്ഡലയുഗാളകവൃന്ദജുഷ്ട-
വക്ത്രശ്രിയഃ കനകമേഖലയാ വിരേജുഃ. 24

ജനാഃ സൎവ്വേ — പുരുഷജനങ്ങളെല്ലാം
മണികുണ്ഡല- സ്രഗുഷ്ണീഷ- കഞ്ചുകദ്ദുകൂല- മഹാൎഘ്യഹാരാഃ — രത്നകുണ്ഡലങ്ങളം, മാലകളം, തലപ്പാവ്, കുപ്പായം, പട്ടുവസ്ത്രം, വിലകൂടിയ രത്നമാല്യങ്ങളം എന്നിവയോടുകൂടിയവരായി,
സുരപ്രഭാഃ — ദേവന്മാൎക്കൊത്ത കാന്തിയോടുകൂടിയവരായിട്ട്
വിരേജുഃ — പരിശോഭിച്ചു.
നാൎയ്യഃ ച — സ്ത്രീജനങ്ങളെല്ലാം
കുണ്ഡലയുഗാ- ളകവൃന്ദജുഷ്ട- വക്ത്രശ്രിയഃ — ഇരുകുണ്ഡലങ്ങളോടും, കുറുനിരകളോടും ചേൎന്ന മുഖകാന്തിയോടു കൂടിയവരായി
കനക- മേഖലയാ — പൊന്നരഞ്ഞാണോടു കൂടിയവരായിട്ട്
(വിരേജുഃ) — പരിശോഭിച്ചു.

അഥൎത്ത്വിജോ മഹാശാലാഃ സദസ്യാ ബ്രഹ്മവാദിനഃ
ബ്രഹ്മക്ഷത്രിയവിട്ശൂദ്രാ രാജാനോ യേ സമാഗതാഃ. 25
ദേവൎഷിപിതൃഭൂതാനി ലോകപാലാഃ സഹാനുഗാഃ
പൂജിതാസ്തമനുജ്ഞാപ്യ സ്വധാമാനി യയുൎന്നൃപ. 26

നൃപ — രാജാവേ!
സമാഗതാഃ — യാഗത്തിന്ന് എത്തിച്ചേൎന്നവരും,
പൂജിതാഃ — പൂജിതന്മാരുമായ
മഹാശാലാഃ — മഹാകുലീനരായ
ഋത്വിജഃ — ഋത്വിക്കുകളം,
സദസ്യാഃ — സദസ്യന്മാർ,
ബ്രഹ്മവാദിനഃ — വേദപാഠകന്മാർ,
ബ്രഹ്മക്ഷത്രിയ- വിട്ശൂദ്രാഃ — ബ്രാഹ്മണന്മാർ, ക്ഷത്രിയന്മാർ, വൈശ്യന്മാർ, ശൂദ്രന്മാർ,
രാജാനഃ — രാജാക്കന്മാർ,
ദേവൎഷി- പിതൃഭൂതാനി — ദേവന്മാർ, മഹൎഷിമാർ, പിതൃക്കളം, ഭൂതഗണങ്ങളം
സഹാനുഗാഃ — അനുചരന്മാരോടുകൂടിയ
ലോകപാലാഃ — ഇന്ദ്രാദിലോകപാലന്മാർ
യേ — എന്നിങ്ങനെ യാതൊരുവരെല്ലാം ഉണ്ടായിരുന്നുവോ, അവരൊക്കെയും
അഥ — അതിൽപ്പിന്നെ
തം — ആ ധൎമ്മപുത്രരോട്
അനുജ്ഞാപ്യ — യാത്രചോദിച്ച്
സ്വധാമാനി യയുഃ — അവരവരുടെ സ്ഥലങ്ങളിലേക്ക് യാത്രയായി.

ഹരിദാസസ്യ രാജൎഷേ രാജസൂയമഹോദയം
നൈവാതൃപ്യൻ പ്രശംസന്തഃ പിബൻ മൎത്ത്യോഽമൃതം യഥാ. 27

ഹരിദാസസ്യ — ശ്രീഹരിയുടെ ദാസനും
രാജൎഷേഃ — ഋഷിതുല്യനായ രാജാവുമായ യുധിഷ്ഠിരന്റെ
രാജസൂയ- മഹോദയം — രാജസൂയയാഗമാവുന്ന മഹോത്സവത്തെ
പ്രശംസന്തഃ — പ്രശംസിച്ചുകൊണ്ട്,
മൎത്ത്യഃ — മനുഷ്യൻ
അമൃതം — അമൃതിനെ
പിബൻ — പാനംചെയ്തുകൊണ്ട്
യഥാ — ഏതുവിധം തൃപ്തിപ്പെടുകയില്ലയോ, അതുപോലെ
ന അതൃപ്യൻ ഏവ — ആരുംതന്നെ തൃപ്തിപ്പെടുകയുണ്ടായില്ല.

(രാജസൂയത്തിന്റെ മഹിമയെ പുകഴ്ത്തിയിട്ട് ആൎക്കുംതന്നെ മതിവന്നില്ലെന്നു സാരം.)

തതോ യുധിഷ്ഠിരോ രാജാ സുഹൃത്സംബന്ധിബാന്ധവാൻ
പ്രേമ്ണാ നിവാസയാമാസ കൃഷ്ണം ച ത്യാഗകാതരഃ. 28

തതഃ — അനന്തരം
ത്യാഗകാതരഃ — സ്വജനങ്ങളെ വിട്ടുപിരിയുവാൻ പേടി (മടി)യുള്ള
രാജാ — മഹാരാജാവു്
യുധിഷ്ഠിരഃ — യുധിഷ്ഠിരൻ
സുഹൃത്സംബന്ധിബാന്ധവാൻ — സ്നേഹിതന്മാരേയും, ചാർച്ചക്കാരേയും, കുടുംബബന്ധമുള്ളവരേയും,
കൃഷ്ണം ച — ശ്രീകൃഷ്ണഭഗവാനേയും
പ്രേമ്ണാ — സ്നേഹത്തോടെ
നിവാസയാമാസ — അവിടെ താമസിപ്പിച്ചു.

ഭഗവാനപി തത്രാംഗ ന്യവാത്സീത്തത്പ്രിയങ്കരഃ
പ്രസ്ഥാപ്യ യദുവീരാംശ്ച സാംബാദീംശ്ച കുശസ്ഥലീം. 29

അംഗ — പ്രിയ രാജാവേ!
തത്പ്രിയംകരഃ — അദ്ദേഹത്തിന്റെ ഇഷ്ടത്തെ സാധിപ്പിച്ചുകൊടുക്കുന്നതിൽ താല്പര്യമുള്ള
ഭഗവാൻ അപി — ശ്രീകൃഷ്ണഭഗവാനും
കുശസ്ഥലീം — ദ്വാരകയിലേക്ക്
യദുവീരാൻ ച — യാദവവീരന്മാരേയും,
സാംബാദീൻ ച — സാംബൻ തുടങ്ങിയ സ്വപുത്രന്മാരേയും
പ്രസ്ഥാപ്യ — പുറപ്പെടുവിച്ചയച്ചശേഷം
തത്ര — അവിടെ (ഇന്ദ്രപ്രസ്ഥത്തിൽ)
ന്യവാത്സീത് — താമസിച്ചു.

ഇത്ഥം രാജാ ധർമ്മസുതോ മനോരഥമഹാർണ്ണവം
സുദുസ്തരം സമുത്തീർയ്യ കൃഷ്ണേനാസീദ്ഗതജ്വരഃ. 30

ഇത്ഥം — ഇപ്രകാരം
രാജാ — മഹാരാജാവായ
ധർമ്മസുതഃ — യുധിഷ്ഠിരൻ
സുദുസ്തരം — കടക്കുവാൻ കഴിയാത്ത
മനോരഥമഹാർണ്ണവം — തന്റെ ആഗ്രഹമാകുന്ന വൻകടലിനെ
കൃഷ്ണേന — കൃഷ്ണസാന്നിദ്ധ്യം കൊണ്ടു്
സമുത്തീർയ്യ — വേണ്ടുംവിധം കടന്നിട്ടു്
ഗതജ്വരഃ — ചിന്താസന്താപരഹിതനായി
ആസീത് — ഭവിച്ചു.

ഏകദാന്തഃപുരേ തസ്യ വീക്ഷ്യ ദുര്യ്യോധനഃ ശ്രിയം
അതപ്യദ്രാജസൂയസ്യ മഹിത്വം ചാച്യുതാത്മനഃ. 31

ഏകദാ — അങ്ങനെയിരിക്കേ, ഒരിക്കൽ
അച്യുതാത്മനഃ — നിർവ്വികാരസ്വരൂപനായ ശ്രീകൃഷ്ണനിൽ മനസ്സുറപ്പിച്ചു വാഴുന്ന
തസ്യ — അദ്ദേഹത്തിന്റെ
അന്തഃപുരേ — അന്തഃപുരത്തിൽ
ശ്രിയം — സമ്പൽസമൃദ്ധിയേയും,
രാജസൂയസ്യ — രാജസൂയത്തിന്റെ
മഹിത്വം ച — മഹിമയേയും
വീക്ഷ്യ — കണ്ടു്
ദുര്യ്യോധനഃ — ദുര്യ്യോധനൻ
അതപ്യത് — നൊന്തുനീറി.

യസ്മിൻ നരേന്ദ്രദിതിജേന്ദ്രസുരേന്ദ്രലക്ഷ്മീ-
ർന്നാനാ വിഭാന്തി കില വിശ്വസൃജോപക്ലൃപ്താഃ
താഭിഃ പതീൻ ദ്രുപദരാജസുതോപതസ്ഥേ
യസ്യാം വിഷക്തഹൃദയഃ കുരുരാഡതപ്യത്. 32

| | |
|---|---|
| യസ്മിൻ | യാതൊരു ആ അന്തഃപുരത്തിൽ |
| വിശ്വസൃജാ | വിശ്വകർമ്മാവിനാൽ |
| ഉപക്ലൃപ്താഃ | നിർമ്മിതങ്ങളായ |
| നാനാ | പലതരം |
| നരേന്ദ്ര- ദിതിജേന്ദ്ര- സുരേന്ദ്രലക്ഷ്മീഃ | മാനവരാജൈശ്വര്യങ്ങളും, ദാനവരാജൈശ്വര്യങ്ങളും, ദേവരാജൈശ്വര്യങ്ങളും |
| വിഭാന്തി കില | പ്രശോഭിച്ചിരുന്നുപോലും. |
| താഭിഃ | അവകൊണ്ട് |
| ദ്രുപദരാജസുതാ | ദ്രുപദരാജകുമാരിയായ പാഞ്ചാലി |
| പതീൻ | ഭർത്താക്കന്മാരെ |
| ഉപാസ്ത | പരിചരിച്ചിരുന്നു. |
| യസ്യാം | യാതൊരു ആ പാഞ്ചാലിയിൽ |
| വിഷക്തഹൃദയഃ | ആസക്തചിത്തനായി ഭവിച്ചിരുന്ന |
| കുരുരാട് | കൌരവരാജാവ് |
| അതപ്യത് | നൊന്തുനീറി. |

യസ്മിംസ്തദാ മധുപതേർമ്മഹിഷീസഹസ്രം
ശ്രോണീഭരേണ ശനകൈഃ ക്വണദംഘ്രിശോഭം
മദ്ധ്യേ സുചാരു കുചകുങ്കുമശോണഹാരം
ശ്രീമന്മുഖം പ്രചലകുണ്ഡലകുന്തളാഢ്യം. 33

| | |
|---|---|
| യസ്മിൻ | യാതൊരു ആ അന്തഃപുരത്തിൽ |
| തദാ | അന്നേരത്ത് |
| ശ്രോണീഭരേണ | നിതംബഭാരത്താൽ |
| ശനകൈഃ | മന്ദമന്ദം സഞ്ചരിക്കുന്നവരായി— |
| ക്വണദംഘ്രി ശോഭം | ചിലമ്പൊലിയേലുന്ന കാലടികളെക്കൊണ്ടു ശോഭിക്കുന്നവരായി— |
| മദ്ധ്യേ സുചാരു | അഴകേറിയ അരക്കെട്ടോടുകൂടിയവരായി— |
| പ്രണമ്യ ച | നമസ്കരിക്കയും ചെയ്തു് |
| യഥാന്യായം | വേണ്ടവിധം |
| അർച്ചയൻ | പൂജിച്ചു. |

സോർച്ചിതഃ സപരിവാരഃ കൃതാസനപരിഗ്രഹഃ
രോമഹർഷണമാസീനം മഹർഷേഃ ശിഷ്യമൈക്ഷത. 22

| | |
|---|---|
| സപരിവാരഃ | പരിവാരങ്ങളായിട്ടു് ഒന്നിച്ചുള്ള ബ്രാഹ്മണാദി ജനങ്ങളോടുകൂടിയവനും, |
| അർച്ചിതഃ | മഹർഷിമാരാൽ ആരാധിക്കപ്പെട്ടവനും, |
| കൃതാസന- } പരിഗ്രഹഃ } | ഇരിപ്പിടത്തെ സ്വീകരിച്ചു് ഇരുന്നരുളിയവനുമായ |
| സഃ | ആ ശ്രീബലരാമൻ |
| മഹർഷേഃ | വ്യാസമഹർഷിയുടെ |
| ശിഷ്യം | ശിഷ്യനായ |
| രോമഹർഷണം | രോമഹർഷണനെ |
| ആസീനം | ഇരിക്കുന്നതായിട്ടു് |
| ഐക്ഷത | കണ്ടു. |

അപ്രത്യുത്ഥായിനം സൂതമകൃതപ്രഹ്വാണാഞ്ജലിം
അധ്യാസീനം ച താൻ വിപ്രാംശ്ചുകോപോദ്വീക്ഷ്യ മാധവഃ 23

| | |
|---|---|
| മാധവഃ | ശ്രീബലരാമൻ |
| സൂതം | ജന്മനാസൂതനായ * രോമഹർഷണനെ |
| താൻ വിപ്രാൻ } അധ്യാസീനം } | ആ ബ്രാഹ്മണരിലും കവിഞ്ഞ ഉച്ചസ്ഥാനത്തിലിരിക്കുന്നവനായും, |
| അപ്രത്യുത്ഥായിനം | തന്നെ കണ്ടിട്ടു് എഴുന്നേല്ക്കാത്തവനായും, |
| അകൃത- } പ്രഹ്വാണാ- } ഞ്ജലിം ച } | നമസ്കരിക്കുകയോ കൈ തൊഴുകുകയോ ചെയ്യാത്തവനായും |
| ഉദ്വീക്ഷ്യ | കണ്ടിട്ടു് |
| ചുകോപ | കോപിച്ചു കോപത്തോടെ ഈവിധം പറഞ്ഞു.) |

( * ബ്രാഹ്മണസ്ത്രീയിൽ ക്ഷത്രിയനുണ്ടായ മകൻ.)

കസ്മാദസാവിമാൻ വിപ്രാനധ്യാസ്തേ പ്രതിലോമജഃ
ധർമ്മപാലാംസ്തഥൈവാസ്മാൻ വധമർഹതി ദുർമ്മതിഃ. 24

| | |
|---|---|
| പ്രതിലോമജഃ | പ്രതിലോമമായ * അധാർമ്മിക വിവാഹബന്ധംകൊണ്ടു് ഉണ്ടായ |
| അസൌ ദുർമ്മതിഃ | ഈ ബുദ്ധികെട്ടവൻ |
| ധർമ്മപാലാൻ | ധർമ്മരക്ഷകന്മാരായ |
| ഇമാൻ വിപ്രാൻ | ഈ ബ്രാഹ്മണരേയും, |
| തഥാ ഏവ | അതേവിധം |
| അസ്മാൻ | നമ്മേയും |
| കസ്മാത് | എന്തുകൊണ്ടാണ് |
| അധ്യാസ്തേ | കവിഞ്ഞുകൊണ്ടുള്ള ഇരിപ്പുറപ്പിച്ചിരിക്കുന്നതു് ? |
| വധം | വധത്തെ |
| അർഹതി | ഇവൻ അർഹിക്കുന്നു. |

( * താണ ജാതിയിലുള്ള പുരുഷനും ഉയർന്ന ജാതിയിലുള്ള സ്ത്രീയും തമ്മിലുള്ള)

ഋഷേർഭഗവതോ ഭൂത്വാ ശിഷ്യോഽധീത്യ ബഹൂനി ച
സേതിഹാസപുരാണാനി ധർമ്മശാസ്ത്രാണി സർവ്വശഃ. 25

| | |
|---|---|
| ഭഗവതഃ | "സർവ്വജ്ഞനായ |
| ഋഷേഃ | വേദവ്യാസമുനിയുടെ |
| ശിഷ്യഃ ഭൂത്വാ | ശിഷ്യനായിരുന്നിട്ട്, |
| ബഹൂനി | ഒട്ടേറെയുള്ള |
| സേതിഹാസ- പുരാണാനി | ഇതിഹാസങ്ങളേയും, പുരാണങ്ങളേയും, |
| സർവ്വശഃ | മുഴുവൻ |
| ധർമ്മശാസ്ത്രാണി | ധർമ്മശാസ്ത്രങ്ങളേയും |
| അധീത്യ ച | പഠിച്ചിട്ടുംകൂടി ബ്രാഹ്മണസഭയിൽ ഉച്ചസ്ഥാനത്ത് ഇരുന്നിരിക്കുന്നു") |

അദാന്തസ്യാവിനീതസ്യ വൃഥാ പണ്ഡിതമാനിനഃ
ന ഗുണായ ഭവന്തി സ്മ നടസ്യേവാജിതാത്മനഃ. 26

| | |
|---|---|
| അദാന്തസ്യ | "അടക്കമില്ലാത്തവനും, |
| അവിനീതസ്യ | വണക്കമില്ലാത്തവനും, |
| വൃഥാ | വെറുതെ |
| പണ്ഡിതമാനിനഃ | പണ്ഡിതനാണെന്ന് സ്വയം ഭാവിച്ചിരിക്കുന്നവനും, |
| അജിതാത്മനഃ | മനോനിഗ്രഹം ചെയ്യിട്ടില്ലാത്തവനുമായ ഇവന്റെ (ഇതിഹാസാദിപാഠവങ്ങൾ) |
| നടസ്യ ഇവ | ഒരു നടന്റെ (രാജവേഷം) പോലെ |
| ഗുണായ | ആത്മഗുണത്തിന് |
| ന ഭവന്തി സ്മ | പ്രയോജനപ്പെട്ടില്ല. |

നോട്ട്:— ഒരു നടൻ നടനവേദിയിൽ രാജാവായിട്ടഭിനയിച്ചാൽ രാജസുഖാനുഭവം അവന്നു സിദ്ധിക്കുന്നില്ല. അതുപോലെയാണ് ഈ സൂതനും. ഇവൻ ഈ സദസ്സിൽ വലിയ നിലയിലിരുന്ന് പുരാണങ്ങളും, ധർമ്മശാസ്ത്രങ്ങളും ഉദ്ഘോഷിക്കുന്നു. പക്ഷേ അതുകൊണ്ടുള്ള ആത്മസംസ്കാരം ഉണ്ടായിട്ടുമില്ല—എന്നു സാരം.

ഏതദർത്ഥോ ഹി ലോകേഽസ്മിന്നവതാരോ മയാ കൃതഃ
വധ്യാ മേ ധർമ്മധ്വജിനസ്തേ ഹി പാതകിനോഽധികാഃ. 27

| | |
|---|---|
| അസ്മിൻ ലോകേ | "ഈ ലോകത്തിൽ |
| ഏതദർത്ഥഃ | ഇതിനുവേണ്ടിയുള്ള (ദുഷ്ടനിഗ്രഹത്തിനുവേണ്ടിയുള്ള) |
| അവതാരഃ | അവതാരമാണ് |
| മയാ | എന്നാൽ |
| കൃതഃ | സ്വീകരിക്കപ്പെട്ടിരിക്കുന്നത്. |
| ഹി | അതിനാൽ |
| ധർമ്മധ്വജിനഃ | ധർമ്മത്തിന്റെ കൊടിയുയർത്തിയവർ (പുറമേക്ക് ധർമ്മതൽപരത്വം നടിക്കുന്നവർ) |
| മേ വധ്യാഃ | എന്നാൽ കൊല്ലപ്പെടേണ്ടിയിരിക്കുന്നു. |
| ഹി തേ | എന്തെന്നാൽ, അവർ |
| അധികാഃ | കവിഞ്ഞനിലയുള്ള |
| പാതകിനഃ | പാപികളാകുന്നു." |

നോട്ട്:— അധാർമ്മികന്മാർ പാപികളാണ്. എന്നാൽ അവരിലും കവിഞ്ഞ പാപികളാണ് ധാർമ്മികത്വം നടിക്കുന്നവർ. സൂതൻ അത്തരത്തിലുള്ള ആളാണെന്ന് ബലദേവൻ കരുതുന്നു.

ഏതാവദുക്ത്വാ ഭഗവാൻ നിവൃത്തോഽസദ്വധാദപി
ഭാവിത്വാത്തം കുശാഗ്രേണ കരസ്ഥേനാഹനത് പ്രഭുഃ. 28

| | |
|---|---|
| അസദ്വധാത് | (തീർത്ഥയാത്രയ്ക്കു പുറപ്പെട്ടിരിക്കുകൊണ്ട്) ദുഷ്ടന്മാരെ ഹിംസിക്കുന്നതിൽനിന്ന് |
| നിവൃത്തഃ അപി | വിരമിച്ചിരിക്കുന്നവനെങ്കിലുംകൂടി, |
| പ്രഭുഃ | സർവ്വശക്തനായ |

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീബലദേവൻ | കരസ്ഥേന | കൈയിലിരിക്കുന്ന |
| ഏതാവത് ഉക്ത്വാ | ഇത്രയും പറഞ്ഞ് | കുശാഗ്രേണ | കുശപ്പുല്ലിൻെറ തലകൊണ്ട് |
| ഭാവിത്വാത് | വിധിബലത്താൽ | | |
| തം | ആ രോമഹർഷണനെ | അഹനത് | അടിച്ചുകൊന്നു. |

ഹാഹേതി വാദിനഃ സർവ്വേ മുനയഃ ഖിന്നമാനസാഃ
ഊചുഃ സങ്കർഷണം ദേവമധർമ്മസ്തേ കൃതഃ പ്രഭോ. 29

| | | | |
|---|---|---|---|
| ഖിന്നമാനസാഃ | സന്തപ്തചിത്തന്മാരായിത്തീർന്ന | ദേവം | ദേവനായ |
| മുനയഃ | മഹർഷിമാർ | സങ്കർഷണം | ശ്രീബലദേവനോട് |
| സർവ്വേ | എല്ലാവരും | ഊചുഃ | പറഞ്ഞു— |
| ഹാ ഹാ | "അയ്യയ്യോ!" | പ്രഭോ | "ഹേ മഹാപ്രഭോ! |
| ഇതി | എന്ന് | തേ | ഭവാനാൽ |
| വാദിനഃ | ചൊല്ലിക്കൊണ്ട് | കൃതഃ | പ്രവർത്തിക്കപ്പെട്ടത് |
| | | അധർമ്മഃ | അധർമ്മമാകുന്നു |

അസ്യ ബ്രഹ്മാസനം ദത്തമസ്മാഭിര്യദുനന്ദന
ആയുശ്ചാത്മാക്ലമം താവദ്യാവത് സത്രം സമാപ്യതേ. 30
അജാനതൈവാചരിതസ്ത്വയാ ബ്രഹ്മവധോ യഥാ
യോഗേശ്വരസ്യ ഭവതോ നാമ്നായോഽപി നിയാമകഃ. 31
യദ്യേതദ്ബ്രഹ്മഹത്യായാഃ പാവനം ലോകപാവന
ചരിഷ്യതി ഭവാംല്ലോകസംഗ്രഹോഽനന്യചോദിതഃ. 32

| | |
|---|---|
| യദുനന്ദന | "ഹേ യാദവപുത്ര! |
| യാവത് സത്രം സമാപ്യതേ താവത് | സത്രം അവസാനിക്കപ്പെടുന്നതുവരേക്കും |
| അസ്മാഭിഃ | ഞങ്ങളാൽ |
| അസ്യ | ഇദ്ദേഹത്തിന് |
| ബ്രഹ്മാസനം | ബ്രഹ്മാസനവും, |
| ആത്മാക്ലമം | ശരീരത്തിനു തളർച്ചയേശാത്ത |
| ആയുഃ ച | ആയുസ്സും |
| ദത്തം | കൊടുക്കപ്പെട്ടതാണ്. |
| അജാനതാ ഇവ | ഇതൊന്നും അറിയാത്ത ഒരാളെന്നപോലെ |
| ത്വയാ | നിന്തിരുവടിയാൽ |
| ബ്രഹ്മവധഃ | ബ്രാഹ്മണവധം |
| യഥാ | ഏതുവിധമായാൽ ഉണ്ടാകാമോ ആവിധം |
| ആചരിതഃ | പ്രവർത്തിക്കപ്പെട്ടു. |

| | |
|---|---|
| ആമ്നായഃ അപി | (ബ്രാഹ്മണവധം ചെയ്യരുതെന്നുള്ള) വേദവചനംപോലും |
| യോഗേശ്വരസ്യ | യോഗേശ്വരനായ |
| ഭവതഃ | നിന്തിരുവടിക്ക് |
| ന നിയാമകഃ | ബാധകമല്ല. (എങ്കിലും) |
| ലോകപാവന | ലോകങ്ങളെ മുഴുവനും വിശുദ്ധീകരിക്കുന്ന മഹാപ്രഭോ! |
| ഭവാൻ | നിന്തിരുവടി |
| അനന്യ-ചോദിതഃ | മററുള്ളവരാൽ പ്രേരിതനാകാതെതന്നെ |
| ഏതദ് ബ്രഹ്മ-ഹത്യായാഃ | ഈ ബ്രഹ്മഹത്യാദോഷത്തിന് വേണ്ടതായ |
| പാവനം | പ്രായശ്ചിത്തത്തെ |
| യദി ചരിഷ്യതി | ആചരിക്കുകയാണെങ്കിൽ, (അത്) |
| ലോകസംഗ്രഹഃ | ലോകാനുഗ്രഹമായിരിക്കും." |

നോട്ട്:— യോഗേശ്വരനും ലോകപാവനനുമായ ശ്രീബലദേവൻ ബ്രഹ്മഹത്യയ്ക്കു പ്രായശ്ചിത്തം ചെയ്യേണ്ടതില്ല. 'ബ്രാഹ്മണോ ന ഹന്തവ്യഃ' എന്നും മററുമുള്ള ധൎമ്മശാസ്ത്രത്തിലെ നിഷേധവാക്യങ്ങൾ ബലദേവനെപ്പോലെയുള്ള ലോകാതീതന്മാൎക്ക് ബാധകങ്ങളല്ലല്ലോ. എങ്കിലും, ലോകസംഗ്രഹത്തിനുവേണ്ടി (ലോകത്തിലുള്ള സാമാന്യജനങ്ങളെ ശാസ്ത്രോക്തധൎമ്മങ്ങളിൽ പ്രവൎത്തിപ്പിക്കുന്നതിനുവേണ്ടി) ബലദേവൻ സ്വമനസാ പ്രായശ്ചിത്തം ചെയ്യണമെന്നു് ഋഷിമാർ ഉപദേശിക്കുന്നു.

ശ്രീഭഗവാനുവാച=ഭഗവാൻ ശ്രീബലദേവൻ പറഞ്ഞു:—

കരിഷ്യേ വധനിൎവ്വേശം ലോകാനുഗ്രഹകാമ്യയാ
നിയമഃ പ്രഥമേ കല്പേ യാവാൻ സ തു വിധീയതാം. 33

| | | | |
|---|---|---|---|
| ലോകാനുഗ്രഹകാമ്യയാ | ലോകസംഗ്രഹത്തിനുള്ള ആഗ്രഹംനിമിത്തം | കല്പേ | പക്ഷത്തിൽ |
| വധനിൎവ്വേശം | വധത്തിനുള്ള പ്രായശ്ചിത്തം | യാവാൻ | എത്രത്തോളംവരുന്ന |
| കരിഷ്യേ | ഞാൻ ചെയ്യേക്കാം. | നിയമഃ | പ്രായശ്ചിത്തമുണ്ടോ, |
| പ്രഥമേ | മുഖ്യമായുള്ള | സഃ തു | അതുതന്നെ |
| | | വിധീയതാം | വിധിക്കപ്പെടാവുന്നതാണ്. |

ദീൎഘമായുൎബ്ബതൈതസ്യ സത്ത്വമിന്ദ്രിയമേവ ച
ആശാസിതം യത്തദ് ബ്രൂത സാധയേ യോഗമായയാ. 34

| | | | |
|---|---|---|---|
| ബത | അല്ലേ മുനിമാരേ! | ആശാസിതം | നിങ്ങളാൽ അഭിലഷിക്കപ്പെട്ടതു് |
| ദീൎഘം ആയുഃ | ദീൎഘായുസ്സും, | തത് സൎവ്വം ഏവ | അതെല്ലാം തന്നെയും |
| സത്ത്വം | ബലവും, | ബ്രൂത | പറയുവിൻ. |
| ഇന്ദ്രിയം | ഇന്ദ്രിയശക്തിയും | യോഗമായയാ | യോഗമായാബലത്താൽ |
| യത് ച | വേറെ എന്തെല്ലാമാണോ, | സാധയേ | സാധിപ്പിക്കുന്നുണ്ടു്. |
| ഏതസ്യ | ഈ സൂതന്നായി | | |

ഋഷയ ഊചുഃ=ഋഷിമാർ പറഞ്ഞു:—

അസ്ത്രസ്യ തവ വീൎയ്യസ്യ മൃത്യോരസ്മാകമേവ ച
യഥാ ഭവേദ്വചഃ സത്യം തഥാ രാമ വിധീയതാം. 35

| | | | |
|---|---|---|---|
| രാമ | ശ്രീബലരാമ! | ഭവേത് | ഉണ്ടാകുമോ |
| തവ അസ്ത്രസ്യ | ഭവാന്റെ അസ്ത്രത്തിനും, | തഥാ | അപ്രകാരവും, |
| വീൎയ്യസ്യ | വീൎയ്യത്തിനും, | അസ്മാകം ച | ഞങ്ങളുടേയും |
| മൃത്യോഃ ഏവ | (സൂതനായ രോമഹൎഷണന്റെ) മരണത്തിനും, | വചഃ | വാക്ക് |
| | | (യഥാ | എപ്രകാരമായാൽ |
| യഥാ | എപ്രകാരമായാൽ | സത്യം ഭവേത് | സത്യമാകുമോ |
| സത്യം | സത്യസ്ഥിതി | തഥാ) | അപ്രകാരവും |
| | | വിധീയതാം | ചെയ്യപ്പെട്ടേക്കുക. |

നോട്ട്:— 'ഭവാന്റെ കശാസ്ത്രവും, വീൎയ്യവും സഫലമാകുന്നതിന്നു് രോമഹൎഷണന്റെ മൃത്യു സത്യമാകുകതന്നെ വേണം. എന്നാൽ ഞങ്ങൾ രോമഹൎഷണന്നു കൊടുത്ത വരവും (ദീൎഘായുൎദ്ദാനം) അതുപോലെ സത്യമായിട്ടു വരണം. ഇതിന്നുവേണ്ടുന്ന ഉപായത്തെ ഭവാൻ കൈക്കൊണ്ടാലും' എന്നു് സാരം.

ശ്രീഭഗവാനുവാച=ഭഗവാൻ ശ്രീബലദേവൻ പറഞ്ഞു :—

ആത്മാ വൈ പുത്ര ഉത്പന്ന ഇതി വേദാനുശാസനം
തസ്മാദസ്യ ഭവേദ്വക്താ ആയുരിന്ദ്രിയസത്ത്വവാൻ. 36

| | | | |
|---|---|---|---|
| ആത്മാ വൈ | താൻ തന്നെയാണ് | (പുത്രഃ) | മകൻ, ഉഗ്രശ്രവസ്സ് |
| പുത്രഃ | പുത്രനായിട്ട് | വക്താ | നിങ്ങളുടെ പുരാണ കഥാവക്താവായും, |
| ഉത്പന്നഃ | ജനിക്കുന്നത്, | | |
| ഇതി | എന്നിങ്ങനെയുള്ള | ആയുരിന്ദ്രിയ-സത്ത്വവാൻ | ആയുസ്സ്, ഇന്ദ്രിയശക്തി, ദേഹബലം എന്നിവയുള്ളവനായും |
| വേദാനുശാസനം | വേദവാക്യമുണ്ട്. * | | |
| തസ്മാത് | അതിനാൽ | | |
| അസ്യ | ഈ രോമഹർഷണന്റെ | ഭവേത് | ഭവിക്കുന്നതാണ്. |

* 'ആത്മാ വൈ പുത്രനാമാസി, സംജീവ ശരദഃ ശതം' എന്നു വേദവാക്യം. സൂക്ഷ്മമായി ചിന്തിച്ചാൽ ജന്യജനകങ്ങളോ ഒന്നാണെന്നു കാണാം. ജന്യം ജനകത്തിന്റെ പരിണതരൂപമാകുന്നു. അപ്പോൾ, ജന്യമായ പുത്രൻ ജനകമായ പിതാവിൽനിന്നു ഭിന്നനല്ല. പിതാവുതന്നെയാണ് പുത്രനും. 'പുത്രാത്മവാദ'ത്തിലടങ്ങിയ തത്ത്വം ഇതാണ്.

കിം വഃ കാമോ മുനിശ്രേഷ്ഠാ ബ്രൂതാഹം കരവാണ്യഥ
അജാനതസ്ത്വപചിതിം യഥാ മേ ചിന്ത്യതാം ബുധാഃ. 37

| | | | |
|---|---|---|---|
| മുനിശ്രേഷ്ഠാഃ | ഹേ മുനിശ്രേഷ്ഠന്മാരേ ! | ബുധാഃ | ജ്ഞാനികളേ ! |
| വഃ | നിങ്ങൾക്ക് | അപചിതിം | (സൂതവധത്തിനുള്ള) പ്രായശ്ചിത്തത്തെ |
| കിം | എന്തൊരു | | |
| കാമഃ | ആഗ്രഹമാണുള്ളത് ? | അജാനതഃ | അറിഞ്ഞുകൂടാത്ത |
| ബ്രൂത | പറഞ്ഞുകൊള്ളുവിൻ ! | മേ | എനിക്കുവേണ്ടി |
| അഹം അഥ | ഞാൻ ഉടനടി | യഥാ തു | വേണ്ടപോലുള്ളത്, പിന്നെ |
| കരവാണി | നിറവേററിത്തരാം. | ചിന്ത്യതാം | ചിന്തിക്കപ്പെട്ടാലും. |

ഋഷയ ഊചുഃ=ഋഷിമാർ പറഞ്ഞു :—

ഇല്വലസ്യ സുതോ ഘോരോ ബല്വലോ നാമ ദാനവഃ
സ ദൂഷയതി നഃ സത്രമേത്യ പർവ്വണി പർവ്വണി. 38

| | | | |
|---|---|---|---|
| ഇല്വലസ്യ | ഇല്വലന്റെ | സഃ | അവൻ |
| സുതഃ | പുത്രനായിട്ട് | പർവ്വണി പർവ്വണി | വാവിനു വാവിനു |
| ഘോരഃ | മഹാഭയങ്കരനായി | ഏത്യ | ഇങ്ങെത്തി, |
| ബല്വലഃ നാമ | ബല്വലൻ എന്നു പേരായ | നഃ സത്രം | ഞങ്ങളുടെ യാഗത്തെ |
| ദാനവഃ | ദൈത്യനുണ്ട്. | ദൂഷയതി | ദുഷിപ്പിക്കുന്നു. |

തം പാപം ജഹി ദാശാർഹ തന്നഃ ശുശ്രൂഷണം പരം
പൂയശോണിതവിണ്മൂത്രസുരാമാംസാഭിവർഷിണം. 39

| | | | |
|---|---|---|---|
| പൂയശോണിത- | ചലവും, ശോണവും, മല | ജഹി | കൊന്നുകളഞ്ഞാലും. |
| വിൺമൂത്ര- | മൂത്രങ്ങളും, മദ്യമാംസ | ദാശാർഹ | ഹേ യദുനന്ദന! |
| സുരാമാംസാ- | ങ്ങളും വർഷിച്ചുകൊണ്ടി | തത് നഃ | അതു് ഞങ്ങൾക്കു് |
| ഭിവർഷിണം | രിക്കുന്ന | പരം | വലിയ |
| തം പാപം | ആ ദുഷ്ടനെ | ശുശ്രൂഷണം | സേവനമാകുന്നതാണു്. |

തതശ്ച ഭാരതം വർഷം പരീത്യ സുസമാഹിതഃ
ചരിത്വാ ദ്വാദശ മാസാംസ്തീർത്ഥസ്നായീ വിശുദ്ധ്യസേ. 40

| | | | |
|---|---|---|---|
| തതഃ ച | അതിന്നുശേഷം | പരീത്യ | ചുററിനടന്നു് |
| സുസമാഹിതഃ | അതിശ്രദ്ധായുക്തനായി | തീർത്ഥസ്നായീ | തീർത്ഥസ്നാനം ചെയ്തുകൊണ്ടു് |
| ദ്വാദശ | പന്ത്രണ്ടു് | ചരിത്വാ | പ്രായശ്ചിത്തം ആചരിച്ചശേഷം |
| മാസാൻ | മാസങ്ങളോളം | വിശുദ്ധ്യസേ | ഭവാൻ ശുദ്ധിയേല്ക്കുന്നതാകുന്നു. |
| ഭാരതം | ഭാരതമെന്നുപേരുള്ള | | |
| വർഷം | (ഈ) ഭൂഖണ്ഡത്തെ | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ബലദേവചരിത്രേ ബല്വലവധോപക്രമോ നാമ അഷ്ടസപ്തതിതമോഽദ്ധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3339.

## ഏകോനാശീതിതമോഽദ്ധ്യായഃ=എഴുപത്തൊമ്പതാമദ്ധ്യായം.

[ഊനാശീതിതമേ രാമോ ബല്വലം ദ്വിജദുഷ്ടയേ
നിഹത്യ തീർത്ഥസ്നാനാദ്യൈഃ സൂതഹത്യാമപാനുദത്.]

(ബല്വലവധവും ശ്രീബലഭദ്രരുടെ തീർത്ഥാടനവും)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

തതഃ പർവ്വണ്യുപാവൃത്തേ പ്രചണ്ഡഃ പാംസുവർഷണഃ
ഭീമോ വായുരഭൂദ്രാജൻ പൂയഗന്ധസ്തു സർവ്വശഃ. 1

| | | | |
|---|---|---|---|
| തതഃ | അനന്തരം | | കോരിച്ചൊരിയുന്നതും, |
| രാജൻ | ഹേ പരീക്ഷിത്ത് രാജാവേ! | ഭീമഃ | ഭയങ്കരമായുള്ളതും, |
| പർവ്വണി | വാവുദിവസം | പൂയഗന്ധഃ | ദുർഗ്ഗന്ധമുള്ളതും ആയ |
| ഉപാവൃത്തേ | വന്നപ്പോൾ | വായുഃ തു | വായുവാകട്ടെ |
| പ്രചണ്ഡഃ | അത്യുഗ്രമായതും, | സർവ്വശഃ | എല്ലാദിക്കിലും |
| പാംസുവർഷണഃ | മൺപൊടികൾ | അഭൂത് | വീശിത്തുടങ്ങി. |

തതോഽമേദ്ധ്യമയം വർഷം ബല്വലേന വിനിർമ്മിതം
അഭവദ്യജ്ഞശാലായാം സോഽന്വദൃശ്യത ശൂലധൃക്. 2

| | |
|---|---|
| തതഃ | അതിൽപ്പിന്നെ |
| ബല്വലേന | ബല്വലാസുരനാൽ |
| വിനിർമ്മിതം | ഉണ്ടാക്കപ്പെട്ട |
| അമേധ്യമയം | അമേധ്യമയമായുള്ള |
| വർഷം | മഴ |

| | |
|---|---|
| യജ്ഞശാലായാം | യാഗശാലയിൽ |
| അഭവത് | ഉണ്ടായി. |
| ശൂലധൃക് | ശൂലം ധരിച്ചിരിക്കുന്ന |
| സഃ | അവൻ |
| അദൃശ്യത | പ്രത്യക്ഷപ്പെട്ടു. |

തം വിലോക്യ ബൃഹത്കായം ഭിന്നാഞ്ജനചയോപമം
തപ്തതാമ്രശിഖാശ്മശ്രും ദംഷ്ട്രോഗ്രഭ്രുകുടീമുഖം. 3
സസ്മാര മുസലം രാമഃ പരസൈന്യവിദാരണം
ഹലം ച ദൈത്യദമനം തേ തൂർണ്ണമുപതസ്ഥതുഃ. 4

| | |
|---|---|
| ബൃഹത്കായം | പെരുത്ത ദേഹമുള്ളവനും, |
| ഭിന്നാഞ്ജനചയോപമം | പിളർപ്പുള്ള അഞ്ജനമലയോടു സാദൃശ്യം വഹിക്കുന്നവനും, |
| തപ്തതാമ്രശിഖാശ്മശ്രും | ചുട്ടുപഴുത്ത ചെമ്പുപോലുള്ള മുടിയോടും താടിരോമങ്ങളോടും കൂടിയവനും, |
| ദംഷ്ട്രോഗ്രഭ്രുകുടീമുഖം | ദംഷ്ട്രകളും ഉഗ്രങ്ങളായ പുരികക്കൊടികളും ഉള്ള മുഖത്തോടുകൂടിയവനുമായ |
| തം | അവനെ |

| | |
|---|---|
| വിലോക്യ | കണ്ടിട്ട് |
| രാമഃ | ശ്രീബലരാമൻ |
| പരസൈന്യവിദാരണം | ശത്രുസൈന്യങ്ങളെ തല്ലിത്തകർക്കുന്ന |
| മുസലം | മുസലായുധത്തെയും, |
| ദൈത്യദമനം | അസുരന്മാരെ കൊന്നൊടുക്കുന്ന |
| ഹലം ച | കലപ്പയേയും |
| സസ്മാര | സ്മരിച്ചു. |
| തേ തൂർണ്ണം | അവ രണ്ടും ഉടൻ |
| ഉപതസ്ഥതുഃ | അടുത്തെത്തി. |

തമാകൃഷ്യ ഹലാഗ്രേണ ബല്വലം ഗഗനേചരം
മുസലേനാഹനത് ക്രുദ്ധോ മൂർദ്ധ്നി ബ്രഹ്മദ്രുഹം ബലഃ. 5

| | |
|---|---|
| ബ്രഹ്മദ്രുഹം | ബ്രഹ്മദ്വേഷിയും, |
| ഗഗനേചരം | ആകാശസഞ്ചാരിയുമായ |
| തം ബല്വലം | ആ ബല്വലനെ |
| ഹലാഗ്രേണ | കലപ്പയുടെ അഗ്രംകൊണ്ട് |
| ആകൃഷ്യ | വലിച്ചു താഴത്തിട്ട്, |

| | |
|---|---|
| ക്രുദ്ധഃ | കോപം കലർന്ന |
| ബലഃ | ബലരാമൻ |
| മുസലേന | മുസലത്താൽ |
| മൂർദ്ധ്നി | തലയ്ക്ക് |
| അഹനത് | അടിച്ചു. |

സോഽപതദ് ഭുവി നിർഭിന്നലലാടോഽസൃക് സമുത്സൃജൻ
മുഞ്ചന്നാർത്തസ്വരം ശൈലോ യഥാ വജ്രഹതോഽരുണഃ. 6

| | |
|---|---|
| നിർഭിന്നലലാടഃ | പൊട്ടിത്തകർന്ന നെററിത്തടത്തോടുകൂടിയവനായി ഭവിച്ച |
| സഃ | അവൻ |
| അസൃക് | രക്തം |
| സമുത്സൃജൻ | വമിച്ചുകൊണ്ടും, |
| ആർത്തസ്വരം | ദീനരോദനം |

| | |
|---|---|
| മുഞ്ചൻ | പുറപ്പെടുവിച്ചുകൊണ്ടും |
| വജ്രഹതഃ | വജ്രായുധത്താൽ പ്രഹരിക്കപ്പെട്ട |
| അരുണഃ | ചുകന്ന |
| ശൈലഃ യഥാ | മാമലപോലെ |
| ഭുവി | നിലത്ത് |
| അപതത് | മലച്ചുവീണു. |

സംസ്തുത്യ മുനയോ രാമം പ്രയുജ്യാവിതഥാശിഷഃ
അഭ്യഷിഞ്ചൻ മഹാഭാഗാ വൃത്രഘ്നം വിബുധാ യഥാ. 7

| | | | |
|---|---|---|---|
| വിബുധാഃ | ദേവന്മാർ | രാമം | ശ്രീബലരാമനെ |
| വൃത്രഘ്നം | വൃത്രാസുരനെ വധിച്ച ദേവേന്ദ്രനെ | സംസ്തുത്യ | വാഴ്ത്തിസ്തുതിച്ച് |
| യഥാ | എന്നപോലെ, | അവിതഥാശിഷഃ | നിഷ്ഫലമാകാത്ത ആശീർവ്വാദങ്ങളെ |
| മഹാഭാഗാഃ | മഹാപുണ്യവാന്മാരായ | പ്രയുജ്യ | അരുളിയശേഷം |
| മുനയഃ | മഹർഷിമാർ | അഭ്യഷിഞ്ചൻ | സ്നാനം ചെയ്യിച്ചു. |

വൈജയന്തീം ദദുർമ്മാലാം ശ്രീധാമാമ്ലാനപങ്കജാം
രാമായ വാസസീ ദിവ്യേ ദിവ്യാന്യാഭരണാനി ച. 8

| | | | |
|---|---|---|---|
| ശ്രീധാമാമ്ലാനപങ്കജാം | ശോഭയ്ക്കിരിപ്പിടമായും വാട്ടം തട്ടാത്തതായും ഉള്ള ചെന്താമരപ്പുഷ്പങ്ങളെഴുന്ന | ദിവ്യേ | ദിവ്യങ്ങളായ |
| | | വാസസീ | രണ്ടു വസ്ത്രങ്ങളേയും, |
| | | ദിവ്യാനി | ദിവ്യങ്ങളായ |
| | | ആഭരണാനി ച | ആഭരണങ്ങളേയും |
| വൈജയന്തീം | വൈജയന്തിയെന്ന | രാമായ | ശ്രീബലരാമന്ന് |
| മാലാം | മാലയേയും, | ദദുഃ | (മുനിമാർ) കൊടുത്തു. |

അഥ തൈരഭ്യനുജ്ഞാതഃ കൗശികീമേത്യ ബ്രാഹ്മണൈഃ
സ്നാത്വാ സരോവരമഗാദ്യതഃ സരയുരാസ്രവത്. 9

| | | | |
|---|---|---|---|
| അഥ | അനന്തരം | ഏത്യ | ചെന്നിട്ട് |
| തൈഃ | അവരാൽ | സ്നാത്വാ | സ്നാനംചെയ്ത്, |
| അഭ്യനുജ്ഞാതഃ | അനുവാദം നല്കപ്പെട്ട ബലരാമൻ | യതഃ | യാതൊന്നിൽനിന്നാണോ |
| | | സരയുഃ | സരയൂനദി |
| ബ്രാഹ്മണൈഃ | ബ്രാഹ്മണരോടൊന്നിച്ച് | ആസ്രവത് | ഒഴുകിവരുന്നത് |
| കൗശികീം | കൗശികിയെന്ന നദിയിലേക്ക് | സരോവരം | ആ ഉത്തമസരസ്സിലേക്ക് |
| | | അഗാത് | പോയി. |

അനുസ്രോതേന സരയൂം പ്രയാഗമുപഗമ്യ സഃ
സ്നാത്വാ സന്തർപ്പ്യ ദേവാദീൻ ജഗാമ പുലഹാശ്രമം. 10

| | | | |
|---|---|---|---|
| സഃ | ആ ശ്രീബലരാമൻ | സ്നാത്വാ | കുളിച്ച് |
| സരയൂം അനുസ്രോതേന | സരയൂനദിയുടെ പ്രവാഹമാർഗ്ഗത്തെ അനുസരിച്ചുകൊണ്ട് | ദേവാദീൻ | ദേവാദികളെ |
| | | സന്തർപ്പ്യ | തർപ്പിച്ചതിന്നുശേഷം |
| പ്രയാഗം | പ്രയാഗയിലേക്ക് | പുലഹാശ്രമം | ഹരിക്ഷേത്രത്തിലേക്ക് |
| ഉപഗമ്യ | എത്തിച്ചേർന്ന്, | ജഗാമ | പോയി. |

ഗോമതീം ഗണ്ഡകീം സ്നാത്വാ വിപാശാം ശോണ ആപ്ലുതഃ
ഗയാം ഗത്വാ പിതൄനിഷ്ട്വാ ഗംഗാസാഗരസംഗമേ. 11
ഉപസ്പൃശ്യ മഹേന്ദ്രാദ്രൗ രാമം ദൃഷ്ട്വാഭിവാദ്യ ച
സപ്തഗോദാവരീം വേണാം പമ്പാം ഭീമരഥീം തതഃ. 12

സ്കന്ദം ദൃഷ്ട്വാ യയൌ രാമഃ ശ്രീശൈലം ഗിരിശാലയം
ദ്രവിഡേഷു മഹാപുണ്യം ദൃഷ്ട്വാദ്രിം വേങ്കടം പ്രഭുഃ. 13
കാമകോഷ്ണീം പുരീം കാഞ്ചീം കാവേരീം ച സരിദ്വരാം
ശ്രീരംഗാഖ്യം മഹാപുണ്യം യത്ര സന്നിഹിതോ ഹരിഃ. 14
ഋഷഭാദ്രിം ഹരേഃ ക്ഷേത്രം ദക്ഷിണാം മധുരാം തഥാ
സാമുദ്രം സേതുമഗമന്മഹാപാതകനാശനം. 15

| | |
|---|---|
| ഗോമതീം | ഗോമതിയിലും, |
| ഗണ്ഡകീം | ഗണ്ഡകിയിലും, |
| വിപാശാം | വിപാശയിലും |
| സ്നാത്വാ | സ്നാനംചെയ്ത്, |
| ശോണേ | ശോണനദത്തിലും |
| ആപ്ലുതഃ | സ്നാതനായിട്ട് |
| ഗയാം ഗത്വാ | ഗയയിലേക്ക് പോയി, |
| പിതൄൻ | പിതൃക്കളെ |
| ഇഷ്ട്വാ | സമാരാധിച്ച്, |
| ഗംഗാസാഗര- സംഗമേ | ഗംഗാനദിയും സമുദ്രവും ചേരുന്ന ദിക്കിൽ |
| ഉപസ്പൃശ്യ | ആചമനപൂർവ്വം കുളിച്ച്, |
| മഹേന്ദ്രാദ്രൌ | മഹേന്ദ്രപർവ്വതത്തിൽ |
| രാമം | ശ്രീപരശുരാമനെ |
| ദൃഷ്ട്വാ | സന്ദർശിച്ച് |
| അഭിവാദ്യ ച | അഭിവാദ്യം ചെയ്തതിൽപ്പിന്നെ |
| സപ്തഗോദാവരീം | ഗോദാവരി ഏഴായി പിരിഞ്ഞ് സമുദ്രത്തിൽ ചേരുന്ന തീർത്ഥസ്ഥലത്തേക്കും, |
| വേണ്ണാം | വേണ്ണാറിലേക്കും, |
| പമ്പാം | പമ്പാസരസ്സിലേക്കും, |
| ഭീമരഥീം | ഭീമരഥിയിലേക്കും |
| (ഗത്വാ) തതഃ | പോയതിനുശേഷം |
| സ്കന്ദം | ശ്രീസുബ്രഹ്മണ്യനെ |
| ദൃഷ്ട്വാ | ദർശിച്ച് |
| ശ്രീശൈലം | ശ്രീശൈലമെന്ന |
| ഗിരിശാലയം | ശിവക്ഷേത്രത്തിലേക്ക് |

| | |
|---|---|
| രാമഃ യയൌ | ബലരാമൻ പോയി. |
| പ്രഭുഃ | ആ സർവ്വശക്തൻ |
| ദ്രവിഡേഷു | ദ്രാവിഡദേശത്തിലെ |
| മഹാപുണ്യം | മികച്ച പുണ്യസ്ഥലമായ |
| വേങ്കടം അദ്രിം | തിരുവെങ്കടമലയേയും, |
| കാമകോഷ്ണീം | കാമകോഷ്ണി (കോടി) യെന്നു വിഖ്യാതമായ |
| കാഞ്ചീം പുരീം | കാഞ്ചീപുരത്തെയും, |
| സരിദ്വരാം | ഉത്തമ നദിയായ |
| കാവേരീം ച | കാവേരിയേയും, |
| യത്ര | യാതൊരിടത്ത് |
| ഹരിഃ | ശ്രീമഹാവിഷ്ണു |
| സന്നിഹിതഃ | സന്നിധാനം ചെയ്തിരിക്കുന്നുവോ, |
| ശ്രീരംഗാഖ്യം | ആ ശ്രീരംഗമെന്ന |
| മഹാപുണ്യം | മഹാപുണ്യക്ഷേത്രത്തേയും, |
| ഹരേഃ | ശ്രീമഹാവിഷ്ണുവിന്റെ |
| ക്ഷേത്രം | ക്ഷേത്രമായ |
| ഋഷഭാദ്രിം | ഋഷഭാചലത്തെയും, |
| തഥാ | അതുപോലെ |
| ദക്ഷിണാം മധുരാം | തെൻമധുരയേയും, |
| ദൃഷ്ട്വാ | സന്ദർശിച്ച് |
| മഹാപാതക- നാശനം | മഹാപാപങ്ങളെ നശിപ്പിക്കുന്ന |
| സാമുദ്രം | സമുദ്രതീരത്തിലുള്ള |
| സേതും | രാമസേതുവിലേക്ക് |
| അഗമത് | പോയി. |

തത്രായുതമദാദ്ധേനൂർബ്രാഹ്മണേഭ്യോ ഹലായുധഃ
കൃതമാലാം താമ്രപർണ്ണീം മലയം ച കുലാചലം. 16

തത്രാഗസ്ത്യം സമാസീനം നമസ്കൃത്യാഭിവാദ്യ ച
യോജിതസ്തേന ചാശീർഭിരനുജ്ഞാതോ ഗതോഽർണ്ണവം
ദക്ഷിണം തത്ര കന്യാഖ്യാം ദുർഗ്ഗാം ദേവീം ദദർശ സഃ.

| | |
|---|---|
| തത്ര | അവിടെ (സേതുവിൽ) |
| ഹലായുധഃ | ശ്രീബലരാമൻ |
| അയുതം | പതിനായിരം |
| ധേനൂഃ | പശുക്കളെ |
| ബ്രാഹ്മണേഭ്യഃ | ബ്രാഹ്മണർക്കായി |
| അദാത് | ദാനംചെയ്തു |
| കൃതമാലാം | കൃതമാലാനദിയിലേക്കും, |
| താമ്രപർണ്ണീം | താമ്രപർണ്ണിയിലേക്കും, |
| കുലാചലം | കുലപർവ്വതമായ |
| മലയം ച | മലയത്തിലേക്കും (പിന്നീട് യാത്രചെയ്തു.) |
| തത്ര | അവിടെ (മലയത്തിൽ) |
| സമാസീനം | ഇരുന്നരുളുന്ന |
| അഗസ്ത്യം | അഗസ്ത്യമുനിയെ |
| അഭിവാദ്യ | അഭിവാദ്യം ചെയ്യുകയും, |
| നമസ്കൃത്യ ച | നമസ്കരിക്കുകയും ചെയ്ത്, |
| തേന | അദ്ദേഹത്താൽ |
| ആശീർഭിഃ യോജിതഃ | ആശീർവ്വദിക്കപ്പെട്ടവനായും, |
| അനുജ്ഞാതഃ | [illegible]അനുജ്ഞാതനായും വെച്ച് |
| ദക്ഷിണം | തെക്ക് |
| അർണ്ണവം | സമുദ്രത്തിലേക്ക് |
| ഗതഃ | പോയി. |
| തത്ര | അവിടെ (ദക്ഷിണസമുദ്രത്തിന്റെ തീരത്തിൽ) |
| സഃ | ആ ശ്രീബലരാമൻ |
| കന്യാഖ്യാം | 'കന്യ'യെന്ന അഭിധാനത്തോടുകൂടിയ |
| ദുർഗ്ഗാം ദേവീം | ദുർഗ്ഗാഭഗവതിയെ |
| ദദർശ | ദർശിച്ചു. |

തതഃ ഫാല്ഗുനമാസാദ്യ പഞ്ചാപ്സരസമുത്തമം
വിഷ്ണുഃ സന്നിഹിതോ യത്ര സ്നാത്വാസ്പർശദ്ഗവായുതം. 18

| | |
|---|---|
| തതഃ | അവിടെനിന്ന് |
| ഫാല്ഗുനം | തിരുവനന്തപുരത്തേക്ക് |
| ആസാദ്യ | വന്ന്, |
| യത്ര | യാതൊരിടത്താണോ, |
| വിഷ്ണുഃ | ശ്രീമഹാവിഷ്ണു |
| സന്നിഹിതഃ | പള്ളികൊള്ളുന്നത് |
| ഉത്തമം | ആ ഉത്തമമായ |
| പഞ്ചാപ്സരസം സ്നാത്വാ | 'പഞ്ചാപ്സരസ'മെന്ന തീർത്ഥത്തിൽ കുളിച്ച് |
| ഗവായുതം | പതിനായിരം ഗോക്കളെ |
| അസ്പർശത് | ദാനം ചെയ്തു. |

തതോഽഭിവ്രജ്യ ഭഗവാൻ കേരളാംസ്തു ത്രിഗർത്തകാൻ
ഗോകർണ്ണാഖ്യം ശിവക്ഷേത്രം സാന്നിധ്യം യത്ര ധൂർജ്ജടേഃ. 19

| | |
|---|---|
| തതഃ തു | അനന്തരം |
| ഭഗവാൻ | ഭഗവാൻ ബലരാമൻ |
| കേരളാൻ | കേരളദേശത്തെയും, |
| ത്രിഗർത്തകാൻ | ത്രിഗർത്തദേശത്തെയും, |
| അഭിവ്രജ്യ | പര്യടനം ചെയ്ത്, |
| യത്ര | യാതൊരിടത്താണോ |
| ധൂർജ്ജടേഃ | ശ്രീപരമേശ്വരന്റെ |
| സാന്നിധ്യം | സാന്നിധ്യമുള്ളത്, |
| ഗോകർണ്ണാഖ്യം ശിവക്ഷേത്രം | ആ ഗോകർണ്ണമെന്ന ശിവക്ഷേത്രത്തിലേക്ക് |
| (അഗമത്) | പോയി. |

ആര്യാം ദ്വൈപായനീം ദൃഷ്ട്വാ ശൂർപ്പാരകമഗാദ്ബലഃ
താപീം പയോഷ്ണീം നിർവ്വിന്ധ്യാമുപസ്പൃശ്യാഥ ദണ്ഡകം. 20

പ്രവിശ്യ രേവാമഗമദ്യത്ര മാഹിഷ്മതീ പുരീ
മനതീൎത്ഥമുപസ്പൃശ്യ പ്രഭാസം പുനരാഗമത്. 21

| | |
|---|---|
| ദ്വൈപായനീം | ദ്വീപാന്തരവാസിനിയായ |
| ആൎയ്യാം | ശ്രീമഹാംബികയെ |
| ദൃഷ്ട്വാ | ദൎശിച്ചശേഷം |
| ബലഃ | ബലദേവൻ |
| ശൂൎപ്പാരകം | ശൂൎപ്പരകമെന്ന ക്ഷേത്രത്തിലേക്ക് |
| അഗാത് | പോയി. |
| താപീം | താപീനദിയിലും, |
| പയോഷ്ണീം | പയോഷ്ണീനദിയിലും, |
| നിൎവ്വിന്ധ്യാം | നിൎവ്വിന്ധ്യാനദിയിലും |
| ഉപസ്പൃശ്യ | സ്നാനംചെയ്തു, |
| അഥ | അനന്തരം |
| ദണ്ഡകം | ദണ്ഡകാരണ്യത്തിലേക്ക് |
| പ്രവിശ്യ | പ്രവേശിച്ച്, |
| യത്ര | യാതൊന്നിന്റെ തീരത്താണോ |
| മാഹിഷ്മതീ | മാഹിഷ്മതിയെന്ന |
| പുരീ | നഗരമുള്ളത് |
| രേവാം | ആ നൎമ്മദയിലേക്ക് |
| അഗമത് | പോയി. |
| മനതീൎത്ഥം | മനതീൎത്ഥത്തിൽ |
| ഉപസ്പൃശ്യ | സ്നാനം ചെയ്തിട്ട് |
| പുനഃ | വീണ്ടും |
| പ്രഭാസം | പ്രഭാസതീൎത്ഥത്തിലേക്ക് |
| ആഗമത് | വന്നുചേൎന്നു. |

ശ്രുത്വാ ദ്വിജൈഃ കഥ്യമാനം കുരുപാണ്ഡവസംയുഗേ
സൎവ്വരാജന്യനിധനം ഭാരം മേനേ ഹൃതം ഭുവഃ. 22

| | |
|---|---|
| കുരുപാണ്ഡവ- സംയുഗേ | കൌരവന്മാരും പാണ്ഡവന്മാരും തമ്മിലുണ്ടായ യുദ്ധത്തിൽവെച്ച് |
| സൎവ്വരാജന്യ- നിധനം | എല്ലാ ക്ഷത്രിയന്മാൎക്കും സംഭവിച്ച നാശത്തെ |
| ദ്വിജൈഃ | ബ്രാഹ്മണരാൽ |
| കഥ്യമാനം | പറയപ്പെട്ട് |
| ശ്രുത്വാ | കേട്ട് (കേട്ടപ്പോൾ) |
| ഭുവഃ ഭാരം | ഭൂമിയുടെ ഭാരം |
| ഹൃതം | പരിഹൃതമായെന്ന് |
| മേനേ | (ബലദേവൻ) കരുതി. |

സ ഭീമദുൎയ്യോധനയോൎഗ്ഗദാഭ്യാം യുധ്യതോൎമ്മൃധേ
വാരയിഷ്യൻ വിനശനം ജഗാമ യദുനന്ദനഃ. 23

| | |
|---|---|
| സഃ യദുനന്ദനഃ | ആ ശ്രീബലദേവൻ |
| മൃധേ | യുദ്ധത്തിൽ |
| ഗദാഭ്യാം | ഗദകൾകൊണ്ട് |
| യുധ്യതോഃ | പോരാടിക്കൊണ്ടിരുന്ന |
| ഭീമ- ദുൎയ്യോധനയോഃ | ഭീമസേനനേയും ദുൎയ്യോധനനേയും |
| വാരയിഷ്യൻ | തടയുവാൻവേണ്ടി |
| വിനശനം | കുരുക്ഷേത്രത്തിലേക്ക് |
| ജഗാമ | പോയി. |

യുധിഷ്ഠിരസ്തു തം ദൃഷ്ട്വാ യമൌ കൃഷ്ണാൎജ്ജുനാവപി
അഭിവാദ്യാഭവംസ്തൂഷ്ണീം കിംവിവക്ഷുരിഹാഗതഃ. 24

| | |
|---|---|
| യുധിഷ്ഠിരഃ | യുധിഷ്ഠിരനും, |
| കൃഷ്ണാൎജ്ജുനൌ | ശ്രീകൃഷ്ണനും, അൎജ്ജുനനും, |
| യമൌ അപി | നകുലസഹദേവന്മാരും |
| തം | ആ ശ്രീബലരാമനെ |
| ദൃഷ്ട്വാ തു | കണ്ടു, ഉടൻ |

| | | | |
|---|---|---|---|
| അഭിവാദ്യ | അഭിവാദ്യം ചെയ്തു്, | ആഗതഃ | വന്നതോ ?—" (എന്നറിയാതെ പരിഭ്രമിച്ചുകൊണ്ടു്) |
| കിംവിവക്ഷുഃ | "എന്തു പറയുവാൻ ഉദ്ദേശിച്ചു" | | |
| ഇഹ | ഇവിടെ | തൂഷ്ണീം അഭവൻ | മിണ്ടാതെ നിന്നു. |

ഗദാപാണീ ഉഭൌ ദൃഷ്ട്വാ സംരബ്ധൌ വിജയൈഷിണൌ
മണ്ഡലാനി വിചിത്രാണി ചരന്താവിദമബ്രവീത്. 25

| | | | |
|---|---|---|---|
| സംരബ്ധൌ | കോപാവിഷ്ടരായും, | മണ്ഡലാനി ചരന്തൌ | വട്ടം ചവിട്ടി ചുവടു വെപ്പു നടത്തുന്നവരുമായും ഇരിക്കുന്ന |
| വിജയൈഷിണൌ | വിജയകാംക്ഷയോടു കൂടിയവരായും, | ഉഭൌ ദൃഷ്ട്വാ | രണ്ടുപേരേയും (ഭീമനേയും ദുര്യോധനനേയും) കണ്ടു്, |
| ഗദാപാണീ | കൈയിൽ ഗദയെടുത്തവരായും, | ഇദം അബ്രവീത് | ഇവ്വിധം പറഞ്ഞു. |
| വിചിത്രാണി | പലതരത്തിലുള്ള | | |

യുവാം തുല്യബലൌ വീരൌ ഹേ രാജൻ ഹേ വൃകോദര
ഏകം പ്രാണാധികം മന്യേ ഉതൈകം ശിക്ഷയാധികം. 26

| | | | |
|---|---|---|---|
| ഹേ രാജൻ | "അല്ലയോ സുയോധന രാജാവേ! | പ്രാണാധികം | ഊക്കുകൂടിയവനായിട്ടു് |
| ഹേ വൃകോദര | അല്ലയോ ഭീമസേന! | മന്യേ | ഞാൻ കരുതുന്നു; |
| യുവാം | നിങ്ങൾ ഇരുവരും | ഉത | എങ്കിൽ, |
| തുല്യബലൌ | ഒത്തബലമുള്ളവരാണു്; | ഏകം | ഒരാളെ (സുയോധനനെ) |
| വീരൌ | വീരന്മാരുമാണു്. | ശിക്ഷയാ | അഭ്യാസംകൊണ്ടു് |
| ഏകം | ഒരാളെ (ഭീമനെ) | അധികം | കൂടിയവനായും |
| | | (മന്യേ) | കരുതുന്നു. |

തസ്മാദേകതരസ്യേഹ യുവയോഃ സമവീര്യയോഃ
ന ലക്ഷ്യതേ ജയോഽന്യോ വാ വിരമതാഫലോ രണഃ. 27

| | | | |
|---|---|---|---|
| തസ്മാത് | "ആകയാൽ | അന്യഃ വാ | മറിച്ചു പരാജയമോ |
| സമവീര്യയോഃ | തുല്യവീരതയുള്ള | ന ലക്ഷ്യതേ | ഉണ്ടാകുമെന്നു തോന്നുന്നില്ല. |
| യുവയോഃ | നിങ്ങളിരുവരിൽ | | |
| ഏകതരസ്യ | ഏതെങ്കിലും ഒരാൾക്കു് | അഫലഃ | നിഷ്പ്രയോജനമായ |
| ഇഹ | ഇവിടെ | രണഃ | ഈ യു[illegible] |
| ജയഃ | വിജയമോ, | വിരമതു | അവസാ[illegible]ാള്ളട്ടെ." |

ന തദ്വാക്യം ജഗൃഹതുർബ്ബദ്ധവൈരൌ നൃപാർത്ഥവത്
അനുസ്മരന്താവന്യോന്യം ദുരുക്തം ദുഷ്കൃതാനി ച. 28

| | | | |
|---|---|---|---|
| നൃപ | പരീക്ഷിത്തു് രാജാവേ! | ദുരുക്തം | ദുർവ്വചനത്തേയും, |
| അർത്ഥവത് | അന്തസ്സാരമുള്ള | ദുഷ്കൃതാനി ച | ദുഷ്കൃത്യങ്ങളേയും |
| തദ്വാക്യം | അവിടത്തെ വാക്കിനെ | അനുസ്മരന്തൌ | ഉള്ളിൽ കരുതിയിരിക്കുന്നവരുമായ അവരിരുവരും |
| ബദ്ധവൈരൌ | ബദ്ധവിരോധികളും, | | |
| അന്യോന്യം | പരസ്പരമുണ്ടായ | ന ജഗൃഹതുഃ | സ്വീകരിച്ചില്ല. |

ദിഷ്ടം തദനുമന്വാനോ രാമോ ദ്വാരവതീം യയൌ
ഉഗ്രസേനാദിഭിഃ പ്രീതൈർജ്ഞാതിഭിഃ സമുപാഗതഃ. 29

| | | | |
|---|---|---|---|
| തത് | അത് (തന്റെ വാക്കിനെ അവർ സ്വീകരിക്കാതെയിരുന്നത്) | ദ്വാരവതീം | ദ്വാരകയിലേക്ക് |
| ദിഷ്ടം | വിധിവിഹിതമെന്ന് | യയൌ | പോയി. |
| അനുമന്വാനഃ | കരുതിക്കൊണ്ട് | ഉഗ്രസേനാദിഭിഃ | ഉഗ്രസേനൻ മുതലായി |
| രാമഃ | ശ്രീബലരാമൻ | പ്രീതൈഃ | സന്തുഷ്ടരായുള്ള |
| | | ജ്ഞാതിഭിഃ | സ്വജനങ്ങളോട് |
| | | സമുപാഗതഃ | സമ്മിളിതനായും ഭവിച്ചു. |

തം പുനർന്നൈമിഷം പ്രാപ്തമൃഷയോऽയാജയൻ മുദാ
ക്രത്വംഗം ക്രതുഭിഃ സർവ്വൈർന്നിവൃത്താഖിലവിഗ്രഹം. 30

| | | | |
|---|---|---|---|
| നിവൃത്താഖിലവിഗ്രഹം | സകല കലഹദോഷവും അകന്നിരിക്കുന്നവനായി, | ഋഷയഃ | മഹർഷിമാർ |
| പുനഃ | വീണ്ടും | മുദാ | സന്തോഷത്തോടെ |
| നൈമിഷം | നൈമിഷാരണ്യത്തിലേക്ക് | സർവ്വൈഃ | സകലവിധങ്ങളായ |
| പ്രാപ്തം | വന്നുചേർന്ന | ക്രതുഭിഃ | യജ്ഞങ്ങൾകൊണ്ടും |
| തം ക്രത്വംഗം | ആ യജ്ഞമൂർത്തിയെ, | അയാജയൻ | യജിപ്പിച്ചു. |

തേഭ്യോ വിശുദ്ധവിജ്ഞാനം ഭഗവാൻ വ്യതരദ്വിഭുഃ
യേനൈവാത്മന്യദോ വിശ്വമാത്മാനം വിശ്വഗം വിദുഃ. 31

| | | | |
|---|---|---|---|
| ഭഗവാൻ | സർവ്വജ്ഞാനനിധിയായ | യേന ഏവ | യാതൊരു ആ വിജ്ഞാനംകൊണ്ടു മാത്രമാണ് |
| വിഭുഃ | ശ്രീബലരാമൻ | അദഃ വിശ്വം | ഈ വിശ്വത്തെ |
| തേഭ്യഃ | ആ മഹർഷിമാർക്ക് | ആത്മനി | ആത്മാവിങ്കലും, |
| വിശുദ്ധവിജ്ഞാനം | വിശുദ്ധമായ (സംശയവിപര്യയാദികളില്ലാത്ത) വിജ്ഞാനത്തെ | ആത്മാനം | ആത്മാവിനെ |
| | | വിശ്വഗം | വിശ്വവ്യാപിയായും |
| വ്യതരത് | ദാനം ചെയ്തു. | വിദുഃ | അവർ അറിഞ്ഞത്. |

സ്വപത്ന്യാവഭൃഥസ്നാതോ ജ്ഞാതിബന്ധുസുഹൃദ്വൃതഃ
രേജേ സ്വജ്യോത്സ്നയേവേന്ദുഃ സുവാസാഃ സുഷ്ഠ്വലംകൃതഃ. 32

| | | | |
|---|---|---|---|
| സ്വപത്ന്യാ | തന്റെ പത്നിയോടുകൂടി | ജ്ഞാതിബന്ധുസുഹൃദ്വൃതഃ | ജ്ഞാതികൾ, ബന്ധുക്കൾ, സുഹൃത്തുക്കൾ എന്നിവരാൽ പരിവൃതനുമായ ബലദേവൻ |
| അവഭൃഥസ്നാതഃ | അവഭൃഥസ്നാനം കഴിച്ചവനും, | | |
| സുവാസാഃ | ശോഭനമായ വസ്ത്രം ധരിച്ചവനും, | സ്വജ്യോത്സ്നയാ | തന്റെ പൂനിലാവോടുകൂടിയ |
| സുഷ്ഠു | ഭംഗിയിൽ | ഇന്ദുഃ ഇവ | ചന്ദ്രനെന്നപോലെ |
| അലംകൃതഃ | അലങ്കരിക്കപ്പെട്ടവനും, | രേജേ | ശോഭിച്ചു. |

ഈദൃഗ്വിധാന്യസംഖ്യാനി ബലസ്യ ബലശാലിനഃ
അനന്തസ്യാപ്രമേയസ്യ മായാമർത്ത്യസ്യ സന്തി ഹി. 33

| | |
|---|---|
| ബലശാലിനഃ | ബലശാലിയും, |
| അനന്തസ്യ | വിനാശരഹിതനും |
| അപ്രമേയസ്യ | അനുമേയനല്ലാത്തവനും |
| മായാമർത്ത്യസ്യ | മായാമനുഷ്യനുമായ |
| ബലസ്യ | ശ്രീബലരാമന്റെ |
| ഈദൃഗ്വിധാനി | ഈവിധങ്ങളായ അദ്ഭുതകർമ്മങ്ങൾ |
| അസംഖ്യാനി | കണക്കില്ലാതെ |
| ഹി സന്തി | ഇനിയും ഉണ്ട്. |

യോഽനുസ്മരേത രാമസ്യ കർമ്മാണ്യദ്ഭുതകർമ്മണഃ
സായം പ്രാതരനന്തസ്യ വിഷ്ണോഃ സ ദയിതോ ഭവേത്. 34

| | |
|---|---|
| അദ്ഭുതകർമ്മണഃ | ആശ്ചര്യകരങ്ങളായ കർമ്മങ്ങളോടുകൂടിയവനും, |
| അനന്തസ്യ | ആദിശേഷാവതാരഭൂതനുമായ |
| രാമസ്യ | ശ്രീബലരാമന്റെ |
| കർമ്മാണി | കർമ്മങ്ങളെ |
| യഃ | യാതൊരുവൻ |
| സായം പ്രാതഃ | പ്രദോഷത്തിലും പ്രഭാതത്തിലും |
| അനുസ്മരേത | അനുസ്മരിക്കുന്നുവോ, |
| സഃ | അവൻ |
| വിഷ്ണോഃ | ശ്രീമഹാവിഷ്ണുവിന്ന് |
| ദയിതഃ | ഇഷ്ടപ്പെട്ടവനായിട്ട് |
| ഭവേത് | ഭവിക്കുന്നതാണ്. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ബലദേവതീർത്ഥയാത്രാനിരൂപണം നാമ ഏകോനാശീതിതമോഽധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3373.

## അശീതിതമോഽദ്ധ്യായഃ=എണ്പതാമദ്ധ്യായം.

[അഥാശീതിതമേ കൃഷ്ണഃ ശ്രീദാമാനം ഗൃഹാഗതം
സംപൂജ്യാപൃച്ഛദർത്ഥേഽസ്മിം ഗുരുവാസകഥാം മുദാ.]

(ശ്രീദാമചരിതം—ഭഗവാൻ ദ്വാരകാപുരിയിലേക്ക വന്ന ശ്രീദാമാവിനെ (കുചേല ബ്രാഹ്മണനെ) ഉപചരിക്കുന്നതും, ഗുരുകുലവാസകഥയെ അനുസ്മരിക്കുന്നതും.

രാജോവാച=പരീക്ഷിത്ത് രാജാവു പറഞ്ഞു:—

ഭഗവൻ യാനി ചാന്യാനി മുകുന്ദസ്യ മഹാത്മനഃ
വീര്യാണ്യനന്തവീര്യസ്യ ശ്രോതുമിച്ഛാമി ഹേ പ്രഭോ. 1

| | |
|---|---|
| ഭഗവൻ | ഹേ സർവ്വജ്ഞാനനിധേ! |
| ഹേ പ്രഭോ | ഹേ പ്രഭോ! |
| അനന്തവീര്യസ്യ | അളവററ പ്രഭാവത്തോടുകൂടിയവനും |
| മഹാത്മനഃ | മഹാത്മാവുമായിരിക്കുന്ന |
| മുകുന്ദസ്യ | ശ്രീകൃഷ്ണഭഗവാന്റെ |
| യാനി | യാവചില |
| വീര്യാണി | പ്രഭാവങ്ങളാണോ |
| അന്യാനി ച | വേറെയുമുള്ളത്, |
| ശ്രോതും | (അവയെ) കേൾക്കുവാൻ |
| ഇച്ഛാമി | ഞാനാഗ്രഹിക്കുന്നു. |

കോ നു ശ്രുത്വാസകൃദ് ബ്രഹ്മന്നുത്തമശ്ലോകസത്കഥാഃ
വിരമേത വിശേഷജ്ഞോ വിഷണ്ണഃ കാമമാർഗ്ഗണൈഃ. 2

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ! | കഃ നു | ഏതൊരു |
| ഉത്തമശ്ലോക- സത്കഥാഃ | ഉത്തമകീർത്തിമാനായ ഭഗവാന്റെ സൽക്കഥകളെ | വിശേഷജ്ഞഃ | വിശേഷജ്ഞതയുള്ളവനാണ് |
| കാമമാർഗ്ഗണൈഃ | വിഷയാന്വേഷണങ്ങളാൽ | അസകൃത് | പലപ്രാവശ്യം |
| | | ശ്രുത്വാ | കേട്ടെന്നാൽക്കൂടിയും |
| വിഷണ്ണഃ | വിഷാദംകലർന്ന | വിരമേത | വിരമിക്കുക? |

സാ വാഗ്യയാ തസ്യ ഗുണാൻ ഗൃണീതേ കരൌ ച തത്കർമ്മകരൌ മനശ്ച
സ്മരേദ്വസന്തം സ്ഥിരജംഗമേഷു ശൃണോതി തത്പുണ്യകഥാഃ സ കർണ്ണഃ.

| | | | |
|---|---|---|---|
| യയാ | യാതൊരു വാക്കുകൊണ്ടാണോ | സ്ഥിര- ജംഗമേഷു | സ്ഥാവരങ്ങളിലും, ജംഗമങ്ങളിലും |
| തസ്യ | അവിടുത്തെ | വസന്തം | അന്തരാത്മാവായി കുടികൊള്ളുന്ന ഭഗവാനെ |
| ഗുണാൻ | ഗുണങ്ങളെ | | |
| ഗൃണീതേ | ഉച്ചരിക്കുന്നത്, | സ്മരേത് | സ്മരിക്കുന്നത്, ഏതോ. |
| സാ വാക് | അതാണ് സാഫല്യമുള്ള വാക്ക്. | മനഃ ച | അതുതന്നെയാണ് സാഫല്യമുള്ള മനസ്സ്. |
| തത്കർമ്മ- കരൌ | അവിടുത്തേക്കുവേണ്ട പരിചര്യകളെ ചെയ്യുന്നവ, ഏതോ | തത്പുണ്യ- കഥാഃ | അവിടുത്തെ പുണ്യകരങ്ങളായ സൽക്കഥകളെ |
| | | ശൃണോതി | കേൾക്കുന്നതേതോ, |
| കരൌ ച | അവതന്നെയാണ് സാഫല്യമുള്ള കരങ്ങൾ. | സഃ കർണ്ണഃ | അതാണ് സാഫല്യമുള്ള കാത്. |

ശിരസ്തു തസ്യോഭയലിംഗമാനമേത്തദേവ യത് പശ്യതി തദ്ധി ചക്ഷുഃ
അംഗാനി വിഷ്ണോരഥ തജ്ജനാനാം പാദോദകം യാനി ഭജന്തി നിത്യം. 4

| | | | |
|---|---|---|---|
| തസ്യ | അവിടുത്തെ | ചക്ഷുഃ | സാഫല്യമുള്ള നേത്രം. |
| ഉഭയലിംഗം | ഇരുശരീരത്തേയും (സ്ഥാവരശരീരമായ പ്രതിമാദിയേയും, ജംഗമശരീരമായ ഭക്തജനതയേയും) | വിഷ്ണോഃ | ശ്രീമഹാവിഷ്ണുവിന്റേയും, |
| | | അഥ | അതേവിധം |
| | | തജ്ജനാനാം | അവിടുത്തെ ഭക്തജനങ്ങളുടേയും |
| ആനമേത് | കുമ്പിടുന്നത്, ഏതോ | പാദോദകം | പാദതീർത്ഥത്തെ |
| തത് ഏവ | അതുതന്നെയാണ് | നിത്യം | സർവ്വകാലവും |
| ശിരഃ തു | സാഫല്യമുള്ള ശിരസ്സ്. | ഭജന്തി | ഏറ്റുകൊണ്ടിരിക്കുന്നവ |
| യത് | യാതൊന്നാണോ | യാനി | യാതൊന്നുകളാണോ |
| പശ്യതി | അതു കാണുന്നത്, | (താനി) | അവയാണ് |
| തത് ഹി | അതുതന്നെയാണ് | അംഗാനി | സാഫല്യമുള്ള അംഗങ്ങൾ. |

സൂത ഉവാച=സൂതൻ പറഞ്ഞു :—

വിഷ്ണുരാതേന സംപൃഷ്ടോ ഭഗവാൻ ബാദരായണിഃ
വാസുദേവ ഭഗവതി നിമഗ്നഹൃദയോऽബ്രവീത്. 5

| | |
|---|---|
| വാസുദേവേ | ശ്രീവാസുദേവനായ |
| ഭഗവതി | ഭഗവാങ്കൽ |
| നിമഗ്നഹൃദയഃ | മുഴുകിയ ചിത്തത്തോടു കൂടിയവനും, |
| ഭഗവാൻ | സർവ്വജ്ഞനും, |
| വിഷ്ണുരാതേന | പരീക്ഷിത്ത് രാജാവിനാൽ |
| സംപൃഷ്ടഃ | ഇങ്ങനെ ആദരപൂർവ്വം ഉണർത്തിക്കപ്പെട്ടവനുമായ |
| ബാദരായണിഃ | ശ്രീശുകൻ |
| അബ്രവീത് | പറഞ്ഞു. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

കൃഷ്ണസ്യാസീത് സഖാ കശ്ചിദ് ബ്രാഹ്മണോ ബ്രഹ്മവിത്തമഃ
വിരക്ത ഇന്ദ്രിയാർത്ഥേഷു പ്രശാന്താത്മാ ജിതേന്ദ്രിയഃ. 6
യദൃച്ഛയോപപന്നേന വർത്തമാനോ ഗൃഹാശ്രമീ
തസ്യ ഭാര്യാ കുചൈലസ്യ ക്ഷുത്ക്ഷാമാ ച തഥാവിധാ. 7

| | |
|---|---|
| ബ്രഹ്മവിത്തമഃ | വലിയ ബ്രഹ്മജ്ഞാനിയും, |
| ഇന്ദ്രിയാർത്ഥേഷു | വിഷയങ്ങളിൽ |
| വിരക്തഃ | അനാസക്തനും, |
| പ്രശാന്താത്മാ | അത്യന്തം ശാന്തചിത്തനും, |
| ജിതേന്ദ്രിയഃ | പഞ്ചേന്ദ്രിയങ്ങളെ ജയിച്ചവനും, |
| യദൃച്ഛയാ | ദൈവയോഗത്താൽ |
| ഉപപന്നേന | ലഭിച്ചിട്ടുള്ളതുകൊണ്ടു് |
| വർത്തമാനഃ | കഴിഞ്ഞുകൂടുന്നവനും, |
| ഗൃഹാശ്രമീ | ഗൃഹസ്ഥാശ്രമം സ്വീകരിക്കുന്നവനുമായ |
| കശ്ചിത് | ഒരു |
| ബ്രാഹ്മണഃ | ബ്രാഹ്മണൻ |
| കൃഷ്ണസ്യ | ശ്രീകൃഷ്ണഭഗവാന്റെ |
| സഖാ | ചങ്ങാതിയായിട്ടു് |
| ആസീത് | ഉണ്ടായിരുന്നു. |
| കുചൈലസ്യ | എപ്പോഴും കീറവസ്ത്രം ധരിച്ചിരുന്നതിനാൽ 'കുചൈലൻ' (കുചേലൻ) എന്ന പേരു സമ്പാദിച്ചിരുന്ന |
| തസ്യ | അദ്ദേഹത്തിന്റെ |
| ക്ഷുത്ക്ഷാമാ | ക്ഷുത്ക്ഷാമയായ (എപ്പോഴും വിശപ്പുകൊണ്ടു തളർന്നിരിക്കുന്നവളാകയാൽ 'ക്ഷുത്ക്ഷാമ' യെന്നുള്ള പേരിൽ അറിയപ്പെട്ടിരുന്ന) |
| ഭാര്യാ ച | ഭാര്യയും |
| തഥാവിധാ | അതേവിധത്തിലുള്ളവൾ ആയിരുന്നു. |

നോട്ട് :— ഈ കുചേലബ്രാഹ്മണന്റെ വാസ്തവികനാമം 'ശ്രീദാമാ'വെന്നാണ് "ശ്രീദാമകേതവിപ്രാർത്ഥം ഭൂമ്യാനീതേന്ദ്രവൈഭവഃ" എന്നുള്ള ബൃഹദ്വിഷ്ണുസഹസ്രനാമസ്തോത്രവചനവും മററുമാണ് ഇതിന്നു പ്രമാണം. 'സുദാമ'വെന്നും ചിലർ.

പതിവ്രതാ പതിം പ്രാഹ മ്ലായതാ വദനേന സാ
ദരിദ്രാ സീദമാനാ സാ വേപമാനാഭിഗമ്യ ച. 8

| | |
|---|---|
| ദരിദ്രാ | ദരിദ്രയും |
| പതിവ്രതാ | പതിവ്രതയുമായ |
| സാ | അവൾ |
| മ്ലായതാ | വാടിക്കൊണ്ടുള്ള |
| വദനേന | മുഖത്തോടുകൂടിയവളും, |
| സീദമാനാ | തളർന്നിരിക്കുന്നവളും ആയിരുന്നു. |
| ഏകദാ | ഒരുനാൾ |
| സാ | അവൾ |
| പതിം അഭിഗമ്യ | ഭർത്താവിന്റെ അടുത്തു് ചെന്നുനിന്നു് |
| വേപമാനാ ച | തളർച്ചയാൽ മെയ്യു വിറച്ചുകൊണ്ടു് |
| പ്രാഹ | പറഞ്ഞു. |

നനു ബ്രഹ്മൻ ഭഗവതഃ സഖാ സാക്ഷാച്ഛ്രിയഃ പതിഃ
ബ്രഹ്മണ്യശ്ച ശരണ്യശ്ച ഭഗവാൻ സാത്വതർഷഭഃ. 9

| | | | |
|---|---|---|---|
| ബ്രഹ്മൻ | "ബ്രാഹ്മണോത്തമ! | ബ്രഹ്മണ്യഃ ച | ബ്രാഹ്മണഭക്തനും, |
| ഭഗവതഃ | സംപൂജ്യനായ ഭവാന്റെ | ശരണ്യഃ ച | ശരണാർഹനും, |
| സഖാ | ചങ്ങാതിയായ ആരാം | ഭഗവാൻ | ഐശ്വര്യാദിസദ്ഗു |
| സാക്ഷാത് | ശരിക്കു് | | ണോപേതനമായ |
| ശ്രിയഃ | ലക്ഷ്മീഭഗവതിയുടെ | സാത്വതർഷഭഃ | യദുകുലശ്രേഷ്ഠൻ |
| പതിഃ | ഭർത്താവും, | നനു | ആണല്ലോ. |

തമുപൈഹി മഹാഭാഗ സാധൂനാം ച പരായണം
ദാസ്യതി ദ്രവിണം ഭൂരി സീദതേ തേ കുടുംബിനേ.
ആസ്തേഽധുനാ ദ്വാരവത്യാം ഭോജവൃഷ്ണ്യന്ധകേശ്വരഃ 10

| | | | |
|---|---|---|---|
| മഹാഭാഗ | "അല്ലയോ മഹാഭാഗ! | ദ്രവിണം | ധനം |
| സാധൂനാം | സജ്ജനങ്ങൾക്കു് | ദാസ്യതി | അവിടുന്നു തരുന്നതാണ്. |
| പരായണം ച | ആശ്രയഭൂതനായ് | ഭോജവൃഷ്ണ്യ- | ഭോജന്മാരുടേയും, വൃഷ്ണി |
| തം | അദ്ദേഹത്തെ | ന്ധകേശ്വരഃ | കളുടേയും, അന്ധകന്മാ |
| ഉപൈഹി | ചെന്നു കാണുക. | | രുടേയും അധിപതിയാ |
| സീദതേ | കഷ്ടപ്പെട്ടുകഴിയുന്ന | | യ അവിടുന്ന് |
| കുടുംബിനേ | ഒരു കുടുംബിയായ | അധുനാ | ഇപ്പോൾ |
| തേ | അങ്ങേക്കു് | ദ്വാരവത്യാം | ദ്വാരകയിൽത്തന്നെ |
| ഭൂരി | അത്യധികമായ | ആസ്തേ | വസിക്കുന്നുണ്ടു് |

സ്മരതഃ പാദകമലമാത്മാനമപി യച്ഛതി
കിം ന്വർത്ഥകാമാൻ ഭജതോ നാത്യഭീഷ്ടാൻ ജഗദ്ഗുരുഃ. 11

| | | | |
|---|---|---|---|
| ജഗദ്ഗുരുഃ | "ആ ലോകാചാര്യൻ | ഭജതഃ | തന്നെ സേവിക്കുന്നവന്നു് |
| പാദകമലം | സ്വപാദപത്മത്തെ | നാത്യഭീഷ്ടാൻ | ഏറെ വാഞ്ഛിതങ്ങളല്ലാ |
| സ്മരതഃ | സ്മരിക്കുന്നവന്നു് | | ത്ത (അതിനിസ്സാരങ്ങളായ) |
| ആത്മാനം അപി | ആത്മാവിനെപ്പോലും | അർത്ഥകാമാൻ | അർത്ഥകാമങ്ങളെ |
| യച്ഛതി | കൊടുക്കുന്നു. | കിം നു | കൊടുക്കുമോ എന്നു് |
| | (എന്നിരിക്കെ) | | സംശയിക്കേണ്ടതുണ്ടോ? |

സ ഏവം ഭാര്യയാ വിപ്രോ ബഹുശഃ പ്രാർത്ഥിതോ മുഹുഃ
അയം ഹി പരമോ ലാഭ ഉത്തമശ്ലോകദർശനം. 12
ഇതി സഞ്ചിന്ത്യ മനസാ ഗമനായ മതിം ദധേ
അപ്യസ്ത്യുപായനം കിഞ്ചിദ്ഗൃഹേ കല്യാണി ദീയതാം. 13

| | | | |
|---|---|---|---|
| സഃ വിപ്രഃ | ആ ബ്രാഹ്മണൻ | പ്രാർത്ഥിതഃ | അപേക്ഷിക്കപ്പെട്ടവനാ |
| ഭാര്യയാ | പത്നിയാൽ | | യിട്ടു്, |
| ഏവം | ഇപ്രകാരം | ഉത്തമശ്ലോക- | "പുണ്യകീർത്തിമാനായ |
| ബഹുശഃ | പലതരത്തിലും | ദർശനം | ശ്രീകൃഷ്ണഭഗവാനെ |
| മുഹുഃ | മാട്ടുവരോടെ | | നേരിൽ കാണുക.— |

| | |
|---|---|
| അയം ഹി | ഇതുതന്നെ |
| പരമഃ | ഏറ്റവും വലിയ |
| ലാഭഃ | നേട്ടമാണല്ലോ" |
| ഇതി | എന്നുമാത്രം |
| മനസാ | മനസ്സുകൊണ്ടു് |
| സഞ്ചിന്ത്യ | ചിന്തിച്ചു് |
| ഗമനായ | പോകുന്നതിന്നായി |
| മതിം ദധേ | നിശ്ചയിച്ചു. |

| | |
|---|---|
| കല്യാണി | "സുമംഗലേ ! |
| കിഞ്ചിത് | ഏതാനുമൊന്നു് |
| ഉപായനം | തിരുമുൽക്കാഴ്ചക്കുള്ളതു് |
| ഗൃഹേ | നമ്മുടെ ഗൃഹത്തിൽ |
| അപി അസ്തി | ഇരിപ്പുണ്ടോ ? |
| ദീയതാം | തന്നേക്കണം." (എന്നു് പറകയും ചെയ്തു.) |

യാചിത്വാ ചതുരോ മുഷ്ടീൻ വിപ്രാൻ പൃഥുകതണ്ഡുലാൻ
ചൈലഖണ്ഡേന താൻ ബദ്ധ്വാ ഭർത്രേ പ്രാദാദുപായനം. 14

| | |
|---|---|
| ചതുരഃ മുഷ്ടീൻ | നാലു പിടി |
| പൃഥുക-തണ്ഡുലാൻ | അവിൽ |
| വിപ്രാൻ | ബ്രാഹ്മണരോടു് |
| യാചിത്വാ | യാചിച്ചുണ്ടാക്കി, |

| | |
|---|---|
| ചൈലഖണ്ഡേന | ഒരുതുണിക്കഷ്ണംകൊണ്ടു് |
| താൻ ബദ്ധ്വാ | അതിനെ കെട്ടി, |
| ഭർത്രേ | ഭർത്താവിന്നു് |
| ഉപായനം | ഉപായനമായിട്ടു് |
| പ്രാദാത് | അവരം കൊടുത്തു. |

സ താനാദായ വിപ്രാഗ്ര്യഃ പ്രയയൌ ദ്വാരകാം കില
കൃഷ്ണസന്ദർശനം മഹ്യം കഥം സ്യാദിതി ചിന്തയൻ. 15

| | |
|---|---|
| സഃ വിപ്രാഗ്ര്യഃ | ആ ബ്രാഹ്മണോത്തമൻ |
| താൻ | അതിനേയും |
| ആദായ | എടുത്തു്, |
| കൃഷ്ണ-സന്ദർശനം | 'ശ്രീകൃഷ്ണഭഗവാന്റെ സന്ദർശനം |
| മഹ്യം | എനിക്കു് |

| | |
|---|---|
| കഥം സ്യാത് | എങ്ങനെയുണ്ടാകും ?–" |
| ഇതി | എന്നിങ്ങനെ |
| ചിന്തയൻ കില | ചിന്തിച്ചുകൊണ്ടുതന്നെ |
| ദ്വാരകാം | ദ്വാരകയിലേക്കു് |
| പ്രയയൌ | യാത്രചെയ്തു. |

ത്രീണി ഗുല്മാന്യതീയായ തിസ്രഃ കക്ഷാശ്ച സ ദ്വിജഃ
വിപ്രോऽഗമ്യാന്ധകവൃഷ്ണീനാം ഗൃഹേഷ്വച്യുതധർമ്മിണാം. 16
ഗൃഹം ദ്വ്യഷ്ടസഹസ്രാണാം മഹിഷീണാം ഹരേർദ്വിജഃ
വിവേശൈകതമം ശ്രീമദ് ബ്രഹ്മാനന്ദം ഗതോ യഥാ. 17

| | |
|---|---|
| സഃ ദ്വിജഃ | ആ ബ്രാഹ്മണൻ (ദ്വാരകയിലെത്തിയശേഷം) |
| ത്രീണി | മൂന്നു് |
| ഗുല്മാനി | രക്ഷാസൈന്യത്താവളങ്ങളേയും, |
| തിസ്രഃ | മൂന്നു് |
| കക്ഷാഃ ച | വീഥികളേയും |
| അതീയായ | കടന്നുചെന്നു. |
| അച്യുത-ധർമ്മിണാം | ശ്രീകൃഷ്ണഭഗവാന്റെ ഗുണങ്ങളുള്ളവരും |
| അഗമ്യാന്ധക-വൃഷ്ണീനാം | അഗമ്യരും ആയ അന്ധകന്മാർ, വൃഷ്ണികൾ |

| | |
|---|---|
| | എന്നീ യദുവംശക്കാരുടെ |
| ഗൃഹേഷു | ഗൃഹങ്ങളുടെ ഇടയിൽ |
| ഹരേഃ | ശ്രീകൃഷ്ണന്റെ |
| ദ്വ്യഷ്ട-സഹസ്രാണാം | പതിനാറായിരം |
| മഹിഷീണാം | പത്നിമാരുടെ ഗൃഹങ്ങളുള്ളതിൽ |
| ശ്രീമത് | ശ്രീയുള്ളതായ (ശ്രീഭഗവതിയായ രുക്മിണീദേവി നിവസിക്കുന്നതായ) |

| | | | |
|---|---|---|---|
| ഏകതമം | പ്രത്യേകമൊരു | ദ്വിജഃ | (അപ്പോൾ, ആ) ബ്രാഹ്മണൻ |
| ഗൃഹം | ഗൃഹത്തിലേക്ക് | ബ്രഹ്മാനന്ദം | ബ്രഹ്മാനന്ദത്തെ |
| വിപ്രഃ | ബ്രാഹ്മണൻ | ഗതഃ യഥാ | പ്രാപിച്ചവനെന്ന പോലെയായി. |
| വിവേശ | പ്രവേശിച്ചു. | | |

തം വിലോക്യാച്യുതോ ദൂരാത് പ്രിയാപര്യങ്കമാസ്ഥിതഃ
സഹസോത്ഥായ ചാഭ്യേത്യ ദോർഭ്യാം പര്യഗ്രഹീന്മുദാ. 18

| | | | |
|---|---|---|---|
| തം | അദ്ദേഹത്തെ | സഹസാ | അതിവേഗം |
| ദൂരാത് | അകലത്തുനിന്ന് | ഉത്ഥായ | എഴുന്നേററ് |
| വിലോക്യ | കണ്ടറിഞ്ഞ്, | അഭ്യേത്യ ച | എതിരേററുവന്ന് |
| പ്രിയാപര്യങ്കം ആസ്ഥിതഃ | പ്രിയപത്നിയുടെ കട്ടിലിന്മേൽ കയറിയിരുന്നിട്ടുണ്ടായിരുന്ന | മുദാ | സന്തോഷത്തോടെ |
| | | ദോർഭ്യാം | ഇരുകരങ്ങളാലും |
| അച്യുതഃ | ശ്രീകൃഷ്ണൻ | പര്യഗ്രഹീത് | കെട്ടിപ്പിടിച്ചു. |

സഖ്യുഃ പ്രിയസ്യ വിപ്രർഷേരംഗസംഗാതിനിർവൃതഃ
പ്രീതോ വ്യമുഞ്ചദബ്ബിന്ദൂൻ നേത്രാഭ്യാം പുഷ്കരേക്ഷണഃ. 19

| | | | |
|---|---|---|---|
| പ്രിയസ്യ | പ്രിയപ്പെട്ട | പ്രീതഃ | സന്തുഷ്ടനായ |
| സഖ്യുഃ | ചങ്ങാതിയായ | പുഷ്കരേക്ഷണഃ | ചെന്താമരക്കണ്ണൻ |
| വിപ്രർഷേഃ | ആ മഹാബ്രാഹ്മണന്റെ | നേത്രാഭ്യാം | കണ്ണുകളിൽനിന്ന് |
| അംഗസംഗാതിനിർവൃതഃ | ദേഹസ്പർശത്താൽ അത്യാനന്ദത്തിൽ മുഴുകിയ | അബ്ബിന്ദൂൻ | കണ്ണീർക്കണങ്ങളെ |
| | | വ്യമുഞ്ചത് | ധാരയായി ചൊരിഞ്ഞു. |

അഥോപവേശ്യ പര്യങ്കേ സ്വയം സഖ്യുഃ സമർഹണം
ഉപഹൃത്യാവനിജ്യാസ്യ പാദൗ പാദാവനേജനീഃ. 20

അഗ്രഹീച്ഛിരസാ രാജൻ ഭഗവാംല്ലോകപാവനഃ
വ്യലിമ്പദ്ദിവ്യഗന്ധേന ചന്ദനാഗുരുകുങ്കുമൈഃ. 21

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | പാദൗ | കാലുരണ്ടും |
| അഥ | അനന്തരം | അവനിജ്യ | കഴുകിച്ച്, |
| ലോകപാവനഃ | സർവ്വലോകങ്ങളേയും വിശുദ്ധീകരിക്കുന്ന | പാദാവനേജനീഃ | പാദോദകങ്ങളെ |
| | | ശിരസാ | ശിരസ്സുകൊണ്ട് |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | അഗ്രഹീത് | സ്വീകരിച്ചു. |
| സ്വയം | താൻതന്നെ | ചന്ദനാഗുരുകുങ്കുമൈഃ | ചന്ദനം, അകിൽ, കുങ്കുമം എന്നിവകൊണ്ട് ഉണ്ടാക്കിയ |
| പര്യങ്കേ | കട്ടിലിന്മേൽ | | |
| ഉപവേശ്യ | കൊണ്ടുപോയിരുത്തി, | | |
| സമർഹണം | പൂജാസാമഗ്രിയെ | ദിവ്യഗന്ധേന | വിശിഷ്ടമായ കളഭംകൊണ്ട് |
| ഉപഹൃത്യ | കൊണ്ടുവന്ന്, | | |
| അസ്യ സഖ്യുഃ | ഈ സ്നേഹിതന്റെ | വ്യലിമ്പത് | വിലേപനം ചെയ്യിച്ചു. |

ധൂപൈഃ സുരഭിഭിർമ്മിത്രം പ്രദീപാവലിഭിർമ്മുദാ
അച്ചിത്വാऽऽവേദ്യ താംബൂലം ഗാം ച സ്വാഗതമബ്രവീത്. 22

| | | | |
|---|---|---|---|
| സുരഭിഭിഃ | നറുമണമുള്ള | അച്ചിത്വാ | ആരാധിച്ച്, |
| ധൂപൈഃ | ധൂപങ്ങൾകൊണ്ടും, | താംബൂലം | താംബൂലത്തേയും, |
| പ്രദീപാവലിഭിഃ | തെളിഞ്ഞ ദീപാവലികൾകൊണ്ടും | ഗാം ച | പശുവേയും |
| മിത്രം | സ്നേഹിതനായ ആ ബ്രാഹ്മണനെ | ആവേദ്യ | അപ്പണം ചെയ്ത് |
| മുദാ | സന്തോഷത്തോടെ | സ്വാഗതം | സ്വാഗതവചനം |
| | | അബ്രവീത് | പറഞ്ഞു. |

കുചൈലം മലിനം ക്ഷാമം ദ്വിജം ധമനിസന്തതം
ദേവീ പര്യ്യചരത് സാക്ഷാച്ചാമരവ്യജനേന വൈ. 23

| | | | |
|---|---|---|---|
| കുചൈലം | കീറവസ്ത്രം ധരിച്ചും, | ദ്വിജം | ആ ബ്രാഹ്മണനെ |
| മലിനം | അഴുക്കുപിടിച്ചും, | ചാമരവ്യജനേന | വെൺചാമരത്താലുള്ള വിശറികൊണ്ടു |
| ക്ഷാമം | മെലിഞ്ഞും, | സാക്ഷാത് ദേവീ വൈ | പ്രധാനമഹിഷിയായ രുക്മിണീദേവിതന്നെ |
| ധമനിസന്തതം | എമ്പാടും ഞരമ്പുകളന്തിയും ഇരിക്കുന്ന | പര്യ്യചരത് | പരിചരിച്ചു. |

അന്തഃപുരജനോ ദൃഷ്ട്വാ കൃഷ്ണേനാമലകീർത്തിനാ
വിസ്മിതോऽഭൂദതിപ്രീത്യാ അവധൂതം സഭാജിതം. 24

| | | | |
|---|---|---|---|
| അമലകീർത്തിനാ | പരിശുദ്ധമായ വിഖ്യാതിയെഴുന്ന | അവധൂതം ദൃഷ്ട്വാ | ആ വൃത്തികെട്ട ഭിക്ഷുക ബ്രാഹ്മണനെ കണ്ടിട്ട് |
| കൃഷ്ണേന | ശ്രീകൃഷ്ണഭഗവാനാൽ | അന്തഃപുരജനഃ | അന്തഃപുരസ്ത്രീകൾ |
| അതിപ്രീത്യാ | അതിപ്രീതിയോടെ | വിസ്മിതഃ | അത്ഭുതപ്പെട്ടവരായി |
| സഭാജിതം | സംപൂജിതനായ | അഭൂത് | ഭവിച്ചു. |

കിമനേന കൃതം പുണ്യമവധൂതേന ഭിക്ഷുണാ
ശ്രിയാ ഹീനേന ലോകേऽസ്മിൻ ഗർഹിതേനാധമേന ച. 25

| | | | |
|---|---|---|---|
| ശ്രിയാ ഹീനേന | "നിർദ്ധനനായും, | ഭിക്ഷുണാ ച | ഭിക്ഷുകനായും ഇരിക്കുന്ന |
| അസ്മിൻ ലോകേ | ഈ ലോകത്തിൽ | അനേന | ഈ ബ്രാഹ്മണനാൽ |
| ഗർഹിതേന | നിന്ദിതനായും, | കിം പുണ്യം | എന്തു പുണ്യം |
| അധമേന | താണതരക്കാരനായും, | കൃതം | ചെയ്യപ്പെട്ടിരിക്കുമോ? |
| അവധൂതേന | മലിനനായും | | |

യോऽസൌ ത്രിലോകഗുരുണാ ശ്രീനിവാസേന സംഭൃതഃ
പര്യ്യങ്കസ്ഥാം ശ്രിയം ഹിത്വാ പരിഷ്വക്തോऽഗ്രജോ യഥാ. 26

| | | | |
|---|---|---|---|
| യഃ അസൌ | "യാതൊരു ഈയാൾ | ശ്രീനിവാസേന | ഐശ്വര്യദേവതയ്ക്ക് ഇരിപ്പിടവുമായിരിക്കുന്ന ശ്രീകൃഷ്ണഭഗവാനാൽ |
| ത്രിലോകഗുരുണാ | മൂന്നുലോകങ്ങൾക്കും ആചാര്യനായി, | | |

| | | | |
|---|---|---|---|
| സംഭൃതഃ | ബഹുമാനിക്കപ്പെട്ടവനായും, | ഹിത്വാ | നിരസിച്ച്, |
| പര്യങ്കസ്ഥാം | സ്വാതല്പത്തിന്മേലിരിക്കുന്ന | അഗ്രജഃ യഥാ | ജ്യേഷ്ഠനെന്നപോലെ |
| ശ്രിയം | മഹാലക്ഷ്മിയെപ്പോലും | പരിഷ്വക്തഃ | ആലിംഗനം ചെയ്യപ്പെട്ടവനുമായി!—" |

നോട്ട്:— 'ഭഗവാന്റെ അതിരുകവിഞ്ഞ ബഹുമാനത്തിനും സ്നേഹത്തിനും പാത്രീഭവിക്കുന്നതിന് ഈ മലിനനായ ഭിക്ഷുകബ്രാഹ്മണൻ ചെയ്തുവെച്ച സുകൃതം എന്തായിരിക്കുമോ' എന്നോർത്ത് അന്തഃപുരജനം അത്ഭുതപ്പെട്ടു വിചാരിച്ചതാണിത്.

കഥയാഞ്ചക്രതുർഗ്ഗാഥാഃ പൂർവ്വാ ഗുരുകുലേ സതോഃ
ആത്മനോ ലളിതാ രാജൻ കരൗ ഗൃഹ്യ പരസ്പരം. 27

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ലളിതാഃ | മനോഹരങ്ങളായ |
| ഗുരുകുലേ | ഗുരുകുലത്തിൽ | ഗാഥാഃ | നീണ്ടകഥകളെ |
| സതോഃ | വസിച്ചുകൊണ്ടിരുന്ന | പരസ്പരം | അന്യോന്യം |
| ആത്മനോഃ | തങ്ങളിരുവരുടേയും | കരൗ ഗൃഹ്യ | കൈകളെ കോർത്തുപിടിച്ച് |
| പൂർവ്വാഃ | പഴക്കംചെന്ന | കഥയാഞ്ചക്രതുഃ | അവർ പറഞ്ഞുതുടങ്ങി. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു:—

അപി ബ്രഹ്മൻ ഗുരുകുലാദ് ഭവതാ ലബ്ധദക്ഷിണാത്
സമാവൃത്തേന ധർമ്മജ്ഞ ഭാര്യോഢാ സദൃശീ ന വാ. 28

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രാഹ്മണോത്തമ! | സമാവൃത്തേന | ഗൃഹത്തിലേക്കു തിരിച്ചുവന്ന് 'സമാവർത്തനം' കഴിഞ്ഞ |
| ധർമ്മജ്ഞ | ഹേ ധർമ്മജ്ഞ! | | |
| ലബ്ധദക്ഷിണാത് | ഗുരുവിനാൽ ലഭിക്കപ്പെട്ട ദക്ഷിണയോടുകൂടിയ (ഗുരുവിന്ന് ദക്ഷിണ കൊടുത്തുകഴിഞ്ഞ) | ഭവതാ | അങ്ങയാൽ |
| | | സദൃശീ | അനുരൂപവതിയായ |
| | | ഭാര്യാ | ഒരു ഭാര്യ |
| | | അപി ഊഢാ | വേൾക്കപ്പെട്ടുവോ? |
| ഗുരുകുലാത് | ഗുരുകുലത്തിൽനിന്ന് | ന വാ | അതോ, അതുണ്ടായില്ലേ? |

പ്രായോ ഗൃഹേഷു തേ ചിത്തമകാമവിഹതം തഥാ
നൈവാതിപ്രീയസേ വിദ്വൻ ധനേഷു വിദിതം ഹി മേ. 29

| | | | |
|---|---|---|---|
| വിദ്വൻ | ഹേ പണ്ഡിതരേ! | അകാമവിഹിതം | വിഷയവാഞ്ഛകളാൽ കെടുക്കപ്പെട്ടതല്ലെന്ന് |
| തഥാ | അപ്രകാരം | മേ വിദിതം | എനിക്കറിവുള്ളതാണ്. |
| ഗൃഹേഷു | ഗൃഹത്തിലുള്ള (ഗൃഹസ്ഥനായെങ്കിലും) | ഹി | ആകയാൽ, |
| | | ധനേഷു | സമ്പത്തുകളിൽ |
| തേ ചിത്തം | അങ്ങയുടെ മനസ്സ് | അതിപ്രീയസേ ന ഏവ | അങ്ങ് കവിഞ്ഞതായ പ്രിയം കരുതുന്നതേ ഇല്ല. |
| പ്രായഃ | മിക്കവാറും | | |

കേചിത് കുർവ്വന്തി കർമ്മാണി കാമൈരഹതചേതസഃ
ത്യജന്തഃ പ്രകൃതിർദ്ദൈവീര്യഥാഹം ലോകസംഗ്രഹം 30

| | | | |
|---|---|---|---|
| കാമൈഃ | വിഷയാശകളാൽ | ത്യജന്തഃ | പരിത്യജിച്ചുകൊണ്ടു്, |
| അഹത- | കെടുക്കപ്പെടാത്ത ചിത്ത | യഥാ അഹം | ഏതുവിധം ഞാൻ |
| ചേതസഃ | ത്തോടുകൂടിയിരിക്കുന്ന | ലോകസംഗ്രഹം | ലോകസംഗ്രഹത്തെ |
| കേചിത് | ചില സജ്ജനങ്ങൾ | (തഥാ) | ചെയ്തുകൊണ്ടിരിക്കുന്നുവോ, ആവിധം |
| ദൈവീഃ | ഈശ്വരകർത്തൃകങ്ങളായ | കർമ്മാണി | കർമ്മങ്ങളെ |
| പ്രകൃതീഃ | പ്രാകൃതവാസനകളെ | കുർവ്വന്തി | ചെയ്തുവരുന്നുണ്ടു്. |

കച്ചിദ് ഗുരുകുലേ വാസം ബ്രഹ്മൻ സ്മരസി നൗ യതഃ
ദ്വിജോ വിജ്ഞായ വിജ്ഞേയം തമസഃ പാരമശ്നുതേ 31.

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രാഹ്മണശ്രേഷ്ഠ ! | | (ബ്രാഹ്മണനോ, ക്ഷത്രി- |
| നൗ | നമ്മുടെ | | യനോ, വൈശ്യനോ |
| ഗുരുകുലേ | ഗുരുകുലത്തിലുള്ള | | ആയ ഒരുവൻ) |
| വാസം | വാസത്തെ | വിജ്ഞേയം | അറിയപ്പെടേണ്ടതിനെ |
| കച്ചിത് സ്മരസി | താങ്കൾ ഓർക്കുന്നുവോ ? | വിജ്ഞായ | അറിഞ്ഞിട്ടു് |
| യതഃ | ഏതു ഗുരുകുലവാസംകൊ | തമസഃ | ഇരുളിന്റെ |
| | ണ്ടാണ് | പാരം | മറുവശത്തിലേക്കു് |
| ദ്വിജഃ | ഒരു ത്രൈവർണ്ണികൻ | അശ്നുതേ | എത്തുന്നതു്. |

സ വൈ സത്കർമ്മണാം സാക്ഷാദ് ദ്വിജാതേരിഹ സംഭവഃ
ആദ്യോƽങ്ഗ യത്രാശ്രമിണാം യഥാഹം ജ്ഞാനദോ ഗുരുഃ. 32

| | | | |
|---|---|---|---|
| അങ്ഗ | സ്നേഹിത ! | അഹം യഥാ | ഞാൻ (ഈശ്വരൻ) ഏതു |
| ഇഹ | ലോകത്തിൽ (ഒരുവനു്) | | പോലെയോ അതുപോ |
| യത്ര | യാതൊരാളിൽനിന്നാണോ | | ലെ പൂജ്യനായ |
| സംഭവഃ | ദേഹോൽപത്തിയുണ്ടായതു്, | (ഗുരുഃ) | മറ്റൊരു ഗുരുവാകുന്നു. |
| സഃ | ആയാൾ (അച്ഛൻ) | ആശ്രമിണാം | എല്ലാ ആശ്രമികൾക്കും |
| ആദ്യഃ | ഒന്നാമത്തെ | | (ബ്രഹ്മചര്യാദി നാലാ |
| ഗുരുഃ വൈ | ഗുരുതന്നെയാകുന്നു. | | ശ്രമങ്ങളുള്ളതിൽ ഏതി |
| ദ്വിജാതേഃ | ഉപനയനസംസ്കാരം | | ലുൾപ്പെട്ടവൎക്കും) |
| | കൊണ്ടു് ദ്വിജത്വം | ജ്ഞാനപ്രദഃ | ജ്ഞാനപ്രദാനം ചെയ്യു |
| | ലഭിച്ച അവന്നു് | | ന്ന അദ്ധ്യാത്മഗുരു |
| (യത്ര) | യാതൊരാൾമൂലമാണോ, | സാക്ഷാത് | യഥാർത്ഥത്തിൽ |
| സത്കർമ്മണാം | സൽകർമ്മങ്ങളുടെ | (അഹം) | ഞാൻ തന്നെയാണ്. |
| (സംഭവഃ) | സമുൽപത്തിയുണ്ടാകുന്നതു്, | | (ആകയാൽ ഞാൻ മൂന്നാ |
| (സഃ) | ആയാൾ (ആചാര്യൻ) | | മത്തെ ഗുരുവുമാകുന്നു.) |

നോട്ട്:— ഭഗവാൻ തന്റെ സതീർത്ഥ്യനായ ശ്രീദാമാവിനോടു സംഭാഷണം ചെയ്യുന്ന ഈ സന്ദർഭത്തിൽ ഗുരുഭക്തിയുടെ മഹിമയേയും, ഗുരുഭൂതന്മാരുടെ താരതമ്യവിവേകത്തേയും പരോക്ഷമായി ലോകത്തെ ഉപദേശിക്കുന്നു.

മനുഷ്യനു് മൂന്നു ഗുരുഭൂതന്മാരുണ്ടു്. 1. ജന്മദാതാവായ പിതാവു്. 2. സൽകർമ്മദാതാവായ (ഉപനയിച്ചു്, വേദശാസ്ത്രാദ്യദ്ധ്യയനം ചെയ്യിച്ചു് സൽകർമ്മനിഷ്ഠയുള്ള പ്രചോ

ദനം തരുന്ന) ആചാര്യൻ. 3. ജ്ഞാനദാതാവായ (പരമാത്മബോധം അരുളുന്ന) അധ്യാത്മഗുരു. ഈ മൂന്നുപേരും സംപൂജ്യരാണ്. എന്നാൽ പിതാവിനേക്കാൾ ആചാര്യനും, ആചാര്യനെക്കാൾ അധ്യാത്മഗുരുവിനും പൂജ്യത്വമുണ്ടെന്ന് ധരിച്ചുകൊള്ളണം. കർമ്മോപദേഷ്ടാവായ ആചാര്യൻ ഈശ്വരതുല്യനും, ജ്ഞാനദാതാവായ ഗുരു ഈശ്വരൻതന്നെയുമാണ്.

അടുത്ത ശ്ലോകത്താൽ അധ്യാത്മഗുരുവിന്റെ മഹത്വം ഒന്നുകൂടി വ്യക്തമാക്കുന്നു:—

നന്വർത്ഥകോവിദാ ബ്രഹ്മൻ വർണ്ണാശ്രമവതാമിഹ
യേ മയാ ഗുരുണാ വാചാ തരന്ത്യഞ്ജോ ഭവാർണ്ണവം. 33

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രാഹ്മണോത്തമ! | ഭവാർണ്ണവം | സംസാരസാഗരത്തെ |
| ഇഹ | ഈ ലോകത്തിൽ | അഞ്ജഃ | എളുപ്പത്തിൽ |
| യേ | യാതൊരുവർ | തരന്തി | തരണം ചെയ്യുന്നുവോ, |
| മയാ | ഞാൻ (ഈശ്വരൻ) ആവുന്ന | (തേ) നനു | അവർ മാത്രമാണ് |
| ഗുരുണാ | ഗുരുവിനാൽ | വർണ്ണാശ്രമവതാം | വർണ്ണാശ്രമധർമ്മങ്ങളെ അനുഷ്ഠിക്കുന്നവരുടെ ഇടയിൽ |
| വാചാ | ഉപദിഷ്ടമായ വചനം കൊണ്ട് | അർത്ഥകോവിദാഃ | കാര്യസാമർത്ഥ്യമുള്ളവർ. |

നാഹമിജ്യാപ്രജാതിഭ്യാം തപസോപശമേന വാ
തുഷ്യേയം സർവ്വഭൂതാത്മാ ഗുരുശുശ്രൂഷയാ യഥാ. 34

| | | | |
|---|---|---|---|
| സർവ്വഭൂതാത്മാ | സർവ്വചരാചരങ്ങളുടേയും ആത്മാവായുള്ള | തപസാ | തപസ്സാവുന്ന വാനപ്രസ്ഥധർമ്മംകൊണ്ടും, |
| അഹം | ഞാൻ | ഉപശമേന ച | ഇന്ദ്രിയനിഗ്രഹമാവുന്ന സന്യാസിധർമ്മംകൊണ്ടും |
| ഇജ്യാപ്രജാതിഭ്യാം | പഞ്ചമഹായജ്ഞാദിയായ ഗൃഹസ്ഥധർമ്മം കൊണ്ടും, ഉപനയനപൂർവ്വകമായ ബ്രഹ്മചാരിധർമ്മംകൊണ്ടും, | ഗുരുശുശ്രൂഷയാ | ഗുരുശുശ്രൂഷകൊണ്ട് |
| | | യഥാ | പ്രസാദിക്കുന്നതുപോലെ |
| | | ന തുഷ്യേയം | പ്രസാദിക്കുന്നതല്ല. |

അപി നഃ സ്മർയ്യതേ ബ്രഹ്മൻ വൃത്തം നിവസതാം ഗുരൌ
ഗുരുദാരൈശ്ചോദിതാനാമിന്ധനാനയനേ ക്വചിത്. 35

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രാഹ്മണോത്തമ! | ഇന്ധനാനയനേ | വിറകുകൊണ്ടുവരുന്നതിനുവേണ്ടി |
| ഗുരൌ | ഗുരുവിന്റെ അടുക്കൽ | ചോദിതാനാം | നിയോഗിക്കപ്പെട്ടിരുന്നവരുമായ |
| നിവസതാം | വസിച്ചിരുന്നവരും, (വസിച്ചുകൊണ്ടിരിക്കെ) | | |
| ക്വചിത് | ഒരിക്കൽ | നഃ വൃത്തം | നമ്മുടെ ഒരു കഥ |
| ഗുരുദാരൈഃ | ഗുരുപത്നിയാൽ | അപി സ്മർയ്യതേ | ഓർക്കപ്പെടുന്നുവോ? |

പ്രവിഷ്ടാനാം മഹാരണ്യമപർത്തൌ സുമഹദ്വിജ
വാതവർഷമഭൂത്തീവ്രം നിഷ്ഠുരാഃ സ്തനയിത്നവഃ. 36

| | | | |
|---|---|---|---|
| ദ്വിജ | ഹേ ബ്രാഹ്മണ! | പ്രവിഷ്ടാനാം | നാം കടന്നപ്പോൾ |
| മഹാരണ്യം | വൻകാട്ടിലേക്ക് | അപർത്തൌ | കാലമല്ലാത്തകാലത്ത് |

| | | | |
|---|---|---|---|
| സുമഹത് | വല്ലാത്തതായ | അഭൂത് | ഉണ്ടായി. |
| വാതവർഷം | കാററും മഴയും | നിഷ്ഠുരാഃ | അതികഠ്ശങ്ങളായ, |
| തീവ്രം | അതികഠിനമായിട്ട് | സ്തനയിത്നവഃ | ഇടിവെട്ടുന്ന കരിങ്കാറുകളും! |

സൂര്യശ്ചാസ്തം ഗതസ്താവത് തമസാ ചാവൃതാ ദിശഃ
നിമ്നം കൂലം ജലമയം ന പ്രാജ്ഞായത കിഞ്ചന. 37

| | | | |
|---|---|---|---|
| സൂര്യഃ ച | സൂര്യനും | ആവൃതാഃ | മറയപ്പെട്ടു. |
| താവത് | അപ്പോഴേക്ക് | നിമ്നം കൂലം | കുണ്ടും മേടും |
| അസ്തം ഗതഃ | അസ്തമിച്ചുകഴിഞ്ഞു. | കിഞ്ചന | യാതൊന്നും |
| തമസാ | കൂരിരുട്ടിനാൽ | ന പ്രാജ്ഞായത | അറിയപ്പെടാതെയായി. |
| ദിശഃ ച | ദിക്കെങ്ങും | ജലമയം | എല്ലാം വെള്ളത്തോടുവെള്ളം! |

വയം ഭൃശം തത്ര മഹാനിലാംബുഭിർന്നിഹന്യമാനാ മുഹുരംബുസംപ്ലവേ
ദിശോऽവിദന്തോऽഥ പരസ്പരം വനേ ഗൃഹീതഹസ്താഃ പരിബഭ്രിമാതുരാഃ. 38

| | | | |
|---|---|---|---|
| അംബുസംപ്ലവേ | പെരുവെള്ളം കുത്തിയൊലിക്കുന്ന | | കഴിയാത്തവരായി, |
| | | അഥ | തന്നിമിത്തം |
| തത്ര വനേ | ആ വനത്തിൽ | ആതുരാഃ | വ്യാകുലന്മാരുമായിട്ട് |
| മഹാനിലാം- | കൊടുംകാററിനാലും, | വയം | നമ്മൾ |
| ബുഭിഃ | പെരുമഴയാലും | പരസ്പരം | തമ്മിൽത്തമ്മിൽ |
| ഭൃശം | ഏററം | ഗൃഹീതഹസ്താഃ | കൈകോർത്തു |
| നിഹന്യമാനാഃ | പീഡിതരായി ഭവിച്ച് | | പിടിച്ചുകൊണ്ട് |
| ദിശഃ | ദിക്കുകളെ . | മുഹുഃ | ഒരുപാട് |
| അവിദന്തഃ | തിരിച്ചറിവാൻ | പരിബഭ്രിമ | വട്ടംതിരിഞ്ഞു. |

ഏതദ്വിദിത്വാ ഉദിതേ രവൌ സാന്ദീപനിർഗ്ഗുരുഃ
അന്വേഷമാണോ നഃ ശിഷ്യാനാചാര്യോऽപശ്യദാതുരാൻ. 39

| | | | |
|---|---|---|---|
| ഏതത് | ഈ സംഗതി | ഗുരുഃ | ഗുരുനാഥൻ |
| വിദിത്വാ | അറിഞ്ഞ്, | ശിഷ്യാൻ | ശിഷ്യന്മാരെ |
| രവൌ | സൂര്യൻ | അന്വേഷമാണഃ | തിരഞ്ഞുവന്ന്, |
| ഉദിതേ | ഉദിച്ചപ്പോൾ | ആതുരാൻ | പരവശന്മാരായി |
| നഃ ആചാര്യഃ | നമ്മുടെ ആചാര്യനായ * | | തീർന്നിരുന്ന നമ്മെ |
| സാന്ദീപനിഃ | സാന്ദീപനിയെന്ന | അപശ്യത് | കണ്ടു. |

* ആചാര്യൻ=ശിഷ്യന്മാരെ ഉപനയിച്ച്, വേദവേദാംഗങ്ങളെ പഠിപ്പിക്കുന്ന ബ്രാഹ്മണൻ.

'ഉപനീയ തു യഃ ശിഷ്യാൻ വേദാനധ്യാപയേദ്ദ്വിജഃ
സരഹസ്യം സാംഗം ച തമാചാര്യം പ്രചക്ഷതേ' എന്ന് പ്രമാണം.

ഇനിയുള്ള മൂന്നു ശ്ലോകങ്ങളെക്കൊണ്ട് സാന്ദീപനി അന്നേരത്തു പറഞ്ഞ വാക്കിനെ ഭഗവാൻ ഉദ്ധരിക്കുന്നു:—

അഹോ ഹേ പുത്രകാ യൂയമസ്മദർത്ഥേऽതിദുഃഖിതാഃ
ആത്മാ വൈ പ്രാണിനാം പ്രേഷ്ഠസ്തമനാദൃത്യ മത്പരാഃ. 40

| | |
|---|---|
| അഹോ | "അയ്യോ കഷ്ടം ! |
| ഹേ പുത്രകാഃ | എന്റെ കൊച്ചുമക്കളെ ! |
| യൂയം | നിങ്ങൾ |
| അസ്മദർത്ഥേ | നമുക്കുവേണ്ടി |
| അതിദുഃഖിതാഃ | അധികം സങ്കടപ്പെട്ടുപോയി. |
| പ്രാണിനാം | ജീവികൾക്ക് |
| പ്രേഷ്ഠഃ | ഏററവും പ്രിയകരമായുള്ളത് |
| ആത്മാ വൈ | ആത്മാവുതന്നെയാണ്. |
| തം | അതിനേയുംകൂടി |
| അനാദൃത്യ | അവഗണിച്ച് |
| മത്പരാഃ | (നിങ്ങൾ) എന്നെ സേവിച്ചിരിക്കുന്നു. |

ഏതദേവ ഹി സച്ഛിഷ്യൈഃ കർത്തവ്യം ഗുരുനിഷ്കൃതം
യദ്വൈ വിശുദ്ധഭാവേന സർവ്വാർത്ഥാത്മാർപ്പണം ഗുരൌ. 41

| | |
|---|---|
| ഗുരൌ | "ഗുരുവിന്റെ വിഷയത്തിൽ |
| വിശുദ്ധഭാവേന | കപടമററ ഭക്തിയോടെ |
| സർവ്വാർത്ഥാത്മാർപ്പണം | സമസ്തവസ്തുക്കളേയും, ദേഹത്തെക്കൂടിയും അർപ്പണം ചെയ്യുക |
| യത് വൈ | എന്നതു യാതൊന്നോ, |
| ഏതത് ഏവ | ഇതൊന്നുമാത്രമാണ് |
| സച്ഛിഷ്യൈഃ | ഉത്തമശിഷ്യന്മാരാൽ |
| കർത്തവ്യം | ചെയ്യപ്പെടേണ്ടുന്ന |
| ഗുരുനിഷ്കൃതം | ഗുരുവിനുള്ള പ്രത്യുപകാരം; |
| ഹി | തീർച്ചതന്നെ. |

തുഷ്ടോഽഹം ഭോ ദ്വിജശ്രേഷ്ഠാഃ സത്യാഃ സന്തു മനോരഥാഃ
ഛന്ദാംസ്യയാതയാമാനി ഭവന്ത്വിഹ പരത്ര ച. 42

| | |
|---|---|
| ഭോഃ ദ്വിജശ്രേഷ്ഠാഃ | "അല്ലയോ ഉത്തമബ്രഹ്മചാരികളെ ! |
| അഹം തുഷ്ടഃ | ഞാൻ സന്തോഷിച്ചിരിക്കുന്നു. |
| മനോരഥാഃ | (നിങ്ങളുടെ) ആഗ്രഹങ്ങൾ |
| സത്യാഃ സന്തു | സഫലങ്ങളാകട്ടെ |
| ഛന്ദാംസി | (നിങ്ങൾ അഭ്യസിച്ച) വേദസൂക്തങ്ങൾ |
| ഇഹ | ഈ ലോകത്തിലും, |
| പരത്ര ച | പരലോകത്തിലും |
| അയാതയാമാനി | പഴക്കംകൊണ്ടു ഫലം കുറഞ്ഞുപോകാത്തവയായി |
| ഭവന്തു | ഭവിക്കട്ടെ." |

ഇത്ഥംവിധാന്യനേകാനി വസതാം ഗുരുവേശ്മസു
ഗുരോരനുഗ്രഹേണൈവ പുമാൻ പൂർണ്ണഃ പ്രശാന്തയേ 43

| | |
|---|---|
| ഗുരുവേശ്മസു | ഗുരുകുലങ്ങളിൽ |
| വസതാം | വസിച്ചിരുന്ന നമുക്ക് |
| ഇത്ഥംവിധാനി | ഇതുപോലെയുള്ള |
| അനേകാനി | പല സംഭവങ്ങളും (ഉണ്ടായിട്ടുണ്ട്) |
| ഗുരോഃ | ഗുരുവിന്റെ |
| അനുഗ്രഹേണ | അനുഗ്രഹംകൊണ്ട് |
| ഏവ | മാത്രമേ |
| പുമാൻ | മനുഷ്യൻ |
| പൂർണ്ണഃ | പരിപൂർണ്ണനായിട്ട് |
| പ്രശാന്തയേ | പ്രാരബ്ധദുഃഖനിവൃത്തിക്ക് പാത്രമായി ഭവിക്കയുള്ളു. |

ബ്രാഹ്മണ ഉവാച=ബ്രാഹ്മണൻ പറഞ്ഞു :—

കിമസ്മാഭിരനിർവൃത്തം ദേവദേവ ജഗദ്ഗുരോ
ഭവതാ സത്യകാമേന യേഷാം വാസോ ഗുരാവഭൂത്. 44

| | | | |
|---|---|---|---|
| ദേവദേവ | ഹേ ദേവേശ്വര ! | ഗുരൌ വാസഃ | ഗുരുകുലത്തിലുള്ള വാസം |
| ജഗദ്ഗുരോ | ഹേ ലോകൈകഗുരോ! | അഭൂത് | സംഭവിച്ചുവോ, |
| യേഷാം | യാതൊരു ഞങ്ങൾക്ക് | അസ്മാഭിഃ | ആ ഞങ്ങളാൽ |
| സത്യകാമേന | സത്യസങ്കല്പനായ | അനിർവൃതം | സാധിക്കപ്പെടാത്തതു് |
| ഭവതാ | നിന്തിരുവടിയോടുകൂടെ | കിം | എന്തുണ്ടു് ? |

യസ്യ ഛന്ദോമയം ബ്രഹ്മ ദേഹ ആവപനം വിഭോ
ശ്രേയസാം തസ്യ ഗുരുഷു വാസോഽത്യന്തവിഡംബനം. 45

| | | | |
|---|---|---|---|
| വിഭോ | ഹേ വിഭോ ! | യസ്യ | യാതൊരാളുടെ |
| ശ്രേയസാം | ശ്രേയസ്സുകളുടെ | ദേഹഃ | ശരീരമാകുന്നുവോ, |
| ആവപനം | വിളനിലവും, | തസ്യ | ആ നിന്തിരുവടിയുടെ |
| ഛന്ദോമയം | വേദാത്മകമായ | ഗുരുഷു വാസഃ | ഗുരുകുലവാസം |
| ബ്രഹ്മ | ബ്രഹ്മവും | അത്യന്ത- വിഡംബനം | കേവലമായ അനുകരണം മാത്രമാകുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ശ്രീദാമചരിതേ അശീതിതമോഽധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3418.

## ഏകാശീതിതമോഽധ്യായഃ=എണ്പത്തൊന്നാമദ്ധ്യായം.

[ഏകാശീതിതമേ സഖ്യുർജഗ്ദ്ധ്വാ പൃഥുകതണ്ഡുലാൻ
ശ്രിയം നിർമ്മിതവാനിന്ദ്രതുല്ല്യാം തു തദാശ്രമേ ]

(പൃഥുകോപാഖ്യാനം—കുചേലബ്രാഹ്മണൻ കൊണ്ടുവന്ന അവിൽ ഭക്ഷിച്ചു സംതൃപ്തനായ ഭഗവാൻ അദ്ദേഹത്തിന്റെ ഗൃഹത്തിൽ ഐശ്വര്യം ഉണ്ടാക്കികൊടുക്കുന്നതു്.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

സ ഇത്ഥം ദ്വിജമുഖ്യേന സഹ സംകഥയൻ ഹരിഃ
സർവ്വഭൂതമനോഽഭിജ്ഞഃ സ്മയമാന ഉവാച തം. 1

| | | | |
|---|---|---|---|
| സഃ ഹരിഃ | ആ ശ്രീഹരി | സർവ്വഭൂത- മനോഽഭിജ്ഞഃ | സമസ്തജീവികളുടേയും അന്തർഗ്ഗതമറിയുന്ന അവിടുന്നു് |
| ഇത്ഥം | മുൻചൊന്നവിധം | | |
| ദ്വിജമുഖ്യേന സഹ | ബ്രാഹ്മണശ്രേഷ്ഠനായ ശ്രീദാമാവിനോടുകൂടി | സ്മയമാനഃ | പുഞ്ചിരിതൂകിക്കൊണ്ടു് |
| സംകഥയൻ | സരസസല്ലാപം ചെയ്തുകൊണ്ടു് (ചെയ്തുകൊണ്ടിരിക്കെ,) | തം | അദ്ദേഹത്തോടു് |
| | | ഉവാച | പറഞ്ഞു. |

ബ്രഹ്മണ്യോ ബ്രാഹ്മണം കൃഷ്ണോ ഭഗവാൻ പ്രഹസൻ പ്രിയം
പ്രേമ്ണാ നിരീക്ഷണേനൈവ പ്രേക്ഷൻ ഖലു സതാം ഗതിഃ. 2

| | | | |
|---|---|---|---|
| ബ്രഹ്മണ്യഃ | ബ്രാഹ്മണഭക്തനും, | പ്രേമ്ണാ | സ്നേഹത്തോടുചേർന്ന |
| സതാം | സജ്ജനങ്ങൾക്ക് | നിരീക്ഷണേന ഏവ | തൃക്കണ്ണുകൊണ്ടുതന്നെ |
| ഗതിഃ | ആശ്രയഭൂതനും, | പ്രിയം | തന്റെ ഇഷ്ടനായ |
| ഭഗവാൻ | സർവ്വജ്ഞനുമായ | ബ്രാഹ്മണം | ബ്രാഹ്മണനെ |
| കൃഷ്ണഃ | ശ്രീകൃഷ്ണൻ | പ്രേക്ഷൻ ഖലു | നന്നായിയൊന്നു കടാക്ഷിച്ചുകൊണ്ടും (പറഞ്ഞു.) |
| പ്രഹസൻ | പുഞ്ചിരിതൂകിക്കൊണ്ടും | | |

ശ്രീഭഗവാനുവാച=ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

കിമുപായനമാനീതം ബ്രഹ്മൻ മേ ഭവതാ ഗൃഹാത്
അണ്വപ്യുപാഹൃതം ഭക്തൈഃ പ്രേമ്ണാ ഭൂര്യേവ മേ ഭവേത്
ഭൂര്യപ്യഭക്തോപഹൃതം ന മേ തോഷായ കല്പതേ. 3

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രാഹ്മണ! | അണു അപി | അതിതുച്ഛവസ്തുവായാലും |
| ഭവതാ | അങ്ങയാൽ | മേ | എനിക്ക് |
| ഗൃഹാത് | ഗൃഹത്തിൽനിന്ന് | ഭൂരി ഏവ | വളരെ വലുതായിട്ടുതന്നെ |
| ഉപായനം | ഉപഹാരമായിട്ട് | ഭവേത് | ആകുന്നതാണ്. |
| കിം | എന്തൊന്നാണ് | അഭക്തോപഹൃതം | ഭക്തിയില്ലാത്തവരാൽ കൊണ്ടുതരപ്പെട്ടത് |
| മേ ആനീതം | എനിക്ക് കൊണ്ടുവരപ്പെട്ടിരിക്കുന്നത്? | ഭൂരി അപി | വളരെ വലുതായാലും |
| ഭക്തൈഃ | ഭക്തിയുള്ളവരാൽ | മേ | എന്റെ |
| പ്രേമ്ണാ | പ്രേമത്തോടുകൂടി | തോഷായ | സന്തോഷത്തിന്ന് |
| ഉപാഹൃതം | കൊണ്ടുവന്നുനൽകപ്പെട്ടത് | ന കല്പതേ | ഉതകുന്നതല്ല. |

പത്രം പുഷ്പം ഫലം തോയം യോ മേ ഭക്ത്യാ പ്രയച്ഛതി
തദഹം ഭക്ത്യുപഹൃതമശ്നാമി പ്രയതാത്മനഃ. 4

| | | | |
|---|---|---|---|
| പത്രം പുഷ്പം | പത്രമോ, പുഷ്പമോ, | പ്രയച്ഛതി | നൽകുന്നുവോ, |
| ഫലം തോയം | ഫലമോ, ജലമോ (എന്തുതന്നെയായാലും) | പ്രയതാത്മനഃ | വിശുദ്ധഹൃദയനായ ആയാളുടെ |
| യഃ | യാതൊരാരാൾ | ഭക്ത്യുപാഹൃതം | ഭക്തിപൂർവ്വം സമർപ്പിതമായ |
| ഭക്ത്യാ | ഭക്തിയോടെ | തത് | ആ വസ്തുവിനെ |
| മേ | എനിക്ക് | അഹം അശ്നാമി | ഞാൻ സ്വീകരിക്കുന്നു. |

ഇത്യുക്തോഽപി ദ്വിജസ്തസ്മൈ വ്രീഡിതഃ പതയേ ശ്രിയഃ
പൃഥുകപ്രസൃതിം രാജൻ ന പ്രായച്ഛദവാങ്മുഖഃ. 5

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | തസ്മൈ | അവിടുത്തേക്ക് |
| ഇതി | ഇപ്രകാരം | പൃഥുകപ്രസൃതിം | ഒരു കൈപ്പിടിയിൽ ഒതുങ്ങാൻ മാത്രമുള്ള ആ അവിലിനെ |
| ഉക്തഃ അപി | പറഞ്ഞു ധരിപ്പിക്കപ്പെട്ട വനായെങ്കിലുംകൂടി | | |
| ദ്വിജഃ | ബ്രാഹ്മണൻ | ന പ്രായച്ഛത് | കൊടുത്തില്ല. |
| ശ്രിയഃ | മഹാലക്ഷ്മിയുടെ | വ്രീഡിതഃ | ലജ്ജിതനായിട്ട് |
| പതയേ | കാന്തനായ | അവാങ്മുഖഃ | മുഖം കുനിച്ചിരുന്നതേയുള്ളു. |

സർവ്വഭൂതാത്മദൃക് സാക്ഷാത് തസ്യാഗമനകാരണം
വിജ്ഞായാചിന്തയന്നായം ശ്രീകാമോ മാഭജത് പുരാ. 6
പത്ന്യാഃ പതിവ്രതായാസ്തു സഖാ പ്രിയചികീർഷയാ
പ്രാപ്തോ മാമസ്യ ദാസ്യാമി സമ്പദോഽമർത്ത്യദുർല്ലഭാഃ. 7

| | | | |
|---|---|---|---|
| സാക്ഷാത് | ശരിയായവിധം | തു | എങ്കിലും ഇപ്പോൾ, |
| സർവ്വഭൂതാ- | സർവ്വപ്രാണികളുടേയും | പതിവ്രതായാഃ | പതിവ്രതയായ |
| ത്മദൃക് | അന്തഃകരണത്തിന്റെ | പത്ന്യാഃ | പത്നിയുടെ |
| | സാക്ഷിയായി വർത്തി | പ്രിയ- | ഇഷ്ടം സാധിപ്പിച്ചുകൊ |
| | ക്കുന്ന ഭഗവാൻ | ചികീർഷയാ | ടുക്കുവാനുള്ള ആഗ്രഹം |
| തസ്യ | അദ്ദേഹത്തിന്റെ | | കൊണ്ട് |
| ആഗമനകാരണം | വരവിനുള്ള കാരണത്തെ | സഖാ | സ്നേഹിതൻ |
| വിജ്ഞായ | മനസ്സിലാക്കി, | മാം പ്രാപ്തഃ | എന്നെ വന്നുകണ്ടു. |
| അചിന്തയത് | ഇങ്ങനെ ചിന്തിച്ചു— | അസ്യ | ഇദ്ദേഹത്തിന്ന് |
| അയം | " ഈ ബ്രാഹ്മണൻ | അമർത്ത്യദുർല്ലഭാഃ | ദേവന്മാർക്കപോലും |
| ശ്രീകാമഃ | ധനാഭിലാഷിയായിട്ട് | | അലഭ്യങ്ങളായുള്ള |
| പുരാ മാ | മുമ്പൊന്നും എന്നെ | സമ്പദഃ | സമ്പത്തുകളെ |
| ന അഭജത് | ഭജിച്ചിട്ടില്ല. | ദാസ്യാമി | നൽകുന്നുണ്ട്." |

ഇത്ഥം വിചിന്ത്യ വസനാച്ചീരബദ്ധാൻ ദ്വിജന്മനഃ
സ്വയം ജഹാര കിമിദമിതി പൃഥുകതണ്ഡുലാൻ. 8

| | | | |
|---|---|---|---|
| ഇത്ഥം വിചിന്ത്യ | ഇപ്രകാരം ചിന്തിച്ച്, | ഇതി | എന്നു ചോദിച്ചുകൊണ്ട് |
| ചീരബദ്ധാൻ | പഴന്തുണിയിൽ | ദ്വിജന്മനഃ | ബ്രാഹ്മണന്റെ |
| | കെട്ടിയിരിക്കുന്ന | വസനാത് | വസ്ത്രത്തിന്നകത്തുനിന്ന് |
| പൃഥുകതണ്ഡുലാൻ | അവിലിനെ | സ്വയം | താൻതന്നെ |
| ഇദം കിം | 'ഇത് എന്താണ്?' | ജഹാര | വലിച്ചെടുത്തു. |

നന്വേതദുപനീതം മേ പരമപ്രീണനം സഖേ
തർപ്പയന്ത്യംഗ മാം വിശ്വമേതേ പൃഥുകതണ്ഡുലാഃ. 9

| | | | |
|---|---|---|---|
| സഖേ | " അല്ലയോ സഖാവേ! | അംഗ | പ്രിയസ്നേഹിത! |
| ഉപനീതം | അങ്ങയാൽ | ഏതേ | ഈ |
| | കൊണ്ടുവരപ്പെട്ട | പൃഥുകതണ്ഡുലാഃ | അവിൽ |
| ഏതത് | ഈ സാധനം | മാം വിശ്വം | എന്നെ തികച്ചും (എന്നേ |
| മേ | എനിക്ക് | | യും, എന്നെ ആശ്രയി |
| പരമപ്രീണനം | ഏററവും ഇഷ്ടകരമായു | | ച്ചുള്ള വിശ്വത്തെയും) |
| നനു | ള്ളതാണല്ലോ. | തർപ്പയന്തി | തൃപ്തിപ്പെടുത്തുന്നു." |

ഇതി മുഷ്ടിം സകൃജ്ജഗ്ദ്ധ്വാ ദ്വിതീയാം ജഗ്ദ്ധുമാദദേ
താവച്ഛ്രീർജ്ജഗൃഹേ ഹസ്തം തത്പരാ പരമേഷ്ഠിനഃ. 10

| | | | |
|---|---|---|---|
| ഇതി | എന്നുപറഞ്ഞ് | പരമേഷ്ഠിനഃ | ഭഗവാന്റെ |
| സകൃത് മുഷ്ടിം | ഒരു പിടി | ഹസ്തം | തൃക്കരത്തെ |
| ജഗ്ദ്ധ്വാ | വാരിത്തിന്നശേഷം | തത്പരാ | ഭഗവാൻമാത്രം ഏകാശ്രയമായുള്ള |
| ദ്വിതീയാം | രണ്ടാമത്തേതും | ശ്രീഃ | ലക്ഷ്മീ (രുക്മിണീ)ദേവി |
| ജഗ്ദ്ധും | തിന്നുന്നതിന്ന് | ജഗ്രാഹ | കടന്നുപിടിച്ചു. |
| ആദദേ | വാരിയെടുത്തു. | | |
| താവത് | അപ്പോഴെക്കും | | |

നോട്ട് :— ശ്രീകൃഷ്ണൻ ഒരു പിടി അവിൽ ഭക്ഷിച്ചതുകൊണ്ടുതന്നെ ശ്രീദാമാവിന്ന് ഇഹത്തിലേക്കും പരത്തിലേക്കും വേണ്ടതെല്ലാം ആയിക്കഴിഞ്ഞിരിക്കുന്നു. ഇനി ഒരു പിടി കൂടി ഭക്ഷിക്കുന്നതായാൽ ഭഗവദേകനിഷ്ഠയായ സാക്ഷാൽ ശ്രീഭഗവതി ആ ബ്രാഹ്മണന്റെ അടിമയാകേണ്ടിവന്നേക്കും. (ഭക്തപ്രീതികൊണ്ട് ഭഗവാൻ അതു മറന്നെങ്കിലും, ഭഗവതി ആ കാര്യം ശ്രദ്ധിച്ചു) 'തത്പരാ' എന്ന വിശേഷണപദം മേൽപ്പറഞ്ഞ ആശയത്തെയാണ് സൂചിപ്പിക്കുന്നത്. (ശ്രീധരീയം)

അടുത്ത ശ്ലോകം ലക്ഷ്മീ (രുക്മിണീ)ദേവിയുടെ വാക്കാണ് :—

ഏതാവതാലം വിശ്വാത്മൻ സർവ്വസംപത്സമൃദ്ധയേ
അസ്മിംല്ലോകേഽഥവാമുഷ്മിൻ പുംസസ്ത്വത്തോഷകാരണം. 11

| | | | |
|---|---|---|---|
| വിശ്വാത്മൻ | "അല്ലയോ വിശ്വമൂർത്തേ ! | ത്വത്തോഷ- കാരണം | ഭവാന്റെ പരിതോഷത്തിന്ന് കാരണമാകുമാറ് |
| പുംസഃ | ഒരു മനുഷ്യന്ന് | സർവ്വസംപത്- സമൃദ്ധയേ | സമസ്തസമ്പത്തും തികഞ്ഞുവരുന്നതിന്ന് |
| അസ്മിൻ ലോകേ | ഈ ലോകത്തിലായാലും | ഏതാവതാ | ഇത്രമാത്രംകൊണ്ട് |
| അഥവാ | അല്ലെങ്കിൽ | അലം | മതിയാകും." |
| അമുഷ്മിൻ | പരലോകത്തിലായാലും | | |

ബ്രാഹ്മണസ്താം തു രജനീമുഷിത്വാച്യുതമന്ദിരേ
ഭുക്ത്വാ പീത്വാ സുഖം മേനേ ആത്മാനം സ്വർഗ്ഗതം യഥാ. 12

| | | | |
|---|---|---|---|
| ബ്രാഹ്മണഃ തു | ബ്രാഹ്മണനാകട്ടെ | താം രജനീം | ആ രാത്രിയിൽ |
| അച്യുതമന്ദിരേ | ശ്രീകൃഷ്ണഗൃഹത്തിൽ | ഉഷിത്വാ | താമസിച്ച് |
| ഭുക്ത്വാ | നല്ലപോലെ ഭക്ഷണം കഴിച്ച്, | സ്വർഗ്ഗതം യഥാ | സ്വർഗ്ഗത്തിലേക്കുപോയ ആളെന്നപോലെ |
| പീത്വാ | നല്ല പാനീയങ്ങളും കഴിച്ച്, | ആത്മാനം | തന്നെ |
| സുഖം | സുഖമാകുംവണ്ണം | മേനേ | കരുതി. |

ശ്വോഭൂതേ വിശ്വഭാവേന സ്വസുഖേനാഭിവന്ദിതഃ
ജഗാമ സ്വാലയം താത പഥ്യനുവ്രജ്യ നന്ദിതഃ 13

| | | | |
|---|---|---|---|
| താത | വത്സ, പരീക്ഷിത്തേ ! | സ്വസുഖേന | ആത്മാനന്ദമൂർത്തിയാൽ |
| ശ്വോഭൂതേ | പിറേറന്നാൾ പുലർന്നപ്പോൾ | പഥി | വഴിയിൽ |
| വിശ്വഭാവേന | വിശ്വത്തെ സൃഷ്ടിച്ചരുളുന്ന | അനുവ്രജ്യ | പിൻതുടർന്നുചെന്നു യാത്രയാക്കി, |

| | | | |
|---|---|---|---|
| നന്ദിതഃ | നല്ലവാക്കുകൊണ്ടു് സന്തോഷിപ്പിക്കപ്പെട്ടവനായും, | | ഭവിച്ച (ആ ബ്രാഹ്മണൻ) |
| അഭിവാദിതഃ | വന്ദിക്കപ്പെട്ടവനായും | സ്വാലയം | തന്റെ ഗൃഹത്തിലേക്കു് |
| | | ജഗാമ | യാത്രയായി. |

സ ചാലബ്ധ്വാ ധനം കൃഷ്ണാന്നതു യാചിതവാൻ സ്വയം
സ്വഗൃഹാൻ വ്രീഡിതോഽഗച്ഛന്മഹദ്ദർശനനിർവൃതഃ. 14

| | | | |
|---|---|---|---|
| സഃ ച | അദ്ദേഹമാകട്ടെ | ന യാചിതവാൻ | യാചിക്കയുണ്ടായില്ല. |
| കൃഷ്ണാത് | ശ്രീകൃഷ്ണന്റെ പക്കൽനിന്നു് | മഹദ്ദർശന- നിർവൃതഃ | മഹാത്മാവായ അവിടുത്തെ ദർശനത്താൽതന്നെ ആനന്ദിതനായിട്ടു് |
| ധനം | ധനത്തെ | | |
| അലബ്ധ്വാ തു | ലഭിക്കാതിരുന്നിട്ടും, | | |
| വ്രീഡിതഃ | ലജ്ജിതനായി ഭവിച്ചു് | സ്വഗൃഹാൻ | തന്റെ ഗൃഹത്തിലേക്കു് |
| സ്വയം | താൻതന്നെ | അഗച്ഛത് | തിരിച്ചുപോയി. |

ഇനി ആറു ശ്ലോകങ്ങളാൽ കുചേലന്റെ ചിന്താഗതിയെ വ്യക്തമാക്കുന്നു :—

അഹോ ബ്രഹ്മണ്യദേവസ്യ ദൃഷ്ടാ ബ്രഹ്മണ്യതാ മയാ
യദ്ദരിദ്രതമോ ലക്ഷ്മീമാശ്ലിഷ്ടോ ബിഭ്രതോരസി. 15

| | | | |
|---|---|---|---|
| അഹോ | ആഹാ ! ആശ്ചര്യം ! | യത് | എങ്ങനെയെന്നാൽ, |
| ബ്രഹ്മണ്യ- ദേവസ്യ | ബ്രാഹ്മണഭക്തിയുള്ള ജനങ്ങൾക്കു് അതിന്റെ ഫലമരുളുന്ന ശ്രീകൃഷ്ണ ഭഗവാന്റെ | ലക്ഷ്മീം | ലക്ഷ്മീഭഗവതിയെ |
| | | ഉരസി | തിരുമാറിൽ |
| | | ബിഭ്രതാ | ധരിച്ചുകൊണ്ടിരിക്കുന്ന ഒരാളാൽ |
| ബ്രഹ്മണ്യതാ | ബ്രാഹ്മണഭക്തി | ദരിദ്രതമഃ | മഹാദരിദ്രനായ ഞാൻ |
| മയാ ദൃഷ്ടാ | എന്നാൽ കാണപ്പെട്ടു. | ആശ്ലിഷ്ടഃ | ആലിംഗിതനായി. |

ക്വാഹം ദരിദ്രഃ പാപീയാൻ ക്വ കൃഷ്ണഃ ശ്രീനികേതനഃ
ബ്രഹ്മബന്ധുരിതി സ്മാഹം ബാഹുഭ്യാം പരിരംഭിതഃ. 16

| | | | |
|---|---|---|---|
| ദരിദ്രഃ | ദരിദ്രനും, | ബ്രഹ്മബന്ധുഃ | ബ്രാഹ്മണകുലത്തിൽ ജനിച്ചവനാണു് |
| പാപീയാൻ | മഹാപാപിയുമായ | | |
| അഹം ക്വ | ഞാനെവിടെ ? | ഇതി സ്മ | എന്നുമാത്രം കരുതി, |
| ശ്രീനികേതനഃ | ലക്ഷ്മീഭഗവതിക്കു് ആശ്രയഭൂതനായ | ബാഹുഭ്യാം | ഇരുതൃക്കരങ്ങളാലും |
| | | അഹം | ഞാൻ |
| കൃഷ്ണഃ ക്വ | ശ്രീകൃഷ്ണനെവിടെ ? | പരിരംഭിതഃ | ആശ്ലേഷിക്കപ്പെട്ടവനായി. |

നിവാസിതഃ പ്രിയാജുഷ്ടേ പര്യങ്കേ ഭ്രാതരോ യഥാ
മഹിഷ്യാ വീജിതഃ ശ്രാന്തോ വാലവ്യജനഹസ്തയാ. 17

| | | | |
|---|---|---|---|
| ശ്രാന്തഃ | തളർന്നിരുന്ന ഞാൻ | യഥാ | എന്നവിധം |
| പ്രിയാജുഷ്ടേ | പ്രിയപത്നിയാൽ സേവിതമായുള്ള | നിവാസിതഃ | ഇരുത്തപ്പെട്ടു ; |
| | | വാലവ്യജന- ഹസ്തയാ | വെഞ്ചാമരം കൈയിലെടുത്ത |
| പര്യങ്കേ | പള്ളിമെത്തമേൽ | മഹിഷ്യാ | പട്ടമഹിഷിയാൽ |
| ഭ്രാതരഃ | സഹോദരന്മാർ | വീജിതഃ | വീശി തളർച്ച തീർക്കപ്പെട്ടു. |

ശുശ്രൂഷയാ പരമയാ പാദസംവാഹനാദിഭിഃ
പൂജിതോ ദേവദേവേന വിപ്രദേവേന ദേവവത്. 18

| | |
|---|---|
| പാദ- സംവാഹനാദിഭിഃ | കാൽ ഉഴിഞ്ഞുതരികയും മററുമായുള്ള |
| പരമയാ | ഏററവും വലിയ |
| ശുശ്രൂഷയാ | ശുശ്രൂഷകൊണ്ടു് |
| വിപ്രദേവേന | ബ്രാഹ്മണരെ ദേവന്മാരായിട്ടു കരുതുന്ന |
| ദേവദേവേന | ആ ദേവേശ്വരനാൽ |
| ദേവവത് | ദേവനെന്നവിധം |
| പൂജിതഃ | ഞാൻ ആരാധിതനായി. |

സ്വർഗ്ഗാപവർഗ്ഗയോഃ പുംസാം രസായാം ഭുവി സംപദാം
സർവ്വാസാമപി സിദ്ധീനാം മൂലം തച്ചരണാർച്ചനം. 19

| | |
|---|---|
| പുംസാം | മനുഷ്യർക്കു് |
| ഭുവി | ഭൂമിയിലും, |
| രസായാം | പാതാളത്തിലുമുള്ള |
| സംപദാം | സമ്പത്തുകളുടേയും, |
| സ്വർഗ്ഗാ- പവർഗ്ഗയോഃ | സ്വർഗ്ഗം മോക്ഷം എന്നിവയുടേയും, |
| സർവ്വാസാം | സമസ്തങ്ങളായ |
| സിദ്ധീനാം അപി | സിദ്ധികളുടേയും |
| മൂലം | ആണിവേരു് |
| തച്ചരണാർച്ചനം | അവിടുത്തെ തൃപ്പാദപൂജയാകുന്നു. |

അധനോഽയം ധനം പ്രാപ്യ മാദ്യന്നുച്ചൈർന്ന മാം സ്മരേത്
ഇതി കാരുണികോ നൂനം ധനം മേഽഭൂരി നാദദാത്. 20

| | |
|---|---|
| അധനഃ | 'നിർദ്ധനനായ |
| അയം | ഇവൻ |
| ധനം പ്രാപ്യ | ധനം ലഭിച്ചെന്നാൽ |
| ഉച്ചൈഃ | വൻതോതിൽ |
| മാദ്യൻ | അഹങ്കരിച്ചുകൊണ്ടു് |
| മാം | എന്നെ |
| ന സ്മരേത് | ഓർക്കാതെയായേക്കും' |
| ഇതി | എന്നുകരുതി |
| കാരുണികഃ | കരുണാനിധിയായ ഭഗവാൻ |
| അഭൂരി | സ്വല്പമായ |
| ധനം മേ | ധനംകൂടിയും എനിക്കു് |
| ന അദദാത് നൂനം | തരാതെയിരുന്നതായിരിക്കണം. |

ഇതി തച്ചിന്തയന്നന്തഃ പ്രാപ്തോ നിജഗൃഹാന്തികം
സൂര്യ്യാനലേന്ദുസങ്കാശൈർവ്വിമാനൈഃ സർവ്വതോ വൃതം. 21
വിചിത്രോപവനോദ്യാനൈഃ കൂജദ്ദ്വിജകുലാകുലൈഃ
പ്രോത്ഫുല്ലകമുദാംഭോജകല്ഹാരോത്പലവാരിഭിഃ 22
ജുഷ്ടം സ്വലംകൃതൈഃ പുംഭിഃ സ്ത്രീഭിശ്ച ഹരിണാക്ഷിഭിഃ

| | |
|---|---|
| ഇതി തത് | ഈവിധം അതിനെ |
| അന്തഃ | ഉള്ളിൽ |
| ചിന്തയൻ | ചിന്തിച്ചുകൊണ്ടു് (നടന്നുവന്ന ശ്രീദാമാവു്) |
| സൂര്യ്യാനലേന്ദു- സങ്കാശൈഃ | സൂര്യ്യനോടും, അഗ്നിയോടും, ചന്ദ്രനോടും സാദൃശ്യം വഹിക്കുന്ന |
| വിമാനൈഃ | ഉന്നതമണിമേടകളാലും, |
| കൂജദ്ദ്വിജ- കുലാകുലൈഃ | കൂജനം ചെയ്യുന്ന പക്ഷിവൃന്ദങ്ങളാൽ നിറഞ്ഞ |
| വിചിത്രോപ- വനോദ്യാനൈഃ | അഴകേറിയ തോട്ടങ്ങളാലും, പൂങ്കാവുകളാലും |
| സർവ്വതഃ | നാലുപുറവും |
| വൃതം | ചുററപ്പെട്ടുള്ളതായി— |

| | |
|---|---|
| പ്രോത്ഫുല്ല-കുമുദാംഭോജ-കല്ഹാരോത്പലവാരിഭിഃ | വെള്ളാമ്പലും, താമരയും, സൌഗന്ധികവും, ഉൽപലവും വിരിഞ്ഞു നില്ക്കുന്ന ജലാശയങ്ങളോട് |
| ജുഷ്ടം | ചേൎന്നിട്ടുള്ളതായി— |
| സ്വലംകൃതൈഃ | നന്നായലങ്കരിക്കപ്പെട്ട |
| പുംഭിഃ | പുരുഷന്മാരാലും, |
| ഹരിണാക്ഷിഭിഃ | മാൻകണ്ണികളായ |
| സ്ത്രീഭിഃ ച | സ്ത്രീകളാലും പരിസേവിതമായി ഇരിക്കുന്ന |
| നിജഗൃഹാന്തികം | സ്വഭവനത്തിന്റെ സമീപത്തിലേക്ക് |
| പ്രാപ്തഃ | എത്തിച്ചേൎന്നു. |

കിമിദം കസ്യ വാ സ്ഥാനം കഥം തദിദമിത്യഭൂത്. 23
ഏവം മീമാംസമാനം തം നരാ നാൎയ്യോഽമരപ്രഭാഃ
പ്രത്യഗൃഹ്ണൻ മഹാഭാഗം ഗീതവാദ്യേന ഭൂയസാ. 24

| | |
|---|---|
| ഇദം കിം | "ഇതെന്തു്? |
| കസ്യ | ആരുടെ |
| സ്ഥാനം വാ | സ്ഥലമായിരിക്കാം! |
| കഥം | എങ്ങനെ |
| തത് ഇദം | ആ ഈ സ്ഥലം |
| ഇതി അഭൂത് | ഈവിധമായി?—" |
| ഏവം | എന്നിപ്രകാരം |
| മീമാംസമാനം | ചിന്തിച്ചുനില്ക്കുന്ന |
| മഹാഭാഗം | ഭാഗ്യശാലിയായ |
| തം | ആ ബ്രാഹ്മണനെ |
| അമരപ്രഭാഃ | ദിവ്യകാന്തിയുള്ള |
| നരാഃ | പുരുഷന്മാരും, |
| നാൎയ്യഃ | സ്ത്രീകളും |
| ഭൂയസാ | അതികേമമായ |
| ഗീതവാദ്യേന | ഗീതത്തോടും വാദ്യത്തോടുംകൂടി |
| പ്രത്യഗൃഹ്ണൻ | എതിരേററു. |

പതിമാഗതമാകൎണ്യ പത്ന്യുദ്ധൎഷാതിസംഭ്രമാ
നിശ്ചക്രാമ ഗൃഹാത്തൂൎണ്ണം രൂപിണീ ശ്രീരിവാലയാത്. 25

| | |
|---|---|
| പതിം ആഗതം ആകൎണ്യ | ഭൎത്താവു് എത്തിയിരിക്കുന്നതായി കേട്ടിട്ടു് |
| ഉദ്ധൎഷാ | ഉയൎന്ന സന്തോഷത്തോടുകൂടിയവളായും, |
| അതിസംഭ്രമാ | വലിയ സംഭ്രമത്തോടുകൂടിയവളായും ഭവിച്ച |
| പത്നീ | (അദ്ദേഹത്തിന്റെ) പത്നി |
| ആലയാത് | വാസസ്ഥലമായ ചെന്താമരപ്പൂവിൽനിന്നു് |
| രൂപിണീ | മൂൎത്തിമതിയായ |
| ശ്രീഃ ഇവ | ലക്ഷ്മീദേവിയെന്നവിധം |
| ഗൃഹാത് | ഗൃഹത്തിൽനിന്നു് |
| തൂൎണ്ണം | അതിവേഗം |
| നിശ്ചക്രാമ | ഇറങ്ങിവന്നു. |

പതിവ്രതാ പതിം ദൃഷ്ട്വാ പ്രേമോത്കണ്ഠാശ്രുലോചനാ
മീലിതാക്ഷ്യനമദ്ബുദ്ധ്യാ മനസാ പരിഷസ്വജേ. 26

| | |
|---|---|
| പതിം ദൃഷ്ട്വാ | ഭൎത്താവിനെ കണ്ടു് |
| പ്രേമോത്കണ്ഠാശ്രുലോചനാ | പ്രേമാതിശയത്താൽ കണ്ണുനീരുറ്റിയ കണ്ണുകളോടുകൂടിയവളായ |
| പതിവ്രതാ | ആ പതിവ്രത |
| മീലിതാക്ഷീ | കണ്ണടച്ചുകൊണ്ടു് |
| ബുദ്ധ്യാ | (ഇദ്ദേഹംതന്നെയാണു് വന്ദനീയൻ) എന്ന ബുദ്ധിയോടെ |
| അനമത് | നമസ്കരിച്ചു; |
| മനസാ | മനസ്സുകൊണ്ടു് |
| പരിഷസ്വജേ | ആലിംഗനം ചെയ്തു. |

പത്നീം വീക്ഷ്യ വിസ്ഫുരന്തീം ദേവീം വൈമാനികീമിവ
ദാസീനാം നിഷ്കകണ്ഠീനാം മധ്യേ ഭാന്തീം സ വിസ്മിതഃ 27

| | | | |
|---|---|---|---|
| സഃ | ആ ബ്രാഹ്മണൻ | ദാസീനാം | ദാസിമാരുടെ |
| വൈമാനികീം | വിമാനത്തിലേറിയ | മധ്യേ | മധ്യത്തിൽ |
| ദേവീം ഇവ | ദേവനാരിയെപ്പോലെ | ഭാന്തീം | പ്രശോഭിക്കുന്നവളുമായ |
| വിസ്ഫുരന്തീം | തിളങ്ങുന്നവളും, | പത്നീം വീക്ഷ്യ | പത്നിയെ കണ്ട് |
| നിഷ്കകണ്ഠീനാം | പൊൻപതക്കം കെട്ടിയ | വിസ്മിതഃ | അത്ഭുതപ്പെട്ടു. |

പ്രീതഃ സ്വയം തയാ യുക്തഃ പ്രവിഷ്ടോ നിജമന്ദിരം
മണിസ്തംഭശതോപേതം മഹേന്ദ്രഭവനം യഥാ. 28

| | | | |
|---|---|---|---|
| പ്രീതഃ | പ്രീതനായ അദ്ദേഹം | മഹേന്ദ്രഭവനം യഥാ | ദേവരാജാവിന്റെ ഭവനംപോലുള്ളതുമായ |
| തയാ യുക്തഃ | അവളോടുകൂടി | | |
| സ്വയം | താൻതന്നെ | നിജമന്ദിരം | സ്വഭവനത്തിലേക്ക് |
| മണിസ്തംഭശതോപേതം | അനേകം രത്നസ്തംഭങ്ങളോടുകൂടിയതും, | പ്രവിഷ്ടഃ | പ്രവേശിച്ചു. |

പയഃഫേനനിഭാഃ ശയ്യാ ദാന്താ രുക്മപരിച്ഛദാഃ
പര്യങ്കാ ഹേമദണ്ഡാനി ചാമരവ്യജനാനി ച. 29

| | | | |
|---|---|---|---|
| ദാന്താഃ | ആനക്കൊമ്പുകൊണ്ട് നിർമ്മിക്കപ്പെട്ടവയും, | പയഃഫേനനിഭാഃ | പാൽനുരപോലെ വെളുപ്പും പതുപ്പുമുള്ള |
| രുക്മപരിച്ഛദാഃ | തങ്കംകൊണ്ടുള്ള പറവും കെട്ടും പരിഷ്കാരങ്ങളും ചേർന്നിട്ടുള്ളവയുമായ | ശയ്യാഃ | കിടക്കകളും, |
| | | ഹേമദണ്ഡാനി | പൊന്നിൻപിടിയുള്ള |
| പര്യങ്കാഃ | കട്ടിലുകളും, | ചാമരവ്യജനാനി ച | വെഞ്ചാമരങ്ങളും അവിടെയുണ്ടായിരുന്നു. |

ആസനാനി ച ഹൈമാനി മൃദൂപസ്തരണാനി ച
മുക്താദാമവിലംബീനി വിതാനാനി ദ്യുമന്തി ച 30

| | | | |
|---|---|---|---|
| മൃദൂപസ്തരണാനി ച | മാർദ്ദവമുള്ള മെത്തയിട്ടിരിക്കുന്ന | മുക്താദാമവിലംബീനി | മുത്തുമാലകൊണ്ടുള്ള തൊങ്ങലുകൾചേർന്ന് |
| ഹൈമാനി | സ്വർണ്ണമയങ്ങളായ | ദ്യുമന്തി | ശോഭയേലുന്ന |
| ആസനാനി ച | ഇരിപ്പിടങ്ങളും, | വിതാനാനി ച | മേൽക്കെട്ടികളും അവിടെയുണ്ടായിരുന്നു |

സ്വച്ഛസ്ഫടികകുഡ്യേഷു മഹാമാരതകേഷു ച
രത്നദീപാ ഭ്രാജമാനാ ലലനാരത്നസംയുതാഃ. 31

| | | | |
|---|---|---|---|
| മഹാമാരതകേഷു | മഹത്തായുള്ള മരതകക്കല്ലുകളാൽ മോടികൂട്ടിയിരിക്കുന്ന | ലലനാരത്നസംയുതാഃ | (കൊത്തിവെച്ചിരിക്കുന്ന) സ്ത്രീരത്നങ്ങളോടുകൂടിയ |
| | | രത്നദീപാഃ | രത്നദീപങ്ങൾ * |
| സ്വച്ഛസ്ഫടികകുഡ്യേഷു | തെളിവാർന്ന സ്ഫടികഭിത്തികളിൽ | ഭ്രാജമാനാഃ ച | ശോഭിച്ചുകൊണ്ടിരുന്നു. |

(* സ്ഫടികഭിത്തികളിൽ കൊത്തിവെച്ചിരിക്കുന്ന സ്ത്രീപ്രതിമകളുടെ കൈകളിലുള്ള രത്നദീപങ്ങൾ)

വിലോക്യ ബ്രാഹ്മണസ്തത്ര സമൃദ്ധീഃ സർവ്വസമ്പദാം
തർക്കയാമാസ നിർവ്യഗ്രഃ സ്വസമൃദ്ധിമഹൈതുകീം. 32

| | | | |
|---|---|---|---|
| തത്ര | അവിടെ | ബ്രാഹ്മണഃ | കുചേലബ്രാഹ്മണൻ |
| സർവ്വസമ്പദാം | സർവ്വസമ്പത്തുകളുടേയും | അഹൈതുകീം | ആകസ്മികമായുണ്ടായ |
| സമൃദ്ധീഃ | സുഭിക്ഷതകളെ | സ്വസമൃദ്ധിം | തന്റെ സമൃദ്ധിയെപ്പററി |
| വിലോക്യ | കണ്ടതിന്നുശേഷം | തർക്കയാമാസ | ഊഹിച്ചുതുടങ്ങി. |
| നിർവ്യഗ്രഃ | സംഭ്രമം കൈവിട്ട | | |

നൂനം ബതൈതന്മമ ദുർഭഗസ്യ ശശ്വദ്ദരിദ്രസ്യ സമൃദ്ധിഹേതുഃ
മഹാവിഭൂതേരവലോകതോഽന്യോ നൈവോപപദ്യേത യദൂത്തമസ്യ. 33

| | | | |
|---|---|---|---|
| ബത | "ആശ്ചര്യം! | മഹാവിഭൂതേഃ | മഹൈശ്വര്യവാനായ |
| ദുർഭഗസ്യ | ഭാഗ്യവിഹീനനും, | യദൂത്തമസ്യ | യാദവശ്രേഷ്ഠന്റെ |
| ശശ്വത് | സദാകാലം | അവലോകതഃ } | കൃപാവലോകനമല്ലാ |
| ദരിദ്രസ്യ | ദരിദ്രനുമായുള്ള | അന്യഃ } | തെ വേറെയൊന്നു് |
| ഏതന്മമ | ഈ എനിക്കുണ്ടായ | ന ഉപപദ്യേത } | ആകുവാൻ തിരെ തര |
| സമൃദ്ധിഹേതുഃ | സമൃദ്ധിയുടെ കാരണം | ഏവ നൂനം } | മില്ല; നിശ്ചയമാണ്. |

നന്വബ്രുവാണോ ദിശതേ സമക്ഷം യാചിഷ്ണവേ ഭൂര്യപി ഭൂരിഭോജഃ
പർജ്ജന്യവത്തത് സ്വയമീക്ഷമാണോ ദാശാർഹകാണാമൃഷഭഃ സഖാ മേ 34

| | | | |
|---|---|---|---|
| ഭൂരിഭോജഃ | "അതിസമൃദ്ധിമാനും, | പർജ്ജന്യവത് | മേഘമെന്നപോലെ |
| മേ സഖാ | എന്റെ സഖാവും, | ഈക്ഷമാണഃ | (നിസ്സാരമായി) കണ്ടു കൊണ്ടു് |
| ദാശാർഹകാണാം } | യദുകുലശ്രേഷ്ഠനുമായ | സമക്ഷം | നേരിട്ടു്. |
| ഋഷഭഃ } | ശ്രീകൃഷ്ണൻ | അബ്രുവാണഃ | പറയാതെതന്നെ |
| സ്വയം | തന്നാൽത്താൻ | യാചിഷ്ണവേ | യാചകന്നു് |
| തത് | കൊടുക്കപ്പെടുന്ന അതു് | ദിശതേ | കൊടുക്കുന്നു; |
| ഭൂരി അപി | അധികമാണെങ്കിലുംകൂടി | നനു | അതെ, അതുതന്നെയാകാം. |

നോട്ടു് :— കൃഷകൻ രാത്രിനേരത്തു കിടന്നുറങ്ങുമ്പോഴം അവനറിയാതെതന്നെ അവന്റെ വയലിനെ ജലപരിപൂർണ്ണമാക്കിത്തീർക്കുന്ന മേഘംപോലെ ഭഗവാൻ കുചേലനോടു ഒരക്ഷരവും പറയാതെ അദ്ദേഹത്തിന്റെ കുടുംബത്തെ സർവ്വസമ്പൽസമൃദ്ധമാക്കിയെന്നു ഭാവം.

കിഞ്ചിത് കരോത്യുർവ്വപി യത് സ്വദത്തം
സുഹൃത്കൃതം ഫല്ഗ്വപി ഭൂരികാരീ
മയോപനീതം പൃഥുകൈകമുഷ്ടിം
പ്രത്യഗ്രഹീത് പ്രീതിയുതോ മഹാത്മാ. 35

| | | | |
|---|---|---|---|
| സ്വദത്തം | "തന്നാൽ നല്കപ്പെട്ടതു് | ഫല്ഗു അപി | തുച്ഛമെന്നിരിക്കിലും |
| ഉരു അപി | വലിയതെങ്കിലും | ഭൂരികാരീ | വലിയതായിട്ടു കരുതുന്നു. |
| കിഞ്ചിത് കരോതി | തുച്ഛമെന്നു് കരുതുന്നു. | യത് | എന്തെന്നാൽ, |
| സുഹൃത്കൃതം | ഭക്തനാൽ ചെയ്യപ്പെട്ടതു് | മഹാത്മാ | ഉദാരചിത്തനായ ഭഗവാൻ |

| | |
|---|---|
| മയാ | എന്നാൽ |
| ഉപനീതം | കൊണ്ടുപോയി കൊടുക്കപ്പെട്ട |
| പൃഥുകൈകമുഷ്ടിം | ഒരുപിടി അവിലിനെ |
| പ്രീതിയുതഃ | സന്തോഷസമേതനായി |
| പ്രത്യഗ്രഹീത് | സ്വീകരിച്ചു. |

തസ്യൈവ മേ സൗഹൃദസഖ്യമൈത്രീദാസ്യം പുനർജ്ജന്മനി ജന്മനി സ്യാത്
മഹാനുഭാവേന ഗുണാലയേന വിഷജ്ജതസ്തത്പുരുഷപ്രസംഗഃ.

| | |
|---|---|
| ഗുണാലയേന | ഗുണങ്ങൾക്ക് ആവാസഭൂതനായും |
| മഹാനുഭാവേന | മഹാനുഭാവനായും ഇരിക്കുന്ന ശ്രീകൃഷ്ണനോടുകൂടി |
| വിഷജ്ജതഃ | വിശിഷ്ടമായ സംബന്ധമുണ്ടായിട്ടുള്ള |
| മേ പുനഃ | എനിക്ക് ഇനിയും |
| ജന്മനി ജന്മനി | ഓരോ ജന്മത്തിലും |
| തസ്യ ഏവ | ആ ഭഗവാന്റെ തന്നെ |
| സൗഹൃദസഖ്യ-മൈത്രീദാസ്യം | സൗഹാർദ്ദവും, സഖ്യവും, മൈത്രിയും, * ദാസ്യവും. |
| തത്പുരുഷ-പ്രസംഗഃ | അവിടുത്തെ ഭക്തജനങ്ങളോടുള്ള സമ്പർക്കവും |
| സ്യാത് | ഉണ്ടാകട്ടെ! |

* സൗഹാർദ്ദം, സഖ്യം, മൈത്രി എന്നീ പദങ്ങളെ പര്യായങ്ങളായിട്ടേ സാധാരണ കണക്കാക്കാറുള്ളു. എങ്കിലും, ഇവിടെ പ്രേമം, വിശ്വാസം, ഉപകാരകത്വം എന്നിങ്ങനെ അർത്ഥഭേദത്തോടെ അവയെ യഥാക്രമം സ്വീകരിക്കണം.

ഭക്തായ ചിത്രാ ഭഗവാൻ ഹി സമ്പദോ
രാജ്യം വിഭൂതീർന്ന സമർത്ഥയത്യജഃ
അദീർഘബോധായ വിചക്ഷണഃ സ്വയം
പശ്യൻ നിപാതം ധനിനാം മദോദ്ഭവം. 37

| | |
|---|---|
| വിചക്ഷണഃ | "സർവ്വവും ഗ്രഹിച്ചിരിക്കുന്ന |
| അജഃ | അജന്മാവായ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| ധനിനാം | ധനികന്മാർക്ക് |
| മദോദ്ഭവം | ധനമദത്തിൽനിന്ന് ഉദ്ഭവിക്കുന്ന |
| നിപാതം | അധോഗതിയെ |
| സ്വയം | തന്നെത്താൻ |
| പശ്യൻ ഹി | കണ്ടുകൊണ്ട് |
| അദീർഘ-ബോധായ | ആത്മബോധം കുറവായുള്ള (വിവേകശൂന്യനായ) |
| ഭക്തായ | ഭക്തന്ന് |
| ചിത്രാഃ | വിവിധതരത്തിലുള്ള |
| സമ്പദഃ | സമ്പത്തുകളേയും, |
| രാജ്യം | രാജൈശ്വര്യത്തേയും, |
| വിഭൂതീഃ | പുത്രകളത്രാദി കുടുംബസമ്പന്നതകളേയും |
| ന സമർത്ഥയതി | കൊടുക്കമാറില്ല." |

നോട്ട്:— ധനം മദത്തിന്നും, മദം അധോഗതിക്കും ഹേതുവാകയാൽ ഭഗവാൻ സ്വഭക്തന്ന് ധനം കൊടുക്കുകയില്ല; ശാശ്വതഭക്തി മാത്രമേ കൊടുക്കുകയുള്ളൂ. എന്നിരിക്കെ, തനിക്ക് ഇത്രയും ധനം നല്കിയത് താൻ ഭക്തനല്ലാത്തതുകൊണ്ടായിരിക്കുമോ എന്നാണ് ശ്രീദാമാവിന്റെ ആശങ്ക. അതിനാൽ 'ഭക്തിതന്നെ എനിക്കുണ്ടാകട്ടെ' എന്ന് ആ മഹാബ്രാഹ്മണൻ പ്രാർത്ഥിക്കുന്നു.

ഇത്ഥം വ്യവസിതോ ബുദ്ധ്യാ ഭക്തോഽതീവ ജനാർദ്ദനേ
വിഷയാഞ്ജായയാ ത്യക്ഷ്യൻ ബുഭുജേ നാതിലംപടഃ. 38

| | | | |
|---|---|---|---|
| ഇത്ഥം | എന്നിപ്രകാരം | തൃക്ഷൻ | പരിത്യജിക്കുവാൻ അഭ്യ |
| ബുദ്ധ്യാ | ബുദ്ധികൊണ്ടു് | | സിച്ചുകൊണ്ടുള്ളവനായും, |
| വ്യവസിതഃ | ആലോചിച്ചുറച്ച ആ ബ്രാഹ്മണൻ | നാതിലംപടഃ | അവയിൽ അത്യാസക്തി കലരാത്തവനായും ഭോ |
| ജനാർദ്ദനേ | ശ്രീകൃഷ്ണഭഗവാങ്കൽ | | ച്ചുകൊണ്ടു് |
| അതീവ | വളരെ | | |
| ഭക്തഃ | ഭക്തിയോടുകൂടിയവനായും, | ജായയാ | പത്നിയോടൊന്നിച്ചു് |
| വിഷയാൻ | ഇന്ദ്രിയാർത്ഥങ്ങളെ | ബുഭുജേ | അവയെ അനുഭവിച്ചു |

തസ്യ വൈ ദേവദേവസ്യ ഹരേർയ്യജ്ഞപതേഃ പ്രഭോഃ
ബ്രാഹ്മണാഃ പ്രഭവോ ദൈവം ന തേഭ്യോ വിദ്യതേ പരം. 39

| | | | |
|---|---|---|---|
| ദേവദേവസ്യ | ദേവന്മാരുടെ ദേവനും, | ബ്രാഹ്മണാഃ } വൈ } | ബ്രാഹ്മണന്മാർ മാത്രമാണു് |
| യജ്ഞപതേഃ | യജ്ഞങ്ങളുടെ അധിപതിയും | പ്രഭവഃ | ബഹുമാന്യന്മാർ; |
| | | ദൈവം | അവർതന്നെ ദൈവവും; |
| പ്രഭോഃ | സർവ്വശക്തനും ആയ | തേഭ്യഃ പരം | അവരെക്കാടം കവിഞ്ഞതു് |
| തസ്യ ഹരേഃ | ആ ശ്രീഹരിക്കു് | ന വിദ്യതേ | യാതൊന്നുമില്ല |

ഏവം സ വിപ്രോ ഭഗവത്സുഹൃത്തദാ
ദൃഷ്ട്വാ സ്വഭൃത്യൈരജിതം പരാജിതം
തദ്ധ്യാനവേഗോദ് ഗ്രഥിതാത്മബന്ധന-
സ്തദ്ധാമ ലേഭേഽചിരതഃ സതാം ഗതിം. 40

| | | | |
|---|---|---|---|
| ഭഗവത്സുഹൃത് | ശ്രീകൃഷ്ണഭഗവാന്റെ ചങ്ങാതിയായിരുന്ന | തദ്ധ്യാന- വേഗോദ് - ഗ്രഥിതാത്മ- ബന്ധനഃ | ഭഗവൽധ്യാനത്തിന്റെ ഊക്കുകൊണ്ടു കെട്ടഴിക്കപ്പെട്ട ആത്മബന്ധനത്തോടുകൂടിയവനായിട്ടു് |
| സഃ വിപ്രഃ | ആ ബ്രാഹ്മണൻ | | |
| അജിതം | മററാരാലും ജയിക്കപ്പെടാത്ത ഭഗവാനെ | അചിരതഃ | ഏറെത്താമസിയാതെ |
| ഏവം | ഇവ്വിധം | സതാം | ഭക്തന്മാരുടെ |
| സ്വഭൃത്യൈഃ | സ്വഭൃത്യന്മാരാൽ (സ്വഭക്തജനങ്ങളാൽ) | ഗതിം | പ്രാപ്യസ്ഥാനമായ |
| | | തദ്ധാമ | അവിടുത്തെ ലോകത്തെ |
| പരാജിതം | ജയിക്കപ്പെട്ടതായിട്ടു് | | (ശ്രീവൈകുണ്ഠലോകത്തെ) |
| തദാ ദൃഷ്ട്വാ | അന്നു് കണ്ടു്, | ലേഭേ | നേടി. |

ഏതദ് ബ്രഹ്മണ്യദേവസ്യ ശ്രുത്വാ ബ്രഹ്മണ്യതാം നരഃ
ലബ്ധഭാവോ ഭഗവതി കർമ്മബന്ധാദ്വിമുച്യതേ. 41

| | | | |
|---|---|---|---|
| ഏതത് | ഈ കുചേലചരിത്രത്തേയും, | ബ്രഹ്മണ്യതാം | ബ്രാഹ്മണഭക്തിയേയും |
| ബ്രഹ്മണ്യ- } ദേവസ്യ } | ബ്രാഹ്മണഭക്തിയുള്ളവക്കു് ഫലപ്രദാനം ചെയ്യുന്ന ഭഗവാൻ ശ്രീകൃഷ്ണന്റെ | ശ്രുത്വാ | കേട്ടു്, |
| | | ഭഗവതി | ശ്രീഭഗവാങ്കൽ |
| | | ലബ്ധഭാവഃ | ഭക്തിലഭിച്ചുള്ള |
| | | നരഃ | മനുഷ്യൻ |

| | | | |
|---|---|---|---|
| കർമ്മബന്ധാത് | സംസാരമാവുന്ന കർമ്മബന്ധത്തിൽനിന്ന് | വിമുച്യതേ | തികച്ചും മുക്തനായി തീരുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
പൃഥുകോപാഖ്യാനം നാമ ഏകാശീതിതമോഽദ്ധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3459.

## ദ്വ്യശീതിതമോഽദ്ധ്യായഃ=എണ്പത്തിരണ്ടാമദ്ധ്യായം.

[ദ്വ്യശീതിതമ ആഗത്യ കുരുക്ഷേത്രം രവിഗ്രഹേ
വൃഷ്ണീൻ ദൃഷ്ട്വാ മുദാ ഭൂപാശ്ചക്രുഃ കൃഷ്ണകഥാ മിഥഃ]

(സൂര്യോപരാഗവും, ഭഗവാന്മാരുടെ കുരുക്ഷേത്രഗമനവും. കുരുക്ഷേത്രത്തിൽ വിവിധ ദേശങ്ങളിലെ രാജാക്കന്മാരും, യാദവന്മാരും, നന്ദാദിഗോപന്മാരും തമ്മിൽ നടന്ന സന്ദർശനസംഭാഷണങ്ങളും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

അഥൈകദാ ദ്വാരവത്യാം വസതോ രാമകൃഷ്ണയോഃ
സൂര്യോപരാഗഃ സുമഹാനാസീത് കല്പക്ഷയേ യഥാ. 1

| | | | |
|---|---|---|---|
| രാമകൃഷ്ണയോഃ | രാമകൃഷ്ണന്മാർ | കല്പക്ഷയേ | കല്പാന്തകാലത്തിൽ |
| ദ്വാരവത്യാം | ദ്വാരകാപുരിയിൽ | യഥാ | ഉണ്ടാവുന്നപോലെ |
| വസതോഃ | വാണുകൊണ്ടിരിക്കെ, | സുമഹാൻ | ഏററവും വലുതായ |
| | | സൂര്യോപരാഗഃ | സൂര്യഗ്രഹണം |
| അഥ ഏകദാ | അനെറാരുനാൾ | ആസീത് | സംഭവിക്കയുണ്ടായി. |

നോട്ട് :— ഈ സൂര്യഗ്രഹണവൃത്താന്തം രാജസൂയയാഗത്തിന്ന് മുമ്പും, ബലഭദ്രരുടെ ഗോകുലയാത്രയ്ക്കു പിമ്പും നടന്നിട്ടുള്ള സംഭവമാണെന്നു ധരിച്ചുകൊള്ളണം.

തം ജ്ഞാത്വാ മനുജാ രാജൻ പുരസ്താദേവ സർവ്വതഃ
സമന്തപഞ്ചകം ക്ഷേത്രം യയുഃ ശ്രേയോവിധിത്സയാ. 2

| | | | |
|---|---|---|---|
| രാജൻ | ഹേ രാജാവേ! | മനുജാഃ | ആളുകൾ |
| തം ജ്ഞാത്വാ | അതിനെ കാലെ അറിഞ്ഞ് | ശ്രേയോ-വിധിത്സയാ | പുണ്യകർമ്മം ചെയ്യുവാനുള്ള ആഗ്രഹംകൊണ്ട് |
| പുരസ്താത് ഏവ | ഗ്രഹണം തുടങ്ങുന്നതിന് മുമ്പായിത്തന്നെ | സമന്തപഞ്ചകം | സമന്തപഞ്ചകമെന്ന |
| സർവ്വതഃ | എല്ലാ പ്രദേശങ്ങളിൽ നിന്നും | ക്ഷേത്രം | കുരുക്ഷേത്രത്തിലേക്ക് |
| | | യയുഃ | പോയിരുന്നു. |

നിഃക്ഷത്രിയാം മഹീം കുർവ്വൻ രാമഃ ശസ്ത്രഭൃതാം വരഃ
നൃപാണാം രുധിരൗഘേണ യത്ര ചക്രേ മഹാഹ്രദാൻ. 3

| | | | |
|---|---|---|---|
| ശസ്ത്രഭൃതാം | ആയുധമെടുത്തവരിൽ വെച്ച് | വരഃ | ശ്രേഷ്ഠനായ |
| | | രാമഃ | ഭാർഗ്ഗവരാമൻ |

| | |
|---|---|
| മഹീം | ഭൂമിയെ |
| നിഃക്ഷത്രിയാം കൃത്വാ | ക്ഷത്രിയവംശമില്ലാതാക്കിത്തീർത്തുകൊണ്ട് |
| യത്ര | യാതൊരു ഈ കുരുക്ഷേത്രത്തിൽ |
| നൃപാണാം | രാജാക്കന്മാരുടെ |
| രുധിരൌഘേണ | രക്തധാരയാൽ |
| മഹാഹ്രദാൻ | വലിയ തടാകങ്ങളെ |
| ചക്രേ | തീർത്തിരുന്നു. |

ഈജേ ച ഭഗവാൻ രാമോ യത്രാസ്പൃഷ്ടോഽപി കർമ്മണാ
ലോകസ്യ ഗ്രാഹയന്നീശോ യഥാന്യോഽഘാപനുത്തയേ. 4

| | |
|---|---|
| ഭഗവാൻ | സർവ്വജ്ഞതാദിനിധിയും |
| ഈശഃ | സർവ്വേശ്വരനുമായ |
| രാമഃ | ശ്രീഭാർഗ്ഗവൻ |
| കർമ്മണാ | കർമ്മത്താൽ (ക്ഷത്രിയസംഹാരപാപത്താൽ) |
| അസ്പൃഷ്ടഃ | സ്പർശിക്കപ്പെട്ടവനല്ല; |
| അപി | എങ്കിലുംകൂടി |
| ലോകസ്യ | ലോകത്തിന്ന് |
| ഗ്രാഹയൻ | പ്രായശ്ചിത്തധർമ്മമാർഗ്ഗം ബോധിപ്പിക്കുവാനായി |
| അന്യഃ യഥാ | മററു സാധാരണക്കാരനായ ഒരാളെന്നപോലെ |
| അഘാപനുത്തയേ | പാപശാന്തിക്കായിട്ട് |
| യത്ര | ഇവിടെ വെച്ചുതന്നെ |
| ഈജേ ച | യജ്ഞവും ചെയ്കയുണ്ടായി. |

മഹത്യാം തീർത്ഥയാത്രായാം തത്രാഗൻ ഭാരതീഃ പ്രജാഃ
വൃഷ്ണയശ്ച തഥാക്രൂരവസുദേവാഹുകാദയഃ
യയുർഭാരത തത് ക്ഷേത്രം സ്വമഘം ക്ഷപയിഷ്ണവഃ. 5
ഗദപ്രദ്യുമ്നസാംബാദ്യാഃ സുചന്ദ്രശുകസാരണൈഃ
ആസ്തേഽനിരുദ്ധോ രക്ഷായാം കൃതവർമ്മാ ച യൂഥപഃ. 6

| | |
|---|---|
| മഹത്യാം | ആ വലിയ |
| തീർത്ഥയാത്രായാം | തീർത്ഥയാത്രയിങ്കൽ |
| ഭാരതീഃ | ഭാരതവർഷത്തിലുള്ള |
| പ്രജാഃ | ജനങ്ങളെല്ലാം |
| തത്ര അഗൻ | അവിടെ പോയിരുന്നു. |
| ഭാരത | ഹേ പരീക്ഷിത്തേ! |
| തഥാ | അതുപ്രകാരം |
| അക്രൂര-വസുദേവാ-ഹുകാദയഃ | അക്രൂരൻ, വസുദേവൻ, ഉഗ്രസേനൻ എന്നു തുടങ്ങിയുള്ളവരും, |
| ഗദപ്രദ്യുമ്ന-സാംബാദ്യാഃ | ഗദൻ, പ്രദ്യുമ്നൻ, സാംബൻ എന്നു തുടങ്ങിയുള്ളവരും ആയ |
| വൃഷ്ണയഃ ച | വൃഷ്ണികളും |
| സ്വം അഘം | തങ്ങൾക്കുള്ള പാപത്തെ |
| ക്ഷപയിഷ്ണവഃ | ക്ഷയിപ്പിക്കുവാൻ ഇച്ഛിച്ചുകൊണ്ട് |
| തത് ക്ഷേത്രം | ആ ക്ഷേത്രത്തിലേക്ക് |
| യയുഃ | പോകയുണ്ടായി. |
| സുചന്ദ്രശുക-സാരണൈഃ | സുചന്ദ്രൻ, ശുകൻ, സാരണൻ എന്നിവരോടുകൂടി |
| അനിരുദ്ധഃ | അനിരുദ്ധനും; |
| യൂഥപഃ | സേനാപതിയായ |
| കൃതവർമ്മാ ച | കൃതവർമ്മാവും |
| രക്ഷായാം | (ദ്വാരകാപുരിയുടെ) രക്ഷയ്ക്കായി |
| ആസ്തേ | അവിടെത്തന്നെ താമസിച്ചു. |

തേ രഥൈർദ്ദേവധിഷ്ണ്യാഭൈർഹയൈശ്ച തരളപ്ലവൈഃ
ഗജൈർന്നദദ്ഭിരഭ്രാഭൈർന്നൃഭിർവ്വിദ്യാധരദ്യുഭിഃ, 7
വ്യരോചന്ത മഹാതേജാഃ പഥി കാഞ്ചനമാലിനഃ.
ദിവ്യസ്രഗ്വസ്ത്രസന്നാഹാഃ കളത്രൈഃ ഖേചരാ ഇവ. 8

| | |
|---|---|
| ദേവ–ധിഷ്ണ്യാഭൈഃ | ദേവവിമാനങ്ങൾപോലെ പരിശോഭിക്കുന്ന |
| രഥൈഃ | തേരുകളോടും, |
| തരല്പ്ലവൈഃ | വെള്ളത്തിലെ തിരകൾ പോലെ തള്ളിക്കുതിക്കുന്ന |
| ഹയൈഃ | കുതിരകളോടും, |
| അഭ്രാഭൈഃ | കരിമുകിലുകൾപോലെയുള്ളവയും |
| നദദ്ഭിഃ | അലറുന്നവയുമായ |
| ഗജൈഃ | ആനകളോടും, |
| വിദ്യാധരദ്യുഭിഃ | വിദ്യാധരന്മാർക്കൊത്ത കാന്തിയേന്തുന്ന |
| നൃഭിഃ ച | കാലാളുകളോടുംകൂടി |
| കളത്രൈഃ | ഭാര്യമാരോടൊന്നിച്ച് |
| കാഞ്ചനമാലിനഃ | പൊൻമാലകളണിഞ്ഞുള്ളവരായും, |
| ദിവ്യസ്രഗ്–വസ്ത്രസന്നാഹാഃ | വിശേഷപ്പെട്ട പൂമാലകൾ, വസ്ത്രങ്ങൾ, മാർച്ചട്ടകൾ എന്നിവയോടു ചേർന്നവരായും, |
| മഹാതേജാഃ | അതിതേജസ്വികളായും ഇരിക്കുന്ന |
| തേ | ആ വൃഷ്ണികൾ |
| ഖേചരാഃ | ദേവന്മാർ |
| ഇവ | എന്നപോലെ |
| പഥി | മാർഗ്ഗമദ്ധ്യേ |
| വ്യരോചന്ത | പരിലസിച്ചു. |

തത്ര സ്നാത്വാ മഹാഭാഗാ ഉപോഷ്യ സുസമാഹിതാഃ
ബ്രാഹ്മണേഭ്യോ ദദുർധേനൂർവാസഃസ്രഗ്രുക്മമാലിനീഃ 9

| | |
|---|---|
| മഹാഭാഗാഃ | മഹാഭാഗ്യം ചെയ്തിരിക്കുന്ന അവർ |
| തത്ര സ്നാത്വാ | അവിടെ കുളിച്ച്, |
| ഉപോഷ്യ | ഉപവാസം ചെയ്ത്, |
| സുസമാഹിതാഃ | അതിശ്രദ്ധായുക്തരായിട്ട് |
| വാസഃസ്രഗ്–രുക്മമാലിനീഃ | വസ്ത്രങ്ങൾ, പൂമാലകൾ, സ്വർണ്ണമാലകൾ എന്നിവകൊണ്ട് അലങ്കരിച്ച |
| ധേനൂഃ | പശുക്കളെ |
| ബ്രാഹ്മണേഭ്യഃ | ബ്രാഹ്മണർക്ക് |
| ദദുഃ | ദാനം ചെയ്തു. |

രാമഹ്രദേഷു വിധിവത് പുനരാപ്ലുത്യ വൃഷ്ണയഃ.
ദദുഃ സ്വന്നം ദ്വിജാഗ്ര്യേഭ്യഃ കൃഷ്ണേ നോ ഭക്തിരസ്ത്വിതി 10

| | |
|---|---|
| വൃഷ്ണയഃ | വൃഷ്ണികൾ |
| പുനഃ | അതിൽപ്പിന്നെ |
| രാമഹ്രദേഷു | ശ്രീപരശുരാമനാൽ നിർമ്മിതങ്ങളായ ഹ്രദങ്ങളിൽ |
| വിധിവത് | വിധിയോടെ |
| ആപ്ലുത്യ | സ്നാനംചെയ്ത്, |
| കൃഷ്ണേ | "ശ്രീകൃഷ്ണപരമാത്മാവിൽ |
| നഃ | നമുക്ക് |
| ഭക്തിഃ അസ്തു | ഭക്തിയുണ്ടാകട്ടെ" |
| ഇതി | എന്ന സങ്കല്പത്തോടുകൂടി |
| ദ്വിജാഗ്ര്യേഭ്യഃ | മഹാബ്രാഹ്മണർക്ക് |
| സ്വന്നം | വിഭവസമൃദ്ധമായ അന്നം |
| ദദുഃ | ദാനം ചെയ്തു. |

സ്വയം ച തദനുജ്ഞാതാ വൃഷ്ണയഃ കൃഷ്ണദേവതാഃ.
ഭുക്ത്വോപവിവിശുഃ കാമം സ്നിഗ്ദ്ധച്ഛായാങ്ഘ്രിപാങ്ഘ്രിഷു 11

തത്രാഗതാംസ്തേ ദദൃശുഃ സുഹൃത്സംബന്ധിനോ നൃപാൻ. 12
മത്സ്യോശീനരകൗസല്യവിദർഭകുരുസൃഞ്ജയാൻ
കാംബോജകൈകയാൻ മദ്രാൻ കുന്തീനാനർത്തകേരളാൻ. 13

അന്യാംശ്ചൈവാത്മപക്ഷീയാൻ പരാംശ്ച ശതശോ നൃപ
നന്ദാദീൻ സുഹൃദോ ഗോപാൻ ഗോപീശ്ചോത്കണ്ഠിതാശ്ചിരം 14

| | |
|---|---|
| കൃഷ്ണദേവതാഃ | ശ്രീകൃഷ്ണൻമാത്രം ദൈവമെന്നു കരുതുന്നവരായ |
| വൃഷ്ണയഃ | വൃഷ്ണികൾ |
| തദനുജ്ഞാതാഃ | ആ ബ്രാഹ്മണരാൽ അനുവദിക്കപ്പെട്ടവരായിട്ട് |
| സ്വയം ച | താന്താങ്ങളും |
| കാമം ഭുക്ത്വാ | യഥേഷ്ടം ഭക്ഷണംകഴിച്ച് |
| സ്നിഗ്ദ്ധച്ഛായാങ്ഘ്രിപാങ്ഘ്രിഷു | സാന്ദ്രച്ഛായകളുള്ള മരങ്ങളുടെ ചുവടുകളിൽ |
| ഉപവിവിശുഃ | ഇരുന്നു വിശ്രമിച്ചു. |
| തേ തത്ര | അവർ അവിടെ |
| ആഗതാൻ | എത്തിച്ചേർന്നിരുന്ന |
| സുഹൃത്-സംബന്ധിനഃ | സ്വന്തം സുഹൃത്തുക്കളും, ബന്ധുക്കളുമായ |
| നൃപാൻ | രാജാക്കന്മാരെ |
| ദദൃശുഃ | സന്ദർശിച്ചു. |
| മത്സ്യോശീനര-കൗസല്യ-വിദർഭകുരു-സൃഞ്ജയാൻ | മത്സ്യന്മാർ, ഉശീനരന്മാർ, കോസലന്മാർ, വിദർഭന്മാർ, കരുക്കൾ, സൃഞ്ജയന്മാർ എന്നിവരും, |

| | |
|---|---|
| കാംബോജ-കൈകയാൻ | കാംബോജന്മാർ, കൈകയന്മാർ എന്നിവരും, |
| മദ്രാൻ | മദ്രദേശക്കാരും, |
| കുന്തീൻ | കുന്തിദേശക്കാരും, |
| ആനർത്ത-കേരളാൻ | ആനർത്തം, കേരളം എന്നീ ദേശങ്ങളിലുള്ളവരും, |
| അന്യാൻ ഏവ ച് | മറ്റേവരേയുംതന്നെ |
| ശതശഃ | നൂറുകണക്കിൽ |
| ആത്മ-പക്ഷീയാൻ | സ്വപക്ഷത്തിലുള്ളവരും |
| പരാൻ ച | മറുപക്ഷത്തിലുള്ളവരുമായ രാജാക്കന്മാരെ |
| (ദദൃശുഃ) | കാണുകയുണ്ടായി. |
| നൃപ | രാജാവേ! (അവർ) |
| സുഹൃദഃ | സുഹൃത്തുക്കളായ |
| നന്ദാദീൻ ഗോപാൻ | നന്ദഗോപാദിഗോപന്മാരേയും, |
| ചിരം | ഏറിയ കാലമായി |
| ഉത്കണ്ഠിതാഃ | ഉൽക്കണ്ഠയോടിരിക്കുന്ന |
| ഗോപീഃ ച | ഗോപികമാരേയും കണ്ടു. |

അന്യോന്യസന്ദർശനഹർഷരംഹസാ
പ്രോത്ഫുല്ലഹൃദ്വക്ത്രസരോരുഹശ്രിയഃ
ആശ്ലിഷ്യ ഗാഢം നയനൈഃ സ്രവജ്ജലാ
ഹൃഷ്യത്ത്വചോ രുദ്ധഗിരോ യയുർമ്മുദം. 15

| | |
|---|---|
| അന്യോന്യ-സന്ദർശന-ഹർഷരംഹസാ | പരസ്പരസന്ദർശനം കൊണ്ടുളവായ സന്തോഷവായ്പാൽ |
| പ്രോത്ഫുല്ല-ഹൃദ്വക്ത്ര-സരോരുഹ-ശ്രിയഃ | അത്യന്തം വികാസമാന്ന ഉൾക്കമലങ്ങളാലും മുഖാരവിന്ദങ്ങളാലും ശോഭപൂണ്ടിരിക്കുന്നവരും, |
| നയനൈഃ | കണ്ണുകളിലൂടെ |

| | |
|---|---|
| സ്രവജ്ജലാഃ | നിർഗ്ഗളിക്കുന്ന ആനന്ദബാഷ്പത്തോടുകൂടിയവരും, |
| ഹൃഷ്യത്ത്വചഃ | പുളകിതഗാത്രന്മാരും, |
| രുദ്ധഗിരഃ | ബാഷ്പനിരുദ്ധമായ വാക്കുകളോടുകൂടിയവരുമായി ഭവിച്ച അവർ |
| ഗാഢം | മുറുകെ |
| ആശ്ലിഷ്യ | ആലിംഗനംചെയ്ത് |
| മുദം യയുഃ | സംതൃപ്തിയെ പ്രാപിച്ചു. |

സ്ത്രിയശ്ച സംവീക്ഷ്യ മിഥോഽതിസൗഹൃദ-
സ്മിതാമലാപാംഗദൃശോഽഭിരേഭിരേ
സ്തനൈഃ സ്തനാൻ കുങ്കുമപങ്കരൂഷിതാൻ
നിഹത്യ ദോർഭിഃ പ്രണയാശ്രുലോചനാഃ. 16

| | |
|---|---|
| സ്ത്രിയഃ ച | സ്ത്രീജനങ്ങളും |
| മിഥഃ | അന്യോന്യം |
| സംവീക്ഷ്യ | കണ്ട്, |
| അതിസൌഹൃദ- സ്മിതാമലാ- പാങ്ഗദൃശഃ | അതിസ്നേഹവും, മന്ദഹാസവും, തെളിഞ്ഞ കടാക്ഷവീക്ഷണങ്ങളും ചേന്നവരായും, |
| പ്രണയാശ്രു- ലോചനാഃ | പ്രീതിയാലുണ്ടായ കണ്ണീരൊഴുന്ന കണ്ണുകളോടു കൂടിയവരായും ഭവിച്ച് |
| കുങ്കുമപങ്ക- രൂഷിതാൻ | കുങ്കുമച്ചാറണിഞ്ഞിരിക്കുന്ന |
| സ്തനാൻ | സ്തനങ്ങളെ |
| സ്തനൈഃ | (അതുപോലെയുള്ള) സ്തനങ്ങൾകൊണ്ട് |
| നിഹത്യ | സമ്മർദ്ദിച്ച് |
| ദോർഭിഃ | കരങ്ങളാൽ |
| അഭിരേഭിരേ | ആശ്ലേഷിച്ചു. |

തതോഽഭിവാദ്യ തേ വൃദ്ധാൻ യവിഷ്ഠൈരഭിവാദിതാഃ
സ്വാഗതം കുശലം പൃഷ്ട്വാ ചക്രുഃ കൃഷ്ണകഥാ മിഥഃ. 17

| | |
|---|---|
| തതഃ | അനന്തരം |
| തേ | അവർ |
| യവിഷ്ഠൈഃ | പ്രായം കുറഞ്ഞവരാൽ |
| അഭിവാദിതാഃ | അഭിവന്ദിതരായിട്ട് |
| വൃദ്ധാൻ | പ്രായം കൂടിയവരെ |
| അഭിവാദ്യ | അഭിവന്ദിച്ച്, |
| സ്വാഗതം കുശലം പൃഷ്ട്വാ | സ്വാഗതം പറകയും കുശലപ്രശ്നം ചെയ്കയും ചെയ്തുകഴിഞ്ഞശേഷം |
| മിഥഃ | തമ്മിൽത്തമ്മിൽ |
| കൃഷ്ണകഥാഃ ചക്രുഃ | ശ്രീകൃഷ്ണനെ സംബന്ധിച്ചുള്ള വൃത്താന്തങ്ങളെ വിസ്തരിച്ചുതുടങ്ങി. |

പൃഥാ ഭ്രാതൄൻ സ്വസൄർവീക്ഷ്യ തത്പുത്രാൻ പിതരാവപി
ഭ്രാതൃപത്നീർമ്മുകുന്ദം ച ജഹൌ സംകഥയാ ശുചഃ. 18

| | |
|---|---|
| പൃഥാ | കുന്തീദേവി |
| ഭ്രാതൄൻ | തന്റെ സോദരന്മാരേയും |
| സ്വസൄഃ | സോദരിമാരേയും, |
| തത്പുത്രാൻ | അവരുടെ മക്കളേയും, |
| പിതരൌ അപി | അച്ഛനമ്മമാരേയും, |
| ഭ്രാതൃപത്നീഃ | സഹോദരന്മാരുടെ പത്നിമാരേയും, |
| മുകുന്ദം ച | ശ്രീകൃഷ്ണനേയും |
| വീക്ഷ്യ | കണ്ട് |
| സംകഥയാ | സംഭാഷണത്താൽ |
| ശുചഃ | സങ്കടങ്ങളെ |
| ജഹൌ | അകററി. |

കുന്ത്യുവാച=കുന്തീദേവി പറഞ്ഞു:—

ആര്യ ഭ്രാതരഹം മന്യേ ആത്മാനമകൃതാശിഷം
യദ്വാ ആപത്സു മദ്വാർത്താം നാനുസ്മരഥ സത്തമാഃ. 19

| | |
|---|---|
| ആര്യ ഭ്രാതഃ | ബഹുമാനപ്പെട്ട ജ്യേഷ്ഠ! |
| അഹം ആത്മാനം | ഞാൻ എന്നെ |
| അകൃതാശിഷം | പുണ്യം ചെയ്യാത്തവളെന്ന് |
| മന്യേ | കരുതുന്നു, |
| യത് വാ | എന്തെന്നാൽ, |
| സത്തമാഃ | ഏററവും നല്ലവരായ നിങ്ങളുംകൂടി |
| ആപത്സു | ആപത്തുകളിൽപ്പോലും |
| മദ്വാർത്താം | എന്റെ കഥയെ |
| ന അനുസ്മരഥ | ഓർക്കുന്നില്ലല്ലോ. |

സുഹൃദോ ജ്ഞാതയഃ പുത്രാ ഭ്രാതരഃ പിതരാവപി
നാനുസ്മരന്തി സ്വജനം യസ്യ ദൈവമദക്ഷിണം. 20

| | | | |
|---|---|---|---|
| യസ്യ | യാതൊരാൾക്ക് | ഭ്രാതരഃ | സഹോദരന്മാരും, |
| ദൈവം | വിധി | പിതരൌ അപി | അച്ഛനമ്മമാർകൂടിയും |
| അദക്ഷിണം | അനുകൂലമല്ലയോ, | സ്വജനം | സ്വജനത്തെ (തങ്ങൾക്ക് വേണ്ടപ്പെട്ട ആളെന്നിരിക്കിലും, ആ ദൈവഹതകനെ) |
| (തസ്യ) | ആയാളുടെ | | |
| സുഹൃദഃ | സ്നേഹിതന്മാരും, | | |
| ജ്ഞാതയഃ | ബന്ധുക്കളും, | | |
| പുത്രാഃ | പുത്രന്മാരും, | ന അനുസ്മരന്തി | ഓർക്കുമാറില്ല. |

വസുദേവ ഉവാച=വസുദേവർ പറഞ്ഞു:—

അംബ മാസ്മാനസൂയേഥാ ദൈവക്രീഡനകാൻ നരാൻ
ഈശസ്യ ഹി വശേ ലോകഃ കുരുതേ കാര്യതേഽഥവാ. 21

| | | | |
|---|---|---|---|
| അംബ | വത്സേ! | ഹി ലോകഃ | എന്തെന്നാൽ, ലോകം |
| ദൈവക്രീഡനകാൻ | ഈശ്വരന്റെ കൈയിലെ കളിപ്പാവകളായുള്ള | ഈശസ്യ | ഈശ്വരന്റെ |
| | | വശേ | അധീനത്തിൽ |
| നരാൻ | മനുഷ്യരായിരിക്കുന്ന | കുരുതേ | പ്രവർത്തിക്കുന്നു; |
| അസ്മാൻ | ഞങ്ങളെ | അഥവാ | അല്ലെങ്കിൽ |
| മാ അസൂയേഥാഃ | കുററപ്പെടുത്തരുത്. | കാര്യതേ | പ്രവർത്തിക്കപ്പെടുന്നു. |

കംസപ്രതാപിതാഃ സർവ്വേ വയം യാതാ ദിശം ദിശം
ഏതർഹ്യേവ പുനഃ സ്ഥാനം ദൈവേനാസാദിതാഃ സ്വസഃ 22

| | | | |
|---|---|---|---|
| സ്വസഃ | സഹോദരി! | യാതാഃ | പാഞ്ഞു നടക്കയായിരുന്നു. |
| കംസപ്രതാപിതാഃ | കംസനാൽ കണക്കിലേറെ ഉപദ്രവിക്കപ്പെട്ടിരുന്ന | ഏതർഹി ഏവ | ഇയ്യിടെ മാത്രമാണ് |
| | | ദൈവേന | ദൈവത്താൽ |
| | | പുനഃ സ്ഥാനം | വീണ്ടും സ്വസ്ഥാനത്തേക്ക് |
| വയം സർവ്വേ | ഞങ്ങളെല്ലാം | | |
| ദിശം ദിശം | ദിക്കുതോറും | ആസാദിതാഃ | എത്തിക്കപ്പെട്ടു. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

വസുദേവോഗ്രസേനാദ്യൈര്യദുഭിസ്തേഽർച്ചിതാ നൃപാഃ
ആസന്നച്യുതസന്ദർശപരമാനന്ദനിർവൃതാഃ. 23

| | | | |
|---|---|---|---|
| തേ നൃപാഃ | ആ രാജാക്കന്മാർ | അച്യുതസന്ദർശപരമാനന്ദനിർവൃതാഃ | ശ്രീകൃഷ്ണഭഗവാന്റെ സന്ദർശനം നിമിത്തം ഉണ്ടായ പരമാനന്ദത്താൽ സുഖം ലഭിച്ചവരായി |
| വസുദേവോഗ്രസേനാദ്യൈഃ | വസുദേവൻ, ഉഗ്രസേനൻ, മുതലായുള്ള | | |
| യദുഭിഃ | യാദവന്മാരാൽ | | |
| അർച്ചിതാഃ | സൽകൃതരായിട്ട് | ആസൻ | ഭവിച്ചു. |

ഭീഷ്മോ ദ്രോണോഽംബികാപുത്രോ ഗാന്ധാരീ സസുതാ തഥാ
സദാരാഃ പാണ്ഡവാഃ കുന്തീ സൃഞ്ജയോ വിദുരഃ കൃപഃ. 24

കുന്തിഭോജോ വിരാടശ്ച ഭീഷ്മകോ നഗ്നജിന്മഹാൻ
പുരുജിദ്ദ്രുപദഃ ശല്യോ ധൃഷ്ടകേതുഃ സകാശിരാട്. 25
ദമഘോഷോ വിശാലാക്ഷോ മൈഥിലോ മദ്രകേകയൌ
യുധാമന്യുഃ സുശർമ്മാ ച സസുതാ ബാഹ്ലികാദയഃ. 26
രാജാനോ യേ ച രാജേന്ദ്ര യുധിഷ്ഠിരമനുവ്രതാഃ
ശ്രീനികേതം വപുഃ ശൌരേഃ സസ്ത്രീകം വീക്ഷ്യ വിസ്മിതാഃ. 27

| | |
|---|---|
| രാജേന്ദ്ര | മഹാരാജാവേ! |
| ഭീഷ്മഃ ദ്രോണഃ | ഭീഷ്മർ, ദ്രോണർ, |
| അംബികാപുത്രഃ | ധൃതരാഷ്ട്രർ, |
| തഥാ | അപ്രകാരം |
| സസുതാ | പുത്രന്മാരായ ദുര്യ്യോധനാദികളോടുകൂടിയ |
| ഗാന്ധാരീ | ഗാന്ധാരീദേവി, |
| സദാരാഃ | പത്നിമാരോടുകൂടിയ |
| പാണ്ഡവാഃ | പാണ്ഡവന്മാർ, |
| കുന്തീ | കുന്തീദേവി, |
| സൃഞ്ജയഃ | സൃഞ്ജയൻ, |
| വിദുരഃ | വിദുരർ, |
| കൃപഃ | കൃപാചാര്യ്യർ, |
| കുന്തിഭോജഃ | കുന്തിഭോജൻ, |
| വിരാടഃ ച | വിരാടരാജാവ്, |
| ഭീഷ്മകഃ | ഭീഷ്മകരാജാവ്, |
| മഹാൻ | മഹാത്മായ |
| നഗ്നജിത് | നഗ്നജിത്ത്, |
| പുരുജിത് | പുരുജിത്ത്, |
| ദ്രുപദഃ | ദ്രുപദൻ, |
| ശല്യഃ | ശല്യർ, |
| ധൃഷ്ടകേതുഃ | ധൃഷ്ടകേതു, |
| സകാശിരാട് | കാശിരാജാവോടൊന്നിച്ച |
| ദമഘോഷഃ | ദമഘോഷൻ, |
| വിശാലാക്ഷഃ | വിശാലാക്ഷൻ, |
| മൈഥിലഃ | മിഥിലാരാജാവ്, |
| മദ്രകേകയൌ | മദ്രിരാജാവും, കേകയരാജാവും, |
| യുധാമന്യുഃ | യുധാമന്യു, |
| സുശർമ്മാ ച | സുശർമ്മാവു, |
| സസുതാഃ | പുത്രരോടൊന്നിച്ച |
| ബാഹ്ലികാദയഃ | ബാഹ്ലികപ്രഭൃതികൾ എന്നിവരും, |
| യേ ച | വേറെ യാവചിലർ |
| രാജാനഃ | രാജാക്കന്മാർ |
| യുധിഷ്ഠിരം | യുധിഷ്ഠിരനെ |
| അനുവ്രതാഃ | അനുസരിച്ചു നില്ക്കുന്നവരായിട്ടുണ്ടോ, അവരും |
| ശ്രീനികേതം | ശ്രീദേവിക്ക് ഇരിപ്പിടവും, |
| സസ്ത്രീകം | പത്നിമാരോടു കൂടിയതും ആയ |
| ശൌരേഃ | ശ്രീകൃഷ്ണഭഗവാന്റെ |
| വപുഃ | തിരുവുടലിനെ |
| വീക്ഷ്യ | കണ്ട് |
| വിസ്മിതാഃ | വിസ്മയിച്ചു. |

അഥ തേ രാമകൃഷ്ണാഭ്യാം സമ്യക് പ്രാപ്തസമർഹണാഃ
പ്രശശംസുർമ്മുദാ യുക്താ വൃഷ്ണീൻ കൃഷ്ണപരിഗ്രഹാൻ 28

| | |
|---|---|
| അഥ | അനന്തരം |
| രാമകൃഷ്ണാഭ്യാം | രാമകൃഷ്ണന്മാരാൽ |
| സമ്യക്പ്രാപ്ത-സമർഹണാഃ | നല്ലവിധത്തിൽ ലഭിക്കപ്പെട്ട ആദരസൽകാരങ്ങളോടുകൂടിയവരായ |
| തേ | അവർ |
| മുദാ യുക്താഃ | സന്തോഷസമേതരായിട്ട് |
| കൃഷ്ണ-പരിഗ്രഹാൻ | ശ്രീകൃഷ്ണനാൽ സ്വീയന്മാരായി സ്വീകരിക്കപ്പെട്ടവരായ |
| വൃഷ്ണീൻ | യാദവന്മാരെ |
| പ്രശശംസുഃ | പുകഴ്ത്തിപ്പറഞ്ഞു. |

അഹോ ഭോജപതേ യൂയം ജന്മഭാജോ നൃണാമിഹ
യത് പശ്യഥാസകൃത് കൃഷ്ണം ദുർദ്ദർശമപി യോഗിനാം. 29

| | |
|---|---|
| അഹോ ഭോജപതേ | "അഹോ! ഉഗ്രസേന മഹാരാജാവേ! |
| ഇഹ | ഈ ലോകത്തിലുള്ള |
| നൃണാം | മനുഷ്യരുടെ ഇടയിൽ |
| യൂയം | നിങ്ങൾ മാത്രമേ |
| ജന്മഭാജഃ | സാഫല്യമുള്ള ജന്മം ലഭിച്ചവരായുള്ളു |

| | |
|---|---|
| യത് | എന്തെന്നാൽ, |
| യോഗിനാം അപി | യോഗികൾക്കു പോലും |
| ദുർദ്ദർശം | ദർശിക്കുവാൻ സാധിക്കാത്ത |
| കൃഷ്ണം | ശ്രീകൃഷ്ണനെ |
| അസകൃത് | ഇടവിടാതെ |
| പശ്യഥ | നിങ്ങൾ കണ്ടു കൊണ്ടിരിക്കുന്നു. |

യദ്വിശ്രുതിഃ ശ്രുതിനുതേദമലം പുനാതി
പാദാവനേജനപയശ്ച വചശ്ച ശാസ്ത്രം
ഭൂഃ കാലഭർജ്ജിതഭഗാപി യദംഘ്രിപദ്മ-
സ്പർശോത്ഥശക്തിരഭിവർഷതി നോഽഖിലാർത്ഥാൻ. 30

തദ്ദർശനസ്പർശനാനുപഥപ്രജല്പ-
ശയ്യാസനാശനസയൗനസപിണ്ഡബന്ധഃ
യേഷാം ഗൃഹേ നിരയവർത്മനി വർത്തതാം വഃ
സ്വർഗ്ഗാപവർഗ്ഗവിരമഃ സ്വയമാസ വിഷ്ണുഃ. 31

| | |
|---|---|
| യത് | യാതൊരാളുടെ |
| വിശ്രുതിഃ | വിശുദ്ധകീർത്തി |
| ശ്രുതിനുതാ | വേദസംസ്തുതമായിട്ടും, |
| പാദാവനേ-ജനപയഃ ച | കാൽ കഴുകിയ ജലം (ഗംഗയായിട്ടും), |
| വചഃ | വചനം |
| ശാസ്ത്രം ച | ഗീതാദിശാസ്ത്രമായിട്ടും |
| ഇദം | ഈ ലോകത്തെ |
| അലം | പര്യാപ്തമായവിധം |
| പുനാതി | പരിശുദ്ധമാക്കുന്നുവോ, |
| കാലഭർജ്ജിത-ഭഗാ അപി | കാലത്താൽ പൊരിയിച്ചുകൊടുക്കപ്പെട്ട സൌഭാഗ്യത്തോടു കൂടിയതായെങ്കിലും |
| യദംഘ്രി-പദ്മസ്പർശോ-ത്ഥശക്തിഃ | യാതൊരാളുടെ പാദപങ്കജസ്പർശം നിമിത്തം വീണ്ടുമുണ്ടായ ശക്തിയോടുകൂടിയതായിട്ട് |
| ഭൂഃ നഃ | ഭൂമി നമുക്ക് |
| അഖിലാർത്ഥാൻ | സർവ്വാഭീഷ്ടങ്ങളെ |
| അഭിവർഷതി | ചൊരിഞ്ഞുതരുന്നുവോ, |
| തദ്ദർശന-സ്പർശനാനുപഥ-പ്രജല്പശയ്യാ-സനാശന-സയൗന-സപിണ്ഡ-ബന്ധഃ | ആ ഭഗവാന്റെ ദർശനം, സ്പർശനം, അനുഗമനം, കൂടിച്ചേർന്നുള്ള സരസഭാഷണം, ശയനം, ഉപവേശനം, വിവാഹബന്ധം, സഗോത്രബന്ധം എന്നിങ്ങനെയുള്ളത് |
| നിരയവർത്മനി | നരകമാർഗ്ഗത്തിൽ |
| വർത്തതാം | വർത്തിക്കുന്നവരായ |
| യേഷാം വഃ | യാതൊരു നിങ്ങൾക്കുണ്ടായി; |
| ഗൃഹേ | ഗൃഹത്തിൽ |
| സ്വർഗ്ഗാപവർഗ്ഗ-വിരമഃ | സ്വർഗ്ഗമോക്ഷങ്ങളിലുള്ള ആഗ്രഹമവസാനിപ്പിക്കുന്ന |
| വിഷ്ണുഃ | ശ്രീമഹാവിഷ്ണു |
| സ്വയം | തന്നെത്താൻ |
| ആസ | അവതരിച്ചു. (ആ നിങ്ങൾതന്നെയാണ് ജന്മസാഫല്യമുള്ളവർ.)" |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

നന്ദസ്തത്ര യദൂൻ പ്രാപ്താൻ ജ്ഞാത്വാ കൃഷ്ണപുരോഗമാൻ
തത്രാഗമദ്വൃതോ ഗോപൈരനഃസ്ഥാർത്ഥൈർദിദൃക്ഷയാ. 32

| | | | |
|---|---|---|---|
| നന്ദഃ | നന്ദഗോപർ | ദിദൃക്ഷയാ | കാണ്മാനുള്ള മോഹം കൊണ്ട് |
| തത്ര | അവിടെ (കുരുക്ഷേത്രത്തിന്റെ) | അനഃസ്ഥാർത്ഥൈഃ | വണ്ടികളിൽ കയററിയ സാധനസാമഗ്രികളോടുകൂടെ |
| കൃഷ്ണപുരോഗമാൻ | ശ്രീകൃഷ്ണൻ മുതലായുള്ള | ഗോപൈഃ | ഗോപന്മാരാൽ |
| യദൂൻ | യാദവന്മാർ | വൃതഃ | ചൂഴപ്പെട്ടുകൊണ്ട് |
| പ്രാപ്താൻ | വന്നിരിക്കുന്നതായി | തത്ര | അങ്ങോട്ട് |
| ജ്ഞാത്വാ | അറിഞ്ഞിട്ട് | അഗമത് | ചെന്നു. |

തം ദൃഷ്ട്വാ വൃഷ്ണയോ ഹൃഷ്ടാസ്തന്വഃ പ്രാണമിവോത്ഥിതാഃ
പരിഷസ്വജിരേ ഗാഢം ചിരദർശനകാതരാഃ 33

| | | | |
|---|---|---|---|
| തന്വഃ | ത(ന്നിരുന്ന) കരചരണാദ്യംഗങ്ങൾ | ഹൃഷ്ടാഃ | സന്തുഷ്ടരായി |
| പ്രാണം | പഞ്ചവൃത്തികളുള്ള പ്രാണനെ | ഉത്ഥിതാഃ | എഴുന്നേററിട്ട് |
| ഇവ | ലഭിച്ചുതെളിയുന്നപോലെ | ചിരദർശനകാതരാഃ | ദീർഘകാലം കഴിഞ്ഞുള്ള ദർശനമാകയാൽ വ്യാകുലതയാർന്നവരായി |
| വൃഷ്ണയഃ | യാദവന്മാർ | ഗാഢം | മുറുകെ |
| തം ദൃഷ്ട്വാ | അദ്ദേഹത്തെ കണ്ട് | പരിഷസ്വജിരേ | കെട്ടിപ്പിടിച്ചു. |

വസുദേവഃ പരിഷ്വജ്യ സംപ്രീതഃ പ്രേമവിഹ്വലഃ
സ്മരൻ കംസകൃതാൻ ക്ലേശാൻ പുത്രന്യാസം ച ഗോകുലേ. 34

| | | | |
|---|---|---|---|
| സംപ്രീതഃ | അതിപ്രീതിയാർന്ന | | ക്ഷിതമായി വെച്ചിരുന്നതും മററും |
| വസുദേവഃ | വസുദേവൻ | സ്മരൻ | ഓർമ്മിച്ചുകൊണ്ട് |
| കംസകൃതാൻ | കംസനാൽ ചെയ്യപ്പെട്ടിരുന്ന | പരിഷ്വജ്യ | (നന്ദഗോപരെ) ആലിംഗനംചെയ്ത് |
| ക്ലേശാൻ | ഉപദ്രവങ്ങളേയും, | | |
| ഗോകുലേ | നന്ദഗോകുലത്തിൽ | പ്രേമവിഹ്വലഃ | സ്നേഹവിവശനായി ഭവിച്ചു. |
| പുത്രന്യാസം ച | തന്റെ പുത്രന്മാരെ സുര | | |

കൃഷ്ണരാമൗ പരിഷ്വജ്യ പിതരാവഭിവാദ്യ ച
ന കിഞ്ചനോചതുഃ പ്രേമ്ണാ സാശ്രുകണ്ഠൗ കുരൂദ്വഹ. 35

| | | | |
|---|---|---|---|
| കുരൂദ്വഹ | ഹേ കുരുകുലോത്തമ ! | പ്രേമ്ണാ | പ്രേമത്താൽ |
| കൃഷ്ണരാമൗ | ശ്രീകൃഷ്ണനും ബലരാമനും | സാശ്രുകണ്ഠൗ | കണ്ണീരുറിയടഞ്ഞ കണ്ഠത്തോടുകൂടിയവരായി ഭവിച്ച് |
| പിതരൗ | അച്ഛനമ്മമാരെ (നന്ദഗോപരെയും യശോദയേയും) | | |
| അഭിവാദ്യ ച | അഭിവാദ്യം ചെയ്തശേഷം | കിഞ്ചന | യാതൊന്നും |
| പരിഷ്വജ്യ | കെട്ടിപ്പിടിച്ച് | ന ഊചതുഃ | ഉരിയാടിയില്ല. |

താവാത്മാസനമാരോപ്യ ബാഹുഭ്യാം പരിരഭ്യ ച
യശോദാ ച മഹാഭാഗാ സുതൌ വിജഹതുഃ ശുചഃ. 36

| | | | |
|---|---|---|---|
| മഹാഭാഗാ | അതിസൌഭാഗ്യശാലിനിയായ | ആരോപ്യ | കയററിയിരുത്തി, |
| | | ബാഹുഭ്യാം | ഇരുകരങ്ങളാലും |
| യശോദാ ച | യശോദാദേവിയാകട്ടെ | പരിരഭ്യ ച | അണച്ചാശ്ലേഷിക്കുകയും ചെയ്ത് |
| തൌ സുതൌ | ആ രണ്ടു പുത്രന്മാരേയും | ശുചഃ | സങ്കടങ്ങളെ |
| ആത്മാസനം | തൻെറ മടിയിൽ | വിജഹതുഃ | കൈവെടിഞ്ഞു. |

രോഹിണീ ദേവകീ ചാഥ പരിഷ്വജ്യ വ്രജേശ്വരീം
സ്മരന്ത്യൌ തത്കൃതാം മൈത്രീം ബാഷ്പകണ്ഠ്യൌ സമൂചതുഃ. 37

| | | | |
|---|---|---|---|
| അഥ | അനന്തരം | തത്കൃതാം | അവളാൽ ചെയ്യപ്പെട്ട |
| രോഹിണീ | രോഹിണിയും | മൈത്രീം | ബന്ധുകൃത്യത്തെ |
| ദേവകീ ച | ദേവകിയും | സ്മരന്ത്യൌ | ഓർത്തുകൊണ്ട് |
| വ്രജേശ്വരീം | യശോദാദേവിയെ | ബാഷ്പകണ്ഠ്യൌ | ബാഷ്പഗദ്ഗദകണ്ഠത്തോടുകൂടിയവരായിട്ട് |
| പരിഷ്വജ്യ | ആശ്ലേഷിച്ച് | സമൂചതുഃ | ഈവിധം പറഞ്ഞു. |

കാ വിസ്മരേത വാം മൈത്രീമനിവൃത്താം വ്രജേശ്വരി
അവാപ്യാപ്യൈന്ദ്രമൈശ്വര്യം യസ്യാ നേഹ പ്രതിക്രിയാ. 38

| | | | |
|---|---|---|---|
| വ്രജേശ്വരി | "ഗോകുലനായികേ! | ന | സാധ്യമാകയില്ലയോ, |
| ഐന്ദ്രം | ദേവേന്ദ്രനുള്ള | അനിവൃത്താം | ആ വിധം തീർത്താലും |
| ഐശ്വര്യം | ഐശ്വര്യത്തെ | വാം | നിങ്ങൾ രണ്ടുപേരുടേയും |
| അവാപ്യ അപി | ലഭിച്ചെന്നാൽക്കൂടി | മൈത്രീം | ബന്ധുകൃത്യത്തെ |
| ഇഹ | ഈ ലോകത്തിൽ | കാ | ഏതൊരുവൾ |
| യസ്യാഃ | യാതൊന്നിന്ന് | വിസ്മരേത | മറന്നുകളയും? |
| പ്രതിക്രിയാ | തക്കതായ പ്രത്യുപകാരം | | |

ഏതാവദൃഷ്ടപിതരൌ യുവയോഃ സ്മ പിത്രോഃ
സമ്പ്രീണനാഭ്യുദയപോഷണപാലനാനി
പ്രാപ്യോഷതുർഭവതി പക്ഷ്മ ഹ യദ്വദക്ഷ്ണോ-
ർന്ന്യസ്താവകുത്രചഭയൌ ന സതാം പരഃ സ്വഃ. 39

| | | | |
|---|---|---|---|
| ഭവതി | "അല്ലയോ പ്രിയസഖി! | സമ്പ്രീണനാ-ഭ്യുദയപോഷണ-പാലനാനി | സന്തൃപ്തിപ്പെടുത്തലും, ജാതകർമ്മാദി മംഗളകർമ്മങ്ങൾ ചെയ്യലും, വളർത്തലും, കാത്തുരക്ഷിക്കലും മററുമായുള്ളവയെ |
| അദൃഷ്ടപിതരൌ | അമ്മയേയും അച്ഛനേയും | | |
| ഏതൌ | ഇവർ രണ്ടുപേരും (രാമനും, കൃഷ്ണനും) | | |
| യുവയോഃ സ്മ | നിങ്ങളിരുവരുമാകുന്ന | | |
| പിത്രോഃ | അമ്മയുടേയും അച്ഛൻെറയും വക്കൽ | പ്രാപ്യ | (നിങ്ങളിൽനിന്നു) ലഭിച്ച്, |
| ന്യസ്തൌ | ഏല്പിച്ചുതരപ്പെട്ടവരായിരുന്നു | അകുത്രചഭയൌ | എങ്ങാനും ഒരു ഭയം ഏല്ക്കാത്തവരായിട്ട് |

| | | | |
|---|---|---|---|
| ഉഷതുഃ | വസിച്ചിരുന്നു | സതാം | സജ്ജനങ്ങൾക്ക് |
| അക്ഷ്ണോഃ | കണ്ണുകൾക്ക് | പരഃ | അന്യനൊന്നും |
| പക്ഷ്മ | ഇമകൾ | സ്വഃ | തനിക്കു ചേർന്നവനെന്നും |
| യഥേത് ഹ | ഏതുപോലെയോ, അതു പോലെ നിങ്ങൾ കാത്തുപോന്നു. | നഃ | വ്യത്യസ്തഭാവമില്ല." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഗോപ്യശ്ച കൃഷ്ണമുപലഭ്യ ചിരാദഭീഷ്ടം
യത്പ്രേക്ഷണേ ദൃശിഷു പക്ഷ്മകൃതം ശപന്തി
ദൃഗ്ഭിർഹൃദീകൃതമലം പരിരഭ്യ സർവ്വാ-
സ്തദ്ഭാവമാപുരപി നിത്യയുജാം ദുരാപം 40

| | | | |
|---|---|---|---|
| ഗോപ്യഃ | ഗോപികമാർ | ഉപലഭ്യ | കണ്ടെത്തിയപ്പോൾ |
| സർവ്വാഃ ച | എല്ലാവരും, | ദൃഗ്ഭിഃ | കണ്ണുകളിലൂടെ |
| യത്പ്രേക്ഷണേ | യാതൊരാളെ കാണുമ്പോൾ | ഹൃദീകൃതം | ഹൃദയാന്തർഭാഗത്തിലേക്കു പ്രവേശിക്കപ്പെട്ട ആ റിട്ടത്തെ തിരുവുടലിനെ |
| ദൃശിഷു | കണ്ണുകളിൽ | | |
| പക്ഷ്മകൃതം | ഇമകളുണ്ടാക്കിയ സ്രഷ്ടാവിനെ | അലം | മതിയാവോളം |
| | | പരിരഭ്യ | ആലിംഗനം ചെയ്ത്, |
| ശപന്തി | അവർ ശപിച്ചിരുന്നുവോ, | നിത്യയുജാം } | സന്തതയോഗികൾക്ക |
| അഭീഷ്ടം | ആ പ്രിയതമനായ | അപി } | പോലും |
| കൃഷ്ണം | ശ്രീകൃഷ്ണനെ | ദുരാപം | ദുർല്ലഭമായ |
| ചിരാത് | ഏറിയകാലം കഴിഞ്ഞതിൽപ്പിന്നെ | തദ്ഭാവം | തന്മയതയെ |
| | | ആപുഃ | പ്രാപിച്ചു. |

ഭഗവാംസ്താസ്തഥാഭൂതാ വിവിക്ത ഉപസംഗതഃ
ആശ്ലിഷ്യാനാമയം പൃഷ്ട്വാ പ്രഹസന്നിദമബ്രവീത്. 41

| | | | |
|---|---|---|---|
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ആശ്ലിഷ്യ | ആലിംഗനം ചെയ്ത്, |
| തഥാഭൂതാഃ | ആവിധത്തിലുള്ള | അനാമയം | ക്ഷേമമായതിനെ |
| താഃ | ആ ഗോപികമാരെ | പൃഷ്ട്വാ | അന്വേഷിച്ചശേഷം |
| വിവിക്തേ | ഏകാന്തമായ ഒരിടത്ത് | പ്രഹസൻ | പുഞ്ചിരിതൂകിക്കൊണ്ട് |
| | | ഇദം | ഇപ്രകാരം |
| ഉപസംഗതഃ | ചേർന്നുനിന്നുകൊണ്ട് | അബ്രവീത് | പറഞ്ഞു. |

അപി സ്മരഥ നഃ സഖ്യഃ സ്വാനാമർത്ഥചികീർഷയാ
ഗതാംശ്ചിരായിതാഞ്ഛത്രുപക്ഷക്ഷപണചേതസഃ 42

| | | | |
|---|---|---|---|
| സഖ്യഃ | "സ്നേഹിതമാരേ! | ഗതാൻ | നിങ്ങളെ പിരിഞ്ഞു പോയവനും, |
| സ്വാനാം | സ്വന്തം ആളുകൾക്ക് | ചിരായിതാൻ | തിരിച്ചുവരുവാൻ വൈകിച്ചുകൊണ്ടിരിക്കുന്നവനും, |
| അർത്ഥചികീർഷയാ } | വേണ്ട കാര്യങ്ങൾ ചെയ്തുകൊടുക്കുവാനുള്ള ആഗ്രഹത്താൽ | | |

| | | | |
|---|---|---|---|
| ശത്രുപക്ഷ-ക്ഷപണ-ചേതസഃ | ശത്രുസംഘത്തെ ഒടുക്കുന്ന വിഷയത്തിൽ മനസ്സുവെച്ചുകൊണ്ടുള്ളവനുമായ | നഃ | എന്നെ |
| | | അപി സ്മരഥ | നിനക്കാറുണ്ടോ ? |

അപ്യവധ്യായഥാസ്മാൻ സ്വിദകൃതജ്ഞാവിശങ്കയാ
നൂനം ഭൂതാനി ഭഗവാൻ യുനക്തി വിയുനക്തി ച. 43

| | | | |
|---|---|---|---|
| അകൃതജ്ഞാ-വിശങ്കയാ | ഞാൻ നന്ദികെട്ടവനാണെന്നുള്ള തോന്നലുകൊണ്ട് | ഭൂതാനി | ജീവികളെ |
| അസ്മാൻ | എന്നെ | ഭഗവാൻ | ഈശ്വരൻ |
| അപി സ്വിത് അവധ്യായഥ | നിങ്ങൾ വെറുക്കുന്നുവോ, എന്തോ ? | യുനക്തി | ഒരേടത്തു ചേർക്കുന്നു ; |
| | | വിയുനക്തി ച | പിരിച്ചുവിടുകയും ചെയ്യുന്നു. |
| | | നൂനം | അതാണ് വാസ്തവം. |

വായുർയ്യഥാ ഘനാനീകം തൃണം തൂലം രജാംസി ച
സംയോജ്യാക്ഷിപതേ ഭൂയസ്തഥാ ഭൂതാനി ഭൂതകൃത്. 44

| | | | |
|---|---|---|---|
| ഘനാനീകം | "കാർനിരയേയും, | തഥാ | അതേപ്രകാരം |
| തൃണം | പുല്ലിനെയും, | ഭൂതകൃത് | വിശ്വസ്രഷ്ടാവ് |
| തൂലം | പഞ്ഞിയേയും, | ഭൂതാനി | ജീവരാശികളെ |
| രജാംസി ച | മൺപൊടികളേയും | സംയോജ്യ | കൂട്ടിയിണക്കി, |
| വായുഃ | കാററ് | ഭൂയഃ | വീണ്ടും |
| യഥാ | എപ്രകാരമാണോ അടിച്ചുകൂട്ടുന്നതും, അടിച്ചകററുന്നതും | ആക്ഷിപതേ | തള്ളിയകററുന്നു. |

മയി ഭക്തിർഹി ഭൂതാനാമമൃതത്വായ കല്പതേ
ദിഷ്ട്യാ യദാസീന്മത്സ്നേഹോ ഭവതീനാം മദാപനഃ. 45

| | | | |
|---|---|---|---|
| മയി ഭക്തിഃ | "എന്നിലുള്ള ഭക്തി | മദാപനഃ | എന്നെ പ്രാപിപ്പിക്കുന്ന |
| ഭൂതാനാം | ജീവികൾക്ക് | മത്സ്നേഹഃ | മാമകസ്നേഹം |
| അമൃതത്വായ | മോക്ഷപ്രാപ്തിക്കായി | ഭവതീനാം | നിങ്ങൾക്ക് |
| കല്പതേ ഹി | ഉതകുന്നതാണല്ലോ. | ആസീത് യത് | ഉണ്ടായി എന്നതു |
| | | ദിഷ്ട്യാ | സന്തോഷാവഹമാണ്. |

അഹം ഹി സർവ്വഭൂതാനാമാദിരന്തോന്തരം ബഹിഃ
ഭൗതികാനാം യഥാ ഖം വാർഭൂർവ്വായുർജ്ജ്യോതിരംഗനാഃ. 46

| | | | |
|---|---|---|---|
| അംഗനാഃ | "ഉത്തമസ്ത്രീകളെ ! | അഹം ഹി | ഞാൻതന്നെയാണ് |
| ഖം വാഃ ഭൂഃ | ആകാശം, ജലം, ഭൂമി, | സർവ്വഭൂതാനാം | സകലപ്രാണികളുടേയും |
| വായുഃ ജ്യോതിഃ | വായു, തേജസ്സ് എന്നിവ | ആദിഃ | ആദിയായും, |
| ഭൗതികാനാം | ഭൗതികപദാർത്ഥങ്ങളുടെ | അന്തഃ | അന്തമായും, |
| യഥാ | സകലഭാഗത്തും ഉള്ളതുപോലെ | അന്തരം | അകമായും, |
| | | ബഹിഃ | പുറമായും നിലകൊള്ളുന്നതു. |

ഏവം ഹ്യേതാനി ഭൂതാനി ഭൂതേഷ്വാത്മാഽത്മനാ തതഃ
ഉഭയം മയ്യഥ പരേ പശ്യതാഭാതമക്ഷരേ. 47

| | |
|---|---|
| ഏവം ഹി | "ഇതേവിധം |
| ഏതാനി ഭൂതാനി | ഈ ആകാശാദി പഞ്ച ഭൂതങ്ങൾ |
| ഭൂതേഷു | പ്രാണികളിൽ (അവയുടെ കാരണമായിട്ടു) സ്ഥിതിചെയ്യുന്നു |
| ആത്മാ | ആത്മാവു് |
| ആത്മനാ | ജീവസ്വരൂപത്തോടെ |
| തതഃ | വ്യാപിച്ചിരിക്കുന്നു |
| അഥ | എന്നാൽ, |
| ഉഭയം | അവരണ്ടും (ജഡവും, ചൈതന്യവും) |
| പരേ | അവയിൽനിന്നു്, അതീതനായും, |
| അക്ഷരേ | നിർവ്വികാരനായും ഇരിക്കുന്ന |
| മയി | എന്നിൽ |
| ആഭാതം | വിളങ്ങുന്നതായി |
| പശ്യത | കണ്ടുകൊൾക." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

അധ്യാത്മശിക്ഷയാ ഗോപ്യ ഏവം കൃഷ്ണേന ശിക്ഷിതാഃ
തദനുസ്മരണധ്വസ്തജീവകോശാസ്തമധ്യഗൻ. 48

| | |
|---|---|
| അധ്യാത്മശിക്ഷയാ | ആത്മതത്വോപദേശം കൊണ്ടു് |
| ഏവം | ഇപ്രകാരം |
| കൃഷ്ണേന | ശ്രീകൃഷ്ണനാൽ |
| ശിക്ഷിതാഃ | ഉപദിഷ്ടകളായ |
| ഗോപ്യഃ | ഗോപികമാർ |
| തദനുസ്മരണധ്വസ്തജീവകോശാഃ | ആ ഉപദേശാനുധ്യാനത്താൽ നശിച്ചുപോയ ആത്മാവരണ (അജ്ഞാന)ത്തോടുകൂടിയവരായിട്ടു |
| തം | ആ ശ്രീകൃഷ്ണനെ |
| അധ്യഗൻ | ശരിക്കറിഞ്ഞു. |

ആഹുശ്ച തേ നളിനനാഭ പദാരവിന്ദം
യോഗേശ്വരൈർഹൃദി വിചിന്ത്യമഗാധബോധൈഃ
സംസാരകൂപപതിതോത്തരണാവലംബം
ഗേഹഞ്ജുഷാമപി മനസ്യുദിയാത് സദാ നഃ. 49

| | |
|---|---|
| ആഹുഃ ച | അവർ പറകയുംചെയ്തു— |
| നളിനനാഭ | "ഹേ ശ്രീപത്മനാഭ! |
| അഗാധബോധൈഃ | അഗാധവിജ്ഞാനം ഉള്ളവരായ |
| യോഗേശ്വരൈഃ | യോഗീന്ദ്രന്മാരാൽ |
| ഹൃദി | ഹൃദയത്തിൽ |
| വിചിന്ത്യം | ധ്യാനിക്കപ്പെടേണ്ടതും |
| സംസാരകൂപപതിതോത്തരണാവലംബം | സംസാരമാവുന്ന പാഴ്ക്കിണററിൽ പെട്ടിരിക്കുന്ന ജീവാത്മാക്കളെ കരയ്ക്കു കേററുവാൻ ഏകാശ്രയമായിരിക്കുന്നതും ആയ |
| തേ | നിന്തിരുവടിയുടെ |
| പദാരവിന്ദം | തൃപ്പാദപത്മം |
| ഗേഹഞ്ജുഷാം അപി | ഗാർഹികവ്യാപാരങ്ങളിൽ കുടുങ്ങിച്ചേർന്നു നില്ക്കുന്നവരെങ്കിലുംകൂടി |
| നഃ | ഞങ്ങളുടെ |
| മനസി | ഹൃദയത്തിൽ |
| ഉദിയാത് | ആവിർഭവിക്കട്ടെ !" |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
വൃഷ്ണിഗോപസംഗമോ നാമ ദ്വ്യശീതിതമോƒദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3508.

# ത്ര്യശീതിതമോऽധ്യായഃ=എണ്പത്തിമൂന്നാമദ്ധ്യായം.

[ത്ര്യശീതിതമ ഏവം ച സ്ത്രീണാം കൃഷ്ണകഥോത്സവേ
ദ്രൗപദ്യൈ കൃഷ്ണഭാര്യാഭിരുക്തഃ സ്വസ്വകരഗ്രഹഃ ]

(കുരുക്ഷേത്രത്തിൽവെച്ച് ദ്രൗപദിയും ഭഗവൽപത്നിമാരും തമ്മിൽ നടന്ന സംഭാഷണം.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

തഥാऽനുഗൃഹ്യ ഭഗവാൻ ഗോപീനാം സ ഗുരുർഗതിഃ
യുധിഷ്ഠിരമഥാപൃച്ഛത് സർവ്വാംശ്ച സുഹൃദോऽവ്യയം. 1

| | | | |
|---|---|---|---|
| ഗോപീനാം | ഗോപികമാരുടെ | അനുഗൃഹ്യ | അവരെ അനുഗ്രഹിച്ച്, |
| ഗുരുഃ | ആത്മതത്ത്വോപദേഷ്ടാവും | അഥ | പിന്നീട് |
| ഗതിഃ | ആശ്രിതഭൂതനും ആയിരിക്കുന്ന | യുധിഷ്ഠിരം | ധർമ്മപുത്രരോടും, |
| സഃ ഭഗവാൻ | ആ ശ്രീഭഗവാൻ | സുഹൃദഃ | സുഹൃത്തുക്കളായ |
| തഥാ | ആവിധം (ഗോപികമാരുടെ ആഗ്രഹത്തിന്നൊത്തവിധം) | സർവ്വാൻ ച | മറ്റെല്ലാവരോടും |
| | | അവ്യയം | ക്ഷേമവർത്തമാനം |
| | | അപൃച്ഛത് | അന്വേഷിച്ചു. |

ത ഏവം ലോകനാഥേന പരിപൃഷ്ടാഃ സുസത്കൃതാഃ
പ്രത്യൂചുർഹൃഷ്ടമനസസ്തത് പാദേക്ഷാഹതാംഹസഃ. 2

| | | | |
|---|---|---|---|
| തേ | അവർ | തത്പാദേക്ഷാഹതാംഹസഃ | അവിടത്തെ പാദസന്ദർശനത്താൽ അകററപ്പെട്ട പാപത്തോടുകൂടിയവരായും, |
| ലോകനാഥേന | ലോകനാഥനായ ശ്രീകൃഷ്ണനാൽ | | |
| ഏവം | ഇപ്രകാരം | | |
| പരിപൃഷ്ടാഃ | കുശലപ്രശ്നം ചെയ്യപ്പെട്ടവരും, | ഹൃഷ്ടമനസഃ | സന്തുഷ്ടമായ ചിത്തത്തോടുകൂടിയവരായും ഭവിച്ച് |
| സുസത്കൃതാഃ | നല്ലപോലെ സൽക്കരിക്കപ്പെട്ടവരുമായിട്ട് | പ്രത്യൂചുഃ | ഈവിധം പ്രതിവചിച്ചു. |

കുതോऽശിവം ത്വച്ചരണാംബുജാസവം
മഹന്മനസ്തോ മുഖനിഃസൃതം ക്വചിത്
പിബന്തി യേ കർണ്ണപുടൈരലം പ്രഭോ
ദേഹംഭൃതാം ദേഹകൃദസ്മൃതിച്ഛിദം. 3

| | | | |
|---|---|---|---|
| പ്രഭോ | "ഹേ പ്രഭോ ! | മഹന്മനസ്തഃ | മഹർഷിമാരുടെ മനസ്സിൽനിന്നു പൊടിഞ്ഞ് |
| ദേഹംഭൃതാം | ദേഹധാരികളുടെ | | |
| ദേഹകൃദസ്മൃതിച്ഛിദം | ദേഹസംപാദകമായുള്ള അജ്ഞാനത്തെ അറുത്തു കളയുന്നതും, | മുഖനിഃസൃതം | അവരുടെ മുഖത്തിലൂടെ പുറത്തേക്കു പുറപ്പെട്ടതുമായ |

| | |
|---|---|
| ത്വച്ചരണാം-ബുജാസവം | ഭവാന്റെ ചേവടിച്ചെന്താരിലെഴുന്ന മധുവിനെ (ഭവൽകഥാമൃതത്തെ) |
| യേ | യാതൊരുവർ |
| കർണ്ണപുടൈഃ | കാതുകളാവുന്ന പാനപാത്രങ്ങളെക്കൊണ്ട് |
| അലം | വേണ്ടുവോളം |
| പിബന്തി | പാനംചെയ്യുന്നുവോ, |
| (തേഷാം) | ആയവർക്ക് |
| അശിവം | അമംഗളം |
| കുതഃ | എവിടുന്നുണ്ടാകും ? |

ഹി ത്വാഽഽത്മധാമവിധുതാത്മകൃതത്ര്യവസ്ഥ-
മാനന്ദസംപ്ലവമഖണ്ഡമകുണ്ഠബോധം
കാലോപസൃഷ്ട നിഗമാവന ആത്തയോഗ-
മായാകൃതിം പരമഹംസഗതിം നതാഃ സ്മ. 4

| | |
|---|---|
| ആത്മധാമ-വിധുതാത്മകൃത-ത്ര്യവസ്ഥം | " സ്വപ്രകാശത്താൽ അകറ്റപ്പെട്ട ബുദ്ധികൃതങ്ങളായ ജാഗ്രത്സ്വപ്നസുഷുപ്ത്യവസ്ഥകളോടുകൂടിയവനും, |
| ആനന്ദസംപ്ലവം | ആനന്ദപ്രവാഹരൂപനും |
| അഖണ്ഡം | അപരിച്ഛിന്നനും, |
| അകുണ്ഠബോധം | അധൃഷ്യമായ ചിച്ഛക്തിയോടുചേർന്നവനും, |
| കാലോപസൃഷ്ട-നിഗമാവനേ | കാലവൈഭവത്താൽ കേടിയററപ്പെട്ട വേദധർമ്മങ്ങളുടെ രക്ഷയ്ക്കായി |
| ആത്തയോഗ-മായാകൃതിം | തന്റെ യോഗമായകൊണ്ട് സ്വീകരിക്കപ്പെട്ട തിരുവുടലോടുകൂടിയവനും, |
| പരമ-ഹംസഗതിം | പരമജ്ഞാനികൾക്ക് പ്രാപ്യസ്ഥാനമായിരിക്കുന്നവനുമായ |
| ത്വാ ഹി | നിന്തിരുവടിയെത്തന്നെ |
| നതാഃ സ്മ | ഞങ്ങൾ കുമ്പിടുന്നു." |

ഋഷിരുവാച=ഋഷി പറഞ്ഞു :—

ഇത്യുത്തമശ്ലോകശിഖാമണിം ജനേ-
ഷ്വഭിഷ്ടുവത്സ്വന്ധककൗരവസ്ത്രിയഃ
സമേത്യ ഗോവിന്ദകഥാ മിഥോഽഗൃണം-
സ്ത്രിലോകഗീതാഃ ശൃണു വർണ്ണയാമി തേ 5

| | |
|---|---|
| ഉത്തമശ്ലോക-ശിഖാമണിം | പുണ്യകീർത്തിയെഴുന്നവരുടെ ചൂഡാരത്നമായി പരിലസിക്കുന്ന ശ്രീകൃഷ്ണനെ |
| ഇതി ജനേഷു | ഈവിധം ജനങ്ങൾ |
| അഭിഷ്ടുവത്സു | സ്തോത്രംചെയ്തുകൊണ്ടിരിക്കെ, |
| അന്ധക-കൗരവസ്ത്രിയഃ | യദുവംശത്തിലേയും കുരുവംശത്തിലേയും സ്ത്രീജനങ്ങൾ |
| സമേത്യ | ഒന്നിച്ചുചേർന്നിരുന്ന് |
| മിഥഃ | അന്യോന്യം |
| ഗോവിന്ദകഥാഃ | ശ്രീകൃഷ്ണകഥകളെ |
| അഗൃണൻ | പറഞ്ഞുധരിപ്പിച്ചിരുന്നു. |
| ത്രിലോകഗീതാഃ | മൂന്നുലോകങ്ങളിലും വിഖ്യാതങ്ങളായ ആ സൽകഥകളെ |
| വർണ്ണയാമി | ഞാൻ വർണ്ണിക്കുന്നുണ്ട് : |
| ശൃണു | കേട്ടുകൊൾക. |

ദ്രൗപദ്യുവാച=ദ്രൗപദി ചോദിച്ചു :—

ഹേ വൈദർഭ്യച്യുതോ ഭദ്രേ ഹേ ജാംബവതി കൗസലേ
ഹേ സത്യഭാമേ കാളിന്ദി ശൈബ്യേ രോഹിണി ലക്ഷ്മണേ 6

ഹേ കൃഷ്ണപത്ന്യ ഏതന്നോ ബ്രൂത വോ ഭഗവാൻ സ്വയം
ഉപയേമേ യഥാ ലോകമനുകുർവൻ സ്വമായയാ 7

| | | | |
|---|---|---|---|
| ഹേ വൈദർഭി | അല്ലയോ രുക്മിണി ! | അച്യുതഃ | നിർവ്വികാരാത്മാവായ |
| ഭദ്രേ | അല്ലയോ ഭദ്രേ ! | ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| ഹേ ജാംബവതി | അല്ലയോ ജാംബവതി ! | സ്വമായയാ | തന്റെ യോഗമായയാൽ |
| കൌസലേ | അല്ലയോ സത്യാദേവി ! | ലോകം | ലോകരീതിയെ |
| ഹേ സത്യഭാമേ | അല്ലയോ സത്യഭാമേ ! | അനുകുർവ്വൻ | അനുകരിച്ചുകൊണ്ട് |
| കാളിന്ദി | അല്ലയോ കാളിന്ദി ! | വഃ | നിങ്ങളെ എല്ലാവരേയും |
| ശൈബ്യേ | മിത്രവിന്ദേ ! | യഥാ | ഏതുപ്രകാരത്തിൽ |
| രോഹിണി | രോഹിണി ! | ഉപയേമേ | വിവാഹം ചെയ്തു |
| ലക്ഷ്മണേ | ലക്ഷ്മണേ ! | ഏതത് | എന്നുള്ളത് |
| ഹേ കൃഷ്ണപത്ന്യഃ | ഭഗവാന്റെ പത്നിമാരായുള്ളവരെ ! | സ്വയം | നിങ്ങൾതന്നെ |
| | | നഃ | ഞങ്ങളോട് |
| | | ബ്രൂത | പറയുവിൻ. |

രുക്മിണ്യുവാച=രുക്മിണി പറഞ്ഞു :—

ചൈദ്യായ മാർപ്പയിതുമുദ്യതകാർമ്മുകേഷു
രാജസ്വജേയഭടശേഖരിതാംഘ്രിരേണുഃ
നിന്യേ മൃഗേന്ദ്ര ഇവ ഭാഗമജാവിയൂഥാത്
തച്ഛ്രീനികേതചരണോഽസ്തു മമാർച്ചനായ. 8

| | | | |
|---|---|---|---|
| മാ | എന്നെ | അജാവിയൂഥാത് | ആട്ടിൻകൂട്ടത്തിന്റെ ഇടയിൽനിന്ന് |
| ചൈദ്യായ | ചേദിരാജാവായ ശിശുപാലന്ന് | മൃഗേന്ദ്രഃ | മൃഗരാജാവായ സിംഹം |
| അർപ്പയിതും | കൊടുക്കുവാൻവേണ്ടി | ഭാഗം ഇവ | തന്റെ പങ്കിനെ കൊണ്ടുപോകുംപോലെ |
| രാജസു | ജരാസന്ധാദികളായ രാജാക്കന്മാർ | നിന്യേ | കൊണ്ടുപോയി. |
| ഉദ്യതകാർമ്മുകേഷു | വില്ലേന്തിക്കൊണ്ടു നില്ക്കുന്നനേരത്ത്, | തച്ഛ്രീനികേതചരണഃ | അങ്ങനെയുള്ള ആ ശ്രീനിവാസന്റെ തൃപ്പാദം |
| അജേയഭടശേഖരിതാങ്ഘ്രിരേണുഃ | ആർക്കും ജയിക്കുവാൻ കഴിയാത്ത ഭടന്മാരുടെ ശിരോലങ്കരമാക്കി ചെയ്യപ്പെട്ട സ്വപാദപാംസുക്കളോടുകൂടിയ ഭഗവാൻ | മമ | എനിക്ക് |
| | | അർച്ചനായ | ആരാധനയ്ക്കായി |
| | | അസ്തു | ഉതകുമാറാകട്ടെ. |

സത്യഭാമോവാച=സത്യഭാമ പറഞ്ഞു :—

യോ മേ സനാഭിവധതപ്തഹൃദാ തതേന
ലിപ്താഭിശാപമപമാർഷ്ടുമുപാജഹാര
ജിത്വർക്ഷരാജമഥ രത്നമദാത് സ തേന
ഭീതഃ പിതാദിശത മാം പ്രഭവേഽപി ദത്താം. 9

| | | | |
|---|---|---|---|
| സോദരവധ- തപ്തഹൃദാ | സഹോദരവധത്താൽ സന്തപ്തചിത്തനായി ഭവിച്ച | ഉപാജഹാര | കൊണ്ടുവന്നു; |
| | | അഥ | ഉടൻതന്നെ |
| | | അദാത് | കൊടുക്കുകയും ചെയ്തു. |
| തതേന | (എന്റെ) പിതാവിനാൽ | സഃ പിതാ | ആ എന്റെ പിതാവ് |
| ലിപ്താഭിശാപം | വെച്ചുതേക്കപ്പെട്ട | തേന | അതുനിമിത്തം |
| | ദുഷ്കീർത്തിയെ | ഭീതഃ | ഭയപ്പെട്ടിട്ട്, |
| അപമാർഷ്ടും | തുടച്ചുനീക്കുവാനായി | ദത്താം അപി | (വാക്കാൽ) അന്യന്ന് കൊടുക്കപ്പെട്ടവളെന്നിരിക്കിലുംകൂടി |
| യഃ | യാതൊരുവൻ (ഭഗവാൻ) | | |
| ഋക്ഷരാജം | ഋക്ഷാധിപനായ ജാംബവാനെ | മാം | എന്നെ |
| ജിത്വാ | ജയിച്ചിട്ട്, | പ്രഭവേ | ഭഗവാന്ന് |
| രത്നം | സ്യമന്തകരത്നത്തെ | അദിശത് | കൊടുത്തു. |

ജാംബവത്യുവാച=ജാംബവതി പറഞ്ഞു :—

പ്രാജ്ഞായ ദേഹകൃദമും നിജനാഥദേവം
സീതാപതിം ത്രിണവഹാന്യമുനാഽഭ്യയുധ്യത്
ജ്ഞാത്വാ പരീക്ഷിത ഉപാഹരദർഹണം മാം
പാദൌ പ്രഗൃഹ്യ മണിനാഹമമുഷ്യ ദാസീ. 10

| | | | |
|---|---|---|---|
| ദേഹകൃത് | (എന്റെ) അച്ഛൻ | | എന്റെ അച്ഛൻ |
| അമും | ഇദ്ദേഹത്തെ | ജ്ഞാത്വാ | (ഒടുവിൽ) വാസ്തവതത്വം മനസ്സിലാക്കി, |
| നിജനാഥദേവം | തന്റെ നാഥനും കുലദൈവവുമായ | പാദൌ | തൃപ്പാദങ്ങളെ |
| സീതാപതിം | ശ്രീരാമനാണെന്ന് | പ്രഗൃഹ്യ | പിടിച്ചു്, |
| പ്രാജ്ഞായ | തീരെ അറിയാതെ | മണിനാ മാം | രത്നത്തോടുകൂടെ എന്നെ |
| ത്രിണവഹാനി | ഇരുപത്തേഴുനാൾ *. | അർഹണം | തിരുമുൽക്കാഴ്ചയായി |
| അമുനാ | ഇദ്ദേഹത്തോടുകൂടി. | ഉപാഹരത് | കൊടുത്തു. |
| അഭ്യയുധ്യത് | നേരിൽ പൊരുതി. | അഹം | ഞാൻ |
| പരീക്ഷിതഃ | ഇവ്വിധം പരീക്ഷയ്ക്കു് പാത്രീഭവിക്കപ്പെട്ട | അമുഷ്യ | അവിടുത്തെ |
| | | ദാസീ | ദാസിയായിരിക്കുന്നു. |

കാളിന്ദ്യുവാച=കാളിന്ദി പറഞ്ഞു :—

തപശ്ചരന്തീമാജ്ഞായ സ്വപാദസ്പർശനാശയാ
സഖ്യോപേത്യാഗ്രഹീത് പാണിം യോഽഹം തദ്ഗൃഹമാർജനീ. 11

| | | | |
|---|---|---|---|
| സ്വപാദ- സ്പർശനാശയാ | തന്റെ തൃപ്പാദങ്ങളെ തൊട്ടുതലോടുവാനുള്ള ആഗ്രഹത്തോടെ | തപഃ ചരന്തീം | തപസ്സനുഷ്ഠിച്ചു വരുന്നവളാണെന്ന് |
| | | ആജ്ഞായ | അറിഞ്ഞു്, |

---

* 'ആസീത്തദഷ്ടാവിംശാഹം', 28 ദിവസം യുദ്ധം നടന്നുവെന്നാണ് മുൻപു പറഞ്ഞതു്. അതു് യുദ്ധം അവസാനിച്ച ദിവസത്തെക്കൂടി കൂട്ടിപ്പറഞ്ഞതാകണം.

| | |
|---|---|
| സഖ്യാ | ചങ്ങാതിയായ അർജ്ജുനനോടുകൂടി |
| ഉപേത്യ | അടുത്തുവന്ന് |
| യഃ | യാതൊരാൾ |
| പാണിം അഗ്രഹീത് | എന്നെ പാണിഗ്രഹണം ചെയ്തുവോ, |
| തദ്ഗൃഹമാർജ്ജനീ അഹം | ആ ഭഗവാന്റെ ഗൃഹത്തിലെ അടിച്ചുതളിക്കാരിയാകുന്നു ഞാൻ. |

മിത്രവിന്ദോവാച=മിത്രവിന്ദ പറഞ്ഞു :—

യോ മാം സ്വയംവര ഉപേത്യ വിജിത്യ ഭൂപാൻ
നിന്യേ ശ്വയൂഥഗമിവാത്മബലിം ദ്വിപാരിഃ
ഭ്രാതൄംശ്ച മേഽപകുരുതഃ സ്വപുരം ശ്രിയൗക-
സ്തസ്യാസ്തു മേഽനുഭവമംഘ്ര്യവനേജനത്വം. 12

| | |
|---|---|
| സ്വയംവരേ | സ്വയംവരത്തിങ്കൽ |
| ഉപേത്യ | വന്നിട്ട്, |
| ശ്വയൂഥഗം | ശ്വാക്കളുടെ കൂട്ടത്തിൽ അകപ്പെട്ട |
| ആത്മബലിം | തന്റെ ഇരയെ |
| ദ്വിപാരിഃ ഇവ | സിംഹം നിർഭയം കൊണ്ടുപോകുന്നപോലെ |
| ഭൂപാൻ | രാജാക്കന്മാരേയും, |
| അപകുരുതഃ | വിപരീതം കാണിക്കുന്ന |
| മേ | എന്റെ |
| ഭ്രാതൄൻ ച | സോദരന്മാരേയും |
| വിജിത്യ | വിജയിച്ച് |
| ശ്രിയൗകഃ | ശ്രീനിവാസനായ |
| യഃ | യാതൊരാൾ |
| മാം | എന്നെ |
| സ്വപുരം | സ്വനഗരമായ ദ്വാരകയിലേക്ക് |
| നിന്യേ | കൊണ്ടുപോയോ, |
| തസ്യ | ആ ഭഗവാന്റെ |
| അംഘ്ര്യവനേജനത്വം | തൃക്കാൽ കഴുകിക്കൊടുക്കുവാനുള്ള യോഗം |
| മേ | എനിക്ക് (എന്റെ) |
| അനുഭവം | ഓരോ പിറവിയിലും |
| അസ്തു | ഉണ്ടാകണേ ! |

സത്യോവാച=സത്യ പറഞ്ഞു :—

സപ്തോക്ഷണോഽതി ബലവീര്യ സുതീക്ഷ്ണശൃംഗാൻ
പിത്രാ കൃതാൻ ക്ഷിതിപവീര്യ പരീക്ഷണായ
താൻ വീരദുർമ്മദഹനസ്തരസാ നിഗൃഹ്യ
ക്രീഡൻ ബബന്ധ ഹ യഥാ ശിശവോഽജതോകാൻ. 13

| | |
|---|---|
| ക്ഷിതിപവീര്യപരീക്ഷണായ | രാജാക്കന്മാരുടെ വീരതയെ പരീക്ഷിക്കുവാൻ |
| പിത്രാ | (എന്റെ) അച്ഛനാൽ |
| കൃതാൻ | ഏർപ്പെടുത്തപ്പെട്ടവയും, |
| അതിബലവീര്യ-സുതീക്ഷ്ണ-ശൃംഗാൻ | അധികരിച്ച ബലവീര്യങ്ങളുള്ളവയും, കൂർത്തുമൂർത്തുള്ള കൊമ്പുകളുള്ളവയും, |
| വീരദുർമ്മദഹനഃ | വീരന്മാരുടെ ദുരഹങ്കാരത്തെ നശിപ്പിക്കുന്നവനുമായ |
| താൻ സപ്ത | ആ ഏഴ് |
| ഉക്ഷണഃ | കാളകളെ |
| ശിശവഃ | കൊച്ചുപൈതങ്ങൾ |
| അജതോകാൻ | ആട്ടിൻകിടാങ്ങളെ |
| യഥാ | പിടിച്ചുകെട്ടുന്നപോലെ |
| തരസാ | അതിവേഗത്തിൽ |
| നിഗൃഹ്യ | പിടിച്ചൊതുക്കി, |
| ക്രീഡൻ | കളിച്ചുകൊണ്ടുതന്നെ |
| ബബന്ധ | കെട്ടിയിട്ടു. |
| ഹ | എന്തൊരത്ഭുതം ! |

യ ഇത്ഥം വീര്യശുല്കാം മാം ദാസീഭിശ്ചതുരംഗിണീം
പഥി നിർജിത്യ രാജന്യാൻ നിന്യേ തദ്ദാസ്യമസ്തു മേ. 14

| | | | |
|---|---|---|---|
| യഃ | യാതൊരാൾ | പഥി | വഴിക്ക് |
| ഇത്ഥം | ഈവിധം | രാജന്യാൻ | രാജാക്കന്മാരെ |
| വീര്യശുല്കാം | വീരതാപ്രദർശനമാവുന്ന ശുല്കത്തോടുകൂടിയ | നിർജ്ജിത്യ | തോല്പിച്ച് |
| മാം | എന്നേയും, | നിന്യേ | കൊണ്ടുവന്നുവോ, |
| ദാസീഭിഃ | ദാസിമാരോടുകൂടെ | തദ്ദാസ്യം | ആ ഭഗവാന്റെ ദാസ്യം |
| ചതുരംഗിണീം | ചതുരംഗസേനയേയും | മേ അസ്തു | എനിക്കുണ്ടാകട്ടെ! |

ഭദ്രോവാച=ഭദ്ര പറഞ്ഞു:—

പിതാ മേ മാതുലേയായ സ്വയമാഹൂയ ദത്തവാൻ
കൃഷ്ണേ കൃഷ്ണായ തച്ചിത്താമക്ഷൗഹിണ്യാ സഖീജനൈഃ. 15

| | | | |
|---|---|---|---|
| കൃഷ്ണേ | പാഞ്ചാലി! | സഖീജനൈഃ | തോഴിമാരോടും |
| മേ പിതാ | എന്റെ അച്ഛൻ | അക്ഷൗഹിണ്യാ | അക്ഷൗഹിണീസേനയോടുംകൂടി, |
| മാതുലേയായ | എന്റെ അമ്മാമന്റെ മകനായ | തച്ചിത്താം | അദ്ദേഹത്തെത്തന്നെ മനസ്സിൽ കരുതിക്കൊണ്ടിരിക്കുന്ന എന്നെ |
| കൃഷ്ണായ | ശ്രീകൃഷ്ണന് | | |
| സ്വയം | തന്നെത്താൻ | | |
| ആഹൂയ | ക്ഷണിച്ചുവരുത്തി, | ദത്തവാൻ | വിവാഹം ചെയ്തുകൊടുത്തു. |

അസ്യ മേ പാദസംസ്പർശോ ഭവേജ്ജന്മനി ജന്മനി
കർമഭിർഭ്രാമ്യമാണായാ യേന തച്ഛ്രേയ ആത്മനഃ. 16

| | | | |
|---|---|---|---|
| കർമ്മഭിഃ | പ്രാരബ്ധകർമ്മങ്ങളാൽ | ഭവേത് | ഉണ്ടാകുവാൻ ഇടയാകട്ടെ! |
| ഭ്രാമ്യമാണായാഃ | സംസാരചക്രത്തിൽ ചുഴന്നുകൊണ്ടിരിക്കുന്ന | യേന | യാതൊരു ആ പാദശുശ്രൂഷകൊണ്ടാണ് |
| മേ | എനിക്ക് | ആത്മനഃ | ജീവാത്മാവിന്ന് |
| അസ്യ | ഈ ശ്രീഭഗവാന്റെ | തത് ശ്രേയഃ | ആ പരമപുരുഷാർത്ഥമാവുന്ന ശ്രേയസ്സ് ഉണ്ടാകുന്നത്. |
| പാദസംസ്പർശഃ | തൃപ്പാദശുശ്രൂഷ | | |
| ജന്മനി ജന്മനി | ഓരോ ജന്മത്തിലും | | |

ലക്ഷ്മണോവാച=ലക്ഷ്മണ പറഞ്ഞു:—

മമാപി രാജ്ഞ്യച്യുതജന്മകർമ്മ
ശ്രുത്വാ മുഹുർനാരദഗീതമാസ ഹ
ചിത്തം മുകുന്ദേ കില പദ്മഹസ്തയാ
വൃതഃ സുസംമൃശ്യ വിഹായ ലോകപാൻ. 17

| | | | |
|---|---|---|---|
| രാജ്ഞി | അല്ലയോ രാജ്ഞി! | അച്യുതജന്മകർമ്മ | ശ്രീകൃഷ്ണഭഗവാന്റെ അവതാരകഥയേയും അദ്ഭുതകർമ്മത്തേയും |
| നാരദഗീതം | നാരദമഹർഷിയാൽ ഗാനംചെയ്യപ്പെട്ടിരുന്ന | | |

| | |
|---|---|
| മുഹുഃ ശ്രുത്വാ | തുടരെത്തുടരെ കേട്ട്, |
| പദ്മഹസ്തയാ | ശ്രീമഹാലക്ഷ്മിയാൽ |
| ലോകപാലൻ | ഇന്ദ്രാദിലോകപാലന്മാരെക്കൂടി |
| വിഹായ | തള്ളിക്കളഞ്ഞു |
| വൃതഃ കില | വരിക്കപ്പെട്ടുപോലും ; |
| സുസംസ്മൃത്യ | ഇതെല്ലാം വിചാരിച്ച് |
| മമ അപി | എനിക്കും |
| ചിത്തം | ഹൃദയം |
| മുകുന്ദേ | ശ്രീകൃഷ്ണനിൽ |
| ആസക്തം | [illegible]. |

ജ്ഞാത്വാ മേ മതം സാധ്വി പിതാ ദുഹിതൃവത്സലഃ
ബൃഹന്തേയന ഇതി ഖ്യാതസ്തത്രോപായമചീകരത്. 18

| | |
|---|---|
| സാധ്വി | ഉത്തമേ ! |
| മമ | എന്റെ |
| മതം | അഭിപ്രായത്തെ |
| ജ്ഞാത്വാ | അറിഞ്ഞു, |
| ദുഹിതൃവത്സലഃ | മകളുടെ പേരിൽ അതിവാത്സല്യമുള്ള |
| ബൃഹന്തേയനഃ | ബൃഹന്തേയനൻ |
| ഇതി ഖ്യാതഃ | എന്നു വിശ്രുതനായ |
| പിതാ | എന്റെ പിതാവ് |
| തത്ര | അക്കാര്യത്തിൽ |
| ഉപായം | ഒരു ഉപായം |
| അചീകരത് | കല്പിച്ചു. |

യഥാ സ്വയംവരേ രാജ്ഞി മത്സ്യഃ പാർത്ഥേപ്സയാ കൃതഃ
അയം തു ബഹിരാവൃതോ ദൃശ്യതേ സ ജലേ പരം. 19

| | |
|---|---|
| രാജ്ഞി | ഹേ രാജ്ഞി ! |
| യഥാ | ഏതുപ്രകാരത്തിലാണോ |
| സ്വയംവരേ | ദ്രൌപദിയുടെ സ്വയംവരത്തിൽ |
| പാർത്ഥേപ്സയാ | അർജ്ജുനനെ ലഭിക്കണമെന്നുള്ള ഉദ്ദേശത്താൽ |
| മത്സ്യഃ | (സ്തംഭാഗ്രത്തിൽ) ഒരു മത്സ്യം |
| കൃതഃ | (എയ്തുവീഴ്ത്തുവാൻ) വെക്കപ്പെട്ടിരുന്നു, (അതു പോലെ എന്റെ സ്വയംവരത്തിലും ഉണ്ടായിരുന്നു.) |
| സഃ | അത്—ദ്രൌപദിയുടെ സ്വയംവരത്തിൽ ഉണ്ടായിരുന്നത് |
| ബഹിഃ | പുറമെമാത്രം |
| ആവൃതഃ | മറയ്ക്കപ്പെട്ടിരുന്നു ; |
| അയം തു | എന്നാൽ, ഇതാകട്ടെ |
| ജലേ പരം | വെള്ളത്തിൽ മാത്രമേ |
| ദൃശ്യതേ | കാണപ്പെടുകയുള്ളു. |

കുറിപ്പ് :— പാഞ്ചാലീസ്വയംവരത്തിൽ സ്തംഭാഗ്രന്യസ്തമായ മത്സ്യയന്ത്രം പുറമെ മാത്രം മറയ്ക്കപ്പെട്ടതായിരുന്നു; അടിയിൽ അതിന് മറവുണ്ടായിരുന്നില്ല. അതിനാൽ സ്തംഭത്തിന്റെ ചുവട്ടിൽ ചെന്നുനിന്ന് സ്തംഭത്തിലൂടെ മേല്പോട്ട് കണ്ണോടിച്ചാൽ അതു കണ്ടെത്താം എന്നാൽ ലക്ഷ്മണാസ്വയംവരത്തിലെ സ്തംഭാഗ്രമത്സ്യം ഒരു തരത്തിലും കാണുവാൻ സാധ്യമായിരുന്നില്ല പക്ഷേ, സ്തംഭത്തിന്റെ ചുവട്ടിലായി പാത്രത്തിൽ വെച്ച വെള്ളത്തിൽ അതിന്റെ നിഴൽ കാണും. അതിലേക്കു നോക്കിക്കൊണ്ട് മുകളിലുള്ള ലക്ഷ്യം ഭേദിക്കണം.

ശ്രുത്വൈതത് സർവതോ ഭൂപാ ആയയുർമത്പിതുഃ പുരം
സർവാസ്ത്രശസ്ത്രതത്വജ്ഞാഃ സോപാധ്യായാഃ സഹസ്രശഃ. 20

| | |
|---|---|
| ഏതത് ശ്രുത്വാ | ഇതിനെ കേട്ട് |
| സർവാസ്ത്രശസ്ത്രതത്വജ്ഞാഃ | എല്ലാ അസ്ത്രശസ്ത്രങ്ങളുടെയും തത്വം ഗ്രഹിച്ചിട്ടുള്ള |
| സഹസ്രശഃ | ആയിരക്കണക്കിൽ |
| ഭൂപാഃ | രാജാക്കന്മാർ |
| സോപാധ്യായാഃ | അവരവരുടെ ധനുർവ്വേദാചാര്യന്മാരോടുകൂടിയവരായിട്ട് |

| | | | |
|---|---|---|---|
| സൎവ്വതഃ | എല്ലാദിക്കുകളിൽനിന്നും | പുരം | നഗരത്തിലേക്ക് |
| മൽപിതുഃ | എന്റെ അച്ഛന്റെ | ആയയുഃ | വന്നുചേൎന്നു. |

പിത്രാ സംപൂജിതാഃ സൎവ്വേ യഥാവീൎയ്യം യഥാവയഃ
ആദദുഃ സശരം ചാപം വേദ്ധും പൎഷദി മദ്ധിയഃ. 21

| | | | |
|---|---|---|---|
| മദ്ധിയഃ | എന്നിൽ മനസ്സൎപ്പിച്ച | സംപൂജിതാഃ | സൽക്കരിക്കപ്പെട്ടവരായിട്ടു |
| സൎവ്വേ | അവരെല്ലാം | പൎഷദി | സദസ്സിൽവെച്ചു |
| പിത്രാ | അച്ഛനാൽ | വേദ്ധും | ലക്ഷ്യം ഭേദിക്കുവാൻ |
| യഥാവീൎയ്യം | വീരത്വത്തിന്നനുസരിച്ചും, | സശരം | ശരത്തോടുകൂടിയ |
| യഥാവയഃ | പ്രായത്തിന്നനുസരിച്ചും, | ചാപം ആദദുഃ | വില്ലു കൈയിലെടുത്തു. |

ആദായ വ്യസൃജൻ കേചിത് സജ്യം കൎത്തുമനീശ്വരാഃ
ആകോടി ജ്യാം സമുൽകൃഷ്യ പേതുരേകേഽമുനാ ഹതാഃ. 22

| | | | |
|---|---|---|---|
| കേചിത് | അവരിൽ ചിലർ | ജ്യാം | ഞാണിനെ |
| ആദായ | എടുത്തു | സമുൽകൃഷ്യ | ആഞ്ഞുവലിച്ചു (കെട്ടുവാൻ കഴിയാതെ പെട്ടെന്നു കൈവിട്ടുപോയ) |
| സജ്യം കൎത്തും | ഞാണേറ്റുവാൻ | | |
| അനീശ്വരാഃ | അശക്തരായിട്ടു | | |
| വ്യസൃജൻ | വിട്ടുകളഞ്ഞു. | അമുനാ | ആ വില്ലിനാൽ |
| ഏകേ | വേറെ ചിലർ | ഹതാഃ | താഡിതരായിട്ടും |
| ആകോടി | മറുതലപ്പുവരെ | പേതുഃ | നിലത്തുവീണു. |

സജ്യം കൃത്വാ പരേ വീരാ മാഗധാംബഷ്ഠചേദിപാഃ
ഭീമോ ദുൎയ്യോധനഃ കൎണ്ണോ നാവിന്ദംസ്തദവസ്ഥിതിം. 23

| | | | |
|---|---|---|---|
| പരേ വീരാഃ | വേറെ വീരന്മാരായ | കൎണ്ണഃ | കൎണ്ണനും |
| മാഗധാംബഷ്ഠചേദിപാഃ | മഗധം, അംബഷ്ഠം, ചേദി എന്നീ ദേശങ്ങളിലെ രാജാക്കന്മാരും, | സജ്യം കൃത്വാ | വില്ലിൽ ഞാണേറ്റിയെങ്കിലും |
| | | തദവസ്ഥിതിം | ആ ലക്ഷ്യത്തിന്റെ ഇരിപ്പിടത്തെ |
| ഭീമഃ | ഭീമസേനനും, | | |
| ദുൎയ്യോധനഃ | ദുൎയ്യോധനനും, | ന അവിന്ദൻ | കണ്ടറിഞ്ഞില്ല. |

മത്സ്യാഭാസം ജലേ വീക്ഷ്യ ജ്ഞാത്വാ ച തദവസ്ഥിതിം
പാൎത്ഥോ യത്തോഽസൃജദ്ബാണം നാച്ഛിനത് പസ്പൃശേ പരം 24

| | | | |
|---|---|---|---|
| പാൎത്ഥഃ | അൎജ്ജുനൻ | ജ്ഞാത്വാ ച | മനസ്സിലാക്കുകയും ചെയ്തു |
| ജലേ | വെള്ളത്തിൽ | യത്തഃ | പ്രയത്നിച്ചുകൊണ്ടു |
| മത്സ്യാഭാസം | മത്സ്യത്തിന്റെ പ്രതിബിംബത്തെ | ബാണം | ശരത്തെ |
| | | അസൃജത് | പ്രയോഗിച്ചു. |
| വീക്ഷ്യ | കണ്ടു, | ന അച്ഛിനത് | (പക്ഷേ,) മുറിച്ചില്ല |
| തദവസ്ഥിതിം | അതിന്റെ ഇരിപ്പിടത്തെ | പരം പസ്പൃശേ | കേവലം തൊട്ടതേയുള്ളു. |

രാജന്യേഷു നിവൃത്തേഷു ഭഗ്നമാനേഷു മാനിഷു
ഭഗവാൻ ധനുരാദായ സജ്യം കൃത്വാഥ ലീലയാ 25
തസ്മിൻ സന്ധായ വിശിഖം മത്സ്യം വീക്ഷ്യ സകൃജ്ജലേ
ഛിത്വേഷുണാപാതയത്തം സൂര്യേ ചാഭിജിതി സ്ഥിതേ. 26

| | | | |
|---|---|---|---|
| മാനിഷു | അഭിമാനികളായ | ലീലയാ | കളിയായിട്ടുതന്നെ |
| രാജന്യേഷു | ക്ഷത്രിയന്മാർ | സജ്യം കൃത്വാ | ഞാണേററി, |
| ഭഗ്നമാനേഷു | മാനംകെട്ടവരായിട്ട് | തസ്മിൻ | അതിന്മേൽ |
| നിവൃത്തേഷു | പിൻവാങ്ങിയപ്പോൾ, | വിശിഖം | ശരത്തെ |
| സൂര്യേ ച | സൂര്യഭഗവാനും | സന്ധായ | തൊടുത്ത് |
| അഭിജിതി | 'അഭിജിത്തെ'ന്ന മധ്യാ | സകൃത് | ഒരിക്കൽമാത്രം |
| | ഹ്ന മുഹൂർത്തത്തിൽ | ജലേ | വെള്ളത്തിൽ |
| സ്ഥിതേ | സ്ഥിതനായിരിക്കുമ്പോൾ | മത്സ്യം വീക്ഷ്യ | മത്സ്യത്തെ കണ്ട് |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ഇഷുണാ | ശരത്താൽ |
| ധനുഃ ആദായ | വില്ലെടുത്ത് | തം ഛിത്വാ | അതിനെ മുറിച്ച് |
| അഥ | ഉടൻ | അപാതയത് | താഴെ വീഴ്ത്തി. |

നോട്ട്:— ഭഗവാൻ ലക്ഷ്യവേധം ചെയ്തപ്പോൾ നട്ടുച്ചനേരമായിരുന്നു. മധ്യാഹ്നസൂര്യന്റെ പ്രതിച്ഛായ പാത്രജലത്തിൽ നേരെ പതിക്കുക കാരണം മത്സ്യപ്രതിച്ഛായ കാണുവാൻതന്നെ തരമുണ്ടായിരുന്നില്ല. അങ്ങനെ നിഴൽകൂടി കാണാതെയാണ് ലക്ഷ്യവേധം ചെയ്തത്. "സൂര്യേ ചാഭിജിതിസ്ഥിതേ". എന്നതുകൊണ്ടു സമയനിർദ്ദേശം തന്നിരിക്കയാൽ ഈ ആശയം വ്യഞ്ജിക്കുന്നു.

ദിവി ദുന്ദുഭയോ നേദുർജയശബ്ദയുതാ ഭുവി
ദേവാശ്ച കുസുമാസാരാൻ മുമുചുർഹർഷവിഹ്വലാഃ. 27

| | | | |
|---|---|---|---|
| ജയശബ്ദയുതാഃ | ജയശബ്ദത്തോടുകൂടിയുള്ള | | വിവശരായ |
| ദുന്ദുഭയഃ | പെരുമ്പറവാദ്യങ്ങൾ | ദേവാഃ ച | ദേവന്മാരാകട്ടെ |
| ദിവി | ദേവലോകത്തിൽ | ഭുവി | ഭൂമിയിൽ |
| നേദുഃ | മുഴങ്ങി. | കുസുമാസാരാൻ | പുഷ്പവർഷങ്ങളെ |
| ഹർഷവിഹ്വലാഃ | സന്തോഷംകൊണ്ടു | മുമുചുഃ | ചൊരിഞ്ഞു |

തദ്രംഗമാവിശമഹം കലനൂപുരാഭ്യാം
പദ്ഭ്യാം പ്രഗൃഹ്യ കനകോജ്ജ്വലരത്നമാലാം
നൂത്നേ നിവീയ പരിധായ ച കൗശികാഗ്ര്യേ
സവ്രീഡഹാസവദനാ കബരീധൃതസ്രക്. 28

| | | | |
|---|---|---|---|
| തത് | അന്നേരത്ത് | നിവീയ | ചുററിപ്പുതച്ച് |
| നൂത്നേ | പുതിയ | പരിധായ ച | ഞെറിഞ്ഞുടുത്തും, |
| കൗശികാഗ്ര്യേ | നല്ല വെൺപട്ടിണപ്പുടവയെ | സവ്രീഡഹാസവദനാ | സലജ്ജമായ മന്ദഹാസം ചേർന്നുള്ള മുഖത്തോടും,— |

| | | | |
|---|---|---|---|
| കബരീധൃതസ്രക് | തലമുടിയിൽ ചൂടിയിരിക്കുന്ന പൂമാലകളോടുകൂടിയവളായ | പ്രഗൃഹ്യ | കൈയിൽ പിടിച്ചു്, |
| അഹം | ഞാൻ | കലനൂപുരാഭ്യാം | കിലുങ്ങുന്ന കാൽചിലങ്കകൾ ഇട്ടിരിക്കുന്ന |
| കനകോജ്ജ്വല-രത്നമാലാം | കനകത്താൽ ഉജ്ജ്വലിക്കുന്ന രത്നമാലയെ | പദ്ഭ്യാം | പാദങ്ങൾകൊണ്ടു് |
| | | രംഗം | സഭാസ്ഥാനത്തിലേക്കു് |
| | | ആവിശം | പ്രവേശിച്ചു. |

ഉന്നീയ വക്ത്രമുരുകുന്തളകുണ്ഡലത്വിഡ്
ഗണ്ഡസ്ഥലം ശിശിരഹാസകടാക്ഷമോക്ഷൈഃ
രാജ്ഞോ നിരീക്ഷ്യ പരിതഃ ശനകൈർമ്മുരാരേ-
രംസേഽനുരക്തഹൃദയാ നിദധേ സ്വമാലാം. 29

| | | | |
|---|---|---|---|
| അനുരക്ത-ഹൃദയാ | ഭഗവാങ്കൽ ആസക്തചിത്തയായിട്ടുള്ള ഞാൻ | ശിശിരഹാസ-കടാക്ഷ-മോക്ഷൈഃ | കുളിർത്ത പുഞ്ചിരിയോടൊന്നിച്ച കടക്കണ്ണേറുകളാൽ |
| ഉരുകുന്തള-കുണ്ഡലത്വിഡ്-ഗണ്ഡസ്ഥലം | ധാരാളം കുറുനിരയുള്ളതും, കർണ്ണഭൂഷണങ്ങളുടെ ശോഭ പരന്ന കവിൾത്തടങ്ങളുള്ളതുമായ | ശനകൈഃ | പതുക്കെ |
| | | പരിതഃ | ചുററുപാടുമുള്ള |
| | | രാജ്ഞഃ | രാജാക്കന്മാരെ |
| | | നിരീക്ഷ്യ | നോക്കിയിട്ടു്, |
| | | മുരാരേഃ | ഭഗവാന്റെ |
| വക്ത്രം | മുഖത്തെ | അംസേ | തോളിൽ |
| ഉന്നീയ | ഉയർത്തി, | സ്വമാലാം | സ്വന്തം വരണമാലയെ |
| | | നിദധേ | അർപ്പിച്ചു. |

താവന്മൃദംഗപടഹാഃ ശംഖഭേര്യാനകാദയഃ
നിനേദുർന്നടനർത്തക്യോ നനൃതുർഗ്ഗായകാ ജഗുഃ. 30

| | | | |
|---|---|---|---|
| താവത് | അപ്പോഴേക്കു് | നടനർത്തക്യഃ | നടന്മാരും നർത്തകികളും |
| മൃദംഗപടഹാഃ | മൃദംഗങ്ങളും, തപ്പട്ടകളും | | |
| ശംഖഭേര്യാ-നകാദയഃ | ശംഖ്, ഭേരി, ആനകം എന്നീ വാദ്യങ്ങളും | നനൃതുഃ | നൃത്തം ചെയ്തു. |
| | | ഗായകാഃ | ഗായകന്മാർ |
| നിനേദുഃ | മുഴങ്ങിത്തുടങ്ങി. | ജഗുഃ | പാടി |

ഏവം വൃതേ ഭഗവതി മയേശേ നൃപയൂഥപാഃ
ന സേഹിരേ യാജ്ഞസേനി സ്പർദ്ധന്തോ ഹൃച്ഛയാതുരാഃ. 31

| | | | |
|---|---|---|---|
| യാജ്ഞസേനി | അല്ലയോ പാഞ്ചാലി! | വൃതേ | വരിക്കപ്പെട്ടപ്പോൾ, |
| ഈശേ | സർവ്വേശ്വരനായ | സ്പർദ്ധന്തഃ | സ്പർദ്ധിക്കുന്നവരും |
| ഭഗവതി | ശ്രീകൃഷ്ണഭഗവാൻ | ഹൃച്ഛയാതുരാഃ | കാമപീഡിതരും ആയിരുന്ന |
| ഏവം | ഇപ്രകാരം | നൃപയൂഥപാഃ | രാജസംഘത്തലവന്മാർ |
| മയാ | എന്നാൽ | ന സേഹിരേ | പൊറുത്തില്ല. |

മാം താവദ്രഥമാരോപ്യ ഹയരത്നചതുഷ്ടയം
ശാർങ്ഗമുദ്യമ്യ സന്നദ്ധസ്തസ്ഥാവാജൌ ചതുർഭുജഃ. 32

| | | | |
|---|---|---|---|
| ഹയരത്ന-ചതുഷ്ടയം | ശ്രേഷ്ഠതയുള്ള നാലു കുതിരകളെ പൂട്ടിക്കെട്ടിയ | ചതുർഭുജഃ | നാലുതൃക്കരങ്ങളോടുകൂടിയവനായിട്ട് |
| രഥം | തേരിലേക്ക് | ശാർങ്ഗം | ശാർങ്ഗചാപത്തെ |
| മാം ആരോപ്യ | എന്നെ കയററി, | ഉദ്യമ്യ | ഉയർത്തിപ്പിടിച്ച് |
| താവത് | ഉടൻതന്നെ | ആജൗ | യുദ്ധത്തിൽ |
| സന്നദ്ധഃ | ബദ്ധകച്ഛനായും | തസ്ഥൗ | നിലകൊണ്ടു. |

ദാരുകശ്ചോദയാമാസ കാഞ്ചനോപസ്കരം രഥം
മിഷതാം ഭൂഭുജാം രാജ്ഞി മൃഗാണാം മൃഗരാഡിവ. 33

| | | | |
|---|---|---|---|
| രാജ്ഞി | ഹേ രാജ്ഞി! | മൃഗരാട് | സിംഹം |
| കാഞ്ചനോ-പസ്കരം | പൊന്നുകൊണ്ടുള്ള അലങ്കാരങ്ങളോടുകൂടിയ | ഇവ | കൂസൽകൂടാതെ തന്റെ ഇരയെ എടുത്തുകൊണ്ടു പോകുംവിധം |
| രഥം | രഥത്തെ | | |
| ദാരുകഃ | ദാരുകസാരഥി | ഭൂഭുജാം | രാജാക്കന്മാരെല്ലാം |
| ചോദയാമാസ | തെളിച്ചു. | (മിഷതാം) | മിഴിച്ചുനില്ക്കുമ്പോൾ (ഭഗവാൻ എന്നേയും കൊണ്ടു് എഴുന്നള്ളി.) |
| മൃഗാണാം | മൃഗങ്ങളെല്ലാം | | |
| മിഷതാം | മിഴിച്ചുനില്ക്കെ, | | |

തേऽന്വസജ്ജന്ത രാജന്യാ നിഷേദ്ധും പഥി കേചന
സംയത്താ ഉദ്ധൃതേഷ്വാസാ ഗ്രാമസിംഹാ യഥാ ഹരിം. 34

| | | | |
|---|---|---|---|
| ഗ്രാമസിംഹാഃ | പട്ടികൾ | സംയത്താഃ | അതിയത്നവാന്മാരായി, |
| ഹരിം | സിംഹത്തെ | ഉദ്ധൃതേഷ്വാസാഃ | വില്ലെടുത്തുകൊണ്ട് |
| യഥാ | എതിരിടുവാൻ സാഹസപ്പെടുന്നപോലെ | പഥി | വഴിക്കുവെച്ച് |
| | | (ഹരിം) | ഭഗവാനെ |
| തേ കേചന | ആ ചില | നിഷേദ്ധും | തടയുവാൻ |
| രാജന്യാഃ | രാജാക്കന്മാർ | അന്വസജ്ജന്ത | പിന്തുടർന്നു. |

തേ ശാർങ്ഗച്യുതബാണൗഘൈഃ കൃത്തബാഹ്വങ്ഘ്രികന്ധരാഃ
നിപേതുഃ പ്രധനേ കേചിദേകേ സന്ത്യജ്യ ദുദ്രുവുഃ. 35

| | | | |
|---|---|---|---|
| തേ കേചിത് | അവർ ഏതാനും പേർ | | കൂടിയവരായിട്ട് |
| ശാർങ്ഗച്യുത-ബാണൗഘൈഃ | ശാർങ്ഗധനുസ്സിൽ നിന്നു് ഉതിർന്ന ശരനിരകളാൽ | പ്രധനേ | യുദ്ധത്തിൽ |
| | | നിപേതുഃ | വീണുപോയി. |
| | | ഏകേ | ഏതാനും ചിലർ |
| കൃത്തബാഹ്വങ്ഘ്രി-കന്ധരാഃ | അറക്കപ്പെട്ട കൈകാലുകളോടും കഴുത്തോടും | സന്ത്യജ്യ | യുദ്ധമുപേക്ഷിച്ച് |
| | | ദുദ്രുവുഃ | ഓടിപ്പോയി. |

തതഃ പുരീം യദുപതിരത്യലംകൃതാം രവിച്ഛദധ്വജപടചിത്രതോരണാം
കുശസ്ഥലീം ദിവി ഭുവി ചാഭിസംസ്തുതാം സമാവിശത്തരണിരിവ സ്വകേതനം.

| | | | |
|---|---|---|---|
| തതഃ | അനന്തരം | അത്യലംകൃതാം | അതികേമമായി അലങ്കരിക്കപ്പെട്ടും, |
| യദുപതിഃ | യദുനാഥൻ | | |

| | |
|---|---|
| രവിച്ഛദ- } സാജ്വാട- } പിതൃതോരണാം | സൂര്യബിംബത്തെ മറക്കുന്ന കൊടിക്കൂറകളും, വർണ്ണപ്പകിട്ടുള്ള തോരണങ്ങളും എന്നിവയോടുകൂടിയതും, |
| ദിവി | ദേവലോകത്തിലും |
| ഭുവി ച | ഭൂലോകത്തിലും |
| അഭിസംസ്തുതാം | വാഴ്ത്തപ്പെട്ടതുമായ |
| കുശസ്ഥലീം | ദ്വാരകയെന്ന |
| പുരീം | നഗരത്തിലേക്ക് |
| തരണിഃ | സൂര്യദേവൻ |
| സ്വകേതനം | അസ്തഗിരിയിലേക്ക് |
| ഇവ | എന്നപോലെ |
| സമാവിശത് | പ്രവേശിച്ചു. |

പിതാ മേ പൂജയാമാസ സുഹൃത്സംബന്ധിബാന്ധവാൻ
മഹാർഹവാസോഽലങ്കാരൈഃ ശയ്യാസനപരിച്ഛദൈഃ. 37

| | |
|---|---|
| മേ | എന്റെ |
| പിതാ | അച്ഛൻ |
| മഹാർഹവാസോ- } ലങ്കാരൈഃ | വിലപ്പിടിച്ച വസ്ത്രങ്ങളും, അലങ്കാരങ്ങളും എന്നിവയാലും, |
| ശയ്യാസന- } പരിച്ഛദൈഃ | മെത്തകളും, ഭദ്രപീഠങ്ങളും മുതലായ ഉപകരണങ്ങളാലും |
| സുഹൃത്സംബന്ധി } ബാന്ധവാൻ | സ്നേഹിതന്മാരേയും, സംബന്ധികളേയും ബന്ധുക്കളേയും |
| പൂജയാമാസ | സൽക്കരിച്ചു. |

ദാസീഭിഃ സർവ്വസമ്പദ്ഭിർഭടേഭരഥവാജിഭിഃ
ആയുധാനി മഹാർഹാണി ദദൌ പൂർണ്ണസ്യ ഭക്തിതഃ. 38

| | |
|---|---|
| ദാസീഭിഃ | ദാസികളോടും, |
| സർവ്വസമ്പദ്ഭിഃ | സമസ്തവിഭവങ്ങളോടും, |
| ഭടേഭരഥ- } വാജിഭിഃ | കാലാൾ, ആന, തേർ, കുതിര എന്നിവകളോടും കൂടി |
| മഹാർഹാണി | വിലകൂടിയ |
| ആയുധാനി | ആയുധങ്ങളെ |
| പൂർണ്ണസ്യ | എല്ലാം തികഞ്ഞിട്ടുള്ള ഭഗവാന്ന് |
| ഭക്തിതഃ | ഭക്തിനിമിത്തം |
| ദദൌ | കൊടുത്തു. |

ആത്മാരാമസ്യ തസ്യേമാ വയം വൈ ഗൃഹദാസികാഃ
സർവ്വസംഗനിവൃത്ത്യാദ്ധാ തപസാ ച ബഭൂവിമ. 39

| | |
|---|---|
| ഇമാഃ വയം | ഈ ഞങ്ങളെല്ലാം |
| സർവ്വസംഗ- } നിവൃത്ത്യാ | സർവ്വസംഗങ്ങളുടെ പരിത്യാഗംകൊണ്ടും, |
| തപസാ ച | തപസ്സുകൊണ്ടും |
| ആത്മാരാമസ്യ | തന്നിൽത്താൻ രമിച്ചുകൊണ്ടിരിക്കുന്ന |
| തസ്യ | അവിടുത്തേക്ക് |
| അദ്ധാ വൈ | പ്രത്യക്ഷരൂപത്തിൽ |
| ഗൃഹദാസികാഃ | ഗൃഹദാസികളായിട്ട് |
| ബഭൂവിമ | ഭവിച്ചിരിക്കുന്നു. |

മഹിഷ്യ ഊചുഃ(മററ)മഹിഷിമാർ പറഞ്ഞു :—

ഭൌമം നിഹത്യ സഗണം യുധി തേന രുദ്ധാ
ജ്ഞാത്വാഥ നഃ ക്ഷിതിജയേ ജിതരാജകന്യാഃ
നിർമ്മുച്യ സംസൃതി വിമോക്ഷമനുസ്മരന്തീഃ
പാദാംബുജം പരിണിനായ യ ആപ്തകാമഃ. 40

| | |
|---|---|
| ഭൌമം | നരകാസുരനെ |
| സഗണം | സൈന്യസമേതം |
| നിഹത്യ | കൊന്നു, |
| ക്ഷിതിജയേ | ദിഗ്വിജയകാലത്ത് |

| | | | |
|---|---|---|---|
| യുധി | യുദ്ധത്തിൽ | സഃ | ആ ഭഗവാൻ |
| ജിതരാജകന്യാഃ | ജയിക്കപ്പെട്ട രാജാക്കന്മാരുടെ കന്യകമാരും | ആപ്തകാമഃ | സ്വയം സർവ്വാഭിലാഷങ്ങളും സാധിച്ചവനായിരിക്കിലുംകൂടി |
| തേന | അവനാൽ | | |
| ബദ്ധാഃ | തടവിൽ പാർപ്പിക്കപ്പെട്ടിരുന്നവരുമായ | സംസൃതിവിമോക്ഷം | സംസാരത്തിൽനിന്നു വിമോചനമേകുന്ന |
| നഃ | ഞങ്ങളെ | പാദാംബുജം | തൃപ്പാദപദ്മത്തെ |
| ജ്ഞാത്വാ | മനസ്സിലാക്കി, | അനുസ്മരന്തീഃ | ഇടവിടാതെ ധ്യാനിച്ചുപോരുന്ന ഞങ്ങളെ |
| അഥ | ഉടൻതന്നെ | | |
| വിമുച്യ | മോചിപ്പിച്ച്, | പരിണിനായ | വിവാഹം ചെയ്തു. |

ന വയം സാധ്വി സാമ്രാജ്യം സ്വാരാജ്യം ഭൌജ്യമപ്യുത
വൈരാജ്യം പാരമേഷ്ഠ്യം ച ആനന്ത്യം വാ ഹരേഃ പദം. 41
കാമയാമഹ ഏതസ്യ ശ്രീമത്പാദരജഃ ശ്രിയഃ
കുചകുങ്കുമഗന്ധാഢ്യം മൂർദ്ധ്നാ വോഢും ഗദാഭൃതഃ. 42

| | | | |
|---|---|---|---|
| സാധ്വി വയം | ഉത്തമേ! ഞങ്ങൾ | പദം വാ | വൈകുണ്ഠപദ (സാലോക്യ) ത്തെയോ |
| സാമ്രാജ്യം | സാർവ്വഭൌമപദത്തെയോ, | ന കാമയാമഹേ | ആഗ്രഹിക്കുന്നില്ല. |
| സ്വാരാജ്യം | ഇന്ദ്രപദത്തെയോ, | ഗദാഭൃതഃ | ഗദാധരനായ |
| ഭൌജ്യം | ഈ രണ്ടു പദവികളേയും ഒന്നിച്ചനുഭവിക്കുക എന്ന നിലയേയോ, | ഏതസ്യ | ഈ ഭഗവാന്റെ, |
| | | ശ്രിയഃ | ശ്രീദേവിയുടെ |
| ഉത അപി | മാത്രമല്ല, | കുചകുങ്കുമഗന്ധാഢ്യം | സ്തനങ്ങളണിഞ്ഞ കുങ്കുമത്തിന്റെ നറുമണം ചേർന്ന |
| വൈരാജ്യം | അണിമാദ്യഷ്ടസിദ്ധികളുള്ള വിരാട്ഭാവത്തെയോ, | ശ്രീമത്പാദരജഃ | തൃപ്പാദരേണുവെ |
| പാരമേഷ്ഠ്യം ച | ബ്രഹ്മപദത്തെയോ, | മൂർദ്ധ്നാ | ശിരസ്സാൽ |
| ആനന്ത്യം | കൈവല്യത്തെയോ, | വോഢും | വഹിക്കുവാൻമാത്രം |
| ഹരേഃ | ശ്രീഹരിയുടെ | കാമയാമഹേ | ഞങ്ങളാഗ്രഹിക്കുന്നു. |

വ്രജസ്ത്രിയോ യദ്വാഞ്ഛന്തി പുലിന്ദ്യസ്തൃണവീരുധഃ
ഗാവശ്ചാരയതോ ഗോപാഃ പാദസ്പർശം മഹാത്മനഃ. 43

| | | | |
|---|---|---|---|
| ഗാവഃ | പശുക്കളെ | പുലിന്ദ്യഃ | ശബരികളും, |
| ചാരയതഃ | മേച്ചിരുന്ന | തൃണവീരുധഃ | പുൽക്കൊടികളും |
| മഹാത്മനഃ | ആ മഹാമനസ്സിന്റെ | യത് | ഏതുവിധത്തിൽ |
| പാദസ്പർശം | പാദസ്പർശത്തെ | വാഞ്ഛന്തി | ആശിച്ചുകൊണ്ടിരിക്കുന്നുവോ, (അതേവിധം ഞങ്ങളും ആശിക്കുന്നു.) |
| വ്രജസ്ത്രിയഃ | ഗോപസ്ത്രീകളും, | | |
| ഗോപാഃ | ഗോപന്മാരും, | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ത്ര്യശീതിതമോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3551.

## ചതുരശീതിതമോഽദ്ധ്യായഃ=എണ്പത്തിനാലാമദ്ധ്യായം.

[ചതുർഭിരധികേഽശീതിതമേ മുനിസമാഗമഃ
വസുദേവമഖോത്സാഹബന്ധുപ്രസ്ഥാപനാദികം.]

(മഹാമുനിമാരുടെ സമാഗമവും വസുദേവരുടെ മഹായാഗവും.)

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

ശ്രുത്വാ പൃഥാസുബലപുത്ര്യഥ യാജ്ഞസേനീ
മാധവ്യഥ ക്ഷിതിപപത്ന്യ ഉത സ്വഗോപ്യഃ
കൃഷ്ണേഽഖിലാത്മനി ഹരൗ പ്രണയാനുബന്ധം
സർവ്വാ വിസിസ്മ്യുരലമശ്രുകലാകുലാക്ഷ്യഃ. 1

| | |
|---|---|
| അഖിലാത്മനി | സർവ്വാത്മാവും |
| ഹരൗ | സർവ്വദുഃഖഹരനുമായ |
| കൃഷ്ണേ | ശ്രീകൃഷ്ണഭഗവാങ്കൽ |
| പ്രണയാനുബന്ധം | (അവിടുത്തെ പത്നിമാർക്കുള്ള) പ്രേമാനുബന്ധകഥയെ |
| ശ്രുത്വാ | കേട്ട് |
| അശ്രുകലാകുലാക്ഷ്യഃ | ആനന്ദബാഷ്പം നിറഞ്ഞ നേത്രങ്ങളോടുകൂടിയവരായി ഭവിച്ചു |
| അഥ പൃഥാ | കുന്തീദേവിയും, |
| സുബലപുത്രീ | ഗാന്ധാരിയും, |
| യാജ്ഞസേനീ | ദ്രൗപദിയും, |
| അഥ മാധവീ | സുഭദ്രയും, |
| ക്ഷിതിപപത്ന്യഃ | മററുള്ള രാജപത്നികളും, |
| ഉത | മാത്രമല്ല; |
| സ്വഗോപ്യഃ | ഭഗവാന്റെ സ്വീയജനങ്ങളായ ഗോപികമാരും, |
| സർവ്വാഃ | എല്ലാവരുംതന്നെ |
| അലം | ഏററവും |
| വിസിസ്മ്യുഃ | വിസ്മയിച്ചു. |

ഇതി സംഭാഷമാണാസു സ്ത്രീഭിഃ സ്ത്രീഷു നൃഭിർനൃഷു
ആയയുർമുനയസ്തത്ര കൃഷ്ണരാമദിദൃക്ഷയാ. 2

| | |
|---|---|
| ഇതി സ്ത്രീഷു | ഈവിധം സ്ത്രീകൾ |
| സ്ത്രീഭിഃ | സ്ത്രീകളോടൊന്നിച്ച് |
| സംഭാഷമാണാസു | സംഭാഷണം ചെയ്തുകൊണ്ടിരിക്കെ, |
| നൃഷു | പുരുഷന്മാർ |
| നൃഭിഃ | പുരുഷന്മാരോടുകൂടിയും |
| (സംഭാഷമാണേഷു) | സംഭാഷണം ചെയ്തുകൊണ്ടിരിക്കെ, |
| കൃഷ്ണരാമദിദൃക്ഷയാ | ശ്രീകൃഷ്ണനേയും, ശ്രീബലരാമനേയും കാണുവാനുള്ള ആഗ്രഹത്തോടെ |
| തത്ര | അവിടെ |
| മുനയഃ ആയയുഃ | മഹർഷിമാർ വന്നുചേർന്നു. |

ദ്വൈപായനോ നാരദശ്ച ച്യവനോ ദേവലോഽസിത
വിശ്വാമിത്രഃ ശതാനന്ദോ ഭരദ്വാജോഽഥ ഗൗതമഃ. 3

രാമഃ സശിഷ്യോ ഭഗവാൻ വസിഷ്ഠോ ഗാലവോ ഭൃഗുഃ
പുലസ്ത്യഃ കശ്യപോഽത്രിശ്ച മാർക്കണ്ഡേയോ ബൃഹസ്പതിഃ. 4

ദ്വിതസ്ത്രിതശ്ചൈകതശ്ച ബ്രഹ്മപുത്രാസ്തഥാംഗിരാഃ
അഗസ്ത്യോ യാജ്ഞവല്ക്യശ്ച വാമദേവാദയോഽപരേ. 5

| | |
|---|---|
| ദ്വൈപായനഃ | വേദവ്യാസനും, |
| നാരദഃ ച | നാരദനും, |
| ച്യവനഃ ച | ച്യവനൻ, |
| ദേവലഃ | ദേവലൻ, |
| അസിതഃ | അസിതൻ, |
| വിശ്വാമിത്രഃ | വിശ്വാമിത്രൻ, |
| ശതാനന്ദഃ | ശതാനന്ദൻ, |
| ഭരദ്വാജഃ | ഭാരദ്വാജൻ, |
| അഥ ഗൌതമഃ | പിന്നെ ഗൌതമൻ, |
| സശിഷ്യഃ | ശിഷ്യരോടൊന്നിച്ചുള്ള |
| രാമഃ | പരശുരാമൻ, |
| ഭഗവാൻ | സർവ്വജ്ഞനായ |
| വസിഷ്ഠഃ | വസിഷ്ഠൻ, |
| ഗാലവഃ ഭൃഗുഃ | ഗാലവൻ, ഭൃഗു, |
| പുലസ്ത്യഃ | പുലസ്ത്യൻ, |
| കശ്യപഃ | കശ്യപൻ, |
| അത്രിഃ ച | അത്രി എന്നവരും, |
| മാർക്കണ്ഡേയഃ | മാർക്കണ്ഡേയൻ, |
| ബൃഹസ്പതിഃ | ബൃഹസ്പതി |
| ദ്വിതഃ ത്രിതഃ | ദ്വിതൻ, ത്രിതൻ |
| ഏകതഃ ച | ഏകതൻ എന്നിവരും, |
| ബ്രഹ്മപുത്രാഃ ച | ബ്രഹ്മാവിന്റെ പുത്രന്മാരായ സനകാദികളും, |
| തഥാ | അപ്രകാരം |
| അംഗിരാഃ | അംഗിരസ്സ്, |
| അഗസ്ത്യഃ | അഗസ്ത്യൻ, |
| യാജ്ഞവല്ക്യഃ | യാജ്ഞവല്ക്യൻ, |
| വാമദേവാദയഃ | വാമദേവൻ തുടങ്ങി |
| അപരേ ച | വേറെ പലരും (വന്നു.) |

താൻ ദൃഷ്ട്വാ സഹസോത്ഥായ പ്രാഗാസീനാ നൃപാദയഃ
പാണ്ഡവാഃ കൃഷ്ണരാമൌ ച പ്രണേമുർവ്വിശ്വവന്ദിതാൻ. 6

| | |
|---|---|
| പ്രാക് | ആദ്യം |
| ആസീനാഃ | ആസനസ്ഥരായിരുന്ന |
| നൃപാദയഃ | രാജാക്കന്മാർ തുടങ്ങിയുള്ളോരും, |
| പാണ്ഡവാഃ | പാണ്ഡവന്മാരും, |
| കൃഷ്ണരാമൌ ച | ശ്രീകൃഷ്ണബലരാമന്മാരും |
| വിശ്വവന്ദിതാൻ | അഖിലലോകവന്ദിതന്മാരായ |
| താൻ ദൃഷ്ട്വാ | അവരെ കണ്ട് |
| സഹസാ | ഉടനടൻ |
| ഉത്ഥായ | എഴുന്നേററ് |
| പ്രണേമുഃ | നമസ്കാരം ചെയ്തു. |

താനാനർച്ചുര്യഥാ സർവ്വേ സഹരാമോഽച്യുതോഽർച്ചയത്
സ്വാഗതാസനപാദ്യാർഘ്യമാല്യധൂപാനുലേപനൈഃ 7

| | |
|---|---|
| യഥാ | ഏതുപ്രകാരം |
| താൻ | അവരെ |
| സർവ്വേ | എല്ലാവരും |
| സ്വാഗതാസന-പാദ്യാർഘ്യ-മാല്യധൂപാ-നുലേപനൈഃ | സ്വാഗതവചനം, പീഠദാനം, പാദ്യജലം, അർഘ്യജലം, പുഷ്പമാല്യം, ധൂപം, കുറിക്കൂട്ട് എന്നിവയാൽ |
| ആനർച്ചുഃ | ആരാധിച്ചുവോ, അതുപോലെത്തന്നെ |
| അച്യുതഃ | ശ്രീകൃഷ്ണനും |
| സഹരാമഃ | ബലരാമനോടുകൂടി |
| അർച്ചയത് | ആരാധിച്ചു. |

ഉവാച സുഖമാസീനാൻ ഭഗവാൻ ധർമ്മഗുപ്തനുഃ
സദസസ്തസ്യ മഹതോ യതവാചോഽനുശൃണ്വതഃ. 8

| | |
|---|---|
| സുഖം | സുഖമാകുംവണ്ണം |
| ആസീനാൻ | ആസനസ്ഥരായിരിക്കുന്ന അവരോട് |
| ധർമ്മഗുപ്തനുഃ | ധർമ്മസംരക്ഷകമൂർത്തിയായ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| യതവാചഃ | നിഃശബ്ദമായിരിക്കുന്ന |
| തസ്യ മഹതഃ | ആ വലിയ |
| സദസഃ | സദസ്സ് |
| അനുശൃണ്വതഃ | തുടന്നു കേട്ടുകൊണ്ടിരിക്കെ |
| ഉവാച | ഈവിധം പറഞ്ഞു. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

അഹോ വയം ജന്മഭൃതോ ലബ്ധം കാർത്സ്ന്യേന തത്ഫലം
ദേവാനാമപി ദുഷ്പ്രാപം യദ്യോഗേശ്വരദർശനം. 9

| | | | |
|---|---|---|---|
| അഹോ വയം | ആഹാ ! ഞങ്ങൾ | യത് | എന്തെന്നാൽ |
| ജന്മഭൃതഃ | ജന്മസാഫല്യമുള്ളവർ | ദേവാനാം അപി | ദേവകൾക്കുപോലും |
| തത്ഫലം | അതിൻെറ (ജന്മമെടുത്തതിൻെറ) ഫലം | ദുഷ്പ്രാപം | ദുല്ലഭമായിരിക്കുന്ന |
| കാർത്സ്ന്യേന | തികച്ചും | യോഗേശ്വര- ദർശനം | യോഗിവര്യന്മാരുടെ (ദർശനം ഞങ്ങൾക്ക ലബ്ധമായിരിക്കുന്നു.) |
| ലബ്ധം | ലഭിക്കപ്പെട്ടു | | |

കിം സ്വല്പതപസാം നൄണാമർച്ചായാം ദേവചക്ഷുഷാം
ദർശനസ്പർശനപ്രശ്നപ്രഹ്വപാദാർച്ചനാദികം. 10

| | | | |
|---|---|---|---|
| സ്വല്പതപസാം | ഏററവും കുറഞ്ഞ തപസ്സുള്ളവരും, | ദർശനസ്പർശന- പ്രശ്നപ്രഹ്വ- പാദാർച്ചനാദികം | ദേവന്മാരെ ദർശിക്കുക, സ്പർശിക്കുക, കുശലം ചോദിക്കുക, വണങ്ങുക, പാദാർച്ചന ചെയ്യുക എന്നു തുടങ്ങിയവ |
| അർച്ചായാം | പൂജാപ്രതിമയിൽമാത്രം | | |
| ദേവചക്ഷുഷാം | ഈശ്വരനെ കാണുന്ന വരും ആയ | | |
| നൄണാം | മനുഷ്യരായ ഞങ്ങൾക്ക് | കിം | സംഭവിച്ചതെങ്ങിനെ ? |

ന ഹ്യമ്മയാനി തീർത്ഥാനി ന ദേവാ മൃച്ഛിലാമയാഃ
തേ പുനന്ത്യുരുകാലേന ദർശനാദേവ സാധവഃ 11

| | | | |
|---|---|---|---|
| അമ്മയാനി ഹി | ജലമയങ്ങളായ ഗംഗാദിനദികൾ മാത്രമേ | തേ | അവ (തീർത്ഥജലങ്ങളും, ദേവപ്രതിമകളും) |
| തീർത്ഥാനി | തീർത്ഥങ്ങളാകയുള്ളു, | ഉരുകാലേന | ദീർഘകാലോപാസന കൊണ്ടുമാത്രം |
| ന | എന്നില്ല ; | | |
| മൃച്ഛിലാമയാഃ | മണ്ണുകൊണ്ടോ, കല്ലുകൊണ്ടോ നിർമ്മിതങ്ങളായ പ്രതിമകൾ മാത്രമേ | പുനന്തി | വിശുദ്ധിയേകുന്നു ; |
| | | സാധവഃ | സജ്ജനങ്ങളാകട്ടെ |
| ദേവാഃ | ദേവന്മാരാകയുള്ളൂ, | ദർശനാത് ഏവ | കേവലം ദർശനത്താൽതന്നെ (വിശുദ്ധീകരിക്കുന്നു) |
| ന | എന്നുമില്ല. | | |

നാഗ്നിർന്ന സൂര്യോ ന ച ചന്ദ്രതാരകാ
ന ഭൂർജ്ജലം ഖം ശ്വസനോഽഥ വാങ്മനഃ
ഉപാസിതാ ഭേദകൃതോ ഹരന്ത്യഘം
വിപശ്ചിതോ ഘ്നന്തി മുഹൂർത്തസേവയാ. 12

| | | | |
|---|---|---|---|
| ഭേദകൃതഃ | ഭേദബുദ്ധിയെ ജനിപ്പിക്കുന്നവരായ (ദേവന്മാർ) | അഘം | പാപത്തെ (പാപത്തിന്ന് മൂലകാരണമായ അജ്ഞാനത്തെ) |
| ഉപാസിതാഃ | (ദീർഘകാലം) ഉപാസിക്കപ്പെട്ടവരായാൽക്കൂടിയും | ന ഹരന്തി | നശിപ്പിക്കുകയില്ല— |

അഗ്നിഃ സൂര്യഃ ന — അഗ്നിയും, സൂര്യനും ചെയ്യുന്നില്ല;
ചന്ദ്രതാരകാഃ — ചന്ദ്രനും, നക്ഷത്രങ്ങളും
ന — ചെയ്യുന്നില്ല;
ഭൂഃ — ഭൂമിയും,
ജലം — ജലവും,
ഖം ശ്വസനഃ — ആകാശവും, വായുവും,
വാക് മനഃ അപി ന — വാക്കും, മനസ്സും (വാക്കിന്റെയും മനസ്സിന്റെയും അധിഷ്ഠാനദേവതകളും) ചെയ്യുന്നില്ല.
വിപശ്ചിതഃ — (എന്നാൽ വിജ്ഞാനികൾ മുഹൂർത്തനേരമായ അല്പസമയത്തെ സേവനംകൊണ്ട്)
ഘ്നന്തി — (പാപമൂലകമായ അജ്ഞാനത്തെ) നശിപ്പിക്കുന്നു.

യസ്യാത്മബുദ്ധിഃ കുണപേ ത്രിധാതുകേ
സ്വധീഃ കളത്രാദിഷു ഭൌമ ഇജ്യധീഃ
യത്തീർത്ഥബുദ്ധിഃ സലിലേ ന കർഹിചി-
ജ്ജനേഷ്വഭിജ്ഞേഷു സ ഏവ ഗോഖരഃ. 13

യസ്യ — യാതൊരുവന്ന്
ത്രിധാതുകേ — വാതപിത്തകഫങ്ങളായ ത്രിധാതുക്കൾ കുടികൊള്ളുന്ന
കുണപേ — ജഡശരീരത്തിൽ
ആത്മബുദ്ധിഃ — താനെന്ന തോന്നലും,
കളത്രാദിഷു — ഭാര്യാദികളിൽ
സ്വധീഃ — തന്റേതെന്ന തോന്നലും,
ഭൌമേ — ഭൂവികാരമായ (മണ്ണ്, കല്ല്, മരം എന്നിവയാൽ നിർമ്മിതമായ) ബിംബത്തിൽ
ഇജ്യധീഃ — ഇഷ്ടദൈവമെന്ന തോന്നലും ഉണ്ടാകുന്നുവോ,
സലിലേ — വെറും ജലത്തിൽ
യത്തീർത്ഥബുദ്ധിഃ — യാതൊരുവന്നു തീർത്ഥമെന്നുള്ള തോന്നലുണ്ടാവുകയും,
അഭിജ്ഞേഷു — സർവ്വജ്ഞന്മാരായ
ജനേഷു — ജനങ്ങളിൽ
കർഹിചിത് — ഒരിക്കലും
ന — ആവിധം തോന്നലില്ലാതെയും ഇരിക്കുന്നുവോ,
സഃ ഏവ — അവൻ തന്നെയാണ്
ഗോഖരഃ — കോവർകഴുത.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

നിശമ്യേത്ഥം ഭഗവതഃ കൃഷ്ണസ്യാകുണ്ഠമേധസഃ
വചോ ദുരന്വയം വിപ്രാസ്തൂഷ്ണീമാസൻ ഭ്രമദ്ധിയഃ. 14

ഭഗവതഃ — സർവ്വജ്ഞനും, (ഐശ്വര്യാദിഷഡ്ഗുണസമ്പന്നനും)
അകുണ്ഠമേധസഃ — മുട്ടും തടവുമില്ലാത്ത ബുദ്ധിശക്തിയോടുകൂടിയവനും ആയ
കൃഷ്ണസ്യ — ശ്രീകൃഷ്ണന്റെ
ഇത്ഥം — ഈവിധം
ദുരന്വയം — ബോദ്ധ്യമില്ലാത്ത
വചഃ നിശമ്യ — വാക്കിനെ കേട്ട്
ഭ്രമദ്ധിയഃ — അമ്പരന്നുള്ള ബുദ്ധിയോടുകൂടിയവരായി ഭവിച്ച
വിപ്രാഃ — ആ ബ്രാഹ്മണന്മാർ
തൂഷ്ണീം ആസൻ — മിണ്ടാതെയിരുന്നുപോയി.

ചിരം വിമൃശ്യ മുനയ ഈശ്വരസ്യേശിതവ്യതാം
ജനസംഗ്രഹ ഇത്യൂചുഃ സ്മയന്തസ്തം ജഗദ്ഗുരും. 15

മുനയഃ — മുനിമാർ
ചിരം — വളരെ നേരത്തോളം
വിമൃശ്യ — ആലോചിച്ച്,
ഈശ്വരസ്യ — ഈശ്വരനുള്ള

ഈശിതവ്യതാം — പാരതന്ത്ര്യത്തെ
ജനസംഗ്രഹഃ ഇതി — ലോകസംഗ്രഹമാണെന്ന് (ജനങ്ങൾക്കു ബോധ്യം വരുത്തുന്നതിനുവേണ്ടിയുള്ളതാണെന്ന്) നിശ്ചയിച്ചശേഷം
സ്മയന്തഃ — വിസ്മയംപൂണ്ടുകൊണ്ട്
തം ജഗദ്ഗുരും — ആ ജഗദ്ഗുരുവിനോട്
ഊചുഃ — പറഞ്ഞു.

നോട്ട്:— സർവ്വേശ്വരനായ കൃഷ്ണൻ കർമ്മപരതന്ത്രരായ ജീവാത്മാക്കളെപ്പോലെ മുനിമാരോട് അത്യാദരപൂർവ്വം പെരുമാറിയതും പറഞ്ഞതും അവരെ ആദ്യം അത്ഭുതപ്പെടുത്തുകയും, എന്നാൽ പിന്നീട് അവർതന്നെ ചിന്തിച്ച് ഇതെല്ലാം ലോകസംഗ്രഹത്തിനുള്ള അവിടത്തെ ലീലകളാണെന്നു തീർച്ചപ്പെടുത്തുകയും ചെയ്തു, എന്നിട്ട് ഇങ്ങനെ പറഞ്ഞു—

മുനയ ഊചുഃ=മുനിമാർ പറഞ്ഞു:—

യന്മായയാ തത്ത്വവിദുത്തമാ വയം വിമോഹിതാ വിശ്വസൃജാമധീശ്വരാഃ
യദീശിതവ്യായതി ഗൂഢ ഈഹയാ അഹോ വിചിത്രം ഭഗവദ്വിചേഷ്ടിതം.

വിശ്വസൃജാം — വിശ്വസ്രഷ്ടാക്കളായ പ്രജാപതിമാരുടെ
അധീശ്വരാഃ — അധീശ്വരന്മാരായ
വയം — ഞങ്ങൾ
തത്ത്വവിദ്- ഉത്തമാഃ അപി — തത്ത്വജ്ഞാനികളിൽ വെച്ച് ഉത്തമന്മാരെന്നിരിക്കിലുംകൂടി
യന്മായയാ — യാതൊരു നിന്തിരുവടിയുടെ മായയാൽ
വിമോഹിതാഃ — വിശേഷിച്ചും മോഹിതരായിത്തീർന്നിരിക്കുന്നു.
യത് — എന്തെന്നാൽ
ഈഹയാ — മനുഷ്യചേഷ്ടിതംകൊണ്ട്
ഗൂഢഃ — മറഞ്ഞിരിക്കുന്ന നിന്തിരുവടി
ഈശിതവ്യായതി — പരതന്ത്രനെന്നവിധം നടിക്കുന്നുവല്ലൊ.
ഭഗവദ്- വിചേഷ്ടിതം — സാക്ഷാൽ ഭഗവാനായ അവിടത്തെ വിലക്ഷണമായ കർമ്മം
അഹോ വിചിത്രം — അത്യധികം അത്ഭുതാവഹമായിരിക്കുന്നു.

അനീഹ ഏതദ്ബഹുധൈക ആത്മനാ സൃജത്യവത്യത്തി ന ബധ്യതേ യഥാ
ഭൗമൈർഹി ഭൂമിർബ്ബഹുനാമരൂപിണീ അഹോ വിഭൂമ്നശ്ചരിതം വിഡംബനം.

(ഭവാൻ) — നിന്തിരുവടി
അനീഹഃ — നിരാസക്തനും, (നിഷ്ക്രിയനും),
ഏകഃ — ഏകനും ആണെന്നിരിക്കിലും
ആത്മനാ — താൻതന്നെയായുള്ള സാധനംകൊണ്ട്
ഏതത് — ഈ പ്രപഞ്ചത്തെ
ബഹുധാ — പലരൂപത്തിൽ
സൃജതി — സൃഷ്ടിക്കുന്നു;
അവതി — രക്ഷിക്കുന്നു;
അത്തി — സംഹരിക്കുന്നു.
ന ബധ്യതേ — (ഈ ക്രിയകളാൽ) ബദ്ധനാകുന്നതുമില്ല.
യഥാ ഭൂമിഃ — ഏതുപ്രകാരം ഭൂമി
ഭൗമൈഃ — ഭൂമിയുടെതന്നെ രൂപാന്തരങ്ങളായ പദാർത്ഥങ്ങളാൽ (കുടം, ചുമർ, പ്രതിമ എന്നിവയാൽ)
ബഹുനാമ- രൂപിണീ — അനേകം നാമരൂപങ്ങളെ ധരിച്ചുകൊണ്ടിരിക്കുന്നുവോ, അതുപോലെ
വിഭൂമ്നഃ — വിവിധാകാരംപൂണ്ട മഹത്തമനായിരിക്കുന്ന നിന്തിരുവടിയുടെ
ചരിതം — ഈ പ്രവൃത്തി (മനുഷ്യഭാവം സ്വീകരിച്ച് മുനിമാരെ ആദരിക്കുക എന്നതു്)
വിഡംബനം — അനുകരണം മാത്രമാണ്.
അഹോ — എന്തൊരത്ഭുതം!

അഥാപി കാലേ സ്വജനാഭിഗുപ്തയേ ബിഭർഷി സത്ത്വം ഖലനിഗ്രഹായ ച
സ്വലീലയാ വേദപഥം സനാതനം വർണ്ണാശ്രമാത്മാ പുരുഷഃ പരോ ഭവാൻ.

| | |
|---|---|
| ഭവാൻ | നിന്തിരുവടി |
| പരഃ | എല്ലാററിന്നും മീതെയായി വൎത്തിക്കുന്ന |
| പുരുഷഃ | പുരുഷോത്തമനാണ്. |
| അഥാപി | എന്നിരിക്കിലും, |
| സ്വജനാഭിഗുപ്തയേ | സ്വഭക്തജനങ്ങളുടെ സംരക്ഷണത്തിന്നുംവേണ്ടി |
| ഖലനിഗ്രഹായ ച | ദുഷ്ടജനങ്ങളുടെ പരിത്രാണത്തിനുംവേണ്ടി |
| കാലേ | അതാതവസരത്തിൽ |
| സത്ത്വം | വിശുദ്ധസത്ത്വഗുണോപേതമായ ശരീരത്തെ |
| ബിഭർഷി | ധരിക്കുന്നു. |
| വർണ്ണാശ്രമാത്മാ | (അങ്ങനെ ശരീരധാരണത്താൽ) വർണ്ണാശ്രമങ്ങളെ സ്വീകരിച്ചിരുന്നുകൊണ്ട് |
| സ്വലീലയാ | താൻ നടത്തുന്ന ആചാരത്താൽ |
| സനാതനം | ശാശ്വതമായ |
| വേദപഥം | വേദമാർഗ്ഗത്തേയും |
| (ബിഭർഷി) | പരിരക്ഷിക്കുന്നു. |

ബ്രഹ്മ തേ ഹൃദയം ശുക്ലം തപഃസ്വാധ്യായസംയമൈഃ
യത്രോപലബ്ധം സദ്വ്യക്തമവ്യക്തം ച തതഃ പരം 19

| | |
|---|---|
| വ്യക്തം | നിന്തിരുവടിയുടെ കാര്യ (സാകാര) രൂപവും, |
| തതഃ | അവയിൽനിന്ന് |
| പരം | ഉയർന്നുനില്ക്കുന്നതും |
| സത് ച | സത്താമാത്രകവുമായ പരമാത്മസ്വരൂപവും |
| യത്ര | യാതൊരു വേദത്തിൽ |
| തപഃ- സ്വാധ്യായ- സംയമൈഃ | തപസ്സ്, സ്വാധ്യായം, ഇന്ദ്രിയനിഗ്രഹം എന്നിവാഴിയായി |
| ഉപലബ്ധം | ഏറെക്കുറെ അറിയപ്പെട്ടതായിരിക്കുന്നുവോ, |
| (തത്) ബ്രഹ്മ | ആ വേദം |
| തേ | നിന്തിരുവടിയുടെ |
| ശുക്ലം | വിശുദ്ധമായ |
| ഹൃദയം | അന്തരംഗമാകുന്നു. |

തസ്മാദ് ബ്രഹ്മകുലം ബ്രഹ്മൻ ശാസ്ത്രയോനേസ്ത്വമാത്മനഃ
സഭാജയസി സദ്ധാമ തദ് ബ്രഹ്മണ്യാഗ്രണീർഭവാൻ. 20

| | |
|---|---|
| ബ്രഹ്മൻ | പരബ്രഹ്മമൂർത്തേ! |
| തസ്മാത് | ആകയാൽ (വേദഹൃത്താകയാൽ) |
| ത്വം | നിന്തിരുവടി |
| ശാസ്ത്രയോനേഃ | വേദപ്രമാണകനായ |
| ആത്മനഃ | തന്റെ |
| സദ്ധാമ | ഉത്തമസങ്കേതമായിരിക്കുന്ന |
| ബ്രഹ്മകുലം | ബ്രാഹ്മണകുലത്തെ |
| സഭാജയസി | ആദരിക്കുന്നു. |
| തത് | തന്നിമിത്തം |
| ഭവാൻ | നിന്തിരുവടി |
| ബ്രഹ്മണ്യാഗ്രണീഃ | ബ്രാഹ്മണഭക്തിയുള്ളവരിൽ അഗ്രഗണ്യനുമായിരിക്കുന്നു. |

അദ്യ നോ ജന്മസാഫല്യം വിദ്യായാസ്തപസോ ദൃശഃ
ത്വയാ സംഗമ്യ സദ്ഗത്യാ യദന്തഃ ശ്രേയസാം പരഃ. 21

| | |
|---|---|
| സദ്ഗത്യാ | സജ്ജനങ്ങൾക്ക് ഏകാവലംബമായ |
| ത്വയാ | നിന്തിരുവടിയോടുകൂടെ |
| സംഗമ്യ | ചേർച്ചയുണ്ടായിട്ട് |
| അദ്യ നഃ | ഇന്നു ഞങ്ങൾക്ക് |
| ജന്മസാഫല്യം | ജന്മസാഫല്യമുണ്ടായി. |

| | | | |
|---|---|---|---|
| വിദ്യായാഃ | ജ്ഞാനത്തിന്നും, | (ത്വം) | നിന്തിരുവടി |
| തപസഃ | തപസ്സിന്നും, | ശ്രേയസാം | സമസ്തപുരുഷാർത്ഥങ്ങളുടേയും |
| ദൃശഃ | കണ്ണിന്നും (സാഫല്യമുണ്ടായി) | പരഃ അന്തഃ | പരമാവധിയാകുന്നു. |
| യത് | എന്തെന്നാൽ, | | |

നമസ്തസ്മൈ ഭഗവതേ കൃഷ്ണായാകുണ്ഠമേധസേ
സ്വയോഗമായയാച്ഛന്നമഹിമ്നേ പരമാത്മനേ. 22

| | | | |
|---|---|---|---|
| അകുണ്ഠമേധസേ | തടവററ വിജ്ഞാനശക്തിയോടുകൂടിയവനായും, | പരമാത്മനേ | അന്തരാത്മാവായും |
| സ്വയോഗമായയാ | തന്റെ യോഗമായയാൽ | ഭഗവതേ | ഐശ്വര്യാദിഗുണോപേതനായും ഇരിക്കുന്ന |
| ഛന്നമഹിമ്നേ | മറഞ്ഞിരിക്കുന്ന മഹിമയോടുകൂടിയവനായും, | തസ്മൈ കൃഷ്ണായ | ആ ശ്രീകൃഷ്ണമൂർത്തിക്ക് |
| | | നമഃ | നമസ്കാരം. |

നയം വിദന്ത്യമീ ഭൂപാ ഏകാരാമാശ്ച വൃഷ്ണയഃ
മായാജവനികാച്ഛന്നമാത്മാനം കാലമീശ്വരം. 23

| | | | |
|---|---|---|---|
| മായാജവനികാച്ഛന്നം | മായയാവുന്ന മൂടുപടത്താൽ മറയ്ക്കപ്പെട്ടവനായും, | യം | യാതൊരു നിന്തിരുവടിയെ |
| ആത്മാനം | സർവ്വാത്മാവായും, | അമീ ഭൂപാഃ | ഈ രാജാക്കന്മാരും |
| കാലം | കാലസ്വരൂപനായും, | ഏകാരാമാഃ | ഒരേ ഇടത്തു സന്തോഷപൂർവ്വം സഹവസിച്ചുവരുന്ന |
| ഈശ്വരം | സർവ്വനിയന്താവായും ഇരിക്കുന്ന | വൃഷ്ണയഃ ച | യാദവന്മാർകൂടിയും |
| | | ന വിദന്തി | മനസ്സിലാക്കുന്നില്ല. |

യഥാ ശയാനഃ പുരുഷ ആത്മാനം ഗുണതത്ത്വദൃക്
നാമമാത്രേന്ദ്രിയാഭാതം ന വേദ രഹിതം പരം. 24

ഏവം ത്വാ നാമമാത്രേഷു വിഷയേഷ്വിന്ദ്രിയേഹയാ
മായയാ വിഭ്രമച്ചിത്തോ ന വേദ സ്മൃത്യുപപ്ലവാത് 25

| | | | |
|---|---|---|---|
| ശയാനഃ | കിടന്നുറങ്ങുന്ന | ന വേദ | അറിയുന്നുമില്ല ; |
| പുരുഷഃ | മനുഷ്യൻ | യഥാ | ഇതെങ്ങിനെയോ, |
| ഗുണതത്ത്വദൃക് | സ്വപ്നത്തിന്ന് വിഷയീഭവിച്ച വസ്തുക്കളിൽ വാസ്തവികബുദ്ധിയോടുകൂടിയവനായിഭവിച്ച് | ഏവം | അതുപോലെ |
| നാമമാത്രേന്ദ്രിയാഭാതം | പേരിന്നുമാത്രമായി മനസ്സിൽ നിഴലിക്കപ്പെട്ട വല്ലതുമൊന്നായിട്ട് | നാമമാത്രേഷു | പേരിന്നുമാത്രമുള്ളവയായ |
| | | വിഷയേഷു | വിഷയങ്ങളിൽ ഉണ്ടാവുന്നതുമായ |
| | | ഇന്ദ്രിയേഹയാ | ഇന്ദ്രിയപ്രവൃത്തിയാവുന്ന |
| | | മായയാ | മായകൊണ്ട് |
| ആത്മാനം | തന്നെ | വിഭ്രമച്ചിത്തഃ | ചിത്തവിഭ്രമം ചെന്നവൻ |
| (വേദ) | അറിയുന്നു (കാണുന്നു); | സ്മൃത്യുപപ്ലവാത് | വിവേകഭ്രംശത്താൽ |
| രഹിതം | അതിൽനിന്നു വേറിട്ട | ത്വാ | നിന്തിരുവടിയെ |
| പരം | മറെറാരു തന്നെ | ന വേദ | അറിയാതിരിക്കുന്നു. |

തസ്യാദ്യ തേ ദദൃശിമാങ്ഘ്രിമഘൗഘമർഷ-
തീർത്ഥാസ്പദം ഹൃദി കൃതം സുവിപക്വയോഗൈഃ
ഉത്സിക്തഭക്ത്യുപഹതാശയജീവകോശാ
ആപുർഭവദ്ഗതിമഥാനുഗൃഹാണ ഭക്താൻ. 26

| | | | |
|---|---|---|---|
| അഘൗഘമർഷ-തീർത്ഥാസ്പദം | പാപസമൂഹത്തെ ഒടുക്കുന്ന തീർത്ഥങ്ങൾക്ക് ഉറവിടമായതും | ദദൃശിമ | ഞങ്ങൾ ദർശിച്ചു. |
| സുവിപക്വ-യോഗൈഃ | നല്ല പരിപാകം വന്ന യോഗസാധനയോടു കൂടിയവരാൽ | ഉത്സിക്ത-ഭക്ത്യുപഹതാ-ശയജീവകോശാഃ | വളർന്ന ഭക്തിയാൽ അന്തഃകരണമാവുന്ന ആത്മാവരണം അകററപ്പെട്ടവർ മാത്രമേ |
| ഹൃദി | ഹൃദയത്തിൽ | ഭവദ്ഗതിം | നിന്തിരുവടിയുടെ ആശ്രയത്തെ |
| കൃതം | പ്രതിഷ്ഠിക്കപ്പെട്ടതുമായ | ആപുഃ | പ്രാപിച്ചിട്ടുള്ളു. |
| തസ്യ തേ | ആ നിന്തിരുവടിയുടെ | അഥ | ആകയാൽ |
| അങ്ഘ്രിം | തൃച്ചേവടിയെ | ഭക്താൻ | ഭക്തന്മാരായ ഞങ്ങളെ |
| അദ്യ | ഇന്ന് | അനുഗൃഹാണ | ആശീർവദിച്ചാലും. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇത്യനുജ്ഞാപ്യ ദാശാർഹം ധൃതരാഷ്ട്രം യുധിഷ്ഠിരം
രാജർഷേ സ്വാശ്രമാൻ ഗന്തും മുനയോ ദധിരേ മനഃ. 27

| | | | |
|---|---|---|---|
| രാജർഷേ | രാജർഷിയായ പരീക്ഷിത്തേ! | യുധിഷ്ഠിരം | യുധിഷ്ഠിരനോടും |
| മുനയഃ | മുനിമാർ | അനുജ്ഞാപ്യ | യാത്രപറഞ്ഞ് |
| ഇതി | ഈവിധം സ്തുതിച്ച്, | സ്വാശ്രമാൻ | തങ്ങളുടെ ആശ്രമങ്ങളിലേക്ക് |
| ദാശാർഹം | ശ്രീകൃഷ്ണനോടും, | ഗന്തും | പോകുവാൻ |
| ധൃതരാഷ്ട്രം | ധൃതരാഷ്ട്രരോടും, | മനഃ ദധേ | ഉദ്യമിച്ചു. |

തദ്വീക്ഷ്യ താനുപവ്രജ്യ വസുദേവോ മഹായശാഃ
പ്രണമ്യ ചോപസംഗൃഹ്യ ബഭാഷേദം സുയന്ത്രിതഃ. 28

| | | | |
|---|---|---|---|
| തത് വീക്ഷ്യ | അതു കണ്ട് | ഉപസംഗൃഹ്യ | കാൽപിടിച്ച് |
| മഹായശാഃ | അതികീർത്തിശാലിയായ | പ്രണമ്യ ച | നമസ്കരിച്ചശേഷം |
| വസുദേവഃ | ശ്രീവസുദേവൻ | സുയന്ത്രിതഃ | ഏററവും മനോനിയന്ത്രണത്തോടുകൂടിയവനായിട്ട് |
| താൻ | അവരെ | | |
| ഉപവ്രജ്യ | പിന്തുടർന്നുചെന്ന് | ഇദം ബഭാഷേ | ഈവിധം പറഞ്ഞു. |

വസുദേവ ഉവാച=വസുദേവൻ പറഞ്ഞു :—

നമോ വഃ സർവ്വദേവേഭ്യ ഋഷയഃ ശ്രോതുമർഹഥ
കർമ്മണാ കർമ്മനിർഹാരോ യഥാ സ്യാന്നസ്തദുച്യതാം. 29

| | | | |
|---|---|---|---|
| ഋഷയഃ | മാമുനിമാരേ ! | കർമ്മണാ | കർമ്മാനുഷ്ഠാനത്താൽ |
| സർവ്വദേവേശ്യഃ | സർവ്വദേവസ്വരൂപ നാരായ | കർമ്മനിർഹാരഃ | കർമ്മനിവൃത്തി (കർമ്മങ്ങളുടേയും കർമ്മവാസനകളുടേയും ആത്യന്തികവിനാശം) |
| വഃ നമഃ | ഭവാന്മാക്ക നമസ്കാരം. | | |
| ശ്രോതും അർഹഥ | കേട്ടുകൊണ്ടാലും | സ്യാത് തത് | സംഭവിക്കുമെന്നു് |
| യഥാ | യാതൊരുപ്രകാരത്തിലുള്ള | ഉദ്യതാം | ഉപദേശിക്കപ്പെട്ടാലും ! |

നാരദ ഉവാച=ശ്രീനാരദൻ പറഞ്ഞു :—

നാതിചിത്രമിദം വിപ്രാ വസുദേവോ ബുഭുത്സയാ
കൃഷ്ണം മത്വാർഭകം യന്നഃ പൃച്ഛതി ശ്രേയ ആത്മനഃ. 30

| | | | |
|---|---|---|---|
| വിപ്രാഃ | വേദജ്ഞന്മാരേ ! | ശ്രേയഃ | ശ്രേയസ്സിനെക്കുറിച്ചുള്ള |
| കൃഷ്ണം | ശ്രീകൃഷ്ണനെ | ബുഭുത്സയാ | ജിജ്ഞാസകൊണ്ടു് |
| അർഭകം | കുട്ടിയാണെന്നു് | നഃ പൃച്ഛതി | നമ്മോടു ചോദിക്കുന്നു- |
| മത്വാ | കരുതി, | യത് ഇദ- | എന്നുള്ളതു് |
| വസുദേവഃ | വസുദേവൻ | ന അതിചിത്രം | അത്യത്ഭുതമല്ല. |
| ആത്മനഃ | തന്റെ | | |

സന്നികർഷോ ഹി മർത്ത്യാനാമനാദരണകാരണം
ഗാംഗം ഹിത്വാ യഥാന്യാംഭസ്തത്രത്യോ യാതി ശുദ്ധയേ. 31

| | | | |
|---|---|---|---|
| ഹി | എന്തെന്നാൽ, | ഗാംഗം | ഗംഗാജലത്തെ |
| സന്നികർഷഃ | അത്യന്തസാമീപ്യം | ഹിത്വാ | ഉപേക്ഷിച്ചു്, |
| മർത്ത്യാനാം | മനുഷ്യർക്കു് | ശുദ്ധയേ | ശുദ്ധിക്കുവേണ്ടി |
| അനാദരണ- കാരണം | അനാദരവിന്നു് ഹേതുവായിത്തീരുന്നു. | തത്രത്യഃ | അതിന്റെ അടുത്തുള്ളവൻ |
| | | അന്യാംഭഃ | മററു ജലത്തിലേക്കു് |
| | | യാതി | പോകുന്നുവോ, |
| യഥാ | ഏതുപോലെ | | (അതുപോലെ.) |

യസ്യാനുഭൂതിഃ കാലേന ലയോത്പത്ത്യാദിനാസ്യ വൈ
സ്വതോഽന്യസ്മാച്ച ഗുണതോ ന കുതശ്ചന രിഷ്യതി. 32

തം ക്ലേശകർമ്മപരിപാകഗുണപ്രവാഹൈ-
രവ്യാഹതാനുഭവമീശ്വരമദ്വിതീയം
പ്രാണാദിഭിഃ സ്വവിഭവൈരുപഗൂഢമന്യോ
മന്യേത സൂര്യമിവ മേഘഹിമോപരാഗൈഃ. 33

| | | | |
|---|---|---|---|
| യസ്യ | യാതൊരുവനെ സംബന്ധിച്ച | അന്യസ്മാത് | മറെറാന്നിനാലാകട്ടെ, |
| അനുഭൂതിഃ | അനുഭവജ്ഞാനം | ഗുണതഃ ച | (വിരുദ്ധ) ഗുണത്താലാകട്ടെ, |
| അസ്യ | ഈ പ്രപഞ്ചത്തിന്റെ | കുതശ്ചന | ഏതെങ്കിലും പ്രകാരത്താലാകട്ടെ |
| ലയോത്പത്ത്യാ- ദിനാ വൈ | വിനാശോൽപത്തികൾ മുതലായ ആദിമൂലമായ | ന രിഷ്യതി | നഷ്ടമാവുകയില്ലയോ, |
| | | തം | അങ്ങനെയുള്ളവനായി |
| | | അവ്യാഹതാ- നുഭവം | ഒന്നിനാലും നശിപ്പിക്കപ്പെടാത്ത അനുഭവത്തോടുകൂടിയവനായും, |
| കാലേന | കാലത്താലാകട്ടെ, | | |
| സ്വതഃ | തന്നാൽത്താനാകട്ടെ, | | |

| | |
|---|---|
| അദ്വിതീയം | താനല്ലാതെ മറ്റൊന്നി |
| | ല്ലാത്ത ആളായും |
| ഈശ്വരം | സർവ്വനിയന്താവായും |
| | ഇരിക്കുന്ന ശ്രീകൃഷ്ണനെ |
| അന്യഃ | മറ്റു പ്രാകൃതജനം |
| ക്ലേശകർമ്മ- | രാഗദ്വേഷാദിക്ലേശങ്ങ |
| പരിപാക- | ളാലും, അവയെ മുൻ |
| ഗുണപ്രവാഹൈഃ | നിർത്തിക്കൊണ്ടുള്ള കർമ്മ |
| | ങ്ങളാലും, ആ കർമ്മങ്ങളുടെ |
| | പരിണതഫലങ്ങളായ സുഖ |
| | ദുഃഖങ്ങളാലും, സത്വാദി |
| | ഗുണങ്ങളുടെ പ്രവാഹത്താലും |
| പ്രാണാദിഭിഃ | പ്രാണൻ, മനസ്സ്, ബുദ്ധി |
| | എന്നീ |
| സ്വവിഭവൈഃ | സ്വവിഭവങ്ങളാൽ |
| ഉപഗൂഢം | ആച്ഛന്നനായിട്ട്, |
| മേഘനീഹാര- പരാഗൈഃ | മേഘം, മഞ്ഞ്, ഗ്രഹണം എന്നിവയാൽ |
| സൂര്യം ഇവ | സൂര്യനെ ആച്ഛന്നനാ |
| | യിട്ട് കരുതുന്നപോലെ |
| മന്യതേ | കരുതുവാനിടയുണ്ട്. |

അഥോചുർമ്മുനയോ രാജന്നാഭാഷ്യാനകദുന്ദുഭിം
സർവ്വേഷാം ശൃണ്വതാം രാജ്ഞാം തഥൈവാച്യുതരാമയോഃ 34

| | |
|---|---|
| രാജൻ | രാജാവേ! |
| അഥ മുനയഃ | അനന്തരം മുനിമാർ |
| ആനകദുന്ദുഭിം | വസുദേവനെ |
| ആഭാഷ്യ | സംബോധനചെയ്ത് |
| സർവ്വേഷാം രാജ്ഞാം | എല്ലാ രാജാക്കന്മാരും |
| ശൃണ്വതാം | കേട്ടുകൊണ്ടിരിക്കെ, |
| തഥാ ഏവ | അതേവിധം |
| അച്യുതരാമയോഃ | ശ്രീകൃഷ്ണനും ബലരാമ |
| | നും കേട്ടുകൊണ്ടിരിക്കെ, |
| ഊചുഃ | ഇങ്ങനെ പറഞ്ഞു. |

കർമ്മണാ കർമ്മനിർഹാര ഏഷ സാധു നിരൂപിതഃ
യച്ഛ്രദ്ധയാ യജേദ്വിഷ്ണും സർവ്വയജ്ഞേശ്വരം മഖൈഃ 35

| | |
|---|---|
| ശ്രദ്ധയാ | ശ്രദ്ധയോടുകൂടി |
| മഖൈഃ | യാഗങ്ങളെക്കൊണ്ട് |
| സർവ്വ- യജ്ഞേശ്വരം | സർവ്വയാഗങ്ങളുടേയും ഫലദാതാവായ |
| വിഷ്ണും | മഹാവിഷ്ണുവിനെ |
| യജേത് | ആരാധിക്കുക |
| യത് | എന്നുള്ളയാതൊന്നോ, |
| ഏഷഃ | ഇതുതന്നെയാണ് |
| കർമ്മണാ | കർമ്മമാർഗ്ഗത്തിലൂടെയുള്ള |
| കർമ്മനിർഹാരഃ | കർമ്മനിവൃത്തിയായിട്ട് |
| സാധു | ശരിയായവിധം |
| നിരൂപിതഃ | പറയപ്പെട്ടിരിക്കുന്നത്. |

ചിത്തസ്യോപശമോഽയം വൈ കവിഭിഃ ശാസ്ത്രചക്ഷുഷാ
ദർശിതഃ സുഗമോ യോഗോ ധർമ്മശ്ചാത്മമുദാവഹഃ 36

| | |
|---|---|
| അയം വൈ | ഈ കർമ്മമാർഗ്ഗത്തിലൂടെ |
| | യുള്ള കർമ്മനിവൃത്തി |
| | തന്നെയാണ് |
| ചിത്തസ്യ | മനസ്സിന്ന് |
| ഉപശമഃ | ശാന്തിയെ |
| | ജനിപ്പിക്കുന്നതും, |
| ആത്മമുദാവഹഃ | അന്തരംഗത്തിൽ ആനന്ദ |
| | ത്തെ ഉളവാക്കുന്നതും, |
| ധർമ്മഃ ച | (ക്ഷത്രിയർക്കുള്ള) ധർമ്മവും |
| | ആയിരിക്കുന്നത് |
| കവിഭിഃ | ജ്ഞാനാദികളാൽ |
| ശാസ്ത്രചക്ഷുഷാ | ശാസ്ത്രദൃഷ്ടികൊണ്ട് |
| സുഗമഃ | എളുപ്പവഴിക്കുള്ള |
| യോഗഃ | മോക്ഷോപായമായി |
| ദർശിതഃ | കാണപ്പെട്ടിരിക്കുന്നതും |
| | ഇതുതന്നെയാകുന്നു. |

അയം സ്വസ്ത്യയനഃ പന്ഥാ ദ്വിജാതേർഗൃഹമേധിനഃ
യച്ഛ്രദ്ധയാഽഽപ്തവിത്തേന ശുക്ലേനേജ്യേത പൂരുഷഃ 37

| | | | |
|---|---|---|---|
| ശുക്ലേന | വിശുദ്ധമായ | യത് അയം | എന്നുള്ളതു് |
| ആപ്തവിത്തേന | സ്വാർജ്ജിതമായ ധനത്തു കൊണ്ടു് | ഗൃഹമേധിനഃ | ഗൃഹസ്ഥാശ്രമം സ്വീകരിച്ച |
| ശ്രദ്ധയാ | ശ്രദ്ധയോടെ | ദ്വിജാതേഃ | ഒരു ത്രൈവർണ്ണികന്നു |
| പൂരുഷഃ | ഭഗവാൻ | സ്വസ്ത്യയനഃ | ശ്രേയസ്സിലേക്കെത്തിക്കുന്ന |
| ഇജ്യേത | സമാരാധിക്കപ്പെടുക | പന്ഥാഃ | മാർഗ്ഗമാകുന്നു. |

വിത്തൈഷണാം യജ്ഞദാനൈർഗൃഹൈർദ്ദാരസുതൈഷണാം
ആത്മലോകൈഷണാം ദേവ കാലേന വിസൃജേദ് ബുധഃ
ഗ്രാമേ ത്യക്തൈഷണാഃ സർവ്വേ യയുർധീരാസ്തപോവനം. 38

| | | | |
|---|---|---|---|
| ദേവ | ഹേ വസുദേവ! | ആത്മ-ലോകൈഷണാം | തന്റെ ലോകൈഷണയേയും (തനിക്കു സ്വർഗ്ഗാദിദിവ്യലോകങ്ങളിലുള്ള വാഞ്ഛയേയുംകൂടി) |
| ബുധഃ | അറിവുള്ളവൻ | | |
| യജ്ഞദാനൈഃ | യജ്ഞദാനാദികളാൽ | | |
| വിത്തൈഷണാം | ധനൈഷണയേയും, | | |
| ഗൃഹൈഃ | ഗൃഹസംബന്ധമായ ഭോഗാനുഭവങ്ങളാൽ | വിസൃജേത് | ഉപേക്ഷിച്ചേക്കണം. |
| | | ധീരാഃ സർവ്വേ | ബുദ്ധിമാന്മാരേവരും |
| ദാര-സുതൈഷണാം | ദാരൈഷണയേയും, പുത്രൈഷണയേയും | ഗ്രാമേ | ഗൃഹത്തിൽവെച്ചുതന്നെ |
| കാലേന | കാലത്താൽ (കാലസ്വരൂപമായ ഈശ്വരചൈതന്യത്തിന്റെ അനുസന്ധാനത്താൽ) | ത്യക്തൈഷണാഃ | ഏഷണകൾ (ആഗ്രഹങ്ങൾ) മുഴുവനും ഉപേക്ഷിച്ചവരായിട്ടു് |
| | | തപോവനം | തപോവനത്തിലേക്കു് |
| | | യയുഃ | പോയവരത്രേ |

ഋണൈസ്ത്രിഭിർദ്വിജോ ജാതോ ദേവർഷിപിതൄണാം പ്രഭോ
യജ്ഞാധ്യയനപുത്രൈസ്താന്യനിസ്തീര്യ ത്യജൻ പതേത്. 39

| | | | |
|---|---|---|---|
| പ്രഭോ | രാജാവേ! | ജാതഃ | ജനിച്ചവനാകുന്നു. |
| ദ്വിജഃ | ഒരു ത്രൈവർണ്ണികൻ (ബ്രാഹ്മണനോ, ക്ഷത്രിയനോ, വൈശ്യനോ ആയവൻ) | താനി | അവയെ |
| | | യജ്ഞാധ്യയന-പുത്രൈഃ | യജ്ഞം, വേദാധ്യയനം, പുത്രൻ എന്നിവകൊണ്ടു |
| ദേവർഷി-പിതൄണാം | ദേവന്മാർ, ഋഷികൾ, പിതൃക്കൾ എന്നിവരുടെ | അനിസ്തീര്യ | വീട്ടാതെ |
| | | ത്യജൻ | ഗൃഹകൃത്യം വിട്ടാൽ |
| ത്രിഭിഃ ഋണൈ | മൂന്നുകടങ്ങളോടെ | പതേത് | കീഴോട്ടുപോരേക്കും. |

ത്വം ത്വദ്യ മുക്തോ ദ്വാഭ്യാം വൈ ഋഷിപിത്രോർമ്മഹാമതേ
യജ്ഞൈർദ്ദേവർണ്ണമുന്മുച്യ നിരൃണോഽശരണോ ഭവ. 40

| | | | |
|---|---|---|---|
| മഹാമതേ | ഹേ ബുദ്ധിമൻ! | യജ്ഞൈഃ | യാഗങ്ങളാൽ |
| ത്വം തു അദ്യ | അങ്ങയാകട്ടെ ഇന്നു് | ദേവർണ്ണം | ദേവന്മാർക്കുള്ള കടത്തേയും |
| ഋഷിപിത്രോഃ | ഋഷികൾക്കും പിതൃക്കൾക്കും ഉള്ള | ഉന്മുച്യ | വീട്ടിയശേഷം |
| | | നിരൃണഃ | ഋണനിർമ്മുക്തനായി, |
| ദ്വാഭ്യാം വൈ | രണ്ടു കടങ്ങളിൽനിന്നും | അശരണഃ | ഗൃഹാസക്തി വിട്ടവനായി |
| മുക്തഃ | വിടപ്പെട്ടിരിക്കുന്നു. | ഭവ | ഭവിച്ചാലും |

വസുദേവ ഭവാൻ നൂനം ഭക്ത്യാ പരമയാ ഹരിം
ജഗതാമീശ്വരം പ്രാൎച്ചഃ സ യദ്വാം പുത്രതാം ഗതഃ. 41

| | | | |
|---|---|---|---|
| വസുദേവ | ഹേ വസുദേവ! | പ്രാൎച്ചഃ | ആരാധിച്ചിരിക്കുന്നു. |
| ഭവാൻ | താങ്കൾ | യത് | യാതൊരു ആ കാരണത്തിലാണല്ലോ |
| പരമയാ | ഉത്തമമായ | | |
| ഭക്ത്യാ | ഭക്തിയോടുകൂടി | സഃ | അവിടുന്നു് |
| ജഗതാം | സകലലോകങ്ങളുടേയും | വാം | നിങ്ങളിരുവരുടേയും |
| ഈശ്വരം | നിയന്താവായ | പുത്രതാം | പുത്രഭാവത്തെ |
| ഹരിം നൂനം | ശ്രീഹരിയെ തീൎച്ചയായും | ഗതഃ | പ്രാപിച്ചിരിക്കുന്നതു്. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഇതി തദ്വചനം ശ്രുത്വാ വസുദേവോ മഹാമനാഃ
താനൃഷീനൃത്വിജോ വവ്രേ മൂൎദ്ധ്നാऽऽനമ്യ പ്രസാദ്യ ച. 42

| | | | |
|---|---|---|---|
| ഇതി | ഈവിധമുള്ള | താൻ ഋഷീൻ | ആ ഋഷിമാരെ |
| തദ്വചനം | അവരുടെ വചനത്തെ | മൂൎദ്ധ്നാ | ശിരസ്സിനാൽ |
| ശ്രുത്വാ | കേട്ടു്, | ആനമ്യ | കുമ്പിട്ടു വണങ്ങി, |
| മഹാമനാഃ | മഹാമനസ്സുനായ | പ്രസാദ്യ ച | പ്രസാദിപ്പിക്കയുംചെയ്തു് |
| വസുദേവഃ | ശ്രീവസുദേവൻ | ഋത്വിജഃ | ഋത്വിക്കുകളായിട്ടു് |
| | | വവ്രേ | വരിച്ചു. |

ത ഏനമൃഷയോ രാജൻ വൃതാ ധൎമ്മേണ ധാൎമ്മികം
തസ്മിന്നയാജയൻ ക്ഷേത്രേ മഖൈരുത്തമകല്പകൈഃ. 43

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ഉത്തമകല്പകൈഃ | ഉത്തമസാമഗ്രികളോടുകൂടിയ |
| തേ ഋഷയഃ | ആ മഹൎഷിമാർ | | |
| ധൎമ്മേണ | മുറപ്രകാരം | മഖൈഃ | യാഗങ്ങളാൽ |
| വൃതാഃ | വരിക്കപ്പെട്ടവരായിട്ടു്, | ധാൎമ്മികം | ധൎമ്മതല്പരനായ |
| തസ്മിൻ ക്ഷേത്രേ | ആ കുരുക്ഷേത്രത്തിൽ വെച്ചു് | ഏനം | ഈ വസുദേവനെ |
| | | അയാജയൻ | യജിപ്പിച്ചു. |

തദ്ദീക്ഷായാം പ്രവൃത്തായാം വൃഷ്ണയഃ പുഷ്കരസ്രജഃ
സ്നാതാഃ സുവാസസോ രാജൻ രാജാനഃ സുഷ്ഠ്വലംകൃതാഃ. 44
തന്മഹിഷ്യശ്ച മുദിതാ നിഷ്കകണ്ഠ്യഃ സുവാസസഃ
ദീക്ഷാശാലാമുപാജഗ്മുരാലിപ്താ വസ്തുപാണയഃ. 45

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | സുഷ്ഠു | നല്ലപോലെ |
| തദ്ദീക്ഷായാം | ആ യജ്ഞദീക്ഷ | അലംകൃതാഃ | അലങ്കരിക്കപ്പെട്ടവരായി, |
| പ്രവൃത്തായാം | തുടങ്ങിയപ്പോഴ് | പുഷ്കരസ്രജഃ | താമരമാല ചാൎത്തിയവരുമായി ഭവിച്ചുകൊണ്ടും, |
| വൃഷ്ണയഃ | വൃഷ്ണികളും, | | |
| രാജാനഃ | രാജാക്കന്മാരും | തന്മഹിഷ്യഃ ച | അദ്ദേഹത്തിന്റെ (വസുദേവരുടെ) പത്നിമാരാകട്ടെ |
| സ്നാതാഃ | സ്നാനംചെയ്തവരായി, | | |
| സുവാസസഃ | നല്ലവസ്ത്രം ധരിച്ചവരായി, | മുദിതാഃ | സന്തുഷ്ടകളായി, |

| | |
|---|---|
| നിഷ്ക്കണ്ഠ്യഃ | പൊൻപതക്കം അണിഞ്ഞവരായി, |
| സ്വവാസസഃ | നല്ലപുടവകൾ ഉടുത്തവരായി, |
| ആലിപ്താഃ | കുറിക്കൂട്ടുചാർത്തിയവരായി, |
| വസ്തുപാണയഃ | കൈകളിൽ മംഗളദ്രവ്യങ്ങളെടുത്തവരുമായി ഭവിച്ചുകൊണ്ടും |
| ദീക്ഷാശാലാം | യാഗശാലയിലേക്ക് |
| ഉപാജഗ്മുഃ | വന്നുചേർന്നു. |

നേദുർമൃദംഗപടഹശംഖഭേര്യാനകാദയഃ
നനൃതുർന്നടനർത്തക്യസ്തുഷ്ടുവുഃ സൂതമാഗധാഃ
ജഗുഃ സുകണ്ഠ്യോ ഗന്ധർവ്വ്യഃ സംഗീതം സഹഭർത്തൃകാഃ. 46

| | |
|---|---|
| മൃദംഗപടഹശംഖഭേര്യാനകാദയഃ | മൃദംഗം, പടഹം, ശംഖ്, ആനകം മുതലായുള്ള വാദ്യങ്ങൾ |
| നേദുഃ | മുഴങ്ങി. |
| നടനർത്തക്യഃ | നടന്മാരും, നടികളും |
| നനൃതുഃ | നൃത്തംചെയ്തു |
| സൂതമാഗധാഃ | സൂതന്മാരും, മാഗധന്മാരും |
| തുഷ്ടുവുഃ | സ്തുതിച്ചു. |
| സുകണ്ഠ്യഃ | നല്ലശാരീരമുള്ള |
| ഗന്ധർവ്വ്യഃ | ഗന്ധർവ്വസ്ത്രീകൾ |
| സഹഭർത്തൃകാഃ | ഭർത്താക്കന്മാരോടുകൂടി |
| സംഗീതം ജഗുഃ | സംഗീതം പാടി. |

തമഭ്യഷിഞ്ചൻ വിധിവദക്തമഭ്യക്തമൃത്വിജഃ
പത്നീഭിരഷ്ടാദശഭിഃ സോമരാജമിവോഡുഭിഃ. 47

| | |
|---|---|
| അക്തം | കണ്ണുകളിൽ അഞ്ജനമെഴുതിയവനും, |
| അഭ്യക്തം | ദേഹമാസകലം വെണ്ണ തേച്ചിരിക്കുന്നവനും, |
| അഷ്ടാദശഭിഃ | പതിനെട്ട് |
| പത്നീഭിഃ | പത്നിമാരോടുകൂടിയവനുമായ |
| തം | ആ ശ്രീവസുദേവനെ |
| ഉഡുഭിഃ | നക്ഷത്രങ്ങളോടുകൂടിയ |
| സോമരാജം | ചന്ദ്രനെ |
| ഇവ | പണ്ട് അഭിഷേകം ചെയ്തതുപോലെ |
| ഋത്വിജഃ | ഋത്വിക്കുകൾ |
| വിധിവത് | വിധിയാംവണ്ണം |
| അഭ്യഷിഞ്ചൻ | അഭിഷേചിച്ചു. |

താഭിർദ്ദുകൂലവലയൈർഹാരനൂപുരകുണ്ഡലൈഃ
സ്വലംകൃതാഭിർവ്വിബഭൗ ദീക്ഷിതോഽജിനസംവൃതഃ 48

| | |
|---|---|
| ദുകൂലവലയൈഃ | പട്ടാടകളാലും, വളകളാലും, |
| ഹാരനൂപുരകുണ്ഡലൈഃ | മുത്തുമാലകൾ, കാൽച്ചിലമ്പുകൾ, കർണ്ണഭൂഷണങ്ങൾ എന്നിവയാലും |
| സ്വലംകൃതാഭിഃ | നന്നായലങ്കരിക്കപ്പെട്ട |
| താഭിഃ | ആ പത്നിമാരോടുകൂടി |
| ദീക്ഷിതഃ | യാഗദീക്ഷചെയ്ത വസുദേവൻ |
| അജിനസംവൃതഃ | മാന്തോൽ ചുററിയുടുത്തവനുമായിട്ട് |
| വിബഭൗ | വിശേഷേണ ശോഭിച്ചു. |

തസ്യർത്വിജോ മഹാരാജ രത്നകൗശേയവാസസഃ
സസദസ്യാ വിരേജുസ്തേ യഥാ വൃത്രഹണോഽധ്വരേ 49

| | |
|---|---|
| മഹാരാജ | മഹാരാജാവേ! |
| സസദസ്യാഃ | സദസ്യന്മാരോടുകൂടിയവരും |
| രത്നകൗശേയവാസസഃ | രത്നങ്ങൾ തുന്നിപ്പിടിപ്പിച്ച പട്ടുവസ്ത്രം ധരിച്ചിരിക്കുന്നവരുമായ |

| | | | |
|---|---|---|---|
| തസ്യ | അദ്ദേഹത്തിന്റെ | അധ്വരേ | യാഗത്തിൽ |
| തേ ഋത്വിജഃ | ആ ഋത്വിക്കുകൾ | യഥാ | എന്നതുപോലെ |
| വൃത്രഘ്നഃ | വൃത്രഹന്താവായ ഇന്ദ്രന്റെ | വിരേജുഃ | ശോഭിച്ചു. |

തദാ രാമശ്ച കൃഷ്ണശ്ച സ്വൈഃ സ്വൈർബന്ധുഭിരന്വിതൌ
രേജതുഃ സ്വസുതൈർദ്ദാരൈർജ്ജീവേശൌ സ്വവിഭൂതിഭിഃ. 50

| | | | |
|---|---|---|---|
| തദാ | അന്നേരത്ത് | അന്വിതൌ | ചേർന്നിട്ടുള്ളവരായ— |
| സ്വൈഃ സ്വൈഃ | താന്താങ്ങൾക്കുള്ള | ജീവേശൌ | സമസ്തജീവാത്മാക്കൾക്കും നാഥന്മാരായ |
| ബന്ധുഭിഃ | ബന്ധുക്കളോടും, | | |
| സ്വവിഭൂതിഭിഃ | സ്വാംശസംഭൂതരായ | രാമഃ ച | ശ്രീബലഭദ്രരും |
| സ്വസുതൈഃ | സ്വപുത്രന്മാരോടും, | കൃഷ്ണഃ ച | ശ്രീകൃഷ്ണഭഗവാനും |
| ദാരൈഃ | പത്നിമാരോടും | രേജതുഃ | വിളങ്ങി. |

ഈജേഽനുയജ്ഞം വിധിനാ അഗ്നിഹോത്രാദിലക്ഷണൈഃ
പ്രാകൃതൈർവൈകൃതൈർയ്യജ്ഞൈർദ്രവ്യജ്ഞാനക്രിയേശ്വരം. 51

| | | | |
|---|---|---|---|
| വിധിനാ | വിധിയോടെ | അഗ്നിഹോത്രാദിലക്ഷണൈഃ | അഗ്നിഹോത്രാദിസംജ്ഞകളാൽ അറിയപ്പെട്ടുവരുന്ന മറ്റുള്ളവയും ആയ |
| അനുയജ്ഞം | യജ്ഞങ്ങളുടെ അനുക്രമമുറയനുസരിച്ച് | യജ്ഞൈഃ | യാഗങ്ങൾകൊണ്ട് |
| പ്രാകൃതൈഃ | ദർശം, പൂർണ്ണമാസം, ജ്യോതിഷ്ടോമം എന്നു തുടങ്ങിയ പ്രാകൃതങ്ങളും, | ദ്രവ്യജ്ഞാനക്രിയേശ്വരം | ഹവിസ്സ്, മന്ത്രം, കർമ്മം എന്നീ, യാഗാംഗങ്ങൾക്കെല്ലാം അധിപതിയായ ശ്രീഹരിയെ |
| വൈകൃതൈഃ | സൌരം, സത്രം ഇത്യാദി വൈകൃതങ്ങളും, | ഈജേ | (വസുദേവൻ) ആരാധിച്ചു. |

അഥർത്വിഗ്ഭ്യോഽദദാത് കാലേ യഥാമ്നാതം സ ദക്ഷിണാഃ
സ്വലംകൃതേഭ്യോഽലംകൃത്യ ഗോഭൂകന്യാ മഹാധനാഃ. 52

| | | | |
|---|---|---|---|
| അഥ സഃ | അനന്തരം അദ്ദേഹം | ദക്ഷിണാഃ | ദക്ഷിണകളായിട്ട് |
| കാലേ | ആ അവസരത്തിൽ | മഹാധനാഃ | വളരെ വിലപിടിച്ച |
| സ്വലംകൃതേഭ്യഃ | നന്നായി അലങ്കരിക്കപ്പെട്ടവരായ | ഗോഭൂകന്യാഃ | പശുക്കളേയും, ഭൂമിയേയും, കന്യകമാരേയും |
| ഋത്വിഗ്ഭ്യഃ | ഋത്വിക്കുകൾക്ക് | | |
| യഥാമ്നാതം | ശാസ്ത്രത്തിൽ ഉപദേശിക്കപ്പെട്ടപ്രകാരം | അലംകൃത്യ | അലങ്കരിച്ചിട്ട് |
| | | അദദാത് | ദാനംചെയ്തു. |

പത്നീസംയാജാവഭൃഥ്യൈശ്ചരിത്വാ തേ മഹർഷയഃ
സസ്നൂ രാമഹ്രദേ വിപ്രാ യജമാനപുരഃസരാഃ. 53

| | | | |
|---|---|---|---|
| പത്നീസംയാജാവഭൃഥ്യൈഃ ചരിത്വാ | പത്നീസംയാജം, അവഭൃഥേഷ്ടി എന്നിവയെ ചെയ്തവസാനിപ്പിച്ചശേഷം | വിപ്രാഃ | മറ്റു ബ്രാഹ്മണരും |
| | | യജമാനപുരസ്സരാഃ | യാഗദീക്ഷിതനായ വസുദേവനെ മുൻനിർത്തിക്കൊണ്ട് |
| | | രാമഹ്രദേ | പരശുരാമഹ്രദത്തിൽ |
| തേ മഹർഷയഃ | ആ മഹർഷിമാരും, | സസ്നുഃ | സ്നാനംചെയ്തു |

സ്നാതോഽലങ്കാരവാസാംസി വന്ദിഭ്യോഽദാത്തഥാ സ്ത്രിയഃ
തതഃ സ്വലംകൃതോ വർണ്ണാനാശ്വഭ്യോഽന്നേന പൂജയത് 54
ബന്ധൂൻ സദാരാൻ സസുതാൻ പാരിബർഹേണ ഭൂയസാ
വിദർഭകോസലകുരൂൻ കാശികേകയസൃഞ്ജയാൻ. 55
സദസ്യർത്വിക്സുരഗണാൻ നൃഭൂതപിതൃചാരണാൻ
ശ്രീനികേതമനുജ്ഞാപ്യ ശംസന്തഃ പ്രയയുഃ ക്രതും 56

| | |
|---|---|
| സ്നാതഃ | അവഭൃഥസ്നാനംകഴിച്ച ശ്രീവസുദേവൻ |
| വന്ദിഭ്യഃ | സ്തുതിഗായകന്മാൎക്ക് |
| അലങ്കാര- വാസാംസി | അലങ്കാരങ്ങളേയും, വസ്ത്രങ്ങളേയും |
| അദാത് | കൊടുത്തു. |
| തഥാ | അപ്രകാരം |
| സ്ത്രിയഃ | അദ്ദേഹത്തിന്റെ പത്നിമാരും ചെയ്തു. |
| തതഃ | അതിനുശേഷം |
| സ്വലംകൃതഃ | നന്നായലംകൃതനായ വസുദേവൻ |
| ആശ്വഭ്യഃ | ശ്വാക്കൾവരെ |
| വർണ്ണാൻ | എല്ലാതരക്കാരേയും |
| അന്നേന | അന്നദാനംകൊണ്ട് |
| അപൂജയത് | പ്രീതിപ്പെടുത്തി. |
| സദാരാൻ | ഭാൎയ്യമാരോടും, |
| സസുതാൻ | മക്കളോടുംകൂടിയുള്ള |
| ബന്ധൂൻ | ബന്ധുക്കളേയും. |

| | |
|---|---|
| വിദർഭകോസല കുരൂൻ | വിദർഭം, കോസലം, കുരു എന്നീ ദേശങ്ങളിലെ രാജാക്കന്മാരേയും, |
| കാശികേകയ- സൃഞ്ജയാൻ | കാശി, കേകയം, സൃഞ്ജയം എന്നീ ദേശങ്ങളിലെ രാജാക്കന്മാരേയും, |
| സദസ്യർത്വിക- സുരഗണാൻ | സദസ്യന്മാർ, ഋത്വിക്കുകൾ, ദേവഗണങ്ങൾ എന്നിവരേയും |
| നൃഭൂതപിതൃ- ചാരണാൻ | മനുഷ്യർ, ഭൂതങ്ങൾ, പിതൃക്കൾ, ചാരണന്മാർ എന്നിവരേയും |
| ഭൂയസാ | ഏറിയ |
| പാരിബർഹേണ | പാരിതോഷികദാനത്താൽ |
| (പൂജയത്) | പ്രീതിപ്പെടുത്തി. |
| ശ്രീനികേതം | ശ്രീനിവാസനായ ശ്രീകൃഷ്ണഭഗവാനോട് |
| അനുജ്ഞാപ്യ | വിടവാങ്ങി, |
| ക്രതും | യാഗത്തെ |
| ശംസന്തഃ | പ്രശംസിച്ചുകൊണ്ട് |
| പ്രയയുഃ | അവരെല്ലാം യാത്രയായി. |

ധൃതരാഷ്ട്രോഽനുജഃ പാൎത്ഥാ ഭീഷ്മോ ദ്രോണഃ പൃഥാ യമൌ
നാരദോ ഭഗവാൻ വ്യാസഃ സുഹൃത്സംബന്ധിബാന്ധവാഃ 57
ബന്ധൂൻ പരിഷ്വജ്യ യദൂൻ സൌഹൃദാത് ക്ലിന്നചേതസഃ
യയുർവ്വിരഹകൃച്ഛ്രേണ സ്വദേശാംശ്ചാപരേ ജനാഃ. 58

| | |
|---|---|
| ധൃതരാഷ്ട്രഃ | ധൃതരാഷ്ട്രരും, |
| അനുജഃ | അനുജനായ വിദുരരും, |
| പാൎത്ഥാഃ | കുന്തീപുത്രന്മാരും, |
| യമൌ | മാദ്രീപുത്രന്മാരും, |
| ഭീഷ്മഃ ദ്രോണഃ | ഭീഷ്മരും, ദ്രോണരും, |
| പൃഥാ | കുന്തീദേവിയും, |
| നാരദഃ | ശ്രീനാരദനും |

| | |
|---|---|
| ഭഗവാൻ | ത്രികാലജ്ഞനായ |
| വ്യാസഃ | വേദവ്യാസനും, |
| സുഹൃത്സംബന്ധി- ബാന്ധവാഃ | സ്നേഹിതന്മാരും, ബന്ധുക്കളും സഗോത്രികളും മറ്റുമായി |
| അപരേ | വേറെയുമുള്ള |
| ജനാഃ ച | ജനങ്ങളും |

| | | | |
|---|---|---|---|
| സൌഹൃദാത് | സ്നേഹത്താൽ | വിരഹ-കൃച്ഛ്രേണ | വേർപിരിയുന്നതിലുള്ള ക്ലേശത്തോടുകൂടെ |
| ക്ലിന്നചേതസഃ | അലിവാൎന്ന ഹൃദയത്തോടുകൂടിയവരായിട്ട് | സ്വദേശാൻ | താന്താങ്ങളുടെ ദേശങ്ങളിലേക്ക് |
| ബന്ധൂൻ | ബന്ധുക്കളായ | യയുഃ | തിരിച്ചുപോയി. |
| യദൂൻ | യാദവന്മാരെ | | |
| പരിഷ്വജ്യ | ആശ്ലേഷിച്ച്, | | |

നന്ദസ്തു സഹ ഗോപാലൈർബ്ബൃഹത്യാ പൂജയാൎച്ചിതഃ
കൃഷ്ണരാമോഗ്രസേനാദ്യൈൎന്ന്യവാത്സീദ് ബന്ധുവത്സലഃ. 59

| | | | |
|---|---|---|---|
| കൃഷ്ണരാമോ-ഗ്രസേനാദ്യൈഃ | ശ്രീകൃഷ്ണൻ, ബലരാമൻ, ഉഗ്രസേനൻ എന്നു തുടങ്ങിയുള്ളവരാൽ | ബന്ധുവത്സലഃ | ബന്ധുപ്രീതിയുള്ള |
| ബൃഹത്യാ | മഹത്തായ | നന്ദഃ തു | നന്ദഗോപരാകട്ടെ |
| പൂജയാ | സൽക്കാരംകൊണ്ട് | ഗോപാലൈഃ | ഗോപാലന്മാരോട് |
| അൎച്ചിതഃ | സൽകൃതനായ | സഹ | കൂടെ |
| | | (തത്ര | അവിടെത്തന്നെ) |
| | | ന്യവാത്സീത് | താമസിച്ചു. |

വസുദേവോഽഞ്ജസോത്തീൎയ്യ മനോരഥമഹാൎണ്ണവം
സുഹൃദ്വൃതഃ പ്രീതമനാ നന്ദമാഹ കരേ സ്പൃശൻ. 60

| | | | |
|---|---|---|---|
| സുഹൃദ്വൃതഃ | സുഹൃത്തുക്കളാൽ പരിവൃതനായ | അഞ്ജസാ | അനായാസേന |
| വസുദേവഃ | ശ്രീവസുദേവൻ | ഉത്തീൎയ്യ | തരണംചെയ്ത് |
| മനോരഥ-മഹാൎണ്ണവം | ആഗ്രഹമാകുന്ന മഹാസമുദ്രത്തെ | പ്രീതമനാഃ | സന്തുഷ്ടചിത്തനായിട്ട്, |
| | | കരേ സ്പൃശൻ | കൈയിൽ പിടിച്ച് |
| | | നന്ദം ആഹ | നന്ദഗോപരോട് പറഞ്ഞു. |

വസുദേവ ഉവാച=വസുദേവർ പറഞ്ഞു:—

ഭ്രാതരീശകൃതഃ പാശോ നൃണാം യഃ സ്നേഹസംജ്ഞിതഃ
തം ദുസ്ത്യജമഹം മന്യേ ശൂരാണാമപി യോഗിനാം. 61

| | | | |
|---|---|---|---|
| ഭ്രാതഃ | സഹോദര! | പാശഃ | ഒരു പാശം (ബന്ധം) ആകുന്നു. |
| സ്നേഹസംജ്ഞിതഃ | സ്നേഹമെന്നു പറയപ്പെടുന്നതു് | തം | അതിനെ |
| യഃ | യാതൊന്നാണോ, അതു് | ശൂരാണാം | ബലവന്മാൎക്കും, |
| നൃണാം | മനുഷ്യൎക്കായി | യോഗിനാം അപി | യോഗികൾക്കുംകൂടി |
| ഈശകൃതഃ | ഈശ്വരനാൽ നിൎമ്മിക്കപ്പെട്ടിരിക്കുന്ന | ദുസ്ത്യജം | പൊട്ടിച്ചുകളയാനാകാത്തതായിട്ട് |
| | | അഹം മന്യേ | ഞാൻ കരുതുന്നു. |

അസ്മാസ്വപ്രതികല്പേയം യത് കൃതാജ്ഞേഷു സത്തമൈഃ
മൈത്ര്യൎപ്പിതാഫലാ വാപി ന നിവൎത്തേത കൎഹിചിത്. 62

| | | | |
|---|---|---|---|
| യത് | എന്തെന്നാൽ, | സത്തമൈഃ | സജ്ജനശ്രേഷ്ഠരായ ഭവാന്മാരാൽ |
| കൃതാജ്ഞേഷു | ചെയ്യപ്പെട്ട ഉപകാരത്തെക്കുറിച്ച് ബോധമില്ലാത്ത | അപ്രതികല്പാ | അനുപമമായ |
| അസ്മാസു | ഞങ്ങളിൽ | ഇയം മൈത്രീ | ഈ സ്നേഹഭാവം |

| | | | |
|---|---|---|---|
| അർപ്പിതാ | സമർപ്പിക്കപ്പെട്ട | കർഹിചിത് | ഒരിക്കലും ആ സ്നേഹം) |
| അഫലാ } | പ്രത്യുപകാരമില്ലായ്കയാൽ | ന നിവർത്തേത | ഒഴിഞ്ഞുപോകയില്ല. |
| അപി വാ } | ഫലശൂന്യമായിരുന്നാലുംകൂടി | | |

പ്രാഗകല്പാച്ച കുശലം ഭ്രാതർവോ നാചരാമ ഹി
അധുനാ ശ്രീമദാന്ധാക്ഷാ ന പശ്യാമഃ പുരഃ സതഃ. 63

| | | | |
|---|---|---|---|
| ഭ്രാതഃ | ഹേ സഹോദര! | ശ്രീമദാന്ധാക്ഷാഃ | ഐശ്വര്യമദത്താൽ കണ്ണുകാണാത്തവരായിട്ടും ഭവിച്ച് |
| പ്രാക് ച | ഇതിനുമുമ്പ് | | |
| അകല്പാത് | കഴിവില്ലായ്കനിമിത്തം | | |
| വഃ | നിങ്ങൾക്കുവേണ്ടി | പുരഃ സതഃ | നേരെ മുൻവശത്ത് സ്ഥിതിചെയ്യുന്ന നിങ്ങളെ |
| കുശലം ഹി | യാതൊരു നന്മയേയും | | |
| ന ആചരാമ | ഞങ്ങൾ ചെയ്കയുണ്ടായില്ല | | |
| അധുനാ | ഇപ്പോൾ | ന പശ്യാമഃ | കാണുന്നതുമില്ല. |

മാ രാജ്യശ്രീരഭൂത് പുംസഃ ശ്രേയസ്കാമസ്യ മാനദ
സ്വജനാനുത ബന്ധൂൻ വാ ന പശ്യതി യയാന്ധദൃക്. 64

| | | | |
|---|---|---|---|
| മാനദ | എനിക്കു ബഹുമതിയുണ്ടാക്കിത്തന്നിരിക്കുന്ന നന്ദഗോപരേ! | യയാ | (എന്തെന്നാൽ) യാതൊരു രാജൈശ്വര്യംകൊണ്ട് |
| ശ്രേയസ്കാമസ്യ | പരമപുരുഷാർത്ഥത്തെ ആഗ്രഹിക്കുന്ന | അന്ധദൃക് | കണ്ണുകാണാത്തവനായിട്ട് |
| | | സ്വജനാൻ | സ്വജനങ്ങളേയോ, |
| പുംസഃ | മനുഷ്യനു | ഉത | അല്ലാത്തപക്ഷം |
| രാജ്യശ്രീഃ | രാജൈശ്വര്യം | ബന്ധൂൻ വാ | ബന്ധുക്കളേയോ |
| മാ അഭൂത് | ഉണ്ടാകരുത്. | ന പശ്യതി | അവൻ കാണുകയില്ല. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

ഏവം സൌഹൃദശൈഥില്യചിത്ത ആനകദുന്ദുഭിഃ
രുരോദ തത്കൃതാം മൈത്രീം സ്മരന്നശ്രുവിലോചനഃ. 65

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | തത്കൃതാം | ആ നന്ദഗോപരാൽ ചെയ്യപ്പെട്ട |
| സൌഹൃദ— } | സ്നേഹാധിക്യത്താൽ | | |
| ശൈഥില്യ— } | ഉലച്ചിൽതട്ടിയ ഹൃദയ | മൈത്രീം | മിത്രകൃത്യത്തെ (സ്വപുത്രന്മാരെ നോക്കിവളർത്തിയതും മററുമായുള്ള മഹോപകാരത്തെ) |
| ചിത്തഃ } | ത്തോടുകൂടിയവനായും, | | |
| അശ്രു— } | കണ്ണീരുറിയൊഴുന്ന കണ്ണു | | |
| വിലോചനഃ } | കളോടുകൂടിയവനായും ഭവിച്ച് | സ്മരൻ | ഓർത്തുകൊണ്ട് |
| ആനകദുന്ദുഭിഃ | ശ്രീവസുദേവൻ | രുരോദ | കരഞ്ഞു. |

നന്ദസ്തു സഖ്യുഃ പ്രിയകൃത് പ്രേമ്ണാ ഗോവിന്ദരാമയോഃ
അദ്യ ശ്വ ഇതി മാസാംസ്ത്രീൻ യദുഭിർമ്മാനിതോഽവസത്. 66

| | | | |
|---|---|---|---|
| നന്ദഃ തു | നന്ദഗോപരാകട്ടെ | ഗോവിന്ദ— } | ശ്രീകൃഷ്ണന്റേയും, ബല |
| സഖ്യുഃ | തന്റെ സ്നേഹിതനായ വസുദേവരുടേയും, | രാമയോഃ } | ഭദ്രന്റേയും |
| | | പ്രേമ്ണാ | സ്നേഹത്താൽ |

| | |
|---|---|
| പ്രിയകൃത് | അധിക സന്തോഷം ജനിപ്പിച്ചുകൊണ്ടും, |
| അദ്യ ശ്വഃ ഇതി | 'ഇന്നു്; നാളെ' എന്നിങ്ങിനെ യാത്രാവിളംബം കുറിച്ചുകൊണ്ടും, |

| | |
|---|---|
| യദുഭിഃ | യാദവന്മാരാൽ |
| മാനിതഃ | ബഹുമാനിതനായിരുന്നുകൊണ്ടും |
| ത്രീൻ മാസാൻ | മൂന്നുമാസത്തോളം |
| അവസത് | താമസിച്ചു. |

തതഃ കാമൈഃ പൂൎയ്യമാണഃ സവ്രജഃ സഹബാന്ധവഃ
പരാൎദ്ധ്യാഭരണക്ഷൌമനാനാനൎഘ്യപരിച്ഛദൈഃ 67
വസുദേവോഗ്രസേനാഭ്യാം കൃഷ്ണോദ്ധവബലാദിഭിഃ
ദത്തമാദായ പാരിബൎഹം യാപിതോ യദുഭിൎയ്യയൌ 68

| | |
|---|---|
| തതഃ | പിന്നീട്, |
| വസുദേവോഗ്രസേനാഭ്യാം | ശ്രീവസുദേവൻ, ഉഗ്രസേനൻ എന്നിവരാലും, |
| കൃഷ്ണോദ്ധവബലാദിഭിഃ | ശ്രീകൃഷ്ണൻ, ഉദ്ധവൻ, ബലരാമൻ എന്നിവരാലും |
| ദത്തം | കൊടുക്കപ്പെട്ട |
| പരാൎദ്ധ്യാഭരണക്ഷൌമനാനാനൎഘ്യപരിച്ഛദൈഃ | വിലമതിക്കാത്ത ആഭരണങ്ങൾ, പട്ടുകൾ എന്നു തുടങ്ങിയ പലതരം അമൂല്യസാമഗ്രികളോടു കൂടിയുള്ള |

| | |
|---|---|
| പാരിബൎഹം | സമ്മാനവസ്തുക്കളെ |
| ആദായ | സ്വീകരിച്ചു് |
| കാമൈഃ | അഭീഷ്ടങ്ങളാൽ |
| പൂൎയ്യമാണഃ | പൂൎത്തീകരിക്കപ്പെടുന്ന |
| (നന്ദഃ) | നന്ദഗോപർ |
| സവ്രജഃ | ഗോപഗോപീജനങ്ങളോടും |
| സഹബാന്ധവഃ | ബന്ധുജനങ്ങളോടും കൂടിയവനായി, |
| യദുഭിഃ | യാദവന്മാരാൽ |
| യാപിതഃ | യാത്രയയക്കപ്പെട്ടു് |
| യയൌ | പുറപ്പെട്ടു. |

നന്ദോ ഗോപാശ്ച ഗോപ്യശ്ച ഗോവിന്ദചരണാംബുജേ
മനഃ ക്ഷിപ്തം പുനൎഹൎത്തുമനീശാ മഥുരാം യയുഃ. 69

| | |
|---|---|
| നന്ദഃ | നന്ദഗോപരും, |
| ഗോപാഃ ച | ഗോപന്മാരും, |
| ഗോപ്യഃ ച | ഗോപികമാരും |
| ഗോവിന്ദചരണാംബുജേ | ശ്രീകൃഷ്ണഭഗവാന്റെ തൃപ്പാദകമലത്തിൽ |
| ക്ഷിപ്തം | നിക്ഷേപിക്കപ്പെട്ട |

| | |
|---|---|
| മനഃ | മനസ്സിനെ |
| പുനഃ ഹൎത്തും | പിന്നെ വീണ്ടെടുക്കുവാൻ |
| അനീശാഃ | അശക്തരായിഭവിച്ചു, |
| മഥുരാം | മഥുരയിലേക്കു് |
| യയുഃ | പോയി. |

ബന്ധുഷു പ്രതിയാതേഷു വൃഷ്ണയഃ കൃഷ്ണദേവതാഃ
വീക്ഷ്യ പ്രാവൃഷമാസന്നാം യയുൎദ്വാരവതീം പുനഃ. 70

| | |
|---|---|
| ബന്ധുഷു | ബന്ധുക്കൾ |
| പ്രതിയാതേഷു | തിരിച്ചുപോയശേഷം, |
| കൃഷ്ണദേവതാഃ | ശ്രീകൃഷ്ണൻ ദൈവമായിട്ടുള്ളവരായ |
| വൃഷ്ണയഃ | വൃഷ്ണികൾ |

| | |
|---|---|
| പ്രാവൃഷം | വൎഷകാലം |
| ആസന്നാം | അടുത്തുവന്നതായി |
| വീക്ഷ്യ പുനഃ | കണ്ടു്, വീണ്ടും |
| ദ്വാരവതീം | ദ്വാരകയിലേക്കു് |
| യയുഃ | പോയി. |

ജനേഭ്യഃ കഥയാഞ്ചക്രുൎയ്യദുദേവമഹോത്സവം
യദാസീത്തീൎത്ഥയാത്രായാം സുഹൃത്സന്ദൎശനാദികം. 71

| | | | |
|---|---|---|---|
| തീൎത്ഥയാത്രായാം | തീൎത്ഥയാത്രയിൽവെച്ചുണ്ടായ | യത് ആസീത് | യാതൊരു കാൎയ്യമുണ്ടായോ, (അതിനേയും |
| യദുദേവമഹോത്സവം | വസുദേവരുടെ യജ്ഞമഹോത്സവത്തേയും, | ജനേഭ്യഃ | ജനങ്ങളോടു് |
| സുഹൃത്സന്ദൎശനാദികം | ഇഷ്ടബന്ധുക്കളെ കണ്ടതും മററുമായുള്ള | കഥയാഞ്ചക്രുഃ | പറഞ്ഞറിയിച്ചു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാൎദ്ധേ
തീൎത്ഥയാത്രാനുവൎണ്ണനം നാമ ചതുരശീതിതമോഽദ്ധ്യായഃ
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3622.

## പഞ്ചാശീതിതമോഽദ്ധ്യായഃ=എണ്പത്തഞ്ചാമദ്ധ്യായം.

[പഞ്ചാശീതിതമേ രാമകൃഷ്ണൌ സംപ്രാൎത്ഥിതൌ സുതൌ
പിത്രേ ജ്ഞാനമഥോ മാത്രേ മൃതാൻ പുത്രാനദൎശതാം ]
(ഭഗവാൻ മാതാവിന്നു് മരിച്ചുപോയ പുത്രന്മാരെ കൊണ്ടുവന്നു കാട്ടിക്കൊടുക്കുന്നതു്.)

ശ്രീബാദരായണിരുവാച=ശ്രീശുകൻ പറഞ്ഞു:—

അഥൈകദാഽഽത്മജൌ പ്രാപ്തൌ കൃതപാദാഭിവന്ദനൌ
വസുദേവോഽഭിനന്ദ്യാഹ പ്രീത്യാ സങ്കൎഷണാച്യുതൌ. 1

| | | | |
|---|---|---|---|
| അഥ | അനന്തരം | സങ്കൎഷണാച്യുതൌ | ബലരാമനേയും ശ്രീകൃഷ്ണനേയും |
| ഏകദാ | ഒരിക്കൽ | പ്രീത്യാ | സന്തോഷത്തോടെ |
| പ്രാപ്തൌ | അടുത്തുവന്നവരും | അഭിനന്ദ്യ | അഭിനന്ദിച്ചു് |
| കൃതപാദാഭിവന്ദനൌ | കാൽപിടിച്ചു് അഭിവാദ്യം ചെയ്തവരും | വസുദേവഃ | വസുദേവർ |
| ആത്മജൌ | പുത്രന്മാരുമായ | ആഹ | പറഞ്ഞു. |

മുനീനാം സ വചഃ ശ്രുത്വാ പുത്രയോൎദ്ധാമസൂചകം
തദ്വീൎയ്യൈൎജ്ജാതവിശ്രംഭഃ പരിഭാഷ്യാഭ്യഭാഷത. 2

| | | | |
|---|---|---|---|
| പുത്രയോഃ | ആ രണ്ടു പുത്രന്മാരുടേയും | ജാതവിശ്രംഭഃ | അതിൽ വിശ്വാസം ജനിച്ച |
| ധാമസൂചകം | മഹിമയെ സൂചിപ്പിക്കുന്ന | സഃ | ആ വസുദേവൻ |
| മുനീനാം | മുനിമാരുടെ | പരിഭാഷ്യ | അവരെ വിളിച്ചു് |
| വചഃ ശ്രുത്വാ | വാക്കിനെ കേട്ടു്, | അഭ്യഭാഷത | നേരിൽ പറഞ്ഞു. |
| തദ്വീൎയ്യൈഃ | അവരുടെ വീരകൃത്യങ്ങൾകൊണ്ടു് | | |

കൃഷ്ണ കൃഷ്ണ മഹായോഗിൻ സങ്കൎഷണ സനാതന
ജാനേ വാമസ്യ യത് സാക്ഷാത് പ്രധാനപുരുഷൌ പരൌ. 3

| | | | |
|---|---|---|---|
| കൃഷ്ണ കൃഷ്ണ | കൃഷ്ണ! കൃഷ്ണ! | സനാതന | ഹേ ശാശ്വതമൂൎത്തേ! |
| മഹായോഗിൻ | ഹേ മഹായോഗീശ്വര! | അസ്യ | ഈ ലോകത്തിന്നു് |
| സങ്കൎഷണ | ബലരാമ! | യത് | യാതൊന്നു് |

സാക്ഷാത് — പ്രത്യക്ഷത്തിൽ കാരണഭൂതമായിനില്ക്കുന്നവരോ,
പ്രധാന—പുരുഷൌ — ആ പ്രകൃതിപുരുഷന്മാരായും,
പരൌ — അതിലും കവിഞ്ഞ സാക്ഷാൽ പരമേശ്വരനായും
വാം — ഭവാന്മാരെ
ജാനേ — ഞാൻ മനസ്സിലാക്കുന്നു.

യത്ര യേന യതോ യസ്യ യസ്മൈ യദ്യദ്യഥാ യദാ
സ്യാദിദം ഭഗവാൻ സാക്ഷാത് പ്രധാനപുരുഷേശ്വരഃ. 4

ഇദം — ഈ ജഗത്ത്
യത്ര — യാതൊരാധാരത്തിൽ,
യേന — യാതൊരു കർത്താവിനാൽ,
യതഃ — യാതൊന്നിൽനിന്നു, യാതൊരു നിർമ്മാണസാമഗ്രിയാൽ,
യസ്യ — യാതൊരാളുടേതായി,
യസ്മൈ — യാതൊരാൾക്കുവേണ്ടി,
യത് — യാതൊന്നിനെക്കൊണ്ടു് (യാതൊരു പ്രയോജകകർത്താവിനെക്കൊണ്ടു്),
യത് — യാതൊന്നായിട്ടു്,
യഥാ — യാതൊരു പ്രകാരത്തിൽ,
യദാ — യാതൊരു കാലത്തിൽ
സ്യാത് — ഉണ്ടായ്‌വരാമോ, അതെല്ലാം
പ്രധാന—പുരുഷേശ്വരഃ — പ്രകൃതിക്കും പുരുഷനും (ഭോഗ്യത്തിനും ഭോക്താവിനും) അധീശ്വരനായുള്ള
ഭഗവാൻ സാക്ഷാത് — സർവ്വജ്ഞനായ ഭവാൻ തന്നെയാകുന്നു.

ഏതന്നാനാവിധം വിശ്വമാത്മസൃഷ്ടമധോക്ഷജ
ആത്മനാനുപ്രവിശ്യാത്മൻ പ്രാണോ ജീവോ ബിഭർഷ്യജഃ. 5

അധോക്ഷജ — ഇന്ദ്രിയജ്ഞാനത്തിന്നു വിഷയീഭവിക്കാത്ത
ആത്മൻ — ഹേ ആത്മസ്വരൂപ!
ആത്മസൃഷ്ടം — തന്നിൽ, തന്നാൽ, തനിക്കുവേണ്ടി, തന്റേതായിട്ടു്, തന്നിൽനിന്നു്, തന്നെക്കൊണ്ടു് താനായിട്ടു് സൃഷ്ടിക്കപ്പെട്ടിരിക്കുന്ന,
നാനാവിധം — പലതരത്തിലുള്ള
ഏതത് വിശ്വം — ഈ പ്രപഞ്ചത്തെ
ആത്മനാ — അന്തര്യാമിയായ ആത്മരൂപത്തോടെ
അനുപ്രവിശ്യ — ഉൾപ്പുക്കിരുന്നു്
അജഃ — സംഭവരഹിതനായ ഭവാൻ
പ്രാണഃ — ക്രിയാശക്തിയായ പ്രാണനായും,
ജീവഃ — ബോധശക്തിയായ ജീവനായും ഭവിച്ചു്
ബിഭർഷി — ഭരിച്ചുകൊണ്ടിരിക്കുന്നു.

പ്രാണാദീനാം വിശ്വസൃജാം ശക്തയോ യാഃ പരസ്യ താഃ
പാരതന്ത്ര്യാദ്വൈസാദൃശ്യാദ്ദ്വയോശ്ചേഷ്ടൈവ ചേഷ്ടതാം. 6

പ്രാണാദീനാം — പ്രാണാദികളായ
വിശ്വസൃജാം — പ്രപഞ്ചകാരണങ്ങൾക്കു്
യാഃ — യാവചില
ശക്തയഃ — ശക്തികളുണ്ടോ,
താഃ — അവ
പരസ്യ — പരമകാരണഭൂതനായ ഈശ്വരന്റേതാകുന്നു.
പാരതന്ത്ര്യാത് — പരമകാരണമായ ഈശ്വരശക്തിയെ ആശ്രയിച്ചു പ്രവർത്തിക്കുക എന്ന നില ആ പ്രാണാദികൾക്കുള്ളതുകൊണ്ടും,
ദ്വയോഃ — അചേതനങ്ങളായ ആ പ്രാണാദികൾക്കും ചേതനാത്മകനായ ഈശ്വരനും തമ്മിൽ

| | |
|---|---|
| വൈസാദൃശ്യാത് | വ്യത്യസ്തനിലയുള്ളതു കൊണ്ടും (അതാണ് തെളിയുന്നതു്.) |
| ചേഷ്ടതാം | ചേഷ്ടിക്കുന്ന അവയ്ക്ക് (പ്രാണാദികൾക്ക്) |
| ചേഷ്ടാ ഏവ | ചേഷ്ടമാത്രമേ ഉള്ളു. |

നോട്ട്:— പ്രാണൻ, കാലം, പ്രകൃതി, മഹത്തത്ത്വം, അഹങ്കാരം, പഞ്ചമഹാഭൂതങ്ങൾ, ഏകാദശേന്ദ്രിയങ്ങൾ എന്നിവയാണ് പ്രാണാദിവർഗ്ഗം.

കാന്തിസ്തേജഃ പ്രഭാ സത്താ ചന്ദ്രാഗ്ന്യർക്കർക്ഷവിദ്യുതാം
യത് സ്ഥൈര്യം ഭൂഭൃതാം ഭൂമേർവൃത്തിർഗ്ഗന്ധോഽർത്ഥതോ ഭവാൻ. 7

| | |
|---|---|
| ചന്ദ്രാഗ്ന്യർക്കർക്ഷവിദ്യുതാം | ചന്ദ്രൻ, അഗ്നി, സൂര്യൻ, നക്ഷത്രങ്ങൾ, ഇടിമിന്നൽ എന്നിവയുടെ |
| കാന്തിഃ | കാന്തിയും, |
| തേജഃ | തേജസ്സും, |
| പ്രഭാ | പ്രഭയും, |
| സത്താ | പരിസ്ഫുരണാത്മകമായ സ്ഥിതിയും, |
| ഭൂഭൃതാം | പർവ്വതങ്ങളുടെ |
| യത് | യാതൊരു |
| സ്ഥൈര്യം | സ്ഥിരസ്വഭാവമുണ്ടോ, അതും, |
| ഭൂമേഃ | ഭൂമിയുടെ |
| വൃത്തിഃ | സർവ്വാധാരഭൂതമായുള്ള ഇരിപ്പും, |
| ഗന്ധഃ | ഗന്ധഗുണവും |
| അർത്ഥതഃ | പരമാർത്ഥത്തിൽ |
| ഭവാൻ | ഭവാനാകുന്നു. (ഭവാന്റെ തന്നെ ശക്തിയാകുന്നു വെന്നു താല്പര്യം) |

നോട്ട്:— 'ചന്ദ്രന്റെ കാന്തി, അഗ്നിയുടെ തേജസ്സ്, സൂര്യന്റെ പ്രഭ, നക്ഷത്രങ്ങളുടേയും മിന്നലിന്റേയും പരിസ്ഫുരണാത്മകസ്ഥിതി' ഇങ്ങനെ യഥാക്രമം യോജിപ്പിക്കേണ്ടതാകുന്നു.

തർപ്പണം പ്രാണനമപാം ദേവ ത്വം താശ്ച തദ്രസഃ
ഓജഃ സഹോ ബലം ചേഷ്ടാ ഗതിർവ്വായോസ്തവേശ്വര 8

| | |
|---|---|
| ദേവ | ഹേ സ്വപ്രകാശാത്മൻ! |
| അപാം | ജലത്തിന്റെ |
| തർപ്പണം | തൃപ്തിജനകത്വമെന്ന ധർമ്മവും, |
| പ്രാണനം | ജീവനദായകത്വമെന്ന ധർമ്മവും, |
| താഃ | ആ ജലവും, |
| തദ്രസഃ ച | അതിന്റെ രസവും |
| ത്വം | ഭവാനാകുന്നു. |
| ഈശ്വര | ഹേ ഈശ്വര! |
| വായോഃ | വായുവിന്റെ |
| ഓജഃ | ഇന്ദ്രിയശക്തിയും, |
| സഹഃ | അന്തഃകരണശക്തിയും, |
| ബലം | ശാരീരികശക്തിയും, |
| ചേഷ്ടാ | ശാരീരികവ്യാപാരവും, |
| ഗതിഃ | സഞ്ചാരവും |
| തവ | ഭവാന്റേതാകുന്നു. |

ദിശാം ത്വമവകാശോഽസി ദിശഃ ഖം സ്ഫോട ആശ്രയഃ
നാദോ വർണ്ണസ്ത്വമോങ്കാര ആകൃതീനാം പൃഥക്കൃതിഃ. 9

| | |
|---|---|
| ത്വം | ഭവാൻ |
| ദിശാം | ദിക്കുകളുടെ |
| അവകാശഃ | ഒഴിവിടവും, |
| ദിശഃ അസി | ദിക്കുകളും ആകുന്നു. |
| ഖം | ആകാശവും, |
| ആശ്രയഃ | അതിനെ അവലംബിച്ചിരിക്കുന്ന |
| സ്ഫോടഃ | 'പര' എന്ന ശബ്ദസ്ഫോടവും, |

| | |
|---|---|
| നാദഃ | 'പശ്യന്തി' എന്ന നാദസ്വരൂപവും, |
| ഓംകാരഃ വർണ്ണഃ | 'മദ്ധ്യമ' എന്ന പ്രണവാക്ഷരവും, |
| ആകൃതീനാം | പദാർത്ഥങ്ങളുടെ |
| പൃഥക്കൃതിഃ | വേർതിരിച്ചുചൊല്ലുകിന്ന് ആസ്പദമായ 'വൈഖരി'യെന്ന ശബ്ദപ്രപഞ്ചവും |
| ത്വം | ഭവാനാകുന്നു. |

ഇന്ദ്രിയം ത്വിന്ദ്രിയാണാം ത്വം ദേവാശ്ച തദനുഗ്രഹഃ
അവബോധോ ഭവാൻ ബുദ്ധേർജ്ജീവസ്യാനുസ്മൃതിഃ സതീ. 10

| | |
|---|---|
| ഇന്ദ്രിയാണാം | പഞ്ചേന്ദ്രിയങ്ങളുടെ |
| ഇന്ദ്രിയം തു | പ്രകാശനശക്തിയും, |
| ദേവാഃ ച | അവയുടെ അധിഷ്ഠാതാക്കളായ ദേവന്മാരും, |
| തദനുഗ്രഹഃ, | അവരുടെ അധിഷ്ഠാനശക്തിയും |
| ത്വം | ഭവാനാണ്. |
| ബുദ്ധേഃ | ബുദ്ധിയുടെ |
| അവബോധഃ | നിശ്ചയാത്മകശക്തിയും, |
| ജീവസ്യ | ജീവന്റെ |
| സതീ | യഥാർത്ഥമായുള്ള |
| അനുസ്മൃതിഃ | ആത്മാനുസന്ധാനവും |
| ഭവാൻ | ഭവാനാകുന്നു. |

ഭൂതാനാമസി ഭൂതാദിരിന്ദ്രിയാണാം ച തൈജസഃ
വൈകാരികോ വികല്പാനാം പ്രധാനമനുശായിനാം. 11

| | |
|---|---|
| ഭൂതാനാം | പഞ്ചഭൂതങ്ങൾക്ക് |
| ഭൂതാദിഃ | കാരണഭൂതമായ താമസാഹങ്കാരവും, |
| ഇന്ദ്രിയാണാം | ഇന്ദ്രിയങ്ങൾക്ക് |
| തൈജസഃ ച | കാരണഭൂതമായ രാജസാഹങ്കാരവും, |
| വികല്പാനാം | വിവിധകല്പനകൾക്ക് ആധാരങ്ങളായ ഇന്ദ്രിയാധിഷ്ഠാനദേവതകൾക്കും മനസ്സിനും |
| വൈകാരികഃ | കാരണമായിരിക്കുന്ന സാത്വികാഹങ്കാരവും, |
| അനുശായിനാം | കർമ്മവാസനചേർന്ന ജീവന്മാർക്ക് |
| പ്രധാനം | കാരണമായ മായയും |
| അസി | ഭവാനാകുന്നു. |

നശ്വരേഷ്വിഹ ഭാവേഷു തദസി ത്വമനശ്വരം
യഥാ ദ്രവ്യവികാരേഷു ദ്രവ്യമാത്രം നിരൂപിതം. 12

| | |
|---|---|
| ദ്രവ്യവികാരേഷു | ദ്രവ്യങ്ങളുടെ (മണ്ണ്, പൊന്ന് എന്നു തുടങ്ങിയ പദാർത്ഥങ്ങളുടെ) രൂപഭേദങ്ങളായ സാധനങ്ങൾ (കുടം, കുണ്ഡലം തുടങ്ങിയവ) |
| (നശ്വരേഷു അപി) | നിലനില്ലാത്തവയായിരിക്കുമ്പോഴും |
| ദ്രവ്യമാത്രം | ആ സാധനങ്ങളുടെ കാരണഭൂതമായുള്ള കേവലമായ ദ്രവ്യം |
| (അനശ്വരം) | അഴിവില്ലാതെ നിലനില്ക്കുന്നതായി |
| നിരൂപിതം | കാണപ്പെട്ടിരിക്കുന്നത് |
| യഥാ | ഏതുവിധമോ, അതുപോലെ |
| ഇഹ | ഈ പ്രപഞ്ചത്തിലെ |
| നശ്വരേഷു | നശ്വരങ്ങളായ |
| ഭാവേഷു | പദാർത്ഥങ്ങളിൽ |
| അനശ്വരം | അഴിവില്ലാതെ നിലകൊള്ളുന്ന |
| തത് | ആ പരമാർത്ഥതത്വം |
| ത്വം അസി | ഭവാനാണ്. |

സത്വം രജസ്തമ ഇതി ഗുണാസ്തദ്വൃത്തയശ്ച യാഃ
ത്വയ്യദ്ധാ ബ്രഹ്മണി പരേ കല്പിതാ യോഗമായയാ. 13

| | |
|---|---|
| സത്വം രജഃ | സത്വം, രജസ്സ്, |
| തമഃ ഇതി | തമസ്സ് എന്നുള്ള |
| ഗുണാഃ | പ്രകൃതിഗുണങ്ങളും |
| തദ്വൃത്തയഃ | അവയുടെ ചേഷ്ടകളായ സുഖദുഃഖാദികളും |
| യാഃ ച | യാതൊന്നുകളാകുന്നോ, |
| | അവയും |
| അദ്ധാ | സാക്ഷാൽ |
| പരേ ബ്രഹ്മണി | പരബ്രഹ്മമായിരിക്കുന്ന |
| ത്വയി | ഭവാങ്കൽ |
| യോഗമായയാ | യോഗമായയാൽ |
| കല്പിതാഃ | കല്പിക്കപ്പെട്ടവയാകുന്നു. |

തസ്മാന്ന സന്ത്യമീ ഭാവാ യർഹി ത്വയി വികല്പിതാഃ
ത്വം ചാമീഷു വികാരേഷു ഹ്യന്യദാവ്യാവഹാരികഃ. 14

| | |
|---|---|
| യർഹി | യാതൊരു കാരണത്താൽ |
| അമീ ഭാവാഃ | ഈ സുഖദുഃഖാദിവികാരങ്ങൾ |
| ത്വയി | ഭവാങ്കൽ |
| വികല്പിതാഃ | കല്പിക്കപ്പെട്ടവയാണെന്നിരിക്കുന്നുവോ, |
| തസ്മാത് | അതേകാരണത്താൽ |
| ന സന്തി | ഇവ ഭവാങ്കൽ ഉള്ളതല്ല. |
| ഹി ച | എപ്പോഴും മാത്രം |
| ത്വം | ഭവാൻ |
| അമീഷു | ഇങ്ങിനെയുള്ള |
| വികാരേഷു | വികാരങ്ങളിൽ സ്ഥിതനായിരിക്കുന്നുവോ, അപ്പോഴും മാത്രം ഭവാങ്കൽ അവയുള്ളതായിട്ടു തോന്നുന്നു. |
| അന്യദാ | അല്ലാത്തപ്പോഴും |
| അവ്യാവഹാരികഃ | നിർവ്വികാരാത്മാവായിത്തന്നെ പ്രതിഭാസിക്കുന്നു. |

ഗുണപ്രവാഹ ഏതസ്മിന്നബുധാസ്ത്വഖിലാത്മനഃ
ഗതിം സൂക്ഷ്മാമബോധേന സംസരന്തീഹ കർമ്മഭിഃ. 15

| | |
|---|---|
| ഗുണപ്രവാഹേ | സത്വാദിഗുണങ്ങളുടെ പ്രവാഹരൂപമായ |
| ഏതസ്മിൻ | ഈ ദേഹാദിയിൽ |
| അഖിലാത്മനഃ | സർവ്വാത്മാവായ ഭവാന്റെ |
| സൂക്ഷ്മാം | ദുർവ്വിജ്ഞേയമായ |
| ഗതിം | സഞ്ചാരത്തെ |
| അബുധാഃ തു | അറിയാത്തവരാകട്ടെ |
| അബോധേന | ബോധക്കേടുനിമിത്തം ചെയ്യപ്പെട്ട |
| കർമ്മഭിഃ | വിവിധകർമ്മങ്ങളാൽ |
| ഇഹ | ഈ സംസാരത്തിൽ |
| സംസരന്തി | ഉഴന്നുകൊണ്ടിരിക്കുന്നു. |

യദൃച്ഛയാ നൃതാം പ്രാപ്യ സുകല്പാമിഹ ദുർല്ലഭാം
സ്വാർത്ഥേ പ്രമത്തസ്യ വയോ ഗതം ത്വന്മായയേശ്വര. 16

| | |
|---|---|
| ഇഹ | ഈ ലോകത്തിൽ |
| ദുർല്ലഭാം | ലഭിപ്പാൻ പ്രയാസമുള്ളതും |
| സുകല്പാം | നല്ല കെല്പുള്ളതുമായ |
| നൃതാം | മനുഷ്യദേഹത്തെ |
| യദൃച്ഛയാ | പ്രയത്നമില്ലാതെ, അവിചാരിതമായി |
| പ്രാപ്യ | ലഭിച്ചിട്ടുകൂടിയും, |
| ഈശ്വര | ഹേ സർവ്വേശ്വര! |
| ത്വന്മായയാ | ഭവാന്റെ മായയാൽ |
| സ്വാർത്ഥേ | തൻകാര്യത്തിൽ (സ്വപുരുഷാർത്ഥം സാധിക്കുന്നതിനുവേണ്ടിയുള്ള ഭവൽഭജനത്തിൽ) |
| പ്രമത്തസ്യ | അശ്രദ്ധയോടെ ഇരുന്നുകൊണ്ടുള്ള ഇയ്യുള്ളവന്റെ |
| വയഃ | ആയുഷ്കാലം |
| ഗതം | കഴിഞ്ഞുപോയി. |

അസാവഹം മമൈവൈതേ ദേഹേ ചാസ്യാന്വയാദിഷു
സ്നേഹപാശൈർന്നിബധ്നാതി ഭവാൻ സർവ്വമിദം ജഗത്. 17

| | |
|---|---|
| ദേഹേ | ദേഹത്തിൽ |
| അസൌ അഹം | ഇതു ഞാനെന്നും, |
| അസ്യ | ഈ ദേഹത്തെ സംബന്ധിച്ച |
| അന്വയാദിഷു | പുത്രപൌത്രാദികളിൽ |
| ഏതേ | ഇവർ |
| മമ ഏവ ച | എന്റേതുതന്നെയെന്നും ഉള്ളതായ |
| സ്നേഹപാശൈഃ | സ്നേഹപാശങ്ങൾ കൊണ്ട് |
| ഇദം ജഗത് | ഈ ലോകത്തെ |
| സർവ്വം | മുഴുവനും |
| ഭവാൻ | ഭവാൻ |
| നിബധ്നാതി | ബന്ധിച്ചിരിക്കുന്നു. |

യുവാം ന നഃ സുതൌ സാക്ഷാത് പ്രധാനപുരുഷേശ്വരൌ
ഭൂഭാരക്ഷത്രക്ഷപണ അവതീർണ്ണൌ തഥാഽഽത്ഥ ഹ. 18

| | |
|---|---|
| യുവാം | നിങ്ങളിരുവരും |
| നഃ | എന്റെ |
| സുതൌ ന | മക്കളല്ല; |
| സാക്ഷാത് | യഥാർത്ഥത്തിൽ |
| പ്രധാന-പുരുഷേശ്വരൌ | പ്രകൃതിക്കും പുരുഷനും ഈശ്വരന്മാരായവരാകുന്നു; |
| ഭൂഭാരക്ഷത്ര-ക്ഷപണേ | ഭൂമിക്കു ഭാരമായിത്തീർന്ന ദുഷ്ടക്ഷത്രിയന്മാരെ നശിപ്പിക്കുന്നതിന്നായി |
| അവതീർണ്ണൌ | അവതരിച്ചവരാകുന്നു. |
| തഥാ | അങ്ങനെ |
| ആത്ഥ ഹ | ഭവാൻ പറഞ്ഞിട്ടുമുണ്ടല്ലോ. |

തത്തേ ഗതോഽസ്മ്യരണമദ്യ പദാരവിന്ദ-
മാപന്നസംസൃതിഭയാപഹമാർത്തബന്ധോ
ഏതാവതാലമലമിന്ദ്രിയലാലസേന
മർത്ത്യാത്മദൃക് ത്വയി പരേ യദപത്യബുദ്ധിഃ. 19

| | |
|---|---|
| ആർത്തബന്ധോ | ഹേ ദീനബന്ധോ! |
| തത് | അതുകൊണ്ട് (ഇതുവരെക്കും ഭവാനെ ഭജിക്കാതെ ആയുസ്സ് നഷ്ടപ്പെടുത്തിയിരിക്കകൊണ്ട്) |
| ആപന്ന-സംസൃതി-ഭയാപഹം | ശരണാഗതന്മാർക്കുള്ള സംസാരഭയത്തെ പാടെ നീക്കിക്കളയുന്ന |
| തേ | ഭവാന്റെ |
| പദാരവിന്ദം | തൃപ്പാദപദ്മത്തെ |
| അദ്യ | ഇന്ന് |
| അരണം ഗതഃ അസ്മി | ഞാൻ ശരണം പ്രാപിച്ചിരിക്കുന്നു. |
| യത് | യാതൊരു ഇന്ദ്രിയതൽപരതയാൽ |
| മർത്ത്യാത്മദൃക് | ഈ നശിച്ചുപോകുന്ന ശരീരത്തിൽ ആത്മദൃഷ്ടിയോടുകൂടിയവനായും |
| പരേ | പരമേശ്വരനായ |
| ത്വയി | ഭവാങ്കൽ |
| അപത്യബുദ്ധിഃ | പുത്രനെന്ന ഭാവനയോടുകൂടിയവനായും ഞാൻ ഭവിച്ചുവോ, |
| ഇന്ദ്രിയ-ലാലസേന | ആ ഇന്ദ്രിയതൽപരത |
| ഏതാവതാ | ഇത്രത്തോളം |
| അലം അലം | മതി, മതി. |

സൂതീഗൃഹേ നനു ജഗാദ ഭവാനജോ നൌ
സംജജ്ഞ ഇത്യനുയുഗം നിജധർമ്മഗുപ്ത്യൈ
നാനാതനൂർഗ്ഗഗനവദ്വിദധജ്ജഹാസി
കോ വേദ ഭൂമ്ന ഉരുഗായ വിഭൂതിമായാം. 20

| | | | |
|---|---|---|---|
| അജഃ | 'ജന്മരഹിതനെന്നിരിക്കിലും ഞാൻ | | നിസ്സംഗതയോടെയിരുന്ന് |
| | | നാനാതനൂഃ | വിവിധശരീരങ്ങളെ |
| നിജധർമ്മഗുപ്തൈ | എന്നാൽ സ്ഥാപിതമായ ധർമ്മത്തെ നിലനിർത്തുന്നതിനുവേണ്ടി | വിദധത് | കൈക്കൊണ്ട് |
| | | ജഹാസി | അവയെ കൈവിടുകയും ചെയ്യുന്നു. |
| അനുയുഗം | ഓരോ യുഗത്തിലും | ഉരുഗായ | ബഹുപ്രകാരം സ്തുത്യനായിരിക്കുന്ന ഹേ പ്രഭോ! |
| സംജജ്ഞേ | അവതരിച്ചിട്ടുണ്ട്' | | |
| ഇതി നൌ | എന്ന് ഞങ്ങളോട് | ഭൂമ്നഃ | എങ്ങും വ്യാപിച്ചിരിക്കുന്ന അങ്ങയുടെ |
| സൂതീഗൃഹേ | ഈററില്ലത്തിൽവെച്ച് | | |
| ഭവാൻ നനു | ഭവാൻതന്നെ | വിഭൂതിമായാം | വിഭൂതിയാവുന്ന യോഗമായയെ |
| ജഗാദ | പറഞ്ഞിരുന്നു | | |
| ഗഗനവത് | ആകാശംപോലെ | കഃ വേദ | ആർ അറിഞ്ഞിരിക്കുന്നു? |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ആകർണ്ണ്യേത്ഥം പിതുർവ്വാക്യം ഭഗവാൻ സാത്വതർഷഭഃ
പ്രത്യാഹ പ്രശ്രയാനമ്രഃ പ്രഹസൻ ശ്ലക്ഷ്ണയാ ഗിരാ. 21

| | | | |
|---|---|---|---|
| സാത്വതർഷഭഃ | യാദവോത്തമനായ | പ്രശ്രയാനമ്രഃ | വിനയാവനതനായി |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | പ്രഹസൻ | ചിരിച്ചുകൊണ്ട് |
| ഇത്ഥം | ഇപ്രകാരമുള്ള | ശ്ലക്ഷ്ണയാ | ഏററവും മൃദുവായ |
| പിതുഃ | പിതാവിൻെറ | ഗിരാ | വചനത്താൽ |
| വാക്യം | വാക്യത്തെ | പ്രത്യാഹ | മറുവടി പറഞ്ഞു. |
| ആകർണ്ണ്യ | കേട്ടിട്ട്, | | |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

വചോ വഃ സമവേതാർത്ഥം താതൈതദുപമന്മഹേ
യന്നഃ പുത്രാൻ സമുദ്ദിശ്യ തത്വഗ്രാമ ഉദാഹൃതഃ 22

| | | | |
|---|---|---|---|
| താത | അച്ഛാ! | | പ്പെട്ടവോ; |
| പുത്രാൻ നഃ | പുത്രന്മാരായ ഞങ്ങളെ | വഃ | ഭവാൻെറ |
| സമുദ്ദിശ്യ | ഉദ്ദേശിച്ചുകൊണ്ട് | ഏതത് വചഃ | ഈ വാക്ക് |
| യത് | യാതൊരു വാക്കിനാൽ | സമവേതാർത്ഥം | ഏററവും അർത്ഥയുക്തമായി |
| തത്വഗ്രാമഃ | തത്വജ്ഞാനസംഗ്രഹം | | |
| ഉദാഹൃതഃ | വിസ്തരിച്ചുപദേശിക്ക | ഉപമന്മഹേ | ഞാൻ കരുതുന്നു. |

നോട്ട് :— അച്ഛനോടുള്ള ഭഗവാൻെറ വിനയപ്രകാശനമാണിത്. 'തത്വമസി ശ്വേതകേതോ' എന്ന ആചാര്യോപദേശംപോലെയാണ് പുത്രനായ തന്നിൽ പരബ്രഹ്മത്വം കല്പിച്ചുകൊണ്ട് അച്ഛൻ ഇതൃയും വിസ്തരിച്ചതെന്നു ഭഗവാൻ ഭംഗിയിൽ മറുവടി പറയുന്നു. വസുദേവരുടെ സ്തുതിയെ ആത്മജ്ഞാനോപദേശമായിട്ടാണ് ഭഗവാൻ സ്വീകരിക്കുന്നത്.

അഹം യൂയമസാവാര്യ ഇമേ ച ദ്വാരകൌകസഃ
സർവ്വേഽപ്യേവം യദുശ്രേഷ്ഠ വിമൃശ്യാഃ സചരാചരം. 23

| | |
|---|---|
| യദുശ്രേഷ്ഠ | അല്ലയോ യദുശ്രേഷ്ഠ ! |
| അഹം യൂയം | ഞാനും നിങ്ങളും, |
| അസൗ ആര്യ അയം | ഈ നില്ക്കുന്ന ജ്യേഷ്ഠനും, |
| ച ഇമേ | മാത്രമല്ല, ഈ |
| ദ്വാരകൗകസഃ | ദ്വാരകാവാസികളും |
| സർവ്വേ അപി | മുഴുവനും, |
| സചരാചരം | സകല സ്ഥാവരജംഗമങ്ങളടക്കംതന്നെ |
| ഏവം വിമൃശ്യാഃ | ഇപ്രകാരം തിരിച്ചറിയപ്പെടേണ്ടവരാകുന്നു. |

ആത്മാ ഹ്യേകഃ സ്വയംജ്യോതിർന്നിത്യോഽന്യോ നിർഗ്ഗുണോ ഗുണൈഃ
ആത്മസൃഷ്ടൈസ്തത്കൃതേഷു ഭൂതേഷു ബഹുധേയതേ 24

| | |
|---|---|
| ആത്മാ | ആത്മാവ് |
| ഏകഃ | കേവലസ്വരൂപമായും |
| സ്വയംജ്യോതിഃ | സ്വയംപ്രകാശമായും |
| നിത്യഃ | ആദിമദ്ധ്യാന്തവിഹീനമായും |
| അന്യഃ | ദേഹാദികളിൽനിന്നു വിഭിന്നമായും |
| നിർഗ്ഗുണഃ ഹി | ഗുണനിർമ്മുക്തമായും ഇരിക്കുന്നുവെങ്കിലും |
| ആത്മസൃഷ്ടൈഃ | തന്നാൽ ഉളവാക്കപ്പെട്ട |
| ഗുണൈഃ | പ്രകൃതിഗുണങ്ങളാംനിമിത്തം |
| തത്കൃതേഷു | അവയാൽ (ഗുണങ്ങളാൽ) നിർമ്മിതങ്ങളായുള്ള |
| ഭൂതേഷു | ജീവജാലങ്ങളിൽ |
| ബഹുധാ | ഉപാധിഭേദം അനുസരിച്ച് പലതരത്തിലായിട്ട് |
| ഈയതേ | അനുഭവപ്പെടുന്നു. |

ഖം വായുർജ്ജ്യോതിരാപോ ഭൂസ്തത്കൃതേഷു യഥാശയം
ആവിസ്തിരോഽല്പഭൂര്യ്യേകോ നാനാത്വം യാത്യസാവപി. 25

| | |
|---|---|
| ഖം | ആകാശം, |
| വായുഃ | വായു, |
| ജ്യോതിഃ | തേജസ്സ്, |
| ആപഃ ഭൂഃ | ജലം, ഭൂമി എന്നിവ |
| തത്കൃതേഷു | അവയാൽ നിർമ്മിതങ്ങളായ ഘടാദിപദാർത്ഥങ്ങളിൽ |
| യഥാശയം | ഉപാധിഭേദമനുസരിച്ച് |
| ആവിഃ തിരഃ അല്പഭൂരി യാതി | പ്രത്യക്ഷീഭവിക്കുകയും, മറയുകയും, ചെറുതാവുകയും, വലുതാവുകയും ചെയ്യുന്നു. |
| അസൗ അപി | (അതുപോലെ) ഈ ആത്മാവും |
| ഏകഃ | ഏകസ്വരൂപമെന്നിരിക്കിലുംകൂടി |
| നാനാത്വം | ബഹുസ്വരൂപതയെ |
| യാതി | പ്രാപിക്കുന്നു. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം ഭഗവതാ രാജൻ വസുദേവ ഉദാഹൃതം
ശ്രുത്വാ വിനഷ്ടനാനാധീസ്തൂഷ്ണീം പ്രീതമനാ അഭൂത്. 26

| | |
|---|---|
| രാജൻ | രാജാവേ ! |
| ഏവം | ഇപ്രകാരം |
| ഭഗവതാ | ശ്രീഭഗവാനാൽ |
| ഉദാഹൃതം | സോദാഹരണം പറയപ്പെട്ട വാക്കിനെ |
| ശ്രുത്വാ | കേട്ട് |
| വിനഷ്ട- നാനാധീഃ | തീരെ നശിച്ചുപോയ നാനാത്വബുദ്ധിയോടുകൂടിയ |
| വസുദേവഃ | വസുദേവർ |
| പ്രീതമനാഃ | സന്തുഷ്ടചിത്തനായിഭവിച്ച് |
| തൂഷ്ണീം അഭൂത് | മൌനമാവലംബിച്ചു (മൌനത്തെ അവലംബിച്ചു) |

അഥ തത്ര കുരുശ്രേഷ്ഠ ദേവകീ സർവ്വദേവതാ
ശ്രുത്വാഽഽനീതം ഗുരോഃ പുത്രമാത്മജാഭ്യാം സുവിസ്മിതാ. 27

കൃഷ്ണരാമൌ സമാശ്രാവ്യ പുത്രാൻ കംസവിഹിംസിതാൻ
സ്മരന്തീ കൃപണം പ്രാഹ വൈക്ലബ്യാദശ്രുലോചനാ 28

| | |
|---|---|
| കുരുശ്രേഷ്ഠ | അല്ലയോ കുരുവംശോത്തമ! |
| അഥ തത്ര | അന്നൊരിക്കൽ അവിടെ |
| സർവ്വദേവതാ | സർവ്വദേവതാസ്വരൂപിണിയായ |
| ദേവകീ | ദേവകീദേവി |
| ആത്മജാഭ്യാം | സ്വപുത്രന്മാരായ രാമകൃഷ്ണന്മാരാൽ |
| ആനീതം | കൊണ്ടുവരപ്പെട്ട |
| ഗുരോഃ പുത്രം | ഗുരുപുത്രനെക്കുറിച്ച് |
| ശ്രുത്വാ | കേട്ടു |
| സുവിസ്മിതാ | അത്യത്ഭുതം ചേർന്നവളായിട്ട് |
| കംസവിഹിംസിതാൻ | കംസനാൽ പലപ്പോഴായി കൊല്ലപ്പെട്ടവരായ |
| പുത്രാൻ | മക്കളെ |
| സ്മരന്തീ | ഓർമ്മിച്ചുകൊണ്ട് |
| വൈക്ലബ്യാത് | വ്യാകുലതയാൽ |
| അശ്രുലോചനാ | അശ്രുമുഖിയായിട്ട് |
| രാമകൃഷ്ണൌ | രാമകൃഷ്ണന്മാരെ |
| സമാശ്രാവ്യ | വിളിച്ച് |
| കൃപണം | ദീനതയോടുകൂടെ |
| പ്രാഹ | പറഞ്ഞു. |

ദേവക്യുവാച=ദേവകീദേവി പറഞ്ഞു :—

രാമ രാമാപ്രമേയാത്മൻ കൃഷ്ണ യോഗേശ്വരേശ്വര
വേദാഹം വാം വിശ്വസൃജാമീശ്വരാവാദിപൂരുഷൌ. 29

| | |
|---|---|
| അപ്രമേയാത്മൻ | അചിന്ത്യസ്വരൂപനായ |
| രാമ രാമ | രാമ! ബലരാമ! |
| യോഗേശ്വരേശ്വര | യോഗേശ്വരന്മാർക്കും ഈശ്വരനായുള്ള |
| കൃഷ്ണ | കൃഷ്ണ! |
| വാം | നിങ്ങളെ രണ്ടുപേരേയും |
| വിശ്വസൃജാം | ബ്രഹ്മാദികൾക്കുകൂടി |
| ഈശ്വരൌ | ഈശ്വരന്മാരായ |
| ആദിപൂരുഷൌ | ആദിപുരുഷന്മാരാണെന്ന് |
| അഹം വേദ | ഞാൻ മനസ്സിലാക്കുന്നു. |

കാലവിധ്വസ്തസത്ത്വാനാം രാജ്ഞാമുച്ഛാസ്ത്രവർത്തിനാം
ഭൂമേർഭാരായമാണാനാമവതീർണ്ണൌ കിലാദ്യ മേ. 30

| | |
|---|---|
| കാലവിധ്വസ്തസത്ത്വാനാം | കാലശക്തിയാൽ ധ്വംസിക്കപ്പെട്ട സത്ത്വഗുണത്തോടുകൂടിയവരും |
| ഉച്ഛാസ്ത്രവർത്തിനാം | ശാസ്ത്രമര്യാദകളെ അതിലംഘിച്ചുകഴിയുന്നവരും |
| ഭൂമേഃ | ഭൂമിദേവിക്ക് |
| ഭാരായമാണാനാം | ഭാരമായിത്തീരുന്നവരും ആയ |
| രാജ്ഞാം | രാജാക്കന്മാരുടെ (സംഹാരത്തിനുവേണ്ടി) |
| അദ്യ മേ | ഇക്കാലത്ത് എന്നിൽ |
| അവതീർണ്ണൌ കില | അവതരിച്ചവരത്രേ. |

യസ്യാംശാംശാംശഭാഗേന വിശ്വോത്പത്തിലയോദയാഃ
ഭവന്തി കില വിശ്വാത്മംസ്തം ത്വാദ്യാഹം ഗതിം ഗതാ. 31

| | |
|---|---|
| വിശ്വാത്മൻ | ഹേ വിശ്വസ്വരൂപ! |
| യസ്യ | യാതൊരുവന്റെ |
| അംശാംശാംശഭാഗേന | അംശത്തിന്റേയും അംശമായതിന്റെ അംശങ്ങളുടെ ഒരംശത്താൽത്തന്നെ * |
| വിശ്വോത്പത്തിലയോദയാഃ | വിശ്വങ്ങളുടെ സൃഷ്ടിയും, സംഹാരവും, അഭ്യുദയവും |
| ഭവന്തി കില | സംഭവിച്ചുകൊണ്ടിരിക്കുന്നുവെന്നു ശാസ്ത്രപ്രസിദ്ധമാകുന്നുവോ, |
| തം ത്വാ | അങ്ങനെയുള്ള ഭവാനെ |
| അദ്യ അഹം | ഇന്നു ഞാൻ |
| ഗതിം ഗതാ | ശരണം പ്രാപിച്ചിരിക്കുന്നു. |

* ഭഗവാന്റെ അംശമായതു 'പുരുഷൻ'. പുരുഷാംശം പ്രകൃതി, പ്രകൃത്യംശങ്ങൾ ഗുണങ്ങൾ; ഈ ഗുണങ്ങളുടെ അണുപ്രായമായ ഒരംശത്താൽ' എന്നു താൽപര്യം.

ചിരാന്മൃതസുതാദാനേ ഗുരുണാ കില ചോദിതൌ
ആനിന്യഥുഃ പിതൃസ്ഥാനാദ് ഗുരവേ ഗുരുദക്ഷിണാം. 32

| | |
|---|---|
| ചിരാന്മൃത- സുതാദാനേ | വളരെക്കാലം മുമ്പു മരിച്ചുപോയ പുത്രനെ കൊണ്ടുവന്നുതരുവാനായി |
| ഗുരുണാ | ഗുരുവായ സാന്ദീപനി മഹർഷിയാൽ |
| ചോദിതൌ | ആവശ്യപ്പെട്ടവരായ നിങ്ങളിരുവരും |
| പിതൃസ്ഥാനാത് | യമപുരത്തിൽനിന്നു് |
| ഗുരുദക്ഷിണാം | അവനെ ഗുരുദക്ഷിണയായിട്ടു് |
| ഗുരവേ | ആ ഗുരുവിന്നുവേണ്ടി |
| ആനിന്യഥുഃ കില | കൊണ്ടുവന്നുവെന്നു് കേട്ടറിവുണ്ടു്. |

തഥാ മേ കുരുതം കാമം യുവാം യോഗേശ്വരേശ്വരൌ
ഭോജരാജഹതാൻ പുത്രാൻ കാമയേ ദ്രഷ്ടുമാഹൃതാൻ. 33

| | |
|---|---|
| യോഗേശ്വരേ- ശ്വരൌ | യോഗേശ്വരന്മാർക്കും ഈശ്വരന്മാരായിരിക്കുന്ന |
| യുവാം | നിങ്ങളിരുവരും |
| തഥാ | അപ്രകാരം |
| മേ കാമം | എന്റെ ആഗ്രഹത്തെയും |
| കുരുതം | നിറവേററണം. |
| ഭോജരാജ- ഹതാൻ | കംസനാൽ കൊന്നുകളയപ്പെട്ട |
| പുത്രാൻ | പുത്രന്മാരെ |
| ആഹൃതാൻ | നിങ്ങളാൽ കൊണ്ടുവരപ്പെട്ടവരായിട്ടു് |
| ദ്രഷ്ടും | കാണുവാൻ |
| കാമയേ | ഞാൻ ആഗ്രഹിക്കുന്നു. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം സഞ്ചോദിതൌ മാത്രാ രാമഃ കൃഷ്ണശ്ച ഭാരത
സുതലം സംവിവിശതുര്യോഗമായാമുപാശ്രിതൌ. 34

| | |
|---|---|
| ഭാരത | ഹേ പരീക്ഷിത്തേ! |
| മാത്രാ | മാതാവിനാൽ |
| ഏവം | ഇപ്രകാരം |
| സഞ്ചോദിതൌ | ആവശ്യപ്പെട്ടവരായ |
| രാമഃ | ശ്രീബലരാമനും; |
| കൃഷ്ണഃ ച | ശ്രീകൃഷ്ണനും |
| യോഗമായാം | യോഗമായയെ |
| ഉപാശ്രിതൌ | അവലംബിച്ചുകൊണ്ടു് |
| സുതലം | സുതലമെന്ന അധോലോകത്തിലേക്കു് |
| സംവിവിശതുഃ | എത്തിച്ചേർന്നു. |

തസ്മിൻ പ്രവിഷ്ടാവുപലഭ്യ ദൈത്യരാഡ്
വിശ്വാത്മദൈവം സുതരാം തഥാഽഽത്മനഃ
തദ്ദർശനാഹ്ലാദപരിപ്ലുതാശയഃ
സദ്യഃ സമുത്ഥായ നനാമ സാന്വയഃ. 35

| | |
|---|---|
| തസ്മിൻ | അവിടെ |
| പ്രവിഷ്ടൌ | എത്തിച്ചേർന്നവരും, |
| വിശ്വാത്മ- ദൈവം | സർവ്വജീവാത്മാക്കൾക്കും ദൈവതമായിരിക്കുന്നവരും, |
| തഥാ | അതേവിധം |
| ആത്മനഃ | തനിക്കു് |
| സുതരാം | ഏററവും (ദൈവതമായുള്ളവരുമായ രാമകൃഷ്ണന്മാരെ) |
| ഉപലഭ്യ | അരികത്തുകണ്ടു് |
| തദ്ദർശനാഹ്ലാദ- പരിപ്ലുതാശയഃ | അവരുടെ ദർശനത്താലുളവായ ആഹ്ലാദത്തിൽ മുഴുകിയ അന്തഃകരണത്തോടുകൂടിയവനായിരിച്ച |

| | | | |
|---|---|---|---|
| ദൈത്യരാട് | അസുരചക്രവർത്തിയായ മഹാബലി | സദ്യഃ | അതിവേഗത്തിൽ |
| | | സമുത്ഥായ | എഴുന്നേററ് |
| സാനുഗഃ | കുടുംബസമേതനായിട്ട് | നനാമ | നമസ്കരിച്ചു |

തയോഃ സമാനീയ വരാസനം മുദാ നിവിഷ്ടയോസ്തത്ര മഹാത്മനോസ്തയോഃ
ദധാര പാദാവവനിജ്യ തജ്ജലം സവൃന്ദ ആബ്രഹ്മ പുനദ്യദംബു ഹ.

| | | | |
|---|---|---|---|
| മഹാത്മനോഃ | മഹാത്മാക്കളായ | ആബ്രഹ്മ | ബ്രഹ്മാവുവരെയുള്ള എല്ലാവരെയും |
| തയോഃ | അവരിരുവർക്കും | പുനത് | ശുദ്ധീകരിച്ചുകൊണ്ടിരിക്കുന്നതു് |
| വരാസനം | ഉത്തമസിംഹാസനത്തെ | | |
| സമാനീയ | കൊണ്ടുകൊടുത്തു്, | | |
| തത്ര | അതിന്മേൽ | തത് ജലം | ആ പാദോദകത്തെ |
| നിവിഷ്ടയോഃ | ഇരുന്നരുളിയ | സവൃന്ദഃ | പരിവാരസമേതനായ മഹാബലി |
| തയോഃ | അവരുടെ | | |
| പാദൌ | തൃപ്പാദങ്ങളെ | മുദാ | സന്തോഷത്തോടെ |
| അവനിജ്യ | കഴുകിച്ചു്, | ശിരസാ | ശിരസ്സിനാൽ |
| യത് അംബു | യാതൊരു പാദോദകമാണോ, | ദധാര ഹ | ഏററു ; ആശ്ചര്യം ! |

സമർഹയാമാസ സ തൌ വിഭൂതിഭിർമ്മഹാർഹവസ്ത്രാഭരണാനുലേപനൈഃ
താംബൂലദീപാമൃതഭക്ഷണാദിഭിഃ സ്വഗോത്രവിത്താത്മസമർപ്പണേന ച. 37

| | | | |
|---|---|---|---|
| മഹാർഹവസ്ത്രാഭരണാനുലേപനൈഃ | വിലപ്പിടിച്ച വസ്ത്രാഭരണങ്ങൾ, ചന്ദനാദിവിലേപനങ്ങൾ എന്നിങ്ങനെയുള്ള | | എന്നിവയാലും, |
| വിഭൂതിഭിഃ | വിശിഷ്ടസാധനങ്ങളാലും, | സ്വഗോത്രവിത്താത്മസമർപ്പണേന ച | സ്വവംശം, സ്വധനം, സ്വദേഹം എന്നിവയുടെ സമർപ്പണത്താലും |
| താംബൂലദീപാമൃതഭക്ഷണാദിഭിഃ | വെററിലയടയ്ക്ക, ദീപങ്ങൾ, അമൃതോപമങ്ങളായ ഭോജ്യങ്ങൾ | സഃ തൌ | അദ്ദേഹം അവരെ |
| | | സമർഹയാമാസ | ആരാധിച്ചു. |

സ ഇന്ദ്രസേനോ ഭഗവത്പദാംബുജം ബിഭ്രന്മുഹുഃ പ്രേമവിഭിന്നയാ ധിയാ
ഉവാച ഹാനന്ദജലാകുലേക്ഷണഃ പ്രഹൃഷ്ടരോമാ നൃപ ഗദ്ഗദാക്ഷരം.

| | | | |
|---|---|---|---|
| നൃപ | രാജാവേ! | ബിഭ്രത് | (ശിരസ്സാൽ) വഹിച്ചുകൊണ്ടു്, |
| സഃ ഇന്ദ്രസേനഃ | ആ മഹാബലി | ആനന്ദജലാകുലേക്ഷണഃ | സന്തോഷാശ്രുക്കൾ നിറഞ്ഞ കണ്ണിണയോടുകൂടിയവനായി, |
| പ്രേമവിഭിന്നയാ | ഭക്തിയാൽ അലിവുററിരിക്കുന്ന | | |
| ധിയാ | മാനസത്തോടെ | പ്രഹൃഷ്ടരോമാ | കോരമ്മയിർക്കൊണ്ടു്, |
| ഭഗവത്പദാംബുജം | ഭഗവൽപ്പാദാരവിന്ദത്തെ | ഗദ്ഗദാക്ഷരം | ഇടറിയ അക്ഷരങ്ങളോടുകൂടി |
| മുഹുഃ | വീണ്ടും | ഉവാച ഹ | പറഞ്ഞു ; അദ്ഭുതം ! |

ബലിരുവാച=മഹാബലി പറഞ്ഞു :—

നമോഽനന്തായ ബൃഹതേ നമഃ കൃഷ്ണായ വേധസേ
സാംഖ്യയോഗവിതാനായ ബ്രഹ്മണേ പരമാത്മനേ.

| | |
|---|---|
| ബൃഹതേ | മഹത്ത്വമാർന്നുള്ള |
| അനന്തായ | ആദിശേഷന്നു |
| നമഃ | നമസ്കാരം. |
| വേധസേ | ലോകകർത്താവായ |
| കൃഷ്ണായ | ശ്രീകൃഷ്ണമൂർത്തിക്ക് |
| നമഃ | നമസ്കാരം. |
| സാംഖ്യയോഗ-വിതാനായ | ജ്ഞാനശാസ്ത്രത്തിന്റേയും കർമ്മയോഗത്തിന്റേയും പ്രവർത്തകനായി |
| ബ്രഹ്മണേ | എങ്ങും പൂർണ്ണനായിരിക്കുന്ന |
| പരമാത്മനേ | പരമാത്മാവിന്ന് |
| (നമഃ) | നമസ്കാരം. |

ദർശനം വാം ഹി ഭൂതാനാം ദുഷ്പ്രാപം ചാപ്യദുർല്ലഭം
രജസ്തമഃസ്വഭാവാനാം യന്നഃ പ്രാപ്തം യദൃച്ഛയാ. 40

| | |
|---|---|
| വാം | ഭവാന്മാരുടെ |
| ദർശനം | സന്ദർശനം (ഭവാന്മാരെ കണ്ടെത്തുക എന്നത്) |
| ഭൂതാനാം | പ്രാണികൾക്ക് |
| ദുഷ്പ്രാപം ഹി | ദുർല്ലഭമായതുതന്നെ. |
| അപി | എന്നിരിക്കിലും |
| അദുർല്ലഭം ച | (ഭവൽകരുണയാൽ) ദുർല്ലഭമല്ലാത്തതായും ഭവിക്കാറുണ്ട്. |
| യത് | എന്തെന്നാൽ |
| രജസ്തമ-സ്വഭാവാനാം | രാജസവും താമസവുമായ സ്വഭാവം ചേർന്നിട്ടുള്ള |
| നഃ | ഞങ്ങൾക്ക് |
| യദൃച്ഛയാ | ഒരു വിഷമവുമില്ലാതെ |
| പ്രാപ്തം | ദർശനം തന്നവരായിരിക്കുന്നു. |

ദൈത്യദാനവഗന്ധർവ്വാഃ സിദ്ധവിദ്യാധ്രചാരണാഃ
യക്ഷരക്ഷഃപിശാചാശ്ച ഭൂതപ്രമഥനായകാഃ. 41

വിശുദ്ധസത്ത്വധാമ്ന്യദ്ധാ ത്വയി ശാസ്ത്രശരീരിണി
നിത്യം നിബദ്ധവൈരാസ്തേ വയം ചാന്യേ ച താദൃശാഃ. 42

കേചനോദ്ബദ്ധവൈരേണ ഭക്ത്യാ കേചന കാമതഃ
ന തഥാ സത്ത്വസംരബ്ധാഃ സന്നികൃഷ്ടാഃ സുരാദയഃ. 43

| | |
|---|---|
| ദൈത്യദാനവ-ഗന്ധർവ്വാഃ | ദൈത്യന്മാർ, ദാനവന്മാർ, ഗന്ധർവ്വന്മാർ, |
| സിദ്ധവിദ്യാധ്ര-ചാരണാഃ | സിദ്ധന്മാർ, വിദ്യാധരന്മാർ, ചാരണന്മാർ, |
| യക്ഷരക്ഷഃ പിശാചാഃ | യക്ഷന്മാർ, രാക്ഷസന്മാർ, പിശാചന്മാർ, |
| ഭൂതപ്രമഥ-നായകാഃ ച | ഭൂതനാഥന്മാർ, പ്രമഥനാഥന്മാർ എന്നിവരും |
| തേ വയം ച | അങ്ങനെയുള്ള ഞങ്ങളും, |
| താദൃശാഃ | അതുപോലുള്ള |
| അന്യേ ച | മററുപേരും |
| വിശുദ്ധസത്ത്വ-ധാമ്നി | വിശുദ്ധസത്ത്വഗുണത്തിന്റെ അധിഷ്ഠാതാവും, |
| ശാസ്ത്രശരീരിണി | ധർമ്മശാസ്ത്രമാവുന്ന ശരീരം പൂണ്ടിരിക്കുന്നവനുമായ |
| ത്വയി | നിന്തിരുവടിയിൽ |
| നിത്യം | എല്ലാകാലത്തും |
| അദ്ധാ | പ്രത്യക്ഷത്തിൽ |
| നിബദ്ധവൈരാഃ | ബദ്ധവിരോധം ചേർന്നിരിക്കുന്നവരാണ്. |
| കേചന | (മേൽപ്പറഞ്ഞവരിൽ) ചിലർ |
| ഉദ്ബദ്ധ-വൈരേണ | മുന്തിയ ബദ്ധവിരോധത്താലുളവായ |
| ഭക്ത്യാ | ഭക്തികൊണ്ടും, |
| കേചന | ചിലർ |

കാമതഃ — കാമത്താലുള്ളവരായ ഭക്തി കൊണ്ടും
സന്നികൃഷ്ടാഃ — നിന്തിരുവടിയോട് ഏറ്റവും അടുത്ത സമ്പർക്കമുള്ളവരാകുന്നു.
സുരാദയഃ — ദേവാദികളും
സത്ത്വസംരബ്ധാഃ — സത്ത്വഗുണമുള്ളവരെന്നിരിക്കിലുംകൂടി
തഥാ ന — അത്രത്തോളം അടുത്തവരല്ല.

ഇദമിത്ഥമിതി പ്രായസ്തവ യോഗേശ്വരേശ്വര
ന വിദന്ത്യപി യോഗേശാ യോഗമായാം കുതോ വയം. 44

യോഗേശ്വരേശ്വര — യോഗേശ്വരന്മാർക്കും ഈശ്വരനായി വർത്തിക്കുന്ന ഹേ പ്രഭോ!
തവ — നിന്തിരുവടിയുടെ
യോഗമായാം — യോഗമായയെ
ഇദം ഇത്ഥം ഇതി — ഇത് ഇന്നരൂപത്തിലും തരത്തിലുമുള്ളതാണെന്നു
യോഗേശാഃ അപി — യോഗേശ്വരന്മാരായിരിക്കുന്നവർപോലും
പ്രായഃ — അധികപക്ഷം
ന വിദന്തി — അറിഞ്ഞിരിക്കുന്നില്ല;
വയം — (എന്നിരിക്കെ) ഞങ്ങൾ
കുതഃ — എങ്ങനെയാണ്?

തന്നഃ പ്രസീദ നിരപേക്ഷവിമൃഗ്യയുഷ്മത്-
പാദാരവിന്ദധിഷണാന്യഗൃഹാന്ധകൂപാത്
നിഷ്ക്രമ്യ വിശ്വശരണാംഘ്ര്യുപലബ്ധവൃത്തിഃ
ശാന്തോ യഥൈക ഉത സർവ്വസഖൈശ്ചരാമി. 45

നിരപേക്ഷ-വിമൃഗ്യയുഷ്മത്-പാദാരവിന്ദ-ധിഷണാന്യ-ഗൃഹാന്ധകൂപാത് — ഒന്നിലും അപേക്ഷയില്ലാത്ത മുക്തന്മാരാൽ തേടപ്പെടേണ്ടുന്ന അവിടുത്തെ തൃപ്പാദകമലമാവുന്ന അവലംബത്തിൽനിന്ന് വേറിട്ടതായ ഗൃഹമാവുന്ന പാഴ്ക്കിണററിൽനിന്ന്
നിഷ്ക്രമ്യ — കരയേറി,
വിശ്വശരണാംഘ്ര്യുപലബ്ധവൃത്തിഃ — ലോകത്തിന്നു രക്ഷയേകുന്ന വൃക്ഷങ്ങളുടെ മുരട്ടിൽ ലഭിച്ച (വൃക്ഷങ്ങളിൽനിന്നു കൊഴിഞ്ഞു വീണ ഫലങ്ങളെക്കൊണ്ടുള്ള) ജീവസവൃത്തിയോടു കൂടിയവനായി,
ശാന്തഃ — ശാന്തനായി,
ഏകഃ — ഒറ്റയ്ക്കായിട്ടോ,
ഉത — അല്ലാത്തപക്ഷം
സർവ്വസഖൈഃ — എല്ലാവരുടേയും ചങ്ങാതിമാരായ ഭക്തജനങ്ങളോടുകൂടിയോ
യഥാ ചരാമി — ഞാൻ ഏതുവിധത്തിലായാൽ സഞ്ചരിക്കുമോ,
തത് — ആ വിധത്തിൽ
നഃ പ്രസീദ — എന്നെ അനുഗ്രഹിച്ചാലും.

ശാധ്യസ്മാനീശിതവ്യേശ നിഷ്പാപാൻ കുരു നഃ പ്രഭോ
പുമാൻ യച്ഛ്രദ്ധയാഽഽതിഷ്ഠംശ്ചോദനായാ വിമുച്യതേ 46

ഈശിതവ്യേശ — രക്ഷണീയന്മാർക്കു രക്ഷിതാവായുള്ള ഹേ പരമാത്മൻ!
അസ്മാൻ — ഞങ്ങളോട്
ശാധി — ആജ്ഞാപിച്ചാലും!
നഃ — ഞങ്ങളെ
നിഷ്പാപാൻ — പാപനിർമ്മുക്തരാക്കി
കുരു — തീർത്താലും.
പ്രഭോ — ഹേ സർവ്വശക്ത!

| | | | |
|---|---|---|---|
| യത് | യാതൊരു ഭഗവദാജ്ഞയെ | ചോദനായാഃ | വിധിനിഷേധാത്മകമാ |
| ശ്രദ്ധയാ | ശ്രദ്ധയോടെ | | യ ധൎമ്മശാസ്ത്രോപദേശ |
| ആതിഷ്ഠൻ | അനുഷ്ഠിച്ചുവരുന്ന | | ത്തിൽനിന്നും |
| പുമാൻ | ഒരുവൻ | വിമുച്യതേ | വിമുക്തനായി ഭവിക്കുന്നു. |

ശ്രീഭഗവാനുവാച = ശ്രീകൃഷ്ണഭഗവാൻ പറഞ്ഞു :—

ആസൻ മരീചേഃ ഷട് പുത്രാ ഊൎണ്ണായാം പ്രഥമേഽന്തരേ
ദേവാഃ കം ജഹസുൎവ്വീക്ഷ്യ സുതാം യഭിതുമുദ്യതം. 47

| | | | |
|---|---|---|---|
| പ്രഥമേ | ഒന്നാമത്തെ | ദേവാഃ | ആ ദേവന്മാർ |
| അന്തരേ | മന്വന്തരത്തിൽ | സുതാം | പുത്രിയെ |
| മരീചേഃ | മരീചിമഹൎഷിക്ക് | യഭിതും | സംഗമിക്കുവാൻ |
| ഊൎണ്ണായാം | ഊൎണ്ണയെന്ന പത്നിയിൽ | ഉദ്യതം | ഒരുങ്ങിപ്പുറപ്പെട്ട |
| ഷട് പുത്രാഃ | ആറു പുത്രന്മാർ | കം വീക്ഷ്യ | ബ്രഹ്മാവിനെ നോക്കി |
| ആസൻ | ഉണ്ടായിരുന്നു | ജഹസുഃ | പരിഹസിച്ചു. |

തേനാസുരീമഗൻ യോനിമധുനാവദ്യകൎമ്മണാ
ഹിരണ്യകശിപോൎജ്ജാതാ നീതാസ്തേ യോഗമായയാ 48
ദേവക്യാ ഉദരേ ജാതാ രാജൻ കംസവിഹിംസിതാഃ
സാ താഞ്ഛോചത്യാത്മജാൻ സ്വാംസ്ത ഇമേഽധ്യാസതേഽന്തികേ 49

| | | | |
|---|---|---|---|
| തേന | ആ | ജാതാഃ | ജനിച്ചു. |
| അവദ്യകൎമ്മണാ | ദുഷ്ടകൎമ്മത്താൽ | രാജൻ | അല്ലയോ ദൈത്യരാജാവേ! |
| തേ അധുനാ | അവർ ഉടനെ | കംസ- | അവർ കംസനാൽ |
| ആസുരീം യോനിം | ആസുരമായ ജന്മത്തെ | വിഹിംസിതാഃ | വിവിധകാലത്തിലായി |
| അഗൻ | പ്രാപിച്ചു. | | കൊല്ലപ്പെടുകയുംചെയ്തു. |
| ഹിരണ്യ- | ഹിരണ്യകശിപുവിൽ | സാ | ആ ദേവകീദേവി |
| കശിപോഃ | നിന്നു് | താൻ | അവരെ |
| ജാതാഃ | ഉൽപത്തിയാൎന്നിരുന്ന | സ്വാൻ | തന്റേതായ |
| | അവർ | ആത്മജാൻ | മക്കളെന്നു കരുതി |
| യോഗമായയാ | യോഗമായയാൽ | ശോചതി | ദുഃഖിക്കുന്നു. |
| നീതാഃ | ആകൃഷ്ടരായിട്ടു് | തേ ഇമേ | ആ ഇവർ |
| ദേവക്യാഃ | ദേവകീദേവിയുടെ | അന്തികേ | അങ്ങയുടെ അരികിൽ |
| ഉദരേ | ഗൎഭത്തിൽ | അധ്യാസതേ | ഇരിക്കുന്നുണ്ടു് |

ഇത ഏതാൻ പ്രണേഷ്യാമോ മാതൃശോകാപനുത്തയേ
തതഃ ശാപാദ്വിനിൎമ്മുക്താ ലോകം യാസ്യന്തി വിജ്വരാഃ. 50

| | | | |
|---|---|---|---|
| മാതൃശോകാ- | അമ്മയുടെ ദുഃഖം തീൎക്കു | പ്രണേഷ്യാമഃ | കൊണ്ടുപോയേക്കാം. |
| പനുത്തയേ | ന്നതിന്നുവേണ്ടി | തതഃ | അനന്തരം |
| ഇതഃ | ഇങ്ങുനിന്നു് | ശാപാത് | ബ്രഹ്മശാപത്തിൽനിന്നു |
| ഏതാൻ | ഇവരെ | വിനിൎമ്മുക്താഃ | നിശ്ശേഷം മുക്തരായും |

| | | | |
|---|---|---|---|
| വിജ്വരാഃ | സന്താപം നീങ്ങിയവ രായും ഭവിച്ച് | ലോകം | സ്വലോകത്തിലേക്ക് |
| | | യാസ്യന്തി | ഇവർ പോകുന്നതായിരിക്കും. |

സ്മരോദ്ഗീഥഃ പരിഷ്വംഗഃ പതംഗഃ ക്ഷുദ്രഭൃദ് ഘൃണീ
ഷഡിമേ മത്പ്രസാദേന പുനര്യാസ്യന്തി സദ്ഗതിം 51

| | | | |
|---|---|---|---|
| സ്മരോദ്ഗീഥഃ | സ്മരൻ, ഉദ്ഗീഥൻ, | ഇമേ ഷട് | ഇവർ ആറുപേരും |
| പരിഷ്വംഗഃ | പരിഷ്വംഗൻ, | മത്പ്രസാദേന | എന്റെ അനുഗ്രഹത്താൽ |
| പതംഗഃ | പതംഗൻ, | പുനഃ | പിന്നീട് |
| ക്ഷുദ്രഭൃത് | ക്ഷുദ്രഭൃത്ത്, | സദ്ഗതിം | സൽഗതിയെ |
| ഘൃണീ | ഘൃണി എന്നിങ്ങനെയുള്ള | യാസ്യന്തി | പ്രാപിക്കുന്നതാണ്. |

നോട്ട് :— കർമ്മശേഷത്താൽ ആദ്യം ദേവലോകത്തേക്കു പോയി, പിന്നീട് കർമ്മാവസാനത്തിൽ സൽഗതിയെ പ്രാപിക്കുന്നതാണെന്നർത്ഥം

സ്മരൻ, ഉദ്ഗീഥൻ എന്നിങ്ങനെയുള്ള പേരുകൾ ഇവർ മരീചിപുത്രന്മാരായിരുന്നപ്പോളുള്ളതാണ് ഈ സ്മരനാണ് ദേവകിയുടെ പ്രഥമപുത്രനായ 'കീർത്തിമാൻ'.

ഇത്യുക്ത്വാ താൻ സമാദായ ഇന്ദ്രസേനേന പൂജിതൗ
പുനർദ്വാരവതീമേത്യ മാതുഃ പുത്രാനയച്ഛതാം. 52

| | | | |
|---|---|---|---|
| ഇതി | എന്നിപ്രകാരം | | അവരിരുവരും |
| ഉക്ത്വാ | അരുളിച്ചെയ്തു, | ദ്വാരവതീം | ദ്വാരകാപുരിയിലേക്ക് |
| താൻ | അവരേയും | പുനഃ ഏത്യ | വീണ്ടും വന്ന് |
| സമാദായ | കൂട്ടിക്കൊണ്ടു, | പുത്രാൻ | പുത്രന്മാരെ |
| ഇന്ദ്രസേനേന | മഹാബലിയാൽ | മാതുഃ | മാതാവിന്ന് |
| പൂജിതൗ | സൽകൃതന്മാരായ | അയച്ഛതാം | കൊടുത്തു. |

താൻ ദൃഷ്ട്വാ ബാലകാൻ ദേവീ പുത്രസ്നേഹസ്നുതസ്തനീ
പരിഷ്വജ്യാങ്കമാരോപ്യ മൂർധ്ന്യജിഘ്രദഭീക്ഷ്ണശഃ. 53

| | | | |
|---|---|---|---|
| ബാലകാൻ | ബാലകന്മാരായ | പരിഷ്വജ്യ | (അവരെ) കെട്ടിപ്പിടിച്ച്, |
| താൻ ദൃഷ്ട്വാ | അവരെ കണ്ടു | അങ്കം ആരോപ്യ | മടിയിൽ കയററിയിരുത്തി |
| പുത്രസ്നേഹ-സ്നുതസ്തനീ | പുത്രവാത്സല്യത്താൽ മുലചുരന്ന | അഭീക്ഷ്ണശഃ | വീണ്ടും വീണ്ടും |
| | | മൂർധ്നി | നെറുകയിൽ |
| ദേവീ | ദേവകീദേവി | അജിഘ്രത് | മുകർന്നു. |

അപായയത് സ്തനം പ്രീതാ സുതസ്പർശപരിപ്ലുതാ
മോഹിതാ മായയാ വിഷ്ണോര്യയാ സൃഷ്ടിഃ പ്രവർത്തതേ. 5

| | | | |
|---|---|---|---|
| യയാ | യാതൊന്നിനാൽ | മോഹിതാ | മോഹിതയായിത്തീർന്ന ദേവകീദേവി |
| സൃഷ്ടിഃ | പ്രപഞ്ചസൃഷ്ടി | സുതസ്പർശ-പരിപ്ലുതാ | പുത്രസ്പർശത്താൽ പാൽ ചുരന്നിരിക്കുന്ന |
| പ്രവർത്തതേ | നടന്നുകൊണ്ടിരിക്കുന്നുവോ, | സ്തനം | സ്തനത്തെ |
| വിഷ്ണോഃ | (ആ) മഹാവിഷ്ണുവിന്റെ | അപായയത് | കുടിപ്പിച്ചു. |
| മായയാ | മായയാൽ | | |

പീത്വാമൃതം പയസ്തസ്യാഃ പീതശേഷം ഗദാഭൃതഃ
നാരായണാംഗസംസ്പർശപ്രതിലബ്ധാത്മദർശനാഃ. 55

തേ നമസ്കൃത്യ ഗോവിന്ദം ദേവകീം പിതരം ബലം
മിഷതാം സർവ്വഭൂതാനാം യയുർധാമ ദിവൗകസാം. 56

| | |
|---|---|
| ഗദാഭൃതഃ | ശ്രീകൃഷ്ണഭഗവാന്റെ |
| പീതശേഷം | ഉച്ഛിഷ്ടമായതും |
| അമൃതം | അമൃതമയമായിരിക്കുന്നതും ആയ |
| തസ്യാഃ | ദേവകിയുടെ |
| പയഃ പീത്വാ | പാൽ കുടിച്ച്, |
| നാരായണാംഗ-സംസ്പർശ-പ്രതിലബ്ധാ-ത്മദർശനാഃ | ശ്രീകൃഷ്ണഭഗവാന്റെ അംഗസ്പർശം നിമിത്തം സിദ്ധിച്ച ആത്മജ്ഞാനത്തോടു കൂടിയവരായിഭവിച്ച |
| തേ | അവർ |
| ഗോവിന്ദം | ശ്രീകൃഷ്ണഭഗവാനെയും, |
| ദേവകീം | ദേവകീദേവിയേയും, |
| പിതരം | പിതാവായ വസുദേവരെയും, |
| ബലം | ശ്രീബലരാമനേയും |
| നമസ്കൃത്യ | നമസ്കരിച്ച് |
| സർവ്വഭൂതാനാം | എല്ലാ ജനങ്ങളും |
| മിഷതാം | നോക്കിനില്ക്കേ, |
| ദിവൗകസാം | ദേവകളുടെ |
| ധാമ | ലോകത്തിലേക്ക് |
| യയുഃ | പോയി. |

തം ദൃഷ്ട്വാ ദേവകീ ദേവീ മൃതാഗമനനിർഗ്ഗമം
മേനേ സുവിസ്മിതാ മായാം കൃഷ്ണസ്യ രചിതാം നൃപ. 57

| | |
|---|---|
| നൃപ | അല്ലയോ രാജാവേ! |
| ദേവീ | ദിവ്യാംഗനയായ |
| ദേവകീ | ദേവകി |
| തം | ആ വിധത്തിലുണ്ടായ |
| മൃതാഗമന-നിർഗ്ഗമം | മരിച്ച മക്കളുടെ വരവും പോക്കും |
| ദൃഷ്ട്വാ | കണ്ട് |
| സുവിസ്മിതാ | ഏററവും വിസ്മയിച്ചവളായി ഭവിച്ച് |
| കൃഷ്ണസ്യ | ശ്രീകൃഷ്ണനാൽ |
| രചിതാം | നിർമ്മിതമായ |
| മായാം | മായയെന്ന് |
| മേനേ | കരുതി. |

ഏവംവിധാന്യദ്ഭുതാനി കൃഷ്ണസ്യ പരമാത്മനഃ
വീര്യ്യാണ്യനന്തവീര്യ്യസ്യ സന്ത്യനന്താനി ഭാരത. 58

| | |
|---|---|
| ഭാരത | ഹേ പരീക്ഷിത്തേ! |
| അനന്തവീര്യ്യസ്യ | അററമില്ലാത്ത പരാക്രമത്തോടുകൂടിയ |
| പരമാത്മനഃ | പരമാത്മാവായ |
| കൃഷ്ണസ്യ | ശ്രീകൃഷ്ണഭഗവാന്റെ |
| ഏവംവിധാനി | ഈ പ്രകാരത്തിലുള്ള |
| അദ്ഭുതാനി | അദ്ഭുതകരങ്ങളായ |
| വീര്യ്യാണി | പരാക്രമങ്ങൾ |
| അനന്താനി | അററമില്ലാത്തവയായിട്ട് |
| സന്തി | ഉണ്ട്. |

സൂത ഉവാച=സൂതൻ പറഞ്ഞു —

യ ഇദമനുശൃണോതി ശ്രാവയേദ്വാ മുരാരേ-
ശ്ചരിതമമൃതകീർത്തേർവ്വർണ്ണിതം വ്യാസപുത്രൈഃ
ജഗദഘഭിദലം തദ്ഭക്തസത്കർണ്ണപൂരം
ഭഗവതി കൃതചിത്തോ യാതി തത്ക്ഷേമധാമ. 59

| | | | |
|---|---|---|---|
| അലം | തികച്ചും | മുരാരേഃ | ശ്രീകൃഷ്ണഭഗവാന്റെ |
| ജഗദഘഭിത് | ലോകത്തിന്റെ പാപത്തെ നിശ്ശേഷം നശിപ്പിക്കുന്നതും | ഇദം ചരിതം | ഈ കഥയെ |
| തദ്ഭക്ത—സത്കർണ്ണ—പൂരം | അറിവുള്ള ഭക്തന്മാരായ സജ്ജനങ്ങളുടെ കാതുകളിൽ ഇമ്പം നിറയ്ക്കുന്നതും. | യഃ | യാതൊരാൾ |
| വ്യാസപുത്രൈഃ | ശുകബ്രഹ്മർഷിയാൽ | അനുശൃണോതി | നിത്യവും കേൾക്കുകയോ |
| വർണ്ണിതം | വർണ്ണിക്കപ്പെട്ടിരിക്കുന്നതും ആയ | ശ്രാവയേത് വാ | കേൾപ്പിക്കുകയോ ചെയ്യുന്നുവോ (അയാൾ) |
| അമൃതകീർത്തേഃ | ജനനമരണാദിഭയത്തെ തീർക്കുന്ന യശസ്സോടുകൂടിയ | ഭഗവതി | ശ്രീകൃഷ്ണഭഗവാങ്കൽ |
| | | കൃതചിത്തഃ | സ്ഥിരീകൃതമായ ചിത്തത്തോടുകൂടിയവനായിട്ട് |
| | | തത്ക്ഷേമധാമ | അതിരറ്റ ക്ഷേമലോകത്തേക്ക് |
| | | യാതി | പ്രയാണം ചെയ്യുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
മൃതാഗ്രജാനയനം നാമ പഞ്ചാശീതിതമോऽധ്യായഃ.
ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3681.

## ഷഡശീതിതമോऽധ്യായഃ എൺപത്താറാമദ്ധ്യായം.

[ഷഡശീതിതമേ തം ഭ്രാതുഃ സുഭദ്രാമർജ്ജുനോऽഹരത്
ഗത്വാ ച മിഥിലാം കൃഷ്ണോ ഹ്യുപാവിപ്രാവനന്ദയത്.]

(സുഭദ്രാഹരണപ്രസ്താവം ഭഗവാൻ ബഹുലാശ്വനേയും ശ്രുതദേവനേയും അനുഗ്രഹിച്ചതു്)

രാജോവാച=പരീക്ഷിത്ത് രാജാവു ചോദിച്ചു:—

ബ്രഹ്മൻ വേദിതുമിച്ഛാമഃ സ്വസാരം രാമകൃഷ്ണയോഃ
യഥോപയേമേ വിജയോ യാ മമാസീത് പിതാമഹീ. 1

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രഹ്മർഷേ! | വേദിതും | അറിയുവാൻ |
| വിജയഃ | അർജ്ജുനൻ | ഇച്ഛാമഃ | ആഗ്രഹിക്കുന്നു. |
| രാമകൃഷ്ണയോഃ | രാമകൃഷ്ണന്മാരുടെ | യാ | യാതൊരു ആ സുഭദ്രാദേവി |
| സ്വസാരം | സഹോദരിയെ | മമ | എന്റെ |
| യഥാ | ഏതുപ്രകാരത്തിലാണ് | പിതാമഹീ | മുത്തശ്ശി |
| ഉപയേമേ | വിവാഹം ചെയ്തതു് ? | ആസീത് | ആയിരുന്നു. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

അർജ്ജുനസ്തീർത്ഥയാത്രായാം പര്യടന്നവനീം പ്രഭുഃ
ഗതഃ പ്രഭാസമശൃണോന്മാതുലേയീം സ ആത്മനഃ. 2
ദുര്യോധനായ രാമസ്താം ദാസ്യതീതി ന ചാപരേ
തല്ലിപ്സുഃ സ യതിർഭൂത്വാ ത്രിദണ്ഡീ ദ്വാരകാമഗാത് 3

| | |
|---|---|
| പ്രഭുഃ | പ്രഭാവശാലിയായ |
| അർജ്ജുനഃ | അർജ്ജുനൻ |
| തീർത്ഥയാത്രായാം | തീർത്ഥയാത്രയെ നിമിത്ത മാക്കി, |
| അവനീം | ഭൂമിയെ |
| പര്യടൻ | മുഴുവൻ ചുററിസ്സഞ്ചരി ച്ചുകൊണ്ടു് |
| പ്രഭാസം | പ്രഭാസമെന്ന തീർത്ഥസ്ഥലത്തേക്കു് |
| ഗതഃ | പോയ്ച്ചേർന്നു |
| സഃ | അദ്ദേഹം (അവിടെവെച്ചു്) |
| ആത്മനഃ | തൻെറ |
| മാതുലേയീം | അമ്മാമൻെറ മകളായ |
| താം | ആ സുഭദ്രയെ |
| രാമഃ | ബലരാമൻ |
| ദുര്യോധനായ | ദുര്യോധനന്നു് |
| ദാസ്യതി | കൊടുക്കവാൻ ഉദ്ദേശി ക്കുന്നുവെന്നും, |
| അപരേ | മററുള്ളവർ (വസുദേവാ ദികൾ) |
| ന ഇതി ച | അതിഷ്ടപ്പെടുന്നില്ലെന്നും |
| അശ്രൗഷീത് | കേട്ടറിഞ്ഞു. |
| തല്ലിപ്സുഃ | അവളെ കൈക്കലാക്ക വാൻ ആഗ്രഹംവളർന്ന |
| സഃ | ആ അർജ്ജുനൻ |
| ത്രിദണ്ഡീ | ത്രിദണ്ഡധാരിയായ |
| യതിഃ | (വൈഷ്ണവ) സന്യാസിയായി |
| ഭൂത്വാ | ഭവിച്ചു് |
| ദ്വാരകാം | ദ്വാരകയിലേക്കു് |
| അഗാത് | പോയി. |

തത്ര വൈ വാർഷികാൻ മാസാനവാത്സീത് സ്വാർത്ഥസാധകഃ
പൌരൈഃ സഭാജിതോഽഭീക്ഷ്ണം രാമേണാജാനതാ ച സഃ. 4

| | |
|---|---|
| പൌരൈഃ | പുരവാസികളാലും, |
| അജാനതാ | ആളെ തിരിച്ചറിഞ്ഞിട്ടി ല്ലാത്ത |
| രാമേണ ച | ബലരാമനാലും |
| അഭീക്ഷ്ണം | കൂടെക്കൂടെ |
| സഭാജിതഃ | സൽകൃതനായും, |
| സ്വാർത്ഥസാധകഃ | തൻകാര്യം നേടുന്നവന മായും ഭവിച്ചുകൊണ്ടു് |
| സഃ | ആ അർജ്ജുനൻ |
| വാർഷികാൻ | വർഷകാലത്തെ സംബ ന്ധിച്ച |
| മാസാൻ | മാസങ്ങളെ മുഴുവനും (ആഷാഢം തൊട്ടു് ആശ്വി നംവരെ നാലുമാസത്തോള മുള്ള മഴക്കാലം മുഴുവനും) |
| തത്ര വൈ | അവിടെത്തന്നെ |
| അവാത്സീത് | താമസിച്ചു. |

ഏകദാ ഗൃഹമാനീയ ആതിഥ്യേന നിമന്ത്ര്യ തം
ശ്രദ്ധയോപഹൃതം ഭൈക്ഷ്യം ബലേന ബുഭുജേ കില.

| | |
|---|---|
| ഏകദാ | ഒരിക്കൽ |
| തം | അദ്ദേഹത്തെ |
| ആതിഥ്യേന | വിരുന്നൂട്ടുന്നതിന്നായി |
| നിമന്ത്ര്യ | ക്ഷണിച്ചു് |
| ഗൃഹം | ഗൃഹത്തിലേക്കു് |
| ആനീയ | കൂട്ടിക്കൊണ്ടുവന്നു്, |
| ബലേന | ബലരാ[illegible] |
| ശ്രദ്ധയാ | [illegible] |
| ഉപഹൃതം | [illegible] |
| ഭൈ[illegible] | [illegible] |

സോഽപശ്യത്തത്ര മഹത്[illegible]
പ്രീത്യുത്ഫുല്ലേക്ഷ[illegible]

| | |
|---|---|
| സഃ | ആ അ[illegible] |
| തത്ര | (അ[illegible] |

| | | | |
|---|---|---|---|
| മഹതീം | പ്രാപ്തയൌവനയായ | തസ്യാം | അവളിൽ |
| കന്യാം | ഒരു പെൺകിടാവിനെ | ഭാവക്ഷുബ്ധം | രത്യാസക്തിയാൽ കലക്കംകൊണ്ടതായ |
| അപശ്യത് | കണ്ടു. | മനഃ | സ്വഹൃദയത്തെ |
| പ്രീത്യുത്ഫുല്ലേക്ഷണഃ | പ്രീതിയാൽ വിടൎന്ന കണ്ണിണയോടു കൂടിയവനായി ഭവിച്ച അദ്ദേഹം | ദധേ | സമൎപ്പിച്ചു. |

സാപി തം ചകമേ വീക്ഷ്യ നാരീണാം ഹൃദയംഗമം
ഹസന്തീ വ്രീഡിതാപാംഗീ തന്ന്യസ്തഹൃദയേക്ഷണാ. 7

| | | | |
|---|---|---|---|
| സാ അപി | അവളാകട്ടെ | വ്രീഡിതാപാംഗീ | ലജ്ജ തങ്ങുന്ന കടക്കണ്ണെറിഞ്ഞുകൊണ്ടും; |
| നാരീണാം | സ്ത്രീജനങ്ങളുടെ | തന്ന്യസ്തഹൃദയേക്ഷണാ | അദ്ദേഹത്തിൽത്തന്നെ കണ്ണും കരളും ചെലുത്തിക്കൊണ്ടും |
| ഹൃദയംഗമം | മനസ്സിന്നിണങ്ങുന്ന | ചകമേ | ആഗ്രഹം വെളിപ്പെടുത്തി. |
| തം വീക്ഷ്യ | അദ്ദേഹത്തെ കണ്ടു് | | |
| ഹസന്തീ | പുഞ്ചിരിച്ചുകൊണ്ടും, | | |

താം പരം സമനുധ്യായന്നന്തരം പ്രേപ്സുരൎജ്ജുനഃ
ന ലേഭേ ശം ഭ്രമച്ചിത്തഃ കാമേനാതിബലീയസാ. 8

| | | | |
|---|---|---|---|
| താം പരം | അവളെത്തന്നെ | | ച്ചുകൊണ്ടും മരുവുന്ന |
| സമനുധ്യായൻ | സൎവ്വദാ ധ്യാനിച്ചുകൊണ്ടും, | അൎജ്ജുനഃ | അൎജ്ജുനൻ |
| അന്തരം | അവളെ കൈക്കലാക്കുവാനുള്ള തക്കം | അതിബലീയസാ | ഏറ്റവും ഊക്കേറിയ |
| | | കാമേന | കാമത്താൽ |
| | | ഭ്രമച്ചിത്തഃ | മനസ്സുലഞ്ഞുകൊണ്ടു് |
| പ്രേപ്സുഃ | ലഭിക്കുവാൻ ആഗ്രഹി | ശം ന ലേഭേ | സൌഖ്യം അനുഭവിച്ചില്ല. |

മഹത്യാം ദേവയാത്രായാം രഥസ്ഥാം ദുൎഗ്ഗനിൎഗ്ഗതാം
ജഹാരാനുമതഃ പിത്രോഃ കൃഷ്ണസ്യ ച മഹാരഥഃ 9
രഥസ്ഥോ ധനുരാദായ ശൂരാംശ്ചാരുന്ധതോ ഭടാൻ
വിദ്രാവ്യ ക്രോശതാം സ്വാനാം സ്വഭാഗം മൃഗരാഡിവ 10

| | | | |
|---|---|---|---|
| മഹത്യാം | ഒരു വലിയ | ധനുഃ ആദായ | വില്ലെടുത്തു്, |
| [...]യാത്രായാം | ദേവസന്ദൎശനയാത്രയ്ക്കായി | ആരുന്ധതഃ | തടുത്തുവൎന്ന |
| | | ശൂരാൻ | ശൂരന്മാരായ |
| | [...]രിലിരുന്നുകൊണ്ടു് | ഭടാൻ ച | ഭടന്മാരേയുംകൂടി |
| | [...]ന്നിന്നു് പുറ | വിദ്രാവ്യ | ആട്ടിയകററി |
| | [...]യെ | സ്വാനാം | സ്വന്തം ജനങ്ങൾ |
| | [...]മാ | ക്രോശതാം | നിലവിളിക്കൂട്ടിക്കൊണ്ടിരിക്കേ, |
| | | മൃഗരാട് | സിംഹം |
| | | [...]ഭാഗം ഇവ | തന്റെ പങ്കിനെ കൊണ്ടുപോകുംവിധം |
| | | | കൊണ്ടുപൊയ്ക്കളഞ്ഞു. |

തച്ഛ്രുത്വാ ക്ഷുഭിതോ രാമഃ പർവ്വണീവ മഹാർണ്ണവഃ
ഗൃഹീതപാദഃ കൃഷ്ണേന സുഹൃദ്ഭിശ്ചാനുശാമ്യത. 11

തത് ശ്രുത്വാ അതു കേട്ടു
രാമഃ ശ്രീബലരാമൻ
പർവ്വണി വെളുത്തവാവിൻനാളം
മഹാർണ്ണവഃ വൻകടൽ
ഇവ എന്നപോലെ
ക്ഷുഭിതഃ ക്ഷോഭിച്ചിളകി.
കൃഷ്ണേന ശ്രീകൃഷ്ണനാലും
സുഹൃദ്ഭിഃ ച മററു വേണ്ടപ്പെട്ടവരാലും
ഗൃഹീതപാദഃ കാൽപിടിച്ചപേക്ഷിക്കപ്പെട്ടവനായിട്ടു
അനുശാമ്യത മെല്ലെ ഒതുങ്ങി.

പ്രാഹിണോത് പാരിബർഹാണി വരവധ്വോർമ്മുദാ ബലഃ
മഹാധനോപസ്കരേഭരഥാശ്വനരയോഷിതഃ. 12

ബലഃ ശ്രീബലരാമൻ
മുദാ സന്തോഷത്തോടെ
വരവധ്വോഃ ദമ്പതിമാൎക്കു
മഹാധനോപസ്കരേഭരഥാശ്വനരയോഷിതഃ വളരെ വിലപ്പിടിച്ച അലങ്കാരങ്ങളോടുകൂടിയ ആനകളേയും, തേരുകളേയും, കുതിരകളേയും, ദാസന്മാരേയും, ദാസികളേയും
പാരിബർഹാണി സ്ത്രീധനമായിട്ടു
പ്രാഹിണോത് അയച്ചുകൊടുത്തു.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

കൃഷ്ണസ്യാസീദ്ദ്വിജശ്രേഷ്ഠഃ ശ്രുതദേവ ഇതി ശ്രുതഃ
കൃഷ്ണൈകഭക്ത്യാ പൂർണ്ണാർത്ഥഃ ശാന്തഃ കവിരലമ്പടഃ. 13

കൃഷ്ണൈകഭക്ത്യാ ശ്രീകൃഷ്ണവിഷയകമായ ഏകാന്തഭക്തിയാൽ
പൂർണ്ണാർത്ഥഃ പൂർണ്ണമനോരഥനായും
ശാന്തഃ ശാന്തനായും
കവിഃ വിദ്വാനായും
അലമ്പടഃ വിഷയാസക്തി ചേരാത്തവനായും
ശ്രുതദേവഃ ശ്രുതദേവൻ
ഇതി ശ്രുതഃ എന്നു പ്രസിദ്ധനായുമുള്ള
ദ്വിജശ്രേഷ്ഠഃ ഒരു ബ്രാഹ്മണോത്തമൻ
കൃഷ്ണസ്യ ശ്രീകൃഷ്ണഭഗവാൻെറ ഭക്തനായിട്ടു
ആസീത് ഉണ്ടായിരുന്നു.

സ ഉവാസ വിദേഹേഷു മിഥിലായാം ഗൃഹാശ്രമീ
അനീഹയാഽഽഗതാഹാർയ്യനിർവ്വർത്തിതനിജക്രിയഃ. 14

സഃ അദ്ദേഹം
ഗൃഹാശ്രമീ ഗൃഹസ്ഥനെന്നിരിക്കിലും,
അനീഹയാ സ്വപ്രയത്നമെന്നിയേ
ആഗതാഹാർയ്യനിർവ്വർത്തിതനിജക്രിയഃ എത്തിച്ചേരുന്ന ഭോജ്യവസ്തുക്കളാൽ തൻെറ ക്രിയകളെല്ലാം നിറവേററിക്കൊണ്ടു
വിദേഹേഷു വിദേഹദേശത്തിൽ
മിഥിലായാം മിഥിലാപുരിയിൽ
ഉവാസ വസിച്ചുകൊണ്ടിരുന്നു.

യാത്രാമാത്രം ത്വഹരഹർദ്ദൈവാദുപനമത്യുത
നാധികം താവതാ തുഷ്ടഃ ക്രിയാശ്ചക്രേ യഥോചിതാഃ 15

| | |
|---|---|
| അഹരഹഃ | "ഓരോ നാളും |
| യാത്രാമാത്രം തു | ജീവിതയാത്രയ്ക്കു വേണ്ടി യുള്ളതുമാത്രം |
| ദൈവാത് | കർമ്മവശത്താൽ |
| ഉപനമതി | വന്നുചേരുന്നു ; |
| അധികം | അതിലും കവിഞ്ഞതു് |
| ഉത | മറിച്ചു് |
| ന | (ഉദ്യമത്താൽപ്പോലും) വരുന്നതല്ല" എന്നുകരുതി, |
| താവതാ | അത്രമാത്രംകൊണ്ടു് |
| തുഷ്ടഃ | സന്തുഷ്ടനായിട്ടു് |
| യഥോചിതാഃ | യഥോചിതങ്ങളായ |
| ക്രിയാഃ | ക്രിയകളെ |
| ചക്രേ | നടത്തിക്കൊണ്ടുവന്നു. |

തഥാ തദ്രാഷ്ട്രപാലോऽങ്ഗ ബഹുലാശ്വ ഇതി ശ്രുതഃ.
മൈഥിലോ നിരഹമ്മാന ഉഭാവപ്യച്യുതപ്രിയൌ. 16

| | |
|---|---|
| അങ്ഗ | അല്ലയോ പരീക്ഷിത്തേ! |
| തദ്രാഷ്ട്രപാലഃ | ആ രാജ്യത്തിലെ അധിപനും |
| ബഹുലാശ്വഃ | ബഹുലാശ്വൻ |
| ഇതി ശ്രുതഃ | എന്ന പേരാൽ പ്രസിദ്ധനുമായ |
| മൈഥിലഃ | മിഥിലാരാജാവും |
| തഥാ | അതുപോലെ |
| നിരഹമ്മാനഃ | അഹങ്കാരരഹിതനായിരുന്നു. |
| ഉഭൌ അപി | ഇവർ ഇരുവരും |
| അച്യുതപ്രിയൌ | ശ്രീകൃഷ്ണഭഗവാനു് പ്രിയപ്പെട്ടവരായിരുന്നു. |

തയോഃ പ്രസന്നോ ഭഗവാൻ ദാരുകേണാഹൃതം രഥം
ആരുഹ്യ സാകം മുനിഭിർവ്വിദേഹാൻ പ്രയയൌ പ്രഭുഃ 17

| | |
|---|---|
| ഭഗവാൻ | സർവ്വജ്ഞനും |
| പ്രഭുഃ | സർവ്വശക്തനുമായ ശ്രീകൃഷ്ണൻ |
| തയോഃ | അവരിരുവരിലും |
| പ്രസന്നഃ | പ്രസന്നനായി ഭവിച്ചു്, |
| ദാരുകേണ | ദാരുകസാരഥിയാൽ |
| ആഹൃതം | കൊണ്ടുവരപ്പെട്ട |
| രഥം | രഥത്തിൽ |
| ആരുഹ്യ | കയറി, |
| മുനിഭിഃ | മഹർഷിമാരോടു് |
| സാകം | ഒന്നിച്ചു് |
| വിദേഹാൻ | വിദേഹദേശത്തിലേക്കു് |
| പ്രയയൌ | യാത്രചെയ്തു. |

നാരദോ വാമദേവോऽത്രിഃ കൃഷ്ണോ രാമോऽസിതോऽരുണിഃ
അഹം ബൃഹസ്പതിഃ കണ്വോ മൈത്രേയശ്ച്യവനാദയഃ. 18

| | |
|---|---|
| നാരദഃ | ശ്രീനാരദൻ, |
| വാമദേവഃ | വാമദേവൻ, |
| അത്രിഃ | അത്രിമഹർഷി, |
| കൃഷ്ണഃ | ശ്രീവേദവ്യാസൻ, |
| രാമഃ | പരശുരാമൻ; |
| അസിതഃ | അസിതൻ, |
| അരുണിഃ | അരുണി, |
| അഹം | ഞാൻ, (ശ്രീശുകൻതന്നെ) |
| ബൃഹസ്പതിഃ | ബൃഹസ്പതി, |
| കണ്വഃ | കണ്വൻ, |
| മൈത്രേയഃ | മൈത്രേയൻ, |
| ച്യവനാദയഃ | ച്യവനൻ മുതലായവർ അതിലുണ്ടായിരുന്നു. |

തത്ര തത്ര തമായാന്തം പൌരാ ജാനപദാ നൃപ
ഉപതസ്ഥുഃ സാർഘ്യഹസ്താ ഗ്രഹൈഃ സൂര്യമിവോദിതം. 19

| | |
|---|---|
| നൃപ | രാജാവേ! |
| പൌരാഃ | പുരവാസികളും |
| ജാനപദാഃ | ഗ്രാമവാസികളുമായ ജനങ്ങൾ |

സാൎഘ്യഹസ്താഃ — പൂജാദ്രവ്യങ്ങളെ കൈയിലെടുത്തുകൊണ്ട്,
തത്ര തത്ര — അതാതിടത്തുവെച്ച്
ഗ്രഹൈഃ — ഗുരുശുക്രാദിഗ്രഹങ്ങളോടുകൂടി
ഉദിതം — ഉദിച്ചുയൎന്ന
സൂൎയ്യം ഇവ — സൂൎയ്യനെപ്പോലെ
ആയാന്തം — എഴുന്നള്ളിവരുന്ന
തം — ആ ശ്രീഭഗവാനെ
ഉപതസ്ഥുഃ — ആരാധിച്ചു.

ആനൎത്തധന്വകുരുജാംഗലകങ്കമത്സ്യ-
പാഞ്ചാലകുന്തിമധുകേകയകോസലാൎണ്ണാഃ
അന്യേ ച തന്മുഖസരോജമുദാരഹാസ-
സ്നിഗ്ദ്ധേക്ഷണം നൃപ പപുൎദൃശിഭിൎന്നൃനാൎയ്യഃ. 20

നൃപ — രാജാവേ!
ആനൎത്തധന്വ-കുരുജാംഗല-കങ്കമത്സ്യ-പാഞ്ചാലകുന്തി-മധുകേകയ-കോസലാൎണ്ണാഃ — ആനൎത്തം, ധന്വം, കുരു, ജാംഗലം, കങ്കം, മത്സ്യം, പാഞ്ചാലം, കുന്തി, മധു, കേകയം, കോസലം, അൎണ്ണം എന്നീ ദേശങ്ങളിലുള്ളവരായ
നൃനാൎയ്യഃ — സ്ത്രീപുരുഷന്മാരും,
അന്യേ ച — മററു ദേശക്കാരും
ഉദാരഹാസ-സ്നിഗ്ദ്ധേക്ഷണം — ഔദാൎയ്യം ചേൎന്ന മന്ദഹാസവും സ്നേഹം കലൎന്ന നോട്ടവും ഉള്ളതായ
തന്മുഖസരോജം — അവിടുത്തെ മുഖകമലത്തെ
ദൃശിഭിഃ — നേത്രങ്ങളാൽ
പപുഃ — പാനം ചെയ്തു.

തേഭ്യഃ സ്വവീക്ഷണവിനഷ്ടതമിസ്രദൃശ്ഭ്യഃ
ക്ഷേമം ത്രിലോകഗുരുരൎത്ഥദൃശം ച യച്ഛൻ
ശൃണ്വൻ ദിഗന്തധവളം സ്വയശോഽശുഭഘ്നം
ഗീതം സുരൈൎന്നൃഭിരഗാച്ഛനകൈൎവ്വിദേഹാൻ 21

ത്രിലോകഗുരുഃ — ത്രിലോകാചാൎയ്യനായ ഭഗവാൻ
സ്വദൎശന-വിനഷ്ട-തമിസ്രദൃഗ്ഭ്യഃ — സ്വദൎശനത്താൽ അജ്ഞാനതിമിരം ചേൎന്ന കണ്ണുകൾ നഷ്ടപ്പെട്ടിരിക്കുന്ന
തേഭ്യഃ — അവൎക്ക്
അൎത്ഥദൃശം — ജ്ഞാനപ്രകാശം ചേൎന്ന കണ്ണും,
ക്ഷേമം ച — ക്ഷേമവും
യച്ഛൻ — അരുളിക്കൊണ്ട്,—
ദിഗന്തധവളം — ദിക്കുകളുടെ അററത്തു വെണ്മ ചാൎത്തിയതും,
സുരൈഃ — ദേവന്മാരാലും
നൃഭിഃ — മനുഷ്യരാലും
ഗീതം — ഗാനം ചെയ്യപ്പെട്ടിരിക്കുന്നതും,
അശുഭഘ്നം — പാപവിനാശകവുമായ
സ്വയശഃ — തന്റെ കീൎത്തിയെ
ശൃണ്വൻ — കേട്ടുകൊണ്ട്
ശനകൈഃ — മെല്ലെ മെല്ലെ
വിദേഹാൻ — വിദേഹരാജ്യത്തിലേക്ക്
അഗാത് — എത്തിച്ചേൎന്നു.

തേഽച്യുതം പ്രാപ്തമാകൎണ്യ പൌരാ ജാനപദാ നൃപ
അഭീയുൎമ്മുദിതാസ്തസ്മൈ ഗൃഹീതാൎഹണപാണയഃ. 22

നൃപ — രാജാവേ!
പൌരാഃ — പുരവാസികളും
ജാനപദാഃ — ഗ്രാമവാസികളുമായ
തേ — ആ വിദേഹദേശക്കാർ

| | |
|---|---|
| അച്യുതം പ്രാപ്തം ആകർണ്ണ്യ | ശ്രീകൃഷ്ണഭഗവാൻ വന്നിരിക്കുന്നതു കേട്ടിട്ട് |
| മുദിതാഃ | സന്തുഷ്ടരായി ഭവിച്ച് |
| ഗൃഹീതാർഹണപാണയഃ | കൈയിൽ പൂജാസാമഗ്രികളെടുത്തുകൊണ്ടു |
| തസ്മൈ | അവിടത്തെ |
| അഭീയുഃ | എതിരേററുചെന്നു. |

ദൃഷ്ട്വാ ത ഉത്തമശ്ലോകം പ്രീത്യുൽഫുല്ലാനനാശയാഃ
കൈർധൃതാഞ്ജലിഭിർന്നേമുഃ ശ്രുതപൂർവ്വാംസ്തഥാ മുനീൻ. 23

| | |
|---|---|
| ഉത്തമശ്ലോകം | ശ്രീകൃഷ്ണനേയും |
| തഥാ | അതേവിധം |
| ശ്രുതപൂർവ്വാൻ | മുമ്പു കേട്ടറിവുള്ള |
| മുനീൻ | മുനിമാരേയും |
| ദൃഷ്ട്വാ | കണ്ടു് |
| പ്രീത്യുൽഫുല്ലാനനാശയാഃ | സന്തോഷത്താൽ വികസിതമായ മുഖത്തോടും അന്തഃകരണത്തോടും കൂടിയവരായി ഭവിച്ച |
| തേ | അവർ. |
| ധൃതാഞ്ജലിഭിഃ | കൂപ്പുകൈയേന്തിയ |
| കൈഃ | ശിരസ്സുകൾകൊണ്ടു |
| നേമുഃ | നമസ്കരിച്ചു. |

സ്വാനുഗ്രഹായ സംപ്രാപ്തം മത്വാനൌ തം ജഗദ്ഗുരും
മൈഥിലഃ ശ്രുതദേവശ്ച പാദയോഃ പേതതുഃ പ്രഭോഃ. 24

| | |
|---|---|
| മൈഥിലഃ | മിഥിലാരാജാവും |
| ശ്രുതദേവഃ ച | ശ്രുതദേവനും |
| ജഗദ്ഗുരും | സർവ്വലോകാചാര്യനായ |
| തം | ഭഗവാനെ |
| സ്വാനുഗ്രഹായ | തങ്ങളെ അനുഗ്രഹിക്കുന്നതിന്നായി |
| സംപ്രാപ്തം | എത്തിച്ചേർന്നവനെന്നു് |
| മത്വാനൌ | കരുതിക്കൊണ്ടു് |
| പ്രഭോഃ | ഭഗവാന്റെ |
| പാദയോഃ | തൃപ്പാദങ്ങളിൽ |
| പേതതുഃ | വീണു നമസ്കരിച്ചു. |

ന്യമന്ത്രയേതാം ദാശാർഹമാതിഥ്യേന സഹ ദ്വിജൈഃ
മൈഥിലഃ ശ്രുതദേവശ്ച യുഗപത് സംഹതാഞ്ജലീ. 25

| | |
|---|---|
| മൈഥിലഃ | മിഥിലാരാജാവും |
| ശ്രുതദേവഃ ച | ശ്രുതദേവനും |
| സംഹതാഞ്ജലീ | കൈകൂപ്പിക്കൊണ്ടുനിന്നു് |
| ദാശാർഹം | ശ്രീകൃഷ്ണനെ |
| ദ്വിജൈഃ സഹ | ബ്രാഹ്മണരോടുകൂടി |
| ആതിഥ്യേന | അതിഥിപൂജയ്ക്കായി |
| യുഗപത് | ഒരേസമയത്തു് |
| ന്യമന്ത്രയേതാം | ക്ഷണിച്ചു. |

ഭഗവാംസ്തദഭിപ്രേത്യ ദ്വയോഃ പ്രിയചികീർഷയാ
ഉഭയോരാവിശദ്ഗേഹമുഭാഭ്യാം തദലക്ഷിതഃ 26

| | |
|---|---|
| തത് | അതു |
| അഭിപ്രേത്യ | സ്വീകരിച്ചു് |
| ദ്വയോഃ | രണ്ടുപേരുടേയും |
| പ്രിയചികീർഷയാ | ഇഷ്ടം സാധിപ്പിച്ചുകൊടുപ്പാനുള്ള ആഗ്രഹത്താൽ |
| തദലക്ഷിതഃ | അവരാൽ അറിയപ്പെടാതവനായിത്തന്നെ |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ |
| ഉഭാഭ്യാം | രണ്ടു രൂപങ്ങളോടെ |
| ഉഭയോഃ | രണ്ടു പേരുടേയും |
| ഗേഹം | ഗൃഹത്തിലേക്കു് |
| ആവിശത് | പ്രവേശിച്ചു |

ശ്രോതുമപ്യസതാം ദൂരാൻ ജനകഃ സ്വഗൃഹാഗതാൻ
ആനീതേഷ്വാസനാഗ്ര്യേഷു സുഖാസീനാൻ മഹാമനാഃ. 27

പ്രവൃദ്ധഭക്ത്യാ ഉദ്ധർഷഹൃദയാസ്രാവിലേക്ഷണഃ
നത്വാ തദങ്ഘ്രീൻ പ്രക്ഷാല്യ തദപോ ലോകപാവനീഃ. 28
സകുടുംബോ വഹൻ മൂർദ്ധ്നാ പൂജയാഞ്ചക്ര ഈശ്വരാൻ
ഗന്ധമാല്യാംബരാകല്പധൂപദീപാർഘ്യഗോവൃഷൈഃ. 29

| | |
|---|---|
| പ്രവൃദ്ധഭക്ത്യാ | ഏററവും വളർന്ന ഭക്തിയാൽ |
| ഉദ്ധർഷ-ഹൃദയാസ്രാ-വിലേക്ഷണഃ | ഉളളവായ സന്തോഷാതിരേകത്തോടുകൂടിയ ഹൃദയത്തോടും ആനന്ദബാഷ്പം നിറഞ്ഞ നേത്രങ്ങളോടും കൂടിയവനായി ഭവിച്ച |
| മഹാമനാഃ | ഉദാരചിത്തനായ |
| ജനകഃ | മിഥിലാധിപൻ |
| അസതാം | ദുർജ്ജനങ്ങൾക്ക് |
| ശ്രോതും അപി | കേൾക്കുന്നതിന്നുപോലും |
| ദൂരാൻ | എത്താത്തവരും, |
| സ്വഗൃഹാ-ഗതാൻ | തന്റെ ഗൃഹത്തിലേക്ക് സ്വയം വന്നുചേർന്നിരിക്കുന്നവരും, |
| ആനീതേഷു | കൊണ്ടുവന്ന നല്ലപ്പെട്ട |
| ആസനാഗ്ര്യേഷു | വരാസനങ്ങളിൽ |
| സുഖാസീനാൻ | സസുഖം ഇരുന്നരുളുന്നവരുമായ അവരെ |

| | |
|---|---|
| നത്വാ | നമസ്കരിച്ച്, |
| തദങ്ഘ്രീൻ | അവരുടെ തൃപ്പാദങ്ങളെ |
| പ്രക്ഷാല്യ | കഴുകിച്ച്, |
| ലോകപാവനീഃ | ലോകങ്ങളെ വിശുദ്ധീകരിക്കുന്ന |
| തദപഃ | ആ ജലത്തെ, |
| സകുടുംബഃ | കുടുംബസമേതനായിട്ട് |
| മൂർദ്ധ്നാ | ശിരസ്സാൽ |
| വഹൻ | ഏററുകൊണ്ട് |
| ഈശ്വരാൻ | ഈശ്വരന്മാരെ (ഈശ്വരനായ ശ്രീകൃഷ്ണനേയും, ഈശ്വരതുല്യന്മാരായ മുനിമാരേയും |
| ഗന്ധമാല്യാം-ബരാകല്പ-ധൂപദീപാർഘ്യ-ഗോവൃഷൈഃ | ഗന്ധമാല്യങ്ങൾ, വസ്ത്രാഭരണങ്ങൾ, ധൂപദീപങ്ങൾ, ഗോവൃഷങ്ങൾ എന്നിവ കൊണ്ട് |
| പൂജയാഞ്ചക്രേ | സമാരാധനചെയ്തു. |

വാചാ മധുരയാ പ്രീണന്നിദമാഹാന്നതൃപ്താൻ
പാദാവങ്കഗതൌ വിഷ്ണോഃ സംസ്പൃശഞ്ഛനകൈർമ്മുദാ. 30

| | |
|---|---|
| അന്നതൃപ്താൻ | അന്നത്താൽ തൃപ്തിപ്പെട്ട ത[illegible]പ്പെട്ട അവരെ |
| മധുരയാ | മാധുര്യം ചേർന്ന |
| വാചാ | വാക്കിനാൽ |
| പ്രീണൻ | സന്തോഷിപ്പിച്ചുകൊണ്ടും, |
| അങ്കഗതൌ | മടിമേൽ വെച്ചിരിക്കുന്ന |

| | |
|---|---|
| വിഷ്ണോഃ | ശ്രീകൃഷ്ണഭഗവാന്റെ |
| പാദൌ | തൃപ്പാദങ്ങളെ |
| സംസ്പൃശൻ | തലോടിക്കൊണ്ടും |
| മുദാ | സന്തോഷത്തോടെ |
| ശനകൈഃ | സാവധാനത്തിൽ |
| ഇദം ആഹ | ഇങ്ങനെ പറഞ്ഞു. |

രാജോവാച=ബഹുലാശ്വരാജാവു പറഞ്ഞു :—

ഭവാൻ ഹി സർവ്വഭൂതാനാമാത്മാ സാക്ഷീ സ്വദൃഗ്വിഭോ
അഥ നസ്ത്വത്പദാംഭോജം സ്മരതാം ദർശനം ഗതഃ. 31

| | |
|---|---|
| വിഭോ | ഹേ വിഭോ! |
| ഭവാൻ ഹി | നിന്തിരുവടിതന്നെ |

| | |
|---|---|
| സ്വദൃക് | സ്വപ്രകാശനായും |
| സർവ്വഭൂതാനാം | സകലപ്രാണികളുടേയും |

ആത്മാ — ആത്മസ്വരൂപമായും
സാക്ഷീ — അന്തഃകരണത്തിന്റെ സാക്ഷിയായും വൎത്തിക്കുന്നു.
അഥ — ആകയാൽ
ത്വത്പാദാം- ഭോജം — നിന്തിരുവടിയുടെ പാദാരവിന്ദത്തെ
സ്മരതാം — സ്മരിക്കുന്ന
നഃ — ഞങ്ങളുടെ
ദൎശനം ഗതഃ — കാഴ്ചയ്ക്കു വിഷയീഭവിച്ചു.

സ്വവചസ്തദൃതം കൎത്തുമസ്മദ്ദൃഗ്ഗോചരോ ഭവാൻ
യദാത്ഥൈകാന്തഭക്താന്മേ നാനന്തഃ ശ്രീരജഃ പ്രിയഃ. 32

ഏകാന്ത- ഭക്താത് — 'അന്യചിന്ത കൂടാതെ എന്നിൽ ഭക്തിയൎപ്പിച്ചിരിക്കുന്ന ഒരു ഭക്തനെക്കാൾ
മേ — എനിക്കു
അനന്തഃ — (ഭ്രാതാവായ) അനന്തനോ,
ശ്രീഃ — (പത്നിയായ) ലക്ഷ്മീദേവിയോ,
അജഃ — (പുത്രനായ) ബ്രഹ്മാവോ
ന പ്രിയഃ — പ്രിയപ്പെട്ടവരല്ല'
യത് — എന്നിങ്ങനെ യാതൊന്നു
ആത്ഥ — നിന്തിരുവടി അരുളിച്ചെയ്തുവോ,
തത് സ്വവചഃ — ആ സ്വവചനത്തെ
ഋതം കൎത്തും — സത്യമാക്കിത്തീൎക്കുവാൻ
ഭവാൻ — നിന്തിരുവടി
അസ്മദ്- ദൃഗ്ഗോചരഃ — ഞങ്ങളുടെ കൺകൾക്കു വിഷയീഭവിച്ചിരിക്കുന്നു.

കോ നു ത്വച്ചരണാംഭോജമേവംവിദ്വിസൃജേത് പുമാൻ
നിഷ്കിഞ്ചനാനാം ശാന്താനാം മുനീനാം യസ്ത്വമാത്മദഃ. 33

യഃ ത്വം — യാതൊരു നിന്തിരുവടിയാണോ
നിഷ്കിഞ്ചനാനാം — എല്ലാം ത്യജിച്ചു വിരക്തന്മാരായിരിക്കുന്നവരും
ശാന്താനാം — മനഃസമാധാനമുള്ളവരുമായ
മുനീനാം — മുനികൾക്കു
ആത്മദഃ — ആത്മാവിനെക്കൂടി ദാനം ചെയ്യുന്നതു്,
ത്വച്ചരണാം- ഭോജം — ആ നിന്തിരുവടിയുടെ തൃപ്പാദകമലത്തെ
ഏവംവിത് — ആവിധം അറിഞ്ഞിരിക്കുന്ന
കഃ പുമാൻ — ഏതൊരു മനുഷ്യനാണ്
വിസൃജേത് ന — ഉപേക്ഷിക്കുക?

യോऽവതീൎയ്യ യദോൎവ്വംശേ നൃണാം സംസരതാമിഹ
യശോ വിതേനേ തച്ഛാന്ത്യൈ ത്രൈലോക്യവൃജിനാപഹം 34

ഇഹ — ഈ ലോകത്തിൽ
സംസരതാം — ജനനമരണാദികൾക്കു വിധേയരായികഴിഞ്ഞുവരുന്ന
നൃണാം — മനുഷ്യൎക്കു
തച്ഛാന്ത്യൈ — അതിന്റെ (ആ സംസാരദുഃഖത്തിന്റെ) ശമനത്തിനുവേണ്ടി
യഃ ത്വം — യാതൊരു നിന്തിരുവടി
യദോഃ — യദുമഹാരാജാവിന്റെ
വംശേ — വംശത്തിൽ
അവതീൎയ്യ — അവതരിച്ചു്
ത്രൈലോക്യ- വൃജിനാപഹം — മൂന്നു ലോകത്തിലും വസിക്കുന്നവരുടെ പാപത്തെ നശിപ്പിച്ചുകളയുന്ന
യശഃ — സൽകീൎത്തിയെ
വിതേനേ — പരത്തിയിരിക്കുന്നു.

നമസ്തുഭ്യം ഭഗവതേ കൃഷ്ണായാകുണ്ഠമേധസേ
നാരായണായ ഋഷയേ സുശാന്തം തപ ഈയുഷേ. 35

| | | | |
|---|---|---|---|
| അകുണ്ഠമേധസേ | ഹാനിചേരാത്ത ജ്ഞാനത്തോടുകൂടിയവനായി, | തപഃ | തപസ്സിനെ |
| നാരായണായ | 'നാരായണ'നെന്ന | ഈയുഷേ | അനുഷ്ഠിച്ചുവരുന്ന |
| ഋഷയേ | ഋഷിയായിരുന്നു് | ഭഗവതേ | സൎവ്വജ്ഞനായ |
| സുശാന്തം | ഏററവും ശാന്തമായ | തുഭ്യം | നിന്തിരുവടിക്കു |
| | | നമഃ | നമസ്കാരം. |

ദിനാനി കതിചിദ് ഭൂമൻ ഗൃഹാൻ നോ നിവസൻ ദ്വിജൈഃ
സമേതഃ പാദരജസാ പുനീഹീദം നിമേഃ കുലം. 36

| | | | |
|---|---|---|---|
| ഭൂമൻ | ഹേ പരിപൂൎണ്ണ! | ദിനാനി | നാളുകളോളം |
| ദ്വിജൈഃ | മാമുനിമാരോടു | നിവസൻ | നിവസിച്ചുകൊണ്ടു് |
| സമേതഃ | കൂടിയ നിന്തിരുവടി | പാദരജസാ | തൃപ്പാദപാംസുക്കളാൽ |
| നഃ | ഞങ്ങളുടെ | നിമേഃ | നിമിചക്രവൎത്തിയുടെ |
| ഗൃഹാൻ | ഗൃഹങ്ങളിൽ | ഇദം കുലം | ഈ വംശത്തെ |
| കതിചിത് | ഏതാനും | പുനീഹി | പരിശുദ്ധമാക്കിയാലും. |

ഇത്യുപാമന്ത്രിതോ രാജ്ഞാ ഭഗവാംല്ലോകഭാവനഃ
ഉവാസ കുൎവ്വൻ കല്യാണം മിഥിലാനരയോഷിതാം. 37

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | മിഥിലാനരയോഷിതാം | മിഥിലയിലെ സ്ത്രീപുരുഷന്മാൎക്കു് |
| രാജ്ഞാ | ബഹുലാശ്വരാജാവിനാൽ | കല്യാണം | മംഗളത്തെ |
| ഉപാമന്ത്രിതഃ | സംപ്രാൎത്ഥിതനായിരിക്കുന്ന | കുൎവ്വൻ | ഉളവാക്കിക്കൊണ്ടു് |
| ലോകഭാവനഃ | ലോകകൎത്താവായ | ഉവാസ | (അവിടെ) താമസിച്ചു. |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | | |

ശ്രുതദേവോഽച്യുതം പ്രാപ്തം സ്വഗൃഹാഞ്ജനകോ യഥാ
നത്വാ മുനീൻ സുസംഹൃഷ്ടോ ധുന്വൻ വാസോ നനൎത്ത ഹ. 38

| | | | |
|---|---|---|---|
| ജനകഃ | ബഹുലാശ്വൻ | മുനീൻ | മുനിമാരേയും |
| യഥാ | എതുപ്രകാരമോ, അതേ പ്രകാരം | നത്വാ | നമസ്കരിച്ചു് |
| ശ്രുതദേവഃ | ശ്രുതദേവനും | സുസംഹൃഷ്ടഃ | വളരെ സന്തോഷത്തോടു കൂടിയവനായി ഭവിച്ചു് |
| സ്വഗൃഹാൻ | സ്വന്തം ഗൃഹത്തിലേക്കു് | വാസഃ | (ഉത്തരീയ) വസ്ത്രത്തെ |
| പ്രാപ്തം | ആഗതനായ | ധുന്വൻ | വീശിയെറിഞ്ഞുകൊണ്ടു് |
| അച്യുതം | ശ്രീകൃഷ്ണഭഗവാനേയും | നനൎത്ത ഹ | ചാടിക്കളിച്ചു. |

തൃണപീഠബൃസീഷ്വേതാനാനീതേഷൂപവേശ്യ സഃ
സ്വാഗതേനാഭിനന്ദ്യാങ്ഘ്രീൻ സഭാൎയ്യോഽവനിജേ മുദാ. 39

| | | | |
|---|---|---|---|
| ആനീതേഷു | കൊണ്ടുവന്നു നല്കപ്പെട്ട | ഉപവേശ്യ | ഇരുത്തി, |
| തൃണപീഠബൃസീഷു | തൃണപീഠങ്ങളിലും ദൎഭപ്പുൽപ്പായകളിലും | സ്വാഗതേന | സ്വാഗതവാക്കാൽ |
| ഏതാൻ | ഇവരെയെല്ലാം | അഭിനന്ദ്യ | അഭിനന്ദിച്ചശേഷം |
| | | സഃ | അദ്ദേഹം |

| | | | |
|---|---|---|---|
| സഭാര്യഃ | ഭാര്യാസമേതനായിട്ട് | തദംഘ്രീൻ | (അവരുടെ) കാൽകളെ |
| മുദാ | സന്തോഷത്തോടെ | അവാനിജേ | കഴുകിച്ചു. |

തദംഭസാ മഹാഭാഗ ആത്മാനം സഗൃഹാന്വയം
സ്നാപയാഞ്ചക്ര ഉദ്ധർഷോ ലബ്ധസർവ്വമനോരഥഃ. 40

| | | | |
|---|---|---|---|
| മഹാഭാഗഃ | മഹാഭാഗ്യവാനും | സഃ | ആ ശ്രുതദേവൻ |
| ഉദ്ധർഷഃ | വർദ്ധിച്ച സന്തോഷത്തോടുകൂടിയവനും | സഗൃഹാന്വയം | ഗൃഹത്തോടും കുടുംബത്തോടും കൂടിയ |
| ലബ്ധസർവ്വ- മനോരഥഃ | സകലാഭീഷ്ടങ്ങളും ലഭിച്ചിരിക്കുന്നവനുമായ | ആത്മാനം | തന്നെ |
| | | തദംഭസാ | ആ പാദതീർത്ഥജലത്താൽ |
| | | സ്നാപയാഞ്ചക്രേ | അഭിഷേകം ചെയ്തു. |

ഫലാർഹണോശീരശിവാമൃതാംബുഭിർമൃദാ സുരഭ്യാ തുളസീകുശാംബുജൈഃ
ആരാധയാമാസ യഥോപപന്നയാ സപര്യയാ സത്വവിവർദ്ധനാന്ധസാ.

| | | | |
|---|---|---|---|
| ഫലാർഹണോ- ശീരശിവാ- മൃതാംബുഭിഃ | പഴം, ഗന്ധപുഷ്പാദികം, രാമച്ചത്തിന്റെ വേരുകൊണ്ടു വാസനയും തണുപ്പും ചേർത്ത അമൃതതുല്യമായ ജലം, എന്നിവകൊണ്ടും, | തുളസീ- കുശാംബുജൈഃ | തുളസി, കുശ, താമര എന്നിവകൊണ്ടും, |
| | | സത്വ- വിവർദ്ധനാ- ന്ധസാ | സത്വഗുണം വളർത്തുന്ന വിശിഷ്ടാന്നംകൊണ്ടും |
| | | യഥോപപന്നയാ | അനായാസേന ലബ്ധമായിരിക്കുന്ന |
| സുരഭ്യാ | നറുമണമുള്ള | സപര്യയാ | പൂജാസാമഗ്രിയാൽ |
| മൃദാ | മണ്ണുകൊണ്ടും, | ആരാധയാമാസ | ആരാധിച്ചു. |

സ തർക്കയാമാസ കുതോ മമാന്വഭൂദ് ഗൃഹാന്ധകൂപേ പതിതസ്യ സംഗമഃ
യഃ സർവ്വതീർത്ഥാസ്പദപാദരേണുഭിഃ കൃഷ്ണേന ചാസ്യാത്മനികേതഭൂസുരൈഃ.

| | | | |
|---|---|---|---|
| ഗൃഹാന്ധകൂപേ | "ഗൃഹമാകുന്ന പാഴ്കിണററിൽ | ആത്മനികേത- ഭൂസുരൈഃ ച | സ്വരൂപത്തിന്നു നിവാസസ്ഥാനമായി ഭവിച്ചിരിക്കുന്നവരുമായ ബ്രാഹ്മണരോടും കൂടിയുള്ള |
| പതിതസ്യ | പെട്ടുകിടക്കുന്ന | | |
| മമ | എനിക്ക് | യഃ സംഗമഃ | യാതൊരു സമ്പർക്കമുണ്ടോ, |
| കൃഷ്ണേന | ശ്രീകൃഷ്ണനോടും, | സഃ | അത് |
| സർവ്വതീർത്ഥാ- സ്പദപാദ- രേണുഭിഃ | സർവ്വതീർത്ഥങ്ങൾക്കും ആസ്പദഭൂതമായ പാദപാംസുക്കളോടുകൂടിയവരും | കുതഃ | എങ്ങനെ |
| | | അന്വഭൂത് | അനുഭവപ്പെട്ടു" എന്നു |
| | | സഃ | അദ്ദേഹം (ശ്രുതദേവൻ) |
| അസ്യ | ഈ ശ്രീകൃഷ്ണഭഗവാന്റെ | തർക്കയാമാസ | ചിന്തിച്ചുകൊണ്ടിരുന്നു. |

സൂപവിഷ്ടാൻ കൃതാതിഥ്യാൻ ശ്രുതദേവ ഉപസ്ഥിതഃ
സഭാര്യസ്വജനാപത്യ ഉവാചാംഘ്ര്യഭിമർശനഃ. 43

| | | | |
|---|---|---|---|
| സഭാര്യ- സ്വജനാപത്യഃ | ഭൃത്യരോടും സ്വജനങ്ങളോടും പുത്രന്മാരോടും ഒന്നിച്ചുചെന്ന് | ശ്രുതദേവഃ | ശ്രുതദേവൻ |
| | | കൃതാതിഥ്യാൻ | തന്നാൽ ചെയ്യപ്പെട്ട അതിഥിസൽക്കാരത്തോടുകൂടിയവരും |

| | | | |
|---|---|---|---|
| സൂപവിഷ്ടാൻ | സുഖത്തോടെ ഇരുന്നരുളുന്നവരുമായ (അവരുടെ) | കൃതപാദാഭിമർശനഃ | കാൽ തടവിക്കൊടുത്തുകൊണ്ട് |
| ഉപസ്ഥിതഃ | സമീപത്തിരുന്ന് | ഉവാച | പറഞ്ഞു. |

ശ്രുതദേവ ഉവാച=ശ്രുതദേവൻ പറഞ്ഞു :—

നാദ്യ നോ ദർശനം പ്രാപ്തഃ പരം പരമപൂരുഷഃ
യദീദം ശക്തിഭിഃ സൃഷ്ട്വാ പ്രവിഷ്ടോ ഹ്യാത്മസത്തയാ. 44

| | | | |
|---|---|---|---|
| പരമപൂരുഷഃ | പുരുഷോത്തമനായ | യദി | എന്നോ മുതല്ക്കുതന്നെ |
| ഭവാൻ | നിന്തിരുവടി | ഇദം | ഈ പ്രപഞ്ചത്തെ |
| അദ്യ പരം | ഇന്നുമാത്രമേ | ശക്തിഭിഃ | സ്വശക്തികളാൽ |
| നഃ | ഞങ്ങളുടെ | സൃഷ്ട്വാ | സൃഷ്ടിച്ച് |
| ദർശനം | ദർശനത്തെ | ആത്മസത്തയാ | ആത്മസത്തയോടെ |
| പ്രാപ്തഃ | പ്രാപിച്ചതുള്ള, | പ്രവിഷ്ടഃ ഹി | (അന്തരംഗത്തിൽ) പ്രവേശിച്ചു കഴിഞ്ഞതാണല്ലോ. |
| ന | എന്നില്ല. | | |

യഥാ ശയാനഃ പുരുഷോ മനസൈവാത്മമായയാ
സൃഷ്ട്വാ ലോകം പരം സ്വാപ്നമനുവിശ്യാവഭാസതേ. 45

| | | | |
|---|---|---|---|
| ആത്മമായയാ | ആത്മസ്വരൂപനായ നിന്തിരുവടിയുടെ മായാവൈഭവത്താൽ മോഹിതമായ | സ്വാപ്നം ലോകം | ഒരു സ്വപ്നലോകത്തെ |
| | | സൃഷ്ട്വാ | സൃഷ്ടിച്ച് |
| | | അനുവിശ്യ | അതിനുള്ളിൽ കടന്ന് |
| മനസാ | മനസ്സുകൊണ്ട്, | അവഭാസതേ | പലരൂപത്തിലും വിലസുന്നുവോ, (അതുപ്രകാരം ഏകനായ നിന്തിരുവടിയും പ്രപഞ്ചസൃഷ്ടി ചെയ്ത് അതിന്നകത്ത് ബഹുധാ അവഭാസിച്ചുകൊണ്ടിരിക്കുന്നു.) |
| യഥാ | ഏതുപ്രകാരം | | |
| ശയാനഃ | കിടന്നുറങ്ങുന്ന | | |
| ഏകഃ ഏവ | ഒരേയൊരു | | |
| പുരുഷഃ | വ്യക്തിതന്നെ | | |
| പരം | ഇക്കണ്ടതിൽനിന്നെല്ലാം ഭിന്നമായ | | |

ശൃണ്വതാം ഗദതാം ശശ്വദർച്ചതാം ത്വാഭിവന്ദതാം
നൃണാം സംവദതാമന്തർഹൃദി ഭാസ്യമലാത്മനാം. 46

| | | | |
|---|---|---|---|
| ശശ്വത് | ഇടവിടാതെ | സംവദതാം | ഭവാനെപ്പറ്റി അന്യോന്യം സംഭാഷണം ചെയ്യുന്നവരുമായ |
| ശൃണ്വതാം | (ഭവൽകഥകളെ) കേൾക്കുന്നവരും, | | |
| ഗദതാം | ചൊല്ലുന്നവരും, | അമലാത്മനാം | ശുദ്ധാത്മാക്കളായിരിക്കുന്ന |
| ത്വാ | ഭവാനെ | നൃണാം | മനുഷ്യരുടെ |
| അർച്ചതാം | പൂജിക്കുന്നവരും, | അന്തർഹൃദി | ഹൃദയാന്തർഭാഗത്തിൽ |
| അഭിവന്ദതാം | വണങ്ങുന്നവരും, | ഭാസി | ഭവാൻ വിളങ്ങുന്നു. |

നോട്ട് :— ശ്രുതദേവനാകട്ടെ ഭാഗ്യവൈഭവത്താൽ ഭഗവദ്ദർശനം ഹൃദയാന്തർഭാഗത്തിൽ മാത്രമല്ല; പുറമെ പ്രത്യക്ഷമായും സിദ്ധിച്ചുവെന്നു വ്യംഗ്യം.

ഹൃദിസ്ഥോഽപ്യതിദൂരസ്ഥഃ കർമ്മവിക്ഷിപ്തചേതസാം
ആത്മശക്തിഭിരഗ്രാഹ്യോഽപ്യന്ത്യുപേതഗുണാത്മനാം. 47

| | |
|---|---|
| കർമ്മവിക്ഷിപ്ത- ചേതസാം | കർമ്മവാസനകളാൽ ഉലഞ്ഞ മനസ്സോടുകൂടിയവർക്ക് |
| ഹൃദിസ്ഥഃ അപി | (ഭവാൻ അവരുടെ) ഹൃദയത്തിൽ സ്ഥിതിചെയ്യുന്നവനാണെന്നിരിക്കിലും |
| അതിദൂരസ്ഥഃ | ഏററവും അകന്നിരിക്കുന്നവനാകുന്നു. |
| ഉപേത- ഗുണാത്മനാം | (ശ്രവണകീർത്തനാദികളാൽ) സൽഗുണസമ്പന്നമായ ഹൃദയത്തോടുകൂടിയവർക്ക് |
| ആത്മശക്തിഭിഃ | അഹംകാരാദികളായ മനോവൃത്തികളാൽ |
| അഗ്രാഹ്യഃ അപി | മറയ്ക്കപ്പെട്ടവനൊന്നിരിക്കിലും |
| അന്തി | ഭവാൻ അവരുടെ) സമീപത്താകുന്നു. |

നമോഽസ്തു തേഽധ്യാത്മവിദാം പരാത്മനേ
അനാത്മനേ സ്വാത്മവിഭക്തമൃത്യവേ
സകാരണാകാരണലിംഗമീയുഷേ
സ്വമായയാസംവൃതരുദ്ധദൃഷ്ടയേ. 48

| | |
|---|---|
| അധ്യാത്മവിദാം | അധ്യാത്മജ്ഞാനികൾക്ക് |
| പരാത്മനേ | പരമാത്മാവെന്ന നിലയിൽ പ്രകാശിക്കുന്നവനായും, |
| അനാത്മനേ | ആത്മതത്വജ്ഞാനമില്ലാത്ത ജീവന്ന് |
| സ്വാത്മ- വിഭക്ത- മൃത്യവേ | തന്നിൽനിന്ന് തിരിച്ചുകൊടുക്കപ്പെട്ട മൃത്യുലക്ഷണമായ സംസാരത്തോടുകൂടിയവനായും, |
| സകാരണാ- കാരണലിംഗം | മഹത്തത്വാദികാര്യത്തേയും പ്രകൃതിയാവുന്ന കാരണത്തേയും |
| ഈയുഷേ | (നിയന്താവെന്ന നിലയിൽ) പ്രാപിച്ചിരിക്കുന്നവനായും, |
| സ്വമായയാ | തന്റെ മായയാൽ |
| അസംവൃത | സ്വയം മറയ്ക്കപ്പെട്ടിട്ടില്ലാത്ത ഹേ സർവ്വേശ്വര! |
| രുദ്ധദൃഷ്ടയേ | മായയാൽ അന്യരുടെ അധ്യാത്മദൃഷ്ടിയെ മറച്ചിരിക്കുന്നവനായും സ്ഥിതിചെയ്യുന്ന |
| തേ | നിന്തിരുവടിക്ക് |
| നമഃ അസ്തു | നമസ്കാരം ഭവിക്കട്ടെ. |

സ ത്വം ശാധി സ്വഭൃത്യാൻ നഃ കിം ദേവ കരവാമ ഹേ
ഏതദന്തോ നൃണാം ക്ലേശോ യദ് ഭവാനക്ഷിഗോചരഃ 49

| | |
|---|---|
| സഃ ത്വം | അങ്ങനെയെല്ലാമിരിക്കുന്ന നിന്തിരുവടി |
| സ്വഭൃത്യാൻ | സ്വന്തം ഭൃത്യന്മാരായ |
| നഃ | ഞങ്ങളോട് |
| ശാധി | ആജ്ഞാപിച്ചാലും. |
| ഹേ ദേവ | അല്ലയോ ദേവ! |
| കിം | എന്തൊന്ന് |
| കരവാമ | ചെയ്യേണ്ടതുണ്ട് ? |
| യത് | എന്നാണോ |
| ഭവാൻ | നിന്തിരുവടി |
| അക്ഷിഗോചരഃ | കണ്ണുകൾക്ക് വിഷയീഭവിക്കുന്നത്, |
| നൃണാം | മനുഷ്യരുടെ |
| ക്ലേശഃ | കഷ്ടപ്പാട് |
| ഏതദന്തഃ | അന്നുവരേക്കും മാത്രമുള്ളതാകുന്നു. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

തദുക്തമിത്യുപാകർണ്ണ്യ ഭഗവാൻ പ്രണതാർത്തിഹാ
ഗൃഹീത്വാ പാണിനാ പാണിം പ്രഹസംസ്തമുവാച ഹ 50

| | | | |
|---|---|---|---|
| ഇതി | ഈവിധമായ | പാണിനാ | തൻകൈയാൽ |
| തദുക്തം | അദ്ദേഹത്തിൻെറ വാക്കിനെ | പാണിം | അദ്ദേഹത്തിൻെറ കൈ |
| ഉപാകർണ്ണ്യ | കേട്ടു് | ഗൃഹീത്വാ | പിടിച്ചു്, |
| പ്രണതാർത്തിഹാ | ശരണാഗതന്മാരുടെ സങ്കടത്തെ അകററുന്ന | പ്രഹസൻ | ചിരിച്ചുകൊണ്ടു് |
| | | തം | അദ്ദേഹത്തോടു് |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ഉവാച ഹ | സന്തോഷപൂർവ്വം പറഞ്ഞു. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

ബ്രഹ്മംസ്തേഽനുഗ്രഹാർത്ഥായ സംപ്രാപ്താൻ വിദ്ധ്യമൂൻ മുനീൻ
സഞ്ചരന്തി മയാ ലോകാൻ പുനന്തഃ പാദരേണുഭിഃ 51

| | | | |
|---|---|---|---|
| ബ്രഹ്മൻ | ഹേ ബ്രാഹ്മണ ! | വിദ്ധി | അറിഞ്ഞുകൊൾക. |
| അമൂൻ മുനീൻ | ഈ മുനിമാരെ | പാദരേണുഭിഃ | പാദപാംസുക്കളാൽ |
| തേ | അങ്ങയുടെ | ലോകാൻ | ലോകങ്ങളെ |
| അനുഗ്രഹാർത്ഥായ | അനുഗ്രഹാർത്ഥത്തിന്നായി (അങ്ങയെ അനുഗ്രഹിക്കുന്നതിന്നുവേണ്ടി) | പുനന്തഃ | പരിശുദ്ധീകരിച്ചുകൊണ്ടു് |
| | | മയാ | എന്നോടുകൂടെ |
| സംപ്രാപ്താൻ | വന്നുചേർന്നവരാണെന്നു് | സഞ്ചരന്തി | ഇവർ സഞ്ചരിക്കുന്നു. |

ദേവാഃ ക്ഷേത്രാണി തീർത്ഥാനി ദർശനസ്പർശനാർച്ചനൈഃ
ശനൈഃ പുനന്തി കാലേന തദപ്യർഹത്തമേക്ഷയാ. 52

| | | | |
|---|---|---|---|
| ദേവാഃ | ദേവപ്രതിമകളും, | പുനന്തി | ശുദ്ധീകരിക്കുന്നു. |
| ക്ഷേത്രാണി | പുണ്യസ്ഥലങ്ങളും, | തത് അപി | അതുംകൂടി (ദേവാദികളുടെ ആ ശുദ്ധീകരണവുംകൂടി) |
| തീർത്ഥാനി | പുണ്യജലങ്ങളും | | |
| ദർശനസ്പർശനാർച്ചനൈഃ | ദർശനം, സ്പർശനം, പൂജാനുഷ്ഠാനം എന്നിവയാൽ | | |
| ശനൈഃ | സാവധാനത്തിൽ | അർഹത്തമേക്ഷയാ | സംപൂജ്യരായ ഉത്തമ ബ്രാഹ്മണരുടെ കൃപാദൃഷ്ടിയാലുണ്ടായതാണ്. |
| കാലേന | ഏറിയ കാലംകൊണ്ടുമാത്രം | | |

ബ്രാഹ്മണോ ജന്മനാ ശ്രേയാൻ സർവ്വേഷാം പ്രാണിനാമിഹ
തപസാ വിദ്യയാ തുഷ്ട്യാ കിമു മത്കലയാ യുതഃ. 53

| | | | |
|---|---|---|---|
| ഇഹ | ഈ ലോകത്തിൽ | വിദ്യയാ | ജ്ഞാനത്തോടും, |
| സർവ്വേഷാം | എല്ലാതരത്തിലുള്ള | തുഷ്ട്യാ | സന്തുഷ്ടിയോടും, |
| പ്രാണിനാം | പ്രാണികളിലുംവെച്ചു് | മത്കലയാ | എൻെറ ഉപാസനയോടും (ഈശ്വരോപാസനയോടും) |
| ബ്രാഹ്മണഃ | ബ്രാഹ്മണൻ | | |
| ജന്മനാ | ജന്മംകൊണ്ടുതന്നെ | | |
| ശ്രേയാൻ | ശ്രേഷ്ഠതയുള്ളവനാണ്. | യുതഃ | ചേർന്നതായ (ബ്രാഹ്മണൻ) |
| തപസാ | തപസ്സോടും, | കിമു | പിന്നെ ചോദിപ്പാനുണ്ടോ? |

ന ബ്രാഹ്മണാന്മേ ദയിതം രൂപമേതച്ചതുർഭുജം
സർവ്വവേദമയോ വിപ്രഃ സർവ്വദേവമയോ ഹ്യഹം. 54

| | |
|---|---|
| ചതുർഭുജം | നാലു കൈകളുള്ള |
| ഏതത് രൂപം | ഈ രൂപംപോലും |
| മേ | എനിക്ക് |
| ബ്രാഹ്മണാത് | ബ്രാഹ്മണനെക്കാരം |
| ന ദയിതം | ഇഷ്ടപ്പെട്ടതല്ല. |
| വിപ്രഃ | ബ്രാഹ്മണൻ |
| സർവ്വവേദമയഃ | സർവ്വവേദസ്വരൂപനാകുന്നു. |
| അഹം ഹി | ഞാനാകട്ടെ |
| സർവ്വദേവമയഃ | സർവ്വദേവസ്വരൂപനാകുന്നു. |

നോട്ട്:— വേദങ്ങൾ 'പ്രമാണ'വും ദേവന്മാർ 'പ്രമേയ'വുമാണ്. (പ്രമേയത്തെക്കാൾ പ്രമാണമാണ് ഉൽകൃഷ്ടം.) ആ വിശിഷ്ട സർവ്വവേദമയനായ വിപ്രൻ പ്രമാണഭൂതനും സർവ്വദേവമയനായ ഭഗവാൻ പ്രമേയഭൂതനുമാണെന്നു വരുന്നു. അതിനാൽ ചതുർഭുജവിശിഷ്ടമായ തന്റെ സ്വരൂപത്തെക്കാളും വിപ്രസ്വരൂപത്തെയാണ് ഭഗവാൻ ഇഷ്ടപ്പെട്ടിരിക്കുന്നത്.

ദുഷ്പ്രജ്ഞാ അവിദിത്വൈവമവജാനന്ത്യസൂയവഃ
ഗുരും മാം വിപ്രമാത്മാനമർച്ചാദാവിജ്യദൃഷ്ടയഃ. 55

| | |
|---|---|
| ഏവം | ഈ വിധം |
| അവിദിത്വാ | ധരിച്ചുവെക്കാതെ, |
| അസൂയവഃ | പരോൽകർഷത്തെ കണ്ടു പൊറുക്കുവാൻ കഴിയാത്തവരും |
| അർച്ചാദൌ | പ്രതിമാദികളിൽ |
| ഇജ്യദൃഷ്ടയഃ | ആരാധ്യത കാണുന്നവരുമായ |
| ദുഷ്പ്രജ്ഞാഃ | ദുഷ്ടബുദ്ധികൾ |
| ഗുരും | അവരുടെ ഗുരുവും |
| ആത്മാനം | ആത്മാവും |
| മാം | എന്റെ സ്വരൂപവുമായ |
| വിപ്രം | ബ്രാഹ്മണനെ |
| അവജാനന്തി | നിന്ദിച്ചുകൊണ്ടിരിക്കുന്നു. |

ചരാചരമിദം വിശ്വം ഭാവാ യേ ചാസ്യ ഹേതവഃ
മദ്രൂപാണീതി ചേതസ്യാധത്തേ വിപ്രോ മദീക്ഷയാ. 56

| | |
|---|---|
| വിപ്രഃ | ബ്രാഹ്മണൻ |
| മദീക്ഷയാ | എല്ലാററിലും എന്നെ കാണുന്നതുകൊണ്ട് |
| ചരാചരം | ജംഗമവും സ്ഥാവരവും ആയുള്ള |
| ഇദം വിശ്വം | ഈ ലോകവും |
| അസ്യ ഹേതവഃ | ഇതിന്റെ കാരണങ്ങളായി |
| യേ ഭാവാഃ ച | ഏതെല്ലാം ഭാവങ്ങൾ (മഹദാദിതത്വങ്ങൾ) ഉണ്ടോ, അവയും |
| മദ്രൂപാണി | എന്റെ രൂപങ്ങളാണ് |
| ഇതി | എന്നിങ്ങനെ |
| ചേതസി | മനസ്സിൽ |
| ആധത്തേ | ഉറപ്പിച്ചിരിക്കുന്നു. |

തസ്മാദ് ബ്രഹ്മഋഷീനേതാൻ ബ്രഹ്മൻ മച്ഛ്രദ്ധയാർച്ചയ
ഏവം ചേദർച്ചിതോഽസ്മ്യദ്ധാ നാന്യഥാ ഭൂരിഭൂതിഭിഃ. 57

| | |
|---|---|
| തസ്മാത് | അതിനാൽ |
| ബ്രഹ്മൻ | ഹേ ബ്രാഹ്മണ! |
| ഏതാൻ ബ്രഹ്മഋഷീൻ | ഈ ബ്രഹ്മർഷിമാരെ |
| മച്ഛ്രദ്ധയാ | എന്നിലുള്ള ആദരവോടുകൂടി |
| അർച്ചയ | ആരാധിച്ചാലും. |
| ഏവം ചേത് | അപ്രകാരമായാൽ |
| അദ്ധാ | പ്രത്യക്ഷമായിത്തന്നെ |

| | | | |
|---|---|---|---|
| (അഹം) | ഞാൻ | ഭൂരിഭൂതിഭിഃ | പലവിധം ഉപചാരങ്ങളെക്കൊണ്ടുപോലും |
| അർച്ചിതഃ | ആരാധിതനായി | ന | ഞാൻ ആരാധിതനായി ഭവിക്കുന്നതല്ല. |
| അസ്മി | ഭവിക്കുന്നു. | | |
| അന്യഥാ | അല്ലാത്തപക്ഷം | | |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

സ ഇത്ഥം പ്രഭുണാഽഽദിഷ്ടഃ സഹകൃഷ്ണാൻ ദ്വിജോത്തമാൻ
ആരാധ്യൈകാത്മഭാവേന മൈഥിലശ്ചാപ സദ്ഗതിം 58

| | | | |
|---|---|---|---|
| പ്രഭുണാ | ഭഗവാനാൽ | ദ്വിജോത്തമാൻ | ബ്രാഹ്മണോത്തമന്മാരെ |
| ഇത്ഥം | ഇപ്രകാരം | ഏകാത്മഭാവേന | (ശ്രീകൃഷ്ണനും ബ്രാഹ്മണോത്തമന്മാരും ഒന്നുതന്നെ എന്നുള്ള) അഭേദഭാവനയോടെ |
| ആദിഷ്ടഃ | ഉപദേശിക്കപ്പെട്ട | ആരാധ്യ | ആരാധിച്ച് |
| സഃ | ആ ശ്രുതദേവനെന്ന ബ്രാഹ്മണനും, | സദ്ഗതിം | സൽഗതിയെ (സത്തുക്കൾക്ക് ഏകാശ്രയമായ ഭഗവാനെത്തന്നെ) |
| മൈഥിലഃ ച | ബഹുലാശ്വനെന്ന മിഥിലാരാജാവും | ആപ | പ്രാപിച്ചു. |
| സഹകൃഷ്ണാൻ | ശ്രീകൃഷ്ണനോടൊന്നിച്ചിരിക്കുന്ന | | |

ഏവം സ്വഭക്തയോ രാജൻ ഭഗവാൻ ഭക്തഭക്തിമാൻ
ഉഷിത്വാഽഽദിശ്യ സന്മാർഗ്ഗം പുനർദ്വാരവതീമഗാത്. 59

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | | മാർഗ്ഗം=സ്വതഃ പ്രാമാണ്യമുള്ള വേദങ്ങളുടെ പ്രവൃത്തിപദ്ധതിയെ) |
| ഏവം | ഈവിധം | ആദിശ്യ | ഉപദേശിച്ചുകൊടുത്ത് |
| ഭക്തഭക്തിമാൻ | ഭക്തജനങ്ങളിൽ ഭക്തിയുള്ള | ഉഷിത്വാ പുനഃ | ഏതാനുംനാളു പാർത്തശേഷം |
| ഭഗവാൻ | ശ്രീകൃഷ്ണഭഗവാൻ | ദ്വാരവതീം | ദ്വാരകാനഗരത്തിലേക്ക് |
| സ്വഭക്തയോഃ | തന്റെ ആ രണ്ടു ഭക്തന്മാൎക്കും | അഗാത് | തിരിച്ചുപോയി. |
| സന്മാർഗ്ഗം | സന്മാർഗ്ഗത്തെ (സതാം | | |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
ശ്രുതദേവാനുഗ്രഹോ നാമ ഷഡശീതിതമോഽദ്ധ്യായഃ

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3740.

## സപ്താശീതിതമോഽദ്ധ്യായഃ=എൺപത്തേഴാമദ്ധ്യായം.

[സപ്താശീതിതമേ നാരായണനാരദവാദതഃ
വേദൈഃ സ്തുതിർഗ്ഗുണാഖ്യാനാ നിർഗ്ഗുണാവധി വർണ്ണ്യതേ.]

(വേദസ്തുതി അഥവാ ശ്രുതിഗീത.)

പരീക്ഷിദുവാച=ശ്രീപരീക്ഷിത്ത് ചോദിച്ചു:—

ബ്രഹ്മൻ ബ്രഹ്മണ്യനിർദ്ദേശ്യേ നിർഗ്ഗുണേ ഗുണവൃത്തയഃ
കഥം ചരന്തി ശ്രുതയഃ സാക്ഷാത് സദസതഃ പരേ. 1

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രഹ്മജ്ഞനായ മുനേ! | ഗുണവൃത്തയഃ | ജാതിക്രിയാഗുണസംബന്ധമുള്ളവയിൽ പ്രവൎത്തിക്കുന്ന (ജാതിക്രിയാഗുണസംബന്ധമുള്ള പദാൎത്ഥങ്ങളെ മാത്രം ബോധിപ്പിക്കാൻ കഴിവുള്ള) |
| അനിൎദ്ദേശ്യേ | ഇന്നതെന്നു നിൎവ്വചിക്കുവാൻ കഴിയാത്തതും, | ശ്രുതയഃ | വേദങ്ങൾ |
| നിൎഗ്ഗുണേ | ഗുണത്രയസംബന്ധമില്ലാത്തതും, | സാക്ഷാത് | ശരിയായ രൂപത്തിൽ |
| സദസതഃ | കാൎയ്യകാരണങ്ങളിൽനിന്ന് | കഥം | എങ്ങനെ |
| പരേ | അതീതമായി നില്ക്കുന്നതുമായ | ചരന്തി | പ്രവൎത്തിക്കുന്നു? |
| ബ്രഹ്മണി | പരബ്രഹ്മത്തിൽ | | |

നോട്ട്:— കഴിഞ്ഞ അദ്ധ്യായത്തിന്റെ ഒടുവിൽ ഭഗവാൻ സനകാദികൾക്കു 'സന്മാൎഗ്ഗം' ഉപദേശിച്ചതായി പറഞ്ഞു. 'സ്വതഃപ്രമാണഭൂതങ്ങളായ വേദങ്ങൾ സഗുണവും നിൎഗ്ഗുണവുമായ ബ്രഹ്മത്തെ ബോധിപ്പിക്കുന്ന മാൎഗ്ഗം' എന്നൎത്ഥമാണ് 'സന്മാൎഗ്ഗം' എന്ന പദംകൊണ്ടു വിവക്ഷിച്ചിട്ടുള്ളതും. എന്നാൽ വേദങ്ങൾ ശബ്ദസ്വരൂപങ്ങളാകയാൽ അവയ്ക്ക് പ്രാകൃതഗുണസംബന്ധമുണ്ട്. അവ തികച്ചും ഗുണവൃത്തികളാകുന്നു. പലതരത്തിലുള്ള ശാബ്ദികവ്യാപാരങ്ങളാൽ സഗുണമായ വസ്തുവെ ബോധിപ്പിക്കുന്നതിനല്ലാതെ, നിൎഗ്ഗുണതത്ത്വത്തെ ബോധിപ്പിക്കുവാൻ വേദങ്ങൾക്ക് എങ്ങനെ കഴിയും? ബ്രഹ്മമെന്നതാകട്ടെ ഇന്നതെന്നു നിൎവ്വചിച്ചു പറയുവാനാകാത്ത നിൎഗ്ഗുണതത്ത്വമാണല്ലോ. ആ നിലയ്ക്ക്, ഗുണവൃത്തിത്വമുള്ള വേദവചനങ്ങൾ നിൎഗ്ഗുണബ്രഹ്മാവബോധകങ്ങളാകുവാൻ തരമുണ്ടോ?— ഇവിടെ ശ്രീപരീക്ഷിത്തിനുണ്ടായ സംശയം ഇതാണ്. അതു പരിഹരിക്കുവാൻവേണ്ടി ചോദിച്ചു—

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

ബുദ്ധീന്ദ്രിയമനഃപ്രാണാൻ ജനാനാമസൃജത് പ്രഭുഃ
മാത്രാൎത്ഥം ച ഭവാൎത്ഥം ച ആത്മനേഽകല്പനായ ച. 2

| | | | |
|---|---|---|---|
| പ്രഭുഃ | സൎവ്വശക്തനായ ഈശ്വരൻ | മാത്രാൎത്ഥം ച | വിഷയാനുഭവത്തിനു വേണ്ടിയും, |
| ജനാനാം | ജീവന്മാൎക്ക് | | |

| | | | |
|---|---|---|---|
| ഭവാൎത്ഥം ച | അഭ്യുദയത്തിന്നുള്ള കൎമ്മങ്ങൾ ചെയ്യുന്നതിന്നുവേണ്ടിയും, | അകല്പനായ | കല്പനാനിവൃത്തിയാവുന്ന മോക്ഷത്തിനായ്ക്കൊണ്ടും |
| ആത്മനേ ച | ആത്മാവിന്നു അതാതു ലോകസുഖങ്ങൾ അനുഭവിക്കുന്നതിന്നായും, | ബുദ്ധീന്ദ്രിയ- മനഃപ്രാണാൻ | ബുദ്ധി, ഇന്ദ്രിയങ്ങൾ, മനസ്സ്, പ്രാണൻ എന്നീ ഉപാധികളെ |
| | | അസൃജത് | സൃഷ്ടിച്ചിരിക്കുന്നു. |

താൽപര്യം:— നിൎഗ്ഗുണനായ ഈശ്വരൻ ഒരു പ്രകാരത്തിൽ സൎവ്വഗുണോപേതനമാണ് വേദങ്ങൾ ഈ സൎവ്വഗുണോപേതനായ ഈശ്വരനെ—സഗുണമായ ബ്രഹ്മത്തെയാണ് തുറന്നു പ്രതിപാദിക്കുന്നതും എന്നാൽ വേദവചനങ്ങളുടെ ലക്ഷ്യാൎത്ഥം നിൎഗ്ഗുണബ്രഹ്മത്തെ ബോധിപ്പിക്കുന്നതിൽ പൎയ്യവസാനിക്കുന്നുവെന്നു ചിന്തിച്ചാൽ അറിയാം. അങ്ങനെ ചിന്തിച്ചറിവാനും, ധൎമ്മാൎത്ഥകാമങ്ങളേയും മോക്ഷത്തേയും (അകല്പനായ ച) സാധിക്കുവാനും വേണ്ടിയാണ് ഭഗവാൻ തന്റെ അംശങ്ങളായ ജീവരാശികൾക്ക് ബുദ്ധി, ഇന്ദ്രിയങ്ങൾ, മനസ്സ്, പ്രാണൻ എന്നിവയെ കൊടുത്തിരിക്കുന്നത്.

വേദവാക്യങ്ങൾ മുഖ്യവൃത്തിയാൽ സഗുണബ്രഹ്മത്തെ വൎണ്ണിക്കുന്നവയാണെങ്കിലും, ലക്ഷണാവൃത്തിയാൽ നിൎഗ്ഗുണബ്രഹ്മത്തേയും ബോധിപ്പിക്കുന്നുവെന്നു അറിഞ്ഞു കൊള്ളണം.

സൈഷാ ഹ്യുപനിഷദ്ബ്രാഹ്മീ പൂൎവ്വേഷാം പൂൎവ്വജൈൎദ്ധൃതാ
ശ്രദ്ധയാ ധാരയേദ്യസ്താം ക്ഷേമം ഗച്ഛേദകിഞ്ചനഃ. 3

| | | | |
|---|---|---|---|
| ബ്രാഹ്മീ | (പ്രത്യക്ഷമായിട്ട്) സഗുണബ്രഹ്മത്തേയും (പരോക്ഷമായിട്ട്) നിൎഗ്ഗുണബ്രഹ്മത്തേയും പ്രതിപാദിക്കുന്ന | യഃ | യാതൊരുവൻ |
| | | താം | ആ ഉപനിഷത്തിനെ |
| | | ശ്രദ്ധയാ | ശ്രദ്ധയോടെ |
| | | ധാരയേത് | ധരിക്കുന്നുവോ, |
| | | (സഃ) | അവൻ |
| സാ ഏഷാ | ആ ഈ | അകിഞ്ചനഃ | സംസാരബന്ധത്തിന്നു കാരണങ്ങളായ യാതൊരു ഉപാധിയുമില്ലാത്തവനായി ഭവിച്ച് |
| ഉപനിഷത് | ഉപനിഷദ്വിദ്യ | | |
| പൂൎവ്വേഷാം | പൂൎവ്വികന്മാൎക്കും | | |
| പൂൎവ്വജൈഃ | പൂൎവ്വജന്മാരായ സനകാദിഋഷികളാൽ | ക്ഷേമം | മോക്ഷത്തെ. |
| ധൃതാ ഹി | ധരിക്കപ്പെട്ടതാകുന്നു. | ഗച്ഛേത് | പ്രാപിക്കും. |

താൽപര്യം:— വേദങ്ങളെ ബ്രഹ്മപ്രതിപാദകമായ വിദ്യയെന്ന നിലക്കാണ് നമ്മുടെ പൂൎവ്വികന്മാർ അറിഞ്ഞാദരിച്ചിരുന്നത്. അധുനാതനന്മാരായ നമ്മളും ശ്രദ്ധയോടെ (ആസ്തിക്യബുദ്ധിയോടെ) അങ്ങനെ ചെയ്യുന്നതായാൽ ദേഹാദ്യഭിമാനം വിട്ട് വിമുക്തരായിത്തീരും. (ഈ ശ്ലോകംകൊണ്ട് ശ്രീശുകൻ വേദങ്ങളുടെ അനാദിയും ഋഷിപരമ്പരാഗതവുമായ പ്രാമാണ്യത്തെ ഉറപ്പിച്ചു )

അത്ര തേ വൎണ്ണയിഷ്യാമി ഗാഥാം നാരായണാന്വിതാം
നാരദസ്യ ച സംവാദമൃഷേൎന്നാരായണസ്യ ച. 4

| | | | |
|---|---|---|---|
| അത്ര | ഈ വിഷയത്തിൽ | വർണ്ണയിഷ്യാമി | വിസ്തരിക്കാം. |
| നാരായണാ-ന്വിതാം | വക്താവെന്ന നിലയിൽ ശ്രീനാരായണഋഷിയോടു ബന്ധപ്പെട്ടിരിക്കുന്ന | ഋഷേഃ | ഋഷിയായ |
| | | നാരായണസ്യ ച | ശ്രീനാരായണന്റേയും |
| | | നാരദസ്യ ച | ശ്രീനാരദന്റേയും |
| ഗാഥാം | ഒരു പൂർവ്വകഥയെ | സംവാദം | അന്യോന്യസംഭാഷണമാണിത്. |
| തേ | അങ്ങേയ്ക്കുവേണ്ടി | | |

ഏകദാ നാരദോ ലോകാൻ പര്യടൻ ഭഗവത്പ്രിയഃ
സനാതനമൃഷിം ദ്രഷ്ടും യയൗ നാരായണാശ്രമം. 5

| | | | |
|---|---|---|---|
| ലോകാൻ | പല ലോകങ്ങളേയും | സനാതനം ഋഷിം | പുരാണഋഷിയായ ശ്രീനാരായണനെ |
| പര്യടൻ | ചുററിനടന്നുകൊണ്ടിരിക്കുന്ന | ദ്രഷ്ടും | കാണ്മാനായി |
| ഭഗവത്പ്രിയഃ | ഭഗവൽഭക്തനായ | നാരായണാ-ശ്രമം | ബദരികാശ്രമത്തിലേക്ക് |
| നാരദഃ | ശ്രീനാരദൻ | | |
| ഏകദാ | ഒരിക്കൽ | യയൗ | പോയി. |

യോ വൈ ഭാരതവർഷേഽസ്മിൻ ക്ഷേമായ സ്വസ്തയേ നൃണാം
ധർമ്മജ്ഞാനശമോപേതമാകല്പാദാസ്ഥിതസ്തപഃ. 6

| | | | |
|---|---|---|---|
| യഃ വൈ | യാതൊരു ആ നാരായണഋഷിയാകട്ടെ | ധർമ്മജ്ഞാന-ശമോപേതം | ധർമ്മം, ജ്ഞാനം, വിരക്തി എന്നിവയോടു കൂടിയ |
| അസ്മിൻ | ഈ | തപഃ | തപസ്സിനെ |
| ഭാരതവർഷേ | ഭാരതഖണ്ഡത്തിലുള്ള | ആകല്പാത് | കല്പകാലത്തിന്റെ തുടക്കംമുതല്ക്ക് |
| നൃണാം | ജനങ്ങളുടെ | | |
| ക്ഷേമായ | ഐഹികസുഖത്തിന്നും | | |
| സ്വസ്തയേ | പാരത്രികസുഖത്തിന്നും വേണ്ടി | ആസ്ഥിതഃ | അനുഷ്ഠിച്ചുവരികയാകുന്നു. |

തത്രോപവിഷ്ടമൃഷിഭിഃ കലാപഗ്രാമവാസിഭിഃ
പരീതം പ്രണതോഽപൃച്ഛദിദമേവ കുരൂദ്വഹ. 7

| | | | |
|---|---|---|---|
| കുരൂദ്വഹ | ഹേ കുരുവംശോത്തമ! | പരീതം | ആവൃതനായി |
| തത്ര | അവിടെ, | ഉപവിഷ്ടം | ഇരുന്നരുളുന്ന ശ്രീനാരായണഋഷിയോട് |
| കലാപഗ്രാമ-വാസിഭിഃ | കലാപഗ്രാമം എന്നുകൂടി പേരുള്ള ബദരികാശ്രമത്തിൽ വസിക്കുന്ന | പ്രണതഃ | (അദ്ദേഹത്തെ) നമസ്കരിച്ച ശ്രീനാരദൻ |
| | | ഇദം ഏവ | ഇതുതന്നെ |
| ഋഷിഭിഃ | ഋഷികളാൽ | അപൃച്ഛത് | ചോദിച്ചു. |

നോട്ട് :— ഗുണവൃത്തികളായ ശ്രുതികൾ നിർഗ്ഗുണബ്രഹ്മത്തെ ബോധിപ്പിക്കുന്നതെങ്ങനെ? എന്നു പരീക്ഷിത്ത് ശ്രീശുകനോടു ചോദിക്കയുണ്ടായല്ലോ. പണ്ടൊരിക്കൽ ഇതേ ചോദ്യംതന്നെ ശ്രീനാരദൻ നാരായണഋഷിയോടു ചോദിക്കയുണ്ടായി.

തസ്മൈ ഹ്യവോചദ്ഭഗവാനൃഷീണാം ശൃണ്വതാമിദം
യോ ബ്രഹ്മവാദഃ പൂർവ്വേഷാം ജനലോകനിവാസിനാം. 8

| | | | |
|---|---|---|---|
| തസ്മൈ | ആ ശ്രീനാരദനുവേണ്ടി | പൂർവ്വേഷാം | പൂർവ്വഋഷീശ്വരന്മാക്ക തമ്മിൽ |
| ഭഗവാൻ | സർവ്വജ്ഞാനനിധിയായ നാരായണഋഷി | യഃ | യാതൊരു |
| ഋഷീണാം | മററു ഋഷിമാരെല്ലാം | ബ്രഹ്മവാദഃ | ബ്രഹ്മവിഷയകമായ ചർച്ച നടന്നിരുന്നുവോ, |
| ശൃണ്വതാം | കേട്ടിരിക്കെത്തന്നെ | ഇദം ഹി | അതുതന്നെ |
| ജനലോക- നിവാസിനാം | ജനലോകത്തിൽ നിവസിച്ചിരുന്ന | അവോചത് | അരുളിച്ചെയ്തു. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

സ്വായംഭുവ ബ്രഹ്മസത്രം ജനലോകേഽഭവത് പുരാ
തത്രസ്ഥാനാം മാനസാനാം മുനീനാമൂർദ്ധ്വരേതസാം. 9

| | | | |
|---|---|---|---|
| സ്വായംഭുവ | ബ്രഹ്മപുത്രനായ നാരദ! | | നിന്നു് ജനിച്ചവരും |
| പുരാ | പണ്ടൊരിക്കൽ | ഊർദ്ധ്വ- രേതസാം | നൈഷ്ഠികബ്രഹ്മചാരികളുമായ |
| ജനലോകേ | ജനലോകത്തിൽവെച്ചു് | മുനീനാം | മഹർഷിമാരുടെ |
| തത്രസ്ഥാനാം | അവിടെ സ്ഥിതിചെയ്തുന്നവരും | ബ്രഹ്മസത്രം | ഒരു ബ്രഹ്മസത്രം * |
| മാനസാനാം | ബ്രഹ്മാവിന്റെ മനസ്സിൽ | അഭവത് | ഉണ്ടായി. |

ശ്വേതദ്വീപം ഗതവതി ത്വയി ദ്രഷ്ടും തദീശ്വരം
ബ്രഹ്മവാദഃ സുസംവൃത്തഃ ശ്രുതയോ യത്ര ശേരതേ
തത്ര ഹായമഭൂത് പ്രശ്നസ്ത്വം മാം യമനുപൃച്ഛസി. 10

| | | | |
|---|---|---|---|
| ശ്വേതദ്വീപം | ശ്വേതദ്വീപത്തിലേക്ക് | ശേരതേ | അർത്ഥനിർണ്ണയം ചെയ്യപ്പെടുന്നുവോ, |
| തദീശ്വരം | അതിന്റെ നാഥനായ അനിരുദ്ധമൂർത്തിയെ | തത്ര ഹ | ആ വേദാന്തവിചാരസദസ്സിൽവെച്ചുതന്നെ |
| ദ്രഷ്ടും | ദർശിക്കുവാൻ | | |
| ത്വയി | അങ്ങ് | ത്വം മാം | അങ്ങു് എന്നോടു് |
| ഗതവതി | പോയിരുന്നപ്പോൾ | യം | യാതൊന്നിനെപ്പററി |
| ബ്രഹ്മവാദഃ | ഈ വേദാന്തവിചാരം | അനുപൃച്ഛസി | ചോദിച്ചുകൊണ്ടു വരുന്നുവോ, |
| സുസംവൃത്തഃ | ഭംഗിയിൽ നടത്തുന്നു | | |
| യത്ര | യാതൊന്നിൽവെച്ച് | അയം പ്രശ്നഃ | ഇതേ ചോദ്യം |
| ശ്രുതയഃ | (ശ്രുതികൾ വേദങ്ങൾ) | അഭൂത് | സംഭവിക്കയുണ്ടായി. |

തുല്യശ്രുതതപഃശീലാസ്തുല്യസ്വീയാരിമദ്ധ്യമാഃ
അപി ചക്രുഃ പ്രവചനമേകം ശുശ്രൂഷവോഽപരേ 11

| | | | |
|---|---|---|---|
| തുല്യശ്രുത- തപഃശീലാഃ | ഒരുപോലെ ശാസ്ത്രപരിജ്ഞാനവും, തപസ്സും, സ്വഭാവവും ഉള്ളവരാണ്; | തുല്യസ്വീയാ- രിമദ്ധ്യമാഃ | മിത്രങ്ങളേയും, ശത്രുക്കളേയും, ഉദാസീനരേയും ഒരേപോലെ കരുതുന്നവരാണ്; |

* തുല്യജ്ഞാനമുള്ള ഋഷിമാർ ബ്രഹ്മതത്ത്വത്തെ അധികരിച്ചു ചർച്ചനടത്തുന്ന മഹാസദസ്സാണ് ബ്രഹ്മസത്രം.

| | |
|---|---|
| അപി | എന്നിരിക്കിലും |
| ഏകം | തങ്ങളിൽ ഒരാളെ (സനന്ദനമഹർഷിയെ) |
| പ്രവചനം | പ്രവക്താവാക്കി |
| ചക്രുഃ | നിശ്ചയിച്ചു. |
| അപരേ | മററുള്ളവർ (സനകാദികൾ) |
| ശുശ്രൂഷവഃ | കേൾപ്പാനാഗ്രഹിക്കുന്നവരായും ഭവിച്ചു. |

സനന്ദന ഉവാച=സനന്ദനൻ പറഞ്ഞു :—

സ്വസൃഷ്ടമിദമാപീയ ശയാനം സഹ ശക്തിഭിഃ
തദന്തേ ബോധയാഞ്ചക്രുസ്തല്ലിംഗൈഃ ശ്രുതയഃ പരം. 12

| | |
|---|---|
| സ്വസൃഷ്ടം | തന്നാൽ സൃഷ്ടിക്കപ്പെട്ട |
| ഇദം | ഈ പ്രപഞ്ചത്തെ |
| ആപീയ | മുഴുവനും തന്നിലേക്കു വലിച്ചെടുത്ത് |
| ശക്തിഭിഃ സഹ | ശക്തികളോടുകൂടെ (സൂക്ഷ്മാകാരം പ്രാപിച്ച പ്രകൃതിപുരുഷകാലാദി ശക്തികളോട്കൂടെ) |
| ശയാനം | യോഗനിദ്രയെ അവലംബിച്ച |
| പരം | പരമപുരുഷനെ |
| തദന്തേ | അതിന്റെ (പ്രളയകാലത്തിന്റെ) അവസാനത്തിൽ |
| ശ്രുതയഃ | (അവിടത്തെ പ്രഥമനിഃശ്വാസത്തിൽനിന്നും ആവിർഭവിച്ച) ശ്രുതിദേവതകൾ |
| തല്ലിംഗൈഃ | ആ പരമപുരുഷസ്വരൂപത്തെ ബോധിപ്പിക്കുന്ന സ്തുതിവാക്യങ്ങളിൽ |
| ബോധയാഞ്ചക്രുഃ | ഉണർത്തി. |

യഥാ ശയാനം സമ്രാജം വന്ദിനസ്തത്പരാക്രമൈഃ
പ്രത്യുഷേഽഭ്യേത്യ സുശ്ലോകൈർബ്ബോധയന്ത്യനുജീവിനഃ. 13

| | |
|---|---|
| ശയാനം | ഉറങ്ങിക്കിടക്കുന്ന |
| സമ്രാജം | ഒരു രാജാധിരാജനെ |
| അനുജീവിനഃ | അദ്ദേഹത്തെ ആശ്രയിച്ചുപുലരുന്ന |
| വന്ദിനഃ | സ്തുതിപാഠകന്മാർ |
| പ്രത്യുഷേ | പ്രഭാതത്തിൽ |
| അഭ്യേത്യ | വന്നുചേർന്ന് |
| സുശ്ലോകൈഃ | സൽകീർത്തിയെഴുന്ന |
| തത്പരാക്രമൈഃ | അദ്ദേഹത്തിന്റെ അപദാനങ്ങളാൽ |
| യഥാ | യാതൊരുപ്രകാരം |
| ബോധയന്തി | പള്ളിക്കുറുപ്പുണർത്തുന്നുവോ, (അതുപോലെ ശ്രുതിദേവതകളും പ്രവർത്തിച്ചു.) |

ശ്രുതയ ഊചുഃ=ശ്രുതിദേവതമാർ പറഞ്ഞു :—

ജയ ജയ ജഹ്യജാമജിത ദോഷഗൃഭീതഗുണാം
ത്വമസി യദാത്മനാ സമവരുദ്ധസമസ്തഭഗഃ
അഗജഗദോകസാമഖിലശക്ത്യവബോധക തേ
ക്വചിദജയാഽഽത്മനാ ച ചരതോഽനുചരേന്നിഗമഃ. 14

| | |
|---|---|
| അജിത | യാതൊന്നിനാലും ജയിക്കപ്പെടാതെയിരിക്കുന്ന ഹേ പ്രഭോ! |
| ജയ ജയ | നിന്തിരുവടി ഉൽകർഷത്തോടെ വർത്തിച്ചാലും; വർത്തിച്ചാലും! |

| | | | |
|---|---|---|---|
| അഗജഗ-ദോകസാം | സ്ഥാവരശരീരങ്ങളും ജംഗമശരീരങ്ങളും ധരിച്ച ജീവരാശികളുടെ | അസി | ആകുന്നു. |
| ദോഷഗൃഹീത-ഗുണാം | ദോഷത്തിന്നായി (സ്വാത്മാനന്ദത്തെ മറക്കുന്നതിന്നായി) സ്വീകരിക്കപ്പെട്ട സത്വാദിഗുണങ്ങളോടുകൂടിയ | അഖിലശക്ത്യ-വബോധക | ചരാചരങ്ങളുടെ സമസ്തശക്തികളെയും ഉണർത്തിവിടുന്ന ഹേ ആദിപുരുഷ! |
| അജാം | മായയെ | ക്വചിത് | ചിലകാലത്ത് |
| ജഹി | സംഹരിച്ചാലും! | അജയാ | മായ (പ്രകൃതി)യോടു ചേർന്നും, |
| യത് | എന്തുകൊണ്ടെന്നാൽ, | (ക്വചിത്) | ചിലകാലത്ത് |
| ത്വം | നിന്തിരുവടി | ആത്മനാ ച | പ്രകൃതിസംബന്ധമില്ലാത്ത ആത്മസ്വരൂപത്തോടെയും |
| ആത്മനാ | തന്നാൽത്തന്നെ | ചരതഃ | വർത്തിച്ചുകൊണ്ടിരിക്കുന്ന |
| സമവരുദ്ധ-സമസ്തഭഗഃ | പ്രാപിക്കപ്പെട്ട സർവ്വൈശ്വര്യങ്ങളോടുകൂടിയവൻ | തേ | നിന്തിരുവടിയെ |
| | | നിഗമഃ | വേദം |
| | | അനുചരേത് | അനുവർത്തിക്കുന്നു. |

സാരാർത്ഥം:— ഹേ പ്രഭോ! മായയാൽപ്പോലും നിന്തിരുവടി ജയിക്കപ്പെട്ടവനല്ല. നിന്തിരുവടി സ്വയംതന്നെ സർവ്വൈശ്വര്യസമ്പൂർണ്ണനാകുന്നു. ആകയാൽ ചരാചരങ്ങളായ സമസ്തജീവരാശികളേയും വലയിൽപ്പെടുത്തി വലച്ചുകൊണ്ടിരിക്കുന്ന മായയെ ഉപസംഹരിക്കേണമേ! ഈ മായ (പ്രകൃതി) സത്വാദിഗുണങ്ങളെ സ്വീകരിച്ചിരിക്കുന്നതു ജീവകോടികളുടെ ഗുണത്തിനുവേണ്ടിയല്ല; ദോഷത്തിനുവേണ്ടിയാകുന്നു—ഗുണപ്രകടനംകൊണ്ട് അവരുടെ ശാശ്വതാനന്ദസ്വരൂപത്തെ മറച്ച് സംസാരദുഃഖം അനുഭവിപ്പിക്കുന്നതിനു വേണ്ടിയാകുന്നു. ചരാചരങ്ങളിൽ അന്തർല്ലയിച്ചിരിക്കുന്ന കർമ്മജ്ഞാനാദിശക്തികളെ ഉണർത്തുന്ന നിന്തിരുവടിക്കു മാത്രമേ ഇതിനു കഴികയുള്ളൂ. നിന്തിരുവടി പ്രകൃതിയോടിണങ്ങി പ്രപഞ്ചസർജ്ജനം നടത്തുന്ന സഗുണബ്രഹ്മമാണെന്നും, പ്രകൃതിയെ സംഹരിച്ച് സച്ചിദാനന്ദമയമായ ആത്മസ്വരൂപത്തോടെ വർത്തിക്കുന്ന നിർഗ്ഗുണബ്രഹ്മമാണെന്നും ഉള്ളതിലേക്കു നിഗമം (ശ്രുതിസംഹിതകളായ ഞങ്ങൾതന്നെ) പ്രമാണമാകുന്നു.

ഇതിൻെറ സാരാംശത്തെ സംഗ്രഹിച്ച് ശ്രീധരാചാര്യർ രചിച്ചതായ ശ്ലോകവും അതിൻെറ അർത്ഥവും താഴെ ചേർക്കുന്നു—

ജയ ജയാജിത ജഹ്യഗജംഗമാവൃതിമജാമുപനീതമൃഷാഗുണാം
നഹി ഭവന്തമൃതേ പ്രഭവന്ത്യമീ നിഗമഗീതഗുണാർണ്ണവതാ തവ.

ഹേ അജിത! സർവ്വോൽകർഷേണ വർത്തിച്ചാലും. കപടഗുണങ്ങളെ കൈക്കൊണ്ട് ചരാചരപ്രാണികളെ മൂടിയിരിക്കുന്ന മായയെ നീക്കിക്കളഞ്ഞാലും. നിന്തിരുവടിയില്ലാതെ ഈ പ്രാണികൾക്ക് അതു സാധിക്കയില്ല. ഭവാൻ സകലഗുണങ്ങളുടേയും സാഗരമാണെന്ന് വേദം ഉൽഘോഷിക്കുന്നു.

ബൃഹദുപലബ്ധമേതദവയന്ത്യവശേഷതയാ
യത ഉദയാസ്തമയൌ വികൃതേർമ്മൃദി വാവികൃതാത്
അത ഋഷയോ ദധുസ്ത്വയി മനോവചനാചരിതം
കഥമയഥാ ഭവന്തി ഭുവി ദത്തപദാനി നൃണാം 15

| | |
|---|---|
| അവശേഷതയാ | എല്ലാം നശിക്കുമ്പോഴും ശേഷിച്ചിരിക്കുക എന്ന അവസ്ഥകൊണ്ട് |
| ഏതത് ഉപലബ്ധം | ഈ കാണപ്പെട്ടതും കേൾക്കപ്പെട്ടതുമായതെല്ലാം |
| ബൃഹത് | ബ്രഹ്മതത്വമെന്ന് |
| അവയന്തി | (ഋഷിമാർ) അറിഞ്ഞിരിക്കുന്നു. |
| അവികൃതാത് | വികാരമില്ലാത്ത |
| യതഃ | യാതൊരു ആ ബ്രഹ്മതത്വത്തിൽ |
| മൃദി വാ | മണ്ണിൽ (അതിന്റെ വികാരമായ ഘടാദിപദാർത്ഥത്തിന്ന്) എന്നപോലെ |
| വികൃതേഃ | വികാരത്തിന്ന് (കാര്യഭൂതമായ ചരാചരജഗത്തിന്ന്) |
| ഉദയാസ്തമയൌ | ഉൽപത്തിയും ലയവും സംഭവിച്ചുകൊണ്ടിരിക്കയാണ്. |
| അതഃ | ഇതു ഹേതുവായിട്ട് |
| ഋഷയഃ | ആ ഋഷിമാർ |
| ത്വയി | നിന്തിരുവടിയിൽത്തന്നെ |
| മനോവചനാചരിതം | മനസ്സുകൊണ്ടും വാക്കുകൊണ്ടും ഉള്ള കർമ്മത്തെ |
| ദധുഃ | സമർപ്പിച്ചു. |
| നൃണാം | മനുഷ്യരുടെ |
| ദത്തപദാനി | (എവിടെയായാലും) വെക്കപ്പെട്ട കാലടികൾ |
| ഭുവി അയഥാ | ഭൂമിയിലല്ലാതെ |
| കഥം | എങ്ങനെ |
| ഭവന്തി | സംഭവിക്കുന്നു ? |

സാരാർത്ഥം:— 'വേദം നിന്തിരുവടിയെ അനുവർത്തിക്കുന്നു'വെന്നു പറഞ്ഞുവല്ലോ. എന്നാൽ എന്നെ മാത്രമല്ല; ഇന്ദ്രാദിദേവന്മാരേയും വേദം അങ്ങനെ ചെയ്യുന്നതായി കാണുന്നുണ്ട്. ആ സ്ഥിതിക്ക് 'ഞാൻ മാത്രമാണ് വേദസൂക്തങ്ങളുടെ പ്രതിപാദ്യ'മെന്നു വരുന്നതെങ്ങനെ ? ഈ ആശങ്കക്കുള്ള സമാധാനമാണിത്—

എല്ലാം നശിക്കുന്ന പ്രളയത്തിലും അവശേഷിച്ചിരിക്കുക എന്ന അവസ്ഥ നിന്തിരുവടിക്കു മാത്രമാണുള്ളത്. അതുകൊണ്ട് ഈ കാണപ്പെട്ടതും കേൾക്കപ്പെട്ടതുമെല്ലാം—സ്ഥാവരജംഗമങ്ങളും, ഇന്ദ്രാദിദേവതാഗണങ്ങളും—നിന്തിരുവടിയിൽനിന്നുണ്ടായി. നിന്തിരുവടിയിൽത്തന്നെ ലയിക്കുന്നുവെന്നു മന്ത്രദ്രഷ്ടാക്കളായ ഋഷിമാർ കണ്ടിരിക്കുന്നു. നിന്തിരുവടി കാരണവും മററുള്ളവ കാര്യങ്ങളുമാണ്. കാര്യം കാരണത്തിന്റെതന്നെ പരിണതരൂപമാകയാൽ ഇന്ദ്രാദിദേവഗണങ്ങൾ നിന്തിരുവടിയുടെ രൂപഭേദങ്ങളാണെന്നു സിദ്ധമാകുന്നു. മണ്ണിന്റെ രൂപാന്തരങ്ങളായ മൺപാത്രങ്ങളും മണ്ണും വാസ്തവത്തിൽ ഒന്നുതന്നെയാണല്ലോ. മൺപാത്രങ്ങളുടെ ഉൽപത്തിലയങ്ങൾക്ക് ആസ്പദം മണ്ണുതന്നെ. അതുപോലെ ഇന്ദ്രാദികളുടെ ഉൽപത്തിലയങ്ങൾ ബ്രഹ്മമാവുന്ന നിന്തിരുവടിയെ ആസ്പദിച്ചിരിക്കുന്നു. അതിനാൽ മന്ത്രദ്രഷ്ടാക്കളുടെ മനോവാക്കർവ്യാപാരം ഇന്ദ്രാദിദേവന്മാരെ സംബന്ധിച്ചതായാലും ബ്രഹ്മമാവുന്ന നിന്തിരുവടിയിൽ പര്യവസാനിക്കുന്നു. കല്ലിലോ മരത്തിലോ കാലുവെച്ചാലും അതു ഭൂമിയിൽ വെച്ചിരിക്കുന്നതുതന്നെ.

## ശ്രീധരീയശ്ലോകവും അർത്ഥവും.

ദ്രുഹിണവഹ്നിരവീന്ദ്രമുഖാമരാ ജഗദിദം ന ഭവേത് പൃഥഗുത്ഥിതം
ബഹുമുഖൈരപി മന്ത്രഗണൈരജസ്ത്വമുരുമൂർത്തിരതോ വിനിഗദ്യതേ

ബ്രഹ്മാവ്, അഗ്നി, സൂര്യൻ, ഇന്ദ്രൻ എന്നീ ദേവന്മാർ വേദമന്ത്രങ്ങളാൽ പ്രതിപാദിക്കപ്പെടുന്നുണ്ടെങ്കിലും ഈ ലോകം ബ്രഹ്മമായ നിന്തിരുവടിയിൽനിന്ന് അന്യമായിട്ടുള്ള ഒന്നിൽനിന്നുൽഭവിച്ചതാണെന്ന് വരുന്നില്ല. അനേകം ദേവന്മാരെ പ്രകീർത്തിക്കുന്ന ആ മന്ത്രങ്ങൾ ആദികാരണവും അനേകരൂപിയുമായ നിന്തിരുവടിയെത്തന്നെ പ്രകീർത്തിക്കുന്നു.

ഇതി തവ സൂരയസ്ത്ര്യധിപതേഽഖിലലോകമല-
ക്ഷപണകഥാമൃതാബ്ധിമവഗാഹ്യ തപാംസി ജഹുഃ
കിമുത പുനഃ സ്വധാമവിധുതാശയകാലഗുണാഃ
പരമ ഭജന്തി യേ പദമജസ്രസുഖാനുഭവം. 16

| | | | |
|---|---|---|---|
| ത്ര്യധിപതേ | ത്രിഗുണങ്ങളുടെ ആധിനായക! | ജഹുഃ | ഉപേക്ഷിച്ചിരിക്കുന്നു. |
| ഇതി | എന്നിങ്ങനെ (മുൻചൊന്നവിധം ആദികാരണമായ നിന്തിരുവടിതന്നെയാണ് പരമാത്മമെന്നിങ്ങനെ) കരുതി, | പരമ | ഹേ സർവ്വോത്തമ! |
| സൂരയഃ | വിജ്ഞന്മാർ | യേ പുനഃ | യാതൊരുവർ, പിന്നെ |
| തവ | അവിടത്തെ | സ്വധാമ-വിധുതാശയ-കാലഗുണാഃ | സ്വരൂപസാക്ഷാൽകാരത്താൽ നശിപ്പിക്കപ്പെട്ട അന്തഃകരണധർമ്മങ്ങളോടും കാലധർമ്മങ്ങളോടും കൂടിയവരായിഭവിച്ച് |
| അഖിലലോക-മലക്ഷപണ-കഥാമൃതാബ്ധിം | സകലജനങ്ങളുടേയും കർമ്മദോഷത്തെ നശിപ്പിക്കുന്ന സൽക്കഥയാവുന്ന അമൃതസമുദ്രത്തിലേക്ക് | അജസ്ര-സുഖാനുഭവം | ശാശ്വതമായ ആനന്ദത്തിന്റെ അനുഭവത്തോടുകൂടിയ |
| അവഗാഹ്യ | പ്രവേശിച്ച് | പദം | സ്വരൂപത്തെ |
| തപാംസി | താപത്രയത്തെ | ഭജന്തി | ഭജിക്കുന്നുവോ |
| | | (തേ, കിമുത | അവർ പറയേണമോ? |

സാരാർത്ഥം: — ത്രിഗുണാത്മികയായ മായയെ തന്റെ ഇച്ഛയ്ക്കൊത്തവിധം ഇളക്കിക്കൊണ്ടിരിക്കുന്ന നിന്തിരുവടിതന്നെയാണ് ആദികാരണമായ പരമാത്മതത്വമെന്നും, ആകയാൽ ഭജനീയനെന്നും നിശ്ചയിച്ച്, വിവേകികൾ ശ്രവണകീർത്തനാദികളിൽ അഭിരുചിയുള്ള സകലജനങ്ങളുടേയും വാസനാപര്യന്തമുള്ള കർമ്മദോഷത്തെ നശിപ്പിക്കുന്ന ഭവൽകഥാമൃതത്തെ സേവിച്ച് ആദ്ധ്യാത്മികാദിതാപത്രയത്തിൽനിന്നും മുക്തരായിരിക്കുന്നു. എന്നിരിക്കെ, സ്വരൂപസാക്ഷാൽകാരംകൊണ്ട് ആന്തരികധർമ്മങ്ങളായ രാഗാദികളേയും കാലികധർമ്മങ്ങളായ വാർദ്ധക്യാദിലക്ഷണങ്ങളേയും വെടിഞ്ഞ് നിത്യാനന്ദചിദാത്മകമായ ഭവൽസ്വരൂപത്തെ ഭജിക്കുന്നവർ താപത്രയത്തിൽ മുക്തരായി ഭവിക്കുന്നുവെന്നു പറയേണ്ടതില്ലല്ലോ.

## ശ്രീധരീയശ്ലോകവും അർത്ഥവും.

സകലവേദഗണേരിതസദ്ഗുണസ്ത്വമിതി സർവ്വമനീഷിജനാ രതാഃ
ത്വയി സുഭദ്രഗുണശ്രവണാദിഭിസ്തവ പദസ്മരണേന ഗതക്ലമാഃ.

സകലവേദങ്ങളാലും വാഴ്ത്തപ്പെട്ട സൽഗുണങ്ങളോടുകൂടിയ ദേവാദിദേവനെന്ന് നിന്തിരുവടിയെ അറിഞ്ഞിരിക്കുന്ന എല്ലാ വിവേകികളും നിന്തിരുവടിയുടെ സൽകഥാശ്രവണത്താലും, സ്വരൂപധ്യാനത്താലും താപം തീർന്ന് നിന്തിരുവടിയിൽ രമിക്കുന്നവരാണ്.

ദൃതയ ഇവ ശ്വസന്ത്യസുഭൃതോ യദി തേऽനുവിധാ
മഹദഹമാദയോऽണ്ഡമസൃജൻ യദനുഗ്രഹതഃ
പുരുഷവിധോऽന്വയോऽത്ര ചരമോऽന്നമയാദിഷു യഃ
സദസതഃ പരം ത്വമഥ യദേഷ്വവശേഷമൃതം. 17

| | |
|---|---|
| അസുഭൃതഃ | മനുഷ്യർ |
| തേ | നിന്തിരുവടിയുടെ |
| അനുവിധാഃ | അനുവർത്തനസ്വഭാവമുള്ള ഭക്തന്മാരായിട്ട് |
| യദി | ഭവിക്കുന്നുവെങ്കിൽ |
| ശ്വസന്തി | ശ്വസിക്കുന്നുണ്ട്; |
| (അന്യഥാ) | അങ്ങനെയല്ലെങ്കിൽ |
| ദൃതയഃ ഇവ | ഉലകളെപ്പോലെയാണ്. |
| മഹദഹമാദയഃ | മഹത്തത്ത്വം, അഹങ്കാരം മുതലായവ |
| യദനുഗ്രഹതഃ | യാതൊരു ഭവാന്റെ അനുപ്രവേശംകൊണ്ട് |
| അണ്ഡം | വ്യഷ്ടിസമഷ്ടിരൂപമായ ബ്രഹ്മാണ്ഡത്തെ |
| അസൃജൻ | സൃഷ്ടിച്ചു. |
| (അത്ര) | അതിൽ, വ്യഷ്ടിയിലും സമഷ്ടിയിലും |
| പുരുഷവിധഃ | അന്നമയാദികോശപഞ്ചകത്തിന്റെ രൂപംപോലെയുള്ളവനായി |
| അത്ര | ഇതിൽ (കോശപഞ്ചകത്തിൽ) |
| അന്വയഃ | ഉൾചേർന്നിരിക്കുന്നവൻ നിന്തിരുവടിയാകുന്നു. |
| അന്നമയാദിഷു | അന്നമയാദികളായ പഞ്ചകോശങ്ങൾ വിചിന്തനം ചെയ്യപ്പെട്ടപ്പോൾ |
| ചരമഃ | അവസാനത്തേത് (അവയെല്ലാം ആധാരഭൂതമായി നിലകൊള്ളുന്നത്) |
| യഃ | യാതൊന്നാണോ, അതും |
| ത്വം | നിന്തിരുവടിയാകുന്നു. |
| സദസതഃ | സത്തിൽനിന്നും അസത്തിൽനിന്നും |
| പരം | അതീതമായത് നിന്തിരുവടിയാണ് |
| ഏഷു | ഇവകളിൽ (ഈ പഞ്ചകോശങ്ങൾ നിഷേധിക്കപ്പെട്ടപ്പോൾ) |
| അവശേഷം | അവശേഷിച്ചുനില്ക്കുന്നത് |
| യത് | യാതൊന്നോ, അതും ഭവാൻതന്നെ. |
| അഥ | ആകയാൽ |
| ഋതം | ഏകമാത്രമായ സത്യം നിന്തിരുവടിമാത്രമാണ്. |

**സാരാർത്ഥം :—** മുൻശ്ലോകത്തിൽ പറഞ്ഞ കഥാശ്രവണാദിപരമായും സ്വരൂപധ്യാനപരമായും ഉള്ള രണ്ടുവിധം ഭജനപദ്ധതികളിൽ ഒന്നിനെയും അനുസരിക്കാതെ കാലംകഴിക്കുന്നവരെ ആക്ഷേപിക്കുകയാണ് ഈ ശ്ലോകംകൊണ്ടു ചെയ്യുന്നത്.

നിന്തിരുവടിയെ അനുവിധാനംചെയ്തു് (ഭജിച്ചു്) കഴിയുന്നവർ മാത്രമാണു് യഥാർത്ഥത്തിൽ ജീവിച്ചുവരുന്നവർ. അവരുടെ ജീവിതമാണു് സഫലം. അങ്ങനെയല്ലാത്തവരും ശ്വാസിക്കുന്നുണ്ടാവാം. അതു് തീയൂതിക്കത്തിക്കുവാൻ തോലുണ്ടാക്കിയാൽ മതി. ദേഹദാതാവായ ഭവാനെ ഭജിക്കാതിരിക്കുന്നവർ കൃതഘ്നന്മാർ കൂടിയാണു്. സമഷ്ടിരൂപമായ ഈ ലോകത്തെയും, വ്യഷ്ടിരൂപമായ ഇതിലെ ഓരോ ശരീരത്തെയും സൃഷ്ടിച്ചതു് മഹത്തത്ത്വാദികളാണെങ്കിലും, ആ മഹത്തത്ത്വാദികൾക്കു് അതിനുള്ള കഴിവുണ്ടായതു് നിന്തിരുവടി അവയിൽ അനുപ്രവേശിച്ചു് അവയെ പ്രവർത്തിപ്പിച്ചതുകൊണ്ടാണു്. മാത്രമല്ല, ശരീരികളുടെ അന്നമയം, പ്രാണമയം, മനോമയം, വിജ്ഞാനമയം, ആനന്ദമയം എന്നിങ്ങനെയുള്ള പഞ്ചകോശങ്ങളിൽ നിന്തിരുവടി തത്തന്മയനായിട്ടു് (അന്നപ്രാണാദിരൂപത്തിൽ) പ്രകാശിക്കുന്നു. ഈവിധം നിന്തിരുവടി മഹദാദിതത്ത്വങ്ങളോടും, അന്നമയാദികോശങ്ങളോടും ചേർന്നു അവയെല്ലാറ്റെയും, ആധാരഭൂതനായി നില്ക്കുന്നുവെങ്കിലും യഥാർത്ഥത്തിൽ അസംഗനാകുന്നു. സദസദ്രൂപങ്ങളിൽനിന്നു്—സ്ഥൂലസൂക്ഷ്മങ്ങളിൽനിന്നു്,—കാര്യകാരണങ്ങളിൽനിന്നു ഭവാൻ തികച്ചും അതീതനാണു്. 'നേതി നേതി' വാക്യങ്ങളാൽ ഇവയെല്ലാം നിഷേധിക്കപ്പെടുമ്പോൾ ആ നിഷേധത്തിനും സാക്ഷിയായിട്ടു് അവശേഷിക്കുന്ന നിന്തിരുവടി ഏകമായ സത്യസ്വരൂപം മാത്രമാകുന്നു.

## ശ്രീധരീയശ്ലോകവും അർത്ഥവും.

നരവപുഃ പ്രതിപദ്യ യദി ത്വയി ശ്രവണവർണ്ണനസംസ്മരണാദിഭിഃ
നരഹരേ! ന ഭജന്തി നൃണാമിദം ദൃതിവദുച്ഛ്വസിതം വിഫലം തതഃ.

അല്ലയോ നൃസിംഹമൂർത്തേ! ജീവന്മാർ മനുഷ്യശരീരത്തെ ലഭിച്ചിട്ടുംകൂടി ശ്രവണം, കീർത്തനം, സ്മരണം എന്നു തുടങ്ങിയ വിധികളാൽ അങ്ങയെ ഭജിക്കുന്നില്ലെങ്കിൽ അവരുടെ ശ്വാസോച്ഛ്വാസം നിഷ്ഫലമാകുന്നു— തുരുത്തികൾക്കുള്ളിലെ വായുഗതാഗതംപോലെയാകുന്നു.

ഉദരമുപാസതേ യ ഋഷിവർത്മസു കൂർപ്പദൃശഃ
പരിസരപദ്ധതിം ഹൃദയമാരുണയോ ദഹരം
തത ഉദഗാദനന്ത തവ ധാമ ശിരഃ പരമം
പുനരിഹ യത് സമേത്യ ന പതന്തി കൃതാന്തമുഖേ. 18

| | | | |
|---|---|---|---|
| ഋഷിവർത്മസു | ഋഷിമാരുടെ സമ്പ്രദായമാർഗ്ഗങ്ങളിൽ | ആരുണയഃ | ആരുണികളെന്ന പേരിനാൽ അറിയപ്പെടുന്ന ചിലർ |
| യേ | യാതൊരുവർ | പരിസരപദ്ധതിം | നാഡികളുടെ പ്രസരണസ്ഥാനമായിരിക്കുന്ന |
| കൂർപ്പദൃശഃ | കാഴ്ച്ചപററാത്തവരായിരിക്കുന്നുവോ, അവർ | ഹൃദയം | ഹൃദയത്തിലുള്ള |
| ഉദരം | ഉദരത്തെ (ഉദരാലംബനമായ മണിപൂരകചക്രത്തിൽ സ്ഥിതിചെയ്യുന്ന ബ്രഹ്മത്തെ) | ദഹരം | ദഹരാകാശരൂപമായ ജ്യോതിസ്സിനെ |
| | | (ഉപാസതേ) | ധ്യാനിക്കുന്നു. |
| ഉപാസതേ | ധ്യാനിക്കുന്നു. | അനന്ത | ഹേ വിനാശരഹിത! |

| | | | |
|---|---|---|---|
| തതഃ | ആ ഹൃദയത്തിൽനിന്നു് | ഉദഗാത് | ഉയൎന്നുപോയിരിക്കുന്നു. |
| തവ | നിന്തിരുവടിയുടെ | യത് | യാതൊരു ആ സുഷുമ്നാ |
| ധാമ | പ്രാപ്തിസ്ഥാനമായി | | മാൎഗ്ഗത്തെ |
| പരമം | ശ്രേഷ്ഠതയോടുകൂടിയ സുഷുമ്നയെന്ന ജ്യോതിൎമ്മയനാഡി | സമേത്യ പുനഃ | പ്രാപിച്ചാൽ, പിന്നെ |
| | | ഇഹ | ഈ സംസാരത്തിൽ |
| | | കൃതാന്തമുഖേ | മൃത്യുവക്ത്രത്തിൽ |
| ശിരഃ | ബ്രഹ്മരന്ധ്രംവരെ | ന പതന്തി | പതിക്കുന്നതല്ല. |

സാരാൎത്ഥം :— ഈശ്വരോപാസന ചെയ്യെങ്കിലേ ജന്മസാഫല്യമുണ്ടാകയുള്ളു എന്നു പറഞ്ഞശേഷം ഓരോരോ ഉപാധികളെ അവലംബിച്ചുകൊണ്ടുള്ള സഗുണോപാസനാ സമ്പ്രദായങ്ങളെ ചൂണ്ടിക്കാണിക്കുകയാണു് ഈ ശ്ലോകംകൊണ്ടു ചെയ്യുന്നതു്—

ഋഷിമാർ നിന്തിരുവടിയെ പ്രാപിക്കുവാനായി പല സമ്പ്രദായങ്ങളും ആവിഷ്കരിച്ചിട്ടുണ്ടു്. അവയിൽ സ്ഥൂലവീക്ഷണമുള്ളവർ ഉദരത്തെ അവലംബിച്ചിരിക്കുന്ന മണിപൂരകചക്രത്തിൽ ബ്രഹ്മത്തെ അഗ്നിരൂപത്തിൽ ധ്യാനിക്കുന്നു. സൂക്ഷ്മവീക്ഷണമുള്ള ആരുണിഋഷികൾ സമസ്തനാഡികളുടേയും പ്രസരണകേന്ദ്രമായ ഹൃദയത്തിൽ ബ്രഹ്മത്തെ ദഹരാകാശരൂപത്തിൽ ധ്യാനിക്കുന്നു. നിന്തിരുവടിയെ പ്രാപിക്കുന്നതിനുള്ള ഉൽകൃഷ്ടമാൎഗ്ഗമായ സുഷുമ്ന ഈ ഹൃദയത്തിൽനിന്നാണു് ബ്രഹ്മരന്ധ്രത്തിലേക്കു് എത്തി അതിനോടു ചേൎന്നു ദേഹമദ്ധ്യത്തിൽ നിലയുറച്ചിരിക്കുന്നതു്. ഈ സുഷുമ്നാമാൎഗ്ഗം സ്വീകരിച്ചു ദേഹത്യാഗം ചെയ്ത ജീവനു് വീണ്ടും ജന്മമൃത്യുഭയം ഉണ്ടാകയില്ല.

## ശ്രീധരീയശ്ലോകവും അൎത്ഥവും

ഉദരാദിഷു യഃ പുംസാം ചിന്തിതോ മുനിവൎത്മഭിഃ
ഹന്തി മൃത്യുഭയം ദേവോ ഹൃദ്ഗതം തമുപാസ്മഹേ.

ഉദരാദിസ്ഥാനങ്ങളിൽ ഋഷിപ്രോക്തമാൎഗ്ഗങ്ങളനുസരിച്ചു് യാതൊരു ദേവൻ ധ്യാനിക്കപ്പെടുന്നുവോ, അങ്ങനെ ധ്യാനിക്കുന്നവരുടെ മൃത്യുഭയത്തെ യാതൊരു ദേവൻ നശിപ്പിക്കുന്നുവോ, ഹൃദയാന്തൎഗ്ഗതനായ ആ ദേവനെ ഞാൻ ഉപാസിക്കുന്നു.

സ്വകൃതവിചിത്രയോനിഷു വിശന്നിവ ഹേതുതയാ
തരതമതശ്ചകാസ്സ്യനലവത് സ്വകൃതാനുകൃതിഃ
അഥ വിതഥാസ്വമൂഷ്വവിതഥം തവ ധാമ സമം
വിരജധിയോഽനുയന്ത്യഭിവിപണ്യവ ഏകരസം. 19

| | | | |
|---|---|---|---|
| സ്വകൃത-വിചിത്ര-യോനിഷു | താങ്കൾതന്നെ ഉണ്ടാക്കപ്പെട്ട വിവിധയോനികളിൽ—ശരീരങ്ങളിൽ | വിശൻ ഇവ | (വീണ്ടും) അവയിൽ പ്രവേശിച്ചവനെന്നപോലെ വൎത്തിച്ചുകൊണ്ടു് |
| ഹേതുതയാ | കാരണതയേന (ആദിയിൽത്തന്നെ) സ്ഥിതനായിരിക്കയാൽ | സ്വകൃതാനുകൃതിഃ | സ്വനിൎമ്മിതങ്ങളായ ആ താഴ്ന്ന യോനികളുടെ പ്രകൃതത്തെ അനുകരിച്ചവനായി |

| | | | |
|---|---|---|---|
| അനലവത് | (വിറകിന്റെ പ്രകൃതിഭേദങ്ങളെ അനുകരിക്കുന്ന) തീയെന്നപോലെ | സമം | സമമായും |
| തരതമതഃ | ഏറ്റക്കുറച്ചിലോടെ | ഏകരസം | സന്മാത്രമായും ഇരിക്കുന്ന |
| ചകാസ്സി | ശോഭിക്കുന്നു. | തവ | നിന്തിരുവടിയുടെ |
| അഥ | ആകയാൽ | ധാമ | സ്വരൂപത്തെ |
| വിതഥാസു | മിഥ്യകളായിരിക്കുന്ന | അഭിവിപണ്യവഃ | സകലകർമ്മഫലത്തേയും വെടിഞ്ഞിരിക്കുന്ന |
| അമുഷു | ഈ യോനികളിൽ | വിരജധിയഃ | നിർമ്മലബുദ്ധിമാന്മാർ |
| അവിതഥം | സത്യമായും | അനുഭവയന്തി | അറിയുന്നുണ്ട്. |

**സാരാംശം**:— ഉദരാദിസ്ഥാനങ്ങളിൽ സ്ഥിതിചെയ്യുന്ന ഈശ്വരൻ ഉപാസ്യനാണെന്ന് പറഞ്ഞതുകൊണ്ട് ഈശ്വരനും ജീവനെപ്പോലെ ഉദരാദ്യുപാധിബന്ധമുണ്ടെന്നോ, ഉപാധികൃതമായ അല്പത്വമഹത്വാദിലക്ഷണങ്ങളും ഉണ്ടെന്നോ ആശങ്കിക്കരുത്. ഈശ്വരസ്വരൂപം സർവ്വോപാധിരഹിതമായ് സന്മാത്രമാണെന്നു ഈ ശ്ലോകം കൊണ്ടു വിശദമാക്കുന്നു—

പ്രഭോ! നിന്തിരുവടി ദേവമനുഷ്യമൃഗപക്ഷ്യാദികളായ നാനായോനികളെ സൃഷ്ടിച്ചു. എന്നും, എങ്ങും, ഏതുരൂപത്തിലുമുള്ള നിന്തിരുവടി ആദിയിൽത്തന്നെ അവയിലുണ്ട്. എങ്കിലും അവയിൽ അനുപ്രവേശിച്ചതുപോലെ തോന്നിച്ചുകൊണ്ടിരിക്കുന്നു. വിറകുകൊള്ളിയുടെ വലുപ്പവും ചെറുപ്പും ഏറ്റക്കുറവുകളും അനുകരിച്ചുള്ള രൂപമാറ്റം അഗ്നിയിൽ കാണുന്നപോലെ അതാതുയോനികളുടെ ആകൃതിഭേദമനുസരിച്ചുള്ള വ്യത്യാസം നിന്തിരുവടിയിലും കാണുകയാണ്. ആകയാൽ വിരക്തന്മാരും ഉള്ളുതെളിഞ്ഞവരുമായ വിവേകികൾ നിന്തിരുവടിയുടെ സ്വരൂപത്തെ കാണുന്നത് സർവ്വത്രസമമായും മിഥ്യാജഗത്തിൽ സത്യമായും ഏകരസമായ സന്മാത്രമായും ഇരിക്കുന്ന നിരുപാധികവസ്തുവായിട്ടാണ്.

ശ്രീധരീയശ്ലോകവും അർത്ഥവും.

സ്വനിർമ്മിതേഷു കാര്യേഷു താരതമ്യവിവർജ്ജിതം
സർവ്വാനുസ്യൂതസന്മാത്രം ഭഗവന്തം ഭജാമഹേ.

തന്നാൽ സൃഷ്ടിക്കപ്പെട്ട വസ്തുക്കളിൽ മുഴുവനും ന്യൂനാധികഭാവംകൂടാതെ നിറഞ്ഞിരിക്കുന്നവനും, എല്ലാററിലും സത്താമാത്രമായി സ്ഥിതിചെയ്യുന്നവനുമായ ഭഗവാനെ ഭജിച്ചുകൊള്ളുന്നു.

സ്വകൃതപുരേഷ്വമീഷ്വബഹിരന്തരസംവരണം
തവ പുരുഷം വദന്ത്യഖിലശക്തിധൃതോംശകൃതം.
ഇതി നൃഗതിം വിവിച്യ കവയോ നിഗമാവപനം
ഭവത ഉപാസതേംഘ്രിമഭവം ഭുവി വിശ്വസിതാഃ. 20

| | | | |
|---|---|---|---|
| അമീഷു | ഈ കാണുന്ന | അബഹിരന്തരസംവരണം | പുറത്തും അകത്തും മറവില്ലാത്ത |
| സ്വകൃതപുരേഷു | സ്വകർമ്മകൃതമായ ശരീരങ്ങളിൽ | പുരുഷം | ജീവാത്മാവിനെ |

| | |
|---|---|
| അഖില- ശക്തിധൃതഃ | സമസ്തശക്തികൾക്കും ആശ്രയഭൂതനായ |
| തവ | നിന്തിരുവടിയുടെ |
| അംശകൃതം | അംശമെന്നനിലയ്ക്കും കാര്യമെന്നനിലയ്ക്കും ഉള്ളതായിട്ട് |
| വദന്തി | പറഞ്ഞുവരികയാണ്, |
| ഇതി | എന്നിങ്ങനെ |
| സ്ഥിതിം | ജീവന്റെ തത്വത്തെ |
| വിവിച്യ | വിവേചിച്ചറിഞ്ഞ് |
| ഭുവി | ഭൂമിയിലുള്ള |
| കവയഃ | വിജ്ഞന്മാർ |
| നിഗമാവപനം | വേദോക്തകർമ്മങ്ങളുടെ ആധാരകേന്ദ്രമായിരിക്കുന്നതും |
| ഭവം | സംസാരനിവൃത്തിയെ ഉണ്ടാക്കുന്നതുമായ |
| ഭവതഃ | നിന്തിരുവടിയുടെ |
| അങ്ഘ്രിം | തൃപ്പാദത്തെ |
| വിശ്വസിതാഃ | വിശ്വസിച്ചുകൊണ്ട് |
| ഉപാസതേ | സേവിക്കുന്നു. |

സാരാർത്ഥം:— ദേഹാദ്യുപാധികൾ പരമാത്മാവായ ഈശ്വരനില്ലെന്നു പറഞ്ഞുവല്ലോ. 'തത്ത്വമസ്യാ'ദിവേദാന്തവാക്യങ്ങളുടെ താൽപര്യം പരിശോധിച്ചാൽ ജീവനു പോലും ദേഹാദ്യുപാധികളില്ലെന്നു മനസ്സിലാക്കാം. പ്രസ്തുതസംഗതിയെയാണ് ഈ ശ്ലോകം വെളിപ്പെടുത്തുന്നത്.

ജീവൻ ഏതേതു ദേഹങ്ങളിൽ നിവസിക്കുന്നുവോ, അവയെല്ലാം അവന്റെ പ്രാരബ്ധകർമ്മവശാൽ ഉണ്ടായവയാണ്. ആകയാൽ യഥാർത്ഥത്തിൽ ജീവൻ ദേഹാദിസംബന്ധമായ ബാഹ്യാഭ്യന്തരസംവരണത്തിന് അധീനനാവുന്നില്ല — ദൈനികമായുള്ള കാര്യകാരണങ്ങൾകൊണ്ടുണ്ടാകാവുന്ന മറവ് ജീവനിൽ സംഭാവ്യമല്ല. ദേഹാദികൾ സത്യമല്ല എന്നതുതന്നെ അതിനുള്ള കാരണം. സമസ്തശക്തികൾക്കും ആധാരമായ നിന്തിരുവടിയുടെ അംശമെന്ന നിലയ്ക്കും, നിന്തിരുവടിയാൽ സൃഷ്ടമായതെന്ന നിലയ്ക്കും ജീവനെക്കുറിച്ച് ഉപചാരവാക്കായി പറഞ്ഞുവരുന്നുണ്ടെങ്കിലും ജീവനും നിന്തിരുവടിയും ഒന്നുതന്നെയാണ്. ഭവൽസ്വരൂപവും ജീവസ്വരൂപവും നിത്യസത്യങ്ങളാകയാൽ രണ്ടും ഒന്ന്. ബുദ്ധിമാന്മാർ ഈവിധത്തിൽ ജീവതത്വത്തെ ചിന്തിച്ചറിഞ്ഞ് സകലവൈദികകർമ്മങ്ങളുടേയും സമർപ്പണസ്ഥാനവും മോക്ഷസ്വരൂപവുമായ ഭവൽച്ചരണത്തെ വിശ്വസിച്ച് — ഭക്തിപൂർവ്വം — ഭജിച്ചുവരുന്നു. ഭക്തിപൂർവ്വകമായ ചരണഭജനമെന്നിയെ ആത്മസാക്ഷാൽകാരലക്ഷണമായ ബ്രഹ്മജ്ഞാനം സിദ്ധിക്കയില്ലെന്നു അവർ കണ്ടിരിക്കുന്നു.

ത്വദംശസ്യ മമേശാന ത്വന്മായാകൃതബന്ധനം
ത്വദങ്ഘ്രിസേവാമാദിശ്യ പരാനന്ദ നിവർത്തയ.

ഭഗവൻ! പരമാനന്ദസ്വരൂപ! ഭവാന്റെ അംശമായ എനിക്ക് ഭവൽച്ചരണത്തെ സേവിക്കുവാനുള്ള കല്പനതന്ന് ഭവാന്റെ മായയാൽ രചിതമായ ബന്ധനത്തെ തീർത്തു തരണേ!

ദുരവഗമാത്മതത്ത്വനിഗമായ തവാത്തതനോ-
ശ്ചരിതമഹാമൃതാബ്ധിപരിവർത്തപരിശ്രമണാഃ
ന പരിലഷന്തി കേചിദപവർഗ്ഗമപീശ്വര തേ
ചരണസരോജഹംസകുലസംഗവിസൃഷ്ടഗൃഹാഃ. 21

| | | | |
|---|---|---|---|
| ഈശ്വര | ലോകനിയന്താവേ! | കേചിത് തേ | ചിലർ ഭവാന്റെ |
| ദുരധിഗമാ- | ദുർബ്ബോധമായുള്ള ആത്മ | ചരണ- | തൃച്ചേവടിയാവുന്ന ചെ |
| ത്മതത്വാ- | തത്വത്തെ അറിയിച്ചു | സരോജഹംസ- | ന്താമരപ്പൂവിൽ ഹംസ |
| നിഗമായ | കൊടുക്കുന്നതിനുവേണ്ടി | കുലസംഗ- | ങ്ങളെന്നപോലെ രമി |
| ആത്തതനോഃ | സ്വീകരിക്കപ്പെട്ട | വിസൃഷ്ടഗൃഹാഃ | ക്കുന്ന ഭക്തന്മാരുടെ |
| | ശരീരത്തോടുകൂടിയ | | സംഘത്തോടുള്ള സംസ |
| തവ | നിന്തിരുവടിയുടെ | | ർഗ്ഗത്താൽ പരിത്യജിക്ക |
| ചരിതമഹാ- | കഥകളാവുന്ന വലിയ | | പ്പെട്ട ഗൃഹബന്ധത്തോ |
| മൃതാബ്ധി- | അമൃതക്കടലിലേക്ക് ഇറ | | ടുകൂടിയവരായിട്ട് |
| പരിവർത്ത- | ങ്ങുകയാൽ ഗതശ്രമന്മാ | അപവർഗ്ഗം അപി | മുക്തിയെപ്പോലും |
| പരിശ്രമണാഃ | രായി ഭവിച്ചവരായ | ന പരിലഷന്തി | ആശിക്കാതെയിരിക്കുന്നു. |

സാരാൎത്ഥം :— തൃപ്പാദഭക്തിയാണ് ആത്മതത്വജ്ഞാനത്തെ പ്രദാനംചെയ്യുന്ന തെന്ന ആശയം മുൻശ്ലോകത്തിൽ ആവിഷ്കരിക്കയുണ്ടായി. ഈ ശ്ലോകത്തിൽ ആ ഭക്തി മാർഗ്ഗത്തിന്റെ പ്രാധാന്യത്തെ പ്രതിപാദിക്കുന്നു.

സർവ്വേശ്വര! ദുർബ്ബോധമായ ഈ ആത്മതത്വത്തെ ബോധിപ്പിക്കുന്നതിന്നായി നിന്തിരുവടി അനേകം ലീലാവതാരങ്ങളെ സ്വീകരിച്ചു. ആ ലീലാവതാരകഥകളാവുന്ന അമൃതമഹാസാഗരത്തിലിറങ്ങിമുങ്ങി ഭക്തന്മാർ ഉന്മത്തരാവുന്നു. അവരിൽത്തന്നെ വിശിഷ്ടരായ ചിലർ ഭക്തിയെ പരമപുരുഷാർത്ഥമെന്നറിയപ്പെടുന്ന മുക്തിയെക്കാളും അഭി കാമ്യമായി കരുതുന്നു. നിന്തിരുവടിയുടെ പാദസരോജത്തിൽ വിഹരിക്കുന്ന 'പരമ ഹംസ' സംഘത്തിൽ ചേൎന്ന് ഗൃഹബന്ധം അറുത്തുകളഞ്ഞിരിക്കുന്നവരാണ് അവർ.

തൃതീയശ്ലോകവും അൎത്ഥവും.

തത്കഥാമൃതപാഥോധൌ വിഹരന്തോ മഹാമുദഃ
കുർവ്വന്തി കൃതിനഃ കേചിച്ചതുർവ്വർഗ്ഗം തൃണോപമം.

ചില മഹാത്മാക്കൾ ഭവൽകഥാമയമായ അമൃതസമുദ്രത്തിൽ വിഹരിച്ച് പരമാന ന്ദമനുഭവിച്ചുകൊണ്ട് ധർമ്മാർത്ഥകാമമോക്ഷങ്ങളെ പുല്ലുപോലെ തള്ളിക്കളയുന്നു.

ത്വദനുപഥം കുലായമിദമാത്മസുഹൃത്പ്രിയവ-
ച്ചരതി തഥോന്മുഖേ ത്വയി ഹിതേ പ്രിയ ആത്മനി ച
ന ബത രമന്ത്യഹോ അസദുപാസനയാऽऽത്മഹനോ
യദനുശയാ ഭ്രമന്ത്യുരുഭയേ കുശരീരഭൃതഃ 22

| | | | |
|---|---|---|---|
| ത്വദനുപഥം | നിന്തിരുവടിയെ അനു വർത്തിക്കുന്ന | ചരതി | ആചരിക്കുന്നുണ്ട്; |
| | | തഥാ ച | എന്നിരിക്കിലുംകൂടി |
| ഇദം കുലായം | ഈ കൂട്ട് (ശരീരം) | ഉന്മുഖേ | അഭിമുഖീകരിക്കുവാൻ ഉത്സുകനായും |
| ആത്മസുഹൃത് പ്രിയവത് | ആത്മാവും ബന്ധുവും സ്നേഹിതനും എന്ന നിലയ്ക്ക് | ഹിതേ | ഗുണകാംക്ഷിയായും |
| | | പ്രിയേ | പ്രീതിപ്രദനായും |

| | |
|---|---|
| ആത്മനി | ആത്മാ (താൻതന്നെ) വായും ഇരിക്കുന്ന |
| ത്വയി | നിന്തിരുവടിയിൽ |
| ന രമന്തി | രമിക്കുന്നില്ല |
| അഹോ ബത | അയ്യോ! കഷ്ടം! |
| അസദുപാസനയാ | അസത്തുക്കളായ ദേഹേന്ദ്രിയാദികളുടെ ഉപലാളനംകൊണ്ടു് |
| ആത്മഹനഃ | ആത്മാവിനെ ഹനിക്കുന്നവരായും ഭവിക്കുന്നു.. |
| യദനുശയാഃ | യാതൊരു ഈ ദേഹേന്ദ്രിയാദികളുടെ ഉപലാളനത്തിൽ വാസന ചെന്നവർ |
| കുശരീരഭൃതഃ | കുത്സിതമായ ദേഹത്തെ ചുമന്നുകൊണ്ടു് |
| ഉരുഭയേ | മഹാഭയത്തിന്നാസ്പദമായ സംസാരത്തിൽ |
| ഭ്രമന്തി | വട്ടംചുററിക്കൊണ്ടിരിക്കുന്നു. |

സാരാർത്ഥം: ഭക്തി മനുഷ്യജന്മം സിദ്ധിച്ചവർക്കു് ദുർല്ലഭമായ ഒന്നല്ല എന്നിരിക്കിലും ചിലർ 'ദേഹോഹം' എന്ന ബുദ്ധിയാൽ ഭക്തിവിമുഖരായി കാലംകഴിക്കുന്നു. അവരുടെ ശോച്യാവസ്ഥയെ വെളിപ്പെടുത്തുകയാണു് ഇവിടെ ചെയ്യുന്നതു്—

നിന്തിരുവടിയെ സേവിക്കുന്നതിന്നു് പ്രയോജകീഭവിക്കത്തക്കവണ്ണം ജീവനു സിദ്ധിച്ച ഈ മനുഷ്യശരീരം ആത്മാവു്, ബന്ധു, സ്നേഹിതൻ എന്നിവരെപ്പോലെ സ്വാധീനമായി എപ്പോഴും പ്രവർത്തിക്കുന്നു. നിന്തിരുവടിയാകട്ടെ ജീവനെ അഭിമുഖീകരിച്ചു് അനുഗ്രഹിക്കുവാൻ ഉത്സുകനുമാണു. ജീവന്റെ ഹിതാനുവർത്തിയും ഇഷ്ടപ്രദനും ആത്മാവുമാണു്. എന്നിരുന്നിട്ടും, മനുഷ്യൻ നിന്തിരുവടിയെ സേവിക്കാതെ ദേഹാദികളെ ലാളിച്ചുകൊണ്ടിരിക്കുന്നു. ഈ ദേഹാദികളോ നശ്വരങ്ങളും—വെറും മിഥ്യകളും— മനുഷ്യന്റെ ആത്മഹത്യാപരമായ ഈ പ്രവൃത്തിയെപ്പററി കഷ്ടാൽ കഷ്ടതരമെന്നല്ലാതെ മററെന്തു പറയാം. ആത്മാവിനെ വിസ്മരിച്ചു് ദേഹാദിസംഘ പോഷണവാസനയോടെ കഴിയുന്നവർ പലതരം നീചയോനികളിൽ ജനിച്ചും മരിച്ചും ഈ ഭയാനകമായ സംസാരചക്രത്തിൽപ്പെട്ടുതിരിയുന്നു അവർ ഒരിക്കലും അതിൽനിന്നു് മുക്തരാകാൻ പോകുന്നില്ല.

ശ്രീധരീയശ്ലോകവും അർത്ഥവും.

ചലയുതമപി ജഗന്നാഥോ മനസോ രമതാമിഹ
കദാ മമേദൃശം ജന്മ മാനുഷം സംഭവിഷ്യതി.

ലോകനായകനും ആത്മസ്വരൂപനുമായ നിന്തിരുവടിയിൽ എന്റെ മനസ്സ് ഇജ്ജന്മത്തിൽതന്നെ രമിക്കട്ടെ, ഇപ്രകാരമുള്ള മനുഷ്യജന്മം ഇനി എനിക്കു് എന്നു ലഭിക്കുവാൻ പോകുന്നു?

നിഭൃതമരുന്മനോഽക്ഷദൃഢയോഗയുജോ ഹൃദി യ-
ന്മുനയ ഉപാസതേ തദരയോഽപി യയുഃ സ്മരണാത്
സ്ത്രിയ ഉരഗേന്ദ്രഭോഗഭുജദണ്ഡവിഷക്തധിയോ
വയമപി തേ സമാഃ സമദൃശോഽങ്ഘ്രിസരോജസുധാഃ — 23

| | |
|---|---|
| നിഭൃതമരുന്മനോക്ഷദൃഢയോഗയുജഃ | അടക്കിവെക്കപ്പെട്ട പ്രാണനോടും, മനസ്സോടും, ഇന്ദ്രിയങ്ങളോടും കൂടിയവരായി അടിയുറച്ച യോഗാഭ്യാസത്തിൽ ഏപ്പെട്ടിരിക്കുന്ന |
| മുനയഃ | മുനിമാർ |
| ഹൃദി | ഹൃദയത്തിൽ |

| | |
|---|---|
| യത് | യാതൊന്നിനെ |
| ഉപാസതേ | ഉപാസിക്കുന്നുവോ, |
| തത് | അതിനെ |
| അരയഃ അപി | (ദേവന്മാർ) ശത്രുത്വമുള്ളവർകൂടിയും |
| സ്മരണാത് | സ്മരണംകൊണ്ട് |
| യയുഃ | പ്രാപിച്ചിട്ടുണ്ട്. |
| ഉരഗേന്ദ്ര-ഭോഗഭുജ-ദണ്ഡവിഷക്ത-ധിയഃ | സർപ്പരാജാവിന്റെ ഉടലുപോലെ ഇരിക്കുന്ന ദണ്ഡാകൃതിയിലുള്ള ബാഹുക്കളിൽ മനോഭിലാഷം ഉള്ളവരായ |
| സ്ത്രിയഃ | സ്ത്രീകളും |
| സമദൃശഃ | സമദൃഷ്ടിയുള്ളവരും |
| അംഘ്രി-സരോജ-സുധാഃ | ഭവച്ചരണാരവിന്ദത്തിലെ അമൃതരസങ്ങളായി ഭവിച്ചവരുമായ (ചരണാരവിന്ദത്തെ രണ്ടുവിധം ധരിച്ചിരിക്കുന്നവരുമായ |
| വയം അപി | ഞങ്ങളും |
| തേ | നിന്തിരുവടിക്ക് |
| സമാഃ | തുല്യകളാകുന്നു. |

സാരാർത്ഥം:— ഭക്തിയുടെ അംശമെന്നനിലയ്ക്കു ധ്യാനയോഗത്തിന്റെ അനുഭവത്തെ പ്രതിപാദിക്കുന്നു.

യോഗിമാർ പഞ്ചവൃത്തികളെ അടക്കി ശുദ്ധമായ യോഗാഭ്യാസമാർഗ്ഗത്തിലൂടെ നിന്തിരുവടിയെ ഹൃദയാന്തരത്തിൽ ധ്യാനിച്ചു സൽഗതിനേടുന്നു. ഇതേ സൽഗതിതന്നെ നിന്തിരുവടിയിൽ ബദ്ധശത്രുത്വമുള്ളവർക്കും വിദ്വേഷകൃതമായ നിത്യസ്മരണംനിമിത്തം ലഭിക്കുന്നുണ്ട്. അജ്ഞാനത്താൽ നിന്തിരുവടിയെ പരിച്ഛിന്നമൂർത്തിയായി കരുതി, നിന്തിരുവടിയുടെ ദീർഘകോമളങ്ങളായ തൃക്കരങ്ങളെക്കൊണ്ടുള്ള സമാശ്ലേഷത്തെ നിനച്ചുകൊണ്ടിരിക്കുന്ന സ്ത്രീകളും, നിന്തിരുവടിയെ അപരിച്ഛിന്നമൂർത്തിയായികണ്ട് തൃപ്പാദകമലത്തിലെഴുന്ന അമൃതരസങ്ങളായി ഭവിച്ചിരിക്കുന്ന ശ്രുതിദേവികളായ ഈ ഞങ്ങളും നിന്തിരുവടിക്ക് ഒരുപോലെയാണ് ഭക്തി, ദ്വേഷം, കാമം, ജ്ഞാനം എന്നിവയിൽ ഏതുകൊണ്ടായാലും മനോവൃത്തി നിന്തിരുവടിയിൽ ചേർന്നിരുന്നാൽ മതി, ബ്രഹ്മാത്മൈക്യലക്ഷണമായ സൽഗതിയുണ്ടാകും.

## ശ്രീധരീയശ്ലോകവും അർത്ഥവും.

ചരണസ്മരണം പ്രേമ്ണാ തവ ദേവ സുദുർല്ലഭം
യഥാകഥഞ്ചിന്നൃഹരേ മമ ഭൂയാദഹർനിശം.

ഹേ നൃസിംഹമൂർത്തേ! പ്രേമപൂർവ്വകമായുള്ള തൃപ്പാദസ്മരണം അത്യന്തം ദുർല്ലഭമാണ്. ആകയാൽ ഏതെങ്കിലും തരത്തിലുള്ള ഭവൽസ്മരണം രാപ്പകൽ എനിക്കുണ്ടാകട്ടെ.

ക ഇഹ നു വേദ ബതാവരജന്മലയോഽഗ്രസരം
യത ഉദഗാദൃഷിര്യമനു ദേവഗണാ ഉഭയേ
തർഹി ന സന്ന ചാസദുഭയം ന ച കാലജവഃ
കിമപി ന തത്ര ശാസ്ത്രമവകൃഷ്യ ശയീത യദാ. 24

| | |
|---|---|
| ബത | ആശ്ചര്യം! |
| ഇഹ | ഈ ലോകത്തിൽ |
| അഗ്രസരം | മുമ്പുതന്നെ ഉണ്ടായിരുന്ന നിന്തിരുവടിയെ |
| അവര-ജന്മലയഃ | പിമ്പുണ്ടായ ജനനമരണങ്ങളോടുകൂടിയ |
| കഃ നു | ഏതൊരാൾ |
| വേദ | അറിയുന്നു? |

| | | | |
|---|---|---|---|
| യതഃ | യാതൊരു നിന്തിരുവടിയിൽനിന്ന് | ശയീത | ഭവാൻ യോഗനിദ്രയെ അവലംബിക്കുന്നത്, |
| ഋഷിഃ | ബ്രഹ്മദേവൻ | തർഹി | അപ്പോൾ |
| ഉദഗാത് | ഉത്ഭവിച്ചു. | സത് അസത് ച ന | സത്തായിട്ടും അസത്തായിട്ടുമുള്ള യാതൊന്നും ഉണ്ടാകുന്നില്ല. |
| യം അനു | യാതൊരു ആ ബ്രഹ്മാവിനെ പിന്തുടർന്നുകൊണ്ട് | ഉഭയം ന | രണ്ടും ചേർന്നതുമില്ല. |
| ഉഭയേ | രണ്ടുവിഭാഗക്കാരായ | കാലജവഃ ച ന | കാലവിഷമതയും സംഭവിക്കുന്നില്ല. |
| ദേവഗണാഃ | ദേവഗണങ്ങളുണ്ടായി. | തത്ര | അപ്പോൾ |
| യദാ | യാതൊരു കാലത്താണോ | കിമപി ശാസ്ത്രം ന | വല്ലതുമൊരു ശാസ്ത്രവും പ്രവർത്തിക്കുന്നില്ല. |
| അവകൃഷ്യ | എല്ലാററിനേയും ഉപസംഹരിച്ച് | | |

സാരാർത്ഥം: ഭഗവൽതത്വം ദുർവ്വിജ്ഞേയമാകകൊണ്ട് ജ്ഞാനയോഗത്തേക്കാളും ഭക്തിയോഗത്തേക്കാളും ഭക്തിയോഗത്തെ സ്വീകരിക്കുന്നതുതന്നെയാണ് ഉത്തമപക്ഷമെന്ന് ഈ ശ്ലോകത്താൽ ധരിപ്പിക്കുന്നു.

ഭഗവൻ! നിന്തിരുവടി മുമ്പുതന്നെ ഉണ്ടായിരുന്നു. മററുള്ളതെല്ലാം പിമ്പ് ഉണ്ടായി നശിച്ചുകൊണ്ടിരിക്കയാണ്. കാലസീമിതമായ ആദ്യന്തങ്ങളില്ലാത്ത നിന്തിരുവടിയെ അതുള്ളവന്ന് എങ്ങനെയറിയാം? ആദിഋഷിയായ ബ്രഹ്മാവുണ്ടായത് നിന്തിരുവടിയിൽനിന്നാണ്. ബ്രഹ്മാവിനെ തുടർന്നുകൊണ്ട് നിവൃത്തിപാരായണന്മാരും പ്രവൃത്തിപാരായണന്മാരുമായി രണ്ടുതരത്തിലുള്ള ദേവർഷിമാർ (സനകാദികളും മരീച്യാദികളും) ഉത്ഭവിച്ചു. ശേഷമുള്ളവരെല്ലാം പിന്നീടുണ്ടായി. ഉണ്ടായതെല്ലാം തന്നിലൊതുക്കി ഭവാൻ നിദ്രകൊള്ളുന്നകാലത്ത് ഭവാനോടൊന്നിച്ച് അനുവർത്തനം ചെയ്യുന്ന ജീവാത്മാക്കൾ ജ്ഞാനസാധനമായിട്ട് ഒന്നുംതന്നെയില്ല. ആകാശാദിസ്ഥൂലവസ്തുക്കളട്ടെ, മഹത്തത്വാദിസൂക്ഷ്മവസ്തുക്കളട്ടെ അപ്പോളില്ല; ഈ രണ്ടും ചേർന്നതായ ശരീരമോ, ക്ഷണമുഹൂർത്താദികാലവിഭാഗവൈഷമ്യമോ ഒന്നില്ല. നിന്തിരുവടിയെ അറിയുവാനുള്ള ശാസ്ത്രീയാശയവും അപ്പോൾ നിന്തിരുവടിയിൽ ലയിച്ചിരിക്കുകയാണ്. സൃഷ്ടിക്കുമുമ്പും, സൃഷ്ടി നടക്കുന്നകാലത്തും, പ്രളയത്തിങ്കലും നിന്തിരുവടിയെ അറിവാൻ സാധ്യമല്ലാത്തതുകൊണ്ട് അതിന്നായി ഉദ്യമിപ്പാതെ ഭജിക്കുക മാത്രമാണ് ഉത്തമമായ കൃത്യം.

## ശ്രീധരീയശ്ലോകവും അർത്ഥവും.

കവാഹം ബുദ്ധ്യാദിസംരുദ്ധഃ ക്വച ഭൂമൻ മഹസ്തവ
ദീനബന്ധോ ദയാസിന്ധോ ഭക്തിം മേ നൃഹരേ ദിശ.

ബുദ്ധി മുതലായ പരിച്ഛിന്നോപാധികളാൽ മറയ്ക്കപ്പെട്ട ഞാനെവിടെ? ഹേ അനന്ത! ഭവാന്റെ മഹിമയുമെവിടെ? ഹേ ദീനബന്ധോ! ഹേ ദയാസിന്ധോ! (നിന്തിരുവടിയെ അറിയുവാൻ എനിക്ക് സാമർത്ഥ്യമില്ല) അതിനാൽ തൃപ്പാദഭക്തി തന്നരുളേണമേ!

ജനിമസതഃ സതോ മൃതിമുതാത്മനി യേ ച ഭിദാം
വിപണമൃതം സ്മരന്ത്യുപദിശന്തി ത ആരുപിതൈഃ
ത്രിഗുണമയഃ പുമാനിതി ഭിദാ യദബോധകൃതാ
ത്വയി ന തതഃ പരത്ര സ ഭവേദവബോധരസേ. 25

| | | | |
|---|---|---|---|
| യേ | യാവചിലർ | ഉപദിശന്തി | ഉപദേശിക്കുന്നു. |
| അസതഃ | ആദിയിൽ ഇല്ലാതെയിരുന്ന ജഗത്തിന്റെ. | പുമാൻ | പുരുഷൻ (ജീവാത്മാ) |
| ജനിം | ഉൽപത്തിയെപ്പററി | ത്രിഗുണമയഃ | സത്വാദിഗുണങ്ങൾക്ക് അധീനനാണ് |
| സ്മരന്തി | ഉപപാദിക്കുന്നുവോ, | ഇതി | എന്ന ഹേതുവാലുണ്ടായ |
| തേ ച | അവരും, | ഭിദാ | ആത്മഭേദവ്യവഹാരവും |
| (യേ) | യാവചിലർ | ത്വയി | ഭേദവിഷയകമായ |
| സതഃ | ഉണ്മയായ (ഇരുപത്തൊന്നുവിധം) ദുഃഖത്തിന്റെ | അബോധകൃതാ | അബോധത്താൽ ഉളവാക്കപ്പെട്ടതാണ്. |
| മൃതിം ഉത | നാശത്തെക്കുറിച്ച് | യത് | എന്നാൽ |
| (സ്മരന്തി, തേ) | ഉപപാദിക്കുന്നുവോ, അവരും, | തതഃ | അതിൽനിന്നും (അബോധത്തിൽനിന്നും) |
| വിപണം | കർമ്മഫലവ്യവഹാരത്തെ | പരത്ര | പരമായിരിക്കുന്ന |
| ഋതം | സത്യമെന്ന് | അവബോധരസേ | ചിദേകരസത്തിൽ (ജ്ഞാനഘനമായ ആത്മാവിൽ) |
| (യേ സ്മരന്തി) | യാവചിലർ ഉപപാദിക്കുന്നുവോ, | | |
| (തേ) | അവരും, | സഃ | അത് (അബോധം) |
| ആരുപിതൈഃ | ഓരോരോ ഭ്രമങ്ങളാൽ | ന ഭവേത് | സംഭവിക്കുന്നതല്ല. |

സാരാത്ഥം:—ജ്ഞാനം എളുപ്പത്തിൽ സിദ്ധിക്കുന്ന ഒന്നല്ല. ജ്ഞാനമാർഗ്ഗോപദേഷ്ടാക്കളായ ആചാര്യന്മാർക്കുകൂടി ഭ്രമബാഹുല്യം കാണുന്നുണ്ട്. ആ ഭ്രമബാഹുല്യത്തെ വെളിപ്പെടുത്തി ഭക്തിയുടെ സുഗമതയെ വ്യംഗ്യമായിട്ട് ഉൽബോധിപ്പിക്കുന്നു.

വൈശേഷികന്മാർ (കണാദപക്ഷക്കാരായ തത്വജ്ഞാനികൾ) ലോകോൽപത്തിക്കു കാരണമായി അതിന്റെ പ്രാഗഭാവത്തെ കാണുന്നു. നൈയായികന്മാർ (ഗൌതമപക്ഷക്കാരായ തത്വജ്ഞാനികൾ) ഇരുപത്തൊന്നുവിധത്തിലുള്ള ദുഃഖം നശിക്കുകയാണ് മോക്ഷമെന്നു കരുതുന്നു. സാംഖ്യന്മാർ ജീവാത്മാക്കൾക്ക് അന്യോന്യഭേദം കല്പിക്കുന്നു. മീമാംസകന്മാർ കർമ്മഫലവ്യവഹാരം സത്യമെന്നു സിദ്ധാന്തിക്കുന്നു. അസദ്വാദികളും സദ്വാദികളും, ഭേദവാദികളും, കർമ്മവാദികളുമായ ആ ആചാര്യന്മാരുടെ ഉപദേശം ഭ്രമമൂലകമാണെന്നും, അവർക്കു യഥാർത്ഥമായ തത്വദർശനം ലഭിച്ചിട്ടില്ലെന്നും ധരിക്കണം. ജീവൻ സത്വാദിഗുണങ്ങൾക്ക് അധീനനാണെന്ന കാരണത്തെ മുൻനിർത്തി, ജീവാത്മാക്കൾക്ക് ഭേദമുണ്ടെന്നു വ്യവഹരിക്കുന്നതും, നിന്തിരുവടിയുടെ സ്വരൂപം അറിയാത്തതുകൊണ്ടാകുന്നു. എന്നാൽ ഈ അറിവില്ലായ്മ (അബോധം) ആത്മാവിനെ സംബന്ധിച്ചിടത്തോളം ഉള്ളതല്ല. അബോധ (അജ്ഞാന)ത്തിൽനിന്നും പരമായി വിശുദ്ധജ്ഞാനഘനമായിരിക്കുന്ന ആത്മാവിൽ—നിന്തിരുവടിയിൽ—അതു സംഭവിക്കുന്നതല്ലല്ലോ.

**ശ്രീധരീയശ്ലോകവും അർത്ഥവും.**

മിഥ്യാതർക്കസുകർക്കശേരിതമഹാവാദാന്ധകാരാന്തര-
ഭ്രാമ്യന്മന്ദമതേരമന്ദമഹിമംസ്ത്വജ്ജ്ഞാനവർത്മാസ്ഫുടം
ശ്രീമാധവ വാമന ത്രിനയന ശ്രീശങ്കര ശ്രീപതേ
ഗോവിന്ദേതി മുദാ വദൻ മധുപതേ മുക്തഃ കദാ സ്യാമഹം.

സർവ്വ മഹിമകളും ചേർന്ന ഹേ സർവ്വേശ്വര! സത്യത്തെ സ്പർശിക്കാത്ത തർക്കശാസ്ത്രങ്ങളിൽ അറിവാൻ പ്രയാസമായ വിധം പ്രതിപാദിക്കപ്പെട്ടിരിക്കുന്ന വലിയ വാദമുഖങ്ങളാവുന്ന ഇരുട്ടിൽ പെട്ടു തപ്പിത്തടയുന്ന ഒരു മന്ദബുദ്ധിക്ക് നിന്തിരുവടിയുടെ ജ്ഞാനമാർഗ്ഗം തെളിഞ്ഞുകാണുകയില്ല. "മാധവ, വാമന, ത്രിണയന, ശ്രീശങ്കര, ശ്രീപതേ, ഗോവിന്ദ, മധുപതേ" എന്നു തുടങ്ങിയ തിരുനാമങ്ങളെ പ്രീതിയോടെ ഉച്ചരിച്ചുകൊണ്ട് ഞാൻ എന്നെങ്കിലും മുക്തനായി ഭവിക്കേണമേ!

സദിവ മനസ്ത്രിവൃത്ത്വയി വിഭാത്യസദാമനുജാത്
സദഭിമൃശന്ത്യശേഷമിദമാത്മതയാഽഽത്മവിദഃ
ന ഹി വികൃതിം ത്യജന്തി കനകസ്യ തദാത്മതയാ
സ്വകൃതമനുപ്രവിഷ്ടമിദമാത്മതയാവസിതം. 26

| | | | |
|---|---|---|---|
| മനഃ | മനസ്സുതന്നെയായ (കേവലം മാനസികസങ്കല്പമായ) | ഹി | എന്തെന്നാൽ |
| ത്രിവൃത് | ത്രിഗുണാത്മകജഗത്ത് | കനകസ്യ | സ്വർണ്ണത്തിന്റെ |
| ആമനുജാത് | ജീവാത്മാവുവരെക്കും | വികൃതിം | വികാരത്തെ |
| അസത് | സത്തായിട്ടുള്ളതല്ല. | തദാത്മതയാ | തൽസ്വരൂപംതന്നെ അതാവുകയാൽ |
| ത്വയി | (എങ്കിലും) ഭവാങ്കൽ | ന ത്യജന്തി | ഉപേക്ഷിക്കുമാറില്ല. |
| സത് ഇവ | സത്തെന്നപോലെ | സ്വകൃതം | തന്നാൽ നിർമ്മിതമായ |
| വിഭാതി | അവഭാസിക്കുന്നു. | ഇദം | ഈ പ്രപഞ്ചവും |
| ആത്മവിദഃ | അധ്യാത്മജ്ഞാനികൾ | അനുപ്രവിഷ്ടം | ഇതിൽ അനുപ്രവേശിച്ചിരിക്കുന്ന ജീവസ്വരൂപവും |
| ഇദം അശേഷം | ഈ ജഗത്തിനെ മുഴുവനും | ആത്മതയാ | പരമാത്മസ്വരൂപതേന |
| ആത്മതയാ | ആത്മഭാവത്വം ഹേതുവായിട്ട് | അവസിതം | നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. |
| സത് | സത്തായിട്ടുതന്നെ | | |
| അഭിമൃശന്തി | കരുതിവരുന്നു. | | |

സാരാർത്ഥം:— ജഗത്തിന്റെ അസത്ഭാവത്തേയും ജീവന്റെ ത്രിഗുണാധീനതയേയും നിഷേധിക്കുന്നതായാൽ ജഗത്ത്, ജീവൻ, ഈശ്വരൻ എന്നീ മൂന്നു ഘടകങ്ങളും ഒന്നാണെന്നുവരും. ശരിതന്നെ. പക്ഷേ തോന്നുന്നത് അങ്ങനെയല്ലല്ലോ അതെന്തുകൊണ്ട്? ഈ ശ്ലോകത്തിൽ പ്രസ്തുത സംഗതി പരാമർശിക്കുന്നു—

ഈ ത്രിഗുണാത്മകജഗത്ത് മനസ്സിന്റെ കല്പനയാകുന്നു; മാത്രമല്ല, ജീവസ്വരൂപം കൂടി അതാണ്. ജഗത്തും ജീവനും (ഇദംകാരവും അഹംകാരവും='ഇതു' എന്നും, 'ഞാൻ' എന്നും ഉള്ളതു്) മാനസകല്പനാമാത്രങ്ങളാകയാൽ മിത്ഥ്യകളാകുന്നു. പരമാത്മസ്വരൂപമായ നിന്തിരുവടി മാത്രമാണ് യാഥാർത്ഥ്യം അതൊന്നേ സത്യമായിട്ടുള്ളു. ജഗത്തും ജീവനും ആ സത്യത്തിന്മേൽ അധിഷ്ഠിതങ്ങളാകയാൽ അവയും സത്യത്വേന പ്രതിഭാസിക്കുന്നു. അധിഷ്ഠാനത്തിന്റെ സ്വഭാവം അധിഷ്ഠേയങ്ങളിലും കാണുകയാണ്. കല്പനാനിവൃത്തിവന്ന അധ്യാത്മജ്ഞാനികൾ ഈ ജഗത്തിനേയും ജീവനേയും തള്ളിനീക്കാത്തതു് അവർ പരമാത്മത്വേന അവയേയും കാണുകയാലാകുന്നു. സ്വപ്നത്തിന്റെ വികാരങ്ങൾ (സ്വപ്നനിർമ്മിതങ്ങളായ ഭൂമിയും വളയുമെല്ലാം) വാസ്തവത്തിൽ സ്വപ്നംതന്നെയാണല്ലോ; അവയെ സ്വപ്നമായി സ്വീകരിക്കുവാൻ വൈഷമ്യമെന്തുള്ളു? ആകയാൽ പരമാത്മാവാകുന്ന അധിഷ്ഠാനസത്തയിൽ മനസ്സിനാൽ കല്പിതമായ അസത്പ്രപഞ്ചവും, അതിൽ ഉൾച്ചേർന്ന ജീവതത്വവും ശരിയ്ക്കും പരമാത്മാവുതന്നെയെന്നു ആത്മജ്ഞാനികൾ നിർണ്ണയിച്ചു.

## ശ്രീധരീയശ്ലോകവും അർത്ഥവും.

യത്സത്വതഃ സദാഭാതി ജഗദേതദസത്സ്വതഃ
സദാഭാസമസത്യസ്മിൻ ഭഗവന്തം ഭജാമി തം.

സ്വഭാവേന അസത്യമായ ഈ ജഗത്ത് യാതൊരുവനാകുന്ന സത്യത്തിന്മേൽ അധിഷ്ഠിതമാകയാൽ സത്യമായിട്ട തോന്നുന്നുവോ, ഈ അസത്യപ്രപഞ്ചത്തിൽ യാതൊരുവൻ സത്യമായി പ്രകാശിച്ചുകൊണ്ടിരിക്കുന്നുവോ ആ ഭഗവാനെ ഭജിക്കുന്നു.

തവ പരി യേ ചരന്ത്യഖിലസത്വനികേതതയാ
ത ഉത പദാऽऽക്രമന്ത്യവിഗണയ്യ ശിരോ നിർഋതേഃ
പരിവയസേ പശൂനിവ ഗിരാ വിബുധാനപി താം-
സ്ത്വയി കൃതസൌഹൃദാഃ ഖലു പുനന്തി ന യേ വിമുഖാഃ. 27

| | | | |
|---|---|---|---|
| യേ | യാവചിലർ | താൻ | ആ വേദാർത്ഥജ്ഞന്മാരായ |
| അഖിലസത്വ-<br>നികേതതയാ | സർവ്വഭൂതങ്ങളിലും നിവ<br>സിക്കുന്നവനാണെന്ന<br>ഭാവത്തോടെ | വിബുധാൻ<br>അപി | പണ്ഡിതന്മാരെപ്പോലും |
| തവ | നിന്തിരുവടിയെ | പശൂൻ | പശുക്കളെ |
| പരിചരന്തി | പരിചരിക്കുന്നുവോ | ഇവ | എന്നപോലെ |
| തേ ഉത | അവർ മാത്രം | ഗിരാ | വിധിനിഷേധരൂപമായ |
| | | | വേദവാക്കിനാൽ |
| അവിഗണയ്യ | ഒന്നും വകവെക്കാതെ | പരിവയസേ | കെട്ടിയിടുന്നു. |
| നിർഋതേഃ | മൃത്യുദേവതയുടെ | ത്വയി | നിന്തിരുവടിയിൽ |
| ശിരഃ | തലയെ | കൃതസൌഹൃദാഃ | അർപ്പിക്കപ്പെട്ട പ്രേമഭ |
| പദാ | കാലുകൊണ്ടു് | | ക്തിയോടുകൂടിയവർ |
| ആക്രമന്തി | ചവിട്ടിമെതിക്കുന്നു. | ഖലു | തീർച്ചയായും |

| | | | |
|---|---|---|---|
| പുനന്തി | സ്വയം വിശുദ്ധരായിത്തീരുന്നു; അന്യരെ വിശുദ്ധരാക്കുകയും ചെയ്യുന്നു. | വിമുഖാഃ | ഭക്തിവിമുഖന്മാരായിരിക്കുന്നവരോ, |
| യേ | യാവചിലർ | (തേ) ന | അവർ വിശുദ്ധരായിത്തീരുന്നില്ല. |

സാരാർത്ഥം:— 'സത്യം ജ്ഞാനമനന്തം ബ്രഹ്മ' ഇത്യാദി ശ്രുതിവചനങ്ങളുടെ പരിചിന്തനത്താൽ ബ്രഹ്മജ്ഞാനം സുകരമാണെന്നിരിക്കേ, പിന്നെ ഭക്തിയാൽ സാധിക്കേണ്ടതു് എന്തുണ്ടു്? ഈ സന്ദേഹത്തിന്നു് നിവൃത്തിവരുത്തുന്നു.

സർവ്വാത്മഭാവേന നിന്തിരുവടിയെ ഭജിക്കുന്നവർ മാത്രമേ മൃത്യുവിന്റെ കീഴടക്കുന്നുള്ളു. അങ്ങനെയല്ലാത്തവർ എത്രതന്നെ വേദാർത്ഥജ്ഞന്മാരായ പണ്ഡിതന്മാരായാലും ശരി നിന്തിരുവടി അവരെ വേദോക്തങ്ങളായ വിധിനിഷേധവാക്യങ്ങൾകൊണ്ടു പശുക്കളെപ്പോലെ കെട്ടിയിടുന്നു. നേരെമറിച്ചു്, നിന്തിരുവടിയിൽ പ്രേമഭക്തിയുള്ളവർ ആ പ്രേമഭക്തിയാൽത്തന്നെ ആത്മശുദ്ധി നേടുന്നതാണു്. അവർ മററുള്ളവർക്കും ആ ആത്മശുദ്ധിയുണ്ടാക്കിക്കൊടുക്കും. ഭക്തിവിമുഖന്മാർക്കു് ഇതു സാദ്ധ്യമാകയില്ല.

## ശ്രീധരീയശ്ലോകവും അർത്ഥവും.

തപന്തു താപൈഃ പ്രപതന്തു പർവ്വതാ-
ദടന്തു തീർത്ഥാനി പഠന്തു ചാഗമാൻ
യജന്തു യാഗൈർവ്വിവദന്തു വാദൈ-
ർഹരിം വിനാ നൈവ മൃതിം തരന്തി.

മനുഷ്യർ തപസ്സനുഷ്ഠിച്ചുകൊള്ളട്ടെ; മലമേൽനിന്നു താഴോട്ടു മറിഞ്ഞുകൊള്ളട്ടെ; തീർത്ഥാടനം ചെയ്തുകൊള്ളട്ടെ; വേദശാസ്ത്രങ്ങൾ പഠിച്ചുകൊള്ളട്ടെ; യാഗങ്ങൾ യജിച്ചുകൊള്ളട്ടെ; ധർമ്മസിദ്ധാന്തങ്ങളെക്കുറിച്ചുള്ള വാദകോലാഹലം നടത്തിക്കൊള്ളട്ടെ; എന്തുതന്നെയും ആയ്ക്കൊള്ളട്ടെ. ശ്രീഹരിയെ ഭജിക്കാതെ മൃത്യുവെ തരണം ചെയ്കയില്ല.

ത്വമകരണഃ സ്വരാഡഖിലകാരകശക്തിധര-
സ്തവ ബലിമുദ്വഹന്തി സമദന്ത്യജയാനിമിഷാഃ
വർഷഭുജോഽഖിലക്ഷിതിപതേരിവ വിശ്വസൃജോ
വിദധതി യത്ര യേ ത്വധികൃതാ ഭവതശ്ചകിതാഃ. 28

| | | | |
|---|---|---|---|
| ത്വം | നിന്തിരുവടി | സ്വരാട് | സ്വയംപ്രകാശമാനനും ആകുന്നു. |
| അകരണഃ | കരണങ്ങൾ (ചക്ഷുരാദീന്ദ്രിയങ്ങൾ) ഇല്ലാത്തവനെന്നിരിക്കിലും | അജയാ | അവിദ്യയോടു ചേർന്നിട്ടുള്ള |
| അഖിലകാരകശക്തിധരഃ | എല്ലാ പ്രാണികൾക്കുമുള്ള സർവ്വേന്ദ്രിയങ്ങളുടേയും സർവ്വശക്തികളെ പ്രവർത്തിപ്പിച്ചുകൊണ്ടിരിക്കുന്നവനാകുന്നു. | അനിമിഷാഃ | ഇന്ദ്രാദിദേവകളും |
| | | വിശ്വസൃജഃ | ബ്രഹ്മാദിലോകകർത്താക്കളും |
| | | വർഷഭുജഃ | സാമന്തരാജാക്കന്മാർ |

| | | | |
|---|---|---|---|
| അഖിലക്ഷിതി- | സമസ്തഭൂമണ്ഡലത്തിനും | യേ തു | യാവചിലർ |
| പതേഃ | നാഥനായ ചക്രവൎത്തി | യത്ര | യാതൊരുകൎത്തവ്യത്തിൽ |
| | ക്ക് | അധികൃതാഃ | അധികാരപ്പെടുത്ത |
| ഇവ | കപ്പം നൽകുന്നപോലെ | | പ്പെട്ടവരാകുന്നുവോ, |
| തവ | നിന്തിരുവടിക്ക് | (തേ തത്) | അവർ അതിനെ |
| ബലിം | ബലിയെ (പൂജയെ) | ഭവതഃ | ഭവാങ്കൽനിന്നുള്ള |
| ഉദ്വഹന്തി | അൎപ്പിക്കുന്നു. | ചകിതാഃ | ഭയത്തോടുകൂടിയവ |
| സമദന്തി ച | അവർ സ്വയം അനു | | രായിട്ടും |
| | ഭവിക്കുകയും ചെയ്യുന്നു. | വിദധതി | ചെയ്തുകൊണ്ടിരിക്കുന്നു. |

സാരാൎത്ഥം:— ബ്രഹ്മാദിസ്തംബപൎയ്യന്തമുള്ള ജീവന്മാരും ഈശ്വരനും ഒന്നുതന്നെ എന്നു പറയുമ്പോൾ ഈശ്വരനെപ്പോലെ അവരും ആരാദ്ധ്യരാണെന്നു വരും. ജീവന്മാൎക്ക് ഈശ്വരനെക്കാൾ യാതൊരപകൎഷവുമില്ലല്ലോ. എന്നാൽ സ്വതന്ത്രനായ സൎവ്വേശ്വരൻ മാത്രം ആരാദ്ധ്യനും മായാപരതന്ത്രന്മാരായ ജീവന്മാർ ആരാധകന്മാരുമാണെന്നു ഇവിടെ ചൂണ്ടിക്കാട്ടുന്നു.

പ്രഭോ! നിന്തിരുവടി പ്രത്യക്ഷത്തിൽ മനോബുദ്ധീന്ദ്രിയാദിരഹിതനാണ്. എങ്കിലും സമസ്ത പ്രാണികളുടേയും മനോബുദ്ധീന്ദ്രിയാദിശക്തികളെ പ്രവൎത്തിപ്പിച്ചുകൊണ്ടിരിക്കുന്നു. മാത്രമല്ല, സ്വയംപ്രകാശമാനനുമാകുന്നു. ഇന്ദ്രാദികളും ബ്രഹ്മാദികളും അങ്ങനെയല്ല. അവർ അവിദ്യാസംബന്ധമുള്ളവരാണ്. അവർ സാമന്തന്മാരും നിന്തിരുവടി ചക്രവൎത്തിയുമാകുന്നു. സാമന്തന്മാർ തങ്ങളുടെ പ്രജകളിൽനിന്ന് കരം പിടിച്ചെടുത്ത് ചക്രവൎത്തിക്ക നൽകുന്നപോലെ, മനുഷ്യരിൽനിന്ന് ദേവന്മാരും, അവരിൽനിന്ന് ബ്രഹ്മാദികളും പൂജകളെ സ്വീകരിച്ച് നിന്തിരുവടിക്കായി സമൎപ്പിക്കുന്നു. അവർ ഏതേതു കൎത്തവ്യങ്ങളിൽ നിന്തിരുവടിയാൽ നിയോഗിക്കപ്പെട്ടിരിക്കുന്നുവോ, അതാതു കൎത്തവ്യങ്ങളെ സഭയം നിറവേററിക്കൊണ്ടുതന്നെയിരിക്കുന്നു.

## ശ്രീധരീയശ്ലോകവും അൎത്ഥവും.

അനിന്ദ്രിയോഽപി യോ ദേവഃ സൎവ്വകാരകശക്തിധൃക്
സൎവ്വജ്ഞഃ സൎവ്വകൎത്താ ച സൎവ്വസേവ്യം നമാമി തം.

യാതൊരു സ്വയംപ്രകാശാത്മാവായ ഭഗവാൻ ഇന്ദ്രിയരഹിതനെന്നിരിക്കിലും സമസ്തേന്ദ്രിയശക്തികളേയും ധരിച്ചുകൊണ്ട് സൎവ്വജ്ഞനായും സൎവ്വകൎത്താവായും പ്രശോഭിക്കുന്നുവോ, സൎവ്വജീവന്മാരാലും ആരാദ്ധ്യനായ ആ ഭഗവാനെ ഞാൻ നമസ്കരിക്കുന്നു.

സ്ഥിരചരജാതയഃ സ്യുരജയോത്ഥനിമിത്തയുജോ
വിഹര ഉദീക്ഷയാ യദി പരസ്യ വിമുക്ത തതഃ
ന ഹി പരമസ്യ കശ്ചിദപരോ ന പരശ്ച ഭവേദ്
വിയത ഇവാപദസ്യ തവ ശൂന്യതുലാം ദധതഃ. 29

| | | | |
|---|---|---|---|
| വിമുക്ത | അല്ലയോ നിത്യമുക്ത! | പരസ്യ | അകന്നുനില്ക്കുന്ന ഭവാന് |
| അജയാ | മായയോടുകൂടി | വിഹരഃ | ക്രീഡാഭിലാഷം |
| തതഃ | അതിൽനിന്ന് | യദി | സംഭവിക്കുമ്പോൾ |

| | | | |
|---|---|---|---|
| ഉദീക്ഷയാ | വീക്ഷണമാത്രത്താൽ | ഭവതഃ | വഹിക്കുന്നവനായും |
| ഉത്ഥനിമിത്ത- | ആവിർഭവിച്ച നിമിത്തങ്ങ | പരമസ്യ | അതികാരുണികനായും |
| യുജഃ | ളോടുകൂടിയവരായിട്ട് | | ഇരിക്കുന്ന |
| സ്ഥിരചര- | സ്ഥാവരജംഗമശരീരി | തവ | നിന്തിരുവടിക്ക് |
| ജാതയഃ | കളായ ജീവാത്മാക്കൾ | കശ്ചിത് | ഏതെങ്കിലും ഒരുവൻ |
| സ്യുഃ | സംഭവിക്കുന്നതാണ്. | അപരഃ | സ്വീയനായിട്ട് |
| വിയതഃ ഇവ | ആകാശമെന്നപോലെ | ന ഹി | ഇല്ലതന്നെ. |
| അപദസ്യ | അഗോചരനായും | പരഃ ച | അന്യനായിട്ടും |
| ശൂന്യതുലാം | ശൂന്യത്തോടു സാമ്യത്തെ | ന ഭവേത് | ഉണ്ടാകുന്നതല്ല. |

സാരാർത്ഥം:—മായാബന്ധമില്ലാതെ സർവ്വതന്ത്രസ്വതന്ത്രനായി നില്ക്കുന്ന ഈശ്വരൻ സേവ്യനും മായാപരതന്ത്രന്മാരായ ജീവന്മാർ സേവകന്മാരുമാണെന്ന് മുൻപു പറഞ്ഞുവല്ലോ. മാത്രമല്ല, ഈ ജീവന്മാരുടെയെല്ലാം പിതൃത്വം ഈശ്വരനുണ്ട്. ആകയാൽ പ്രത്യേകിച്ച് ഈശ്വരനെ ജീവന്മാർ സേവിക്കേണ്ടതാണെന്ന് ഇവിടെ സൂചിപ്പിക്കുന്നു:—

അല്ലയോ നിത്യമുക്ത! നിന്തിരുവടി മായാതീതനെന്നിരിക്കിലും സങ്കല്പമാത്രത്താൽ മായയോടുകൂടി വിഹരിക്കുമ്പോൾ നിന്തിരുവടിയുടെ ദൃക്സങ്കേതത്താൽ മായയിൽ ലയിച്ചിരുന്ന ജീവാത്മാക്കളുടെ കാരണശരീരങ്ങളും കർമ്മസംസ്കാരവും കാര്യോന്മുഖമായി ഉണർന്നു പ്രവർത്തിക്കുന്നു; അങ്ങനെ ചരാചരപ്രാണികൾ ഉത്ഭവിക്കുന്നു. പ്രാണികളുടെ ശരീരസൃഷ്ടിയിൽ കാണുന്ന ഉച്ചനീചത്വങ്ങൾക്കും ചരാചരത്വത്തിനും കാരണം കർമ്മസംസ്കാരത്തിന്റെ വൈഷമ്യമാണ്. ആകാശംപോലെ സർവ്വത്രസമമായും മനോവാക്കുകൾക്കു അഗോചരമായും വർത്തിക്കുന്ന നിന്തിരുവടി പരമകാരുണികനാകുന്നു. പ്രപഞ്ചിതത്വം ഇല്ലാത്തതിനാൽ ബാഹ്യദൃഷ്ടിയിൽ നിന്തിരുവടിയെ ശുദ്ധശൂന്യമെന്നപോലെ തോന്നും. ആത്മീയനെന്നോ, ആത്മീയനല്ലാത്തവനെന്നോ ഉള്ള ഭേദവും നിന്തിരുവടിയിൽ സംഭവിക്കുന്നില്ല. അതിനാൽ ജീവാത്മാക്കളിൽ ചിലർക്ക് ചരദേഹവും ചിലർക്ക് അചരദേഹവും ചിലർക്ക് മനുഷ്യത്വവും മറ്റു ചിലർക്ക് മനുഷ്യേതരത്വവും അതിനുപുറമെയുള്ള അല്പത്വമഹത്ത്വാദികളും ഉണ്ടാകുന്നത് നിന്തിരുവടിയുടെ ഇച്ഛകൊണ്ടല്ല; അവരുടെ കർമ്മസംസ്കാരംകൊണ്ടാകുന്നു.

## ശ്രീധരീയശ്ലോകവും അർത്ഥവും

ത്വദീക്ഷണവശക്ഷോഭമായാബോധിതകർമ്മഭിഃ
ജാതാൻ സംസരതഃ ഖിന്നാൻ നൃഹരേ പാഹി നഃ പിതഃ.

അല്ലയോ പിതാവേ! നൃസിംഹമൂർത്തേ! ഭവാന്റെ വീക്ഷണംകൊണ്ട് ഉള്ളലഞ്ഞ മൂലപ്രകൃതിയാൽ ഉണർത്തപ്പെട്ട കർമ്മസംസ്കാരങ്ങൾ നിമിത്തം ജന്മമെടുത്ത് സംസാരചക്രത്തിൽപെട്ടു തിരിഞ്ഞുകൊണ്ടിരിക്കുന്ന ദുഃഖിതന്മാരായ ഞങ്ങളെ രക്ഷിക്കണേ!

അപരിമിതാ ധ്രുവാസ്തനുഭൃതോ യദി സർവ്വഗതാ-
സ്തർഹി ന ശാസ്യതേതി നിയമോ ധ്രുവ നേതരഥാ
അജനി ച യന്മയം തദവിമുച്യ നിയന്തൃ ഭവേത്
സമമനുജാനതാം യദമതം മതദുഷ്ടതയാ. 30

| | |
|---|---|
| ധ്രുവ | ഹേ ശാശ്വതമൂർത്തേ! |
| തനുഭൃതഃ | ജീവാത്മാക്കൾ |
| അപരിമിതാഃ | അസംഖ്യന്മാരും |
| ധ്രുവാഃ | ശാശ്വതന്മാരും |
| സർവ്വഗതാഃ | സർവ്വത്ര വ്യാപിച്ചിരിക്കുന്നവരും |
| യദി തർഹി | ആയിരിക്കുന്നപക്ഷം |
| ശാസ്യതാ | (അവർ നിന്തിരുവടിയുടെ) ശാസനയ്ക്കു വിധേയരാവുക |
| ഇതി | എന്നുള്ള |
| നിയമഃ ന | നിയമം ഉണ്ടാകുന്നില്ല. |
| ഇതരഥാ | മറിച്ചാകുന്നപക്ഷം |
| ന | (ഈ ദോഷം) സംഭവിക്കുന്നതുമല്ല. |
| യന്മയം | യാതൊന്നിന്റെ വികാരപ്രായമായിട്ടാണോ ജീവരാശി |
| അജനി | ഉത്ഭവിച്ചത് |
| തത് | ആ കാരണഭൂതമായ വസ്തു (ബ്രഹ്മം) |
| അവിമുച്യ | കാര്യഭൂതമായ ജീവരാശിയെ കൈവിട്ടുകളയാതെ |
| നിയന്തൃ | അതിന്റെ നിയന്താവായിട്ട് |
| ഭവേത് | ഭവിക്കുന്നതാണ്. |
| യത് | യാതൊരു |
| സമം, | സർവ്വവ്യാപകമായ കാരണവസ്തുവുണ്ടോ, അത് |
| മതദുഷ്ടതയാ | ജ്ഞാനദോഷംനിമിത്തം |
| അനുജാനതാം | അറിയുന്നവരെന്നു പറയുന്നവർക്കും |
| അമതം | അറിഞ്ഞുകൂടാത്തതാകുന്നു |

സാരാർത്ഥം:— ജീവാത്മാക്കൾ പരമാത്മാവിന്റെ അംശങ്ങളെന്നിരിക്കിലും അവിദ്യാകൃതമായ കാര്യോപാധിബന്ധമുള്ളവരും ജനിമൃതിലക്ഷണമായ സംസാരചക്രത്തിൽ പെട്ടുപോയവരുമാകയാൽ അവർ പരമാത്മാവിനെ ഭജിക്കണമെന്ന് മുമ്പു പറഞ്ഞു എങ്കിലും നിത്യത്വസർവ്വവ്യാപിത്വാദിലക്ഷണമുള്ള ജീവാത്മാക്കൾ അതേ ലക്ഷണങ്ങൾ തന്നെയുള്ള പരമാത്മാവിനെ അപേക്ഷിച്ച് ഒന്നുകൊണ്ടും കുറഞ്ഞവരല്ല. ആ നിലയ്ക്കു പരമാത്മാവിനു ജീവന്മാരിൽ നിയന്തൃത്വം ഉണ്ടാകുന്നതെങ്ങനെ? തുല്യഗുണമുള്ളവരിൽ ഒരാൾമാത്രം സേവ്യനും ശാസകനും നിയാമകനും ആകുകയോ?— ഈ ആശങ്കയെ പരിഹരിക്കുന്നു.

ജീവാത്മാക്കൾ ഇത്രയെന്നു നിർണ്ണയിക്കാൻ കഴിയാത്തവിധം അസംഖ്യമാണ്; അവരെല്ലാം അതാതു രൂപത്തിൽത്തന്നെ നിത്യന്മാരാകുന്നു, സർവ്വഗതന്മാരാകുന്നു, എന്നിരിക്കെ, അവർക്കും ഈശ്വരനും തമ്മിൽ ഭേദമെന്തുള്ളു? അമേയത്വം, നിത്യത്വം, സർവ്വഗതത്വം എന്നീ ഈശ്വരലക്ഷണങ്ങളെല്ലാം ജീവന്മാരിലും ഉള്ള സ്ഥിതിക്ക് ഈശ്വരനായ നിന്തിരുവടി അവരെ ശാസിക്കുന്നവനെന്നും മററും പറയുന്നതു സംഗതമായിരിക്കുമോ? ജീവന്മാർ സർവ്വേശ്വരനിൽനിന്ന് ഉത്ഭവിച്ചവരാണെന്നും, തദപേക്ഷയാ ന്യൂനന്മാരാണെന്നും സിദ്ധാന്തിക്കുന്നതായാൽ മാത്രമേ അവരുടെ ശാസകത്വം നിന്തിരുവടിയിൽ സംഗതമായിരിക്കയുള്ളു.

എന്നാൽ ഈ ജീവാത്മാക്കൾ നിന്തിരുവടിയിൽനിന്നു ഉണ്ടായവരാണെന്നതിൽ രണ്ടുപക്ഷമില്ല. എന്തെന്നാൽ നിന്തിരുവടിയാണ് കാരണത്വേന എല്ലാററിലും ചേർന്നിരിക്കുന്നത്; ജീവരാശിയത്രയും നിന്തിരുവടിയുടെ വികാരപ്രായമാകുന്നു. യാതൊന്ന് യാതൊന്നിന്റെ വികാരപ്രായമായിട്ടുണ്ടാവുന്നുവോ, അതിനെ അതിനു നിയന്ത്രിക്കുവാൻ

കഴിയുമെന്നാണ് നിയമം. അവിദ്യാകൃതമായ ഉപാധിബന്ധത്തോടെ പരമാത്മാവായ നിന്തിരുവടിയിൽനിന്നു ജനിച്ച ജീവാത്മാക്കൾ സംസരിച്ചുകൊണ്ടിരിക്കുന്നു. അവർ നിന്തിരുവടിയെ ജ്ഞാനരൂപേണ അഭിമുഖീകരിക്കുമ്പോൾ അവരുടെ അവിദ്യയെ കാരുണികനായ നിന്തിരുവടി നശിപ്പിക്കുന്നു. അങ്ങനെ ഉപാധിസംബന്ധമാററത്തോടുകൂടി ജീവാത്മാക്കളുടെ ജീവാത്മഭാവം നശിച്ച് അവർ പൂർണ്ണസച്ചിദാനന്ദത്തിൽ ലയിക്കുന്നു.

എല്ലാററിലും കാരണരൂപേണ സ്ഥിതിചെയ്തുകൊണ്ട് എല്ലാററിനേയും നിയമിച്ചുകൊണ്ടിരിക്കുന്ന നിന്തിരുവടിയുടെ സ്വരൂപമെന്ത്? അത് ബുദ്ധിക്കതീതമാണ്. അതിനെ അറിയാമെന്നു പറയുന്നവർക്കുതന്നെ അറിവുകേടുള്ളതിനാൽ ആർക്കും ശരിക്കറിഞ്ഞുകൂടാ എന്നതാണ് പരമാർത്ഥം.

## ശ്രീധരീയശ്ലോകവും അർത്ഥവും.

അന്തര്യന്താ സർവ്വലോകസ്യ ഗീതഃ ശ്രുത്യാ യുക്ത്യാ ചൈവമേവാവസേയഃ
യഃ സർവ്വജ്ഞഃ സർവ്വശക്തിർനൃസിംഹഃ ശ്രീമന്തം തം ചേതസൈവാവലംബേ.

സമസ്തദൃശ്യപ്രപഞ്ചത്തിന്റെയും അന്തര്യാമിയാണെന്ന് ശ്രുതിയാൽ ഗാനം ചെയ്യപ്പെട്ടിരിക്കുന്നവനും, യുക്തിയാൽ അപ്രകാരംതന്നെ നിർണ്ണയിക്കപ്പെട്ടിരിക്കുന്നവനും, സർവ്വജ്ഞനും, സർവ്വശക്തിധരനുമായ പുരുഷോത്തമനായിരിക്കുന്നവനും യാതൊരുവനാണോ, ആ സർവ്വസൗന്ദര്യമൂർത്തിയെ ഞാൻ ഹൃദയത്താൽ ആശ്രയിക്കുന്നു.

ന ഘടത ഉദ്ഭവഃ പ്രകൃതിപൂരുഷയോരജയോ-
രുഭയയുജാ ഭവന്ത്യസുഭൃതോ ജലബുദ്ബുദവത്
ത്വയി ത ഇമേ തതോ വിവിധനാമഗുണൈഃ പരമേ
സരിത ഇവാർണ്ണവേ മധുനി ലില്യുരശേഷരസാഃ. 31

| | | | |
|---|---|---|---|
| അജയോഃ | ജനിക്കാത്തവരായ | തേ ഇമേ | ആ ജീവന്മാർ |
| പ്രകൃതി-പുരുഷയോഃ | മായയുടേയും ആത്മാവിന്റേയും | വിവിധനാമ-ഗുണൈഃ | പലവിധത്തിലുള്ള നാമങ്ങളോടും ഗുണങ്ങളോടുംകൂടി |
| ഉദ്ഭവഃ | ജനനം | | |
| ന ഘടതേ | യുക്തിക്കു ചേരുന്നില്ല. | സരിതഃ | നദികൾ |
| ഉഭയയുജാ | രണ്ടും ചേർന്നുകൊണ്ട് (രണ്ടിന്റേയും അന്യോന്യാദ്ധ്യാസംകൊണ്ട്) | അർണ്ണവേ | സമുദ്രത്തിൽ |
| | | ഇവ | എന്നപോലേയും, |
| അസുഭൃതഃ | പ്രാണികൾ | അശേഷരസാഃ | സകല പുഷ്പരസങ്ങൾ |
| ജലബുദ്-ബുദവത് | ജലത്തിലെ പോളകളെന്നപോലെ | മധുനി (ഇവ) | തേനിലെന്നപോലേയും |
| | | പരമേ | പരമകാരണമായ |
| ഭവന്തി | ഉത്ഭവിക്കുന്നു. | ത്വയി | നിന്തിരുവടിയിൽ |
| തതഃ | അതുഹേതുവായിട്ട് | ലില്യുഃ | ലയിച്ചു. |

സാരാർത്ഥം:— ജീവാത്മാക്കൾ പരമാത്മാവിൽനിന്നു ജനിക്കുന്നുവെന്നു പറഞ്ഞു. അപ്പോൾ അവക്കു നാശമുണ്ടെന്നും വരുന്നതാണല്ലോ. എന്നാൽ അങ്ങനെ വരുവാൻ തരമില്ല. പ്രകൃതിപുരുഷന്മാരുടെ അന്യോന്യാദ്ധ്യാസംകൊണ്ടുള്ള വ്യക്തിഭാവമല്ലാതെ

ജീവന്നു് പാരമാർത്ഥികമായ ജന്മം ഉണ്ടാകുന്നില്ലെന്നു് ഇവിടെ ധരിപ്പിക്കുന്നു. അപ്പോൾ മോക്ഷമെന്നതു് ജീവന്റെ സ്വരൂപഹാനിയല്ല; അവിദ്യാനിവൃത്തിവന്ന ജീവന്റെ പരമാത്മാവിലുള്ള ലയമാണതു്.

പ്രകൃതിയോ, പുരുഷനോ, അവർ രണ്ടും കൂടിയോ ജീവരൂപേണ ജനിക്കുന്നില്ല. എന്തെന്നാൽ പ്രകൃതിപുരുഷന്മാർ അജന്മാക്കളാണെന്നതുതന്നെ കാരണം എന്നാൽ പ്രാണികൾ ഉത്ഭവിക്കുന്നതെങ്ങനെയാണു്? പ്രകൃതിപുരുഷന്മാരുടെ പരസ്പരാദ്ധ്യാസം നിമിത്തമാണു് അതുണ്ടാകുന്നതു്. വായുവും വെള്ളവും ചേർന്നു നീർപ്പോളകൾ ഉണ്ടാകുന്നപോലെയാണു് പ്രകൃതിപുരുഷന്മാരുടെ പരസ്പരാദ്ധ്യാസത്താൽ ജീവന്മാരുണ്ടാകുന്നതു്. പലതരം നാമഗുണങ്ങളുള്ള നദികൾ സമുദ്രത്തിൽ ലയിച്ചു് സമുദ്രജലമാകുന്നപോലെയും, പലതരം പുഷ്പരസങ്ങൾ അവയുടെ പ്രത്യേകതവിട്ടു് സാമാന്യരസത്തോടെ തേനായിട്ടു ഭവിക്കുന്നപോലെയും മായാകൃതമായ നാനോപാധികൾ വെടിഞ്ഞ ജീവന്മാർ പരമാത്മാവിൽ ലയം പ്രാപിച്ചു് പരമാത്മഭാവേന പ്രകാശിക്കുന്നു.

## ശ്രീധരീയശ്ലോകവും അർത്ഥവും.

യസ്മിന്നുദ്യദ് വിലയമപി യദ്ഭാതി വിശ്വം ലയാദൗ
ജീവോപേതം ഗുരുകരുണയാ കേവലാത്മാവബോധേ
അത്യന്താന്തം വ്രജതി സഹസാ സിന്ധുവത് സിന്ധുമദ്ധ്യേ
മദ്ധ്യേ ചിത്തം ത്രിഭുവനഗുരും ഭാവയേ തം നൃസിംഹം.

ജീവാത്മാക്കളോടുകൂടിയ ഈ വിശ്വം യാതൊരുവനിൽ ഉത്ഭവിച്ചു്, സുഷുപ്ത്യാദ്യവസ്ഥകളിൽ യാതൊരുവനിൽത്തന്നെ വിലയിക്കുന്നുവെങ്കിലും വീണ്ടും പ്രതിഭാനം ചെയ്യുകയും, ഗുരുകാരുണ്യത്താൽ അദ്ധ്യാത്മജ്ഞാനമുണ്ടാകുമ്പോൾ സമുദ്രത്തിൽ നദികളെന്നപോലെ യാതൊരുവനിൽ ആത്യന്തികലയം സംഭവിക്കുകയും ചെയ്യുന്നുവോ, ആ ത്രൈലോക്യഗുരുവായ നൃസിംഹമൂർത്തിയെ ഹൃദയാന്തർഭാഗത്തിൽ ഞാൻ ധ്യാനിച്ചുകൊള്ളുന്നു.

നൃഷു തവ മായയാ ഭ്രമമമീഷ്വവഗത്യ ഭൃശം
ത്വയി സുധിയോഽഭവേ ദധതി ഭാവമനുപ്രഭവം
കഥമനുവർത്തതാം ഭവഭയം തവ യദ്ഭ്രുകുടിഃ
സൃജതി മുഹുസ്ത്രിണേമിരഭവച്ഛരണേഷു ഭയം. 32

| | | | |
|---|---|---|---|
| അമീഷു നൃഷു | ഈ ജീവാത്മാക്കളിൽ | ത്വയി | നിന്തിരുവടിയിൽ |
| തവ മായയാ | ഭവാന്റെ മായാനിമിത്തം | അനുപ്രഭവം | വീണ്ടും വീണ്ടും വർദ്ധമാനമായ |
| ഭൃശം | ഏററവും | ഭാവം | ഭക്തിയെ |
| ഭ്രമം | വ്യാമോഹമുണ്ടെന്നു് | ദധതി | ധരിച്ചുകൊണ്ടിരിക്കുന്നു |
| അവഗത്യ | മനസ്സിലാക്കി, | യത് | ആകയാൽ |
| സുധിയഃ | വിവേകികൾ | അഭവച്ഛരണേഷു | ഭവാനെ ശരണമായി കരുതാത്തവരിൽ |
| അഭവേ | സംസാരനിവർത്തകനായ | | |

| | |
|---|---|
| തവ | ഭവാന്റെ |
| ഭ്രുകടിഃ | ഭ്രൂഭംഗരൂപമായ |
| ത്രിണേമിഃ | മൂന്നു ചക്രധാരകളോടു കൂടിയകാലം |
| ഭയം | ജനനമരണാദിഭയത്തെ |
| മുഹുഃ | അടിക്കടി |
| സൃജതി | ഉളവാക്കുന്നു. |
| അന്ന്യഭജതാം | ശരണംപ്രാപിക്കാത്ത വർക്ക് |
| ഭവജ്ജം | സംസാരജന്യമായി |
| കഥം | എങ്ങനെയുണ്ടാകും ? |

സാരാർത്ഥം :— എല്ലാ ജീവന്മാരും നിന്തിരുവടിയുടെ മായയാൽ രചിതമായ ഭ്രമത്തിൽ അകപ്പെട്ടിരിക്കുന്നു. അവർ തങ്ങളെ നിന്തിരുവടിയിൽനിന്ന് അന്യരെന്നു കരുതുകയാൽ ജനിമൃതിലക്ഷണമായ സംസാരത്തിൽ ഉഴന്നുകൊണ്ടിരിക്കയാണ്. എന്നാൽ വിവേകികൾക്ക് ഈ മായാഭ്രമത്തിന്റെ ഉള്ളുകള്ളിയറിയാം. അവർ അതറിഞ്ഞിട്ടുതന്നെയാണ് ആ ഭ്രമനിവൃത്തിക്കുവേണ്ടി ഭക്തിയോടെ നിന്തിരുവടിയെ ശരണം പ്രാപിക്കുന്നത്. ശീതോഷ്ണവർഷങ്ങളാവുന്ന മൂന്നു വിഭാഗങ്ങളോടുകൂടിയ കാലചക്രം നിന്തിരുവടിയുടെ ഭ്രൂവിലാസം മാത്രമാകുന്നു. അത് സർവ്വരേയും ഭയചകിതരാക്കുന്നു. എന്നാൽ നിന്തിരുവടിയെ രക്ഷകനായിട്ട് സ്വീകരിക്കാത്തവരെ മാത്രമേ ആ കാലശക്തി അലട്ടിക്കൊണ്ടിരിക്കുകയുള്ളൂ. ഭക്തിപൂർവ്വം നിന്തിരുവടിയെ സമാശ്രയിച്ചിട്ടുള്ളവരെ കാലപ്രേരിതമായ ജന്മമൃത്യുഭയം ബാധിക്കുന്നതെങ്ങനെ ?

## ശ്രീധരീയശ്ലോകവും അർത്ഥവും.

സംസാരചക്രക്രകചൈർവ്വിദീർണ്ണ[illegible]താപതപ്തം
കഥഞ്ചിദാപന്നമിഹ പ്രപന്നം ത്വമുദ്ധര[illegible]

അല്ലയോ ശ്രീനൃസിംഹമൂർത്തേ ! [illegible] പിളർക്കപ്പെട്ടും, നാനാപ്രകാര[illegible]പ്പെട്ടു തപിച്ചും കഷ്ടപ്പാടനുഭവിച്ചു[illegible]ൽ നിന്തിരുവടിയെ ശരണംപ്രാപിച്ച ജീവരാശിയെ സമുദ്ധരിക്കണേ !

വിജിതഹൃഷീകവായുഭിരദാന്തമനസ്തുരഗം
യ ഇഹ യതന്തി യന്തുമതിലോലമുപായഖിദഃ
വ്യസനശതാന്വിതാഃ സമവഹായ ഗുരോശ്ചരണം
വണിജ ഇവാജ സന്ത്യകൃതകർണ്ണധരാ ജലധൌ. 33

| | |
|---|---|
| അജ | ഹേ ! ജന്മരഹിത ! |
| ഗുരോഃ | ഗുരുവിന്റെ |
| ചരണം | പാദത്തെ |
| സമവഹായ | സമാശ്രയിക്കാതെ |
| യേ | യാതൊരുത്തർ |
| അതിലോലം | അത്യന്തചഞ്ചലവും |
| വിജിത-ഹൃഷീക-വായുഭിഃ | ഇന്ദ്രിയങ്ങളേയും പ്രാണാദിവായുക്കളേയും വേണ്ടവിധം ജയിച്ച കീഴൊതുക്കിയ യോഗികളാൽപ്പോലും |
| അദാന്തമന-സ്തുരഗം | ഒതുക്കപ്പെടുവാൻ സാദ്ധ്യമല്ലാത്തതുമായ മനസ്സാവുന്ന കുതിരയെ |
| യന്തും | ഒതുക്കുവാൻവേണ്ടി |
| യതന്തി | പ്രയത്നിക്കുന്നുവോ, |
| (തേ) | അവർ |
| ഉപായഖിദഃ | ഉപായങ്ങളിൽ ക്ലേശിക്കുന്നവരായും |

| | | | |
|---|---|---|---|
| വ്യസന-ശതാന്വിതാഃ | ഒട്ടേറെയുള്ള ദുഃഖങ്ങളോട്ടുകൂടിയവരായും ഭവിച്ച് | അകൃതകർണ്ണധാരാഃ | ശരിക്കൊരു നാവികനെ സ്വീകരിച്ചിട്ടില്ലാത്ത |
| | | വണിജഃ | വ്യാപാരികൾ |
| ഇഹ | ഈ സംസാരസാഗരത്തിൽ | ജലധൌ | കടലിൽ |
| | | ഇവ | പെട്ടുപോകുന്നപോലെ |
| | | സന്തി | ആയിത്തീരുന്നു. |

സാരാർത്ഥം:— സംസാരനിവൃത്തിക്കു ഭക്തിയാണ് മുഖ്യോപായമെന്ന് പൂർവ്വശ്ലോകങ്ങളാൽ വ്യക്തമാക്കി. ഈ ഭക്തിയാകട്ടെ ഗുരുവിനെ ആശ്രയിച്ചുതന്നെ സാധിക്കേണ്ടതാണെന്നും, അതു ഗുരുസാന്നിധ്യമില്ലാതെ സമ്പാദിപ്പാനാകയില്ലെന്നും ഈ ശ്ലോകം കൊണ്ട് ഉൽബോധിപ്പിക്കുന്നു—

ആദിയില്ലാത്ത അഖിലേശ്വര! ഇന്ദ്രിയങ്ങളേയും പ്രാണാദിവായുക്കളേയും വശത്താക്കിയ യോഗിവര്യന്മാർക്കുകൂടിയും വശത്താക്കുവാൻ സാധിക്കാത്തവിധം അത്യന്തം ചപലവും ഉച്ഛൃംഖലവുമായതാണ് മനസ്സാവുന്ന കുതിര. ഗുരുചരണത്തെ ശരണം പ്രാപിക്കാതെ അതിനെ നിയന്ത്രിക്കുവാൻ പ്രയത്നിക്കുന്നവർ പല പല സാധനകളെ മാറി മാറി പ്രയോഗിച്ചും സഫലപ്രയത്നരാകാതെ ക്ലേശിക്കുന്നു; പരഃശതം സങ്കടങ്ങളെ അഭിമുഖീകരിക്കയും ചെയ്യുന്നു. പരിശ്രമവും പരിതാപവും മാത്രമാണ് അവർക്കുള്ള നേട്ടം. കപ്പിത്താനില്ലാത്ത കപ്പലിൽ സമുദ്രയാത്രചെയ്യുന്ന കച്ചവടക്കാരുടെ ദുഃസ്ഥിതിയാണ് അവർക്കുണ്ടാവുക. 'ആചാര്യവാൻ പുരുഷോ വേദ' എന്ന ശ്രുതിവാക്യമാണ് ഇവിടെ പ്രമാണം.

## ശ്രീധരീയശ്ലോകവും അർത്ഥവും.

യദാ പരാനന്ദഗുരോ ഭവത്പദേ പദം മനോ മേ ഭഗവൻ ലഭേത
തദാ നിരസ്താഖിലസാധനാശ്രമഃ ശ്രയേയ സൌഖ്യം ഭവതഃ കൃപാതഃ.

പരമാനന്ദസ്വരൂപനായ സൽഗുരോ! ഭഗവാനേ! എപ്പോൾ എന്റെ മനസ്സ് ഭവാന്റെ തൃപ്പാദത്തിൽ സ്ഥാനമുറപ്പിക്കുന്നുവോ, അപ്പോൾ ഭവൽകാരുണ്യത്താൽ സമസ്തസാധനപരിശ്രമങ്ങളിൽനിന്നും മോചനം ലഭിച്ച് ഞാൻ പരമാനന്ദത്തെ പ്രാപിക്കുന്നതാണ്.

സ്വജനസുതാത്മദാരധനധാമധരാസുരഥൈ-
സ്ത്വയി സതി കിം നൃണാം ശ്രയത ആത്മനി സർവ്വരസേ
ഇതി സദജാനതാം മിഥുനതോ രതയേ ചരതാം
സുഖയതി കോ ന്വിഹ സ്വവിഹതേ സ്വനിരസ്തഭഗേ. 34

| | | | |
|---|---|---|---|
| നൃണാം | മനുഷ്യരുടെ ഇടയിൽ | സ്വജനസുതാത്മദാരധനധാമധരാസുരഥൈഃ | സ്വജനങ്ങൾ, പുത്രന്മാർ, ശരീരം, ഭാര്യ, ധനം, ഗൃഹം, ഭൂമി, പ്രാണേന്ദ്രിയങ്ങൾ, വാഹനങ്ങൾ എന്നു തുടങ്ങിയവയാൽ |
| (ത്വാം) ശ്രയതഃ | നിന്തിരുവടിയെ ആശ്രയിക്കുന്നവന്ന് | | |
| സർവ്വരസേ | അഖിലസുഖമയവും | | |
| ആത്മനി | ആത്മസ്വരൂപവുമായ | | |
| ത്വയി സതി | നിന്തിരുവടിയുള്ളപ്പോൾ | | |

| | | | |
|---|---|---|---|
| കിം | എന്തു കാര്യമുണ്ട് ? | സ്വവിഹതേ | സ്വതഃ ഏവ തന്നെ നാശ സ്വഭാവമുള്ളതും |
| ഇതി സത് | എന്നീവിധം സത്തിനെ | സ്വനിരസ്തഭഗേ | സ്വതഃ ഏവ തന്നെ നിരസിക്കപ്പെട്ട ഐശ്വര്യാദിയോടുകൂടിയതുമായ |
| അജാനതാം | അറിയാത്തവരായി. | | |
| മിഥുനത | ഇണചേർന്നുകൊണ്ടുള്ള | | |
| രതയെ | സുഖസംതൃപ്തിക്കുവേണ്ടി | ഇഹ | ഈ സന്നിധിയിൽ |
| ചരതാം | പ്രവർത്തിക്കുകയും ചെയ്യുന്ന ജനങ്ങളെ | കഃ നു | ഏതൊന്നാണ് |
| | | സുഖയതി | സുഖിപ്പിക്കുന്നതു് ? |

സാരാർത്ഥം :—ആത്മജ്ഞാനത്തിന്റെയും ഭക്തിയുടേയും അംഗമെന്ന നിലയ്ക്കു് വൈരാഗ്യത്തെക്കുറിച്ചു് പ്രതിപാദിക്കുന്നു—

അഖണ്ഡസുഖസ്വരൂപനും ശരണാഗതന്മാരുടെ ആത്മാവുമായ നിന്തിരുവടിയുള്ളപ്പോഴും സ്വജനപുത്രാദികൾമൂലം എന്തു സുഖം ലഭിക്കുവാനുണ്ടു് ? ഈ വാസ്തവത്തെ ചിന്തിച്ചുനോക്കാതെ സ്ത്രീപുരുഷസംബന്ധംകൊണ്ടുളവാകുന്ന മായാസുഖത്തിൽ ആസക്തി ചേർന്നിരിക്കുന്നവരെ സുഖിപ്പിക്കുവാൻ ഈ പ്രപഞ്ചത്തിലെ യാതൊന്നിനും സാധ്യമല്ല. എന്തെന്നാൽ പ്രപഞ്ചത്തിലെ സകല വസ്തുക്കളും നശ്വരസ്വഭാവമുള്ളവയാണ് ; മാത്രമല്ല, അന്തസ്സാരവിഹീനങ്ങളുമാണ്. അവ എന്തു സുഖമാണ് നൽകുന്നതു് ?

## ശ്രീധരീയശ്ലോകവും അർത്ഥവും.

ഭജതാം ഹി ഭവാൻ സാക്ഷാത് പരമാനന്ദചിദ്ഘനഃ
ആത്മൈവ കിമതഃ കൃത്യം തുച്ഛദാരസുതാദിഭിഃ

നിന്തിരുവടിയെ ഭജിക്കുന്നവർക്ക് നിന്തിരുവടിതന്നെ പരമാനന്ദസ്വരൂപമായ ആത്മാവായിട്ടു് പ്രകാശിക്കുന്നു. എന്നിരിക്കെ, അവർക്ക് ഭാര്യാപുത്രാദി തുച്ഛവിഷയങ്ങളെക്കൊണ്ടു് എന്തൊരാനന്ദം ലഭിക്കുവാനുണ്ടു് !

ഭുവി പുരുപുണ്യതീർത്ഥസദനാന്യൃഷയോ വിമദാ-
സ്ത ഉത ഭവത്പദാംബുജഹൃദോഽഘഭിദങ്ഘ്രിജലാഃ
ദധതി സകൃന്മനസ്ത്വയി യ ആത്മനി നിത്യസുഖേ
ന പുനരുപാസതേ പുരുഷസാരഹരാവസഥാൻ 35

| | | | |
|---|---|---|---|
| യേ ഋഷയഃ | യാതൊരു ഋഷിമാർ | ഉത | എങ്കിലും |
| വിമദാഃ | നിരഹങ്കാരികളായും | ഭുവി | ലോകത്തിലുള്ള |
| ഭവത്പദാം-ബുജഹൃദഃ | നിന്തിരുവടിയുടെ തൃപ്പാദപത്മത്തെ ഹൃദയത്തിൽ ചേർത്തവരായും ഭവിക്കുന്നുവോ, | പുരുപുണ്യ-തീർത്ഥസദനാനി | അനേകം പുണ്യതീർത്ഥങ്ങളേയും പുണ്യക്ഷേത്രങ്ങളേയും |
| | | ഉപാസതേ | ഉപാസിക്കുന്നു. |
| തേ | അവർ | (യതഃ യേ) | എന്തെന്നാൽ, യാതൊരുവർ |
| അഘഭിദങ്ഘ്രി-ജലാഃ | പാപനാശകമായ പാദോദകത്തോടുകൂടിയവരായിട്ടു് ഭവിക്കുന്നു. | നിത്യസുഖേ | ശാശ്വതസുഖസ്വരൂപനും, |

| | | | |
|---|---|---|---|
| ആത്മനി | ആത്മാവുമായിരിക്കുന്ന | (തേ) പുനഃ | അവർ, വീണ്ടും |
| ത്വയി | നിന്തിരുവടിയിൽ | പുരുഷസാര- | മനുഷ്യന്റെ ഉൾക്കരു |
| സകൃത് | ഒരിക്കലെങ്കിലും | ഹരാവസഥാൻ | ത്തു നശിപ്പിക്കുന്ന ഗൃഹ |
| മനഃ | മനസ്സിനെ | | ങ്ങളെ |
| ധത്തി | സമർപ്പിക്കുന്നുവോ, | ന | ഉപാസിക്കുന്നതല്ല. |

സാരാർത്ഥം:—വൈരാഗ്യം ഉറച്ച് ഈശ്വരനിൽനിന്നു മനസ്സു പതറാതെയിരിക്കുവാൻവേണ്ടി പുണ്യസ്ഥലങ്ങളിൽ വസിച്ചു സൽസംസർഗ്ഗം സാധിക്കേണ്ടതാകുന്നു എന്നതിലേക്കു ഋഷിച്ര്യകളെ ഉദാഹരിക്കുന്നു—

ജ്ഞാനംകൊണ്ടോ, തപഃസിദ്ധികൊണ്ടോ മറ്റോ ഉണ്ടാകാവുന്ന അഹങ്കാരം അല്പംപോലുമില്ലാതെ, നിന്തിരുവടിയുടെ പാദസംസ്മരണം ഉള്ളിലുറപ്പിച്ചുകൊണ്ടിരിക്കുന്ന ഋഷീശ്വരന്മാർ എവിടെ വസിച്ചാലും അവർക്കു സാംസാരികബന്ധം ഉണ്ടാകുന്നതല്ല. അവർ കാൽ കഴുകിയ വെള്ളം ഉപസ്പർശിച്ചാൽ മതി, പാപനിവൃത്തിയുണ്ടാകും. എന്നിരിക്കെക്കൂടി അവർ ഭൂമണ്ഡലത്തിലുള്ള പുണ്യതീർത്ഥങ്ങളേയും പുണ്യക്ഷേത്രങ്ങളേയും സമാശ്രയിക്കുന്നു. അവിടങ്ങളിൽ വസിച്ച് സജ്ജനസംസർഗ്ഗം സമ്പാദിച്ചു ദേഹഗേഹാദികളിലുള്ള വിരക്തിയെ ദൃഢപ്പെടുത്തുന്നു. ഒരിക്കലെങ്കിലും നിത്യാനന്ദസ്വരൂപനും, സർവ്വാത്മാവുമായ നിന്തിരുവടിയിൽ മനസ്സർപ്പിച്ചെന്നാൽ, പിന്നെ വിവേകം, വൈരാഗ്യം, ധൈര്യം, ക്ഷമ, മനസ്സമാധാനം എന്നീ ഗുണങ്ങളെ നശിപ്പിക്കുന്ന ഗൃഹങ്ങളിൽ മനുഷ്യൻ കുടുങ്ങിപ്പോകുന്നതല്ല.

## ശ്രീധരീയശ്ലോകവും അർത്ഥവും.

മുഞ്ചന്നംഗ തദംഗസംഗമനിശം ത്വാമേവ സഞ്ചിന്തയൻ
സന്തഃ സന്തി യതോ യതോ ഗതമദാസ്താനാശ്രമാനാവസൻ
നിത്യം തന്മുഖപങ്കജാദ്വിഗളിതത്വത്പുണ്യഗാഥാമൃത-
സ്രോതഃ സംപ്ലവസംപ്ലുതോ നരഹരേ ന സ്യാമഹം ദേഹഭൃത്.

ഹേ! നരസിംഹമൂർത്തേ! ശരീരത്തിലും ശരീരബന്ധങ്ങളായ വിഷയങ്ങളിലുമുള്ള ആസക്തിയെ ഉപേക്ഷിച്ചും, നിന്തിരുവടിയെത്തന്നെ അഹോരാത്രം ധ്യാനിച്ചും, അഹംകാരരഹിതരായ സജ്ജനങ്ങൾ ഏതേതു പുണ്യസ്ഥലങ്ങളിലുണ്ടോ, അവിടങ്ങളിൽ ചെന്നു വസിച്ചുകൊണ്ടും, അവരുടെ മുഖപങ്കജത്തിൽ പ്രസ്രവിക്കുന്ന നിന്തിരുവടിയുടെ സൽകഥകളാവുന്ന അമൃതസരിത്തിന്റെ പ്രവാഹത്തിൽ പ്രതിദിനം മുങ്ങിക്കുളിച്ചും കാലം കഴിച്ച്, ഇനിയും ശരീരധാരണത്തിനു ഞാൻ പാത്രീഭവിക്കാതിരിക്കട്ടെ!

സത ഇദമുത്ഥിതം സദിതി ചേന്നനു തർക്കഹതം
വ്യഭിചരതി ക്വ ച ക്വ ച മൃഷാ ന തഥോഭയയുക്
വ്യവഹൃതയേ വികല്പ ഇഷിതോഽന്ധപരമ്പരയാ
ഭ്രമയതി ഭാരതീ ത ഉരുവൃത്തിഭിരുക്ഥജഡാൻ.

| | |
|---|---|
| ഇദം | ഈ ജഗത്ത് |
| സതഃ | സത്തിൽനിന്ന് |
| ഉത്ഥിതം | ഉത്ഭവിച്ചതാകുന്നു എന്നതിനാൽ |
| സത് | സത്തുതന്നെയാണ് |
| ഇതി ചേത് | എന്നനുമാനിക്കുന്നുവെങ്കിൽ |
| നനു തർക്കഹതം | (ആ അനുമാനം) യുക്തിവിചാരത്താൽ ബാധിതമാകയില്ലേ? |
| (യതഃ) | എന്തുകൊണ്ടെന്നാൽ |
| ക്വചിത് | ചിലേടത്ത് |
| വ്യഭിചരതി | നിയമം തെറ്റുന്നു. |
| ക്വചിത് | ചിലേടത്ത് |
| മൃഷാ | മിഥ്യയായി ഭവിക്കുന്നു. |
| തഥാ | അപ്രകാരം |
| ഉഭയയുക് | രണ്ടിലും ചേർന്നതായിട്ടുള്ളതും |
| ന | അല്ല. |
| വ്യവഹൃതയേ | വ്യവഹാരത്തിനുവേണ്ടി |
| വികല്പഃ | ഭ്രമം |
| ഇഷിതഃ | ഇഷ്ടമായതുതന്നെ. |
| (സഃ) അന്ധ-പരമ്പരയാ | ആ ഭ്രമമാകട്ടെ അന്ധപരമ്പരാന്യായേന സംഭവിക്കുന്നു. |
| തേ | നിന്തിരുവടിയുടെ |
| ഭാരതീ | വാക്ക് (വേദവചനം) |
| ഉരുവൃത്തിഭിഃ | അനേകം ശബ്ദവൃത്തികൾകൊണ്ട് |
| ഉക്ഥജഡാൻ | കർമ്മശ്രദ്ധയാൽ മന്ദബുദ്ധികളായുള്ളവരെ |
| ഭ്രമയതി | മോഹിപ്പിക്കുന്നു. |

സാരാർത്ഥം:—മിഥ്യാജഗത്തിൽ ആസക്തിയരുതെന്നും, വിരക്തിയാണു വേണ്ടതെന്നും മുമ്പു പറഞ്ഞു. ഈ ശ്ലോകത്തിൽ ജഗത്ത് മിഥ്യയാണെന്നുള്ള തത്ത്വം ആശങ്കാസമാധാനങ്ങളെക്കൊണ്ട് യുക്തിയുക്തം ഉപപാദിക്കുന്നു—

ഈ ജഗത്ത് സത്തിൽനിന്നു—പാരമാർത്ഥികസത്യമായ ബ്രഹ്മത്തിൽനിന്നുണ്ടായതാണ്. അതിനാൽ ജഗത്തും പാരമാർത്ഥികമായ സത്യംതന്നെയാകണമെന്ന് അനുമിച്ചുകൂടെ? അരുത്. ഈ അനുമാനം യുക്തിസംഗതമല്ല. ജഗത്ത് സത്താണെന്നു നിർവ്വചിക്കാതെ 'സത്തിൽനിന്നുണ്ടായതാണെ'ന്നു നിർവ്വചിച്ചതിൽനിന്നുതന്നെ സത്തും ജഗത്തും തമ്മിൽ ഭേദമുണ്ടെന്നു ധരിക്കേണ്ടതാകുന്നു.

ഇവിടെ സത്ത് (ബ്രഹ്മം) കാരണവും, ജഗത്ത് കാര്യവുമാകുന്നു. "അതിൽനിന്നുണ്ടായത് അതുതന്നെ" എന്ന നിയമം അനുസരിച്ച് കാര്യകാരണങ്ങൾക്ക് അഭേദം കല്പിക്കുന്നതിൽ എന്തു വിരോധം? അപ്പോൾ ജഗത്തിന് പാരമാർത്ഥികസത്യത സിദ്ധമാകയില്ലേ എന്നാണെങ്കിൽ അതും ശരിയല്ല. അതിൽനിന്നുണ്ടായത് അതുതന്നെയാവുക എന്ന നിയമം ചില ദിക്കിൽ തെറ്റിപ്പോകും. പിതാവിൽനിന്നുണ്ടായ പുത്രൻ പിതാവുതന്നെ എന്നു വരുന്നതല്ല. ഉലക്കകൊണ്ടുണ്ടായ ഘടനാശം ഉലക്കതന്നെയെന്നും വരുന്നതല്ല. ആ സ്ഥിതിക്ക് പ്രസ്തുത അഭേദനിയമത്തിനു സാർവ്വത്രികസാധുത്വമെവിടെ?

കാരണത്തെ ഉപാദാനമായിട്ടാണ് ഇവിടെ എടുക്കേണ്ടത്? കടകകുണ്ഡലാദികൾക്ക് സ്വർണ്ണം ഉപാദാനകാരണമാകുന്നു. കടകകുണ്ഡലാദികൾ സ്വർണ്ണംതന്നെയല്ലെ? എന്നാൽ ഈ പക്ഷവും സാർവ്വത്രികസാധുത്വമുള്ളതല്ല. 'രജ്ജുസർപ്പഭ്രാന്തി'യിൽ ഉപാദാനകാരണമായ രജ്ജു (കയർ) സത്യവും, അതിൽ പ്രതീതമായ സർപ്പം മിഥ്യയുമാണ്. രജ്ജുവിൽ പ്രതീതമായ സർപ്പത്തിന്റെ ഉപാദാനകാരണം രജ്ജു മാത്രമല്ല, അതിനോട് അവിദ്യ (അജ്ഞാനം) കൂടി ചേർന്നിട്ടുണ്ട്. അവിദ്യായുക്തമായ രജ്ജുവാണ് സർപ്പഭ്രാന്തി

ക്ക കാരണമായത്. അതുപോലെ അവിദ്യായുക്തമായ സത്ത് ജഗത്തിന്റെ ഉപാദാന കാരണമാണെന്നു പറഞ്ഞുവരികയാണെങ്കിൽ, കൊള്ളാം. പക്ഷേ അവിദ്യായുക്തമായ സത്തിന്നു വാസ്തവികത്വമില്ലാത്തതിനാൽ സദുപാദാനത്വം ജഗത്തിന്നു സംഭവിക്കുന്നില്ല തന്നെ. അതിനാൽ രജ്ജുവിലുണ്ടായ സർപ്പപ്രതീതി മിത്ഥ്യയായിരിക്കുന്നപോലെ സത്തിൽ അവിദ്യയുടെ സംയോഗത്താൽ പ്രതീതമായ ഈ ജഗത്തും മിത്ഥ്യയാകുന്നു.

എങ്കിലും ജഗത്തിന്നു വ്യാവഹാരികസത്തയുണ്ട്. ഈ വ്യാവഹാരികസത്തയ്ക്കു വികല്പം (ഭ്രമം) മാത്രം മതി. കള്ളനാണ്യത്തെ ശരിയായ നാണ്യമാണെന്നു തെററായി ധരിച്ച് അതുകൊണ്ടു കൊള്ളക്കൊടുക്കലുകൾ നടത്തിവരുന്നതായാൽ അതിന്നു വ്യാവഹാരികത്വം സിദ്ധിക്കുമെങ്കിലും പാരമാർത്ഥികത്വം വരുന്നതല്ല. ഇതുപോലെ വികല്പകൃതമായ വ്യാവഹാരികസത്തയല്ലാതെ ജഗത്തിന്ന് പാരമാർത്ഥികസത്ത ഇല്ലതന്നെ. ഈ വികല്പം എങ്ങനെയുണ്ടായി; അതു മറെറാരു വികല്പത്തിൽനിന്നു. അതോ? ശരി, അങ്ങനെ ചിന്തിച്ചുനോക്കുമ്പോൾ വികല്പം അനാദിയാണെന്നു കാണാം. ഈ അനാദിയായ വികല്പം അന്ധപരമ്പരാന്യായേന പ്രവർത്തിച്ചുകൊണ്ടു മിത്ഥ്യാപ്രപഞ്ചത്തിന്ന് വ്യാവഹാരികസത്യത്വം ഉണ്ടാക്കിയിരിക്കയാണ്. ഇത് അജ്ഞന്മാർക്കല്ലാതെ വിജ്ഞന്മാർക്ക് ബാധകമല്ല.

എന്നാൽ 'അക്ഷയ്യം ഹ വൈ ചാതുർമ്മാസ്യയാജിനഃ സുകൃതം ഭവതി' ഇത്യാദി ശ്രുതിവാക്യങ്ങൾ കർമ്മഫലപ്രാപ്തമായ സ്വർഗ്ഗാദിലോകത്തെ നിത്യമെന്നു പ്രവചിക്കുന്നതോ? ആ ശ്രുതിവാക്യങ്ങളുടെ അർത്ഥത്തെ യഥാശ്രുതമായി ധരിച്ചതിൽ വന്ന പിശകാണ്. അക്ഷയ്യം എന്നതിന്നു സുദീർഘമെന്നേ അർത്ഥം കരുതേണ്ടതുള്ളു. കർമ്മത്തെ സംബന്ധിച്ച പ്രശംസാവചനം മാത്രമാണത്. ഭഗവദ്വചനങ്ങളായ സാക്ഷാൽ ശ്രുതികളുടെ പൊരുൾ ശൈലി, ലക്ഷണാ മുതലായ ശബ്ദവൃത്തികളെ ആശ്രയിച്ചു പരമാർത്ഥതേന മനസ്സിലാക്കുവാൻ കർമ്മഠന്മാർക്ക് സാധിക്കാതെ വരുന്നു.

## ശ്രീധരീയശ്ലോകവും അർത്ഥവും.

ഉദ്ഭൂതം ഭവതഃ സതോऽപി ഭുവനം സന്നൈവ സർപ്പഃ സ്രജഃ
കുർവ്വത് കാര്യമപി കൂടകനകം വേദോऽപി നൈവം പരഃ
അദ്വൈതം തവ സത്പരം തു പരമാനന്ദം പദം തന്മുദാ
വന്ദേ സുന്ദരമിന്ദിരാനത ഹരേ മാ മുഞ്ച മാമാനതം.

സത്യമാവുന്ന നിന്തിരുവടിയിൽനിന്നു ഉണ്ടായതെന്നിരിക്കിലും ഈ ഭുവനത്രയം സത്യമല്ല. അത് രജ്ജുസർപ്പംപോലെ മിഥ്യയാകുന്നു. കൃത്രിമസ്വർണ്ണം അങ്ങാടിയിൽ വിററഴിയുന്നുവെന്നു വന്നാലും, യഥാർത്ഥസ്വർണ്ണമാകയില്ല. അതുപോലെ ഭുവനത്രയത്തിന്നു വ്യാവഹാരികസത്യമുണ്ടെങ്കിലും യഥാർത്ഥ സത്യത്വമില്ല. വേദവും ജഗത്തിന്റെ സത്യതയെ ഉപപാദിക്കുന്നില്ല. ആകയാൽ നിന്തിരുവടിയുടെ തൃപ്പാദം മാത്രമാണ് പരമമായുള്ള സത്യവും, പരമമായ ആനന്ദവും, അല്ലയോ ഇന്ദിരാവന്ദിതനായ ശ്രീഹരേ! ഞാൻ പരമ സൌന്ദര്യധാമമായ ആ തൃപ്പാദത്തെ വന്ദിക്കുന്നു. ശരണാഗതനായ എന്നെ കൈവിട്ടുകളയരുതേ!

ന യദിദമഗ്ര ആസ ന ഭവിഷ്യദതോ നിധനാ-
ദനുമിതമന്തരാ ത്വയി വിഭാതി മൃഷൈകരസേ
അത ഉപമീയതേ ദ്രവിണജാതിവികല്പപഥൈ-
ർവ്വിതഥമനോവിലാസമൃതമിത്യവയന്ത്യബുധാഃ. 37

| | | | |
|---|---|---|---|
| യത് | യാതൊന്നു കാരണത്താൽ | മിതം | നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. |
| ഇദം | ഈ ജഗത്ത് | അതഃ | ആകയാൽ |
| ന ആസ | ഉണ്ടായിരുന്നില്ലയോ, | ദ്രവിണജാതി- വികല്പപഥൈഃ | ദ്രവ്യജാതികളുടെ വിഭേദങ്ങളാകുന്ന പ്രകാരങ്ങളെക്കൊണ്ടും |
| നിധനാത് അനു | പ്രളയത്തിനുശേഷം | | |
| ന ഭവിഷ്യത് | ഉണ്ടാവുകയുമില്ലയോ, | | |
| അതഃ | അക്കാരണത്താൽ | ഉപമീയതേ | സാദൃശ്യപ്പെടുത്തുന്നു. |
| അന്തരാ | ഇടക്കാലത്ത് | വിതഥമനോ- വിലാസം | അയഥാർത്ഥമായ മാനസികവിഭ്രമത്തെ |
| ഏകരസേ | കേവലാത്മാവായ | | |
| ത്വയി | നിന്തിരുവടിയിൽ | അബുധാഃ | അവിദ്വാന്മാർ |
| മൃഷാ | മിത്ഥ്യയായിട്ട് | ഋതം ഇതി | യഥാർത്ഥമെന്ന് |
| വിഭാതി | ശോഭിക്കുന്നുവെന്ന് | അവയന്തി | കരുതിവരുന്നു. |

സാരാർത്ഥം:—പ്രപഞ്ചത്തിന്റെ മിത്ഥ്യാത്വത്തെ പ്രമാണസഹിതം സ്ഥാപിക്കുന്നു—

ഈ ജഗത്ത് സൃഷ്ടിക്കുമുമ്പ് ഉണ്ടായിരുന്നതല്ല. പ്രളയാനന്തരം ഉണ്ടാകയുമില്ല. ഇവ രണ്ടിനും ഇടയ്ക്ക് കേവലാത്മാവിൽ മിത്ഥ്യാരൂപേണ പ്രതിഭാസിക്കുകയാണെന്ന് അതിനാൽ നിർണ്ണയിക്കാം. അതുകൊണ്ടുതന്നെയാണ് ശ്രുതികൾ ജഗത്തിനെ ദ്രവ്യങ്ങളുടെ വിഭേദപ്രകാരങ്ങളോടു സാദൃശ്യപ്പെടുത്തി വർണ്ണിക്കുന്നത്. ദ്രവ്യങ്ങൾ—മണ്ണ്, ഇരുമ്പ്, സ്വർണ്ണം മുതലായവ മാത്രമാണ് ഉണ്മയായിട്ടുള്ളത്. അവകൊണ്ടുണ്ടായ കുടവും, വാളും, കടകവും വെറും പേരുകളാകുന്നു. അതുപോലെ പ്രപഞ്ചമെന്നത് അഭിധേയം മാത്രമാണ്. സർവ്വകാരണമായ ബ്രഹ്മം ഒന്നേ സത്യമായിട്ടുള്ളു. അയഥാർത്ഥമായ ഒരു മനോവിഭ്രമമാകുന്ന ഈ പ്രപഞ്ചത്തെ അറിവില്ലാത്തവർ സത്യമെന്നു കരുതുന്നു.

## ശ്രീധരീയശ്ലോകവും അർത്ഥവും.

മുകടകുണ്ഡലകങ്കണകിങ്കിണീപരിണതം കനകം പരമാർത്ഥതഃ
മഹദഹംകൃതിഖപ്രമുഖം തഥാ നരഹരേ ന പരം പരമാർത്ഥതഃ.

സ്വർണ്ണത്തിന്ന് മുകടം, കുണ്ഡലം, കങ്കണം, കിങ്കിണി എന്നീ രൂപത്തിൽ പരിണാമം സംഭവിച്ചാലും അത് വാസ്തവത്തിൽ സ്വർണ്ണംതന്നെ. ഹേ നൃസിംഹമൂർത്തേ! അതുപോലെ മഹത്തത്ത്വം, അഹംകാരം, ആകാശം മുതലായ രൂപത്തിൽ അനുഭവപ്പെടുന്ന ഈ ജഗത്തും നിന്തിരുവടിയിൽനിന്ന് വാസ്തവത്തിൽ ഭിന്നമല്ല.

സ യദജയാ ത്വജാമനുശയീത ഗുണാംശ്ച ജുഷൻ
ഭജതി സരൂപതാം തദനു മൃത്യുമപേതഭഗഃ
ത്വമുത ജഹാസി താമഹിരിവ ത്വചമാത്തഭഗോ
മഹസി മഹീയസേഽഷ്ടഗുണിതേഽപരിമേയഭഗഃ. 38

| | |
|---|---|
| സഃ | അവൻ (ജീവൻ) |
| യത് | യാതൊരുനിമിത്തം |
| അജയാ | മായാഹേതുവായിട്ട് |
| അജാം തു | അവിദ്യയെത്തന്നെ |
| അനുശയീത | ആശ്ലേഷിക്കുമോ, |
| (തതഃ) | അതുനിമിത്തം |
| ഗുണാൻ ച | ഗുണങ്ങളേയും |
| തദനു | അനന്തരം |
| സരൂപതാം | തൽസാരൂപ്യത്തേയും |
| ജുഷൻ | പ്രാപിച്ചുകൊണ്ട് |
| അപേതഭഗഃ | കൈവിട്ടുപോയ ജ്ഞാനൈശ്വര്യാദികളോടു കൂടിയവനായി ഭവിച്ച് |
| മൃത്യും | മൃത്യുലക്ഷണമായ സംസാരത്തെ |
| ഭജതി | അനുഭവിക്കുന്നു. |
| ത്വം ഉത | പരമാത്മാവായ നിന്തിരുവടിയാകട്ടെ |
| ആത്തഭഗഃ | നിത്യസിദ്ധമായ ജ്ഞാനൈശ്വര്യാദികളോടു കൂടിയവനും |
| അപരിമേയഭഗഃ | ഇത്രയെന്നു കണക്കാക്കുവാൻ കഴിയാത്ത ജ്ഞാനൈശ്വര്യാദികളോടു കൂടിയവനും ആകുന്നു. |
| (അതഃ) | ആകയാൽ, |
| അഹിഃ | സർപ്പം |
| ത്വചം ഇവ | തോലിനെ (ഉറയെ) എന്നപോലെ |
| താം | അതിനെ (അവിദ്യയെ) |
| ജഹാസി | വിട്ടുകളയുന്നു; |
| അഷ്ടഗുണിതേ | അണിമാദ്യഷ്ടസിദ്ധികളോടുകൂടിയ |
| മഹസി | പരമൈശ്വര്യത്തിൽ |
| മഹീയസേ | വിളങ്ങുകയും ചെയ്യുന്നു. |

സാരാർത്ഥം:— പ്രപഞ്ചം മിഥ്യയാണെന്നു സമർത്ഥിച്ചുവല്ലോ. എന്നാൽ, അതിനോടു ജീവനു ബന്ധമുണ്ടാകുവാനും തരമില്ല. ഇല്ലാത്ത ഒന്നിനോട് എങ്ങനെയാണ് ബന്ധമുണ്ടാകുന്നത്? ബന്ധമില്ലെങ്കിൽ ജീവനും ഈശ്വരനും തമ്മിൽ ഭേദമെവിടെ? ഈശ്വരനെപ്പോലെ ജീവനും നിത്യമുക്തനാണെന്നല്ലേ കരുതേണ്ടത്? എന്നീ ആശങ്കകളെ നീക്കുന്നതിനുവേണ്ടി ജീവേശ്വരന്മാർക്കുള്ള വൈലക്ഷണ്യത്തെ ഇവിടെ എടുത്തുപറയുന്നു

ജീവൻ മായാമോഹംനിമിത്തം അനാദിയായ അവിദ്യയ്ക്കു വശംഗതനായി ഭവിക്കുമ്പോൾ ജീവന്റെ വാസ്തവികസ്വരൂപം (ജ്ഞാനൈശ്വര്യാനന്ദാദികത്വം) മറഞ്ഞുപോകുന്നു. അപ്പോൾ ജീവനു സത്ത്വാദിഗുണകാര്യങ്ങളായ ദേഹേന്ദ്രിയാദികളിൽ അഹന്താബുദ്ധിയും മമതാബുദ്ധിയും ഉദിക്കുന്നു. അവയുടെ ഉൽപത്തിനാശങ്ങളാണെന്നു തെററിദ്ധരിച്ച് സംസാരക്ലേശങ്ങളെ അനുഭവിച്ചുകൊണ്ടിരിക്കുന്നു എന്നാൽ പരമാത്മാവായ നിന്തിരുവടിയാകട്ടെ മേൽത്തൊലിയോടു ബന്ധമില്ലാത്ത സർപ്പശരീരംപോലെ അവിദ്യയോടു ബന്ധമില്ലാതെ സ്ഥിതിചെയ്യുന്നു. ആകയാൽ നിന്തിരുവടിയുടെ ജ്ഞാനൈശ്വര്യാദിലക്ഷണമായ അപരിമേയസ്വരൂപത്തെ മായയ്ക്കു മറയ്ക്കുവാൻ സാദ്ധ്യമല്ല. അണിമാദികളായ അഷ്ടസിദ്ധികളോടുകൂടിയ പരമൈശ്വര്യത്തിൽ വർത്തിക്കുന്ന നിന്തിരുവടിയുടെ മഹത്ത്വം കാലദേശാദികളാൽ സീമിതമല്ല; അത് അപരിച്ഛിന്നവും അനന്തവുമാകുന്നു.

## ശ്രീധരീയശ്ലോകവും അർത്ഥവും.

നൃത്യന്തി തവ വീക്ഷണാംഗണഗതാ കാലസ്വഭാവാദിഭി-
ർഭാവാൻ സത്ത്വരജസ്തമോഗുണമയാനുന്മീലയന്തീ ബഹൂൻ
മാമാക്രമ്യ പദാ ശിരസ്യതിഭരം സമ്മർദ്ദയന്ത്യാതുരം
മായാ തേ ശരണം ഗതോഽസ്മി നൃഹരേ ത്വാമേവ താം വാരയ

നിന്തിരുവടിയുടെ കടാക്ഷവീക്ഷണമാവുന്ന കളിമുററത്ത് കളിച്ചുകൊണ്ടിരിക്കുന്ന നിന്തിരുവടിയുടെ മായാദേവി കാലം, സ്വഭാവം മുതലായ ഉപകരണങ്ങളോടെ സത്വം, രജസ്സ്, തമസ്സ് എന്നീ ഗുണങ്ങളെ സംബന്ധിച്ച അസംഖ്യം ഭാവങ്ങളെ പ്രദർശിപ്പിച്ചുകൊണ്ട്, പരവശനായ എന്റെ ശിരസ്സിൽ കാലെടുത്തുവെച്ച് കനത്തിൽ ചവുട്ടി മെതിച്ചുകൊണ്ടിരിക്കുകയാണ്. ഹേ നൃസിംഹ! ഞാൻ ഭവാനെത്തന്നെ ശരണം പ്രാപിച്ചിരിക്കുന്നു. അവളെ തടഞ്ഞുനിർത്തണേ!

യദി ന സമുദ്ധരന്തി യതയോ ഹൃദി കാമജടാ
ദുരധിഗമോഽസതാം ഹൃദി ഗതോഽസ്മൃതകണ്ഠമണിഃ
അസുതൃപയോഗിനാമുഭയതോഽപ്യസുഖം ഭഗവ-
ന്നനപഗതാന്തകാദനധിരൂഢപദാദ്ഭവതഃ. 39

| | | | |
|---|---|---|---|
| ഭഗവൻ | ഭഗവാനേ! | അസുതൃപ- | ഇന്ദ്രിയങ്ങളെ സംതൃപ്തി |
| യതയഃ | സന്യാസിമാർ | യോഗിനാം | പ്പെടുത്തുവാൻ ശ്രമിക്കു |
| ഹൃദി | ഹൃദയത്തിലുള്ള | | ന്ന യോഗികൾക്ക് |
| കാമജടാഃ | കാമവാസനകളുടെ | അനപഗതാ- | ഒഴിഞ്ഞുമാറിപ്പോകാത്ത |
| | നാരായവേരുകളെ | ന്തകാത് | മൃത്യുവിൽനിന്നും, |
| യദി ന | അടിവേരോടെ പറിച്ചു | അനധിരൂഢ- | അവരാൽ ശരിയ്ക്കറിയ |
| സമുദ്ധരന്തി | കളയുന്നില്ലെങ്കിൽ | പദാത് | പ്പെട്ടിട്ടില്ലാത്ത സ്വരൂ |
| അസതാം | ആ അസജ്ജനങ്ങളുടെ | | പത്തോടുകൂടിയ |
| ഹൃദി | ഹൃദയത്തിൽ | ഭവതഃ | നിന്തിരുവടിയിൽനിന്നും |
| ഗതഃ | ഗതനായിരിക്കിലും | ഉഭയതഃ അപി | ഇങ്ങനെ രണ്ടുഭാഗത്തു |
| (ത്വം) | നിന്തിരുവടി | | നിന്നും—ഐഹികവും |
| അസ്മൃത- | മറക്കപ്പെട്ട കണ്ഠാഭരണമാ | | പാരത്രികവുമായി രണ്ടു |
| കണ്ഠമണിഃ | യിട്ട് | | പ്രകാരത്തിലുള്ളതായ |
| ദുരധിഗമഃ | ദുഷ്പ്രാപനായിഭവിക്കുന്നു. | അസുഖം | ദുഃഖം സംഭവിക്കുന്നു. |

സാരാർത്ഥം:— ഈശ്വരപ്രാപ്തിക്ക് വിഷയവൈരാഗ്യയുക്തമായ ഭക്തിയാണ് മുഖ്യമായുള്ളതെന്നു മുമ്പു പറഞ്ഞുവല്ലോ. ഈ വിഷയവൈരാഗ്യം വെറും ബാഹ്യാചരണമായാൽ പോരാ; ഹൃദയത്തിൽനിന്നുതന്നെ രാഗത്തെ വേരോടെ പറിച്ചുകളഞ്ഞില്ലെങ്കിൽ സന്യാസിയായിരുന്നാലും ഈശ്വരൻ ദുഷ്പ്രാപനായിരിക്കുമെന്ന് ഈ ശ്ലോകത്താൽ ധ്വനിപ്പിക്കുന്നു.—

ഒരാൾ യോഗിയോ സന്യാസിയോ ആയിരുന്നാലും സ്വഹൃദയത്തിൽനിന്ന് വിഷയവാസനകളെ നിശ്ശേഷം ഉച്ചാടിക്കാതിരുന്നാൽ ആയാൾ ഒരു യഥാർത്ഥ സാധകനല്ലാതായിത്തീരുന്നു. ഭഗവാൻ! നിന്തിരുവടി ആ മനുഷ്യന്റെ ഹൃദയത്തിൽ ഉണ്ടെന്നിരിക്കിലുംകൂടി ബാഹ്യചക്ഷുസ്സായ അവൻ അതറിയുന്നില്ല. കഴുത്തിൽ കെട്ടിയിരിക്കുന്ന രത്നത്തെ മറവിനിമിത്തം അങ്ങുമിങ്ങും തിരഞ്ഞുനടക്കുന്നപോലെ അവൻ ഹൃദിസ്ഥനായ ഈശ്വരനെ കണ്ടെത്താതെ അലയുന്നു. ഇത്തരക്കാർക്ക് നിന്തിരുവടിയെ പ്രാപിക്കുവാൻ സാധ്യമല്ല. ഇന്ദ്രിയങ്ങളെ തൃപ്തിപ്പെടുത്തുന്നതിൽ തൽപരരായ ഇത്തരം യോഗികൾക്ക് നേരിടുന്ന ക്ലേശം രണ്ടു പ്രകാരമാണ്. അനേക ജന്മങ്ങളാലും മൃത്യുവിൽനിന്ന് മോക്ഷം

ലഭിക്കുന്നില്ലെന്നതാണു അതിലൊന്ന്; നിന്തിരുവടിയുടെ സ്വരൂപസാക്ഷാൽകാരമില്ലാത്തതുകൊണ്ട് തന്റെ ധർമ്മകർമ്മങ്ങൾക്ക് ലോപം വരുത്തുകയാൽ പരലോകത്തിൽ ഉണ്ടാവുന്ന നരകഭയം മറ്റൊന്ന്.

## ശ്രീധരീയശ്ലോകവും അർത്ഥവും.

ദംഭന്യാസമിഷേണ വഞ്ചിതജനം ഭോഗൈകചിന്താതുരം
സമ്മുഹ്യന്തമഹർന്നിശം വിരചിതോദ്യോഗക്ലമൈരാകുലം
ആജ്ഞാലംഘിതമജ്ഞമജ്ഞജനതാസമ്മാനനാസന്മദം
ദീനാനാഥ ദയാനിധാന പരമാനന്ദ പ്രഭോ പാഹി മാം.

ഡംഭോടുകൂടിയ സന്ന്യാസവേഷത്താൽ ജനങ്ങളെ വഞ്ചിച്ചവനും, ഭോഗചിന്തയാൽത്തന്നെ വലഞ്ഞവനും, സ്വബോധമില്ലാതിരിക്കുന്നവനും, ധനാർജ്ജനത്തിനുള്ള പരിശ്രമങ്ങളാൽ വ്യാകുലനും, നിന്തിരുവടിയുടെ കല്പനയെ വകവെക്കാത്തവനും, അറിവില്ലാത്തവനും, അറിവില്ലാത്ത ജനങ്ങളുടെ ആദരവു ലഭിക്കയാൽ അഹങ്കരിച്ചിരിക്കുന്നവനും ആയ എന്നെ, ദീനന്മാരിലും അനാഥന്മാരിലും കാരുണ്യം കലർന്ന ഹേ പ്രഭോ! പരമാനന്ദസ്വരൂപ! രക്ഷിച്ചുകൊണ്ടാലും.

ത്വദവഗമീ ന വേത്തി ഭവദുത്ഥശുഭാശുഭയോ-
ർഗ്ഗുണവിഗുണാന്വയാംസ്തർഹി ദേഹഭൃതാം ച ഗിരഃ
അനുയുഗമന്വഹം സഗുണ ഗീതപരമ്പരയാ
ശ്രവണഭൃതോ യതസ്ത്വമപവർഗ്ഗഗതിർമ്മനുജൈഃ. 40

| | | | |
|---|---|---|---|
| സഗുണ | ഐശ്വര്യാദിഗുണോപേതനായ ഹേ പ്രഭോ! | ഗിരഃ ച | വിധിനിഷേധവാക്യങ്ങളേയും, |
| ത്വദവഗമീ | നിന്തിരുവടിയെ അറിയുന്ന ആൾ | (ന വേത്തി) | അറിയുന്നില്ല. |
| ഭവദുത്ഥശുഭാശുഭയോഃ | നിന്തിരുവടിയെ നിമിത്തീകരിച്ചുണ്ടായ പുണ്യപാപങ്ങളുടെ (ഫലങ്ങളായ) | യതഃ | എന്തുകൊണ്ടെന്നാൽ |
| ഗുണവിഗുണാന്വയാൻ | സുഖദുഃഖങ്ങളുടെ സംബന്ധങ്ങളെ | അനുയുഗം | യുഗംതോറും |
| ന വേത്തി | അറിയുന്നില്ല (അനുഭവിക്കുന്നില്ല). | ഗീതപരമ്പരയാ | ഉപദേശപാരമ്പര്യം ഹേതുവായിട്ടും |
| തർഹി | അപ്പോൾ | മനുജൈഃ | മനുഷ്യന്മാരാൽ |
| ദേഹഭൃതാം | ദേഹാഭിമാനികൾക്കുള്ള | അന്വഹം | പ്രതിദിനം |
| | | ശ്രവണഭൃതഃ | കേട്ടു ധരിക്കപ്പെട്ട |
| | | ത്വം | നിന്തിരുവടി |
| | | അപവർഗ്ഗഗതിഃ | അവർക്ക് മോക്ഷരൂപമായ ഗതിയായിട്ടു ഭവിക്കുന്നു. |

സാരാർത്ഥം:—'ഏഷ നിത്യോ മഹിമാ ബ്രാഹ്മണസ്യ ന കർമ്മഭിർവർദ്ധതേ നോ കനീയാൻ' (ബ്രാഹ്മണന്റെ—യതിയുടെ മാഹാത്മ്യം എന്നും ഒരുപോലെയാണ്. അതു കർമ്മത്താൽ വളരുന്നില്ല; തളരുന്നതുമില്ല.) എന്ന ശ്രുതിവാക്യമനുസരിച്ച് ഒരു കൃത്യവും ചെയ്യേണ്ടതില്ലാത്ത നിത്യമാഹാത്മ്യശാലിയായ യതിയെ പൂർവ്വശ്ലോകത്തിൽ ആക്ഷേപിച്ചതെന്തിനെന്നു പറയുന്നു—

ഐശ്വര്യാദിഷഡ്ഗുണസമ്പന്നനായ ഭഗവാനേ! നിന്തിരുവടിയുടെ യാഥാർത്ഥ്യമറിയുന്നവൻ കർമ്മഫലദാതാവായ നിന്തിരുവടിയാൽത്തന്നെ ഉണ്ടായ പ്രാക്തനപുണ്യപാപകർമ്മങ്ങളുടെ ഫലങ്ങളായ സുഖദുഃഖങ്ങളെ അനുഭവിക്കുന്നില്ല. അവൻ ഭോഗ്യത്തിൽനിന്നും ഭോക്തൃത്വത്തിൽനിന്നും അതീതനായി വർത്തിക്കുന്നു. ഈ നിലയിൽ അവന്ന് വിധിയും നിഷേധവും ഉൾക്കൊള്ളുന്ന ശാസ്ത്രോക്തികളെയും അറിയേണ്ടതില്ല. അവൻ ശാസ്ത്രോക്തങ്ങളായ വിധിനിഷേധങ്ങൾക്കും അതീതനാകുന്നു. അവ ദേഹാഭിമാനികൾക്കു മാത്രമുള്ളവയാണ്. നിന്തിരുവടിയുടെ വാസ്തവികസ്വരൂപത്തെ അറിയുന്ന പരമജ്ഞാനികൾക്കുള്ളതല്ല. അതുപോലെ നിന്തിരുവടിയുടെ യാഥാർത്ഥ്യമറിഞ്ഞില്ലെങ്കിലും, യാതൊരുവൻ ഓരോരോ യുഗങ്ങളിൽ നടന്ന നിന്തിരുവടിയുടെ ലീലാവതാരകഥകളേയും ഗുണങ്ങളേയും സത്തുക്കളുടെ ഉപദേശപരമ്പരയാൽ അനുദിനം കേട്ട് നിന്തിരുവടിയുടെ ശ്രീവിഗ്രഹത്തെ ഹൃദയത്തിൽ ഉറപ്പിക്കുന്നുവോ, ആ ഭക്തനും കർമ്മഫലങ്ങളായ സുഖദുഃഖങ്ങളെ അനുഭവിക്കുന്നില്ല. ശാസ്ത്രത്തിന്റെ വിധിയും നിഷേധവും ആ ഭക്തനെയും ബാധിക്കുന്നില്ല. നിന്തിരുവടി ആയവർക്കും മോക്ഷഗതിയായി ഭവിക്കുന്നു.

എന്നാൽ മേൽപ്രസ്താവിച്ചവിധം ജ്ഞാനിയോ ഭക്തനോ അല്ലെങ്കിൽ ശാസ്ത്രോക്തികളെ ഉല്ലംഘിച്ചുകൂടാത്തതാകുന്നു. ശാസ്ത്രോക്തികൾ അത്തരക്കാർക്കുള്ളതാണ്. ശാസ്ത്രമര്യാദയെ ഉപേക്ഷിച്ച്, പരവഞ്ചനാർത്ഥം യതിവേഷം ധരിച്ച്, ഇന്ദ്രിയസന്തർപ്പണലാലസതയോടെ ജീവിക്കുന്ന അവർക്ക് ഇഹലോകത്തിലും പരലോകത്തിലും സുഖം ലഭിക്കുന്നതല്ല.

## ശ്രീധരീയശ്ലോകവും അർത്ഥവും.

അവഗമം തവ മേ ദിശ മാധവ സ്ഫുരതി യന്ന സുഖാസുഖസംഗമഃ
ശ്രവണവർണ്ണനഭാവമഥാപി വാ ന ഹി ഭവാമി യഥാ വിധികിങ്കരഃ.

ഹേ മായാനാഥ! യാതൊന്നിനാൽ സുഖദുഃഖങ്ങളുടെ ബന്ധം ഉണ്ടാകയില്ലയോ, അങ്ങനെയുള്ള നിന്തിരുവടിയെ സംബന്ധിച്ചുള്ള ജ്ഞാനം എനിക്കുണ്ടാകട്ടെ അതല്ലെങ്കിൽ ശാസ്ത്രങ്ങളുടെ വിധിനിഷേധങ്ങൾക്ക് ദാസനാകാതിരിക്കുംപ്രകാരം നിന്തിരുവടിയുടെ ഗുണങ്ങളെ കേൾക്കുക, വർണ്ണിക്കുക എന്നിവയാൽ പ്രേമഭക്തി എനിക്കുണ്ടാകട്ടെ.

ദ്യുപതയ ഏവ തേ ന യയുരന്തമനന്തതയാ
ത്വമപി യദന്തരാണ്ഡനിചയാ നനു സാവരണാഃ
ഖ ഇവ രജാംസി വാന്തി വയസാ സഹ യച്ഛ്രുതയ-
സ്ത്വയി ഹി ഫലന്ത്യതന്നിരസനേന ഭവന്നിധനാഃ. 41

| | | | |
|---|---|---|---|
| ദ്യുപതയഃ ഏവ | സ്വർഗ്ഗാധിപതികളും തന്നെയും | ത്വം അപി | നിന്തിരുവടിപോലും |
| തേ | നിന്തിരുവടിയുടെ | (അന്തം | സ്വന്തം അററത്തെ |
| അന്തം | അററത്തെ | ന യയിഥ) | എത്തിയിട്ടില്ല. |
| ന യയുഃ | എത്തിയിട്ടില്ല. | നനു | എന്തൊരാശ്ചര്യം! |
| അനന്തതയാ | അററമില്ലാത്ത ആളായിരിക്കകൊണ്ട് | യദന്തരാ | യാതൊരു ഭവാന്റെ അന്തർഭാഗത്തിൽ |

| | | | |
|---|---|---|---|
| സാവരണാഃ | സപ്താവരണങ്ങളോടു കൂടിയ | യത് ഹി | ഏതുകൊണ്ടുതന്നെയാണ് |
| അണ്ഡനിചയാഃ | ലോകഗോളങ്ങളുടെ സമൂഹങ്ങൾ | അതന്നിരസനേന | അതല്ലാതെയുള്ള മററുള്ളവയെ മുഴുവനും നിരസിച്ചുകൊണ്ട് |
| ഖേ | അന്തരിക്ഷത്തിൽ | | |
| രജാംസി | ധൂളികണങ്ങൾ | ഭവന്നിധനാഃ | നിന്തിരുവടിയിൽ പരിസമാപ്തികൊണ്ടിരിക്കുന്ന |
| ഇവ | എന്നപോലെ | | |
| വയസാ | കാലശക്തിയാൽ | ശ്രുതയഃ | വേദാന്തവാക്യങ്ങൾ |
| സഹവാന്തി | ഒന്നിച്ചു ചുഴന്നുകൊണ്ടിരിക്കുന്നു. | ത്വയി | നിന്തിരുവടിയിൽ |
| | | ഫലന്തി | പര്യവസാനിക്കുന്നത്. |

സാരാൎത്ഥം:— ഈശ്വരയാഥാൎത്ഥ്യമറിയുന്നവൻ സുഖദുഃഖങ്ങളേയും വിധിനിഷേധങ്ങളേയും അറിയുന്നില്ലെന്നു പറഞ്ഞുവല്ലോ. ഈശ്വരയാഥാൎത്ഥ്യം അറിവിന്നു വിഷയമായതല്ലെന്നും മുൻപു പറകയുണ്ടായി. ഇതിൽ ആശയങ്ങൾക്ക് ഒരന്യോന്യവിരോധം ഉണ്ടാകുന്നില്ലേ? ഉണ്ടെന്നു തോന്നാം; പക്ഷേ, ഇല്ല. ഈശ്വരയാഥാൎത്ഥ്യം അറിവിന്നു വിഷയമാകയില്ലെന്നുള്ള അറിവാണ് ഈശ്വരനെ സംബന്ധിച്ചുള്ള അറിവ്. ഈശ്വരൻ വാക്കിന്നും മനസ്സിന്നും ഗോചരമല്ലാത്ത യഥാൎത്ഥവസ്തുവാണ്. ആകയാൽ ശ്രുതികൾ ഈശ്വരയാഥാൎത്ഥ്യത്തെ ലക്ഷണാവൃത്തികൊണ്ടുമാത്രം ഉൽബോധിപ്പിക്കുന്നുവെന്നു ബോധിപ്പിച്ചുകൊണ്ട് ശ്രുതിദേവതകൾ സ്തുതിയെ ഉപസംഹരിക്കുന്നു.

ഭഗവൻ! ദിവ്യലോകങ്ങളുടെ അധിപതികളായ ബ്രഹ്മേന്ദ്രാദികൾക്കുകൂടിയും നിന്തിരുവടിയുടെ അവധികണ്ടെത്തുവാൻ കഴികയില്ല. എന്തിനേറെ? നിന്തിരുവടിക്കുപോലും അതിന്നു സാദ്ധ്യമല്ല. അററമില്ലാത്ത പൊരുളിന്റെ കര കണ്ടെത്തുവാൻ ആൎക്കു കഴിയും? വായുമണ്ഡലത്തിൽ ചെറിയ മൺതരികൾ പറന്നുകൊണ്ടിരിക്കുന്നവിധം നിന്തിരുവടിയുടെ അന്തൎഭാഗത്തിൽ ഒന്നിനെക്കാൾ മറെറാന്നിന്നു പതിന്മടങ്ങു വിസ്തൃതികൂടിയ ഏഴേഴും ആവരണങ്ങളുള്ള അസംഖ്യം ബ്രഹ്മാണ്ഡങ്ങൾ കാലചക്രത്തിന്റെ ഗതിവേഗത്താൽ ഒന്നിച്ചു തിരിഞ്ഞുകൊണ്ടിരിക്കുന്നു. അങ്ങനെയുള്ള നിന്തിരുവടി കാലദേശാദികളാൽ സീമിതനല്ലാത്തതിനാൽ ആരുടേയും അറിവിന്നു വിഷയമാകാതെ സ്ഥിതിചെയ്യുന്ന നിത്യസത്യമായി വൎത്തിക്കുന്നു. ശ്രുതികളായ ഞങ്ങളും ഭവൽസ്വരൂപത്തെ സാക്ഷാത്തായി പ്രതിപാദിക്കുന്നതിൽ അസമൎത്ഥകളാണ്. ആകയാൽ ഞങ്ങൾ നിന്തിരുവടിയല്ലാത്ത വസ്തുക്കളെയെല്ലാം നിഷേധിച്ച്, അവസാനം ഞങ്ങളെത്തന്നെയും നിഷേധിച്ച് നിഷേധത്തിന്ന് അതീതമായി സ്ഥിതിചെയ്യുന്ന നിന്തിരുവടിയുടെ സ്വരൂപത്തെ താല്പൎയ്യാൎത്ഥത്താൽ ബോധിപ്പിക്കുന്നതിൽ പൎയ്യവസാനിക്കുന്നു.

## ശ്രീധരീയശ്ലോകവും അൎത്ഥവും.

ദ്യുപതയോ വിദുരന്തമനന്ത തേ ന ച ഭവാന്ന ഗിരഃ ശ്രുതിമൌലയഃ
ത്വയി ഫലന്തി യതോ നമ ഇത്യതേ ജയജയേതി ഭജേ തവ തത്പദം.

ഹേ അനന്ത! ബ്രഹ്മാദിദേവകൾപോലും നിന്തിരുവടിയുടേ അന്തമറിയുന്നില്ല. നിന്തിരുവടിയും അറിയുന്നില്ല. ഉപനിഷത്തുക്കളുംകൂടി നിന്തിരുവടിയെ സാക്ഷാത്തായി

ബോധിപ്പിക്കുവാൻ നിർവ്വാഹമില്ലാതെ താൽപര്യവൃത്ത്യാ ബോധിപ്പിക്കുകയാണ് ചെയ്യുന്നതു്. ആകയാൽ ഞാൻ 'നമോ നമഃ; ജയ ജയ' ഇത്യാദി സ്തുതിവചനങ്ങൾ ഉച്ചരിച്ചുകൊണ്ടു് ഭവൽപാദാരവിന്ദത്തെ ഭജിക്കുന്നു.

ശ്രീഭഗവാനുവാച=ശ്രീ ഭഗവാൻ പറഞ്ഞു :—

ഇത്യേതദ് ബ്രഹ്മണഃ പുത്രാ ആശ്രുത്യാത്മാനുശാസനം
സനന്ദനമഥാനർച്ചുഃ സിദ്ധാ ജ്ഞാത്വാഽഽത്മനോ ഗതിം. 42

| | | | |
|---|---|---|---|
| ബ്രഹ്മണഃ | ബ്രഹ്മാവിന്റെ | ഗതിം | തത്ത്വത്തെ |
| പുത്രാഃ | പുത്രന്മാരായ സനകാദി ഋഷികൾ | ജ്ഞാത്വാ | അറിഞ്ഞു്, |
| ഇതി ഏതത് | ഇപ്രകാരത്തിലുള്ള | സിദ്ധാഃ | കൃതാർത്ഥരായിട്ടു്, |
| ആത്മാനു- ശാസനം | ആത്മതത്ത്വാവബോധകമായ വേദസ്തുതിയെ | അഥ | അനന്തരം |
| ആശ്രുത്യ | കേട്ടു. | സനന്ദനം | പ്രവക്താവായ സനന്ദനനെ |
| ആത്മനഃ | ആത്മാവിന്റെ | ആനർച്ചുഃ | ആരാധിച്ചു. |

ഇത്യശേഷസമാമ്നായപുരാണോപനിഷദ്രസഃ
സമുദ്ധൃതഃ പൂർവ്വജാതൈർവ്യോമയാനൈർമ്മഹാത്മഭിഃ. 43

| | | | |
|---|---|---|---|
| ഇതി | ഈവിധം | പൂർവ്വജാതൈഃ | പൂർവ്വികരും |
| അശേഷ- സമാമ്നായ- പുരാണോപ- നിഷദ്രസഃ | എല്ലാ സമാമ്നായങ്ങളുടേയും, പുരാണങ്ങളുടേയും, ഉപനിഷത്തുകളുടേയും രസമെന്നപോലെയുള്ള സാരാർത്ഥം* | വ്യോമയാനൈഃ | ദിവ്യലോകചാരികളും |
| | | മഹാത്മഭിഃ | മഹാത്മാക്കളുമായ സനകാദികളാൽ |
| | | സമുദ്ധൃതഃ | നിർണ്ണയിക്കപ്പെട്ടിരിക്കുന്നു. |

ത്വം ചൈതദ് ബ്രഹ്മദായാദ ശ്രദ്ധയാഽഽത്മാനുശാസനം
ധാരയംശ്ചര ഗാം കാമം കാമാനാം ഭർജ്ജനം നൃണാം. 44

| | | | |
|---|---|---|---|
| ബ്രഹ്മദായാദ | ഹേ ബ്രഹ്മപുത്ര! | ഏതത് ആത്മാ- നുശാസനം | ഈ ആത്മതത്ത്വോപദേശത്തെ |
| ത്വം ച | അങ്ങയും | ശ്രദ്ധയാ | വിശ്വാസത്തോടെ |
| നൃണാം | ജീവാത്മാക്കൾക്കുള്ള | ധാരയൻ | ഉള്ളിലുറപ്പിച്ചുകൊണ്ടു് |
| കാമാനാം | മോക്ഷപ്രതിബന്ധങ്ങളായ വാസനാവിശേഷങ്ങളുടെ | കാമം | യഥേഷ്ടം |
| | | ഗാം | ലോകം മുഴുവനും |
| ഭർജ്ജനം | നിവർത്തകമായ | ചര | സഞ്ചരിച്ചുകൊൾക. |

*സമാമ്നായങ്ങൾ=കർമ്മപ്രതിപാദകങ്ങളായ വേദപൂർവ്വകാണ്ഡങ്ങൾ. ഉപനിഷത്തുകൾ=തത്ത്വജ്ഞാനപ്രതിപാദകങ്ങളായ വേദോത്തരകാണ്ഡങ്ങൾ.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം സ ഋഷിണാऽऽദിഷ്ടം ഗൃഹീത്വാ ശ്രദ്ധയാऽऽത്മവാൻ
പൂൎണ്ണഃ ശ്രുതധരോ രാജന്നാഹ വീരവ്രതോ മുനിഃ 45

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | സഃ മുനിഃ | ആ നാരദമുനി |
| വീരവ്രതഃ | നൈഷ്ഠികമായ ബ്രഹ്മചൎയ്യവ്രതത്തോടുകൂടിയവനും, | ഏവം | ഇപ്രകാരം |
| ശ്രുതധരഃ | ശ്രവിക്കപ്പെട്ടതിനെ അനുസന്ധാനം ചെയ്ത് ഉള്ളിലുറപ്പിക്കുവാൻ കഴിവുള്ളവനും, | ഋഷിണാ | നാരായണമുനിയാൽ |
| ആത്മവാൻ | ആത്മാനുഭവമുള്ള ആളുമായ | ആദിഷ്ടം | ഉപദേശിക്കപ്പെട്ടതിനെ |
| | | ശ്രദ്ധയാ | ശ്രദ്ധയോടെ |
| | | ഗൃഹീത്വാ | ഗ്രഹിച്ച് |
| | | പൂൎണ്ണഃ | ആനന്ദപൂൎണ്ണനായിട്ട് |
| | | ആഹ | പറഞ്ഞു. |

നാരദ ഉവാച—നാരദമുനി പറഞ്ഞു :—

നമസ്തസ്മൈ ഭഗവതേ കൃഷ്ണായാമലകീൎത്തയേ
യോ ധത്തേ സൎവ്വഭൂതാനാമഭവായോശതീഃ കലാഃ. 46

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | ധത്തേ | ധരിക്കുന്നുവോ |
| സൎവ്വഭൂതാനാം | സമസ്ത ജീവരാശികളുടേയും | തസ്മൈ | അങ്ങനെയുള്ള |
| അഭവായ | സംസാരനിവൃത്തിക്കായി | അമലകീൎത്തയേ | നിൎമ്മല കീൎത്തിമാനാം |
| ഉശതീഃ | കമനീയങ്ങളായ | ഭഗവതേ | ഐശ്വൎയ്യാദിഗുണോപേതനുമായ |
| കലാഃ | രൂപങ്ങളെ | കൃഷ്ണായ | ശ്രീകൃഷ്ണമൂൎത്തിക്ക് |
| | | നമഃ | നമസ്കാരം. |

ഇത്യാദ്യമൃഷിമാനമ്യ തച്ഛിഷ്യാംശ്ച മഹാത്മനഃ
തതോऽഗാദാശ്രമം സാക്ഷാൽ പിതുൎദ്വൈപായനസ്യ മേ. 47

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | തതഃ | അവിടെനിന്ന് |
| ആദ്യം | ആദിഭൂതനായ | മേ | എന്റെ |
| ഋഷിം | നാരായണഋഷിയേയും, | സാക്ഷാത് പിതുഃ | സാക്ഷാൽ പിതാവായ |
| മഹാത്മനഃ | മഹാത്മാക്കളായ | ദ്വൈപായനസ്യ | വ്യാസമഹൎഷിയുടെ |
| തച്ഛിഷ്യാൻ ച | അവിടത്തെ ശിഷ്യന്മാരേയും | ആശ്രമം | ആശ്രമത്തിലേക്ക് |
| ആനമ്യ | നമസ്കരിച്ച്, | അഗാത് | ശ്രീനാരദൻ പോയി. |

നോട്ട്:—വ്യാസമഹൎഷി അരണികൊണ്ട് തീ കടഞ്ഞെടുക്കുമ്പോൾ സംഗതിവശാൽ അതിൽ വീണുപോയ അദ്ദേഹത്തിന്റെ രേതസ്സിൽനിന്നാണ് ശ്രീശുകന്റെ ജനനം. മാതൃബന്ധം ശ്രീശുകനില്ല വ്യാസൻ മാത്രമാണ് ജന്മഹേതു. 'സാക്ഷാൽ പിതാ'വെന്നു പറഞ്ഞതു് അതുകൊണ്ടാണ്.

സഭാജിതോ ഭഗവതാ കൃതാസനപരിഗ്രഹഃ
തസ്മൈ തദ്വർണ്ണയാമാസ നാരായണമുഖാച്ഛ്രുതം. 48

| | | | |
|---|---|---|---|
| ഭഗവതാ | ഭഗവാനായ വ്യാസ മഹർഷിയാൽ | നാരായണമുഖാത് | ശ്രീനാരായണന്റെ തിരുമുഖത്തിൽനിന്ന് |
| സഭാജിതഃ | സൽകൃതനായി | ശ്രുതം | കേട്ടു ധരിക്കപ്പെട്ട |
| കൃതാസനപരിഗ്രഹഃ | നൽകപ്പെട്ട ആസനത്തെ സ്വീകരിച്ചിരുന്നരുളിയ ആ ശ്രീനാരദൻ | തത് | ആ ശ്രുതിഗീതത്തെ |
| | | തസ്മൈ | അദ്ദേഹത്തോട് |
| | | വർണ്ണയാമാസ | വിസ്തരിച്ചു. |

(പിന്നെ വ്യാസമഹർഷി തനിക്കും അതുപദേശിച്ചുവെന്ന് വ്യംഗ്യം.)

ഇത്യേതദ്വർണ്ണിതം രാജൻ യന്നഃ പ്രശ്നഃ കൃതസ്ത്വയാ
യഥാ ബ്രഹ്മണ്യനിർദ്ദേശ്യേ നിർഗ്ഗുണേഽപി മനശ്ചരേത്ഃ 49

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | അനിർദ്ദേശ്യേ | നിർദ്ദേശിക്കപ്പെടുവാൻ കഴിയാത്തതും |
| നഃ | നമ്മോട് | നിർഗ്ഗുണേ | ഗുണാതീതവുമായ |
| ത്വയാ | അങ്ങയാൽ | ബ്രഹ്മണി അപി | ബ്രഹ്മത്തിങ്കലും |
| കൃതഃ പ്രശ്നഃ | ചെയ്യപ്പെട്ട ചോദ്യം | മനഃ | മനസ്സ് |
| യത് | യാതൊന്നായിരുന്നുവോ (അതിന്നുത്തരമായിട്ട്) | ചരേത് | പ്രവർത്തിക്കുക |
| യഥാ | യാതൊരു പ്രകാരത്തിലാണോ | ഇതി ഏതത് | എന്നുള്ളത് |
| | | വർണ്ണിതം | വർണ്ണിക്കപ്പെട്ടിരിക്കുന്നു. |

സാരം: — അനിർദ്ദേശ്യമായ നിർഗ്ഗുണബ്രഹ്മത്തെ ഗുണവൃത്തികളുള്ള വേദങ്ങൾ ഉൽബോധിപ്പിക്കുന്നതെങ്ങനെയാണെന്ന് അങ്ങ് എന്നോടു ചോദിച്ചുവല്ലോ. ഞാൻ അതിന്നുള്ള ഉത്തരം പറഞ്ഞുകഴിഞ്ഞു. നിർഗ്ഗുണമായ ബ്രഹ്മത്തിൽ എങ്ങനെ മനസ്സ് പ്രവർത്തിക്കുന്നുവെന്നാണ് വേദങ്ങൾ ബോധിപ്പിക്കുന്നതെന്ന് അങ്ങ് അതിൽനിന്നു ഗ്രഹിച്ചിരിക്കേണ്ടതാണ്.

യോഽസ്യോത്പ്രേക്ഷക ആദിമധ്യനിധനേ യോഽവ്യക്തജീവേശ്വരോ
യഃ സൃഷ്ട്വേദമനുപ്രവിശ്യ ഋഷിണാ ചക്രേ പുരഃ ശാസ്തി താഃ
യം സമ്പദ്യ ജഹാത്യജാമനുശയീ സുപ്തഃ കുലായം യഥാ
തം കൈവല്യനിരസ്തയോനിമഭയം ധ്യായേദജസ്രം ഹരിം. 50

| | | | |
|---|---|---|---|
| യഃ | യാതൊരുവൻ | യഃ | യാതൊരുവൻ |
| അസ്യ | ഈ ജഗത്തിന്റെ | അവ്യക്തജീവേശ്വരഃ | പ്രകൃതിപുരുഷന്മാർക്ക് നിയന്താവായിരിക്കുന്നുവോ, |
| ഉത്പ്രേക്ഷകഃ | സങ്കല്പനായി, | | |
| ആദിമധ്യനിധനേ | സൃഷ്ടിസ്ഥിതിസംഹാരകർമ്മത്തിൽ | യഃ | യാതൊരുവൻ |
| (വർത്തതേ) | വർത്തിച്ചുകൊണ്ടിരിക്കുന്നുവോ, | ഇദം | ഈ ബ്രഹ്മാണ്ഡത്തെ |
| | | സൃഷ്ട്വാ | സൃഷ്ടിച്ച്, |

| | |
|---|---|
| ഋഷിണാ | ജീവനോടുകൂടി |
| അനുപ്രവിശ്യ | അനുപ്രവേശിച്ച്, |
| പുരഃ | ജീവന്റെ ഭോഗായതനങ്ങളായ ശരീരങ്ങളെ |
| ചക്രേ | സൃഷ്ടിക്കുകയും, |
| താഃ | അവയെ |
| ശാസ്തി | പരിപാലിക്കുകയും ചെയ്യുന്നുവോ, |
| യം | യാതൊരുവനെ |
| സംപദ്യ | സംപ്രാപിച്ച് |
| അനുശയീ | ജീവൻ, |
| കലായാം | ശരീരത്തെ |
| സുപ്തഃ | ഉറങ്ങിക്കിടക്കുന്നവൻ |
| യഥാ | എന്നതുപോലെ |
| അജാം | അവിദ്യയെ |
| ജഹാതി | വിട്ടുകളയുന്നുവോ, |
| തം | അങ്ങനെയുള്ളവനും |
| കൈവല്യ-നിരസ്തയോനിം | നിർവ്വികാരമായ സ്വരൂപാവസ്ഥാനത്താൽ നിരസിക്കപ്പെട്ട മൂലകാരണത്തോട (മായയോട്) കൂടിയവനും |
| അഭയം | ഭയനിവൃത്തകനുമായ |
| ഹരിം | ശ്രീഹരിയെ |
| ധ്യായേത് | ധ്യാനിക്കേണ്ടതാകുന്നു. |

സാരാംശം:— ഈ അദ്ധ്യായത്തിൽ 14 മുതല്ക്ക് 41 വരെയുള്ള 28 മന്ത്രങ്ങളാണ് ശ്രുതിഗീത. അതിലടങ്ങിയ തത്വങ്ങളെ ഈ പദ്യംകൊണ്ട് സംഗ്രഹിച്ച് അനുസ്മരിക്കുന്നു—

ഭഗവാൻ ജീവന്മാക്ക് സമസ്തപുരുഷാർത്ഥങ്ങളേയും സാധിപ്പിച്ചു കൊടുക്കുവാനായി ജഗൽസൃഷ്ട്യാദികൾ ചെയ്യണമെന്നു സങ്കല്പിച്ചു. സത്യസങ്കല്പനായ അവിടുന്ന് ജഗത്തിന്റെ സൃഷ്ടിസ്ഥിതിസംഹാരകാര്യങ്ങളിൽ ഒരുപോലെ വർത്തിക്കുകയും ചെയ്തു. ആകയാൽ ജഗത്തിന്റെ നിമിത്തവും ഉപാദാനവും ഭഗവാൻതന്നെ. പുരുഷനും പ്രകൃതിയുമാണ് പ്രപഞ്ചത്തിന്റെ നിമിത്തോപാദാനങ്ങളെന്നപക്ഷത്തിൽ അവയുടെ മൂലകാരണവും നിയന്താവും ഭഗവാനാണെന്നു ധരിച്ചുകൊള്ളണം. ഭഗവാൻ ജഗത്തിനെ സൃഷ്ടിച്ചശേഷം ജീവന്മാരോടുകൂടി അതിൽ അനുപ്രവേശിച്ചു. സൃഷ്ടിതന്നെ അവരുടെ സമുദ്ധരണത്തിന്നാണല്ലോ. ജീവന്മാർക്ക ഭോഗായതനങ്ങളായ നാനാശരീരങ്ങളെ ഉണ്ടാക്കി, അന്നാദിദാനത്താൽ അവയെ സംരക്ഷിക്കുന്നു. ഗുരൂപദേശംകൊണ്ടു ഭക്തിജ്ഞാനമാർഗ്ഗങ്ങളിലൂടെ ഭഗവത്തത്വാവബോധം സമ്പാദിച്ച ജീവന്മാർ ഭഗവാന്റെ മായയിൽനിന്ന്— അനാദിയായ അവിദ്യയിൽനിന്ന് മുക്തരായി ഭവിക്കുന്നു. ഉറങ്ങിക്കിടക്കുന്നവൻ അന്യദൃഷ്ടിയിൽ ശരീരവാനാണെങ്കിലും അവൻ സ്വശരീരത്തെ വിസ്മരിക്കുന്നുണ്ട്. അതുപോലെ ജീവന്മുക്തന്മാർ ബാഹ്യദൃഷ്ടിയിൽ ദേഹബന്ധമുള്ളവരും ദേഹകൃതമായ സുഖദുഃഖാദികൾ അനുഭവിക്കുന്നവരുമായി തോന്നുമെങ്കിലും, വാസ്തവത്തിൽ അവർ അതൊന്നുമില്ലാത്ത ആനന്ദപൂർണ്ണരാണ്. നിർവ്വികാരസ്വരൂപനായ ഭഗവാനാകട്ടെ മായാബദ്ധനല്ലാത്തതിനാൽ നിത്യമുക്തനായി, ഭക്തന്മാർക്ക് അഭയപ്രദനായി, എന്നും അഴിവില്ലാതെ പരിലസിക്കുന്നു. ആകയാൽ ആ ശ്രീഹരിയെ മുമുക്ഷുക്കളായ സകലജനങ്ങളും എല്ലാനേരത്തും ഉപാസിക്കേണ്ടതാകുന്നു.

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
നാരദനാരായണസംവാദേ വേദസ്തുതിർന്നാമ സപ്താശീതിതമോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3790.

# അഷ്ടാശീതിതമോഽദ്ധ്യായഃ=എൺപത്തെട്ടാം അദ്ധ്യായം.

---

[അഷ്ടാശീതിതമേ വിഷ്ണുഭക്തഃ കൈവല്യമശ്നുതേ.
തതോഽന്യാഗ്ദേവഭക്തസ്തു വിഭൂതിമിതിവർണ്ണ്യതേ.]

(വിഷ്ണുഭക്തന്മാൎക്കും ഇതരദേവഭക്തന്മാൎക്കും തമ്മിലുള്ള അന്തരത്തെക്കുറിച്ചുള്ള
പ്രസ്താവവും, തദ്ദോഷക്ഷണവും.)

രാജോവാച=രാജാവു് ചോദിച്ചു:—

ദേവാസുരമനുഷ്യേഷു യേ ഭജന്ത്യശിവം ശിവം
പ്രായസ്തേ ധനിനോ ഭോജാ ന തു ലക്ഷ്മ്യാഃ പതിം ഹരിം. 1

| | | | |
|---|---|---|---|
| ദേവാസുര—മനുഷ്യേഷു | ദേവന്മാർ, അസുരന്മാർ, മനുഷ്യന്മാർ എന്നിവരുടെ ഇടയിൽ | ധനിനഃ | സമ്പന്നന്മാരായും |
| യേ | യാവചിലർ | ഭോജാഃ | ഭോഗാനുഭവമുള്ളവരായും കാണപ്പെടുന്നു. |
| അശിവം | മംഗളവസ്തുക്കളൊന്നുമില്ലാത്ത ഭോഗങ്ങളെല്ലാം ത്യജിച്ചിരിക്കുന്ന | തു | എന്നാൽ |
| ശിവം | ശിവനെ | ലക്ഷ്മ്യാഃ | സമ്പദ്ദേവതയുടെ |
| ഭജന്തി തേ | ഭജിക്കുന്നുവോ, അവർ | പതിം | നാഥനായ |
| പ്രായഃ | അധികപക്ഷവും | ഹരിം | വിഷ്ണുവിനെ ഭജിക്കുന്നവർ |
| | | ന | അങ്ങിനെ കാണപ്പെടുന്നില്ല. |

ഏതദ്വേദിതുമിച്ഛാമഃ സന്ദേഹോഽത്ര മഹാൻ ഹി നഃ
വിരുദ്ധശീലയോഃ പ്രഭ്വോർവിരുദ്ധാ ഭജതാം ഗതിഃ. 2

| | | | |
|---|---|---|---|
| വിരുദ്ധ—ശീലയോഃ | അന്യോന്യം പൊരുത്തമില്ലാത്ത സ്വഭാവത്തോടുകൂടിയ | ഏതത് | ഇതിനെക്കുറിച്ചു് |
| പ്രഭ്വോഃ | ഈ രണ്ടുദേവന്മാരെ | വേദിതും | അറിയുവാൻ |
| ഭജതാം | ഭജിക്കുന്നവൎക്കുള്ള | ഇച്ഛാമഃ | ആഗ്രഹിക്കുന്നു. |
| ഗതിഃ | ഫലവും | ഹി | എന്തെന്നാൽ |
| വിരുദ്ധാ | പൊരുത്തമില്ലാത്തതാണു്. | അത്ര നഃ | ഇതിൽ ഞങ്ങൾക്കു് |
| | | മഹാൻ | വലിയ |
| | | സന്ദേഹഃ | സംശയമുണ്ടു്. |

നോട്ടു്:— ശിവൻ സകല ഭോഗങ്ങളും പരിത്യജിച്ചിരിക്കുന്ന ഈശ്വരനാണു്. വിഷ്ണുവാകട്ടെ ഭോഗൈകസാധനമായ സമ്പത്തിന്റെ അധീശ്വരിയായ മഹാലക്ഷ്മിയുടെ നായകനും. എന്നാൽ ശിവനെ ഭജിക്കുന്നവൎക്കു് സമ്പത്തും ഭോഗാഭിവൃദ്ധിയും ഉണ്ടാവുന്നു. വിഷ്ണുവിനെ ഭജിക്കുന്നവൎക്കു് നിഷ്കിഞ്ചനത്വവും ഭോഗനാശവുമാണു് സംഭവിക്കുന്നതു്. ഈ വിരോധാഭാസത്തിനു ഹേതുവെന്തെന്നു് പരീക്ഷിത്തു് ശ്രീശുകനോടു ചോദിക്കുന്നു.

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

ശിവഃ ശക്തിയുതഃ ശശ്വത് ത്രിലിംഗോ ഗുണസംവൃതഃ
വൈകാരികസ്തൈജസശ്ച താമസശ്ചേത്യഹം ത്രിധാ. 3

| | |
|---|---|
| ശശ്വത് | എപ്പോഴും |
| ശക്തിയുതഃ | ശക്തിയോടു ചേർന്നിരിക്കുന്ന |
| ശിവഃ | ശിവൻ |
| ത്രിലിംഗഃ | ത്രിഗുണങ്ങളുടെ ലക്ഷണത്തോടുകൂടിയവനാകുന്നു. |
| ഗുണസംവൃതഃ | തന്നിമിത്തം പ്രകൃതിഗുണങ്ങളാൽ സംവരണം ചെയ്യപ്പെട്ടവനുമാകുന്നു. |
| അഹം ച | അഹങ്കാരമാകട്ടെ |
| വൈകാരികഃ | സാത്വികമെന്നും, |
| തൈജസഃ | രാജസമെന്നും, |
| താമസഃ ച | താമസമെന്നും |
| ഇതി | ഇങ്ങനെ |
| ത്രിധാ | മൂന്നുപ്രകാരത്തിലാണ്. |

നോട്ട്: — ഗുണസാമ്യാവസ്ഥയിലുള്ള പ്രകൃത്യുപാധിയോടുകൂടിയ നിത്യമുക്തനായ സർവ്വേശ്വരന്റെ ഒരു വിശിഷ്ടാവിർഭാവമാണ് ശിവസ്വരൂപം. യഥാർത്ഥത്തിൽ ശാശ്വതാനന്ദമൂർത്തിയായ പുരുഷൻതന്നെയാണ് ശിവനും. ഗുണക്ഷോഭം സംഭവിക്കുമ്പോൾ ഈശ്വരനും ഗുണത്രയയുക്തനാകുന്നുണ്ട്. ഗുണങ്ങളാകട്ടെ അന്യോന്യസംഘർഷംകൊണ്ട് സാത്വികം, രാജസം, താമസം എന്നിങ്ങനെ മൂന്നായി പിരിയുന്നുണ്ടല്ലോ. പ്രകൃതിയുടെ ഈ മൂന്നുവിധം ഗുണങ്ങളാലുള്ള സംവൃതത്വം ഈശ്വരനിൽ സംഭവിക്കുന്നു. മാത്രമല്ല, താമസാഹങ്കാരത്തിന്റെ അധിഷ്ഠാതൃത്വമുള്ള ഈശ്വരസത്തയാണ് ശിവാദിസംജ്ഞകളാൽ സങ്കല്പിക്കപ്പെട്ടുവരുന്നതും. വിഭൂതികൾ ഗുണകാര്യങ്ങളാകയാൽ ശിവഭജനംകൊണ്ട് അവ സിദ്ധിക്കുന്നു. അതിനുള്ള കാരണം ശിവന്റെ ഗുണാധിഷ്ഠാതൃത്വംതന്നെ.

എന്നാൽ സാത്വികത്വേനയും നിർഗ്ഗുണത്വേനയും പരമശിവനെ ഭാവനചെയ്തു ഭജിക്കുന്നതായാൽ വിഷ്ണുഭജനംകൊണ്ടു സാദ്ധ്യമാകുന്ന പരമാത്മജ്ഞാനവും പരമപുരുഷാർത്ഥമായ മുക്തിയും സിദ്ധിക്കുന്നതാകുന്നു.

തതോ വികാരാ അഭവൻ ഷോഡശാമീഷു കഞ്ചന
ഉപധാവൻ വിഭൂതീനാം സർവ്വാസാമശ്നുതേ ഗതിം. 4

| | |
|---|---|
| തതഃ | അതിൽനിന്ന് (മൂന്നുവിധമായ അഹങ്കാരത്തിൽനിന്ന്) |
| ഷോഡശ | പതിനാറ് |
| വികാരാഃ | വികാരങ്ങൾ |
| അഭവൻ | ഉണ്ടായി |
| അമീഷു | ഇവയിൽവെച്ച് |
| കഞ്ചന | ഏതെങ്കിലും ഒരു വികാരോപാധിയോടുകൂടിയ ദേവനെ |
| ഉപധാവൻ | ഭജിച്ചുകൊണ്ടിരിക്കുന്നവൻ |
| സർവ്വാസാം | എല്ലാതരത്തിലുമുള്ള |
| വിഭൂതീനാം | വിഭൂതികളുടേയും |
| ഗതിം | ഫലത്തെ |
| അശ്നുതേ | അനുഭവിക്കുന്നു. |

നോട്ട്: — സാത്വികാഹങ്കാരത്തിൽനിന്ന് മനസ്സും, രാജസാഹങ്കാരത്തിൽനിന്നു ദശേന്ദ്രിയങ്ങളും, താമസാഹങ്കാരത്തിൽനിന്ന് പഞ്ചമഹാഭൂതങ്ങളും ഉണ്ടായി. ഇങ്ങനെ പതിനാറു വികാരങ്ങൾ. ഇവയിൽ ഏതെങ്കിലും ഒരു വികാരത്തിന്റെ അധിഷ്ഠാതാവായ

ദേവനെ ഭജിച്ചാൽ സർവ്വവിഭൂതികളും സിദ്ധിക്കുന്നു. ഏതെങ്കിലും ഒരു ഭൗതികസുഖത്തെ ഉദ്ദേശിച്ച് സഗുണമൂർത്തികളെ ഉപാസിച്ചാൽ എല്ലാ ഭൗതികസുഖങ്ങളും സാധിക്കാമെന്നു സാരം. സുഖങ്ങൾക്ക് അന്യോന്യാപേക്ഷയുള്ളതുകൊണ്ട് ഒന്നിന്റെ പരിപൂർത്തിക്കായി മററുള്ളവയും സ്വയം വന്നുചേരുന്നു.

ഹരിർഹി നിർഗ്ഗുണഃ സാക്ഷാത് പുരുഷഃ പ്രകൃതേഃ പരഃ
സ സർവ്വദൃഗുപദ്രഷ്ടാ തം ഭജൻ നിർഗ്ഗുണോ ഭവേത് 5

| | | | |
|---|---|---|---|
| ഹരിഃ ഹി | വിഷ്ണുവാകട്ടെ | സർവ്വദൃക് | എല്ലാം ദർശിക്കുന്നവനും |
| നിർഗ്ഗുണഃ | ഗുണാതീതനാകുന്നു. | ഉപദ്രഷ്ടാ | സാക്ഷിഭൂതനുമാകുന്നു. |
| പ്രകൃതേഃ | പ്രകൃതിയിൽനിന്ന് | തം | അപ്രകാരമിരിക്കുന്ന വിഷ്ണുവിനെ |
| പരഃ | ഉപരിയായി നില്ക്കുന്ന | | |
| സാക്ഷാത് | കേവലാത്മാവായ | ഭജൻ | ഭജിക്കുന്നവൻ |
| പുരുഷഃ | പരമപുരുഷനാകുന്നു. | നിർഗ്ഗുണഃ | ഗുണനിർമ്മുക്തനായും |
| സഃ | അവിടുന്ന് | ഭവേത് | ഭവിക്കുന്നു. |

നിവൃത്തേഷ്വശ്വമേധേഷു രാജാ യുഷ്മത്പിതാമഹഃ
ശൃണ്വൻ ഭഗവതോ ധർമ്മാനപൃച്ഛദിദമച്യുതം 6

| | | | |
|---|---|---|---|
| അശ്വമേധേഷു | അശ്വമേധയാഗങ്ങൾ | ധർമ്മാൻ | ധർമ്മരഹസ്യങ്ങളെ |
| നിവൃത്തേഷു | സമാപിച്ചതിൽപിന്നെ | ശൃണ്വൻ | കേൾപ്പാനാഗ്രഹിച്ചുകൊണ്ട് |
| യുഷ്മത്-പിതാമഹഃ | അങ്ങയുടെ പിതാമഹനായ | അച്യുതം | ശ്രീകൃഷ്ണനോട് |
| രാജാ | ധർമ്മപുത്രമഹാരാജാവ് | ഇദം | ഇതുതന്നെ |
| ഭഗവതഃ | ഭഗവാനിൽനിന്നുതന്നെ | അപൃച്ഛത് | ചോദിക്കയുണ്ടായി. |

സ ആഹ ഭഗവാംസ്തസ്മൈ പ്രീതഃ ശുശ്രൂഷവേ പ്രഭുഃ
നൄണാം നിഃശ്രേയസാർത്ഥായ യോऽവതീർണ്ണോ യദോഃ കുലേ 7

| | | | |
|---|---|---|---|
| നൄണാം | മനുഷ്യർക്ക് | സഃ പ്രഭുഃ | ആ സർവ്വശക്തനും, |
| നിഃശ്രേയസാർത്ഥായ | ക്ഷേമത്തെ സാധിപ്പിച്ചുകൊടുക്കുന്നതിന്നായി | ഭഗവാൻ | സർവ്വജ്ഞനുമായ ശ്രീകൃഷ്ണൻ |
| യഃ | യാതൊരാൾ | പ്രീതഃ | സന്തുഷ്ടനായിട്ട് |
| യദോഃ | യദുമഹാരാജാവിന്റെ | ശുശ്രൂഷവേ | കേൾപ്പാനിച്ഛിച്ചുകൊണ്ടിരിക്കുന്ന |
| കുലേ | വംശത്തിൽ | തസ്മൈ | അദ്ദേഹത്തോട് |
| അവതീർണ്ണഃ | അവതരിച്ചുവോ, | ആഹ | പറഞ്ഞു. |

ശ്രീഭഗവാനുവാച=ശ്രീ ഭഗവാൻ പറഞ്ഞു :—

യസ്യാഹമനുഗൃഹ്ണാമി ഹരിഷ്യേ തദ്ധനം ശനൈഃ
തതോऽധനം ത്യജന്ത്യസ്യ സ്വജനാ ദുഃഖദുഃഖിതം. 8

| | | | |
|---|---|---|---|
| അഹം യസ്യ | ഞാൻ യാതൊരാളെ | ദുഃഖദുഃഖിതം | ദുഃഖത്തോടു ദുഃഖം കൂടിച്ചു<br>യായിട്ടനുഭവിക്കുന്ന |
| അനുഗൃഹ്ണാമി | അനുഗ്രഹിക്കുന്നുവോ | | |
| തദ്ധനം | അവന്റെ ധനത്തെ | അധനം | ആ നിർദ്ധനനെ |
| ശനൈഃ | സാവധാനത്തിൽ | തസ്യ | അവന്റെ |
| ഹരിഷ്യേ | പിടിച്ചുപറിക്കുന്നു. | സ്വജനാഃ | ബന്ധുജനങ്ങൾ |
| തതഃ | അതുനിമിത്തം | ത്യജന്തി | ഉപേക്ഷിക്കുന്നു. |

സ യദാ വിതഥോദ്യോഗോ നിർവ്വിണ്ണഃ സ്യാദ്ധനേഹയാ
മത്പരൈഃ കൃതമൈത്രസ്യ കരിഷ്യേ മദനുഗ്രഹം. 9

| | | | |
|---|---|---|---|
| സഃ യദാ | അവൻ അപ്പോൾ | സ്യാത് | ഭവിക്കുന്നതാണ്. |
| വിതഥോദ്യോഗഃ | നിഷ്ഫലമായ ധനസമ്പാദനോദ്യമത്തോടുകൂടിയവനായി ഭവിക്കുന്നുവോ അപ്പോൾ, | മത്പരൈഃ | എന്റെ ഭക്തന്മാരോടുകൂടി |
| | | കൃതമൈത്രസ്യ | സ്നേഹബന്ധം സമ്പാദിച്ച അവന് |
| ധനേഹയാ | ധനത്തിനുവേണ്ടിയുള്ള പ്രവർത്തനത്താൽ | മദനുഗ്രഹം | എന്റെ അനുഗ്രഹത്തെ |
| നിർവ്വിണ്ണഃ | വിരക്തനായി | കരിഷ്യേ | ഞാൻ സാധിപ്പിക്കുന്നതാകുന്നു |

തദ്ബ്രഹ്മപരമം സൂക്ഷ്മം ചിന്മാത്രം സദനന്തകം
അതോ മാം സുദുരാരാധ്യം ഹിത്വാന്യാൻ ഭജതേ ജനഃ. 10

| | | | |
|---|---|---|---|
| തത് ബ്രഹ്മ | ആ ബ്രഹ്മം | അതഃ | അതിനാൽ |
| പരമം | അത്യന്തം | സുദുരാരാധ്യം | ഏറ്റവും ദുരാരാധ്യനായ |
| സൂക്ഷ്മം | സൂക്ഷ്മമായുള്ളതും | മാം ഹിത്വാ | എന്നെ ഉപേക്ഷിച്ച് |
| ചിന്മാത്രം | ജ്ഞാനഘനവും | അന്യാൻ | മറ്റു ദേവന്മാരെ |
| സത് | ശാശ്വതവും, | ജനഃ | സാധാരണ ജനം |
| അനന്തകം | അപരിച്ഛിന്നവുമാണ് | ഭജതേ | ഭജിക്കുന്നു. |

തതസ്ത ആശുതോഷേഭ്യോ ലബ്ധരാജ്യശ്രിയോദ്ധതാഃ
മത്താഃ പ്രമത്താ വരദാൻ വിസ്മരന്ത്യവജാനതേ. 11

| | | | |
|---|---|---|---|
| തതഃ തേ | അതുകൊണ്ട് അവർ | പ്രമത്താഃ | ആരേയും വകവെക്കാത്തവരായും ഭവിച്ച് |
| ആശുതോഷേഭ്യഃ | ശീഘ്രപ്രസാദികളായ ദേവന്മാരിൽനിന്ന് | വരദാൻ | വരംകൊടുത്ത ദേവന്മാരെത്തന്നെ |
| ലബ്ധരാജ്യശ്രിയാ | ലഭിക്കപ്പെട്ട രാജ്യാദി സമ്പത്തിനാൽ | വിസ്മരന്തി | മറന്നുകളയുന്നു. |
| ഉദ്ധതാഃ | ഉന്മാർഗ്ഗഗാമികളായും | അവജാനതേ | അവമാനിക്കയും ചെയ്യുന്നു |
| മത്താഃ | ഗർവ്വിതരായും | | |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ശാപപ്രസാദയോരീശാ ബ്രഹ്മവിഷ്ണുശിവാദയഃ
സദ്യഃശാപപ്രസാദോഽങ്ഗ ശിവോ ബ്രഹ്മാ ന ചാച്യുതഃ, 12

| | | | |
|---|---|---|---|
| അംഗ | അല്ലയോ പരീക്ഷിത്തേ! | സദ്യഃ | ഉടനടി |
| ബ്രഹ്മവിഷ്ണു-ശിവാദയഃ | ബ്രഹ്മാവ്, വിഷ്ണു, ശിവൻ, മുതലായ ദേവന്മാരെല്ലാംതന്നെ | ശാപപ്രസാദഃ | ശാപവും പ്രസാദവും കൊടുക്കുന്ന ദേവൻ |
| ശാപ-പ്രസാദയോഃ | ശാപത്തിന്നും പ്രസാദത്തിന്നും | ശിവഃ | ശിവനാകുന്നു. |
| ഈശാഃ | കഴിവുള്ളവരാണ്. | ബ്രഹ്മാ ച | ബ്രഹ്മാവും അങ്ങനെയാണ്. |
| | | അച്യുതഃ | വിഷ്ണുവാകട്ടെ |
| | | ന | അങ്ങനെയല്ല. |

അത്ര ചോദാഹരന്തീമമിതിഹാസം പുരാതനം
വൃകാസുരായ ഗിരിശോ വരം ദത്ത്വാഽഽപ സങ്കടം. 13

| | | | |
|---|---|---|---|
| ഗിരിശഃ | പരമശിവൻ | ഇമം | എന്നുള്ള ഈ |
| വൃകാസുരായ | വൃകാസുരന്ന് | പുരാതനം | പഴയ |
| വരം ദത്വാ | വരം കൊടുത്ത് | ഇതിഹാസം | ചരിത്രത്തെ |
| സങ്കടം | ക്ലേശം | അത്ര | ഈ വിഷയത്തിൽ |
| ആപ | അനുഭവിച്ചു. | ഉദാഹരന്തി | ഉദാഹരിക്കാറുണ്ട്. |

വൃകോ നാമാസുരഃ പുത്രഃ ശകുനേഃ പഥി നാരദം
ദൃഷ്ട്വാഽഽശുതോഷം പപ്രച്ഛ ദേവേഷു ത്രിഷു ദുർമ്മതിഃ. 14

| | | | |
|---|---|---|---|
| ശകുനേഃ | ശകുനിയെന്ന അസുരന്റെ | പഥി | വഴിയിൽവെച്ച് |
| | | നാരദം | നാരദമുനിയെ |
| പുത്രഃ | പുത്രനും | ദൃഷ്ട്വാ | കണ്ട് |
| ദുർമ്മതിഃ | ദുഷ്ടബുദ്ധിയുമായ | ത്രിഷുദേവേഷു | ത്രിമൂർത്തികളിൽവെച്ച് |
| വൃകഃ നാമ | വൃകനെന്നുപേരായ | ആശുതോഷം പപ്രച്ഛ | എളുപ്പം സന്തോഷിക്കുന്ന ദേവനാരെന്ന് ചോദിച്ചു. |
| അസുരഃ | ഒരസുരൻ | | |

സ ആഹ ദേവം ഗിരിശമുപാധാവാശു സിദ്ധ്യസി
യോഽല്പാഭ്യാം ഗുണദോഷാഭ്യാമാശു തുഷ്യതി കുപ്യതി. 15

| | | | |
|---|---|---|---|
| സഃ ആഹ | ആ നാരദൻ പറഞ്ഞു — | യഃ | യാതൊരു ആ ദേവൻ |
| ദേവം | "ദേവനായ | അല്പാഭ്യാം ഗുണദോഷാഭ്യാം | അല്പമായ ഗുണംകൊണ്ടും, അല്പമായ ദോഷം കൊണ്ടും |
| ഗിരിശം | പരമശിവനെ | | |
| ഉപാധാവ | ഉപാസിച്ചുകൊൾക. | ആശു | അതിവേഗം |
| ആശു | എളുപ്പത്തിൽ | തുഷ്യതി | സന്തോഷിക്കുന്നതാണ്; |
| സിദ്ധ്യസി | നീ സിദ്ധിനേടും. | കുപ്യതി | കോപിക്കുന്നതുമാണ്. |

ശൂലാസ്ത്രബാണയോസ്തുഷ്ടഃ സ്തുവതോർവ്വന്ദിനോരിവ
ഐശ്വര്യമതുലം ദത്വാ തത ആപ സുസങ്കടം. 16

| | | | |
|---|---|---|---|
| വന്ദിനോഃ | "സ്തുതിപാഠകന്മാർ | അതുലം | എതിരററ |
| ഇവ | എന്നപോലെ | ഐശ്വര്യം | ഐശ്വര്യത്തെ |
| സ്തുവതോഃ | തന്നെ വാഴ്ത്തിപ്പാടിയ | ദത്വാ | കൊടുത്തു്, |
| ശൂലാസ്ത്ര– ബാണയോഃ | ശൂലത്തിലും ബാണാസുരനിലും | തതഃ | അതിൽനിന്നു് |
| തുഷ്ടഃ | സന്തുഷ്ടനായിട്ടു് | സുസങ്കടം | മഹാസങ്കടം |
| | | ആപ | അനുഭവിച്ചു." |

ഇത്യാദിഷ്ടസ്തമസുര ഉപാധാവത് സ്വഗാത്രതഃ
കേദാര ആത്മക്രവ്യേണ ജുഹ്വാനോƒഗ്നിമുഖം ഹരം. 17

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ജുഹ്വാനഃ | ഹോമംചെയ്തു് |
| ആദിഷ്ടഃ | ഉപദേശിക്കപ്പെട്ട | അഗ്നിമുഖം | അഗ്നിയാവുന്ന മുഖത്തോടുകൂടിയ |
| അസുരഃ | വൃകാസുരൻ | | |
| കേദാരേ | കേദാരക്ഷേത്രത്തിൽ വെച്ചു് | തം ഹരം | ആ പരമശിവനെ |
| | | സ്വഗാത്രതഃ | സ്വശരീരത്താൽത്തന്നെ |
| ആത്മക്രവ്യേണ | തന്റെ മാംസംകൊണ്ടു് | ഉപാധാവത് | ആരാധിച്ചു. |

ദേവോപലബ്ധിമപ്രാപ്യ നിർവ്വേദാത് സപ്തമേƒഹനി
ശിരോƒവൃശ്ചത് സ്വധിതിനാ തത്തീർത്ഥക്ലിന്നമൂർദ്ധജം. 18

| | | | |
|---|---|---|---|
| ദേവോപലബ്ധിം | മഹാദേവന്റെ ദർശനത്തെ | തത്തീർത്ഥക്ലിന്ന- മൂർദ്ധജം | അവിടുത്തെ തീർത്ഥജലത്തിൽ കുളിച്ചുനനഞ്ഞ തലമുടിയോടുകൂടിയ |
| അപ്രാപ്യ | ലഭിക്കാതെയുണ്ടായ | | |
| നിർവ്വേദാത് | വൈരാഗ്യത്താൽ | ശിരഃ | ശിരസ്സിനെ |
| സപ്തമേ | ഏഴാമത്തെ | സ്വധിതിനാ | കൈവാൾകൊണ്ടു |
| അഹനി | ദിവസത്തിൽ | അവൃശ്ചത് | വെട്ടുവാനൊരുങ്ങി. |

തദാ മഹാകാരുണികഃ സ ധൂർജ്ജടി-
ര്യഥാ വയം ചാഗ്നിരിവോത്ഥിതോƒനലാത്
നിഗൃഹ്യ ദോർഭ്യാം ഭുജയോർന്ന്യവാരയത്
തത്സ്പർശനാദ് ഭൂയ ഉപസ്കൃതാകൃതിഃ. 19

| | | | |
|---|---|---|---|
| തദാ | അപ്പോൾ | | നോ എന്നു തോന്നുമാറു് |
| മഹാകാരുണികഃ | വലിയ ദയാലുവായ | ഉത്ഥിതഃ | പ്രത്യക്ഷപ്പെട്ടു്, |
| സഃ ധൂർജ്ജടിഃ | ആ പരമശിവൻ | യഥാ വയം ച | എപ്രകാരം നമ്മളെ |
| അനലാത് | തീക്കുണ്ഡത്തിൽനിന്നു് | | ല്ലാം ചെയ്യാറുണ്ടോ, |
| അഗ്നിഃ ഇവ | സാക്ഷാൽ അഗ്നിദേവ | | അതുപോലെ * |

* സാധാരണമനുഷ്യരായ നാം ഒരുവൻ ആത്മഹത്യ ചെയ്യുവാൻ ഉദ്യമിക്കുന്നതു കണ്ടാൽ ഓടിയെത്തി അവനെ തടഞ്ഞുനിർത്താറുണ്ടല്ലോ, അതുപോലെ.

| | | | |
|---|---|---|---|
| ദോർഭ്യാം | തന്റെ തൃക്കരങ്ങളാൽ | (സഃ) ഭൂയഃ | അവൻ വീണ്ടും |
| ഭുജയോഃ | അവന്റെ കൈകളിൽ | ഉപസ്കൃതാകൃതിഃ | മറിയും വ്രണവും തീർന്ന ഒത്ത ശരീരത്തോടുകൂടി യവനായി ഭവിച്ചു. |
| നിഗൃഹ്യ | പിടിച്ച്, | | |
| ന്യവാരയത് | തടഞ്ഞു. | | |
| തത്സ്പർശനാത് | അവിടത്തെ സ്പർശനം കൊണ്ട് | | |

തമാഹ ചാംഗാലമലം വൃണീഷ്വ മേ
യഥാഭികാമം വിതരാമി തേ വരം
പ്രീയേയ തോയേന നൃണാം പ്രപദ്യതാ-
മഹോ ത്വയാऽऽത്മാ ഭൃശമർദ്യതേ വൃഥാ 20

| | | | |
|---|---|---|---|
| തം | (ശിവൻ) അവനോട് | തോയേന | വെറും ജലംകൊണ്ട് |
| ആഹ | പറഞ്ഞു — | പ്രപദ്യതാം | ആരാധിക്കുന്ന ഭക്തന്മാക്കുപോലും |
| അംഗ | ‘പ്രിയഭക്ത! | പ്രീയേയ | ഞാൻ പ്രീതനാകുന്നതാണ് |
| അലം അലം | മതി, സാഹസം അരുത് | അഹോ ത്വയാ | കഷ്ടം! നിന്നാൽ |
| യഥാഭിലാഷം | ഇഷ്ടപ്രകാരമുള്ള | വൃഥാ | ആവശ്യമില്ലാതെ |
| വരം മേ | വരത്തെ എന്നോട് | ആത്മാ | സ്വശരീരം |
| വൃണീഷ്വ | വരിച്ചുകൊൾക; | അർദ്യതേ | പീഡിപ്പിക്കപ്പെടുന്നു.’ |
| തേ | നിനക്ക് | | |
| വിതരാമി | തന്നുകൊള്ളാം. | | |

ദേവം സ വവ്രേ പാപീയാൻ വരം ഭൂതഭയാവഹം
യസ്യ യസ്യ കരം ശീർഷ്ണി ധാസ്യേ സ മ്രിയതാമിതി 21

| | | | |
|---|---|---|---|
| പാപീയാൻ | പാപവാനായ | യസ്യ യസ്യ | “ഏതേതൊരുത്തന്റെ |
| സഃ ദേവം | അവൻ ശിവനോട് | ശീർഷ്ണി | തലയിൽ |
| ഭൂതഭയാവഹം | പ്രാണികൾക്ക് ഭയം ജനിപ്പിക്കുന്ന | കരം ധാസ്യേ | ഞാൻ കൈ വെക്കുമോ, |
| | | സഃ | ആയവൻ |
| വരം വവ്രേ | വരത്തെ വരിച്ചു — | മ്രിയതാം ഇതി | മരിച്ചുപോകട്ടെ” എന്ന്. |

തച്ഛ്രുത്വാ ഭഗവാൻ രുദ്രോ ദുർമ്മനാ ഇവ ഭാരത
ഓമിതി പ്രഹസംസ്തസ്മൈ ദദേऽഹേരമൃതം യഥാ. 22

| | | | |
|---|---|---|---|
| ഭാരത | പരീക്ഷിത്തേ! | അഹേഃ | പാമ്പിന്ന് |
| തത് ശ്രുത്വാ | അതുകേട്ടു | അമൃതം യഥാ | പാൽകൊടുത്തപോലെ |
| ഭഗവാൻ | ഭഗവാനായ | ഓം ഇതി | ‘അങ്ങനെയാകട്ടെ’ എന്നു പറഞ്ഞു |
| രുദ്രഃ | ശ്രീരുദ്രൻ | പ്രഹസൻ | ചിരിച്ചുകൊണ്ട് |
| ദുർമ്മനാഃ ഇവ | മനഃക്ലേശത്തോടുകൂടിയവനായിട്ടുതന്നെ | തസ്മൈ | അവന്നായി |
| | | ദദേ | വരം കൊടുത്തു. |

ഇത്യുക്തഃ സോഽസുരോ നൂനം ഗൗരീഹരണലാലസഃ
സ തദ്വരപരീക്ഷാർത്ഥം ശംഭോർമ്മൂർദ്ധ്നി കിലാസുരഃ
സ്വഹസ്തം ധാതുമാരേഭേ സോഽബിഭ്യത് സ്വകൃതാച്ഛിവഃ. 23

| | | | |
|---|---|---|---|
| ഇതി | ഇപ്രകാരം | ശംഭോഃ | ശിവന്റെ |
| ഉക്തഃ | (ശിവനാൽ) അരുളം ചെയ്യപ്പെട്ട | മൂർദ്ധ്നി കില | നിറുകയിൽത്തന്നെ |
| സഃ അസുരഃ | ആ അസുരൻ | സ്വഹസ്തം | തന്റെ കരത്തെ |
| നൂനം | തീർച്ചയായും | ധാതും | വെക്കുവാൻ |
| ഗൗരീഹരണ-ലാലസഃ | ശ്രീപാർവ്വതിയെ അപഹരിക്കുന്നതിൽ തല്പരനായി ഭവിച്ചു. | ആരേഭേ | തുടങ്ങി. |
| സഃ അസുരഃ | ആ അസുരൻ | സഃ ശിവഃ | ആ പരമശിവൻ |
| തദ്വര-പരീക്ഷാർത്ഥം | ആ വരത്തെ പരീക്ഷിച്ചു നോക്കുന്നതിനുവേണ്ടി | സ്വകൃതാത് | തന്റെ പ്രവൃത്തിയിൽ നിന്ന് |
| | | അബിഭ്യത് | ഭയപ്പെട്ടു. |

നോട്ട് :— താൻ അസുരന്ന് അനർഹമായ വരം കൊടുത്തതു് ലോകനാശത്തിന്നു കാരണമായേക്കുമോ എന്നുള്ള ഭയമാണ് പരമശിവന്നുണ്ടായതു്. അസുരൻ തന്റെ തലയിൽ കൈവെച്ചു തന്നെ കൊന്നേക്കുമോ എന്ന ഭയമല്ല. അസുരൻ സജ്ജനോപദ്രവത്തിന്നു മുതിരാതെയിരിക്കുവാൻ വേണ്ടിയാണ് ഭഗവാൻ അപ്രത്യക്ഷനാകാതെ സ്വയം ഭയപ്പെട്ടപോലെ നടിച്ച് ഓട്ടം തുടങ്ങിയതും. ആകയാൽ വാശിമുഴുത്തുകൊണ്ടു് അവൻ തന്നെമാത്രം അനുധാവനം ചെയ്തുകൊണ്ടിരിക്കുമല്ലോ.

തേനോപസൃഷ്ടഃ സന്ത്രസ്തഃ പരാധാവൻ സവേപഥുഃ
യാവദന്തം ദിവോ ഭൂമേഃ കാഷ്ഠാനാമുദഗാദുദക്. 24

| | | | |
|---|---|---|---|
| തേന | അവനാൽ | ദിവഃ | സ്വർഗ്ഗലോകത്തിന്റേയും |
| ഉപസൃഷ്ടഃ | പിന്തുടരപ്പെട്ട പരമശിവൻ | അന്തം യാവത് | അതിരോളം |
| | | പരാധാവൻ | പാഞ്ഞുനടന്ന് |
| സന്ത്രസ്തഃ | ഭയന്നുകൊണ്ടും | കാഷ്ഠാനാം | ദിക്കുകളുടെ |
| സവേപഥുഃ | വിറച്ചുകൊണ്ടും | ഉദക് | വടക്കുഭാഗത്തേക്ക് |
| ഭൂമേഃ | ഭൂമിയുടേയും | ഉദഗാത് | ഉൽഗമിച്ചു. |

അജാനന്തഃ പ്രതിവിധിം തൂഷ്ണീമാസൻ സുരേശ്വരാഃ
തതോ വൈകുണ്ഠമഗമദ്ഭാസ്വരം തമസഃ പരം. 25

| | | | |
|---|---|---|---|
| സുരേശ്വരാഃ | ബ്രഹ്മാദികളായ ദേവപ്രമുഖന്മാർ | പരം | അകന്നുനില്ക്കുന്നതും |
| അജാനന്തഃ | അറിഞ്ഞുകൂടാത്തവരായിട്ട് | ഭാസ്വരം | പ്രകാശമാനമായുള്ളതുമായ |
| തൂഷ്ണീം ആസൻ | മിണ്ടാതെയിരുന്നു. | വൈകുണ്ഠം | വൈകുണ്ഠമെന്നു പ്രസിദ്ധമായ ശ്വേതദ്വീപത്തിലേക്ക് |
| തതഃ | അനന്തരം (ശിവൻ) | | |
| തമസഃ | അവിദ്യയാവുന്ന ഇരുളിൽനിന്ന് | അഗമത് | ഗമിച്ചു. |

യത്ര നാരായണഃ സാക്ഷാന്ന്യാസിനാം പരമാ ഗതിഃ
ശാന്താനാം ന്യസ്തദണ്ഡാനാം യതോ നാവത്തതേ ഗതഃ. 26

| | | | |
|---|---|---|---|
| യത്ര | യാതൊരു വൈകുണ്ഠത്തിൽ | സാക്ഷാത് | പ്രത്യക്ഷമായിരിക്കുന്നു. |
| ന്യസ്തദണ്ഡാനാം | പ്രാണിപീഡനം പരിത്യജിച്ചവരും | യതഃ | യാതൊരു ആ വൈകുണ്ഠത്തിൽ |
| ശാന്താനാം | ശാന്തന്മാരുമായ | ഗതഃ | പോയ്ച്ചേന്നവൻ |
| ന്യാസിനാം | സന്യാസിമാക്ക് | ന ആവത്തതേ | അവിടെനിന്നു വീണ്ടും സംസാരത്തിലേക്ക് തിരിച്ചുവരേണ്ടതില്ല. |
| പരമാഗതിഃ | പരമഗതിയായ | | |
| നാരായണഃ | ശ്രീനാരായണമൂത്തി | | |

തം തഥാവ്യസനം ദൃഷ്ട്വാ ഭഗവാൻ വൃജിനാൎദ്ദനഃ
ദൂരാത് പ്രത്യുദിയാദ്ഭൂത്വാ വടുകോ യോഗമായയാ. 27
മേഖലാജിനദണ്ഡാക്ഷൈസ്തേജസാഗ്നിരിവ ജ്വലൻ
അഭിവാദയാമാസ ച തം കശപാണിം വിനീതവത് 28

| | | | |
|---|---|---|---|
| തഥാവ്യസനം | ആവിധം കഷ്ടത്തിൽ പെട്ടിരിക്കുന്ന | തേജസാ | തേജസ്സിനാൽ |
| തം ദൃഷ്ട്വാ | പരമശിവനെക്കണ്ടു്, | അഗ്നിഃ ഇവ | അഗ്നിയെപ്പോലെ |
| വൃജിനാൎദ്ദനഃ | ദുഃഖസംഹത്താവായ | ജ്വലൻ | ഉജ്ജ്വലിച്ചുകൊണ്ടും, |
| ഭഗവാൻ | ശ്രീനാരായണൻ | കശപാണിഃ | കൈയിൽ കശ ധരിച്ചുകൊണ്ടും |
| യോഗമായയാ | യോഗമായാവൈഭവത്താൽ | ദൂരാത് | അകലത്തുനിന്നു് |
| വടുകഃ | ഒരു ബ്രഹ്മചാരിയായി | പ്രത്യുദിയാത് | നേരിട്ടുവരുംവിധം പ്രത്യക്ഷപ്പെട്ടു. |
| ഭൂത്വാ | ഭവിച്ചു്, | വിനീതവത് | വിനീതനായി ഭവിച്ചുകൊണ്ടു് |
| മേഖലാജിന- } ദണ്ഡാക്ഷൈഃ } | മുഞ്ഞപ്പുൽ‌ട്, തോൽ, പ്ലാശിൻദണ്ഡ്, ജപമാല എന്നിവയോടുകൂടി | തം | അവനെ |
| | | അഭിവാദയാ- } മാസ ച } | അഭിവാദ്യം ചെയ്യുകയും ചെയ്തു. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ പറഞ്ഞു :—

ശാകുനേയ ഭവാൻ വ്യക്തം ശ്രാന്തഃ കിം ദൂരമാഗതഃ
ക്ഷണം വിശ്രമ്യതാം പുംസ ആത്മായം സവ്വകാമധുക്. 29

| | | | |
|---|---|---|---|
| ശാകുനേയ | ഹേ ശകുനിപുത്ര! | ക്ഷണം | കുറച്ചുനേരം |
| വ്യക്തം | നിശ്ചയമായും | വിശ്രമ്യതാം | ഇരുന്നുതളച്ചതീക്ക. |
| ഭവാൻ | താങ്കൾ | അയം ആത്മാ | ഈ ശരീരം |
| ശ്രാന്തഃ | തളന്നിരിക്കുന്നു. | പുംസഃ | മനുഷ്യന്നു് |
| കിം | എന്തിനുവേണ്ടി | സവ്വകാമധുക് | സവ്വാഭീഷ്ടങ്ങളേയും നേടിത്തരേണ്ടുന്ന ഒന്നാണല്ലോ. |
| ദൂരം | ദൂരദിക്കിലേക്ക് | | |
| ആഗതഃ | വന്നുവോ? | | |

യദി നഃ ശ്രവണായാലം യുഷ്മദ്വ്യവസിതം വിഭോ
ഭണ്യതാം പ്രായശഃ പുംഭിർദ്ധൃതൈഃ സ്വാത്ഥാൻ സമീഹതേ. 30

| | | | |
|---|---|---|---|
| വിഭോ | ഹേ മഹാനുഭാവ!, | ഭണ്യതാം | പറയപ്പെടാവുന്നതാണ് |
| യുഷ്മദ്– വ്യവസിതം | താങ്കളാൽ കരുതപ്പെട്ടിരിക്കുന്ന കാര്യം | ധൃതൈഃ | സഹായത്തിന്നുകൂടിയ |
| | | പുംഭിഃ | ആളുകളോടുകൂടിയാണ് |
| നഃ | നമുക്ക് | പ്രായശഃ | മിക്കവാറും |
| ശ്രവണായ | കേൾക്കുന്നതിന്ന് | സ്വാത്ഥാൻ | തൻകാര്യത്തെ |
| അലം യദി | പറ്റിയതാണെങ്കിൽ | സമീഹതേ | ഒരുത്തൻ സാധിക്കുന്നത്. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം ഭഗവതാ പൃഷ്ടോ വചസാമൃതവഷിണാ
ഗതക്ലമോഽബ്രവീത്തസ്മൈ യഥാപൂവ്വമനുഷ്ഠിതം. 31

| | | | |
|---|---|---|---|
| ഏവം | ഇപ്രകാരം | ഗതക്ലമഃ | തളച്ചതീന്നവനായിട്ട് |
| ഭഗവതാ | ഭഗവാനാൽ | യഥാപൂവ്വം | മുമ്പുനടന്നതിന്നനുസരിച്ച് |
| അമൃതവഷിണാ | അമൃതുപൊഴിയുന്ന | | |
| വചസാ | വാക്കുകൊണ്ട് | അനുഷ്ഠിതം | ഉണ്ടായ സംഭവത്തെ |
| പൃഷ്ടഃ | ചോദിക്കപ്പെട്ട അസുരൻ | തസ്മൈ | ഭഗവാനോട് |
| | | അബ്രവീത് | തുറന്നുപറഞ്ഞു. |

ശ്രീഭഗവാനുവാച=ശ്രീഭഗവാൻ അരുളിച്ചെയ്തു :—

ഏവം ചേത്തർഹി തദ്വാക്യം ന വയം ശ്രദ്ദധീമഹി
യോ ദക്ഷശാപാത് പൈശാച്യം പ്രാപ്തഃ പ്രേതപിശാചരാട് 32

| | | | |
|---|---|---|---|
| ഏവം ചേത് തർഹി | ഇങ്ങനെയെല്ലാമാണ് സംഗതിയെങ്കിൽ, | യഃ | യാതൊരു ആ ദേവൻ |
| തദ്വാക്യം | ആ ശിവന്റെ വാക്കിനെ | ദക്ഷശാപാത് | ദക്ഷന്റെ ശാപം കൊണ്ട് |
| വയം ന ശ്രദ്ദധീമഹി | നമ്മൾ കാര്യമായിട്ടെടുക്കുന്നില്ല. | പൈശാച്യം | പിശാചവൃത്തിയെ |
| പ്രേത– പിശാചരാട് | പ്രേതങ്ങളുടെയും പിശാചങ്ങളുടെയും നായകനായിരിക്കുന്ന | പ്രാപ്തഃ | കൈക്കൊണ്ടിരിക്കുന്ന ആളാണ് |

യദി വസ്തത്ര വിശ്രംഭോ ദാനവേന്ദ്ര ജഗദ്ഗുരൌ
തർഹ്യംഗാശു സ്വശിരസി ഹസ്തം ന്യസ്യ പ്രതീയതാം. 33

| | | | |
|---|---|---|---|
| ദാനവേന്ദ്ര | അസുരരാജാവേ! | അംഗ | സ്നേഹിതാ! |
| വഃ തത്ര | താങ്കൾക്ക്, ആ | ആശു | വേഗം |
| ജഗദ്ഗുരൌ | ലോകാചാര്യനിൽ | സ്വശിരസി | തന്റെ തലയിൽത്തന്നെ |
| യദി വിശ്രംഭഃ തർഹി | വിശ്വാസം നിലനില്ക്കുന്നുവെങ്കിൽ, | ഹസ്തം ന്യസ്യ പ്രതീയതാം | കൈ വെച്ച് പരിശോധിക്കപ്പെട്ടാലും. |

യദ്യസത്യം വചഃ ശംഭോഃ കഥഞ്ചിദ്ദാനവർഷഭ
തദൈനം ജഹ്യസദ്വാചം ന യദ്വക്താനൃതം പുനഃ 34

| | | | |
|---|---|---|---|
| ദാനവർഷഭ | ഹേ അസുരപുംഗവ! | ഏനം | ഈ ശിവനെ |
| ശംഭോഃ വചഃ | ശിവന്റെ വാക്ക് | ജഹി | തല്ലിക്കൊള്ളുക. |
| കഥഞ്ചിത് | വല്ലപ്രകാരത്തിലും | യത് പുനഃ | എന്നാൽ ഇനിയൊരിക്കൽ |
| യദി അസത്യം | കളവെന്നുവരികിൽ | | |
| തദാ | അപ്പോൾ | അനൃതം | കളവ് |
| അസദ്വാചം | കള്ളവാക്കുപറഞ്ഞ | ന വക്താ | പറകയില്ല. |

ഇത്ഥം ഭഗവതശ്ചിത്രൈർവ്വചോഭിഃ സ സുപേശലൈഃ
ഭിന്നധീർവ്വിസ്മൃതഃ ശീർഷ്ണി സ്വഹസ്തം കുമതിർവ്യധാത്. 35

| | | | |
|---|---|---|---|
| ഇത്ഥം | ഇത്തരത്തിൽ | ഭിന്നധീഃ | ഭ്രംശിപ്പിക്കപ്പെട്ട ബുദ്ധിയോടുകൂടിയവനും |
| ചിത്രൈഃ | അമ്പരപ്പിക്കുന്നവയും | വിസ്മൃതഃ | ഓർമ്മവിട്ടവനുമായി ഭവിച്ച |
| സുപേശലൈഃ | അതിരമണീയങ്ങളായിരിക്കുന്നവയുമായ | സഃ കുമതിഃ | ആ ബുദ്ധിമോശക്കാരൻ |
| | | ശീർഷ്ണി | തന്റെ തലയിൽ |
| ഭഗവതഃ | വിഷ്ണുഭഗവാന്റെ | സ്വഹസ്തം | തന്റെ കൈയിനെ |
| വചോഭിഃ | വചനങ്ങളാൽ | വ്യധാത് | വെച്ചു. |

അഥാപതദ്ഭിന്നശിരാ വജ്രാഹത ഇവ ക്ഷണാത്
ജയശബ്ദോ നമഃശബ്ദഃ സാധുശബ്ദോഽഭവദ്ദിവി. 36

| | | | |
|---|---|---|---|
| അഥ | ഉടനെ | അപതത് | നിലത്തുവീണു. |
| ക്ഷണാത് | ഒരു ക്ഷണനേരത്താൽ | ദിവി | സ്വർഗ്ഗലോകത്തിൽ |
| വജ്രാഹതഃ | വജ്രത്താൽ അടിയേല്ക്കപ്പെട്ടവൻ | ജയശബ്ദഃ | ജയഘോഷവും |
| | | നമഃ ശബ്ദഃ | സ്തുതിഘോഷവും |
| ഇവ | എന്നപോലെ | സാധുശബ്ദഃ | അഭിനന്ദനത്തിന്റെ ബഹളവും |
| ഭിന്നശിരാഃ | തകർന്നുപോയ തലയോടുകൂടിയവനായി | അഭവത് | ഉണ്ടായി, |

മുമുചുഃ പുഷ്പവർഷാണി ഹതേ പാപേ വൃകാസുരേ
ദേവർഷിപിതൃഗന്ധർവ്വാ മോചിതഃ സങ്കടാച്ഛിവഃ. 37

| | | | |
|---|---|---|---|
| പാപേ | പാപിയായ | പുഷ്പവർഷാണി | പുഷ്പവർഷങ്ങളെ |
| വൃകാസുരേ | വൃകാസുരൻ | മുമുചുഃ | ചൊരിഞ്ഞു. |
| ഹതേ | കൊല്ലപ്പെട്ടപ്പോൾ | സങ്കടാത് | സങ്കടത്തിൽനിന്ന് |
| ദേവർഷിപിതൃഗന്ധർവ്വാഃ | ദേവന്മാരും, ഋഷികളും, പിതൃക്കളും, ഗന്ധർവ്വന്മാരും | ശിവഃ | ശ്രീശങ്കരൻ |
| | | മോചിതഃ | വിമുക്തനാകയും ചെയ്തു. |

മുക്തം ഗിരിശമഭ്യാഹ ഭഗവാൻ പുരുഷോത്തമഃ
അഹോ ദേവ മഹാദേവ പാപോഽയം സ്വേന പാപ്മനാ. 38
ഹതഃ കോ നു മഹത്സ്വീശ ജന്തുർവൈ കൃതകില്ബിഷഃ
ക്ഷേമീ സ്യാത് കിമു വിശ്വേശേ കൃതാഗസ്കോ ജഗദ്ഗുരൗ. 39

| | | | |
|---|---|---|---|
| മുക്തം | സങ്കടവിമുക്തനായ | ഹതഃ | ഹനിക്കപ്പെട്ടവനായി |
| ഗിരിശം | ശിവനോട് | ഈശ | ഹേ ഈശ! |
| ഭഗവാൻ | ഭഗവാനായ | മഹത്സു ഏവ | മഹാപുരുഷന്മാരിൽ പോലും |
| പുരുഷോത്തമഃ | ശ്രീമഹാവിഷ്ണു | കൃതകില്ബിഷഃ | അപരാധം പ്രവർത്തിച്ച |
| അഭ്യാഹ | പറഞ്ഞു— | കഃ നു ജന്തുഃ | ഏതൊരു പ്രാണിയാണ് |
| അഹോ | 'അത്യാശ്ചര്യം! | ക്ഷേമീ സ്യാത് | ക്ഷേമവാനാവുക? |
| ദേവ | ദേവനായ | ജഗദ്ഗുരൗ | സർവ്വലോകാരാധ്യനായ |
| മഹാദേവ | ഹേ മഹാദേവ! | വിശ്വേശേ | വിശ്വേശനിൽ |
| പാപഃ | പാപിയായ | കൃതാഗസ്കഃ | അപരാധം പ്രവർത്തിച്ചവൻ |
| അയം | ഇവൻ | | |
| സ്വേന | തന്റേതായ | | |
| പാപ്മനാ | ദുഷ്കർമ്മത്താൽ | കിമു | പിന്നെയുണ്ടോ? |

നോട്ട്:— ശിവഭക്തന്മാരായ മഹാപുരുഷന്മാരോട് അപരാധം ചെയ്താൽപോലും ക്ഷേമമുണ്ടാകയില്ലെന്നിരിക്കേ, സാക്ഷാൽ ശിവനോടുതന്നെ അപരാധം കാണിച്ചവന്റെ കഥ ചോദിപ്പാനുണ്ടോ?—എന്നു സാരം.

യ ഏവമവ്യാകൃതശക്ത്യുദന്വതഃ പരസ്യ സാക്ഷാത് പരമാത്മനോ ഹരേഃ
ഗിരിത്രമോക്ഷം കഥയേത് ശൃണോതി വാ വിമുച്യതേ സംസൃതിഭിസ്തഥാരിഭിഃ.

| | | | |
|---|---|---|---|
| അവ്യാകൃതശക്ത്യുദന്വതഃ | അവ്യാകൃതശക്തികളുടെ സാഗരമായിരിക്കുന്നവനും, | ഏവം | ഇപ്രകാരം |
| | | യഃ | യാതൊരുവൻ |
| പരസ്യ | എല്ലാററിനും മീതെയായിരിക്കുന്നവനും, | കഥയേത് | പറകയോ |
| | | ശൃണോതി വാ | കേൾക്കുകയോ ചെയ്യുന്നുവോ (അവൻ) |
| പരമാത്മനഃ | പരമാത്മാവുമായ | സംസൃതിഭിഃ | സംസാരദുഃഖങ്ങളാലും, |
| സാക്ഷാത് ഹരേഃ | സാക്ഷാൽ ശ്രീഹരിയുടെ | തഥാ | അതുപോലെ |
| ഗിരിത്രമോക്ഷം | പരമശിവനെ സങ്കടത്തിൽനിന്ന് മോചിപ്പിച്ചതായ ഇക്കഥയെ | അരിഭിഃ | ശത്രുക്കളാലും |
| | | വിമുച്യതേ | വിമോചിക്കപ്പെടുന്നു. |

ഇതി ശ്രീമദ്ഭാഗവതേ മഹാപുരാണേ ദശമസ്കന്ധേ ഉത്തരാർദ്ധേ
രുദ്രമോക്ഷണം നാമ അഷ്ടാശീതിതമോഽദ്ധ്യായഃ.

ദശമസ്കന്ധേ ആദിതഃ ശ്ലോകാഃ 3835

## ഏകോനനവതിതമോഽധ്യായഃ=എൺപത്തൊമ്പതാമദ്ധ്യായം.

[നവാശീതിതമേ ദേവഃ കോ മഹാനിതി സംശയേ
പരീക്ഷ്യ വിഷ്ണോരുത്കർഷം മുനിഭ്യോഽവർണ്ണയദ് ഭൃഗുഃ]

(ഭൃഗുപരീക്ഷയും സന്താനഗോപാലം കഥയും.)

ശ്രീശുക ഉവാച—ശ്രീശുകൻ പറഞ്ഞു :—

സരസ്വത്യാസ്തടേ രാജൻ ഋഷയഃ സത്രമാസത
വിതർക്കഃ സമഭൂത്തേഷാം ത്രിഷ്വധീശേഷു കോ മഹാൻ.

| | | | |
|---|---|---|---|
| രാജൻ | അല്ലയോ രാജാവേ! | | എന്നീ മൂന്നു് അധിദേവന്മാരിൽ |
| സരസ്വത്യാഃ | സരസ്വതിനദിയുടെ | മഹാൻ | മഹത്വമുള്ള ആരു |
| തടേ | തീരത്തിൽ | കഃ | ആരാണെന്നുള്ള |
| ഋഷയഃ | മഹർഷിമാർ | വിതർക്കഃ | വാദപ്രതിവാദം |
| സത്രം | സത്രത്തെ | തേഷാം | അവർക്കിടയിൽ |
| ആസത | അനുഷ്ഠിച്ചിരുന്നു. | സമഭൂത് | സംഭവിച്ചു. |
| ത്രിഷു അധീശേഷു | ബ്രഹ്മാ, വിഷ്ണു, ശിവൻ | | |

തസ്യ ജിജ്ഞാസയാ തേ വൈ ഭൃഗും ബ്രഹ്മസുതം നൃപ
തജ്ജ്ഞപ്ത്യൈ പ്രേഷയാമാസുഃ സോഽഭ്യഗാദ് ബ്രഹ്മണഃ സഭാം. 2

| | | | |
|---|---|---|---|
| നൃപ | രാജാവേ! | തജ്ജ്ഞപ്ത്യൈ | അതിനെ സംബന്ധിച്ച പരിജ്ഞാനത്തിനു വേണ്ടി |
| തേ വൈ | അവരാകട്ടെ | | |
| തസ്യ | അതിന്റെ | | |
| ജിജ്ഞാസയാ | അറിവുണ്ടാകണമെന്നുള്ള ആഗ്രഹംകൊണ്ടു് | പ്രേഷയാമാസുഃ | നിയോഗിച്ചു. |
| | | സഃ | അദ്ദേഹം |
| ബ്രഹ്മസുതം | ബ്രഹ്മാവിന്റെ പുത്രനായ | ബ്രഹ്മണഃ | ബ്രഹ്മാവിന്റെ |
| | | സഭാം | സഭയിലേക്കു് |
| ഭൃഗും | ഭൃഗുമഹർഷിയെ | അഭ്യഗാത് | നേരിട്ടു പോയി. |

ന തസ്മൈ പ്രഹ്വണം സ്തോത്രം ചക്രേ സത്വപരീക്ഷയാ
തസ്മൈ ചുക്രോധ ഭഗവാൻ പ്രജ്വലൻ സ്വേന തേജസാ. 3

| | | | |
|---|---|---|---|
| സത്വപരീക്ഷയാ | സാത്വികഗുണത്തെ പരീക്ഷിച്ചുനോക്കുവാനായി | ഭഗവാൻ | ബ്രഹ്മാവു് |
| | | സ്വേന | സ്വകീയമായ |
| | | തേജസാ | തേജസ്സിനാൽ |
| തസ്മൈ | ആ ബ്രഹ്മദേവനു് | പ്രജ്വലൻ | കഷേണ ജ്വലിച്ചുകൊണ്ടു് |
| പ്രഹ്വണം | നമസ്കാരത്തേയും | | |
| സ്തോത്രം | സ്തോത്രത്തേയും | തസ്മൈ | അദ്ദേഹത്തോടു് |
| ന ചക്രേ | ചെയ്തില്ല. | ചുക്രോധ | ക്രോധിച്ചു. |

നോട്ട്:—ഹൃദയത്തിൽ സത്വഗുണത്തിന്റെ സമുൽക്കർഷമുണ്ടാവുക എന്നതാണ് മഹത്വത്തിന്റെ ലക്ഷണം. ഈ സത്വഗുണോൽകർഷം ബ്രഹ്മാവിനുണ്ടോ എന്നറിയുവാൻവേണ്ടിയാണ് ഭൃഗു നമസ്കാരാദ്യുപചാരങ്ങൾ ചെയ്യാതെ ബ്രഹ്മാവിനെ ക്ഷോഭിപ്പിക്കുവാനുദ്യമിച്ചത്. സാത്വികഹൃദയത്തിൽ ക്ഷോഭമുണ്ടാകയില്ല എന്നാണ് നിയമം. പക്ഷേ, ബ്രഹ്മാവ് ഭൃഗുകൃതമായ അനാദരത്താൽ കലശലായി ക്ഷോഭിക്കതന്നെ ചെയ്തു.

സ ആത്മന്യുത്ഥിതം മന്യുമാത്മജായാത്മനാ പ്രഭുഃ
അശീശമദ്യഥാ വഹ്നിം സ്വയോന്യാ വാരിണാഽഽത്മഭൂഃ. 4

| | | | |
|---|---|---|---|
| പ്രഭുഃ | സർവ്വശക്തനായ | | തി)യാകകൊണ്ട് |
| സഃ ആത്മഭൂഃ | ആ ബ്രഹ്മദേവൻ | യഥാ | ഏതൊരുപ്രകാരം |
| ആത്മജായ | പുത്രന്റെ നേക്ക് | വഹ്നിം | അഗ്നിയെ |
| ആത്മനി | മനസ്സിൽ | വാരിണാ | വെള്ളംകൊണ്ടു (ശമിപ്പി |
| ഉത്ഥിതം | ഉയൎന്നുവന്ന | | ക്കുന്നുവോ അതുപോലെ) |
| മന്യും | കോപത്തെ | ആത്മനാ | തന്നെത്താൻതന്നെ |
| സ്വയോന്യാ | സ്വയോനി (സ്വസന്ത | അശീശമത് | ശമിപ്പിച്ചു. |

തതഃ കൈലാസമഗമത് സ തം ദേവോ മഹേശ്വരഃ
പരിരബ്ധും സമാരേഭേ ഉത്ഥായ ഭ്രാതരം മുദാ
നൈച്ഛത്ത്വമസ്യുത്പഥഗ ഇതി ദേവശ്ചുകോപ ഹ. 5

| | | | |
|---|---|---|---|
| തതഃ | അതിനുശേഷം | പരിരബ്ധും | ആലിംഗനംചെയ്യുവാൻ |
| സഃ | ആ ഭൃഗുമഹർഷി | സമാരേഭേ | മുതിൎന്നു. |
| കൈലാസം | കൈലാസത്തിലേക്ക് | ത്വം | "അങ്ങ് |
| അഗമത് | പോയി. | ഉത്പഥഗഃ | ഉന്മാൎഗ്ഗഗാമിയായവൻ |
| ദേവഃ | ദേവനായ | അസി | ആകുന്നു." |
| മഹേശ്വരഃ | പരമേശ്വരൻ | ഇതി | എന്നുപറഞ്ഞ് |
| ഉത്ഥായ | എഴുന്നേററ് | | |
| ഭ്രാതരം | സോദരനായ | ന ഐച്ഛത് | അതിഷ്ടപ്പെട്ടില്ല. |
| തം | അദ്ദേഹത്തെ | ദേവഃ | പരമശിവൻ |
| മുദാ | സന്തോഷത്തോടെ | ചുകോപ ഹ | കോപിക്കുക ചെയ്തു. |

ശൂലമുദ്യമ്യ തം ഹന്തുമാരേഭേ തിഗ്മലോചനഃ
പതിത്വാ പാദയോർദ്ദേവീ സാന്ത്വയാമാസ തം ഗിരാ. 6

| | | | |
|---|---|---|---|
| തിഗ്മലോചനഃ | ശിവൻ രൂക്ഷനേത്രനായി | ദേവീ | ശ്രീപാൎവ്വതി |
| ശൂലം ഉദ്യമ്യ | ശൂലമെടുത്ത് | പാദയോഃ | തൃക്കാല്ക്കൽ |
| തം ഹന്തും | അദ്ദേഹത്തെ കൊല്ലുവാൻ | പതിത്വാ | വീണ് |
| | | തം ഗിരാ | ശിവനെ നല്ലവാക്കാൽ |
| ആരേഭേ | ഒരുമ്പെട്ടു. | സാന്ത്വയാമാസ | സമാധാനിപ്പിച്ചു. |

അഥോ ജഗാമ വൈകുണ്ഠം യത്ര ദേവോ ജനാർദ്ദനഃ
ശയാനം ശ്രിയ ഉത്സംഗേ പദാ വക്ഷസ്യതാഡയത്. 7

| | | | |
|---|---|---|---|
| അഥോ | അനന്തരം (ഭൃഗു) | ശ്രിയഃ | മഹാലക്ഷ്മിയുടെ |
| യത്ര | യാതൊരിടത്താണോ, | ഉത്സംഗേ | മടിത്തടത്തിൽ |
| ദേവഃ | ഭഗവാനായ | ശയാനം | കിടന്നുറങ്ങുന്ന ഭഗവാനെ |
| ജനാർദ്ദനഃ | ശ്രീനാരായണൻ വസിക്കുന്നതു്, | വക്ഷസി | അവിടുത്തെ മാറിടത്തിൽ |
| വൈകുണ്ഠം | ആ വൈകുണ്ഠത്തിലേക്കു് | പദാ | കാലുകൊണ്ടു് |
| ജഗാമ | പോയി. | അതാഡയത് | അടിച്ചു. |

നോട്ട് :—ത്രിമൂർത്തികളിൽ മഹത്തരമാക്കാണെന്നു പരീക്ഷിച്ചുനോക്കുവാൻ ഉദ്യമിച്ചിറങ്ങിയ ഭൃഗു ആദ്യം ബ്രഹ്മസന്നിധിയിൽ അനാദരപ്രകടനത്താൽ മാനസികമായ അപരാധം മാത്രമേ കാണിച്ചുള്ളു. അപ്പോഴേക്കും ആ ലോകപിതാമഹൻ കോപിച്ചു. ശിവന്റെ സമീപത്തിൽ 'സജ്ജനാചാരമില്ലാത്ത അങ്ങു് എന്നെ തൊട്ടുപോകരുതെന്നു പറഞ്ഞു് വാചികമായ കുററം ചെയ്തപ്പോഴാം തലപോകുമെന്ന നിലവന്നു. മഹാവിഷ്ണുവിനോടാണ് തികച്ചും കായികമായ പ്രത്യക്ഷാപരാധം കാട്ടുന്നതു്. അതും അവിടുന്നു് ഉറങ്ങിക്കിടക്കുമ്പോൾ; പോരെങ്കിൽ പത്നിയുടെ മടിയിൽ; മാത്രമോ, കാൽച്ചവിട്ടുള്ളിക്കൽ. ഈ അക്ഷന്തവ്യമായ അപരാധത്തിന്നു് എന്തു പ്രതികരണമാണു് അവിടെയുണ്ടായതെന്നു് മേൽപറയുന്നു—

തത ഉത്ഥായ ഭഗവാൻ സഹ ലക്ഷ്മ്യാ സതാം ഗതിഃ
സ്വതല്പാദവരുഹ്യാഥ നനാമ ശിരസാ മുനിം. 8

| | | | |
|---|---|---|---|
| തതഃ | അനന്തരം | സ്വതല്പാത് | തന്റെ തല്പത്തിൽനിന്നു് |
| സതാംഗതിഃ | സജ്ജനങ്ങൾക്കു ശരണ്യനായ | അവരുഹ്യ | താഴെ ഇറങ്ങി |
| | | അഥ | ഉടൻതന്നെ |
| ഭഗവാൻ | മഹാവിഷ്ണുഭഗവാൻ | മുനിം | മുനിയെ |
| ലക്ഷ്മ്യാ സഹ | ലക്ഷ്മീദേവിയോടുകൂടി | ശിരസാ | ശിരസ്സുകൊണ്ടു് |
| ഉത്ഥായ | എഴുന്നേററു് | നനാമ | നമസ്കരിച്ചു. |

ആഹ തേ സ്വാഗതം ബ്രഹ്മൻ നിഷീദാത്രാസനേ ക്ഷണം
അജാനതാമാഗതാൻ വഃ ക്ഷന്തുമർഹഥ നഃ പ്രഭോ. 9

| | | | |
|---|---|---|---|
| ആഹ | ഭഗവാൻ പറഞ്ഞു — | പ്രഭോ | നിഗ്രഹാനുഗ്രഹസമർത്ഥനായ ഹേ ഋഷീശ്വര! |
| ബ്രഹ്മൻ | "ഹേ ബ്രഹ്മർഷേ! | | |
| തേ സ്വാഗതം | ഭവാനു് സ്വാഗതം. | വഃ | ഭവാനെ |
| അത്ര ആസനേ | ഈ ഇരിപ്പിടത്തിൽ | ആഗതാൻ | വന്നിരിക്കുന്നതായിട്ടു് |
| ക്ഷണം | അല്പനേരം | അജാനതാം | അറിയാതിരുന്ന |
| നിഷീദ | ഇരുന്നു വിശ്രമിച്ചാലും. | നഃ | നമ്മുടെ (തെററിനെ) |
| | | ക്ഷന്തും അർഹഥ | പൊറുത്തുകൊള്ളണേ! |

അതീവ കോമളൗ താത ചരണൗ തേ മഹാമുനേ
ഇത്യുക്ത്വാ വിപ്രചരണൗ മർദ്ദയൻ സ്വേന പാണിനാ. 10

| | | | |
|---|---|---|---|
| താത | അല്ലയോ പ്രിയപ്പെട്ട | വിപ്രചരണൗ | ബ്രാഹ്മണന്റെ പാദങ്ങളെ |
| മഹാമുനേ | ഋഷീശ്വര ! | സ്വേന | തന്റെ |
| തേ ചരണൗ | അങ്ങയുടെ പാദങ്ങൾ | പാണിനാ | കൈയാൽ |
| അതീവ | വളരെ | മർദ്ദയൻ | തലോടിക്കൊണ്ട് |
| കോമളൗ | മാർദ്ദവമുള്ളവയാണ്" | | (വീണ്ടും പറഞ്ഞു) |
| ഇതി ഉക്ത്വാ | എന്നു പറഞ്ഞ് | | |

പുനീഹി സഹലോകം മാം ലോകപാലാംശ്ച മദ്ഗതാൻ
പാദോദകേന ഭവതസ്തീർത്ഥാനാം തീർത്ഥകാരിണാ 11

| | | | |
|---|---|---|---|
| തീർത്ഥാനാം | "തീർത്ഥങ്ങൾക്കുകൂടി | മാം | എന്നെയും, |
| തീർത്ഥകാരിണാ | തീർത്ഥത്വം ജനിപ്പിക്കുന്ന | മദ്ഗതാൻ | എന്നിൽ ചേർന്നിട്ടുള്ള |
| ഭവതഃ | ഭവാന്റെ | ലോകപാലാൻ ച | ലോകപാലന്മാരെയും |
| പാദോദകേന | പാദതീർത്ഥജലത്താൽ | | |
| സഹലോകം | ലോകങ്ങളോടുകൂടിയ | പുനീഹി | ശുദ്ധീകരിക്കണം. |

അദ്യാഹം ഭഗവംല്ലക്ഷ്മ്യാ ആസമേകാന്തഭാജനം
വത്സ്യത്യുരസി മേ ഭൂതിർഭവത്പാദഹതാംഹസഃ 12

| | | | |
|---|---|---|---|
| ഭഗവാൻ | പൂർണ്ണൈശ്വര്യാദിഗുണങ്ങൾ തികഞ്ഞ ഹേ മുനിശ്രേഷ്ഠ ! | ആസം | ഭവിച്ചിരിക്കുന്നു. |
| അദ്യ അഹം | ഇന്നുമുതല്ക്ക് ഞാൻ | ഭവത്പാദഹതാംഹസഃ | അങ്ങയുടെ പാദത്താൽ നശിപ്പിക്കപ്പെട്ട പാപത്തോടുകൂടിയ |
| ലക്ഷ്മ്യാഃ | ഐശ്വര്യദേവതയുടെ | മേ ഉരസി | എന്റെ മാറിൽ |
| ഏകാന്തഭാജനം | ഏകാന്തവാസത്തിന്നു പാത്രമായി | ഭൂതിഃ | ഐശ്വര്യദേവത |
| | | വത്സ്യതി | ഇരിപ്പുറപ്പിക്കും." |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം ബ്രുവാണേ വൈകുണ്ഠേ ഭൃഗുസ്തന്മന്ദ്രയാ ഗിരാ
നിർവൃതസ്തർപ്പിതസ്തൂഷ്ണീം ഭക്ത്യുത്കണ്ഠോऽശ്രുലോചനഃ. 13

| | | | |
|---|---|---|---|
| വൈകുണ്ഠേ | വിഷ്ണുഭഗവാൻ | ഭൃഗുഃ | ഭൃഗുമഹർഷി |
| ഏവം | ഈവിധത്തിൽ | തർപ്പിതഃ | സംതൃപ്തനായും |
| ബ്രുവാണേ | അരുളിച്ചെയ്യുന്ന നേരത്ത് | ഭക്ത്യുത്കണ്ഠഃ | ഭക്തിയാൽ ഗദ്ഗദകണ്ഠനായും |
| തന്മന്ദ്രയാ | അവിടത്തെ സ്നിഗ്ദ്ധഗംഭീരമായ | അശ്രുലോചനഃ | ആനന്ദാശ്രു നിറഞ്ഞ കണ്ണിണയോടുകൂടിയവനായും ഭവിച്ച് |
| ഗിരാ | വചനത്താൽ | | |
| നിർവൃതഃ | സുഖം പ്രാപിച്ച | തൂഷ്ണീം | മൗനമായിരുന്നു. |

പുനശ്ച സത്രമാവ്രജ്യ മുനീനാം ബ്രഹ്മവാദിനാം
സ്വാനുഭൂതമശേഷേണ രാജൻ ഭൃഗുരവർണ്ണയത് 14

| | | | |
|---|---|---|---|
| രാജൻ | രാജാവേ! | ആവ്രജ്യ | തിരിച്ചുവന്നു് |
| ബ്രഹ്മവാദിനാം | വേദശാസ്ത്രചർച്ചകളെ ചെയ്തുകൊണ്ടിരിക്കുന്ന | സ്വാനുഭൂതം | തനിക്കനുഭവപ്പെട്ടതിനെ |
| മുനീനാം | മുനിമാരുടെ | അശേഷേണ | മുഴുവനും |
| സത്രം | സത്രശാലയിലേക്ക് | ഭൃഗുഃ | ഭൃഗുമഹർഷി |
| പുനഃ ച | വീണ്ടും | അവർണ്ണയത് | വിവരിച്ചുപറഞ്ഞു. |

തന്നിശമ്യാഥ മുനയോ വിസ്മിതാ മുക്തസംശയാഃ
ഭൂയാംസം ശ്രദ്ദധുർവിഷ്ണും യതഃ ശാന്തിര്യതോഽഭയം 15

| | | | |
|---|---|---|---|
| തത് നിശമ്യ | അതു കേട്ടു് | | ദേവനായിട്ടു് |
| അഥ | അനന്തരം | ശ്രദ്ദധുഃ | മനസ്സിലുറച്ചു. |
| വിസ്മിതാഃ | വിസ്മയത്തോടുകൂടിയവരും | യതഃ | (എന്തെന്നാൽ) യാതൊരു ആ ദേവനിൽ |
| മുക്തസംശയാഃ | സംശയം അകന്നവരുമായി ഭവിച്ച | ശാന്തിഃ | ശമഗുണം സ്ഥിതിചെയ്യുന്നു. |
| മുനയഃ | മുനികൾ | യതഃ | യാതൊരു ആ ദേവനിൽനിന്നു് |
| വിഷ്ണും | മഹാവിഷ്ണുവിനെത്തന്നെ | | |
| ഭൂയാംസം | മാഹാത്മ്യമേറിയ | അഭയം | പരിരക്ഷ ലഭിക്കുന്നു |

ധർമ്മഃ സാക്ഷാദ്യതോ ജ്ഞാനം വൈരാഗ്യം ച തദന്വിതം
ഐശ്വര്യം ചാഷ്ടധാ യസ്മാദ്യശശ്ചാത്മമലാപഹം 16

| | | | |
|---|---|---|---|
| യതഃ | യാതൊരുവനിൽനിന്നു് | യസ്മാത് | യാതൊരുവനിൽനിന്നു് |
| ധർമ്മഃ | ധർമ്മം പ്രവർത്തിച്ചുകൊണ്ടിരിക്കുന്നുവോ, | അഷ്ടധാ | എട്ടുപ്രകാരമായ |
| (യതഃ) | യാതൊരുവനിൽനിന്നു് | ഐശ്വര്യം ച | അണിമാദ്യൈശ്വര്യവും, |
| സാക്ഷാത് | വാസ്തവികമായ | ആത്മമലാപഹം | അന്തഃകരണത്തിലെ മാലിന്യങ്ങളെ നീക്കുന്ന |
| ജ്ഞാനം | ജ്ഞാനവും, | യശഃ ച | കീർത്തിയും ജനിക്കുന്നുവോ, (ആ മഹാവിഷ്ണുവിനെത്തന്നെ മഹത്വമേറിയ ദേവനായിട്ടു മുനിമാർ നിശ്ചയിച്ചു. |
| തദന്വിതം | അതോടൊന്നിച്ചുള്ള | | |
| വൈരാഗ്യം ച | വിരക്തിയും സംഭവിക്കുന്നുവോ, | | |

മുനീനാം ന്യസ്തദണ്ഡാനാം ശാന്താനാം സമചേതസാം
അകിഞ്ചനാനാം സാധൂനാം യമാഹുഃ പരമാം ഗതിം 17

| | |
|---|---|
| മുനീനാം | മനനശീലന്മാരും |
| ന്യസ്തദണ്ഡാനാം | പരിത്യജിക്കപ്പെട്ട പരദ്രോഹത്തോടു കൂടിയവരും |
| ശാന്താനാം | പ്രശാന്തചിത്തന്മാരും |
| സമചേതസാം | സമഭാവനയുള്ളവരും |
| അകിഞ്ചനാനാം | യാതൊന്നും ആശിക്കാത്തവരുമായ |
| സാധൂനാം | സജ്ജനങ്ങളുടെ |
| പരമാം | സർവ്വോൽകൃഷ്ടമായ |
| ഗതിം | പ്രാപ്യസ്ഥാനമായി |
| യം | യാതൊരുവനെ |
| ആഹുഃ | വേദശാസ്ത്രാദികൾ ഘോഷിക്കുന്നുവോ, (ആ മഹാവിഷ്ണുവിനെ തന്നെ മഹത്വമേറിയ ദേവനായിട്ട് അവർ നിശ്ചയിച്ചു.) |

സത്വം യസ്യ പ്രിയാ മൂർത്തിർബ്രാഹ്മണാസ്ത്വിഷ്ടദേവതാഃ
ഭജന്ത്യനാശിഷഃ ശാന്താ യം വാ നിപുണബുദ്ധയഃ. 18

| | |
|---|---|
| യസ്യ | യാതൊരുവന്ന് |
| സത്വം | സാത്വികഗുണം |
| പ്രിയാ മൂർത്തിഃ | പ്രിയപ്പെട്ട സ്വരൂപവും |
| ബ്രാഹ്മണാഃ തു | ബ്രാഹ്മണന്മാർ |
| ഇഷ്ടദേവതാഃ | ഇഷ്ടദേവന്മാരും ആകുന്നുവോ, |
| യം വാ | യാതൊരുവനെയാണോ |
| അനാശിഷഃ | നിഷ്കാമന്മാരായും |
| ശാന്താഃ | ശാന്തന്മാരായും |
| നിപുണബുദ്ധയഃ | ബുദ്ധിനൈപുണ്യമുള്ളവരായും ഇരിക്കുന്ന ജനങ്ങൾ |
| ഭജന്തി | ഭജിച്ചുവരുന്നത്, (ആ മഹാവിഷ്ണുവിനെത്തന്നെ മഹത്വമുള്ള ദേവനായിട്ട് അവർ നിശ്ചയിച്ചു.) |

ത്രിവിധാകൃതയസ്തസ്യ രാക്ഷസാ അസുരാഃ സുരാഃ
ഗുണിന്യാ മായയാ സൃഷ്ടാഃ സത്വം തത്തീർത്ഥസാധനം. 19

| | |
|---|---|
| തസ്യ | ആ ഭഗവാന്റെ |
| ഗുണിന്യാ | സത്വാദിഗുണത്രയയുക്തയായ |
| മായയാ | മായയാൽ |
| സൃഷ്ടാഃ | സൃഷ്ടിക്കപ്പെട്ട |
| രാക്ഷസാഃ | രാക്ഷസന്മാർ, |
| അസുരാഃ | അസുരന്മാർ, |
| സുരാഃ | ദേവന്മാർ എന്നിങ്ങനെ |
| ത്രിവിധാകൃതയഃ | മൂന്നുവിധത്തിലുള്ള സ്വരൂപങ്ങളുണ്ട്. |
| സത്വം | (എങ്കിലും) സത്വമയ സ്വരൂപമാണ് |
| തത്തീർത്ഥസാധനം | അവയിൽ പുരുഷസാധകമായിരിക്കുന്നത് |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏവം സാരസ്വതാ വിപ്രാ നൃണാം സംശയനുത്തയേ
പുരുഷസ്യ പദാംഭോജസേവയാ തദ്ഗതിം ഗതാഃ. 20

| | |
|---|---|
| ഏവം | ഇപ്രകാരം |
| സാരസ്വതാഃ | സരസ്വതീതീരവാസികളായ |
| വിപ്രാഃ | ഋഷിമാർ |
| നൃണാം | മനുഷ്യരുടെ |
| സംശയനുത്തയേ | സംശയനിവൃത്തിക്കായേണ്ടി (വിഷ്ണുവിന്റെ മഹത്വം നിർണ്ണയിച്ചു) |
| പുരുഷസ്യ | ആ പുരുഷോത്തമന്റെ |
| പദാംഭോജസേവയാ | പാദാരവിന്ദങ്ങളുടെ സേവാനുഷ്ഠാനത്താൽ |
| തദ്ഗതിം | തൽസാരൂപ്യത്തെ |
| ഗതാഃ | പ്രാപിച്ചു. |

സൂത ഉവാച=സൂതൻ പറഞ്ഞു :—

ഇത്ഥം മുനിതനയാസ്യപത്മഗന്ധ-
പീയൂഷം ഭവഭയഭിത് പരസ്യ പുംസഃ
സുശ്ലോകം ശ്രവണപുടൈഃ പിബത്യഭീക്ഷ്ണം
പാന്ഥോഽധ്വഭ്രമണപരിശ്രമം ജഹാതി. 21

| | | | |
|---|---|---|---|
| മുനിതനയാ-സ്യപദ്മ-ഗന്ധപീയൂഷം | വ്യാസമുനിയുടെ പുത്രനായ ശ്രീശുകന്റെ മുഖകമലത്തിൽ നിന്നുൽഗമിച്ച പരിമളം കലർന്നിട്ടു അമൃതസമമായിരിക്കുന്നതും | (യഃ) പാന്ഥഃ | സംസാരപഥത്തിലെ യാതൊരു യാത്രക്കാരനാണോ, |
| ഭവഭയഭിത് | സംസാരഭയത്തെ തീർക്കുന്നതും | ശ്രവണപുടൈഃ | ശ്രോത്രപുടങ്ങളാൽ |
| ഇത്ഥം ഏതത് | ഇപ്രകാരമായിരിക്കുന്നതുമായ | അഭീക്ഷ്ണം | വീണ്ടും വീണ്ടും |
| പരസ്യ പുംസഃ | പരമപുരുഷന്റെ | പിബതി (സഃ) | പാനം ചെയ്യുന്നതു്, അവൻ |
| സുശ്ലോകം | പുണ്യകീർത്തിയെ | അധ്വഭ്രമണ-പരിശ്രമം | വഴിയിൽ ചുററിയലഞ്ഞതിനാലുണ്ടായ തളർച്ചയെ |
| | | ജഹാതി | വിട്ടുകളയുന്നു. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു :—

ഏകദാ ദ്വാരവത്യാം തു വിപ്രപത്ന്യാഃ കുമാരകഃ
ജാതമാത്രോ ഭുവം സ്പൃഷ്ട്വാ മമാര കില ഭാരത. 22

| | | | |
|---|---|---|---|
| ഭാരത | ഹേ ഭരതകുലശ്രേഷ്ഠ ! | ജാതമാത്രഃ | ജനിച്ചുഉടനെയുള്ള |
| ഏകദാ | ഒരിക്കൽ | കുമാരകഃ | ശിശു |
| ദ്വാരവത്യാം തു | ദ്വാരകയിലാകട്ടെ | ഭുവം സ്പൃഷ്ട്വാ | ഭൂമിയെ സ്പർശിച്ചു് |
| വിപ്രപത്ന്യാഃ | ഒരു ബ്രാഹ്മണപത്നിയുടെ | മമാര കില | മരിച്ചുപോയത്രേ. |

വിപ്രോ ഗൃഹീത്വാ മൃതകം രാജദ്വാര്യുപധായ സഃ
ഇദം പ്രോവാച വിലപന്നാതുരോ ദീനമാനസഃ. 23

| | | | |
|---|---|---|---|
| ദീനമാനസഃ | ദുഃഖിതചിത്തനും | രാജദ്വാരി | രാജഗൃഹത്തിന്റെ പടിക്കൽ |
| ആതുരഃ | പരവശനുമായ | | |
| സഃ വിപ്രഃ | ആ ബ്രാഹ്മണൻ | ഉപധായ | കൊണ്ടുവന്നുവെച്ചു് |
| മൃതകം | മരിച്ച കുട്ടിയെ | വിലപൻ | കരഞ്ഞുംകൊണ്ടു് |
| ഗൃഹീത്വാ | എടുത്തു് | ഇദം പ്രോവാച | ഇപ്രകാരം പറഞ്ഞു. |

ബ്രഹ്മദ്വിഷഃ ശഠധിയോ ലുബ്ധസ്യ വിഷയാത്മനഃ
ക്ഷത്രബന്ധോഃ കർമ്മദോഷാത് പഞ്ചത്വം മേ ഗതോഽർഭകഃ 24

| | | | |
|---|---|---|---|
| ബ്രഹ്മദ്വിഷഃ | "ബ്രാഹ്മണദ്വേഷിയും | | രിക്കുന്നവനുമായ |
| ശഠധിയഃ | വഞ്ചകനും, | ക്ഷത്രബന്ധോഃ | ക്ഷത്രിയാധമന്റെ |
| ലുബ്ധസ്യ | പണക്കൊതിയുള്ളവനും | കർമ്മദോഷാത് | കർമ്മദോഷം നിമിത്തം |
| വിഷയാത്മനഃ | വിഷയഭോഗങ്ങളിൽ | മേ അർഭകഃ | എന്റെ കുട്ടി |
| | മാത്രം മനസ്സുകൊടുത്തി | പഞ്ചത്വം ഗതഃ | മരിച്ചുപോയി |

ഹിംസാവിഹാരം നൃപതിം ദുഃശീലമജിതേന്ദ്രിയം
പ്രജാ ഭജന്ത്യഃ സീദന്തി ദരിദ്രാ നിത്യദുഃഖിതാഃ. 25

| | | | |
|---|---|---|---|
| ഹിംസാവിഹാരം | ഹിംസയാവുന്ന വിനോദത്തോടുകൂടിയവനും, | ഭജന്ത്യഃ | സേവിക്കുന്ന |
| | | പ്രജാഃ | പ്രജകൾ |
| | | ദരിദ്രാഃ | ദരിദ്രരായും |
| ദുഃശീലം | സ്വഭാവം കെട്ടവനും | നിത്യദുഃഖിതാഃ | ഒഴിയാത്ത ദുഃഖം അനുഭവിക്കുന്നവരായും |
| അജിതേന്ദ്രിയം | ഇന്ദ്രിയങ്ങളെ കീഴടക്കാത്തവനുമായ | | |
| നൃപതിം | രാജാവിനെ | സീദന്തി | ക്ലേശിക്കുന്നു." |

ഏവം ദ്വിതീയം വിപ്രർഷിസ്തൃതീയം ത്വേവമേവ ച
വിസൃജ്യ സ നൃപദ്വാരി താം ഗാഥാം സമഗായത. 26

| | | | |
|---|---|---|---|
| സഃ വിപ്രർഷിഃ | ആ ബ്രാഹ്മണശ്രേഷ്ഠൻ | ഏവം ഏവ ച | ഇതേവിധം |
| ഏവം | ഇപ്രകാരം | നൃപദ്വാരി | രാജഭവനദ്വാരത്തിൽ |
| ദ്വിതീയം | രണ്ടാമത്തേയും | വിസൃജ്യ | കൊണ്ടുവെച്ച് |
| തൃതീയം തു | മൂന്നാമത്തേയും മരിച്ച | താം ഗാഥാം | ആ പല്ലവിയെത്തന്നെ |
| | ശിശുവിനെ) | സമഗായത | പാടിക്കൊണ്ടിരുന്നു. |

താമർജ്ജുന ഉപശ്രുത്യ കർഹിചിത് കേശവാന്തികേ
പരേതേ നവമേ ബാലേ ബ്രാഹ്മണം സമഭാഷത. 27

| | | | |
|---|---|---|---|
| കർഹിചിത് | ഒരിക്കൽ | അർജ്ജുനഃ | അർജ്ജുനൻ |
| നവമേ | ഒമ്പതാമതുണ്ടായ | താം | അതിനെ |
| ബാലേ പരേതേ | കുട്ടി മരിച്ചപ്പോൾ | ഉപശ്രുത്യ | കേട്ടിട്ട് |
| കേശവാന്തികേ | ശ്രീകൃഷ്ണന്റെ അടുത്തു | ബ്രാഹ്മണം | ബ്രാഹ്മണനോട് |
| | വന്നിട്ടുണ്ടായിരുന്ന | സമഭാഷത | പറഞ്ഞു,— |

കിംസ്വിദ് ബ്രഹ്മംസ്ത്വന്നിവാസേ ഇഹ നാസ്തി ധനുർദ്ധരഃ
രാജന്യബന്ധുരേതേ വൈ ബ്രാഹ്മണാഃ സത്ര ആസതേ. 28

| | | | |
|---|---|---|---|
| ബ്രഹ്മൻ | "അല്ലയോ ബ്രാഹ്മണ! | ന അസ്തി | ഇല്ലാതായിരിക്കുന്നു. |
| കിം സ്വിത് | എന്താണിത് ? | ഏതേ വൈ | ഇങ്ങുള്ളവർ |
| ത്വന്നിവാസേ | അങ്ങയുടെ നാട്ടിൽ | ബ്രാഹ്മണാഃ | ബ്രാഹ്മണരായിട്ട് |
| ധനുർദ്ധരഃ | കൈയിൽ വില്ലെടുത്ത | സത്രം | സത്രം |
| രാജന്യബന്ധുഃ | ഒരു പൊട്ടക്ഷത്രിയൻ പോലും | ആസതേ | അനുഷ്ഠിക്കുകയാണ് |

ധനദാരാത്മജാപൃക്താ യത്ര ശോചന്തി ബ്രാഹ്മണാഃ
തേ വൈ രാജന്യവേഷേണ നടാ ജീവന്ത്യസുംഭരാഃ. 29

| | |
|---|---|
| യത്ര | "യാതൊരു ക്ഷത്രിയനാരുള്ളപ്പോഴാണോ |
| ബ്രാഹ്മണാഃ | ബ്രാഹ്മണന്മാർ |
| ധനദാരാത്മജാപൃക്താഃ | ധനത്താലൊ ഭാര്യാമക്കളാലോ വിരഹിതരായിട്ട് |
| ശോചന്തി | ദുഃഖമനുഭവിക്കുന്നത്, |
| തേ വൈ | അവരൊക്കെ |
| രാജന്യവേഷേണ | ക്ഷത്രിയവേഷത്താൽ |
| അസുംഭരാഃ | ജീവസന്ധാരണം ചെയ്യുന്ന |
| നടാഃ ഇവ | നടന്മാരെന്നപോലെ |
| ജീവന്തി | ജീവിതം കഴിക്കുന്നു. |

അഹം പ്രജാ വാം ഭഗവൻ രക്ഷിഷ്യേ ദീനയോരിഹ
അനിസ്തീർണ്ണപ്രതിജ്ഞോഽഗ്നിം പ്രവേക്ഷ്യേ ഹതകല്മഷഃ. 30

| | |
|---|---|
| ഭഗവൻ | സംപൂജ്യനായ ബ്രാഹ്മണ! |
| ദീനയോഃ | ദുഃഖിതരായ |
| വാം | നിങ്ങളുടെ |
| പ്രജാം | സന്താനത്തെ. |
| അഹം രക്ഷിഷ്യേ | ഞാൻ രക്ഷിക്കാം. |
| ഇഹ | ഈ വിഷയത്തിൽ |
| അനിസ്തീർണ്ണപ്രതിജ്ഞഃ | പ്രതിജ്ഞയെ നിറവേററാത്തവനായെന്നു വരികിൽ |
| അഗ്നിം | തീയ്യിലേക്ക് |
| പ്രവിക്ഷ്യേ | ചാടുന്നതാണ്. |
| ഹതകല്മഷഃ | അങ്ങനെ പ്രതിജ്ഞ നിറവേററാത്ത പാപം തീർന്നവനായി ഭവിച്ചുകൊള്ളാം. |

ബ്രാഹ്മണ ഉവാച=ബ്രാഹ്മണൻ പറഞ്ഞു :—

സങ്കർഷണോ വാസുദേവഃ പ്രദ്യുമ്നോ ധന്വിനാം വരഃ
അനിരുദ്ധോഽപ്രതിരഥോ ന ത്രാതും ശക്നുവന്തി യത്. 31

തത് കഥം നു ഭവാൻ കർമ്മ ദുഷ്കരം ജഗദീശ്വരൈഃ
ചികീർഷസി ത്വം ബാലിശ്യാത് തന്ന ശ്രദ്ദധ്മഹേ വയം. 32

| | |
|---|---|
| സങ്കർഷണഃ | ബലദേവൻ, |
| വാസുദേവഃ | ശ്രീകൃഷ്ണൻ |
| ധന്വിനാം | വില്ലാളികളിൽവെച്ച് |
| വരഃ | മുമ്പനായുള്ള |
| പ്രദ്യുമ്നഃ | പ്രദ്യുമ്നൻ, |
| അപ്രതിരഥഃ | തനിക്കൊത്ത എതിരാളിയില്ലാത്ത |
| അനിരുദ്ധഃ | അനിരുദ്ധൻ എന്നിവർ) |
| യത് ത്രാതും | യാതൊന്നിനെ കാക്കുവാൻ |
| ന ശക്നുവന്തി | കഴിവററവരാണോ, |
| ജഗദീശ്വരൈഃ | ആ ജഗദീശ്വരന്മാരാൽ കൂടിയും |
| ദുഷ്കരം | ദുഷ്കരമായ |
| തത് കർമ്മ | പ്രസ്തുത കർമ്മത്തെ |
| ഭവാൻ | അങ്ങുന്ന് |
| കഥം നു | എങ്ങിനെയാണ്, |
| ബാലിശ്യാത് | ഇളം ബുദ്ധിയാൽ |
| ത്വം തത് | അങ്ങുന്ന് അതിനെ |
| ചികീർഷസി | ചെയ്യാൻപോകുന്നു ? |
| വയം | ഞങ്ങൾ |
| ന ശ്രദ്ദധ്മഹേ | അതു വിശ്വസിക്കുന്നില്ല. |

അർജ്ജുന ഉവാച=അർജ്ജുനൻ പറഞ്ഞു:—

നാഹം സങ്കർഷണോ ബ്രഹ്മൻ ന കൃഷ്ണഃ കാർഷ്ണിരേവ ച
അഹം വാ അർജ്ജുനോ നാമ ഗാണ്ഡീവം യസ്യ വൈ ധനുഃ. 33

| | | | |
|---|---|---|---|
| ബ്രഹ്മൻ | ബ്രാഹ്മണ! | അഹം വാ | ഞാനാകട്ടെ |
| അഹം | ഞാൻ | അർജ്ജുനഃ നാമ | അർജ്ജുനനെന്ന പേരുള്ളവനാകുന്നു. |
| സങ്കർഷണഃ ന | ബലരാമനല്ല. | യസ്യ വൈ | യാതൊരുവന്നിക്ക മാത്രമാണ് |
| കൃഷ്ണഃ | കൃഷ്ണനോ, | ഗാണ്ഡീവം | ഗാണ്ഡീവമെന്ന |
| കാർഷ്ണിഃ ച | കൃഷ്ണപുത്രനായ പ്രദ്യുമ്നനോ | ധനുഃ | വില്ലുള്ളത്. |
| ന ഏവ | അല്ലതന്നെ. | | |

മാവമംസ്ഥാ മമ ബ്രഹ്മൻ വീര്യം ത്ര്യംബകതോഷണം
മൃത്യും വിജിത്യ പ്രധനേ ആനേഷ്യേ തേ പ്രജാം പ്രഭോ. 34

| | | | |
|---|---|---|---|
| ബ്രഹ്മൻ | "ബ്രാഹ്മണ! | മൃത്യും | അന്തകനെപ്പോലും |
| ത്ര്യംബക-തോഷണം | ശ്രീപരമേശ്വരനേയും കൂടി സന്തോഷിപ്പിച്ച | പ്രധനേ | യുദ്ധത്തിൽ |
| മമ വീര്യം | എന്റെ വീര്യത്തെ | വിജിത്യ | ജയിച്ചു. |
| മാ അവമംസ്ഥാഃ | അവമാനിക്കരുത്. | തേ | അങ്ങയുടെ |
| പ്രഭോ | നിഗ്രഹാനുഗ്രഹശക്തിയുള്ള ഹേ ഭൂസുര! | പ്രജാം | സന്താനത്തെ |
| | | ആനേഷ്യേ | ഞാൻ കൊണ്ടുവരും. |

ശ്രീശുക ഉവാച=ശ്രീശുകൻ പറഞ്ഞു:—

ഏവം വിസ്രംഭിതോ വിപ്രഃ ഫാല്ഗുനേന പരന്തപ
ജഗാമ സ്വഗൃഹം പ്രീതഃ പാർത്ഥവീര്യം നിശാമയൻ. 35

| | | | |
|---|---|---|---|
| പരന്തപ | ശത്രുക്കളെ തപിപ്പിക്കുന്ന ഹേ പരീക്ഷിത്തേ, | വിപ്രഃ | ബ്രാഹ്മണൻ |
| ഫാല്ഗുനേന | അർജ്ജുനനാൽ | പ്രീതഃ | സന്തുഷ്ടനായിട്ട് |
| ഏവം | ഇത്തരം വാക്കുകൾകൊണ്ട് | പാർത്ഥവീര്യം | അർജ്ജുനന്റെ വീര്യത്തെ |
| വിസ്രംഭിതഃ | വിശ്വാസം ജനിപ്പിക്കപ്പെട്ട | നിശാമയൻ | കണ്ടുകൊണ്ട് |
| | | സ്വഗൃഹം | തന്റെ ഗൃഹത്തിലേക്ക് |
| | | ജഗാമ | പോയി. |

പ്രസൂതികാല ആസന്നേ ഭാര്യായാ ദ്വിജസത്തമഃ
പാഹി പാഹി പ്രജാം മൃത്യോരിത്യാഹാർജ്ജുനമാതുരഃ. 36

| | | | |
|---|---|---|---|
| ഭാര്യായാഃ | ഭാര്യക്ക് | മൃത്യോഃ | 'മൃത്യുവിൽനിന്ന് |
| പ്രസൂതികാലേ | പ്രസവകാലം | പ്രജാം | പ്രജയെ |
| ആസന്നേ | അടുത്തപ്പോൾ | പാഹി പാഹി | രക്ഷിക്കണേ; രക്ഷിക്കണേ' |
| ആതുരഃ | ചിന്താപരവശനായിത്തീർന്ന | ഇതി | എന്നിങ്ങനെ |
| ദ്വിജസത്തമഃ | ബ്രാഹ്മണോത്തമൻ | അർജ്ജുനം | അർജ്ജുനനോട് |
| | | ആഹ | ചെന്നുപറഞ്ഞു. |

സ ഉപസ്പൃശ്യ ശുച്യംഭോ നമസ്കൃത്യ മഹേശ്വരം
ദിവ്യാന്യസ്ത്രാണി സംസ്മൃത്യ സജ്യം ഗാണ്ഡീവമാദദേ 37

| | | | |
|---|---|---|---|
| സഃ | ആ അൎജ്ജുനൻ | അസ്ത്രാണി | അസ്ത്രമന്ത്രങ്ങളെ |
| ശുചി അംഭഃ | ശുദ്ധമായ ജലത്തെ | സംസ്മൃത്യ | വേണ്ടവിധം സ്മരിച്ച് |
| ഉപസ്പൃശ്യ | ആചമനം ചെയ്ത്, | സജ്യം | ഞാണേററിയ |
| മഹേശ്വരം | പരമശിവനെ | ഗാണ്ഡീവം | ഗാണ്ഡീവചാപത്തെ |
| നമസ്കൃത്യ | നമസ്കരിച്ച്, | ആദദേ | എടുത്തു. |
| ദിവ്യാനി | ദിവ്യങ്ങളായ | | |

ന്യരുണത് സൂതികാഗാരം ശരൈൎന്നാനാസ്ത്രയോജിതൈഃ
തിൎയ്യഗൂൎദ്ധ്വമധഃ പാൎത്ഥശ്ചകാര ശരപഞ്ജരം 38

| | | | |
|---|---|---|---|
| നാനാസ്ത്ര യോജിതൈഃ | വിവിധങ്ങളായ അസ്ത്ര മന്ത്രങ്ങളോടിണങ്ങിയ | പാൎത്ഥഃ | അൎജ്ജുനൻ |
| ശരൈഃ | ശരങ്ങളെക്കൊണ്ട് | ശരപഞ്ജരം | ശരക്കൂടത്തെ |
